# മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി

മലങ്കരസഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II

(വാല്യം മൂന്ന്)

(Malayalam)

# Malankara Sabhayude Suvarna Yugasilpi

## Malankara Sabha Thejas Pulikkottil Joseph Mar Dionysius II

**Vol. 1II**

Editor:

**Fr. Dr. Joseph Cheeran**

Copy Right : Reserved with the Editor

First Published : July 12, 2014

Copies : 1000

Published by : **Dr. Geevarghese Mar Yulios**
M. J. D. Publishing House, Kunnamkulam

Cover Design,
Typesetting & Printing : Sophia Print House, Kottayam

**Rs. 300/-**

കവർ: സുവർണ്ണയുഗശില്പിയും സഹപ്രവർത്തകരും

# മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി

**മലങ്കരസഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II**

**(വാല്യം മൂന്ന്)**


എഡിറ്റർ

**ഫാ. ഡോ. ജോസഫ് ചീരൻ**



പ്രസാധനം

**പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ**

**എം. ജെ. ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം**

**ഫോൺ: 9495603174**



# ഫാ. ഡോ. ജോസഫ് ചീരൻ

തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ചീരൻ ഗീവർഗീസ് കശ്ശീശായുടെ പൗത്രനായി 1945 ചിങ്ങം 1-ന് ജനിച്ചു. മാതാപിതാക്കൾ മാത്തപ്പൻ – കുഞ്ഞാത്തിരി. അവിഭക്ത കേരള സർവകലാശാലയുടെ ഒന്നാം റാങ്കോടു കൂടി മലയാളം ഭാഷയിൽ വിദ്വാൻ ബിരുദം നേടി. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് മാസ്റ്റർ ബിരുദം. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'ആധുനിക മലയാള കവിതയിൽ ബൈബിളിന്റെ സ്വാധീനം' എന്ന വിഷയത്തെപ്പറ്റി തയാറാക്കിയ ഗവേഷണ പ്രബന്ധത്തിന് പി.എച്ച്.ഡി. ബിരുദം ലഭിച്ചു. തൃശ്ശൂർ സി.എം.എസ്. ഹൈസ്കൂളിലും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലും അധ്യാപകൻ. 2000 ജൂണിൽ റിട്ടയർ ചെയ്തു.

വൈദികഗുരു യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. അദ്ദേഹത്തിൽ നിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. 1972 മുതൽ കൊച്ചി ഭദ്രാസനത്തിലും 1985 മുതൽ കുന്നംകുളം ഭദ്രാസനത്തിലും വിവിധ ഇടവകകളിൽ സേവനം ചെയ്തു. 2004 ജൂലായ് 1 മുതൽ തൃശൂർ ഭദ്രാസനത്തിൽ ആലായ്ക്കൽ കുളമ്പ്, കാക്കിനിക്കാട് എന്നീ ഇടവകകളിൽ സേവനം ചെയ്തു.

യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, മാർ ദീവന്നാസ്യോസ് പഠനകേന്ദ്രം, കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്റർ, എറണാകുളം ചർച്ച് ഹിസ്റ്ററി അസോസ്യേഷൻ എന്നിവയുടെ സ്ഥാപക ചെയർമാൻ. സീയോൻ സന്ദേശം, ഇടവകപത്രിക എന്നീ സഭാപ്രസിദ്ധീകരണങ്ങളുടെ സ്ഥാപക ചീഫ് എഡിറ്റർ, രണ്ട് ഡസനിലേറെ ഗ്രന്ഥങ്ങളും ഇരുന്നൂറ്റിഅമ്പതിലേറെ ഗവേഷണലേഖനങ്ങളും പ്രസിദ്ധീകരിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ റിസർച്ച് ഗൈഡ് ആയും ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ മലയാളം പരിശോധകൻ ആയും മലങ്കര ഓർത്തഡോക്സ് ചർച്ച് ഹിസ്റ്ററി അസോസിയേഷൻ പ്രസിഡണ്ടായും പ്രവർത്തിക്കുന്നു.

യുണൈറ്റഡ് ബോർഡ് ഓഫ് ക്രിസ്ത്യൻ ഹയർ എജുക്കേഷന്റെ ധനസഹായത്തോടെ കേരളത്തിലെങ്ങുമുള്ള ആർക്കൈവ്സുകളിൽ ഗവേഷണപര്യടനം നടത്തി. മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ (1665), മാർ ഈവാനിയോസ് (1685) എന്നിവരുടെ സുസ്താത്തിക്കോനുകൾ, മാർ ബസ്സേലിയോസ് യൽദൊ കാതോലിക്കായുടെ (1685) പള്ളിക്രമപ്പുസ്തകങ്ങൾ, ഭാരതത്തിലെ പ്രാചീന സെന്റ് തോമസ് ബൈബിൾ, തോമസ് അർക്കദിയാക്കോൻ (ഒന്നാം മാർത്തോമ്മാ) വത്തിക്കാനിലേക്കയച്ച കത്ത്, മാർ അഹത്തള്ളാ (1653) ഗോവയിൽ നിന്ന് ശെമ്മാശന്മാർ വശം കൊടുത്തയച്ച കത്ത്, കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കുർബ്ബാനതക്സ, ഹൂദായ കാനോൻ 18 അക്കം കാനോൻ ആയി വ്യത്യാസപ്പെടുത്തുവാൻ റഫ്‌വർക്ക് ചെയ്ത കാനോൻ, ആർത്താറ്റ് ചെപ്പേട് (പടിയോല) എന്നിങ്ങനെ പൗരസ്ത്യ – പാശ്ചാത്യ സുറിയാനിയിലും കർസോനിയിലും വട്ടെഴുത്തിലും എഴുതിയ ഒട്ടധികം സഭാചരിത്രരേഖകൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു.

ഭാര്യ: കെ. വി. ഏലിയാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മകൻ: പ്രസാദ് ചീരൻ, സ്നുഷ ദീപാ പ്രസാദ്. പൗത്രിമാർ: എൽസാ പ്രസാദ്, ടെസ്സാ പ്രസാദ്.

മകൾ: മേഴ്സി ജോർജ്ജ്, ജാമാതാവ്: ഡോ. പി. ഐ. ജോർജ്ജ്,

ദൗഹിത്രർ: ഹിമാ ജോർജ്ജ്, റാണാ പി. ജോർജ്ജ്.

വിലാസം: ചീരൻ ഹൗസ്, കിഴക്കേ അങ്ങാടി, പഴഞ്ഞി, തൃശൂർ ജില്ല.

ഫോൺ: 9495603174.



"... അനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോടു കൂടിയ പ്രാർത്ഥന യാലും ദൈവത്തെ സ്വാധീനമാക്കുവാൻ ദാവീദിന്റെ ആത്മാവ് അദ്ദേഹ ത്തിൽ ഉണ്ടായിരുന്നു. ഏത് കാര്യം ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹം പ്രാർത്ഥി ച്ചുവോ, ആ കാര്യം അതിശയകരമായവിധത്തിൽ സാധിച്ചുകിട്ടാൻ തക്ക വണ്ണം തന്റെ എരിവേറിയ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടായിരുന്നു എന്നു ള്ളതിന് ഞാൻ ഒരു ദൃക്സാക്ഷിയാകുന്നു."

**– ഇ. എം. ഫിലിപ്പ്**

(മലങ്കരസഭയുടെ രഹസ്യപേടകം, പുറം 49–50)

"ഈവിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് ഇതേവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകുമെന്നു തോന്നുന്നില്ല."

**– ഇസ്സഡ്. എം. പാറേട്ട്**

(*മലങ്കര നസ്രാണികൾ*, മൂന്നാം വാല്യം, പുറം 302)

# ഗ്രന്ഥകർത്താവിന്റെ കൃതികൾ

1. ജഗദീശ് ചന്ദ്രബോസ് (ജീവചരിത്രം)
2. ഇഗ്നാത്യോസിന്റെ സപ്തലേഖനങ്ങൾ (വിവർത്തനം)
3. സെമിനാർ പ്രബന്ധങ്ങൾ (എഡിറ്റർ)
4. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രഥമൻ (ജീവചരിത്രം, രണ്ടാം പതിപ്പ്)
5. മലങ്കരസഭയും കേരള സംസ്കാരവും (സഭാചരിത്രം)
6. ഇന്ത്യൻ ഓർത്തഡോക്സ് സഭ (സഭാചരിത്രം)
7. യൂഹാനോൻ മാർ സേവേറിയോസ്: മലങ്കരയുടെ പ്രവാചകൻ (ജീവചരിത്രം)
8. സഭയിലെ പ്രതിസന്ധികൾ (എഡിറ്റർ)
9. ഭാരതത്തിലെ പ്രാചീന ബൈബിൾ (ഗവേഷണപഠനം, വ്യാഖ്യാനം)
10. മലയാള കവിതയും ബൈബിളും (പി.എച്ച്.ഡി. പ്രബന്ധം)
11. മഹാത്മാവായ കർമ്മയോഗി (എഡിറ്റർ)
12. ഒരു പരദേശയാത്രയുടെ കഥ (എഡിറ്റർ)
13. ഇന്ത്യൻസഭ: ചരിത്രവും സംസ്കാരവും (സഹഗ്രന്ഥകാരൻ)
14. മലങ്കരസഭയുടെ കോട്ട (ജീവചരിത്രം - സഹഗ്രന്ഥകാരൻ)
15. പാത്രിയർക്കീസന്മാരുടെ അധികാരദുർവിനിയോഗം (സഭാചരിത്രം)
16. സണ്ടേസ്കൂൾ അദ്ധ്യാപക സഹായി (എഡിറ്റർ)
17. സംസ്കാര പഠനങ്ങൾ (എഡിറ്റർ)
18. അക്ഷരങ്ങളുടെ ആചാര്യൻ (ഷഷ്ടിപൂർത്തി ഉപഹാരഗ്രന്ഥം)
19. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 1, ജീവചരിത്രം)
20. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 2, എഡിറ്റർ)
21. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 3, എഡിറ്റർ)
22. ഇന്ത്യൻ ഓർത്തഡോക്സ് സഭ 52-2007 (സഭാചരിത്രം)
23. കേരള നവോത്ഥാനവും മലയാളം ബൈബിളും (എഡിറ്റർ)
24. 1811-ലെ മലയാളം ബൈബിളും പുലിക്കോട്ടിൽ രണ്ടാമനും (എഡിറ്റർ)
25. കണ്ടനാട് ഗ്രന്ഥവരി (സഭാചരിത്രം, വ്യാഖ്യാനം)
26. കടവിൽ മാർ അത്താനാസ്യോസ് (ജീവചരിത്രം)
27. അക്കര കുരിയൻ റൈട്ടർ (ജീവചരിത്രം. സഹഗ്രന്ഥകാരൻ)
28. തൃശൂർപള്ളി ചരിത്രം (സഭാചരിത്രം)
29. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ (ജീവചരിത്രം)
30. Indian Orthodox Church (Church History)
31. പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ (ജീവചരിത്രം)
32. മലങ്കരസഭയുടെ സമുന്നതസാരഥികൾ (സഭാചരിത്രം. സഹഗ്രന്ഥകാരൻ)
33. ഓർത്തഡോക്സ് ആരാധനയുടെ പരിപ്രേക്ഷ്യം (പഠനം)
34. പാലൂർ ചാട്ടുകുളങ്ങര: ചരിത്രവും സംസ്കാരവും (സഭാചരിത്രം)
35. മലങ്കരസഭയും കാനോൻ സംഹിതകളും (പഠനം)
36. പഴഞ്ഞിപള്ളി ചരിത്രം
37. സഭാ ദർശനം (3 മണിക്കൂർ വീഡിയോകാസറ്റ്, സഭാചരിത്രം)
38. കാതോലിക്കേറ്റിന്റെ കാലിക പ്രാധാന്യം (സഹഗ്രന്ഥകാരൻ)
39. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ
40. ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം
41. മരണാനന്തര ജീവിതം (എഡിറ്റർ)
42. കേരള നവോത്ഥാനത്തിന്റെ പ്രഥമ പ്രവാചകൻ
43. യൽദൊ മാർ ബസേലിയോസ്: സമകാല രേഖകളിൽ
44. ആദിമസഭയുടെ ആരാധനകൾ, പ്രബോധനങ്ങൾ
45. പകലോമറ്റം മെത്രാന്മാർ (അച്ചടിയിൽ)
46. പുലിക്കോട്ടിൽ തിരുമേനിമാർ (അച്ചടിയിൽ)
47. വെട്ടിക്കുന്നേൽ അച്ചൻ (ലഘു ജീവചരിത്രം)

# വാങ്മുഖം

'മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി' എന്ന ഗ്രന്ഥപരമ്പരയിലെ മൂന്നാം വാല്യം അൽപം വൈകിയാണെങ്കിലും പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്ക് അനൽപമായ സന്തോഷമുണ്ട്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായെപ്പറ്റി നാളിതുവരെ പ്രസിദ്ധീകരിക്കപ്പെട്ട ജീവചരിത്ര രചനകളുടെ സമാഹാരമാണ് ഒന്നാം ഭാഗം. 2011-ൽ ഇത് പ്രസിദ്ധീകൃതമായി. തുടർന്ന് ചരിത്രപുരുഷനെപ്പറ്റി നാളിതുവരെ എഴുതപ്പെട്ട പ്രധാന പഠനങ്ങൾ സമാഹരിച്ച് 2012-ൽ രണ്ടാം വാല്യം പ്രസിദ്ധീകരിച്ചു. ചരിത്രപുരുഷന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കപ്പെട്ട ആരാധനക്രമങ്ങളെപ്പറ്റിയുള്ള പഠനം, അദ്ദേഹത്തിന്റെ സർക്കുലറുകളും സ്വകാര്യകത്തുകളും, അദ്ദേഹം എഴുതിയ യാത്രാവിവരണവും ചേർത്ത് മൂന്നാം വാല്യം 2015-ൽ പ്രസിദ്ധീകരിക്കുന്നു. കൽപനകളും കത്തുകളും പരമാവധി ശേഖരിക്കുവാൻ കൂടുതൽ സമയം ആവശ്യമായി വന്നതിനാലാണ് ഈ വാല്യത്തിന്റെ പ്രസിദ്ധീകരണം അൽപം വൈകിയത്. വാല്യങ്ങൾ മൂന്നുണ്ടെങ്കിലും ഓരോ വാല്യവും അതിൽത്തന്നെ സമ്പൂർണ്ണമാകുംവിധമാണ് അവ മൂന്നും ക്രമീകരിച്ചിട്ടുള്ളത്.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് 1858-ൽ കോട്ടയം പഴയസെമിനാരിയിൽ നിന്ന് പ്രസിദ്ധീകരിച്ച നമസ്കാരക്രമത്തിലെ ചില ഒഴിവാക്കലുകളും ചില കൂട്ടിച്ചേർക്കലുകളുമാണ് പുലിക്കോട്ടിൽ ജോസഫ് കത്തനാരെ പ്രകോപിപ്പിച്ചതും അദ്ദേഹത്തെ സഭയുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകാംഗപ്പോരാളിയാകുവാൻ പ്രചോദിപ്പിച്ചതും. എന്നാൽ ഇങ്ങനെ ഒരു നമസ്കാരപ്പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടേ ഇല്ലെന്നും ആ ഭാവനൈക നമസ്കാരക്രമം പാലക്കുന്നത്ത് മെത്രാച്ചനെ നവീകരണക്കാരനാക്കാൻ കൃത്രിമമായി ചമച്ച 'കഥ'യാണെന്നും മലങ്കരസഭയുടെ ചരിത്രവും ആരാധനാ പാരമ്പര്യവും എന്ന വിഷയങ്ങളിലെ ആധികാരിക വക്താക്കൾ എന്ന് അവകാശപ്പെട്ടുപോരുന്ന ഏതാനും പണ്ഡിതമാനികൾ തമ്പേറടിക്കുകയും 'ആ തമ്പേറടികളെ' പരിശോധന കൂടാതെ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ അച്ചടിച്ചു വിടുകയും ചെയ്തുകൊണ്ടിരിക്കുന്നു. 1902-ൽ എം. പി. വർക്കി പ്രസിദ്ധീകരിച്ച 'മാർ ദീവന്നാസ്യോസ്' എന്ന ജീവചരിത്രഗ്രന്ഥത്തിലും സമകാല തലമുറയിലെ ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിയ *കണ്ടനാട് ഗ്രന്ഥവരി*യിലും 'ഇടവകപത്രിക'യുടെ ലക്കങ്ങളിലും ഇക്കാര്യങ്ങൾ ദൃക്സാക്ഷികൾ സാക്ഷ്യപ്പെടുത്തിയിട്ടും ഇട്ടൂപ്പ് റൈട്ടർ, ഇ. എം. ഫിലിപ്പ്, ഫാ. ഡോ. വി. സി. സാമുവേൽ, പി. വി. മാത്യു, ഡോ. സി. വി. ചെറിയാൻ തുടങ്ങിയ മലങ്കരസഭയിലെ വിശ്രുത ചരിത്രകാരന്മാരും ഫാ. ഡോ.

ബേബി വർഗ്ഗീസ്, ഡോ. കുര്യൻ തോമസ്, ഫാ. ഡോ. ടി. ഐ. വർഗ്ഗീസ്, ഫാ. ഡോ. എം. ഒ. ജോൺ തുടങ്ങിയ പ്രമുഖ ചരിത്രഗവേഷകരും ഇക്കാര്യത്തിൽ മൗനം പാലിച്ചത് ഗവേഷണത്തോടുള്ള ആത്മാർത്ഥതക്കുറവോ ചരിത്രയാഥാർത്ഥ്യങ്ങളെ ബോധപൂർവ്വം തമസ്കരിക്കുവാനുള്ള ശ്രമമോ ആവാനിടയില്ല; ഉദാസീനമായ ചരിത്രനിരീക്ഷണവും അറിഞ്ഞതിലപ്പുറം ഒന്നും അറിയാനിടയില്ല എന്ന അടഞ്ഞ മനസ്സുമാകാം അവരെ സത്യം കണ്ടെത്തുന്നതിൽ നിന്ന് വിലക്കിയത്. പുലിക്കോട്ടിൽ മെത്രാച്ചന് മുമ്പ് പാലക്കുന്നത്ത് മെത്രാച്ചനെ മലങ്കരമെത്രാന്മാരുടെ നിരയിൽ കോട്ടയം പഴയസെമിനാരിയുടെ നാലുകെട്ടിന്റെ രണ്ടാംനിരയിൽ ഫോട്ടോ പ്രതിഷ്ഠിച്ച് ചരിത്രനിഷേധം ആഘോഷിക്കുന്നവർക്ക് സത്യത്തെ അഭിമുഖീകരിക്കുവാൻ അധൈര്യം ഉണ്ടാകുന്നത് സ്വാഭാവികം തന്നെ.

പുലിക്കോട്ടിൽ രണ്ടാം തിരുമേനിയെപ്പറ്റി 2012 ജൂലൈ 11-ന് കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെന്ററിൽ നടന്ന സെമിനാറിൽ ഈ ഗ്രന്ഥകാരൻ, പാലക്കുന്നത്ത് മെത്രാച്ചൻ പ്രസിദ്ധീകരിച്ച നമസ്കാരപ്പുസ്തകവും അദ്ദേഹത്തെപ്പറ്റി എം. പി. വർക്കിയുടെയും *കണ്ടനാട് ഗ്രന്ഥവരി*യുടെയും ഇടവകപ്പത്രികയിലെയും സമകാല സാക്ഷ്യങ്ങൾ സദസ്സിനെ കാണിച്ച് അവയുടെ ആധികാരികതയും സത്യസന്ധതയും ബോദ്ധ്യപ്പെടുത്തി. പ. കാതോലിക്കാബാവാ ആദ്ധ്യക്ഷം വഹിച്ച സെമിനാറിൽ മദ്രാസിന്റെ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായെ രേഖകൾ കാണിക്കുകയും അവയെ അദ്ദേഹം ശരിവയ്ക്കുകയും ചെയ്തതോടെ നമ്മുടെ സഭാചരിത്ര ഗവേഷണത്തിന്റെ അപക്വമായ അരങ്ങേറ്റങ്ങളെപ്പറ്റി അഭിജാത സദസ്സ് പരിതപിച്ചു. പുലിക്കോട്ടിൽ ഡോ. ഗീവറുഗീസ് മാർ യൂലിയോസ്, ഫാ. ഡോ. ടി. ജെ. ജോഷ്വാ, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. ഡോ. ജേക്കബ് കുര്യൻ തുടങ്ങിയ പ്രശസ്തർ ആ സാക്ഷ്യങ്ങൾ ബോദ്ധ്യപ്പെട്ട് അംഗീകരിച്ചു.

ആ നമസ്കാരക്രമവും അതിന് ബദലായി പുലിക്കോട്ടിൽ തിരുമേനി പ്രസിദ്ധീകരിച്ച ക്രമവും ഇതിന്റെ ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പുസ്തകങ്ങളുടെ സ്കാൻ ചെയ്ത കോപ്പിയെ ആർക്കും നിഷേധിക്കാനാവുകയില്ലല്ലോ.

മലങ്കരസഭയിൽ 19-ാം നൂറ്റാണ്ടിൽ ഉപയോഗിച്ച വി. കുർബ്ബാനക്രമം അടുത്തതായി ചേർത്തിരിക്കുന്നു. ഇന്ന് നിലവിലുള്ള കുർബ്ബാനക്രമത്തിൽ വരുത്തിയ പല അനധികൃത വ്യത്യാസങ്ങളും നിരീക്ഷണ വിധേയമാക്കിയിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഒന്നാം തുബ്ദേനാണ്. കശ്ശീശന്മാരും ശെമ്മാശന്മാരും അടക്കം എല്ലാ വൈദികസ്ഥാനികളെയും

ഓർക്കുന്ന ഒന്നാം തുബ്ദേൻ വി. യാക്കോബിന്റെ അനാഫുറയിൽ കാണുന്ന ക്രമീകരണത്തോട് നീതിപുലർത്തിയിട്ടുണ്ട്. മാർ യാക്കോബിന്റെ ക്രമത്തെ ധിക്കരിച്ചുകൊണ്ട് കശ്ശീശന്മാരെ മൂന്നാം തുബ്ദേനിലേക്ക് നീക്കം ചെയ്തതിന്റെ യഥാർത്ഥ ഉത്തരവാദികൾ ആരെന്നും ആ കടുംകൈ ചെയ്തത് എന്തിനെന്നും അന്വേഷിക്കേണ്ടതല്ലേ! തദ്ദേശീകരണത്തിന് മലങ്കരസഭ അന്ന് നൽകിയിരുന്ന ഉയർന്ന പരിഗണനയെ അട്ടിമറിച്ച് അഞ്ചാം തുബ്ദേനിലൂടെ മലങ്കരസഭയെ അന്ത്യോഖ്യൻ സഭയുടെ കോളനി എന്ന് വ്യാഖ്യാനിക്കാനാവുംവിധം വ്യത്യാസപ്പെടുത്തിയത് ആരെന്നും എന്തിനെന്നും അറിയാൻ മലങ്കരസഭയ്ക്ക് അവകാശമുണ്ട്. നവീകരണസഭയും പിന്നീടുണ്ടായ മലങ്കരറീത്തു സഭയും ആവശ്യമായ ഭേദഗതികളോടെ ഈ തുബ്ദേനുകളാണ് ഉപയോഗിക്കുന്നത് എന്നത് അനിഷേധ്യമായ ഒരു വസ്തുതയാണ്. സഭയുടെ ഉന്നതസ്ഥാനീയർക്ക് ആരാധനാപരമായ കാര്യങ്ങളിൽ ഉത്തരവാദിത്തമുണ്ടെങ്കിൽ അവർ ഇനിയും സത്യങ്ങൾക്കെതിരെ പുറംതിരിഞ്ഞിരിക്കുന്നത് അവരെപ്പറ്റി മതിപ്പുണ്ടാകുവാൻ സഹായിക്കുകയില്ല. ദുർന്യായങ്ങളും മുറിഗവേഷണങ്ങളും മാറ്റിവച്ച് സത്യത്തെ സത്യസന്ധമായി അഭിമുഖീകരിക്കുവാൻ നമുക്ക് കഴിയേണ്ടതല്ലേ!

രണ്ടാം ഭാഗത്തിൽ തുടർന്ന് പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ, കുന്നംകുളത്തുള്ള പ്രസ്സിൽനിന്ന് കല്ലച്ചിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച, വി. കുർബ്ബാന തക്സാ കൊടുത്തിരിക്കുന്നു (ഇതിൽ മാമ്മൂദീസായും വിവാഹവും ഉൾപ്പെടുന്നു). മാമ്മൂദീസാക്രമത്തിൽ 'ദൈവം ചൊന്നാൻ അഹറോനെപ്പൂശുക' എന്നാരംഭിക്കുന്ന ഗാനം 1865-ന് മുമ്പ് നമ്മുടെ ക്രമത്തിലില്ലായിരുന്നു. പത്രോസ് തൃതീയൻ കൂട്ടിചേർത്തതാണ് ആ ഗാനം. ആ ഗാനം മാമ്മൂദീസാക്രമത്തിന്റെ ഭാഗമെന്ന് തെറ്റിദ്ധരിച്ച് ലോകപ്രസിദ്ധരായ ദൈവശാസ്ത്രജ്ഞർ ഓർത്തഡോക്സ് സഭയുടെ വിശ്വാസധാരകളെ അവാസ്തവ ദിശകളിലേക്ക് നയിക്കുന്നതിന്റെ വേദനാജനകമായ വ്യഥകൾ നമ്മെ ചിന്തിപ്പിക്കേണ്ടതല്ലേ? വി. മൂറോന്റെ സാംഗത്യവും പ്രാധാന്യവും ആവശ്യത്തിലേറെ വർദ്ധിപ്പിച്ചു കാട്ടുവാൻ ഈ 'ഇല്ലാത്ത പാട്ടിനെ' ആധാരമാക്കി നമ്മുടെ പണ്ഡിതർ ചെയ്തിട്ടുള്ള അധരവ്യായാമങ്ങളും ലേഖന വ്യായാമങ്ങളും നാം തിരിച്ചറിയാൻ വൈകിയിരിക്കുന്നു. ഒരു താരതമ്യ പഠനത്തിന്, കുന്നംകുളത്തു നിന്ന് പത്രോസ് തൃതീയൻ വരുന്നതിന് മുമ്പ് പ്രസിദ്ധപ്പെടുത്തിയ ഈ അച്ചടിച്ച കൃതി നമുക്ക് ധൈര്യം പകരേണ്ടതല്ലേ? സുറിയാനി ഭാഷയിലും സുറിയാനിയിലെഴുതിയ ആരാധനാക്രമങ്ങളിലും തികഞ്ഞ അനഭിജ്ഞത പുലർത്തുന്ന വൈദികരുടെ തലമുറകൾ രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുന്ന 20, 21 നൂറ്റാണ്ടുകളിൽ ഇത്തരം ഗവേഷണപഠനങ്ങൾ ഒരു

ദൗത്യവും വെല്ലുവിളിയുമായി ഏറ്റെടുക്കുവാൻ ആരെങ്കിലുമൊക്കെ രംഗത്തു വരേണ്ടിയിരിക്കുന്നു.

ആരാധനക്രമങ്ങൾക്ക് പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുമ്പോൾ അതിൽ പുലർത്തേണ്ടുന്ന ചില പ്രസാധക മര്യാദകൾ ഉള്ളത് ക്രൂരമായി ലംഘിക്കപ്പെടുന്ന കാഴ്ച സർവസാധാരണമായിരിക്കുന്നു. ഇത് വ്യക്തമാക്കുവാൻ ഒരു ഉദാഹരണം മാത്രം ചേർക്കുന്നു. 1950–നോടടുത്ത് കോട്ടയം പഴയസെമിനാരിയിലെ മൽപാൻ ഫാ. എൻ. എ. യോഹന്നാൻ വിവർത്തനം ചെയ്ത ഗദ്യവിവർത്തനങ്ങളാണ് വലിയ നോമ്പിലും ഹാശാ ആഴ്ചയിലും മൂന്നു നോമ്പിലും മലങ്കരസഭ സാർവത്രികമായി ഉപയോഗിച്ചിരുന്നത്. 1970–കളിൽ അദ്ദേഹം വിവർത്തനം ചെയ്ത ഗദ്യപരിഭാഷയാണ് ശ്ഹീമ്മാ നമസ്കാരമായി നാം ഉപയോഗിച്ചിരുന്നത്. എന്നാൽ ഈ ക്രമങ്ങൾ പദ്യരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ മൂലവിവർത്തകന്റെ പേർ ആ രചനകളിൽനിന്ന് പൊടുന്നനവേ അപ്രത്യക്ഷമായി. മൂലവിവർത്തകന്റെ പേർ തമസ്കരിക്കപ്പെട്ടതിനെപ്പറ്റി പ്രസാധകൻ കുറ്റകരമായ മൗനം പുലർത്തിയത് നമ്മെ അത്ഭുതപ്പെടുത്തുന്നു. അടുത്തകാലത്തായി വിവർത്തകന്റെ സ്ഥാനത്ത് മറ്റൊരു പേർ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. നമ്മുടെ തലമുറയിൽ പ്രസിദ്ധീകരണ രംഗത്ത് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഈ തമസ്കരണ പ്രവണതകൾ ഒരർത്ഥത്തിൽ ചരിത്രനിഷേധമാണ്. ഇതുപോലെ പ. ഔഗേൻ ബാവാ വിവർത്തനം ചെയ്ത പട്ടംകൊടക്രമങ്ങളും പള്ളികൂദാശാക്രമവും മൂറോൻ കൂദാശാക്രമവും മറ്റും വിവർത്തകന്റെ പേർ ചേർക്കാതെ കൈയെഴുത്തു രൂപത്തിലും അച്ചടിരൂപത്തിലും പ്രചരിക്കുന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. ഭാവിയിൽ ഈ ക്രമങ്ങളുടെ വിവർത്തകനെ മറക്കുവാനും തൽസ്ഥാനത്ത് മറ്റു പേരുകൾ പ്രത്യക്ഷപ്പെടുവാനും ഈ അലസത വഴിയൊരുക്കുന്നു. അധികാരം കൈയ്യാളുന്ന അൽപന്മാരുടെ കൈയിൽ നമ്മുടെ പുസ്തകപ്രസാധനരംഗം അനാഥമാവുകയാണോ? എല്ലാ പുസ്തകങ്ങൾക്കും ശ്രേഷ്ഠാനുമതിയുള്ളതായി രേഖപ്പെടുത്തുക പതിവുണ്ടെങ്കിലും മിക്ക പുസ്തകങ്ങളും ഈ 'ശ്രേഷ്ഠ'ന്മാർ കാണാറുണ്ടെന്ന് തോന്നുന്നില്ല. പ്രൂഫ് റീഡിംഗ്പോലും ഭംഗിയായി നടക്കുന്നില്ല എന്ന സത്യം ആർക്കാണ് അറിയാത്തത്. നോമ്പിന്റേയും കഷ്ടാനുഭവ ആഴ്ചയുടേയും നമസ്കാരം ഗദ്യപരിഭാഷയായി പുറത്തിറക്കിയപ്പോൾ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി നോമ്പിന്റെയും ഹാശാ ആഴ്ചയുടെയും മൂന്നു നോമ്പിന്റെയും മറ്റും ആരാധനകളിലെ നടപടികളെപ്പറ്റി ഒരു വിശദീകരണം ആമുഖമായി കൊടുത്തിരുന്നത് പിൽക്കാല പതിപ്പുകളിൽ അകാരണമായി അപ്രത്യക്ഷമായി. ഇത് വ്യത്യസ്തതകളിൽ എന്ത് നിലപാട് സ്വീകരിക്കണമെന്ന് അറിയാത്ത ബഹുഭൂരിപക്ഷം വൈദി

കരും അക്കാര്യത്തിൽ കാതോലിക്കായുടെ കൽപനയ്ക്കായി ഓരോ കൊല്ലവും കാത്തിരിക്കുന്നു.

പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനവും നിയോഗവും സ്വീകരിച്ച് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ 'ശുശ്രൂഷാസംവിധാനം' എന്ന പേരിൽ കഠിന തപസ്യയിലൂടെ തയാറാക്കിയ പുസ്തകം വിദ്യാർത്ഥിപ്രസ്ഥാനം പ്രസിദ്ധീകരിച്ചപ്പോൾ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പേർ ഗ്രന്ഥകർത്താവിന്റെ പേർ എന്ന നിലയിൽ ചേർക്കാതെ 'യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കുറിപ്പുകളോട് കടപ്പാട്' എന്ന് മാത്രം കാണിച്ചതും പിൽക്കാല പതിപ്പുകളിൽ 'ശുശ്രൂഷാ സംവിധാന സഹായി' എന്ന് ഗ്രന്ഥനാമം വ്യത്യാസപ്പെടുത്തിയതും നമ്മുടെ പുസ്തക പ്രസാധന രംഗത്തെ അരാജകത്വത്തെയും അനാഥത്വത്തെയും അല്ലേ കാണിക്കുന്നത്? പ്രസാധകന്റെ ഇഷ്ടപ്രകാരം ഗ്രന്ഥകർത്താവിന്റെ പേർ, ഗ്രന്ഥത്തിന്റെ പേർ, ഉള്ളടക്കം എന്നിവയിൽ യഥേഷ്ടം വ്യത്യാസങ്ങൾ വരുത്തുകയും അക്കാര്യങ്ങളെപ്പറ്റി പ്രസാധകക്കുറിപ്പിൽ മൗനം ദീക്ഷിക്കുകയും ചെയ്യുന്ന സമ്പ്രദായത്തിലെ അന്തഃസാരവിഹീനത ചോദ്യം ചെയ്യപ്പെടേണ്ടതല്ലേ?

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ പ്രസിദ്ധീകരിച്ച കുർബ്ബാനക്രമത്തിൽ സേലൂൻ ബശിലോമ്മോയ്ക്കു ശേഷം 'ഒരു കൗമ്മാ നമസ്കരിക്കണം' എന്ന നിർദ്ദേശം എടുത്തു കളഞ്ഞതും തൽസ്ഥാനത്ത് 'മേൽപട്ടക്കാർ–പട്ടക്കാരൊടു ശെമ്മാശന്മാർ' എന്ന ഗാനം കൂട്ടിച്ചേർത്തതും നമ്മുടെ ആരാധനാശാസ്ത്ര വിശാരദന്മാർ ശ്രദ്ധിച്ചതായി അറിവില്ല. പല പള്ളികളിലും അവ ഉപയോഗിക്കുന്നു, വ്യത്യസ്ത നിലകളിൽ. പുതിയ വൈദികർ പഴയ കാര്യങ്ങളിൽ തികച്ചും അജ്ഞരാണ്. തന്മൂലം അവരുടെ പല നിലപാടുകളിലും ഈ അജ്ഞത പ്രതിഫലിക്കുന്നുണ്ടോ?

മൂന്നാം ഭാഗം, ഒരു പക്ഷേ ഈ സമാഹാരത്തെ അതുല്യമാക്കുന്ന ഭാഗം, ചരിത്രപുരുഷന്റെ പൊതുസർക്കുലറുകളും സ്വകാര്യ കത്തുകളും അടങ്ങിയതാണ്. നമ്മുടെ പഴയ പല പള്ളികളിലും ചരിത്രപുരുഷന്റെ അച്ചടിച്ച കൽപനകളും കൈയെഴുത്തു പുസ്തകങ്ങളും ധാരാളം കാണാനിടയുണ്ട്. എന്നാൽ ഈ പുസ്തകത്തിൽ ചേർക്കുവാനായി അവ നൽകുവാൻ പ്രാചീന ദേവാലയങ്ങളിലെ വർത്തമാന ചുമതലക്കാർ ഒട്ടുംതന്നെ താൽപര്യം കാണിച്ചില്ല എന്ന് ദുഃഖത്തോടെ രേഖപ്പെടുത്തട്ടെ. പല പള്ളികളിലെയും വികാരിമാരെ ബന്ധപ്പെട്ടു എങ്കിലും നിരാശയായിരുന്നു ഫലം. എന്റെ സ്വന്തം ഇടവകയിൽ – പഴഞ്ഞി – നിന്നോ കുന്നംകുളം ഭദ്രാസനത്തിലെ പാലൂർ–ചാട്ടുകുളങ്ങര പള്ളി, ചിറളയം തുടങ്ങിയ പള്ളിക

ളിൽ നിന്നോ ഈ ഉദ്യമത്തിന് സഹകരണം ലഭിച്ചില്ല. അവിടങ്ങളിൽ എന്റെ ശിഷ്യരും സുഹൃത്തുക്കളും നാട്ടുകാരുമായ വൈദികർ ആണ് ചുമതലക്കാർ എങ്കിലും അവരുടെ ഇടവക പ്രവർത്തനത്തിലെ പരിഗണനാ വിഷയങ്ങൾ മറ്റ് പലതും ആയിരുന്നതിനാൽ ഈ 'വ്യർത്ഥ കാര്യ'ത്തിനായി വിലയേറിയ സമയം വ്യഥാവിൽ നഷ്ടപ്പെടുത്തുവാൻ അവർ പ്രായോഗികമതികൾ ആയതുകൊണ്ടാകാം, സന്നദ്ധരായില്ല. തന്മൂലം ഈ ഭാഗം വളരെ വളരെ അപൂർണ്ണമാണെന്ന് സമ്മതിക്കുന്നു. ചരിത്രപുരുഷന്റെ ചുമതലയിൽ പ്രസിദ്ധീകരിച്ച 'ഇടവകപത്രിക'യിൽ നിന്നാണ് ഏറിയകൂറും കൽപനകൾ ശേഖരിച്ചത്. ഇടവകപത്രികയുടെ മുഴുവൻ കോപ്പികളും ലഭ്യമാക്കുവാൻ സഹായിച്ച കോട്ടയം പഴയസെമിനാരിയുടെ മുൻ ലൈബ്രേറിയൻ സി. സി. ചെറിയാനച്ചനോടുള്ള നന്ദി പ്രകാശിപ്പിക്കട്ടെ. കോനാട്ട് ഗ്രന്ഥശേഖരത്തിൽ കഥാപുരുഷന്റെ കുറെ സ്വകാര്യകത്തുകൾ സൂക്ഷിച്ചിരുന്നത് ഫാ. ഡോ. ജോൺസ് ഏബ്രഹാം തന്ന് സഹായിച്ചു. ആ ശേഖരം ഈ കൃതിയുടെ സമ്പന്നതയെ ഏറെ വർദ്ധിപ്പിച്ചു എന്ന് നന്ദിപൂർവ്വം ചൂണ്ടിക്കാണിക്കട്ടെ. കോട്ടയം പഴയസെമിനാരി ആർക്കൈവ്സിൽ ഉള്ള കുറെ കത്തുകൾ ലഭിക്കുന്നതിന് പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. മാത്യൂസ് ജോൺ മനയിൽ, ഡീക്കൻ ഇയ്യോബ് ഒ.ഐ.സി. എന്നിവരുടെ സഹായം ലഭിച്ചു എന്ന വിവരം നന്ദിപൂർവ്വം രേഖപ്പെടുത്തട്ടെ.

കത്തുകളുടെ സാഹിത്യമൂല്യത്തെപ്പറ്റി 'സാഹിത്യവിചാര'ത്തിൽ എം. പി. പോൾ ഒരു ഉപന്യാസം രചിച്ചിട്ടുണ്ട്. ആത്മാർത്ഥത, വ്യക്തിത്വം, ആർജ്ജവം തുടങ്ങിയവ അകൃത്രിമമായി പ്രതിഫലിക്കുമെന്നതിനാൽ സ്വകാര്യകത്തുകളുടെ സുതാര്യത സവിശേഷമായി പഠിക്കപ്പെടണമെന്ന് പോൾ ആ ലേഖനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്. പ്രസിദ്ധീകരണത്തെ മനസ്സിൽ കാണാത്തതുകൊണ്ട് ആ കത്തുകൾക്ക് ആത്മാർത്ഥതയുടെയും ആർജ്ജവത്തിന്റെയും സുതാര്യതയുടെയും തിളക്കം കൂടും. ഇവിടെ പ്രസിദ്ധീകരിക്കുന്ന സ്വകാര്യകത്തുകൾ രണ്ടുവിഭാഗത്തിൽ പെടുന്നു. ഒന്ന്, അദ്ദേഹം മേൽപട്ടസ്ഥാനം പ്രാപിക്കാൻ പോയ വിദേശയാത്രയുടെ വിവിധ ഘട്ടങ്ങളിൽ വിവിധ സ്ഥലങ്ങളിൽ വെച്ച് നാട്ടിലുള്ള പ്രാണസുഹൃത്തുക്കൾക്കെഴുതിയവയാണ് ഒരു വിഭാഗം കത്തുകൾ. അവയുടെ സംഗ്രഹം മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു.

കോണിവെച്ച് മുകളിലേക്ക് കയറി സുരക്ഷിതസ്ഥാനങ്ങളിൽ എത്തിക്കഴിഞ്ഞാൽ കോണി വെച്ചുതന്നവരെയും കോണിയെ തന്നെയും വിസ്മരിക്കുകയും തന്റെ പിന്നാലെ മറ്റാരും ഉയരങ്ങളിലേക്ക് കയറിവരാതിരിക്കുവാൻ കോണി നശിപ്പിക്കുന്നവരും നിറഞ്ഞ കൃതഘ്നരുടെ ലോകത്തിൽ, തന്നെ ഹൃദയപൂർവ്വം ഉയരങ്ങളിലേക്ക് കയറുവാൻ സഹായിച്ച

സുഹൃത്തുക്കൾക്ക് തന്റെ ഓരോ ചുവടുവെപ്പിനെയുംപറ്റി കൃത്യമായി വിവരങ്ങൾ നൽകുന്ന ഒരു മനുഷ്യസ്നേഹിയെ ഈ കത്തുകളിൽ കാണാം. യാത്രയുടെ ക്ഷീണമുണ്ട്; വിരസതയുണ്ട്; അപകടം നിറഞ്ഞ അനിശ്ചിതത്വമുണ്ട് എന്നിരിക്കിലും അവയുടെ മദ്ധ്യത്തിലും ദൈവാശ്ര യത്തോടെ മുന്നോട്ട് പ്രത്യാശാപൂർവ്വം സഞ്ചരിക്കുകയും തന്റെ വരവി നായി ഉദ്വേഗപൂർവ്വം കാത്തിരിക്കുന്നവരെ അക്കാര്യങ്ങൾ ചിട്ടയോടെ അറിയിക്കുകയും ചെയ്യുന്ന സ്വഭാവം കഥാപുരുഷനുണ്ടായിരുന്നു.

ഇടവഴിക്കൽ അച്ചൻ, പനയ്ക്കൽ ഐപ്പൂരു, കണ്ടനാട് ശെമവൂൻ കോറി, പനയ്ക്കൽ യാക്കോബ് കത്തനാർ തുടങ്ങിയവർക്കയച്ച കത്തു കളിൽ മലങ്കരസഭയെപ്പറ്റിയുള്ള ഉത്ക്കണ്ഠകൾ, പ്രതിബന്ധങ്ങളിൽ തള രാത്ത മനക്കരുത്ത്, ലക്ഷ്യപ്രാപ്തിയിലെത്തുമെന്ന ഉറച്ച വിശ്വാസം, സർ വോപരി ദൈവാശ്രയബോധം എന്നിവ തുടിച്ചു നിൽക്കുന്നു. ഒരു പക്ഷേ, സഭാപ്രവർത്തനത്തിൽ അവൈദിക നേതാക്കളെ ഇത്രമാത്രം വിശ്വാസ ത്തിലെടുത്ത മറ്റൊരു സഭാദ്ധ്യക്ഷനെ മലങ്കരസഭാ ചരിത്രത്തിൽ കണ്ടു മുട്ടാനാവില്ല. ഒരുപക്ഷേ രാജകീയ വിളംബരത്തിന്റെ മാത്രം പിൻബല ത്തിൽ സഭയിൽ നിർഭയമായി നവീകരണം വിതച്ച് ഭരണം നടത്തുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെയും ദൗത്യം വിസ്മ രിച്ച് ആവുന്നത്ര വരുമാനവർദ്ധനവിൽ കണ്ണുംനട്ട് പള്ളികളിൽ നിന്ന് പള്ളികളിലേക്ക് നവീകരണ മെത്രാനുമായി രഹസ്യമായി അനുരഞ്ജ നപ്പെട്ട് ഓടിനടക്കുന്ന യൂയാക്കിം മാർ കൂറിലോസിനെയും ഫലപ്രദമായി നേരിടുവാനും തന്റെ ഭാവനയിലുള്ള അനന്തമായ പരിഷ്കാര പരിപാടി കളിലൂടെ മലങ്കരയുടെ സുവർണ്ണയുഗത്തിന്റെ പിറവി ഉറപ്പുവരുത്തുവാ നുമുള്ള പദ്ധതിയുടെ അനിവാര്യഭാഗമാകാം ഈ അപൂർവ്വമായ ആത്മായ സൗഹൃദം. ഇസ്സഡ്. എം. പാറേട്ട് നിരീക്ഷിക്കുന്നത് കാണുക:

"പ്രീണനങ്ങളും പീഡനങ്ങളും പ്രയാസങ്ങളും അവഗണിച്ചും സഹിച്ചും പിതാക്കന്മാരുടെ വിശ്വാസത്തിൽ തുടർന്നു എന്ന് അഭിമാനി ക്കാൻ കഴിവുണ്ടായിരുന്ന നസ്രാണികൾക്ക് ഒരുമിച്ചു നിൽക്കാൻ ആവ ശ്യമായ സംഘടനാ സൗകര്യം ആയിരത്തിഎണ്ണൂറ് സംവത്സരക്കാല ത്തേക്ക് മലങ്കരയിൽ ഇല്ലായിരുന്നു. ആ കുറവ് പരിഹരിച്ച മഹാനാണ് ജോസഫ് മാർ ദീവന്നാസ്യോസ്. ചളി വാരി എറിയാൻ ആളുകൾ ഉണ്ടാകും, ഉണ്ട് എന്ന് ശരിക്ക് അറിഞ്ഞുകൊണ്ട് മനം പതറാതെ, ഹൃദയം കുലുങ്ങാതെ, കാൽവഴുതാതെ, മുമ്പോട്ട് കുതിച്ചുകയറിയ, സുന്നഹദോ സിലും ഭരണത്തിലും മാപ്പിളയ്ക്കുള്ള സ്ഥാനം ശരിക്ക് അംഗീകരിച്ച മഹാനാണ് ദീവന്നാസ്യോസ് അഞ്ചാമൻ. മുളന്തുരുത്തി സുന്നഹദോസി ന്റെയും മലങ്കരനസ്രാണികളുടെ വ്യവസ്ഥാപിത ഭരണകൂടത്തിന്റെയും മഹാശിൽപിയും ജാതിയുടെ സംഘാടകനും ആയ പുലിക്കോട്ടിൽ

ജോസഫ് മാർ ദീവന്നാസ്യോസിനെ നമുക്ക് നമസ്കരിക്കാം."

കഥാപുരുഷന്റെ വ്യക്തിത്വത്തെ സമഗ്രതയിൽ സംഗ്രഹിക്കുന്ന ധ്വന്യാത്മകത ഈ വാക്യങ്ങൾക്കുണ്ട്. സഭയുടെ ശക്തി ചിതറിക്കിടക്കുന്ന ഇടവകകളിൽ ആണെന്നും അവയെ ഒരു സംഘടനയുടെ ഭാഗമാക്കി സഭയുടെ ശക്തിസ്രോതസ്സാക്കാമെന്നും അദ്ദേഹം പൂർവ്വമാതൃകകൾ ഇല്ലാതിരിക്കേ കണ്ടുപിടിച്ചു. അദ്ദേഹത്തിന്റെ ഈ കണ്ടുപിടിത്തം പിൽക്കാലത്ത് നാരായണഗുരു, മന്നത്ത് പത്മനാഭൻ തുടങ്ങി എല്ലാ സമുദായ നേതാക്കൾക്കും അനുകരണീയവും സ്വീകാര്യവും ആയി. കേരള നവോത്ഥാനത്തിന്റെ ആദ്യത്തെ രാജശിൽപിയായി കഥാപുരുഷൻ അംഗീകരിക്കപ്പെട്ടത് അങ്ങനെയാണ്. ആ രാജർഷിയുടെ വ്യക്തിത്വത്തിന്റെ മുദ്രകൾ അദ്ദേഹത്തിന്റെ സ്വകാര്യ കത്തുകൾക്ക് ശോഭ പകരുന്നു.

വിദേശയാത്രകൾ നടത്തിയ അനേകരെ സഭാചരിത്രത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. അവരിലെത്രപേർ യാത്രയുടെ പുരോഗതിയെ അറിയിച്ച് നാട്ടിലുള്ളവരുടെ ആകാംക്ഷകൾ ശമിപ്പിക്കുവാൻ ശ്രമിച്ചു എന്ന് ഇത്തരുണത്തിൽ പരിശോധിക്കാവുന്നതാണ്.

ലഭ്യമായ സ്വകാര്യകത്തുകളിൽ ഏറ്റവും കൂടുതലുള്ളത് മൽപാനും വൈദികട്രസ്റ്റിയുമായ കോനാട്ട് മാത്തൻ കത്തനാർക്ക് എഴുതിയ കത്തുകളാണ് (അത്മായട്രസ്റ്റിയായിരുന്ന സി. ജെ. കുര്യന്റെ അനനന്തരാവകാശികളിൽ നിന്ന് കത്തുകളുടെ ഫയൽ ലഭ്യമായിരുന്നുവെങ്കിൽ വിസ്മയിപ്പിക്കുന്ന മറ്റൊരു ലോകം കാണാൻ നമുക്ക് കഴിഞ്ഞേനേ.). കേവലം ഔപചാരികമായ മര്യാദയെ മുൻനിർത്തി ഒന്നോ രണ്ടോ വാക്യങ്ങൾ മാത്രം എഴുതി പൂർത്തിയാക്കിയ കത്തുകളല്ല അവ. തന്റെ വൈദിക-അത്മായ ട്രസ്റ്റികളെ പ്രാണസ്നേഹിതന്മാരായി അംഗീകരിച്ച് തന്റെ ഹൃദയവ്യഥകളും ഉത്ക്കണ്ഠകളും ആകാംക്ഷകളും അവരുമായി പങ്കുവെച്ച് അവരുടെ പങ്കാളിത്തവും സഹായവും ഉറപ്പുവരുത്തുന്ന സമീപനം ആ കത്തുകളിൽ പ്രതിഫലിക്കുന്നു. ഭരണകാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ സമന്മാരുടെ സ്വരത്തിലാണ് പ്രതിപാദനം; താൻ മേൽപട്ടക്കാരൻ ആണെന്ന തലക്കനം ഒട്ടുമില്ല. ട്രസ്റ്റികൾ എന്ന നിലയിൽ കൈവശം വെക്കാവുന്ന താക്കോലുകൾ പോലും മെത്രാപ്പോലീത്തായെ ഏൽപിക്കാൻ മാത്രം പരസ്പരവിശ്വാസവും ബഹുമാനവും അവർ തമ്മിലുണ്ടായിരുന്നു. പിൻഗാമിയുടെ കാലത്ത് വൈദിക-അത്മായ ട്രസ്റ്റിമാർ തങ്ങളുടെ താക്കോലുകൾ തിരിച്ച് ആവശ്യപ്പെട്ടപ്പോൾ നൽകാതിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ നടപടിയെപ്പറ്റി ചില ബാലിശമായ നിരീക്ഷണങ്ങൾ കണ്ടിട്ടുണ്ട്. മുൻഗാമി ട്രസ്റ്റിമാരുടെ താക്കോലുകൾ കൈവശം വെച്ചതുപോലെ പിൻഗാമിയും താക്കോലുകൾ കൈവശം വെയ്ക്കുകയും

അത് നൽകാനുള്ള അഭ്യർത്ഥനയെ നിരാകരിക്കുകയും ചെയ്തു എന്ന അർത്ഥത്തിലുള്ള നിരീക്ഷണമാണ് ഓർമ്മ വരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരപാദത്തിൽ ഡോ. അയ്യപ്പപണിക്കർ, എൻ. എൻ. കക്കാട്, ആറ്റൂർ രവിവർമ്മ, സച്ചിദാനന്ദൻ തുടങ്ങിയ പ്രഗത്ഭ കവികൾ 'വൃത്തമുക്ത കവിത' എന്ന പ്രസ്ഥാനം പരീക്ഷിച്ചു. അംഗീകൃത വൃത്തങ്ങൾ കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്യാൻ ശേഷിയുണ്ടായിരുന്ന അവർ താളനിബദ്ധമായ രചനകളിലൂടെ അംഗീകൃത വൃത്തവ്യവസ്ഥകളുടെ പരിധി വിശാലമാക്കാനുള്ള യത്നത്തിലാണേർപ്പെട്ടത്. അത് വേണ്ടതു പോലെ തിരിച്ചറിയാതെ വൃത്തത്തിൽ കവിത എഴുതുവാൻ ശേഷിയില്ലാത്ത പലരും ഈ പ്രസ്ഥാനത്തിലേക്ക് പ്രവേശിച്ചു. ഈ അഭിനവ വിശ്വാമിത്രസൃഷ്ടികൾ വൃത്തമുക്ത കവിതകൾ തന്നെയായിരുന്നു. ആദ്യം ചൂണ്ടിക്കാട്ടിയവരുടെ രചനകളും പിൽക്കാല 'വിശ്വാമിത്ര സൃഷ്ടി'കളും തമ്മിൽ അജഗജാന്തരം ഉണ്ടെന്ന് മാത്രം. ട്രസ്റ്റികളുടെ മൂന്നു താക്കോലുകളും കൈവശം വച്ചു എന്നതിൽ മുൻഗാമിയും പിൻഗാമിയും തമ്മിൽ വ്യത്യാസമില്ല. എന്നാൽ ട്രസ്റ്റിമാർ മുൻഗാമിയുടെ പക്കൽ താക്കോലുകൾ ഏൽപിക്കുകയായിരുന്നു. പിൻഗാമിയെപ്പറ്റി അവർക്ക് വിശ്വാസ്യത നഷ്ടപ്പെട്ടതിനാൽ ആണ് അവർ നിയമപരമായി ആവശ്യപ്പെട്ടത്. അത് തിരിച്ച് നൽകുവാനുള്ള ബാധ്യതയിൽനിന്ന് ഒഴിഞ്ഞുമാറി മലങ്കരസഭയെ തലമുറകളോളം നീണ്ട വ്യവഹാരച്ചങ്ങലയിൽ ബന്ധിച്ചതിന് മുൻഗാമിയുടെ മാതൃക ചൂണ്ടിക്കാട്ടുന്നത് ചരിത്രനിരീക്ഷണമല്ല; ചരിത്രനിരാസമാണ്.

തന്നേക്കാൾ യോഗ്യരായവരെ – അവർ വൈദികരായാലും അവൈദികരായാലും – അവരെ അംഗീകരിക്കുവാനും അവരുടെ അറിവുകളെ സഭയ്ക്ക് പ്രയോജനപ്പെടുത്താനും സന്നദ്ധനായ ഒരു മേലദ്ധ്യക്ഷനെ ഈ കത്തുകൾ വെളിപ്പെടുത്തുന്നു. പാത്രിയർക്കീസിന് അയയ്ക്കാനുള്ള കത്തുകൾ അദ്ദേഹം തയാറാക്കുകയും അത് സുറിയാനിയിൽ വിവർത്തനം ചെയ്യാൻ കോനാട്ട് മൽപാന്റെ സഹായം തേടുകയും ചെയ്യുന്ന നിരവധി കത്തുകളുണ്ട്. തന്നോടൊപ്പം പഴയസെമിനാരിയിൽ മൽപാനായി പ്രവർത്തിക്കുന്ന വട്ടശ്ശേരിൽ മൽപാന്റെ സഹായം തേടാതെ ദൂരെ പാമ്പാക്കുടയിൽ താമസിച്ച കോനാട്ട് മൽപാന്റെ സഹായം ഇക്കാര്യത്തിൽ പതിവായി തേടിയത് അവരുടെ ഭാഷാശേഷിയെ സൂക്ഷ്മമായി വിലയിരുത്തിയതുകൊണ്ടാവാം. ഇവിടെ മറ്റൊരു കാര്യം പ്രതിപാദിക്കാനുണ്ട്. കഥാപുരുഷന്റെ നേതൃത്വത്തിൽ അക്കാലത്തു നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് കോട്ടയം പഴയസെമിനാരിയുടെ ചാപ്പൽ നിർമ്മാണം, എം.ഡി. സെമിനാരിയുടെ നിർമ്മാണം, ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെ നിർ

മ്മാണം, തിരുവനന്തപുരം പള്ളിയുടെ നിർമ്മാണം എന്നിവയാണ്. ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ടത് പഴയസെമിനാരിയുടെ മാനേജർ ആയ കൊച്ചുപറമ്പിൽ പൗലൂസ് റമ്പാച്ചൻ (വലിയ പൗലൂസ് റമ്പാച്ചൻ) ആയിരുന്നു. വട്ടശ്ശേരിൽ മൽപാൻ നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രായോഗികമതിയല്ലെന്നും ജനങ്ങളോട് ഇടപെടുന്നതിൽ കർക്കശസ്വഭാവക്കാരൻ ആണെന്നും കഥാപുരുഷൻ നിരീക്ഷിച്ചുവോ? സഭാഭരണത്തിന് തത്വദീക്ഷയോടൊപ്പം പ്രായോഗിക സമീപനങ്ങളും അനിവാര്യമെന്ന പക്ഷക്കാരനായിരുന്നുവല്ലോ കഥാപുരുഷൻ. ഈ സമചിത്തതമൂലമാണ് ചാത്തുരുത്തിൽ കോറി, ഇടവഴിക്കൽ കോറി, കോനാട്ട് മൽപാൻ, മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശൻ, പണിക്കരുവീട്ടിൽ എം. എ. അച്ചൻ (ഫാ. ഗീവറുഗീസ് – മാർ ഈവാനിയോസ്) തുടങ്ങിയ വൈദികരെയും കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, കെ. സി. മാമ്മൻ മാപ്പിള, സി. ജെ. കുര്യൻ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, എം. എ. ചാക്കോ സൂപ്രണ്ട്, ഇ. എം. ഫിലിപ്പ് തുടങ്ങിയ അത്മായ പ്രമുഖരേയും കണ്ടെത്തുവാനും അവരുടെ കഴിവുകൾ മലങ്കരസഭയെ പുനർനിർമ്മിക്കുവാൻ പ്രയോജനപ്പെടുത്തിയതും. പിൽക്കാല തലമുറകളിൽ ഈദൃശ നേതാക്കൾ വൈദികരിൽ നിന്നും അവൈദികരിൽ നിന്നും ഉയർന്നുവന്നില്ല എന്നത് ചിന്താർഹമാണ്.

മൽപാന്റെ സാഹിത്യ പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കത്തുകൾ നിരവധിയാണ്. മൽപാൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ മലങ്കര മെത്രാൻ പള്ളിസന്ദർശനങ്ങൾക്കിടയിൽ വിൽപന നടത്തുകയും അതിന്റെ വില കൃത്യമായി മൽപാന് നൽകുകയും ചെയ്യുന്ന വിലപ്പെട്ട ദൃശ്യങ്ങൾ കത്തുകളിൽ വ്യക്തമാണ്. വേദപുസ്തക വിവർത്തനം, ആരാധനക്രമങ്ങളുടെ വിവർത്തനം എന്നിവയിൽ കോനാട്ട് മൽപാന്റെ കഴിവുകളിൽ കഥാപുരുഷൻ സംതൃപ്തി രേഖപ്പെടുത്തുകയും ഇടവകപത്രികയിലൂടെ അവയ്ക്ക് പ്രചാരം നൽകുകയും ചെയ്തു. കോനാട്ട് മാത്തൻ കത്തനാരെ മലങ്കര മൽപാനായി നൽകുന്ന സർട്ടിഫിക്കറ്റ് കോനാട്ട് കുടുംബവുമായി കഥാപുരുഷൻ പുലർത്തിയിരുന്ന അസൂയാവഹമായ സൗഹൃദത്തിന്റെ ചിത്രം വരച്ചുകാട്ടുന്നു. മൽപാൻ ചെയ്യുന്ന നാനാവിധ സഭാസേവനങ്ങളെ കലവറ കൂടാതെ എണ്ണിഎണ്ണിപ്പറഞ്ഞ് അഭിനന്ദനം രേഖപ്പെടുത്തുന്ന ആ സർട്ടിഫിക്കറ്റ് ഇന്നത്തെ സഭാപിതാക്കന്മാർ പഠനവിഷയമാക്കേണ്ടതല്ലേ? പട്ടക്കാർക്ക് സുസ്താത്തിക്കോൻ കൊടുക്കുന്ന ശ്രേഷ്ഠമായ പതിവുപോലും ക്രൂരമായി നിർത്തലാക്കിയത് ആരെന്നും എന്തിനെന്നും അന്വേഷിക്കേണ്ടതല്ലേ? നമ്മുടെ ആരാധനാ രംഗം പോഷിപ്പിക്കുവാൻ കോനാട്ട് മൽപാൻ നടത്തിയ സേവനങ്ങളുടെ ബഹുമതിക്ക് ചരിത്രപുരുഷനും അർഹനാണ്. അദ്ദേഹത്തിന്റെ പ്രോത്സാഹനം ലഭി

ച്ചില്ലായിരുന്നുവെങ്കിൽ മാർ യൂലിയോസ് പ്രസ് (ആദ്യം കേരളദീപം പ്രസ്സ്) ഒരു യാഥാർത്ഥ്യമാവുകയില്ലായിരുന്നു.

താൻ കൂദാശ ചെയ്ത ശില ഒരു പള്ളിയുടെ അടിസ്ഥാനക്കല്ലായി സ്ഥാപിക്കുവാൻ കഥാപുരുഷൻ മൽപാനെ നിയോഗിക്കുന്ന ഒരു കത്ത് കൂട്ടത്തിലുണ്ട്. താൻ നാട്ടിലില്ലാതിരിക്കേ, പ്രായമായ ഒരു വൈദികൻ കന്തീലാ ശുശ്രൂഷയ്ക്കായി ആഗ്രഹിച്ചിട്ടും അത് നടത്താനറിയാവുന്ന വൈദികരെ ആ ശുശ്രൂഷ നടത്തുവാൻ അനുവദിക്കാത്ത സംഭവവും ഒരു കുരിശു കെട്ടിടത്തിന് ഒരു വൈദികൻ ശിലാസ്ഥാപനം നടത്തിയത് അധികാര ദുർവിനിയോഗമാണെന്ന് വ്യാഖ്യാനിച്ച് അവിടെ മെത്രാൻ വീണ്ടും കല്ലിട്ടതും ഒരു കുരിശുകെട്ടിടം കൂദാശ ചെയ്ത ഗുരുസ്ഥാനീയനായ വൃദ്ധവൈദികനെ മേൽപട്ടക്കാരൻ ശാസിച്ചതുമായ ഒട്ടേറെ സംഭവങ്ങൾ ഓർക്കുവാൻ ആ കത്ത് ഇടയാക്കി. വൈദികരോടുള്ള വീക്ഷണത്തിന് കാലക്രമേണ വന്ന വ്യതിയാനം നമ്മെ അത്ഭുതപ്പെടുത്തുന്നില്ലേ? തന്നേക്കാൾ പല നിലകളിൽ കഴിവുകളുള്ള വൈദികരെ, വാമനൻ മഹാബലിയെ എന്നപോലെ, തലയിൽ ചവിട്ടി പാതാളത്തിലയയ്ക്കുന്ന കിരാതമായ സംസ്കാരച്യുതി കഥാപുരുഷനിൽ അൽപവും കാണുകയില്ല.

അസോസ്യേഷൻ നടത്തിപ്പ്, മെത്രാൻ തെരഞ്ഞെടുപ്പ് തുടങ്ങിയ വിഷയങ്ങളിൽ വൈദികട്രസ്റ്റിക്ക് ഉൾപ്രവേശം നൽകുന്ന മഹാമനസ്കത നമുക്കീ കത്തുകളിൽ കാണാം. അതേസമയം ഉപദേശിക്കുകയോ ശാസിക്കുകയോ തിരുത്തുകയോ ആവശ്യമായി വരുമ്പോൾ മൽപാനോട് കാര്യങ്ങൾ വെട്ടിത്തുറന്ന് പറയുന്നതിൽ കഥാപുരുഷൻ ഒട്ടും മടിക്കുന്നുമില്ല. താൻ പട്ടംകൊടുത്തു പോയതുകൊണ്ട് ഒരു വൈദികർ എക്കാലവും തന്റെ അടിമയായി കഴിഞ്ഞുകൊള്ളണമെന്നും തന്നെ പ്രസാദിപ്പിക്കുക മാത്രമാണ് വൈദികന്റെ കർത്തവ്യം എന്നും ചിന്താശേഷി ഛേദിച്ചു കളയണമെന്നും അശേഷം ചിന്തിക്കാത്ത ഊഷ്മളബന്ധം - പിതൃപുത്ര ബന്ധം - ഈ കത്തുകളിൽ നിലാവ് പരത്തുന്നു.

ഇരുനൂറ്റിഅമ്പതിലേറെ വിദ്യാലയങ്ങൾ സ്ഥാപിച്ച് കേരളത്തെ സമ്പൂർണ്ണ സാക്ഷരതയിലേക്കും നവോത്ഥാനത്തിലേക്കും നയിക്കുവാനും സണ്ടേസ്കൂൾ പ്രസ്ഥാനം, യുവജനപ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം, മഹാജനസഭ, സുവിശേഷവേല, അഖില മലങ്കര വൈദികസംഘം, ദയറാ പ്രസ്ഥാനം, മിഷനറിപ്രസ്ഥാനം, വിജാതീയ മിഷൻ തുടങ്ങിയ നിരവധി ക്രിസ്തീയ പ്രസ്ഥാനങ്ങളെക്കൊണ്ട് സഭയെ സുവർണ്ണയുഗത്തിലേക്ക് നയിക്കുവാനും കേരളപതാക, സുറിയാനി സുവിശേഷകൻ, ഇടവക പത്രിക എന്നീ പ്രസിദ്ധീകരണങ്ങളിലൂടെ സഭാപ്രവർത്തനങ്ങൾ സുതാര്യമാക്കുവാനും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ, മാനേ

ജിംഗ് കമ്മിറ്റി എന്നിവയിലൂടെ സഭാഭരണം ജനകീയശൈലിയിലാക്കുവാനും പള്ളികളുടെ എണ്ണം 175-ൽനിന്ന് 282 ആയി ഉയർത്തുവാനും കഥാപുരുഷന് കഴിഞ്ഞത് ഈ അതുല്യമായ സമദർശിത്വം കൊണ്ടാണ്. സമദർശികളെയാണ് പണ്ഡിതന്മാർ എന്ന് വിളിക്കേണ്ടത് എന്ന നിർവ്വചനം സ്വീകരിക്കാമെങ്കിൽ കഥാപുരുഷനേക്കാൾ മികച്ച ഒരു പണ്ഡിതൻ മലങ്കരസഭയിൽ ഇതഃപര്യന്തം അവതരിച്ചിട്ടില്ല (തലയുടെ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തി മനുഷ്യമഹത്വം നിർണ്ണയിക്കുന്ന ഒരു പാശ്ചാത്യൻ കഥാപുരുഷന്റെ തലയുടെ വിസ്തൃതി അളന്ന് നോക്കി, ഇത്രയും ശിരോവിസ്തൃതിയുള്ള മറ്റൊരു മഹാൻ ഈ തലമുറയിൽ ജനിച്ചിട്ടില്ലെന്നു നിരീക്ഷിച്ച വിവരം അദ്ദേഹത്തിന്റെ പ്രഥമ ജീവചരിത്രകാരൻ എം. പി. വർക്കി രേഖപ്പെടുത്തിയത് ഓർത്തുപോകുന്നു). പത്രോസ് തൃതീയനും സ്ലീബാ ശെമ്മാശനും പഠിച്ചപണി പതിനെട്ടും പയറ്റിയിട്ടും മലങ്കരസഭയുടെ ഐക്യത്തിൽ വിള്ളലുണ്ടാക്കുവാൻ കോനാട്ട് മൽപാനെയോ, സി. ജെ. കുര്യനെയോ കായംകുളം മീഖായേൽ അച്ചനെയോ (പിൽക്കാലത്ത് മാർ ദീവന്നാസ്യോസ്), ഇ. എം. ഫിലിപ്പിനെയോ വലവീശിപ്പിടിക്കുവാൻ കഴിയാത്തതും അദ്ദേഹത്തിന്റെ കാലശേഷം ഇവരിൽ പലരും മറുപക്ഷത്തായതും എന്തുകൊണ്ട് എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു!!! 2014 മെയ് 1-ന് പ്രസിദ്ധപ്പെടുത്തിയ സഭാദീപത്തിൽ എഡിറ്റർ ഫാ. ഡോ. എം. ഒ. ജോൺ പേർ വെച്ചെഴുതിയ ലേഖനത്തിൽ ഇപ്രകാരം കാണുന്നു:

“പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം മലങ്കരസഭ നടത്തിയ ഏറ്റവും പ്രമാദമായ കേസാണ് 1889-ലെ റോയൽ കോടതിവിധിയിൽ സമാപിച്ചത്. പത്തു വർഷത്തോളം നവീകരണക്കാർക്കെതിരായി പല കോടതികളിലും വാദിച്ച കേസാണ് റോയൽ കോടതിവിധിയിൽ അവസാനിച്ചത്. അന്ന് അന്ത്യോഖ്യൻ പാത്രിയർക്കീസാണ് മലങ്കരസഭയുടെ പരമാധികാരി എന്നും പാത്രിയർക്കീസിനെ അനുസരിക്കാത്തവർക്കും പാത്രിയർക്കീസിന്റെ അധികാരത്തിന് വിധേയപ്പെടാത്തവർക്കും മലങ്കരസഭയുടെ പള്ളികളിന്മേലോ പള്ളിവക സ്വത്തുക്കളിന്മേലോ യാതൊരു അവകാശവും അധികാരവും ഇല്ലെന്നാണ് മലങ്കരസഭ വാദിച്ചതും ജയിച്ചതും.”

കുഷ്ഠരോഗം ബാധിച്ചവരുടെ ശരീരഭാഗങ്ങൾ സങ്കോചിച്ച് വികൃതമാകുന്നതും വിരൂപമാകുന്നതും നാം കണ്ടിട്ടുണ്ട്. ആത്മീയ കുഷ്ഠരോഗം ബാധിച്ചാൽ ചിന്തകളും കാഴ്ചപ്പാടുകളും നിരീക്ഷണശേഷിയും സങ്കോചിച്ച് വികൃതമാകുമോ? തന്നെ മലങ്കരസഭയുടെ പരമാധികാരിയായി റോയൽക്കോടതിയുടെ വിധിയിൽ പ്രഖ്യാപിച്ചില്ല എന്നും അതിന്റെ ഉത്തരവാദി പുലിക്കോട്ടിൽ തിരുമേനിയാണെന്നും കാണിച്ച് പത്രോസ് തൃതീയൻ എഴുതിയ രോഷക്കത്ത് ചരിത്രവിദ്യാർത്ഥികളുടെ സ്മരണയിലുണ്ട്.

ആത്മീയ മേലധികാരം; മേൽപട്ടവാഴ്ച, മൂറോൻ കൂദാശ എന്നിവ മുഖേന പാത്രിയർക്കീസിനായിരുന്നു. അത് നിഷേധിക്കാനാവുമോ? ആ വാദഗതി ചരിത്രദൃഷ്ട്യാ ശരിയല്ലേ?

സഭയിൽ പരമാധികാരം ആർക്കും ഒരു കാലത്തുമില്ല. ഇപ്പോൾ കാതോലിക്കായെ പരമാദ്ധ്യക്ഷൻ എന്ന് വിശേഷിപ്പിക്കുന്നത് കാതിനിമ്പം നൽകുമെങ്കിലും പ്രധാന മേലദ്ധ്യക്ഷൻ എന്നല്ലാതെ പരമാദ്ധ്യക്ഷൻ എന്ന പ്രയോഗം സഭാഭരണഘടന അനുകൂലിക്കുന്നില്ല. ഓർത്തഡോക്സ് സഭാ പാരമ്പര്യപ്രകാരവും ദൈവശാസ്ത്രപരമായും ശരിയല്ല. ചരിത്രം അറിയാത്ത നിരപരാധികളെ കണ്ണുംകെട്ടി അബദ്ധങ്ങളിലേക്ക് നയിക്കുന്നത് ചരിത്രവിദ്യാർത്ഥികൾ തിരിച്ചറിയാതിരിക്കുകയില്ല.

ചരിത്രപുരുഷൻ പള്ളികളിൽ ഓരോ കാലത്തുണ്ടാകുന്ന പ്രശ്നങ്ങളെ പരിഹരിച്ചിരുന്ന സമ്പ്രദായത്തെപ്പറ്റി ഒരു സഭാതലവൻ വി. മദ്ബഹായിലെ പ്രസംഗത്തിലൂടെ വെളിപ്പെടുത്തിയതിപ്രകാരമാണ്. പ്രശ്നമുള്ള പള്ളിയിലേക്ക് പുലിക്കോട്ടിൽ തിരുമേനി സപരിവാരം എഴുന്നെള്ളും. അനിശ്ചിതകാലം ആ പള്ളിയിൽ താമസിക്കും. വഴക്കുകളെപ്പറ്റി ഒരക്ഷരം ചോദിക്കുകയില്ല. തിരുമേനിയും പരിവാരവും ആഴ്ചകളോളം പള്ളിയിൽ താമസിച്ചു കഴിയുമ്പോൾ പള്ളിയുടെ സാമ്പത്തിക ഞെരുക്കം വർദ്ധിക്കും. അപ്പോൾ പള്ളിക്കാർ ഒരുമിച്ചുകൂടി തങ്ങളുടെ വഴക്കുകൾ പരിഹരിക്കുവാനുള്ള മാർഗ്ഗം കണ്ടെത്തി വഴക്ക് പരിഹരിച്ച് ആ വിവരം തിരുമേനിയെ അറിയിക്കും. അതോടെ അദ്ദേഹം വഴക്കുതീർത്ത സന്തോഷവുമായി തിരിച്ച് എഴുന്നള്ളും. ഇങ്ങനെ പള്ളിയുടെ വസ്തുവകകൾ പരിവാരത്തെ കൊണ്ടുചെന്ന് തിന്നു മുടിച്ചാണ് വഴക്കു തീർത്തിരുന്നതെന്ന കണ്ടുപിടിത്തം ഈ സഭാതലവന് കിട്ടിയത് അദ്ദേഹത്തിന് ഗുരുസ്ഥാനീയനും ചരിത്രം തന്റെ കൈവെള്ളയിൽ ഒതുങ്ങുന്നതായി അവകാശപ്പെടുന്ന ആളുമായ ഒരു കോറിയിൽ നിന്നാണ്. ഈ വാല്യത്തിൽ കൊടുത്ത ചില കൽപ്പനകൾ ഇക്കാര്യത്തിലെ സത്യം വെളിപ്പെടുത്തുന്നു. മദ്യപാനിയായ വൈദികനെ മുടക്കുവാനും മുടക്കപ്പെട്ട വൈദികൻ പരസ്യമായി ക്ഷമായാചന ചെയ്യുമ്പോൾ തിരിച്ചെടുക്കുവാനും അനധികൃതമായി വിവാഹം നടത്തിയ ശ്രായീ പള്ളിയിലെ വികാരിക്കെതിരായി നടപടികൾ എടുക്കുവാനും സഭാകാനോനാകൾ ലംഘിക്കുന്നത് ഒരു നിലയിലും പൊറുക്കുകയില്ല എന്ന് പ്രഖ്യാപിക്കുവാനും ആ കൽപനകളിൽ തേജോരൂപിയും നീതിമാനും നിയമബോധമുള്ളവനും ആയ ഒരു പിതാവിനെ നാം കണ്ടുമുട്ടുന്നു (മുക്കുടിയനായ ഒരു വൈദികനെ ജനപ്രീതിയെ മുൻനിർത്തി കോറെപ്പിസ്കോപ്പാ സ്ഥാനം നൽകി ബഹുമാനിച്ച ഒരു സഭാതലവന്റെ നീതിബോധമെവിടെ! മദ്യപാനിയെ (റാക്കാട്) കർശനമായി മുടക്കി നിർത്തിയ സഭാതലവന്റെ നീതിബോധമെവിടെ?)

കൂടുതൽ കത്തുകളും കൽപനകളും പല വ്യക്തികളുടെയും പള്ളികളുടെയും സൂക്ഷിപ്പിൽ ഉള്ളതായി അറിയുന്നു. ഈ ലേഖകന്റെ നേത്രരോഗം മൂലവും മറ്റും രോഗങ്ങൾ മൂലവും ഈ ഗ്രന്ഥത്തിന് പല പരിമിതികളും വന്നുചേർന്നത് വായനക്കാർ സദയം പൊറുത്താലും.

ഭാഗം നാലിൽ ചരിത്രപുരുഷൻ എഴുതിയ ഒരു യാത്രാവിവരണമാണ്: *ഒരു പരദേശയാത്രയുടെ കഥ*. പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസിലെ സാഹിത്യകാരനെ അനാവരണം ചെയ്യുന്ന അതുല്യരചനയാണിത്. 1865-ൽ എഴുതപ്പെട്ട ഈ കൃതി മലയാള ഭാഷയിലെ രണ്ടാമത്തെ യാത്രാവിവരണമാണ്. നോവൽ സാഹിത്യചരിത്രത്തിൽ 'കുന്ദലത'യ്ക്ക് ശേഷം രചിക്കപ്പെട്ട 'ഇന്ദുലേഖ' ഒന്നാംസ്ഥാനത്ത് പ്രതിപാദിക്കപ്പെടുംപോലെ യാത്രാവിവരണ സാഹിത്യചരിത്രത്തിൽ സാഹിത്യഭംഗികൊണ്ടും ആർജ്ജവംകൊണ്ടും ഭാഷയുടെ പ്രസന്നത കൊണ്ടും വർണ്ണനാ വൈഭവംകൊണ്ടും ഉദ്വേഗപൂർണ്ണമായ ആവിഷ്കാര ചാരുത കൊണ്ടും അനുഭവരസികത കൊണ്ടും പ്രഥമസ്ഥാനം നൽകി ആദരിക്കേണ്ടുന്ന കൃതിയാണിത്. ആ നിലയിൽ ഈ രചന ഇനിയും വിലയിരുത്തപ്പെടാത്തത് നിരൂപക ശ്രദ്ധയിലേക്ക് ഇത് നാളിതുവരെ എത്താത്തതുകൊണ്ടാണ്. 1865-ൽ എഴുതപ്പെട്ടുവെങ്കിലും അത് ആദ്യമായി അച്ചടിക്കപ്പെട്ടത് 1902-ലാണ്. ചരിത്രപുരുഷന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി അഖിലമലങ്കര സഭാതലത്തിൽ ആഘോഷിക്കപ്പെട്ടതിന്റെ ഭാഗമായി എം. പി. വർക്കി 1901-ൽ പ്രസിദ്ധീകരിച്ച 'മാർ ദീവന്നാസ്യോസ്' എന്ന ജീവചരിത്രത്തിന്റെ ഭാഗമായിട്ടാണ് ഈ രചന വെളിച്ചം കണ്ടത്. 1999-ൽ കഥാപുരുഷന്റെ ചരമനവതി ആഘോഷങ്ങളോടനുബന്ധിച്ച് ഈ ഗ്രന്ഥകാരൻ നടത്തിയ ഗവേഷണങ്ങൾക്കിടയിൽ കോട്ടയം പഴയസെമിനാരി ആർക്കൈവ്സിൽ സൂക്ഷിച്ച ഒരു ഫയലിൽ കഥാപുരുഷൻ സ്വന്തം കൈപ്പടയിൽ എഴുതിയ 'ഒരു പരദേശയാത്രയുടെ കഥ' കണ്ടപ്പോഴാണ് എം. പി. വർക്കിയുടെ ജീവചരിത്രത്തിലെ ചില അദ്ധ്യായങ്ങൾ കഥാപുരുഷൻ എഴുതിയതാണെന്ന് വെളിപ്പെട്ടത്. ചരിത്രപുരുഷൻ എഴുതിയ ഉത്തമപുരുഷനാമങ്ങൾക്ക് പകരം (നാം, ഞങ്ങൾ മുതലായവ) കഥാപുരുഷൻ, കഥാപുരുഷനും സംഘവും തുടങ്ങിയ ഭേദഗതികൾ മാത്രമേ എം. പി. വർക്കി വരുത്തിയിരുന്നുള്ളു. ഈ കണ്ടെത്തലിനെ തുടർന്ന് ഈ യാത്രാവിവരണം 1999-ൽ ഒരു പഠനം ചേർത്ത് 'ആത്മപോഷിണി' യുടെ ബാനറിൽ ഈ ഗ്രന്ഥകാരൻ പ്രസിദ്ധീകരിച്ചു. 2009-ൽ പ്രസിദ്ധീകരിച്ച 'യുഗതേജസ്സിൽ' ഇതിന്റെ മൂന്നാം പതിപ്പ് എം.ഒ.സി. യുടെ ബാനറിൽ ഫാ. ഡോ. ജേക്കബ് കുര്യൻ പ്രസിദ്ധീകരിച്ചു. ഇത് നാലാം പതിപ്പാണ്. സാഹിത്യനിരൂപകർ ഈ രചനയെ അർഹമായ സ്ഥാനത്ത് ആദരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഡോ. പ്രസാദ് ജെ. സി., അഡ്വ. ഗിൽബർട്ട് ചീരൻ, ജോയ്സ് തോട്ടയ്ക്കാട്, ഡീക്കൻ ഇയ്യോബ് ഒ.ഐ.സി., ഡോ. സിബി തരകൻ തുടങ്ങിയവർ ഈ ഗ്രന്ഥം തയ്യാറാക്കുവാൻ പലവിധത്തിൽ സഹായിച്ചിട്ടുണ്ട്. അവരോടുള്ള തീർത്താൽ തീരാത്ത നന്ദി പ്രകാശിപ്പിക്കട്ടെ. കഥാപുരുഷനെപ്പറ്റി തയ്യാറാക്കുമെന്ന് ഏതാനും വർഷം മുമ്പ് വാഗ്ദാനം ചെയ്ത മൂന്ന് വാല്യങ്ങളും പ്രസിദ്ധീകരിക്കുവാൻ കൃപ ചൊരിഞ്ഞ ദിവ്യമായ ആ അപാരതയെ കുമ്പിട്ടു നമസ്ക്കരിച്ചുകൊള്ളട്ടെ.

ഇതിന്റെ പ്രസിദ്ധീകരണം എം.ജെ.ഡി. പബ്ലിഷേഴ്സ് നിർവഹിക്കുമ്പോൾ ഒരു കർമ്മയോഗിയെ തിരനീക്കി രംഗത്ത് പുനപ്രതിഷ്ഠിക്കാൻ ഞങ്ങൾ നടത്തിയ ശ്രമം ഒരു പരിധി വരെ വിജയിച്ചതിന്റെ സംതൃപ്തി ഞങ്ങൾക്കുണ്ട്. അഹമ്മദ്ബാദ് മെത്രാസനത്തിന്റെ സാരഥി ഡോ. യൂലിയോസ് മെത്രാപ്പോലീത്താ ഈ യത്നത്തിൽ വഹിച്ച കേന്ദ്രസ്ഥാനത്തോട് ഔപചാരികമായി നന്ദി പറയുന്നു. ഈ യത്നം വിജയിപ്പിക്കാൻ സഹകരിച്ച മറ്റെല്ലാ സുഹൃത്തുക്കളോടും നന്ദി പറഞ്ഞുകൊണ്ട് ഈ കുറിപ്പ് ഉപസംഹരിക്കുന്നു; ഈ വാല്യം സഹൃദയസമക്ഷം അവതരിപ്പിക്കുന്നു.

**ഫാ. ഡോ. ജോസഫ് ചീരൻ**

പഴഞ്ഞി
26-3-2015

# ഉള്ളടക്കം


| | | |
|---|---|---|
| പ്രസാധകകുറിപ്പ് | ഡോ. ഗീവർഗീസ് മാർ യൂലിയോസ് | 8 |
| വാങ്മുഖം | എഡിറ്റർ | 13 |

**ഭാഗം ഒന്ന്**

1. നവീകരണം ഒഴിവാക്കിയ നമസ്ക്കാരക്രമം

2. പാലക്കുന്നത്ത് അത്താനാസ്യോസ് നവീകരിച്ച നമസ്ക്കാരക്രമം

3. പുലിക്കോട്ടിൽ തിരുമേനിയുടെ നമസ്ക്കാരക്രമവും കുർബ്ബാനക്രമവും

4. നമസ്ക്കാരക്രങ്ങളും നവീകരണവും (19-ാം നൂറ്റാണ്ടിലെ)

**ഭാഗം രണ്ട്**

അച്ചടിച്ച സുറിയാനിക്രമങ്ങൾ

**ഭാഗം മൂന്ന്**

കല്പനകൾ, സ്വകാര്യ കത്തുകൾ

**ഭാഗം നാല്**

ഒരു പരദേശയാത്രയുടെ കഥ

# 1

# നവീകരണം ഒഴിവാക്കിയ നമസ്ക്കാരക്രമം

പുരാതന ക്രിസ്തീയ സഭകളുടെ പരമപ്രധാനമായ ആരാധന വി. കുർബ്ബാന എന്ന കൂദാശയാണ് (മറ്റെല്ലാ ശുശ്രൂഷക്രമങ്ങളിലുമെന്ന പോലെ). കുർബ്ബാനയെക്കുറിച്ചുള്ള സഭയുടെ പൂർവ്വിക ഉപദേശങ്ങൾ നാല് ഘട്ടങ്ങളിലായി നടത്തുന്ന പ്രാർത്ഥനകളിലൂടെ സഭ പ്രഖ്യാപിച്ചിട്ടുണ്ട്. ഒന്നാമത്തെ ഘട്ടം വിശുദ്ധ കുർബ്ബാനയുടെ അദ്ധ്യക്ഷനായ പ്രധാന കാർമ്മികൻ (മേല്പട്ടക്കാരനോ പട്ടക്കാരനോ ആകാം) നടത്തുന്ന രഹസ്യ പ്രാർത്ഥനകൾ ആണ്. രണ്ടാം ഘട്ടം വി. കുർബ്ബാനയുടെ യഥാർത്ഥ അദ്ധ്യക്ഷനായ പ്രധാന കാർമ്മികൻ (കാർമ്മിക വസ്ത്രങ്ങൾ അണിഞ്ഞ് വിശുദ്ധ കർമ്മങ്ങൾ ചെയ്യുന്ന ആളാണ് കാർമ്മികൻ) നടത്തുന്ന പരസ്യ പ്രാർത്ഥനകൾ ആണ്. മൂന്നാമത്തെ ഘട്ടം പ്രധാന കാർമ്മികന്റെ അനുവാദത്തോടെ ശെമ്മാശൻ (ശുശ്രൂഷക്കാരൻ) നടത്തുന്ന ആഹ്വാനങ്ങളും പ്രഖ്യാപനങ്ങളുമാണ്. ശുശ്രൂഷക്കാരന്റെ വായനയുടെ പ്രാരംഭമായി 'ബാറെക്മോർ' ചൊല്ലി കാർമ്മികന്റെ കൈ മുത്തി അനുവാദം വാങ്ങിച്ചശേഷമാണ് ശെമ്മാശൻ പ്രഖ്യാപനങ്ങളും ആഹ്വാനങ്ങളും നടത്തുന്നത് (കൈമുത്തൽ മിക്കവാറും ഇന്ന് നിലച്ചിരിക്കുന്നു. ചിലപ്പോൾ കാപ്പ ചുംബിക്കുന്ന പതിവ് ചിലയിടത്ത് അവശേഷിച്ചിട്ടുണ്ട്). സഭാ ജനങ്ങൾ ചൊല്ലുന്ന പ്രാർത്ഥനകളും പ്രതിവാക്യങ്ങളുമാണ് നാലാം ഘട്ടം.

ഈ നാല് ഘട്ടങ്ങളും സുറിയാനി ഭാഷയിൽ നിർവ്വഹിക്കുന്ന പതിവാണ് മലങ്കരസഭയിൽ പൂർവീകമായി ഉണ്ടായിരുന്നത്. വി. കുർബ്ബാനയിൽ ക്രിയാരൂപത്തിലുള്ള കർമ്മാനുഷ്ഠാനങ്ങൾ ധാരാളം ഉള്ളതുകൊണ്ടും പതിവായി ആരാധനയിൽ സംബന്ധിക്കുന്നതുകൊണ്ടും ആരാധനകൾ കുറെയൊക്കെ ആളുകൾക്കു മനസ്സിലാകുമായിരുന്നു. വി. ഏവൻഗേലിയുടെ വായനയുടെ സമയത്ത് റൂശ്മാ വരക്കൽ, സുവിശേഷകന്റെ പേർ ഉച്ചരിക്കൽ, ധൂപക്കുറ്റി വാഴ്വ്, കാർമ്മികന്റെ മുട്ടുകുത്തൽ, ശോശപ്പാ ഉയർത്തി ആഘോഷിക്കൽ, പടിഞ്ഞാറോട്ടു തിരിഞ്ഞുള്ള റൂശ്മാകൾ, അപ്പവീഞ്ഞുകളെ വാഴ്ത്തൽ, കാസാ പീലാസാകൾ ഉയർത്തി ആഘോഷിക്കൽ, അവ ആഘോഷമായി പടിഞ്ഞാറോട്ട് കൊണ്ടുവന്ന് വിശ്വാസികൾക്ക് നൽകൽ തുടങ്ങിയ ക്രിയകൾ ആരാധകർക്ക് ഭാഷയുടെ സഹായം കൂടാതെതന്നെ കാര്യങ്ങൾ ഗ്രഹിക്കത്തക്കവിധമാണ് ക്രമീകരിച്ചിട്ടുള്ളത്. ആരാധനയിലെ സ്ഥിരമായ പങ്കാളിത്തം കൊണ്ട് ചില സുറി

യാനി പ്രതിവാക്യങ്ങൾ ആരാധകർക്ക് പറയുവാൻ കഴിഞ്ഞിരുന്നു. റൂശ്മാകൾക്ക് പ്രതിവാക്യമായി ‘അം റൂഹോദീലോക്ക്’, പ്രുമിയോന്റെ മുഖവുരയിൽ ‘മെറിയോമ്റഹമ്മോനോ റാഹേം അലൈൻ ഉആദാറൈൻ’, അപ്പവീഞ്ഞുകളെ വാഴ്ത്തുമ്പോൾ ‘ബാറെക്മോർ’, കാസാ പീലാസാകൾ ഉയർത്തുമ്പോൾ ചൊല്ലുന്ന ‘ലയത്കാദീശോ...’, ‘ശുബഹോ ലാബോ’.. അതിനുശേഷം നടത്തുന്ന പ്രഖ്യാപനങ്ങളോട് ചേർത്ത് ‘ആമ്മാൻ ആമ്മീൻ’, യാത്രയയപ്പ് നൽകുന്നതിനിടയിൽ ‘കൊഹനോ മ്യക്കറോ’ തുടങ്ങിയവയും നിരന്തര പരിചയംകൊണ്ടു വിശ്വാസികൾക്ക് ചൊല്ലുവാൻ കഴിയുമായിരുന്നു.

ശെമ്മാശന്മാരും ശുശ്രൂഷക്കാരും അക്കാലങ്ങളിൽ സുറിയാനി ഭാഷ ചൊല്ലുവാനും പാടുവാനും പരിശീലിച്ചിരുന്നു. ജനങ്ങൾ ചൊല്ലുന്ന പ്രതിവാക്യങ്ങൾ അവർ സുറിയാനിയിൽ ചൊല്ലുമ്പോൾ പരിചയം മൂലം താഴെ നിൽക്കുന്നവർക്കും അത് ക്രമേണ മനഃപാഠം ആകുമായിരുന്നു. നമ്മുടെ പഴയ ആളുകൾ ‘ബ്നുഹറോക് ഹോസേനാൻ നുഹറോ’, ‘ബ്കുർബ്ബോനേ ബസലാവോസോ’, കുക്കിലിയോനുകൾ മുതലായവയൊക്കെ സുറിയാനിയിൽ തന്നെ ചൊല്ലുമായിരുന്നു എന്നോർക്കുക. പല പ്രാർത്ഥനകളും കാർമ്മികർ തൽസമയ വിവർത്തനത്തിലൂടെ മലയാളത്തിൽ ചൊല്ലുന്നത് ആരാധകർക്ക് അനുഗ്രഹപ്രദമായിരുന്നു. എന്നാൽ ശുശ്രൂഷക്കാരുടെ ആഹ്വാനങ്ങൾ പൂർണ്ണമായും സുറിയാനിയിലാണ് ചൊല്ലിയിരുന്നത്. നിരന്തര പരിചയംമൂലം ഇതൊന്നും അരോചകമായി ആർക്കും അനുഭവപ്പെട്ടിരുന്നില്ല.

1800-ന് ശേഷം ആംഗ്ലേയ മിഷനറിമാർ മലങ്കരസഭ സന്ദർശിക്കുകയും പഴയസെമിനാരിയിൽ അദ്ധ്യാപനം നിർവ്വഹിക്കുകയും ഇടവകകളിൽ പ്രസംഗിക്കുകയും ചെയ്യുന്ന പതിവുണ്ടായതോടെ കാര്യങ്ങൾക്ക് മാറ്റം സംഭവിച്ചു. ‘മാതൃഭാഷയിൽ ആരാധന’ എന്ന മുദ്രാവാക്യം സഭയിൽ പ്രചരിച്ചു. മല്പാന്മാർ കൂടുതൽ ഭാഗങ്ങൾ തൽസമയ വിവർത്തനത്തിലൂടെ മലയാളത്തിലേക്ക് വാചികമായി പകർത്താൻ ശ്രമിച്ചു. എങ്കിലും സുറിയാനിയിലെ തക്സാകൾക്ക് വിവർത്തനമൊന്നും ആദ്യകാലത്ത് ഉണ്ടായില്ല.

ഇക്കാലത്താണ് പാശ്ചാത്യ മിഷനറിമാർ നവീകരണ ശ്രമങ്ങൾ ആരംഭിച്ചത്. നവീകരണത്തോട് ആഭിമുഖ്യമുണ്ടായിരുന്ന പാലക്കുന്നത്ത് അബ്രഹാം മല്പാൻ തുടങ്ങിയവർ തൽസമയ വിവർത്തനത്തിൽ ചില സ്വാതന്ത്ര്യങ്ങൾ കാണിക്കുവാൻ തുടങ്ങി. ചില പ്രാർത്ഥനകൾ ഒഴിവാക്കുക, ചില പ്രാർത്ഥനകൾ കൂട്ടിച്ചേർക്കുക, ചില പദപ്രയോഗങ്ങളെ ഭേദപ്പെടുത്തുക തുടങ്ങിയവയാണ് അദ്ദേഹവും അനുയായികളും കാണിച്ച സ്വാതന്ത്ര്യങ്ങൾ. കുർബ്ബാനയിലും പ്രാർത്ഥനകളിലും വന്നു

ചേർന്ന അവ്യവസ്ഥിതത്വം നീക്കാൻ എന്ന ഭാവത്തിലാണ് മലയാള ഭാഷയിലെ ആദ്യത്തെ ആരാധനാക്രമങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടത്. കോട്ടയം പഴയസെമിനാരിയിൽ മല്പാനായിരുന്ന കടവിൽ പൗലൂസ് കശ്ശീശാ (പിന്നീട് കോട്ടയം, അങ്കമാലി മെത്രാസനങ്ങളുടെ കടവിൽ വലിയ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ) സുറിയാനിയിലെ ശ്ഹീമ്മാ- പെങ്കീസാ തുടങ്ങിയ നമസ്ക്കാരക്രമങ്ങളിൽ നിന്ന് എഡിറ്റ് ചെയ്തും വിവർത്തനം ചെയ്തും തയാറാക്കിയിരുന്ന നമസ്ക്കാരക്രമം (കുർബ്ബാനക്രമം, കുമ്പസാരക്രമം മുതലായവ ചേർന്നത്) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് 1845-ൽ കോട്ടയത്ത് നിന്ന് പ്രസിദ്ധീകരിച്ചു. സെമിനാരി മല്പാനും സുറിയാനി പണ്ഡിതനുമായ ഒരാളിന്റെ വിവർത്തനം സംശയം കൂടാതെ മലങ്കരസഭ സ്വീകരിച്ചു. മാതൃഭാഷയിൽ ലഭിക്കുന്ന ആദ്യത്തെ പ്രാർത്ഥനക്രമം എന്ന നിലയിൽ കൂടുതൽ പരിചിന്തനത്തിന് തയാറാവാതെ സഭ ആർത്തിയോടെ ആ മലയാളം നമസ്ക്കാരക്രമം പ്രയോഗത്തിൽ വരുത്തി.

നവീകരണാനുകൂലിയും തന്ത്രജ്ഞനുമായ പാലക്കുന്നത്ത് അത്താനാസ്യോസ് പ്രസിദ്ധീകരിച്ച മലയാളം പ്രാർത്ഥനക്രമം കടവിൽ മല്പാൻ വിവർത്തനം ചെയ്തതിന്റെ തനിരൂപം ആയിരുന്നില്ല. അതിൽ ചിലതെല്ലാം ഒഴിവാക്കിയിരുന്നു. പാലക്കുന്നത്ത് മാർ അത്താനാസ്യോസ് പ്രസിദ്ധീകരിച്ച നമസ്ക്കാരത്തിന്റെ മൂന്നാം പതിപ്പ് (1865-ൽ അച്ചടിച്ചത്) ഈ ലേഖകന്റെ കൈവശമുണ്ട്. കൗമ്മായിലെ 'കൃപനിറഞ്ഞ മറിയമേ' എന്ന ഭാഗവും ഇരുപത്തിരണ്ടരയിലെ നമസ്ക്കാരത്തിന്റെ 'മാർ ബാലായിയുടെ അപേക്ഷ'യും അതിൽ നിന്നു നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. 'കൃപനിറഞ്ഞ മറിയമേ' എന്നതിൽ മദ്ധ്യസ്ഥതയും മാർ ബാലായിയുടെ അപേക്ഷയിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും അടങ്ങിയിരുന്നതിനാൽ നവീകരണക്കാർക്ക് അത് രണ്ടും അസ്വീകാര്യമായിരുന്നതിനാലാണ് ഒഴിവാക്കപ്പെട്ടിരുന്നത്. എന്നാൽ സാധാരണക്കാരൻ ഈ ഒഴിവാക്കൽ ശ്രദ്ധിക്കുകയോ പരിഗണിക്കുകയോ ചെയ്യാൻ അശക്തനായിരുന്നു. അവന്റെ മുമ്പിൽ താരതമ്യത്തിന് പൂർവ്വ മാതൃകകൾ ഒന്നും ഉണ്ടായിരുന്നില്ലല്ലോ.

നവീകരണസഭയുടെ ആദ്യതലമുറ അനുയായികളെ സംഘടിപ്പിച്ചെടുത്തത് ഇത്തരം വിവർത്തനങ്ങളുടെ മറവിൽ നടത്തിയ വ്യാജങ്ങളിലൂടെയും കൃത്രിമങ്ങളിലൂടെയുമാണ്. വി. കുർബ്ബാനയുടെ ആരംഭത്തിൽ കാർമ്മികൻ ചൊല്ലുന്ന 'നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമ്മൂദീസാ മുക്കിയ യൂഹാനോനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു' എന്ന മൂലഭാഷയിലെ വിവർത്തനത്തെ ഭേദപ്പെടുത്തി 'മറിയാമിൽ നിന്ന് ജനിക്കുകയും യൂഹാനോനിൽ നിന്ന് മാമ്മൂദീസാ ഏല്ക്കുകയും ചെയ്ത'

എന്ന് നവീകരണോചിതമായി വ്യാജവിവർത്തനം നടത്തിയപ്പോഴും അതിന്റെ വിവർത്തകർ അവകാശപ്പെട്ടത് അത് സുറിയാനി മൂലത്തിന്റെ അസ്സൽ വിവർത്തനം ആണെന്നാണ്. പ്രസ്തുത വാക്യം സുറിയാനിയിൽ മാത്രം കേട്ട് ശീലിച്ചവർക്ക് വിവർത്തനത്തിൽ വരുത്തിയ കൃത്രിമത്വം ഗ്രഹിക്കാനാകുമായിരുന്നില്ല. നവീകരണ മെത്രാൻ വിട്ടുകളഞ്ഞ പ്രാർത്ഥനാഭാഗങ്ങൾ കൂട്ടിച്ചേർത്ത് പുലിക്കോട്ടിൽ ജോസഫ് കത്തനാർ കോഴിക്കോട്ടു നിന്ന് 1850-കളിൽ ഒരു നമസ്ക്കാരക്രമം പ്രസിദ്ധീകരിച്ചു. 1878-ൽ പരുമലയിൽ നിന്ന് അതിന്റെ പില്ക്കാല പതിപ്പ് പ്രസിദ്ധീകരിച്ചത് കണ്ടുകിട്ടിയിട്ടുണ്ട്. അതിവിടെ പുനഃപ്രസിദ്ധീകരിക്കുകയാണ് (ആദ്യ ഭാഗം മാത്രം). പില്ക്കാലത്ത് കുർബ്ബാനക്രമത്തിൽ വരുത്തിയ വ്യത്യാസങ്ങൾ അറിയാനായി അന്നത്തെ വി. കുർബ്ബാനക്രമവും പുനഃപ്രസിദ്ധീകരിക്കുന്നു.

മലങ്കരസഭയിലെ ആരാധനക്രമങ്ങളുടെ ചരിത്രം അന്വേഷിച്ചു ലേഖനമെഴുതിയ പലരും പാലക്കുന്നത്ത് മാർ അത്താനാസ്യോസ് നവീകരിച്ച് പ്രസിദ്ധപ്പെടുത്തിയ നമസ്ക്കാരപുസ്തകം പരിശോധിച്ചതായി കാണുന്നില്ല. 1. മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോർഎപ്പിസ്ക്കോപ്പാ: വ്യക്തിയും കാലവും, (എഡി.:) ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് - 'മലങ്കരസഭയിലെ ആരാധനയുടെ ഏകീകരണവും കോനാട്ട് മാത്തൻ മല്പാനും - ഫാ. ഡോ. ബി. വറുഗീസ് എഴുതിയ ലേഖനം, പു. 80-96. 2. ഫാ. ഡോ. ജേക്കബ് കുര്യൻ എഡിറ്റ് ചെയ്ത് എം.ഒ.സി. പ്രസിദ്ധീകരിച്ച യുഗതേജസ് എന്ന ഗ്രന്ഥത്തിലെ ഡോ. ഫാ. ബി. വറുഗീസ് എഴുതിയ 'പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസും മലങ്കരസഭയുടെ ആരാധനയും', പു. 235-241. 3. മലങ്കരസഭയിലെ ആരാധനാ പാരമ്പര്യത്തെപ്പറ്റി പല ലേഖനങ്ങളും മലങ്കരസഭാ മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഡോ. എം. കുര്യൻ തോമസ്, പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ, എന്ന പേരിലുള്ള പുതിയ പുസ്തകത്തിൽ (ഇതും എം.ഒ.സി. പ്രസിദ്ധീകരണമാണ്) ഇപ്രകാരം എഴുതിയിരിക്കുന്നു: "കൊല്ലവർഷം (1856) കോട്ടയം സുറിയാനി സെമിനാരി പ്രസിൽ ഒരു പ്രാർത്ഥനാ പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിച്ചതായി കാണുന്നുണ്ട് (കുര്യൻ കോർ എപ്പിസ്ക്കോപ്പാ കണിയാമ്പറമ്പിൽ, മാർ കൂറിലോസ് ബാവാ (ലേഖനം), മാർ കൂറിലോസ് സുവനീർ, മുളന്തുരുത്തി, 1979, പുറം 7). ഈ പുസ്തകത്തിൽ 'കൃപ നിറഞ്ഞ മറിയമേ..... ' എന്ന പ്രാർത്ഥന ഇല്ലായിരുന്നത്രേ. ഈ പുസ്തകം മലയാളത്തിലാണെങ്കിൽ അതായിരിക്കണം മലങ്കരസഭയിലെ മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യ പ്രാർത്ഥനാപുസ്തകം. പക്ഷേ ഈ പുസ്തകം ഇന്ന് ലഭ്യമല്ല" (മലങ്കരസഭയുടെ ആരാധനാചരിത്രം, പു. 254-290).

നവീകരണ നേതാവായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മലയാളത്തിൽ പ്രസിദ്ധീകരിച്ച നമസ്ക്കാരക്രമത്തെപ്പറ്റി ഇത്ര ഉദാസീനവും നിരുത്തരവാദിത്തപരവുമായ ഒരു പ്രസ്താവന നടത്തുവാൻ ഡോ. കുര്യൻ തോമസിനും അത് പ്രസിദ്ധീകരിക്കുവാൻ ഓർത്തഡോക്സ് സഭാ ഔദ്യോഗിക പ്രസിദ്ധീകരണ വകുപ്പിനും എങ്ങനെ കഴിഞ്ഞു എന്ന് ഈ ഗ്രന്ഥകാരൻ അത്ഭുതപ്പെടുന്നു. പാലക്കുന്നത്ത് മെത്രാച്ചന്റെ നമസ്ക്കാര പുസ്തകത്തെപ്പറ്റി കണിയാമ്പറമ്പിലച്ചൻ എഴുതിയ മാർ കൂറിലോസ് സുവനീറിലെ പ്രസ്താവന കൂടാതെ ആ നമസ്ക്കാരക്രമത്തെക്കുറിച്ച് മലങ്കരസഭാ ചരിത്രങ്ങളിൽ ധാരാളം പ്രസ്താവങ്ങളുണ്ട്. അവയിൽ ചിലത് താഴെ ചേർക്കുന്നു.

1. 'പാലക്കുന്നത്ത് മാർ അത്താനാസ്യോസ് നവീകരണ രീതിയിൽ നമസ്ക്കാര പുസ്തകം പ്രസിദ്ധീകരിച്ചപ്പോൾ ജോസഫ് കത്തനാർ (പിന്നീട് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ) കോഴിക്കോട്ട് പോയി കളഹസ്തിയപ്പ മുതലിയാരുടെ കല്ലച്ചിൽ നിന്ന് നമ്മുടേതായ നമസ്ക്കാരക്രമത്തിന്റെ ആയിരം പ്രതികൾ അടിച്ചിറക്കി' (യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ 1979-ൽ പ്രസിദ്ധീകരിച്ച 'കൊച്ചി ഭദ്രാസന ഡയറക്ടറി, പുറം 8. ലേഖനം, ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ മെത്രാപ്പോലീത്താ).

2. "ഈ രണ്ട് പ്രസ്താവനകളും സത്യമെന്ന് മാർ അത്താനാസ്യോസ് പ്രസിദ്ധപ്പെടുത്തിയ ഒരു നമസ്ക്കാരപുസ്തകം തെളിയിക്കുന്നു. 1865-ൽ മൂന്നാം പതിപ്പായി പ്രസിദ്ധീകരിക്കപ്പെട്ട ഈ പുസ്തകം 'സ്തുതി ചൊവ്വാകപ്പെട്ട സുറിയാനി ക്രിസ്ത്യാനിക്കാരുടെ നമസ്ക്കാരങ്ങൾ സുറിയാനിയിൽ നിന്ന് പരിഭാഷപ്പെടുത്തിയത്' എന്നും കോട്ടയത്ത് സുറിയാനി സിമ്മനാരിയിൽ മലങ്കര ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അച്ചുകൂടത്തിൽ അടിക്കപ്പെട്ടത്' എന്ന് ആദ്യപേജിൽ അടിച്ചിട്ടുണ്ട്. ഇതിൽ അവകാശപ്പെട്ടതുപോലെ സുറിയാനി ക്രിസ്ത്യാനികളുടെ നമസ്ക്കാര പുസ്തകത്തിന്റെ ശരി തർജ്ജിമയല്ല ഈ പുസ്തകമെന്ന് സവ്യസനം രേഖപ്പെടുത്തേണ്ടി വന്നിരിക്കുന്നു. സുറിയാനി നമസ്ക്കാര പുസ്തകത്തിലെ ചില പ്രാർത്ഥനകൾ വിട്ടുകളഞ്ഞും വേറെ ചിലത് വ്യത്യാസപ്പെടുത്തിയും ആണ് ഇതിൽ കാണുന്നത്. കൗമ്മാ പ്രാർത്ഥനയുടെ അന്ത്യത്തിൽ സുറിയാനി പ്രാർത്ഥനാക്രമത്തിൽ സർവ്വസാധാരണമായി കാണാറുള്ള 'ശ്ലാമ്മെക് മറിയം മലിയാസ് തൈബൂസോ' ആദിയായി ആരംഭിക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥന ഇതിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. അതുപോലെ സുറിയാനി പ്രാർത്ഥനാക്രമത്തിൽ സന്ധ്യാനമസ്ക്കാരത്തിന് (കൃത്യമായി പറഞ്ഞാൽ 9-ാം മണി നമസ്ക്കാരത്തിന്) കൗമ്മാ കഴിഞ്ഞാൽ ചൊല്ലുന്ന മാർ ബാലായിയുടെ 'ഹാദെസ് മ്ലേറ

ഹമ്മേ...' എന്ന് തുടങ്ങുന്ന മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ബോവൂസോ നീക്കം ചെയ്തിരിക്കുന്നു" (ഫാ. ജോസഫ് ചീരൻ, മലങ്കരസഭയും കേരളാ സംസ്ക്കാരവും, പു. 187, 188. പ്രസിദ്ധീകരണ വർഷം 1994).

3. 2002–ൽ കോട്ടയ്ക്കൽ പബ്ലിഷേഴ്സ് പ്രസിദ്ധപ്പെടുത്തിയ 'ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും' എന്ന കൃതിയിൽ ഈ വസ്തുതകൾ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട് (പുറം 636–638).

4. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് ചീഫ് എഡിറ്റർ ആയി 1993–ൽ കോട്ടയം പഴയസെമിനാരിയിൽ നിന്ന് പ്രസിദ്ധീകരിച്ച 'മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശം.'

'പാലക്കുന്നത്ത് മെത്രാൻ നവീകരിച്ച നമസ്ക്കാരപുസ്തകവും കുർബ്ബാനക്രമവും അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയപ്പോൾ ഇദ്ദേഹം (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ) ഓർത്തഡോക്സ് സഭയുടെ ശരിയായിട്ടുള്ള ക്രമം പതിനൊന്ന് പതിപ്പുകളോളം പ്രസിദ്ധീകരിച്ചു' (പു. 400).

5. യുഗതേജസ്. ഫാ. ഡോ. ജേക്കബ് കുര്യൻ ചീഫ് എഡിറ്റർ ആയി മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രസിദ്ധീകരണ വകുപ്പ് 2010–ൽ പ്രസിദ്ധീകരിച്ച ബൃഹത് ഗ്രന്ഥം.

'മാത്യൂസ് മാർ അത്താനാസ്യോസ് 1856–ൽ (കൊ. വ. 1031–ൽ) കോട്ടയത്ത് സിമ്മനാരിയിലെ അച്ചുകൂടത്തിൽ നിന്ന് അടിച്ചിറക്കിയ നവീകരണച്ചുവയുള്ള ആരാധനക്രമങ്ങൾക്കു പകരം സത്യവിശ്വാസത്തിലുള്ള ആയിരം നമസ്ക്കാര പുസ്തകങ്ങൾ കോഴിക്കോട്ട് പോയി കാളഹസ്തിയപ്പാ മുതലിയാരുടെ കല്ലച്ചിൽ അച്ചടിപ്പിച്ച് പ്രസിദ്ധീകരിച്ചതായിരുന്നു മുദ്രണ രംഗത്തെ (പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ) ആദ്യത്തെ പ്രവർത്തനം (പു. 33, ഫാ. ഡോ. ജേക്കബ് കുര്യൻ – ഒരു കേരള നവോത്ഥാന നായകന്റെ ജീവിതകഥ. ലേഖനം).

6. കോട്ടയ്ക്കൽ പബ്ലിഷേഴ്സ് 2007–ൽ പ്രസിദ്ധപ്പെടുത്തിയ സഭാ ചരിത്ര വിജ്ഞാനകോശം ദീവന്നാസ്യോസ് രണ്ടാമൻ പുലിക്കോട്ടിൽ ജോസഫ് മാർ (1833–1909).

'... നവീകരണ മെത്രാൻ നവീകരിച്ച് പ്രസിദ്ധപ്പെടുത്തിയ നമസ്ക്കാര –കുർബ്ബാനക്രമത്തിന് ബദൽക്രമം ആദ്യം കോഴിക്കോട്ട് നിന്നും പിന്നീട് പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ് എന്ന് സ്വന്തം പേരിൽ അച്ചുകൂടം സ്ഥാപിച്ച് അവിടെനിന്നും നവീകരിക്കാത്ത ക്രമങ്ങളും അച്ചടിച്ച കുർബ്ബാന തക്സായും ഇറക്കി' (പുറം 404).

7. യുഗതേജസ്. 2010. ചീഫ് എഡിറ്റർ ഫാ. ഡോ. ജേക്കബ് കുര്യൻ.

"…. സുറിയാനിക്കാരെ ആകർഷിക്കുവാൻ നവീകരണ മെത്രാൻ ചെയ്ത ഒരു 'വേല' ആയിരുന്നു പ്രാർത്ഥനക്രമങ്ങളുടെ വിവർത്തനം. ചെറുപ്പക്കാരെ ആവേശം കൊള്ളിച്ച ആ പ്രസ്ഥാനം മൂലം അദ്ദേഹത്തിന് ഒട്ടേറെ അനുയായികൾ ഉണ്ടായി. ആ വിവർത്തനത്തിൽ പല പൂർവീക പ്രാർത്ഥനകളും ഇല്ലായിരുന്നു. ചിലത് നവീകരണാനുസരണം ഭേദപ്പെടുത്തിയിരുന്നു. ഉദാ. കൗമ്മായിൽ 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയും 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ' എന്ന് തുടങ്ങുന്ന മാർ ബാലായിയുടെ അപേക്ഷയും ഉപേക്ഷിച്ചു…." (ഫാ. ഡോ. ജോസഫ് ചീരൻ, ആധുനിക മലങ്കരസഭയുടെ രാജശില്പി - ജീവിതരേഖ, ലേഖനം, പുറം 74-75 (65-136).

8. എം. പി. വർക്കി. മാർ ദീവന്നാസ്യോസ് 1901. "ആദ്യമേ തന്നെ ഇദ്ദേഹം (പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ്) കോട്ടയത്ത് സിമ്മനാരിയിൽ ഒരു അച്ചുകൂടം സ്ഥാപിച്ചു. ഈ അച്ചുകൂടത്തിൽ നിന്ന് 1031-ൽ മലയാളത്തിൽ ഒരു പുതിയ നമസ്ക്കാരപുസ്തകം അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തി. ഇതിലെ പ്രാർത്ഥനകൾ മിക്കതും ഇവിടെ പൂർവീകമായി ഉപയോഗിച്ചു വന്നവ തന്നെ ആയിരുന്നു എങ്കിലും 'നന്മ നിറഞ്ഞ മറിയം' എന്ന് തുടങ്ങുന്നതായ പ്രാർത്ഥന ഇല്ലായിരുന്നു. അപ്പോസ്തോല വിശ്വാസാചാരങ്ങളുടെ നൈർമല്യത്തെ പാലിക്കുന്നതിൽ പണ്ടേ തന്നെ ജാഗരൂകനായിരുന്ന നമ്മുടെ കഥാനായകന് (പുലിക്കോട്ടിൽ ജോസഫ് കത്തനാർ) ഈ പുസ്തകം കണ്ടപ്പോൾ മറ്റെല്ലാവരേയുംകാൾ വ്യസനമുണ്ടായി. യൗസേഫ് കത്തനാർ ഉടനെ കോഴിക്കോട്ടു പോയി കാളഹസ്തിയപ്പാ മുതലിയാരുടെ വക കല്ലച്ചിൽ സുറിയാനി സഭയുടെ വിശ്വാസത്തിന് ഒത്തതായ ക്രമത്തിൽ രണ്ടായിരം നമസ്ക്കാര പുസ്തകം അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തി" (മലങ്കരസഭയുടെ സുവർണ്ണയുഗ ശില്പി, ഫാ. ഡോ. ജോസഫ് ചീരൻ (എഡിറ്റർ), പു. 62, 2011).

(ഈ 1031-ലെ - 1856 - നമസ്ക്കാര പുസ്തകം കണ്ട സമകാലികനാണ് എം. പി. വർക്കി. അത്താനാസ്യോസിന്റെ നമസ്ക്കാരക്രമത്തിൽ 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ഒഴിവാക്കിയിരുന്നതായി അത് കണ്ട വർക്കി 1901-ൽ സാക്ഷിച്ചിട്ടും അത് ഉദ്ധരിച്ച കണിയാമ്പറമ്പിലച്ചനെ അവിശ്വസിക്കാൻ ഡോക്ടർ ബിരുദധാരിയായ കുര്യൻ തോമസിനെ നിർബന്ധിച്ച ചേതോവികാരം ദുരൂഹമായിരിക്കുന്നു?! പാലക്കുന്നത്ത് മെത്രാച്ചനെ വെള്ള പൂശാനുള്ള ബദ്ധപ്പാടിൽ ഒരു ചരിത്ര വിദ്യാർത്ഥിക്കു ആവശ്യമായ സമചിത്തത അദ്ദേഹത്തിന് നഷ്ടപ്പെടുകയാണോ?)

9. ഫാ. പി. എം. ജോസ് പുലിക്കോട്ടിൽ, 'പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (1985).

'മാർ അത്താനാസ്യോസ് കോട്ടയം സെമിനാരിയിൽ ഒരു പ്രസ് ആരംഭിക്കുകയും നൂതന ഉപദേശങ്ങൾ അടങ്ങുന്ന പ്രാർത്ഥന പുസ്തകങ്ങൾ അച്ചടിച്ച് മലങ്കരയിൽ എല്ലാ വീടുകളിലും എത്തിച്ചു കൊടുക്കുന്നതിന് ഏർപ്പാടാക്കുകയും ചെയ്തു. പ്രാർത്ഥനാപുസ്തകം ഒറ്റ നോട്ടത്തിൽ പൂർവീക നമസ്ക്കാര പുസ്തകത്തിൽ നിന്ന് വ്യത്യസ്തമല്ല എന്ന് തോന്നാമെങ്കിലും 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും പരേതർക്കു വേണ്ടിയുള്ള പ്രാർത്ഥനയും അതിൽ ഇല്ലായിരുന്നു...'' (പു. 309, മലങ്കരസഭയുടെ സുവർണ്ണയുഗശില്പി, എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ).

10. കോട്ടയ്ക്കൽ പബ്ലിഷേഴ്സ്. ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രം എ. ഡി. 52–2007.

'1865–ൽ മൂന്നാം പതിപ്പായി മാർ അത്താനാസ്യോസ് പ്രസിദ്ധപ്പെടുത്തിയ നമസ്ക്കാര പുസ്തകത്തിന്റെ വിവർത്തനത്തിൽ നവീകരണത്തിന്റെ ഉദാഹരണങ്ങൾ കാണാം. 'കോട്ടയത്ത് സുറിയാനി സിമ്മനാരിയിൽ മലങ്കര ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അച്ചുകൂടത്തിൽ അടിക്കപ്പെട്ട' ഈ പുസ്തകം അതിൽ അവകാശപ്പെട്ടതുപോലെ 'സുറിയാനി ക്രിസ്ത്യാനികളുടെ നമസ്ക്കാരപുസ്തകത്തിന്റെ ശരിതർജ്ജമ' അല്ല. കൗമ്മാ പ്രാർത്ഥനയുടെ അന്ത്യത്തിൽ ചെയ്യുന്ന 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ഈ തർജ്ജിമയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഒമ്പതാം മണി നമസ്ക്കാരത്തിൽ മരിച്ചുപോയവരെ ഓർക്കുന്ന 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ' എന്നാരംഭിക്കുന്ന മാർ ബാലായിയുടെ അപേക്ഷയും വിട്ടുകളഞ്ഞിരിക്കുന്നു' (പു. 257).

ഇക്കാര്യത്തിൽ ഇനിയും ഉദ്ധരണികൾ കൊടുക്കാമെങ്കിലും അതിന് ശ്രമിക്കുന്നില്ല. എം. പി. വർക്കി, അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ്, പുലിക്കോട്ടിൽ ഫാ. പി. എം. ജോസ്, കണിയാമ്പറമ്പിൽ വന്ദ്യ കുര്യൻ കോർഎപ്പിസ്ക്കോപ്പാ, ഫാ. ഡോ. ജോസഫ് ചീരൻ, തുടങ്ങിയവർ നവീകരണ മെത്രാന്റെ നമസ്ക്കാരക്രമത്തിൽ 'കൃപ നിറഞ്ഞ മറിയമേ' തുടങ്ങിയ പ്രാർത്ഥനകൾ ഇല്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടും അതിൽ 'കൃപ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ഇല്ലത്രേ' എന്ന് ഒരു കെട്ടുകഥയെ പരാമർശിക്കുന്ന ലാഘവത്തോടെ നിസ്സാരവത്ക്കരിക്കുവാൻ ഒരു ചരിത്ര വിദ്യാർത്ഥിക്ക് എങ്ങനെ കഴിയുന്നു എന്ന് അത്ഭുതപ്പെടുകയാണ്. 'ഈ ഗ്രന്ഥം ഇന്ന് ലഭ്യമല്ല' എന്ന് പ്രസ്താവിക്കുമ്പോൾ

ചരിത്രകാരന്റെ ഔദ്ധത്യം പരിപൂർണ്ണമാകുന്നു (പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ, പു. 284). ഡോ. കുര്യൻ തോമസ് എഴുതുന്നു: 'കൊ.വ. 1031–ൽ കോട്ടയം സുറിയാനി സെമിനാരി പ്രസിൽ ഒരു പ്രാർത്ഥന പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിച്ചതായി കാണുന്നുണ്ട്. ഈ പുസ്തകത്തിൽ 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ഇല്ലായിരുന്നത്രെ. ഈ പുസ്തകം മലയാളത്തിലാണ് എങ്കിൽ അതായിരിക്കും മലങ്കരസഭയിലെ മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യ പ്രാർത്ഥനാപുസ്തകം. പക്ഷേ, ഈ പുസ്തകം ഇന്ന് ലഭ്യമല്ല."


ഈ പുസ്തകം ഇന്ന് ലഭ്യമല്ല എന്ന പ്രസ്താവനയ്ക്ക് എന്താണ് ആധാരം? ഗവേഷകൻ ലോകത്തുള്ള എല്ലാ ഗ്രന്ഥപ്പുരകളും പരിശോധിച്ച് ഈ പുസ്തകം ഇല്ലാ എന്ന് ഉറപ്പു വരുത്തിയോ? നേരത്തെ സഭാചരിത്രം രചിച്ചപ്പോൾ 1031–ലെ പ്രാർത്ഥന പുസ്തകത്തെപ്പറ്റി പരാമർശിച്ച ചരിത്രകാരന്മാരോട് ആശയവിനിമയം നടത്തിയോ?

ഇതൊന്നും കൂടാതെ ആ പുസ്തകം ഇപ്പോൾ ലഭ്യമല്ല എന്ന് സിദ്ധാന്തിക്കുന്നത് അജ്ഞരെ വിഭ്രമിപ്പിക്കാനേ സഹായിക്കൂ. 'ആപരിതോഷാത് വിദുഷാം ന സാധു മന്യേ പ്രയോഗ വിജ്ഞാനം' എന്നും 'പ്രാംശു ലഭ്യേ ഫലേ ലോഭാത് ഉദ്ബാഹു: ഇവ വാമന:' എന്നും കാളിദാസനെപ്പോലെയുള്ള മഹാപ്രതിഭകൾ വിനയം പ്രകടിപ്പിച്ച ഈ നാട്ടിൽ ഈദൃശമായ കപടനാട്യം കള്ളനാണയമെന്ന് തിരിച്ചറിയപ്പെടുക തന്നെ ചെയ്യും. ചരിത്രാന്വേഷികൾക്ക് ചരിത്രത്തോട് അവജ്ഞ ജനിപ്പിക്കുവാനേ കാടടച്ച് വെടിവയ്ക്കുന്ന ഈ 'ഉണ്ടയില്ലാ വെടികൾ' സഹായിക്കൂ. മലങ്കര സഭാ മാസികയേപ്പോലുള്ള ഔദ്യോഗിക പ്രസിദ്ധീകരണങ്ങളും ഒരു സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വകുപ്പും ഇത്തരം ധാർഷ്ട്യങ്ങളെ പിന്തുണക്കുന്നതെന്തിന് എന്ന് ആത്മപരിശോധന നടത്തുവാൻ സമയമായിരിക്കുന്നു.

ഏതായാലും മാർ അത്താനാസ്യോസ് പ്രാർത്ഥനാക്രമം പ്രസിദ്ധീകരിച്ച വിവരം ആമുഖ പേജിൽ അച്ചടിച്ച ഒരു പുസ്തകം (മൂന്നാം പതിപ്പ്, 1865) ഈ ലേഖകന്റെ കൈവശമുണ്ട്. അതിലെ പ്രസക്ത ഭാഗങ്ങളും അതിനെ നേരിടുവാൻ പുലിക്കോട്ടിൽ ജോസഫ് കത്തനാർ പ്രസിദ്ധീകരിച്ച ക്രമത്തിന്റെ പ്രസക്ത ഭാഗങ്ങളും ചില പ്രത്യേകതകൾ ചൂണ്ടിക്കാട്ടുവാനുള്ള തിനാൽ അന്നത്തെ ക്രമത്തിലെ കുർബ്ബാനക്രമവും ഇവിടെ ഫോട്ടോകോപ്പി രൂപത്തിൽ പുനഃപ്രസിദ്ധീകരിക്കുകയാണ്.

# 2

# പാലക്കുന്നത്ത് അത്താനാസ്യോസ് നവീകരിച്ച നമസ്ക്കാരക്രമം



സ്തുതി ചൊവ്വാകപ്പെട്ട
സുറിയാനി ക്രിസ്ത്യാനികാരുടെ
നമസ്കാരക്രമങ്ങൾ
സുറിയാനിയിൽനിന്നും
പരിഭാഷപ്പെടുത്തിയ്യ
കൊട്ടയത്ത
സുറിയാനി സിമ്മനാരിയിൽ
മലങ്കരയിടവകയുടെ
മെ[illegible]ർ
അത്താനാസ്യൊസ
[illegible]ാപൊലീത്തായുടെ
അച്ചുക്കൂട്ടത്തിൽ അച്ചടിക്കപ്പെട്ടു.
൩ാം [illegible]ച്ചടിപ്പ
[illegible].

മാർ അത്താനാസ്യോസിന്റെ നവീകരിച്ച നമസ്ക്കാരക്രമം, 1865, മൂന്നാം പതിപ്പ് (ടൈറ്റിൽ പേജ്).

൨ അന്തിയുടെ നമസ്കാരം

കൊണ്ടു ഇരുപത്തുരണ്ടരയിലും രാത്രിയി
ൽ ആശ്വാസത്തിന്നായികൊണ്ടു സന്ധ്യ
യിലും പിശാചുക്കളുടെ അശുദ്ധപ്പെട്ട സ്വ
പ്നങ്ങളിൽനിന്നും കാഴ്ചകളിൽനിന്നും ര
ക്ഷിക്കപ്പെട്ടുവാൻ സൂത്താറായിലും സക
ല അപകടങ്ങളിൽനിന്നും നമ്മെ കാ
ത്തു രക്ഷിപ്പാൻ പാതിരായിലും ഇപ്രകാ
രം ഏഴുപ്രാവശ്യം നമസ്കരിക്കെണമെ
ന്ന കല്പിക്കപ്പെട്ടിരിക്കുന്നു. എല്ലാവക്കും ഏ
ഴുപ്രാവശ്യം തന്നെ നമസ്കരിപ്പാൻ കഴി
യാതെ ഇരുന്നാൽ ദാവീദും ദാനിയെലും
ചില സമയങ്ങളിൽ ചെയ്തിരിക്കുന്നതു
പൊലെ ദിവസത്തിൽ മൂന്നു പ്രാവശ്യ
മെങ്കിലും നമസ്കരിക്കുന്നതിന കടമ്പെട്ടിരി
ക്കുന്നു.

൩മത. നമസ്കരിക്കുന്നവൻ നെഞ്ചി
ന്മെൽ അവന്റെ കൈകൾ വെച്ച ജ
ഡസംബന്ധമായ സകല വിചാരങ്ങളെ
യും അടക്കി ഭക്തിയൊടും ശ്രദ്ധയൊടും
വണക്കത്തൊടും കൂടെ കിഴക്കൊട്ടു മുഖമാ
യിനിന്ന അവന്റെ തല താഴ്ത്തി വന്ദി
ച്ച അവന്റെ നെററിയിൽനിന്ന നെ
ഞ്ചിനും ഇടത്തെ തോളിൽനിന്ന വല
ത്തെ തോളിന്നുമായി കുരിശു വരച്ച ശെഷം



അന്തിയുടെ

താഴെ വരുന്ന പ്രകാരം ചൊല്ലണം.

ബാവാക്കും പുത്രനും ശുദ്ധമുള്ള റൂഹാക്കും സ്തുതി.


ആദിമുതൽ എന്നന്നെക്കും ആമെൻ.

തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ ശുദ്ധമുള്ളവനാകുന്നു ശുദ്ധമുള്ളവനാകുന്നു ശുദ്ധമുള്ളവനാകുന്നു ഉയരങ്ങളിൽ സ്തുതി. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു ഉയരങ്ങളിൽ സ്തുതി.

ദൈവമെ നീ ശുദ്ധമുള്ളവനാകുന്നു ബലവാനെ നീ ശുദ്ധമുള്ളവനാകുന്നു മരണമില്ലാത്തവനെ നീ ശുദ്ധമുള്ളവനാകുന്നു ഞങ്ങൾക്ക വെണ്ടി കുരിശിൽ തറക്കപ്പെട്ടവനെ ഞങ്ങളുടെ മെൽ നീ അനുഗ്രഹം ചെയ്യെണമെ.

ഇതിനെന്നും മൂന്നു പ്രാവശ്യം ചൊല്ലി മൂന്നു കൗമി
തിന്റെ ശെഷം ചൊല്ലെണ്ടുന്നത.

ഞങ്ങളുടെ കർത്താവെ ഞങ്ങളുടെ മെൽ നീ അനുഗ്രഹം ചെയ്യെണമെ. ഞങ്ങളുടെ കർത്താവെ കൃപയൊടു കൂടെ ഞങ്ങളുടെ മെൽ നീ അനുഗ്രഹം ചെയ്യെണമെ.



൧ അന്തിയുടെ

ഞങ്ങളുടെ കര്ത്താവെ ഞങ്ങളുടെ നമസ്കാ
രവും ശുശ്രൂഷയും കൈക്കൊണ്ടു ഞങ്ങളുടെ
മെൽ അനുഗ്രഹം ചെയ്യെണമെ. ദൈവ
മെ നിനക്കു സ്തുതി സൃഷ്ടിക്കുന്നവനെ നി
നക്കു സ്തുതി പാപികളായ നിന്റെ അടി
യാരൊട കൃപ ചെയ്യുന്ന മശിഹാരാജാ
വെ നിനക്കു സ്തുതി. ബാറെക്മോർ.
സ്വര്ഗ്ഗത്തിലുള്ള ഞങ്ങളുടെ ബാവാ നി
ന്റെ തിരുനാമം ശുദ്ധമാക്കപ്പെടെണമെ
നിന്റെ രാജ്യം വരെണമെ നിന്റെ ഇ
ഷ്ടം സ്വര്ഗ്ഗത്തിലെ പൊലെ ഭൂമിയിലും
ആകെണമെ ഞങ്ങളുടെ ദിക്ഷതിയുടെ അ
പ്പം ഇന്നും ഞങ്ങൾക്കു തരെണമെ ഞങ്ങ
ളുടെ നെരെ കുറം ചെയ്യുവരൊട ഞ
ങ്ങൾ ക്ഷമിച്ചത പൊലെ ഞങ്ങളുടെ കു
റങ്ങളും ദൊഷങ്ങളും ഞങ്ങളൊട്ടും ക്ഷമി
ക്കെണമെ. പരീക്ഷക്ക ഞങ്ങളെ പ്ര
വക്കരുതെ തിന്മപെട്ടവനിൽനിന്ന ഞങ്ങ
ളെ രക്ഷിക്കയും ചെയ്യെണമെ എന്തുകൊ
ണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വ
വും എന്നെക്കും നിനക്കുള്ളതാകുന്നു. ആ
മെൻ.

അപെക്ഷ


ജീവിപ്പിക്കുന്നവനായ തന്റെ കഷ്ടാനുഭവ.

ഇവിടെ കൗമ്മായുടെ 'കൃപ നിറഞ്ഞ മറിയമേ' എന്ന ഭാഗവും അതുകഴിഞ്ഞ് 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ' എന്നാരംഭിക്കുന്ന മാർ ബാലായിയുടെ അപേക്ഷയും ഒഴിവാക്കിയിരിക്കുന്നു.



അന്തിയുടെ

ങ്ങളാൽ നമ്മുടെ പാപബന്ധനങ്ങളെ
അഴിച്ച ജീവൻ നൽകുന്ന തന്റെ മര
ണത്താൽ മരണത്തിന്റെ ശക്തിയെ ഇ
ല്ലായ്മ ചെയ്യുവനും സംക്ഷേപിച്ചുകൂടാ
ത്ത തന്റെ വ്യാപാരത്തിന്റെ രഹസ്യ
ത്താൽ ജ്ഞാനികളുടെ ജ്ഞാനത്തെയും വി
ചാരക്കാരുടെതിരിച്ചറിവിനെയും കൂറം വി
ധിച്ച ജയിച്ചവനും രക്ഷചെയ്യുന്ന സ്ലീ
ബാ യുടെ ശക്തിയാൽ പാതാളത്തിന്റെ
വാതിലുകളെ തകർത്ത പാതാളത്തിൽ
ആദത്തെയും അവന്റെ സന്തതിയെയും
രക്ഷിച്ചവനും കൃപയും കരുണയും നിറ
ഞ്ഞിരിക്കുന്നവനുമായ കർത്താവെ ഞങ്ങ
ളോട കരുണ ചെയ്യേണമെ കൃപയുള്ള ക
ർത്താവെ തിരഞ്ഞെടുത്തവന്റെ ജാചിക്കുന്ന
അപേക്ഷകൾ ഒക്കെയും കേട്ടരുളുവാൻ ഞ
ങ്ങൾ പ്രാപ്തന്മാരാകുവാനും ഞങ്ങൾ ജീ
വനോടിരിക്കുന്ന ദിവസങ്ങൾ ഒക്കെയും നീ
തിയിലും സത്യത്തിലും നിനക്ക ഞങ്ങൾ
ശുശ്രൂഷചെയ്യുവാനും ശുദ്ധമുള്ള നിന്റെ
റൂഹായുടെ [illegible] ഞങ്ങൾക്ക നൽകെ
ണമെന്നും ജയമുള്ള നിന്റെ സ്ലീബായാ
കുന്ന ആയുധം ഞങ്ങളെ ധരിപ്പിക്കേണ
മെന്നും നിന്റെ കൃപയോട ഞങ്ങൾ അ



ന്ന അന്തിയുടെ

പെക്ഷിക്കുന്നു. എന്റെ കൎത്താവെ ഞങ്ങ
ളുടെ വൎഗ്ഗത്തിന്റെ ബലഹീനതയെ നീ
അറിഞ്ഞിരിക്കകൊണ്ട കൃപയും അനുഗ്രഹ
വും ഞങ്ങൾക്ക തന്ന ഞങ്ങളെ ശുദ്ധീക
രിക്കെണമെ. സകല അന്ന്യായത്തിൽനി
ന്നും ഞങ്ങളെ വിടുവിച്ച നിന്റെ ഇഷ്ടം
പ്രവൃത്തിപ്പാൻ നിന്നെക്കുറിച്ചുള്ള ഭയം
ഞങ്ങൾക്ക നൽകെണമെ. എന്റെ ക
ൎത്താവെ നിന്റെ മൊക്ഷത്തിൽ നീ വരു
മ്പൊൾ എന്നെയും ഓൎത്തുകൊള്ളെണമെ.
നിന്റെ വലത്തുഭാഗത്തുള്ള കള്ളനൊട
നീ കരുണചെയ്തപ്രകാരം എന്നൊട ക
രുണചെയ്യെണമെ എന്റെ കൎത്താവെ
അനുഗ്രഹങ്ങൾക്കും പാപമൊചനത്തി
നും എന്നെ യൊഗ്യനാക്കെണമെ തിന്മ
പെട്ടവനിൽനിന്നും അവന്റെ പരീക്ഷ
കളിൽനിന്നും യുദ്ധങ്ങളിൽനിന്നും എ
ന്നെ രക്ഷിച്ചുകൊള്ളെണമെ അനുഗ്രഹി
ക്കുന്നവനും കരുണയുള്ളവനും പാപിക
ളൊട കരുണചെയ്തു അവരുടെ അപെ
ക്ഷ കൈക്കൊള്ളുന്നവനും നീ ആകകൊ
ണ്ട നിനക്കും നിന്റെ പിതാവിനും ശു
ദ്ധമുള്ള നിന്റെ റൂഹായിക്കും സ്തുതി എ
ന്നെക്കും ആമെൻ.

### അന്തിയുടെ

ഇവിടെ രണ്ടു കൌമ്മാ ചൊല്ലിയ ശെഷം ചൊല്ലെണ്ടുന്നത

മാറാനീശൊമശീഹാ നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളിൽ നീ അടെക്കരുതെ കൎത്താവെ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു ഞങ്ങളെ നീ അനുഗ്രഹിക്കെണമെ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാൻ നിന്റെ സ്നെഹം നിന്നെ നിന്റെ ഇടത്തിൽനിന്നു ഞങ്ങളുടെ പക്കൽ ഇറക്കികൊണ്ടുവന്നു ഞങ്ങളുടെ മെൽ നീ അനുഗ്രഹം ചെയ്യെണമെ.

ഇവിടെ രണ്ടു കൌമ്മാ ചൊല്ലിയ ശെഷം ചൊല്ലെണ്ടുന്നത

൯൧ാം മസ്മൂറ. അത്യുന്നതനായിട്ടിരിക്കുന്നവന്റെ മറവിൽ ഇരിക്കുന്നവൻ ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നു. ഞാൻ കൎത്താവിനൊട തന്റെ മെൽ ഞാൻ ശരണപ്പെട്ടിരിക്കുന്ന ദൈവം എന്റെ ശരണവും എന്റെ സങ്കെതസ്ഥലവും എന്നു ഞാൻ പറയും. എന്തെന്നാൽ വിത്തലത്തിന്റെ കണിയിൽനിന്നും വ്യൎത്ഥസംസാരത്തിൽനിന്നും നിന്നെ താൻ രക്ഷിക്കും. തന്റെ ഇവല്ല

**സ്തുതി ചൊവ്വാകപ്പെട്ട**

**സുറിയാനി ക്രിസ്തിയാനിക്കാരുടെ**

**നമസ്ക്കാരക്രമങ്ങൾ**

**സുറിയാനിയിൽനിന്നും**

**പരിഭാഷപ്പെടുത്തിയ്തു**

**കൊട്ടയത്ത**

**സുറിയാനി സിമ്മനാരിയിൽ**

**മലങ്കരയിടവകയുടെ**

**മാർ**

**അത്താനാസ്യൊസു**

**മെത്രാപൊലീത്തായുടെ**

**അച്ചുകൂട്ടത്തിൽ അച്ചടിക്കപ്പെട്ടത്.**

**3-ാം അച്ചടിപ്പ**

**1865**

## അന്തിയുടെ നമസ്ക്കാരം

..... ഇരുപത്തുരണ്ടരയിലും രാത്രിയിൽ ആശ്വാസത്തിന്നായിക്കൊണ്ട സന്ധ്യയിലും പിശാചുക്കളുടെ അശുദ്ധപ്പെട്ട സ്വപ്നങ്ങളിൽ നിന്നും കാഴ്ചകളിൽ നിന്നും രക്ഷിക്കപ്പെടുവാൻ സൂത്താറായിലും സകല അപകടങ്ങളിൽ നിന്നും നമ്മെ കാത്തുരക്ഷിപ്പാൻ പാതിരായിലും ഇപ്രകാരം ഏഴു പ്രാവശ്യം നമസ്ക്കരിക്കണമെന്ന കല്പിക്കപ്പെട്ടിരിക്കുന്നു. എല്ലാവർക്കും ഏഴു പ്രാവശ്യം തന്നെ നമസ്ക്കരിപ്പാൻ കഴിയാതെ ഇരുന്നാൽ ദാവീദും ദാനിയെലും ചില സമയങ്ങളിൽ ചെയ്തിരിക്കുന്നതു പോലെ ദിവസത്തിൽ മൂന്നു പ്രാവശ്യമെങ്കിലും നമസ്ക്കരിക്കുന്നതിന കടമ്പെട്ടിരിക്കുന്നു.

നാലാമത. നമസ്ക്കരിക്കുന്നവൻ നെഞ്ചിന്മെൽ അവന്റെ കൈകൾ വെച്ച ജഡസംബന്ധമായ സകല വിചാരങ്ങളെയും അടക്കി ഭക്തിയൊടും ശ്രദ്ധയൊടും വണക്കത്തൊടും കൂടെ കിഴക്കൊട്ട മുഖമായിനിന്ന അവന്റെ തല താഴ്ത്തി വന്ദിച്ച അവന്റെ നെറ്റിയിൽനിന്ന നെഞ്ചിനും ഇടത്തെ തൊളിൽനിന്ന വലത്തെ തൊളിന്നുമായി കുരിശു വരച്ച ഈ താഴെ വരുന്നപ്രകാരം ചൊല്ലണം.

ബാവായ്ക്കും പുത്രന്നും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതി.

ആദിമുതൽ എന്നന്നെക്കും ആമെൻ.

തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ ശുദ്ധമുള്ളവനാകുന്നു ശുദ്ധമുള്ളവനാകുന്നു ശുദ്ധമുള്ളവനാകുന്നു ഉയരങ്ങളിൽ സ്തുതി. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു ഉയരങ്ങളിൽ സ്തുതി.

ദൈവമെ നീ ശുദ്ധമുള്ളവനാകുന്നു. ബലവാനെ നീ ശുദ്ധമുള്ളവനാകുന്നു. മരണമില്ലാത്തവനെ നീ ശുദ്ധമുള്ളവനാകുന്നു. ഞങ്ങൾക്കവെണ്ടി കുരിശിൽ തൂക്കപ്പെട്ടവനെ ഞങ്ങളുടെ മെൽ നീ അനുഗ്രഹം ചെയ്യെണമെ.

ഇതിന്മണ്ണം മൂന്നു പ്രാവശ്യം ചൊല്ലി മൂന്നു കുമ്പിട്ടതിന്റെ ശെഷം ചൊല്ലെണ്ടുന്നത.

ഞങ്ങളുടെ കർത്താവെ ഞങ്ങളുടെ മെൽ നീ അനുഗ്രഹം ചെയ്യെണമെ. ഞങ്ങളുടെ കർത്താവെ കൃപയൊടു കൂടെ ഞങ്ങളുടെ മെൽ നീ അനുഗ്രഹം ചെയ്യെണമെ.

ഞങ്ങളുടെ കർത്താവെ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട ഞങ്ങളുടെമെൽ അനുഗ്രഹം ചെയ്യെണമെ. ദൈവമെ നിനക്ക സ്തുതി. സൃഷ്ടിക്കുന്നവനെ നിനക്ക സ്തുതി. പാപികളായ നിന്റെ അടിയാരൊട കൃപ ചെയ്യുന്ന മശീഹാരാജാവെ നിനക്ക സ്തുതി. ബാറെക്മാർ.

സ്വർഗ്ഗത്തിലുള്ള ഞങ്ങളുടെ ബാവാ നിന്റെ തിരുനാമം ശുദ്ധമാക്കപ്പെടെണമെ. നിന്റെ രാജ്യം വരെണമെ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പൊലെ ഭൂമിയിലും ആകെണമെ. ഞങ്ങളുടെ ദിഷ്ടതിയുടെ അപ്പം ഇന്നും ഞങ്ങൾക്ക തരെണമെ. ഞങ്ങളുടെ നെരെ കുറ്റം ചെയ്തവരൊട ഞങ്ങൾ ക്ഷമിച്ചത പൊലെ ഞങ്ങളുടെ കുറ്റങ്ങളും ദൊഷങ്ങളും ഞങ്ങളൊടും ക്ഷമിക്കെണമെ. പരിക്ഷെക്ക ഞങ്ങളെ പൂകിക്കരുതെ. തിന്മപ്പെട്ടവനിൽനിന്ന ഞങ്ങളെ രക്ഷിക്കയും ചെയ്യെണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നെക്കും നിനക്കുള്ളതാകുന്നു. ആമെൻ.

**ഇവിടെ കൗമ്മായുടെ 'കൃപ നിറഞ്ഞ മറിയമേ' എന്ന ഭാഗവും അതുകഴിഞ്ഞ് 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ' എന്നാരംഭിക്കുന്ന മാർ ബാലായിയുടെ അപേക്ഷയും ഒഴിവാക്കിയിരിക്കുന്നു.**

**അപെക്ഷ**

ജീവിപ്പിക്കുന്നതായ തന്റെ കഷ്ടാനുഭവങ്ങളാൽ നമ്മുടെ പാപബന്ധനങ്ങളെ അഴിച്ച ജീവൻ നൽകുന്ന തന്റെ മരണത്താൽ മരണത്തിന്റെ ശക്തിയെ ഇല്ലായ്മ ചെയ്തവനും സംക്ഷെപിച്ചുകൂടാത്ത തന്റെ വ്യാപാരത്തിന്റെ രഹസ്യത്താൽ ജ്ഞാനികളുടെ ജ്ഞാനത്തെയും വിദ്വാന്മാരുടെ തിരിച്ചറിവിനെയും കുറ്റം വിധിച്ച ജയിച്ചവനും രക്ഷചെയ്യുന്ന സ്ലീബായുടെ ശക്തിയാൽ പാതാളത്തിന്റെ വാതിലുകളെ തകർത്ത പാതാളത്തിൽ ആദത്തെയും അവന്റെ സന്തതിയെയും രക്ഷിച്ചവനും കൃപയും കരുണയും നിറഞ്ഞിരിക്കുന്നവനുമായ കർത്താവെ ഞങ്ങളൊട കരുണ ചെയ്യെണമെ. കൃപയുള്ള കർത്താവെ തിന്മപെട്ടവന്റെ ജ്വലിക്കുന്ന അസ്ത്രങ്ങൾ ഒക്കെയും കെടുത്തുവാൻ ഞങ്ങൾ പ്രാപ്തന്മാരാകുവാനും ഞങ്ങൾ ജീവനൊടിരിക്കുന്ന ദിവസങ്ങൾ ഒക്കയും നീതിയിലും സത്യത്തിലും നിനക്ക ഞങ്ങൾ ശുശ്രൂഷ ചെയ്‌വാനും ശുദ്ധമുള്ള നിന്റെ റൂഹായുടെ കൃപയെ ഞങ്ങൾക്ക നൽകെണമെന്നും ജയമുള്ള നിന്റെ സ്ലീബായാകുന്ന ആയുധം ഞങ്ങളെ ധരിപ്പിക്കെണമെന്നും നിന്റെ കൃപയൊട ഞങ്ങൾ അപെക്ഷിക്കുന്നു. എന്റെ കർത്താവെ ഞങ്ങളുടെ വർഗ്ഗത്തിന്റെ ബലഹീനതയെ നീ അറിഞ്ഞിരിക്കകൊണ്ട കൃപയും അനുഗ്രഹവും ഞങ്ങൾക്ക തന്ന ഞങ്ങളെ ശുദ്ധീകരിക്കെണമെ. സകല അന്യായത്തിൽനിന്നും ഞങ്ങളെ വിടുവിച്ച നിന്റെ ഇഷ്ടം പ്രവൃത്തിപ്പാൻ നിന്നെക്കുറിച്ചുള്ള ഭയം ഞങ്ങൾക്ക നൽകെണമെ. എന്റെ കർത്താവെ നിന്റെ മൊക്ഷത്തിൽ നീ വരുമ്പൊൾ എന്നെയും ഓർത്തുകൊള്ളെണമെ. നിന്റെ വലത്തുഭാഗത്തുള്ള കള്ളനൊട നീ കരുണചെയ്തപ്രകാരം എന്നൊട കരുണചെയ്യെണമെ. എന്റെ കർത്താവെ അനുഗ്രഹങ്ങൾക്കും പാപമൊചനത്തിനും എന്നെ യൊഗ്യനാക്കെണമെ. തിന്മപെട്ടവനിൽനിന്നും അവന്റെ പരീക്ഷകളിൽനിന്നും യുദ്ധങ്ങളിൽനിന്നും എന്നെ രക്ഷിച്ചുകൊള്ളെണമെ. അനുഗ്രഹിക്കുന്നവനും കരുണയുള്ളവനും പാപികളൊട കരുണചെയ്ത അവരുടെ അപെക്ഷ കൈക്കൊള്ളുന്നവനും നീ ആകകൊണ്ട നിനക്കും നിന്റെ പിതാവിനും ശുദ്ധമുള്ള നിന്റെ റൂഹായിക്കും സ്തുതി എന്നെക്കും ആമെൻ.

ഇവിടെ രണ്ടു കൌമ്മാ ചൊല്ലിയ ശെഷം ചൊല്ലെണ്ടുന്നത.


മാറാനീശൊമശീഹാ നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളിൽ നീ അടെക്കരുതെ കർത്താവെ ഞങ്ങൾ പാപികളാകുന്നു എന്ന ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളെ നീ അനുഗ്രഹിക്കെണമെ. നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാൻ നിന്റെ സ്നേഹം നിന്നെ നിന്റെ ഇടത്തിൽനിന്ന ഞങ്ങളുടെ പക്കൽ ഇറക്കി കൊണ്ടുവന്നു. ഞങ്ങളുടെ മെൽ നീ അനുഗ്രഹം ചെയ്യെണമെ.

ഇവിടെ രണ്ടു കൌമ്മാ ചൊല്ലിയ ശെഷം ചൊല്ലെണ്ടുന്നത.

91-ാം മസുമൂറ. അത്യുന്നതപ്പെട്ടിരിക്കുന്നവന്റെ മറയിൽ ഇരിക്കുന്ന വൻ ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നു. ഞാൻ കർത്താവിനൊട തന്റെ മെൽ ശരണപ്പെട്ടിരിക്കുന്ന ദൈവം എന്റെ ശരണവും എന്റെ സങ്കെ തസ്ഥലവും എന്ന ഞാൻ പറയും. എന്തെന്നാൽ വിരുദ്ധത്തിന്റെ കണി യിൽനിന്നും വ്യർത്ഥസംസാരത്തിൽനിന്നും നിന്നെ താൻ രക്ഷിക്കും.

# 3

# പുലിക്കോട്ടിൽ തിരുമേനിയുടെ നമസ്ക്കാരക്രമവും കുർബ്ബാനക്രമവും



— ൩ —

യാക്കോബായ

സുറിയാനി ക്രിസ്ത്യാനികളുടെ

നമസ്ക്കാരക്രമം

1878

അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനം പ്രാപിച്ച മൂന്നാമത്തെ പത്രോസെന്ന തിരുനാമമുള്ള വിശുദ്ധ മാറാൻ ഇഗ്നാത്യോസു പാത്രിയർക്കീസുബാവാ തിരുമനസ്സിലെ നാളുകളിൽ യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷ്യൻ കമ്മറ്റിയുടെ പ്രസിഡണ്ടായ മലങ്കര മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിൽനിന്ന് ലഭിച്ചിട്ടുള്ള അനുമതിപ്രകാരം അച്ചടിക്കപ്പെട്ടതു.


**പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ ഇറക്കിയ ബദൽ നമസ്ക്കാരക്രമം (ആദ്യ ഭാഗം).**

## അന്തിയുടെ നമസ്കാരം

### തുടക്കം

ബാവായും പുത്രനും ശുദ്ധമുള്ള റൂഹായും ആയ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ എന്നെന്നേക്കും ആമ്മീൻ. ബലവാനായ ദൈവം തമ്പുരാൻ ശുദ്ധമുള്ളവനാകുന്നു ശുദ്ധമുള്ളവനാകുന്നു ശുദ്ധമുള്ളവനാകുന്നു തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്നു ഉയരങ്ങളിൽ സ്തുതി കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു ഉയരങ്ങളിൽ സ്തുതി.

ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു. ബ




അന്തിയുടെ നമസ്കാരം

ലവാനേ നീ ശുദ്ധമുള്ളവനാകുന്നു മരണമി
ല്ലാത്തവനേ നീ ശുദ്ധമുള്ളവനാകുന്നു ഞ
ങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനെ
ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ

ഇതിന്മണ്ണം മൂന്നുപ്രാവശ്യം ചൊ
ല്ലി മൂന്നു കുമ്പിട്ടതിന്റെശേ
ഷം ചൊല്ലേണ്ടത

ഞങ്ങളുടെ കർത്താവെ ഞങ്ങളുടെമേൽ
നീ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കർത്താ
വെ ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണ
മെ. ഞങ്ങളുടെ കർത്താവെ നീ കൃപചെയ്തു
ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ.
ഞങ്ങളുടെ കർത്താവെ ഞങ്ങളുടെ ശുശ്രൂഷ
യും നമസ്കാരങ്ങളും നീ കൈക്കൊണ്ടു ഞ
ങ്ങളുടെമേൽ നീ അനുഗ്രഹിക്കേണമെ. ദൈ
വമെ നിനക്ക സ്തുതി സ്വർഗ്ഗക്കാരാലെ നി


൫൦ അഞ്ജിയുടെ നമസ്കാരം

...കസ്തുതി. പാപികളായ നിന്റെ അടി
യാരോടു കരുണചെയ്യുന്ന മശിഹാരാജാവേ
നിനക്കു സ്തുതി ബാറേക്മോർ.
ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ
നിന്റെതിരുനാമം ശുദ്ധമാക്കപ്പെടേണമെ
നിന്റെ രാജിതംവരേണമെ, നിന്റെ തിരു
മനസ്സു ആകാശത്തിലെപ്പോലെ ഭൂമിയി
ലും ആകേണമെ, ഞങ്ങളുടെ ദിഷ്ടതിയുടെ
അപ്പം ഇന്നും ഞങ്ങൾക്കു നീ തരേണമെ,
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ച
തുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങ
ളും ഞങ്ങളോടു നീ ക്ഷമിക്കേണമെ. പരീ
ക്ഷയിലേക്കു ഞങ്ങളെ നീ അകപ്പെടുത്തരു
തെ, പിന്നെയോ രാജിതവും ശക്തിയും സ്തു
തിയും എന്നന്നേക്കും നിനക്കുള്ളതാകുന്നു
എന്നതുകൊണ്ടു തിന്മപ്പെട്ടവനിൽനിന്നു ഞ


ങ്ങളെ നീ രക്ഷിച്ചുകൊള്ളേണമെ ആമ്മീൻ.

നന്മനിറഞ്ഞ മറിയമെ: നിനക്കു സ്വ-
സ്തി, നമ്മുടെ കർത്താവു നിന്നോടുകൂടെ നീ
സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ, നിന്റെ വയ-
റ്റിലെ ഫലമായ നമ്മുടെ കർത്താവീശോ
മ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള
കന്യകമർത്തമറിയമെ തമ്പുരാന്റെ അമ്മെ
പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും
ഞങ്ങളുടെ മരണനേരത്തിലും തമ്പുരാ-
നോടു അപേക്ഷിച്ചുകൊള്ളേണമെ ആമ്മീൻ

ഇവിടെ ഒരു കൌമാതികന്യ

മാർ ബാലായുടെ അപേക്ഷ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ
അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ
സൃഷ്ടിപ്പിനെ നീ പുതുതാക്കി അനുകൂലമാ
ക്കേണമെ, കർത്താവെ നിന്റെ ആശ്രയ




൪൮ അന്തിയുടെ നമസ്കാരം

ങ്ങേക്കുറിച്ചു മരിച്ചവനിന്റെ വരവിനെനോ
ക്കിപ്പാർക്കുന്ന എന്ന ഞങ്ങളുടെ മരിച്ചപോ
യവരെ നീ പുണ്യമാക്കേണമെ. അബ്രഹാ
മിന്റെയും, ഇസ്ഹാക്കിന്റെയും യാക്കോ
ബിന്റെയും മടിയിൽ അവരെ നീ പാർപ്പി
ക്കേണമെ, വന്നവനും വരുന്നവനും മരിച്ച
വരെ അനുകൂലമാക്കുന്നവനും ആയവനാൽ ഉ
ർത്തപ്പെട്ടവനാകുന്ന ഏന്ന ശരീരങ്ങളും ആ
ത്മങ്ങളും ശരിയായിട്ടു നിലവിളിച്ച പാറ്യ
മാറാകേണമെ.

ഇവിടെ രണ്ടു കൌമാ നമസ്കരിച്ചു
ചൊല്ലേണ്ടത്.

മാറാനീശോമ്ശിഹാ നിന്റെ അനുഗ്ര
ഹങ്ങളുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളി
ൽ നീ അടക്കല്ലെ, കർത്താവെ ഞങ്ങടെ പ



അന്തിയുടെ നമസ്കാരം ൫൩

...പികളാകുന്നു എന്നു ഞങ്ങൾ കൊണ്ടാടുന്നു.
ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ.
കർത്താവെ നിന്റെ മരണത്താൽ ഞങ്ങളു
ടെ മരണം മായപ്പെട്ടുവാനായിട്ടു നിന്റെ
ഉപവി നിന്റെ ഇടത്തിൽനിന്നു ഞങ്ങളു
ടെ പക്കൽ നിന്നെ ഇറക്കി ഞങ്ങളുടെ മേ
ൽ നീ അനുഗ്രഹിക്കേണമെ.

ഇവിടെ രണ്ടു കൌമാ ചൊല്ലിയതിന്റെ
ശേഷം ചൊല്ലെണ്ടതു. മസുമൂറാ

ഉയർപ്പെട്ടവന്റെ രഹസ്യസ്ഥലത്തു
ഇരിക്കുന്നവൻ കർത്താവിന്റെ നിഴലിൽ
സ്തുതിക്കപ്പെടുന്നു, എന്റെ ശരണവും സ
ങ്കേതസ്ഥലവും അവനിൽ ഞാൻ ആശ്രയി
ച്ചിരിക്കുന്ന ദൈവമായ കർത്താവിനോടു
ഞാൻ പറയും. വിരുദ്ധത്തിന്റെ കണിയി

## അന്തിയുടെ നമസ്ക്കാരം

### തുടസ്സം

ബാവായും പുത്രനും ശുദ്ധമുള്ള റൂഹായും ആയ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ എന്നുമെന്നേക്കും ആമ്മീൻ. ബലവാനായ ദൈവംതമ്പുരാൻ ശുദ്ധമുള്ളവനാകുന്നു ശുദ്ധമുള്ളവനാകുന്നു ശുദ്ധമുള്ളവനാകുന്നു. തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്നു. ഉയരങ്ങളിൽ സ്തുതി. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

ദൈവമെ നീ ശുദ്ധമുള്ളവനാകുന്നു. ബലവാനേ നീ ശുദ്ധമുള്ളവനാകുന്നു. മരണമില്ലാത്തവനേ നീ ശുദ്ധമുള്ളവനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനെ ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ.

ഇതിന്മണ്ണം മൂന്നു പ്രാവശ്യം ചൊല്ലി മൂന്നു കുമ്പിട്ടതിന്റെ ശേഷം ചൊല്ലേണ്ടതു.

ഞങ്ങളുടെ കർത്താവെ ഞങ്ങളുടെമേൽ നീ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കർത്താവെ ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കർത്താവെ നീ കൃപ ചെയ്തു ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കർത്താവെ ഞങ്ങളുടെ ശുശ്രൂഷയും നമസ്ക്കാരങ്ങളും നീ കൈക്കൊണ്ടു ഞങ്ങളുടെമേൽ നീ അനുഗ്രഹിക്കേണമെ. ദൈവമെ നിനക്കു സ്തുതി. സൃഷ്ടിക്കുന്നവനെ നിനക്കു സ്തുതി. പാപികളായ നിന്റെ അടിയാരോടു കരുണ ചെയ്യുന്ന മശിഹാരാജാവേ നിനക്കു സ്തുതി. ബാറെക്മോർ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ നിന്റെ തിരുനാമം ശുദ്ധമാക്കപ്പെടണമേ. നിന്റെ രാജിതം വരേണമെ, നിന്റെ തിരുമനസ്സു ആകാശത്തിലെപ്പോലെ ഭൂമിയിലും ആകേണമെ, ഞങ്ങളുടെ ദിഷ്ടതിയുടെ അപ്പം ഇന്നും ഞങ്ങൾക്കു നീ തരേണമെ, ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു നീ ക്ഷമിക്കേണമെ. പരീക്ഷയിലേക്കു ഞങ്ങളെ നീ അകപ്പെടുത്തരുതെ, പിന്നെയോ രാജിതവും ശക്തിയും സ്തുതിയും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു എന്നതുകൊണ്ടു തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമെ ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ: നിനക്കു സ്വത്വം, നമ്മുടെ കർത്താവ് നിന്നോടുകൂടെ. നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ, നിന്റെ വയറ്റിലെ ഫലമായ

നമ്മുടെ കർത്താവീശോ മ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള കന്യകമർത്തമറിയമേ തമ്പുരാന്റെ അമ്മെ പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തിലും തമ്പുരാനോടു അപേക്ഷിച്ചുകൊള്ളണമേ ആമ്മീൻ.

ഇവിടെ ഒരു കൗമ്മാ തികഞ്ഞു.

## മാർ ബാലായുടെ അപേക്ഷ

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ സൃഷ്ടിപ്പിനെ നീ പുത്തനാക്കി അനുകൂലമാക്കണമെ, കർത്താവെ നിന്റെ ആശ്രയത്തെക്കുറിച്ചു മരിച്ചു നിന്റെ വരവിനെ നോക്കിപ്പാർക്കുന്നു എന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ പുണ്യമാക്കേണമെ. അബ്രഹാമിന്റേയും, ഇസ്ഹാക്കിന്റേയും യാക്കോബിന്റേയും മടിയിൽ അവരെ നീ പാർപ്പിക്കേണമെ, വന്നവനും വരുന്നവനും മരിച്ചവരെ അനുകൂലമാക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്നു ശരീരങ്ങളും ആത്മങ്ങളും ശരിയായിട്ടു നിലവിളിച്ചു പറയുമാറാകേണമെ.

ഇവിടെ രണ്ടു കൌമാ നമസ്ക്കരിച്ച് ചൊല്ലേണ്ടതു.


മാറാനീശൊമ്ശിഹാ നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളിൽ നീ അടക്കല്ലെ, കർത്താവെ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ കൊണ്ടാടുന്നു. ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ, കർത്താവെ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാനായിട്ടു നിന്റെ ഉപവി നിന്റെ ഇടത്തിൽനിന്നു ഞങ്ങളുടെ പക്കൽ നിന്നെ ഇറക്കി ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ.

ഇവിടെ രണ്ടു കൌമാ ചൊല്ലിയതിന്റെ ശേഷം ചൊല്ലേണ്ടതു. മസുമൂറാ 91.

ഉയരപ്പെട്ടവന്റെ രഹസ്യസ്ഥലത്തു ഇരിക്കുന്നവൻ കർത്താവിന്റെ നിഴലിൽ സ്തുതിക്കപ്പെടുന്നു, എന്റെ ശരണവും സങ്കേതസ്ഥലവും അവനിൽ ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവമായ കർത്താവിനൊടു ഞാൻ പറയും. വിരുദ്ധത്തിന്റെ കണിയിൽ നിന്നും നിർമ്മര്യാദമായിരിക്കുന്ന വചനത്തിൽ നിന്നും നിന്നെ അവൻ വീണ്ടുകൊള്ളും. അവന്റെ തൂവലുകൾകൊണ്ടു നിന്നെ രക്ഷിച്ചു അവന്റെ ചിറകുകളുടെ കീഴിൽ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്നെ ആയുധമായി ചുറ്റിക്കും. നീ രാത്രിയിലെ ഭയത്തിൽ നിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടേണ്ട, നിന്റെ ഭാഗത്തിൽ നിന്നു ആയിരംപേരും നിന്റെ വലത്തേതിൽനിന്നു പതിനായിരംപേരും വീഴും. അവർ നിന്റെ അടുക്കലേക്കു ചേരു

കയില്ല. പിന്നെയോ നീ നിന്റെ കണ്ണുകൾ കൊണ്ടു മാത്രം നോക്കി ദുഷ്ട ന്മാർക്കുള്ള പ്രതിഫലത്തെ കാണും. എന്തെന്നാൽ ഉന്നതങ്ങളിൽ നിന്റെ വാസസ്ഥലം നീ വെച്ചു എന്ന എന്റെ ശരണമായ കർത്താവു നീ ആകുന്നു. ദോഷം നിനക്കു ചേരുകയില്ല, ശിക്ഷ നിന്റെ വാസസ്ഥലത്തിനു അടുക്കയുമില്ല, എന്തെന്നാൽ അവൻ നിന്റെ സകല വഴികളിലും നിന്നെ സൂക്ഷിപ്പാനും നിന്റെ പാദത്തിൽ നീ വിരുദ്ധമാകാതെയിരിപ്പാൻ അവ രുടെ കൈകൾമേൽ നിന്നെ വഹിപ്പാനും നിന്നെക്കുറിച്ചു അവന്റെ മാലാ കമാരേ പ്രമാണിക്കും. സിംഹത്തിന്മേലും അണലിയിന്മേലും നീ ചവിട്ടും. സിംഹത്തേയും പെരുമ്പാമ്പിനെയും നീ മെതിക്കും. എന്തെന്നാൽ അവൻ എന്നെ അന്വെഷിച്ചു. ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ടു ഞാൻ അവനെ ഉറപ്പിക്കും.

## മലങ്കരയിലെ പൂർവ്വീക കുർബ്ബാനക്രമം



# കുർബാനക്രമം

പള്ളിയിൽ പ്രവേശിക്കുമ്പോൾ
ചൊല്ലേണ്ടത്.

ദൈവമെ! നിൻെറ ഭവനത്തിൽ ഞാൻ പ്രവേശിച്ചു നിൻെറ സിംഹാസനത്തിൻമുമ്പാകെ ഞാൻ വന്ദിച്ചു. സ്വർഗ്ഗസ്ഥനായ രാജാവെ നിനക്കുവിരോധമായി ഞാൻ ചെയ്തിട്ടുള്ള സകല പാപങ്ങളെയും എന്നോടു ക്ഷമിക്കേണമെ.

കുർബാനക്കു മുമ്പുള്ള ഒരു പ്രത്യേക
അപേക്ഷ.

പ്രകാശം നിറഞ്ഞിരിക്കുന്ന ഈശോതമ്പുരാനെ സകലസൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന സത്യമുള്ള പ്രകാശം നീയാകയാൽ പ്രകാശത്തെ ഞങ്ങൾ കാണുന്നതു നിൻെറ പ്രകാശംകൊണ്ടാകുന്നു സ്വർഗ്ഗസ്ഥനായ പിതാവിൻെറ ശോഭയുള്ള കതിരായുള്ളോവെ നിൻെറ പ്രകാശംകൊണ്ടു ഞങ്ങളെ പ്രകാശിപ്പിക്കേ

12

**പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ ഇറക്കിയ ബദൽ കുർബാനക്രമം (പ്രധാന ഭാഗങ്ങൾ).**

൧൩൪ കുർബ്ബാനക്രമം

ന്നമെ. പ്രകാശത്തിൽ വസിക്കുന്ന പരിശുദ്ധന്മാരും
പാപങ്ങളെ ക്ഷമിക്കുന്നവനുമായ കർത്താവെ ദുർവ്വി
കാരങ്ങളെയും നിന്ദ്യമായുള്ള നിരൂപണകളെയും
ഞങ്ങളിൽനിന്നു അകററി ഹൃദയവെടിപ്പോടെ നീ
തിയുള്ള പ്രവൃത്തികളെ ചെയ്വാൻ ഞങ്ങൾക്കു കൃപ
നല്കേണമെ ആമ്മീൻ,

## കുറബാന തുടങ്ങുമ്പോൾ

സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഏകപുത്രനും
വചനവും രാജാവുമായ ഞങ്ങളുടെ കർത്താവെ നി
ന്നെ പ്രസവിച്ച അമ്മയുടേയും നിന്റെ സകല പ
രിശുദ്ധന്മാരുടേയും നമസ്കാരത്താൽ നിന്നെ ഞങ്ങ
ൾ പുകഴ്ത്തും. സ്വഭാവത്തിൽ മരണമില്ലാത്തവനാ
യി സകല മനുഷ്യരുടേയും ജീവനിൽ ദയതോന്നി
അവരുടെ രക്ഷയ്ക്കുവേണ്ടി തന്റെ കൃപയാൽ വന്നു
ശുദ്ധവും വെടിപ്പും മഹത്വവുമുള്ള ദൈവത്തെ പ്ര
സവിച്ച കന്ന്യകമറിയത്തിൽനിന്നു ശരീരപ്പെട്ടു ഭേ
ദംകൂടാതെ മനുഷ്യപുത്രനായി ഞങ്ങൾക്കുവേണ്ടി കു
രിശിൽ തൂങ്ങപ്പെട്ടു തന്റെ മരണത്താൽ ഞങ്ങളുടെ
മരണത്തെ ചവട്ടിക്കൊന്നവനായി ശുദ്ധമുള്ള മൂന്നു

ത്വത്തിൽ ഒരുവനും തന്റെ പിതാവിനോടും ശുദ്ധ
മുള്ള റൂഹായോടുംകൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട
സ്തുതിക്കപ്പെടുന്നവനുമായ മ്ശിഹാതമ്പുരാനെ ഞ
ങ്ങൾ എല്ലാവരുടേയും മേൽ കൃപ ചെയ്യേണമെ.

---

ദൈവമെ നീ ശുദ്ധമുള്ളവനാകുന്നു ഇത്യാദി

ശ്ലീഹാ വായിക്കുമ്പോൾ

ശ്ലീഹന്മാരുടെ ഉടയവൻസ്തുതി. അവരുടെ നമ
സ്കാരം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ ആമ്മീൻ.

ഏവൻഗേലിയോൻവായിക്കുന്നതിന്നു

മുമ്പു പട്ടക്കാരൻ

ശ്ലോമ്മാ പറയുമ്പോൾ

അയക്കുന്ന ദൈവമായ കർത്താവു നിന്റെ ആ
ത്മാവോടുകൂടെ ഞങ്ങളേയും യോഗ്യമാക്കുമാറാകട്ടെ.

ജനത്തിന്റെ ശേഷം

വന്നവനും വരുവാനിരിക്കുന്നവനും സ്തോത്രം
ചെയ്യപ്പെട്ടവനാകുന്നു. തന്നെ അയച്ച പിതാവിന്നു
സ്തുതി തന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ മേൽ ഏ

[illegible] കർബ്ബാനക്രമം

ല്ലാരുടെമേലും വസിക്കുമാറാകട്ടെ.

അതിന്റെശേഷം

അപ്രകാരം ഞങ്ങൾ വിശ്വസിച്ചു ഏറ്റുപറയു
ന്നു.

ഏവൻഗേലിയോൻ വായിച്ചുകഴിയുമ്പോൾ

പുറജാതികളുടെ ഇടയിൽ നിന്റെ ഏവൻഗേ
ലിയോൻ അറിയിച്ചവരായ നിന്റെ നിബ്യന്മാരെ
യും ശ്ലീഹന്മാരെയും ജയിച്ചു കിരീടം ലഭിച്ചവരായ
നതിമാന്മാരേയും പുണ്യവാന്മാരേയും നിന്റെ തി
രുനാമത്തിന്നുവേണ്ടി കഷ്ടതകളും ഞെരുക്കങ്ങളും സ
ഹിച്ചവരായ സഹദേന്മാരേയും വിശ്വാസികളായി
മരിച്ചവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർ
ത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കേണമെ.

ശുശ്രൂഷക്കാരൻ സ്തൌമെൻ കാലോസ്

ചൊല്ലുമ്പോൾ

കുറിയേലായിസ്സോൻ.

പട്ടക്കാരൻ നാമെല്ലാവരും പ്രാർത്ഥിച്ചു

കർബാനക്രമം ൧൱൧

എന്നതു ചൊല്ലുമ്പോൾ

കരുണയുള്ള കർത്താവെ; ഞങ്ങളെ സഹായിക്കേണമെ,

ധൂപക്കുററിയിൽ കുന്തുരുക്കം ഇടുമ്പോൾ

ബാരെക്മോർ,

അനുഗ്രഹമുള്ള കർത്താവേ! ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കേണമെ,

പട്ടക്കാരൻ സേദറാ ചൊല്ലി നിൎത്തുമ്പോൾ

ആമ്മെൻ, കർത്താവു നിന്റെ ശുശ്രൂഷകൈക്കൊണ്ടു നിന്റെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുമാറാകട്ടെ.

ധൂപക്കുററി വാഴ്ത്തുമ്പോൾ

ആമ്മീൻ. ആമ്മീൻ. ആമ്മീൻ.

ധൂപംവീശി പടിഞ്ഞാട്ടു വരുമ്പോൾ

വിശ്വാസപ്രമാണം.

ശുശ്രൂഷക്കാരൻ വിശ്വാസപ്രമാണം ചൊല്ലിനിൎത്തുമ്പോൾ

ആമ്മീൻ.

ഫ വൃ ഫ കുർബാനക്രമം

ശുശ്രൂഷക്കാരൻ സ്തൗമെൻകാലോസ

എന്നു ചൊല്ലുമ്പോൾ

കുറിയേലായിസ്സോൻ

പട്ടക്കാരൻ ശ്ലോമ്മൊ പറയുമ്പോൾ

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.


കൈ കസ്തൂരി വാങ്ങുമ്പോൾ

മിശിഹാതമ്പുരാന്റെ സ്നേഹവും സമാധാനവും ഞങ്ങളുടെ ഇടയിൽ സദാ വസിക്കുമാറാകേണമെ. ദൈവമായ കർത്താവെ! ഞങ്ങളുടെ ആയുസ്സുപര്യന്തം ഈ സമാധാനത്തിന്നു ഞങ്ങളെ യോഗ്യമാക്കേണമെ.

കൃപയുള്ള കർത്താവേ! ലഭിച്ചിരിക്കുന്ന ശുദ്ധമുള്ള ഈ സമാധാനത്തിന്റെ ശേഷം നിന്റെ തിരുമുമ്പിൽ ഞങ്ങൾ തലകൾ കുനിക്കുന്നു

ശോശപ്പ് പൊക്കുമ്പോൾ

ഈ കുർബാന സ്തോത്രവും കരുണയും സമാധാനവും ബലിയുമാകുന്നു.





പട്ടക്കാരൻ ശ്ലോമ്മൊ പറയുമ്പോൾ

നീയെൻറ ആത്മാവൊടുകൂടെയും ഉണ്ടായിരിക്കട്ടെ.

റൂശ്മാകഴിയുമ്പോൾ

നിൻെറ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

അതിൻെറ ശേഷം

ദൈവമായ കർത്താവിൻെറ അടുക്കൽ ഞങ്ങളുടെ നിരൂപണകളും വിചാരങ്ങളും ഹൃദയങ്ങളുമാകുന്നു. ഭയത്തോടെ കർത്താവിനെ സ്തോത്രംചെയ്യുന്നതു യോഗ്യവും ന്യായവുമാകുന്നു.

പട്ടക്കാരൻ ചൊല്ലി നിൽക്കുമ്പോൾ


തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്ന ബലവാൻ ദൈവംതമ്പുരാൻ ഇത്യാദി.

അപ്പൊൾ വീണ്ടും വാഴ്ത്തുമ്പോൾ

ആമ്മീൻ. ആമ്മീൻ.

വാഴ്ത്തിയശേഷം

കർത്താവേ! ഞങ്ങൾ നിൻെറ മരണത്തെ ഓ



൫൰൪ കർബാന ക്രമം

ത്തു നിന്റെ ഉയൎത്തെഴുനേല്പിനെ ഞങ്ങൾ എറ്റു പറഞ്ഞു നിന്റെ രണ്ടാമത്തെ വരവിന്നായിട്ടു നോക്കിപ്പാൎക്കുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെ മേലും എന്നെക്കും ഉണ്ടായിരിക്കേണമെ.

ഇതിന്റെ ശേഷം

സൎവ്വശക്തിയുള്ള പിതാവായ ദൈവമെ! ഞങ്ങളെ അനുഗ്രഹിക്കേണമെ. ദൈവമായ കൎത്താവെ! നിന്നെ ഞങ്ങൾ സ്തുതിക്കയും സ്തോത്രംചെയ്കയും വന്ദിക്കയും ചെയ്യുന്നു. ഉത്തമനായുള്ളോവെ! കൃപയോടെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

പട്ടക്കാരൻ അനീമന്മാറിയോ

ചൊല്ലിയശേഷം.

കുറിയെലായിസ്സോൻ, കുറിയെലായിസ്സോൻ, കുറിയെലായിസ്സോൻ.

ആമ്മീൻ, ആമ്മീൻ.

ഒന്നാമത്തെ തുബ്ദേൻ

ആമ്മീൻ. നാലുഭാഗങ്ങളിലുള്ള ശുദ്ധമുള്ള പ


ള്ളികളെ ഭരിക്കുന്നവരായ സകല മേല്പട്ടക്കാരേയും
ഞങ്ങളുടെ ബാവാമാർ ഇഗ്നാത്യോസു പാത്രിയർക്കീ
സിനെയും പ്രത്യേകം ഇന്നു ഞങ്ങളെ പരിപാലി
ച്ചുവരുന്ന മേല്പട്ടക്കാരനേയും കശ്ശീശന്മാർ ശെമ്മാശ
ന്മാർ മുതലായ പട്ടത്വത്തിന്നടുത്തവരെ എല്ലാവരേ
യും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന ഞങ്ങ
ൾക്കു കോട്ടയാകേണമെ കുറിയേലായിസ്സോൻ.

രണ്ടാമത്തെ തുബ്ദേൻ

അമ്മീൻ. കർത്താവെ, വിശ്വാസികളും സത്യ
ക്രിസ്ത്യാനികളുമായ ഞങ്ങളുടെ സഹോദരന്മാർ എ
ല്ലാവരേയും നീ ഓർത്തു നിന്റെ സഹായങ്ങളാൽ അ
വരെ സഹായിച്ചു ആശ്വസിപ്പിക്കേണമെ കുറിയേ
ലായിസ്സോൻ.

മൂന്നാമത്തെ തുബ്ദേൻ

അമ്മീൻ കർത്താവെ വിശ്വാസികളായ സക
ല രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ഈ നാട്ടിന്റെ
രാജാവിന്നും രാജകുടുംബത്തിന്നും അധികാരം നട
ത്തുന്നവർക്കും വേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷി
ക്കുന്നു. ജ്ഞാനവും നന്മചെയ്യുന്നതിനുള്ള മനസ്സും അ


൧൨൩ [കുർബാനക്രമം


വർക്കു കൊടുത്തു നിന്റെ നോട്ടത്തിൻകീഴ് അവരെ
നടത്തേണമെ കുറിയേലായിസ്സോൻ.

നാലാമത്തെ തുബ്ദേൻ

ആമ്മീൻ ഭൂമിയിലുള്ള സകല ഗോത്രങ്ങളാലും
മഹത്വപ്പെട്ടിരിക്കുന്നവളും സ്വർഗ്ഗത്തിന്നു യോഗ്യത
യും ശുദ്ധവും വെടിപ്പുമുള്ളവളും അനുഗ്രഹിക്ക
പ്പെട്ടവളും എല്ലായ്പോഴും കന്യകയും ഭാഗ്യവ
തിയുമായ തമ്പുരാനെ പ്രസവിച്ച കന്യകമറിയ
ത്തെയും ശുദ്ധമുള്ളവരായ നിബിയന്മാരെയും ശ്ലീഹ
ന്മാരെയും അറിയിപ്പുകാരേയും എവൻഗേലിസ്തന്മാ
രേയും സഹദേന്മാരെയും മൗദ്യാനന്മാരെയും സ
കല പരിശുദ്ധന്മാരെയും ഞങ്ങൾ ഓർക്കുന്നു അവരു
ടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയാകേണമെ, കുറി
യേലായിസ്സോൻ.

അഞ്ചാമത്തെ തുബ്ദേൻ

ആമ്മീൻ നിഖ്യായിലും കുസ്തന്തീനോപ്പോലീ
സിലും എഫെസൂസിലും ഉണ്ടായ മൂന്നു സുന്നഹദോ
സുകളെയും അവയിൽ ഉൾപ്പെട്ട സകലശുദ്ധമുള്ള
ബാവാന്മാരെയും ഞങ്ങൾ ഓർക്കുന്നു, അവരുടെ പ്രാ



കുർബാനക്രമം ൧൨൭

ർത്ഥന ഞങ്ങൾക്കു കൊട്ടയാകേണമേ കുറിയേലാ
യിസ്സോൻ.

ആറാമത്തെ തുബ്ദേൻ|


ആമ്മീൻ കർത്താവെ! സത്യവിശ്വാസികളായ
സകല മരിച്ചവരെയും നീ അവസാനനാളിൽ ഉയ
ർപ്പിച്ചു അനുകൂലമാക്കി അവരോടുകൂടെ പരമപദമാവ
നത്തിന്നു ഞങ്ങളെയും യോഗ്യമുള്ളവരാക്കി ആകാ
ശമോക്ഷത്തിൽ ചേർത്തു കൊള്ളേണമെ, കുറിയേലാ
യിസ്സോൻ, കുറിയേലായിസ്സോൻ.

ഇതിന്റെ ശേഷം

ദൈവമെ! മനസ്സോടും മനസ്സുകൂടാതെയും
അറിവോടും അറിവുകൂടാതെയും നിന്റെ തിരുമ
മ്പാകെ ഞങ്ങളും അവരും ചെയ്തിട്ടുള്ള സകല കുററ
ങ്ങളെയും ക്ഷമിച്ചു ആശ്വസിപ്പിക്കേണമെ. ആ
മ്മീൻ.

ഇതിന്റെ ശേഷം

നിന്റെ തിരുനാമം യഥാപ്രകാരം ഇരിക്കു
ന്നു. തലമുറ തലമുറയായി എന്നേക്കും അപ്രകാരം
തന്നെ ഇരിക്കുന്നു ആമ്മീൻ.



൭൨൨ കർബാനക്രമം

പട്ടക്കാരൻ ശ്ലോമൊ പറയുമ്പോൾ

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

രണ്ടാമത്തെ റൂശ്മായുടെ ശേഷം

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

ദൈവമെ! നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായിരിക്കേണമെ.

മറയിടുമ്പോൾ

കരുണയുള്ള ദൈവമെ! നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്ന ഞങ്ങളുടെ നമസ്കാരത്തിന്നും അപേക്ഷകൾക്കും നിന്റെ വാതിൽ തുറന്നു നിന്റെ കരുണകൊണ്ടു ഞങ്ങളുടെ യാചനകൾ നല്ലമറാക്കേണമെ. നിന്നെ സേവിക്കുന്നവരുടെ ആവശ്യങ്ങളെ വിരോധിക്കരുതെ കുറിയേലായിസ്സോൻ.

കർത്താവെ! വാഴ്ത്തണമെ അനുഗ്രഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്ന കർത്താവെ നിന്റെ കൃപകൊണ്ടു സമാധാനത്തിന്റെയും ഐക്യതയുടെയും

മാലാകരെയ ഞങ്ങൾക്കു നല്കേണമെ. പള്ളികൾ
ക്കും ദയറാകൾക്കും അവയിലുള്ള പട്ടക്കാൎക്കും സ
ന്നതികൾക്കും സമാധാനവും നല്ലതും പരിപൂൎണ്ണമു
ള്ളതുമായ കാലവും നല്കേണമെ. കൎത്താവെ നല്ല
പ്രവൃത്തികൾകൊണ്ടും നീതിയുള്ള നടപ്പുകൾകൊണ്ടും
ഞങ്ങൾ നിന്റെ ഇഷ്ടന്മാരായ സത്യക്രിസ്ത്യാനിക
ൾ ആയിരിപ്പാൻ നിന്റെ കരുണനിമിത്തം ഞങ്ങ
ളെ യോഗ്യമുള്ളവരാക്കേണമെ. കെട്ടുപൊകാത്ത
തീയിൽനിന്നും ചാകാത്ത പുഴുവിൽനിന്നും കഠിന
മായ അതിവേദനകളിൽനിന്നും കൈപ്പായ കരച്ചി
ലിൽനിന്നും അവസാനമില്ലാത്ത പല്ലുകടിയിൽനി
ന്നും ഞങ്ങളെയും ഞങ്ങളുടെ മരിച്ചവരെയും കൂട്ട
ത്തെ ഒക്കയും നീ രക്ഷിക്കേണമെ. ശപിക്കപ്പെ
ട്ടവരെയും അന്യായക്കാരെയും ദുഷ്ടന്മാരെയും ദഹി
പ്പിക്കുന്ന അഗ്നിയിലെക്കു പൊകുവിൻ എന്നു ഞങ്ങ
ളൊടു അരുളിച്ചെയ്യാറാകരുതെ. എന്റെ പിതാ
വിനാൽ അനുഗ്രഹിക്കപ്പെട്ടവരെ ലോകാരംഭത്തി
നുമുമ്പെ നിങ്ങൾക്കു ഒരുക്കപ്പെട്ടിരിക്കുന്ന സ്വൎഗ്ഗരാ
ജ്യം അനുഭവിച്ചുകൊൾവിൻ എന്നു അരുളിച്ചെയ്യ

൧൩൦ കൎബ്ബാനക്രമം

ന്ന സന്തോഷമുള്ള ശബ്ദംകേൾപ്പാൻ നിന്റെ കരുണനിമിത്തം ഞങ്ങളെ യോഗ്യമുള്ളവരാക്കേണമെ. സൎവ്വശക്തിയുള്ള പിതാവെ നിന്നെ ഞങ്ങൾ സ്തോത്രംചെയ്തു നിന്റെ ഏകപുത്രനെ വന്ദിച്ചു ജീവനും ശുദ്ധവുമുള്ള റൂഹായെ ഞങ്ങൾ സ്തുതിക്കുന്നു. കൃപയുള്ള കൎത്താവെ! നിന്റെ തൃക്കയ്യിൽ ഞങ്ങളുടെ ജീവനെ ഭരമേല്പിക്കുന്ന കൎത്താവെ കരുണയുണ്ടായി ഞങ്ങളെ അനുഗ്രഹിക്കേണമെ.

മറനീക്കിയശേഷം

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി

പട്ടക്കാരൻ ശ്ലോമൊ പറയുമ്പോൾ

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

ദൈവമായ കൎത്താവെ! നിന്റെ തിരുമുമ്പിൽ ഞങ്ങൾ തലകൾ കുനിക്കുന്നു.

മൂന്നാമത്തെ റൂശ്മായുടെ ശേഷം

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായി
രിക്കട്ടെ. ശുദ്ധവും മഹത്വവുമുള്ള മൂന്നത്വ
മെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേ
ണമെ,

പീലാസപൊക്കുമ്പോൾ

ബാറെക്ക മാർ കർത്താവെ! കൃപയോ
ടു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണ
മെ. പരിശുദ്ധ ഏകപിതാവും പരിശുദ്ധ
ഏകപുത്രനും പരിശുദ്ധ ഏകറൂഹായുമല്ലാ
തെ പരിശുദ്ധർ ഇല്ല.

കാസാപൊക്കുമ്പോൾ

ബാറെക്കമോർ നിത്യകനായിരിക്കു
ന്ന പിതാവിന്നും പുത്രനും ശുദ്ധമുള്ള റൂഹാ
ക്കും സ്തുതി. ആമ്മീൻ ആമ്മീൻ ആമ്മീൻ.


ഇതിന്റെ ശേഷം

മൂന്നാളുന്നമുള്ള ദൈവമെ! നിന്റെ

അനുഗ്രഹങ്ങളാൽ ഞങ്ങളോടു മനോഗുണംചെയ്യുന്നമെ നാം ദൈവത്തിന്റെ മക്കളായിരിപ്പാൻ അവർ ജീവിച്ചിരുന്നപ്പൊൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ പ്രാർത്ഥനകളിലും കുർബാനയിലും നാം ഓർക്കണം. അറിവില്ലാത്ത ലോകത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ അനുകൂലമാക്കും. കർത്താവെ ഞങ്ങളെ അനുഗ്രഹിച്ച സഹായിക്കേണമെ ആമ്മീൻ.

ബസമല്ലാ ഹ്ന്ന ആദിയായുള്ള പ
ചൊല്ലിനിത്തുമ്പോൾ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ: കുറിയേലായിസ്സോൻ ഞങ്ങളുടെ കർത്താവെ ഞങ്ങളുടെമേൽ അനുഗ്രഹംചെ


കർബ്ബാനക്രമം ൧൩

ക്കെണമെ. ഞങ്ങളുടെ കർത്താവെ കൃപയൊ
ടു ഞങ്ങളുടെമെൽ അനുഗ്രഹം ചെയ്യെണ
മെ. ഞങ്ങളുടെ കർത്താവെ ഉത്തരമരുളി
ചെയ്തു ഞങ്ങളുടെമെൽ അനുഗ്രഹം ചെയ്യെ
ണമെ. ഞങ്ങളുടെ കർത്താവെ നിനക്കസ്തു
തി ഞങ്ങളുടെ കർത്താവെ! നിനക്കസ്തുതി
എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമെ നി
നക്കസ്തുതി ബാറെക്കുമാർ.

ആകാശത്തിലുള്ള ഞങ്ങളുടെ
ബാവാ ഇത്യാദി.

രണ്ടാമത്തെ മായിട്ടുമ്പൊൾ


പിതാവു മക്കളെ സ്നേഹിക്കുന്നപ്രകാ
രം ദൈവം തന്നെ ഭയപ്പെടുന്നവരെ സ്നേഹി
ക്കുന്നു. കർത്താവെ നിന്റെ കല്പനയാൽ മര
ണം അധികാരം ചെയ്തിരുന്ന ഉൾചിത്ത
ഴുമാറപ്പെട്ടുകൊണ്ട് അവരു മായിച്ചുകളഞ്ഞതി

13

നാൽ നിനക്കസ്തുതി. കർത്താവെ സകല വാ
യും നിന്നെസ്തുതിക്കും. ആദാമിന്റെ സന്ത
തിയെ സകലദിക്കിൽനിന്നും കൂട്ടിച്ചേർക്കു
ന്നകർത്താവെ ഞങ്ങളെ അനുഗ്രിച്ചു സഹാ
യിക്കണമെ. നിന്റെ മരണത്താൽ ഞങ്ങ
ളുടെ മരണത്തെ ജീവിപ്പിച്ചവനായ ദൈ
വത്തിന്റെ പുത്രാ! ഞങ്ങൾ അട്ടഹസിച്ചു
നിനക്കു സ്തുതിപാടുവാൻ മണ്ണിൽനിന്നു
ഞങ്ങളെ ഉയർത്തെഴുന്നെല്പിക്കണമെ. പി
താവും പുത്രനും പരിശുദ്ധാത്മാവും വന്ദി
ക്കപ്പെട്ട സ്തുതിക്കപ്പെടുന്നു. ആദിമുതൽ ത
ലമുറതലമുറവരെക്കും നിനക്കസ്തുതി ഹല്ലെ
ലുയ്യാ.

കാസായും പീലാസായും എടുത്തു
പടിഞ്ഞാട്ടു തിരിയുമ്പോൾ

ആമ്മീൻ ആമ്മീൻ





ഞങ്ങളുടെ കർത്താവെ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യെണമെ. ഞങ്ങളുടെ കർത്താവെ ദയയൊടെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യെണമെ. ഞങ്ങളുടെ കർത്താവെ! ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യെണമെ. ഞങ്ങളുടെ കർത്താവെ! നിനക്കസ്തുതി ഞങ്ങളുടെ കർത്താവെ! നിനക്കസ്തുതി എന്നെക്കും ഞങ്ങൾക്കുള്ള ശരണവുമെ നിനക്കസ്തുതി. ബാറെക്മൊർ.

കിഴക്കോട്ടു തിരിയുമ്പോൾ

ഭൂലോകം മുഴുവനും നിന്നെ മുട്ടുകുത്തി വന്ദിക്കും സകല നാവുകളും നിന്റെ തിരുനാമത്തിന്നു സ്തുതി ചെയ്യും മരിച്ചവരെ ഉയർത്തെഴുന്നെല്പിക്കുന്നവനും അവരുടെ നല്ല ആശാബന്ധവും നീയാകയാൽ നിന്റെ

ഉത്തമ ഗുണത്തിന്നുവേണ്ടി നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ആമ്മീൻ:

പട്ടക്കാരൻ ശ്ലോമൊ പറയുമ്പോൾ

നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ,

ഞങ്ങളുടെ ദൈവമായ കൎത്താവെ! നിന്റെ തിരുസന്നിധിയിൽ ഞങ്ങൾ തലകൾ കുനിക്കുന്നു ആമ്മീൻ ബാറെക്കുമോർ:

ഊത്തൊമോ ചൊല്ലിത്തീരുമ്പോൾ

എന്റെ കൎത്താവെ! പട്ടക്കാരൻ കഴിച്ചിട്ടുള്ള ഈ പൂജയിൽ നിനക്കതിരുവുള്ളം ഉണ്ടാകെണമെ. സ്വർഗ്ഗസ്ഥന്മാർ അതിൽ സന്തോഷിക്കെണമെ, വിശ്വാസികളായി മരിച്ചവർ അതിനാൽ പുണ്യപ്പെടുകയും ചെയ്യെണമെ.

ഒടുക്കത്തെ റൂശ്മാ കഴിയുമ്പോൾ

കർത്താവു നിന്റെകുർബ്ബാന കൈക്കൊ
ണ്ടവരിന്റെ പ്രാർത്ഥന നിമിത്തം ഞങ്ങളെ
സഹായിക്കുമാറാകട്ടെ ആമ്മീൻ:

ഒരു കൌമ നമസ്കരിക്കേണം

കുർബ്ബാന അനുഭവിക്കുമ്പോൾ

കർത്താവെ! ആത്മാവിന്റെയും ശരീരത്തി
ന്റെയും വൈദ്യത്തിന്നും പാപമോചനത്തി
ന്നുമായി നല്കപ്പെട്ടിരിന്ന ശുദ്ധമുള്ള ശരീര
വും വിലമതിക്കാവതല്ലാത്ത തിരുരക്തവും
ഞാനനുഭവിക്കുന്നു. അതിനാൽ എന്റെ
പാപങ്ങളും സകല കുറവുകളും നീ ക്ഷമിച്ചു
എന്നെ ശുദ്ധമാക്കേണമെ ആമ്മീൻ

ഭക്ഷണത്തിന്നുമുമ്പു.

കർത്താവെ! നിന്റെകൃപയാൽ ഭക്ഷി
പ്പാനും പാനംചെയ്വാനും നീ ഞങ്ങൾക്കു ത

# കുർബാനക്രമം

## പള്ളിയിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ടത്.

ദൈവമെ! നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ചു നിന്റെ സിംഹാസനത്തിൻ മുമ്പാകെ ഞാൻ വന്ദിച്ചു. സ്വർഗ്ഗസ്ഥനായ രാജാവെ നിനക്കു വിരോധമായി ഞാൻ ചെയ്തിട്ടുള്ള സകല പാപങ്ങളേയും എന്നോടു ക്ഷമിക്കേണമെ.

## കുറുബാനക്കു മുമ്പുള്ള ഒരു പ്രത്യേക അപേക്ഷ

പ്രകാശം നിറഞ്ഞിരിക്കുന്ന ഈശോതമ്പുരാനെ സകലസൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന സത്യമുള്ള പ്രകാശം നീയാകയാൽ പ്രകാശത്തെ ഞങ്ങൾ കാണുന്നതു നിന്റെ പ്രകാശം കൊണ്ടാകുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ശോഭയുള്ള കതിരായുള്ളോവെ നിന്റെ പ്രകാശം കൊണ്ടു ഞങ്ങളെ പ്രകാശിപ്പിക്കേണമെ. പ്രകാശത്തട്ടിൽ വസിക്കുന്ന പരിശുദ്ധനും പാപങ്ങളെ ക്ഷമിക്കുന്നവനുമായ കർത്താവെ ദുർവ്വികാരങ്ങളേയും നിന്ദ്യമായുള്ള നിരൂപണകളേയും ഞങ്ങളിൽ നിന്നു അകറ്റി ഹൃദയവെടിപ്പോടെ നീതിയുള്ള പ്രവൃത്തികളെ ചെയ്‌വാൻ ഞങ്ങൾക്കു കൃപ നല്കേണമെ ആമ്മീൻ.

## കുറുബാന തുടങ്ങുമ്പോൾ

സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഏകപുത്രനും വചനവും രാജാവുമായ ഞങ്ങളുടെ കർത്താവെ നിന്നെ പ്രസവിച്ച അമ്മയുടേയും നിന്റെ സകല പരിശുദ്ധന്മാരുടേയും നമസ്ക്കാരത്താൽ നിന്നെ ഞങ്ങൾ പുകഴ്ത്തും. സ്വഭാവത്തിൽ മരണമില്ലാത്തവനായി സകല മനുഷ്യരുടേയും ജീവനിൽ ദയ തോന്നി അവരുടെ രക്ഷയ്ക്കുവേണ്ടി തന്റെ കൃപയാൽ വന്നു ശുദ്ധവും വെടിപ്പും മഹത്വവുമുള്ള ദൈവത്തെ പ്രസവിച്ച കന്യകമറിയത്തിൽ നിന്നു ശരീരമെടുത്തു ഭേദംകൂടാതെ മനുഷ്യപുത്രനായി ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടു തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവട്ടിക്കൊന്നവനായി ശുദ്ധമുള്ള മുന്മത്വത്തിൽ ഒരുവനും തന്റെ പിതാവിനോടും ശുദ്ധമുള്ള റൂഹായോടുംകൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനുമായ മ്ശിഹാതമ്പുരാനെ ഞങ്ങൾ എല്ലാവരുടേയും മേൽ കൃപ ചെയ്യേണമെ.

ദൈവമെ നീ ശുദ്ധമുള്ളവനാകുന്നു ഇത്യാദി

## ശ്ലീഹാ വായിക്കുമ്പോൾ

ശ്ലീഹന്മാരുടെ ഉടയവനു സ്തുതി. അവരുടെ നമസ്ക്കാരം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ ആമ്മീൻ.

### ഏവൻഗേലിയോൻ വായിക്കുന്നതിന്നു മുമ്പു പട്ടക്കാരൻ ശ്ലോമ്മാ പറയുമ്പോൾ

ആയതിനു ദൈവമായ കർത്താവു നിന്റെ ആത്മാവോടുകൂടെ ഞങ്ങളേയും യോഗ്യമാക്കുമാറാകട്ടെ.

### അതിന്റെ ശേഷം

വന്നവനും വരുവാനിരിക്കുന്നവനും സ്തോത്രം ചെയ്യപ്പെട്ടവനാകുന്നു. തന്നെ അയച്ച പിതാവിന്നു സ്തുതി. തന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ മേൽ എല്ലായ്പോഴും വസിക്കുമാറാകട്ടെ.

### അതിന്റെ ശേഷം

അപ്രകാരം ഞങ്ങൾ വിശ്വസിച്ചു ഏറ്റുപറയുന്നു.

### ഏവൻഗേലിയോൻ വായിച്ചു കഴിയുമ്പോൾ

പുറജാതികളുടെ ഇടയിൽ നിന്റെ ഏവൻഗേലിയോൻ അറിയിച്ചവരായ നിന്റെ നിബ്യന്മാരെയും ശ്ലീഹന്മാരെയും ജയിച്ചു കിരീടം ലഭിച്ചവരായ നീതിമാന്മാരേയും പുണ്യവാന്മാരേയും നിന്റെ തിരുനാമത്തിനുവേണ്ടി കഷ്ടതകളും ഞെരുക്കങ്ങളും സഹിച്ചവരായ സഹദേന്മാരേയും വിശ്വാസികളായി മരിച്ചവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കേണമെ.

### ശുശ്രൂഷക്കാരൻ സ്തൌമെൻകാലോസ് ചൊല്ലുമ്പോൾ

കുറിയേലായിസ്സോൻ.

### പട്ടക്കാരൻ നാമെല്ലാവരും പ്രാർത്ഥിച്ചു എന്നതു ചൊല്ലുമ്പോൾ

കരുണയുള്ള കർത്താവെ; ഞങ്ങളെ സഹായിക്കേണമെ.

### ധൂപക്കുറ്റിയിൽ കുന്തുരുക്കം ഇടുമ്പോൾ

ബാറെക്മോർ. അനുഗ്രഹമുള്ള കർത്താവേ! ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കേണമെ.

### പട്ടക്കാരൻ സേദറാ ചൊല്ലി നിർത്തുമ്പോൾ

ആമ്മീൻ. കർത്താവു നിന്റെ ശുശ്രൂഷ കൈക്കൊണ്ടു നിന്റെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുമാറാകട്ടേ.

### ധൂപക്കുറ്റി വാഴ്ത്തുമ്പോൾ

ആമ്മീൻ. ആമ്മീൻ. ആമ്മീൻ.

**ധൂപംവീശി പടിഞ്ഞാട്ടു വരുമ്പോൾ**

വിശ്വാസപ്രമാണം.

**ശുശ്രൂഷക്കാരൻ വിശ്വാസപ്രമാണം ചൊല്ലിനിർത്തുമ്പോൾ**

ആമ്മീൻ.

**രണ്ടു പേജ് മാറ്റർ വിട്ടുപോയി. ഫോട്ടോസ്റ്റാററിൽ ഇല്ല**

നിന്റെ ഉയർത്തെഴുന്നേല്പിനെ ഞങ്ങൾ ഏറ്റുപറഞ്ഞു നിന്റെ രണ്ടാമത്തെ വരവിന്നായിട്ടു, നോക്കിപ്പാർക്കുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെമേലും എന്നെക്കും ഉണ്ടായിരിക്കേണമെ.

**ഇതിന്റെ ശേഷം**

സർവ്വശക്തിയുള്ള പിതാവായ ദൈവമേ! ഞങ്ങളെ അനുഗ്രഹിക്കേണമെ. ദൈവമായ കർത്താവെ! നിന്നെ ഞങ്ങൾ സ്തുതിക്കയും സ്തോത്രം ചെയ്കയും വന്ദിക്കയും ചെയ്യുന്നു. ഉത്തമനായുള്ളോവേ! കൃപയോടെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**പട്ടക്കാരൻ അനീമൊറിയോ ചൊല്ലിയശേഷം**

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ആമ്മീൻ, ആമ്മീൻ.

**ഒന്നാമത്തെ തുബ്ദേൻ**

ആമ്മീൻ. നാലു ഭാഗങ്ങളിലുള്ള ശുദ്ധമുള്ള പള്ളികളെ ഭരിക്കുന്നവരായ സകല മേല്പട്ടക്കാരേയും ഞങ്ങളുടെ ബാവാ മാർ ഇഗ്നാത്യോസു പാത്രിയർക്കീസിനെയും പ്രത്യേകം ഇന്നു ഞങ്ങളെ പരിപാലിച്ചു വരുന്ന മേല്പട്ടക്കാരനേയും കശ്ശീശന്മാർ ശെമ്മാശന്മാർ മുതലായ പട്ടത്വത്തിന്നടുത്തവരെ എല്ലാവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയാകെണമെ കുറിയേലായിസ്സോൻ.

**രണ്ടാമത്തെ തുബ്ദേൻ**

ആമ്മീൻ, കർത്താവെ! വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ ഞങ്ങളുടെ സഹോദരന്മാർ എല്ലാവരെയും നീ ഓർത്തു നിന്റെ സഹായങ്ങളാൽ അവരെ സഹായിച്ചു ആശ്വസിപ്പിക്കേണമെ കുറിയേലായിസ്സോൻ.

### മൂന്നാമത്തെ തുബ്ദേൻ

ആമ്മീൻ കർത്താവെ വിശ്വാസികളായ സകല രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ഈ നാട്ടിന്റെ രാജാവിന്നും രാജകുടുംബത്തിന്നും അധികാരം നടത്തുന്നവർക്കും വേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ജ്ഞാനവും നന്മചെയ്യുന്നതിനുള്ള മനസ്സും അവർക്കു കൊടുത്തു നിന്റെ നോട്ടത്തിൻകീഴു അവരെ നടത്തേണമെ. കുറിയേലായിസ്സോൻ.

### നാലാമത്തെ തുബ്ദേൻ

ആമ്മീൻ ഭൂമിയിലുള്ള സകല ഗോത്രങ്ങളാലും മഹത്വപ്പെട്ടിരിക്കുന്നവളും ഭാഗ്യത്തിനു യോഗ്യതയും ശുദ്ധവും വെടിപ്പുമുള്ളവളും അനുഗ്രഹിക്കപ്പെട്ടവളും എല്ലായ്പോഴും കന്യകയും ഭാഗ്യവതിയുമായ തമ്പുരാനെ പ്രസവിച്ച കന്യകമറിയത്തേയും ശുദ്ധമുള്ളവരായ നിബ്യന്മാരെയും ശ്ലീഹന്മാരെയും അറിയിപ്പുകാരേയും ഏവൻഗേലിസ്തന്മാരേയും സഹദേന്മാരെയും മൌദ്യാനന്മാരെയും സകല പരിശുദ്ധന്മാരെയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയാകേണമെ, കുറിയേലായിസ്സോൻ.

### അഞ്ചാമത്തെ തുബ്ദേൻ

ആമ്മീൻ നിഖ്യായിലും കുസ്തന്തീനോസ്പൊലീസിലും എഫെസൂസിലും ഉണ്ടായ മൂന്നു സുന്നാദോസുകളെയും അവയിൽ ഉൾപ്പെട്ട സകല ശുദ്ധമുള്ള ബാവാന്മാരെയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയാകേണമേ കുറിയേലായിസ്സോൻ.

### ആറാമത്തെ തുബ്ദേൻ

ആമ്മീൻ കർത്താവെ! സത്യവിശ്വാസികളായ സകല മരിച്ചവരെയും നീ അവസാനനാളിൽ ഉയർപ്പിച്ചു അനുകൂലമാക്കി അവരൊടുകൂടെ പാപമോചനത്തിനു ഞങ്ങളെയും യോഗ്യമുള്ളവരാക്കി ആകാശമോക്ഷത്തിൽ ചേർത്തുകൊള്ളേണമെ. കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

### ഇതിന്റെ ശേഷം

ദൈവമെ! മനസ്സൊടും മനസ്സുകൂടാതെയും അറിവൊടും അറിവുകൂടാതെയും നിന്റെ തിരുമുമ്പാകെ ഞങ്ങളും അവരും ചെയ്തിട്ടുള്ള സകല കുറ്റങ്ങളെയും ക്ഷമിച്ചു ആശ്വസിപ്പിക്കെണമെ. ആമ്മീൻ.

### ഇതിന്റെ ശേഷം

നിന്റെ തിരുനാമം യഥാപ്രകാരം ഇരിക്കുന്നു. തലമുറ തലമുറയായി എന്നെക്കും അപ്രകാരം തന്നെ ഇരിക്കുന്നു ആമ്മീൻ.

**പട്ടക്കാരൻ ശ്ലൊമൊ പറയുമ്പോൾ**

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

**രണ്ടാമത്തെ റൂശ്മായുടെ ശേഷം**

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ. ദൈവമെ! നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായിരിക്കേണമെ.

**മറയിടുമ്പോൾ**

കരുണയുള്ള ദൈവമെ! നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. ഞങ്ങളുടെ നമസ്ക്കാരത്തിനും അപേക്ഷകൾക്കും നിന്റെ വാതിൽ തുറന്നു നിന്റെ കരുണകൊണ്ടു ഞങ്ങളുടെ യാചനകൾ നൽകുമാറാകണമെ. നിന്നെ സേവിക്കുന്നവരുടെ ആവശ്യങ്ങളെ വിരോധിക്കരുതെ കുറിയേലായിസ്സോൻ.

കർത്താവേ! വാഴ്ത്തെണമെ. അനുഗ്രഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്ന കർത്താവെ നിന്റെ കൃപകൊണ്ടു സമാധാനത്തിന്റെയും ഐക്യതയുടെയും മാലാകായെ ഞങ്ങൾക്കു നല്കേണമെ. പള്ളികൾക്കും ദയറാകൾക്കും അവയിലുള്ള പട്ടക്കാർക്കും സന്തതികൾക്കും സമാധാനവും നല്ലതും പരിപൂർണ്ണമുള്ളതുമായ കാലവും നല്കേണമെ. കർത്താവെ നല്ല പ്രവൃത്തികൾകൊണ്ടും നീതിയുള്ള നടപ്പുകൾകൊണ്ടും ഞങ്ങൾ നിന്റെ ഇഷ്ടന്മാരായ സത്യക്രിസ്ത്യാനികൾ ആയിരിപ്പാൻ നിന്റെ കരുണ നിമിത്തം ഞങ്ങളെ യോഗ്യമുള്ളവരാക്കെണമെ. കെട്ടുപൊകാത്ത തീയിൽനിന്നും ചാകാത്ത പുഴുവിൽനിന്നും കഠിനമായ അതിവേദനകളിൽനിന്നും കൈപ്പായ കരച്ചിലിൽനിന്നും അവസാനമില്ലാത്ത പല്ലുകടിയിൽനിന്നും ഞങ്ങളെയും ഞങ്ങളുടെ മരിച്ചവരെയും കൂട്ടത്തെ ഒക്കെയും നീ രക്ഷിക്കേണമെ. ശപിക്കപ്പെട്ടവരെയും അന്യായക്കാരെയും ദുഷ്ടന്മാരെയും ദഹിപ്പിക്കുന്ന അഗ്നിയിലെക്കു പൊകുവിൻ എന്നു ഞങ്ങളൊടു അരുളിച്ചെയ്യുമാറാകരുതെ. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ ലോകാരംഭത്തിനുമുമ്പെ നിങ്ങൾക്കു ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യം അനുഭവിച്ചുകൊൾവിൻ എന്നു അരുളിച്ചെയ്യുന്ന സന്തോഷമുള്ള ശബ്ദം കേൾപ്പാൻ നിന്റെ കരുണനിമിത്തം ഞങ്ങളെ യൊഗ്യമുള്ളവരാക്കേണമെ. സർവ്വശക്തിയുള്ള പിതാവെ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്തു നിന്റെ ഏകപുത്രനെ വന്ദിച്ചു ജീവനും ശുദ്ധവുമുള്ള റൂഹായെ ഞങ്ങൾ സ്തുതിക്കുന്നു. കൃപയുള്ള കർത്താവെ! നിന്റെ തൃക്കയ്യിൽ ഞങ്ങളുടെ ജീവനെ ഭരമേല്പിക്കുന്ന കർത്താവെ കരുണയുണ്ടായി ഞങ്ങളെ അനുഗ്രഹിക്കേണമെ.

**മറനീക്കിയശേഷം**

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി

**പട്ടക്കാരൻ ശ്ലോമൊ പറയുമ്പോൾ**

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

ദൈവമായ കർത്താവെ! നിന്റെ തിരുമുമ്പിൽ ഞങ്ങൾ തലകൾ കുനിക്കുന്നു.

**മൂന്നാമത്തെ റൂശ്മായുടെ ശേഷം**

നിന്റെ ആത്മാവോടുകൂടേയും ഉണ്ടായിരിക്കട്ടെ. ശുദ്ധവും മഹത്വവുമുള്ള മുന്മത്വമെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ.

**പീലാസപൊക്കുമ്പോൾ**

ബാറെക്മോർ കർത്താവെ! കൃപയോടു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. പരിശുദ്ധ ഏകപിതാവും പരിശുദ്ധ ഏകപുത്രനും പരിശുദ്ധ ഏകറൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല.

**കാസാപൊക്കുമ്പോൾ**

ബാറെക്മോർ നിത്യേകനായിരിക്കുന്ന പിതാവിന്നും പുത്രനും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതി. ആമ്മീൻ ആമ്മീൻ ആമ്മീൻ.

**ഇതിന്റെ ശേഷം**

മനോഗുണമുള്ള ദൈവമെ! നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളോടു മനോഗുണം ചെയ്യേണമെ. നാം ദൈവത്തിന്റെ മക്കളായിരിപ്പാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ പ്രാർത്ഥനകളിലും കുറുബാനയിലും നാം ഓർക്കണം. അറിവില്ലാത്ത ലോകത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ അനുകൂലമാക്കും. കർത്താവെ ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കേണമെ. ആമ്മീൻ.

**ബസ്മല്ക്കാ എന്ന ആദിയായുള്ളവ ചൊല്ലിനിർത്തുമ്പോൾ**

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ: കുറിയേലായിസ്സോൻ. ഞങ്ങളുടെ കർത്താവെ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവെ കൃപയോടു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവെ ഉത്തരമരുളി ചെയ്തു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവെ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവെ! നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള

ശരണവുമെ നിനക്കു സ്തുതി. ബാറെക്മോർ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി.

**രണ്ടാമത്തെ മറയിടുമ്പോൾ**

പിതാവു മക്കളെ സ്നേഹിക്കുന്നപ്രകാരം ദൈവം തന്നെ ഭയപ്പെടുന്നവരെ സ്നേഹിക്കുന്നു. കർത്താവെ നിന്റെ കല്പനയാൽ മരണം അധികാരം ചെയ്തു നിന്റെ ഉയർത്തെഴുന്നേൽപുകൊണ്ടു അതു മായിച്ചുകളഞ്ഞതിനാൽ നിനക്കു സ്തുതി. കർത്താവെ സകല വായും നിന്നെ സ്തുതിക്കും. ആദാമിന്റെ സന്തതിയെ സകല ദിക്കിൽനിന്നും കൂട്ടിച്ചേർക്കുന്ന കർത്താവെ ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കേണമെ. നിന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ചവനായ ദൈവത്തിന്റെ പുത്രാ! ഞങ്ങൾ അട്ടഹസിച്ചു നിനക്കു സ്തുതി പാടുവാൻ മണ്ണിൽനിന്നു ഞങ്ങളെ ഉയർത്തെഴുന്നേല്പിക്കേണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവും വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നു. ആദിമുതൽ തലമുറതലമുറവരെക്കും നിനക്കു സ്തുതി ഹല്ലേലുയ്യാ.

**കാസായും പീലാസായും എടുത്തു പടിഞ്ഞാട്ടു തിരിയുമ്പോൾ**

ആമ്മീൻ ആമ്മീൻ

ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവെ ദയയോടെ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവെ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവെ! നിനക്കു സ്തുതി. എന്നെക്കും ഞങ്ങൾക്കുള്ള ശരണവുമെ നിനക്കുസ്തുതി. ബാറെക്മോർ.

**കിഴക്കോട്ടു തിരിയുമ്പോൾ**

ഭൂലോകം മുഴുവനും നിന്നെ മുട്ടുകുത്തി വന്ദിക്കും. സകല നാവുകളും നിന്റെ തിരുനാമത്തിനു സ്തോത്രം ചെയ്യും. മരിച്ചവരെ ഉയർത്തെഴുന്നെല്പിക്കുന്നവനും അവരുടെ നല്ല ആശാബന്ധവും നീയാകയാൽ നിന്റെ ഉത്തമ ഗുണത്തിനുവേണ്ടി നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ആമ്മീൻ:

**പട്ടക്കാരൻ ശ്ലോമൊ പറയുമ്പോൾ**

'നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.'

ഞങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ തിരുസന്നിധിയിൽ ഞങ്ങൾ തലകൾ കുനിക്കുന്നു. ആമ്മീൻ ബാറെക്മോർ:

### ഊത്താമൊ ചൊല്ലി നിർത്തുമ്പോൾ

എന്റെ കർത്താവേ! പട്ടക്കാരൻ കഴിച്ചിട്ടുള്ള ഈ പൂജയിൽ നിനക്കു തിരുവുള്ളം ഉണ്ടാകെണമെ. സ്വർഗ്ഗദൂതന്മാർ അതിൽ സന്തോഷിക്കണമെ, വിശ്വാസികളായി മരിച്ചവർ അതിനാൽ പുണ്യപ്പെടുകയും ചെയ്യെണമെ.

### ഒടുക്കത്തെ റൂശ്മാ കഴിയുമ്പോൾ

കർത്താവു നിന്റെ കുറുബാന കൈക്കൊണ്ടു നിന്റെ പ്രാർത്ഥന നിമിത്തം ഞങ്ങളെ സഹായിക്കുമാറാകട്ടെ. ആമ്മീൻ:

ഒരു കേൗമ നമസ്ക്കരിക്കേണം

### കുറുബാന അനുഭവിക്കുമ്പോൾ

കർത്താവേ! ആത്മാവിന്റെയും ശരീരത്തിന്റെയും വൈദ്യത്തിന്നും പാപമോചനത്തിന്നുമായി നല്കപ്പെട്ടിരിക്കുന്ന ശുദ്ധമുള്ള ശരീരവും വിലമതിക്കാവതല്ലാത്ത തിരുരക്തവും ഞാനനുഭവിക്കുന്നു. അതിനാൽ എന്റെ പാപങ്ങളും സകല കുറ്റങ്ങളും നീ ക്ഷമിച്ചു എന്നേ ശുദ്ധമാക്കേണമേ ആമ്മീൻ.

# 4

# നമസ്ക്കാരക്രമങ്ങളും 19–ാം നൂറ്റാണ്ടിലെ നവീകരണവും

നവീകരണ വിഭാഗത്തിന്റെ നേതാവും രാജകീയ വിളംബരത്തിന്റെ മാത്രം പിൻബലത്തിൽ മലങ്കര മെത്രാപ്പോലീത്താ എന്ന് അറിയപ്പെടുകയും ചെയ്ത പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ പ്രാർത്ഥനാക്രമത്തിന്റെ ആദ്യ ഭാഗത്ത് മൂന്ന് വ്യത്യസ്തതകൾ ശ്രദ്ധേയം.

1. ബാവായുടെയും പുത്രന്റെയും ശുദ്ധമുള്ള റൂഹായുടെയും നാമത്തിൽ തനിക്ക് സ്തുതി എന്ന് വിവർത്തനം ചെയ്യേണ്ടുന്ന കൗമ്മാഭാഗം 'ബാവായ്ക്കും പുത്രനും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതി' എന്ന് വ്യത്യാസപ്പെടുത്തിയിരിക്കുന്നു.

2. കൗമ്മായുടെ അവസാന ഭാഗത്ത് 'നന്മ (കൃപ) നിറഞ്ഞ മറിയമേ' എന്ന ഭാഗം വിട്ടുകളഞ്ഞിരിക്കുന്നു.

3. കൗമ്മാ കഴിഞ്ഞു ഉടനെ ചൊല്ലുന്ന മാർ ബാലായിയുടെ 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ' എന്ന ബോവൂസോ (അപേക്ഷ) വിട്ടുകളഞ്ഞിരിക്കുന്നു.

(ഇടയിൽ 'കൃപ നിറഞ്ഞ മറിയമേ...' ഇത്യാദിയിൽ ദൈവമാതാവിനോടുള്ള മധ്യസ്ഥതയും മാർ ബാലായിയുടെ അപേക്ഷയിൽ മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും അടങ്ങിയതിനാലാണ് നവീകരണ മെത്രാൻ അവയെ തന്ത്രപൂർവ്വം ഒഴിവാക്കിയതും ഒഴിവാക്കിയ കാര്യം മറച്ചുവച്ചതും).

നവീകരണ നേതാവായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നമസ്ക്കാരക്രമത്തിന് ബദലായി പുലിക്കോട്ടിൽ യൗസേഫ് കത്തനാർ പ്രസിദ്ധീകരിച്ച ക്രമത്തിൽ കൗമ്മായുടെ ആരംഭം സുറിയാനി കൗമ്മായുടെ തനി വിവർത്തനം തന്നെ എന്ന് ശ്രദ്ധിക്കുക. കൗമ്മായുടെ ഒടുവിൽ 'നന്മ (കൃപ) നിറഞ്ഞ മറിയമേ' ഇത്യാദി പ്രാർത്ഥന ചേർത്തിരിക്കുന്നു. കൗമ്മാ കഴിഞ്ഞ് 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ' എന്നാരംഭിക്കുന്ന മാർ ബാലായിയുടെ അപേക്ഷയും ഇതിൽ ചേർത്തിരിക്കുന്നു.

പ്രാർത്ഥനക്രമത്തിൽ കാണുന്ന ഈദൃശമായ സൂക്ഷ്മവ്യത്യാസം തിരിച്ചറിവാൻ വേണ്ടത്ര പ്രാപ്തിയില്ലാത്തതിനാലാകാം ചില ആധുനിക

ചരിത്ര ഗവേഷകർക്ക് പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെ നവീകരണ നേതാവായി കാണുവാൻ കഴിയാതെ പോയത്. *കണ്ടനാട് ഗ്രന്ഥവരി*യിൽ, പാലക്കുന്നത്ത് മാർ അത്താനാസ്യോസിന്റെ നവീകരണ പ്രവർത്തനങ്ങളെപ്പറ്റിയും വിശ്വാസകാര്യങ്ങളിൽ അദ്ദേഹം പുലർത്തിയ വ്യത്യസ്തതകളെപ്പറ്റിയും അദ്ദേഹത്തിന്റെ 'ആലോചനാക്കൂട്ട'ത്തിൽ പ്രശസ്ത അംഗമായിരുന്ന കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ സമകാല നിരീക്ഷണം താഴെ ചേർക്കുന്നത് ശ്രദ്ധിക്കുക:

"..... സുറിയാനിക്കാരുടെ ക്രമപ്രകാരം ഉപ്പ്റൂശ്മാ എന്ന് സാധാരണയായി പറഞ്ഞുവരുന്ന സൈത്തു പൂശൽ മുതലായത് കഴിക്കുകയും ചെയ്തതിന്റെ ശേഷം കൊല്ലം 1052-ാമാണ്ട് കർക്കിടക മാസം 4-ാം തീയതി തിങ്കളാഴ്ച ഈ മാർഗ്ഗവിരോധിയും അനുസരണക്കേടുകാരനുമായ അത്താനാസ്യോസ് എന്ന് പറഞ്ഞുവന്ന മത്തിയാസ് ബലയാർ ഈ ലോകം വിട്ട് മരണം പ്രാപിക്കയും ചെയ്തു. ചൊവ്വാഴ്ച നാൾ സുറിയാനിക്കാരുടെ ക്രമപ്രകാരം മാരാമണ്ണ് പള്ളി മതില്ക്കകത്ത് തന്നെ മേല്പറഞ്ഞ ദ്രോഹിയെ അടക്കം ചെയ്തു. ഇത് സുറിയാനിക്കാരുടെ മാർഗ്ഗവിരോധിയും അനുസരണക്കേടും ആത്മീയ ഭക്തിക്കുറവും അല്ലാതെ യാതൊരു കുറ്റവും പറയാനില്ല. ... സുറിയാനിക്കാരുടെ കാനോനാകൾക്കും ചട്ടത്തിനും വിശ്വാസത്തിനും വിരോധമായി തമ്പുരാനെപ്പെറ്റ മാതാവിനോടും പരിശുദ്ധന്മാരോടും പ്രാർത്ഥിക്കേണ്ടാ എന്നും മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥന വേണ്ട എന്നും ഇവകൾ കൊണ്ട് യാതൊരു ഉപകാരവും ഗുണവും ഇല്ലെന്നത്രേ ഈ ആളിന്റെ വിശ്വാസവും പ്രവൃത്തിയും. ഇവയോട് ചേരുന്നതായ പല വിശ്വാസ വിപരീതവും ഉണ്ടായിരുന്നു. എങ്കിലും വിശ്വാസത്തിൽ മുഖ്യതയും എല്ലാ ജനത്തിനും അറിയപ്പെട്ടതും ഇത് തന്നെ ആയിരുന്നു. *അത് എന്തെന്നാൽ ശുദ്ധിമാന്മാരോടുള്ള പ്രാർത്ഥനയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും നീക്കി സുറിയാനിക്കാർക്ക് പല നമസ്ക്കാര പുസ്തകങ്ങളും അടിപ്പിച്ച് പ്രസിദ്ധം ചെയ്തു*" (*കണ്ടനാട് ഗ്രന്ഥവരി*, എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ, പു. 404, 405, 2008, പ്രസാധകൻ: ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ - ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ - എം.ജെ.ഡി. പബ്ലിഷിംഗ് ഹൗസ്, കുന്നംകുളം).

പാലക്കുന്നത്ത് നവീകരണ മെത്രാന്റെ ആലോചനാ സമിതിയിലെ മുഖ്യ അംഗം, അദ്ദേഹത്തിൽ നിന്നു പട്ടമേറ്റ വൈദികൻ, അദ്ദേഹത്തിന്റെ ക്യാമ്പിലെ പ്രമുഖ വൈദികൻ, സുറിയാനി മല്പാൻ, എഴുത്തുകാരൻ എന്നിങ്ങനെ ആ നൂറ്റാണ്ടിൽ അതുല്യനായ ഒരു മെത്രാപ്പോലീത്താ ആയിരുന്ന കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് രേഖപ്പെടുത്തിയ ഈ നിരീക്ഷണത്തെ ആർക്കാണ് നിഷേധിക്കുവാൻ കഴിയുക.

പാലക്കുന്നത്ത് മെത്രാന്റെ ജീവചരിത്രാഖ്യായിക രചിച്ച ജോർജ്ജ് വർഗ്ഗീസ് മദ്രാസ്, 'പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ' എന്ന കൃതിയിൽ ഡോ. കുര്യൻ തോമസ് തുടങ്ങിയവർ പാലക്കുന്നത്ത് മെത്രാച്ചനെ വെള്ളപൂശാൻ നടത്തിയ വിഫലശ്രമങ്ങൾ 'കണ്ടനാട് ഗ്രന്ഥ വരി' വെളിച്ചത്തിലേക്ക് വന്നതോടെ അപ്രസക്തവും പരിഹാസ്യവും ആയിട്ടേ ചരിത്ര വിദ്യാർത്ഥികൾ കാണുകയുള്ളു. വിശ്വാസകാര്യങ്ങളെ പ്പറ്റിയും ആരാധനാകാര്യങ്ങളെപ്പറ്റിയും സുറിയാനി പണ്ഡിതനും മല്പാ നുമായ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിനെ തിരുത്തു വാൻ ജോർജ്ജ് വറുഗ്ഗീസ്, ഡോ. കുര്യൻ തോമസ് തുടങ്ങിയവർ നട ത്തുന്ന ശ്രമങ്ങൾ ആർക്കാണ് അംഗീകരിക്കുവാൻ കഴിയുക? മൈതാന പ്രസംഗവും വാചാടോപവും കൊണ്ട് സാധാരണക്കാരെ വിഭ്രമിപ്പിക്കാ നാവുമെങ്കിലും സഭാചരിത്ര വിദ്യാർത്ഥികൾക്ക് അത്തരം 'വെള്ളപൂശൽ ശ്രമങ്ങൾ' അധികം വൈകാതെ തിരിച്ചറിയാനാകും.

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രസിദ്ധീകരിച്ച ബദൽ കുർ ബ്ബാനക്രമത്തിന്റെ പ്രസക്ത ഭാഗം ഇവിടെ ഫോട്ടോകോപ്പിയായി ചേർ ത്തത് ഒരു തെറ്റിദ്ധാരണയെ തിരുത്തുവാനാണ്. മാർ യാക്കോബിന്റെ കുർബ്ബാന തക്സാ മലങ്കരയിൽ ഉപയോഗിക്കപ്പെട്ടിരുന്നു എങ്കിലും തുബ്ദേനുകൾക്ക് തദ്ദേശീയമായ ഒരു രചനയാണ് അക്കാലത്ത് ഉപയോ ഗത്തിലിരുന്നത്. ഈ തുബ്ദേനുകൾ ശുശ്രൂഷക്കാരൻ ചൊല്ലുന്ന തുബ്ദേ നുകൾ അല്ല എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 'യുഗ തേജസ്' എന്ന ഗ്രന്ഥത്തിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും മല ങ്കരസഭയുടെ ആരാധനയും' എന്ന് ശീർഷകമുള്ള ലേഖനത്തിൽ ഫാ. ഡോ. ബി. വറുഗീസ് അക്കാര്യം താഴെ പറയുന്നപ്രകാരം നിരീക്ഷിക്കു ന്നുണ്ട്:

"വിശ്വാസികളുടെ ഉപയോഗത്തിനുള്ള 'കുർബ്ബാനക്രമം' മലയാള ത്തിൽ വിവർത്തനം ചെയ്ത് അച്ചടിപ്പിച്ചതും മാർ ദീവന്നാസ്യോസ് അഞ്ചാ മന്റെ കാലത്താണ്. 1869-ൽ കൊച്ചിയിലെ വെസ്റ്റേൺ സ്റ്റാർ പ്രസ്സിൽ ഒരു ജോസഫ് കത്തനാർ കുർബ്ബാനക്രമം ആദ്യമായി അച്ചടിച്ചിരുന്നു. ... തുടർന്ന് 1890-ൽ മറ്റൊരു കുർബ്ബാനക്രമം കോട്ടയം സെമിനാരി പ്രസിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. ഇതിൽ ഗീതങ്ങൾ ഒന്നുംതന്നെ ഉണ്ടാ യിരുന്നില്ല. വിശ്വാസികൾക്ക് ചൊല്ലാനുള്ള ഭാഗങ്ങൾ മാത്രമേ ഇതിൽ നൽകിയിട്ടുള്ളു (ശുശ്രൂഷക്കാരൻ ചൊല്ലുന്ന ഭാഗങ്ങൾ ചേർത്തിട്ടില്ല). ശുശ്രൂഷക്കാരൻ തുബ്ദേൻ ചൊല്ലുമ്പോൾ വിശ്വാസികൾക്ക് ചൊല്ലുവാ നുള്ള പ്രാർത്ഥനകൾ ഇതിൽ ചേർത്തിട്ടുണ്ട് (ഈ പ്രാർത്ഥനകൾ തുബ്ദേന്റെ ചെറിയ രൂപമാണെന്ന് പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്)" (പുറം 236, 237).

മലങ്കരസഭയുടെ ഒരു മാസികയിൽ ഏതാനും വർഷങ്ങൾക്കു മുമ്പ് ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് ഇതേ അഭിപ്രായം ഈ എഴുത്തുകാരന്റെ ലേഖനത്തിനുള്ള പ്രത്യാഖ്യാനമായി എഴുതിയിരുന്നതായി ഓർക്കുന്നു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ കുർബ്ബാനക്രമത്തിൽ പല പതിപ്പുകളിലും 'തുബ്ദേന് ശേഷം' എന്ന് ശീർഷകം നൽകിയതിന്റെ അടിയിൽ ഈ തുബ്ദേനുകൾ ചേർത്തു കാണുന്നതു കൊണ്ടാകാം ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. ഡോ. ബി. വറുഗീസ് തുടങ്ങിയവർ ആ തുബ്ദേനുകളെ വിശ്വാസികൾക്ക് ചൊല്ലുവാനുള്ള പ്രാർത്ഥന എന്ന് തെറ്റിദ്ധരിച്ചത്. ശുശ്രൂഷക്കാർ ചൊല്ലേണ്ടുന്ന മറ്റ് ആഹ്വാനങ്ങൾ അതിൽ കാണാത്തത് ആ നിഗമനത്തെ ബലപ്പെടുത്തുകയും ചെയ്തു എന്നത് സ്വാഭാവികമാണ്.

എന്നാൽ ശുശ്രൂഷക്കാർക്ക് ചൊല്ലാനുള്ള ആഹ്വാനങ്ങളിൽ മധ്യസ്ഥ പ്രാർത്ഥനകൾ എന്ന് വിശേഷിപ്പിക്കാവുന്ന തുബ്ദേനുകൾ സുറിയാനിയിൽ വിരചിതമായതിന്റെ വിവർത്തനമാണെന്ന് തോന്നുന്നില്ല. സുറിയാനി മൂലത്തിൽ ഈ തുബ്ദേനുകൾ കാണുന്നുമില്ല. സുറിയാനി മൂലത്തിലുള്ള തുബ്ദേനുകൾ ആ സഭയുടെ പാരമ്പര്യത്തോട് നീതി പുലർത്തുന്നു എന്നും ആ പാരമ്പര്യം അതേപടി മലങ്കരസഭയിൽ ഉപയോഗിക്കുന്നത് അനുചിതമാണ് എന്നും നിരീക്ഷിച്ച മലങ്കരസഭയിലെ പിതാക്കന്മാർ മലങ്കരസഭയിൽ തൽസമയത്ത്, തൽസ്ഥാനത്ത് ചൊല്ലുവാൻ തയാറാക്കിയ തുബ്ദേനുകൾ തന്നെയാണ് ഈ ചെറിയ തുബ്ദേനുകൾ. അവയ്ക്ക് സുറിയാനിയിൽ മൂലരൂപമില്ല. തന്മൂലമാണ് ശുശ്രൂഷക്കാരന്റെ മറ്റ് ആഹ്വാനങ്ങൾ സുറിയാനിയിൽ ചൊല്ലുമ്പോഴും തുബ്ദേൻ മാത്രം മലയാളത്തിൽ പ്രത്യക്ഷപ്പെട്ടത്. മലയാളത്തിലെ ഈ തുബ്ദേനുകളോട് അന്നും വിപ്രതിപത്തിയുണ്ടായിരുന്നതിനാൽ മൂലഭാഷയിലെ തുബ്ദേന്റെ ആദ്യവാക്കുകൾ 'തുബ്ദേൻ മെസ് അഹദീനാൻ' എന്ന് സുറിയാനിയിൽ ചൊല്ലി തുടങ്ങിയശേഷമാണ് ഈ തുബ്ദേനുകൾ ചൊല്ലിയിരുന്നത്. തന്മൂലമാണ് പല പതിപ്പുകളിലും 'തുബ്ദേനുശേഷം' എന്ന് ശീർഷകം ചേർത്തു കാണുന്നത്. ഇപ്പോഴും നമ്മുടെ പള്ളികളിൽ 'ന്സാലേ കൂലാൻ റഹമ്മേ വഹനോനോ...' ഇത്യാദി ഭാഗങ്ങൾ സുറിയാനിയിൽ ആരംഭിച്ചതിന് ശേഷം 'നാം എല്ലാവരും പ്രാർത്ഥിച്ച് കർത്താവിൽ നിന്ന് കരുണയും മനോഗുണവും യാചിക്കണം' എന്ന് പ്രുമിയോന്റെ ആമുഖഭാഗവും 'ബ് കുലഹൂൻ യൗമ്മോസോ ക്ഹായെൻ ല് ദൽമ്മീൻ' എന്നും 'ഹോശോ വബ് കുലസ് ബാൻ ല് ഒൽമ്മീൻ' എന്നും ബാറെക്, ഉകാദേശ്, വക്സോ എന്നും പിതാവിന്റെയും പുത്രന്റെയും വിശുദ്ധ റൂഹായുടെയും നാമത്തിൽ മുദ്രകുത്തപ്പെടുന്നു എന്നും പറഞ്ഞതിന്റെ

ശേഷമോ തൊട്ടു മുമ്പോ അവയുടെ മലയാളമോ സുറിയാനിയോ ഉച്ച രിക്കുന്ന രീതി നിലനിൽക്കുന്നുണ്ടല്ലോ. മോതിരം വാഴ്വിനും കിരീടം വാഴ്വിനും ഭവന കൂദാശക്കും തുടങ്ങി പട്ടംകൊട, പള്ളിക്കൂദാശ എന്നീ അവസരങ്ങളിലും മുദ്രണവാക്യത്തിൽ കേന്ദ്രഭാഗം ആദ്യം മലയാള ത്തിലും പിന്നീട് സുറിയാനിയിലും നാം ചൊല്ലുന്നു എന്ന് വിസ്മരിച്ചു കൂടാ.

അതേ സമീപനമാണ് കുർബ്ബാനക്രമത്തിൽ 'തുബ്ദേന് ശേഷം' എന്ന ശീർഷകത്തിന് കീഴെ ഈ ചെറിയ തുബ്ദേൻ പ്രസിദ്ധീകരിച്ചപ്പോഴും സഭ സ്വീകരിച്ചത്. എന്നാൽ ഇവിടെ ഫോട്ടോകോപ്പി രൂപത്തിൽ കൊടുത്ത പതിപ്പിൽ ആ ചെറിയ തുബ്ദേനുകൾക്ക് മുകളിലുള്ള ശീർ ഷകം 'തുബ്ദേൻ' എന്ന് തന്നെയാണ്. സുറിയാനി സഭയിൽ ഉപയോഗി ക്കുന്ന പ്രാദേശിക പരിഗണനയിൽ വിരചിതമായ തുബ്ദേനുകൾക്ക് സമാ ന്തരമായി മലങ്കരസഭയിൽ രൂപംകൊണ്ട കേരളത്തനിമയുള്ള സുറിയാ നിസഭയുടെ രചനയായി വേണം അതിനെ മനസ്സിലാക്കുവാൻ. പിന്നീട് വട്ടശ്ശേരിൽ മല്പാനും കോനാട്ട് മല്പാനും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ മലയാളം കുർബ്ബാനക്രമത്തിൽ മലയാളത്തനിമയുള്ള ഈ തുബ്ദേനു കൾ ഉപേക്ഷിക്കപ്പെടുകയും സുറിയാനിമൂലത്തിന്റെ വിവർത്തനം സ്വീക രിക്കപ്പെടുകയും ചെയ്തു. സുറിയാനി വിവർത്തനം പ്രത്യക്ഷപ്പെട്ടതിന് ശേഷവും പുലിക്കോട്ടിൽ മെത്രാച്ചൻ ഇറക്കിയ കുർബ്ബാനക്രമത്തിൽ മല്പാന്മാരുടെ തുബ്ദേൻ അല്ല, മുൻക്രമത്തിലെ ചെറിയ തുബ്ദേനു കൾ തന്നെയാണ് സ്വീകരിച്ചത് എന്ന് ഇതെഴുതുന്ന ആൾ നിരീക്ഷിച്ചി ട്ടുണ്ട്.

മലങ്കരസഭയിൽ നിന്ന് വേർപിരിഞ്ഞു പോയ നവീകരണസഭയും മല ങ്കര കത്തോലിക്കാസഭയും ഈ ചെറിയ തുബ്ദേനുകൾ നിലനിർത്തു ന്നതിലൂടെ തദ്ദേശീയമായ ആരാധനാ നിർമിതിയുടെ പാരമ്പര്യത്തെ ആദ രിക്കുന്നു എന്ന് ആനുഷംഗികമായി സൂചിപ്പിച്ചുകൊള്ളട്ടെ.

കുർബ്ബാന തക്സാകളിൽ മൂലസ്ഥാനം വഹിക്കുന്ന മാർ യാക്കോ ബിന്റെ തക്സായിലെ ക്രമീകരണപ്രകാരം ഒന്നാം തുബ്ദേൻ മേല്പട്ട ക്കാരെയും പട്ടക്കാരെയും എല്ലാ പൗരോഹിത്യ സ്ഥാനികളെയും ഓർക്കു വാനുള്ള മധ്യസ്ഥ പ്രാർത്ഥനയാണ്. ഇപ്പോഴും യാക്കോബിന്റെ തക്സാ യിലെ തൽസമയത്തു ചൊല്ലുന്ന രഹസ്യപ്രാർത്ഥനയിൽ ഇത് വ്യക്ത മാണ്. സിറിയാക്കാർ ഒന്നാം തുബ്ദേനിൽനിന്ന് പട്ടക്കാരെ ഗളഹസ്തം ചെയ്ത് വിശ്വാസികളായ ജനത്തോടൊപ്പം ഓർക്കുവാൻ മൂന്നാം തുബ്ദേ നിലേക്ക് പറിച്ചുനട്ടു. എന്നാൽ ഇവിടെ ഫോട്ടോകോപ്പി വ്യക്തമാക്കും പ്രകാരം പുലിക്കോട്ടിൽ തിരുമേനി പ്രസിദ്ധീകരിച്ച കുർബ്ബാനക്രമം

ഒന്നാം തുബ്ദേനിൽ പട്ടക്കാരെയും നിലനിർത്തി മാർ യാക്കോബിന്റെ തക്സായോട് കൂടുതൽ നീതിപുലർത്തിയിരിക്കുന്നു എന്ന് നിരീക്ഷിക്കാതെ വയ്യ. അതുപോലെ അഞ്ചാം തുബ്ദേനിൽ ഓർക്കുന്ന പിതാക്കന്മാർ വ്യക്തിപരമായി സ്മരിക്കപ്പെടുന്നതിൽ സാംഗത്യമില്ല എന്ന തത്വം മലങ്കരസഭയിലെ തുബ്ദേൻ രചനയിൽ അന്തർഹിതമാണ്. അത് കൂടുതൽ സംഗതവുമാണ്. ഒരു പക്ഷേ, സഭയുടെ പരസ്യാരാധനയെ തദ്ദേശീയതയുമായി ബന്ധിപ്പിക്കുവാൻ, കഴിഞ്ഞ നൂറ്റാണ്ടിൽ മലങ്കരസഭ നടത്തിയ ധീരമായ ഈ പരീക്ഷണം ആ നിലയിൽ പ്രകീർത്തിക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. സമയചുരുക്കത്തെ പ്രതി ഒന്നും ആറും ഒഴിച്ചുള്ള തുബ്ദേനുകൾ ഒഴിവാക്കാം എന്ന് ആധുനികരായ ചില പണ്ഡിതർ (തൃശൂർ മെത്രാസനത്തിന്റെ അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ ശുശ്രൂഷകർക്കായി പ്രസിദ്ധീകരിച്ച കൈപ്പുസ്തകം കാണുക) അഭിപ്രായപ്പെടുന്നതിന് പകരം ആരാധനയുടെ ഘടനയെ വികൃതമാക്കാതെ ഈ ചെറിയ തുബ്ദേനുകൾ പുനഃസ്ഥാപിക്കപ്പെട്ടിരുന്നെങ്കിൽ അത് കൂടുതൽ സ്വീകാര്യമായേനേ.

വിശുദ്ധ കുർബ്ബാനയിലെ യാത്രയയപ്പ് (സേലൂൻ ബശിലോമ്മോ....) കഴിഞ്ഞ ഉടൻ ഒരു കൗമ്മാ നമസ്ക്കരിക്കുന്ന പതിവാണ് മലങ്കരസഭയിലുണ്ടായിരുന്നതെന്ന് ഈ കുർബ്ബാനക്രമം തെളിയിക്കുന്നു. സേലൂൻ ബശിലോമ്മോ എന്ന യാത്രയയപ്പും ആശീർവാദവും കഴിഞ്ഞ് മറയിട്ട് കാർമ്മികൻ ദർഗായിൽ മുട്ടുകുത്തി അന്നു കുർബാനയിൽ സ്മരിക്കപ്പെട്ട എല്ലാവർക്കുംവേണ്ടി രഹസ്യപ്രാർത്ഥന ചൊല്ലുമ്പോൾ ജനം കൗമ്മാ ചൊല്ലുകയും കൗമ്മാ കഴിയുമ്പോഴേക്ക് കാർമ്മികൻ രഹസ്യപ്രാർത്ഥന അവസാനിപ്പിച്ച് മറനീക്കി പടിഞ്ഞാറോട്ടു വന്ന് അറിയിപ്പുകൾ, പ്രഖ്യാപനങ്ങൾ, കല്പന വായനകൾ തുടങ്ങിയവ നടത്തുകയും അതിനുശേഷം കൈ മുത്തിച്ച് (സ്ലീബാ) ജനങ്ങളെ പിരിച്ചയക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ഈ സഭയിലുണ്ടായിരുന്നത് എന്ന് അക്കാലത്ത് പ്രസിദ്ധീകരിച്ച കുർബ്ബാനക്രമത്തിന്റെ എല്ലാ പതിപ്പുകളും സാക്ഷ്യപ്പെടുത്തുന്നു. ഈ പൂർവീക പാരമ്പര്യത്തെ ശരിവച്ചുകൊണ്ടാണ് 'ശുശ്രൂഷാസംവിധാനം' രചിച്ച യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഇപ്രകാരം എഴുതിയത്:

ജനങ്ങൾ പിരിയുന്നത്. ഇത് രണ്ടുവിധത്തിൽ ചെയ്യാം.

1. സേലൂൻ ബശിലോമ്മോയുടെ പ്രതിവാക്യത്തിന് ശേഷം ഒരു കൗമ്മാ എല്ലാവരും കൂടെ ചൊല്ലുകയും കുർബാന അനുഭവിക്കേണ്ടവർ അനുഭവിക്കുകയും ചെയ്തിട്ട് ജനങ്ങളെ യാത്രയാക്കുന്നത്.

2. കുർബ്ബാനാനന്തരമുള്ള പാട്ടുകൾ എല്ലാം ചൊല്ലി അന്ത്യത്തിൽ

കർത്ത്യ പ്രാർത്ഥനയും കഴിഞ്ഞ് ജനങ്ങളെ യാത്രയാക്കുന്നത്. രണ്ടാമത് പറഞ്ഞവിധത്തിൽ ചെയ്യുകയാണെങ്കിൽ ആദ്യം ഒരു കൗമ്മാ ചൊല്ലേണ്ട ആവശ്യമില്ല (ശുശ്രൂഷാസംവിധാനം, പു. 201).

മേല്പട്ടക്കാർ-പട്ടക്കാരൊട് ശെമ്മാശ്ശന്മാർ, എന്റെ കടങ്ങളശേഷം നിൻ... മോറാൻ യേശുമശീഹാ...... എന്നിത്യാദി മൂന്ന് ഗാനങ്ങൾ മുഴുവൻ പാടിയശേഷം കർത്ത്യപ്രാർത്ഥന ചൊല്ലുവാൻ പള്ളിയിലെ വിശ്വാസികൾ സന്നിഹിതരാകുമെന്നും അതിന്ശേഷമേ അവർ പോകാവൂ എന്നും ആരും പ്രതീക്ഷിക്കുമെന്ന് തോന്നുന്നില്ല. ഇപ്പോൾ പാട്ടുകൾ പാടി കർത്ത്യപ്രാർത്ഥന ചൊല്ലുവാൻ ശുശ്രൂഷക്കാർ മാത്രമേ അവശേഷിക്കാറുള്ളു. തന്മൂലം ആദ്യത്തെ ഓപ്ഷനിൽ പറയുംപ്രകാരം കൗമ്മാ ചൊല്ലി ജനങ്ങൾ പിരിയുന്നതാണ് പ്രായോഗികവും സ്വാഭാവികവും. ആ പതിവാണ് മലങ്കരസഭയിൽ ഉണ്ടായിരുന്നതെന്ന് ഇവിടെ കൊടുത്ത കുർബ്ബാനക്രമം വ്യക്തമാക്കുന്നു (പാട്ടുകളും ഒടുവിലെ കർത്ത്യപ്രാർത്ഥനയും ശുശ്രൂഷകർ മാത്രം ചൊല്ലുന്ന പതിവാണ് മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്).

വട്ടശ്ശേരിൽ മല്പാനും കോനാട്ട് മല്പാനും ചേർന്ന് പ്രസിദ്ധപ്പെടുത്തിയതും ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നതുമായ കുർബ്ബാനക്രമത്തിൽ ഒരു കാരണവും പറയാതെ കൗമ്മാ നീക്കം ചെയ്തിരിക്കുന്നു. എങ്കിലും പഴയരീതിയിൽ പരിചയിച്ച പള്ളികളിൽ മുൻപതിവ് നിലനിൽക്കുന്നു. പഴയ തലമുറയിലെ മേല്പട്ടക്കാരും പട്ടക്കാരും 'സേലൂൻ ബശിലോമ്മോ' കഴിഞ്ഞാൽ 'കൗമ്മാ' ചൊല്ലുന്നതായി ഇപ്പോഴും കണ്ടുവരുന്നു. എന്നാൽ പുതിയ തലമുറയിലെ വൈദികർ (മുൻ പതിവിനെപ്പറ്റി അജ്ഞരായതുകൊണ്ടാകാം) സേലൂൻ ബശിലോമ്മോ കഴിഞ്ഞ് കൗമ്മാ ചൊല്ലുന്നത് പാപമാണെന്ന് കരുതി ആ പൂർവീക സമ്പ്രദായത്തെ വിലക്കുവാൻ ആരംഭിച്ചിട്ടുണ്ട്.

പ്രാർത്ഥനാക്രമത്തെപ്പറ്റി ഒരു കാര്യം കൂടെ വ്യക്തമാക്കാനുണ്ട്. നവീകരണ പ്രാർത്ഥനക്രമത്തിൽ കൗമ്മായുടെ ഉപക്രമം 'പിതാവിനും പുത്രനും പരിശുദ്ധ (ശുദ്ധമുള്ള) റൂഹായ്ക്കും സ്തുതി' എന്നാണ്. എന്നാൽ പുലിക്കോട്ടിൽ തിരുമേനി ഇറക്കിയ ബദൽ പതിപ്പുകളിൽ 'പിതാവിന്റെയും പുത്രന്റേയും പരിശുദ്ധ (ശുദ്ധമുള്ള) റൂഹായുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ തനിക്ക് സ്തുതി' എന്നാണ് കാണുന്നത്. രണ്ടാമത് കാണുന്നതാണ് സുറിയാനി മൂലത്തിന്റെ ശരിയായ വിവർത്തനം. സത്യമുള്ള (പട്ടാങ്ങപ്പെട്ട) ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ ('ബശേം..... ഹാദ് ആലോഹോ ശാറീറോ') എന്ന മൂലഭാഷയിലെ ഭാഗം നവീകരണക്കാർ നീക്കം ചെയ്തതിൽ എന്തെങ്കിലും നവീ

കരണ തത്വങ്ങൾ മറഞ്ഞിരിപ്പുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

കാര്യങ്ങൾ ഇപ്രകാരം ആയിരിക്കേ "ലേഖകന്റെ അനുമാനത്തിൽ 1031-ലെ നമസ്ക്കാരക്രമത്തെപ്പറ്റിയുള്ള പരാമർശത്തിൽ എന്തോ ഒരു ദുരൂഹത ഉണ്ട്. ഒന്നുകിൽ ആ കൃതി, മാർ അത്താനാസ്യോസിനെ നവീകരണ പക്ഷപാതിയാക്കാൻ പില്ക്കാലത്ത് കെട്ടിച്ചമച്ചതാണ്. അല്ലെങ്കിൽ ആ കൃതി സുറിയാനിയിൽ തന്നെയാണ്. അതുമല്ലെങ്കിൽ അപ്രകാരം ഒരു കൃതി നിലവിലില്ല?" എന്ന് ഡോ. കുര്യൻ തോമസ് 'പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ' എന്ന കൃതിയിൽ (പുറം 286) നിരീക്ഷിച്ചതിൽ അപാകതയുണ്ട്. താഴെ പറയുന്ന നിരീക്ഷണമാണ് സത്യത്തോട് നീതി പുലർത്തുന്നത്.

1. നവീകരണ പക്ഷപാതിയായ മാർ അത്താനാസ്യോസ് നമസ്ക്കാരക്രമം നവീകരണ തത്വങ്ങൾക്കനുസരിച്ച് ഭേദപ്പെടുത്തിയിട്ടുണ്ട്.

2. 1031 (1856) മുതൽ പല പതിപ്പുകൾ ആ നവീകരിച്ച ക്രമം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (1865-ലെ മൂന്നാം പതിപ്പാണ് ഇവിടെ ഫോട്ടോകോപ്പിയായി കൊടുത്തത്).

3. സുറിയാനി മൂലത്തിൽ നിന്ന് നവീകരണം വരുത്തി പ്രസിദ്ധീകരിച്ച ഈ വികലവും വികൃതവുമായ ക്രമം സമകാലികരായ എം. പി. വർക്കിയും കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസും കണ്ടിട്ടുള്ളതുകൊണ്ടാണ് അവർ അക്കാര്യം അവരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയത്.

4. ആ നിരീക്ഷണങ്ങൾ ശ്രദ്ധിക്കാനോ അംഗീകരിക്കാനോ കഴിയാതെ വരുന്നത് മുൻവിധി കൊണ്ടാകാം; ഉപരിപ്ലവവും ഉദാസീനവുമായ ഗവേഷണ പ്രവർത്തനം കൊണ്ടുമാകാം.

# ഭാഗം രണ്ട്

# അച്ചടിച്ച സുറിയാനി ക്രമങ്ങൾ

സുറിയാനി ഭാഷയുടെ അച്ചടി ഇന്ത്യയിൽ ആരംഭിച്ചതിനെപ്പറ്റി നിയതമായ പഠനങ്ങളൊന്നും നടന്നതായി അറിവില്ല. തൃശൂർ ആസ്ഥാനമാക്കിയ പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ അബിമാലേക്ക് മാർ തീമോത്തിയോസ് ഇരുപതാം നൂറ്റാണ്ടിൽ തൃശൂർ പട്ടണത്തിൽ സ്ഥാപിച്ച 'നർസായ്' പ്രസ് ആണ് ആദ്യം കേരളത്തിൽ സുറിയാനിപ്പുസ്തകം അച്ചടിച്ചതെന്ന് ആ സഭ അവകാശപ്പെടുന്നുണ്ട്. പൗരസ്ത്യ കൽദായ സുറിയാനി ലിപിയിലുള്ള അച്ചടിയാണ് അവിടെ നിർവ്വഹിക്കപ്പെട്ടിരുന്നത്. 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പാമ്പാക്കുടയിൽ സ്ഥാപിതമായ കേരള ദീപം പ്രസിൽ നിന്നാണ് ഇന്ന് മലങ്കരസഭയിൽ പ്രചാരത്തിലുള്ള പാശ്ചാത്യ സുറിയാനി ലിപിയിലുള്ള ഗ്രന്ഥങ്ങൾ അച്ചടിക്കാൻ തുടങ്ങിയത്. 1879-ൽ കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ആരംഭിച്ച ഈ പ്രസിദ്ധീകരണശാലയാണ് അദ്ദേഹത്തിന്റെ നിര്യാണാനന്തരം മാർ യൂലിയോസ് പ്രസ് എന്ന് പേർ മാറ്റി നിലനിന്നത്. 1875-ൽ മലങ്കരയിൽ സന്ദർശനം നടത്തിയ അന്ത്യോഖ്യയുടെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പ്രേരണയിലും പ്രോത്സാഹനത്തിലും ആരംഭിച്ച ഈ അച്ചടിശാലയിൽ നിന്നാണ് വിപുലമായ തോതിൽ അച്ചടിച്ച സുറിയാനി ആരാധനക്രമങ്ങൾ കേരളത്തിൽ പ്രചരിച്ചത്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ (1865-1909) ആദ്യം കൊച്ചിയിലും (1872) പിന്നീട് പരുമലയിലും ഒടുവിൽ കോട്ടയം പഴയസെമിനാരിയിലും സ്ഥാപിച്ച് പ്രവർത്തനം നടത്തിവന്ന സെന്റ് തോമസ് പ്രസിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച പാശ്ചാത്യ സുറിയാനി ലിപിയിലുള്ള ആരാധനാ ഗ്രന്ഥങ്ങളും കേരളത്തിൽ സുലഭമായതോടെ, സുറിയാനിയിലുള്ള ആരാധനാഗ്രന്ഥങ്ങൾ പകർത്തിയെഴുതുക എന്ന പതിവ് മിക്കവാറും നിലച്ചു.

മലങ്കരസഭയിൽ സുറിയാനി ഭാഷയോടുള്ള ആഭിമുഖ്യത്തിന് വളരെ പഴക്കമുണ്ട്. ഒരുവേള മാർത്തോമ്മാശ്ലീഹാ മലങ്കരയിലെ ആദ്യത്തെ പള്ളി പാലൂരിൽ (ചാട്ടുകുളങ്ങര എന്നും പില്ക്കാലത്ത് ആർത്താറ്റ് എന്നും പ്രസിദ്ധമായ ദൈവമാതാവിന്റെ നാമത്തിലുള്ള ദേവാലയം) സ്ഥാപിക്കുമ്പോൾ തന്നെ സുറിയാനി ഭാഷ കേരള ക്രിസ്ത്യാനികൾക്ക് സ്വന്തമായി. രണ്ടു സാഹചര്യങ്ങൾ ഈ നിഗമനത്തെ പിന്താങ്ങുന്നു.

1. മാർത്തോമ്മാ പൊന്നാനിയിൽ (കൊടുങ്ങല്ലൂരിന് സമീപം) കപ്പലി

റങ്ങി ആദ്യം അഭിമുഖീകരിച്ചത് പൊന്നാനിയുടെ തുറമുഖ പട്ടണമായ പാലൂരിലെ യഹൂദ കോളനിയെ ആയിരുന്നു. നിനവേ, യരുശലേം തുടങ്ങിയ സെമിറ്റിക് പ്രദേശങ്ങളിൽ നിന്ന് നൂറ്റാണ്ടുകൾക്കു മുമ്പ് പ്രാണരക്ഷാർത്ഥം കുടിയേറിപ്പാർത്തവരും പൊന്നാനി-അലക്സന്ത്രിയാ കേന്ദ്രമാക്കി ക്രിസ്തുവിന് മുമ്പു തന്നെ വൻ തോതിൽ നടന്നിരുന്ന വിദേശ വ്യാപാരത്തിൽ അറബികളോടൊപ്പം പങ്കാളികളും ആയ യഹൂദർക്ക് അറബി, സുറിയാനി, എബ്രായ, തമിഴ് തുടങ്ങിയ ഭാഷകൾ വശമായിരുന്നു.

2. മാർതോമ്മാശ്ലീഹായുടെ മാതൃഭാഷ അരമായ സുറിയാനി ആയിരുന്നു. തന്മൂലം സുവിശേഷ ഘോഷകനും ശ്രോതാക്കൾക്കും സുഗ്രാഹ്യമായിരുന്ന അരമായ സുറിയാനിയിൽ ആണ് ശ്ലീഹായുടെ സുവിശേഷ പ്രചാരണം നടന്നത്.

പാലൂർ ചാട്ടുകുളങ്ങരയിലെ ജൂതക്കുന്നിൽ സ്ഥിതിചെയ്തിരുന്ന സിനഗോഗ്, ജൂതക്കോളനി ക്രിസ്തുമതം സ്വീകരിച്ചതിനെ തുടർന്ന് ആദ്യത്തെ ക്രിസ്തുമത ദേവാലയമായി ദൈവമാതാവിന്റെ ബഹുമാനാർത്ഥം പ്രതിഷ്ഠിച്ചപ്പോൾ, സിനഗോഗിലുണ്ടായിരുന്ന ഹീബ്രൂ ഭാഷയിലെ ആരാധന നീക്കം ചെയ്യപ്പെടുകയും അരമായ സുറിയാനിയിലുള്ള ആരാധനകൾ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. മാർത്തോമ്മാശ്ലീഹാ ഭാരതത്തിലെ തലപ്പള്ളി ആയിത്തീർന്ന പാലൂരിലെ പ്രഥമ ദേവാലയത്തിൽ ബലിയർപ്പണത്തിന് ഉപയോഗിച്ച സുറിയാനിഭാഷ കേരള ക്രിസ്ത്യാനികളുടെ ആരാധനാ ഭാഷയായി ആദരപൂർവ്വം സ്വീകരിക്കപ്പെട്ടു. യഹൂദരിൽനിന്ന് ക്രിസ്ത്യാനികളായിത്തീർന്ന ആദ്യ തലമുറയ്ക്ക് സുറിയാനി മാതൃഭാഷയ്ക്ക് തുല്യമായതിനാൽ അതിനെ വിദേശഭാഷയായി ആരും കരുതിയിരുന്നില്ല.

മാർത്തോമ്മാശ്ലീഹായിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ച യഹൂദ ക്രിസ്ത്യാനികളായ ആദ്യകാല വൈദികർക്ക് സുറിയാനിഭാഷയിൽ ആരാധന നടത്തുവാൻ ഒട്ടുംതന്നെ ക്ലേശമുണ്ടായിരുന്നില്ല. വി. കുർബ്ബാനയുടെ ആരാധനയിൽ ധാരാളം ക്രിയാംശങ്ങൾ ഉണ്ടായിരുന്നതിനാൽ ഭാഷയുടെ സഹായം കൂടാതെതന്നെ ആരാധനകൾ വിശ്വാസികൾക്ക് ഒട്ടൊക്കെ ഗ്രഹിക്കാമായിരുന്നു. ബുദ്ധമതക്കാർ പാലി ഭാഷയിലും അറബികൾ അറബി ഭാഷയിലും അവരുടെ മതപരമായ ചടങ്ങുകൾ അനുഷ്ഠിച്ചിരുന്ന അക്കാലത്ത് ക്രിസ്ത്യാനികൾ അവരുടെ ആരാധനാ ഭാഷയായി സുറിയാനിയെ ആദരപൂർവ്വം സ്വാംശീകരിച്ചതിൽ അസ്വാഭാവികമായി ഒന്നുമില്ല. ഈ ആരാധനാ ഭാഷയിൽത്തന്നെ മാർത്തോമ്മാശ്ലീഹാ ക്രിസ്തുചരിതം രചിച്ചു. എ.ഡി. 190-ൽ അലക്സാന്ത്രിയൻ വൈദിക

കലാശാലയിൽ നിന്ന് ഇന്ത്യൻ സഭയുടെ ക്ഷണപ്രകാരം വന്ന പന്തേനൂസ് ഇവിടെ നിന്ന് ശേഖരിച്ചതായി പറയുന്ന 'സുവിശേഷം' മാർത്തോമ്മാശ്ലീഹാ സുറിയാനി ഭാഷയിൽ രചിച്ച ഈ ക്രിസ്തുചരിതം ആയിരുന്നു. ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്തുപോലും (എ.ഡി. 1599) ഈ സുവിശേഷം കേരളത്തിൽ പ്രചരിച്ചിരുന്നതായി ഉദയംപേരൂർ കാനോനാകളിൽ പരാമർശമുണ്ട്. കാനോനീകൃതമല്ലാത്തതിനാൽ ഈ സുവിശേഷത്തെ ഉദയംപേരൂർ സുന്നഹദോസ് നിരോധിച്ചതോടെയാണ് ഈ ക്രിസ്തുചരിതം പ്രചാരലുപ്തമായത്. ഇതിന്റെ ഒരു കയ്യെഴുത്തു പകർപ്പ് (കടലാസിൽ പഴയ മലയാളത്തിൽ പരിഭാഷപ്പെടുത്തിയത്) ഈ ലേഖകൻ പഴഞ്ഞിയിലെ ഒരു പ്രാചീന ഗ്രന്ഥപ്പുരയിൽ നിന്ന് കണ്ടെടുത്ത് പ്രസിദ്ധീകരിച്ചതോടെ മാർത്തോമ്മാശ്ലീഹായുടെ ഈ 'അപ്പോക്രൈഫൽ' സുവിശേഷം വെളിച്ചം കണ്ടു. ക്രിസ്തുമതത്തിന് കേരളത്തിൽ പീഡകളെ അഭിമുഖീകരിക്കേണ്ടിവന്ന കാലഘട്ടത്തിൽ ഈ ക്രിസ്തുചരിതത്തിന്റെ സംസ്കൃത പരിഭാഷകൾ 'ബുദ്ധചരിതം' എന്ന പേരിൽ രഹസ്യമായി ഉപയോഗിക്കപ്പെട്ടിരുന്നു എന്നും അപ്രകാരം ബുദ്ധചരിതം എന്ന ശീർഷകത്തിൽ എഴുതപ്പെട്ട ക്രിസ്തുചരിതം തൃപ്പൂണിത്തുറ സംസ്കൃത കോളജ് ഗ്രന്ഥാലയത്തിൽ സുലഭമായിക്കാണാമെന്നും ചരിത്രഗവേഷകനായ എൻ. കെ. ജോസ് പരാമർശിച്ചിട്ടുള്ളത് ഇതോടൊന്നിച്ച് ചേർത്ത് വായിക്കാവുന്നതാണ്. ഈ പശ്ചാത്തലത്തിലാണ് കേരളീയ ക്രിസ്ത്യാനികൾ സുറിയാനി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടത്.

(മലയാളം) തമിഴ് സംസാരഭാഷയും അരമായ സുറിയാനി ആരാധനാഭാഷയുമായി വളർന്നുവന്ന കേരളക്രിസ്ത്യാനികൾക്ക് പുറംലോകവുമായി അന്ന് ലഭിച്ചിരുന്ന വെളിച്ചം പൊന്നാനി-അലക്സന്ത്രിയാ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് നടന്നിരുന്ന വിദേശവ്യാപാരവുമായി ബന്ധപ്പെട്ട് കേരളത്തിലെത്തിയിരുന്നവർ മാത്രമായിരുന്നു. മലങ്കരസഭയുടെ ആദ്യകാല വിദേശബന്ധം അലക്സന്ത്രിയൻ സഭയുമായിട്ട് ആരംഭിക്കുവാൻ ഈ വ്യാപാരസംസർഗ്ഗം പ്രയോജനപ്പെട്ടു. അലക്സന്ത്രിയൻ സഭയുടെ സ്ഥാപകനായ വി. മർക്കോസ് യരുശലേം സ്വദേശിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ സുവിശേഷഘോഷണ മാധ്യമവും ആരാധനാ മാധ്യമവും അരമായ സുറിയാനി തന്നെ ആയിരുന്നു. മറ്റു പലയിടത്തും എന്നതുപോലെ അവിടെയും ആദ്യ ക്രിസ്ത്യാനികൾ യഹൂദ പശ്ചാത്തലമുള്ളവർ ആയിരുന്നു. കേരള ക്രൈസ്തവരുടെ ആദി തലമുറയും അലക്സാന്ത്രിയൻ കൈസ്തവ സഭയിലെ ആദിമ തലമുറയും ഈ വിദേശ വാണിജ്യപാത മുഖേന ബന്ധപ്പെട്ടത് തികച്ചും സ്വാഭാവികം. പൊന്നാനിയുടെ തുറമുഖ പട്ടണമായ പാലൂരിൽ രൂപപ്പെട്ട തലപ്പള്ളി പ്രദേശങ്ങ

ളിൽ പ്രകടമായ ജൂതസംസ്ക്കാര മുദ്രകൾ കാണുന്നു എന്ന പരാമർശത്തിന്റെ സാംഗത്യം അതാണ് (ഭാരതത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വേരുകൾ തേടിഅലഞ്ഞ ഒരു ഗവേഷണത്തിന്റെ കഥ മനോരമയുടെ 2011 സെപ്റ്റംബർ 11–ാം തീയതി ഞായറാഴ്ചയിലെ സപ്ലിമെന്റിൽ കൊടുത്തിരുന്നു. എ.എസ്. ഉല്ലാസ് എന്ന ലേഖകൻ തയാറാക്കിയ വാർത്തയുടെ ശീർഷകം 'രക്തം രക്തത്തെ തിരിച്ചറിയുന്നു' എന്നാണ്. ശീർഷക വിശദീകരണമായി ഇങ്ങനെ കാണുന്നു:

'പൂർവീകരെ തേടിയുള്ള ഡോ. മിനി കരിയപ്പയുടെ പത്ത് വർഷത്തെ പഠനങ്ങളും യാത്രകളും അവസാനിച്ചത് ഇസ്രായേലിൽ. അതിനായി ശേഖരിച്ചത് 1500 കുടുംബങ്ങളിൽ നിന്നുള്ള രക്തസാംപിളുകൾ, രക്തനിറമുള്ള ഒരു ചരിത്രാന്വേഷണത്തിന്റെ കഥ.'

ഭാരതത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പൂർവീകതയെപ്പറ്റി നടത്തിയ ആദ്യത്തെ ശാസ്ത്രീയ പഠനത്തിന്റെ നിഗമനങ്ങൾ എന്ന നിലയിൽ ആ ലേഖനം പൂർണ്ണമായും താഴെ ഉദ്ധരിച്ചു ചേർത്തുകൊള്ളട്ടെ.

'രക്തം തേടി അലയുന്ന ഡോ. മിനി കരിയപ്പ ഒരു രക്തരക്ഷസ്സല്ല. ആരുടെയും രക്തം ഊറ്റി എടുക്കുകയുമില്ല. അപൂർവതകൾ ഒളിഞ്ഞിരിക്കുന്ന ജനിതക രഹസ്യത്തിന്റെ താക്കോൽ തേടിയുള്ള യാത്രയായിരുന്നു അത്. മാർഗമാക്കിയത് പാരമ്പര്യങ്ങൾ കൈമാറി എത്തിയ രക്തമാണെന്ന് മാത്രം. പൂർവസൂരികളെ തേടിയുള്ള പത്ത് വർഷത്തെ പഠനങ്ങളും യാത്രകളും അവസാനിച്ചത് ഇസ്രായേലിൽ. അവിടെ യാത്ര തുടരാനുള്ള രക്തത്തിന്റെ ഊർജ്ജം തേടിയ മിനി തിരിച്ചറിഞ്ഞു തന്റെ പൂർവികർ വന്ന വഴി.

**എന്തിനീ യാത്ര**

കോലഞ്ചേരി എം.ഒ.എസ്.സി. (മലങ്കര ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ) മെഡിക്കൽ കോളജിൽ അനാട്ടമി പ്രൊഫസർ ആയ ഡോ. മിനി തൃശൂർ ഒല്ലൂർ മാളിയേക്കൽ കുടുംബാംഗമാണ്. പൂർവികർ വന്ന വഴികളിലേക്കായിരുന്നു മിനിയുടെ മടക്കയാത്ര. ലക്ഷ്യം ഗവേഷണം. വിഷയം 'ഒറിജിൻ ഓഫ് സിറിയൻ ക്രിസ്ത്യൻസ് ഓഫ് ഇന്ത്യ.'

സുറിയാനി ക്രിസ്ത്യാനികളുടെ പാരമ്പര്യം തേടിയുള്ള യാത്ര തുടങ്ങിയത് അവിടെ നിന്ന്. ഇതിനിടയിൽ മാതാവിന്റെയും പിതാവിന്റെയും കുടുംബത്തിന്റെ ഉപശാഖകളിൽ നിന്നായി 1500 കുടുംബങ്ങളിൽ നിന്ന് ഓരോ വ്യക്തികളുടെ രക്തസാംപിളുകൾ ശേഖരിച്ചു. വിവാഹം കഴിച്ച് വിദേശത്തും രാജ്യത്തിന്റെ ഓരോ മേഖലയിലും താമസിക്കുന്നവരുടെ പിന്നാലെ പോയാണ് ഇത്രയേറെ കുടുംബങ്ങളിലേക്ക് എത്തിയത്.

**രക്തരൂഷിതയാത്ര**

രണ്ടായിരം പേരുടെ ഡി.എൻ.എ. പരിശോധന നടത്തി. അതിലൂടെ പൂർവസൂരികളുടെ അടുക്കലെത്താൻ പത്ത് വർഷമെടുത്തെങ്കിലും തന്റെ യാത്രയ്ക്ക് ഫലം കണ്ടു തുടങ്ങിയതായി ഡോ. മിനി തിരിച്ചറിയുന്നു. ശേഖരിച്ച സാംപിളുകൾ കേന്ദ്ര സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ആയ ഹൈദ്രാബാദിലെ സെന്റർ ഓഫ് സെല്ലുലാർ ആൻഡ് മോളിക്യുലാർ ബയോളജിയിലായിരുന്നു പരിശോധിച്ചത്. ഇത്രയേറെ പേരുടെ ഡി.എൻ.എ. പരിശോധന എന്ന് കേട്ടപ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് മേധാവിയും ഒന്ന് അമ്പരന്നു. പരിശോധിക്കാനുള്ള തുക കേട്ടപ്പോൾ ഡോ. മിനിയും ഞെട്ടി. എന്നാൽ ഒരു സമുദായത്തിന്റെ പാരമ്പര്യം തേടിയാണ് ഈ യാത്ര എന്നറിഞ്ഞപ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ലാൽജി സിങ്ങിനും അത്ഭുതം. അതുകൊണ്ട് മിനി കരിയപ്പയുടെ ദൗത്യത്തിന് ലാൽജി സിങ്ങിന്റെ സൗജന്യ പദ്ധതി. പക്ഷേ, ഡോ. മിനി തന്നെ ഇതെല്ലാം പരിശോധിക്കണം. അതിനുള്ള പരിശീലനം മൂന്ന് മാസം ഇൻസ്റ്റിറ്റ്യൂട്ടിൽ നൽകി. ചില സഹായികളെയും നിയോഗിച്ചു.

**രക്തത്തിന്റെ പാഠം**

1500 രക്തസാംപിളുകൾ പരിശോധിച്ച് പഠിച്ചപ്പോൾ ഡോ. മിനി എത്തിയത് മുന്നൂറ് വർഷം മുമ്പുള്ള നാല് സഹോദരന്മാരുടെ കുടുംബത്തിലേക്ക്. അവിടെനിന്ന് ഡി.എൻ.എ. യിൽ പരിസ്ഥിതി വരുത്തുന്ന മാറ്റം പഠിക്കുന്ന മ്യൂട്ടേഷനിലൂടെ പഠനം നടത്തിയപ്പോഴാണ് 2500 വർഷം മുമ്പ് ഇസ്രായേലിൽ നിന്ന് പുറന്തള്ളപ്പെട്ട ജൂതന്മാരിലേക്ക് പഠനമെത്തുന്നത്. പല കാരണങ്ങളാൽ ഇസ്രായേലിൽ നിന്ന് പുറന്തള്ളപ്പെട്ട ഇവർ അസീറിയ എന്ന സ്ഥലത്ത് താമസിച്ചിരുന്നതായും വ്യാപാരത്തിനായി രണ്ടു ഭാഗങ്ങളായി തിരിഞ്ഞ് കേരളത്തിൽ വരെ വേരുപടർത്തി എന്നുമാണ് മിനി കരിയപ്പയുടെ പഠനത്തിന്റെ സാക്ഷ്യം. ചൈനയും ജപ്പാനും പഴയ ബർമ്മ (മ്യാൻമർ) യുമൊക്കെ ചുറ്റി കാശ്മീർ വഴിയും പഞ്ചാബ് വഴിയുമാണ് ഇന്ത്യയിലേക്ക് ഇവർ പ്രവേശിച്ചതെന്നാണ് നിഗമനം. അങ്ങനെ ഡോ. മിനി തിരികെ ഇന്ത്യയിലേക്ക്.

**ഇടവേളയ്ക്ക്ശേഷം**

ഇതിനിടയിൽ പഠനം ഒന്നു നിർത്തി. ജൂതർ കടന്നുവന്ന വഴികളിലെ ഓരോ ജനസമൂഹത്തെയും കുറിച്ചുള്ള പഠനത്തിനായിരുന്നു ആ ഇടവേള. മിസോറാമിലെ ആദിവാസികൾ, മഹാരാഷ്ട്രയിലെ ചിറ്റ്പാവൻ ബ്രാഹ്മണർ, ആസാമിലെ ഭട്ടാചാര്യാസ്, ബംഗാളിലെ ഭട്ടാചാർജി, തമിഴ്നാട്-കർണ്ണാടക എന്നിവിടങ്ങളിലെ അയ്യർ, അയ്യങ്കാർ, ഗൗഡസാരസ്വനർ തുടങ്ങി ഹിന്ദു സമൂഹങ്ങളിലും ജൂത ജീനുകൾ കണ്ടെത്തി

എന്നാണ് ഡോ. മിനി കരിയപ്പയുടെ അവകാശവാദം. അഞ്ഞൂറ് പേരുടെ രക്തസാംപിളുകളാണ് ഈ സമൂഹങ്ങളിൽ നിന്നും പരിശോധിക്കാനെടുത്തത്. ഈ പഠനത്തിന് ഡോ. മിനിയോടൊപ്പം സഹായിയായ ഹൈദ്രാബാദിലെ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ നിയോഗിച്ചത് ജലന്ധർ സ്വദേശി മാനേവേന്ദ്ര സിങ്ങിനെ. ഈ പഠനം അവതരിപ്പിച്ചപ്പോൾ ലോക ജിനോം ഓർഗനൈസേഷന്റെ 'യുവശാസ്ത്രജ്ഞൻ' എന്ന ബഹുമതിക്ക് മാനവേന്ദ്ര സിങ്ങ് അർഹനായി എന്ന് ഡോ. മിനി പറയുന്നു. ഡോ. മിനി കരിയപ്പ റിപ്പോർട്ട് മണിലാൽ സർവകലാശാലയിൽ നടന്ന ലോക ജനിറ്റിക് സമ്മേളനത്തിൽ അവതരിപ്പിച്ച് ശ്രദ്ധ പിടിച്ചുപറ്റി.

**കഥ തുടരുന്നു**

ഡോ. മിനി തന്റെ പഠനം തുടരുകയാണ്. കേരളത്തിലെ ഓരോ ഗ്രാമത്തിലും വിവിധ ക്രിസ്ത്യൻ സമൂഹത്തിൽപെട്ടവർക്കിടയിലേക്കാണിനി പഠനം. കുറവിലങ്ങാട്, ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയാങ്കൽ, നിരണം, നിലക്കൽ കുടുംബങ്ങളുടെ കൂട്ടായ്മയായ സെന്റ് തോമസ് നസ്രാണി യോഗത്തിലും മിനി തന്റെ പ്രബന്ധം അവതരിപ്പിച്ചു. അവിടെ നിന്ന് നൂറോളം കുടുംബാംഗങ്ങളുടെ രക്തസാംപിളുകളും ശേഖരിച്ചു.

**പേരിന്റെ കഥ**

ഡോ. മിനിയുടെ പേരിനൊപ്പം കരിയപ്പ എന്ന് കാണുന്നതിലുമുണ്ട് ഒരു ചരിത്രം. എയർഫോഴ്സിൽ ഫൈറ്റർ വിമാനത്തിന്റെ പൈലറ്റ് ആയിരുന്ന കുരിയപ്പൻ ആണ് മിനിയുടെ പിതാവ്. എയർഫോഴ്സ് ജീവിതം മുഴുവൻ ഉത്തരേന്ത്യയിലായിരുന്നു. അവിടെ കുര്യപ്പനെ സഹപ്രവർത്തകർ വിളിക്കുന്നത് 'കരിയപ്പ്' എന്ന് ചുരുക്കിയായിരുന്നു. അങ്ങനെ ഡോ. മിനി.... മിനി കരിയപ്പ ആയി."

പാലൂരിലെ ആദിമ സുറിയാനി ക്രിസ്ത്യാനികൾ വിവിധ കാലങ്ങളിലായി വിവിധ സാഹചര്യങ്ങളിൽ ജലമാർഗ്ഗം വഴി തെക്കോട്ട് പലായനം ചെയ്തതിന്റെ ഫലമായാണ് ക്രിസ്ത്യാനികൾ കേരളമെങ്ങും വ്യാപിച്ചത് എന്ന് തെക്കൻ പ്രദേശങ്ങളിൽ കുടിയേറിപ്പാർത്ത് പ്രസിദ്ധി നേടിയ പകലോമറ്റം, ഞാലിയിൽ, കുറ്റിക്കണ്ടം, പൈനാടത്ത്, വിളവിനാൽ (യഥാക്രമം കുറവിലങ്ങാട്, കവിയൂർ, അയിരൂർ, അങ്കമാലി, തുമ്പമൺ) എന്നീ കുടുംബങ്ങളുടെ ചരിത്രഗ്രന്ഥങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഇന്നത്തെ ആർത്താറ്റ്, പഴഞ്ഞി, കുന്നംകുളം തുടങ്ങി 'തലപ്പള്ളി' താലൂക്കിലുള്ള സ്ഥലങ്ങളെയാണ് പാലൂർ എന്ന പഴയ പേരിൽ പരാമർശിച്ചിട്ടുള്ളത്. അതിനുശേഷം ഉത്ഭവിച്ച 'പാലയൂർ' എന്ന സ്ഥലം ചാവക്കാടിന്റെ ഒരു ഭാഗമാണ്. അതിന് പാലൂർ എന്ന പഴയ സ്ഥലനാമവുമായി ഒരു ബന്ധവുമില്ല.

യഹൂദ പശ്ചാത്തലത്തിൽ നിന്നാണ് ആദിമ കേരള ക്രിസ്തീയ സമൂഹത്തിന് സുറിയാനി ഭാഷയും ആ ഭാഷയിലുള്ള ആരാധനകളും ലഭിച്ചതെന്നും അതിന്റെ പ്രാരംഭകൻ മാർത്തോമ്മാശ്ലീഹായാണെന്നും ഈ നിരീക്ഷണങ്ങൾ വ്യക്തമാക്കുന്നു. കേരളീയ ക്രിസ്ത്യാനികൾക്ക് സുറിയാനി ക്രിസ്ത്യാനികൾ എന്ന പേർ ലഭിച്ചതിന്റെ കാരണം മറ്റൊന്നല്ല. ചിലർ കേരളീയ ക്രൈസ്തവ സഭകളിൽ ഒന്നിന് പതിനെട്ടാം നൂറ്റാണ്ടു മുതൽ ഉണ്ടായ സിറിയൻ പിതാക്കന്മാരുമായുള്ള ബന്ധം നിമിത്തം ആ പേർ ഉണ്ടായി എന്ന് പ്രചരിപ്പിച്ചത് ദുഷ്ടലാക്കോടെയാണ്. സുറിയാനി ഭാഷയോടല്ലാതെ സിറിയൻ രാജ്യത്തോട് കേരളത്തിലെ ആദിമസഭയ്ക്ക് ബന്ധമൊന്നും ഉണ്ടായിരുന്നില്ല.

പല പഴയ കൈയെഴുത്ത് സുറിയാനി ഗ്രന്ഥങ്ങളിലും മലങ്കരസഭയിലെ മെത്രാന്മാരെ 'എപ്പിസ്ക്കോപ്പാ ദ് ഹിന്ദു' എന്ന് വിശേഷിപ്പിക്കാറുണ്ട്. അതിന് ഹിന്ദു മതക്കാരുടെ എപ്പിസ്ക്കോപ്പാ എന്ന് അർത്ഥമില്ലല്ലോ. ഹിന്ദു ദേശത്തെ എപ്പിസ്ക്കോപ്പാ എന്നേ അർത്ഥമുള്ളു. അതുപോലെ സുറിയാനിസഭ എന്ന പദപ്രയോഗത്തെ 'സിറിയൻ ചർച്ച്' എന്ന് ഇംഗ്ലീഷിലേക്ക് പരിഭാഷ ചെയ്ത് അതിന് സിറിയാ രാജ്യവുമായി ബന്ധമുണ്ടെന്ന് ചിലർ വ്യാഖ്യാനിക്കുവാൻ ശ്രമിച്ചിട്ടുള്ളത് അസ്വീകാര്യമാണ്. സുറിയാനിസഭയ്ക്ക് വേറെയും ചില പേരുകൾ ചരിത്രത്തിൽ കാണുന്നുണ്ട്.

### നസ്രാണികൾ

അറബികൾ സുറിയാനി ക്രിസ്ത്യാനികൾക്ക് നൽകിയ പരിഹാസപ്പേർ ആണിത്. അഭിഷിക്തനായ ക്രിസ്തുവിനെ നസ്രായനായിട്ട് മാത്രം കാണുന്ന ഒരു സംസ്ക്കാരം ആ വിളിയുടെ പിന്നിലുണ്ട്. അറബികളെ തുടർന്ന് ഇസ്ലാം മതക്കാരും സുറിയാനി ക്രിസ്ത്യാനികളെ 'നസ്രാണികൾ' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. 'സുറിയാനിക്കാർ' എന്ന് പറഞ്ഞാൽ അന്ത്യോഖ്യൻ കോയ്മയുടെ അർത്ഥം വരുമെന്ന ശങ്കയിൽ പലരും ഈ സഭയുടെ പേർ 'നസ്രാണികൾ' എന്നാണെന്ന് പറഞ്ഞിട്ടുണ്ട്. ആദരണീയനായ ഇസ്സഡ്. എം. പാറേട്ട് മലങ്കര സുറിയാനിക്കാരുടെ സഭാചരിത്രത്തിന് 'മലങ്കര നസ്രാണികൾ' എന്ന പേർ കണ്ടെത്തിയത് ആ പശ്ചാത്തലത്തിലാണ്.

### ബൗദ്ധർ

എ. ഡി. മൂന്ന് മുതൽ ഏഴാം നൂറ്റാണ്ടു വരെ കേരളത്തിൽ പ്രവേശിച്ച വൈദിക മതക്കാർ ചതുർ വേദങ്ങളെ സ്വീകരിക്കുവാൻ വിസമ്മതിച്ച എല്ലാവരെയും പൊതുവായി ബൗദ്ധർ എന്ന് വിശേഷിപ്പിച്ചു. ഈ

ബൗദ്ധരിൽ ബുദ്ധമതം, ജൈനമതം, ക്രിസ്തുമതം, യഹൂദമതം, ഇസ്ലാം മതം എന്നിവയുടെ അനുയായികൾ ഉൾപ്പെടുന്നു. ബൗദ്ധർ എന്ന പ്രയോഗത്തിൽ ക്രിസ്തുമതക്കാരും ഉൾപ്പെട്ടിരുന്നതിനാലാണ് വൈദിക സാക്ഷ്യത്തിൽ ക്രിസ്തുമത പരാമർശം കാണാത്തത്. അവരുടെ പല ഉപനിഷത്തുക്കളിലും പുരാണങ്ങളിലും ക്രിസ്തു പരാമർശങ്ങൾ ധാരാളം കാണാം. ഭവിഷ്യമഹാപുരാണം (വ്യാസൻ എഴുതിയത്) തന്നെ ഉദാഹരണം.

### പുത്തൻകൂറ്റുകാർ

ഉദയംപേരൂർ സുന്നഹദോസിന്റെ നിശ്ചയങ്ങളെ (1599) ബഹിഷ്ക്കരിച്ചവർ എന്ന അർത്ഥത്തിൽ പൂർവിക സുറിയാനി ക്രിസ്ത്യാനികളെ 1653 മുതൽ പുത്തൻകൂറ്റുകാർ എന്ന് റോമൻ കത്തോലിക്കർ പരിഹാസപൂർവം വിശേഷിപ്പിച്ചു. പ്രചാരണ കലാവിശാരദരായിരുന്ന ഒരു വിഭാഗം ആവർത്തിച്ച് പരാമർശിച്ചതിനാൽ സുറിയാനി ക്രിസ്ത്യാനികളെ രാജ്യത്തിന്റെ രേഖകളിൽപ്പോലും 'പുത്തൻകൂറ്റുകാർ' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ആ പേരിന്റെ പശ്ചാത്തലം വേണ്ടവിധം ഗ്രഹിക്കാതെ സുറിയാനിക്കാരും തങ്ങൾ പുത്തൻകൂറ്റുകാർ ആണെന്ന് അവകാശപ്പെട്ട് പോരുന്നുണ്ട്.

### യാക്കോബായക്കാർ

എ.ഡി. 451–ൽ നടന്ന കൽക്കദൂൻ സുന്നഹദോസിനെ അംഗീകരിക്കാത്ത സഭകളെ, അതിന്റെ പ്രധാന പുനരുദ്ധാരകൻ ആയ യാക്കോബ് ബുർദ്ദാനയുടെ പേരിൽ യാക്കോബായക്കാർ എന്ന് കൽക്കദൂൻ അനുയായികൾ പരിഹാസപൂർവം വിളിച്ചു. ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിലെ എല്ലാ ശാഖകളെയും ഈ പേർ ആദ്യകാലത്ത് അർത്ഥമാക്കിയിരുന്നു എങ്കിലും അതിൽ ഒരു ശാഖയായ അന്ത്യോഖ്യൻ സഭയെ ആണ് ആ പേരിൽ പില്ക്കാലത്ത് ലോകം അറിഞ്ഞത്. സുറിയാനിക്കാർ ആ പരിഹാസപ്പേരും കഥയറിയാതെ സ്വീകരിച്ചു. കേരളത്തിൽ വന്ന അലക്സാന്ത്രിയൻ–അർമ്മീനിയൻ തുടങ്ങിയ ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലെ പിതാക്കന്മാരെ കത്തോലിക്കാ ഗ്രന്ഥകാരന്മാർ യാക്കോബായക്കാർ എന്ന് പരാമർശിച്ചിട്ടുള്ളത് ഇവിടെ സ്മരിക്കാം. അവരൊക്കെ അന്ത്യോഖ്യൻ സഭയുടെ പിതാക്കന്മാരെന്ന് തെറ്റിദ്ധരിക്കുവാൻ ഈ 'യാക്കോബായ' പ്രയോഗം കാരണമായിട്ടുണ്ട്.)

മാർത്തോമ്മാശ്ലീഹാ പാലൂരിൽ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ച തലപ്പള്ളിയിൽ ആദ്യം യഹൂദ ക്രിസ്ത്യാനികളും പിന്നീട് ബുദ്ധ–ജൈന മതങ്ങളിൽ നിന്ന് മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികളും സുറിയാനി ഭാഷയിൽ നിർവഹിക്കപ്പെട്ട അനുഷ്ഠാനങ്ങളിൽ

പൗരോഹിത്യവേല ചെയ്തു. അന്ന് പാലൂരിൽ നമ്പൂതിരിമാരോ ഹിന്ദു മതമോ ഹിന്ദുക്ഷേത്രങ്ങളോ ഇല്ല എന്ന ചരിത്രവസ്തുത അറിയാതെ യാണ്, നമ്പൂതിരിമാരെ മാർത്തോമ്മാശ്ലീഹാ മതപരിവർത്തനം നടത്തി എന്നും അവരിൽ നിന്ന് ആദ്യത്തെ ക്രിസ്തീയ പുരോഹിതരെ നിയ മിച്ചു എന്നും മറ്റും എഴുതിയിട്ടുള്ളത്. ക്രിസ്ത്വബ്ദം ഒന്നാം നൂറ്റാണ്ടിൽ ബുദ്ധമതക്കാർ, ജൈനമതക്കാർ, പ്രകൃത്യാരാധകരായ ആദിവാസികൾ, യഹൂദന്മാർ, അറബികൾ എന്നിവർ അടങ്ങിയ ജനസമൂഹമാണ് കേരള ത്തിൽ ഉണ്ടായിരുന്നതെന്ന് പില്ക്കാല ചരിത്ര ഗവേഷണങ്ങൾ സമർത്ഥി ച്ചിട്ടുണ്ട്. കേരളത്തിൽ ഹിന്ദുമതം രൂപംകൊള്ളുന്നതും ക്ഷേത്രങ്ങൾ നിർമ്മിക്കപ്പെടുന്നതും എ.ഡി. 8-ാം നൂറ്റാണ്ടു മുതല്ക്കാണെന്നും മറ്റും എ. ശ്രീധരമേനോൻ 'കേരള സംസ്ക്കാരം' എന്ന ഗ്രന്ഥത്തിൽ വ്യക്ത മാക്കിയിട്ടുള്ളത് ഇവിടെ ഓർക്കാവുന്നതാണ്. തന്മൂലം ക്ഷേത്രം പള്ളി യായി പുനർ നിർമ്മിച്ചു എന്നൊക്കെ എ.ഡി. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തുമത ചരിത്രത്തെപ്പറ്റി എഴുതിയിട്ടുള്ളത് ചരിത്രദൃഷ്ട്യാ സ്വീകാ ര്യമല്ല. യഹൂദകോളനികളും ബുദ്ധ-ജൈന കോളനികളും കൂട്ടത്തോടെ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അവരുടെ സിന്നഗോഗുകളും പള്ളികളും ക്രിസ്തുമത ദേവാലയങ്ങളായി എന്നതാണ് ചരിത്ര വസ്തുത. ക്രിസ്തു മത ദേവാലയങ്ങൾക്ക് 'പള്ളി' എന്ന പേർ സിദ്ധിച്ചതും ഈ പശ്ചാത്ത ലത്തിലാണ്. പില്ക്കാലത്ത് 7-ാം നൂറ്റാണ്ടിന് ശേഷം നമ്പൂതിരി കുടും ബങ്ങൾ ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ടെങ്കിലും അപ്രകാരം മതപരിവർ ത്തനം ചെയ്ത പല നമ്പൂതിരി കുടുംബങ്ങളെയും പാലൂർ പ്രദേശത്ത് – തലപ്പള്ളി താലൂക്കിൽ – ഇന്നും ഒന്നാംകിട ക്രൈസ്തവ കുടുംബങ്ങ ളുടെ കുലീനത കല്പിച്ചു കൊടുക്കാറില്ല. അത്തരം കുടുംബങ്ങൾക്ക് നൂറ് കൊല്ലം മുമ്പു വരെ പുരോഹിതന്മാരെ നിയമിക്കുവാൻ തെരഞ്ഞെ ടുത്തിരുന്നില്ല (അഡ്വ. കെ.വി. താരു, അഡ്വ. കെ.എസ്. സഖറിയ എന്നി വർ ചേർന്ന് തയാറാക്കിയ 'മൂലേപ്പാട് കൊള്ളന്നൂർ കുടുംബചരിത്രം, പുറം 196 കാണുക).

ജൂതപാരമ്പര്യത്തിൽ രൂപംകൊണ്ട ക്രിസ്തുമതത്തിലെ ആരാധനാ നുഷ്ഠാനങ്ങളുടെ ഭാഷ മാത്രമല്ല ക്രിയാംശങ്ങളും സംവിധാനങ്ങളും ജൂതക്രിസ്ത്യാനികൾക്ക് എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുമെന്നതിനാൽ ആദ്യത്തെ പുരോഹിതന്മാരെ മാർത്തോമ്മാശ്ലീഹാ കണ്ടെത്തി പട്ടം കൊടുത്ത് നിയമിച്ചത് സ്വാഭാവികമായും ക്രിസ്തുമതം സ്വീകരിച്ച യഹൂ ദന്മാരെയായിരുന്നു. ആദ്യത്തെ ക്രൈസ്തവ സമൂഹങ്ങൾ രൂപംകൊണ്ടത് പാലൂർ, മറ്റം തുടങ്ങിയ സമുദ്രതീരപ്രദേശങ്ങളിലായിരുന്നു. പിന്നീട് ക്രിസ്തുമതക്കാർ കേരളമെങ്ങും കുടിയേറിപ്പാർത്തപ്പോൾ പാലൂർ, മറ്റം പ്രദേശത്തുകാർക്ക് പ്രാമുഖ്യം സിദ്ധിച്ചു. അവർക്ക് മാർത്തോമ്മായുടെ

കൈവെപ്പുണ്ട് എന്ന് പറയുന്നത് ഏതെങ്കിലും കുടുംബനാമങ്ങളെ മുൻനിർത്തിയല്ല; പാലൂർ, മറ്റം എന്നീ ദേശനാമങ്ങളെ മുൻനിർത്തിയാണ്. ഈ വസ്തുത വേണ്ടത്ര ഗ്രഹിക്കാതെ പിന്നീട് വികാസം പ്രാപിച്ച് രൂപപരിണാമവിധേയമായ 'പകലോമറ്റം' എന്ന പേർ കുടുംബപ്പേരായി അനേകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. പാലൂർ, മറ്റം പ്രദേശത്ത് ആദ്യം ക്രൈസ്തവ ദേവാലയങ്ങൾ ഉണ്ടായി എന്നും അവിടെയുള്ളവർ ആദ്യ പുരോഹിതരായി നിയമിക്കപ്പെട്ടു എന്നും പ്രസ്താവിക്കുമ്പോൾ നാം ചരിത്രത്തോട് കൂടുതൽ നീതി പുലർത്തുന്നു. ഈ പാലൂർ–മറ്റം പ്രയോഗമാണ് പിന്നീട് പാലോമറ്റവും പകലോമറ്റവും ആയി വികസിച്ചത്.

എ.ഡി. ആദ്യ നൂറ്റാണ്ടു മുതൽ കേരള സഭയ്ക്ക് അലക്സാന്ത്രിയൻ സഭയുമായി ബന്ധം പുലർത്തുവാൻ പൊന്നാനി–അലക്സന്ത്രിയാ കേന്ദ്രമാക്കി ചേരസാമ്രാജ്യ കാലത്ത് നടന്നിരുന്ന വിദേശ വ്യാപാര സംസർഗ്ഗങ്ങൾ വഴിയൊരുക്കി. അലക്സാന്ത്രിയൻ സഭയിലെന്നപോലെ കേരള സഭയിലും എപ്പിസ്ക്കോപ്പന്മാർ ആദിമ നൂറ്റാണ്ടുകളിൽ ഇല്ലായിരുന്നു. പുരോഹിതന്മാർ പുരോഹിതന്മാർക്ക് പട്ടം കൊടുക്കുന്ന അലക്സാന്ത്രിയൻ ശൈലി കേരളസഭയിൽ സ്വീകരിക്കപ്പെടുവാൻ ഈ വിദേശ വ്യാപാരബന്ധം സഹായിച്ചു (അലക്സാന്ത്രിയൻ സഭയിലെ പൗരോഹിത്യ സംവിധാനത്തെപ്പറ്റി ഫാ. ഡോ. വി. സി. ശാമുവേൽ ആധികാരികമായി നൽകുന്ന ചിത്രം 'സഭ വളരുന്നു' എന്ന ഗ്രന്ഥത്തിൽ നമുക്ക് ലഭ്യമാണ്).

അക്കാലത്ത് വിസ്തൃതമായ ഒരു പ്രദേശത്ത് ഒരു പള്ളി മാത്രമേ കാണൂ. അവിടെ ഒരു സംഘം വൈദികർ ഉണ്ടാകും. അതിലെ സീനിയർ വൈദികൻ മറ്റു വൈദികരുടെ സഹകരണത്തോടെ ആവശ്യമായി വരുന്ന സന്ദർഭത്തിൽ പുതിയ വൈദികർക്ക് സ്ഥാനം നൽകും. സീനിയർ വൈദികൻ മരിക്കുകയോ വാർദ്ധക്യത്തിലെത്തുകയോ ചെയ്യുമ്പോൾ അടുത്ത സീനിയർ വൈദികനെ ശേഷം വൈദികർ തങ്ങളുടെ തലവനായി സ്ഥാനം കൊടുത്ത് നിയമിക്കും. സുശക്തമായ ഈ പാരമ്പര്യം നൂറ്റാണ്ടുകളായി ഭാരതസഭയിൽ നിലനിന്നതു കൊണ്ടാവാം മറ്റ് പല ലോകസഭകളിലും പൗരോഹിത്യം, എപ്പിസ്ക്കോപ്പാ സ്ഥാനിയെ അവരോധിച്ച് അവരിലൂടെ 'പട്ടംകൊട'യെ വ്യവസ്ഥാപിതമാക്കിയപ്പോഴും മലങ്കരയിൽ പഴയ സമ്പ്രദായം നൂറ്റാണ്ടുകളോളം നിലനിന്നത്. ചിലപ്പോഴെല്ലാം പേർഷ്യയിൽ നിന്നും അലക്സാന്ത്രിയായിൽ നിന്നും പില്ക്കാല നൂറ്റാണ്ടുകളിൽ മെത്രാന്മാർ കേരളസഭയിൽ വന്നിട്ടുണ്ടെങ്കിലും മെത്രാന്മാരിലൂടെ മാത്രമേ 'പട്ടംകൊട' നടത്താവൂ എന്ന പില്ക്കാലശൈലി കേരളസഭ പതിനാറാം നൂറ്റാണ്ടു വരെയും സ്വീകരിച്ചതായി തോന്നുന്നില്ല.

നാലാം നൂറ്റാണ്ടു മുതൽ പേർഷ്യൻ സഭയുമായി അടുത്ത ബന്ധമു

ണ്ടായപ്പോഴും ഇതേ നില തുടരുകയാണുണ്ടായത്. പേർഷ്യൻ സഭയിലെ മെത്രാന്മാർ ചിലപ്പോഴെല്ലാം കേരളത്തിൽ വന്നിട്ടുണ്ട്. അവരിലാരുടെയും കബറിടങ്ങൾ മലങ്കരസഭയിൽ ദൃശ്യമല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. മെത്രാന്മാരുടെ സാന്നിധ്യം ഉണ്ടാകുമ്പോൾ അവരിൽനിന്ന് പട്ടം സ്വീകരിച്ചിരുന്നു എങ്കിലും അവരുടെ അസാന്നിധ്യത്തിൽ ഇവിടെ പട്ടംകൊടാ പൂർവ മാതൃകയിൽ തുടരുകതന്നെ ചെയ്തു എന്ന് വിശ്വസിക്കുവാനാണ് കൂടുതൽ ന്യായമുള്ളത്.

പേർഷ്യൻ സഭയുമായുള്ള ബന്ധം കേരളീയ സഭാജീവിതത്തിന് ചില പുത്തൻ രൂപങ്ങളും ഭാവങ്ങളും നൽകി. അവയിൽ പ്രധാനം അന്നേവരെ ഉപയോഗിച്ചിരുന്ന അരമായ സുറിയാനിക്കു പകരം പൗരസ്ത്യ കൽദായ സുറിയാനി പ്രചാരത്തിലായി എന്നതാണ്. ഉച്ചാരണത്തിലും ലിപിയിലും അല്പസ്വല്പ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ആ പരിവർത്തനം വിഷമം പിടിച്ചതായിരുന്നില്ല. പേർഷ്യയിൽ രൂപപ്പെട്ട ആരാധനക്രമങ്ങൾ കേരളത്തിൽ സംക്രമിച്ചപ്പോൾ അവരുടെ സുറിയാനി സ്വാഭാവികമായും ഇവിടെ സ്വീകരിക്കപ്പെടുകയായിരുന്നു. സാർവത്രിക സഭയുമായി അടുത്ത ബന്ധമുണ്ടായിരുന്ന പേർഷ്യൻ സഭയുടെ ആരാധനക്രങ്ങൾ കൂടുതൽ ആകർഷകമായി കേരള സഭയിൽ അനുഭവപ്പെട്ടിരിക്കാം. പൗരസ്ത്യ സുറിയാനി ഭാഷ, പൗരസ്ത്യ ആരാധനക്രമങ്ങൾ, പുരോഹിതരുടെ വേഷവിധാനങ്ങൾ, ആരാധനാ സാമഗ്രികൾ എന്നിവയും ഈ ബന്ധത്തിന്റെ ഫലമായി കേരള സഭയിലേക്ക് സംക്രമിച്ചു. നാലാം നൂറ്റാണ്ടു മുതൽ പണിയപ്പെട്ട ദേവാലയങ്ങൾക്ക് പേർഷ്യൻ ശില്പ സ്വാധീനം ഉണ്ടായത് ഈ പശ്ചാത്തലത്തിലാവാം.

ഓരോ ഇടവകയിലും പട്ടംകൊടാ തുടങ്ങിയ വിശിഷ്ട ജോലി ചെയ്തിരുന്ന സീനിയർ വൈദികരെ 'ഫ്രെദ്യൂത്താ' എന്ന സ്ഥാനപ്പേർ നൽകി ആദരിക്കാൻ തുടങ്ങിയതും ഇക്കാലത്താണ്. സഭയുടെ നിശ്ചയപ്രകാരം കശ്ശീശന്മാരെയും ശെമ്മാശന്മാരെയും പട്ടംകൊടുത്ത് നിശ്ചയിക്കാൻ ഫ്രെദ്യൂത്തേന്മാരെ അധികാരപ്പെടുത്തുന്ന കാനോനാകൾ ക്രൈസ്തവ പാരമ്പര്യത്തിലുണ്ട്. ഇതോടെ ഇവിടെ ഓരോ ഇടവകയിലും ഉണ്ടായിരുന്ന സീനിയർ വൈദികർ മറ്റ് സഭകളിലെ എപ്പിസ്ക്കോപ്പാ സ്ഥാനികൾക്ക് സമാന്തരസ്ഥാനം വഹിക്കുന്ന 'ഫ്രെദ്യൂത്തേന്മാർ' ആയിത്തീർന്നത് പേർഷ്യൻ ബന്ധത്തിന്റെ മറ്റൊരു ഫലമാണ്. 1665-ൽ യെരുശലേമിലെ മാർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ കേരളത്തിലെത്തുമ്പോൾ പോലും കേരളത്തിലെ പ്രാചീന ദേവാലയങ്ങളിൽ (ഉദാഹരണം: അങ്കമാലി, പറവൂർ, കണ്ടനാട്, മുളന്തുരുത്തി) ഫ്രെദ്യൂത്തെന്മാർ ഉണ്ടായിരുന്നതായി രേഖയുണ്ട്.

ഇടവകകളുടെ പ്രതിനിധിയായി രാജസദസുകളിലും മറ്റും പങ്കെടുക്കുവാൻ ഒരാളെ 'ജാതിയുടെ ചുമതലക്കാരനാ'യി നിയമിക്കുന്ന സമ്പ്രദായവും പേർഷ്യൻ സംഭാവനയാണ്. ഈ 'ജാതിക്ക് കർത്തവ്യ'നെ 'അർക്കദിയാക്കോൻ' എന്ന് പേർഷ്യൻ ശൈലിയിൽ നാമകരണം ചെയ്തു. ഫ്രെദ്യൂത്തേന്മാരും അർക്കദിയാക്കോനും ഉള്ള സഭ എന്ന നിലയിൽ മലങ്കരസഭ അക്കാലത്തും സ്വയംശീർഷകത്വമുള്ള സഭയായിരുന്നു എന്ന് പറയാം. സഭയുടെ തലവൻ അർക്കദിയാക്കോൻ ആയ കശ്ശീശ ആയിരിക്കും. പേർഷ്യൻ സഭയിൽ അർക്കദിയാക്കോൻ കശ്ശീശായുടെ മുകളിൽ ഉള്ള സ്ഥാനമാണ്. ശെമ്മാശന്മാരുടെ തലവൻ എന്ന അർത്ഥത്തിൽ ഹൂദായ കാനോനിൽ പരാമർശിക്കുന്ന സ്ഥാനമായി ഇതിനെ തെറ്റിദ്ധരിച്ചുകൂടാ. ഒന്നാം മാർത്തോമ്മാ ആയി 1653-ൽ സ്ഥാനമേറ്റ തോമ്മാ അർക്കദിയാക്കോൻ 'അർക്കദിയാക്കോൻ തോമാ കാശീശാ' എന്ന് സ്വന്തം ഔദ്യോഗിക സ്ഥാനനാമം രേഖപ്പെടുത്തി ഒപ്പും മുദ്രയും വച്ച് റോമിലേക്കെഴുതിയ കത്തിന്റെ ഫോട്ടോകോപ്പി ഈ ലേഖകൻ സൂക്ഷിക്കുന്നുണ്ട് (ഈ കത്തിന്റെ ഫോട്ടോ 1994 മുതൽ ഈ ഗ്രന്ഥകാരൻ എഴുതിയ സഭാചരിത്രഗ്രന്ഥങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). ഒരർത്ഥത്തിൽ പില്ക്കാലത്തെ മലങ്കര മെത്രാപ്പോലീത്താ ഈ അർക്കദിയാക്കോന്റെയും പില്ക്കാല മെത്രാന്മാർ ഈ ഫ്രെദ്യൂത്താ സംവിധാനത്തിന്റെയും കാലോചിത പരിണാമങ്ങളായി ഗ്രഹിക്കാവുന്നതാണ്.

പേർഷ്യൻ ബന്ധത്തെ തുടർന്ന് നമ്മുടെ ആരാധനക്രമങ്ങൾ പൗരസ്ത്യ സുറിയാനിയിലാണ് എഴുതപ്പെട്ടിരുന്നത്. ചിലർ പറയും പ്രകാരം അത് പാശ്ചാത്യ സുറിയാനിയായി മാറിയത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ കാലത്തല്ല (ഫാ. ഡോ. ബേബി വറുഗീസും ഡോ. എം. കുര്യൻ തോമസും ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വാദഗതിക്ക് യാതൊരു അടിസ്ഥാനവുമില്ല. പഴയസെമിനാരി സ്ഥാപകനും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ കായംകുളത്ത് പീലിപ്പോസ് റമ്പാനും എഴുതിയ പുസ്തകങ്ങളിൽ പൗരസ്ത്യ സുറിയാനിയാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് ഈ ലേഖകൻ നിരീക്ഷിച്ചിട്ടുണ്ട്. 17-ാം നൂറ്റാണ്ടിൽ ഹിദായത്തുള്ളാ മാർ ഈവാനിയോസും പതിനെട്ടാം നൂറ്റാണ്ടിൽ മാർ ഗ്രീഗോറിയോസും പാശ്ചാത്യ സുറിയാനി ഇവിടെ പരിചയപ്പെടുത്തി എങ്കിലും അത് കേരളത്തിൽ സാർവത്രികമായി സ്വീകരിക്കപ്പെടുന്നത് യൂയാക്കീം മാർ കൂറിലോസിന്റെയും പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെയും പ്രവർത്തനഫലമായി പത്തൊമ്പതാം നൂറ്റാണ്ടിലാണ്).

സ്വന്തം ആവശ്യത്തിനുള്ള സുറിയാനി ആരാധനക്രമങ്ങൾ വൈദികവിദ്യാർത്ഥികൾ സ്വയം എഴുതിയുണ്ടാക്കുന്ന രീതിയാണ് ആദ്യകാലത്തു

ണ്ടായിരുന്നത്. മല്പാൻ പള്ളിക്കൂടങ്ങളുടെ പ്രവർത്തനത്തിൽ ഏറിയ കൂറും സമയം ചെലവഴിച്ചിരുന്നത് ഈ പകർപ്പെഴുത്തിനാണ്. തലമുറകളിലൂടെ ഈ പകർത്തി എഴുതൽ അവിരാമം തുടർന്നപ്പോൾ ആരാധനക്രമങ്ങൾക്ക് പല വൈകല്യങ്ങൾ സംഭവിച്ചു. പല വൈദികവിദ്യാർത്ഥികളും അത്യാവശ്യമുള്ള ഭാഗങ്ങൾ മാത്രം പകർത്തുന്നതിൽ തൃപ്തിപ്പെട്ടു. പലരും കുർബാന തക്സാകളിൽ മാർ യാക്കോബ്, മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ് തുടങ്ങി മൂന്നോ നാലോ അനാഫുറാകൾ മാത്രമേ പകർത്തിയിരുന്നുള്ളു. അതുപോലെ രണ്ടോ നാലോ പ്രുമിയോനുകളും നാലോ അഞ്ചോ ഏവൻഗേലിയോൻ ഭാഗങ്ങളും പകർത്തുന്നതിൽ പലരും സംതൃപ്തരായി. ഫലമോ സുറിയാനിയിൽ വിരചിതമായ ഡസൻ കണക്കിന് അനാഫുറാകളും ഓരോ 'അനാഫുറ'യുടെയും അനുബന്ധമായ പ്രുമിയോൻ സെറ്റുകളും ഓരോ ഞായറാഴ്ചയ്ക്കും പ്രത്യേകമായുള്ള ഏവൻഗേലിയോനുകളും പലർക്കും ഉപേക്ഷിക്കേണ്ടി വന്നു. അത്യാവശ്യത്തിന് വേണ്ട വിഭവങ്ങൾ എന്ന മുദ്രാവാക്യം ആരാധനാ സാഹിത്യത്തെ  അതീവ ശുഷ്ക്കമാക്കി.

കൂദാശക്രമത്തിലെ ആനീദാ ക്രമത്തിൽ പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നീ മൂന്ന് വിഭാഗത്തിനും നാല് തെശ്മെശ്ത്താകൾ വീതം 12 ശുശ്രൂഷകൾ ഉണ്ട്. മിടുക്കന്മാർ പുരുഷന്മാരുടെ നാല് ക്രമങ്ങൾ മാത്രം പകർത്തി. സ്ത്രീകൾക്കു വേണ്ടി ശുശ്രൂഷ നടത്തുമ്പോൾ 'അവൻ' പ്രയോഗങ്ങളെ 'അവൾ' എന്ന് വായിച്ചാൽ കാര്യം ഭദ്രം. അതിലും മിടുക്കന്മാർ പുരുഷന്മാരുടെ ക്രമത്തിൽ ആദ്യത്തേതും അവസാനത്തേതും മാത്രം പകർത്തി. ഒന്ന് വീട്ടിൽ വച്ച് നടത്തും, ഒടുവിലത്തേതു പള്ളിയിൽ വച്ചും. ബാക്കി രണ്ടും പകർത്തി എഴുത്തിൽ ലാഭം!! (ഇങ്ങനെ പകർത്തി എഴുത്തിൽ ലാഭം നേടിയ ചില വിദ്വാന്മാർ പകർത്തി എഴുതിയ ക്രമങ്ങളെ നിരീക്ഷിച്ച് തൊഴിയൂർ സഭയിലെ ആദരണീയനായ ഫാ. കെ. സി. വർഗ്ഗീസ് ഒരു താരതമ്യ പഠനം നിർവഹിച്ചത് രസാവഹമാണ്. മലങ്കരസഭയിലെയും തൊഴിയൂർ സഭയിലെയും ആരാധനക്രമങ്ങളുടെ വ്യത്യാസങ്ങളെ നിരീക്ഷിച്ച് അദ്ദേഹം എഴുതി. 'മലങ്കരസഭയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി 12 തെശ്മെശത്താകൾ ഉണ്ട്. തൊഴിയൂർ സഭയിലാകട്ടെ ആകെ നാല് തെശ്മെശ്ത്താകളേ ഉള്ളൂ.' തൊഴിയൂരിലെ പകർത്തിയെടുപ്പുകാർ അദ്ധ്വാനഭാരം ലഘൂകരിക്കാൻ വേണ്ടി ചെയ്ത വിദ്യയാണിതെന്ന് നിർഭാഗ്യവശാൽ അദ്ദേഹം ഓർത്തുകാണില്ല. ഇപ്പോൾ തൊഴിയൂർ സഭയിലെ ശവസംസ്ക്കാര ശുശ്രൂഷയ്ക്ക് വേറെയും ചില വ്യത്യാസങ്ങൾ പുരാതന സഭയുടെ ആരാധനാ സംസ്ക്കാരത്തിൽ വേണ്ടത്ര അറിവില്ലാത്തവർ വരുത്തിയതു നമ്മെ അത്ഭുതപ്പെടുത്തുന്നു.)


മലങ്കരസഭയിൽ നവീകരണം അരങ്ങേറിയ പത്തൊമ്പതാം നൂറ്റാണ്ടിൽ മറ്റൊരുതരം വൈകൃതം പകർത്തി എഴുത്തിൽ പ്രത്യക്ഷപ്പെട്ടു. നവീകരണ വാദങ്ങളെ സാധൂകരിക്കുംവിധം പുസ്തകങ്ങൾ പകർത്തി എഴുതുമ്പോൾ വ്യത്യാസപ്പെടുത്തുക. പല നവീകരണ വൈദികരും മരിച്ചുപോയവർക്കു വേണ്ടിയുള്ള പ്രാർത്ഥനകളും വിശുദ്ധരോടുള്ള മധ്യസ്ഥ പ്രാർത്ഥനകളും പകർത്തിയെഴുതുമ്പോൾ ഒഴിവാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്തുവന്നു. ഇങ്ങനെ പല രീതിയിലും സുറിയാനി ക്രമങ്ങൾ പകർത്തി എഴുതുന്നതിലൂടെ ആരാധനക്രമങ്ങൾ വികലമാവുകയോ വികൃതമാവുകയോ ചെയ്ത പശ്ചാത്തലത്തിലാണ് മലങ്കരസഭയിൽ ആദ്യമായി സുറിയാനിക്രമങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്.

1865 മുതൽ 1909 വരെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ആണ് ആദ്യത്തെ സുറിയാനി അച്ചടിക്രമം മലങ്കരസഭയിൽ പ്രത്യക്ഷപ്പെടുത്തിയത്. 'പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ്, കുന്നംകുളം' എന്ന് ഒടുവിൽ ഇംഗ്ലീഷിൽ രേഖപ്പെടുത്തിയ പുസ്തകത്തിൽ അച്ചടിച്ച വർഷം രേഖപ്പെടുത്തിയിട്ടില്ല. 1850 മുതൽ 1865 വരെ അദ്ദേഹം കത്തനാർ ആയിരുന്ന പതിനഞ്ച് വർഷക്കാലത്ത് അച്ചടിച്ചു എന്ന് മാത്രമേ കാലഗണന ചെയ്യുവാൻ സാധിക്കുകയുള്ളു. അന്ന് അച്ചടിച്ച പുസ്തകത്തിന്റെ ഒരു കോപ്പി അങ്കമാലിയിൽ നിന്ന് ഈ ലേഖകൻ ശേഖരിച്ചിട്ടുണ്ട്. ഒരു കോപ്പി കോട്ടയം പഴയ സെമിനാരിയുടെ ആർക്കൈവ്സിൽ ഈ ലേഖകൻ നിരീക്ഷിച്ചിട്ടുണ്ട് (കോട്ടയം പഴയസെമിനാരിയുടെ ആർക്കൈവ്സിലേക്ക് ലഭിച്ച സുറിയാനി കൈയെഴുത്തു പുസ്തകങ്ങൾ ഇനം തിരിച്ച് അവയുടെ ഉള്ളടക്കം, എഴുത്തുകാരൻ, എഴുതിയ വർഷം, സ്ഥലം എന്നിവ അടങ്ങിയ വിശദമായ കാറ്റലോഗ് തയാറാക്കുവാൻ അന്നത്തെ പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജ്ജിന്റെ ആവശ്യപ്രകാരം സെമിനാരി ലൈബ്രേറിയൻ ഫാ. സി. സി. ചെറിയാൻ ആവശ്യപ്പെട്ടതനുസരിച്ച് 2009-ൽ ഈ ലേഖകൻ ഏതാനും ദിവസം അവിടെ താമസിച്ച് കാറ്റലോഗ് തയാറാക്കുന്നതിനിടയിലാണ് ഈ പുസ്തകം അവിടെയുള്ളതായി ശ്രദ്ധയിൽപ്പെട്ടത്).

കല്ലച്ചിൽ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥത്തിൽ ആദ്യ ഭാഗത്ത് കുർബ്ബാന തക്സായാണ്. അതിൽ പല അനാഫുറകൾ ഉണ്ട്. അതിനുശേഷം മാമ്മൂദീസായുടെ ഒരു ക്രമവും വിവാഹശുശ്രൂഷയുടെ ക്രമവും ഉണ്ട്. പൊതുക്രമം, യാക്കോബിന്റെ അനാഫുറ (100 പേജ്), മാർ ദീവന്നാസ്യോസിന്റെ ക്രമം (12 പേജ്), ക്സൊസ്തോസിന്റെ ക്രമം (12 പേജ്), പത്രോസിന്റെ ക്രമം (14 പേജ്), മാമ്മൂദീസായുടെ ക്രമം (32 പേജ്), വിവാഹ ശുശ്രൂഷ (38 പേജ്) എന്നിങ്ങനെ ആകെ 200-ലധികം

പേജുകളുള്ള ഈ പുസ്തകം പൂർണ്ണമായി ഇവിടെ പ്രകാശിപ്പിക്കുക അപ്രായോഗികമായതിനാൽ ചില മാതൃകാ പേജുകൾ മാത്രം കൊടുക്കുന്നു. കല്ലച്ച് നിർമ്മാണത്തിൽ വൈദഗ്ധ്യമുള്ള പണിക്കാരെ വരുത്തി സ്വന്തം കൈയക്ഷരത്തിൽ എഴുതിയ സുറിയാനി ക്രമങ്ങളുടെ അച്ചുകൾ തയാറാക്കിയാണ് അച്ചടി നിർവ്വഹിച്ചിട്ടുള്ളത്. ഈ അച്ചടിയുടെ നിർമ്മാണത്തിന് സ്വീകരിച്ച സാങ്കേതിക വിദ്യയെപ്പറ്റി ഈ ലേഖകന് ഒരു നിശ്ചയവുമില്ല.


പത്തൊമ്പതാം നൂറ്റാണ്ടിൽ മലങ്കര സുറിയാനിസഭയിൽ ഉപയോഗത്തിലിരുന്ന ഈ സുറിയാനി ക്രമങ്ങളെ അടിസ്ഥാനപ്പെടുത്തി പില്ക്കാലത്ത് ആരാധനക്രമങ്ങളിൽ വന്നുചേർന്ന അനധികൃതമായ കൈകടത്തലുകളെ വിലയിരുത്താവുന്നതാണ്. സാധാരണയായി ഒരു ആരാധനക്രമത്തിന് പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുമ്പോൾ ഉള്ളടക്കത്തിന് മാറ്റം വരാതിരിക്കുവാൻ പ്രസാധകർ മനസ്സിരുത്തേണ്ടതുണ്ട്. ആരാധനക്രമങ്ങളെ പരിഷ്ക്കരിക്കുവാനും ആവശ്യമായ ഭേദഗതി വരുത്തുവാനും സഭയ്ക്കുള്ള അധികാരത്തെ വിസ്മരിച്ചുകൊണ്ടല്ല ഇങ്ങനെ പറയുന്നത്. എന്നാൽ അപ്രകാരം അധികാരമുള്ളവർ ആരാധനക്രമങ്ങളിൽ ചില പ്രാർത്ഥനകൾ നീക്കം ചെയ്യുക, ചിലവ പുതുതായി ചേർക്കുക, മറ്റു ചിലത് ഭേദഗതി ചെയ്യുക മുതലായ വ്യത്യാസങ്ങൾ വരുത്തുമ്പോൾ വ്യത്യാസങ്ങൾ വരുത്തുന്നതാർ, വരുത്തുന്ന വ്യത്യാസങ്ങൾ എന്തെല്ലാം? വ്യത്യാസങ്ങൾ വരുത്തുന്നത് എന്തുകൊണ്ട് എന്നെല്ലാം പ്രസാധകക്കുറിപ്പിൽ വ്യക്തമാക്കേണ്ടത് അനിവാര്യമാണ്. അപ്രകാരം ചെയ്യാതിരിക്കുന്നത് ചരിത്രത്തോട് ചെയ്യുന്ന പൊറുക്കാനാവാത്ത അപരാധമായിരിക്കും. നമ്മുടെ ആരാധനക്രമങ്ങൾക്ക് ഓരോ പുതിയ പതിപ്പ് പുറത്തിറങ്ങുമ്പോഴും മുൻ പതിപ്പിൽ നിന്ന് പല വ്യത്യാസങ്ങൾ കാണുന്നു. ആ വ്യത്യാസങ്ങളെപ്പറ്റി പ്രസാധകർ മൗനം പാലിക്കുന്നതായും കാണുന്നു. പല വ്യത്യാസങ്ങളും അനധികൃതങ്ങളായ കൈകടത്തലുകളാണ്. ചില വ്യത്യാസങ്ങൾ അജ്ഞതയുടെ ഫലമായുണ്ടാകുന്ന തിരുത്തലുകളാണ്. ചിലവയാകട്ടെ ഉദാസീനതയുടെ ഫലമായി ഉണ്ടാകുന്ന തെറ്റുകളും. പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസിൽ നിന്ന് പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പ്രസിദ്ധീകരിച്ച ക്രമങ്ങളിൽ നിന്ന് പിന്നീടിറങ്ങിയ ക്രമങ്ങൾക്ക് വന്ന ചില വ്യത്യാസങ്ങളെ ഇവിടെ നിരീക്ഷണവിധേയമാക്കുന്നു.




Kunankullam


Printed at Poolicottle Joseph Catnar's press.

വി. മാമ്മൂദീസാ






വി. മാമ്മൂദീസാ




വി. മാമ്മൂദീസാ


അനാഫുറ (മാർ പത്രോസ്)



വി. കുർബ്ബാന (മാർ യാക്കോബിന്റെ ക്രമം)




മാർ ദീവന്നാസ്യോസ്



മാർ ഈവാനിയോസ്

**വി. കുർബ്ബാന തക്സാ**



**പാത്രിയർക്കീസന്മാർ രണ്ട്**

### 1. കുർബ്bാന ക്രമം

മാർ യാക്കോബിന്റെ അനാഫുറായിൽ ഒന്നാം തുബ്ദേനിൽ ശ്രദ്ധേയമായ ഒരു വ്യത്യാസം ഇപ്പോൾ കാണുന്നുണ്ട്. കുന്നംകുളത്ത് 19-ാം നൂറ്റാണ്ടിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച ക്രമത്തിൽ രണ്ട് പാത്രിയർക്കീസന്മാരെയും ഒരു എപ്പിസ്ക്കോപ്പായെയും ആണ് കുർബ്bാനമദ്ധ്യേ കാർമ്മികൻ രഹസ്യ പ്രാർത്ഥനയിൽ സ്മരിക്കുന്നത്. ആരുടെയും പേർ ചേർത്തിട്ടില്ല. ആരാണീ രണ്ട് പാത്രിയർക്കീസന്മാർ? പത്തൊമ്പതാം നൂറ്റാണ്ടു വരെ പാത്രിയർക്കീസന്മാരായി പൗരസ്ത്യ കാതോലിക്കാ ആയ ബസ്സേലിയോസ്, ഊർശ്ലേം പാത്രിയർക്കീസായ മാർ ഗ്രീഗോറിയോസ് എന്നിവരെ മാത്രമേ മലങ്കരസഭ അറിഞ്ഞിരുന്നുള്ളൂ. അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന് മലങ്കരസഭ കേട്ടിട്ടുണ്ടെങ്കിലും അദ്ദേഹം മലങ്കരസഭയിൽ ഓർക്കപ്പെടേണ്ട ഭരണപരമായ അധികാരം ഉള്ള ആൾ ആണെന്ന് മലങ്കരസഭ കരുതിയിരുന്നില്ല. 1810-ൽ കുറുപ്പമ്പടിയിൽ വച്ച് കായംകുളം പീലിപ്പോസ് റമ്പാൻ പകർത്തി എഴുതിയ ആണ്ടുതക്സായിലെ ദനഹാ, ഓശാന ക്രമങ്ങളിലെ ലുത്തിനിയാ വായനയിലും രണ്ടു പാത്രിയർക്കീസന്മാരെ മാത്രമേ ഓർക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളു. മലങ്കരസഭാ ചരിത്രത്തിൽ വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണിത്. 1875-ൽ അന്ത്യോഖ്യായുടെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിൽ സന്ദർശനം നടത്തിയശേഷമാണ് നമ്മുടെ ആരാധനക്രമങ്ങൾ അന്ത്യോഖ്യാ പാത്രിയർക്കീസ് ഉൾപ്പെടെ മൂന്ന് പാത്രിയർക്കീസന്മാരെ ഓർക്കുവാൻ ആരംഭിച്ചത്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേർ ഉൾപ്പെടുത്തുവാൻ ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ പേർ ഉൾപ്പെടുത്തിയ പ്രസാധകർ അക്കാര്യം വെളിപ്പെടുത്താതിരുന്നത് ചരിത്രത്തോട് കാണിച്ച അനീതി തന്നെയാണ്. അനാദികാലം മുതൽ അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരസഭയിൽ ഓർക്കപ്പെട്ടിരുന്നു എന്ന് അനേകർ വാദിക്കാൻ തുടങ്ങിയത് പ്രസിദ്ധീകരണത്തിലെ ഈ അപാകതയുടെ പഴുത് പ്രയോജനപ്പെടുത്തിക്കൊണ്ടാണ്. സാധാരണഗതിയിൽ ഒരു പുതിയ പതിപ്പ് പ്രത്യക്ഷപ്പെടുന്നതോടെ പഴയ പതിപ്പ് അപ്രത്യക്ഷപ്പെടുന്നതിനാൽ പുതിയ പതിപ്പിലെ വ്യത്യാസങ്ങൾ താരതമ്യം ചെയ്യുവാൻ അവസരം ലഭിക്കുകയില്ല. മലങ്കരസഭയിൽ സംഭവിച്ചത് അതാണ്. മലങ്കരസഭയിലെ ആരാധനക്രമങ്ങൾ രണ്ടു പാത്രിയർക്കീസന്മാരെ മാത്രമേ അനുസ്മരിക്കുന്നുള്ളു എന്നത് മലങ്കരസഭാ ചരിത്രകാരന്മാർ ആരും നാളിതുവരെ ശ്രദ്ധിച്ചിട്ടില്ല.

മറ്റൊരു ശ്രദ്ധേയമായ കാര്യം കാണുന്നത് 'ഖണ്ഡിപ്പിന്റെ ശുശ്രൂഷയി'ലാണ്. രഹസ്യമായി നടത്തുന്ന ഈ ശുശ്രൂഷയിൽ യാക്കോബ് ബർസ്ലീബിയുടെ ഒരു പ്രാർത്ഥന, മാർ യാക്കോബിന്റെ രാഗത്തിലുള്ള

അപേക്ഷ, അജ്ഞാത കർത്തൃകമായ മൂന്ന് വാക്യങ്ങൾ എന്നിവ ഇന്നത്തെപ്പോലെ പഴയക്രമത്തിലും കാണുന്നുണ്ട്. എന്നാൽ അവയ്ക്കിടയിൽ 'ഫ്രോസോ' (അർത്ഥം: മറ്റൊന്ന്) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മൂന്ന് പ്രാർത്ഥനകളിൽ ഏതെങ്കിലും ഒന്ന് ചൊല്ലണമെന്നേ ഉദ്ദേശിച്ചിട്ടുള്ളു. എന്നാൽ 'ഫ്രോസോ' എന്ന ശീർഷകക്കുറിപ്പ് അനധികൃതമായി എടുത്തുകളഞ്ഞപ്പോൾ ആ മൂന്നു പ്രാർത്ഥനകളും ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ അനിവാര്യമായി മാറി. അപ്രകാരം അനിവാര്യമായി മാറിയപ്പോൾ മൂന്ന് ഘട്ടങ്ങളും ഓരോ ഘട്ടത്തിലും വ്യത്യസ്ത ക്രിയകളും നിർദ്ദേശിക്കപ്പെട്ടു. ഒന്നാമത്തെ പ്രാർത്ഥനയിൽ അപ്പവീഞ്ഞുകൾ മിശ്രണം ചെയ്യുന്നതിനാൽ മൂന്നാം ഘട്ടത്തിലെ മിശ്രണം ആവർത്തനവും തന്മൂലം അനാവശ്യവുമാണ്. 'ഫ്രോസോ' എന്ന ശീർഷകം പില്ക്കാല പതിപ്പുകളിൽ എടുത്തു മാറ്റിയവർ അതിന്റെ ഉത്തരവാദികൾ ആരെന്നോ, എടുത്തു മാറ്റിയത് എന്തുകൊണ്ടെന്നോ എങ്ങും രേഖപ്പെടുത്തിയിട്ടില്ല.

**2. മാമ്മൂദീസായുടെ ക്രമം**

ശിശുവിന്റെ ശരീരം വി. മൂറോൻ കൊണ്ട് അഭിഷേകം ചെയ്യുന്നത് സ്ഥിരീകരണകൂദാശ എന്ന നിലയിലാണ്, ഇന്ന് വ്യാഖ്യാനിക്കുംപോലെ പരിശുദ്ധാത്മ പ്രാപണത്തെ ലക്ഷീകരിക്കുവാനല്ല. ഒരു ശിശു വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിക്കുന്നത് മാമ്മൂദീസാ മുഴുകുന്നതിലൂടെയാണ്. മൂറോൻ അഭിഷേകം പ്രാപിക്കുന്നതിലൂടെയാണെന്ന് തോന്നുന്നില്ല. മാമ്മൂദീസാ തൊട്ടിയിൽ പരിശുദ്ധാത്മാവാസം ഉണ്ടാകുന്നത് പട്ടക്കാർ പരിശുദ്ധറൂഹായുടെ വിളിയുടെ പ്രാർത്ഥന നടത്തി വെള്ളത്തിന്മീതെ കൈ ആവസിക്കുമ്പോഴാണ് (വി. മൂറോൻ കലർത്തുമ്പോഴാണെന്ന് പറയാനാവില്ല). ശുശ്രൂഷക്കാരന്റെ പ്രഖ്യാപനത്തിൽ നിന്ന് ഈ കാര്യം വ്യക്തമാണ്.

എന്നാൽ മൂറോൻ അഭിഷേകത്തിലൂടെ ശിശുവിന് പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്നു എന്നും അത് പ്രാപിക്കുന്ന ശിശു പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുകയാണ് ചെയ്യുന്നതെന്നും ചില വ്യാഖ്യാനങ്ങൾ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, ഡോ. ഫാ. വി. സി. ശാമുവേൽ തുടങ്ങിയ പ്രാമാണികരായ വേദശാസ്ത്രജ്ഞന്മാർ ഇരുപതാം നൂറ്റാണ്ടിൽ നൽകിയിരിക്കുന്നു. ആ വ്യാഖ്യാനത്തിന് അവർ മുഖ്യമായും ആധാരമായി ചൂണ്ടിക്കാട്ടുന്നത്, കുഞ്ഞിനെ അഭിഷേകം ചെയ്യുമ്പോൾ പാടുന്ന 'ദൈവം ചൊന്നാൻ, അഹറോനെ പൂശുക പാവനനാകാൻ പരിമളതൈലത്താൽ...' എന്ന് ആരംഭിക്കുന്ന ഗാനത്തെയാണ്. അഹറോന്റെ മേൽ മോശ നടത്തിയ അഭിഷേകം മൂലം അഹറോൻ പുരോഹിതനായി ത്തീർന്നു. പുരോഹിതനെ അഭിഷേകം ചെയ്യുവാൻ തൈലം ഉപയോഗി

ച്ചിരുന്നു. തൽസ്ഥാനത്ത് ശിശുവിന് നൽകുന്ന അഭിഷേകത്തിലൂടെ മാമ്മൂദീസാ ഏറ്റ ശിശു പൗരോഹിത്യത്തിലേക്ക് ഉപനയിക്കപ്പെടുന്നു എന്നും തന്മൂലം ശിശുവിന് മദ്ബഹായിൽ പ്രവേശനം അവകാശമായി ലഭിക്കുന്നു എന്നും ഒരു വ്യാഖ്യാനം പലരും വികസിപ്പിച്ചെടുത്ത് മാമ്മൂദീസാ ഏറ്റ ഏവരും പുരോഹിതരാണ് എന്ന ഉപദേശത്തിലേക്ക് വഴിവെട്ടാൻ ആരംഭിച്ചിട്ടുണ്ട്.

എന്നാൽ, പത്രോസ് തൃതീയൻ പാത്രിയർക്കീസ് വരുന്നത് വരെയും ആ ഗാനം മാമ്മൂദീസാക്രമത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല എന്ന് പാത്രിയർക്കീസിന്റെ ആഗമനത്തിന് മുമ്പ് അച്ചടിക്കപ്പെട്ട ഈ പുസ്തകം തെളിയിക്കുന്നു. പത്രോസ് തൃതീയൻ ബാവായുടെ വരവിന് മുമ്പ് എഴുതപ്പെട്ട ഒരു കൈയെഴുത്തുക്രമത്തിലും ഈ ഗാനം ഇല്ല. തൽസ്ഥാനത്ത് സ്ഥിരീകരണകൂദാശയുടെ സാംഗത്യം വിശദമാക്കുന്ന 'തവഹൃദയം ബലമാർന്നീടട്ടെ....' എന്നാരംഭിക്കുന്ന മാനീസാ മാത്രമാണുള്ളത്.

(മലങ്കരസഭയിൽ അറിയപ്പെടുന്ന ആദ്യത്തെ മൂറോൻ കൂദാശ നടന്നത് 1876-ൽ മുളന്തുരുത്തിയിൽ വച്ചാണ്. നടത്തിയത് പത്രോസ് തൃതീയൻ ബാവായും. പാത്രിയർക്കീസിന് മാത്രം നടത്തുവാൻ അധികാരപ്പെട്ട - അങ്ങനെയാണ് ആ കൃത്യത്തെ പാത്രിയർക്കീസ് ചിത്രീകരിച്ചിരുന്നത് - ആ ശുശ്രൂഷയെയും ആ തൈലത്തെയും അമിത പ്രാധാന്യം നൽകി അവതരിപ്പിക്കുവാൻ ശ്രമിച്ചതിന്റെ ഭാഗമായാണ് മാമ്മൂദീസാക്രമത്തിൽ ഈ പുതിയ ഗാനം കൂട്ടിച്ചേർത്തത്. അക്കാലത്തെ കൈയെഴുത്തുക്രമങ്ങൾ ഈ ഗാനം മാർജിനിൽ എഴുതി ചേർത്തപ്പോൾ 'മോറാൻ പത്രോസ് തൃതീയൻ കൂട്ടിച്ചേർത്ത ഗാനം' എന്ന മേലെഴുത്ത് കൊടുത്തിരുന്നു. അപ്രകാരമുള്ള കൈയെഴുത്തു ഗ്രന്ഥങ്ങളും ഈ ലേഖകൻ കണ്ടിട്ടുണ്ട്. കേരളദീപം പ്രസിൽ നിന്ന് (മാർ യൂലിയോസ് പ്രസ്, പാമ്പാക്കുട) ഈ ക്രമം ആദ്യം അച്ചടിച്ച് പ്രസിദ്ധീകരിച്ചപ്പോൾ മാമ്മൂദീസാ ക്രമം അച്ചടിച്ച് കഴിഞ്ഞതിന്റെ ഒടുവിൽ പത്രോസ് ബാവാ നിർദ്ദേശിച്ചതിൻപ്രകാരം കൂട്ടിച്ചേർത്തത് എന്ന് ആമുഖ കുറിപ്പെഴുതി ഈ ഗാനം അച്ചടിച്ചതും ഈ ലേഖകൻ ശ്രദ്ധിച്ചിട്ടുണ്ട്. പില്ക്കാല പതിപ്പുകൾ വന്നപ്പോൾ മേലെഴുത്ത് അപ്രത്യക്ഷമായി; 'ദൈവം ചൊന്നാൻ ....' എന്ന ഗാനം മാമ്മൂദീസാ ടെക്സ്റ്റിന്റെ ഭാഗവുമായി. ക്രമേണ തൽസ്ഥാനത്തുണ്ടായിരുന്ന ഗാനം ('തവഹൃദയം ബലമാർന്നീടട്ടേ...') ആരും ഉപയോഗിക്കാതെയായി.

ഓർത്തഡോക്സ് സഭയിൽ വി. മൂറോന്റെ ഉപയോഗവും അതിനെപ്പറ്റിയുള്ള ഉപദേശവും എന്തെന്ന് പരിശോധിക്കുവാൻ പലരെയും വിമുഖരാക്കുന്നത് മാമ്മൂദീസാക്രമത്തിലെ ഈ ഗാനമാണ്. വാസ്തവത്തിൽ

വി. മൂറോൻ പരിശുദ്ധാത്മ ദാനത്തിന്റെ പ്രതീകമാണോ? ഓർത്ത ഡോക്സ് സഭയുടെ ഇന്ന് പ്രയോഗത്തിലുള്ള നാലു ക്രമങ്ങളിലാണ് പരിശുദ്ധാത്മ വിളിയുടെ പ്രാർത്ഥന കാണുന്നത്.

1. മാമ്മൂദീസാ, 2. കുർബ്ബാന, 3. പട്ടംകൊട, 4. വി. മൂറോൻകൂദാശ.

ഇതിൽ ആദ്യത്തെ രണ്ടും പട്ടക്കാർക്ക് നടത്താവുന്നവയാണ്. ഒടുവിലത്തെ രണ്ടും മേല്പട്ടക്കാർ മാത്രമേ നടത്തുക പതിവുള്ളു. ഈ നാലു ശുശ്രൂഷയിലും പരിശുദ്ധാത്മവിളിയുടെ രഹസ്യപ്രാർത്ഥന ചൊല്ലി പരിശുദ്ധാത്മാവാസം ആവശ്യമായ വസ്തുവിന്മേൽ – ആളിന്മേൽ – കൈ ആവസിപ്പിക്കുന്നു. മാമ്മൂദീസായിലെ ആവാസം ജലത്തിന്മേലാണ്; വി. കുർബ്ബാനയിൽ അപ്പവീഞ്ഞുകളിന്മേൽ ആണ്; പട്ടംകൊടയിൽ ഇത് സ്ഥാനാർത്ഥിയുടെ മേൽ ആണ്. മൂറോൻ കൂദാശയിൽ തൈലത്തിന്മേലും. നാല് ശുശ്രൂഷയിലും അർക്കദിയാക്കോനോ ശെമ്മാശനോ ഇത് പരിശുദ്ധാത്മാവ് പൊരുന്നി ആവസിക്കുന്ന ഭയങ്കര നിമിഷമാണെന്ന് സഭയെ പ്രബോധിപ്പിക്കും (പട്ടംകൊടയിലെ 'നീസേറൂഹോ കാദീശോ.... എന്നാരംഭിക്കുന്ന ഗാനം കോറൂസൂയോ പോലെ ചൊല്ലുന്ന ഇന്നത്തെ പതിവിന്റെ സാംഗത്യം പുനഃപരിശോധനാർഹമാണെന്ന് തോന്നുന്നു). അവിടെ ഒന്നും പരിശുദ്ധാത്മാവിന്റെ ആവാസം ദൃശ്യമാക്കാൻ അപ്പവീഞ്ഞുകളിന്മേലോ പട്ടംകൊടയിലെ സ്ഥാനാർത്ഥികളുടെ മേലോ തൈലം ഒഴിക്കുന്ന പതിവില്ല. പരിശുദ്ധാത്മാവിന്റെ ആവാസത്തിന്റെ ആഹ്വാനവും പ്രാർത്ഥനയും പ്രഖ്യാപനവും കഴിഞ്ഞാണ് മാമ്മൂദീസാ ജലത്തിൽ വി. തൈലം ഒഴിക്കുന്നത് എന്നത് വിശേഷാൽ ശ്രദ്ധേയം.

(വി. മൂറോൻ കൂദാശയുടെ ശുശ്രൂഷക്രമം ആദിയോടന്തം ഈ ലേഖകൻ സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ട്. അതിലെവിടെയും സുഗന്ധ തൈലം പരിശുദ്ധാത്മാവിന്റെ പ്രതീകമാവാൻ സഭ പ്രാർത്ഥിക്കുന്നില്ല. പ്രത്യുത ദൈവത്വവും മനുഷ്യത്വവും അത്ഭുതകരമായി സമ്മേളിച്ച് സംയോജിച്ച് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പ്രതീകമാവാൻ ആണ് ആ തൈലം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ആ തൈലം അഭിഷേകം ചെയ്യുമ്പോൾ ക്രിസ്തുവിന്റെ ദൈവ–മനുഷ്യ സംയോജനത്തിലേക്ക് ശിശു പങ്കുചേരുന്നു. അത് മാമ്മൂദീസായുടെ ദൃഢീകരണമാണ്. അതവനെ ശക്തിപ്പെടുത്തുന്നു; ക്രിസ്തുവിന്റെ പോരാളിയും ഭടനും ആക്കുന്നു. ഇതൊക്കെയല്ലേ മൂറോൻ തൈലം അഭിഷേകം ചെയ്യുമ്പോൾ അർത്ഥമാക്കുന്നത്?)

കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് കത്തനാര്‌സ് പ്രസിൽ നിന്ന് പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച മാമ്മൂദീസായുടെ ശുശ്രൂഷക്രമത്തിൽ "മെശഹോ ദ് കുദിശോ" എന്ന് ആരം

ഭിക്കുന്ന ഗാനം ഇല്ല എന്നത് നാളിതുവരെ ആരും നിരീക്ഷിച്ചതായി കണ്ടിട്ടില്ല. അക്കാര്യം പണ്ഡിതോചിതമായ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്.

മറ്റൊരു കാര്യം കൂടി പ്രസ്താവിച്ചുകൊള്ളട്ടെ. മാമ്മൂദീസാതൊട്ടിയിലേക്ക് ശിശുവിനെ പ്രവേശിപ്പിക്കുന്നതിന് മുമ്പ് ശെമ്മാശൻ താഴെ കൊടുക്കുംവിധം ഒരു ആഹ്വാനം നൽകുന്നതായി ഈ ക്രമത്തിൽ കാണുന്നു. പില്ക്കാല പതിപ്പുകളിൽ അതീവ പ്രസക്തമായ ഈ ആഹ്വാനം വിശദീകരണമൊന്നും കൂടാതെ നീക്കം ചെയ്യപ്പെട്ടിരിക്കുന്നു (ഈ ആഹ്വാനം വിവർത്തനം ചെയ്തുതന്ന ബഹു. ഫാ. ഡോ. കോനാട്ട് ജോൺസ് അബ്രഹാം അച്ചന് നന്ദി).

"വേദന അനുഭവിക്കുന്ന എന്റെ സഹോദരങ്ങളേ, നിങ്ങൾ ഇറങ്ങി വന്ന് നമ്മുടെ കർത്താവിനെ ധരിക്കുവിൻ. അവന്റെ ഉപമയിൽ പറയപ്പെട്ടിട്ടുള്ളതുപോലെ ആ ഉന്നതകുലജാതന്റെ കുലവുമായി ഇടകലർത്തപ്പെടുവീൻ."

### വിവാഹ കൂദാശ

കിരീടം വാഴ്വിന്റെ കാർമ്മിക വാക്യം മൂന്ന് പ്രാവശ്യം വരന്റെയും വധുവിന്റെയും ശിരസിൽ കിരീടം ആഘോഷിക്കുമ്പോൾ കാർമ്മികൻ ചൊല്ലുന്നുണ്ട്. ഇവയ്ക്ക് യഥാക്രമം ആറ് പ്രതിവാക്യങ്ങൾ ഇവിടെ അച്ചടിച്ച ആദ്യത്തെ ക്രമത്തിൽ കാണുന്നുണ്ട്. ഇപ്പോഴത്തെ ക്രമത്തിൽ നാല് പ്രതിവാക്യങ്ങൾ മാത്രമേ കൊടുത്തിട്ടുള്ളൂ (ഗാനരൂപത്തിലുള്ള പ്രതിവാക്യങ്ങൾ). രണ്ട് പ്രതിവാക്യങ്ങൾ പിൽക്കാലക്രമങ്ങളിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

വധൂവരന്മാരെ കൈപിടിപ്പിക്കുന്നത് ഏവൻഗേലിയോൻ വായനയ്ക്ക് തൊട്ടുമുമ്പ് എന്നാണ് പഴയക്രമത്തിൽ കാണുന്നത്. പുതിയ ക്രമത്തിൽ ഈ നിർദ്ദേശം മാറ്റി ഒടുവിലത്തെ പ്രബോധനത്തിന്റെ സമയത്തേക്ക് മാറ്റിയിരിക്കുന്നു. ഈ മാറ്റങ്ങളെപ്പറ്റി യാതൊരു പരാമർശവും പില്ക്കാല പതിപ്പുകളിൽ ചേർത്തു കാണുന്നില്ല. ഈ മൗനം ക്ഷന്തവ്യമാണോ?

തൊഴിയൂർ സഭയിലും മാർത്തോമ്മാ സഭയിലും ഇപ്പോഴും വധൂവരന്മാരുടെ കൈ പിടിപ്പിക്കുന്നത് ഏവൻഗേലിയോൻ വായനയ്ക്ക് മുമ്പാണ് എന്ന് ഓർക്കുക.

ഈ നിരീക്ഷണങ്ങൾ വിരൽ ചൂണ്ടുന്ന ഒരു സത്യമുണ്ട്; നമ്മുടെ ആരാധനക്രമങ്ങൾ ഇന്നത്തെ രൂപത്തിൽ സജ്ജമാക്കപ്പെട്ടത് പത്തൊമ്പതാം നൂറ്റാണ്ടിൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിൽ സന്ദർശനം നടത്തിയതോടെയാണ്.

# ഭാഗം മൂന്ന്

# കല്പനകൾ, സ്വകാര്യ കത്തുകൾ

**1**

മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്മുടെ കോനാട്ട് യോഹന്നാൻ മല്പാന് [1] വാഴ്വ്.

എഴുതി കൊടുത്തയച്ച എഴുത്തു കിട്ടി. സന്തോഷമാകയും ചെയ്തു. എഴുത്തിലെ താല്പര്യപ്രകാരം നാം പുറപ്പെട്ടു ഇവിടെ എത്തിയിരിക്കുന്നു. ഏതുപ്രകാരം ആകുന്നുവോ നിങ്ങൾ എല്ലാവരുടേയും ആലോചന, അതുപ്രകാരം ഒക്കെയും പെരുന്നാൾ നടത്തുന്നതിന് നാം ഒരുങ്ങിയിരിക്കുന്നു.

വിശേഷിച്ച് നമ്മുടെ ഇയ്യപ്പൻ [2] കൂടെ ഇവിടേക്ക് നമ്മോടു കൂടെ വന്നിട്ടുണ്ട്. ഇക്കാര്യം സന്തോഷം തന്നെ. എന്നാൽ കൊച്ചി ദിവാൻജി അവർകളെയും ബ. രാജാവിനെയും കണ്ട് തിരുകാഴ്ച കഴിയണമെന്ന് നിരൂപിച്ചിരിക്കുന്നു. ആ കാര്യത്തിനുവേണ്ടി ഇയ്യപ്പൻ നാളെ എറണാകുളത്തേക്ക് പോകും. ആ കാര്യത്തെക്കുറിച്ച് ആലോചിച്ച് ഇന്ന ദിവസം ദിവാൻജി ആയിട്ടും മറ്റും കാണുന്നതിന് ഇടവരുമെന്ന് അറിഞ്ഞ് ആ വിവരത്തിന് ഉടനെ എഴുതിയേക്കാം. അപ്പോഴേക്ക് നിങ്ങൾ ഇവിടെ എത്തിയാൽ കൂടിക്കാഴ്ചയും കൂടിക്കഴിഞ്ഞ് ഒരുമിച്ച് ഇവിടെ നിന്ന് പുറപ്പെടുകയും ചെയ്യാം. രണ്ടു ദിവസത്തിനകത്ത് ഈ വിവരം അറികയും ചെയ്യും. ഈ വിവരം അറിഞ്ഞതിന്റെ ശേഷം എഴുത്തും കൊണ്ടുവരുന്ന ഇയ്യാളെ അയച്ചാൽ മതി എന്ന് നാം വിചാരിച്ചു. ഇയാളുടെ താമസത്തിന്മേൽ (ശേഷം കയ്യെഴുത്തു ഭാഗം അവ്യക്തം - എഡിറ്റർ).

മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

**2**

നമ്മുടെ കോനാട്ട് മല്പാന് വാഴ്വ്.

ഇവിടെ ഉണ്ടായ പ്രശ്നങ്ങളും കലാപങ്ങളും[3] നമ്മുടെ കത്തനാർ മുഖാന്തരം അറിഞ്ഞിരിപ്പാൻ ഇടയുള്ളതുകൊണ്ട് ആയതൊന്നും ഇനി ഇതിൽ എഴുതുവാൻ ആവശ്യമില്ലല്ലോ. 10-ാം തീയ്യതി തന്നെ പോകുന്നതിന് നിശ്ചയിച്ച് വേണ്ടിടത്തൊക്കെയും എഴുതി അയച്ചിരിക്കുന്നു. ഇയ്യ

പ്പനും എഴുത്ത് അയച്ചിട്ടുണ്ട്. കുറുമൂളിപ്പാടും ഇവിടെ വന്നു. പോകുന്ന തിനു ഒരുങ്ങിയിരിക്കുന്നു. മാടപ്പറമ്പനും എഴുതി അയക്കുന്നു. ആയതും മറ്റ് വേണ്ടതക്ക(വ)[4]ന്റെ ശട്ടംകെട്ടി നമ്മുടെ കുഞ്ഞുവർക്കി കത്തനാ രെയും പാലപ്പള്ളി (യെ) യും വേഗത്തിൽ അയക്കണം. കർത്താവ് തിരു മനസ്സാകുന്നുവെങ്കിൽ 16-ാം തീയ്യതിക്ക് നിശ്ചയമായി ഞങ്ങൾ തിരിച്ച് വരും. ശേഷം വിവരങ്ങൾ ഒക്കെയും തോമ്പ്ര പറയുകയും ചെയ്യും.

എന്ന് 1866 കന്നി 3-ാം തീയ്യതി

കൊച്ചിയിൽ നിന്നും (ഒപ്പ്)

**3**

1867 യാഹ്[5]

മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്മുടെ കോനാട്ട് മല്പാന് വാഴ്‌വും സമാധാനവും ഉണ്ടായിരിക്കട്ടെ.

നമ്മുടെ പിറവത്ത് പള്ളിയിൽ വട്ടേക്കാട്ടിൽ യാക്കോബ് കത്തനാർ മുതൽപേർ ഒരു പുത്തൻപള്ളി വയ്ക്കുന്നതിനു വേണ്ടി[6] മുറപ്രകാരം സർക്കാരിൽ ബോധിപ്പിച്ച് അനുവാദം വാങ്ങിച്ചിരിക്കുന്നു എന്നും ഈ മാസം 14-ാം തീയതി തന്നെ കല്ലിടീൽ കഴിച്ചു തരണമെന്നും അവർ അപേക്ഷിച്ചിരിക്കുന്നതാകകൊണ്ട് ആ കാര്യം അവിടെ നടത്തിക്കൊടു ക്കുന്നത് ആവശ്യമെന്ന് നമുക്കും ബോധിച്ചിരിക്കക്കൊണ്ടു കല്ല് റൂശ്മാ ചെയ്തു അങ്ങോട്ടു കൊടുത്തയക്കുന്നു. അതിനാൽ മല്പാൻ അവിടെ എത്തി അവരുടെ അപേക്ഷപ്രകാരം തന്നെ കല്ലീടിൽ കഴിച്ചുകൊടുക്കു കയും വേണം.

1867 എടവം 11-ാം തീയതി

കുന്നംകുളങ്ങര പള്ളിയിൽ നിന്നും (ഒപ്പ്)

**4**

1873
നമ്പർ 409

കർത്തൃനാമത്തിൽ
ബലഹീനനായ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

അവിടെനിന്ന് നാം പോന്നതിന്റെ ശേഷമായിട്ട് യാതൊരു വർത്തമാ

നങ്ങളും അറിയായ്ക കൊണ്ട് വിചാരപ്പെടുകയും നമ്മുടെ കുഞ്ഞു വർക്കി കത്തനാർ സ്ഥലം നോക്കുവാൻ പെരുമ്പള്ളിക്ക് പോയോ, മറ്റ് പോയവരെയും പറഞ്ഞയച്ച് നോക്കിച്ചോ, എങ്ങനെ എന്ന് അറിയുന്നില്ല. കാര്യങ്ങൾക്ക് താമസിച്ചാൽ ഒക്കെയും താമസം തന്നെ ആയി വരുമല്ലോ? തെക്കേ ദിക്കിൽ ഝടുതിയിൽ തുടങ്ങിയപ്പോൾ പേരിന് മാത്രമെങ്കിലും ഒന്നുണ്ടായി. ഇവിടെയും ഒന്ന് തുടങ്ങാനായിട്ട് വൈകിയിരിക്കുന്നു. സ്ഥലം ഏനപ്പെട്ടു[7] എന്നറിഞ്ഞാൽ ഉടനെ അവിടെ നാം എത്തിക്കൊള്ളാം. വൃശ്ചിക മാസത്തിൽ തന്നെ കല്ലിട്ടാൽ കൊള്ളാമെന്ന് വിചാരിക്കുന്നു. അങ്ങനെ അവിടെയും ഒന്ന് താല്പര്യമായി വിചാരിച്ചാൽ വൃശ്ചികമാസ ത്തിലേക്ക് കല്ലിടുവാൻ തക്കവണ്ണം സാധിക്കുമെന്ന് വിശ്വാസം. ഇതി നായി ഒരു മാസത്തേക്ക് താക്കോൽ വാലിഭക്കാരൻ വശം ഉണ്ട്.

നമ്മുടെ കുഞ്ഞുവർക്കി കത്തനാരെ താല്പര്യപ്പെടുത്തി മറ്റു ജോലി കൾ കൂടാതെ ഒഴിച്ച് വിടണം. അവിടേക്ക് വാർദ്ധക്യം അധികരിച്ചിരിക്കു ന്നുവല്ലോ. കാലത്തിനു മുമ്പേ ഇതിന്റെ മഹത്വവും ഒന്ന് കണ്ട് തൃപ്തി പ്പെടണമല്ലോ. ഇവിടത്തെ കാര്യം കൊണ്ട് ഇതുവരെയും ഒന്നും ആയി ട്ടില്ല. കട്ടുംമുറിച്ചൻ ഒന്നും തരിയതിൽ നിന്നും കാണുന്നില്ല എങ്കിലും മറ്റേ പുളിപ്പ്[8] തീരെ മനസ്സിൽ നിന്ന് വിട്ടുപോയിട്ടില്ല. അത് വിട്ടുപോ കാതെ ഇരിപ്പാൻ മുടിവിന്റെ പുത്രനാകുന്ന പട്ടളാട്ടൻ ദിവസേന വന്ന് മന്ത്രിക്കുന്നുണ്ട്. മറ്റാരും ഈ വഞ്ചകന്റെ മന്ത്രത്തിൽ കുടുങ്ങിയിട്ടുമില്ല. കണക്ക് മുതലായത് കേൾക്കുന്നതിനായി ആരംഭിച്ചിരിക്കുന്നു. തീരാ നുള്ള കണക്കുകൾ ഒക്കെയും എഴുതി തീർത്തും വരുന്നു. പാലക്കു ന്നത്തെ ദേഹം പറവൂർ വന്നപ്രകാരം കേട്ടു. ഇയ്യിടെ കോട്ടയത്തേക്ക് പോയപ്പോൾ ആലപ്പുഴ ജഡ്ജിയെ കാണ്മാൻ വേണ്ടി മഹാകോലാഹല ത്തോടെ ഒന്ന് പോയി എന്ന് കേട്ടിരിക്കുന്നുവല്ലോ. പോയപ്രകാരം കാഴ്ച യിൽ സഫലമായിട്ടില്ല എന്നും മറ്റും എടവഴിക്കന്റെയും മറ്റും എഴുത്ത് വന്നിരിക്കുന്നു. എന്നാൽ ഇപ്പോൾ ഇത്ര ധൃതിപ്പെട്ടു കാണ്മാൻ പോയത് ഒന്ന് വ്യസനിച്ചതുകൊണ്ടാണ്. എന്തെന്നാൽ എടവഴിക്കന്റെ പോലീസ് നമ്പ്ര്[9] കാര്യത്തിൽ പ്രതികളെ പേഷ്കാർ ആലപ്പുഴയ്ക്ക് കമ്മിറ്റ് ചെയ്തു. എടവഴിക്കൻ ഈ മാസം 25-ന് ഈ നമ്പ്ര് നീട്ടിവക്കാൻ അപേക്ഷിച്ചു. നീട്ടിവച്ചിരിക്കുന്നു. പ്രതികളോട് മൂവായിരം രൂപയ്ക്ക് ജാമ്യവും വാങ്ങി. ഇതിൽ വല്ലതും പ്രതികൾക്ക് വരുമെന്നുള്ള ഭീതിയാൽ അത്രേ ജഡ്ജിയെ കാണ്മാൻ വേണ്ടി പോയത്. കുര്യൻ റൈട്ടർ മുഖാന്തിരം എടവഴിക്കന്റെ ഭാഗത്തിലേക്ക് നമ്മുടെ ഓക്കാറിനെ (വോക്കർ സായിപ്പ് – എഡിറ്റർ) വക്കീൽ നിശ്ചയിച്ചിരിക്കുന്നു. പരുമല നിശ്ചയിച്ച കാര്യ ങ്ങൾക്ക്[10] അവിടെവച്ച് അല്പം ചില ഇടവകകളിൽ ഭേദപ്പെടുത്തിയത് കുര്യൻ റൈട്ടർക്ക് അയച്ചിരിക്കുന്നു. മറുപടി ഒന്നും വന്നില്ല. വൃശ്ചികം

12-ാം തീയ്യതിക്ക്[11] നാം എത്തുന്നതിനുവേണ്ടി വളരെ നിർബന്ധത്തോടെ ഏറിയ എഴുത്തുകളായി വരുന്നു. ഈയാണ്ട് എത്തുവാൻ പ്രയാസമെന്ന് മറുപടികൾ അയച്ചും ഇരിക്കുന്നു. വിശേഷിച്ച് ഷോടതി ശീട്ടുകൾ നറുക്ക് എടുപ്പാൻ തക്കവണ്ണം ശീട്ടിൽ പതിക്കുന്നതിനായി അവിടെ ഇരിക്കുന്ന ശീട്ടുപുസ്തകങ്ങൾ ഭദ്രമായി കെട്ടി ഇവൻ പക്കൽ കൊടുത്തയക്കണം.

ആ വകയ്ക്കുള്ള കണക്കുകളും ഒന്നിച്ച് കൊടുത്തയക്കണം. ചെറുതോടന്റെ കാര്യത്തെക്കുറിച്ച് എഴുതിയ സാധനപ്രകാരം അയാളെക്കൊണ്ട് ചൊല്ലിക്കുന്നത് അവർക്ക് വളരെ സങ്കടമായിട്ടുള്ളപ്രകാരം മറ്റ് ഒരാളിൽ നിന്ന് ഒരു എഴുത്ത് വന്നിരിക്കുന്നു. അയാളുമായിട്ടുള്ള കാര്യങ്ങൾ തീർച്ചപ്പെടുത്തിയാൽ അയാൾ തന്നെ സകലവും നടത്തിക്കോട്ടെ എന്നും അവർ സമ്മതിക്കുന്നുണ്ടെന്നു കേട്ടു. എല്ലാ വിവരങ്ങൾക്കും മറുപടി കാണ്മാൻ കാത്തിരിക്കുന്നു. ശേഷം പിന്നാലെ എറമ്പാച്ചനായി[12] എടവഴിക്കന്റെ ഒരു എഴുത്ത് വന്നത് ഇതൊന്നിച്ച് കൊടുത്തയക്കുന്നു.

എന്ന് 1873 തുലാമാസം 26-ന് പള്ളിക്കര നിന്ന്

(ഒപ്പ്)

വിശേഷിച്ച് നമ്മുടെ കൂടെ നിന്നിരുന്ന അങ്കമാലിക്കാരൻ ശെമ്മാശ്[13] അയാളുടെ വീട്ടിൽ ഒന്ന് പോയി വരുവാൻ അയാൾ ധൃതി വക്കുന്നു. ഇവിടെ ആരും തന്നെ ഇല്ലാതെ വരും. അയാൾ നാളെ പോകും. അയാൾ 15 ദിവസത്തിനകം വരുന്നതുമാണ്. അയാൾ വരുന്നതുവരെ ബഹനാൻ[14] ശെമ്മാശ് ഇവിടെ നിന്നാൽ കൊള്ളാമായിരുന്നു. കാക്കനാട്ടിൽ പോയി ഇന്നലെ അയാൾ ഇവിടെ വന്ന് ചോദിച്ചാറെ നിൽക്കാമെന്നും പറഞ്ഞിരിക്കുന്നു. കുപ്പായം ഇല്ലാത്തതിനാൽ ഒരു കൂട്ട് കുപ്പായം അയാളുടെ പെട്ടിയിൽ നിന്നും എടുത്ത് ഇവൻ പക്കൽ കൊടുത്തയക്ക വേണ്ടിയിരിക്കുന്നു. ഇതിൽ പറയുന്ന എടവഴിക്കന്റെ[15] എഴുത്ത് ഇവിടെ എടുത്തു.

## 5

നമ്പർ 432

പോയ മാസം 26-ന് അങ്ങോട്ട് ഒരു എഴുത്ത് അയപ്പാനായി എഴുതി ഒരുത്തന്റെ പക്കൽ അയച്ചിരുന്നു. അവൻ ഒരു വീണന്നാകകൊണ്ട് അവൻ അങ്ങോട്ട് വരുംവഴി 'പള്ളിയേൽ' മുങ്ങി മരിച്ചു എന്ന് കേട്ടാറെ അവൻ അവിടെ കേറി പിന്നെ പുലകുളി കഴിയുന്നത് വരെയും അവിടെ താമസിച്ചു. എന്തേ എഴുത്തു കൊണ്ടുപോയവനെയും മറുപടിയും കാണാത്തതെന്ന് വിചാരിച്ച് വ്യസനിച്ചിരുന്നാറെ അവൻ പള്ളികയിൽ ഉണ്ടെന്ന് കേട്ട് പിന്നെ അവന്റെ പക്കൽ നിന്ന് എഴുത്ത് വാങ്ങിക്കൊണ്ടു പോന്നു.

ആ എഴുത്ത് ഇതൊന്നിച്ച് അയക്കുന്നു. ഇവിടത്തെ വർത്തമാനങ്ങൾ ഒക്കെയും അതിൽ വിവരിച്ചിട്ടുള്ളപ്രകാരം തന്നെ ഇന്നും ഇരിക്കുന്നു. സർവ സമ്മതം സർവവിരോധം എന്നുള്ള പടുതിയിൽ ആകുന്നു തരിയതിന്റെ സ്വഭാവം. മറ്റ് ആരുടെയും മനസ്സ് ഭേദപ്പെട്ടിട്ടുമില്ല. നിലക്കാരുടെ പേരിലുള്ള കുടിശ്ശികകൾ ഒക്കെയും കുത്തിയെടുത്ത് അവരോട് ചോദ്യപ്പെട്ട് വരുന്നു. കാര്യം തീർച്ച ഉണ്ടെങ്കിൽ ഇതിൽ വച്ച് അറിയാം. ഏതായാലും പത്ത് ദിവസം കൂടെ ഇവിടെ താമസിക്ക തന്നെ എന്ന് ഉറച്ചിരിക്കുന്നു. ദൈവത്തിന്റെ കൃപ പോലെ വരട്ടെ. സ്ഥലം നോക്കിയ വിവരത്തിനും മറ്റും യാതൊരു എഴുത്തുകളും അവിടെ നിന്ന് വരായ്ക കൊണ്ട് വളരെ വ്യസനിക്കുന്നു. എന്തേ ആ കാര്യത്തിൽ ഇത്ര ഉദാസീനമായി വിചാരിക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. ആ കാര്യത്തിൽ നമ്മുടെ കുഞ്ഞുവർക്കി കത്തനാരെ ഒന്ന് ഒഴിച്ച് വിടേണമേ. സമയം പോയിരിക്കുന്നു. ഇനിയും ഒരു വിനാഴിക താമസിക്കുന്നത് അത്രയും ദോഷമാണേ.

വിശേഷിച്ച് ശീമക്കാരൻ ശെമ്മാശ് ഇവിടെ വന്നു. പൈലി മൂപ്പൻ നടപ്പാൻ ശേഷി പോരാ എന്നും മറ്റും ഓരോ കുറ്റങ്ങൾ ശെമ്മാശൻ പറയുന്നതിനാൽ മൂപ്പനെ അയക്കുന്നു. ആ വിവരത്തിന് ശെമ്മാശ് എഴുതിയ എഴുത്തും ഇതൊന്നിച്ച് അയക്കുന്നു. ബഹനാം ശെമ്മാശ് ഇവിടെയുണ്ട്. അങ്കമാലിക്കാരൻ ശെമ്മാശ് അങ്കമാലിക്കും വർക്കി തിരുവല്ലായ്ക്കും പോയി. വർക്കി പോയത് ഒരു കല്യാണത്തിനാകുന്നു. അവൻ ഈ മാസം 30-നകം ഇവിടെ വരും. അപ്പോൾ ബഹനാം ശെമ്മാശനെ വിടാം. ബഹനാം ശെമ്മാശിന്റെ കാരണവർ ഒരു എഴുത്ത് നമുക്ക് അയച്ചതിൽ ഈ കാലം വളരെ ഞെരുങ്ങി വലഞ്ഞിരിക്കുന്നു എന്നും അതിനാൽ കരുണ വിചാരിക്കണമെന്നും മറ്റും ഒരു കരുണ കാണിപ്പാനായി ഞെരുക്കത്തിന്റെ വളരെ വർത്തമാനങ്ങൾ എഴുതിയിട്ടുണ്ട്. അതിന്റെ എല്ലാ താല്പര്യവും ചെലവ് നടത്തുവാൻ ഇക്കാലം പ്രയാസമായിട്ടിരിക്കുന്നു എന്നും കുറേ നാളെക്ക് ശെമ്മാശനെ ഇവിടെ നിർത്തണമെന്നും കാണുന്നു. ഇവിടെ നിന്നാൽ ഒരു മൊഴി പോലും പഠിപ്പാൻ കഴിയുന്നതല്ലല്ലോ എന്ന് മറുപടിയും പറഞ്ഞയച്ചു. നമ്മുടെ പുത്തൂരാന് ഏതാണ്ടോ അല്പം ദീനമായി വീട്ടിൽ പോയിരിക്കുന്നപ്രകാരം കേട്ടു. ദീനം എങ്ങനെ ഇരിക്കുന്നുവോ എന്ന് അറിയാത്തതിനാൽ വിചാരപ്പെടുന്നു. മാറാച്ചേരിയും കാരണവരും ഇവിടെ വന്നു. കഴിഞ്ഞ ഞായറാഴ്ച പട്ടം ഏറ്റ് പോയിരിക്കുന്നു. അവിടെ നിന്ന് എന്തേ ആരും വരാഞ്ഞതെന്ന് ചോദിച്ചാറെ ഇവിടേക്ക് വരുന്നതിന് അത്ര തൃപ്തി ഇല്ലായ്ക കൊണ്ട് എന്ന് പറഞ്ഞു. ഇവിടെ നിന്ന് കുറിഞ്ഞിക്ക് പോകണമെന്നും അവിടെ നിന്ന് വെട്ടിക്കൽ പോകണമെന്നും കുറി നറുക്ക് എടുക്കണമെന്നും ആഗ്രഹിച്ചിരിക്കുന്നു. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കാം. എല്ലാ

വിവരങ്ങൾക്കും മറുപടി കാണ്മാൻ ആഗ്രഹിക്കുന്നു.

എന്ന് 1873 വൃശ്ചികം 10-ാം തീയ്യതി
പള്ളിക്കര നിന്നും (ഒപ്പ്)

## 6

1873
നമ്പർ 496

കർത്താവിന്റെ നാമത്തിൽ
ബലഹീനനായ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

കരിങ്ങാശ്ര വന്നിട്ടുള്ള വിവരം കേട്ടു. പിന്നെ അന്വേഷിച്ചാറെ അവിടത്തെ കാര്യം ഒരു വിധം പറഞ്ഞ് തീർച്ചപ്പെടുത്തി പോയി എന്നും കേട്ടു. കരിങ്ങാശ്ര ഇങ്ങനെ കേട്ടപ്പോൾ എഴുത്തുകൾ ഒന്നും അയക്കാതെ ഇരുന്നത് പള്ളിക്കരക്കാർ ഒക്കെയും ആ സമയം ഇവിടെ ഉണ്ടായിരിക്കയും ആ കാര്യത്തിൽ ഉള്ള അധിക വ്യസനത്താൽ എന്ത് വേണ്ടൂ എന്ന് അന്വേഷിക്കുന്ന ധൃതിയിൽ ആക കൊണ്ട് അത്രേ വിഘ്നപ്പെട്ട് പോയത്. ഇപ്പോൾ ആ കാര്യത്തിന് പേഷ്ക്കാരുടെ അടുക്കൽ പള്ളിക്കാർ ആവലാധി വക്കയും നാം ഒരു കത്തയക്കയും ചെയ്യുന്നതിന് നമ്മുടെ സത്യപ്രകാരം നമുക്ക് ഗുണമായി ഉത്തരവുണ്ടായിരിക്കുന്നു. ഈ ഉത്തരവിൻപ്രകാരം തഹസീൽദാർ പാർവത്യക്കാരെ അയച്ച് ആ കരക്കാരെക്കൊണ്ടും തരീയ്തിനെക്കൊണ്ടും യാതൊരു കാര്യക്കേടും നടത്താതെ ഇരിപ്പാൻ തക്കവണ്ണം കച്ചീട്ട് വയ്പിച്ച് ശട്ടം കെട്ടിയും ഇരിക്കുന്നു. നമ്മുടെ കക്ഷി തന്നെ അധികമെങ്കിലും ഒക്കെയും മോശക്കാരാകുന്നു.[16] ഇതുകൊണ്ടുള്ള ഭയമാണ് ഈ കാര്യത്തിൽ അധികമുള്ളത്. ഉത്തരവിന്റെ പകർപ്പ് ഇതൊന്നിച്ച് അയക്കുന്നു. ഉത്തരവിൽ സർക്കുലറുകൾ നോക്കി പ്രവർത്തിക്കണമെന്ന് എഴുതിയിട്ടുള്ളത് അദ്ദേഹത്തിനുണ്ടായ സർക്കുലർ അല്ല പോലീസിൽ കൈവശക്കാരന്റെ കൈവശത്തിൽ വസ്തു നിറുത്തിപ്പാൻ ഉണ്ടായ നിയമങ്ങളുടെ സർക്കുലറുകൾ ആകുന്നു. ആയിരത്തിനാല്പതാമാണ്ടിൽ ഉണ്ടായ ഉത്തരവിനാൽ കൈവശം വ്യവസ്ഥപ്പെട്ടിരിക്കുന്നു എന്നും ഉത്തരവിൽ പറയുന്നത് ആണ്. ഇദ്ദേഹം ഈ പള്ളിയിൽ ബലമായി കേറുവാൻ ഇരിക്കുന്നു എന്ന് ഹർജിക്കാർ ആവലാധിപ്പെട്ട് ഉണ്ടായ ഉത്തരവ് ആകുന്നു. അങ്ങനെ ഇദ്ദേഹത്തിന് ആ പള്ളിയിൽ യാതൊരു അധികാരവും ഇല്ല എന്നും കൈവശമില്ലാ എന്നും വ്യവസ്ഥപ്പെട്ടിരിക്കുന്നു എന്നത്രേ കത്തിന്റെ ആന്തരം. ഇതുകൊണ്ട് പള്ളികൈവശക്കാരൻ ഇന്നലെ ആരോ അവനാണ് മേലിലും വേണ്ടതെന്ന് വ്യവസ്ഥപ്പെട്ടിരിക്കുന്നുവല്ലോ. ഇതിനെപ്പറ്റി നല്ലവണ്ണം പിടിപ്പാൻ

ആളുകൾ ഉണ്ടായിരുന്നു എങ്കിൽ പള്ളി നമ്മുടെ കൈവശത്തിൽ നിന്ന് ഒരിക്കലും പോകുന്നതല്ല. എന്ത് ചെയ്യാം. ഒക്കെയും ചെലവ് വേണമല്ലോ. ദൈവം തന്നെ രക്ഷിക്കുമാറാകട്ടെ.

വിശേഷിച്ചും നമ്മുടെ സ്ഥലകുറിയും കൊണ്ട് ഒരു അനക്കവും ഇല്ലാതെ ഇരിക്കുന്നത് എന്ത്. നാം തെക്കോട്ടേക്ക് എത്തണമെന്ന് നമ്മുടെ കുരിയൻ റൈട്ടർ മുതൽപേർ നിർബന്ധിക്കുന്നുണ്ട്. അയാളുടെ മകളുടെ കല്യാണവും സമീപിച്ചിരിക്കുന്നു. ഈ നമ്മുടെ സ്ഥലകാര്യം ഒന്ന് തീർച്ചപ്പെട്ടാൽ അത്രടം ഒന്ന് വന്ന് കാര്യങ്ങൾ ഒന്ന് ആലോചിച്ച് ഉറച്ച് പോകണമെന്നാണ് അത്യാഗ്രഹമുള്ളത്. ചൂടാറിയാൽ ഒക്കെയും ആറി. അതിനാൽ ഉള്ള ബദ്ധപ്പാടിൽ ഇതും നോക്കി വേഗത്തിൽ ഉറപ്പിക്കണം. രൂപമായി വല്ലതും ചെറുതായി ഒന്ന് പ്രതിഷ്ഠിച്ചാൽ പിന്നെ സമയം പോലെയും അവസരം പോലെയും പ്രവർത്തിച്ചാൽ മതിയല്ലോ. നമ്മുടെ എറമ്പാൻ[17] പിടിഅരി എടുപ്പാൻ വേണ്ടി ഒരു പ്രസംഗം പോലെ ഒക്കെയും എഴുതി ഉണ്ടാക്കി ഇങ്ങോട്ട് അയക്കയും അവിടെ ചോദിച്ച് സമ്മതിച്ചിരിക്കുന്നു എന്ന് പറഞ്ഞയക്കയും ചെയ്തു. എന്നാൽ ഈ കാര്യം ആ ഇടവകയിൽ മാത്രം ഇപ്പോൾ മതി എന്നും പിന്നത്തേത് ഒക്കെയും ഇപ്പോൾ നമ്മൾ ആലോചിക്കുന്ന സ്ഥലം കൂടെ കൈവശപ്പെട്ടും വേണ്ടുന്നവരൊക്കെയും കൂടി ആലോചിച്ചും മതി എന്ന് മറുപടി അയച്ചു. മാസം 3 ആയല്ലോ. ഇങ്ങനെ സാവധാനത്തിൽ എങ്കിൽ എന്നാണ് ഇതിന്റെ തീർച്ച എന്നും വിചാരിച്ച് വിഷാദിക്കുന്നു. എല്ലാ കാര്യങ്ങളിലും ആദ്യത്തിൽ ഒരു ധൃതിക്കാരൻ നാം എന്ന് നിങ്ങൾ എല്ലാവരും നമ്മെ വിധിച്ചിരിക്കുന്നു എങ്കിലും അങ്ങനെയുള്ള ധൃതി അല്ല ഇത് എന്നു വിചാരിക്കണേ. ഈ കാര്യത്തിൽ നമ്മേക്കാൾ അധിക താല്പര്യം അപ്പുറത്താണ് കണ്ടത്. പിന്നെ എന്തേ ഈ അധോഗതി എന്നും വിഷാദിക്കുന്നു.

വിശേഷിച്ച് സുറിയാനിയിൽ ഒരു നിലത്തെഴുത്തായി ഒരു കൊച്ചു പുസ്തകം എടവഴിക്കൻ ഉണ്ടാക്കി അയച്ചിരിക്കുന്നത് അടിക്കുന്നതിനായി ചേർത്തുവരുന്നു. കുറെ നിരത്തിയത് ഒന്ന് അമർത്തി എടുത്ത് നോക്കിയാറെ നമ്മുടെ ആണി അധികം ദോഷമല്ലെന്ന് കാണുന്നു. അവിടെ കാണ്മാനായി ഇതൊന്നിച്ച് അയക്കുന്നു. നോമ്പിന്റെ നമസ്കാര പുസ്തകം ഈ നോമ്പിന് മുമ്പേ അടിച്ചു എങ്കിൽ വളരെ നന്നായിരുന്നു. അതിനാൽ അത് എത്രയുംവേഗത്തിൽ പുള്ളികൾ വച്ച് ഒന്ന് എഴുതി കൊടുത്തയക്കുന്നതിന് വിചാരിക്കണം. ബഹനാം ചെമ്മാശ് ആണ് ഇപ്പോൾ കുറേശ്ശെ കൂട്ടിവരുന്നത്. ഒരാളും കൂടെ ഉണ്ടായാലേ നടക്കുകയുള്ളു. അതിനായും ആരെ വേണ്ടൂ എന്ന് അന്വേഷിക്കണം. ഇതിനൊക്കെയും വിവരമായി എഴുതി അയക്കണം. ശേഷം പിന്നാലെ.

ഉത്തരവിന്റെ പകർപ്പ് മറുകയ്യിൽ പോകരുത്.[18]
എന്ന് 1873 ധനു മാസം 28-ാം തീയതി (ഒപ്പ്)
കൊച്ചി

## 7

1877

ആത്മീയ പിതാവായ അഭിവന്ദ്യ മാർ യൂലിയോസ്[19] മെത്രാപ്പോലീത്തായ്ക്ക്,

ഇവിടെ വന്നെത്തണമെന്നുള്ള അതിതാല്പര്യത്തിന്മേൽ രണ്ടാമതായി അയച്ച എഴുത്ത് ഇപ്പോൾ അവിടെ എത്തി വിവരം അറിഞ്ഞിരിക്കുന്നു വല്ലോ. പിന്നെ നമ്മുടെ അച്ചൻ ഇവിടെ വരികയും സ്കൂളിന്റെ കണക്ക് കാണിച്ച് അയച്ച എഴുത്ത് ചെമ്മാശൻ തന്ന് വായിച്ച് അറികയും ചെയ്തു. താങ്കളെ ഇങ്ങോട്ട് പ്രയാസപ്പെടുത്താതെ കഴിച്ചുകൂട്ടുന്നതിനുവേണ്ടി നമ്മുടെ അച്ചന്റെ താല്പര്യത്തിന്മേൽ നമ്മുടെ റൈട്ടറോടും അയ്പുരു[20] വിനോടും പിന്നെയും ആലോചിച്ചാറെ ഈ കൂട്ടം രണ്ടിനും എളുപ്പ മുള്ളതാകയാൽ താങ്കൾ വന്നേ മതിയാവൂ എന്ന് അവർ നിർബന്ധമായി പറകയാൽ അതിൽ അച്ചനും സമ്മതിച്ച് ഈ എഴുത്ത് മൂന്നാമതായി അയക്കുന്നതാണ്. താങ്കളെ പ്രയാസപ്പെടാതെ കഴിപ്പാൻ കഴിയുമെങ്കിൽ ഇങ്ങനെ നിർബന്ധമായി എഴുതുന്നതല്ലെന്ന് അറിയാമല്ലോ. അതിനാൽ അല്പം പ്രയാസപ്പെട്ടിട്ടെങ്കിലും വേഗത്തിൽ ഇവിടെ എത്തുന്നതിന് വിചാരിക്കണം. താങ്കൾക്ക് സൗഖ്യമില്ലാത്തതിനാൽ പറൂരിൽ നിന്നും ഒരു വള്ളം മുട്ടക്കിലേക്ക് അയച്ചാൽ ഏറെ നല്ലതെന്ന് വിചാരിച്ച് ഇതൊന്നിച്ച് ഒരു എഴുത്ത് നമ്മുടെ പാലത്തുങ്കൽ കത്തനാർക്ക് ഇവിടെനിന്നും അയച്ചിട്ടുണ്ട്. ഉലഹന്നാന്റെ കൂടെ വള്ളം അയപ്പാനാണ് എഴുതിയിരിക്കുന്നത്. അല്പം താമസമുണ്ടെങ്കിൽ വള്ളം വഴിയേ അയപ്പാനും ശട്ടം കെട്ടി ഉലഹന്നാനെ അങ്ങോട്ട് അയക്കുന്നതിനും എഴുതിയിട്ടുണ്ട്. ഞങ്ങൾ ഇവിടെ എത്തിയതിന്ന് മേൽ അച്ചനെ അങ്ങോട്ട് അയച്ചുകൊള്ളാം. ശേഷം ഒക്കെയും തമ്മിൽക്കണ്ട് പറഞ്ഞ് കൊള്ളാമെന്ന് കരുതി ചുരുക്കുന്നു.

അവിടത്തെ സഹോദരൻ ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ[21]

എന്ന് 1053 കന്നി മാസം 19-ന് രാത്രി
കൊച്ചിയിൽ നിന്ന്

## 8

## മലയാളത്തിന്നുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നാം എത്രയും ഭക്തിയോടെ സ്നേഹിയ്ക്കുന്ന ബ. വികാരി നെദീരിക്കൽ മാർക്കോസ് കശ്ശീശായ്ക്കു വാഴ്വ്.

പ്രിയ സ്നേഹിതരെ... തമ്മിൽ കണ്ടിട്ടുള്ള ദിവസങ്ങൾ ദീർഘപ്പെട്ടു പോയതുകൊണ്ട് തമ്മിൽ കാണ്മാനും നമ്മൾ അയച്ച എഴുത്തിന് വന്നിരിക്കുന്ന മറുപടികൊണ്ടു തമ്മിൽ ആലോചിച്ച് എഴുതി അയപ്പാനും മറ്റും വേണ്ടി കഴിഞ്ഞ ഞായറാഴ്ച അസ്തമിച്ചു നാമും നമ്മുടെ റയിട്ടറും കൂടി ആലപ്പുഴക്കു പോകയും അവിടെ എത്തി അന്വേഷിച്ചപ്പോൾ ഇല്ലായെന്നറിഞ്ഞതിനാൽ ദുഃഖത്തോടെ മടങ്ങിപ്പോന്നുവെങ്കിലും വന്നിരിയ്ക്കുന്ന എഴുത്തിനെക്കുറിച്ച് ആലോചിപ്പാനായി നമ്മുടെ റയിട്ടരെ ഭരമേല്പിച്ച് നാം തിരുവനന്തപുരത്തേയ്ക്കു പോകുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപകൊണ്ടും സത്യ ജഡ്ജി ആകുന്ന അരിനായ്ക്കൻ പിള്ള അവർകളെയും ഒരു ഹിന്ദു ജഡ്ജിയേയും നമ്മുടെ കേസ് വിസ്തരിക്കാൻ നിയമിച്ചിരിക്കുന്നു എന്നു കേട്ടപ്പോൾ വളരെ സന്തോഷിക്കയുണ്ടായി. നമ്മുടെമേലും നമ്മുടെ സഭമേലും സ്നേഹമുണ്ടെങ്കിൽ സഹായിപ്പാനുള്ള സമയം ഇപ്പോഴെന്ന് വ്യസനത്തോടെ പറയുന്നു. പാലക്കുന്നുകാർ മുഖാന്തിരം പൂർവ്വികവിശ്വാസത്തെ കളഞ്ഞ് പാവപ്പെട്ട സഭയെ വിഴുങ്ങുവാൻ ആഗ്രഹിയ്ക്കുന്നു. ഇംഗ്ലീഷു മിഷനറിമാരും ആ കൂട്ടക്കാരും നാനാപ്രകാരേണയും അവർക്കു സഹായിച്ചുവരുന്നു. താങ്കൾ ഇക്കാര്യത്തെക്കുറിച്ച് രാജി[22] പറെക ഉണ്ടായല്ലോ. നാം ഏതെങ്കിലും വിരോധം പറഞ്ഞുവോ? അവരു മൂലമല്ലേ നടക്കാതെ പോയ്തു. അവരുടെ അപ്പൻ[23] ഉണ്ടാക്കിയ മതത്തെപ്രതി ആയിരുന്നുവെന്ന് താങ്കൾക്ക് പ്രത്യക്ഷപ്പെട്ടിട്ടുണ്ടല്ലോ. നവീകരണത്തെ ആഗ്രഹിക്കുന്നവർ നവീകരണത്തിനും പൂർവ്വീകവിശ്വാസം രക്ഷിപ്പാൻ ആഗ്രഹിക്കുന്നവർ പൂർവ്വീക വിശ്വാസക്കാർക്കും സഹായിപ്പാൻ ദൈവത്താൽ കടപ്പെട്ടിട്ടുണ്ടല്ലോ. എന്തിന് നാം വളരെ പറയുന്നു. ഒക്കയും അറിഞ്ഞിട്ടുണ്ടല്ലോ.

പ്രിയ സ്നേഹിതരെ, ഇപ്പോഴത്തെ നമ്മുടെ അപേക്ഷ തങ്ങളാൽ കഴിയുന്ന സഹായം നമുക്കുവേണ്ടിയും നമ്മുടെ സഭയ്ക്കുവേണ്ടിയും ചെയ്തുതരുവാനുള്ള സമയം ഇപ്പോഴാകകൊണ്ട് ആയത് ഇപ്പോൾ ചെയ്തു തരണമെന്നാകുന്നു.

തിരുവനന്തപുരത്തേക്കു ഏത് കാരണം പറഞ്ഞിട്ടെങ്കിലും ഒന്നു വന്നു പോരണമെന്ന ആഗ്രഹം ഉണ്ട്. ആയതിനു ഒരു പ്രകാരണയും കഴിവി

ല്ലാന്നുവന്നാൽ ഇരുന്നുകൊണ്ടു ചെയ്‌വാനുള്ളതു ചെയ്തു സത്യത്തിന്റെ ഒരു തീരുമാനം ഉണ്ടാക്കിത്തരണമെന്നു താങ്കളുടെ സ്നേഹത്തോടു നമ്മുടെ കർത്താവു മൂലം നിർബന്ധമായിപ്പറഞ്ഞു എഴുത്തു ചുരുക്കുന്നു. ശേഷം കാര്യങ്ങൾ നമ്മുടെ വിശ്വസ്തനായ കത്തനാർ പറഞ്ഞു എടവരുന്നതുമാകുന്നു. കരുണയുടെ ദൈവം സഹായിക്കുമാറാകട്ടെ.

എന്നു 1884-ക്ക്, കൊല്ലം 1060 ധനു 27-ാം തീയതി കോട്ടയത്തു നിന്നും ബഢപ്പാടിൽ എഴുതിയത്.

ദീവന്നാസ്യോസ് (ഒപ്പ്)

## 9

നമ്പർ 22

### മലയാളത്തിന്നുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നു

നാം എത്രയും ഭക്തിയോടെ സ്നേഹിക്കുന്ന നിധിയിരിക്കൽ മാണിക്കത്തനാർക്കു വാഴ്വ്. ജനുവരി 24-ാം തീയതി അയച്ചതായ എഴുത്തു മിനിഞ്ഞാന്നു ഇവിടെ കിട്ടി. വിവരങ്ങൾ അറികയും അത്യന്തം സന്തോഷിക്കയും ചെയ്തു. അന്നുതന്നെ മറുപടി അയപ്പാൻ ഇടവരാഞ്ഞത് രണ്ടു നാലു ദിവസമായിട്ടു നമുക്കുണ്ടായിരുന്ന നീർദോഷം[24] നിമിത്തം എഴുതുവാൻ പാടില്ലാതെ തീർന്നുപോയതുകൊണ്ടാകുന്നു. ഇന്നേയ്ക്കു ഒരു വിധം എഴുതുവാൻ തക്ക സൗഖ്യം കിട്ടിയതുകൊണ്ടു എഴുതി അയക്കുന്നതാകുന്നു. ബോംബെയിൽ നിന്നു വന്നതിനു മറുപടി അയക്കാൻ സംഗതിവരാതെ താമസിക്കുന്നതിൽ വെച്ചു വളരെ ഖേദിക്കുന്നു. നമ്മൾ മൂന്നു പേരും ഒന്നിച്ചിരുന്നു ആലോചിച്ചു വേണം മറുപടി അയപ്പാൻ എന്നുള്ള വിചാരത്തുമ്മേൽ നാം കാത്തിരിക്കയും വടക്കെ പള്ളി വിസിറ്റിൽ നിന്നു നാം മടങ്ങി കോട്ടയത്ത് എത്തിയതിന്റെ പിറ്റെദിവസം തന്നെ ഈ വിചാരത്തോടെ തമ്മിൽ കണ്ട് ആലോചിക്കുന്നതിനായി നാമും നമ്മുടെ റൈട്ടരും കൂടി ആലപ്പുഴ എത്തുകയും അന്വേഷിച്ചപ്പോൾ അവിടെനിന്നും തലേദിവസം കുറവിലങ്ങാട്ടിനു പോയപ്രകാരം അറിഞ്ഞപ്പോൾ ഉണ്ടായ ഇഛാഭംഗം അല്പമല്ലായിരുന്നു. എന്തു ചെയ്യാം. മറുപടിക്കു താമസിക്കുന്നതു ഇക്കാരണങ്ങളാൽ ആകുന്നു. ഈ പരമാർത്ഥം എങ്ങിനെ അദ്ദേഹത്തെ പറഞ്ഞറിയിക്കേണ്ടൂ. അതിനാൽ മറുപടിയുടെ താമസത്തെക്കുറിച്ചു യാതൊരു തൃപ്തികേടും അദ്ദേഹത്തിനു തോന്നാതെയിരിപ്പാൻ തക്ക എഴുത്തുകുത്തുകൾ ഒക്കെയും നടത്തി അദ്ദേഹത്തിനെ തൃപ്തിപ്പെടുത്തണം. നമ്മെക്കുറിച്ചുള്ള താല്പര്യവും ഓർമ്മയും അദ്ദേഹത്തിൽ നിന്നും വിട്ടുപോകാതെ പുത്തൻ ആണ്ടിന്റെ മംഗലം നമ്മെ അറിയിക്കു

ന്നതായി എഴുതി അയച്ചിരിക്കുന്നതിനെ വിചാരിക്കുമ്പോൾ അദ്ദേഹത്തെ വളരെ നാം ശ്ലാഘിപ്പാനും നന്ദി പറവാനും നാം കടപ്പെട്ടിരിക്കുന്നു. എങ്കിലും അദ്ദേഹത്തിന്റെ എത്രയും സന്തോഷവും തൃപ്തിയും ഉണ്ടാവാൻ തക്കവിധത്തിൽ വേണ്ട വാചകത്തോടുകൂടെ നമ്മുടെ പേർക്കുള്ള മംഗലത്തെയും എഴുതി അയപ്പാൻ ഭരമേൽപ്പിച്ചിരിക്കുന്നു. വിശേഷിച്ചു നമ്മുടെ നമ്പ്ര[25] വിസ്താരം ഈ മാസം 10-ാം നു മുതൽക്കു തുടങ്ങി. നമ്മുടെ അരിനായകൻപിള്ള ജഡ്ജിയും നാരായണപിള്ള ജഡ്ജിയും കൂടിയാകുന്നു വിസ്തരിക്കുന്നത്. നാരായണപിള്ള ജഡ്ജിയെ നിശ്ചയിച്ചപ്പോൾ പ്രതികൾക്കു വിരോധം തോന്നുകയും അദ്ദേഹത്തെ ഒഴിച്ചു വേറെ ഒരു ജഡ്ജിയെ നിശ്ചയിക്കണമെന്നു അവർ ഹർജി കൊടുക്കയും ഉണ്ടായി. ഹർജിക്കാർ കാണിച്ച കാരണം അദ്ദേഹം ആലുവാ കോർട്ടിൽ ജഡ്ജി ആയിരിക്കുന്ന കാലത്തിൽ പള്ളിക്കരെ പള്ളിയുടെ ഒരു വ്യവഹാരം ഉണ്ടാകയും ആ വ്യവഹാരം ഇപ്പോഴത്തെ വ്യവഹാരത്തിന്റെ ഏകദേശം ശരിയായിട്ടുള്ളതും ആ കേസു നമുക്കു ഗുണമായി വിധി പറഞ്ഞിട്ടുള്ള ആളാകകൊണ്ട് അദ്ദേഹത്തെ മാറ്റി കൊടുക്കണമെന്നാണ്. ഇക്കാര്യത്തെപ്പറ്റി ശേഷം ജഡ്ജിമാർ ആലോചിച്ചപ്പോൾ ആ കേസ് ഈ കേസിനോടു ഒരിക്കലും സംബന്ധിക്കുന്നതല്ലെന്നും മറ്റും പറഞ്ഞ് അവരുടെ ഹർജിയെ ഉപേക്ഷിക്കുകയും നാരായണപിള്ള ജഡ്ജിയെ തന്നെ നമ്പ്ര് വിസ്തരിപ്പാൻ സ്ഥിരപ്പെടുത്തുകയും ചെയ്തു. ഇന്നുവരെ 6 ദിവസത്തെ വിസ്താരം ഉണ്ടായി. ഈ 6 ദിവസവും എതിർകക്ഷി വക്കീലിന്റെ ഹിയറിങ്ങ് തന്നെ ആകുന്നു. സത്യം നമ്മുടെ പക്കൽ ആകകൊണ്ട് സത്യത്തിന്റെ തീരുമാനം ഉണ്ടാകുമെന്നു തന്നെ ശരണപ്പെട്ടിരിക്കുന്നു. നമ്മുടെ ദീനത്തിനു നിശ്ചയിച്ച മരുന്നുകൊണ്ടു തന്നെ ദീനം ശമനം വരുമെന്നു ധൈര്യമുണ്ടെങ്കിൽ ബോംബെയിൽ നിന്നു മരുന്നു വരുത്തേണമെന്നു നമുക്കു നിർബന്ധമില്ല. സംശയമുണ്ടെങ്കിൽ ബോംബെയിലെ മരുന്നു വരുത്തിയാൽ അധികം നല്ലതാണല്ലോ. മുഖദൃഷ്ടിക്കു സന്തോഷം കണ്ടുവരുന്നുണ്ട്. ഇനി ഏതുപ്രകാരം വേണ്ടൂ എന്നുള്ള നിശ്ചയവും ധൈര്യവും വൈദ്യനല്ലാതെ നമുക്കു വരുന്നതല്ലല്ലോ. നമ്മുടെ വിസ്താരം ഇനിയും പത്തുപതിനഞ്ചു ദിവസം പിടിക്കും. വിസ്താരം കഴിഞ്ഞ് തീരുമാനം കേൾക്കാതെ ഇവിടെനിന്നും ഇറങ്ങുന്നതല്ല എന്നാണ് വിചാരിക്കുന്നത്. പ്രൊട്ടസ്റ്റാണ്ടുകാരൊക്കെ വലിയ വൈരാഗ്യത്തോടെ അവരുടെ സഹായത്തിനു ഇറങ്ങി പുറപ്പെട്ടിരിക്കുന്നപ്രകാരം കാണുന്നു. ആരൊക്കെ ഇറങ്ങി പുറപ്പെട്ടാലും ദൈവകൃപ കൂടാതെ ഒന്നും വരുന്നതല്ല എന്ന നല്ല വിശ്വാസമാണ്. കരുണയുടെ ദൈവം സഹായിക്കുമാറാകട്ടെ. ശേഷം കാര്യങ്ങൾ എഴുതി അയക്കാം. എന്നു 1885-ക്കു കൊല്ലം 1060 മകരം 20-ാം തീയതി തിരുവനന്തപുരത്തു നിന്നും.[26]

ദീവന്നാസ്യോസ് (ഒപ്പ്)

**10**

കർത്താവിൽ നമുക്ക് എത്രയും സ്നേഹപ്പെട്ട നമ്മുടെ ആത്മീയ സ്നേഹിതൻ ബ. വികാരി നിധീയിരിക്കൽ മാണിക്കത്തനാർക്കു ബൂർക്ക്സ്സാ.[27]

പ്രിയനെ, ആലപ്പുഴ വെച്ചു പിരിയുന്ന സമയം വർത്തമാനങ്ങൾ ഒക്കയും പറഞ്ഞിട്ടുള്ളതു കൂടാതെ നമ്മുടെ എഴുത്തുകൾ അയച്ചിരിയ്ക്കുന്ന വിവരത്തിനും മറ്റും താൻ അയച്ചതായ തപാൽകത്ത് കിട്ടി വിവരമറിഞ്ഞു സന്തോഷിക്കുകയും അയച്ചിട്ടുള്ള എഴുത്തുകൾക്കു അനുഗ്രഹത്തിന്റെയും ആശ്വാസത്തിന്റെയും മറുപടികൾ വന്നു കാൺമാൻ സദാ പ്രാർത്ഥിക്കയും ചെയ്യുന്നു.

പ്രിയ സ്നേഹിതനെ, നമുക്കുവേണ്ടിയും നമ്മുടെ കാര്യങ്ങൾക്കു വേണ്ടിയും നമ്മുടെ സ്നേഹിതനോടു എന്തു താൻ പറയുന്നുവോ ആയതൊക്കെയും നമ്മുടെ സ്നേഹിതൻ വിശ്വസിക്കയും പ്രവർത്തിക്കയും ചെയ്യുമെന്നു നമുക്കു പൂർണ്ണ വിശ്വാസമാകുന്നു. ഇങ്ങനെ ഇരിക്കെ നമ്മുടെ വ്യസനത്തിന്നടക്കം വരാതെ ഇരിയ്ക്കുന്നതു തന്റെ പ്രയത്നക്കുറവെന്നല്ലാതെ എന്തു നാം പറയേണ്ടൂ. ഇയ്യെടെ ഡാറായുടെ സഹോദരൻ ഡാറായെ കാൺമാൻ ഇവിടെ വരികയും സംസാരിക്കയും ചെയ്തതിൽ അയ്മനം പി. ജോൺ പ്രതികക്ഷികൾക്കുവേണ്ടി ചെന്നു ആലോചിച്ചതായും നമ്മുടെ വചനത്തിന് ഇനിയും നിവൃത്തിയില്ലാതെ താമസപ്പെടുന്നപക്ഷം ഇക്കാര്യംകൊണ്ട് സംസാരിപ്പാൻ ചെല്ലരുതെന്നു പറഞ്ഞതായും അറിയിച്ചിരിക്കുന്നതിൽ അത്യന്തം നാം വ്യസനിക്കുന്നു. എന്തു നാം ചെയ്യേണ്ടൂ. എന്തു നാം പറയേണ്ടൂ എന്നു നാം അറിയുന്നില്ല. താൻ പ്രത്യേകം ഒന്നിറങ്ങി വിചാരിക്കുകയും അല്പം പ്രയാസപ്പെടുകയും ചെയ്തുവെങ്കിൽ ഈ വ്യസനം നമ്മിൽ നിന്നൊഴിയുന്നതു മാത്രമല്ല, മങ്കളാവിനെക്കുറിച്ചും സ്ഥലത്തെക്കുറിച്ചും[28] നമ്മൾക്കു ഭവിച്ചിരിക്കുന്ന ജോലിയും ഇതുകൊണ്ടു തീർത്തു വയ്ക്കാം. അക്കര മൂപ്പിലേയ്ക്കു ചെല്ലുവാനുള്ള പണം കിട്ടുവാനായി വളരെ മുട്ടിച്ചു വരുന്നു. നമ്മൾ കൂടിയിരിക്കുന്ന സമയം സായ്പു തരാമെന്നു പറഞ്ഞിരിക്കുന്ന സംഖ്യ തന്നാൽ ഇയ്യാളിനെ നമ്മുടേതാക്കിത്തീർക്കാം. വേറെയുള്ള ഒരാളെയും വേണം. ആയ്തു പിന്നീട് ആയിക്കൊള്ളാം. വെകടമുള്ള[29] ആൾ ഇയ്യാളാകുന്നു. ഇയ്യാൾ ഒതുങ്ങിയാൽ ഒക്കെയും ആയിയെന്നു തന്നെ പറയാം. ആകയാൽ പ്രിയനെ ഈ കത്തു കിട്ടിയാൽ ഉടൻതന്നെ ആലപ്പുഴക്കു പോയി നമ്മുടെ സ്നേഹിതനെ കണ്ടു ഇക്കാര്യം കൊണ്ടു ആലോചിച്ചു ശട്ടംകെട്ടിയ വിവരത്തിനു ആശ്വാസത്തിന്റെ ഒരു മറുപടി ഇവൻ പക്കൽ

തന്നെ താൻ അയച്ചു കാൺമാൻ നാം നോക്കിക്കൊണ്ടിരിക്കുന്നു. തനിക്കുള്ള അധിക ജോലികൾ നിമിത്തം ഇതിലേക്കു ഒരിക്കലും താമസം വരുത്തരുതെ. താനെവിടേക്കു പോകുന്നുവോ തന്റെ കൂടെ ഈ എഴുത്തുംകൊണ്ട് വരുന്നവനും നടപ്പാനായിട്ടാണ് ഇവനെ ശട്ടംകെട്ടി അയച്ചിരിക്കുന്നത്. ആശ്വാസത്തിന്റെ മറുപടി കൊടുക്കാതെ ഇവൻ തന്നെ വിട്ടുപിരിയുന്നതുമല്ല.

വിശേഷിച്ച് ഈ സ്കൂളിന്റെ കാര്യത്തിൽ നമ്മുടെ സ്നേഹിതൻ ആലോചിച്ചപ്രകാരം കഴിയുന്നതും വേഗത്തിൽ ഒരു തീരുമാനം ഉണ്ടാകുന്നതിന് താൻ ശ്രമിക്കണം. നമ്മുടെ പ്രയാസവും ദുഃഖവും അതിൽ വെച്ചു നാം വലയുന്ന വലച്ചിലും അദ്ദേഹത്തെ നല്ലവണ്ണം താൻ മനസ്സിലാക്കിയാൽ ബുദ്ധമതക്കാർക്കു ചെയ്‌വാൻ നിശ്ചയിക്കുന്ന ഭാഗംപോലെ തന്നെ ചെയ്തില്ലെങ്കിലും അതിൽ അധികമായ സഹായം നമുക്കു ചെയ്തുതരുന്നതിനു യാതൊരു മടിയും അദ്ദേഹം വിചാരിക്കുന്നതല്ല. നമുക്കു ചെയ്യുന്ന സഹായങ്ങൾ ഒക്കെയും നമുക്കു രണ്ടു കൂട്ടുകാർക്കും എന്ന പോലെ അല്ലാതെ മറ്റൊരു വിചാരവും നമുക്കില്ല. നമ്മൾ ഒന്നും ഒരു രക്തവുമാകുന്നു. പരദേശികൾക്കും അന്യന്മാർക്കും ഈ കൂറും സ്നേഹവും ഒരിക്കലും ഉണ്ടാകുന്നതല്ല. ദരിദ്രന്മാരുടെ പേരിലുള്ള നമ്മുടെ ദയയും അവരെ നാം സഹായിക്കുന്നതും ചിലവു ചെയ്തു പാലിയ്ക്കുവാൻ ശക്തിയില്ലാത്ത കുട്ടികൾക്കുവേണ്ടി നാം ചെലവ് ചെയ്തു അയച്ചു പഠിപ്പിക്കുന്നതും നമ്മുടെ വലച്ചിലും വിശ്വാസം മൂലം നാം നഷ്ടപ്പെട്ടു വരുന്നതും വിശ്വാസവിപരീതത്തിൽ പോയിരിക്കുന്ന പള്ളിക്കാരെ തിരിച്ചുവരുത്തുന്നതിന്നു പ്രയാസവും[30] ഇത്യാദികൾ നമ്മെക്കുറിച്ചു നമ്മുടെ സ്നേഹിതനെ ഗ്രഹിപ്പിയ്ക്കുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം നമ്മുടെമേൽ കവിഞ്ഞൊഴുകുകയും കഴിയുന്നതിനെ സഹായിക്കുകയും ചെയ്യും. അപ്പോൾ തനിക്കും നമുക്കും യാതൊരു പരാശ്രയം കൂടാതെ കഴിച്ചുകൂട്ടുന്നതിനും ആശ്വാസത്തിനും സംഗതി വരുമെന്നു കർത്താവിൽ ഉറപ്പായി നാം വാഗ്ദത്തം ചെയ്യുന്നു. അതിനാൽ ഇക്കാര്യത്തിൽ ഒട്ടും മൌനമായിരിക്കരുതെന്നു പിന്നെയും പിന്നെയും പറഞ്ഞു നമ്മുടെ എഴുത്തിനെ അവസാനിപ്പിയ്ക്കുന്നു. തന്റെ മറുപടി കണ്ടാൽ ഉടനെ അവിടെ നാം എത്തിക്കൊൾകയും ചെയ്യാം. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1064 ചിങ്ങം 22-ാം നു മുളന്തുരുത്തി പള്ളിയിൽനിന്നും.

മാർ ദീവന്നാസ്യോസ് (ഒപ്പ്)

## 11

നമ്മുടെ പ്രിയപ്പെട്ട മാണിയച്ചനു വാഴ്വ്.

നമ്മുടെ അടിയന്തിരദിവസം നമ്മളോടു പറഞ്ഞപ്രകാരം നമ്മുടെ സായ്പ് അവർകൾ ഇവിടെ വരികയും ശനിയാഴ്ച 5 മണിക്ക് ഇവിടെ നിന്നു പോകയും ചെയ്തു. വന്നതിന്റെ ഉദ്ദേശ്യം സ്കൂളിന് കല്ലിടുവാൻ വേണ്ടിയാകുന്നു. താങ്കൾ ഇവിടെ ഇല്ലല്ലോ; താങ്കൾ വന്നിട്ടു വേണമല്ലൊ കല്ലിടുവാൻ എന്നുള്ള വചനത്തിൽ സായ്പും സന്തോഷിച്ചു പോയിരിക്കുന്നു. താങ്കൾ മാന്നാനത്തുണ്ടെന്ന് ആരോ ഇവിടെ പറഞ്ഞറിഞ്ഞതിനാൽ ഉടനെ താങ്കളുടെ പേർക്ക് എഴുതി അയച്ചു വരുത്തി കല്ലിടുവാൻ കഴിയുമെങ്കിൽ ഒരു ദിവസം കൂടെ താമസിക്കാമെന്നു പറഞ്ഞു മാന്നാനത്തേക്ക് എഴുത്തും കൊടുത്തു ആളെ അയച്ചു. ഇല്ലെന്നറിഞ്ഞതിന്ന് മേലാകുന്നു പോയ്തു. ഇനി എന്താ വേണ്ടൂ. താങ്കളുടെ വരവ് ഇന്ന്, നാളെ, വരും; കണ്ടതിന്മേൽ വേണം പോകുവാനെന്നു വിചാരിച്ചു ഇതാ 8 ദിവസമായി ബോട്ടു ഇട്ടുംകൊണ്ടു നാം താമസിക്കുന്നു. തമ്മിൽ കണ്ടാലോചിപ്പാൻ കാര്യങ്ങൾ വളരെയുണ്ടു. സ്കൂളിനു കല്ലിടാതെ താമസിക്കുന്നതും വളരെ ദോഷമാണല്ലോ. അതിനാൽ താങ്കൾ എപ്പോൾ ഇവിടെ വരുമെന്നു അടിയന്തിരത്തിൽ മറുപടി അയക്കണം. ശേഷം കണ്ടു പറയാമെന്നു കരുതിച്ചുരുക്കുന്നു. എന്നു 1888 വൃശ്ചികം 23-ാം തീയതി ചൊവ്വാഴ്ച അസ്തമിച്ചു കോട്ടയത്തു നിന്നും.[31]

ദീവന്നാസ്യോസ് (ഒപ്പ്)

(കടപ്പാട്: നിധിയിരിക്കൽ മാണികത്തനാർ (ജീവചരിത്രം), ഷെവ. വി. സി. ജോർജ്ജ്, പെല്ലിശ്ശേരി പബ്ലിക്കേഷൻസ്, കോട്ടയം, 1994)

## 12

നമ്പർ 129/1888

ദൈവകൃപയാൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് യോഹന്നാൻ മല്പാന് വാഴ്വ്.

അയച്ചിട്ടുള്ള പള്ളിക്രമ പുസ്തകങ്ങൾ ... ചെയ്യുവാൻ മാറ്റങ്ങൾ ഒക്കെയും പറഞ്ഞിട്ടുണ്ടല്ലോ. അവിടെ നിന്നും പുറപ്പെടുമ്പോൾ പറഞ്ഞ പ്രകാരം തന്നെ ഇത് ഇവിടെ നിന്നും പുറപ്പെടുന്നതിന് മുമ്പേ നിശ്ചയിച്ചിരിക്കെ താഴത്തെ ബീശാ (?)[32] ഇങ്ങോട്ടേക്ക് വരുന്നു എന്ന് മിനിഞ്ഞാന്ന് ഒരു ശ്രുതി കേട്ടു. കാരണം എന്തെന്ന് ആലോചിച്ച് വരുന്ന മദ്ധ്യേ

ഇന്നലെ അയാൾ വന്നതായും കേട്ടു. ഇത് എന്ത് സാധ്യത്തിന്മേൽ എന്ന് പിന്നെയും വിവരമായും തിരക്കി അന്വേഷിച്ചപ്പോൾ ... ഗോവർ സായിപ്പിനെ കണ്ട് അവരുടെ ഭാഗം വക്കീലായി ഉറപ്പിക്കാൻ വേണ്ടിയാണ് വന്നിരിക്കുന്നതെന്നും ഗോവർ സായിപ്പ് ഇപ്പോൾ കോഴിക്കോട്ടേക്ക് എങ്കിലും താമസം കൂടാതെ ഇവിടെ എത്തുമെന്നുള്ള വിവരം ആരോ അറിവു കൊടുത്താണ് വന്നിരിക്കുന്നതെന്നും കേട്ട് ഉടനെ നമ്മുടെ അക്കരെ കൊച്ചുകുഞ്ഞ് ഇവിടെ ഉണ്ടായിരിക്കുന്നതു കണ്ട് അവനുമായി ആലോചിച്ചപ്പോൾ ഗോവർ സായിപ്പ് മഹായോഗ്യനും ബാരിസ്റ്റർ ഗാൽസിനേക്കാൾ എത്രയും അറിവു ഉള്ളവനെന്നും അതിനാൽ ഗോവർ സായിപ്പിനെ നമ്മുടെ ഭാഗം വക്കീലായി പിടിക്കണമെന്നും മറ്റും കൊച്ചുകുഞ്ഞും മറ്റ് ഇവിടങ്ങളിൽ ഉള്ള നമ്മുടെ പ്രത്യേകമായ എല്ലാവരും താല്പര്യമായി പറകയാൽ അദ്ദേഹം ഇവിടെ എന്ന് എത്തുമെന്ന് അറിവാനായി അദ്ദേഹത്തിന്റെ പേർക്ക് നമ്മുടെ കൊച്ചുകുഞ്ഞ് കമ്പി എഴുതി അടിച്ച് ചോദിച്ചപ്പോൾ വെള്ളിയാഴ്ചയ്ക്ക് ഇവിടെ എത്തുന്നത് എന്ന് നമ്മുടെ (മൂന്ന് വരികൾ അവ്യക്തം - എഡിറ്റർ) ... പിടിക്കണമെന്ന് തന്നെ ഇച്ഛിച്ചിരിക്കുന്നു. ഇക്കാരണം കൊണ്ട് ഇന്ന് കഴിഞ്ഞിട്ടേ ... എങ്കിൽ അന്നു തന്നെ അദ്ദേഹത്തെ കണ്ടുംവച്ച് അങ്ങോട്ടേക്ക് പുറപ്പെട്ടുകൊള്ളാം. അല്ലാത്തപക്ഷം ശനിയാഴ്ച കണ്ടും വെച്ച് അന്ന് സമയമുണ്ടെങ്കിൽ അന്നുതന്നെ. അല്ലാത്തപക്ഷം തിങ്കളാഴ്ച അങ്ങോട്ടേക്ക് പുറപ്പെട്ടു കൊള്ളാം. ഈ വിവരങ്ങൾ ഒക്കെയും നമ്മുടെ ബാവായോടും[33] നിങ്ങൾ എല്ലാ വിവരവും പറവാനായി നമ്മുടെ അക്കര കൊച്ചുകുഞ്ഞിനോട്[34] ഇന്ന് പറഞ്ഞ് വച്ചിട്ടുമുണ്ട്. കുഞ്ഞ് പറഞ്ഞറിവാൻ ഇടവരുമെങ്കിലും എഴുതി അയച്ച് ബാവാ ഗ്രഹിക്കുന്നതിന് അധികം സന്തോഷമുണ്ടാകുമല്ലോ എന്നുള്ള വിചാരത്താൽ പ്രത്യേകം എഴുതി ... മേൽ വിവരിച്ച ... ബാവായെ പ്രത്യേകം ഗ്രഹിപ്പിച്ച് ... സമാധാനപ്പെടുന്നു. നമ്മുടെ പുകുടിയിലെ കുഞ്ഞാപ്പി നാം പിരിവിന് ഏല്പിച്ചപ്രകാരം ബാവായ്ക്കു പണം കൊടുത്തുവോ? ... എന്ന് അറിയാതെ ഇരുന്നിട്ട് വ്യസനിക്കുന്നു.

ശേഷം കാര്യങ്ങൾക്ക് വിശദമായി എഴുത്ത് എഴുതി അയച്ചുകൊള്ളാം. സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1063-മാണ്ട് മീനമാസം 32-ാം തീയ്യതി അസ്തമിച്ച്
കൊച്ചിയിൽ നിന്നും. (ഒപ്പ്)

## 13

അഭിവന്ദ്യ ഗീവറുഗീസ് യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക്,

പുസ്തകക്കാരൻ നമ്മുടെ വർക്കി വശം കൊടുത്തയച്ചതായ എഴുത്തും ... നിറയപ്പെട്ടതായ മെമ്രായും കിട്ടി വായിച്ചു കാണുകയും തൃപ്തിപ്പെടുകയും ചെയ്തു.[35] അന്നൊന്നിച്ച് അയച്ചതായ നമസ്കാര പുസ്തകം കണ്ടപ്പോൾ പിന്നെയും അതിതൃപ്തി ഉണ്ടായി. ഇനിയും വേണ്ട പുസ്തകങ്ങളെ അച്ചടിച്ച് കാണ്മാൻ ദൈവം സംഗതി വരുത്തുന്നതിന് ദൈവത്തോട് പ്രാർത്ഥിക്കുന്നു. ഞാൻ ഇപ്പോൾ പള്ളിയിൽ സഞ്ചരിച്ച് പിരിച്ച് വരുന്നു. വ്യവഹാരം ... വ്യവഹാരച്ചെലവുകൾക്ക് അധികമായി വേണ്ട കാശ് പോലും കയ്യിൽ ഇല്ല. (നാലു വരികൾ അവ്യക്തം - എഡിറ്റർ) ... എഴുത്തിൽ കാണിച്ചിരിക്കുന്ന മറ്റ് കാര്യങ്ങളുടെ നടത്തക്കായി യാതൊരു വിരോധവും ഉണ്ടായിട്ടല്ല ഞാൻ അങ്ങനെ ചെയ്തതു കൊണ്ടാണ് ഇങ്ങനെ ചെയ്തതെന്ന് പറവാൻ സംഗതി വരുത്താതെ സാക്ഷിവിസ്താരം കൂടി കഴിഞ്ഞോട്ടെ എന്നു ഒരു വിചാരം ഹൃദയത്തിൽ ഉണ്ട്. അവിടെ സാക്ഷി ബോധിപ്പിച്ചത് നമ്മോട് ജാമ്യം വാങ്ങിപ്പാൻവേണ്ടി (പതിമൂന്ന് വരികൾ അവ്യക്തം - എഡിറ്റർ) ... 12 നമസ്കാര പുസ്തകങ്ങളും ഏവൻഗേലിയോന്റെ കുറിപ്പും ഇവിടെ എടുത്തു. ഇതിൽ രണ്ട് വലിയ പുസ്തകത്തിന്റെയും രണ്ട് ചെറിയ പുസ്തകത്തിന്റെയും വില കൊടുത്തിരിക്കുന്നു. ശേഷമുള്ളത് നമ്മുടെ സഞ്ചാരത്തിൽ ചിലവാക്കി പണം അവിടെ എത്തിക്കാം. ഈ പത്തിന്റെയും വില ഇപ്പോൾതന്നെ കൊടുത്തയക്കണമെന്ന് താല്പര്യമുണ്ടായിരുന്നു. ഇന്നലെയാണിവിടെ വന്നത്. പിരിവ് തുടങ്ങിയില്ല. തിരുവല്ലായിൽ ഉണ്ടായ പിരിവ് മുഴുവനും ആലപ്പുഴക്ക് ഇന്നലെ അയച്ചുംവച്ചാണ് ഇങ്ങോട്ടേക്ക് പോന്നത്. അതുകൊണ്ടത്രേ തൽക്കാലം പണം കൊടുത്തയക്കാഞ്ഞത്. ശേഷം വിവരങ്ങൾ വർക്കി പറകയും ചെയ്യും.

എന്ന് 1055 വൃശ്ചികം 24-ാം തീയ്യതി
കല്ലൂപ്പാറ പള്ളിയിൽ നിന്ന്

അവിടത്തെ സഹോദരൻ ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

പുസ്തകം വകയിൽ രണ്ടു രൂപ കൂടി കൊടുത്തയക്കുന്നു.

## 14

അഭിവന്ദ്യ ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക്,

മുൻ അയച്ചതായ എഴുത്ത് കിട്ടി. വിവരങ്ങൾ അറിഞ്ഞത് കൂടാതെ

അതിൽ അടക്കം ചെയ്ത് അയച്ചതായ എഴുത്ത് നമ്മുടെ റൈട്ടർക്ക് കൊടുക്കയും ചെയ്തു. എഴുത്ത് നമ്മുടെ കയ്യിൽ കിട്ടുമ്പോൾ റൈട്ടർ ഇവിടെ ഉണ്ടായിരുന്നില്ല. പിന്നെ കല്യാണത്തിന് വന്നു. കല്യാണം കഴി ഞ്ഞതിന്റെ ശേഷമാണ് കൊടുത്തത്. ആ എഴുത്ത് റൈട്ടർ നമ്മെ കാണി ക്കയും ചെയ്തു. എഴുത്തിലെ താല്പര്യം നടത്തുന്നതിന് വിരോധം ഇല്ലാത്തപ്രകാരമാണ് പറഞ്ഞത്. അതിനുള്ള മറുപടി വാങ്ങി നമ്മുടെ എഴുത്തോടുകൂടി അയക്കണമെന്ന് വിചാരിച്ച് ഇത് വരെ മറുപടി അയ പ്പാൻ താമസിച്ചതാണ്. കല്യാണം കഴിഞ്ഞ് പോയതിൽ പിന്നെ ഒരു ദിവസം ഇവിടെ വന്നു. പിന്നെ ഉടനെ വരാമെന്ന് പറഞ്ഞ് പോയി. പിന്നെ ഇതേവരെ വന്നില്ല. ഇപ്പോൾ ആലപ്പുഴ ഉണ്ട്. സിവിൽ വ്യവഹാരം ഇപ്പോൾ തന്നെ ഫയൽ ചെയ്യുന്നതിനുവേണ്ടി നാമും സഹോദരൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും[36] ഇന്ന് ആലപ്പുഴക്ക് പോകുന്നു. വ്യവഹാരത്തിന് വേണ്ടിയ പണങ്ങൾ ഒക്കെയും തയാറായി ട്ടുണ്ട്. അതിനാൽ ആലപ്പുഴ ഒട്ടും ഞങ്ങൾക്ക് താമസം ഇല്ല. വക്കാലത്ത് കൊടുത്ത് പോരണമെന്നേ ഉള്ളൂ. ഈ ജോലിയും കൂടെ കഴിച്ച് ഉടനെ മുളന്തുരുത്തിയിൽ എത്തിക്കൊള്ളാം. തമ്മിൽ കണ്ട് ആലോചിപ്പാൻ അടി യന്തിരപ്പെട്ട കാര്യങ്ങൾ നമുക്കും ഉണ്ട്. നിങ്ങൾ വിചാരിക്കുന്ന കാര്യം എന്തെന്ന് അറിയാഞ്ഞിട്ട് വളരെ വ്യസനിക്കുന്നു. ഏതെങ്കിലും വേഗ ത്തിൽ മുളന്തുരുത്തിയിൽ എത്തി തമ്മിൽ കാണുന്നതിന് ധൃതിപ്പെട്ടിരി ക്കുന്നു. ശേഷം പിന്നാലെ എന്ന് ശരണപ്പെട്ട് എഴുത്ത് നിറുത്തുന്നു. നമ്മുടെ കൈയ്ക്കു പൂർണ്ണസുഖം ഉണ്ടായിട്ടില്ലെങ്കിലും ഇന്ന് ഒന്ന് ചൊല്ലി യിരിക്കുന്നു. അധികം ബുദ്ധിമുട്ട് ഒന്നും ഉണ്ടായില്ല.

എന്ന് 1054 കുംഭമാസം 11-ന് ഞായറാഴ്ച

കോട്ടയത്ത് പുത്തൻപള്ളിയിൽ നിന്നും (ഒപ്പ്)

അവിടത്തെ സഹോദരൻ ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ.

**15**

മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നു

(മുദ്ര)

നമ്മുടെ പാമ്പാക്കുട പള്ളിയിലെ വികാരിയും ദേശത്തുപട്ടക്കാരരും പള്ളികൈക്കാരനും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

തിരുവനന്തപുരത്തെ നമ്മുടെ സഞ്ചാരത്തിന്റെ ആവശ്യത്തിനുവേണ്ടി

550 രൂപാ വിലയ്ക്കായി ആലപ്പുഴ ഒന്നാം ജഡ്ജിയുടെ ഒരു കുതിരയും വണ്ടിയും നാം വാങ്ങിച്ചിരിക്കുന്നപ്രകാരം നിങ്ങൾ കേട്ടിരിക്കുന്നുവല്ലോ.

എന്നാൽ ഇപ്പോൾ തിരുവനന്തപുരത്തെ നമ്മുടെ ആവശ്യം മിക്കതും കഴിഞ്ഞിരിക്കുന്നതും ഇവിടങ്ങളിൽ ഉള്ള നമ്മുടെ സഞ്ചാരം അധികമായി ബോട്ടു വഴി ആകകൊണ്ടും കുതിരയും വണ്ടിയും ഷോടതി ഇടുവാനായി നിശ്ചയിച്ചിരിക്കുന്നു.

ഷോടതിയുടെ ക്രമം,[37]

550 രൂപ നമുക്ക് വിലയുള്ളതാകകൊണ്ടും നറുക്ക് ഒന്നിന് അഞ്ചു രൂപാ പ്രകാരം 110 നറുക്കായിട്ടും ഇതിൽ നേട്ടം കിട്ടുന്ന ആളിന് വണ്ടിയും കുതിരയും കൊടുപ്പാനായിട്ടും നിശ്ചയിച്ചിരിക്കുന്നു.

നേട്ടം കിട്ടുന്നവർക്ക് വണ്ടിയും കുതിരയും ആവശ്യമില്ലെന്നു പറഞ്ഞാൽ ഉടനെ ആയത് ലേലത്തിൽ വിറ്റ് പണം വസൂലാക്കി നേട്ടക്കാരന് കൊടുക്കുന്നതാകുന്നു.

അതിനാൽ പ്രിയമുള്ളവരേ, ഈ ഷോടതിയിലേക്ക് ആ പള്ളിക്കാര്യത്തിൽ നിന്ന് ഒരു നറുക്ക് കൂടത്തക്കവണ്ണം നാം നിശ്ചയിച്ച് പേർ എഴുതിയിരിക്കുന്നതാകകൊണ്ട് ഒരു നറുക്കിനുള്ള 5 രൂപ ഈ സാധനം കൊണ്ടുവരുന്ന ആൾ വശം കൊടുത്തയക്കുകയും വേണം.

ഈ ഷോടതി ഈ വരുന്ന മേടം 15-ാം തീയ്യതി കോട്ടയത്ത് പുത്തൻ പള്ളിയിൽ വച്ച് എടുക്കുന്നതാക കൊണ്ട് നിങ്ങളിൽ ആരെങ്കിലും വരുന്ന പക്ഷം ഈ തീയ്യതിക്ക് കോട്ടയത്ത് പുത്തൻപള്ളിയിൽ വന്നുചേരുകയും വേണം.

എന്ന് 1885 ക്ക് കൊല്ലം 1060 മീനം 5-ാം തീയ്യതി
കൊച്ചിയിൽ നിന്നും (ഒപ്പ്)

## 16

## മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ കമ്മിറ്റി പ്രസിഡണ്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്മുടെ .... പള്ളിയിൽ വികാരിയും ദേശത്തുപട്ടക്കാരും കൈക്കാരരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ സ്നേഹിക്കപ്പെട്ടവരേ, സകല ജാതികൾക്കും നാൾക്കു

നാൾ പഠിത്തവീടുകളും വിദ്യാഭ്യാസങ്ങളും വർദ്ധിച്ച് നാഗരികം വളർന്നു വരുന്ന ഈ കാലത്ത് നമ്മുടെ സഭ സൽഗുണങ്ങളിൽ ഒക്കെയും അധോഗതി ഭവിച്ചിരിക്കുന്നത് ഓർത്താൽ എത്രയോ ദുഃഖകരമായിട്ടുള്ളതാകുന്നു. ദൈവകൃപയാൽ നമ്മുടെ സിമ്മനാരി മുതലായത് കൈവശം വന്നിരിക്കുന്ന വിവരം നിങ്ങളേവരും അറിഞ്ഞിട്ടുണ്ടല്ലോ.[38] നമ്മുടെ അയൽ ക്രിസ്ത്യാനികൾ ലഘുവായ അനേകം ധർമ്മശേഖരങ്ങളാൽ പല സിമ്മനാരികളും കുമ്പേന്തകളും ഉണ്ടാക്കി അവകളെ പൂർത്തിയാക്കവണ്ണം പരിപാലിച്ച് കൊണ്ടുപോകുന്നതിനാൽ ഉണ്ടാകുന്ന ഗുണങ്ങളും ശ്രേയസ്സുകളും നാം കണ്ടുവരുന്നുണ്ടല്ലോ. ആ വകകളുടെ വർദ്ധനവു മൂലം അവരുടെ വിശ്വാസത്തെ പ്രബലമായി തെളിയിച്ചു കാണിക്കുന്ന പല വക പുസ്തകങ്ങളും വർദ്ധിച്ചുവരുന്നതിനാൽ ആ ജാതികളിൽ ഒരുത്തനും തെറ്റിപ്പോകാതെയും വിരുദ്ധപ്പെടാതെയും അതിൽത്തന്നെ സ്ഥിരമായി നില്ക്കുന്നത് സഹജമായി നാം കാണുന്നുണ്ടല്ലോ. നമ്മുടെ ഇടയിൽ നമ്മുടെ വിശ്വാസത്തെ തെളിയിച്ച് കാണിക്കുന്നതായ പുസ്തകങ്ങളും വേദോപദേശങ്ങളും ഇല്ലായ്ക കൊണ്ട് നമ്മിൽ എത്രയോ ആളുകൾ അന്യമതക്കാരുടെ പുസ്തകങ്ങൾ വായിച്ച് വിരുദ്ധപ്പെട്ടും പകച്ചും (എറമിയാ 12:9) നമ്മുടെ സഭ വികൃതരൂപമായി തീർന്നിരിക്കുന്നു.[39] ഇങ്ങനെ സ്തുതിചൊവ്വാകപ്പെട്ട വിശുദ്ധ സുന്നഹദോസുകളിൽ കല്പിക്കപ്പെട്ടിരിക്കുന്ന സത്യവിശ്വാസത്തിന് പ്രതികൂലമായി പല വേദവിപരീതങ്ങൾ ഉളവായിരിക്കുന്നത് എല്ലാവരുടെയും അറിവിൽ പ്രത്യക്ഷമായിട്ടുണ്ടല്ലോ. ഇതിനെക്കുറിച്ച് ഒക്കെയും വിചാരിക്കുമ്പോൾ രാപകൽ വ്യസനവും ദുഃഖവും അധികരിച്ചിരിക്കുന്നു. കഴിഞ്ഞ സംവത്സരം ഈ സിമ്മനാരിയിൽ കൂടപ്പെട്ട സമൂഹത്തിൽ ഈ വ്യസനങ്ങൾ ഒക്കെയും പ്രസ്താവിച്ചാറെ സിമ്മനാരിയിൽ എത്രയുംവേഗത്തിൽ സുറിയാനി, ഇംഗ്ലീഷ്, മലയാളം മുതലായ പഠിത്തം തുടങ്ങണമെന്നും അതിന് വേണ്ടുന്ന വലിയ ചെലവുകൾ ചെയ്യുന്നതിന് ഇപ്പോൾ സിമ്മനാരിയിൽ നിർവാഹം ഇല്ലായ്ക കൊണ്ട് പിടിഅരിയും പള്ളികളിലെ വരവുകളിൽ നൂറ്റുക്ക് അഞ്ച് വീതവും നമ്മുടെ സകല ഭവനങ്ങളെയും ഏഴ് ക്ലാസ്സായിട്ട് തിരിച്ച് 1-ാം ക്ലാസ്സിന് 5 രൂപയും 2-ാം ക്ലാസ്സിന് 3 രൂപയും 3-ാ ക്ലാസ്സിന് 2 രൂപയും 4-ാം ക്ലാസ്സിന് 1 രൂപയും 5-ാം ക്ലാസ്സിന് 1/2 രൂപയും 6-ാം ക്ലാസ്സിന് 1/4 രൂപായും 7-ാം ക്ലാസ്സിന് 1/8 രൂപായും (അരക്കാൽ) വീതം പിരിച്ച് പഠിത്തം മുതലായത് നടത്തണമെന്ന് സമൂഹത്തിൽ നിശ്ചയിക്കപ്പെട്ടു.

പ്രിയമുള്ളവരേ, നാം ജഡത്തിനടുത്ത ഓരോ കാര്യങ്ങൾക്ക് എത്രയോ ദ്രവ്യചിലവും അധ്വാനവും ചെയ്തു വരുന്നുണ്ട്. ദൈവികത്തിനും ലൗകികത്വത്തിനും ഉതകുന്നതായ ഈ വലിയ നിധിയെ നമ്മുടെ കുഞ്ഞു

ങ്ങൾക്ക് നാം സമ്പാദിച്ചു കൊടുക്കാഞ്ഞാൽ വിദ്വാന്മാർ പറയുന്ന പ്രകാരം നാം അവരുടെ വൈരികൾ ആകും. അത്രമാത്രമല്ല, അവർ അറിവില്ലായ്മകൊണ്ട് ചെയ്യുന്ന അകൃത്യങ്ങൾക്ക് നാം ഓഹരിക്കാരുമാകുന്നു. ഏലി എന്ന മേല്പട്ടക്കാരൻ തന്റെ മക്കളെ ക്രമമായി പഠിപ്പിക്കായ്കകൊണ്ട് തനിക്കും തന്റെ കുടുംബത്തിനും ഇസ്രായേൽ സഭക്കും ഉണ്ടായ അനർത്ഥവും ലജ്ജയും എല്ലാവരും അറിഞ്ഞിട്ടുണ്ടല്ലോ. സൂര്യൻ സൃഷ്ടികൾക്ക് ഏതുപ്രകാരം ഇരിക്കുന്നുവോ അപ്രകാരം പഠിത്തം മനുഷ്യന്റെ ആത്മാവിന് പ്രകാശമാകുന്നു[40] എന്നും ബുദ്ധിമാൻ തന്റെ പുത്രന് പഠിത്തമാകുന്ന നിക്ഷേപത്തെ സമ്പാദിക്കുന്നു എന്നും അതില്ലാത്തവൻ കുരുടനേക്കാൾ അധമനാകുന്നു എന്നും മാർ അപ്രേം മല്പാൻ നമ്മെ ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ. സകല ജാതികളും അറിവിൽ പ്രകാശിച്ച് വരുന്ന ഈ കാലത്ത് നമ്മുടെ ഇടയിലുള്ള അറിവു കുറവിനെക്കുറിച്ചുള്ള ദുഃഖത്തെ എങ്ങനെ കാണിക്കേണ്ടു? എന്റെ ജനത്തിന് അറിവില്ലാ എന്ന് പറഞ്ഞ് ദുഃഖിക്കുന്ന ഏശായോടുകൂടെ ദുഃഖിക്കയോ? ഇസ്രായേലിന്റെ അറിവില്ലായ്മയെക്കുറിച്ച് ... അർത്ഥത്തെ ഓർത്ത് പ്രലപിച്ച എറമിയായോടു കൂടെ പ്രലപിക്കയോ? എന്ത് ചെയ്യേണ്ടു? സ്നേഹിക്കപ്പെട്ടവരേ, ഇസ്രായേലിന്റെ ശൈശവത്തിൽ കൂടാരം പണിക്ക് ആരംഭിച്ചപ്പോൾ അവർക്കുണ്ടായിരുന്ന വൈരാഗ്യവും ഓർപ്പിൻ. പൊന്ന്, വെള്ളി, രത്നം, മുതലായവകളാൽ പണിയപ്പെട്ട കൂടാരത്തിന്റെ പണി തീർന്നു. ഇനി കൊണ്ടുവരേണ്ടാ എന്ന് വിരോധിക്കുന്നതുവരെ, അടിമയിൽ ദരിദ്രപ്പെട്ട് കിടന്ന ജനങ്ങൾ പൊന്ന്, വെള്ളി, രത്നങ്ങൾ സമൃദ്ധിയായി കൊണ്ടുവന്നു. ശ്ലീഹന്മാരുടെ കാലത്ത് വസ്തുക്കൾ ഉണ്ടായിരുന്ന പലരും അവകളെ വിറ്റ് പൊതുപ്രയോജനത്തിനായി ശ്ലീഹന്മാരുടെ അടുക്കൽ കൊണ്ടുവന്നേല്പിച്ചിരുന്നു. ഇപ്പോൾ അന്യമതക്കാർക്ക് അനേകം കൊവേന്തകളും പഠിത്തവീടുകളും ഉള്ളത് ജനങ്ങളുടെ ഔദാര്യമേറിയ ദാനത്താൽ എത്ര വെടിപ്പായും സമൃദ്ധമായും നടന്ന് വരുന്നതിനെ നാം കാണുന്നു. ഓരോരുത്തർക്ക് ഭാരമില്ലാത്തതായ ഈ വരവുകൾ ഒന്നിച്ചു കൂടുമ്പോൾ എത്രയോ പ്രയോജനത്തിനും നന്മകളുടെ വർദ്ധനയ്ക്കും ഇടയായിത്തീരുമെന്നും പറഞ്ഞൊപ്പിക്കാവുന്നതല്ല. വിധവയുടെ എണ്ണയും മാവും ഏലിയാ നിവിയായ്ക്ക് ചെയ്ത ദാനത്താൽ വർദ്ധിച്ചതും, 'നിങ്ങൾക്കുള്ളതിനെ ധർമ്മം കൊടുപ്പിൻ ശേഷമുള്ളത് ശുദ്ധമായിരിക്കും' എന്ന് കർത്താവ് അരുളിചെയ്തിരിക്കുന്നതും, അതുപോലെ കൊടുക്കുന്ന ജാതികൾക്ക് വർദ്ധനവും നന്മയ്ക്ക് ചെലവ് ചെയ്യാതിരിക്കുന്നവർക്ക് കെട്ടിനില്ക്കുന്ന ജലം പോലെ ദുർവ്യയങ്ങൾക്ക് ഇടവരുന്നതും നാം നാൾക്കുനാൾ കണ്ടുവരുന്നു. പൗലൂസ് ശ്ലീഹായും ഊർശ്ലേമിലെ സഭയ്ക്കുവേണ്ടി ധർമ്മശേഖരം എടുപ്പിച്ചതും ഞായറാഴ്ച തോറും എടുക്കണമെന്ന് കല്പിച്ചതും 1 കോരി. 16-ന്റെ ഒന്നും രണ്ടും വാക്യ

ങ്ങളിൽ നാം വായിക്കുന്നു. ലൂക്കോസ് 16-ാം അദ്ധ്യായത്തിൽ അരുളി ചെയ്ത ഒരു ഉപമയിൽ ഈ ലോകത്തിൽ നിന്നും പോകുന്നതിന് മുമ്പേ ഇതിലെ ആദായം കൊണ്ട് സ്നേഹിതന്മാരെ നേടണമെന്ന് കല്പിച്ചിരിക്കുന്ന വലിയ ഉപദേശം നമുക്കുണ്ടല്ലോ. ഈ ആയുസ്സ് വിതക്കാലമാകുന്നു. ഇതിൽ ഔദാര്യത്തോടെ വിതക്കുന്നവൻ ഔദാര്യത്താലെ കൊയ്യുമെന്ന് തിരുവചനവും ഉണ്ടല്ലോ. അതിനാൽ പ്രിയപ്പെട്ടവരേ, നിങ്ങൾ ദൈവിക വൈരാഗ്യത്തോടും റൂഹാക്കുദിശായ്ക്കടുത്ത ഉപവിയോടും, മൂശയുടെ കാലത്തെ ഇസ്രായേലിനെ പോലെയും ആദ്യ ക്രിസ്ത്യാനികളെപ്പോലെയും ഭക്തിവൈരാഗ്യത്താൽ ഉണരപ്പെട്ട്, നമ്മുടെ സഭയുടെ വീഴ്ചയും ബലഹീനതയും ഓർത്ത്, ഏറമിയായുടെ ആത്മാവുള്ളവരായി, അതിന്റെ എഴുന്നേല്പിനും ഉയർച്ചക്കും വേണ്ടി കണ്ണുനീരോടെ നമ്മോടു കൂടെ പ്രാർത്ഥിപ്പിൻ. ഈ കല്പന കണ്ടാൽ ഉടനെതന്നെ പിടി അരി എന്ന ധർമ്മശേഖരം പിരിക്കുന്നതിനുള്ള വഴികളെയും ആളുകളെയും ഏർപ്പെടുത്തി എത്രയുംവേഗത്തിൽ പിരിച്ച് സിമ്മനാരിയിൽ എത്തിക്കുന്നതിന് ജാഗ്രതയുള്ളവർ ആയിരിപ്പിൻ. ഈ പ്രവൃത്തിയുടെ വലുപ്പത്തെയും അതിനുള്ള പ്രതിഫലത്തെയും നിങ്ങൾ നല്ലവണ്ണം വിചാരിച്ച് നോക്കണം. ദരിദ്രന്മാർക്ക് ചെയ്യുന്ന ധർമ്മം മശിഹാതമ്പുരാന് ചെയ്യുന്നതായി താൻ ഏറ്റുപറകയും വലിയ പ്രതിപകരം നൽകയും ചെയ്യുമല്ലോ. അങ്ങനെ ഇരിക്കെ, അറിവിലും ആത്മാവിലും ദരിദ്രന്മാർ ആയിരിക്കുന്ന ശുദ്ധമാന പള്ളിയുടെ മക്കൾക്ക്, അറിവും ജ്ഞാനവും വർദ്ധിപ്പിച്ച്, സഭയെ നിലനിർത്തുവാൻ ത്രാണിയാക്കുന്ന കാര്യത്തിന് ചെയ്യുന്ന ധർമ്മശേഖരങ്ങൾ ദൈവത്തിന് എത്ര തിരുവുള്ളമായിരിക്കുമെന്നും എത്രമേൽ പ്രതിഫലം ലഭിക്കുമെന്നും ആർക്ക് പറഞ്ഞൊപ്പിക്കുവാൻ കഴിയും? ഈ സൽക്രിയക്ക് നാം മടിയുള്ളവരാകാതെ സകല നന്മയുടെയും ഉറവയായ ഈ കാര്യത്തെ നിവർത്തിപ്പാൻ ആത്മാവിൽ തിളയ്ക്കുന്നവരായി വേഗത്തിൽ പിടിഅരി പിരിച്ച് മാസം തോറും കോട്ടയത്ത് സിമ്മനാരിയിൽ എത്തിച്ചുകൊള്ളണം. ആരെങ്കിലും ഇതിനു പ്രതികൂലമായി നില്ക്കുകയോ തർക്കിക്കുകയോ പിറുപിറുക്കുകയോ ചെയ്യുമെങ്കിൽ അവർ മശിഹായുടെ സഭയുടെ വൈരി ആകുന്നു. ആയവനെ പള്ളിക്കുറ്റത്തിൽ നിർത്തുകയും വേണം.[40A]

ദൈവമായ കർത്താവ് സകലത്തിലും നിങ്ങളെ അനുഗ്രഹിച്ച് നിങ്ങളുടെ ധർമ്മശേഖരങ്ങളെയും കൈക്കൊണ്ട് നിങ്ങൾക്കുള്ള സകലത്തെയും വാഴ്ത്തി അനേക ഇരട്ടികളായി വർദ്ധിപ്പിച്ച് ... വലത്തേതിനടുത്ത മക്കളും ആകാശമോക്ഷത്തിന് അവകാശികളും അഴിവില്ലാത്ത മോക്ഷത്തിൽ നീതിമാന്മാരോടു കൂടെ അവകാശികളും നിത്യജീവനിൽ പരമാനന്ദപ്പെടുന്നവരും ആക്കിത്തീർക്കുമാറാകട്ടെ. ആമ്മീൻ.

എന്ന് 1886-ന് കൊല്ലം 1062 കന്നിമാസം 9-ാം തീയ്യതി
കോട്ടയത്ത് സിമ്മനാരിയിൽ നിന്നും

(അടിയിൽ കൈയെഴുത്തായി സ്വന്തം കൈപ്പടയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു - എഡിറ്റർ)

കർത്താവിന്റെ പട്ടക്കാരും അനുഗ്രഹിക്കപ്പെട്ട പ്രമാണികളുമേ, എല്ലായ്പ്പോഴും നമ്മുടെ സഭയുടെ പഠിത്തത്തിനും എഴുന്നേല്പിനും വേണ്ടിയുള്ള പിടിയരി പിരിവിൽ ഒട്ടും നിങ്ങൾ മൗനത വിചാരിക്കരുത്. ഒരു വിശ്വസ്തനെ നിശ്ചയിച്ച് പിരിപ്പിക്കണം. ഈ പിരിവിനായി പള്ളിയിൽ നിന്നും ഭവനംതോറും ഓരോ കുടം കൊടുത്ത് നടത്തിക്കണം. സഭയ്ക്കു വേണ്ടി ഓരോ ഇടവകയിൽ ഉള്ള പട്ടക്കാരുടെയും പ്രമാണികളുടെയും അധ്വാനത്തെയും വൈരാഗ്യത്തെയും പ്രസിദ്ധമായി അറിയാനുള്ളതിൽ വച്ചാകുന്നു. ... എത്ര ദരിദ്രന്മാർ ആയാലും സഭയ്ക്കു വേണ്ടി കൊടുക്കുന്ന പിടിനെല്ല് കൊണ്ട് ആണ്ടിനാൽ ആളൊന്നുക്ക് 1 പറ നെല്ല് മുതൽ എടുപ്പുണ്ടായി കാണുന്നു എങ്കിൽ നമ്മൾ എത്ര അധികമെന്ന് ഉള്ളതിനെ നമ്മൾ വിചാരിക്കണം. (ഒപ്പ്).

## 17

## ദൈവകൃപയാൽ ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ആത്മിക പുത്രനാകുന്ന മാത്തൻ മല്പാന് വാഴ്വ്,

ചൂരുലിയുടെ പുലകുളി അടിയന്തിരം തന്റെ ആഗ്രഹപ്രകാരം നിറവേറി എന്നുള്ള വിവരത്തിനും മറ്റും ഈ മാസം 22-ാം തീയ്യതി അയച്ചതായ എഴുത്ത് കിട്ടി വിവരങ്ങൾ അറിഞ്ഞ് സന്തോഷിക്കുന്നു.

അവിടേക്ക് അയക്കാനുള്ള കല്പന ഏതുപ്രകാരം വേണമെന്ന് ആലോചിക്കുന്നുവോ അത് പ്രകാരം പകർപ്പ് അയച്ചാൽ ഇവിടെനിന്ന് ഒപ്പ് മുതലായത് വച്ച് അയച്ചുകൊള്ളാം. നമ്മുടെ ഇട്ടൻപിള്ളയുടെ ഒരു എഴുത്ത് ഈയിടെ ഒരു ശുദ്രന്റെ പക്കൽ അയച്ചിരുന്നത് ഇവിടെ കൊണ്ടു വന്നു തന്നു എങ്കിലും പേഷ്ക്കാർ അവർകൾ ഇവിടെ ഇല്ലാത്തതിനാൽ എഴുത്തിലെ താല്പര്യപ്രകാരം ചെന്ന് പറവാനോ ഒന്നിനും കഴിഞ്ഞില്ല. ഈ വിവരം ശൂദ്രനും പരബോധപ്പെട്ടാണ് പോയിരിക്കുന്നത്. പേഷ്ക്കാർ ഇവിടെ വരുമ്പോൾ എഴുത്തിലെ താല്പര്യപ്രകാരം നാം പ്രവർത്തിച്ചു കൊള്ളുകയും ചെയ്യാം. മെത്രാച്ചന്റെ നമ്പ്ര് വിചാരണ ഇന്നലെ ആയിരുന്നു. മെത്രാച്ചന് നല്ല സുഖം ഇല്ലായ്കയാൽ നമ്പ്ര് 15-ാം തീയ്യതിക്കായി മാറ്റിവച്ചിരിക്കുന്നു. വാദി നമ്പൂരി മുതൽ പേരുകൾ വളരെ ഘോഷിച്ചാണ്

നടക്കുന്നത്. അവരുടെ ഘോഷം പോലെ ഒന്നും വരുന്നതല്ലെന്നാണ് നമ്മുടെ വിശ്വാസം.

നമുക്ക് തെക്കോട്ട് പോകുവാനും മറ്റും അടിയന്തിരങ്ങൾ ഉണ്ടായിരുന്നു എങ്കിലും മെത്രാച്ചന്റെ നമ്പ്ര് കാര്യത്തെക്കുറിച്ച് കണ്ടു പോകുവാൻ പാടില്ലാത്ത സ്ഥിതിയിൽ നാം ആയിത്തീർന്നിരിക്കുന്നു. കൂട്ടം[42] ഉടനെ കൂടണമെന്നാണ് താല്പര്യം ഉള്ളത്. നമ്മുടെ കടവിലെ മെത്രാച്ചന്റെ സമ്മതം എങ്ങനെ എന്നറിഞ്ഞ് പള്ളികൾക്ക് കല്പന അയപ്പാൻ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ മെത്രാച്ചൻ ഇവിടെ എത്തുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ പേർക്ക് ഇവിടെ നിന്നും എഴുതി അയക്കുന്നുണ്ട്. അദ്ദേഹം വരുമോ ഇല്ലയോ എന്ന് അറിയുന്നില്ല. അദ്ദേഹം വളരെ മുഷിഞ്ഞും കോപിച്ചും ഇരിപ്പാണെന്ന് തന്റെ എഴുത്തിൽ പറഞ്ഞതിൻ വണ്ണം പലരും പറഞ്ഞ് കേൾക്കുന്നുണ്ട്. ഇത്ര വളരെ മുഷിപ്പാനും കോപിപ്പാനും കാരണം നാം കാണുന്നില്ല. അല്ലാതെ അനാവശ്യമായി മുഷിയുകയോ കോപിക്കുകയോ ചെയ്യുന്നതിന് പരിഹാരം ചെയ്‌വാൻ നമ്മളാൽ പ്രയാസമാണല്ലോ. വഴക്കുണ്ടാക്കണമെന്ന് കല്പിച്ചു കൂട്ടി ഇറങ്ങിയിരിക്കുന്നതായിട്ടാണ് നമുക്ക് തോന്നുന്നത്. അല്ലാ ഞാൻ വല്ലതും പ്രവർത്തിച്ചിട്ടാണെങ്കിൽ അദ്ദേഹം പറയട്ടെ. നാം സമ്മതിച്ചുകൊള്ളാം. ഇങ്ങനെ കുഴപ്പം ഉണ്ടാക്കിയേ മതിയാകൂ എന്ന് ഇപ്പോൾ തൽക്കാലം അല്ലാ ചിങ്ങേപറത്തെ പള്ളിക്ക് എതിരായി അങ്ങേപ്പറമ്പിൽ ഒരു പള്ളി വയ്പാൻ ചിങ്ങേപ്പറത്തെ കത്തനാർക്ക് അദ്ദേഹം അനുവാദം കൊടുത്തപ്പോൾ തൊട്ട് തുടങ്ങിയിരിക്കുന്നു. ഈ സമയം നാം തിരുവനന്തപുരത്തായിരുന്നു. ഇങ്ങനെ അനുവാദം കൊടുത്തു എന്ന് നാം കേട്ടപ്പോൾ ചെറിയ മഠത്തിൽ കത്തനാർ അദ്ദേഹത്തെ വഞ്ചിച്ചതാണെന്നാണ് നമ്മുടെ പരമാർത്ഥതയിൽ തോന്നിപ്പോയത്. അപ്പോൾ ആ വിവരത്തിന് അദ്ദേഹത്തിന്റെ പേർക്ക് വ്യസനമായി എഴുതി അയക്കയും ചെയ്തു. എഴുത്തിൽ പൊതുക്കാര്യങ്ങളുടെ ആലോചനയ്ക്ക് ചെറിയമഠത്തിൽ കത്തനാരുടെ ആലോചന കൊള്ളുന്നതല്ലെന്നും മറ്റും നമ്മുടെ പരമാർത്ഥതയിൽ പ്രസ്താവിച്ചിട്ടും ഉണ്ടായിരുന്നു. പിന്നെ റോയൽ വിധിക്കത്ര കണക്കായിട്ടല്ലെന്നും മറ്റും അദ്ദേഹം പലരോടും പുച്ഛമായി സംസാരിക്കയും പറകയും ചെയ്യുന്നതായി കേട്ടു തുടങ്ങി എന്നല്ല ഒന്നു രണ്ടു പ്രാവശ്യം വിധിയിൽ പാത്രിയർക്കീസ് ബാവായുടെ അധികാരന്യൂനതയെക്കുറിച്ച് സ്ലീബാ ശെമ്മാശൻ വേണ്ടുംവണ്ണം ഗ്രഹിക്കാത്തതിനാൽ ഒന്നു രണ്ടു തവണ കുറെ ശാസന പോലെ അദ്ദേഹം പറഞ്ഞതായി കേട്ടു. റോയൽ വിധിയെക്കുറിച്ച് നമ്മുടെ കക്ഷിയിൽ ഉള്ള എല്ലാവരും സ്തുതിച്ച് സന്തോഷിച്ചു വരുന്നു. ഇദ്ദേഹത്തിന് അത്ര തൃപ്തിയായി കാണുന്നില്ലല്ലോ.[42A] എന്തേ ഇങ്ങനെ എന്ന് ചഞ്ചലപ്പെടുകയും ചിലപ്പോളത് അദ്ദേഹത്തിന്റെ

മനസ്സിനുള്ള ഇടിവ് അല്ലയോ എന്ന് വിചാരിച്ച് തുടങ്ങി ഇതാ ഇപ്പോൾ ഇച്ഛ ഗർഭം ധരിച്ച് പാപത്തെ പ്രസവിച്ചു എന്ന് പറയുംപ്രകാരം ആയി ത്തീർന്നിരിക്കുന്നു. ഇങ്ങനെയുള്ള വിചാരത്തിനും പുറപ്പാടിനും നാമെന്ത് ചെയ്യേണ്ടൂ എന്ന് അറിയുന്നില്ല. ഇതേ വരെ യുദ്ധം പുറമേ ആയിരുന്നു. ഇപ്പോൾ അകത്തും വേണമെന്ന് കല്പിച്ചു കൂട്ടി തുടങ്ങിയാൽ നാം എന്ത് ചെയ്യും? ദൈവം കല്പിച്ച് നിശ്ചയിക്കുന്നപ്രകാരം ഒക്കെയും സംഭവിക്കും. നാം ചെയ്‌വാനും പറവാനും കടപ്പെട്ടിരിക്കുന്നതും അതിലധികവും ചെയ്യു ന്നതിനും പറയുന്നതിനും ഒരുങ്ങിയിരിക്കുന്നു. ദൈവം തന്നെ അദ്ദേഹ ത്തിന് നല്ല മനസ് കൊടുത്ത് സഹായിക്കുമാറാകട്ടെ.

വിശേഷിച്ച് നമ്മുടെ അൽവാറീസ് മെത്രാച്ചന്റെ ഒരു എഴുത്ത് ഇന്നലെ നമുക്ക് കിട്ടിയതിൽ അദ്ദേഹം വളരെ സൗഖ്യത്തോടെ ഇരിക്കുന്നു എന്നും കലിയാമ്പൂര് ഒരു പള്ളിക്കേസുണ്ടായിരുന്നത് അദ്ദേഹത്തിന് ഗുണമായി വിധി കിട്ടിയിരിക്കുന്നു എന്നും ഇപ്പോൾ അമേരിക്കയിൽ നിന്ന് മൂപ്പൻ പാദ്രി മെത്രാൻസ്ഥാനം നമ്മിൽ നിന്ന് കൈക്കൊള്ളുവാനായി അദ്ദേഹം വരുന്നു എന്നും ഈ വരുന്ന ആൾ വളരെ യോഗ്യനും വിശ്വസ്തനും ...[44] മാത്രമല്ല വളരെ ജനസ്വാധീനം ഉള്ള ആളാണെന്നും റോമ്മാ കത്തോലി ക്കാക്കാരൻ ആകുന്നു എന്നും മറ്റും വലിയ മഹത്വമായി ഒക്കെയും പറ ഞ്ഞിരിക്കുന്നു. എന്നല്ലാ അൽവാറിയോസ് മെത്രാച്ചനാൽ ഉണ്ടാക്കപ്പെട്ട തായി റോമ്മാസഭയുടെ തെറ്റിനെ വെളിപ്പെടുത്തി അച്ചടിപ്പിച്ചിരിക്കുന്ന കുറെ പുസ്തകങ്ങളും അദ്ദേഹം അയച്ചിട്ടുണ്ട്. പോർത്തുഗീസ് ഭാഷ യിൽ ആക കൊണ്ട് വായിപ്പാൻ പ്രയാസമെങ്കിലും കൊച്ചിയിൽ നിന്നും പരിഭാഷപ്പെടുത്തി അയപ്പാൻ നമ്മുടെ കൊച്ചുകുഞ്ഞിന്റെ പേർക്ക് ഒന്ന് അയച്ചിട്ടുമുണ്ട്. ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

67 ചിങ്ങം 27-ന്
സിമ്മനാരിയിൽ നിന്നും ഒപ്പ്

## 18

## ദൈവകൃപയാൽ ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ആത്മിക പുത്രനായിരിക്കുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്‌വ്.

ഈ മാസം 26-ാം തീയ്യതി അയച്ചതായ എഴുത്ത് കിട്ടി വിവരങ്ങൾ അറിയുകയും ചെയ്തു. നാം തൽക്കാലമുണ്ടായ അടിയന്തിരം നിമിത്തം

കഴിഞ്ഞ ആഴ്ചയിൽ ഇവിടെ എത്തിയിരിക്കുന്നു. ഇവിടെ വന്നിട്ടുള്ള കാര്യം തീർച്ചപ്പെട്ടതിനാൽ ഇന്ന് തന്നെ കോട്ടയത്തേക്ക് പോകയും ചെയ്യുന്നുണ്ട്. ഗവർണർ സായിപ്പിന്റെ ഈ വരവിൽ നമ്മളുടെ ശക്തിക്ക് തക്കവണ്ണം എതിരേല്പാനും നമ്മുടെ ഭാഗത്ത് എത്ര ശെമ്മാശന്മാരുണ്ടോ അവരെ ഒക്കെയും എന്നല്ലാ പട്ടത്തിന് പഠിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവരെക്കൂടെ കൊണ്ടുവന്ന് കുപ്പായം ഇടുവിച്ച് എണ്ണം കാണിപ്പാനും അത്യാവശ്യമായിരിക്കുന്ന ഈ സന്ദർഭത്തിൽ മല്പാൻ വന്നു ചേരാതെ ഇരുന്നാൽ ഉണ്ടാവുന്ന വീഴ്ച എത്ര എന്നും എഴുത്തിൽ നാം പറഞ്ഞ് അറിയണമെന്നില്ലല്ലോ. മറുകക്ഷികൾ അവരുടെ ഭാഗത്തുള്ള പട്ടക്കാരെയും ശെമ്മാശന്മാരെയും കൂട്ടി ഗവർണർ സായ്പിനെ കാണിപ്പാൻ അവരാൽ കഴിയുന്ന ഉത്സാഹങ്ങൾ ഒക്കെയും ചെയ്യുന്നു. പാലക്കുന്നനും ചെറിയപള്ളിയിൽ വന്നിരിക്കുന്നു. ഇരു കക്ഷികളുടെ കൂട്ടവും ശക്തിയും കാണിക്കേണ്ട ഈ സമയത്തിൽ മൗനമായിരിക്കുന്നതിൽപ്പരം കഷ്ടവും വ്യസനവും മറ്റൊന്നുമില്ലല്ലോ എന്ന് മാത്രവുമല്ല, വട്ടിപ്പണത്തിന്റെ പലിശ കിട്ടുവാനായി നാം ബോധിപ്പിച്ച ഹർജി റസിഡണ്ട് സായിപ്പ് വിചാരം കഴിച്ച് ഗവർണർ സായ്പിന്റെ അനുവാദത്തിനായി എഴുതി അയച്ചിരിക്കുന്ന സന്ദർഭത്തിലാണ് സായ്പ് അവർകളുടെ വരവ്. നമ്മുടെ വിദ്യാർത്ഥികളായ ശെമ്മാശന്മാരുടെ തുകയും പട്ടക്കാരുടെ എണ്ണവും പ്രമാണികളുടെ ബഹുകൂട്ടവും നമ്മുടെ എതിരേല്പു കണ്ട് സന്തോഷിപ്പാൻ സംഗതി വന്നാൽ ഉടൻ വട്ടിപ്പണത്തിന്റെ അനുവാദം കിട്ടുന്നതാകുന്നു.[45] ഇതും കൂടാതെ സിമ്മനാരിക്ക് പണയം തന്ന് പണം വാങ്ങിച്ചിരിക്കുന്ന ഒന്നു രണ്ടു പുള്ളികൾ അവരുടെ പണം തന്ന് ആധാരവും ഒഴിമുറിയും വാങ്ങുവാൻ തയാറായിരിക്കുന്നതും ഗവർണർ സായിപ്പിന്റെ വരവിൽ മല്പാൻ വരുന്നതാക കൊണ്ട് അപ്പോൾ പണം വാങ്ങി ഒഴിവുമുറി തന്നുകൊള്ളാമെന്ന് പ്രത്യേകം പറഞ്ഞ് നിർത്തിയിരിക്കുന്നതിനാൽ മല്പാൻ മുമ്പുകൂട്ടി എത്തി ഈ ആവശ്യവും നടത്തികൊടുപ്പാനും അടിയന്തിരമാണ്. ഗവർണർ സായ്പ് സിമ്മനാരിയിൽ കേറി ഇറങ്ങുന്ന സമയം തന്നെ മല്പാന് വടക്കോട്ടേക്കും പോകാം. 15-ാം തീയതി പകലേ പാമ്പാക്കുട എത്തുകയും ചെയ്യാം. 16-ാം തീയ്യതി എല്ലാ ആണ്ടിലും വരുമല്ലോ. ഗവർണർ സായിപ്പിന്റെ വരവ് കോട്ടയം ഉണ്ടായ മുതൽ ഇന്നേ വരെ ഉണ്ടായിട്ടില്ലാത്ത ഒരു പുതിയ വരവും. തക്കപ്രകാരം കൈക്കൊള്ളേണ്ടത് മുറയും അതിൽ വച്ചുണ്ടാവുന്ന നല്ല അഭിപ്രായത്തിന്റെ ഫലമായി നമ്മുടെ സമുദായത്തിന് അല്പമല്ലാത്തതും ആക കൊണ്ട് എന്തെല്ലാം മറ്റ് ബദ്ധപ്പാടുകൾ ഒക്കെ ഉണ്ടായിരുന്നാലും ആയതൊക്കെയും ഒഴിച്ചുവച്ച് അവിടത്തെ കീഴിലുള്ള നമ്മുടെ ശെമ്മാശന്മാർ എല്ലാവരെയും കഴിയുന്നേടത്തോളം പട്ടക്കാരെയും സാമാനങ്ങളോടുകൂടി പള്ളിക്കാരെയും പുറപ്പെടുവിച്ച് കാലേകൂട്ടി മല്പാൻ വന്നുചേരുകയും

വേണം. മറു കക്ഷികൾ അന്വേഷിച്ചാൽ കൊടയും കൊടിയും കിട്ടുമെങ്കിലും വെള്ളിക്കുരിശ്, അരുളിക്കാ മുതലായ സാമാനങ്ങൾ നമ്മളെപ്പോലെ കിട്ടുവാൻ പ്രയാസമാണ്. അവരേക്കായിൽ വിശേഷമായി ഈ ഒരു സാമാനമേ നമുക്ക് അധികം ഉണ്ടാകയുള്ളു. അതിനാൽ അവിടുത്തെ വെള്ളിക്കുരിശും അരുളിക്കായും വെള്ളി മെഴുകുതിരിക്കാലുകളും മറ്റുള്ള സാമാനങ്ങളും കൊണ്ടുവരുന്നത് കൂടാതെ മറ്റുള്ള പള്ളിക്കാരും സാമാനങ്ങളോടുകൂടെ വന്നുചേരുവാൻ പ്രത്യേകം ശട്ടം കെട്ടുകയും വേണം. 14–ാം തീയ്യതി വടക്കോട്ടേക്ക് പോകാം. ഭേദം വരുത്തുന്നതല്ല. 16–ാം തീയ്യതി അടിയന്തിരത്തിന്റെ അന്വേഷണത്തിനായി നമ്മുടെ ഇട്ടൻപിള്ള നിന്നുകൊള്ളട്ടെ. ഈ കാര്യത്തിൽ ഒട്ടും ഉപേക്ഷ വിചാരിക്കരുത്. ഒന്നോ രണ്ടോ മദ(സ)നപ്സാ തുന്നിച്ച് കൊണ്ടുപോരുന്നതിന് പ്രത്യേകം വിചാരിക്കണം.

ശേഷം കണ്ടു പറയാമെന്ന് വിചാരിച്ച് ചുരുക്കുന്നു.

68 കന്നി 3–ാം തീയതി
തിരുവനന്തപുരത്തു നിന്ന് ഒപ്പ്

## 19

'മാർ ദീവന്നാസ്യോസ് സിമ്മനാരി' വകയ്ക്ക് കോട്ടയം മുതൽ വടക്കോട്ടുള്ള സ്ഥലങ്ങളിൽ സഞ്ചരിച്ച് ദ്രവ്യശേഖരം ചെയ്തു കമ്മട്ടിക്കാരെ ഏല്പിക്കാനായി കുറ്റിക്കാട്ട് പൗലോസ് ശെമ്മാശ്,[46] ചെങ്ങന്നൂർ തോമ്മാ ശെമ്മാശ് ഇവരെ നിയമിച്ച് അയച്ചിരിക്കുന്നു.

എന്ന് ടി. സിമ്മനാരിക്കമ്മെറ്റി പ്രസിഡണ്ട്

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

(ഇടവകപത്രിക, 1892 ധനു. പുസ്തകം 1, ലക്കം 12)

## 20

കോട്ടയത്ത് സിമ്മനാരിയിൽ മാർതോമസ്[47] അച്ചുകൂട്ടം മാനേജർ ആയി കോട്ടയത്ത് പുകടിയൽ ജോസഫ് ഇട്ടൂപ്പിനെ 1068 ധനു മാസം 1–ാം തീയ്യതി മുതൽ നിയമിച്ചിരിക്കുന്നതിനാൽ അച്ചടിസംബന്ധമായുള്ള എഴുത്തുകളും ഇടവകപത്രികയുടെ പത്ര വിലയും ടി ജോസഫ് ഇട്ടൂപ്പിന്[48] അയച്ചുകൊള്ളുകയും വേണം.

എന്ന് മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

1068 ധനുമാസം 1–ന്

(ഇടവകപത്രിക 1892 ധനു, പു. 1, ല. 12)

## 21

ഈയാണ്ട് വൃശ്ചികമാസം 13–ാം തീയ്യതിയിൽ കോട്ടയത്തു സിമ്മനാരിയിൽ കൂടിയ അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റിയുടെ നിശ്ചയപ്രകാരം വരുന്ന മകരമാസം മുതൽ തിരുനക്കരയുള്ള പുത്തൻ സിമ്മനാരിയിൽ[49] ഇംഗ്ലീഷ് പഠിത്തം ആരംഭിക്കണമെന്നും അതിന്റെ ചിലവിലേക്കായി ഈയാണ്ട് പള്ളികളിൽ നിന്ന് ഒരു പിരിവ് എടുക്കണമെന്നും ഉറച്ചിരിക്കുന്നതിനാൽ പിരിവിനുള്ള കല്പനകൾ പള്ളികൾക്ക് അയച്ചിരിക്കുന്നതും പള്ളിക്കൂടത്തിന്റെ നടത്ത മുതലായതിനെ സംബന്ധിച്ച് ഈ സ്കൂൾ കമ്മട്ടിക്കാരുടെ നിശ്ചയങ്ങളുടെ പകർപ്പ് ഈ ലക്കം പത്രികയിൽ ചേർത്തിട്ടുള്ളതുമാകുന്നു.

അതിനാൽ പള്ളിക്കൂടത്തിന്റെ നടത്തിപ്പിനായി ഓരോരുത്തരെ ദൈവം അനുഗ്രഹിച്ചിരിക്കുന്നപ്രകാരം നല്ല മനസ്സാലെ എല്ലാവരും ദ്രവ്യസഹായം ചെയ്യുമെന്ന് നാം വിശ്വസിക്കുന്നു.

എന്ന് 1068 ധനുമാസം 20–ാം തീയ്യതി

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

(ഇടവകപത്രിക, 1892 ധനു, പു. 1, ലക്കം 12)

## 22

അല്ലയോ മഹാജനങ്ങളെ,

മേൽ ചേർത്തിട്ടുള്ള (കോട്ടയം എം. ഡി. സിമ്മനാരി സ്കൂൾ സ്ഥാപനത്തിന് അതിന്റെ കമ്മിറ്റി സ്വീകരിച്ച നിശ്ചയങ്ങൾ) കമ്മട്ടി നിശ്ചയങ്ങളിൽ നിന്ന് കാണാവുന്നപ്രകാരം സുറിയാനി കുട്ടികളുടെ വിദ്യാഭ്യാസം വകയ്ക്ക് കഴിഞ്ഞു പോയ ഡാറാ സായ്പ് അവർകളുടെ ഔദാര്യത്താൽ മൂന്ന് കൊല്ലം മുമ്പിൽ ഇവിടെ പണി ആരംഭിക്കുകയും അനേകം ബദ്ധപ്പാടുകളുടെ ഇടയിൽ കഴിഞ്ഞ മകരമാസത്തോടു കൂടി ഒരു വിധം തീർക്കുകയും ചെയ്തിട്ടുള്ള കെട്ടിടത്തിൽ മട്രിക്കുലേഷൻ വരെയുള്ള ക്ലാസ്സുകൾ ഏർപ്പെടുത്തി ഉടനെ പഠിത്തം തുടങ്ങുകയും സർക്കാർ സഹായം മുതലായ സ്ഥിരവരവുകൾ കൊണ്ട് പാഠശാല പരാശ്രയം കൂടാതെ നടന്നുപോകുന്ന കാലം വരെ നാലു കൊല്ലത്തിൽ കുറയാതെ നടത്തുകയും ചെയ്യുന്ന വകയ്ക്ക് അയ്യായിരം രൂപയിൽ കുറയാതെയുള്ള ഒരു മുതൽ ഉണ്ടാകണമെന്ന് കണക്കാക്കിയിരിക്കുന്നതും ഇതിലേക്ക് സുറി

യാനി പള്ളികളിൽ നിന്ന് പിരിഞ്ഞ് വരാവുന്ന ആയിരം രൂപാ നീക്കിയുള്ള സംഖ്യ ഉണ്ടാകുവാൻ പരോപകാര നിരതന്മാരും പരിഷ്കാര താല്പര്യന്മാരും സർവപ്രധാനമായ വിദ്യാഭ്യാസത്തിന്റെ കുറവു കൊണ്ട് പലതരം ആപത്തുകളിൽ അകപ്പെട്ട് വലയുന്ന നമ്മുടെ ഈ പ്രാചീന സഭയുടെ അത്യന്ത ദയനീയമായ അവസ്ഥയെക്കുറിച്ച് ഏകദേശ വിചാരമെങ്കിലും ഉള്ളവരുമായ നിങ്ങളുടെ ഔദാര്യമല്ലാതെ മറ്റൊരു മാർഗ്ഗവും ഇല്ലാതെയിരിക്കുന്നതും ആക കൊണ്ട് എല്ലാവരുടേയും സഹായം താഴ്മയായി അപേക്ഷിക്കുന്നു.

സുറിയാനി സഭയിൽ നിന്ന് ഇദംപ്രഥമമായി ഉണ്ടായിരിക്കുന്നതും ഇതിൽ പ്രധാനമായി ഒന്നുണ്ടാകുവാനില്ലാത്തതുമായ ഈ അപേക്ഷ ആരാലും അംഗീകാര്യമാകാതെയിരിക്കയില്ലെന്നും കമ്മട്ടിക്കാർ പൂർണ്ണമായി വിശ്വസിക്കുന്നു.

ഈ മുതലിലേക്ക് മഹാജനങ്ങൾ അവരവരുടെ മനസുപോലെ ദയവായി കൊടുക്കാമെന്ന് നിശ്ചയിക്കുന്ന സംഖ്യകൾ ഇതോടു ചേർത്തിട്ടുള്ള പട്ടികയിൽ പതിച്ച് അയച്ചുകിട്ടുവാൻ കാത്തിരിക്കുന്നു.

തീരെ ചെറിയ സംഖ്യകളും ഉപകാര സ്മരണാപൂർവ്വം കൈപ്പറ്റുന്നതും സൗകര്യംപോലെ കമ്മട്ടിക്കാരിൽ ആരെയെങ്കിലും ഏല്പിച്ചാൽ മതിയാകുന്നതും ആകുന്നു.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (പ്രസിഡണ്ട്)

കോട്ടയം
1068 വൃശ്ചികം 25

(ഇടവകപത്രിക 1892 ധനു, പു. 1, ലക്കം 12)

## 23

നമ്പർ 530

### ദൈവകൃപയാൽ ബലഹീനനായ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

നമ്മുടെ തരീയത് വശം അയച്ചതായ എഴുത്ത് കിട്ടി. വിവരങ്ങൾ അറികയും ചെയ്തു. ഇവിടെ പഠിത്തം തുടങ്ങുന്നത് മകരം 1-ാം തീയ്യതി എന്നുള്ള നിശ്ചയത്തിന്മേൽ ജനങ്ങൾ എല്ലാവരും പിരിഞ്ഞുപോയിരിക്കുന്നു. അതുപ്രകാരം അനുസരിച്ച് തെക്കർ ശെമ്മാശന്മാർ എല്ലാവരും വന്നെത്തുമെങ്കിലും 16-ാം തീയ്യതി വരെ മട്ടയ്ക്കൽ കൊച്ചുകത്തനാർ[50]

തന്നെ പഠിപ്പിച്ചു (വരുന്നുണ്ട്). മല്പാൻ വരാതെ പഠിത്തപൂർത്തി അശേഷവും ഉണ്ടാകുന്നതല്ലാത്തതിനാൽ 16-ാം തീയ്യതിക്ക് അപ്പുറമായി താമസത്തിന് സംഗതി വന്നുപോകയില്ലല്ലോ. മല്പാൻ കൂടാതെ വടക്കൻ ശെമ്മാശന്മാർ വന്നുചേരുന്നെങ്കിൽ വല്ല കുഴപ്പങ്ങളും ശെമ്മാശന്മാർ തമ്മിൽ ഉണ്ടാവാൻ എളുപ്പമാകകൊണ്ട് വടക്കർ ശെമ്മാശന്മാർ ഒരുമിച്ച് വരുവാൻ തക്കവണ്ണം ശട്ടംകെട്ടുന്നത് തന്നെയാണ് ഉത്തമം.[51] നമ്മുടെ കമ്മിറ്റി കുംഭം 22-ന് എന്ന് നിശ്ചയിച്ച് സാധനങ്ങൾ ഒക്കെയും അച്ചടിച്ച് തീർത്തിരിക്കുന്നു. കൂടുന്നതിന് മുമ്പേ നാം തെക്കേ ദിക്കിൽ പള്ളികളിൽ സഞ്ചരിക്കുന്നത് എത്രയും ആവശ്യവും അല്ലാഞ്ഞാൽ കൂട്ടത്തിന് തെക്കർ പള്ളിക്കാർ വന്നുചേരുന്നത് ചുരുക്കമായി പോയേക്കുമെന്നുള്ള വിചാരത്താൽ ആകുന്നു തെക്കേ ദിക്കിലേക്കുള്ള സഞ്ചാരം കൂടുന്നതിന് മുമ്പേ കഴിച്ചുകൂട്ടണമെന്ന് ആലോചിച്ചിരിക്കുന്നത്. നമ്മുടെ സ്കൂൾ പണികൾ ധൃതിയായി നടന്നു വരുന്നു എങ്കിലും പണച്ചുരുക്കത്താൽ വ്യസനിച്ച് മുളന്തുരുത്തി, കണ്ടനാട്, കരിങ്ങാശ്ര പള്ളിക്കര ഇങ്ങനെ നാലഞ്ച് പള്ളിക്കാർക്ക് സഹായത്തിനുവേണ്ടി കല്പനയും കൊടുത്ത് നമ്മുടെ (മനെ) കത്തനാരെ അയച്ചിരിക്കുന്നു.

ഇനി തേപ്പും പട്ടിക തറപ്പും ചുറ്റുമുള്ള വരാന്തയുടെ ഇറകൾ കെട്ടുന്നതും ആണ് ശേഷിച്ചിരിക്കുന്നത്. വിചാരിച്ച് പുറപ്പെട്ടതിൽ 1500 രൂപാ വരെ കൂടുതൽ ചിലവർപ്പുകൾ വന്നിരിക്കുന്നു. എന്ത് ചെയ്യാം. പറഞ്ഞ പ്രകാരം തീർത്ത് കൊടുക്കാഞ്ഞാൽ പോരായ്മ അല്ലയോ എന്നുള്ള വ്യസനത്തിന്മേൽ കുറെ പണം കടം മേടിച്ചും പണികൾ നടത്തി വരുന്നു. എന്നിട്ടും മതിയാകാത്തതിനാൽ ആണ് (മനെ) കത്തനാരെ ഓടിച്ചിരിക്കുന്നത്. ഇന്ന് നാമും വാകത്താനത്തേക്ക് പോകുന്നു. തിങ്കളാഴ്ച മടങ്ങിപ്പോരികയും ചെയ്യും.

ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയച്ചുകൊള്ളാം. ...ക്കുള്ള യാത്രയിൽ ഇരിക്ക കൊണ്ടും കല്ലൂപ്പാറക്കാർക്ക് ഏതാനും കല്പനകൾ യാത്രയ്ക്കു മുമ്പ് കൊടുപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന ബദ്ധപ്പാടുകൾ കൊണ്ടും നമ്മുടെ ഇട്ടൻപിള്ളയുടെ പേർക്ക് പ്രത്യേകം എഴുതി അയക്കാത്തതാകുന്നു എന്നുള്ള വിവരം നമ്മുടെ ഇട്ടൻപിള്ളയോട് പറകയും ചെയ്യുമല്ലോ.

സർവശക്തനായ ദൈവത്തിന്റെ കൃപ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1067 ധനു 28-ാം തീയ്യതി സിമ്മനാരിയിൽ നിന്നും (ഒപ്പ്)

## 24

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നമ്മുടെ വിശുദ്ധ പിതാവും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ അധികാരിയുമാകുന്ന എത്രയും പെരികെ പെരികെ ബഹുമാനപ്പെട്ട മാറാൻ മാർ ഇഗ്നാത്യോസു പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ വണങ്ങിയും കല്പനയിലും ആജ്ഞയിലും സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ വിശ്വാസത്തിലും ഉൾപ്പെട്ടും നടന്നുവരുന്ന മലങ്കര എല്ലാ സുറിയാനി പള്ളികളിൽ വിഗാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

1. നമ്മുടെ യാക്കോബായ സുറിയാനി സഭയുടെ വർദ്ധനയ്ക്കും അതിലെ ശെമ്മാശന്മാരുടെ പഠിത്വത്തിന്നും മറ്റുമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന കോട്ടയം സുറിയാനി സിമ്മനാരിയേയും അതിന്റെ വസ്തുക്കളേയും മേല്പറഞ്ഞ ആവശ്യത്തിലേക്കു മഹാരാജമാന്യ രാജശ്രീ റെസിഡണ്ടു സായ്പവർകളുടെ ഖജനാവിൽ വട്ടിക്കിട്ടിട്ടുള്ള പണത്തിന്റെ പലിശ വാങ്ങിക്കുന്ന കാര്യത്തേയും മറ്റും സംബന്ധിച്ചു നാം വ്യവഹാരപ്പെട്ടതിൽ സിമ്മനാരിയുടെയും വസ്തുക്കളുടെയും കാര്യവിചാരവും ബ്രിട്ടീഷ് ഖജനാവിൽനിന്നു പലിശ വാങ്ങിക്കുന്നതും നാമും യാക്കോബായ സുറിയാനിസഭയുടെ പ്രതിപുരുഷന്മാർ നിശ്ചയിക്കുന്ന രണ്ടു ട്രസ്റ്റികളും കൂടി വേണമെന്നു ബഹുമാനപ്പെട്ട രാജകീയ അപ്പീൽ കോടതിയിൽ 1061-മാണ്ടു അപ്പീൽ 3-ാം നമ്പ്രിൽ തീർച്ചപ്പെടുത്തിയിരിക്കുന്നതിനാൽ 1045-ാമാണ്ടു സംഘം കൂടി തിരഞ്ഞെടുത്ത രണ്ടു ട്രസ്റ്റികളിൽ മരിച്ചുപോയ കുളങ്ങരെ ഇട്ടിയച്ചൻ പൈലിക്കു പകരം ഒരു അത്മേനിയെയും ജീവനോടിരിക്കുന്ന ട്രസ്റ്റിയായ കോട്ടയത്തു പുന്നത്രെ ചാക്കോ ചാണ്ടപ്പിള്ള കത്തനാർ സഭാമേലദ്ധ്യക്ഷനായ ബഹുമാനപ്പെട്ട അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ കൈക്കൊള്ളാതെയും അദ്ദേഹത്തിന്റെയും നമ്മുടെയും ആജ്ഞയിലും വരുതിയിലും ഉൾപ്പെടാതെയും നമ്മുടെ പൂർവ്വീകസഭയുടെ വിശ്വാസ നടപടികൾക്കു വിപരീതമായും നടന്നുവരുന്നതു കൂടാതെ, വസ്തുക്കളെ ക്രമമായി അന്വേഷിക്കാതെ നശിപ്പിക്കയും ബഹുമാനപ്പെട്ട രാജകീയ അപ്പീൽ കോടതിയിലെ വിധിക്കു പിമ്പു ആ വിധിയിലെ താല്പര്യം അനുസരിച്ചു നമ്മോടു ചേർന്നു വിധി നടത്തി പിരിയേണ്ടും മുതലുകളെ പിരിക്കുന്നതിനും മറ്റും നടത്തേണ്ടും കാര്യങ്ങളെ നടത്തുന്നതിനും നാം പല പ്രാവശ്യവും ആവശ്യപ്പെട്ടിട്ടും അനുസരിക്കാതെ വിധി നടത്തിൽ തർക്കങ്ങളെ

പുറപ്പെടുവിച്ചു കാര്യനടത്തയ്ക്കു തടസ്സങ്ങളെ ഉണ്ടാക്കുകയും മറ്റു അതു പോലെ ട്രസ്റ്റി സ്ഥാനത്തിന്റെ ചുമതലയ്ക്കു വിരോധമായ കൃത്യങ്ങളെ പ്രവൃത്തിക്കയും ചെയ്തിരിക്കുന്ന സ്ഥിതിക്കു, ടി ചാണ്ടപ്പിള്ള കത്ത നാർക്കു പകരം ഒരു കത്തനാരെയും ട്രസ്റ്റികളായി നിയമിക്കേണ്ടതു ആവ ശ്യമായിരിക്കുന്നു.

2. മേല്പറഞ്ഞ സംഗതികളെ സംബന്ധിച്ചു തീർച്ചപ്പെടുത്തുന്നതിനു 1892-മാണ്ടു മീനമാസം 18-ാം തീയതിക്കു 1067-മാണ്ടു മീനമാസം 19-ാം തീയതിക്കു ബുധനാഴ്ചയും അന്നുകൊണ്ടു മതിയാകാഞ്ഞാൽ[52] അടുത്ത ദിവസങ്ങളിലും കോട്ടയത്തു സിമ്മനാരിയിൽ ഒരു സംഘം കൂടു വാൻ നിശ്ചയിച്ചിരിക്കുന്നു. വിവരത്തിനു മലങ്കര എല്ലാ സുറിയാനി പള്ളി കൾക്കും സർക്കുലർ അയച്ചിരിക്കുന്നു.

3. സർക്കുലർ കൈപ്പറ്റിയാൽ അടുത്ത രണ്ടു ഞായറാഴ്ച പള്ളി യിൽ വായിച്ചു പരസ്യം ചെയ്തശേഷം കുർബ്ബാന കഴിഞ്ഞു യോഗം കൂടിയിരുന്നു നിങ്ങൾ എല്ലാവർക്കുമോ അധികം ആളുകൾക്കോ സമ്മ തമുള്ള കത്തങ്ങളെയും അത്മേനികളെയും നിങ്ങളുടെ പ്രതിപുരുഷന്മാ രായി നിശ്ചയിച്ചു കോട്ടയത്തു സിമ്മനാരിയിൽ മെലെഴുതിയ തീയതി യിൽ കൂട്ടത്തിൽ എത്തത്തക്കവണ്ണം അയയ്ക്കേണ്ടതാകുന്നു.

4. മേൽ വകുപ്പുകളിൽ വിവരിച്ചിട്ടുള്ളതുപോലെ പള്ളികളിൽ നിന്നും തിരഞ്ഞെടുത്തു അയക്കപ്പെടുന്ന പ്രതിപുരുഷന്മാർ എല്ലാവരുമോ കൂടുന്ന പ്രതിപുരുഷന്മാരിൽ അധികംപേരോ സമ്മതിച്ചു നിശ്ചയിക്കുന്ന ട്രസ്റ്റികൾ ഇതുപോലെ ഇനി ഒരു സംഘം കൂടി നിശ്ചയിക്കുന്ന കാലംവരെ, നമ്മോടു ചേർന്നു പറ്റുചീട്ടു കൊടുത്തു ബ്രിട്ടീഷ് ഖജനാവിൽ കുടിശ്ശിക യുള്ളതും മേൽ ആണ്ടുതോറും കിട്ടേണ്ടതുമായ പലിശപ്പണം വാങ്ങു കയും ഈ പലിശയാലും സഭാ മുതലിൽ നിന്നു നേടീട്ടുള്ള വസ്തുക്ക ളുടെ ആദായം കൊണ്ടും മറ്റും സിമ്മനാരിയിൽ പഠിത്വം നടത്തേണ്ട കാര്യാദികളെ അന്വേഷിച്ചു നടത്തിക്കയും ചെയ്യേണ്ടതാകുന്നു.

5. നിങ്ങളുടെ പ്രതിപുരുഷന്മാർ ഇന്നാരെന്നു നിജപ്പെടുന്നതിനും അവ രുടെ തിരഞ്ഞെടുപ്പിനെപറ്റി വല്ല തർക്കങ്ങൾക്ക് ഇടകൂടാതിരിക്കേണ്ട തിനും ഒരു അധികാരപത്രം എഴുതി അച്ചടിപ്പിച്ച് സർക്കുലർ സഹിതം അയച്ചിരിക്കുന്നതിനാൽ നിങ്ങൾ നിശ്ചയിക്കുന്ന പ്രതിപുരുഷന്മാരുടെ വീട്ടുപേരും ഇരട്ടപ്പേരും അതിൽ എഴുതി ആ പള്ളിയിലെ വിഗാരിയും കത്തങ്ങളും കൈക്കാരും പ്രമാണികളിൽ മുപ്പതിൽ കുറയാതെ ആളു കളും ഒപ്പിട്ടു നമ്മുടെ പക്കൽ തരുവാനായി അവരെ ഏല്പിച്ചയക്കേണ്ട താകുന്നു.

6. മേല്പറഞ്ഞ തീയതികളിൽ പള്ളികളുടെ പ്രതിപുരുഷന്മാർ കോട്ട

യത്തു സിമ്മനാരിയിൽ കൂടി തിരഞ്ഞെടുത്തു നിശ്ചയിക്കുന്ന ട്രസ്റ്റിക ളുടെ പേരും സംഘനിശ്ചയങ്ങളുടെ വിവരവും മുറയ്ക്കു നിങ്ങളുടെ അറി വിനുവേണ്ടി പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

നമ്മുടെ കർത്താവായ യേശുമിശിഹായുടെ കൃപയും അനുഗ്രഹ ങ്ങളും സദാ നിങ്ങളോടുകൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു

1892 കുംഭ മാസം 21-ന്. 1067 കുംഭ മാസം 22-ന്. തിരുവനന്തപുരത്തു നിന്നും.

*(1892 കുംഭം ഇടവകപത്രിക)*

## 25

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്പർ 105

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ പ്രിയ പുത്രനാകുന്ന കോനാട്ട് ഇട്ടൻപിള്ളയ്ക്ക് വാഴ്വ്.

നമ്മുടെ മല്പാൻ ഇപ്പോൾ അവിടെ ഉണ്ടല്ലോ. കൂട്ടം കൂടുന്നതിന് നാല് ദിവസം മുമ്പുകൂട്ടി സിമ്മനാരിയിൽ എത്തിക്കൊള്ളാമെന്ന് അയാൾ എഴുതി അയച്ചപ്രകാരം വന്നുചേരുന്നതിന് ബദ്ധപ്പെടുത്തി അയ യ്ക്കണം. വിശേഷിച്ച് പ്രിയനേ, ഈ കൂട്ടം ഒരു സാധാരണ കൂട്ടമല്ലെന്നും ഈ കൂട്ടത്തിൽ വച്ച് വേണം നമ്മുടെ സഭയ്ക്ക് വേണ്ടപ്പെടുന്ന നടപടി കൾ ഒക്കെയും നിശ്ചയിച്ച് നടത്തിപ്പതിനായെന്നും മറ്റും നാം ആലോചി ച്ചിട്ടുള്ളതിനെ ഓർമ്മയിൽ ഉണ്ടല്ലോ. എന്നാൽ കൂട്ടത്തിന്റെ ശക്തിയും നിശ്ചയങ്ങളും ജീവബലവും അധിക പള്ളിക്കാർ കൂടുന്നതിൽ വച്ചാക യാൽ അവിടങ്ങളിൽ ഉള്ള പള്ളിക്കാർ ഒക്കെയും പ്രത്യേകം വന്നു ചേരു ന്നതിന് വേണ്ടിയ ശട്ടംകെട്ടുകൾ ഒക്കെയും നീയും നമ്മുടെ മല്പാനും ശട്ടംകെട്ടി വേണം പുറപ്പെടുവാൻ. പള്ളിക്കാർ അധികമായി വരാതെ ഇരുന്നാൽ കൂട്ടത്തിലെ നിശ്ചയങ്ങൾക്ക് യാതൊരു വിലയും ഉണ്ടായിരി ക്കുന്നതല്ല. കോതമംഗലം, റാക്കാട്, മാറാടി, നെച്ചൂർ മുതലായ പള്ളി ക്കാർ കാര്യങ്ങളുടെ ആവശ്യകതയെ ഗ്രഹിക്കാതെ ഉപേക്ഷ വിചാരി പ്പാൻ എളുപ്പമാണ്. അങ്ങനെ വരാതെ ഇരിപ്പാൻ അവരെ വരുത്തി ശട്ടം കെട്ടി ഒന്നിച്ച് കൊണ്ടുപോരണം.

പള്ളിപ്പണിയെന്നോ മറ്റോ പറഞ്ഞ് വരാതെ ഇരിക്കരുതേ. ഈ കൂട്ടം ശുഭമായവിധത്തിൽ നടന്നാൽ മറ്റ് കാര്യങ്ങൾ ഒക്കെയും ക്രമമായി നടത്തിപ്പാൻ ശക്തി ഉണ്ടാകും.

അതിനാൽ പ്രിയനേ, യാതൊരു ഉപേക്ഷയും വിചാരിക്കാതെ എങ്ങനെയും പുറപ്പെട്ട് വന്നുചേർന്നേ മതിയാകൂ എന്ന് നിന്റെ വാത്സല്യത്തോട് നിർബന്ധമായും പറഞ്ഞ് എഴുത്തു ചുരുക്കുന്നു.

ഇവിടങ്ങളിൽ ഉള്ള ഏതാനും പള്ളിക്കാരെ ശട്ടംകെട്ടി പുറപ്പെടുവാൻ വേണ്ടിയാകുന്നു രണ്ടാഴ്ച വരെ ഇവിടങ്ങളിൽ താമസിച്ചത്. ഇന്ന് കോട്ടയത്തേക്ക് പോകുന്നു. ശേഷം കണ്ടു പറഞ്ഞുകൊള്ളാം. ... [53]

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1067 മീനം 8-ാം തീയ്യതി

കൈനകരിയിൽ (?) പള്ളിയിൽ നിന്നും (ഒപ്പ്)

## 26

### മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നമ്പർ 128

സുറിയാനി സത്യവിശ്വാസ സഭയിലെ നമസ്കാര പുസ്തകങ്ങൾ പരിഷ്കരിച്ച് മലയാള ഭാഷയിൽ നമ്മുടെ സിമ്മനാരി വക മാർത്തോമ്മസ് അച്ചുകൂടത്തിൽ അച്ചടിപ്പിച്ച് സത്യവിശ്വാസികളുടെ ആവശ്യത്തിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിനാൽ അന്യ അച്ചുകൂടങ്ങളിൽ[54] ഇതിന് മുമ്പ് ഉണ്ടായിട്ടുള്ള പതിപ്പുകളെ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു. സിമ്മനാരിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾ ജനങ്ങൾ ധാരാളമായി വാങ്ങി ഉപകരിക്കാവുന്നതും അല്ലാത്ത പതിപ്പുകൾ വാങ്ങുന്നത് സൂക്ഷിച്ച് വേണ്ടിയിരിക്കുന്നു എന്ന് നമ്മുടെ സത്യവിശ്വാസസഭയിൽ ഉൾപ്പെട്ട എല്ലാവരെയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

1892 മീനം 24-ാം തീയ്യതി

(ഇടവകപത്രിക, പുസ്തകം 1, ലക്കം 3, 1892 മീനം 31)

## 27

നമ്പർ 130

കഴിഞ്ഞ പത്രികയിൽ പരസ്യപ്പെടുത്തിയിരുന്ന സർക്കുലറിൻപ്രകാരം

ഈ മാസം 19, 20, 21, 22 ഈ തീയ്യതികളിൽ സിമ്മനാരിയിൽ കൂടിയ യോഗങ്ങളിൽ[55] നിശ്ചയിച്ചിരിക്കുന്ന സംഗതികൾ പൊതു അറിവിനായി ചുരുക്കി താഴെ ചേർത്തിരിക്കുന്നു. അസോസ്യേഷൻ യോഗനിശ്ചയങ്ങൾ വിവരമായി പിന്നാലെ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

1. മരിച്ചുപോയ കുളങ്ങര ഇട്ടിയച്ചൻ പൈലിക്ക് പകരം കുന്നുംപുറത്ത് കോര ഉലഹന്നാനെ ട്രസ്റ്റിയായി തെരഞ്ഞെടുത്തു.

2. കത്തനാർ ട്രസ്റ്റിയായ പുന്നത്തറ ചാക്കോ ചാണ്ടപ്പിള്ള കത്തനാരെ ട്രസ്റ്റി സ്ഥാനത്തിൽ നിന്ന് നീക്കം ചെയ്തു.

3. ടി. ചാണ്ടപ്പിള്ള കത്തനാർക്ക് പകരം ട്രസ്റ്റിയായിരിപ്പാൻ കോനാട്ട് മാത്തൻ മല്പാനെ തെരഞ്ഞെടുത്തു.

4. അസോസ്യേഷൻ കമ്മട്ടി സമുദായത്തിന്റെ പ്രതിനിധി സംഘം എന്ന് നിശ്ചയിച്ചു.

ഈ നിശ്ചയങ്ങൾ പള്ളിക്കാരുടെ പ്രതിനിധിയോഗം നിശ്ചയിച്ചവയാണ്.

1. അസോസ്യേഷൻ കമ്മട്ടി മെമ്പർമാർ 100, 50, 25, 12 1/2 ഇങ്ങനെ രൂപ കൊടുക്കുന്ന 4 ക്ലാസ് ആയിരിക്കണമെന്നും.

2. കാര്യവിചാരക്കമ്മിറ്റിയെ നിയമിക്കണമെന്നും.

3. അത് ഒന്നാം ക്ലാസ്സ് മെമ്പർമാരിൽ നിന്ന് മാത്രമേ ആകാവൂ എന്നും 24 പേർ അതിൽ ഉണ്ടായിരിക്കണമെന്നും.

4. അസോസ്യേഷൻ വക എഴുത്തുജോലി നടത്തുവാൻ ശമ്പളമുള്ള ഒരു സിക്രട്ടറിയെയും മുതൽ സൂക്ഷിപ്പാൻ ജാമ്യമുള്ള ഒരു ഖജാൻജിയെയും നിയമിക്കണമെന്നും നിശ്ചയിച്ചു.

5. കാര്യവിചാരക്കമ്മട്ടിയുടെ 24 മെമ്പർമാരെ തെരഞ്ഞെടുത്തു.

ഇവ അസോസ്യേഷൻ കമ്മട്ടി ഏർപ്പെടുത്തിയ നിശ്ചയങ്ങൾ ആണ്. ഇതിന്റെ ശേഷം കാര്യവിചാരക്കമ്മട്ടി കൂടി അതിന്റെ നടത്തയ്ക്ക് ആവശ്യപ്പെട്ട നിബന്ധനകളെയും ഏർപ്പെടുത്തിയശേഷം പിരിഞ്ഞു.

1892 മീനം 27-ാം തീയ്യതി

(ഇടവകപത്രിക 1892 മീനം. പുസ്തകം 1, ലക്കം 3)

(ഈ യോഗങ്ങളുടെ - അസോസ്യേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും - തീരുമാനം വിശദമായി 'മഹായോഗങ്ങൾ' എന്ന ശീർഷകത്തിൽ 'ഇടവകപത്രിക' റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 133 പള്ളിക്കാർ പങ്കെ

ടുത്തു. കുന്നുമ്പുറത്തു കോര ഉലഹന്നാന്റെ പേർ കുന്നംകുളം പനക്കൽ പാത്തപ്പൻ നിർദ്ദേശിച്ചത് യോഗം അംഗീകരിച്ചു. മുൻ വൈദികട്രസ്റ്റി പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ എന്തുകൊണ്ട് ആ സ്ഥാനത്തു തുടരാൻ അയോഗ്യനായി എന്ന് യോഗത്തിൽ കുന്നംകുളം ചെറുവത്തൂർ മാത്തു കത്തനാർ വിവരിച്ചത് യോഗം അംഗീകരിച്ചു. അച്ചടി, പഠിത്തം, സുവിശേഷപ്രചാരം ആദിയായി സഭയിൽ നടത്തുവാൻ ആവശ്യപ്പെട്ട അനേക ജോലികൾക്ക് ഒരു വലിയ മുതൽശേഖരം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രസിഡണ്ടവർകൾ ദീർഘമായി പ്രസംഗിച്ചു. തുടർന്ന് നാല് ക്ലാസിലുള്ള അംഗങ്ങൾ 100 രൂപ, 50 രൂപ, 25 രൂപ, 12 1/2 രൂപ നിരക്കിൽ നൽകുവാൻ തീരുമാനമായി തുടങ്ങിയ വിശദാംശങ്ങൾ ഈ വാർത്തയിലുണ്ട്. – എഡിറ്റർ)

## 28

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

1067 മീനമാസം 20–ാം തീയ്യതി മലങ്കര ഇടവകയിൽ ചേർന്ന പള്ളികളിലെ പ്രതിപുരുഷന്മാർ കോട്ടയത്ത് സിമ്മനാരിയിൽ സംഘം കൂടി ഉറപ്പിച്ച നിശ്ചങ്ങളുടെ ശരിപകർപ്പ് താഴെ ചേർത്തിരിക്കുന്നു. അസോസ്യേഷൻ നിശ്ചയങ്ങൾ അടുത്ത പത്രികയിൽ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

1892 മേട മാസം 11–ാം തീയ്യതി

1067–ാമാണ്ട് മീനമാസം 20–ാം തീയ്യതിക്ക് 1892 മീനമാസം 19–ാം തീയ്യതി എത്രയും പെരികെ പെരികെ ബഹുമാനപ്പെട്ട മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളാൽ പള്ളികൾക്ക് അയച്ചിട്ടുള്ള കല്പന അനുസരിച്ച് മലങ്കര ഇടവകയിലെ താഴെ വിവരിക്കുന്ന പള്ളികളിൽ നിന്ന് നിശ്ചയിച്ച് സമ്മതപത്രങ്ങളോടുകൂടി അയക്കപ്പെട്ടിരിക്കുന്ന താഴെ പേരെഴുതി കയ്യൊപ്പിട്ടിരിക്കുന്ന പ്രതിപുരുഷന്മാർ കോട്ടയത്ത് സിമ്മനാരിയിൽ കൂട്ടം കൂടി ആലോചിച്ചുറച്ച നിശ്ചയങ്ങൾ.

1. കൊച്ചിയിലെ പഞ്ചായത്ത് വിധിയുടെ താല്പര്യപ്രകാരം 1045–ാമാണ്ട് കൂട്ടം കൂടി നിശ്ചയിച്ച രണ്ട് ട്രസ്റ്റികളിൽ അൽമേനിയായ വടക്കൻപറവൂർ കുളങ്ങര ഇട്ടിയച്ചൻ പൈലി മരിച്ചു പോകയാൽ അവന് പകരം ടി പഞ്ചായത്ത് വിധിയുടെ താല്പര്യമനുസരിച്ച് റസിഡണ്ട് സായ്പ് അവർകളുടെ ഖജനാവിൽ നിന്നും കിട്ടേണ്ട പലിശ രസീതി കൊടുത്ത് വാങ്ങിക്കുന്നതിനും സിമ്മനാരി ഇടപെട്ടുള്ള എല്ലാക്കാര്യങ്ങളും കീഴ്നടപ്പനുസരിച്ച് അന്വേഷിച്ച് പഠിത്തം ക്രമമായി നടത്തിക്കുന്നതിനും

കോട്ടയത്ത് ചെറിയപള്ളി ഇടവകയിൽ ചേർന്ന അയ്മനം പ്രവൃത്തിയിൽ മര്യാത്തുരുത്ത് കരയിൽ കുന്നുമ്പുറത്തു കോര ഉലഹന്നാനെ ട്രസ്റ്റിയായി നിശ്ചയിച്ചിരിക്കുന്നു.

2. 1045-ാമാണ്ട് കൂട്ടം കൂടി നിശ്ചയിച്ച ട്രസ്റ്റികളിൽ ഒരാളായ കോട്ടയത്തു പുന്നത്ര ചാക്കോ ചാണ്ടപ്പിള്ള കത്തനാർ 1052-ാമാണ്ട് പാലക്കുന്നത്ത് മാർ അത്താനാസ്യോസ് മെത്രാൻ കഴിഞ്ഞതിന്റെ ശേഷവും 1064-ാം ആണ്ട് രാജകീയ അപ്പീൽ കോർട്ടിൽ വിധി കഴിഞ്ഞ ശേഷവും സിമ്മനാരി ഇടപെട്ടും പഠിത്തത്തിന്റെയും കാര്യാദികൾ ശരിയായി അന്വേഷിക്കാതെയും വിധി നടത്ത് കാര്യത്തിൽ ക്രമമായി യോജിച്ച് നടക്കാതെ പല തടസ്സങ്ങൾ ഉണ്ടാക്കി തീർക്കയും വിധിയാൽ മുഖ്യട്രസ്റ്റി എന്ന് തീർച്ചപ്പെട്ടിട്ടുള്ള മലങ്കര ഇടവക ഭരിച്ചുവരുന്ന നമ്മുടെ ബഹുമാനപ്പെട്ട യൗസേപ്പ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളോട് യോജിച്ച് കാര്യങ്ങൾ നടത്താതെ വിപരീതപ്പെട്ട് നില്ക്കയാൽ കാര്യങ്ങൾക്ക് നടപ്പില്ലാതെ തീർന്നിരിക്കുന്നു എന്ന് മാത്രമല്ല, ഈ ആൾ നമ്മുടെ യാക്കോബായ സുറിയാനി സഭയുടെ മേലധ്യക്ഷനായ എത്രയും പെരികെ പെരികെ ബഹുമാനപ്പെട്ട പാത്രിയർക്കീസ് ബാവാ അവർകളെ നിരാകരിച്ചും വരുതിയിലും ആജ്ഞയിലും ഉൾപ്പെടാതെയും ടി. ബാവാ അവർകളാൽ മുടക്കപ്പെട്ടും ഇരിക്കുന്ന ആളും ആയിരിക്കുന്നതിനാൽ അയാളിനെ മേലിലും ട്രസ്റ്റിയായി നടത്തുവാൻ ഒരു വിധത്തിലും പാടില്ലാതെ തീർന്നിരിക്കുന്നതിനാൽ ട്രസ്റ്റി സ്ഥാനത്തു നിന്നും ടി ചാക്കോ ചാണ്ടപ്പിള്ള കത്തനാരെ നീക്കി വേറെ ഒരു കത്തനാരെ ട്രസ്റ്റിയായി നിയമിക്കുന്നത് കൊച്ചിയിലെ പഞ്ചായത്ത് വിധിയുടെ താല്പര്യത്തിന് അടുത്തും സഭയുടെയും സിമ്മനാരിയുടെയും ഗുണത്തിനും വർദ്ധനയ്ക്കും എത്രയും ആവശ്യമെന്ന് നിശ്ചയിച്ചു.

3. 2-ാമത്തെ നിശ്ചയത്താൽ നീക്കപ്പെട്ട ആളായ പുന്നത്ര ചാക്കോ ചാണ്ടപ്പിള്ള കത്തനാർക്ക് പകരം ട്രസ്റ്റിയായിട്ട് സിമ്മനാരി ഇടപെട്ടിട്ടുള്ളതും പഠിത്തത്തിന്റെയും കാര്യാദികൾ അന്വേഷിക്കുന്നതിനും പാമ്പാക്കുട വലിയപള്ളിയിൽ ചേർന്ന രാമങ്ങലം പ്രവൃത്തിയിൽ മേമുറി കരയിൽ കോനാട്ട് പുത്തൻപുരയിൽ കോരത് മാത്തൻ മല്പാനെ ട്രസ്റ്റിയായി നിയമിച്ചിരിക്കുന്നു.

(ഇടവകപത്രിക 1892 മേടം, പുസ്തകം 1, ലക്കം 4)

## 29

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

അമ്പത് നോമ്പും മൂന്ന് നോമ്പും ഒഴികെയുള്ള നോമ്പുകളിൽ വെള്ളിയാഴ്ച ബുധനാഴ്ച പോലെ മത്സ്യം ഭക്ഷിക്കാമെന്ന് ശുദ്ധ കാനോനായിൽ കല്പിച്ചിരിക്കുന്നപ്രകാരം പരദേശ സുറിയാനി സഭയിൽ മത്സ്യം ഭക്ഷിച്ചുവരുന്നതും ഇവിടെയും ടി. നോമ്പുകളിൽ മത്സ്യം ഭക്ഷിക്കാമെന്ന് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലയാളത്ത് എഴുന്നള്ളിയിരുന്നപ്പോൾ കല്പിച്ചിട്ടുള്ളതും അതിൽ പിന്നെ ചിലർ ടി നോമ്പുകളിൽ മത്സ്യം ഭക്ഷിക്കുന്നതായും ചിലർ ഭക്ഷിക്കാത്തതായും നാം അറിയുന്നതിനാൽ ഇനി മേൽ ശ്ലീഹാനോമ്പിലും പതിനഞ്ച് നോമ്പിലും ഇരുപത്തിഅഞ്ചു നോമ്പിലും മത്സ്യം ഭക്ഷിക്കാമെന്ന് മലങ്കര ഇടവകയിലുള്ള എല്ലാവരും അറിഞ്ഞുകൊള്ളുകയും വേണം.

1892 മേടം 11–ാം തീയ്യതി

## 30

## ദൈവകൃപയാൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നമ്പർ 172

നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

ഇവിടെ എത്തി ഇന്നേ ദിവസം കൂദാശയും കഴിച്ച് കൊളമ്പിലേക്ക് മെത്രാച്ചന്മാരെ അയക്കുവാനുള്ള[56] ബദ്ധപ്പാടു മൂലം തിങ്കളാഴ്ച കരമാർഗ്ഗം പുതുവേലിൽ എത്തി. അവിടെ നിന്നും ചൊവ്വാഴ്ച കാലത്തു കോട്ടയത്തിന് പോകുവാനും നിശ്ചയിച്ച് നമ്മുടെ പഴയ പള്ളിയുടെ പണിക്കായി ഇതൊന്നിച്ച് എഴുതി അയക്കുന്നുണ്ട്. വണ്ടി അയച്ചു എങ്കിലോ നന്നായി. അല്ലെങ്കിൽ മഞ്ചൽ വഴി തന്നെ കോട്ടയത്തേക്ക് പോകുവാൻ വിചാരിക്കുന്നു. താൻ കോട്ടയത്ത് എത്തി കൃഷി സംബന്ധമായി ഒരു ആധാരം എഴുതുവാൻ അടിയന്തിരപ്പെട്ടിരിക്കുന്ന വിവരം കണ്ടനാട്ടു വച്ചും മുളന്തുരുത്തി വച്ചും പറഞ്ഞിട്ടുണ്ടല്ലോ. ഇപ്പോൾ ആ കാര്യം നടത്തിക്കൊടുക്കാഞ്ഞിട്ട് അക്കര മൂപ്പൻ സംഗതിയിൽ അധികമായും എഴുതി അയച്ചിരിക്കുന്നു. അതിനാൽ ഞങ്ങളോടു കൂടെ കരമാർഗ്ഗം കോട്ടയത്തേക്ക് പോരുവാൻ പ്രയാസമില്ലെന്ന് വിചാരിക്കുന്നു. എങ്കിൽ തിങ്കളാഴ്ച വന്നു ചേരുകയും വേണം. ഈ യാത്ര പ്രയാസമെന്ന് വിചാരിക്കുന്നപക്ഷം വള്ളം വഴിയായി വരുന്ന ആഴ്ചയിൽ എങ്ങനെയും വന്നുചേരുന്നതിന് പ്രത്യേകം വിചാരിക്കയും വേണം. ശേഷം കാര്യങ്ങൾ

കണ്ടു പറയാമെന്നുള്ള വിചാരത്താൽ ചുരുക്കുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1067 മേട മാസം 25-ാം തീയതി
കുന്നക്കുരുടി പള്ളിയിൽ നിന്നും ഒപ്പ്.

**31**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്മുടെ പാമ്പാക്കുട പള്ളിയിലെ വികാരിയും ദേശത്തുപട്ടക്കാരനും പള്ളിക്കൈക്കാരരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

സിമ്മനാരിയിൽ കാലം ചെയ്ത ബഹുമാനപ്പെട്ട നമ്മുടെ കാരണവരുടെ ഓർമയുടെ ദിവസമായ വൃശ്ചികം 12-ന് അടിയന്തിരം എല്ലാക്കൊല്ലങ്ങളിലെപ്പോലെ ഈ ആണ്ടിലും ഘോഷിച്ച് കഴിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നതാക കൊണ്ട് നിങ്ങൾ പള്ളിക്കാർ കാലേകൂട്ടി വന്ന് അടിയന്തിരം കഴിപ്പിച്ച് പോകുന്നത് കൂടാതെ അടിയന്തിര ചെലവിലേക്കായി ആ പള്ളിക്കാര്യത്തിൽ നിന്നും 3 പറ അരിയും 3 രൂപായും എത്തിച്ച് തരികയും വേണ്ടിയിരിക്കുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ എന്ന് 1069 തുലാം 26-ന്

പഴഞ്ഞി പള്ളിയിൽ നിന്നും (ഒപ്പ്)

വിശേഷിച്ച് ആ പള്ളിയിലെ വെള്ളിക്കുരിശും വെള്ളിധൂപക്കുറ്റിയും രണ്ടു വെള്ളി മെഴുകുതിരിക്കാലും നാലു കൊടിയും അടിയന്തിരത്തിലേക്കായി കൊണ്ടുവരികയും വേണം.

എന്ന് മേൽ (ഒപ്പ്)

## 32

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

(മുദ്ര)

നമ്മുടെ കുറുപ്പംപടി പള്ളിയിൽ വികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

ആ പള്ളിക്കാര്യം സംബന്ധമായി നടന്ന വ്യവഹാരങ്ങൾ ഒക്കെയും നാം അവിടെ എത്തി ഇരുന്ന് കേട്ട് തീരുമാനപ്പെടുത്തണമെന്നുണ്ടായ നിങ്ങളുടെ അപേക്ഷപ്രകാരം നാം അവിടെ എത്തി കേട്ട് തീരുമാനിക്കയും മേൽനടപ്പിന് വേണ്ട നിശ്ചയങ്ങൾ ചെയ്കയും ചെയ്ത സമയം നമ്മുടെ തോമ്പ്ര യൗസേപ്പ് കത്തനാർ ടി. കുറു കത്തനാർ കൈക്കാരായിരുന്ന തോമ്പ്ര മാത്തു, പൊയ്ക്കാട്ടിൽ കോരുള, തുരുത്തി വർക്കി ഇവരും കീഴ്നടപ്പു പോലെ പള്ളിക്കാര്യങ്ങളിൽ സംബന്ധിച്ച് നടപ്പാനായി ടി നിശ്ചയപത്രത്തിൽ ഉൾപ്പെടണമെന്നും അവരുടെ കൈവശത്തിൽ ഇരിക്കുന്ന പള്ളിസാമാനങ്ങൾ വയ്ക്കണമെന്നും മറ്റും ആലോചിച്ചതിൽ തല്ക്കാലം അവർ ചേരാതെ ഇരുന്നതിനാൽ അവരെ ഒഴിച്ച് മേൽനടപ്പിന് പടിയോല എഴുതി രജിസ്ട്രാക്കി പോരുവാൻ സംഗതി വന്നു പോയി എങ്കിലും കഴിഞ്ഞ കന്നി മാസത്തിൽ നാം കൊച്ചിയിൽ എത്തിയിരുന്നപ്പോൾ മേൽപറഞ്ഞ കത്തങ്ങളും മറ്റും നമ്മുടെ മുമ്പാകെ വരികയും പള്ളിക്കാര്യങ്ങളുടെ തീരുമാനത്തിനായി നാം അവിടെ എത്തിയിരുന്ന് തീരുമാനിച്ചതുപോലെ നടക്കുന്നതിന് അവർക്ക് സമ്മതമാകയാൽ ഉടനെ അവരോടു കൂടെ നാം പുറപ്പെട്ട് അവിടെ എത്തിയിരുന്ന് വേണ്ടുംപ്രകാരം കാര്യങ്ങൾ തീരുമാനപ്പെടുത്തിക്കൊടുക്കണമെന്നും മറ്റും അവർ നിർബന്ധിച്ചു എങ്കിലും ഒഴിച്ചു വയ്പ്പാൻ വഹിയാത്തപ്രകാരം കൊച്ചി ശീമ പള്ളിക്കാര്യങ്ങളുടെ ആലോചനയ്ക്കായി നാം വടക്കോട്ടു പോകുവാൻ ഒരുങ്ങിയിരുന്നതുകൊണ്ട് തല്ക്കാലം അങ്ങോട്ട് പുറപ്പെടുവാൻ കഴിവില്ലാതെ തീർന്നു എങ്കിലും വടക്കു നിന്ന് നാം അവിടെ എത്തിയിരുന്ന് തീരുമാനപ്പെടുത്തിക്കൊള്ളാമെന്ന് ഉറപ്പായി പറഞ്ഞ് തൽക്കാലം അവരെ അയച്ചു. അവരോടു നാം പറഞ്ഞപ്രകാരം ഇവിടെ നിന്ന് പുറപ്പെടുവാൻ പാടില്ലാതെ താമസപ്പെടുകയാൽ അവർ ഒന്നു രണ്ടു തവണ (ഒരു വരി തെളിഞ്ഞിട്ടില്ല – എഡിറ്റർ) ...ല്ലാത്തവണ്ണം തീർന്നിരിക്കയാൽ പ്രത്യേകം ഈ കല്പന അയക്കുന്നതാകകൊണ്ട് ഈ കാര്യത്തിൽ യാതൊരു അതൃപ്തിയും നിങ്ങളിൽ ഉത്ഭവിക്കാതെ ഏകയോഗക്ഷേമമായി നടപ്പാൻ തക്കവണ്ണം നാം അവിടെ എത്തിയിരുന്നപ്പോൾ നിങ്ങളോട് പറഞ്ഞപ്രകാരം

തന്നെ അവരുടെ കാര്യങ്ങൾ തീരുമാനപ്പെടുത്തി സന്തോഷത്തോടും സ്നേഹത്തോടും നടന്നും നടത്തിച്ചും കാണ്മാൻ ഇടവരണമെന്നും നിങ്ങളുടെ സ്നേഹത്തോട് നാം ഗുണദോഷിക്കുന്നു.

നാം അവിടെ എത്തിയിരുന്നപ്പോൾ അവരോട് പറഞ്ഞപ്രകാരം പള്ളിവകയായി അവരുടെ കൈവശത്തിൽ ഇരിപ്പുള്ള സാമാനങ്ങൾ അവർ വയ്ക്കയും ആ പള്ളിയുടെ കീഴ്പള്ളിയായ അല്ലപ്ര പള്ളിയുടെ പണി നിവൃത്തിക്കായി (10000) പതിനായിരം ചക്രം പള്ളിക്കാര്യത്തിൽ നിന്നും അവർക്ക് കൊടുക്കുകയും ചെയ്യാൻ തക്കവണ്ണം ആകകൊണ്ട് അതും പ്രകാരം സാമാനങ്ങൾ വക്കയും ചക്രം ബോധ്യപ്പെടുത്തുകയും അവർ വയ്ക്കുന്ന സാമാനങ്ങൾക്ക് കല്ലറക്കൻ കുഞ്ഞുവർക്കിയും തന്നാണ്ട് കൈക്കാരരും കൂടി മുറയ്ക്ക് രസീതി കൊടുക്കുകയും ചെയ്യുന്നത് കൂടാതെ മേൽനടപ്പിനായി അവിടെ എഴുതി റജിസ്റ്റർ ആക്കിയ നിശ്ചയ പത്രത്തെ അവരും സമ്മതിച്ച വിവരത്തിന് അവരെക്കൊണ്ട് ഒരു പത്രം എഴുതിച്ച് റജിസ്റ്റർ ആക്കിച്ച് വക്കയും വേണ്ടിയിരിക്കുന്നു. എന്നാൽ അവർക്ക് കൊടുപ്പാനായി മേൽ പ്രസ്താവിച്ച സംഖ്യയിൽ ഏതെങ്കിലും അവർക്ക് ചെന്നിട്ടുണ്ടെങ്കിൽ അത് കഴിച്ച് ബോധ്യപ്പെടുത്തേണ്ടതല്ലാതെ അധികമായി കൊടുക്കണമെന്ന് നാം പറയുന്നില്ല.

വിശേഷിച്ചും പ്രിയമുള്ളവരേ, ഇനി പറയുവാനുള്ള കാര്യം നമ്മുടെ തോമ്പ്ര മത്തായി കത്തനാരുടെ സംഗതിയെക്കുറിച്ച് ആകുന്നു. ഇയാൾ തന്റെ സ്വന്തം ഇടവകയെപ്പോലെ കടശിയിൽ ഉണ്ടായിത്തീർന്ന ഇടവകയെ ഉപേക്ഷിച്ച് അയാളുടെ പൂർവ പിതാക്കന്മാരുടെ ഇടവകയായ ആ ഇടവകയിൽ ചേർന്നു നടക്കയും പട്ടക്കാർക്കുള്ള ഭരണത്തിൻപ്രകാരം ഏറിയനാളായി ആ ഇടവകജനങ്ങളെ ഭരിപ്പാനും ആ പള്ളിയിലുള്ള കർമ്മങ്ങൾ അനുഷ്ഠിപ്പാനും സംഗതിയായ ശേഷം അയാളെ അവിടെ നിന്ന് ഒഴിച്ചു കളയുന്നതിന് യാതൊരു മാർഗ്ഗവും സത്യമായി ആലോചിക്കുമ്പോൾ കാണുന്നില്ലായെന്നുമുള്ള നമ്മുടെ വചനം സത്യമല്ലയോ എന്ന് വാശി കൂടാതെ ആലോചിക്കുന്ന എല്ലാവന്റെയും ഹൃദയം സമ്മതിക്കുമെന്ന് പൂർണ്ണമായി നാം വിശ്വസിക്കുന്നു. ഒരു കാര്യത്തിന്റെ തീരുമാനത്തിൽ പക്ഷാപ്രതി[57] കൂടാതെ തീരുമാനിപ്പാൻ വിധികർത്താവ് ആലോചിക്കുമ്പോൾ ആർക്കും സഹിപ്പാൻ വഹിയാത്ത നൊമ്പരമോ ദുഃഖമോ നേരിടാതെ ഇരിപ്പാൻ തക്കവണ്ണം ആലോചിച്ച് തീരുമാനിക്കേണ്ടത് എത്രയും ആവശ്യമെന്ന് വിധികർത്താക്കളായ അനേകം മഹാന്മാർ അഭിപ്രായപ്പെടുന്നപ്രകാരം ആ കത്തനാരുടെ കാര്യത്തിൽ ആശ്വാസത്തിന്റെ ഒരു തീരുമാനം ചെയ്യാതെ ഇരിക്കുന്നപക്ഷം അയാൾക്ക് മാത്രമല്ല, അയാളെ ചേർത്തവരായ അനേകർക്കും വ്യസനം നേരിടുവാൻ സംഗതിയായിത്തീരുമെന്ന് മാത്രമല്ല ഈ ഒരു സംഗതിക്ക് ഒരു പോംവഴി നിശ്ച

യിക്കാഞ്ഞാൽ ഈ ഒരു കാര്യം കൊണ്ട് തന്നെ അവസാനത്തിൽ സമാധാനം ഫലമില്ലാതെ ആക്കിതീർപ്പാൻ എളുപ്പമായി തീരുകയില്ലയോ എന്നും ചഞ്ചലപ്പെടുന്നു.

അതിനാൽ പ്രിയമുള്ളവരേ, നിങ്ങളിൽ ഉള്ള സകല വാശികളും വാദങ്ങളും ഒഴിച്ചു വച്ച് നിങ്ങളെല്ലാവരും തമ്മിൽ തമ്മിൽ സ്നേഹിച്ചും സന്തോഷിച്ചും നടപ്പാൻതക്ക ആലോചനകൾ നിങ്ങളിൽ ഉണ്ടാകണം. സത്യസ്നേഹത്തോടും നീതിയോടും കൂടി നിങ്ങൾ ആലോചിക്കുന്നു എങ്കിൽ നിങ്ങളിൽ ഉള്ള ഒരു പട്ടക്കാരനെപ്പോലെ തന്നെ ടി മത്തായി കത്തനാരെയും ഇനി ചെയ്വാൻ ഉള്ള ഉടമ്പടിയിൽ ചേർത്ത് നടത്തിക്കുന്നത് അധികം നല്ലതും ഉത്തമമായിട്ടുള്ളതും ആകകൊണ്ട് ഈ നമ്മുടെ താല്പര്യപ്രകാരം നടന്നുകൊള്ളുകയും വേണം.

കോർട്ടിൽ കെട്ടിവച്ച പണം അവർ വാങ്ങിയത് ഇപ്പോൾ അവർ പള്ളിക്ക് മുതൽ വരുത്തുന്നതാകകൊണ്ട് ആ വക പണം പള്ളിയ്ക്ക് വന്നതായി പള്ളിക്കാർ കോർട്ടിൽ ഹർജി ബോധിപ്പിച്ച് ആ ഭാരം അവരിൽ നിന്ന് ഒഴിച്ച് വക്കയും വേണം. ഇനിയും അനേകം സംഗതികൾ എഴുതി അയപ്പാൻ ഉണ്ടെങ്കിലും നമ്മുടെ സുഖക്കേട് നിമിത്തവും ജോലികളുടെ അധികത്വം കൊണ്ടും വാചകം വർദ്ധിപ്പിക്കാതെ ചുരുക്കുന്നു.

ശേഷം പിന്നാലെ.[58]

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1893 ധനു മാസം 1-ാം തീയ്യതി
ചാലിശ്ശേരി പുത്തൻ പള്ളിയിൽ നിന്നും. ഒപ്പ്

## 33

ഹൈക്കോടതി വക്കീൽ ആർ. രാമനാഥരായർ അവർകൾക്ക്

1069-ൽ ഉത്തരവിന്മേൽ അപ്പീൽ 101-ാം നമ്പറിൽ പ്രതി കോട്ടയത്ത് സിമ്മനാരിയിൽ ഇരിക്കും മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുതി കൊടുത്ത വക്കാലത്ത്.

ആലപ്പുഴ ജില്ലാ സിവിൽക്കോടതിയിൽ 1054-ൽ അസ്സൽ 403-ൽ 9-ാം നമ്പർ വിധി നടത്തുന്ന സംഗതിക്കായി കോടതിയിൽ നിന്നും 69 തുലാം 17-ന് ഉണ്ടായിരിക്കുന്ന ഉത്തരവിന്മേൽ അപ്പീൽ ബോധിപ്പിച്ചിരിക്കുന്നു. ടി. 101-ാം നമ്പർ സംഗതിക്ക് നമ്മുടെ ഭാഗം വേണ്ട വ്യവഹാരം നടത്തുന്നതിന് വക്കാലത്ത് തന്നിരിക്കുന്നതിനാൽ ഈ സംഗതിയെപ്പറ്റി താങ്കൾ നടത്തുന്ന സകലവും നാം സ്വയമായി ചെയ്യുന്നതുപോലെ സമ്മതിച്ചു കൊള്ളുന്നു.

1069-മാണ്ട് ധനു മാസം ....നു

മുദ്ര (ഒപ്പ്)

സാക്ഷികൾ

1. ചെറുവത്തൂർ മാത്തു കത്തനാർ (ഒപ്പ്)

2. പനക്കൽ ഇട്ടി മാത്തു ഇട്ട്യേര (ഒപ്പ്)

1893-ൽ നമ്പ്ര 24

യാദാസ്ത്.

## 34

നമ്പർ 30

### മലങ്കര ഇടവകയുടെ
### മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ സുറിയാനി സത്യവിശ്വാസ സഭയിലെ നമസ്കാര പുസ്തകങ്ങൾ പരിഷ്ക്കരിച്ച് മലയാള ഭാഷയിൽ സിമ്മനാരി വക മാർ തോമസ് അച്ചുകൂട്ടത്തിൽ അച്ചടിപ്പിച്ച് സത്യവിശ്വാസികളുടെ ആവശ്യത്തിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിനാൽ ഇതിനു മുമ്പ് അന്യഅച്ചുകൂട്ടങ്ങളിൽ അച്ചടിച്ചിട്ടുള്ള പുസ്തകങ്ങളെ റദ്ദാക്കിയിരിക്കുന്നതായി 128-ാം നമ്പർ 3-ാം ലക്കം പത്രികയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു പോലെ സിമ്മനാരിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്ന നമസ്കാര പുസ്തകങ്ങൾ മാത്രമേ വാങ്ങി ഉപകരിക്കാവൂ എന്ന് നമ്മുടെ സത്യവിശ്വാസ സഭയിൽ ഉൾപ്പെട്ട എല്ലാവരെയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

എന്ന് 1893 മകരം 26-ാം തീയ്യതി
കോട്ടയത്തു സിമ്മനാരിയിൽ നിന്നും

(ഇടവകപത്രിക 1893, പു. 2, ലക്കം 2)

## 35

### മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ കമ്മട്ടി പ്രസിഡണ്ട് ആയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

ടി അസോസ്യേഷൻ മാനേജിംഗ് കമ്മട്ടിക്കാർക്ക്

കഴിഞ്ഞ വൃശ്ചിക മാസത്തിൽ സിമ്മനാരിയിൽ കൂടിയ മീറ്റിങ്ങിലെ നിശ്ചയപ്രകാരം ഈ വരുന്ന മേട മാസം 12-ാം തീയ്യതി തിങ്കളാഴ്ചയും അടുത്ത മൂന്ന് ദിവസങ്ങളിലും കോട്ടയത്ത് സിമ്മനാരിയിൽ വച്ച് മാനേ

ജിംഗ് കമ്മട്ടിക്കാരുടെ ഒരു യോഗം കൂടുന്നതിന് ഉറച്ചിരിക്കുന്നതും ആ യോഗത്തിൽ തീരുമാനിക്കേണ്ട സംഗതികൾ താഴെ കൊടുത്തിരിക്കുന്നതും ആകുന്നു.[59]

1. വിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സിൽ നിന്ന് വന്നിട്ടുള്ള കല്പന വായിച്ച് അതിനുള്ള മറുപടി തയാറാക്കുന്നതിന്.

2. 1061–ാമാണ്ട് മുതൽ കോട്ടയത്ത് സിമ്മനാരിയുടെ വരവ് ചെലവിന്റെ കണക്ക് കേട്ടു തീർക്കുന്നതിന്.

3. അസോസ്യേഷൻ കടച്ചീട്ട് എഴുതിയിട്ടുള്ളവരുടെ പലിശയും മുതലും പിരിച്ച് അതുകൊണ്ട് നടത്തേണ്ട സംഗതികൾ വ്യവസ്ഥപ്പെടുത്തുന്നതിന്.

4. നമ്മുടെ സഭാഭരണത്തിന് ആവശ്യപ്പെട്ട മാർഗ്ഗങ്ങളെ ആലോചിക്കുന്നതിന്. ആകയാൽ ഇതിലേക്ക് വരുന്ന മേട മാസം 12–ാം തീയ്യതി പകൽ 10 മണിക്ക് കോട്ടയത്ത് സിമ്മനാരിയിൽ എത്തുകയും വേണം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1893 കുംഭ മാസം 25–ാം തീയ്യതി
കൊച്ചീക്കോട്ട പള്ളിയിൽ നിന്നും

## 36

## ദൈവകൃപയാൽ
## ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ്
## മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ആത്മിക പുത്രനാകുന്ന മാത്തൻ മല്പാന് വാഴ്വ്.

പ്രിയനേ, നമ്മുടെ പനക്കൽ മാത്തു ഇവിടെ എത്തിയ വിവരത്തിനും നാം ഇവിടെ എത്തണമെന്നും പ്രത്യേകം എഴുത്തയച്ചതിനാൽ നാം ഇവിടെ എത്തിയതാകുന്നു. ... നമ്പ്ര് നാളെ ആയാൽ ആയത് കഴിഞ്ഞ ഉടൻ തെക്കോട്ടേക്ക് പോകണമെന്ന് വിചാരിച്ചിരിക്കുന്നു. ഹൈക്കോർട്ട് ഒന്നാം ജഡ്ജി അവർകൾ കോട്ടയത്ത് എത്തുന്നപ്രകാരം അറിവ് കിട്ടിയിരിക്കയാൽ ആണ് പ്രത്യേകം പോകുന്നത്. നമ്മുടെ കരിങ്ങാശ്ര പള്ളിക്കാര്യം വളരെ കുഴപ്പത്തിൽ ഇരിക്കകൊണ്ട് നാല് ദിവസം കരിങ്ങാശ്ര താമസിച്ച് തെക്കോട്ട് പോകണമെന്ന് താല്പര്യമുള്ളതിനാൽ ജഡ്ജി എത്തുന്നതിന് താമസം ഉണ്ടോ എന്നറിവാനായി എഴുതി അയച്ചിട്ടുണ്ട്. താമസം ഉണ്ടെന്ന് കണ്ടാൽ ഇവിടെ നിന്നും കരിങ്ങാശ്രക്കും അവിടെ

നിന്ന് തെക്കോട്ടും പോകാനായും വിചാരിക്കുന്നു. കോട്ടയത്ത് നിന്നുള്ള മറുപടി എങ്ങനെ വരുമെന്ന് അറിയുന്നില്ല.

വിശേഷിച്ച് നമ്മുടെ മദ (സ) നപ്സാ ഒന്നും തന്നെ നല്ലതായിട്ടില്ല. അതിനാൽ അവിടെ കുത്തിപ്പാനായി (തയ്ക്കാനായി – എഡിറ്റർ) അയച്ച മദ (സ) നപ്സാ മുഴുവനും കുത്തിത്തീർന്നിട്ടില്ലാ എങ്കിലും കുത്തിത്തീർന്നതിനെ ഇവൻ പക്കൽ കൊടുത്തയക്കയും വേണ്ടിയിരിക്കുന്നു. മറ്റെന്നാൾ ഇവിടെ കിട്ടുവാൻ തക്കവണ്ണം അയക്കണം.

വട്ടിപ്പണത്തിന്റെ പലിശ കിട്ടുവാനായി റസിഡണ്ട് സായിപ്പിന് നാം ബോധിപ്പിച്ച ഹർജി റസിഡണ്ട് സായിപ്പിന്റെ അഭിപ്രായത്തോടെ മദ്രാസിലേക്ക് അയച്ചിരിക്കുന്നു. മദ്രാസിലെ അഭിപ്രായം ഗുണമായുള്ളതല്ലായ്കയാൽ ആ കാര്യത്തിന് ചില എഴുത്തുകുത്തുകൾ ചെയ്തു വരുന്നു. ജഡ്ജി അവർകൾ കോട്ടയത്ത് വരുമ്പോൾ പ്രത്യേകം പോയി കാണണമെന്നുള്ള താല്പര്യവും ഉണ്ട്. ഈ കാരണത്താൽ ആകുന്നു. ദൈവം നല്ല അവസാനത്തെ കാണിച്ചുതരുവാൻ പ്രാർത്ഥിക്കാം.

ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാവർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1068 മീനം 1–ാം തിയ്യതി
കൊച്ചിയിൽ നിന്നും ഒപ്പ്

നമ്പർ 121

## 37

## മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കമ്മട്ടി പ്രസിഡണ്ട് ആയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

ടി. കമ്മട്ടി നിശ്ചയം അനുസരിച്ച് 1067 മീനം മുതൽ കമ്മട്ടി ഖജാൻജിയുടെ പേരിൽ എഴുതിച്ചിട്ടുള്ള കടപ്പത്രപ്രകാരം ഈയാണ്ട് മീനം 30 വരെ നൂറ്റുക്ക് അര വീതമുള്ള പലിശ പിരിക്കുന്നതിനായി ടി ഖജാൻജി ഒപ്പിട്ട അച്ചടി രസീതുകൾ കൊടുത്തയച്ചിരിക്കുന്നതിനാൽ കടപ്പത്രം എഴുതിയിട്ടുള്ളവർ എല്ലാവരും നാം അയച്ചിരിക്കുന്ന ആൾവശം സന്തോഷത്തോടെ അവരവരുടെ പലിശ കൊടുത്തയക്കുമെന്ന് നാം പൂർണ്ണമായി വിശ്വസിക്കുന്നു.

1068 മേടം 30–ാം തിയ്യതി

കോട്ടയത്ത് സിമ്മനാരിയിൽ നിന്നും (ഒപ്പ്)

(ഇടവകപത്രിക 1893, പു. 2, ല. 4)

## 38

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

മുദ്ര

മലങ്കര ഇടവകയിൽ ഉള്ള എല്ലാ പള്ളികളിലെ വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാററും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

ഈ കഴിഞ്ഞ മേട മാസത്തിൽ കോട്ടയത്ത് സിമ്മനാരിയിൽ കൂടിയ അസോസ്യേഷൻ മാനേജിംഗ് കമ്മട്ടിയിൽ അന്നേവരെ എഴുതിയിട്ടുള്ള അസോസ്യേഷൻ കടച്ചീട്ടുകളുടെ ആദായത്തിൽ നിന്ന് പുത്തൻ സിമ്മനാരിയുടെ നടത്തിപ്പിലേക്ക് കൊടുപ്പാനുള്ള സംഖ്യ കഴിച്ചുണ്ടാകുന്ന മുതൽ തൽക്കാലം ഒരു സഞ്ചാര പ്രസംഗിയെ നിയമിക്കുന്നതിലേക്ക് ഉപയോഗിക്കണമെന്ന് നിശ്ചയിച്ചതനുസരിച്ച് കായംകുളത്ത് ആലുംമൂട്ടിൽ ജോൺ എന്ന ആളെ മ്സബറോനോ ആയി നിയമിച്ച് കല്പന കൊടുത്തയച്ചിരിക്കുന്നതിനാൽ ടി. കല്പനയിലെ താല്പര്യം അനുസരിച്ച് നമ്മുടെ ആത്മീയ മക്കളായ എല്ലാ പള്ളിക്കാരും ഈ ആളെ കൈക്കൊണ്ട് അതാത് സ്ഥലങ്ങളിൽ ആവശ്യപ്പെടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് ഇതിനാൽ തെര്യപ്പെടുത്തുന്നു.[60]

എന്ന് 1893 കർക്കിടകം 22-ാം തീയ്യതി
പരുമല സിമ്മനാരിയിൽ നിന്ന് (ഒപ്പ്)

(ഇടവകപത്രിക 1893 കർക്കിടകം, പു. 2, ല. 7)

## 39

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

മുദ്ര

പാമ്പാക്കുട പള്ളിയിൽ നമ്മുടെ സ്നേഹിക്കപ്പെട്ട വികാരിയും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ,

നമ്മുടെ ഈ സംസ്ഥാനത്തിന്റെ തലസ്ഥാനവും രാജധാനിയും ആകുന്ന തിരുവനന്തപുരത്ത് മറ്റു മതക്കാർക്കും ജാതിക്കാർക്കും ഉള്ള തുപോലെ നമ്മുടെ സമൂഹത്തിനും ഒരു പള്ളിയും സ്ഥലവും ഇല്ലാതി രിക്കുന്നതിൽ വച്ച് നമ്മുടെ ജനം നേരിടുന്ന ബുദ്ധിമുട്ടും സങ്കടവും അന ല്പമാണ്. മാത്രമല്ല നമ്മുടെ കൂട്ടത്തിലൊരുവൻ അവിടെ എത്തി മരിച്ചു പോകുവാൻ ഇടവന്നാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടും അവസാനം നായ്ക്കും കുറുക്കനും ഭക്ഷണമായി തീരത്തക്ക സ്ഥലമായ കടപ്പുറത്ത് കൊണ്ടു പോയി അനാഥരെപ്പോലെ കുഴിച്ചിടുന്നതു കഷ്ടത്തിൽ കഷ്ടമായി തീർ ന്നിരിക്കുന്നു.

അവിടെ താമസിക്കുന്നവരും കാര്യവശാൽ ചെല്ലുന്നവരുമായ നമ്മുടെ ജനങ്ങൾക്ക് നേരിടുന്ന ഈ ബുദ്ധിമുട്ടുകളെ നാം അറിഞ്ഞതു മുതൽ ഒരു പള്ളിയും സ്ഥലവും അവിടെ ഉണ്ടാക്കണമെന്ന് വളരെ ആഗ്രഹവും അപേക്ഷയും നമുക്കുണ്ടായിരുന്നു എങ്കിലും മറ്റു കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞിരുന്ന് അതിലേക്ക് ശ്രദ്ധിപ്പാൻ തക്ക സൗകര്യം ഉണ്ടാകാഞ്ഞ തിനാൽ ഇതേവരെ താമസപ്പെട്ടുപോയി എന്ന് വ്യസനപൂർവം പറഞ്ഞു കൊള്ളുന്നു.

ആകയാൽ ഇപ്പോഴുണ്ടായ റോയൽ വിധിപ്രകാരം എത്രയും മാന്യ സ്ഥലമായ നമ്മുടെ പഴയ പള്ളി സ്ഥലം കിട്ടുകയും ടി സ്ഥലത്തു നിന്ന് കുറേ സ്ഥലം റോഡ് വെട്ടുന്നതിലേക്ക് എടുത്തുപോകയാൽ സ്ഥല ചുരുക്കം നിമിത്തം വളരെ വ്യസനമുണ്ടായി എങ്കിലും ഈ വിവരം നമ്മുടെ മഹാരാജാവ് അവർകളെ ബോധിപ്പിച്ചപ്പോൾ നമ്മുടെ അപേ ക്ഷയിന്മേൽ തിരുമേനിക്കും ദയവു തോന്നി കൊട്ടാരം വക തോപ്പിൽ നിന്ന് കുറെ സ്ഥലം കല്പിച്ചു തന്നു. എന്നല്ല, പള്ളി പണിക്കായി 500 രൂപ ഗവർമെണ്ടിൽ നിന്ന് കൂടെ തരുവിക്കയും ചെയ്തു. പള്ളിപ്പണിക്ക് തല്ക്കാലം ഇതല്ലാതെ പ്രത്യേകം ഒരു മുതൽ ഇല്ലാതെ ഇരുന്നു എങ്കിലും തിരുവനന്തപുരത്ത് ഒരു പള്ളിയും സ്ഥലവും ഉണ്ടാക്കണമെന്നുള്ള താല്പര്യവും അപേക്ഷയും നമ്മുടെ ജനങ്ങൾ എല്ലാവർക്കും പ്രത്യേകം ഉള്ള ഒരു കാര്യമാകയാൽ എല്ലാ പേരും കഴിയുന്ന സഹായം ചെയ്തു തരുമെന്ന് മനഃപൂർവ്വം വിശ്വസിച്ച് ഉടനെത്തന്നെ പള്ളിപ്പണിക്ക് ആരംഭി ക്കുകയും പള്ളി നമ്മുടെ സമുദായത്തിന്റെയും ആ സ്ഥലത്തിന്റെയും അവസ്ഥക്കും മഹിമക്കും തക്കവണ്ണം ആകാഞ്ഞാൽ കാഴ്ചക്കാരുടെ മതി പ്പിൽ നമ്മുടെ സമുദായത്തിന് ആക്ഷേപമായി തീരുമെന്നുള്ള വ്യസന ത്താൽ പണച്ചുരുക്കം ആലോചിക്കാതെ അവിടെയുള്ള ഇംഗ്ലീഷ് പള്ളി യുടെ വലിപ്പത്തിൽ തീർക്കുവാൻ തക്കവണ്ണം കണക്ക് നിശ്ചയിക്കയും

തറ മുഴുവനും ഇഷ്ടികകൊണ്ടു തന്നെ ബലമായി കെട്ടിക്കയും പള്ളി സ്ഥലത്തിന്റെ കിഴക്കേ ഭാഗം കുഴിയായി കിടന്നിരുന്നതിനെ നികത്തുകയും ചെയ്തപ്പോഴേക്കും ആയിരത്തിൽ അധികം രൂപാ ചെലവായിരിക്കുന്നു.

പള്ളിമുറി, മതിൽ, ശവക്കോട്ട, ഇതുകൾക്കുള്ള ചെലവിലേക്ക് അടങ്കൽ എടുപ്പിച്ചതിന് പള്ളിപണിക്ക് 7000 രൂപായും മുറിക്കും മതിലിനും കൂടി 2000 ത്തിൽ ചില്വാനം രൂപായും വേണ്ടിവരുമെന്നു കണ്ടിരിക്കുന്നു. എങ്കിലും ഈ സംഗതിയിൽ നമ്മുടെ ജനങ്ങൾ താല്പര്യമായി മനസ്സുവച്ച് സഹായിക്കുന്നപക്ഷം ഈ സംഖ്യ ഉണ്ടാകുന്നതിലേക്ക് വലിയ പ്രയാസമൊന്നും നാം വിചാരിക്കുന്നില്ല.

അതിനാൽ പ്രിയമുള്ളവരേ, ഈ കാര്യത്തിൽ യാതൊരു ഉപേക്ഷയും മടിയും നിങ്ങളിൽ ഉണ്ടാകാതെ കഴിയുന്ന സഹായത്തെ ചെയ്തു തരുവാൻ നാം ആഗ്രഹിക്കുന്നു. ദേവാലയങ്ങൾക്കുവേണ്ടി നിങ്ങൾ ചെയ്യുന്ന സഹായം മറ്റെല്ലാ ധർമ്മ വിഷയത്തേക്കാൾ വലിയതും അനുഗ്രഹിക്കത്തക്കതും ആക കൊണ്ട് നിങ്ങൾ ചെയ്യുന്ന സഹായത്തിന് തക്ക പ്രതിഫലം ദൈവത്തിൽ നിന്ന് ലഭിപ്പാൻ സംഗതി വരുമെന്നും പൂർണ്ണമായി വിശ്വസിപ്പിൻ.

ഈ സംഗതി തിരുവനന്തപുരത്ത് താമസിക്കുന്ന നമ്മുടെ ആത്മീയ മക്കളായ ഉദ്യോഗസ്ഥന്മാരും വിദ്യാർത്ഥികളും ഒരു സംഘം കൂടി ഒരു കമ്മട്ടി ഏർപ്പെടുത്തുകയും ആ കമ്മട്ടിയിൽ ലൂക്കോസ് വാധ്യാരെ പ്രസിഡണ്ടും വെസ്റ്റേൺ സ്റ്റാറിന്റെ ഉടമസ്ഥൻ കുന്നുംപുറത്ത് കുര്യനെ മുതൽപിടിയും ആയി സ്ഥിരപ്പെടുത്തുകയും പിരിക്കുന്ന മുതൽ അവരെ ഏൽപ്പിച്ച് പണി നടത്തിക്കുന്നതിന് നാം അനുവദിക്കയും ചെയ്തിരിക്കുന്നു.

അന്യമതക്കാരുടെ പള്ളികളുടെ മധ്യത്തിലും മഹാരാജാവ് അവർകളുടെയും മറ്റ് മഹാന്മാരുടെയും നിത്യകാഴ്ചയിലും സ്ഥാപിക്കപ്പെട്ടിരിക്കുന്ന നമ്മുടെ പള്ളി, പണിക്കുറവ് തീരാതെ, ആ വഴിയിൽ കൂടി കടന്ന് പോകുന്നവരുടെ ആക്ഷേപത്തിന് പാത്രമായി തീർന്നിരിക്കുന്നതിൽ വ്യസനം തോന്നി പള്ളി പണി ഇപ്പോൾത്തന്നെ കഴിപ്പാനുള്ള അപേക്ഷമേൽ ഈ കല്പന അയക്കുന്നതാകുന്നു. ടി പള്ളി പണി, കഴിയുന്നതും വേഗത്തിൽ മനോഹരമായി തീർന്നു കാണ്മാൻ തക്ക ഭക്തിവൈരാഗ്യം നിങ്ങൾക്കുണ്ടായി അവനവനാൽ കഴിയുന്ന ധർമ്മശേഖരം ഈ കല്പനയും കൊണ്ട് വരുന്ന കമ്മട്ടിയിലെ അംഗങ്ങളായ കെ. പി. പുന്നൂസും എം. ഒ. തോമസും വശം കൊടുത്തയക്കുകയും കൊടുക്കുന്ന സംഖ്യയും വീട്ടുപേരും പേരും ഇതൊന്നിച്ചയക്കുന്ന പുസ്തകത്തിൽ എഴുതി ഒപ്പിട്ട് കൊടുക്കയും വേണം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാവർദ്ധിച്ചിരിക്കുമാറാകട്ടെ.[61]

എന്ന് 1894-ന് കൊല്ലം 1069 മീനമാസം 10-ാം തീയ്യതി

കൊല്ലത്ത് പള്ളിയിൽ നിന്നും (ഒപ്പ്)

## 40

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

മുദ്ര

സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കടച്ചീട്ട് എഴുതിയിട്ടുള്ളവർ എല്ലാവരും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കടച്ചീട്ടുകളുടെ പലിശ പിരിച്ച് ശമ്പളം കൊടുത്ത് ഒരു സഞ്ചാരപ്രസംഗിയെ നിയമിക്കണമെന്ന് അസോസ്യേഷൻ മാനേജിംഗ് കമ്മിട്ടിയിൽ നിശ്ചയിച്ചതനുസരിച്ച് ഒരു ഉപദേശിയെ കഴിഞ്ഞ കൊല്ലത്തിൽ നിശ്ചയിച്ച വിവരം പ്രസിദ്ധം ചെയ്തിട്ടുണ്ടല്ലോ. ഇതേവരെ എഴുതിയിട്ടുള്ള കടച്ചീട്ടുകളുടെ പലിശ പിരിക്കുന്നതിന് രസീതു കൊടുത്ത് ആളയച്ചിരിക്കുന്നതിനാൽ അവരവരുടെ പലിശ ഉടനെ കൊടുത്ത് രസീതു വാങ്ങിക്കൊള്ളുകയും വേണം.

എന്ന് 1069 ഇടവം 24-ാം തീയ്യതി

കോട്ടയത്ത് സിമ്മനാരിയിൽ നിന്നും (ഒപ്പ്)

(ഇടവകപത്രിക 1894 പു. 3, ല. 4)

## 41

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

മലങ്കര ഇടവകയിൽ ചേർന്ന എല്ലാ പള്ളികളിലെ വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

നമ്മുടെ യാക്കോബായ സുറിയാനി സഭയുടെ അഭിവൃദ്ധിക്കും അതിലെ ശെമ്മാശന്മാരുടെയും പൈതങ്ങളുടെയും പഠിത്തത്തിനും മറ്റുമായി കോട്ടയം സിമ്മനാരിയും സ്വത്തുക്കളും നമ്മോടു കൂടെ കൈവശം വച്ചും മ. രാ. രാ. ശ്രീ. റസിഡണ്ട് സായ്പ് അവർകളുടെ ഖജനാവിൽ

വട്ടിക്കിട്ടിരിക്കുന്ന പണത്തിന്റെ പലിശ വാങ്ങിക്കയും മേൽ വിവരിച്ച ഉദ്ദേശ്യസിദ്ധിക്ക് വേണ്ട കാര്യങ്ങളിൽ നമ്മെ സഹായിക്കയും നമ്മോടു കൂടി നടത്തുകയും ചെയ്യേണ്ടതിലേക്ക് മരിച്ചുപോയ കുളങ്ങര ഇട്ടിയച്ചൻ പൈലിക്കും സഭാ മേലധ്യക്ഷനെയും നമ്മെയും ധിക്കരിച്ച് നടക്കുന്ന പുന്നത്ര ചാക്കോ ചാണ്ടപിള്ള കത്തനാർക്കും പകരം 1840-ലെ പഞ്ചായത്തു വിധിപ്രകാരം രണ്ടു ട്രസ്റ്റികളെ തെരഞ്ഞെടുക്കേണ്ടതിലേക്കായി 1892 കുംഭമാസം 10-ാം തീയ്യതി നാം നിങ്ങൾക്കയച്ചിരുന്ന സർക്കുലർ കല്പനയിലെ താല്പര്യം അനുസരിച്ച് പള്ളിക്കാർ എല്ലാവരും 1892 മീനമാസം 18-ാം തീയ്യതിയും അതിനടുത്ത ദിവസങ്ങളിലുമായി കോട്ടയത്ത് സിമ്മനാരിയിൽ കൂടുകയും കോനാട്ട് പുത്തൻപുരയിൽ മാത്തൻ കത്തനാരെയും കുന്നുംപുറത്ത് കോര ഉലഹന്നാനെയും ട്രസ്റ്റികളായി സമുദായ പ്രതിപുരുഷന്മാർ തെരഞ്ഞെടുത്ത് സ്ഥിരപ്പെടുത്തുകയും ചെയ്തു വല്ലോ.

മേല്പറഞ്ഞ ട്രസ്റ്റികളായ മാത്തൻ കത്തനാരുടെയും കോര ഉലഹന്നാന്റെയും രസീതിന്മേൽ വട്ടിപ്പണത്തിന്റെ പലിശയും മേലാൽ പലിശയും തരുന്നതിന് അനുവാദമുണ്ടാകണമെന്ന് 1892 ആഗസ്റ്റ് മാസം 27-ാം തീയ്യതി റസിഡണ്ട് സായ്പ് അവർകൾക്ക് എഴുതി അയച്ചതിൽ ചാണ്ടപ്പിള്ള കത്തനാരെ റോയൽക്കോടതി വിധിയാൽ ട്രസ്റ്റി സ്ഥാനത്തു നിന്നും നീക്കിയിട്ടില്ലാത്തതിനാൽ പുതിയ ട്രസ്റ്റികളെ അംഗീകരിച്ച് നമ്മുടെ അപേക്ഷയിലെ താല്പര്യപ്രകാരം പലിശപ്പണം തരാമോ എന്ന് സായ്പ് അവർകൾക്ക് സംശയമുണ്ടായി. 1892 സെപ്തംബർ 29-ാം തീയ്യതി ബഹുമാനപ്പെട്ട മദ്രാസ് ഗവൺമെന്റിലേക്ക് എഴുതി ചോദിക്കുകയും ആ ഗവൺമെണ്ടിൽ നിന്നും അഡ്വക്കേറ്റ് ജനറൽ അവർകളുടെ അഭിപ്രായം അറിയുന്നതിലേക്ക് റിക്കാർഡുകൾ അദ്ദേഹത്തിന് അയച്ചുകൊടുക്കുകയും റോയൽ വിധിയിൽ ചാണ്ടപ്പിള്ള കത്തനാർ ട്രസ്റ്റിസ്ഥാനത്തു നിന്ന് നീങ്ങിയില്ലെന്നും നമ്മുടെ അപേക്ഷ ആ കാരണത്തിന്മേൽ അനുവദിപ്പാൻ പാടില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടതനുസരിച്ച് റസിഡണ്ട് സായ്പ് അവർകൾ നമുക്ക് 1893 ജനുവരി 24-ാം തീയ്യതി മറുപടി തരികയും ചെയ്തു.

ചാണ്ടപ്പിള്ള കത്തനാർ അദ്ദേഹത്തിന്റെ മതവിരോധം ത്യജിക്കുകയും സഭാപിതാവിന്റെ അധികാരത്തിന് കീഴ്പ്പെട്ടും നമ്മോടും സമുദായത്താൽ നിയമിക്കപ്പെട്ട കോര ഉലഹന്നാനോടും ചേർന്ന് പണം വാങ്ങി സിമ്മനാരി കാര്യാദികൾ അന്വേഷിക്കയും ചെയ്യുന്നതിന് വിസമ്മതിച്ചതിനാൽ അയാളെ ട്രസ്റ്റി സ്ഥാനത്തു നിന്നും നീക്കുന്നതിലേക്ക് നാം അയാളുടെ മേൽ ആലപ്പുഴ ജില്ലാ കോടതിയിൽ 1069 അസ്സൽ 163-ാം നമ്പർ ആയി വ്യവഹാരപ്പെടുകയും പ്രതി ചാണ്ടപ്പിള്ള കത്തനാരെ ട്രസ്റ്റി സ്ഥാനത്തു നിന്ന് നീക്കി വിധിയുണ്ടാകയും ചെയ്തു.

അതിന്റെ ശേഷം ഈ വിവരം കാണിച്ച് നാം റസിഡണ്ട് സായ്പ് അവർകൾക്ക് എഴുതി അയക്കുകയും മുൻ നിശ്ചയിച്ച ട്രസ്റ്റികൾ ആയ മാത്തൻ കത്തനാർ, കോര ഉലഹന്നാൻ ഇവരുടെയും നമ്മുടെയും രസീതിന്മേൽ പലിശപ്പണം തരുന്നതിന് 1895 ജൂൺ മാസം 26-ാം തീയ്യതി അപേക്ഷിക്കുകയും ചെയ്തതിനു ടി മാത്തൻ കത്തനാരെ ട്രസ്റ്റിയായി നിങ്ങൾ നിശ്ചയിച്ച കാലത്ത് ചാണ്ടപ്പിള്ള കത്തനാരെ ട്രസ്റ്റി സ്ഥാനത്തു നിന്നും നീക്കിയിട്ടില്ലായിരുന്നതിനാൽ ആ നിയമനം ശരിയല്ലെന്നും മാത്തൻ കത്തനാരെ തന്നെയോ വേറെ ഒരു പട്ടക്കാരനെയോ മേലിൽ തെരഞ്ഞെടുത്ത് നിശ്ചയിച്ചതിന് മേൽ അപേക്ഷിപ്പാൻ വേണ്ട അനുവാദം തരുന്നതാണെന്നും സായ്പ് അവർകൾ 1895 ജൂലായി 6-ാം തീയ്യതി നമുക്ക് മറുപടി തന്നിരിക്കുന്നു.

അതിനാൽ നമ്മുടെ കീഴിൽ ഉള്ള എല്ലാ പള്ളിക്കാരെയും ഒരിക്കൽക്കൂടി കൂട്ടി ചാണ്ടപ്പിള്ള കത്തനാർക്ക് പകരം ഒരു ട്രസ്റ്റിയെ തെരഞ്ഞെടുക്കേണ്ടത് ആവശ്യമായി തീർന്നിരിക്കുന്നു.

ഈ സംഗതിയെപ്പറ്റി ആലോചിച്ച് തീർച്ചപ്പെടുത്തി പള്ളിക്കാരുടെ കൂട്ടത്തിൽ നിന്ന് ഒരു പട്ടക്കാരനെ വീണ്ടും ട്രസ്റ്റിയായി നിയമിക്കുന്നതിലേക്ക് 1895 വൃശ്ചിക മാസം 9-ാം തിയതിക്ക് 1071 വൃശ്ചിക മാസം 7-ാം തീയ്യതി വ്യാഴാഴ്ചയും അന്നുകൊണ്ട് മതിയാകാതെ വരുന്നപക്ഷം അടുത്ത ദിവസങ്ങളിലും ഒരു യോഗം കൂടണമെന്ന് നിശ്ചയിച്ചിരിക്കുന്നു.

ഈ കല്പന കൈപ്പറ്റിയാൽ അടുത്ത ഞായറാഴ്ച പള്ളികളിൽ വായിച്ച് പ്രതിപുരുഷന്മാരെ തെരഞ്ഞെടുക്കുന്നതിന് പിന്നത്തെ ഞായറാഴ്ചയ്ക്ക് അവധി വച്ച് പരസ്യപ്പെടുത്തുകയും രണ്ടാം ഞായറാഴ്ച ഈ കല്പന വീണ്ടും വായിച്ച ശേഷം കുർബ്ബാന കഴിഞ്ഞ് യോഗം കൂടിയിരുന്ന് നിങ്ങൾ എല്ലാവർക്കുമോ അധികം ആളുകൾക്കോ സമ്മതമുള്ള രണ്ടാളുകളെ നിങ്ങളുടെ പ്രതിപുരുഷന്മാരായി നിശ്ചയിച്ച് കോട്ടയത്ത് സിമ്മനാരിയിൽ മേലെഴുതിയ തീയ്യതികളിലെ കൂട്ടത്തിൽ എത്തത്തക്കവണ്ണം അയക്കയും ചെയ്യേണ്ടതാകുന്നു.

മേൽ വകുപ്പുകളിൽ വിവരിച്ചിട്ടുള്ളതുപോലെ പള്ളികളിൽ നിന്നും തെരഞ്ഞെടുത്ത് അയക്കപ്പെടുന്ന പ്രതിപുരുഷന്മാർ എല്ലാവരുമോ കൂടുന്ന പ്രതിപുരുഷന്മാരിൽ അധികംപേരോ സമ്മതിച്ച് നിശ്ചയിക്കുന്ന ട്രസ്റ്റി ഇതുപോലെ ഇനി ഒരു സംഘം കൂടി നിശ്ചയിക്കുന്ന കാലം വരെ നമ്മോട് ചേർന്ന് പറ്റ്ശീട്ട് കൊടുത്ത് ബ്രിട്ടീഷ് ഖജനാവിൽ നിന്ന് കുടിശ്ശികയുള്ളതും മേലാൽ ആണ്ടുതോറും കിട്ടേണ്ടതുമായ പലിശപ്പണം വാങ്ങുകയും ഈ പലിശയാലും സഭാമുതലിൽ നിന്ന് നേടീട്ടുള്ള വസ്തുക്കളുടെ ആദായം കൊണ്ടും മറ്റും സിമ്മനാരിയിൽ പഠിത്തം നടത്തേണ്ട

കാര്യാദികളെ അന്വേഷിച്ച് നടത്തിക്കയും ചെയ്യേണ്ടതാകുന്നു.

നിങ്ങളുടെ പ്രതിപുരുഷന്മാർ ഇന്നാരെന്ന് നിജപ്പെടുന്നതിനും അവരുടെ തെരഞ്ഞെടുപ്പിനെപ്പറ്റി വല്ല തർക്കങ്ങൾക്ക് ഇടം കൂടാതിരിക്കേണ്ടതിനും ഒരധികാരപത്രം എഴുതി അച്ചടിപ്പിച്ച് ഇത് സഹിതം അയച്ചിരിക്കുന്നതിനാൽ നിങ്ങൾ നിശ്ചയിക്കുന്ന പ്രതിപുരുഷന്മാരുടെ വീട്ടുപേരും ഇരട്ടപേരും അതിൽ എഴുതി ആ പള്ളിയിലെ വികാരിയും കത്തങ്ങളും കൈക്കാരും ഹാജരായ യോഗവും ഒപ്പിട്ട് നമ്മുടെ പക്കൽ തരുവാനായി അവരെ ഏല്പിക്കേണ്ടതാകുന്നു.

മേല്പറഞ്ഞ തീയ്യതികളിൽ പള്ളികളുടെ പ്രതിപുരുഷന്മാർ കോട്ടയത്ത് സിമ്മനാരിയിൽ കൂടി തെരഞ്ഞെടുത്ത് നിശ്ചയിക്കുന്ന ട്രസ്റ്റിയുടെ പേരും സംഘ നിശ്ചയങ്ങളുടെ വിവരവും മുറയ്ക്ക് നിങ്ങളുടെ അറിവിനു വേണ്ടി പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.[62]

നമ്മുടെ കർത്താവായ യേശുമശിഹായുടെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്

1895 തുലാമാസം 6-ാം തീയ്യതി
1071 തുലാമാസം 3-ാം തീയ്യതി
കോട്ടയത്തു സിമ്മനാരിയിൽ നിന്നും

(ഇടവകപത്രിക 1895 തുലാം, പു 4, ല. 10)

## 42

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായിൽ നിന്ന്

മലങ്കര ഇടവകയിലെ എല്ലാ പള്ളികളിലുമുള്ള നമ്മുടെ റൂഹായ്ക്കടുത്ത പുത്രന്മാർ എല്ലാവരും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

നമ്മുടെ സഭയിൽ ഉൾപ്പെട്ട കുട്ടികൾ അന്യമതക്കാരുടെയും ജാതിക്കാരുടെയും പള്ളിക്കൂടങ്ങളിൽ വിദ്യ അഭ്യസിച്ചതിനാൽ പലരും മനഃപൂർവ്വമല്ലാതെ മതവിരോധികളായി തീരുകയും വിദ്യാഭ്യാസം കൊണ്ടു സമുദായത്തിന്റെ തൂണുകളായി പരിണമിക്കേണ്ടിയിരുന്ന പലരും വിരുദ്ധത്തിന്റെ പാറകളായി ഭവിക്കുകയും ചെയ്തുപോയിരിക്കുന്നു എന്നു എല്ലാവരും അറിഞ്ഞിട്ടുള്ളതാണല്ലോ. അതിനാൽ നമ്മുടെ പുത്രന്മാരുടെ ഉത്കൃഷ്ട വിദ്യാഭ്യാസത്തിനായി മാർ ദീവന്നാസ്യോസ് സിമ്മനാരി എന്ന നാമത്തിൽ കോട്ടയത്തു ഒരു ഇംഗ്ലീഷ് പാഠശാല സ്ഥാപിച്ചു നടത്തു

വാൻ ആരംഭിച്ചിട്ടു ഇപ്പോൾ രണ്ടു കൊല്ലം തികഞ്ഞിരിക്കുന്നു.

ഈ സിമ്മനാരി എല്ലാ ജാതിമതാദികളിലും ഉൾപ്പെട്ട ഏവർക്കും പഠിപ്പാൻ തക്ക സ്വാതന്ത്ര്യത്തിൽ തുറക്കപ്പെട്ടിരിക്കുന്നു[63] എങ്കിലും അതിന്റെ പ്രധാന ഉദ്ദേശ്യം നമ്മുടെ പുത്രന്മാർ അതിൽ പഠിച്ച് വിദ്യ പ്രാപിക്കണമെന്നാകുന്നു. എങ്കിലും ഇപ്പോൾ പഠിച്ചുവരുന്ന പല മതക്കാരെയും ജാതികളെയും താരതമ്യപ്പെടുത്തിയാൽ നമ്മുടെ മക്കളുടെ സംഖ്യ വളരെ കുറവായിരിക്കുന്നു എന്നു മാത്രമല്ല നമ്മുടെ സമുദായത്തിൽപെട്ട പലരും അന്യപാഠകശാലകളിൽ പഠിച്ചു വരുന്നതായും അറിയുന്നതിൽ നാം അത്യന്തം വ്യസനിക്കുന്നു.

പ്രിയ പുത്രന്മാരേ, മട്രിക്കുലേഷ്യൻ പരീക്ഷ വരെയുള്ള ഉൽകൃഷ്ട പഠിത്വത്തിനു ആവശ്യപ്പെട്ട സകല സൗകര്യങ്ങളും നമ്മുടെ സെമിനാരിയിൽ ഉള്ളപ്പോൾ അതിനെ നമ്മുടെ മക്കൾ ശരിയായി ആദായപ്പെടുത്താതിരിക്കുന്നതു വളരെ കഷ്ടമാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. നമുക്കു സ്വന്തമായി പാഠകശാലകൾ ഇല്ലാതിരുന്ന കാലത്തു നമ്മുടെ മക്കൾ അന്യപള്ളിക്കൂടങ്ങളിൽ ചേർന്നു പഠിക്കേണ്ടിവന്നു എങ്കിലും ഇപ്പോൾ ആ കുറവു നീങ്ങിയിരിക്കുന്നതിനാൽ ഈ സൗകര്യത്തെ എല്ലാവരും ഉപയോഗപ്പെടുത്തേണ്ടതാകുന്നു. സ്വന്ത ഭവനത്തിനു ഭംഗിപോരെന്നോ വിസ്താരം പോരെന്നോ വിചാരിച്ചു ആരും സ്വന്തഭവനമുള്ളപ്പോൾ അന്യഭവനങ്ങളിൽപോയി പാർക്കുന്നില്ലല്ലോ. ഇതര പള്ളിക്കൂടങ്ങളോടു എന്തെല്ലാം സംബന്ധങ്ങളോ സ്നേഹമോ ഉണ്ടായിരുന്നാലും സ്വന്തത്തെ പുലർത്തേണ്ടിയ ചുമതല സമുദായത്തിൽ ഉൾപ്പെട്ട എല്ലാവർക്കും ഉള്ള സ്ഥിതിക്കു ദ്രവ്യദാനങ്ങളാൽ സഹായിക്കുന്നതിനു പുറമേ തങ്ങളുടെ മക്കളെക്കൊണ്ടു ഈ സെമിനാരിയെ പുഷ്ടിപ്പെടുത്താവുന്നവർ ആ വിധത്തിലും ഇതിനെ പ്രോത്സാഹിപ്പിക്കേണ്ടതു എല്ലാവരുടെയും പ്രത്യേക കടമയാകുന്നു.

“ദ്വേഷതയോടുകൂടി തടിച്ച കാളകളേക്കാൾ സ്നേഹത്തോടുകൂടിയ പച്ച സസ്യവിരുന്നു നല്ലതാകുന്നു. കലഹത്തോടു കൂടിയ ബലികൊണ്ടു നിറഞ്ഞ ഭവനത്തേക്കാൾ സമാധാനത്തോടുകൂടിയ ഉണക്കപ്പം നല്ലതാകുന്നു” എന്നിങ്ങനെ ബുദ്ധിമാനായ ശ്ലേമ്മോൻ രാജാവു കല്പിച്ചിരിക്കുന്നതുപോലെയെങ്കിലും ആരംഭത്തിൽ തന്നെ ഈ സിമ്മനാരിയെക്കുറിച്ചു സമുദായം മുഴുവൻ വിചാരിക്കേണ്ടതായിരുന്നു. എന്നാൽ ഇപ്പോഴോ സ്നേഹത്തോടുകൂടിയ പച്ചസസ്യവിരുന്നോ സമാധാനത്തോടു കൂടിയ ഉണക്കപ്പമോ മാത്രമായിട്ടല്ലാ, സ്നേഹത്തോടുകൂടിയ തടിച്ച കാളപോലെയും സമാധാനത്തോടുകൂടിയ ബലികളാൽ നിറയപ്പെട്ട ഭവനം പോലെയും ഈ സെമിനാരിയെക്കുറിച്ചു വിചാരിക്കേണ്ടിയ സമയം ആയിരിക്കുന്നു.

അതിനാൽ നമ്മുടെ സമുദായം വകയായി അവിടവിടെയുള്ള പ്രാഥമിക പാഠശാലകളിൽ പഠിപ്പാൻ സൗകര്യമില്ലാത്തവരായി നമ്മുടെ സമുദായത്തിൽ ഉൾപ്പെട്ട ഏവരും പ്രത്യേകിച്ചു അന്യമത ജാതികളുടെ പള്ളിക്കൂടങ്ങളിൽ പഠിക്കുന്നവരും പുതുവത്സരാരംഭമാകുന്ന ഇപ്പോൾ തന്നെ നമ്മുടെ ദീവന്നാസ്യോസ് സിമ്മനാരിയിൽ ചേർന്നു പഠിക്കണമെന്നു എല്ലാവരോടും നാം പ്രത്യേകം ഗുണദോഷിക്കയും ആജ്ഞാപിക്കയും ചെയ്യുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങൾ എല്ലാവരോടുംകൂടി വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1895-നു 1070 മകരമാസം 23-നു

*(1895 മകരം ഇടവകപത്രിക, പു. 4, ല. 1)*

## 43

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

നമ്മുടെ അങ്കമാലി, നിരണം മുതലായ മലങ്കര ഇടവകയിലെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ, നമ്മുടെ സമുദായത്തിന് സ്വന്തമായി ഇംഗ്ലീഷ് പഠിപ്പിന് ഒരു പള്ളിക്കൂടം ഇല്ലാതിരുന്നതിനാൽ അനേകം കുട്ടികൾ അന്യമതക്കാരുടെ പാഠകശാലകളിൽ പോയി പഠിപ്പാനും വിദ്യാഭ്യാസം മൂലം നമ്മുടെ സഭയുടെ തൂണുകളായിത്തീരേണ്ട പല ബാലന്മാർ വിശ്വാസത്തിന്റെ വൈരികളായിത്തീരുവാനും ഇടവരുന്നതായി കണ്ട് നാം വളരെ വ്യസനിച്ചിരിക്കുമ്പോൾ, കഴിഞ്ഞുപോയ ഡാറാ സായ്പ് അവർകൾ തക്കതായ സഹായം ചെയ്യാമെന്ന് വാഗ്ദത്തം ചെയ്തതിനാൽ അദ്ദേഹത്തിന്റെ സഹായത്തോടുകൂടി കോട്ടയത്ത് ഒരു സ്ഥലം വാങ്ങി പണി ആരംഭിക്കയും നമ്മുടെ സമുദായത്തിന്റെ ഭാഗ്യദോഷത്താൽ ആ സായ്പ് മരിച്ചു പോയതു മൂലം നാം വളരെ ഞെരുങ്ങിയും കഷ്ടപ്പെട്ടും കടം വാങ്ങിച്ചും കെട്ടിടം ഒരു നിലയായി തീർക്കയും ചെയ്തു.[64]

അനന്തരം അതിൽ പഠിത്തം നടത്തുന്നതിന് ലൗകിക കണ്ണിനാൽ കാണാവുന്ന യാതൊരു സഹായവും കൂടാതെ ആത്മകണ്ണിനാൽ മാത്രം ദൃശ്യമായ ദൈവശക്തിയിൽ ആശ്രയിച്ചുംകൊണ്ട് നമ്മുടെ പുത്രന്മാരിൽ നാലു പേരെ ചുമതലപ്പെടുത്തുകയും പള്ളിക്കാരുടേയും മറ്റും സഹായത്തോടു കൂടെ ഇതേവരെ വളരെ ഭംഗിയായി പഠിത്തം നടത്തുകയും

ചെയ്തു വരുന്ന വിവരം നിങ്ങൾക്കറിവുണ്ടല്ലോ. ഇതേ വരെ കഴിഞ്ഞ സംഭവങ്ങൾകൊണ്ട് നമ്മുടെ സിമ്മനാരി വളരെ അഭിവൃദ്ധിയായി നടന്നു എന്നും മേലിലും ഇങ്ങനെ തന്നെ നടന്നുപോകുമെന്നും വിശ്വസിക്കുന്നു. മദ്രാസ് സർവകലാശാലയും തിരുവിതാംകൂർ ഗവൺമെന്റും ഈ സിമ്മ നാരിയെ ഒരു ഹൈസ്കൂൾ ആയി സ്വീകരിക്കുകയും ഗ്രാന്റ് കൊടുക്കു കയും പരീക്ഷകളിൽ നല്ല ഫലങ്ങൾ കാണുകയും ചെയ്തു വരുന്നതി നാൽ വിചാരിക്കുന്നതിൽ അധികം കുട്ടികൾ ചേർന്നു വരുന്നു.

ഈ കെട്ടിടം ആരംഭിച്ചപ്പോൾ ഇത്ര വലിപ്പം ആവശ്യമില്ലെന്ന് എല്ലാ വരും വിചാരിച്ചിരുന്നു. എങ്കിലും ആവശ്യത്തിൽ അധികമെന്ന് വിചാരി ച്ചിരുന്ന ഈ കെട്ടിടം ഇപ്പോൾ പഠിത്തത്തിന് മതിയാകാതെ തീർന്നിരി ക്കുന്നു. കുട്ടികളുടെ ബഹുത്വം കൊണ്ട് ചില ക്ലാസ്സുകളെ വേർതിരിച്ച് ചില തല്ക്കാല കെട്ടിടങ്ങളിൽ പഠിപ്പിക്കയും അനേകം പുതിയ അപേ ക്ഷകരെ ഉപേക്ഷിപ്പാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. നമ്മുടെ സമുദായത്തിൽ ഉള്ള കുട്ടികൾ എല്ലാം അന്യ പള്ളിക്കൂടങ്ങളിൽ പോയി പഠിക്കാതിരിപ്പാൻ വേണ്ടി ഉണ്ടാക്കിയിരിക്കുന്ന ഈ സിമ്മനാരിയിൽ സ്ഥലം പോരാതെ വരുന്നതുകൊണ്ട് മാത്രം നമ്മുടെ കുട്ടികളെ വിട്ടയ ക്കേണ്ടി വരുന്നതിൽപ്പരം വ്യസനം മറ്റൊന്നും നമുക്കില്ല.

അതിനാൽ ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയിൽ ഈ സിമ്മനാരി കെട്ടിടം ഉയർത്തി രണ്ട് നിലയാക്കുന്നതായാൽ വേണ്ടുവോളം സ്ഥലം ഉണ്ടാ കുന്നതാണ്. അങ്ങനെ ചെയ്യുന്നതിന് ഏഴായിരം രൂപാ വരെ ചിലവ് വേണ മെന്ന് അടങ്കൽ കണ്ടിരിക്കുന്നു. ഇതിൽ മൂന്നിൽ ഒരു ഭാഗം ഗ്രാന്റായി ഗവൺമെന്റിൽ നിന്ന് തരുന്നതാകകൊണ്ട് ശിഷ്ടം മാത്രം നാം ഉണ്ടാ ക്കിയാൽ എല്ലാ പ്രകാരണേയും നമ്മുടെ സമുദായത്തിന് ഉയർച്ച യുണ്ടാകുന്നതാണ്. അതിനാൽ നമ്മുടെ ജനങ്ങളിൽ നിന്നും പള്ളിക ളിൽ നിന്നും യഥാശക്തി ഒരു പിരിവ് എടുത്ത് ഈ വലിയ പണി നട ത്തുവാൻ നിശ്ചയിച്ച് അതിലേക്കു ചുമതലക്കാരായി നമ്മുടെ പൗലൂസ് റമ്പാച്ചനെയും മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരെയും പൂവ ത്തൂർ യാക്കോബ് കത്തനാരെയും ഓമല്ലൂർ ഇലവിനാമണ്ണിൽ സ്കറിയാ കത്തനാരെയും മനോരമ പത്രാധിപർ കണ്ടത്തിൽ വറുഗീസ് മാപ്പി ളയെയും ഇടവകപത്രിക പത്രാധിപർ ഇടവഴിക്കൽ പീലിപ്പോസിനെയും കുന്നുമ്പുറത്ത് കുര്യൻ ചെറിയാനെയും കായംകുളത്ത് ആലുംമൂട്ടിൽ ജോൺ ഉപദേശിയെയും നിയമിച്ചിരിക്കുന്നു. ഇവർ ഒരുമിച്ചോ ഈ രണ്ടു പേർ ഭാഗം തിരിഞ്ഞോ പള്ളികളിൽ സഞ്ചരിപ്പാൻ നിശ്ചയിച്ചിരിക്കുന്ന തിനാൽ അവർ വരുമ്പോൾ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും യഥാശക്തി പിരിവ് എടുത്ത് കൊടുത്ത് നമ്മുടെ സമുദായത്തിന് ഒരു വലിയ പ്രശംസയും എടത്തൂടുകളെ[65] തടുക്കുവാൻ ഒരു വേലിയും ആയി

ത്തീർന്നിരിക്കുന്ന നമ്മുടെ സിമ്മനാരിയുടെ ഉയർച്ചയ്ക്ക് നിങ്ങൾ ഓാഹരിക്കാരായിത്തീരുകയും വേണം.

എതിർ കക്ഷികൾ നമ്മേക്കാൾ എണ്ണത്തിലും ശക്തിയിലും ചുരുങ്ങിയവർ ആയിരുന്നിട്ടും അവർ പള്ളിക്കൂടം പണിയിക്കയും പഠിത്തം നടത്തുകയും ചെയ്യുന്നത് വിചാരിക്കുമ്പോൾ ഉത്സാഹം ഉണ്ടെങ്കിൽ എന്തും സാധിപ്പാൻ പ്രയാസമില്ലെന്ന് തീർച്ചയായി ബോധ്യപ്പെടും. നമുക്കോ ഒരു കെട്ടിടം രണ്ടു നിലയാക്കിയാൽ മാത്രം മതി. റൂഹായ്ക്കടുത്ത വൈരാഗ്യവും നമ്മുടെ കുഞ്ഞുങ്ങളുടെ മേൽ ഉള്ള സ്നേഹവും നിങ്ങൾക്കുണ്ടായി ഈ നല്ല കാര്യത്തിൽ നിങ്ങൾ താല്പര്യക്കാരായിരുന്ന് പിരിവിന് വരുന്ന നമ്മുടെ പുത്രന്മാരെ താമസിപ്പിക്കാതെ അയക്കയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളുടെ കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1896-ാമാണ്ട് കന്നി മാസം 28-ാം തീയ്യതി.
കോട്ടയത്ത് സിമ്മനാരിയിൽ നിന്ന്.

(ഇടവകപത്രിക 1896 കന്നി, പു. 5, ല. 9)

## 44

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

മലങ്കര ഇടവകയിൽ ഉള്ള എല്ലാ പള്ളികളിലെ വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ, കാലം ചെയ്തു പോയ ബഹുമാനപ്പെട്ട നമ്മുടെ ബാവായോടു[66] കൂടെ വന്നിട്ടുള്ള നമ്മുടെ ആത്മിക പുത്രനാകുന്ന സ്ലീബാ ചെമ്മാശ് സ്വന്ത രാജ്യത്തിലേക്കു പോകുവാൻ ഒരുങ്ങപ്പെട്ട് നിങ്ങളോട് യാത്രപറഞ്ഞ് പിരിവാൻ പുറപ്പെട്ടു വരുന്നതാകുന്നു. നമ്മുടെ സമുദായത്തിന് നേരിട്ടിരുന്ന വല്യ വ്യവഹാരനാളുകളിൽ ബഹുമാനപ്പെട്ട ഈ ബാവാ ഇവിടെ വന്നതിൽ വച്ചുണ്ടായ ഉപകാരങ്ങൾ എത്ര എന്ന് ഇവിടെ വിവരിപ്പാൻ പ്രയാസം. നല്ല ഇടയൻ തന്റെ ആടുകൾക്കു വേണ്ടി തന്റെ ജീവനെ ഏല്പിക്കുമെന്ന് കല്പിക്കപ്പെട്ടിരിക്കുന്നപ്രകാരം ബഹുമാനപ്പെട്ട ഇദ്ദേഹം തന്റെ രാജ്യത്തെയും സ്വജനങ്ങളെയും തന്റെ വൃദ്ധതയിൽ നമ്മളെ പ്രതി ഉപേക്ഷിച്ച് ഇവിടെ കാലം ചെയ്തു പോയി എന്നല്ലാതെ, തനിക്കാകട്ടെ തന്റെ വാത്സല്യ ശിഷ്യനായ സ്ലീബാ ശെമ്മാശിനാകട്ടെ ഒന്നും താൻ കരുതിയിട്ടുണ്ടായിരുന്നില്ലെന്ന് നമുക്ക് മാത്രമല്ല അദ്ദേ

ഹത്തെ അറിഞ്ഞിട്ടുള്ളവരായ എല്ലാവർക്കും നല്ല നിശ്ചയമാണ്.

ഇനി സ്ലീബാ ശെമ്മാശനെക്കുറിച്ച് പറക എന്ന് വച്ചാൽ ഇയ്യാളും തന്റെ ഗുരുവിനെപ്പോലെ എത്രയും നല്ല മനുഷ്യനും ദൈവികകാര്യങ്ങളിൽ വളരെ ഭക്തിവൈരാഗ്യമുള്ള ആളും നല്ല ഒരു പ്രസംഗിയും ആകുന്നു. ബാവായുടെ കാലശേഷം ഉണ്ടായ ഇയാളുടെ താമസത്താലും പ്രസംഗത്താലും നമ്മുടെ സഭയ്ക്ക് വളരെ ഗുണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് കണ്ടറിവാണ്. ഇപ്പോൾ പോകണമെന്നുണ്ടായിരിക്കുന്ന ഈ വിചാരം ബാവാ കാലം ചെയ്തപ്പോൾ തന്നെ ഉണ്ടായി എങ്കിലും ഇവിടെയുള്ള ഇയാളുടെ താമസത്താൽ നമ്മുടെ സമുദായത്തിനുണ്ടായിരുന്ന ഗുണത്തെ ഓർത്ത് നാമും ബഹുമാനപ്പെട്ട നമ്മുടെ സഹോദരന്മാരായ മെത്രാപ്പോലീത്തന്മാരും വിരോധിച്ചതിനാലും കാലം ചെയ്തുപോയ നമ്മുടെ പാത്രിയർക്കീസ് ബാവായുടെ കല്പനയാലും ഇതേവരെ താമസപ്പെട്ട് പോയതാണ്.

എന്നാൽ ഇപ്പോൾ പോയേ കഴിയൂ എന്നുണ്ടായിരിക്കുന്നു. വ്യസന വിചാരം തുർക്കി ഗവൺമെണ്ട് അർമ്മീന്യക്കാരോട് ചെയ്തുവരുന്ന അക്രമമായ ക്രൂരത പ്രവൃത്തികൾ ഈ ശെമ്മാശിന്റെ രാജ്യത്തുള്ള അർമ്മീന്യക്കാരോടുകൂടെ നമ്മുടെ ജനങ്ങളെയും അകപ്പെടുത്തി ക്രൂരതകൾ ചെയ്തുവരുന്നപ്രകാരം അറിവു കിട്ടിയ മുതൽ വ്യസനാബ്ധിയിൽ മുഴുകുകയും യാത്രക്ക് ഒരുങ്ങുകയും ചെയ്തതാകുന്നു.

അതിനാൽ വാത്സല്യമുള്ളവരേ, ഏറിയനാൾ നമ്മുടെ രാജ്യത്ത് വസിക്കയും ഇപ്പോൾ സ്വന്തത്തിലേക്കു പോകുവാൻ വ്യസനത്തോടെ യാത്ര ഒരുങ്ങുകയും ചെയ്തിരിക്കുന്ന നമ്മുടെ ആത്മിക പുത്രനാകുന്ന സ്ലീബാ ചെമ്മാച്ചന്റെ യാത്രയിൽ നിങ്ങൾക്കെല്ലാവർക്കും സഹതാപമുണ്ടായി കഴിയുന്ന സഹായത്തോടും സ്നേഹത്തോടും കൂടി യാത്ര പറഞ്ഞയച്ച് കാണ്മാൻ നാം ആഗ്രഹിക്കുന്നു.

വിശേഷിച്ചും ഈ നമ്മുടെ ചെമ്മാച്ചന്റെ യാത്ര യരുശലേം വഴിയും അവിടെ കുറെ താമസമുള്ളതുമാകയാൽ നമ്മുടെ രക്ഷിതാവായ മശിഹാതമ്പുരാന്റെ കബറിങ്കലേക്ക് വഴിപാടുകൾ നേർന്നിട്ടുള്ളവർ ആരെങ്കിലും ഉണ്ടായാൽ ആ വക നേർച്ചകൾ ഇയാളുടെ പക്കൽ കൊടുത്തയച്ചാൽ ഭദ്രമായി അവിടെ എത്തിച്ച് വിവരത്തിന് മറുപടികൾ അയക്കുകയും ചെയ്യുന്നതാകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ ഉണ്ടാകുമാറാകട്ടെ.

എന്ന്, 1896 തുലാമാസം 21-ാം തീയ്യതി.

കോട്ടയത്ത് സിമ്മനാരിയിൽ നിന്നും.

(ഇടവകപത്രിക 1896 തെശ്രീൻഫ്രോയി - വൃശ്ചികം, പു. 5, ല. 11)

## 45

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

(മുദ്ര)

നമ്മുടെ പ്രിയ പുത്രന്മാരായ തിരുവാർപ്പിൽ കളപ്പുരയ്ക്കൽ കൊച്ചിട്ടി ജോണും കരിയിൽ വർഗ്ഗീസ് ഉതുപ്പും കുമരകത്ത് പാലക്കുളത്തിൽ പോത്തൻ തോമസും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ, ദൈവവചനം പ്രസംഗിക്ക എന്ന് പറഞ്ഞുകൊണ്ട് ഇടത്തൂടുകളെ (വിശ്വാസവിപരീതം - എഡിറ്റർ) പ്രസംഗിക്കുന്നതിനും ആത്മാക്കളെ വഴിതെറ്റിക്കുന്നതിനും അനേകം ദുഷ്ടന്മാർ ഈ കാലത്ത് പുറപ്പെട്ടിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. നമ്മുടെ ജനം അങ്ങനെയുള്ളവരുടെ തെറ്റായ ഉപദേശത്തിൽ അകപ്പെടാതിരിപ്പാൻ വേണ്ടിയും സത്യവിശ്വാസത്തിന്റെ പ്രസംഗികൾ നമ്മിൽ ഉണ്ടായിരിക്കേണ്ടത് ആവശ്യമാകയാലും വിശ്വാസത്തിൽ സ്ഥിരമുള്ളവരെന്ന് പരിശോധനയാൽ ബോധപ്പെട്ട് മേല്പട്ടക്കാരാൽ അനുഗ്രഹിച്ച് നിയമിക്കപ്പെടുന്നവർ അല്ലാതെ ആരും പ്രസംഗിപ്പാൻ ശുദ്ധ സഭ അനുവദിച്ചിട്ടില്ലാത്തതിനാലും, ഈ ദൈവിക വേലയ്ക്ക് നമ്മുടെ പുത്രന്മാരായ നിങ്ങളെ നാം പരിശോധിച്ചതിൽ നിങ്ങൾ സത്യവിശ്വാസത്തിൽ സ്ഥിരമുള്ളവരും ദൈവവചനം പ്രസംഗിപ്പാൻ പ്രാപ്തിയുള്ളവരും ആണെന്ന് നമുക്ക് തൃപ്തിപ്പെട്ടതിനാൽ നാം നിങ്ങളെ അനുഗ്രഹിച്ച് പ്രസംഗവേലയ്ക്കായി ഇതിനാൽ നിശ്ചയിച്ച് അയക്കുന്നു.[67]

നമ്മുടെ പള്ളികളിലും ജനങ്ങളിലും ദൈവവചനം പ്രസംഗിപ്പാനും ആത്മാക്കളെ ദൈവത്തിങ്കലേക്ക് തിരിപ്പിപ്പാനും ഇടത്തൂടുകളെ നിർമ്മൂലമാക്കുവാനും നിങ്ങൾക്ക് അനുവാദം തന്നിരിക്കുന്നതിനാൽ ഈ ദൈവിക ജോലിയിൽ നിങ്ങൾ അത്യുത്സാഹികൾ ആയിരിക്കണം.

ദൈവത്തിന്റെ വചനം തേനിനേക്കാളും തേൻകട്ടയേക്കാളും മധുരമുള്ളതാകുന്നു എന്നുള്ള ദൈവവചനം നിങ്ങൾ ധ്യാനിച്ച് പ്രസംഗിക്കുന്നതിൽ ജാഗ്രതയുള്ളവരും വിശ്വാസത്തിൽ സ്ഥിരമുള്ളവരുമായിരിപ്പാൻ നാം നിങ്ങളോട് പ്രത്യേകം ഗുണദോഷിക്കുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടുകൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1072 ധനു 20-ാം തീയ്യതി കോട്ടയത്തു സിമ്മനാരിയിൽ നിന്ന്

(ഇടവകപത്രിക 1897 നീസാൻ, പു. 6, ല. 4)

## 46

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

മലങ്കര ഇടവകയിലുള്ള എല്ലാ പള്ളികളിലേക്കും ... വാഴ്വ്.

പ്രിയമുള്ളവരേ, നമ്മുടെ സമുദായത്തിന് പൊതുവായും മലങ്കര ഇടവകയ്ക്ക് തലസ്ഥാനമായും ഇരിക്കുന്ന കോട്ടയത്ത് സിമ്മനാരിയുടെ സ്ഥാപകനായ വന്ദ്യ പിതാവ് സിമ്മനാരിയോട് ചേർന്ന് ഏറ്റവും ഭംഗിയായി ഒരു പള്ളി കൂടെ പണിയിപ്പാൻ ആലോചിച്ചിരുന്നത് സാധിക്കാതെ കാലം ചെയ്തു പോകയും പിന്തുടർച്ചക്കാരോ താൽക്കാലികമായി ഒരു പള്ളി പണിയിച്ചു[68] എന്നല്ലാതെ ദൈവഭവനത്തിന് പ്രധാനമാകുന്ന ശുദ്ധതയുള്ള ശുദ്ധസ്ഥലമാകുന്ന മദ്ബഹാ, ഹൈക്കലാ മുതലായ പണികൾ ഒന്നും നടത്തിപ്പാൻ കഴിയാതെ കഴിഞ്ഞുപോകയും ചെയ്തിട്ടുള്ള വിവരം എല്ലാവരും അറിഞ്ഞിട്ടുള്ള കാര്യമാകയാൽ അതിനെക്കുറിച്ച് ആവർത്തിച്ച് പറഞ്ഞിട്ടാവശ്യമില്ലെങ്കിലും അന്ന് താൽക്കാലികമായി പണിയിപ്പിച്ചിട്ടുള്ള പള്ളി തന്നെയും ജീർണ്ണപ്പെട്ടിരുന്നൊരു സന്ദർഭത്തിലാണ് സിമ്മനാരി മുതലായവകൾ നമുക്ക് കൈവശം കിട്ടിയത്.

ഈ പള്ളി നമ്മുടെ സമുദായത്തിന് പൊതുവായും ആസ്ഥാനമായും ഇരിക്കുന്നതുകൊണ്ട് മലങ്കരയിലുള്ള എല്ലാ പള്ളികളിലും വച്ച് ഉന്നതമായിരിക്കണമെന്ന് വളരെ ആഗ്രഹവും അപേക്ഷയും നമുക്കുണ്ടായിരുന്നു. എന്നാൽ നമ്മുടെ സഭയുടെ തല്ക്കാല സ്ഥിതിക്ക് അത്ര വലിയ പണികൾക്ക് പാടില്ലെന്ന് കണ്ടതുകൊണ്ട് കാരണവന്മാരാൽ ഇട്ട അടിസ്ഥാനത്തെ പൂർത്തീകരിക്കയും കേടുകളെ പോക്കുകയും ചെയ്യണമെന്ന് ഏറിയ ദിവസങ്ങളായി നാം ആലോചിക്കുകയും അപ്പോഴേക്ക് നമ്മുടെ സമുദായത്തിന് ഇതിലും ആവശ്യപ്പെട്ടതായി കാണപ്പെട്ട ഇംഗ്ലീഷ് സിമ്മനാരി, തിരുവനന്തപുരത്തെ പള്ളി ഇവകളുടെ പണിക്കായും പൂർത്തിക്കായും നാം ബദ്ധപ്പെട്ടും പ്രയാസപ്പെട്ടും നടന്നതിനാൽ സിമ്മനാരി പള്ളിപ്പണി തുടങ്ങുവാൻ പിന്നെയും കഴിയാതെ താമസപ്പെട്ടു പോയി എന്ന് പറയേണ്ടിയിരിക്കുന്നു.

നമ്മുടെ സമുദായത്തിന് കാണുന്ന എല്ലാ കുറവുകളെയും നിറവേറ്റി സിമ്മനാരിപ്പള്ളിപ്പണി ആരംഭിച്ചുകൊള്ളാമെന്നുള്ള വിചാരം നമ്മുടെ കാലത്തിൽ സാധിപ്പാൻ പ്രയാസമെന്നുള്ള മനോവ്യസനം നമ്മിൽ വർദ്ധി

ച്ചതിനാൽ നമ്മുടെ സമുദായത്തിൽ നിന്നുണ്ടാവുന്ന ധർമ്മശേഖരങ്ങൾ പിരിച്ച് പള്ളിപ്പണി നടത്തിപ്പിനായി നമ്മുടെ ആത്മികപുത്രനായ ബ. പൗലൂസ് റമ്പാച്ചനെ നാം ഭരമേല്പിക്കയും അദ്ദേഹത്തെ നാം ഭരമേല്പിച്ച കാര്യം എങ്ങനെയും നിറവേറ്റണമെന്ന് ഉണ്ടായ ഭക്തിവൈരാഗ്യത്താൽ അനേക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിച്ച് പള്ളിയും മദ്ബഹായും നന്നായി പണികഴിപ്പിച്ച് ഓട് ഇടുവിച്ചു എന്ന് മാത്രമല്ല സിമ്മനാരിയോട് തൊട്ട് വിശേഷമായ ഒരു നാടകശാലകളും പണിയിച്ചിരിക്കുന്നു. ബ. റമ്പാച്ചന്റെ ഇതിലേക്കുണ്ടായ പ്രയത്നം വളരെ പ്രശംസനീയവും സ്തുത്യയോഗ്യവുമാകുന്നു എന്ന് നാം പറയേണ്ടതില്ലല്ലോ.

ആകയാൽ പ്രിയമുള്ളവരേ, ഇത്രത്തോളം പണി ചെയ്യിപ്പിച്ച വകയ്ക്ക് 3500 രൂപായ്ക്ക് മേൽ ചിലവ് ചെന്നിട്ടുണ്ട്. സിമ്മനാരി വകയായും കോട്ടയം മുതലായ ഏതാനും പള്ളികളിൽ നിന്ന് ഈ വകക്കായി പിരിഞ്ഞു കിട്ടിയ തുക നീക്കി 1400 രൂപയോളം എറമ്പാച്ചൻ കടപ്പെട്ടിരിക്കുന്നതിനാൽ ഈ കടം തീർപ്പാൻ നമ്മുടെ എല്ലാ പള്ളിക്കാരുടെ സഹായമുണ്ടാകണമെന്ന് വ്യസനപൂർവ്വം ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളുന്നു.

പള്ളിപ്പണി കുറ തീർത്തിരിക്കുന്ന[69] സ്ഥിതിക്ക് പള്ളിക്കൂദാശ സിമ്മനാരി സ്ഥാപകനായ കഴിഞ്ഞുപോയ പിതാവിന്റെ ഓർമ്മ ദിവസമാകുന്ന ഈ വരുന്ന വൃശ്ചികം 12-ന് ബുധനാഴ്ച ഘോഷമായി നടത്തണമെന്ന് നിശ്ചയിച്ചിരിക്കുന്നു. മലങ്കര ഇടവകയ്ക്ക് തലസ്ഥാനമായ ഈ പള്ളിപ്പണി പൂർത്തിപ്പെടാതെ നനഞ്ഞും ജീർണ്ണപ്പെട്ടും കിടന്നിരുന്നപ്പോൾ അന്യന്മാരിൽ നിന്നുണ്ടായ ആക്ഷേപങ്ങൾക്കും ഇപ്പോൾ ഉണ്ടായിട്ടുള്ള ബഹുമതിക്കും സമുദായം മുഴുവനും പാത്രവാന്മാരായിരിക്കുന്നതുപോലെ പള്ളിപ്പണിക്കായി ഉണ്ടായിരിക്കുന്ന ഭാരമേറിയ ചിലവിലും സമുദായം മുഴുവനും ഓഹരിക്കാരായിരിക്കണമെന്ന് പ്രത്യേകം പറയണമെന്നില്ലല്ലോ.

അതിനാൽ പ്രിയമുള്ളവരേ, പള്ളി പണിക്കായി വന്നിട്ടുള്ള ഈ കടം വീട്ടുന്നതിന് പള്ളികളുടെ താരതമ്യപ്രകാരം വരി നിശ്ചയിച്ചതിൽ നിങ്ങളുടെ പള്ളിക്കാർക്ക് .... രൂപാ നിശ്ചയിച്ച് എഴുതിയിരിക്കുന്നു.

വൃശ്ചികം 12-ാം തീയ്യതി ഘോഷിച്ച് കഴിക്കുന്നതായ നമ്മുടെ കാരണവരുടെ അടിയന്തിരത്തിലും പള്ളിക്കൂദാശയിലും[70] സംബന്ധിപ്പാനായി നിങ്ങൾ പള്ളിക്കാർ വന്നുചേരുന്നതു കൂടാതെ പള്ളിപ്പണിയുടെ കടം തീർപ്പാനായി നിങ്ങൾ പള്ളിക്കാർക്ക് നിശ്ചയിച്ചിരിക്കുന്ന മേൽപറയപ്പെട്ട സംഖ്യ കൂടെ കൊണ്ടുപോരികയും വേണ്ടിയിരിക്കുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ

വർദ്ധിച്ചിരിക്കുമാറാകട്ടെ.

ക്രിസ്താബ്ദം 1897-ക്ക് കൊല്ലം 1073 തുലാം 22-ാം തീയ്യതി
തിരുവനന്തപുരത്തു നിന്നും.

(ഇടവകപത്രിക 1897 തെശ്രീൻക്ദീം, പു. 6, ല. 10)

## 47

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

നമ്മുടെ മാർതോമസ് അച്ചുകൂടം മാനേജർ കെ. വി. ഈപ്പന് വാഴ്വ്.

അച്ചുകൂട്ടം വകയ്ക്ക് പുസ്തകം വകയായും ഇടവകപത്രിക വകയായും അനേകം പണങ്ങൾ പിരിഞ്ഞു കിട്ടുവാനുള്ളത് ശരിയായി കിട്ടാത്തതിനാൽ വേല നടത്തിപ്പിന് വളരെ വിഘ്നങ്ങൾ നേരിട്ടുവരുന്നു എന്നും രണ്ടിനങ്ങളിലും പണം തരുവാനുള്ളവരുടെ മേൽ അന്യായപ്പെട്ട് ഈടാക്കുന്നതിന് അനുവാദം കിട്ടണമെന്നും മറ്റും നീ അയച്ച എഴുത്തു കിട്ടി വായിച്ചു കണ്ടതിൽ വ്യസനിക്കുന്നു.

അച്ചുകൂട്ടം വകയ്ക്ക് പിരിഞ്ഞു കിട്ടുവാനുള്ള പണങ്ങൾ കുടിശ്ശികയിൽ കിടന്നാൽ വളരെ കുഴപ്പങ്ങൾക്കിടയുള്ളതാകകൊണ്ട് അവ പിരിച്ച് ഈടാക്കേണ്ടത് എത്രയും ആവശ്യമാണ്. ആരിൽ നിന്നെല്ലാം പണം പിരിവാനുണ്ടോ ആ വകയ്ക്ക് പ്രത്യേകം വിവരമായ ഒരു ലിസ്റ്റ് തയ്യാറാക്കി വച്ചുംകൊണ്ട് ഓരോരുത്തർക്ക് നോട്ടീസ് കൊടുത്ത് വ്യവഹാരം കൂടാതെ പിരിച്ചെടുക്കുവാൻ ഇടയുണ്ടെങ്കിൽ കഴിയും മട്ടും അങ്ങനെ പിരിക്കണം. അതിന് വഴിപ്പെടാതെ നില്ക്കുന്നവരുടെ മേൽ മുറയ്ക്ക് അന്യായപ്പെട്ട് ഈടാക്കിക്കൊള്ളുന്നതിന് നാം അനുവദിച്ചിരിക്കുന്നു.

എന്ന് 1072 മീന മാസം 28-ാം തീയ്യതി
കോട്ടയത്ത് സിമ്മനാരിയിൽ നിന്നും.

(ഇടവകപത്രിക 1897 ഓദോർ - മീനം, പു. 6, ല. 3)

## 48

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നമ്മുടെ എല്ലാ പള്ളികളിലെയും .... വാഴ്വ്.

പ്രിയമുള്ളവരേ, കോട്ടയത്തുള്ള നമ്മുടെ ഇംഗ്ലീഷ് സിമ്മനാരിയുടെ നടത്തിപ്പിന് ഒരു മൂലധനമായിരിപ്പാൻ വേണ്ടി ആർക്കും ഭാരവും നഷ്ടവും

കൂടാത്തവിധത്തിൽ നമ്മുടെ ജനങ്ങളിൽ നിന്നും സഹായം ലഭിപ്പാൻ സിമ്മനാരി അധ്യക്ഷൻ ഗീവർഗീസ് മല്പാൻ അയച്ചിട്ടുള്ള ഡെപ്പികൾ നിങ്ങളിൽ പലർക്കും കിട്ടിയിരിക്കുമല്ലോ. ഈ ഏർപ്പാട് നമ്മുടെ അനുവാദത്തോടും താല്പര്യത്തിന്മേലും ചെയ്യപ്പെട്ടതാണെന്ന് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.

ഡെപ്പി കിട്ടിയിട്ടുള്ള നമ്മുടെ മക്കൾ അവരവരുടെ ആദായത്തിൽ നിന്ന് ഒരംശം അതാത് സമയം ഡപ്പിയിൽ ശേഖരിക്കുന്നതായാൽ ഭാരം കൂടാതെ സിമ്മനാരിക്ക് ഒരു മൂലധനം ഉണ്ടാകുന്നതാണ്. അതുപോലെ തന്നെ പള്ളികൾക്ക് അയക്കപ്പെട്ടിട്ടുള്ള ഡപ്പികളിലും പട്ടക്കാരും കൈക്കാരന്മാരും ജാഗ്രത ചെയ്ത് പള്ളിയിൽ കൂടുന്ന ഔദാര്യപ്രിയന്മാരായ നമ്മുടെ ജനങ്ങളെക്കൊണ്ട് അല്പാല്പമായ സഹായസംഖ്യകൾ അപ്പഴപ്പോൾ ഇടുവിക്കുന്നതായാൽ പള്ളിക്കു ഭാരം കൂടാതെ, മുതൽ ഉണ്ടാകുന്നതാണ്. നമ്മുടെ സമുദായത്തിന്റെ അഭ്യുദയത്തിന് ആസ്പദമായ സിമ്മനാരിയുടെ രക്ഷയ്ക്ക് ഈ ലഘുവായ സഹായം ചെയ്തു കൊടുക്കുവാൻ നിങ്ങൾ ഉത്സാഹികൾ ആയിരിക്കണമെന്ന് നാം എല്ലാവരെയും താല്പര്യപ്പെടുത്തുന്നു.

ദൈവത്തിന്റെ കൃപ നിങ്ങൾ എല്ലാവരോടും കൂടെ സദാ ഉണ്ടായിരിക്കട്ടെ.

എന്ന് 1897 വൃശ്ചികം 17-ാം തീയ്യതി
കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

(ഇടവകപത്രിക 1897 തെശ്രീൻഹ്രോയ്, പു. 6, ല. 11)

## 49

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

മലങ്കരയുള്ള എല്ലാ പള്ളികളിലെ വികാരിമാരും ദേശത്ത്പട്ടക്കാരും പള്ളികൈക്കാരരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ, നമ്മുടെ പൊതു സ്ഥലമാകുന്ന സിമ്മനാരിപ്പള്ളിയുടെ പണിക്കുറവ് തീരാതെ കാണുന്നവർക്കൊക്കെയും മനോവ്യസനം തോന്നത്തക്കവിധത്തിൽ ഏറിയനാളായി കിടന്നുവരുന്നു എന്നുള്ള വിവരം നിങ്ങൾ എല്ലാവരും കണ്ടറിഞ്ഞിട്ടുള്ളതാകകൊണ്ട് അതിനെപ്പറ്റി ആവർത്തിച്ച് പറഞ്ഞിട്ട് ആവശ്യമില്ലല്ലോ.

ആകയാൽ ഇപ്പോഴും പണി നിവൃത്തിക്ക് പ്രത്യേകം ഒരു മുതല് കണ്ടി

ട്ടല്ലെങ്കിലും പണിക്ക് ആരംഭിക്കുമ്പോൾ നമ്മുടെ ആത്മീയ മക്കളായ പള്ളിക്കാരുടെ സഹായം ഇതിലേക്ക് മുമ്പിട്ട് പണികൾ നിവർത്തിച്ചു കാണ്മാൻ സംഗതി വരുമെന്നുള്ള വിശ്വാസത്താൽ പള്ളിപ്പണിക്ക് ആരംഭിക്കയും നമ്മുടെ ആത്മിക മക്കളുടെ സഹായത്താൽ പണികൾ മദ്ബഹായുടെ വളവിങ്കലോളവും എത്തി വളവുകൾക്കായി അച്ചിട്ട് വരികയും ചെയ്യുന്നു.

എന്നാൽ ഈ സംഗതിക്ക് പള്ളികളിൽ എത്തി ധർമ്മശേഖരം പിരിച്ച് പണികൾ നടത്തിപ്പാനുള്ള ഭാരവാഹിയും ചുമതലക്കാരുമായിട്ട് നമ്മുടെ കൊച്ചുറമ്പാച്ചനെ നിശ്ചയിച്ച് നടത്തിച്ച് വരുന്നതാകുന്നു.

അതിനാൽ പ്രിയമുള്ളവരേ, നമ്മുടെ പൊതു സ്ഥലവും അനേക മഹാന്മാരുടെ കാഴ്ചയിൽ എത്തപ്പെടുന്ന സ്ഥലവുമായ നമ്മുടെ സിമ്മനാരി പള്ളിപ്പണിയുടെ സഹായത്തിനും ധർമ്മശേഖരണത്തിനും വേണ്ടി നമ്മുടെ കൊച്ചുറമ്പാച്ചനെ അയച്ചിരിക്കുന്നതാക കൊണ്ട് റമ്പാച്ചൻ പള്ളികളിൽ എത്തിയാൽ താമസത്തിനിട വരുത്താതെ അതത് പള്ളികളുടെ ശക്തിക്കു തക്കവണ്ണം പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും സഹായിച്ച് സന്തോഷത്തോടെ അയക്കയും വേണം.

എന്ന് 1072 മീനം 29-ാം തീയ്യതി
കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

(ഇടവകപത്രിക 1897 ഓദോർ - മീനം, പു. 6, ല. 3)

## 50

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ മലങ്കരയിലുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്ത്പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

സമാധാനത്തോടും പരിപാകതയോടും പ്രജാവാത്സല്യത്തോടും നമ്മെ ഭരിച്ചുവരുന്ന നമ്മുടെ പ്രിയ രാജ്ഞിയായ വിക്ടോറിയാ ചക്രവർത്തിനി അവർകളുടെ രാജ്യഭാരത്തിന്റെ അറുപതാം വത്സരാവസാനം എല്ലാ രാജ്യങ്ങളിലും ആഘോഷമായി കൊണ്ടാടുന്നതിന് നിശ്ചയിച്ചിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ.

കേവലം ഒരു രാജാവിന്റെ അവസ്ഥയിൽ മാത്രമല്ല, ഒരു മാതാവിനെപ്പോലെ എല്ലാ ജനങ്ങളാലും മാനിക്കപ്പെട്ടിരിക്കുന്ന ഈ മഹാരാജ്ഞിയുടെമേൽ അവിടത്തെ പ്രജകളായ സുറിയാനി സമുദായവും തങ്ങളുടെ

അത്യന്ത സ്വാമിഭക്തിയെ പ്രദർശിപ്പിക്കേണ്ടത് നമ്മുടെ മുറയാകുന്നു.

അതിനാൽ ഈ മഹാജൂബിലിയുടെ ആഘോഷത്തിനായി നിയമിക്കപ്പെട്ടിരിക്കുന്ന മിഥുന മാസം 9-ഉം 10-ഉം തീയ്യതികളിൽ നമ്മുടെ കീഴിലുള്ള എല്ലാ പള്ളിക്കൂടങ്ങളും ഒഴിവായിരിക്കുന്നത് കൂടാതെ 9-ാം തീയ്യതി എല്ലാ പള്ളികളിലും പട്ടക്കാരും ജനങ്ങളും കൂടി മഹാരാജ്ഞി അവർകൾക്ക് വേണ്ടി ശുദ്ധമുള്ള കുർബ്ബാനയും പ്രാർത്ഥനയും പ്രസംഗവും നടത്തുകയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

കല്ലൂപ്പാറ പള്ളിയിൽ നിന്നും. 1897 ഇടവം 22-ാം തീയ്യതി (ഒപ്പ്)

(ഇടവകപത്രിക 1896 കോനൂൻക്ദീം - ധനു, പു. 5, ല. 12)

## 51

മലബാറിന്റെ അഭിവന്ദ്യ യൗസേഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ശ്രേഷ്ഠതയുടെ മുമ്പാകെ. അവിടത്തെ പ്രാർത്ഥന ഞങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

കൊച്ചിയിൽ നിന്നും അയച്ച കല്പനകൾ കിട്ടി. അതിലേക്കായി ഇക്കഴിഞ്ഞ ഞായറാഴ്ച കാലത്തെ ഞാൻ കുമരകത്തേക്ക് പോയിരുന്നു. കുർബ്ബാന സമയം കല്പന വായിക്കുകയും അതിനെപ്പറ്റി പ്രത്യേകം പറയുകയും ചെയ്തു. കുർബ്ബാന കഴിഞ്ഞ ശേഷം കൂടിയിരുന്നവരെ പ്രത്യേകം വിളിച്ച് ഒരു വരിയിട്ട് പിരിപ്പാൻ തക്കവണ്ണം കഴിയുന്നതും ശ്രമിച്ചതിൽ ഓലുതറ, നല്ലാനിക്കൽ, തുണ്ടത്തിൽ അബ്രഹാം ഇവരല്ലാതെ പേരു പറവാൻ തക്കവിധത്തിൽ ആരും കൂടിയിരുന്നില്ല. പുതുപ്പള്ളി പെരുന്നാൾ കഴിഞ്ഞ ശേഷമാക കൊണ്ടും മറ്റുമാണ് ആൾ ചുരുക്കം എന്ന് അവർ പറഞ്ഞു. എന്നാൽ കൂടിയിരുന്നവരുടെ മനസ്സിൻ പ്രകാരമുള്ളത് ശേഖരിപ്പിച്ചശേഷം രണ്ട് മൂന്ന് ദിവസം അവിടെ താമസിച്ച് ശേഷംപേരെയും വരുത്തി തുക പതിപ്പിച്ചുംകൊണ്ട് പിരിവെടുത്ത് പോരണമെന്ന് തന്നെ കരുതി കഴിയുന്നത് നോക്കീട്ടും അതിൽ അവരുടെ തൃപ്തി കണ്ടില്ല. വരുന്ന ഞായറാഴ്ച ശേഷംപേരും കൂടെ വരുമ്പോൾ ഞങ്ങൾ എല്ലാവരും കൂടി ആലോചിച്ച് മനസ്സുള്ളവരുടേത് എല്ലാം കൂടി പിരിച്ച് പിറക്കും മാസം 15-ാം തീയ്യതിക്കകം തിരുമനസ്സിരിക്കുന്ന സ്ഥലത്ത് എത്തിച്ചുകൊള്ളാം. അല്ലാതെ ഞാൻ അവിടെ താമസിച്ച് ഉടൻ പിരിച്ചെടുത്തുകൊള്ളാമെന്ന് വിചാരിക്കുന്നത് തീരെ ഒക്കാത്ത കാര്യമെന്ന് അവർ പറഞ്ഞത് അനുസരിച്ച് ക്ലേശത്തോടെ ഞാൻ പോന്നു

എന്നേ ഉള്ളൂ എങ്കിലും കൂടിയവരിൽ ആർക്കും കൊടുക്കാതിരിക്കണമെന്നില്ല. ഒരാണ്ടിനകം തക്കതായ രണ്ടു മൂന്ന് പിരിവ് വന്നിട്ടുള്ളതിനെപ്പറ്റിയും ഈ കാലാവസ്ഥയെക്കുറിച്ചും കുറേശ്ശേ പിറുപിറുപ്പുമുണ്ട്. ഇപ്പോൾ ആയിരുന്നാൽ കല്പനയിൽ പറയുന്നപ്രകാരം മതിയായിരിക്കും. ഇവിടെ നിർത്തുന്നതായിരുന്നാൽ അതും അതിലധികവും നിങ്ങളുടെ നല്ല മനസ്സോടെ തന്നെ കൊടുത്ത് പോകുമെന്നും ഇപ്പോൾ ദാഹിച്ചിരിക്കുന്ന സമയമായതുകൊണ്ട് കൊടുക്കുന്ന തുക ഇരട്ടിയായിട്ട് വിചാരിക്കുമെന്നും മറ്റു പല പ്രകാരവും ഞാൻ പറഞ്ഞു നോക്കി. അത് ഞങ്ങൾക്ക് സന്തോഷമാണെന്നും അപ്പോൾ കാര്യത്തിന് വേഗം തീർച്ചയുണ്ടാകുമെന്നും ഞങ്ങൾക്ക് ബുദ്ധിമുട്ട് കുറയുമെന്നും അവർ പറഞ്ഞു. നമ്പർ കൊടുത്തു കൊണ്ട് അവിടെ എത്തിയിരുന്നാൽ എങ്ങനെയും ഉടനെ സാധിച്ച് പുറപ്പെടാം. അടുത്ത ദിവസങ്ങളിൽ വേണ്ടിയിരിക്കുന്ന വലിയ തുകയെക്കുറിച്ചും അവിടെയുള്ള കോജമാരുടെ അജാഗ്രതയെക്കുറിച്ചും എന്റെ പേർക്കുള്ള കല്പനയിൽ വിവരിച്ചിരിക്കുന്നതിനെപ്പറ്റി പിതാവിനോടു കൂടെ ഞങ്ങളും വ്യസനിക്കുന്നു. സകല വ്യസനങ്ങളിൽ നിന്നും ഇതേ വരെ കാത്ത് സഹായിച്ച് ആശ്വസിപ്പിച്ചിട്ടുള്ള ദൈവം കൈവിടുകയില്ല എന്നുള്ള വിശ്വാസത്തിൻപേരിൽ ആശയോടു കൂടെയിരിക്കുന്നു. ഞാനും വർക്കിപ്പിള്ളയും കൂടെ പള്ളത്തിന് ഇന്നലെ പോയിരുന്നു. എടത്തുംപടിക്കന് കോലത്തുകളത്തിലച്ചന്റെ പാട്ടശ്ശീട്ടുംപടി കൊടുത്തിട്ടുള്ള നിലത്തിന്റെ പാട്ടനെല്ല് അറുനൂറിൽ ചില്വാനം പറയുള്ളത് ഇപ്പോൾ തീർത്തു തരണമെന്ന് മുട്ടിച്ചതിൽ തിരുമനസ്സുകൊണ്ട് കുറെ രൂപാ കൊടുക്കാനുള്ളതിൽ കഴിക്കുന്നതല്ലാതെ ഞങ്ങളാൽ ഒരു കഴിവും ഇല്ലെന്ന് അതിലേക്ക് വരുമ്മാസം 15-ാം തീയതിക്കകം ഒരു കല്പന വരുത്തി തന്നു കൊള്ളാമെന്നും പറഞ്ഞു. കിട്ടേണ്ടതായിരുന്നാൽ 15-ാം തീയതി കഴിഞ്ഞ് അന്യായം കൊടുക്കേണ്ടിയിരിക്കുന്നു. പിന്നെ കല്പന പോലെ. രണ്ടിലൊന്ന് അറിയിച്ചു തരുമല്ലോ. ഇവിടുത്തെ കണക്ക് കേൾപ്പിപ്പാൻ മുഴുവനും തയാറാക്കിയിട്ടില്ല. വരവ് ഞാൻ എടുക്കുന്നുണ്ട്. ചെലവും ചെയ്യുന്നുണ്ട്. നെല്പുര പനയോല കൊണ്ട് കെട്ടി. ബോട്ടുപുര ഇനി കുറെ കെട്ടിത്തീരുവാനുണ്ട്.

വരുന്ന ഞായറാഴ്ച കഴിഞ്ഞ് വർക്കിപ്പിള്ളയോടു കൂടെ മാവേലിക്കരക്ക് പലിശനെല്ലിന്റെ കാര്യത്തെപ്പറ്റി പോയി ചോദിക്കുന്നതിന് വിചാരിക്കുന്നു. അതുവഴി കാർത്തികപള്ളിക്കും പോയി വരുന്നതാണ്. ശേഷം പിന്നാലെ അറിയിച്ചുകൊള്ളാമെന്ന് ദൈവത്തിൽ ശരണം.

ബാറെക്മോർ. അൽശുബ്ക്കോനോ.[71]

എന്ന് 1898 മേടം 28-ാം തീയ്യതി

കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

**52**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

മലങ്കരയുള്ള എല്ലാ പള്ളികളിലെയും വികാരി.... വാഴ്വ്.

പ്രിയമുള്ളവരേ, രാജധാനിയാകുന്ന തിരുവനന്തപുരത്ത് നമുക്ക് ഒരു പള്ളി ഇല്ലാതിരിക്കുന്ന കുറവ് തീർക്കുന്നതിന് വേണ്ടി നാം വളരെ നാളായി ചെയ്തുകൊണ്ടിരിക്കുന്ന പള്ളി പണിയുടെ ശ്രമങ്ങൾ ദൈവ കൃപയാൽ വളരെ മഹത്തായും ശോഭിതമായും മിക്കവാറും തീർന്നിരിക്കുന്നു എന്ന് നിങ്ങളെ അറിയിപ്പാൻ ഭാഗ്യം തന്ന നമ്മുടെ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു.

നമ്മുടെ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ള സഹായങ്ങൾ കൊണ്ടും തിരുവനന്തപുരത്ത് ഓരോ ജോലികൾ പ്രമാണിച്ച് വന്നു താമസിക്കുന്ന നമ്മുടെ മക്കളുടെ ശ്രമം കൊണ്ടും എല്ലാറ്റിലും പ്രധാനമായി ഈ പള്ളി പണി കഴിപ്പാൻ വേണ്ടി ഇവിടേക്ക് അയച്ചിട്ടുള്ള നമ്മുടെ പൗലോസ് റമ്പാച്ചന്റെ[72] പരിശ്രമം കൊണ്ടും ഇത്രയും സാധിച്ചിരിക്കുന്നതാകയാൽ നാം അവർ എല്ലാവരുടെ മേലും അത്യന്തം കൃതജ്ഞനായിരിക്കുന്നു.

പ്രിയമുള്ളവരേ, ഇതരമതക്കാരെപ്പോലെ നമ്മൾ ധനപുഷ്ടിയുള്ളവർ അല്ലാ എങ്കിലും ഈ രാജപട്ടണത്തിൽ ഉള്ള മറ്റു മതക്കാരുടെ പള്ളികളെയും നമ്മുടെ പള്ളിയെയും കാണുന്ന മഹാന്മാർക്ക് നമ്മുടെ സമുദായത്തെക്കുറിച്ച് നല്ല മതിപ്പുണ്ടാകുവാൻ തക്കവണ്ണം നമ്മുടെ പള്ളിയുടെ പണി വളരെ ഭംഗിയായി തീർന്നിരിക്കുന്നു എന്ന് മാത്രമല്ല ഇത് പണിക്കുറ്റം തീരാതെ കിടന്നിരുന്ന കാലത്ത് നമ്മളെ ആക്ഷേപിക്കുകയും പുച്ഛിക്കുകയും ചെയ്തിരുന്നവർ ഇപ്പോൾ രണ്ടു കൈയും കൂപ്പി വന്ദനം പറകയും ചെയ്യുന്നു. പണി ആരംഭിച്ച കാലത്ത് ഈ പള്ളി ഇത്ര മനോഹരമായി തീർന്നു കാണ്മാൻ ഇടവരുമെന്ന് നാം വിചാരിച്ചിരുന്നില്ല. പള്ളിയുടെയും മുഖവാരത്തിന്റെയും പണിക്ക് എത്രയും വിശേഷവിധത്തിൽ വരച്ച് കാട്ടിയ ഒരു പ്ലാൻ അനുസരിച്ച് പണി തീർക്കുന്നതിന് നാം ശക്തന്മാരല്ലെന്ന് വിചാരിച്ച് കുറെ മനസ്സ് മടിച്ചു എങ്കിലും രാജധാനിയും ഇതര മതക്കാരുടെ പള്ളികൾ ഉള്ള സ്ഥിതിക്കും അന്യദേശങ്ങളിൽ നിന്ന് പല മഹാന്മാർ കൂടെക്കൂടെ വന്നുകൊണ്ടിരിക്കുന്ന സ്ഥലമാകകൊണ്ടും കടപ്പെട്ടാലും അനുഗ്രഹിക്കപ്പെട്ട മക്കളായ നിങ്ങൾ എല്ലാവരും ഉള്ളപ്പോൾ നമുക്ക് ഭയപ്പെടുവാനില്ലെന്ന് നാം ധൈര്യപ്പെട്ട് മേല്പറഞ്ഞ പ്ലാൻ അനു

സരിച്ചു തന്നെ പണി നടക്കുന്നതിനാൽ ഇത്രയും ഭംഗിയായി അവസാനിപ്പാൻ ഇടവന്നതാണ്. പള്ളിപ്പണിയെക്കുറിച്ച് അധികമൊന്നും വിസ്തരിച്ച് നാം പറയുന്നില്ല. പള്ളികൂദാശയ്ക്കു മഹാനായ ഗവർണർ ജനറൽ അവർകളുടെ കാഴ്ചക്കുമായി നിങ്ങൾ ഇവിടെ എത്തിക്കാണുമ്പോൾ നിങ്ങൾക്ക് അധികമായി സന്തോഷിപ്പാൻ ഇടവരുമെന്ന് നാം വിശ്വസിക്കുന്നു.

ആകയാൽ പ്രിയരേ, എത്രയും മഹാനായ കല്ക്കത്തായിലെ ഗവർണർ ജനറൽ അവർകൾ വൃശ്ചികമാസം 6-ാം തീയ്യതി ബുധനാഴ്ച തിരുവനന്തപുരത്ത് എത്തുന്നതാകയാൽ അപ്പോൾ നാമും നമ്മുടെ പള്ളിക്കാരായ നിങ്ങളും കൂടി അദ്ദേഹത്തെ കാണ്മാൻ ആവശ്യപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ 7-ാം തീയ്യതി വ്യാഴാഴ്ച ഈ പള്ളിക്കൂദാശ കഴിക്കണെമെന്ന് നിശ്ചയിച്ച് അതിലേക്ക് വേണ്ട വട്ടങ്ങൾ കൂട്ടിവരുന്നതുകൊണ്ട് നിങ്ങൾ പള്ളിക്കാർ പള്ളിക്കൂദാശയ്ക്കും ഗവർണർ ജനറൽ അവർകളുടെ കാഴ്ചയ്ക്കുമായി വൃശ്ചികം 5-ാം തീയ്യതി ഇവിടെ വന്നു കാണ്മാൻ നാം ആഗ്രഹിക്കുന്നു.

പ്രിയമുള്ളവരേ, ഇവിടത്തെ പള്ളി പണിയുടെ പൂർത്തിക്ക് ധർമ്മശേഖരപ്പിരിവ് മതിയാകാതെ ആയിരത്തിൽ അധികം രൂപാ നമ്മുടെ റമ്പാച്ചൻ ഇവിടെ പലരോടും കടം വാങ്ങിച്ച് ചെലവ് ചെയ്തിരിക്കുന്നു. കൂദാശക്കായി പള്ളിക്കാർ എത്തുമ്പോൾ വീട്ടാമെന്ന് കരുതി കടം വാങ്ങുകയും അങ്ങനെ അവധി പറഞ്ഞ് നിർത്തുകയും ചെയ്തിരിക്കുന്നു. അതിനാൽ ആ കടം തീർക്കുന്നതിന് വേണ്ടി പള്ളികൾക്ക് യഥാശക്തി വരിയിട്ടിരിക്കുന്നതനുസരിച്ച് നിങ്ങൾ വരുന്ന സമയം നിങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള സംഖ്യ യാതൊരു ഉപേക്ഷയും കുറവും കൂടാതെ കൊണ്ടുവരികയും വേണം. ശേഷം കാര്യങ്ങൾ നിങ്ങൾ വരുമ്പോൾ പറഞ്ഞുകൊള്ളാമെന്ന് കരുതി ചുരുക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1076 തുലാ മാസം 17-ാം തീയ്യതി
തിരുവനന്തപുരത്തു നിന്നും.

(ഇടവകപത്രിക 1900 തെശ്രീൻക്ദീം, പു. 9, ല. 10)

## 53

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് എഴുത്ത്

(മുദ്ര)

നമ്മുടെ ... പള്ളിയിലെ വികാരിയും ദേശത്ത്പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ,

രാജ്യത്തിന്റെ ക്ഷയവർദ്ധനവുകളെ അറിഞ്ഞ് വേണ്ടത് പ്രവർത്തിക്കുന്നതിന് പ്രാപ്തരാകേണ്ടതിന് സംസ്ഥാനം ഒട്ടുക്ക് ജനസംഖ്യ തിട്ടപ്പെടുത്തുന്ന നടപ്പനുസരിച്ച് ഗവണ്മെണ്ടിൽ നിന്ന് ഈയാണ്ടും ജനസംഖ്യ എടുക്കുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ.

എന്നാൽ ഓരോ ജാതി മതങ്ങളെ പ്രത്യേകം തിട്ടപ്പെടുത്തുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെങ്കിലും എന്യുമറേറ്റർമാർ അത് സംബന്ധിച്ച് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ജനങ്ങൾ അവ്യക്തമായും വിവരക്കേടായും മറുപടി പറക നിമിത്തം അവസാനത്തിൽ കണക്ക് ശരിയായി വരുന്നില്ലെന്ന് മാത്രമല്ല, ഒരു മതത്തിന് തന്നെ പല പേരുകൾ ഉണ്ടാകാവുന്നതും ഓരോരുത്തർ ബോധിച്ച പേർ പറയുന്നതാകയാൽ ശരിയായവിധത്തിൽ ക്ലാസ് തിരിക്കുന്നതിന് അതിൽ സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിവൃത്തി ഇല്ലാതെ വരുന്നതും ആകുന്നു. ദൃഷ്ടാന്തമായിട്ട് സുറിയാനിക്കാർ എന്ന പേർ പല വിപരീത മതങ്ങളെ അനുസരിക്കുന്നവർ ഒക്കെയും തങ്ങളുടെ പൊതുപ്പെട്ട പേർ ആയി വിചാരിച്ചു വരുന്നുവല്ലോ. മതം ഇന്നതെന്ന് അറിവാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കും സുറിയാനിക്കാർ എന്ന് മാത്രം അവ്യവസ്ഥമായി ചിലർ പറയുന്നതിനാൽ മതഭേദഗതിയായി തിരിച്ചറിയാൻ ഇടയാകുന്നില്ലെന്നും അതിനാൽ എല്ലാവരും അവരവരുടെ പ്രത്യേക മതപ്പേർ പറവാൻ ശട്ടം കെട്ടണമെന്നും തിരുവിതാംകൂർ, കൊച്ചി ഈ രണ്ടു ഗവണ്മെണ്ടും നമുക്ക് എഴുതി അയച്ചിരിക്കുന്നു.

അതിനാൽ കാനീഷുമാരി കണക്ക് എടുക്കുവാൻ വരുന്ന ഉദ്യോഗസ്ഥന്മാർ ജാതി സംബന്ധമായി ചോദിക്കുന്ന ചോദ്യങ്ങൾക്ക് സുറിയാനിക്കാർ എന്നും മതം എന്നുള്ള ചോദ്യത്തിന് നമ്മുടെ പ്രാചീന പേരിൻ പ്രകാരം 'യാക്കോബായ സുറിയാനി'[73] എന്നും വ്യവസ്ഥപ്പെടുത്തി പിശക് കൂടാതെ പറഞ്ഞ് രേഖപ്പെടുത്തണമെന്ന് പട്ടക്കാർ പള്ളികളിൽ പരസ്യം ചെയ്തും ജനങ്ങളെ ഗ്രഹിപ്പിച്ചും ശട്ടംകെട്ടുകയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ

വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1900–ന് കൊല്ലം 1076–മാണ്ട് ധനു മാസം 11–ാം തീയ്യതി
കോട്ടയം സിമ്മനാരിയിൽ നിന്നും. (ഒപ്പ്)

**54**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ... പള്ളിയിലെ വികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ നമ്മുടെ സഭയ്ക്ക് നേരിട്ടുകൊണ്ടിരിക്കുന്ന അന്യോപദ്രവങ്ങളെ തടുക്കുന്നതിനുള്ള ശ്രമത്തിൽ ഒഴിച്ചുകൂടാതെ വന്നുകൂടുന്ന വ്യവഹാരങ്ങളാലും മറ്റും സഭയുടെ ആത്മീയ വളർച്ചക്കു ആവശ്യപ്പെട്ട പരിഷ്ക്കാരങ്ങൾ ഒന്നും നടപ്പാക്കുവാനും അതിനായി പരിശ്രമിക്കുവാനും സമയവും സൗകര്യവും കിട്ടാതെ നമ്മുടെ ആയുസ്സ് വൃദ്ധതയെ പ്രാപിച്ചിരിക്കുന്നത് ഓർക്കുമ്പോൾ നമുക്ക് വളരെ വ്യസനം ഉണ്ട്. പ്രത്യേകമായി പള്ളി സഞ്ചാരങ്ങളിൽ നാം പ്രവേശിക്കുമ്പോൾ പല ഇടവകകളിലും കാണ്മാൻ ഇടവന്നിട്ടുള്ള കുഴപ്പങ്ങളും വിവാദങ്ങളും നമ്മുടെ ഈ വ്യസനത്തെ വർദ്ധിപ്പിക്കുകയും ഈ നാശാവസ്ഥയിൽ നിന്ന് സഭയെ ഉദ്ധരിക്കുന്നതിനു തക്ക മാർഗ്ഗങ്ങളെ ഉണ്ടാക്കേണ്ട ആവശ്യകത നമ്മുടെ മനസ്സിനെ എപ്പോഴും കുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവ് തന്റെ ഒരു വലിയ അനുഗ്രഹമായി നല്കിയിരിക്കുന്ന ആചാര്യസ്ഥാനത്താൽ മാത്രം ക്രിസ്ത്യാനി സഭ നിലനിൽക്കുന്നതും നിലനിൽക്കേണ്ടതും ആകുന്നു എന്നുള്ളതിൽ ആർക്കും സംശയം ഉണ്ടായിരിക്കയില്ലല്ലോ. സഭയുടെ പ്രകാശവും ഉപ്പും ആയിരിക്കുന്ന ആചാര്യന്മാർ മങ്ങിയവരും ഉറയില്ലാത്തവരും ആയിത്തീർന്നാൽ അവരാൽ പ്രകാശിക്കപ്പെടുകയും രുചിക്കപ്പെടുകയും ചെയ്യേണ്ട സഭ ക്ഷയിച്ചുപോകുന്നത് ആശ്ചര്യമല്ല. സൂക്ഷ്മത്തോളം ആലോചിച്ചാൽ നമ്മുടെ സഭയുടെ നിർജ്ജീവാവസ്ഥയ്ക്കു പ്രധാന ഹേതു യഥാർത്ഥ ദൈവഭക്തിയും പഠിപ്പുമുള്ള പട്ടക്കാരുടെ കുറവെന്നല്ലാതെ മറ്റൊന്നും പറയാനാവില്ല. അപ്പൊസ്തോലക്കാലത്തും അതോടടുത്ത കാലത്തും ഉണ്ടായിരുന്ന മേൽപ്പട്ടക്കാരും പട്ടക്കാരും കർത്താവിനുവേണ്ടി ജീവനെക്കൂടി ഉപേക്ഷിക്കുവാൻ തക്കവണ്ണം വിശ്വാസത്തിൽ നല്ല സ്ഥിരതയും ദൈവഭക്തിയും വൈരാഗ്യവും ഉള്ളവർ ആയിരുന്നതിനാൽ അവരാൽ ഭരിക്കപ്പെട്ടിരുന്ന സഭയും ആത്മാവിൽ ജീവനുള്ളതായിരുന്നു. എന്നാൽ സാത്താന്റെ പ്രേരണയാൽ ഇടയന്മാരിൽ വിശ്വാസവും ഭക്തിയും

ക്ഷയിച്ചു തുടങ്ങിയതിനോടു കൂടെ സഭയിൽ ആത്മീയ ജീവനും മങ്ങി കാലക്രമേണ അധോഗതി പ്രാപിച്ചു പോയി.

നമ്മുടെ വൈദികന്മാർ ഭക്തിയില്ലാത്തവരും അറിവില്ലാത്തവരും ആയിപ്പോയതിൽ അവരെ കുറ്റം പറയാനാവില്ല. മുന്തിരിത്തോട്ടത്തിൽ വേല ചെയ്തിട്ട് അതിന്റെ ഫലത്തിൽ നിന്ന് ഭക്ഷിക്കാതെയും ആടുകളെ മേയ്ച്ചിട്ട് അതിന്റെ പാൽ കുടിക്കാതെയും ഇരിക്കുന്നവർ ഇല്ലെന്നും ബെസ്കുദിശായിൽ ശുശ്രൂഷിക്കുന്നവർ ബെസ്കുദിശായിൽ നിന്നു ഉപജീവിക്കണമെന്നും വിശുദ്ധ വേദപുസ്തകം കല്പിക്കുന്നതു പോലെ പട്ടക്കാർ അവരുടെ പ്രവർത്തനംകൊണ്ട് കാലക്ഷേപം ചെയ്യേണ്ടവർ ആണ്. അതിന് നിവൃത്തിയില്ലാത്തവണ്ണം പ്രതിഫലം ചുരുങ്ങിയപ്പോൾ കാലക്ഷേപത്തിനു വേണ്ടി അവർ അന്യ ജോലിയിൽ പ്രവേശിക്കേണ്ടി വരുന്നതിൽ ഒട്ടും ആശ്ചര്യപ്പെടുവാൻ ഇല്ല. നമ്മുടെ സഭയുടെ അധോഗതിക്കു പ്രധാന ഹേതു പട്ടക്കാരിൽ പഠിപ്പും ഭക്തിയും ഇല്ലായ്കയും അവരിൽ ഈ ദിവ്യഗുണങ്ങൾ കുറഞ്ഞുപോയത് അവരുടെ ഉപജീവനത്തിനു തക്ക വഴിയില്ലായ്കകൊണ്ടാണെന്ന് നമുക്ക് മുമ്പേ തന്നെ ബോദ്ധ്യപ്പെട്ടിരിക്കയായിരുന്നു. പോയാണ്ടു മേടമാസത്തിൽ കൂടിയ സാമൂഹ്യസമ്മേളനത്തിൽ[74] ഈ വിഷയം സംബന്ധിച്ച് വളരെ വാദങ്ങളും ആലോചനകളും നടത്തിയ ശേഷം അവരും ഈ വിധം തന്നെ അഭിപ്രായപ്പെട്ടതായി അറിഞ്ഞപ്പോൾ മുതൽ മുമ്പേ തന്നെ നമ്മിൽ പതിഞ്ഞിരിക്കുന്ന ഈ അഭിപ്രായം നമ്മുടെ മനസ്സിൽ ഇരട്ടിശക്തിയോടുകൂടി ഉറച്ചിരിക്കുന്നു.

അതിനാൽ ഇതിലേക്കു വല്ല നിവാരണമാർഗ്ഗങ്ങളും ആലോചിച്ചുണ്ടാക്കുവാൻ വേണ്ടി സാമൂഹ്യസമ്മേളനത്തോടു അടുത്തു പട്ടക്കാരുടെ ഒരു പ്രത്യേക സംഘം ഉണ്ടാകണമെന്ന് പോയാണ്ടിൽ നാം ഒരു കൽപ്പന അയക്കുകയും പല പട്ടക്കാർ കൂടുകയും ചെയ്തിരുന്നുവല്ലോ. അന്ന് പട്ടക്കാരുടെ യോഗത്തിൽ മലങ്കര ഇടവകയിലെ എല്ലാ വൈദികന്മാരും ഉൾപ്പെട്ട ഒരു വൈദികസംഘം ഉണ്ടാകണമെന്നും മറ്റും നിശ്ചയിച്ച വിവരങ്ങളെക്കുറിച്ച് സംഘസിക്രട്ടറിമാരും നമ്മുടെ പ്രിയ പുത്രന്മാരുമായ മല്പാന്മാർ നമ്മെ അറിയിച്ചപ്പോൾ അൽപ്പമല്ലാത്ത സന്തോഷം നമുക്കുണ്ടായി. നമ്മുടെ സഹോദരന്മാരായ ബഹുമാനപ്പെട്ട മെത്രാപ്പോലീത്താമാരും അതിൽ അത്യന്തം സന്തുഷ്ടരായിരിക്കുന്നു എന്ന് നാം അറിയുന്നു.

പോയാണ്ടു ഒരു യോഗത്തിൽ ആലോചിച്ചു നിശ്ചയിച്ചതുപോലെ നിർവ്വാഹക സംഘക്കാരായ പട്ടക്കാർ എഴുതി ഉണ്ടാക്കി നമ്മുടെയും നമ്മുടെ സഹോദരന്മാരായ ബഹുമാനപ്പെട്ട മെത്രാപ്പോലീത്താമാരുടെയും അനുവാദത്തിനു വേണ്ടി അയച്ചിട്ടുള്ള നിബന്ധനകൾ ആലോചനയിൽ

ഇരിക്കുന്നതും താമസിയാതെ അതേപ്പറ്റി നാം എഴുത്തു അയക്കുന്നതു മാകുന്നു.

ഈ കാലത്തുള്ള നമ്മുടെ പട്ടക്കാരെക്കുറിച്ചു ആലോചിച്ചാൽ അവർ മുമ്പിലത്തേതിലും ദൈവഭയത്തിലും വിശ്വാസത്തിലും സന്മാർഗ്ഗത്തിലും വർദ്ധിച്ചു വരികയാകുന്നു എന്ന് പറയാൻ സംശയമില്ല. അവരെ ഭക്തി യിൽ വളർത്തിയും വർദ്ധിപ്പിച്ചും കൊണ്ടുപോകുന്നതിനുള്ള ശ്രമം മാത്രം ചെയ്താൽ മതി. അതിലേക്കു ഈ സംഘം വളരെ ഉപയോഗപ്പെടുമെന്ന് നാം വിശ്വസിക്കുന്നു. അവരുടെ വരുമാനം തുലോം നിസ്സാര സ്ഥിതിയി ലായിരിക്കുന്നു എന്ന് ആർക്കും അറിയാം. അവർ ഇത്ര നികൃഷ്ട സ്ഥിതി യിലായിരുന്നിട്ടും ഇത്രത്തോളം വിശ്വസ്തന്മാരും സന്മാർഗ്ഗികളും ആയി രിക്കുന്നതിനെ ഓർത്താൽ നാം അവരെക്കുറിച്ചു വളരെ കൃതജ്ഞരായി രിക്കേണ്ടതാണ്. അതിനാൽ നമ്മുടെ സഭയുടെ ഉയർച്ചയ്ക്കു കാരണ ഭൂതന്മാരായിരിക്കേണ്ട നമ്മുടെ പട്ടക്കാരിൽ ഭക്തിയും വിശ്വാസവും വർദ്ധി പ്പിക്കുന്നതിനും യോഗ്യന്മാരെ ഇതിലേക്ക് ആകർഷിക്കുവാൻ തക്കവണ്ണം അവരുടെ അന്തസ്സിനെ ഉയർത്തുന്നതിനും അത്യന്തം ആവശ്യമായിരി ക്കുന്ന ശ്രമങ്ങളിൽ നാം ഇനിയും മൗനമായിരുന്നാൽ നമ്മുടെ സഭ നാമാ വശേഷമായി തീർന്നുപോകും. അതിനാൽ ഈ പ്രധാന വിഷയങ്ങളിൽ പരിഹാരമാർഗ്ഗങ്ങളെ ആലോചിച്ചുണ്ടാക്കുന്നതിനു ആരംഭിച്ചിരിക്കുന്ന ഈ വൈദിക സംഘത്തെ വർദ്ധിപ്പിച്ചുകൊണ്ട് പോകേണ്ടത് സമുദായ ത്തിൽപെട്ട എല്ലാവരുടെയും കടമയാണെന്നും നാം നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

പ്രിയരേ, ദീർഘകാലം കൊണ്ടുണ്ടായ കുഴപ്പങ്ങളെ അല്പകാലം കൊണ്ട് ഇല്ലാതാക്കുമെന്നോ ഇല്ലാതാകുമെന്നോ നാം വിചാരിക്കുന്നില്ല. എങ്കിലും കാലക്രമേണ സഭയ്ക്ക് ഉയർച്ച വരുന്നതെന്ന് ആശ്വസിക്കാൻ തക്ക ഒരു അടിസ്ഥാനം നമ്മുടെ ഈ വൃദ്ധതയിൽ ഉറച്ചു കാണ്മാൻ ഇട വന്നാൽ അതു തന്നെ ഒരു വലിയ ഭാഗ്യമാണെന്ന് നാം വിചാരിക്കുന്നു. അതിനാൽ ഈ മേട മാസം 20-ാം നു ബുധനാഴ്ച കോട്ടയത്ത് നമ്മുടെ ഇംഗ്ലീഷ് സിമ്മനാരിയിൽ പതിവിൻപ്രകാരം കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന സാമൂഹ്യ സമ്മേളനത്തോടു കൂടെ വൈദികസംഘത്തിന്റെ ഒരു പ്രത്യേക യോഗം കൂടുകയും അതിൽവച്ച് സംഘനടപടികൾ നടപ്പാക്കുകയും മറ്റും ചെയ്യണമെന്ന് നിശ്ചയിച്ചിരിക്കുന്നതിനാൽ ആ പള്ളിയിലെ പട്ടക്കാർ ആ സംഘത്തിൽ വന്നുചേരുകയും പള്ളിക്കാർ അവരെ താൽപ്പര്യപ്പെടുത്തി അയക്കുകയും വേണമെന്ന് നിങ്ങളുടെ സ്നേഹത്തോടു നാം ആജ്ഞാ പിക്കുന്നു. നിർവ്വാഹക സംഘക്കാർ നമുക്കയച്ചിട്ടുള്ള വൈദിക സംഘ നിയമങ്ങളെക്കുറിച്ചു നാം ആലോചിച്ച് വേണ്ട കല്പനകൾ ആ സംഘ ദിവസം കിട്ടുവാൻ തക്കവണ്ണം എത്തിച്ചുതരുന്നതാണ്. നമ്മുടെ ബഹു

മാനപ്പെട്ട സഹോദരന്മാരും നിങ്ങൾക്ക് അതേപ്പറ്റി എഴുതി അയക്കുമെന്ന് നാം വിശ്വസിക്കുന്നു.

വിശേഷിച്ച് വൈദികസംഘം നടപ്പാക്കുമ്പോൾ അതു സംബന്ധമായി എഴുത്തുകുത്തുകൾ, അച്ചടികൾ മുതലായി പല ചിലവുകൾ ഉള്ളതിനാൽ അതിലേക്ക് ആ പള്ളിക്കാര്യത്തിൽ നിന്നും വലിയ ഭാരമല്ലാത്ത ഒരു സംഭാവന സംഘത്തിലേക്ക് പോകുന്ന പട്ടക്കാർ മുഖാന്തരം അയച്ചുകൊടുക്കുകയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങൾ എല്ലാവരോടും കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1075-നു 1900-മാണ്ടു മേടമാസം 1-ാം നു
കടമ്പനാട്ടു പള്ളിയിൽ നിന്നു. (ഒപ്പ്)

## 55

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മീയ മക്കളാകുന്ന യാക്കോബ് റമ്പാച്ചനും മുറന്തൂക്കിൽ പൗലൂസ് കത്തനാരും ടിയിൽ മാത്തു കത്തനാരും പുത്തൻപുരക്കൽ യൗസേഫ് കത്തനാരും മങ്ങലശ്ശേരിയിൽ ചെറിയയും കുന്നത്ത് ചാക്കോയും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ,[75] ഈ പരിഷ്ക്കാരകാലത്ത് പല സ്ഥലങ്ങളിലും കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പള്ളിക്കൂടങ്ങളെ സ്ഥാപിച്ച് പഠിത്തം നടത്തി അഭിവൃദ്ധിയെ പ്രാപിക്കുന്നപ്രകാരം ഈ സ്ഥലത്തിന്റെ യോഗ്യതയ്ക്ക് തക്കവണ്ണം ഇവിടെയും ഒരു ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപിച്ച് പഠിത്തം നടത്തിച്ചാൽ വളരെ പ്രയോജനകരമായിത്തീരുമെന്ന് ഏറിയ ദിവസങ്ങളായി പലരും ആഗ്രഹിച്ചും അഭിപ്രായപ്പെട്ടും വന്നിരുന്നോരു കാര്യം ദൈവകൃപയാൽ ഇന്നലെ ദിവസം ബലഹീനപ്പെട്ട നമ്മുടെ കൈകളാൽ നിറവേറിക്കാണ്മാൻ ഇടവന്നതിൽ അത്യന്തം നാം സന്തോഷിക്കയും പലരുടെയും ആഗ്രഹനിവൃത്തി ഇന്നലെ ദിവസം നമ്മുടെ കൈകളാൽ നിറവേറ്റിക്കണ്ടതുകൊണ്ട് പലർക്കും സന്തോഷത്തെ ജനിപ്പിക്കാൻ തിരുമനസ്സായ നമ്മുടെ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

ആകയാൽ പ്രിയമുള്ളവരേ, പള്ളിക്കൂടം പണിവാനുള്ള ആദ്യ കല്ല് നമ്മുടെ കൈകളാൽ സ്ഥാപിക്കണമെന്നുണ്ടായ നിങ്ങളുടെ അപേക്ഷപ്രകാരം പ്രതിഷ്ഠക്കല്ല് നമ്മുടെ കൈകൊണ്ട് നാം ഇടുകയും സ്കൂൾ പണി വകക്ക് ഒരു ധർമ്മശേഖര പിരിവിനായി നാം ആരംഭിച്ചപ്പോൾ പണി നിവൃത്തി എളുപ്പത്തിൽ കണ്ട് സന്തോഷിപ്പാൻ ഇടവരുമെന്നുള്ളപ്രകാരം

വരിയിൽ സമ്മതിക്കപ്പെടുന്നവർ ഒട്ടും ഉപേക്ഷയോ മടിയോ വിചാരിക്കാതെ ഈ ആരംഭം എത്രയും നല്ലതും ആവശ്യകവുമെന്ന് ഉള്ള തൃപ്തിയോടെ ഓരോരുത്തർ മനം തെളിഞ്ഞ് വരി എഴുതിക്കുന്നതായി കണ്ടതിൽ അധിക സന്തോഷവും നമുക്കുണ്ടായി എങ്കിലും പണി നടത്തിപ്പുകൾക്കും പിരിവുകൾക്കും മുതൽ ചുമതലയ്ക്കും കണക്കിനും വേണ്ടിയ ആളുകളെ യോഗാലോചനമേൽ നിശ്ചയിച്ച് സ്ഥിരപ്പെടുത്തി പോകുവാൻ എത്രയും ആവശ്യമെന്ന് തോന്നി നമ്മുടെ കോനാട്ട് മാത്തൻ മല്പാനെയും ശേഷം അവിടെ കൂടപ്പെട്ട പട്ടക്കാരെയും യോഗജനങ്ങളെയും കൂട്ടി ഈ കാര്യത്തെക്കുറിച്ച് ആലോചിക്കുകയും ചിന്തിക്കുകയും ചെയ്തതിൽ സ്കൂളിന്റെ പണികൾ തുടർന്ന് നടത്തിപ്പാനായി നിങ്ങളിൽ യാക്കോബ് റമ്പാച്ചനെയും മുറന്തൂക്കിൽ പൗലൂസ് കത്തനാരെയും പണം പിരിവിനായി നിങ്ങളിൽ മുളന്തുരുത്തിൽ മാത്തു കത്തനാരെയും പുത്തൻപുരക്കൽ യൗസേപ്പ് കത്തനാരെയും മുതൽപിടിക്കും കണക്കിനും മറ്റ് മരാമത്ത് കാര്യങ്ങൾ അന്വേഷിച്ച് നടത്തുന്നതിനും നിങ്ങളിൽ മങ്ങലശ്ശേരി ചെറിയയേയും കുന്നത്ത് ചാക്കോയെയും നിശ്ചയിച്ചാൽ കൊള്ളാമെന്ന് യോഗം ഐകകണ്ഠ്യേന അഭിപ്രായപ്പെട്ട് പറഞ്ഞതിനെ നാം പൂർണ്ണ തൃപ്തിയോടെ സ്വീകരിച്ച് ഈ കല്പനയെ നാം നിങ്ങൾക്ക് എഴുതുന്നതാകകൊണ്ട് യോഗത്തിന്റെയും നമ്മുടെയും നിശ്ചയങ്ങളെ സന്തോഷപൂർവ്വം നിങ്ങളിൽ കൈക്കൊണ്ട് ഓരോരുത്തർ നടത്തിപ്പിനായി മേൽവിവരിച്ച് പറഞ്ഞപ്രകാരമുള്ള പ്രവൃത്തികളെ യോഗ്യമാംവണ്ണം ഭക്തിയോടെ നിങ്ങൾ നടത്തുകയും വേണം.

നമ്മുടെ മക്കൾക്കായി പരോപകാരാർത്ഥം നിങ്ങൾ ചെയ്യുന്ന സകല അധ്വാനങ്ങൾക്കും പകരം ദൈവം നിങ്ങളെ അനുഗ്രഹിച്ച് വാഴ്ത്തുകയും ചെയ്യും. വിശേഷിച്ച് സ്കൂളിന്റെ പണി നടത്തിപ്പുകൾക്കും കണക്കിനും വേണ്ടി ശമ്പളത്തിന്മേൽ ഒരാളെ നിശ്ചയിച്ച് നടത്തണമെന്നുണ്ടായിരുന്നാൽ സ്കൂളിന്റെ ഭാരവാഹികളായി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന നിങ്ങൾ ആറ് പേരും കൂടി ആലോചിച്ച് ഒരാളെ നിശ്ചയിച്ച് നടത്തിക്കൊള്ളുകയും വേണം. സ്കൂൾ സംബന്ധമായ നടപടികൾക്കു ഒരു റൂൾസ് എഴുതിയുണ്ടാക്കി ഒപ്പും മുദ്രയും വച്ച് പിന്നാലെ നിങ്ങൾക്ക് അയച്ചു തരുന്നതുമാകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടി വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1077 ധനു മാസം 17-ാം തീയ്യതി
പിറവത്ത് പള്ളിയിൽ നിന്നും.

(ഇടവകപത്രിക 1902 ശ്ബോത്ത്, പു. 11, ല. 2)

## 56

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

മലങ്കര ഇടവകയിൽ ഉള്ള എല്ലാ പള്ളികളിലെയും ... വാഴ്വ്.

നമ്മുടെ സഭ വകയായ 3000 പൂവരാഹന്റെയും അതിൽ നിന്നുള്ള എഴുവുകളുടെയും കാര്യവിചാരത്തിനായി പഞ്ചായത്തു വിധിപ്രകാരം നമ്മുടെ സുറിയാനിപ്പള്ളികളുടെ പ്രതിനിധികളുടെ യോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റികളിൽ ഒരുവനായിരുന്ന കോട്ടയത്ത് കുന്നുംപുറത്ത് കോര ഉലഹന്നാൻ എന്ന ആൾ മരിച്ചുപോയിരിക്കുന്ന വിവരം നിങ്ങൾ കേട്ടിരിക്കുമല്ലോ. മരിച്ചുപോയ ട്രസ്റ്റിക്കു പകരം ഒരു അത്മേനി ട്രസ്റ്റിയെ പഞ്ചായത്ത് വിധി അനുസരിച്ച് തെരഞ്ഞെടുക്കേണ്ടത് ആവശ്യമാകയാലും ഇപ്പോൾ വട്ടിപ്പണത്തിന്റെ പലിശയെ സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കോർട്ടിൽ നടന്നുവരുന്ന വ്യവഹാരത്തിൽ ആ ട്രസ്റ്റി ഉടനെ കക്ഷി ചേരേണ്ടിയിരിക്കുന്നതിനാലും ട്രസ്റ്റിയെ തെരഞ്ഞെടുക്കുന്നതിനു ഒട്ടും താമസം പാടില്ലാത്തതാകുന്നു.

അതിനാൽ ഒരു ട്രസ്റ്റിയെ തെരഞ്ഞെടുക്കുന്നതിന് നമ്മുടെ എല്ലാ പള്ളികളുടെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു മഹായോഗം വരുന്ന മേടമാസം മലയാളം കണക്കിൽ 12-ാം തീയ്യതിക്ക് സുറിയാനി കണക്കിൽ 11-ാം തീയ്യതി ബുധനാഴ്ച 11 മണി മുതൽ കോട്ടയത്ത് സിമ്മനാരിയിൽ കൂടുന്നതിന് നിശ്ചയിച്ച് എല്ലാ പള്ളികൾക്കും പ്രത്യേകം കല്പന അയച്ചിട്ടുള്ളതു കൂടാതെ ഈ പത്രിക മുഖേനയും വിവരം പ്രസിദ്ധപ്പെടുത്തുന്നു.

അതിനാൽ മലങ്കര ഇടവകയിൽ നമ്മുടെ അധികാരത്തിൻകീഴെയുള്ള എല്ലാ യാക്കോബായ സുറിയാനി പള്ളികളിലും നമ്മുടെ കല്പനയെ രണ്ട് ഞായറാഴ്ച വായിച്ച് പ്രസിദ്ധപ്പെടുത്തുകയും രണ്ടാം ഞായറാഴ്ച യോഗം കൂടി അതത് ഇടവകയിൽ രണ്ടിൽ കുറയാതെ ആളുകളെ തങ്ങളുടെ പ്രതിനിധികളായി തെരഞ്ഞെടുത്ത് യോഗം അധികാരപ്പെടുത്തി മേല്പറഞ്ഞ തീയ്യതികളിൽ പകൽ പത്തു മണിക്ക് മുമ്പ് കോട്ടയത്ത് സിമ്മനാരിയിൽ എത്തുവാൻ തക്കവണ്ണം പള്ളിച്ചിലവിന്മേൽ അയച്ചുകൊള്ളുകയും വേണം.

ഇതു കൂടാതെ നമ്മുടെ അസോസ്യേഷൻ കമ്മട്ടിയിൽ പല മെമ്പർമാരും മരിച്ചു പോയിരിക്കുന്നതിനാലും മറ്റും പുതിയ മെമ്പർമാരെ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. അതിനാൽ പള്ളികളിൽ നിന്ന് അയക്കുന്ന പ്രതിപുരുഷന്മാരെ അതിലേക്ക് ചുമതലപ്പെടുത്തിയിരിക്കേണ്ടതാകുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ എല്ലാവരോടും കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1901–മാണ്ട് കുംഭമാസം 28–ാം തീയ്യതി കൊല്ലത്ത് നിന്നും.

(ഇടവകപത്രിക 1901 ശ്ബോത്ത്, പു. 10, ല. 2)

## 57

## ദൈവകൃപയാൽ ബലഹീനനായ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

നമുക്കെത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

... അയച്ചതായ എഴുത്ത് ഇന്നലെ ഇവിടെ കിട്ടി. വിവരങ്ങൾ അറിയുകയും .... (ഏതാനും വരികൾ അവ്യക്തം - എഡിറ്റർ) കാര്യം സാധിച്ചു പോകുവാൻ കഴിയായ്കയാൽ സങ്കടത്തോടെ ആണ് പോയത്.

വീടു പണിയെക്കുറിച്ച് നമുക്കുണ്ടായ കേസിന് എന്തെന്നുള്ളത് കാണുമ്പോൾ പറയുന്നതല്ലാതെ എഴുത്തിൽ മതിവരുത്തുവാൻ പ്രയാസം. കൂട്ടത്തിന്[76] വരുന്ന ഈ കാര്യത്തിൽ ഒട്ടും ഉപേക്ഷ വിചാരിക്കയില്ലല്ലോ. പണം അപ്പോൾ എത്തിച്ചുകൊള്ളാമെന്നുള്ള വിചാരത്താൽ തൃപ്പൂണിത്തുറയ്ക്ക് (വീണ്ടും ഏതാനും വരികൾ അവ്യക്തം - എഡിറ്റർ) ... വിശേഷിച്ച് ഓശാന മുതൽക്കുണ്ടായ ... നോമ്പ് വീടിയ ദിവസം മുതൽ നമ്മുടെ കാലേൽ ഒരു വേദന ആരംഭിച്ചു. എങ്കിലും ഇന്നലെ മുതൽ അല്പം അടക്കം[77] കണ്ടുവരുന്നു. ഒക്കെയും ദൈവതിരുവിഷ്ടം (വീണ്ടും ഏതാനും വരികൾ അവ്യക്തം) ... സകലവും കർത്താവിൽ സമർപ്പിച്ച് അവയ്ക്കായി പ്രാർത്ഥിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. നമ്മുടെ ഇട്ടൻപിള്ള കൂടെ ഈ കൂട്ടത്തിന് ഉണ്ടായിരിപ്പാൻ ആഗ്രഹമുണ്ട്. ജോലിയുടെ അധികത്വം ഓർക്കുമ്പോൾ നിർബന്ധിപ്പാൻ മനസ്സ് വരുന്നില്ല. വരുവാൻ തക്ക സൗകര്യം ഉണ്ടെങ്കിൽ ഒന്നിച്ച് പുറപ്പെടുന്നതിന് വിചാരിക്കണം.

76 മേടം 6–ാം തീയ്യതി
കോട്ടയത്ത് ചെറിയപള്ളിയിൽ നിന്നും.

## 58

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

(മുദ്ര)

നമ്മുടെ പാമ്പാക്കുട വലിയപള്ളി വികാരിയും ദേശത്ത്പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ, നമ്മുടെ സഹോദരൻ നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ഈ മാസം 20-ാം തീയ്യതി ഞായറാഴ്ച അസ്തമിച്ച ശേഷം ശുദ്ധ സഭയുടെ .... പ്രകാരമുള്ള വിശുദ്ധ കന്തീലാ മുതലായ ദിവ്യ ശുശ്രൂഷകളും കൂദാശകളും കൈക്കൊണ്ട് കർത്താവിൽ നിദ്ര പ്രാപിക്കയും അനേകം പള്ളിക്കാരുടെ കണ്ണീരോടു കൂടി 22-ാം തീയ്യതി കബറടക്കപ്പെടുകയും ചെയ്ത ഏറ്റവും വ്യസനകരവും ഹൃദയം തകർക്കുന്നതുമായ സംഭവത്തെ സൂചിപ്പിക്കുന്ന ഒരു കല്പന എഴുതുവാൻ നമ്മുടെ മനസ്സിന് അശേഷം സമാധാനം ഇല്ലെങ്കിലും എഴുതാതിരിപ്പാൻ നിവൃത്തിയില്ലെന്നു വന്നിരിക്കുന്നു. വൃദ്ധന്മാരായ നമ്മുടെയും ശേഷം മെത്രാപ്പോലീത്തന്മാരുടെയും അന്ത്യ ശുശ്രൂഷകളും ശേഷക്രിയകളും നടത്തുന്നതിന് വിശ്വസ്ത അനന്തരവനും പിൻഗാമിയുമായി കരുതിയിരുന്ന ഈ വന്ദ്യ സഹോദരന്റെ നിര്യാണം ഞങ്ങളെയും നമ്മുടെ സഭയെയും സംബന്ധിച്ചിടത്തോളം എളുപ്പത്തിൽ പരിഹരിപ്പാൻ പാടില്ലാത്ത ഒരു വലിയ നഷ്ടമാകുന്നു എങ്കിലും 'മരിച്ചിട്ട് മശിഹായോടു കൂടെ ഇരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു' എന്ന് ശുദ്ധമുള്ള ശ്ലീഹാ എഴുതിയിരിക്കുന്നതുപോലെ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഈ മരണം ഒരു പരമ ഭാഗ്യമെന്ന് പറവാൻ അശേഷം സംശയമില്ല. അദ്ദേഹത്തിന്റെ ആത്മീയാധികാരത്തിൽ ഉൾപ്പെട്ട നിരണം, തുമ്പമൺ മുതലായ ഇടവകക്കാരാൽ മാത്രമല്ല, മലങ്കരയുള്ള എല്ലാ പള്ളിക്കാരാലും അദ്ദേഹം ഒരുപോലെ ബഹുമാനിക്കപ്പെട്ടും സ്നേഹിക്കപ്പെട്ടും ഇരുന്നു എന്നുള്ളതും സർവസമ്മതമാകുന്നു. അദ്ദേഹം രോഗത്തിൽ കിടന്നിരുന്ന കാലത്ത് എണ്ണമില്ലാത്തവണ്ണം ആളുകൾ വന്ന് കണ്ട് സഹതപിക്കയും അദ്ദേഹത്തിനു വേണ്ടി ആത്മാവിൽ ഞരങ്ങിക്കൊണ്ട് പ്രാർത്ഥിക്കുകയും ആ സന്ദർഭത്തിൽ വേണ്ടിവന്ന ചിലവിലേക്ക് അപേക്ഷ കൂടാതെ ആവശ്യത്തിൽ അധികമായ സഹായം പള്ളിക്കാർ ചെയ്കയും ചെയ്തത് ഈ വന്ദ്യ പുരോഹിതന്റെ മേൽ ജനങ്ങൾക്ക് പൊതുവിൽ ഉള്ള സ്നേഹബഹുമാനാദികൾക്ക് പ്രത്യക്ഷ ദൃഷ്ടാന്തങ്ങൾ ആകുന്നു. നമ്മുടെ ഈ സഹോദരനുവേണ്ടി പ്രാർത്ഥ

നയാലും ദാനങ്ങളാലും ശുശ്രൂഷകളാലും ദേഹം കൊണ്ടും സഹായം ചെയ്തിട്ടുള്ള എല്ലാവരേയും നാം ഹൃദയപൂർവ്വം അഭിനന്ദിക്കയും കർത്താവ് അവർക്ക് മുപ്പതായും അറുപതായും നൂറായും പ്രതിഫലം കൊടുക്കുവാൻ നാം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കബറടക്കത്തിനായി വന്നുചേർന്ന ജനങ്ങൾ ആ ശുശ്രൂഷയുടെ ശേഷം കൂടിയ സംഘത്തിൻമേൽ വേണ്ട കാര്യങ്ങളെ സംബന്ധിച്ച് ആലോചിച്ചതിൽ അദ്ദേഹത്തിന്റെ ശേഷക്രിയയായി മുപ്പതാം ദിവസം അടിയന്തിരം തന്റെ നല്ല നാമത്തിനും കീർത്തിക്കും അനുരൂപമായ വിധത്തിൽ ഈ വൃശ്ചിക മാസം (സുറിയാനികണക്കിൽ) 18-ാം തീയതിക്ക് മലയാളം കണക്കിൽ 16-ാം തീയ്യതി തിങ്കളാഴ്ച പരുമല സിമ്മനാരിയിൽ വച്ച് നടത്തണമെന്നും അതിലേക്ക് ആവശ്യപ്പെട്ട അരിയും പണവും പള്ളികളിൽ നിന്ന് യഥായോഗ്യം പിരിച്ചെടുക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു.

അത് കൂടാതെയും നമ്മുടെ ഈ സഹോദരന്റെ മരണത്താൽ വന്നിട്ടുള്ളതും ശേഷമുള്ള മെത്രാപ്പോലീത്തന്മാർ എല്ലാവരും വൃദ്ധന്മാരായിരിക്കകൊണ്ട് വരാവുന്നതുമായ ഒഴിവിലേക്ക് ഒന്നോ രണ്ടോ ആളുകളെ മെത്രാപ്പോലീത്തന്മാരായി വാഴിക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നതിനാൽ അതിലേക്ക് ഈ മുപ്പതാം ദിവസം അടിയന്തിരത്തിന് പള്ളിക്കാർ കൂടി തെരഞ്ഞെടുപ്പ് ചെയ്യണമെന്ന് നിശ്ചയിച്ചിരിക്കുന്നു.

ഈ തെരഞ്ഞെടുപ്പിൽ എല്ലാ പള്ളിക്കാരും സംബന്ധിക്കേണ്ടതാകയാൽ അതിലേക്ക് ആ പള്ളിക്കു വേണ്ടി അഭിപ്രായം പറയുന്നതിനും കാലം ചെയ്ത നമ്മുടെ സഹോദരന്റെ അടിയന്തിരത്തിൽ സംബന്ധിക്കുന്നതിന് അദ്ദേഹത്തിന്റെ ആത്മീയ അധികാരത്തിൽ ഉൾപ്പെടാത്ത മലങ്കര ഇടവകയിലെ പള്ളിക്കാർക്കും ആഗ്രഹം ഉണ്ടെന്ന് നമുക്ക് അറിയാവുന്നതിനാൽ അതിനും നിങ്ങളുടെ പ്രതിപുരുഷന്മാരെ വൃശ്ചികം 18-ാം തീയതിക്ക് അയക്കുന്നത് കൂടാതെ അടിയന്തിരച്ചിലവിൽ സംബന്ധിക്കണമെന്ന് ആഗ്രഹമുള്ളപക്ഷം ആ പള്ളിക്കാര്യത്തിൽനിന്നും ഈ ചിലവിലേക്ക് എന്തെങ്കിലും അയച്ചുകൊടുക്കാവുന്നതുമാകുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1902 തുലാ മാസം 28-ാം തീയ്യതി പരുമല സിമ്മനാരിയിൽ നിന്നും.

(ഒടുവിൽ സ്വന്തം കൈപ്പടയിൽ) അടിയന്തിരത്തിലേക്ക് ആ പള്ളിയിലെ വെള്ളിക്കുരിശ് മുതലായ സാമാനങ്ങളും കൂടെ കൊണ്ടുവരികയും വേണം. (ഒപ്പ്)

## 59

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കെത്രയും സ്നേഹിക്കപ്പെട്ട ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.[78]

ശുശ്രൂഷ പുസ്തകം അച്ചടിച്ച് നമ്മുടെ പേർക്ക് അയച്ചതായ പുസ്തകം കിട്ടി. കണ്ടതിൽ വളരെ സന്തോഷിക്കുന്നു. പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന സംഗതികൾ വളരെ നല്ലത്. എങ്കിലും നമ്മുടെ പട്ടക്കാർക്കും ശെമ്മാശന്മാർക്കും പരിചയിച്ചിട്ടില്ലായ്കയാൽ തൽക്കാലം ചിലവ് ചുരുക്കമായി വരികയില്ലയോ എന്ന് സംശയിക്കുന്നു. തൽക്കാലമുള്ള ചിലവ് ചുരുക്കത്തെക്കുറിച്ച് വിഷാദിപ്പാനില്ല. പിന്നീട് ധാരാളം ചെലവായിക്കൊള്ളും. അച്ചടിച്ചെലവുകൾക്കുണ്ടായിരിക്കുന്ന വ്യയം പള്ളികൾതോറും ഓരോ പുസ്തകമെങ്കിലും എടുപ്പാൻ തക്കവണ്ണം കല്പനയോടു കൂടെ പുസ്തകങ്ങൾ അയച്ച് പിരിപ്പിച്ചാൽ ചിലവർപ്പ് പണം ഉടനെ ഉണ്ടാകുമെന്നും വിചാരിക്കുന്നു. അതിനാൽ പത്തോ അമ്പതോ പുസ്തകം ഇവിടെ എത്തിച്ചു തന്നാൽ പള്ളികൾക്ക് എഴുതി അയച്ച് പിരിപ്പിക്കാമെന്ന് വിചാരിക്കുന്നു.

വിശേഷിച്ച് മെത്രാസ്ഥാനത്തിനുണ്ടായ തെരഞ്ഞെടുപ്പ് വിവരം നമ്മുടെ ഇട്ടൻപിള്ള പറഞ്ഞറിഞ്ഞിരിക്കുമല്ലോ. തെക്കർ പള്ളിക്കാരുടെ അപേക്ഷ അധികമായും മല്പാനെ ആകുന്നു. എറമ്പാച്ചനെക്കൂടെ പള്ളിക്കാർ പറഞ്ഞിട്ടുണ്ടെങ്കിലും ആദ്യം അഭിപ്രായപ്പെട്ടവർ രണ്ടുപേരേക്കുറിച്ച് സമ്മതിച്ചപ്പോൾ ശേഷം പള്ളിക്കാരും ഏറ്റ് പറഞ്ഞെന്നേ ഉള്ളൂ. ഈ രണ്ടുപേരെയും തെക്കേ ദിക്കിലേക്ക് നിശ്ചയിക്കാമെന്നല്ലാതെ വടക്കേ ദിക്കിലേക്ക് ആരേ വേണ്ടുന്നൂ എന്ന് മനസ്സ് ചഞ്ചലപ്പെടുന്നു. ഇക്കാര്യത്തിൽ മല്പാന്റെ അഭിപ്രായം സ്വകാര്യത്തിൽ അറിവാൻ ആഗ്രഹിക്കുന്നു. വടക്കർ പള്ളിക്കാരായും കമ്മട്ടിക്കാരായും നമ്മുടെ ഇട്ടൻപിള്ള മുതൽപേർ അഭിപ്രായപ്പെട്ടത് ഈ സ്ഥാനത്തിന് യോഗ്യന്മാരായി തെരഞ്ഞെടുക്കേണ്ടത് നാം വേണമെന്നും മറ്റും ആകുന്നു. തെക്കേ ദിക്കിലേ ഇപ്പോഴത്തെ ആവശ്യത്തിനായി ഒന്നോ രണ്ടോ പേർക്ക് തെക്കർ പള്ളിക്കാർ അഭിപ്രായപ്പെട്ടപ്രകാരം പാത്രിയർക്കീസ് ബാവായ്ക്ക് എഴുതി അയക്കയും വടക്കേ ദിക്കിലേക്ക് പിന്നാലെ എഴുതി അയക്കയും ചെയ്ക അല്ലയോ വേണ്ടതെന്നും വിചാരിക്കുന്നു. ഏതെങ്കിലും മല്പാന്റെ അഭിപ്രായം സ്വകാര്യമായി ഉടനെ എഴുതി അറിയിക്കണം.

വിശേഷിച്ച്, വട്ടിപ്പണം വാങ്ങിക്കുന്നതിന് മദ്രാസിൽ നിന്നുള്ള അനു

വാദം ഇപ്പോഴേ വന്നുള്ളു. അതിനാൽ പണം വാങ്ങിക്കുന്നതിനുള്ള രസീതി ഇപ്പോൾ പുതുതായി ഒപ്പിട്ട് അയക്കണമെന്നുള്ള വിവരത്തിന് നമ്മുടെ ജോൺ വക്കീലിന്റെ എഴുത്തും ഫാറക്കടലാസ്സുകളും വന്നിരിക്കുന്നു. രസീതിയുടെ അച്ചടിച്ച ഫാറക്കടലാസ്സിൽ നാം ഒപ്പിട്ട് അയക്കുന്നു. ആ കള്ളിയിൽ നാം ഒപ്പിട്ടിരിക്കുന്നതിന്റെ താഴെ ചെറുതായി മല്പാനും ഒപ്പിട്ട് അയക്കണം. മല്പാന്റെ ഒപ്പിന്റെ താഴെ ആ കള്ളിയിൽ തന്നെ കൊച്ചുകുഞ്ഞും ഒപ്പിടുവാനുള്ളതാക കൊണ്ടാണ് ചെറുതായി ഒപ്പിട്ട് അയക്കണമെന്ന് പറയുന്നത്. പിന്നെ നമ്മുടെ പേർക്ക് പണം വാങ്ങിപ്പാനായി ജോൺ വക്കീലിന്റടുക്കലേക്ക് നമ്മൾ ഒരു എഴുത്തു കൊടുപ്പാനുള്ളതും എഴുതി നാം ഒപ്പിട്ട് അയക്കുന്നു. അതിന്റെ താഴെ രണ്ടു കുത്തിട്ടിട്ടുള്ള സ്ഥലത്ത് മൽപ്പാനും ഒപ്പിട്ട് അയക്കണം. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയയ്ക്കാം.[79]

സർവശക്തനായ ദൈവത്തിന്റെ കൃപ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1078 വൃശ്ചികം 27-ന് നിരണത്തു പള്ളിയിൽ നിന്നും (ഒപ്പ്)

മുമ്പെ നമ്മൾ ഒപ്പിട്ട് അയച്ച രസീതി കൊടുത്തിട്ടില്ല. മുമ്പേ നമ്മൾ അയച്ച രസീതി മൂന്ന് കൊല്ലത്തെ വട്ടി 2520 രൂപാ കിട്ടേണ്ടതിനാകുന്നു. ഇപ്പോഴത്തെ നമ്മുടെ രസീതിയും എഴുത്തും നാലു കൊല്ലത്തെ വട്ടി 3360 രൂപ കിട്ടേണ്ടതിനാകുന്നു.

എന്ന്... തീയതി. മേൽ.[80]

## 60

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്തു

മലങ്കര ഇടവകയിൽ ഉള്ള എല്ലാ പള്ളികളിലെയും .... വാഴ്വ്.

ഇന്ത്യാ ചക്രവർത്തിയായ ഏഴാം എഡ്വേർഡ് മഹാരാജാവ് തിരുമനസ്സിലെ കിരീടധാരണാഘോഷം ഈ ജൂൺ മാസം 26-ാം തീയ്യതിക്ക് മിഥുനം 12-ാം തീയ്യതി വ്യാഴാഴ്ചയാണെന്നുള്ള വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ബ്രിട്ടീഷ് മഹാരാജ്യം ഒട്ടുക്ക് ഒന്നുപോലെ ആഘോഷിക്കുന്ന ഈ മഹോത്സവത്തിൽ എല്ലാക്കാലത്തും സ്വാമിഭക്തിയിൽ ഒട്ടും പിമ്പന്മാരല്ലാത്ത നമ്മുടെ സമുദായവും പങ്കുകൊള്ളുകയും ചക്രവർത്തിക്കും ചക്രവർത്തിനിക്കും കുടുംബത്തിനും വേണ്ടി (ഇവിടെ ഒരു വരി തെളിഞ്ഞിട്ടില്ല - എഡിറ്റർ) ... ചെയ്യേണ്ടത് നമ്മുടെ കടമയാണെന്ന് നാം പ്രത്യേകം പറയണമെന്നില്ലല്ലോ. അതിനാൽ ചക്രവർത്തി തിരുമനസ്സുകൊണ്ട് ദീർഘകാലം ആയുഷ്മാനായിരുന്ന് തന്റെ സംരക്ഷണ

യിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന കോടാനുകോടി ജനങ്ങളെ നീതിയിലും സത്യത്തിലും പരിപാലിക്കുവാൻ തക്കവണ്ണം അവിടേക്ക് ആയുസ്സും ആരോഗ്യവും ഐശ്വര്യവും ബുദ്ധിയും വിനയവും ദൈവഭയവും വർദ്ധിപ്പിക്കുന്നതിനും അവിടത്തെ ഭരണത്തിൽ ലോകമെങ്ങും പ്രത്യേകം നമ്മുടെ സഭയിലും നിരപ്പും സമാധാനവും നിലനിർത്തുന്നതിനും വേണ്ടി കിരീടധാരണ ദിവസം എല്ലാ പള്ളികളിലും കുർബ്ബാനയും നമസ്കാരവും ദൈവതിരുമുമ്പാകെ അണക്കണമെന്ന് ഇതിനാൽ നാം ആജ്ഞാപിക്കുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1902-ാമാണ്ട് ഇടവമാസം 29-ാം തീയ്യതി
കോട്ടയത്തു സിമ്മനാരിയിൽ നിന്നും (ഒപ്പ്)

(ഇടവകപത്രിക 1902 ഇയോർ, പു. 11, ല. 5)

## 61

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

മലങ്കര ഇടവകയിലുള്ള എല്ലാ പള്ളികളിലെയും ..... വാഴ്വ്.

നമ്മുടെ വന്ദ്യ സഹോദരൻ കാലം ചെയ്ത മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഇഹലോകവാസം വിട്ട് കർത്താവിൽ നിദ്ര പ്രാപിച്ചിട്ട് ഒരാണ്ട് തികയുന്നത് അടുത്ത തുലാ മാസം സുറിയാനി കണക്കിൽ 20-ാം തീയ്യതിക്ക് മലയാളം കണക്കിൽ 17-ാം തീയ്യതി തിങ്കളാഴ്ചയാകുന്നു എന്ന വിവരം നിങ്ങൾ എല്ലാവരും അറിഞ്ഞിട്ടുണ്ടല്ലോ. നമ്മുടെ ഈ സഹോദന്റെ ഓർമ്മ അന്നേദിവസം പരുമല സിമ്മനാരിയിൽ വച്ച് നമ്മുടെ വിശുദ്ധ സഭയുടെ നിയമപ്രകാരം ആഘോഷിക്കുന്നതിന് നിശ്ചയിച്ചിരിക്കകൊണ്ട്, എല്ലാ പള്ളിക്കാരും വെള്ളിക്കുരിശ്, കുട മുതലായ സാമാനങ്ങളോടു കൂടെ അന്നേദിവസം പരുമല സിമ്മനാരിയിൽ എത്തി ഈ വിശുദ്ധ ഓർമ്മയിൽ സംബന്ധിക്കണമെന്ന് എല്ലാവരോടും നാം ആവശ്യപ്പെടുന്നു.

ഇതു കൂടാതെ നമ്മുടെ പട്ടക്കാരുടെ ആത്മീയ ധ്യാനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള വൈദികയോഗം മേലാൽ നമ്മുടെ സഹോദരന്റെ ഓർമ്മ ദിവസത്തോടടുത്ത് നടത്തണമെന്ന് നിശ്ചയിച്ചിട്ടുള്ളതനുസരിച്ച് ഈ യോഗം 21-ാം തീയ്യതി ചൊവ്വാഴ്ച ഉണ്ടാകുന്നതാകയാൽ പട്ടക്കാർ എല്ലാവരും അതിൽ കൂടി സംബന്ധിപ്പാൻ തക്കവണ്ണം ഒരുങ്ങിപ്പോരേണ്ടതാകുന്നു.[81]

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1903-ാമാണ്ട് കന്നി മാസം 21-ാം തീയ്യതി.
പുതുപ്പള്ളി പള്ളിയിൽ നിന്നും.

## 62

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ അധികാരത്തിൻകീഴുള്ള മലങ്കര ഇടവകയിലുള്ള നമ്മുടെ പ്രിയ പുത്രന്മാരായ എല്ലാ സത്യവിശ്വാസികളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ, പൂർവകാലത്ത് പഴയനിയമസഭയിലും അപ്പോസ്തോല കാലം മുതൽ പുതിയനിയമസഭയിലും ഐക്യകണ്ഠ്യേന അംഗീകരിച്ചും ആചരിച്ചും പോന്ന ഉപദേശാചാരങ്ങളിൽ വച്ച് മരിച്ചവർക്ക് വേണ്ടി പ്രാർത്ഥനയും ബലിയും ഓർമ്മയും കഴിക്കണമെന്നുള്ളത് പ്രധാനമായിട്ടുള്ള ഒരു ഉപദേശമാകുന്നു എന്ന് നാം പ്രത്യേകം പറകയും തെളിയിക്കയും ചെയ്യേണ്ട ആവശ്യം ഈ കാലത്തില്ല. അഹറോൻ മുതൽ ഉള്ള പ്രധാനാചാര്യന്മാർ ക്ദൂശ്കുദിശായിൽ യിസ്രായേൽ ഗോത്രത്തെ ഓർക്കയും അവർക്കുവേണ്ടി ബലിയും പ്രാർത്ഥനയും അണക്കയും ചെയ്തു വന്നു. മക്കുബായക്കാരായ യിസ്രായേലിലെ പ്രഭുക്കൾ യുദ്ധത്തിൽ മരിച്ചുപോയ തങ്ങളുടെ പിതാക്കന്മാർക്കും സഹോദരന്മാർക്കും വേണ്ടി ഊർശ്ലേമിൽ വിശുദ്ധ ദേവാലയത്തിൽ ബലികഴിപ്പാനായി അനേകായിരം നാണയങ്ങൾ അയച്ചതായും പഴയനിയമത്തിൽ നാം വായിക്കുന്നു.

അപ്പോസ്തോല കാലം മുതൽ ക്രിസ്ത്യാനി സഭയിൽ മരിച്ചവർക്കു വേണ്ടി വിശുദ്ധ കുർബ്ബാന അണക്കയും ആ വകയ്ക്ക് ദ്രവ്യം വ്യയം ചെയ്കയും ചെയ്തു വന്നു എന്ന് ആരാലും തർക്കിക്കാൻ പാടില്ലാത്ത വണ്ണം പൂർവപിതാക്കൾ ഭിന്നാഭിപ്രായം കൂടാതെ സാക്ഷിക്കുന്നു. അടുത്ത കാലത്തുണ്ടായ ചില ശാഖകൾ ഒഴികെ അപ്പോസ്തോല കാലം മുതൽ ഇന്നേവരെ നിലനില്ക്കുന്ന എല്ലാ ക്രിസ്ത്യാനി സഭകളും ഈ വിശുദ്ധ ഉപദേശത്തെ സമ്മതിക്കയും പ്രവർത്തിക്കയും ചെയ്തുവരുന്ന കൂട്ടത്തിൽ നമ്മുടെ സഭയിലും വിശ്വാസികളായി മരിച്ചുപോയ നമ്മുടെ മാതാപിതാക്കന്മാർക്കും സഹോദര സഹോദരികൾക്കും വേണ്ടി വിശുദ്ധ കുർബ്ബാന അണപ്പിക്കണമെന്നുള്ള പ്രാചീനവും ശ്ലീഹാക്കടുത്തതുമായ സത്യത്തെ ആചരിച്ചു വരുന്നുണ്ടല്ലോ.

എന്നാൽ ഈ കാലത്ത് ഈ അനുഗ്രഹിക്കപ്പെട്ട ഉപദേശത്തിന് എതിരായി പ്രസംഗിക്കുന്ന കള്ള ഉപദേഷ്ടാക്കൾ ഉണ്ടായിട്ടുണ്ടെങ്കിലും സത്യത്തെ മറയ്ക്കുവാനോ നമ്മുടെ സഭയുടെ ഉറപ്പുള്ള അടിസ്ഥാനത്തെ ഇളക്കുവാനോ അവർ പ്രാപ്തന്മാരാകയില്ല. എന്തെന്നാൽ ഇത് പാറമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. സാത്താൻ എത്രതന്നെ യുദ്ധം ചെയ്താലും നരകത്തിന്റെ വാതിൽ അതിനോട് പ്രബലപ്പെടുകയില്ലെന്ന് ഉറപ്പായ വാഗ്ദത്തവും ഉടമ്പടിയും നമ്മുടെ കർത്താവ് നമുക്ക് നല്കിയിട്ടുണ്ട്.

അതിനാൽ നമ്മുടെ സഭയിൽ എല്ലാ ആളുകളും തങ്ങളുടെ സ്വത്തിൽ ഒരംശം തങ്ങളുടെ ആത്മാക്കൾക്ക് വേണ്ടി വിശുദ്ധ കുർബ്ബാനയും ഓർമ്മയും കഴിക്കുവാനായി വേർതിരിച്ചുവക്കുന്ന നടപ്പ് പൂർവകാലം മുതൽക്കുള്ളതാകുന്നു. ഇങ്ങനെ വേർതിരിച്ചു വക്കുന്ന സ്വത്ത് ചുമതലക്കാരായ പിന്തുടർച്ചക്കാർ ശരിയായി ഉപയോഗപ്പെടുത്താതെ മുടക്കം വരുത്തുക കൊണ്ടു മറ്റും തങ്ങളുടെ ഉദ്ദേശ്യം പിൽക്കാലത്ത് ശരിയായി നടത്തപ്പെടുമെന്നുള്ള വിശ്വാസം കുറഞ്ഞുപോയതിനാൽ ഈ നടപ്പ് കാലക്രമേണ ലോപിച്ച് പോയിട്ടുണ്ടെന്ന് നാം അറിയുന്നതിൽ വ്യസനിക്കുന്നു. അതിനാൽ വിശ്വാസികൾക്ക് വിശുദ്ധ കുർബ്ബാന മൂലമായി നമ്മുടെ കർത്താവിന്റെ വിശുദ്ധ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും ഫലം ലോകാവസാനത്തോളം ഉണ്ടാകുവാൻ തക്കവണ്ണം ഒരു പുതിയ ഏർപ്പാട് നമ്മുടെ ആജ്ഞപ്രകാരം പരുമല സിമ്മനാരിയിൽ നടപ്പാക്കിയിരിക്കുന്ന വിവരം ഇടവകപത്രിക മൂലവും മറ്റും നിങ്ങൾ അറിഞ്ഞിരിക്കുവാൻ ഇടയുണ്ട്.

സ്വർഗ്ഗത്തിൽ പരിശുദ്ധന്മാരുടെ പേരുകൾ എഴുതപ്പെടുന്ന ജീവന്റെ പുസ്തകത്തിന്റെ ദൃഷ്ടാന്തമായി 'സ്പർഹായെ' എന്ന ഒരു പുസ്തകം സൂക്ഷിക്കപ്പെടുന്നതും തങ്ങൾക്കുവേണ്ടി എല്ലാ കാലത്തും കുർബ്ബാന അണക്കണമെന്ന് അപേക്ഷിക്കുന്നവരുടെ പേരുകൾ ഇതിൽ എഴുതപ്പെടുന്നതുമാകുന്നു. ചുരുങ്ങിയപക്ഷം പത്തു രൂപാ ഇടവകയ്ക്കായി ദാനം ചെയ്യപ്പെടുന്നപക്ഷം അന്നു മുതൽ ഉറപ്പുള്ള ബാങ്കിലോ വസ്തുവിലോ കൊടുത്ത് അതിന്റെ പലിശ ചെലവ് ചെയ്ത് ആണ്ടുതോറും ഈ അപേക്ഷക്കാരന്റെ പേർക്ക് ഓരോ കുർബ്ബാന ചൊല്ലുന്നതാകുന്നു. പലരും അപേക്ഷിക്കയും പണം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ വക പണം ചെലവ് ചെയ്യാതെ ബാങ്കിൽ ഏല്പിച്ചിട്ടുമുണ്ട്. നമ്മുടെ പുന്നൂസ് റമ്പാൻ[82] അവർകളെ ഇതിന്റെ പ്രത്യേക ചുമതലക്കാരനായി നിയമിച്ചിരിക്കുന്നതിനാൽ അദ്ദേഹവും പിൽക്കാലത്ത് പരുമല സിമ്മനാരിയിൽ ആ സ്ഥാനത്ത് വരുന്നവരും ഈ "സ്പർഹായെ" ഏർപ്പാട് ശരിയായി പാലിച്ചും നടത്തിയുംകൊണ്ടു പോകുന്നതാകുന്നു.[83]

അതിനാൽ തങ്ങളെക്കുറിച്ചും മരിച്ചുപോയ മാതാപിതാക്കൾ മുതലായവരെക്കുറിച്ച് സ്മരണയും സ്നേഹവുമുള്ള എല്ലാ സുറിയാനിക്കാരും ഈ വക ചിലവിലേക്ക് നിശ്ചയിച്ചിട്ടുള്ള മൂലധനം കൊടുത്ത് തങ്ങളുടെയും പിതാക്കന്മാരുടെയും പേരുകൾ ഈ "സ്പർഹായെ" പുസ്തകത്തിൽ എഴുതുകയും അവർക്കു വേണ്ടിയുള്ള കുർബ്ബാന മുടങ്ങാതെ ആണ്ടുതോറും നടത്തുന്നതിനാൽ നമ്മുടെ കർത്താവിന്റെ തിരുമരണത്തിലും വിശുദ്ധ രക്തത്തിലുമുള്ള ലോകാവസാനത്തോളം ഓഹരിക്കാരായിരിപ്പാൻ താല്പര്യപ്പെടുകയും ചെയ്യണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ഗുണദോഷിക്കുന്നു.

നമ്മുടെ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങൾ എല്ലാവരോടും കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1903-ാമാണ്ട് തുലാമാസം 22-ാം തീയ്യതി
പരുമല സിമ്മനാരിയിൽ നിന്നും ഒപ്പ്

(ഇടവകപത്രിക 1903 തെശ്രീൻക്ദീം, പു. 12, ല. 10)

**63**

## മലങ്കര ഇടവകയുടെ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കൽപ്പിച്ചെഴുതിയ സർട്ടിഫിക്കറ്റ്

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്.

നാം മെത്രാൻ സ്ഥാനം ഏറ്റുകൊണ്ടു ശീമയിൽനിന്നു മടങ്ങി വന്ന കാലത്ത് കോനാട്ട് ഉലഹന്നാൻ മൽപ്പാന്റെയും അദ്ദേഹത്തിന്റെ സഹോദരപുത്രൻ ഗീവറുഗീസ് കത്തനാരുടെയും[83] പ്രത്യേക സഹായമാണ് നമുക്കുണ്ടായിരുന്നത്. ഈ കാലത്തു ചിലപ്പോൾ മാത്രമെ ഇവിടെ വരുവാൻ സാധിക്കുന്നുള്ളു എങ്കിലും ആ കാലത്ത് നാം ഒട്ടു കൂടെക്കൂടെ ഇവിടെ വരികയും ദീർഘമായി ഇവിടെ താമസിക്കുകയും ചെയ്തിട്ടുണ്ട്. അന്ന് ഈ പള്ളിയും മുറിയും നമുക്ക് സ്വന്തം അരമനപോലെയും ഈ കോനാട്ടു കുടുംബം സ്വന്ത കുടുംബം പോലെയും ആയിരുന്നു. നമ്മുടെ സകല ചിലവും ഈ പള്ളിയിൽ നിന്നും ഈ കുടുംബത്തിൽ നിന്നും ആയിരുന്നു. ഈ പള്ളി കോനാട്ടു മൽപാന്മാരുടെ സ്വന്തം വകയാക കൊണ്ടു മറ്റാളുകൾക്കു അതൃപ്തി ഉണ്ടായാലും അതു ഇവിടെ ശോഭിക്കുകയില്ല. നമുക്ക് ഈ സ്ഥലം അന്നത്തെപ്പോലെ തന്നെ ഇന്നും ഇരിക്കുന്നതുകൊണ്ടു കൂടെക്കൂടെ ഇവിടെ വരുന്നതിനും താമസിക്കുന്ന

തിനും വളരെ സന്തോഷമുണ്ടെങ്കിലും സഭാസംബന്ധമായ അനേക ജോലികൾ നമ്മെ ബദ്ധപ്പെടുത്തുന്നതുകൊണ്ട് ആണ്ടിൽ ഒരിക്കലെ ങ്കിലും വരുവാൻ സാധിക്കാത്തതിൽ നമുക്ക് വലുതായ വ്യസനമുണ്ട്. മുൻകാലത്തു നാം ഇവിടെ വന്നു താമസിച്ചിരുന്നപ്പോൾ പുസ്തകങ്ങൾ സൂക്ഷിക്കുക, പെരുമാറുക, പഠിപ്പിക്കുക, പള്ളി ഭരിക്കുക മുതലായ ജോലികളെല്ലാം ഉലഹന്നാൻ മൽപ്പാന്റെ ആജ്ഞപ്രകാരം ഗീവറുഗീസ് കത്തനാർ ആയിരുന്നു നടത്തി വന്നത്. ഉലഹന്നാൻ മൽപ്പാൻ സുറി യാനി ഭാഷയിൽ വിദ്വാനും പരമാർത്ഥിയും ആയിരുന്നു എങ്കിലും ഗീവ റുഗീസ് കത്തനാർ അതിവിദ്വാനും സമർത്ഥനും ബുദ്ധിശാലിയുമായി രുന്നു. പുസ്തകങ്ങൾ പെട്ടികളിൽ അടുക്കിവെച്ച് കേടുവരാതെ ആ പെട്ടി കളിൽ കുരുമുളകും ഇട്ട് സൂക്ഷിക്കുന്നതും ചിലപ്പോഴെല്ലാം പുസ്തക ങ്ങൾ ഉണക്കി വെയ്ക്കുന്നതും കണ്ട് അതിന്മേലുള്ള താൽപര്യത്തെ ക്കുറിച്ച് നാം വളരെ സന്തോഷിച്ചിട്ടുണ്ട്. ഈ മലങ്കര ഇടവകയിൽ ഉൾ പ്പെട്ട സുറിയാനിക്കാരിൽ ആരുടെ പക്കലും ഇത്രത്തോളം സുറിയാനി പുസ്തകങ്ങൾ ഇല്ല. ഇപ്പോൾ ഇവിടെയല്ലാതെ മറ്റൊരിടത്തും ഇപ്രകാരം സുറിയാനി പഠിക്കുന്ന ശിഷ്യന്മാരുടെ കൂട്ടവും ഇല്ല. പിതാക്കന്മാരുടെ കാലശേഷം നാം ഇവിടെ വന്നുനോക്കിയതിൽ നാം സുറിയാനി ആദ്യ ക്ഷരം തുടങ്ങിച്ച നമ്മുടെ കൈ കൊണ്ടു തന്നെ ശെമ്മാശുപട്ടവും കത്ത നാരുപട്ടവും മൽപ്പാനൂസായും കൊടുത്തിരിക്കുന്ന നമ്മുടെ വാത്സല്യ പുത്രനും ഉലഹന്നാൻ മൽപ്പാന്റെയും ഒടുവിൽ മാർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയിത്തീർന്ന മേൽപറഞ്ഞ ഗീവറുഗീസ് കത്തനാരുടെയും പിൻഗാമിയും ആയ കോനാട്ട് മാത്തൻ മൽപ്പാന്റെ പള്ളിഭരണം, പഠിപ്പിക്കൽ മുതലായവകളെക്കുറിച്ച് നാം കൂടുതലായി ശ്ലാഘിക്കയും സന്തോഷിക്കുകയും ചെയ്യുന്നു.

ഗീവറുഗീസ് കത്തനാർ[84] എന്നു മേൽപ്പറയപ്പെട്ട നമ്മുടെ ബ. സഹോ ദരൻ മാർ യൂലിയോസ് മെത്രാപ്പോലീത്താ തന്റെ പഠിത്വവും യോഗ്യ തയും അനുസരിച്ച് മേൽപ്പട്ടസ്ഥാനത്തു പ്രവേശിച്ചു പോയതുകൊണ്ടും കാരണവനായ ഉലഹന്നാൻ മൽപ്പാൻ ജീവിച്ചിരിക്കെ അദ്ദേഹം മരണം പ്രാപിച്ചതുകൊണ്ടും ഉലഹന്നാൻ മൽപ്പാന്റെ കാലശേഷം നാൽപ്പതാം ദിവസത്തെ അടിയന്തിരത്തിനു നാം ഇവിടെ എത്തി മുറിമറ്റത്തിൽ ബ. പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടും കടവിൽ ബ. പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായോടും കൂടെ അമ്പാട്ടു ബ. ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെയും ചാത്തുരുത്തിൽ ബ. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീ ത്തായുടെയും സമ്മതപത്രങ്ങൾ വരുത്തി അന്നു ഇവിടെ കൂടെപ്പെട്ടി രുന്ന അനേക പള്ളിക്കാരുടെ മുമ്പാകെ വെച്ച് നമ്മുടെ വാത്സല്യപുത്ര

നായ കോനാട്ട് മാത്തൻ കത്തനാരെ മലങ്കരയുടെ മൽപ്പാനായി നിയമിച്ച് അതിന്റെ സ്ഥാനചിഹ്നങ്ങളായി പൂർവ്വമര്യാദപ്രകാരം, മോതിരം, വടി, പുസ്തകം എന്നിവകൾ കൊടുക്കുകയും അയാൾ നടക്കേണ്ടുംപ്രകാരങ്ങൾക്കു ഞങ്ങൾ മൂന്നു മെത്രാപ്പോലീത്തന്മാരും പ്രത്യേക ഗുണദോഷങ്ങൾ പറയുകയും അയാൾ ആദരവോടും കണ്ണുനീരോടും കൂടി എല്ലാം സ്വീകരിക്കുകയും ചെയ്തതിന്റെ ശേഷം ഞങ്ങൾ സ്ഥലം വിട്ടുപോയി. പിന്നീടു നാം തിരക്കിയതിൽ മാത്തൻ മൽപ്പാൻ തന്റെ സകല ജോലികളും സ്തുത്യർഹമായി നടത്തുന്നു എന്നും മറ്റും കേട്ടു നാം ഏറ്റവും സന്തോഷിച്ചു. ഇപ്പോൾ നാം ഇവിടെ വന്നുനോക്കിയതിൽ നമ്മുടെ കേൾവി എല്ലാവിധത്തിലും ശരിയാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ നാം ദൈവത്തെ മഹത്വപ്പെടുത്തുകയും നമ്മുടെ വാത്സല്യപുത്രനായ മൽപ്പാനെ ശ്ലാഘിക്കുകയും ചെയ്യുന്നു. പള്ളി ഭരണത്തിൽ ദൈവഭയത്തോടും പക്ഷഭേദം കൂടാതെയും ജനങ്ങളോട് പെരുമാറുന്നതും ദൈവിക കർമ്മങ്ങൾ ഏറ്റം ഭയഭക്തിയോടെ നടത്തുന്നതും പള്ളിവക ഉപകരണങ്ങളുടെ ക്രമീകരണവും സൂക്ഷ്മതയും പഠിപ്പിക്കുന്നതിലുള്ള താൽപ്പര്യവും സാമർത്ഥ്യവും അതിലേക്കുള്ള പുതിയ രീതിയും ശിഷ്യന്മാരോടുള്ള പെരുമാറ്റവും സ്നേഹവും അവരുടെ മേൽഗതിക്കുള്ള ആഗ്രഹവും പുസ്തകങ്ങൾ എല്ലാം വളരെ ചിലവു ചെയ്ത് ബയിന്റു ചെയ്യിച്ച് നന്നാക്കി എല്ലാറ്റിനും നമ്പർ കൊടുത്ത് തക്കതായ കണക്കും വെച്ച് പെട്ടികളിൽ നിന്നുമാറ്റി അളമാരികളിൽ വെച്ചിരിക്കുന്നതും അവകളുടെ രക്ഷയ്ക്കുവേണ്ടി ചില ഗുളികകളും മറ്റും ഉപയോഗിക്കുന്നതും മിക്കപ്പോഴും അവകളെ തുടച്ചു വെടിപ്പാക്കി വയ്ക്കുന്നതും സമയം പാഴിൽ കളയാതെ പഠിത്വം ആരംഭിക്കുന്നതിനു മുമ്പും പിമ്പും ഉള്ള സമയങ്ങളിൽ പുസ്തക പാരായണം ചെയ്യുന്നതും സമയ ക്ലിപ്തമനുസരിച്ചുള്ള ജോലിയും, എന്നു വേണ്ടാ തന്റെ ഇരിപ്പുമുറിയിലുള്ള സാമാനങ്ങളുടെ ക്രമീകരണവും മറ്റും നാം നേരിട്ടു കണ്ടു തൃപ്തിപ്പെടുകയും അളവറ്റ സന്തോഷം നമുക്കു ഉണ്ടാകുകയും ചെയ്തിരിക്കുന്നു. എന്നു മാത്രമല്ല, കൽദായ സുറിയാനി, മാറാനീത്ത സുറിയാനി, കറുസ്സോൻ, എബ്രായ, ഇംഗ്ലീഷ്, തമിഴ്, മലയാളം എന്നീ ഭാഷകളിലുള്ള പല പുസ്തകങ്ങൾ ഇനം തിരിച്ചും നമ്പർ കൊടുത്തും സൂക്ഷിച്ചിരിക്കുന്നതിന്റെയിടയിൽ കൊല്ലം 997–ാമാണ്ട് മേടം 25–ന് മലങ്കര ഇടവകയുടെ ബഹുമാനപ്പെട്ട പീലിപ്പോസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സാക്ഷിയോടുകൂടി കോനാട്ട് ഗീവറുഗീസ് മൽപ്പാൻ മൂന്നു ഓലയിലായി തന്റെ പിൻഗാമിയായ അബ്രാഹം മൽപ്പാന്റെ പേർക്കു എഴുതി കൊടുത്തിരിക്കുന്നതും കൊല്ലം 1080–ാമാണ്ട് കന്നി 29–ന് മലങ്കര ഇടവകയുടെ ബ. മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെയും അന്ത്യോഖ്യാ പ്രതിനിധി ബ. യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെയും

സാക്ഷികളോടുകൂടി കോനാട്ട് അബ്രാഹം മൽപ്പാൻ രണ്ടു കടലാസി ലായി എഴുതീട്ടുള്ളതും ആയ മരണപത്രങ്ങൾ രണ്ടും കൊല്ലം 1059–ന് കുംഭം 13–ന് പുത്തൻ കുർബ്ബാനയ്ക്കായി നാം ഇവിടെ എത്തിയപ്പോൾ പിറ്റെദിവസം 18–ന് നമ്മുടെ സാക്ഷിയോടുകൂടി കടലാസ് കൂട്ടിയൊട്ടിച്ച് കോനാട്ടു ഉലഹന്നാൻ മൽപ്പാനും ബ. സഹോദരൻ ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും കൂടി എഴുതിയിട്ടുള്ള മരണപത്രവും ഈ നമ്മുടെ വാത്സല്യപുത്രനു നാം കൊടുത്തിട്ടുള്ള പട്ടക്കടലാസ്സുകളും ബ. മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാത്തിക്കോനും ഒരു പ്രത്യേകവിധത്തിൽ ആരും സമ്മതിക്കത്തക്കവണ്ണം ഭദ്രമായി സൂക്ഷി ച്ചിരിക്കുന്നതും പല ശാസ്ത്രങ്ങൾ അടങ്ങിയതായി താളിഓലയിൽ എഴു തപ്പെട്ട പല ഗ്രന്ഥങ്ങൾ സൂക്ഷിച്ചിരിക്കുന്നതും അവകൾക്കു കേടു വരാതെ മുൻകരുതലുകൾ ചെയ്തിരിക്കുന്നതും നമ്മുടെ പുത്രനിൽ ശോഭിക്കുന്ന വലിയ പിതൃഭക്തിയും കൂടി കണ്ടപ്പോൾ നമ്മുടെ സന്തോഷം അതിരു കവിഞ്ഞു പോയതിനാൽ നമ്മുടെ കൈവശം ഇരു ന്നിരുന്നതായ വളരെ പഴക്കമുള്ള ഒരു നെസ്തോർ കാനോൻ പുസ്തകം നാം നമ്മുടെ വാത്സല്യപുത്രനു സമ്മാനിക്കുകയും ഈ പ്രശംസാപത്രം എഴുതിച്ച് മുദ്രവെച്ച് കൊടുക്കുകയും ചെയ്തു. ഈ നമ്മുടെ പുത്രനു അന്ത്യോഖ്യായുടെ വി. പത്രോസ് പാത്രിയർക്കീസു ബാവാ ആറു പട്ടം കൊടുത്തു എങ്കിലും മറ്റു പട്ടത്വങ്ങളും സ്ഥാനമാനങ്ങളും മറ്റും നാം തന്നെയാണ് കൊടുത്തത് എന്നുള്ള സന്തോഷം നമുക്കു ചില്ലറയല്ല. ഈ നമ്മുടെ പുത്രന്റെ നേരെ അയാളുടെ ചെറുപ്പകാലം മുതൽ നമുക്കു വാത്സല്യമുണ്ടായിരുന്നു എന്നുള്ളതിന്റെ ലക്ഷ്യമായിട്ട് ആദ്യപട്ടത്തിങ്കൽ ഒരു മോതിരവും, പുത്തൻ കുർബ്ബാനയ്ക്കു ഒരു പുതിയ കാപ്പക്കൂട്ടവും, മൽപ്പാനൂസായ്ക്കു ഒരു മോതിരവും മറ്റു പല സമയങ്ങളിലായി പല ഉടുപ്പുകളും സാമാനങ്ങളും നാം കൊടുത്തിട്ടുണ്ട്. നമ്മുടെ വാത്സല്യവും ഉദ്ദേശ്യവും തെറ്റാതെ പൂർവ്വന്മാരേക്കാൾ കൂടുതൽ അറിവും സുറിയാനി ഭാഷാജ്ഞാനവും നമ്മുടെ പുത്രനു ഉള്ളതുകൊണ്ടും സുറിയാനി പുസ്ത കങ്ങൾ ആകട്ടെ ഭാഷാജ്ഞാനമാകട്ടെ ഇതിൽ കൂടുതലായി ഈ മലങ്ക രയിലുള്ള സുറിയാനിക്കാരിൽ ആർക്കും തന്നെ ഇല്ലെന്നു പറവാൻ നാം അധൈര്യപ്പെടുന്നില്ലാത്തതുകൊണ്ടും നമ്മുടെ മകൻ സമുദായത്തിനും നമുക്കും പലവിധത്തിൽ ഉപകാരപ്രദമായ സ്ഥിതിയിൽ വന്നിരിക്കുന്ന തുകൊണ്ടും സ്വന്തം അച്ചുകൂടത്തിൽ പല സുറിയാനി പുസ്തകങ്ങൾ അച്ചടിച്ചിറക്കുക മുതലായി സമുദായനന്മയ്ക്കു ഉതകുന്ന പല പ്രവൃ ത്തികൾ നമുക്കു കാണ്മാൻ സാധിച്ചതുകൊണ്ടും ഈ നമ്മുടെ വാത്സല്യ മകനെ നാം ഹൃദയപൂർവ്വം അനുമോദിക്കുന്നു. ഇനിയും അനേക നന്മ കൾ സമുദായത്തിനുവേണ്ടി പ്രവൃത്തിപ്പാനും അനേക ശിഷ്യന്മാരെ യോഗ്യന്മാരാക്കി ഇറക്കുവാനും ദീർഘായുസ്സോടിരുന്ന് സമുദായത്തിന്റെ

ഒരു സൂര്യനായി പ്രകാശിപ്പാനും ഇടവരണമേയെന്നു നാം ദൈവതിരു സന്നിധിയിൽ പ്രാർത്ഥിക്കുകയും ചെയ്യുന്നു. മേൽപറഞ്ഞ മരണപത്ര ങ്ങളെ നാം കണ്ടതായി മുമ്പെതന്നെ നാം അവകളിൽ സാക്ഷ്യപ്പെടു ത്തിയിട്ടുണ്ട്. ഈ നമ്മുടെ വാത്സല്യപുത്രൻ തന്റെ കുടുംബം വക നിലം പുരയിടങ്ങളേക്കാൾ കൂടുതലായി പുസ്തകങ്ങളേയും പള്ളിയേയും കരു തുന്നപ്രകാരം നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നതുകൊണ്ടു ദൈവം തന്റെ കരുണകളെ ഈ ആളുടെമേലും കുടുംബത്തിന്മേലും ചൊരിഞ്ഞ് ശ്രേഷ്ഠതപ്പെടുത്തി ഒന്നിനു മുപ്പതായിട്ടും അറുപതായിട്ടും വർദ്ധിപ്പിക്കു മാറാകട്ടെ. ആമ്മേൻ.

എന്നു ക്രിസ്താബ്ദം 1903 ധനു മാസം 21-ന് പാമ്പാക്കുട വലിയ പള്ളി

(ഒപ്പ്) (മുദ്ര)

(മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പ വ്യക്തിയും കാലവും, എഡി. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്)

## 64

## ദൈവകൃപയാൽ ബലഹീനനായ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്പർ 272

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

ഈ മാസം 21-ാം തീയ്യതി അയച്ചതായ എഴുത്ത് ഇന്നലെ അസ്തമന നത്തിന് ഇവിടെ കിട്ടി. വിവരങ്ങൾ അറികയും ചെയ്തു. പാത്രിയർക്കീസ് ബാവായുടെ കല്പനയും മറ്റും അയച്ചത് ഇവിടെ കിട്ടിയ വിവരത്തിന് അയച്ചതായ മറുപടി ഇപ്പോൾ അവിടെ കിട്ടി വിവരങ്ങൾ അറിഞ്ഞിരി ക്കുമെന്നു വിചാരിക്കുന്നു. ആ മറുപടിയിൽ കൊച്ചു മെത്രാച്ചന്റെ സാമാ നങ്ങളെക്കുറിച്ച് പറഞ്ഞ കൂട്ടത്തിൽ അദ്ദേഹത്തിന്റെ സ്ലീബാ റിനിവിലാ ത്തിക്കു കൊടുത്ത വിവരം ഓർക്കാതെ ആയത് പരുമല ഇരിപ്പുണ്ടായി രിക്കുമെന്ന് ഓർത്ത് എഴുതിപ്പോയിട്ടുണ്ട്. ഈ വിവരം മല്പാന്റെ എഴുത്ത് കിട്ടിയപ്പോൾ ആണ് ഓർമ്മയിൽ വന്നത്. കൊച്ചു മെത്രാച്ചന്റെ വടിയും കാസായും യരുശലേമിൽ കൊടുക്കയും സ്ലീബാ റീനിവിലാത്തിക്ക് കൊടു ക്കയും ചെയ്തുപോയതിനാൽ ഇനി കഴുത്തിൽ ഇടുന്ന പൂശിയ ഒരു ചെറിയ കുരിശ് മാത്രമേ അയക്കുന്നതിന് ഇരിപ്പുള്ളൂ. രണ്ടു നാല് ഉറു പ്പിക വിലപിടിക്കുന്നതായ പൂച്ച് കുരിശ് അയക്കുന്നതിനേക്കാൾ അയ

ക്കാതെ ഇരിക്കുന്നതാണ് നല്ലതെന്ന് വിചാരിക്കുന്നു. അയക്കുന്ന എഴുത്തിൽ ഈ വിവരം കൂടെ എഴുതണമെന്ന് തോന്നിയാൽ എഴുതുകയും വേണ്ടാ എന്നു തോന്നിയാൽ അങ്ങനെയും ചെയ്യാം.

റീശീസാ പണം അയക്കുന്ന കാര്യത്തിൽ മുറിമറ്റത്തിലെ മെത്രാച്ചനെ ചുമതലപ്പെടുത്തി കല്പന അയക്കണമെന്ന് എഴുതി അയപ്പാൻ വിചാരിക്കുന്നത് നല്ലതെന്ന് നമുക്കു തോന്നുന്നു. ആ ഭാഗം എഴുതുമ്പോൾ നമ്മുടെ വൃദ്ധതയെക്കുറിച്ചും ക്ഷീണത്തെക്കുറിച്ചും ഇപ്പോൾ നടത്തി വരുന്ന പത്ത് പന്ത്രണ്ട് പള്ളികളുടെ വ്യവഹാര നടത്തിപ്പിനെക്കുറിച്ചും ഇപ്പോൾ അന്യായം കൊടുക്കുവാൻ ഒരുമ്പെട്ടിരിക്കുന്ന മാരാമണ്ണ്, വെണ്മണി, കൊട്ടാരക്കര, കോഴഞ്ചേരി, കുണ്ടറ, തേവലക്കര, ചേപ്പാട്, പള്ളിപ്പാട്, കാർത്തികപള്ളി, അറത്തി, കാരിച്ചാൽ, പൂയപ്പള്ളി, കറ്റാനം, മുതലായി ഇരുപത്തിഅഞ്ച് പള്ളികളോളം ഉണ്ടാകും. ഇതിൽ മാരാമണ്ണ് പള്ളിയും അറത്തിപള്ളിക്കും പൂയപ്പള്ളിപള്ളിക്കും ഉള്ള നമ്പ്ര് വരുന്ന തിങ്കളാഴ്ച കൊടുപ്പാൻ തക്കവണ്ണം ഇന്നലെ ദിവസം നാം വക്കാലത്ത് സാക്ഷ്യപ്പെടുത്തി അയച്ചിരിക്കുന്നു. ശേഷം പള്ളികളുടേതും തുടരെത്തുടരെ കൊടുപ്പാൻ തക്കവണ്ണം ശട്ടംകെട്ടി വരുകയാണ്. ഇപ്പോൾ വ്യവഹാരത്തിൽ ഇരിക്കുന്ന പള്ളികൾ പത്തോളം ഉണ്ട്. ഇതിൽ കായംകുളം, മാവേലിക്കര, മേപ്രാൽ, ഈ മൂന്ന് പള്ളികൾ നമുക്ക് ഗുണമായി വിധിക്കയും എതിർ കക്ഷികളെ ഇറക്കിക്കളകയും ചെയ്തിരിക്കുന്നു. വൃദ്ധതയിൽ ഇരിക്കുന്നവനായ നാം ഇത്രയും വലിയ വ്യവഹാരങ്ങളിൽ ദിവസേന ബുദ്ധിമുട്ടി പ്രയാസപ്പെട്ടു വരുന്ന വിവരവും എഴുത്തിൽ നല്ലവണ്ണം പ്രസ്താവിക്കയും വേണം. ഈ ആണ്ടത്തെ റിശീസാ അയക്കുന്ന കാര്യത്തിൽ നാം ബദ്ധപ്പെട്ടിരിക്കുകയാണ്. രണ്ടാഴ്ചക്കകം അയക്കുന്നതിന് ബദ്ധപ്പെടുന്നു. കടവിലെ മെത്രാച്ചന്റെ ഇടവകയിലെ റീശിസാ അദ്ദേഹമാകുന്നു പിരിച്ചത്. ആയത് അയക്കുന്നത് ഒന്നിച്ചുവേണമോ എങ്ങനെ എന്ന് എഴുതി ചോദിച്ചാറെ കോട്ടയം ഇടവകയിലെ റീശിസാ ചെറിയ മഠത്തിൽ കത്തനാർ പിരിപ്പാനായിട്ട് അദ്ദേഹം എഴുതി അയച്ചിട്ടുണ്ടെന്നും ആയത് നാം അയാളിൽ നിന്ന് വാങ്ങിച്ചുകൊള്ളണമെന്നും വടക്കേദിക്കിൽ അദ്ദേഹം പിരിച്ചിരിക്കുന്ന പണം തല്ക്കാലം എടുത്തുപോയി എങ്കിലും നമ്മുടെ പണം അയക്കുമ്പോഴേക്ക് ആ പണം ഇങ്ങോട്ടേക്ക് എത്തിച്ചുകൊള്ളാമെന്നും മറ്റും മറുപടി വന്നിരിക്കുന്നു എന്ന് മാത്രമല്ല അദ്ദേഹത്തിന്റെ അവിടത്തെ താമസച്ചിലവിലേക്കായി ഈ പള്ളിയും കോട്ടയത്ത് ചെറിയപള്ളിയും പാണമ്പടിക്കൽ പള്ളിയും കുറേ പണം അയപ്പാനായിട്ട് അദ്ദേഹം എഴുതി അയച്ചിട്ടുണ്ടെന്നും ആ വക പണം ഇപ്പോഴത്തെ ആവശ്യത്തിലേക്ക് കിട്ടുവാൻ തക്കവണ്ണം പ്രത്യേകം നാം വിചാരിക്കണമെന്നും എന്നിട്ടും കിട്ടാതെ പോയാൽ കടം വാങ്ങി അയച്ചു

തന്നുകൊള്ളാമെന്നും ആണ് എഴുതിയിരിക്കുന്നത്. പള്ളികളിലേക്ക് എഴുതിയിരിക്കുന്ന പണം തല്ക്കാലം പിരിഞ്ഞു കിട്ടി റിശീസാ അയപ്പാൻ താമസമായി വരുന്നതാകെകൊണ്ട് റീശിസാ പണം അയക്കുന്നത് നീട്ടി വയ്ക്കാതെ പണം അയച്ചുതരണമെന്ന് ഇന്ന് അദ്ദേഹത്തിന്റെ പേരിലേക്ക് എഴുതി അയക്കുന്നുമുണ്ട്. അദ്ദേഹം വേഗത്തിൽ പണം അയച്ചു തന്നെങ്കിലോ ഒന്നിച്ചയക്കാം. അല്ലെങ്കിൽ നമ്മുടെ പണം പിരിഞ്ഞു വന്നേടത്തോളം വേഗത്തിൽ അയക്കുന്നതിനു വിചാരിക്കുന്നു. ഇനി യുക്തം പോലെ വേണ്ടുംപ്രകാരമൊക്കെയും എഴുതി അയക്കണമെന്നല്ലാതെ മറ്റൊന്നും പറവാനില്ലല്ലോ. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയച്ചുകൊള്ളാം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.[85]

എന്ന് 1903 കർക്കടകം 26–ാം തീയ്യതി
പുതുപ്പള്ളി പള്ളിയിൽ നിന്നും. (ഒപ്പ്)

**65**

## ദൈവകൃപയാൽ ബലഹീനനായ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

നമുക്കെത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

വക്കാലത്ത് സാക്ഷ്യപ്പെടുത്തി അയക്കുന്നതോടു കൂടെ അയച്ചതായ എഴുത്ത് കിട്ടി. വിവരങ്ങൾ അറിഞ്ഞപ്പോൾ എടവക പത്രികയിൽ മല്പാനെ കുത്തി പറയുന്നുണ്ടെന്ന് കണ്ട ഉടൻ കഴിഞ്ഞ മാസത്തെ എടവകപത്രിക വരുത്തി നോക്കുകയും മാത്യുവിന്റെ എഴുത്തുകൾ എന്ന് പറഞ്ഞ് പ്രസിദ്ധപ്പെടുത്തുന്ന വാചകത്തിൽ മല്പാനെ കുത്തിപറയുന്നതായ ചില വാചകങ്ങൾ ഉണ്ടെന്ന് നമുക്കും തോന്നുകയാൽ വ്യസനിക്കയും ഉടനെതന്നെ മേലാൽ മല്പാനെ കുത്തിപ്പറയുന്നതായ വചനങ്ങൾ ഒന്നും നമ്മുടെ പത്രികയിൽ പ്രസിദ്ധപ്പെടുത്തിപ്പോകരുതെന്ന് പീലിപ്പോസിന്റെ പേർക്ക് എഴുതി അയക്കയും ചെയ്തു.

വിശേഷിച്ച് കഴിഞ്ഞ ബുധനാഴ്ച കുറുപ്പംപടിക്കൽ നിന്ന് ഇവിടേക്ക് പുറപ്പെട്ടു. നാളെ ഇവിടെ നിന്ന് തുരുത്തി പള്ളിയിലേക്കും റമ്പാച്ചനോടു കൂടെ അവിടെ നിന്ന് ആലുവായ്ക്കും പോകുവാനുമായി വിചാരിച്ചിരിക്കുന്നു. മല്പാന് സൗഖ്യമുണ്ടെങ്കിൽ വരുന്ന വ്യാഴാഴ്ചയോ വെള്ളിയാഴ്ചയോ ആലുവായിൽ എത്തിയാൽ കൊള്ളാമെന്ന് വിചാരിക്കുന്നു.

എന്തെന്നാൽ എറണാകുളത്ത് നമ്മുടെ ആർത്താറ്റ് പള്ളി നമ്പ്ര് താമസം കൂടാതെ എടുക്കുമെന്ന് പറയുന്നത് വാസ്തവമായിത്തീർന്നാൽ പിന്നെ അങ്കമാലിയിലേക്കോ അകപ്പറമ്പിലേക്കോ പോകുവാൻ വിചാരിക്കാതെ എറണാകുളത്തേക്ക് പോകുവാൻ എടവരികയും ആലോചിച്ച കാര്യം നടക്കാതെ നിന്നു പോകുമല്ലോ എന്ന് വ്യസനിക്കുന്നു. ആർത്താറ്റ് പള്ളി നമ്പ്ര് ഇപ്പോൾ തന്നെ എടുത്ത് പോകുമെന്ന് പറയുന്ന വചനം നിശ്ചയ മായിട്ടുള്ളതല്ല എങ്കിലും അങ്ങനെ വന്നു പോയെങ്കിലോ എന്ന് സംശ യിച്ച് പറയുന്നതാണ്. നമ്പ്ര് എടുക്കുന്നില്ലെങ്കിൽ നിശ്ചയമായും അങ്ക മാലി, അകപ്പറമ്പ് പള്ളികളിലേക്ക് പോകുന്നതും തിരിച്ച് നാം ആലുവാ യിൽ എത്തുമ്പോൾ മല്പാൻ വന്നുചേർന്നാൽ മതിയായിരുന്നു. അതി നാൽ കഴിവുണ്ടെങ്കിൽ ഇപ്പോൾത്തന്നെ ആലുവായിൽ എത്തുക. ഏന മില്ലെങ്കിൽ അങ്കമാലിയിൽ നിന്നും മടങ്ങിവരുമ്പോൾ എത്തിയാലും മതി എന്നല്ലാതെ മറ്റൊന്നും പറവാൻ നാം കാണുന്നില്ല. രാത്രിയിൽ ഇങ്ങനെ എഴുതുവാൻ പ്രയാസമാക കൊണ്ട് ചുരുക്കുന്നു.

ശേഷം വിവരങ്ങൾ നമ്മുടെ ശെമ്മാശൻ പറഞ്ഞ് അറിവാൻ ഇടവരു ന്നതാകുന്നു.[86]

1079 കുംഭം 23-ാം തീയ്യതി<br>
കുന്നക്കുരുടി പള്ളിയിൽ നിന്നും. (ഒപ്പ്)

**66**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

## (മുദ്ര)

നമ്മുടെ രക്ഷിതാവായ യേശുമ്ശിഹായാൽ വിളിക്കപ്പെട്ടതും, തന്റെ അപ്പോസ്തോലനായ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതുമായ മലങ്കര ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികളിലേയും, പട്ടക്കാരും, ശെമ്മാശന്മാരും പ്രമാണികളും, ശേഷം എല്ലാവരും കൂടികണ്ടെന്നാൽ ദൈവത്തിൽ നിന്നു കൃപയും, സമാധാനവും നിങ്ങൾക്കു വർദ്ധിച്ചിരി ക്കുമാറാകട്ടെ.

പ്രിയമുള്ളവരേ, ദൈവീകത്തിലും ലൗകീകത്തിലും പ്രകാശവും ജീവ നും ആയിട്ടുള്ളതു ജ്ഞാനമാകുന്നു. അതിനോടു ശരിയായി വേറൊന്നു മില്ല. ജ്ഞാനം പത്മരാഗങ്ങളേക്കാൾ വിലയേറീട്ടുള്ളതാകുന്നു എന്നു മഹാജ്ഞാനിയും പറഞ്ഞിരിക്കുന്നു. നമ്മുടെ രക്ഷിതാവായ മ്ശിഹാ തമ്പുരാൻ ഒന്നാമതായി നടത്തിയതും തന്റെ ശിഷ്യന്മാരെ പ്രത്യേകം

ഭരമേല്പിച്ചതും പഠിത്വമാകുന്നു. നമ്മുടെ മഹാരാജാവും രാജ്യക്ഷേമത്തിനായി തന്റെ രാജ്യമൊക്കെയിലും പ്രധാനമായി നടത്തിവരുന്നതും പഠിത്വമത്രേ. അങ്ങിനെ തന്നെ അന്യസഭക്കാരായ പ്രൊട്ടസ്റ്റാന്റുകാരും, റോമാക്കാരും അവരുടെ സ്ഥലങ്ങളിലും പഠിത്വം വർദ്ധിപ്പിക്കേണ്ടതിനായി സിമ്മനാരികളായിട്ടും, കോൺവെന്റുകളായിട്ടും മറ്റു പള്ളിക്കൂടങ്ങളായിട്ടും നിറച്ചുവരുന്നു. വടക്കേ ഇടവകകളിൽ പഠിത്വമാകുന്ന ഉറവയും ഒഴുക്കും കുറവായിരിക്കുന്ന സ്ഥിതിക്കു നമ്മുടെ സഭയുടെ എതിരാളികളായി പുറമേ കുഞ്ഞാടിന്റെയും അകമേ ചെന്നായുടെയും വേഷം ധരിച്ചുംകൊണ്ടു വരുന്നവരോടു പോരാടുവാനും പഠിത്വമില്ലാതിരുന്നാൽ കഴിവില്ലല്ലോ. സഭയുടെ ആദ്യകാലത്തു ശാസ്ത്ര പരിചയമുള്ളവനും സമർത്ഥനുമായിരുന്ന വി. അപ്പോസ്തോലനായ പൌലോസിനെ കർത്താവു വിളിക്കയും അവനെ തെരഞ്ഞെടുക്കപ്പെട്ട പാത്രമാക്കി വയ്ക്കയും ചെയ്തപ്രകാരം ഇക്കാലത്തും പഠിത്വവും ദൈവഭയവും ഉള്ള പട്ടക്കാരും അത്മേനികളും വടക്കും തെക്കുമുള്ള ഇടവകകളിൽ ഉണ്ടാകേണ്ടതു അത്യാവശ്യമെന്നു നമ്മോടുകൂടെ നിങ്ങളും എറ്റുപറയുമെന്നു വിശ്വസിക്കുന്നു. നമ്മുടെ സഭയെ ഒന്നടങ്കം വിഴുങ്ങുവാൻ വന്ന ചെന്നായ്ക്കളോടുള്ള പോരാട്ടങ്ങളുടെ ഇടയിൽ ഈ അടുത്തകാലത്തു കോട്ടയത്തു പുത്തൻ സിമ്മനാരിയും, നമ്മുടേയും കഴിഞ്ഞുപോയ സഹോദരൻ ബഹുമാനപ്പെട്ട മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകളുടെയും ഉത്സാഹത്തിൽ തിരുവല്ലാ ഹൈസ്കൂളും സ്ഥാപിച്ചു പഠിത്വം നടത്തിവരികയും, പരുമലെ ഒരു പൊതുസ്ഥലം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. മേൽപറഞ്ഞ കാരണങ്ങളാൽ നമുക്കു വടക്കേ ഇടവകകളിൽ സഞ്ചരിച്ചു പഠിത്വം നടത്തുന്നതിലേക്കു കഴിഞ്ഞില്ലാ. ആലുവായിൽ ഒരു പൊതുസ്ഥലം ഉണ്ടാക്കണമെന്നു ഒരമ്പതു സംവത്സരക്കാലം മുമ്പെതന്നെ നമുക്കും മറ്റു ചിലർക്കും ആഗ്രഹമുണ്ടായിരുന്നു. വിശ്വാസത്യാജ്യം വടക്കേ ഇടവകകളിൽ ഇല്ലാതിരുന്നതിനാലും, നമ്മുടെ പോരാട്ടം തെക്കേ ഇടവകകളിൽ ആയിരുന്നതിനാലും നമ്മുടെ ആദ്യ ആലോചനയെ നിറവേറ്റുന്നതിനു ഇടവന്നില്ല. എങ്കിലും ആ കുറവിനെ നികത്തുവാൻ എന്നപോലെ കഴിഞ്ഞുപോയ സഹോദരൻ ബ. മാർ കൂറിലോസു മെത്രാപ്പോലീത്താ[87] അവർകളുടെ ഉത്സാഹത്താൽ ടി ഉദ്ദേശ്യത്തോടുകൂടി ആലുവായിൽ ഒരു പള്ളി വയ്പിക്കയും, അതിന്റെ പൂർത്തിക്കു മുമ്പു അദ്ദേഹം കാലം ചെയ്തു പോകയും പിന്നീടു അതിനെ പിന്തുടർന്നു സഹോദരൻ ബ. മാർ അത്താനാസ്യോസു[88] മെത്രാപ്പോലീത്താ അവർകളും പള്ളിയുടെ തീരാനുണ്ടായിരുന്ന ഏതാനും പണികൾ തീർപ്പിക്കയും കഴിഞ്ഞ മീനമാസത്തിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടിയതിൽ ആലുവായിൽ ഒരു സിമ്മനാരി സ്ഥാപിച്ചു പഠിത്വം നടത്തേണമെന്നും, അതിന്റെ ചിലവിലേക്കു അങ്ക

മാലി ഇടവകയിൽ ഉൾപ്പെട്ട പള്ളികളിൽനിന്നും ഒരു കൊല്ലത്തെ വരുമാനം കൊടുക്കേണമെന്നും, നിശ്ചയം ചെയ്തപ്രകാരം ചില പള്ളിക്കാർ കൊടുത്തിട്ടുള്ള സംഖ്യ കൊണ്ടു സെമിനാരിപണി ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

പ്രിയരേ, മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ അവർകൾ ഈ സിമ്മനാരിയുടെ പണി പൂർത്തിയായി, അതിൽ പഠിത്വം നടന്നുകണ്ടു സന്തോഷിപ്പാൻ അവിടെത്തന്നെ തന്റെ വൃദ്ധതയുടെ സമയത്തെ ചില വഴിച്ചു നോക്കിപാർത്തുകൊണ്ടിരിക്കുന്നു എന്നു മാത്രവുമല്ല തന്റെ വകകൾ അതിലേക്കു വിട്ടുകൊടുക്കുകയും ചെയ്തിരിക്കുന്നു.

പ്രിയമുള്ളവരേ, വെള്ളത്തിന്റെ ഗുണംകൊണ്ടും കച്ചവടവർദ്ധനകൊണ്ടും ആലുവാ മുമ്പേ തന്നെ കേൾവിപ്പെട്ടതും ഇപ്പോൾ തീവണ്ടി മുതലായ നവീന ഏർപ്പാടുകളാലും ആലുവായ്ക്കു ഒരു പുതിയ ജീവൻ വീണിട്ടുണ്ടെന്നും, തെക്കും വടക്കുമുള്ള നമ്മുടെ മക്കൾക്കു ഒരാശ്വാസ സ്ഥലമായിരിക്കുമെന്നും വടക്കേ ഇടവകയുടെ ഒരു സെഹിയോൻ ആയിരിക്കാൻ തക്ക യോഗ്യതയുള്ള സ്ഥലമെന്നും നാം കഴിഞ്ഞമാസത്തിൽ അവിടെ എത്തിക്കണ്ടതിൽ എത്രയും വേഗത്തിൽ അതിനെ നിവൃത്തിക്കേണ്ടതാണെന്നും തോന്നുകയാൽ പൊതുവിൽ ഇപ്രകാരമുള്ള ഒരു കല്പന എഴുതുന്നതിനു ഇടവന്നതാണ്.

അതിനാൽ അങ്കമാലി ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളിക്കാരും ഒരു കൊല്ലത്തെ വരുമാനം കഴിയുംവേഗത്തിൽ കൊടുത്തുതീർക്കയും, ടി ഇടവകയൊഴിച്ചു തെക്കും വടക്കുമുള്ള എല്ലാ പള്ളിക്കാരും ജനങ്ങളും അവരവരാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കയും ചെയ്യണമെന്നു നമ്മുടെ വൃദ്ധതയും ഓർപ്പിച്ചുകൊള്ളുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെമേലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1904 മീനം 5-നു[89]
അകപ്പറമ്പു പള്ളിയിൽ നിന്നും (ഒപ്പ്)

(ഇടവപത്രിക 1904 നീസാൻ, പു. 13, ല. 4)

## 67

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

നമ്മുടെ അധികാരത്തിൽ ഉള്ള എല്ലാ പള്ളിക്കാരും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കാലം ചെയ്ത നമ്മുടെ സഹോദരൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ശ്രാദ്ധമടിയന്തിരം ഈ തുലാ മാസം (സുറിയാനി കണക്കിൽ) 20-ാം തീയ്യതി വ്യാഴാഴ്ചയാകയാൽ അന്നേദിവസം പള്ളിക്കാർ വെള്ളിക്കുരിശ് മുതലായ പള്ളിസാമാനങ്ങളോടു കൂടി എത്തി അടിയന്തിരത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നതു കൂടാതെ പതിവുള്ള വൈദികസംഘം ഇതോട് ചേർന്ന് നടത്തുന്നതാകയാൽ അതിൽ പട്ടക്കാർ എല്ലാവരും ഹാജരാവുകയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1905-ാമാണ്ട് കന്നി മാസം 27-ാം തീയ്യതി
മുളന്തുരുത്തി പള്ളിയിൽ നിന്നും

(ഇടവകപത്രിക 1905 ചിങ്ങം, പുസ്തകം 14, ലക്കം 9)

## 68

## ദൈവകൃപയാൽ ബലഹീനനായ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്പർ 117

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

അയച്ചതായ രണ്ട് എഴുത്തുകളും കിട്ടി. വിവരങ്ങൾ അറികയും ചെയ്തു. പള്ളികൾക്ക് സാധനങ്ങൾ അയപ്പാൻ ഉള്ള പകർപ്പോടു കൂടി അയച്ച എഴുത്ത് പറവൂർ പോയി ചുറ്റിത്തിരിഞ്ഞ് ഇന്നലെ മൂന്ന് മണിക്ക് മാത്രമേ ഇവിടെ കിട്ടിയുള്ളു. ഉടനെ പള്ളികൾക്കുള്ള സാധനങ്ങൾ എഴുതി ഇതോടൊന്നിച്ച് അയക്കുന്നു. കടവിലെ മെത്രാച്ചന്റെ കൈയിൽ ഉൾപ്പെട്ട പള്ളികൾക്ക് സാധനം അയക്കണമെന്ന് വിചാരിക്കുന്നില്ല. മല്പാന് വേണമെന്ന് താല്പര്യമാണെങ്കിൽ അയച്ചുകൊള്ളണം. നമുക്കുള്ള സുഖക്കേടുകൾ വർദ്ധിച്ചുവരുന്നതായിക്കണ്ടതിനാൽ പറവൂർ നിന്നും കഴിഞ്ഞ വെള്ളിയാഴ്ച സിമ്മനാരിക്ക് പോന്നു. ഇവിടെ എത്തിയ ശേഷം കുറെ ആശ്വാസം എന്നല്ലാതെ ഒട്ടും കൂടുതൽ ഇല്ല. ഇപ്പോൾ കണിയാൻ രാമന്റെ ചികിത്സയാണ്. ഒരു പൊടിയും കഷായവും സേവിച്ച് വരുന്നു. പൊടി പല വട്ടം സേവിപ്പാനും കഷായം രണ്ടു നേരം സേവിപ്പാനുമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ദിവാൻജി അവർകൾ നാളെ തിരുവല്ലായിൽ എത്തുമ്പോൾ നമ്മുടെ പള്ളിക്കൂടത്തിൽ കുട്ടികൾക്ക് സമ്മാനം കൊടുക്കുന്നതാകകൊണ്ട് നാം കൂടെ എത്തുന്നതിലേക്കായി

നമ്മെ കൊണ്ടുപോകുവാൻ തിരുവല്ലാക്കാരായ പ്രമാണികൾ ഇവിടെ വന്നിരുന്ന് കഴിയുന്നതും നിർബന്ധിച്ചു എങ്കിലും നമ്മുടെ സുഖക്കേട് നിമിത്തം നാം പുറപ്പെടാതെ ഇവിടെ താമസിക്കുന്നു. കൂട്ടം കഴിഞ്ഞിട്ടുള്ള വിവരങ്ങൾക്ക് എഴുതി അയക്കുകയും ചെയ്യുമല്ലോ. നിങ്ങൾ ആലോചിച്ച് നിശ്ചയിക്കുന്നത് ഒക്കെയും ഒത്തിരിക്കുമെന്ന് നമുക്ക് വിശ്വാസമാണ്. എറമ്പാച്ചനിൽ നിന്നും വാങ്ങിച്ചിരിക്കുന്ന പണം ഇനിയും താമസിക്കാതെ വേഗത്തിൽ തീർപ്പാനായി നമ്മുടെ ചാക്കോയോട് പ്രത്യേകം പറയണം.

നമുക്ക് ശരീരസുഖം ഇല്ലായ്കയാൽ അധികമൊന്നും എഴുതുന്നില്ല. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയച്ചുകൊള്ളാം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാവർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് കൊല്ലം 1080 മീനം 25-ന് ഒപ്പ്

## 69

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ആത്മിക പുത്രനാകുന്ന കുഞ്ഞൂഞ്ഞിന് വാഴ്വ്.

മണിഓർഡർ വഴിയായി അയച്ചുതന്ന ഇരുനൂറ് രൂപായും ഇന്നലെ ഇവിടെ കിട്ടി. പറഞ്ഞപ്രകാരം മുന്നൂറും തികച്ചയപ്പാൻ സംഗതി വരാഞ്ഞത് തല്ക്കാലം അന്വേഷിച്ച് ഉണ്ടാകാഞ്ഞതിനാൽ ആണെന്ന് വിചാരിക്കുന്നു. നമ്മുടെ വിസ്താരം ചൊവ്വാഴ്ച തന്നെ തുടങ്ങി. ഇന്നലെയും ഉണ്ടായിരുന്നു എന്നു മാത്രമല്ല, ഇന്നും കൂടെ ഉണ്ടാകുമെന്ന് കേൾക്കുന്നു. ഇപ്പോഴത്തെ വിസ്താരം പ്രതി വക്കീലിന്റെ പ്രസംഗമാണെന്ന് അറിയാമല്ലോ. ഈ കഴിഞ്ഞ രണ്ടു ദിവസത്തെയും പ്രസംഗത്തിൽ വലിയ വിശേഷമൊന്നും കണ്ടില്ലെന്ന് മാത്രമല്ല അവരുടെ വാദത്തെ ഉറപ്പിക്കാൻ മുഖ്യപ്രമാണങ്ങളായി ഹാജരാക്കപ്പെട്ട കള്ള ചെപ്പേടും അവർ കൃത്രിമമായി ഉണ്ടാക്കപ്പെട്ട ചേപ്പാട്ട് മെത്രാച്ചന്റെ സാധനവും മാത്യൂസ് അത്താനാസ്യോസിന്റെ ഒരു സാധനവും സ്വീകരിപ്പാൻ പാടില്ല എന്ന് ജഡ്ജിമാർ പ്രസ്താവിക്ക കൂടെ ഉണ്ടായി. ഇനി ഇന്നത്തെ അവരുടെ പ്രസംഗത്തിൽ എന്തുണ്ടാകുമോ? വിവരത്തിന് നാളെ എഴുതി അയക്കാം. ഇവിടത്തെ ആവശ്യത്തിലേക്ക് പണം മതിയായ്കയാൽ റമ്പാച്ചൻ എവിടെ നിന്നെങ്കിലും വാങ്ങി അയപ്പാൻ റമ്പാച്ചന്റെ പേർക്ക് ഇതൊന്നിച്ച് എഴുതി അയക്കുന്നുമുണ്ട്.

ദൈവം സഹായിക്കുമാറാകട്ടെ.[90]

എന്ന് കൊല്ലം 1080 ഇടവം 19
എറണാകുളത്തു നിന്നും (ഒപ്പ്)

**70**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

മുദ്ര

നമുക്കെത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ഗീവർഗ്ഗീസ് റമ്പാച്ചന് ബുർക്ക്സാ.[91]

നമ്മുടെ കണ്ണങ്കോട്ട് പള്ളിക്കാര്യങ്ങൾ വളരെ കുഴപ്പ സ്ഥിതിയിൽ ആയിത്തീർന്നിരിക്കയാൽ നാം അവിടെ എത്തി എല്ലാ കാര്യങ്ങളും കേട്ട് തീരുമാനിക്കയും മേൽകാര്യങ്ങൾക്ക് വേണ്ട നിശ്ചയങ്ങൾ ചെയ്ത് നടത്തിച്ച് കൊടുക്കണമെന്നും മറ്റും പല തവണകളായി അവർ നമ്മോട് അപേക്ഷിക്കയും നമ്മുടെ വൃദ്ധത മൂലം നേരിട്ടിരിക്കുന്ന സുഖക്കേടുകളെയും മാറ്റിവയ്ക്കാൻ വഹിയാത്ത ഓരോ ജോലികളാലും അവരുടെ അപേക്ഷപ്രകാരം അവിടെ എത്തുന്നതിനോ പള്ളിക്കാര്യത്തിൽ നേരിട്ടിരിക്കുന്ന കുഴപ്പങ്ങളെ കേട്ട് തീരുമാനിച്ച് മേൽ നടത്തിപ്പിന് വേണ്ട നിശ്ചയങ്ങളെ ഉണ്ടാക്കിക്കൊടുത്ത് നടത്തിക്കുന്നതിനോ ഇന്നേവരെ നമുക്ക് കഴിയാതെ പോയതിൽ നാം ദുഃഖിക്കുന്നു. ഇപ്പോൾ അവധിയിൽ വന്നതായ യോഗക്കുറിയിൽ അടിയന്തിരത്തിൽ നാം അവിടെ എത്തി കാര്യങ്ങൾ കേട്ട് തീരുമാനിക്കയും മേൽ നടത്തിപ്പിന് വേണ്ട (രണ്ടു വരി അവ്യക്തം - എഡിറ്റർ) ... നമ്മുടെ വൃദ്ധത മൂലം ബദ്ധപ്പെട്ട് അവിടെ എത്തുവാനോ മറ്റോ സുഖമില്ലാതെ ഇരിക്കുന്നു എങ്കിൽ നമുക്ക് പകരം എറമ്പാച്ചനെ അയച്ച് നടത്തിച്ച് കൊടുക്കണമെന്നും അപേക്ഷിച്ചിരിക്കുന്ന യോഗക്കുറിയിലെ താല്പര്യങ്ങൾ എറമ്പാച്ചൻ അറിവാനായി ഇതൊന്നിച്ച് അയക്കുന്നു.

ഈ വർഷാരംഭം മുതൽ വാതത്തിന്റെ ഉപദ്രവം നിമിത്തം ശരീരത്തിന് ഒട്ടും സുഖമില്ലാതെ നാം ഇരിക്കുന്നു എന്നുള്ള വിവരം എറമ്പാച്ചന് തന്നെ അറിവുള്ള കാര്യമാണല്ലോ. അതിനാൽ നമുക്ക് പകരം എറമ്പാച്ചൻ കണ്ണങ്കോട്ടു പള്ളിയിൽ എത്തി പള്ളികാര്യത്തിൽ നേരിട്ടിരിക്കുന്ന കുഴപ്പങ്ങളെ ഒക്കെയും കേട്ട് തീരുമാനിക്കയും മേൽക്കാര്യങ്ങൾക്ക് വേണ്ടുന്ന (ഒരു വരി അവ്യക്തം - എഡിറ്റർ) ... ചെയ്തുകൊടുത്ത് നടത്തിക്കയും പള്ളിവക പണങ്ങൾ ഒത്തവണ്ണം പട്ടക്കാർ എടുത്തുകൊണ്ട് പോകാതെ ഇരിപ്പാൻ തക്കവണ്ണം ശട്ടം കെട്ടുന്നത് കൂടാതെ യോഗ തെരഞ്ഞെടുപ്പു പ്രകാരം പട്ടക്കാരിൽ ഒരാളെ ആ പള്ളിയ്ക്ക് വികാരിയായും ആ പള്ളി

യുടെ താഴെയുള്ളതായി ആ പള്ളിയുടെ പട്ടക്കാർ നടത്തിവരുന്ന നാലു പള്ളികൾക്കും കൈക്കാരരായി ഓരോ പട്ടക്കാരെ നിശ്ചയിച്ച് നടത്തിച്ചാൽ കൊള്ളാമെന്ന് വിചാരിക്കുന്നു. ഈ നമ്മുടെ വിചാരം നല്ലത് എന്ന് കാണപ്പെട്ടാൽ അങ്ങനെ നിശ്ചയിച്ച് നടത്തിക്കയും വേണം.

കണ്ണങ്കോട്ട് പള്ളിക്കാര്യങ്ങളുടെ നടത്തിപ്പുകൾ വളരെ കുഴപ്പ സ്ഥിതിയിലും നാഥനില്ലാത്തപ്രകാരവും ആയിത്തീർന്നിരിക്കുന്നു എന്ന് കേൾക്കുന്നതിൽ വച്ച് വ്യസനിക്കുന്നതാകയാൽ ഈ കല്പന കിട്ടിയാൽ ഒട്ടും താമസം കൂടാതെ കണ്ണങ്കോട്ട് പള്ളിയിൽ എത്തി അവിടത്തെ കുഴപ്പങ്ങൾ കേട്ട് തീരുമാനിക്കയും മേൽനടത്തിപ്പിന് വേണ്ട നിശ്ചയങ്ങളെ ചെയ്തും നടത്തിക്കയും വേണം.

ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയച്ചുകൊള്ളാം. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് കൊല്ലം 1082[92] ചിങ്ങം 5-ാം തീയ്യതി കുന്നംകുളം പള്ളിയിൽ നിന്നും.

ഈ കാര്യത്തെക്കുറിച്ച് കണ്ണങ്കോട്ട് പള്ളിക്കാർക്ക് നാം എഴുതിയിട്ടുള്ള കല്പന ഇതൊന്നിച്ച് അയക്കുന്ന വിവരം (ശേഷം ഒരു വരി അവ്യക്തം. - എഡിറ്റർ).

## 71

## ദൈവകൃപയാൽ ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്പർ 234

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

പാത്രിയർക്കീസ് ബാവായെ[93] വാഴിച്ച വിവരത്തിന് വന്ന കമ്പിയുടെ തർജ്ജിമ അടക്കം ചെയ്ത് അയച്ചതായ എഴുത്ത് അവിടെ കിട്ടി വിവരങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

ഇനി നമ്മുടെ കാര്യത്തെക്കുറിച്ചും മറ്റും പാത്രിയർക്കീസ് ബാവായ്ക്ക് ഒരു എഴുത്ത് അയപ്പാനായി നമുക്ക് തോന്നപ്പെട്ടപ്രകാരം ഒരു പകർപ്പുണ്ടാക്കി അയക്കുന്നു. ഈ പകർപ്പിൽ ആവശ്യമില്ലാത്തത് കണ്ടാൽ ആയത് നീക്കിയും ആവശ്യമെന്ന് തോന്നുന്നതിനെ കൂട്ടിയും സുറിയാനിയിൽ അസ്സൽ എഴുതി ഇങ്ങോട്ടു അയച്ച് തരികയും വേണ്ടിയിരിക്കുന്നു.

മല്പാന് അധികം ജോലികൾ ഉണ്ടെങ്കിലും ഈ എഴുത്ത് എത്രയും വേഗത്തിൽ അയയ്ക്കണമെന്ന് വിചാരിക്കുന്നതിനാൽ മറ്റ് ജോലികൾ ഒഴിച്ചുംവച്ച് ഈ എഴുത്ത് വേഗത്തിൽ അയച്ച് തരുന്നതിന് താല്പര്യമുണ്ടാകയും വേണം. ഈ എഴുത്ത് വിവരം മറ്റാരെയും അറിയിക്കരുതേ. ഈ എഴുത്തിൽ ശെമ്മാശന്മാരുടെ പട്ടംകൊട കാര്യത്തെക്കുറിച്ചും എഴുതിയിട്ടുണ്ട്. നമ്മുടെ ചാമക്കാല ശെമ്മാശനും മറ്റും കിടന്ന് കഷ്ടപ്പെട്ട് വരുന്നതിനെക്കുറിച്ച് വ്യസനം തോന്നി എഴുതിയതാകുന്നു. ഇപ്പോഴത്തെ എഴുത്തിൽ ടി വിവരം എഴുതണമെന്നില്ല എന്ന് തോന്നിയാൽ എഴുതേണ്ട.

ഇവിടത്തെ കാര്യങ്ങൾ തീരുമാനിച്ചും വച്ച് 20-ാം തീയ്യതി മുളന്തുരുത്തിയിൽ എത്തണമെന്ന് വളരെ ആഗ്രഹിച്ചു. പാത്തപ്പനും[94] മാത്തുവിന്റെ മകൻ ഇയ്യാക്കുവും തമ്മിലുള്ള തർക്കം നിമിത്തം ഒന്നും തീരുമാനിക്കാൻ പാടില്ലാത്തവണ്ണം നാം കഷ്ടപ്പെടുന്നു. പാത്തപ്പനെ എടുത്ത് പാത്തപ്പന്റെ അപേക്ഷപ്രകാരം കാര്യങ്ങൾ തീരുമാനിക്കുമ്പോൾ ഇയ്യാക്കു മുഷിഞ്ഞു പോകും. ഇയ്യാക്കുവിന്റെ അപേക്ഷപ്രകാരം തീരുമാനിക്കുമ്പോൾ പാത്തപ്പനും മുഷിഞ്ഞുപോകും. എന്ത് വേണ്ടു എന്ന് വിചാരിച്ചു വലയുന്നു. എങ്കിലും കന്നി മാസം 8-ാം തീയ്യതി പെരുന്നാൾ ആർത്താറ്റ് പള്ളിയിൽ ആഘോഷിക്കുന്നുണ്ട്. ആയത് കഴിഞ്ഞാൽ എങ്ങനെയും ഒരു തീരുമാനം ഉണ്ടാക്കി പുറപ്പെടുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ദൈവം സഹായിക്കുമാറാകട്ടെ.

നമ്മുടെ സ്ലീബാ ശെമ്മാശൻ[95] എറമ്പാനായ വിവരത്തിന് എറമ്പാന്റെയും അന്തോന്റെയും എഴുത്തുകൾ വന്നിട്ടുണ്ട്. അതിനുള്ള മറുപടിക്ക് പകർപ്പുകൾ ഉണ്ടാക്കി പിന്നാലെ എഴുതി അയച്ചുകൊള്ളാം. മകനേ, നമ്മുടെ വൃദ്ധത മൂലം ഒരു സൗഖ്യവും നമുക്കില്ല. ഇപ്പോഴത്തെ പകർപ്പ് തന്നെ ഉണ്ടാക്കിയത് നാലഞ്ച് ദിവസം കൊണ്ടായിരുന്നു എന്ന് പറഞ്ഞാൽ നമ്മുടെ കുഴപ്പസ്ഥിതി എത്രമേൽ എന്ന് അറിയാമല്ലോ.

വിശേഷിച്ച് നമ്മുടെ ഇട്ടൻപിള്ളയുടെ വ്യവഹാരങ്ങൾ ഒക്കെയും എങ്ങനെ ഇരിക്കുന്നു എന്ന് അറിയായ്ക കൊണ്ട് വ്യസനിക്കുന്നതിനാൽ വിവരങ്ങൾക്ക് എഴുതി അയക്കയും വേണ്ടിയിരിക്കുന്നു. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കാം. സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിക്കുമാറാകട്ടെ.

എന്ന് 1082 കന്നി മാസം 2-ാം തീയ്യതി കുന്നംകുളങ്ങര പള്ളിയിൽ നിന്നും. (ഒപ്പ്)

## 72

## ദൈവകൃപയാൽ ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

നമ്പർ 242

നമുക്ക് എത്രയും പ്രിയപ്പെട്ട നമ്മുടെ ഗീവർഗീസ് റമ്പാച്ചന് ബുർക്ക്സാ (വാഴ്വ് - എഡിറ്റർ).

ഈ മാസം 1-ാം തീയ്യതി അയച്ച എഴുത്ത് കിട്ടി. വിവരങ്ങൾ അറിഞ്ഞു. പാത്രിയർക്കീസ് ബാവായ്ക്ക് പൊന്നു കൊണ്ടുള്ള ഒരു അംശവടി നല്കണമെന്ന് തന്നെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിന് പള്ളികളിൽ നിന്ന് പിരിക്കേണ്ട സംഖ്യ ഇന്നപ്രകാരമെന്ന് പരുമല നാം എത്തി ആലോചിച്ച് അതത് പള്ളികൾക്കുള്ള തുക നിശ്ചയിച്ച് എഴുതി പള്ളികൾക്ക് അയച്ചുകൊള്ളാമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു പള്ളിക്കാർക്കും തൃപ്തികേടുണ്ടാകുന്നതല്ലെന്ന് വിശ്വസിക്കുന്നു. വടി പണിയിക്കുന്നത് പരുമല വച്ചോ കോട്ടയത്ത് വച്ചോ ആയിക്കൊള്ളാം.

ഇവിടത്തെ പള്ളിക്കാര്യത്തിന്റെ തീരുമാനം എങ്ങനെയും പത്ത് ദിവസിക്കകം ഉണ്ടാക്കി ഇവിടെ നിന്ന് പരുമലക്ക് പുറപ്പെടുന്നതാണ്.

വിശേഷിച്ചു നമ്മുടെ തുമ്പൊൻ (തുമ്പമൺ - എഡിറ്റർ) പള്ളിക്കാര്യങ്ങൾക്ക് യാതൊരു കുഴപ്പവും തർക്കവും വരാതെ നടന്ന് വന്നിരുന്നു. ഇപ്പോൾ ഏതോ യോഗത്തിൽ ഭിന്നത ഉണ്ടായി ഇരു കക്ഷിയായി. ... (ശേഷം ഇരുപത്തിരണ്ടു വരികൾ അവ്യക്തം - എഡിറ്റർ).

ശേഷം കാര്യങ്ങൾ വരുന്ന മാസം ആദ്യം തന്നെ അവിടെ നാം എത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നതാക കൊണ്ട് അപ്പോൾ അഭിമുഖമായി പറഞ്ഞുകൊള്ളാം (വീണ്ടും നാലു വരി അവ്യക്തം - എഡിറ്റർ).

എന്ന് കൊല്ലം 1082 കന്നി മാസം .... കുന്നംകുളം പള്ളിയിൽ നിന്നും.

(വീണ്ടും നാലു വരി അവ്യക്തം. അതിന് ശേഷമാണ് ഒപ്പ് വച്ചിരിക്കുന്നത്. - എഡിറ്റർ)

## 73

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

മലങ്കരയിൽ ഉള്ള എല്ലാ പള്ളികളിലെയും ... വാഴ്വ്

പ്രിയമുള്ളവരേ, നമ്മുടെ സിംഹാസനത്തിന്റെ മേലധികാരിയായി

ബഹുമാനപ്പെട്ട മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളെ അന്തോഖ്യാ പാത്രിയർക്കീസായി ഈ മാസം 15-ാം തീയ്യതി വാഴിച്ചിരിക്കുന്നപ്രകാരം മാർ ദീവന്നാസ്യോസ് ഹന്നാ മെത്രാപ്പോലീത്താ അവർകളുടെ കമ്പി ഡയർബക്കറിൽ നിന്ന് ഇന്നലെ നമുക്ക് വന്നിരിക്കുന്ന വിവരം സന്തോഷപൂർവ്വം നാം നിങ്ങളെ അറിയിക്കുന്നു. നമ്മുടെ അനുഗ്രഹിക്കപ്പെട്ട ഈ പിതാവിന് നല്ല ദീർഘായുസിനെ ദൈവം നൽകിക്കൊടുത്ത് സകല നീതിയോടും നമ്മുടെ സഭകളെ ഭരിപ്പാൻ സംഗതിയാക്കിത്തീർക്കണമെന്ന് നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കയും വേണം. ശേഷം കാര്യങ്ങൾ പിന്നാലെ എഴുതി അയക്കാം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാവർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1906-ാമാണ്ട് ചിങ്ങ മാസം 24-ാം തീയ്യതി.

കുന്നംകുളം പള്ളിയിൽ നിന്നും.

(ഇടവകപത്രിക 1906 ചിങ്ങം, പു. 15, ല. 8)

## 74

## ദൈവകൃപയാൽ
## ബലഹീനനായ യൗസേപ്പ് ദീവന്നാസ്യോസ്
## മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കെത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

ഈ മാസം 13-ാം തീയ്യതി അയച്ചതായ എഴുത്തും പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് രണ്ടാമതായി നാം അയപ്പാനുള്ളതും അസോസ്യേഷൻ കമ്മട്ടിക്കാർ അയപ്പാനുള്ളതുമായി അയച്ചിട്ടുള്ള സുറിയാനിപ്പകർപ്പുകളും ഇവിടെ കിട്ടി വിവരങ്ങൾ അറിഞ്ഞു സന്തോഷിക്കുന്നു. ഒന്നാമതായി അയപ്പാനുള്ള എഴുത്ത് നമുക്ക് നേരിട്ട സുഖക്കേട് മൂലവും സ്ലീബാ റമ്പാച്ചനും അന്തോനും നമുക്ക് അയച്ചിട്ടുള്ളതായ എഴുത്തുകൾക്കുള്ള മറുപടികളോടുകൂടി വേണം പാത്രിയർക്കീസ് ബാവായ്ക്കുള്ള എഴുത്ത് അയക്കേണമെന്നുള്ള വിചാരത്താലും ഒന്നാമത്തെ എഴുത്ത് അയപ്പാൻ കഴിഞ്ഞിട്ടില്ലെന്നും അതിനാൽ സ്ലീബാ റമ്പാനും അന്തോനും അയപ്പാനുള്ള മറുപടി എഴുതി അയപ്പാനായി അവരുടെ എഴുത്തുകൾ അടക്കം ചെയ്ത് നാം അയച്ചതായ എഴുത്ത് ഇപ്പോൾ അവിടെ കിട്ടി വിവരങ്ങൾ അറിഞ്ഞിരിക്കുമെന്ന് വിചാരിക്കുന്നു. അതിനാൽ റമ്പാനും അന്തോനുമുള്ള മറുപടികൾ ഉടനെ എഴുതി അയച്ചു

തരികയും വേണം. ആയത് വന്നാൽ അതോടു കൂടി പാത്രിയർക്കീസ് ബാവായ്ക്കുള്ള എഴുത്തും അയച്ചുകൊള്ളാം. ഇത് കഴിഞ്ഞ രണ്ടാഴ്ച യുടെ ശേഷം ഇപ്പോൾ അയച്ചതായ എഴുത്തും പാത്രിയർക്കീസ് ബാവായ്ക്ക് അയച്ചുകൊള്ളാം. കമ്മട്ടിക്കാരുടെ പേർക്ക് പാത്രിയർക്കീസ് ബാവായ്ക്ക് അയപ്പാനായി അയച്ചതായ എഴുത്തിൽ അവരിൽ ആരെയും കണ്ട് ഒപ്പിടുവിക്കാതെ മറ്റ് ചിലരെക്കണ്ട് ഒപ്പിടുവിച്ച് അയക്കുന്ന കാര്യ ത്തിൽ എന്തു വേണ്ടൂ എന്നും സംശയിക്കുന്നതിനാൽ ആയത് അയക്കു ന്നത് നാം തമ്മിൽ കരിങ്ങാശ്ര വച്ച് കണ്ടതിന് മേൽ മതിയെന്ന് വിചാരി ക്കുന്നു. അതിനാൽ പ്രിയനേ, റമ്പാന്റെയും അന്ത്രോന്റെയും പേർക്കുള്ള മറുപടികൾ എഴുതി ഉടനെ അയച്ച് തരണമെന്ന് വീണ്ടും പറഞ്ഞ് എഴുത്ത് ചുരുക്കുന്നു. നമുക്ക് വയറ്റിൽ ഉണ്ടായിരിക്കുന്നതായി മുൻ എഴു ത്തിൽ പറഞ്ഞിരിക്കുന്ന സുഖക്കേടുകൾ മുഴുവനും സുഖപ്പെട്ടിട്ടില്ലാത്ത തുകൊണ്ട് അല്പം വ്യസനം ഉണ്ടെങ്കിലും ഇപ്പോൾ സേവിച്ചു വരുന്ന മരുന്ന് നാലഞ്ചു ദിവസം കൂടെ സേവിച്ചാൽ പൂർണ്ണ സുഖം ഉണ്ടാകു മെന്ന് ദൈവത്തിൽ ശരണപ്പെട്ടിരിക്കുന്നു. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയച്ചുകൊള്ളാം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർ ദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1082 കന്നി 20-ാം തീയ്യതി കുന്നംകുളം പള്ളിയിൽ നിന്നും

ഇങ്ങോട്ട് അയക്കുന്ന എഴുത്തുകൾക്ക് തക്കതിൻവണ്ണം ദീർഘമായി മറുപടി അയക്കാതെ ചുരുക്കി എഴുതുന്നത് നമ്മുടെ സുഖക്കേട് മൂലമാ ണെന്ന് വിചാരിക്കണം. (ഒപ്പ്)

**75**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

മലങ്കര ഇടവകയിലുള്ള എല്ലാ പള്ളിക്കാരും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

നമ്മുടെ കാലം ചെയ്ത സഹോദരൻ മാർ ഗ്രീഗോറിയോസ് മെത്രാ പ്പോലീത്താ അവർകളുടെ ഓർമ്മ ഈ തുലാ മാസം 20-ാം തീയ്യതി വെള്ളിയാഴ്ച പരുമല സിമ്മനാരി പള്ളിയിൽ വച്ച് പതിവുപോലെ കഴി ക്കപ്പെടുന്നതാകയാൽ വെള്ളിക്കുരിശു മുതലായ പള്ളിസാമാനങ്ങൾ സഹിതം എല്ലാ പള്ളിക്കാരും വന്ന് നമ്മുടെ വിശുദ്ധ സഹോദരന്റെ ഓർ മ്മയിൽ സംബന്ധിക്കണമെന്ന് എല്ലാവരെയും നാം ഇതിനാൽ ഓർമ്മി പ്പിക്കുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1906-ാമാണ്ട് കന്നി മാസം 27-ാം തീയ്യതി
കുന്നംകുളം പള്ളിയിൽ നിന്നും.

(ഇടവകപത്രിക 1906 കന്നി, പു. 15, ല. 9)

**76**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

നമ്മുടെ നടമേൽ[96] പള്ളിയിലെ വികാരിയും കൈക്കാരരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, നമ്മുടെ അനുവാദപ്രകാരം ചരിത്ര സംക്ഷേപത്തോടുകൂടി നിങ്ങൾ അയച്ചിട്ടുള്ള തെരട്ടും റിപ്പോർട്ടും ഇന്നേ ദിവസം നമ്മുടെ മുമ്പാകെ കൊണ്ടുവരികയും നാം വായിച്ചു കേൾക്കുകയും ചെയ്തതിൽ അത്യന്തം സന്തോഷിക്കുന്നു. എന്നല്ല, നമ്മുടെ ദൈവത്തിന്റെ ഭവനമായ ആ ദൈവാലയത്തിന്മേൽ നിങ്ങൾക്കുള്ള ഭക്തി വൈരാഗ്യങ്ങളെക്കുറിച്ചും നിങ്ങളുടെ അക്ഷീണ പരിശ്രമങ്ങളെക്കുറിച്ചും നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങളുടെ മേൽ നമുക്കുള്ള വാത്സല്യവും സന്തോഷവും പൂർവ്വാധികം വർദ്ധിക്കയും ചെയ്തിരിക്കുന്നു.

നിങ്ങളുടെ ഈ പ്രവൃത്തി എത്രയും ശ്ലാഘനീയവും മറ്റു പള്ളിക്കാരെക്കൂടി ആകർഷിക്കത്തക്ക ഒരു ഉചിത പ്രവൃത്തിയും ആകയാൽ എല്ലാ പള്ളിക്കാരും നിങ്ങളുടെ ഉത്തമമായ നടപടിയെ കണ്ട് പഠിപ്പാൻ ഇടവരുന്നതും അതിൽ വച്ച് പള്ളി മുതലുകൾക്ക് അപഹരണമോ പള്ളിക്കാര്യാദികളിൽ കലഹമോ ഉണ്ടാകാതെ ശരിയായ സ്ഥിതിയിൽ നടത്തിപ്പാൻ ഇടവരുമെന്നും നാം ആഗ്രഹിക്കുന്നു. അതിന് സർവശക്തനായ ദൈവം നിങ്ങളെ മുൻ ദൃഷ്ടാന്തക്കാരായി ആക്കിത്തീർത്തതിൽ തന്നെ നാം മഹത്വപ്പെടുത്തുകയും സ്തുതിക്കയും ചെയ്യുന്നു.

അതിനാൽ വാത്സല്യ മക്കളേ, നിങ്ങൾ എല്ലാവരും ഏകയോഗക്ഷേമത്തോടും സന്തോഷത്തോടും കൂടിയിരിക്കുന്ന ഒരു ദൈവാലയത്തിന്റെ എല്ലാ കാര്യങ്ങളും മേലിൽ ശ്രേയസ്കരമായവിധത്തിൽ ഭയഭക്തിയോടുകൂടി നിങ്ങൾ നടത്തിക്കയും വേണം.

അതിന് ദൈവമായ കർത്താവ് നിങ്ങളെയും നിങ്ങളുടെ മക്കളേയും നിങ്ങൾക്കുള്ള സകലത്തെയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് 1906 ധനു 25-ാം തീയ്യതി ആലുവാ തൃക്കുന്നത്തു പള്ളിയിൽ നിന്നും (ഒപ്പ്)

(ഇടവകപത്രിക 1906 ധനു, പു. 15, ല. 12)

## 77

## ഒരു പ്രത്യേക പരസ്യം

ഈ മാസം 14-ാം തീയ്യതി ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽ നി.വ.ദി.ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അഗ്രാസനാധിപത്യത്തിൻകീഴ് കൂടിയ പൊതുയോഗത്തിൽ വച്ച് ടി. സിമ്മനാരിയിൽ സുറിയാനിയും ഇംഗ്ലീഷും പഠിപ്പിക്കണമെന്ന് നിശ്ചയിച്ചിരിക്കുന്നതിനാൽ അടുത്ത മകരം 1-ാം തീയ്യതി മുതൽ പഠിത്തം ആരംഭിക്കുന്നതാണ്. അതിലേക്ക് ചുമതലപ്പെട്ട് നടത്തുന്നതിന് മല്പാനെയും മറ്റും നിയമിച്ചിരിക്കുന്നതിനാൽ സിമ്മനാരിയിൽ ചേർന്ന് പഠിക്കണമെന്ന് വിചാരിക്കുന്ന ശെമ്മാശന്മാർക്കും കുട്ടികൾക്കും 1-ാം തീയ്യതി മുതൽ പഠിക്കാവുന്നതാണ്.[92]

എന്ന് കല്പനപ്രകാരം കൊച്ചുപൗലൂസ് റമ്പാൻ

(ഇടവകപത്രിക 1906 ധനു, പു. 15, ല. 12)

(പില്ക്കാലത്ത് പാത്രിയർക്കീസ് വിഭാഗത്തിന്റെ മലങ്കര മെത്രാപ്പോലീത്തായായിത്തീർന്ന കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് ആണ് ഈ കൊച്ചുപൗലോസ് റമ്പാൻ. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ തിരുമേനിയുടെ ആജ്ഞപ്രകാരം പ്രവർത്തിച്ചിരുന്ന കൊച്ചുപൗലൂസ് റമ്പാൻ, പിൻഗാമിയായ മലങ്കര മെത്രാപ്പോലീത്തായുടെ കാലമായപ്പോൾ, വെറും മൂന്ന് വർഷം കഴിഞ്ഞപ്പോഴേക്കും സമാന്തര മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായി മാറുന്ന ദൗർഭാഗ്യകരമായ ചിത്രമാണ് നാം കാണുന്നത് - എഡിറ്റർ).

## 78

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ എഴുത്തു

**(മുദ്ര)**

ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ആത്മീയ മക്കളായ 'യാക്കോബായ സുറിയാനി മതപ്രചാരണസംഘ'[98]ക്കാർക്കു വാഴ്വ്.

നമ്മുടെ സഭയിൽ ഉണ്ടായിരിക്കുന്ന ദുരുപദേശകയറ്റങ്ങളെ തടുക്കുന്നതിനും സുവിശേഷവേലക്കുറവിനെ നികത്തുന്നതിനും മറ്റുമായി പരിതാപത്തോടും ദൈവഭയത്തോടുംകൂടി സ്തുത്യർഹന്മാരായ കോതമംഗലത്തു മർത്തൊമ്മാൻ ചെറിയപള്ളിക്കാരുടെ ക്ഷണപ്രകാരം നിങ്ങൾ ഈ കന്നിമാസം 21-നു അവിടെ സംഘം കൂടുകയും അവിടെ നടന്ന ആലോചനകളെയും നിശ്ചയങ്ങളെയും നാം അതിലേക്കു ചെയ്യേണ്ടിയ സഹകരണങ്ങളെയും വിവരിച്ചു നമ്മുടെ മുമ്പാകെ നിങ്ങൾ അയച്ച കുറി കിട്ടി വായിച്ചു കണ്ടതിൽ നാം അത്യന്തം സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്തു.

ഇങ്ങനെ ഒരു സംഘം വടക്കേ ദേശത്തു ഏറ്റം അത്യാവശ്യപ്പെട്ടിരിക്കയാണ്. ചെയ്തടത്തോളം നിശ്ചയങ്ങളും നടപടികളും നിങ്ങളുടെ കുറിയിൽ നിന്നറിഞ്ഞതിൽ ഏറ്റവും തൃപ്തികരമായിരിക്കുന്നതു കൊണ്ടു, ഈ സംഘത്തിന്റെ നിലനില്പിന്നും അഭിവൃദ്ധിക്കും വേണ്ടിയുള്ള താല്പര്യമേറിയ പ്രാർത്ഥനയോടും സന്തോഷത്തോടുംകൂടി നാം ഇതിനെ അനുവദിച്ചു രക്ഷാധികാരിത്വത്തെയും സ്വീകരിച്ചിരിക്കുന്നു.

ഇങ്ങനെയുള്ള പ്രവൃത്തികളിൽ ആദ്യ ദൃഷ്ടാന്തക്കാരായി തീർന്ന കോതമംഗലത്തു പള്ളിക്കാരും സംഘത്തെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടു തങ്ങളുടെ പള്ളികളിലേക്കു ക്ഷണിച്ചിട്ടുള്ള കോതമംഗലത്തു വലിയപള്ളിക്കാർക്കും കടമറ്റത്തു പള്ളിക്കാർക്കും കോട്ടപ്പടി പള്ളിക്കാർക്കും നാം പ്രത്യേകം നന്ദി പറകയും അവരുടെ ദൃഷ്ടാന്തത്തെ മറ്റു പള്ളിക്കാരും കണ്ടു പഠിപ്പാൻ നാം ആഗ്രഹിക്കയും ചെയ്യുന്നു.

വലിയവരും ചെറിയവരുമായ ഏവരും ഈ സംഘത്തെ യഥാശക്തി സഹായിക്കേണ്ടതും നമ്മുടെ എല്ലാ പള്ളിക്കാരും പള്ളിമുതലിൽ നിന്നു ഈ സംഘത്തിലേക്കു സഹായം കൊടുക്കേണ്ടതും ആണെന്നു ഇതിനാൽ നാം ആജ്ഞാപിക്കുന്നതു കൂടാതെ നിർബ്ബന്ധിക്ക കൂടി ചെയ്യുന്നു. സംഘനിശ്ചയപ്രകാരമുള്ള ഫീസ്സ്, ഏറ്റവും നിസ്സാരമായ സംഖ്യ ആക കൊണ്ടു ഏവരും അപ്രകാരം കൊടുപ്പാൻ മടി വിചാരിക്കയില്ലെന്നു മാത്രമല്ലാ കൂടുതൽ കൊടുപ്പാൻ വിചാരിക്കുമെന്നു കൂടി നാം ആശിക്കുന്നു. ഇങ്ങനെയല്ലാതെ ദുരുപദേശങ്ങളെ തടുക്കുന്നതിനും നമ്മുടെ സത്യവിശ്വാസം പ്രബലപ്പെടുന്നതിനും വേറെ തക്കതായ മാർഗ്ഗം തല്ക്കാലം ഇല്ലാതിരിക്കുന്നതു കൊണ്ടു ഈ കാര്യത്തിൽ താല്പര്യത്തോടെ നിങ്ങൾ മുമ്പോട്ടു നടക്കണമെന്നു നാം പ്രത്യേകം ഗുണദോഷിക്കുന്നു. ബ. നമ്മുടെ സഹോദരൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളും ഈ കാര്യത്തിൽ താല്പര്യക്കാരനായിരുന്നു വേണ്ട ശ്രമങ്ങളെല്ലാം ചെയ്യുമെന്നു നമുക്കു ധൈര്യമുണ്ടെങ്കിലും നിങ്ങളുടെ അപേ

ക്ഷയെയും നമ്മുടെ താല്പര്യത്തെയും കാണിച്ചു അദ്ദേഹത്തിന്റെ പേർക്കു ഇന്നേദിവസം നാം എഴുതി അയച്ചിരിക്കുന്നതുമാകുന്നു.

നമ്മുടെ സത്യവിശ്വാസത്തെക്കുറിച്ചു സഞ്ചാരപ്രസംഗം ചെയ്യേണ്ട തിലേക്കു സ്വമനസ്സാലെ ഏറ്റുപറഞ്ഞിട്ടുള്ള നമ്മുടെ വാത്സല്യ മക്കളെ ല്ലാവർക്കും നാം നന്ദി പറകയും അവരുടെ ഈ ഔദാര്യശീലത്തെ ഏറ്റവും ശ്ലാഘിക്കയും അവരുടെമേൽ സകല വാഴ്വുകളെയും ചൊരി വാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്നതുകൂടാതെ അവരുടെ സഞ്ചാരങ്ങളിൽ ഓരോ സ്ഥലങ്ങളിൽ എത്തുമ്പോൾ അവരുടെ ചിലവു അതാതു പള്ളിക്കാർ വഹിക്കണമെന്നും കൂടി നാം ഇതിനാൽ ആജ്ഞാ പിക്കുന്നു.[99]

ഇതുപോലെ സഭാകാര്യങ്ങളിൽ ദൈവീകവൈരാഗ്യം നിറഞ്ഞ ആത്മീയ മക്കൾ നമ്മുടെ ഇടയിൽ വർദ്ധിച്ചുവന്നിരുന്നെങ്കിൽ സുറിയാനി സഭ, ഏതു സ്ഥിതിയിൽ വന്നു നിന്നേനെ എന്നുള്ളതു നാം പ്രസ്താവി ക്കുന്നതിനേക്കാൾ ഊഹിച്ചുകൊള്ളുന്നതു എളുപ്പമാകുന്നു.

നിഖ്യാ, കുസ്തന്തീനോസു, എപ്പേസൂസ എന്നീ വിശുദ്ധ സുന്നഹ ദോസുകളിൽ നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ മേൽ വസിച്ചു അവരെ ലോകത്തിന്റെ പ്രകാശമായിട്ടു വിളങ്ങുമാറാക്കിയ പരിശുദ്ധറൂഹാ നിങ്ങ ളുടെമേലും വസിച്ചു സർവ്വശ്രമങ്ങളെയും ഫലവത്താക്കി തീർക്കുമാറാ കട്ടെ.

അതു കൃപ നിറഞ്ഞിരിക്കുന്ന മാതാവിന്റെയും സകല പരിശുദ്ധന്മാ രുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

എന്നു 1906 മകരം 11-നു കുന്നംകുളം പള്ളിയിൽ നിന്നും (ഒപ്പ്)

(ഇടവകപത്രിക 1907 തുലാം, പു. 16, ല. 10)

## 79

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും .... വാഴ്വ്.

പ്രിയമുള്ളവരേ, തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തലസ്ഥാനവും രാജകുടുംബത്തിന്റെ ആസ്ഥാനവുമായ തിരുവനന്തപുരത്ത് നമ്മുടെ സമു ദായത്തിന്റെ മഹിമയ്ക്കും പട്ടണത്തിന്റെ അവസ്ഥയ്ക്കും തക്കവണ്ണം നമ്മുടെ മക്കളായ ഓരോരുത്തരുടെ സഹായത്താലും മറ്റും ഏറിയ ചെല വുകളും പ്രയാസങ്ങളും നാം ചെയ്തു ഒരു പള്ളി പണിയിച്ചിട്ടുണ്ടെ

ങ്കിലും തിരുവനന്തപുരത്തു വന്നുപോകുന്നവരും വിദ്യാഭ്യാസത്തിനായി അവിടെ ചെന്ന് താമസിക്കുന്നവരുമായ നമ്മുടെ ആളുകൾക്കും കുട്ടികൾക്കും താമസിക്കുന്നതിനും മറ്റുമായി അതോടുകൂടി ഒരു ബംഗ്ലാവ് കൂടി പണിയിപ്പിക്കണമെന്നുള്ള നമ്മുടെ ആഗ്രഹത്തെ നിറവേറ്റുവാൻ മറ്റോരോ കാര്യങ്ങളാലും ചിലവുകളാലും ഇതേവരെ ഇടയാവാതെ ഇരുന്നതിൽ അത്യന്തം നാം വ്യസനിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള വാസ്തവം നിങ്ങളും അറിഞ്ഞിരിക്കുമെന്ന് നാം വിചാരിക്കുന്നു.

എന്നാൽ ഈ നമ്മുടെ ആഗ്രഹത്തെ നിറവേറ്റുവാൻ എന്നവണ്ണം തിരുവനന്തപുരത്ത് താമസിക്കുന്നവരും പ്രജാസഭ സംബന്ധിച്ച് അവിടെ ചെന്നിരുന്നവരുമായ നമ്മുടെ മക്കളുടെ ഉത്സാഹത്താലും താല്പര്യത്താലും മേല്പ്രകാരം ഒരു കെട്ടിടം പണിയിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി നമ്മുടെ പ്രിയ പുത്രന്മാരായ ഹൈക്കോടതി വക്കീൽ ഇ. ജെ. ജോൺ, ഹൈസ്ക്കൂൾ മാസ്റ്റർ ഒ. എം. ചെറിയാൻ ഇവർ മുഖാന്തിരം ഒരു കമ്മട്ടി കൂടി അതിലേക്ക് വേണ്ട നിശ്ചയങ്ങളും ഏർപ്പാടുകളും ചെയ്കയും യോഗത്തിൽ കൂടിയിരുന്ന മാന്യന്മാർ യഥാശക്തി സഹായിക്കാമെന്ന് സമ്മതിച്ച് വരിയിടുകയും ചെയ്തിരിക്കുന്നത് കൂടാതെ ഇതിലേക്ക് പലരും സഹായിക്കാമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നതായും മറ്റും മേല്പറഞ്ഞ നമ്മുടെ പുത്രന്മാർ നമ്മെ അറിയിച്ചിരിക്കുന്നു.

പ്രിയമുള്ളവരേ, മേൽ പ്രസ്താവിച്ചപ്രകാരം ഒരു കെട്ടിടം പണിയിക്കണമെന്ന് മുമ്പേ തന്നെ നമുക്കുണ്ടായിരുന്ന ആഗ്രഹത്തെ നിറവേറ്റുവാൻ നമ്മുടെ ആത്മീയ മക്കളായ ഇ. ജെ. ജോൺ, ഒ. എം. ചെറിയാൻ ഇവർ അതിയായ താല്പര്യത്തോടും നല്ല മനസ്സോടും കൂടി ഇപ്പോൾ പുറപ്പെട്ടിരിക്കുന്നതിൽ നമുക്കുള്ള സന്തോഷം അല്പമല്ല. അവരെ ഉത്സാഹിപ്പിച്ച് ഈ കെട്ടിടം കഴിയുന്നതും വേഗത്തിൽ തീർപ്പിക്കേണ്ടത് ഏറ്റവും ആവശ്യമെന്നുള്ള നമ്മുടെ അഭിപ്രായത്തിൽ നിങ്ങളും യോജിക്കുമെന്നുള്ളതിന് നമുക്ക് സംശയമില്ല.

ആകയാൽ പ്രിയമുള്ളവരേ, ഇങ്ങനെ ഒരു കെട്ടിടം തിരുവനന്തപുരത്ത് ഉണ്ടായിരിക്കേണ്ട ആവശ്യകതയും അതിനാലുള്ള ഗുണവും നമ്മുടെ സഭക്കുള്ള ബഹുമതിയും എന്തു മാത്രമെന്ന് നിങ്ങൾ എല്ലാവർക്കും അറിയാവുന്നതാകയാൽ അതിനെപ്പറ്റി നാം വിസ്തരിച്ച് പറഞ്ഞിട്ടാവശ്യമില്ല എന്ന് വിചാരിക്കുന്നു. ഈ കാര്യത്തിൽ നമ്മുടെ സമുദായത്തിൽപ്പെട്ട നമ്മുടെ മക്കളായ എല്ലാവർക്കും ഭക്തിയും താല്പര്യവും ഉണ്ടായി അവരവരാൽ ക്കഴിയുന്ന ദ്രവ്യസഹായം ചെയ്തു കൊടുക്കുന്നതു കൂടാതെ എല്ലാ പള്ളികളിൽ നിന്നും യഥാശക്തി സഹായിക്കയും വേണം.

എന്നാൽ ഈ കെട്ടിടം പണി വകയ്ക്കുള്ള ചുമതലക്കാരായും സിക്ര

ട്ടറിമാരായും നമ്മുടെ ആത്മീയ മക്കളായ മേല്പറഞ്ഞ ഇ. ജെ. ജോൺ, ഒ. എം. ചെറിയാൻ ഇവരെ നാം നിശ്ചയിച്ചതാകകൊണ്ട് ഓരോരുത്തരും കൊടുക്കുന്ന സംഖ്യ അവർ പക്കൽ കൊടുത്തേല്പിക്കണമെന്നും നിങ്ങളുടെ സ്നേഹത്തോട് നാം ഗുണദോഷിച്ച് നമ്മുടെ വചനത്തെ ചുരുക്കുന്നു.[100]

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1906-ന് കൊല്ലം 1081-മാണ്ട് കർക്കിടക മാസം 13-ാം തീയ്യതി
കുന്നംകുളം പള്ളിയിൽ നിന്നും. (ഒപ്പ്)

(ഇടവകപത്രിക 1906 കർക്കിടകം, പു. 15, ലക്കം 7)

## 80

## ദൈവകൃപയാൽ ബലഹീനനായ യൗസേഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

ഈ മാസം 8-ന് അയച്ചതായ എഴുത്ത് കിട്ടി. വിവരങ്ങൾ അറികയും സന്തോഷിക്കയും ചെയ്യുന്നു. പ്രിയനേ! വേദപുസ്തകം അച്ചടിപ്പാൻ തക്കവണ്ണം തയാറാക്കിയിട്ടുള്ളത് അച്ചടിപ്പാനായി മനോരമയിൽ ഏല്പിച്ചിട്ടുണ്ടല്ലോ. മുമ്പേറായി പരീക്ഷാർത്ഥം ഒന്ന് അച്ചടിപ്പിച്ച് പരസ്യം ചെയ്തതിനുമേൽ സ്ഥിരമായിട്ടും ശരിയായിട്ടും ഉള്ള പുസ്തകം അടിപ്പിച്ചാൽ മതി എന്ന് ഇപ്പോൾ പലരും അഭിപ്രായപ്പെടുകയും എഴുതി അയക്കയും ചെയ്യുന്നതുകൊണ്ട് എന്ത് വേണ്ടൂ എന്ന് മല്പാൻ ചഞ്ചലപ്പെടുന്നതായി എഴുത്തിൽ പറയുന്നുവല്ലോ. ഇതൊക്കെയും അച്ചടിപ്പാൻ താമസപ്പെടുന്നതിനുള്ള കാരണങ്ങൾ എന്നല്ലാതെ മറ്റൊന്നും പറയാൻ നാം കാണുന്നില്ല. അവർ പറയുന്നത് അവരുടെ പരമാർത്ഥതയിൽ പറയുന്നതെന്ന് നാം സമ്മതിക്കുന്നു. എങ്കിലും പുസ്തകം അച്ചടിപ്പിക്കുന്നത് താമസപ്പെടുത്തിയാൽ ചീത്തപ്പേരിന് ഇടവരുന്നതും കാര്യം നടപ്പില്ലാതെ വന്നുപോകുന്നതുമാകുന്നു. നമ്മുടെ തർജ്ജിമ നമ്മുടെ സുറിയാനി ഭാഷക്കൊത്തവണ്ണം ആയിരിക്കണം. അപ്രകാരം മല്പാനാൽ കഴിയുംവണ്ണം ശരിയായി തർജ്ജിമ ചെയ്കയും നമ്മുടെ ഗീവറുഗീസ് റമ്പാൻ മുതൽ പേരെക്കൊണ്ട് തർജ്ജിമ പരിശോധിപ്പിച്ച് കുറ്റം തീർത്ത് വച്ചിരിക്കുന്നതായി അറിയുന്നത് മാത്രമല്ല, മലയാള ഭാഷയുടെ പരിശോധന നമ്മുടെ കുരുവിള എഞ്ചിനീയറെക്കൊണ്ടും മറ്റും പരിശോധിപ്പിച്ചതായും അറി

യുന്നു. ഇത്രയൊക്കെ മതി എന്ന് വിചാരിക്കുന്നതിനാൽ കഴിയുന്നതും വേഗത്തിൽ അച്ചടിപ്പിക്കുന്നതിന് തന്നെ വിചാരിക്കണം. നമ്മുടെ തർജ്ജിമ നമ്മുടെ സുറിയാനി ഭാഷയ്ക്കൊത്തവണ്ണം ആയിരുന്നാൽ മതി. അതിലേക്ക് മല്പാനേക്കാൾ യോഗ്യനായി മറ്റൊരുത്തൻ മലയാളത്തിൽ ഇല്ലെന്നാണ് നമ്മുടെ വിശ്വാസം. പരീക്ഷാർത്ഥം മുമ്പേറടിപ്പിച്ചാൽ പരിശോധിപ്പാൻ തക്ക ആളുകളായി വല്ലവരും ഉണ്ടെങ്കിൽ അവർ ആരെല്ലാമെന്ന് അഭിപ്രായക്കാർ പറയട്ടെ. ഒരുത്തനും ഇല്ലെന്ന് നമുക്ക് തന്നെ അറിയാവുന്നതാകകൊണ്ട് എന്തിന് ചഞ്ചലപ്പെടുന്നു? അഭിപ്രായക്കാരുടെ വിചാരം മറ്റു ഭാഷകളിലുള്ള പുസ്തകങ്ങളുമായി പരിശോധിക്കണമെന്നായിരിക്കാം. അങ്ങനെ ആയാൽ സുറിയാനിക്കൊത്തവണ്ണം വരുന്നതുമല്ലാ. അതിനാൽ അച്ചടിപ്പിന് താമസപ്പെടുത്താതെ കഴിയുന്നതും വേഗത്തിൽ അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തുകയും വേണം.[101]

വിശേഷിച്ച് നമ്മുടെ സ്ലീബാ ശെമ്മാശൻ മൂസലിൽ എത്തി എന്നുള്ള വിവരത്തിന് ശെമ്മാശൻ അയച്ചതായ എഴുത്ത് ഇന്നലെ ഇവിടെ കിട്ടി. ശെമ്മാശന്റെ എഴുത്തിൽ പാത്രിയർക്കീസായി നമ്മുടെ ഇളയ ബാവായെ തെരഞ്ഞെടുക്കുകയും സുൽത്താന് എഴുതി അയക്കയും ഈ തെരഞ്ഞെടുപ്പിനെ സുൽത്താൻ കൈക്കൊണ്ട് മറുപടി കൊടുക്കയും ചെയ്തിരിക്കയാൽ ഉടനെ വാഴ്ച ഉണ്ടാകുമെന്നും എഴുതിയിരിക്കുന്നത് കൂടാതെ കോജാ അന്തോന്റെ എഴുത്തിലും ഈ കാര്യം സ്ഥിരമായും പറയുന്നുണ്ട്. ഇളയ ബാവാ ഈ രാജ്യത്ത് വരികയും എല്ലാ വിവരങ്ങളും അറിഞ്ഞിരിക്കുന്ന ആളും ആകകൊണ്ട് ആവശ്യപ്പെടുന്ന കാര്യങ്ങൾക്ക്[102] ഉടനെ ഗുണപരമായ തീരുമാനം ഉണ്ടാകുമെന്ന് ദൈവത്തിൽ ഇച്ഛിച്ചിരിക്കുന്നു.

അഞ്ഞൂരെ ദേഹവുമായി[103] ഉണ്ടായ കാഴ്ചയിൽ സമ്മതിച്ചപ്രകാരം തന്നെ യോജിച്ച് നടപ്പാൻ വളരെ നിർബന്ധം തന്നെ. നമ്മെ കൊണ്ടുപോകുന്ന കാര്യം ഇപ്പോൾ വേണ്ട എന്നും കാര്യങ്ങൾ തീരുമാനപ്പെട്ടതിന്റെ ശേഷം മതി എന്നും നാം പറഞ്ഞയച്ചപ്രകാരം സമ്മതിച്ചിരിക്കയാണ്. എല്ലാ പ്രകാരത്തിലും അഞ്ഞൂര് നമ്മോടുകൂടെ ചേരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും കാണുന്നില്ല. ദൈവം സഹായിക്കുമാറാകട്ടെ.

തുമ്പമൺകാരുടെയും ഓമല്ലൂർകാരുടെയും സമ്മാനം നമ്മുടെ കൈകൊണ്ട് മല്പാന് തരുന്നതിലേക്ക് അവർക്ക് ആഗ്രഹമുള്ളപ്രകാരം തന്നെ നിറവേറ്റണമെന്ന് നമുക്കും താല്പര്യമുള്ളതിനാൽ 20-ാം തീയതിക്കു മുമ്പായി മുളന്തുരുത്തിയിൽ എത്തുന്നതിന് നാം വിചാരിച്ചുകൊള്ളാം.

ഇവിടത്തെ പള്ളിക്കാര്യം ഒരുവിധം തീരത്തക്കവണ്ണം ആയിരിക്കുന്നു

എന്ന് മാത്രമല്ല, കഴിഞ്ഞ ബുധനാഴ്ച യോഗക്കാരെ വിളിച്ചുകൂട്ടി അവരുടെ തെരഞ്ഞെടുപ്പിന്മേൽ 12 പേരെ കൈക്കാരരായി തെരഞ്ഞെടുക്കയും നിശ്ചയിക്കയും ചെയ്തിരിക്കുന്നു.[104] ഇനി പള്ളി വക വസ്തുക്കൾ ഓരോരുത്തരുടെ കൈവശം ഇരിപ്പുള്ളത് വയ്പിക്കുന്ന ജോലിയിലാണ് ഇപ്പോൾ നാം ഇരിക്കുന്നത്. അത് വേഗത്തിൽ എന്ന് പറഞ്ഞാൽ മേൽപറഞ്ഞ അവധിക്കു മുമ്പേ തീർത്ത് പുറപ്പെടണമെന്നും വിചാരിക്കുന്നു. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കാം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1906 കർക്കിടകം 19-ാം തീയ്യതി കുന്നംകുളം പള്ളിയിൽ നിന്നും.
(ഒപ്പ്)

## 81

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്മുടെ ആർത്താറ്റ്-കുന്ദംകുളം പള്ളികളിലെ വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.[105]

പ്രിയമുള്ളവരേ, തൃശ്ശിവപേരൂരിൽ ഒരു പള്ളി വെയ്പാൻ ഗവർമെണ്ടനുവാദം സിദ്ധിച്ചിട്ട് നാലഞ്ചു കൊല്ലങ്ങളോളം ആയിരിക്കുന്നുയെന്നുള്ള വിവരം നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുമെന്ന് നാം വിശ്വസിക്കുന്നു. എങ്കിലും ആയത് ഒരു നിവൃത്തി കൂടാതെ ഇങ്ങനെ കിടപ്പാൻ സംഗതി ആയത് പള്ളി പണിയിപ്പാൻ പ്രത്യേകം മുതലില്ലാതെയും വല്ല ധർമ്മശേഖരമായി മറ്റോ പിരിച്ച് പള്ളി പണി നടത്തിപ്പാൻ തക്ക ആഗ്രഹക്കാരായി ആരും പുറപ്പെടാതെയിരുന്നതുകൊണ്ടുമാകുന്നു.

ടി സ്ഥലത്ത് ഒരു പള്ളിയും ഇവിടെ നിന്ന് അവിടെ ചെല്ലുന്നവർക്ക് താമസിച്ചു പോരുവാൻ തക്ക ഒരു കെട്ടിടവും അവിടെ ഉണ്ടായിരുന്നാൽ അതിൽ വച്ചു അവിടെ ചെല്ലുന്ന നമ്മുടെ ജനങ്ങൾക്ക് ഉണ്ടാകുന്ന ഗുണവും ആശ്വാസവും വളരെയെന്ന് നമ്മുടെ കൂടെ നിങ്ങളേവരും പറയുമെന്നും നാം വിശ്വസിക്കുന്നു. കഴിഞ്ഞ ഞായറാഴ്ച നമ്മുടെ ചാക്കോ മജിസ്ട്രേട്ട് ഇവിടെ വരികയും അവിടത്തെ പള്ളി പണി ആരംഭിക്കാതെ ഇട്ടിരിക്കുന്നത് വളരെ വ്യസനമല്ലയോ? എന്നും മറ്റും അയാളോടു നാം പറഞ്ഞതിൽ അയാൾക്ക് മനഃസ്താപം തോന്നുകയും ഇവിടെ നിന്നും

ഉദ്ദേശം ആയിരം രൂപ ഉണ്ടാക്കി അയക്കുന്നതായാൽ ശേഷം പോരാതെ വരുന്ന രൂപ അയാളുടെ അമ്മാവനായ മഴുവഞ്ചേരിപറമ്പിൽ പീലിപ്പോസ് എന്നയാൾ എവിടെനിന്നെങ്കിലും ധമ്മശേഖരം പിരിച്ച് പള്ളിയും മുറിയും പണിയിച്ചുകൊള്ളാമെന്ന് ഏറ്റിരിക്കുന്നത് മാത്രമല്ല ഈ പള്ളിപണിക്ക് നൂറു രൂപാ തന്നുകൊള്ളാമെന്നും ഏറ്റിട്ടുണ്ട്. ഈ പീലിപ്പോസ് നല്ല വൈദ്യനും തക്ക ഗൃഹസ്ഥനും സമ്മതനും ആകകൊണ്ട് പള്ളി പണിയുടെ ധർമ്മശേഖരത്തിനായി അയാൾ പുറപ്പെട്ടാൽ തക്ക പിരിവ് ഉണ്ടാകുമെന്നും പള്ളിപണി പൂർത്തിപ്പെട്ടു കാണ്മാൻ സംഗതി വരുമെന്നും വിചാരിക്കുന്നു. എങ്കിലും പള്ളി പണിക്കായിട്ട് നമ്മൾ എത്തിച്ചുകൊടുപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന രൂപാ ആയിരവും എത്തിച്ചുകൊടുപ്പാൻ അടിയന്തിരപ്പെട്ടിരിക്കുന്നതുകൊണ്ട് നിങ്ങളിൽ ഓരോരുത്തരും കഴിയുന്ന സഹായം ഈ നല്ല കാര്യത്തിന് ചെയ്തു തരേണമെന്നുള്ള അപേക്ഷയോടുകൂടി ഈ കല്പന എഴുതിയിരിക്കുന്നതിനാൽ യാതൊരു മടിയും ഉപേക്ഷയും ഈ കാര്യത്തിൽ കാണിക്കാതെ നിങ്ങൾ ചെയ്യുന്ന സഹായം നമ്മുടെ ദൈവത്തിന്റെ ഭവന പണിക്കാകകൊണ്ട് ഒന്നിന് മുപ്പതായും അറുപതായും നൂറായും ഉള്ള പ്രതിഫലം ദൈവം നിങ്ങൾക്ക് നൽകിത്തരുമെന്നുള്ള പൂർണ്ണവിശ്വാസത്തോടെ നിങ്ങൾ സഹായിക്കുകയും വേണം. നിങ്ങൾ ഓരോരുത്തർ ചെയ്യുന്ന സഹായം ഇന്നതെന്ന് ഈ പുസ്തകത്തിൽ നിങ്ങളുടെ പേരെഴുതി തുക വച്ച് ഒപ്പിട്ടു കൊടുത്തയ്ക്കുകയും വേണം.

തല്ക്കാലം നിങ്ങളുടെ ജ്ഞാനത്തിന് ഇത്രയും മതിയെന്ന് വച്ച് ചുരുക്കുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കട്ടെ.

എന്ന് 1906 (1081) കർക്കിടകമാസം 12-ന് കുന്നംകുളം പള്ളിയിൽ നിന്നും. (ഒപ്പ്)

## 82

### മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

(മുദ്ര)

കർത്താവിൽ സ്നേഹിക്കപ്പെട്ടവരും സഭയുടെ ഉയർച്ചയ്ക്കും നിലനില്പിനും വേണ്ടി ആഗ്രഹിക്കുന്നവരുമായ മലങ്കരയിലുള്ള നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്ത്പട്ടക്കാരും പള്ളിക്കൈക്കാരരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങളിൽ സമാധാനവും സ്വർഗ്ഗീയ വാഴ്വും വർദ്ധിച്ചിരിക്കുമാറാകട്ടെ.[106]

നമ്മുടെ ശിരസ്സാകുന്ന രക്ഷിതാവിന്റെ അവയവങ്ങളും തന്റെ ഹിതത്തെ നിറവേറ്റുവാൻ കടപ്പെട്ടവരുമായ വാത്സല്യമക്കളേ, ക്രിസ്ത്യാനി സഭയുടെ മുഖ്യവേലയും അതിന്റെ വളർച്ചയ്ക്കുവേണ്ടി യുള്ള നിത്യപ്രയത്നവും കർത്താവിന്റെ അന്ത്യകല്പനയുടെ നിവാര ണവും സുവിശേഷവേല ആകുന്നു എന്ന് ഏവരും ഗ്രഹിച്ചിരിക്കുന്ന ഒരു സത്യമാണല്ലോ. ഈ യഥാർത്ഥ ഉദ്ദേശ്യം സാധിപ്പാനെന്നപ്രകാരം ഇന്ന് അനേകരും തോന്നിയപ്രകാരം പുറപ്പെട്ട് നമ്മുടെ സഭയെയും അതിന്റെ വിശ്വാസാചാരങ്ങളെയും മേല്കീഴ് മറിക്കുവാൻ ശ്രമം ചെയ്തു വരുന്ന തായും നിങ്ങൾ അറിഞ്ഞിട്ടുള്ളതാണല്ലോ. ഈ അവസരത്തിലെന്നല്ല, എല്ലായ്പ്പോഴും നാം നമ്മുടെ സത്യത്തെപ്പറ്റി മിണ്ടാതെ ഇരിക്കുകയോ നമ്മുടെ സഭാമാതാവിന് താഴ്ച ഭവിപ്പിക്കുകയോ ചെയ്താൽ എത്രയും ശോചനീയാവസ്ഥയിൽ നാം ആയിത്തീരുമെന്നും അതിനാൽ അവരുടെ ഉദ്ദേശ്യം സാധിക്കുവാൻ ഇടവരുമെന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്. അതിന്റെ നിവാരണാർത്ഥം നമ്മുടെ മാതൃ വിശ്വാസാചാരങ്ങളെ ഉള്ള പ്രകാരം സകലർക്കും വെളിപ്പെടുത്തിക്കൊടുക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന നമ്മുടെ 'സുറിയാനി സുവിശേഷകൻ' എന്ന പത്രത്തെ കഴിയുന്നവ രെല്ലാം കൈക്കൊള്ളേണ്ടതാണ്. നല്ല കാര്യങ്ങൾക്കായി തുടങ്ങുന്ന വർക്ക്, ഏവരും സഹായിപ്പാൻ കടപ്പെട്ടിരിക്കുന്നു. അപേക്ഷയാലും ഔദാ ര്യത്താലും സഹായിക്കുമ്പോൾ ദൈവം അതിനെ പൂർത്തിയാക്കും. ഈ സുവിശേഷവേലയുടെ അഭിവൃദ്ധിക്കായി ദേഹം കൊണ്ടും ദ്രവ്യം കൊണ്ടും കഴിയുന്ന സഹായം ചെയ്‌വാൻ നാം കടക്കാരാണ്.

നമ്മുടെ സഭ വക സുവിശേഷ സംഘക്കാരെ നാം ഭരമേല്പിച്ചിരി ക്കുന്നപ്രകാരം അവർ സഞ്ചരിച്ച് ആത്മാർത്ഥമായും സത്യമായും വേല ചെയ്യുന്നുണ്ടെന്നും അതിനാൽ തെക്കുള്ള ദുരുപദേശങ്ങൾ അശേഷം നമ്മുടെ പള്ളികളിൽ നിന്ന് മാഞ്ഞുപോകുന്നു എന്നും (ദുരുപദേശ) സർപ്പ ത്തിന്റെ കടികൾ വേഗം സുഖപ്പെടുന്നു എന്നും അറിയുന്നതിൽ നാം വളരെ സന്തോഷിക്കയും അവരുടെ പരിശ്രമത്തെ ദൈവം അനുഗ്രഹി ക്കുന്നപ്രകാരം ഇവരുടെ ഈ ഉദ്യമത്തെയും ദൈവം അനുഗ്രഹിക്കുമെന്ന് നാം കർത്താവിൽ ശരണപ്പെടുകയും ചെയ്യുന്നു.

അതിനാൽ സുവിശേഷ വേലയ്ക്കായും സണ്ടേസ്കൂൾ സ്ഥാപനോ ദ്ദേശ്യമായും ഈ വാത്സല്യമക്കൾ ഏത് സ്ഥലത്ത് വന്നാലും ഇവരെ കൈക്കൊണ്ട് ഇവയ്ക്ക് സഹായിച്ച് പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും ശക്തിപോലെയുള്ള ധർമ്മശേഖരവും കൊടുത്ത് സന്തോഷ ത്തോടെ ഇവരെ അയക്കയും വേണം.

നമ്മുടെ വിശ്വാസാചാര സ്ഥിരതയ്ക്കായി മലങ്കരയുള്ള എല്ലാ പള്ളി

ക്കാരും ജനങ്ങളും നമ്മുടെ 'സുവിശേഷകൻ' വാങ്ങി വായിക്കണമെന്നുള്ളത് നമുക്ക് നിർബന്ധമാണ്. അതിനാൽ എല്ലാ പള്ളികളും ഓരോ പത്രത്തെ സ്വീകരിച്ച് അതിന്റെ പത്രവരിക്കായി ഓരോ രൂപായും അവരവരാൽ കഴിയുന്ന ദാനങ്ങളും ഈ കല്പനയും കൊണ്ടുവരുന്ന ആൾ വശം തന്നെ കൊടുത്തയക്കണമെന്നും നിസ്സാരകാരണങ്ങൾ പറഞ്ഞ്, വരുന്ന ആളിനെ മടക്കി അയക്കരുതെന്നും നാം ഇതിനാൽ ആജ്ഞാപിക്കുന്നു. ... ഇടവകക്കാർക്കോ മറ്റ് പത്രം ഉണ്ടെന്നുള്ള കാരണത്താൽ പള്ളിയുടെ പത്രം ഉപേക്ഷിപ്പാൻ നിങ്ങൾക്ക് ന്യായമില്ല.

ഇത് കൂടാതെയും ബാലന്മാരെ വേദാധ്യയനം ചെയ്യിക്കേണ്ടതും അതിനാൽ ബാലകരുടെ ഹൃദയങ്ങളെ നമ്മുടെ വിശ്വാസകാര്യങ്ങളിൽ സ്ഥിരപ്പെടുത്തേണ്ടതും നമ്മുടെ കടമ ആകയാൽ എല്ലാ പള്ളികളിലും ഉള്ള പട്ടക്കാരും ജനങ്ങളും അതത് ഇടവകയിൽ ഞായറാഴ്ച പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തി സുവിശേഷ സംഘത്തിന്റെ പാഠവിവരം അനുസരിച്ച് അവിടെയുള്ള പട്ടക്കാരുടെ നേതൃത്വത്തിൽ സ്കൂൾ നടത്തിയോ നടത്തിച്ചോ കൊള്ളേണ്ടത് കൂടാതെ അതിലേക്ക് വേണ്ടിവരുന്ന സകല പണച്ചിലവുകളും അതത് ഇടവകയിൽ നിന്ന് പിരിച്ചുകൊള്ളുന്നതിനോ പള്ളിയിൽ നിന്ന് എടുത്ത് ചെലവിട്ടു കൊള്ളുന്നതിനോ നാം അനുവദിച്ചിരിക്കുന്നു.

ആകയാൽ പ്രീയ മക്കളേ, കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ട ഈ വേലയുടെ നടത്തിപ്പിനും അഭിവൃദ്ധിക്കും ആയി എല്ലാ പള്ളിക്കാരും ജനങ്ങളും ഉത്സാഹികളും താല്പര്യക്കാരുമായിരിക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോട് പ്രത്യേകം നാം ഗുണദോഷിച്ചുകൊണ്ട് നമ്മുടെ വചനത്തെ ചുരുക്കുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും സദാ നിങ്ങളേവരിലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1907 കന്നി 21-ാം തീയതി
കോട്ടയം സെമിനാരിയിൽ നിന്നും. (ഒപ്പ്)

**83**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

മലങ്കരയിലുള്ള എല്ലാ പള്ളിക്കാരും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

നമ്മുടെ സമുദായത്തിൽ ശെമ്മാശന്മാരുടെ സുറിയാനി പഠിപ്പിലേക്ക് കോട്ടയത്തു സിമ്മനാരിയിൽ വേണ്ട ഏർപ്പാട് ചെയ്തു നടത്തിവരുന്നതും

ഇംഗ്ലീഷ് സ്കൂളുകളിലും വിദ്യാർത്ഥികളുടെ ഭക്ഷണച്ചിലവിലേക്ക് കൊടുത്തുവരുന്ന ഫീസിൽ പകുതിയിൽ അധികപ്പെടാത്ത സംഖ്യ മാത്രം ചുമത്തിയിരിക്കുന്നതിനാൽ മിക്കവാറും സൗജന്യമെന്ന പോലെ പഠിപ്പാൻ വേണ്ട സൗകര്യമുള്ളതും ആയിരുന്നിട്ടും തെക്കൻ ഇടവകകളിൽ ചേർന്ന പല ശെമ്മാശന്മാരും മുറയ്ക്ക് സിമ്മനാരിയിൽ ചേർന്ന് പഠിക്കാതെ പണ്ടത്തെ സമ്പ്രദായത്തിൽ അവിടവിടെ വല്ല പട്ടക്കാരുടെയും അടുക്കൽ ചേർന്ന്, പഠിക്കുന്നു എന്ന് പേർ മാത്രം വരുത്തുകയും പ്രായമാകുമ്പോൾ പട്ടത്തിന് ആവശ്യപ്പെടുകയും ചെയ്യുന്നതായി കാണുന്നു. പട്ടക്കാർക്കാവശ്യപ്പെട്ട വൈദിക ജ്ഞാനം ശരിയായി സമ്പാദിപ്പാൻ വേണ്ട സൗകര്യങ്ങൾ ഉണ്ടായിരുന്നിട്ടും അതിനെ ആദായപ്പെടുത്താതെയിരിക്കുന്നവർക്ക് മേലാൽ പട്ടം വാങ്ങിക്കൊള്ളാമെന്ന് വിചാരിച്ചിരുന്നാൽ അത് നിഷ്ഫലമായി വരുന്നതാണ്. കോട്ടയത്തു സിമ്മനാരിയിലോ പരുമല സിമ്മനാരിയിലോ പാമ്പാക്കുട സിമ്മനാരിയിലോ ക്ലാസ്സ് മുറക്ക് പഠിച്ച് പരീക്ഷ ജയിക്കാത്ത ആരെയും കശീശാ സ്ഥാനത്തിന് അർഹന്മാരായി വിചാരിക്കുന്നില്ലെന്ന് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.[107]

അപ്രകാരം യാതൊന്നും പഠിക്കാത്ത കുട്ടികളെ ആദ്യപട്ടത്തിനായി യോഗകുറികളോടു കൂടി പല പള്ളിക്കാരും അയക്കയും അങ്ങനെയുള്ളവരെ പട്ടത്വത്തിലേക്ക് സ്വീകരിക്കുന്നതിനാൽ വളരെ കുഴപ്പം നേരിടുകയും ചെയ്യുന്നതായി കാണുന്നു. മേലാൽ കുർബ്ബാനയുടെ ശുശ്രൂഷ ക്രമവും ശ്ഹീമ്മായും[108] പഠിക്കാത്ത ഒരു കുട്ടിയ്ക്കു വേണ്ടിയും പള്ളിക്കാർ യോഗക്കുറി കൊടുത്തയച്ചു കൂടാ എന്നും ഇതിന് വിപരീതമായി വരുന്ന യോഗക്കുറികളെ സ്വീകരിച്ച് പട്ടം കൊടുക്കുന്നതല്ലെന്നും കൂടി ഇതിനാൽ പരസ്യം ചെയ്യുന്നു.

അതിനാൽ മുറയ്ക്ക് സിമ്മനാരിയിൽ ചേർന്ന് പഠിക്കാത്ത ശെമ്മാശന്മാർ ഉടൻ ചേർന്ന് പഠിച്ചുകൊള്ളുകയും ആദ്യ പട്ടത്തിന് ആവശ്യപ്പെടുന്നവർ മേൽവിവരിച്ച നിശ്ചയം അനുസരിച്ച് പ്രവർത്തിക്കയും ചെയ്യേണ്ടതാകുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടി വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1907 വൃശ്ചികം 22-ാം തീയതി
കോട്ടയത്തു സിമ്മനാരിയിൽ നിന്ന്. ഒപ്പ്

(ഇടവകപത്രിക 1907 വൃശ്ചികം, പു. 16, ല. 11)

## 84

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

നമ്മുടെ ആത്മീയ പുത്രന്മാരായ ഏവരും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ, നമ്മുടെ വിശുദ്ധ സഭയിൽ നിന്ന് ഓരോ കാലത്ത് ഓരോ കാരണവശാൽ അനേകർ പിരിഞ്ഞ് അന്യമതങ്ങളിൽ ചേർന്ന് പോയിട്ടുള്ളത് നാം കണ്ടറിഞ്ഞിട്ടുള്ളതും അതിന്റെ ദോഷഫലം നാം ഇന്നും അനുഭവിച്ച് വരുന്നതും ആകുന്നുവല്ലോ. നമ്മുടെ സഭയിൽ നിന്ന് ഇങ്ങനെ ഓരോരുത്തർ തെറ്റിപ്പോയതിന്റെ പ്രധാന കാരണം നമ്മുടെ വിശ്വാസ സത്യങ്ങളെ ശരിയായി പഠിപ്പിച്ച് അതിൽ കുട്ടികളെ വളർത്തിക്കൊണ്ട് വരുന്നതിന് വേണ്ട ഏർപ്പാട് നമ്മുടെ സഭയിൽ ഇല്ലാതിരുന്നതായിരുന്നു. അതിനാൽ നമുക്ക് വന്നിട്ടുള്ള നഷ്ടത്തിന് നമ്മുടെ സഭ തന്നെ ഉത്തരവാദിയാണെന്ന് പറയാതിരിപ്പാൻ പാടില്ല.[109] കുട്ടികൾ അന്യമതക്കാരുടെ വിദ്യാലയങ്ങളിൽ ചേർന്ന് അവരുടെ ഉപദേശപ്രകാരം മതസംഗതികൾ പഠിച്ച് ബാല്യം മുതൽ അതിൽ തന്നെ പരിശീലിക്കയും നമ്മുടെ ഉപദേശങ്ങളുടെ രഹസ്യങ്ങൾ മനസ്സിലാക്കാതിരിക്കയും ചെയ്തു വന്നതു കൊണ്ട് വിദ്യാഭ്യാസം ചെയ്യപ്പെട്ടവരെല്ലാം മതത്യാജ്യന്മാരായിത്തീരുകയും നമ്മുടെ ഉപദേശങ്ങൾ മൂഢതകളാണെന്ന് വിദ്യാഭ്യാസം ചെയ്യപ്പെട്ടവർക്ക് തോന്നിപ്പോകയും ചെയ്തിരുന്നു. ഈ ന്യൂനതകളുടെ പരിഹാരത്തിനായി നാം ആദ്യം കോട്ടയത്തും പിന്നാലെ തിരുവല്ല, കുന്നംകുളം മുതലായ സ്ഥലങ്ങളിലും ഇംഗ്ലീഷ് സ്കൂളുകൾ ഏർപ്പെടുത്തി. നമ്മുടെ കുട്ടികൾ അവയിൽ ചേർന്ന് അഭ്യസിക്കാൻ ആരംഭിച്ചതിനോടു കൂടി നമ്മുടെ വിശ്വാസാചാരങ്ങൾ മൂഢതകളാണെന്നുള്ള ഭ്രമം തീരുകയും ഇംഗ്ലീഷ് വിദ്യാഭ്യാസവും സുറിയാനി സഭയുടെ ഉപദേശങ്ങളും അന്യോന്യ വിരുദ്ധങ്ങളാണെന്ന് ചിലർക്കുണ്ടായിരുന്ന സംശയം തീരുകയും ചെയ്തിരിക്കുന്നത് അനുഭവത്താൽ ഇപ്പോൾ എല്ലാവർക്കും അറിയാവുന്നതാണല്ലോ.

പൈതൽ നടക്കേണ്ടും വഴിയിൽ അവനെ അഭ്യസിപ്പിക്കാ, എന്നാൽ അവൻ വൃദ്ധനാകുമ്പോൾ അതിൽ നിന്ന് വിട്ടുമാറുകയില്ല എന്ന് ജ്ഞാനിയായ ശ്ലേമ്മോൻ എഴുതിയിരിക്കുന്നതുപോലെ നമ്മുടെ കുട്ടികൾ ഏതു പ്രകാരം വിശ്വാസത്തിലും ദൈവഭക്തിയിലും സ്ഥിരതയുള്ളവരായി വളരണമെന്ന് നാം ആഗ്രഹിക്കുന്നുവോ ആ വളർച്ചയ്ക്ക് ഉപയുക്തമായ പാതയിൽ അവരെ നടത്തിക്കൊണ്ടു പോകുന്നത് മാതാപിതാക്കന്മാരുടെ പ്രത്യേക ചുമതലയാണെന്ന് എല്ലാവരും ആലോചിക്കേണ്ടതാണ്. ഇങ്ങ

നെയുള്ള വളർച്ചയ്ക്ക് തടസ്സങ്ങളെന്ന് കാണുന്ന വഴിയിൽ കുട്ടികളെ വിടുന്നത് മാതാപിതാക്കന്മാരിൽ പാപവുമാകുന്നു. എങ്കിലും നമ്മിൽ അനേകർ ചില നിസ്സാര സൗകര്യങ്ങളെ പ്രമാണിച്ച് അവരുടെ കുട്ടികളെ ഇതര മതക്കാരുടെ സ്കൂളുകളിൽ അയച്ചു പഠിപ്പിച്ചു വരുന്നതായി അറിയുന്നതിൽ നാം ആശ്ചര്യപ്പെടുന്നു. അന്യമതക്കാരുടെ സ്കൂളുകളിൽ ചേർന്ന് പഠിക്കുന്നതിൽ വച്ച് നമ്മുടെ സഭയുടെ ഉപദേശപ്രകാരമുള്ള ദൈവാരാധന നടത്തുന്നതിനും വിശുദ്ധ ഞായറാഴ്ചയും പെരുന്നാളുകളിലും നമ്മുടെ പള്ളിയിൽ ഹാജരാകുന്നതിനു പോലും തടസ്സങ്ങൾ നേരിട്ടിരിക്കുന്നതിനാൽ അതിന് പരിഹാരമുണ്ടാക്കിക്കൊടുക്കണമെന്ന് ചില കുട്ടികൾ നമ്മുടെ അടുക്കൽ സങ്കടങ്ങൾ പറകയുണ്ടായിട്ടുണ്ട്. ഈ വക ദോഷങ്ങളെ തടുക്കാൻ നാം കടം വാങ്ങിച്ചിട്ടും സ്കൂളുകൾ ഏർപ്പെടുത്തി നടത്തിവരുമ്പോൾ തങ്ങളുടെ കുട്ടികളുടെ ആത്മാക്കളെക്കുറിച്ചും അവരുടെ വളർച്ചയെക്കുറിച്ചും ചിലർ അഗണ്യമായി വിചാരിക്കുന്നത് ഏറ്റവും പരിതാപകരമാണെന്നല്ലാതെ നാം എന്തു പറയേണ്ടു. ഈ സ്ഥിതിക്കു അന്യമതക്കാരുടെയും ഗവൺമെണ്ടിന്റെയും സ്കൂളുകൾ ധാരാളമുള്ള ഈ കാലത്ത് പള്ളിക്കൂടങ്ങളുടെ നടത്തക്കും വിദ്യാപ്രചാരണത്തിനുമായി നമ്മുടെ സഭയിൽ നിന്ന് ദ്രവ്യവ്യയം ചെയ്യുന്നത് നിഷ്പ്രയോജനവും നഷ്ടവുമായി പരിണമിക്കുന്നു എന്ന് വരുന്നു.

നമ്മുടെ മക്കൾ നമ്മുടെ സഭയിലെ വിദ്യാഭ്യാസം ആദായപ്പെടുത്താതെ അന്യമതക്കാരുടെ വിഷം കലർന്ന വൈദികവിദ്യ സമ്പാദിക്കാൻ ശ്രമിക്കുന്നപക്ഷം വെറും കീർത്തിക്കായി മാത്രം നാം സ്കൂളുകൾ നടത്തുകയും പണം വ്യയം ചെയ്യുകയും ചെയ്തിട്ട് എന്താണാവശ്യം? ഇപ്പോഴത്തെ അനുഭവം കൊണ്ട് അനുമാനിക്കുന്നപക്ഷം നമ്മുടെ സമുദായം വിദ്യാഭ്യാസ വകയ്ക്ക് ചെലവ് ചെയ്തു വരുന്ന പണത്തിന്റെ ഫലം നമ്മുടെ മക്കളേക്കാൾ അധികം അനുഭവിക്കുന്നതു ഹിന്ദുക്കൾ മുതലായ ഇതര സമുദായത്തിൽ ചേർന്ന കുട്ടികളാണെന്ന് പറയേണ്ടിയിരിക്കുന്നു. അതിനാൽ നമ്മുടെ മക്കളിൽ ആരും നമ്മുടെ ഈ പരമാർത്ഥ ഉദ്ദേശ്യത്തെ വിഫലീകരിപ്പിക്കുന്നവരായി തീരരുതെന്ന് നാം ആഗ്രഹിക്കുന്നു.

വിശേഷിച്ചും പ്രിയരേ, നമ്മുടെ വിദ്യാലയങ്ങളിൽ മതസംബന്ധമായ വിദ്യാഭ്യാസം കുറേക്കൂടെ അഭിവൃദ്ധിയായി നടത്തണമെന്നുള്ള ആഗ്രഹത്തിന്മേൽ നമ്മുടെ പ്രിയ പുത്രൻ പി. റ്റി. ഗീവറുഗീസ് ശെമ്മാച്ചനെ[110] സമുദായ ചിലവിന്മേൽ അഭ്യസിപ്പിച്ച് എം. എ. പരീക്ഷ ജയിപ്പിച്ച് വരുത്തുകയും മതസംബന്ധമായ സത്യജ്ഞാനം വിദ്യാർത്ഥികളിൽ ഉളവാക്കണമെന്നുള്ള പ്രത്യേക വാഞ്ഛയോടുകൂടെ അയാളെ നമ്മുടെ മാർ ദീവന്നാസ്യോസ് സിമ്മനാരിയിൽ ഈയാണ്ടു മുതൽ പ്രിൻസിപ്പൽ ആയി നിയമിക്കയും ചെയ്തിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ.

വൈദികാഭ്യസനം നമ്മുടെ വിശ്വാസത്തിന്റെ സ്ഥിരതക്കും ആത്മാക്കളുടെ രക്ഷയ്ക്കും വിശേഷാൽ സഹായിക്കാൻ തക്കവണ്ണം പ്രത്യേക വിധത്തിൽ നടത്തുന്നതിനും ആ കാര്യത്തിൽ മറ്റുള്ള നമ്മുടെ സ്കൂളുകളിലും മാതൃക കാണിച്ച് കൊടുത്ത് നടത്തിക്കുന്നതിനും അയാളെ നാം ആജ്ഞാപിച്ചിരിക്കുന്നതിനാൽ നമ്മുടെ കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് ചെമ്മാച്ചന്റെ ശ്രമം വളരെ വളരെ ഫലപ്രദമായി വരുമെന്ന് നാം വിശ്വസിക്കുന്നു.

അതിനാൽ പ്രിയരേ, നമ്മുടെ സമുദായ മക്കളും അടുത്ത തലമുറയിൽ സമുദായത്തൂണുകളായി തീരണമെന്ന് നാം ആഗ്രഹിക്കുന്നവരുമായ നമ്മുടെ വിദ്യാർത്ഥികൾ എല്ലാം ഇതരമതങ്ങളുടെ വിഷം കലർന്ന വൈദിക ജ്ഞാനം സമ്പാദിക്കാതിരിപ്പാൻ വേണ്ടി നമ്മുടെ സ്കൂളുകളിൽ ചേർന്ന് ആത്മികവും ലൗകികവുമായ വിദ്യ അഭ്യസിച്ച് അവർ ക്രമേണ സമുദായത്തിന് പ്രശംസാപാത്രങ്ങളായിരിക്കണമെന്ന് നാം ആഗ്രഹിക്കയും കുട്ടികളും അവരുടെ മാതാപിതാക്കന്മാരും ഈ കാര്യത്തിൽ പ്രത്യേകം ജാഗരൂകരായിരിക്കുമെന്ന് നാം വിശ്വസിക്കുകയും ചെയ്യുന്നതു കൂടാതെ പട്ടക്കാരും പ്രധാനികളും അവരവരുടെ ഇടവകകളിൽ നിന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളെയും അവരുടെ മാതാപിതാക്കന്മാരെയും ഈ സാരമേറിയ സംഗതിയിൽ ഗുണദോഷിക്കയും ചെയ്യണം.[111]

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങൾ എല്ലാവരോടും കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1083-ക്ക് 1907-ാമാണ്ട് ധനു മാസം 25-ാം തീയ്യതി.
കോട്ടയത്ത് ചെറിയപള്ളിയിൽ നിന്നും.

(ഇടവകപത്രിക 1907 ധനു, പു. 16, ല. 12)

## 85

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

**(മുദ്ര)**

നമ്മുടെ മലങ്കരയുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയമുള്ളവരെ! സുറിയാനിക്കാരായ നമ്മുടെ പള്ളിക്രമങ്ങൾ എല്ലാം സുറിയാനി ഭാഷയിൽ തന്നെ പൂർവ്വകാലം മുതല്ക്കെ നടത്തിവരുന്നതും

അങ്ങിനെ തന്നെ വേണമെന്നു നിർബന്ധമുള്ളതും ആകുന്നു. എന്നാൽ കുറച്ചു കാലങ്ങൾക്കു മുമ്പു വരെയും സുറിയാനിപ്പുസ്തകങ്ങൾ എല്ലാം തന്നെ കയ്യെഴുത്തായിരുന്നതിനാൽ എല്ലാ സ്ഥലങ്ങളിലും ആവശ്യപ്പെട്ട എല്ലാ പുസ്തകങ്ങളും കിട്ടുന്നതിനും ഉപയോഗിക്കുന്നതിനും സംഗതി യായിട്ടുണ്ടോ എന്നു സംശയിക്കുന്നു.

എങ്കിലും നമ്മുടെ മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാരുടെ അക്ഷീണ പരിശ്രമത്താൽ ആവശ്യപ്പെട്ട മിക്ക പുസ്തകങ്ങളും അച്ചടിപ്പിച്ചു പൊതുവിൽ ഉപയോഗയോഗ്യമാക്കിതീർത്തിരിക്കുന്നു.

ഏതാനും ചില പുസ്തകങ്ങൾ നമ്മുടെ സിമ്മനാരിയിലും അടിച്ചി ട്ടുള്ള വിവരം നിങ്ങൾക്കും അറിവുണ്ടല്ലോ. അടിക്കുന്ന പുസ്തകങ്ങൾ അപ്പപ്പോൾ വിറ്റുപിരിഞ്ഞു, ചിലവായ സംഖ്യയെങ്കിലും ഈടാകാതെ വേറെ പുസ്തകങ്ങൾ അടിക്കുന്നതിനു നിവൃത്തിയില്ലാത്തവണ്ണം സുറി യാനി അച്ചടിക്കു കൂടുതൽ പ്രയാസവും നഷ്ടവും ഉള്ളതുകൊണ്ടു എല്ലാ പട്ടക്കാരും സുറിയാനി പുസ്തകങ്ങളുടെ ഓരോ പ്രതി വാങ്ങിക്കേണ്ടതു ആവശ്യമാണ്.

അതു കൂടാതെ മൂന്നുനോമ്പിന്റെ നമസ്ക്കാരം പാത്രിയർക്കീസു ബാവാ[112] മലയാളത്തു വന്നിരുന്ന സമയം കൊണ്ടുവന്നിരുന്നതും ഇവിടെ ഉപയോഗിച്ചുവരുന്നവയുമായ പുസ്തകം ഇപ്പോൾ സിമ്മനാരിയിൽ അച്ച ടിച്ചു തീർന്നിരിക്കുന്നു. മൂന്നു നോമ്പു അടുത്തിരിക്കുന്ന ഈ അവസര ത്തിൽ എല്ലാ പള്ളികൾക്കും ടി പുസ്തകത്തിന്റെ ഈരണ്ടു പ്രതികൾ അയയ്ക്കേണ്ടതു ആവശ്യമെന്നു തോന്നുകയാൽ അതിൻപ്രകാരം വി.പി. ആയി അയക്കുന്ന പുസ്തകങ്ങളെ പള്ളി കൈക്കാരന്മാർ വാങ്ങിക്കൊണ്ടു അതിന്റെ വില സിമ്മനാരിയിൽ എത്തിച്ചുകൊടുക്കയും വേണം.[113]

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1907 മകരം 29-നു വടക്കൻപറവൂർ പള്ളിയിൽ നിന്നും.

(ഒപ്പ്)

(ഇടവക പത്രിക 1907 മകരം, പു. 16, ല. 1)

## 86

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

(മുദ്ര)

നമ്പ്ര് 223

മലങ്കരയുള്ള നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയമുള്ളവരെ നമ്മുടെ സുവിശേഷസംഘം[114] പൂർവ്വാധികം അഭിവൃദ്ധിയിൽ നടന്നു വരുന്നതായി അറിയുന്നതിൽ നാം അത്യധികം സന്തോഷിക്കുന്നു. കേവലം നാമമാത്രമായിരുന്ന ഈ സംഘത്തെപ്പറ്റി ആശിക്കാവുന്നതിൽപരം കഴിഞ്ഞ ഒരാണ്ടുകൊണ്ട് അതു പ്രവർത്തിച്ചിട്ടുള്ളതായി സിക്രട്ടറിമാരിൽ ചാണ്ടി ഉപദേശി നമ്മുടെ മുമ്പാകെ വായിച്ചിട്ടുള്ള റിപ്പോർട്ടുകൊണ്ടും ഖജാൻജി നമ്മുടെ വാത്സല്യ മകൻ തേരകത്തു കൊച്ചുകോശിക്കുഞ്ഞിന്റെ കണക്കുകൊണ്ടും മറ്റും കാണുന്നതിൽ തൽഭാരവാഹികളെ സംബന്ധിച്ചു നാം അധികം കൃതാർത്ഥനായിരിക്കുന്നു. ഏറിയകാലംകൊണ്ട് നമ്മുടെ മനസ്സിൽ അങ്കുരിച്ചിരുന്നതും സമുദായികമായി ഇതരങ്ങളായ കൃത്യബാഹുല്യം നിമിത്തം ഉദ്ദേശരൂപം നടപ്പാകാതെയിരുന്ന ഈ അനുഗ്രഹിക്കപ്പെട്ട ദൈവീകവേലയുടെ പ്രാരംഭത്തിനായി ഇങ്ങനെ ഒരു സംഘത്തെ വിളിച്ചുകൂട്ടുന്നതിന് ആദ്യമായും അനന്തരം ഇതിന്റെ നടത്തിപ്പിലേക്ക് ആവശ്യം വേണ്ട ധനശേഖരം നമ്മുടെ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പിരിച്ചുകൊള്ളുന്നതിനു പിന്നീടും നാം കല്പനകൾ കൊടുത്തിട്ടുള്ള എല്ലാ വിവരങ്ങളും നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. എന്നാൽ ആവക പണം ഉടനെ പിരിഞ്ഞു വരായ്കയാലും തന്നിമിത്തം സംഘകാര്യങ്ങൾ വളരെ കുഴപ്പത്തിലും ഇരിക്കുന്ന ഘട്ടത്തിൽ ആത്മീയകാര്യങ്ങളിൽ എരിവുള്ളവനും സമുദായസ്നേഹമുള്ളവരുമായ തേരകത്തു കൊച്ചുകോശിക്കുഞ്ഞു മുതലായവർ ഇതിന്റെ അഭിവൃദ്ധിക്കായി സശ്രദ്ധം പരിശ്രമിക്കയും മുമ്പേതന്നെ നമ്മുടെ ഉപദേശിമാരിൽ ഒരാൾക്കു സ്വന്ത കൈയിൽ നിന്നും ശമ്പളം കൊടുത്തു സമുദായത്തിൽ ഉപദേശവേല നടത്തിച്ചുവരുന്നതിനും പുറമേ സംഘസംബന്ധമായ ചുമതല കൂടി ഭരമേറ്റു മുൻ കല്പനപ്രകാരമുള്ള പണം പിരിഞ്ഞുവരുന്നതുവരെ വേറെ രണ്ടാളുകൾക്കു കൂടി ശമ്പളം കൊടുക്കാമെന്നു സ്വമനസ്സാ സമ്മതിച്ചും പ്രവർത്തിച്ചിട്ടുള്ളതിൽ നമ്മുടെ കൊച്ചുകോശിക്കുഞ്ഞിനോടും നമുക്കു അനല്പമായ കൃതജ്ഞതയു

ള്ളതു മാത്രമല്ല സമുദായത്തിലുള്ള മറ്റു മാന്യന്മാരും ഇതിനെ മാതൃകയാക്കി പ്രവർത്തിപ്പാൻ ഓരോരുത്തരുടെ സ്നേഹത്തോടു നാം പ്രത്യേകം ഗുണദോഷിക്കയും ചെയ്യുന്നു. ഖജാൻജി എന്നുള്ള നിലയിൽ ഇതുവരെയുള്ള വരവു ചിലവുകളുടെ കണക്കും തിരട്ടാക്കി നമ്മുടെ പേർക്കു അയച്ചിട്ടുള്ളതു നാം വായിച്ചു കണ്ടു അടയാളം വെച്ചു തിരികെ അയച്ചിട്ടുണ്ട്. സംഘോദ്ദേശ്യപ്രകാരം ഇടവകകളിൽ സഞ്ചരിച്ചു സുവിശേഷവേല ചെയ്യുന്നതിനും സഹായധനം പിരിക്കുന്നതിനുമായി നമ്മുടെ ചാണ്ടി ഉപദേശിയെയും ഈപ്പൻ ഉപദേശിയെയും മുമ്പെ നിയമിച്ചിട്ടുള്ളതു കൂടാതെ ഇപ്പോൾ നമ്മുടെ പുത്തൻവീട്ടിൽ യാക്കോബു കത്തനാരെയും ഇതിലേക്കു നാം നിയമിച്ചിരിക്കുന്നു. ഈ ദൈവീകവേലയ്ക്കായി ഇവർ ഓരോ ഇടവകകളിലും വരുമ്പോൾ അവിടെയുള്ള പട്ടക്കാർ ജനത്തെ വിളിച്ചുകൂട്ടി ഇവരെക്കൊണ്ടു പ്രസംഗങ്ങൾ നടത്തിക്കയും ജഡമയമായ സൗന്ദര്യതിരക്കുകൾ ഒന്നും ഉണ്ടാക്കാതെ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും യഥാശക്തിയുള്ള സഹായധനവും പിരിച്ചുകൊടുത്തു വിവരം അതാതു പള്ളിക്കാർ സംഘക്കാരുടെ അടയാളസഹിതം നമ്മുടെ പേർക്കു റിപ്പോർട്ടു ചെയ്കയും വേണം.

ഇതുകൂടാതെ നമ്മുടെ ഉപദേശിമാരിൽ പലരും വിശ്വാസസ്ഥിരതയും തത്സംബന്ധമായ കൃത്യബോധവുമില്ലാതെ യഥേഷ്ടം പ്രവർത്തിച്ചു വരുന്നതായും നാം അറിയുന്നു, അങ്ങനെയുള്ളവരെ സംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ ചെയ്തു വിവരം നമ്മുടെ പേർക്കു റിപ്പോർട്ടു ചെയ്യണമെന്നും സംഘക്കാരോടു നാം പ്രത്യേകം ആജ്ഞാപിക്കുന്നു. നമ്മുടെ ആദ്യ കല്പനയിലെ താൽപര്യപ്രകാരം അവരോടു നാം ഗൗരവമായി പ്രവർത്തിക്കുന്നതുമാണ്.[115]

ഇപ്പോൾ സംഘത്തിൽ നിന്നും അയയ്ക്കപ്പെട്ടവരായി നമ്മുടെ യാക്കോബു കത്തനാർ, ചാണ്ടി ഉപദേശി, ഈപ്പൻ ഉപദേശി, അന്ത്രയോസു ഉപദേശി എന്നിങ്ങനെ നാലു പേർ മാത്രമേ ഉള്ളൂ. കൂടുതൽ വേലക്കാരെക്കൊണ്ടു ആവശ്യമുണ്ടെങ്കിലും പണദൗർല്ലഭ്യം നിമിത്തം തല്ക്കാലം നിയമിക്കുന്നതിനു തരമില്ലാതെ വന്നതിൽ വ്യസനിക്കുന്നു. ആകയാൽ നമ്മുടെ പട്ടക്കാർ എല്ലാവരും അതാതു ഇടവകകളിൽ നിന്നും സംഘത്തിലേക്കു വേണ്ട ധനശേഖരം എത്രയും വേഗത്തിലും കൃത്യമായും സത്യമായും പിരിച്ചുകൊടുക്കുന്നതിനു ബദ്ധശ്രദ്ധയുള്ളവരായിരിക്കണമെന്നു നാം വീണ്ടും ഗുണദോഷിക്കയും നിർബന്ധിക്കയും ചെയ്യുന്നു. അങ്ങിനെ ചെയ്യാതിരിക്കുന്ന പട്ടക്കാരോ പള്ളികൈക്കാരോ ഇടവകജനങ്ങളോ ആരുതന്നെ ആയിരുന്നാലും നമ്മുടെ വാർദ്ധക്യദശയിലെങ്കിലും ആരംഭിക്കുന്നതിനു ദൈവം ഇടവരുത്തിയിട്ടുള്ള നമ്മുടെ കർത്താവിന്റെ അന്ത്യകല്പനാനുസരണം നാം കടപ്പെട്ടിട്ടുള്ളതും ബല

ഹീനനായ നമ്മുടെ ജീവിതത്തിന്റെ പരമോദ്ദേശ്യവുമായിരിക്കുന്ന ഈ അനുഗ്രഹിക്കപ്പെട്ട ദൈവീകവേലയ്ക്കു തടസ്സക്കാരായി ഭവിക്കുന്നതു തന്മൂലം ആത്മാക്കളുടെ നഷ്ടത്തെപ്പറ്റി ഭയങ്കരമായ ഉത്തരവാദിത്വം ചെയ്യേണ്ടിവരുന്നവരും നമ്മുടെ നരയെ ദുഃഖത്തോടെ ശവക്കുഴിക്കു ഇറക്കുന്നവരുമായി തീരുന്നു എന്നു നാം വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

ഇങ്ങനെയുള്ള ദൈവീകകാര്യങ്ങൾക്കു നാം ചിലവു ചെയ്യാതിരിക്ക കൊണ്ടല്ലയോ നമ്മുടെ പണമെല്ലാം ദുർവ്യയം ചെയ്‌വാൻ ഇടവരുന്നതെന്നും നാം സംശയിക്കുന്നു. ആകയാൽ യഹോവായ്ക്കു വായ്പ കൊടുക്കുന്നതിനും നമ്മുടെ കർത്താവിന്റെ കൂട്ടുപ്രവൃത്തിക്കാരായി തീരുന്നതിനും ജാഗരൂകന്മാരായിരിപ്പീൻ. നമ്മുടെ അജാഗ്രത മാത്രമാണു ശത്രുക്കൾക്കു നമ്മുടെ മേലുള്ള വിജയമെന്നു പ്രത്യേകം കരുതിക്കൊൾവീൻ.

അതിനാൽ നമ്മുടെ സുവിശേഷസംഘം ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചു കാണ്മാൻ വേണ്ട എല്ലാ വിധവും പ്രവർത്തിപ്പാൻ നാം സന്നദ്ധനായിരിക്കുന്നതിനാൽ നിങ്ങളും അപ്രകാരം നിങ്ങളുടെ സകല ഐശ്വര്യത്തിന്റെയും മേദസ്സുകൊണ്ടു മേൽപ്രകാരം പ്രവർത്തിച്ചു കാണ്മാൻ നാം ഏറ്റവും വാഞ്ചയോടു പ്രാർത്ഥനയോടും കൂടി കാത്തിരിക്കുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടി സർവ്വദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1907-നു കൊല്ലാം 82-മാണ്ടു ഇടവമാസം 22-നു. വടക്കൻപറവൂർ പള്ളിയിൽ നിന്നും ഒപ്പ്

(ഇടവകപത്രിക 1907 മിഥുനം, പു. 16, ല. 6)

## 87

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

മുദ്ര

നമ്മുടെ കോട്ടയത്ത് ചെറിയപള്ളിയിൽ വികാരിയും ദേശത്ത്പട്ടക്കാരും കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

ആ ഇടവകയിൽ കുന്നുംപുറത്ത് ചാക്കോ എന്നവൻ ഇപ്പോൾ നാല് കൊല്ലമായി കുമ്പസാരിക്കുന്നില്ലെന്നും ശാബത് ലംഘനക്കാരനും സദാ മദ്യപാനിയും ആയിത്തീർന്നിരിക്കുന്നുവെന്നും പട്ടക്കാരെ ആക്ഷേപിക്കു

കയും ധിക്കരിക്കയും ചെയ്യുന്നു എന്നും വ്യഭിചാരിണിയായ സ്ത്രീയോടുകൂടി സഹവസിച്ച് വരുന്നു എന്നും അതിനാൽ അവനെ പള്ളിക്കുറ്റത്തിൽ നിർത്തി കല്പനയുണ്ടാകണമെന്നും മറ്റും വിവരങ്ങൾക്ക് നിങ്ങൾ അയച്ചതായ കുറി കിട്ടി. സംഗതികൾ ഗ്രഹിക്കയും ചെയ്തു.

പ്രിയമുള്ളവരേ, നിങ്ങളുടെ കുറിയിൽ പ്രസ്താവിച്ചിരിക്കുന്നതായി മേൽപ്പറഞ്ഞവന്റെ പ്രവൃത്തികൾ ദൈവത്തിനും വിശുദ്ധ സഭയുടെ നിശ്ചയങ്ങൾക്കും വിരോധമായിട്ടുള്ളതാകയാൽ അവന്റെ ദുഷ്പ്രവൃത്തികളെക്കുറിച്ച് അനുതാപപ്പെട്ട് മനസ്സ് തിരിയുന്നതുവരെ അവനെ പള്ളിക്കുറ്റത്തിൽ നിർത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നതു കൊണ്ട് അതിന്മണ്ണം ടിയാനെ നാം പള്ളിക്കുറ്റത്തിൽ നിറുത്തിയിരിക്കുന്നതിനാൽ അവനുള്ള യാതൊരു ആത്മീയ ദിഷ്ടതികളും നിങ്ങൾ നടത്തിക്കൊടുക്കയോ അവനെ നിങ്ങൾ കൂട്ടി നടത്തുകയോ ചെയ്തു പോകരുതെന്ന് ഇതിനാൽ വിരോധിച്ചിരിക്കുന്നു. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കാം.[116]

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാവർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1908 ചിങ്ങം 29-ാം നു
തിരുവല്ലാ പള്ളിയിൽ നിന്നും. (ഒപ്പ്)

## 88

### മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

മുദ്ര

നമ്പർ 501

നമുക്കെത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

നമ്മുടെ തട്ടാമ്പുറത്ത് കൊച്ചുകത്തനാർ വശം അയച്ചതായ രണ്ടു എഴുത്തുകളും കിട്ടി. വിവരങ്ങൾ അറിയുകയും ചെയ്തു. എഴുത്തുകളിലെ താല്പര്യപ്രകാരം തോമ്പ്രെ കൊച്ചു കത്തനാരുടെ മുടക്കു തീർത്ത് കല്പന അയക്കുന്നുവെങ്കിലും മരങ്ങാട്ട് കത്തനാരുടെ നടപടിപ്പിശകിനെക്കുറിച്ച് എഴുത്തിൽ പ്രസ്താവിച്ചിരിക്കുന്ന സംഗതി മല്പാന്റെ എഴുത്ത് കിട്ടി വിവരം അറിഞ്ഞതല്ലാതെ എഴുത്ത് കിട്ടുന്നതിന് മുമ്പായി യാതൊരു വിവരവും നാം അറിഞ്ഞിരുന്നില്ല. മരങ്ങാട്ട് കത്തനാരുടെ കാര്യത്തെക്കുറിച്ച് തോമ്പ്രയെ നാം മുടക്കിയതു മൂലം തോമ്പ്രെ കത്തനാർ, അയാൾ എഴുതിയ ഉടമ്പടിപ്രകാരം പള്ളിയിൽ താമസിക്കാതെ മദ്യപാനം

ചെയ്ത് തോന്ന്യാസമായി നടക്കുന്നുവെന്നും മറ്റും നാം കേൾക്കയും തട്ടാമ്പുറത്തെ കൊച്ചു കത്തനാർ ഇതിന് മുമ്പ് ഇവിടെ വന്നപ്പോൾ ഇക്കാര്യത്തെക്കുറിച്ച് വലിയ വ്യസനമായി അയാളോട് നാം സംസാരിക്കയും ചെയ്തു. അങ്ങനെയിരിക്കേ, ടി കത്തനാർ മേല്പറയപ്പെട്ടപ്രകാരം വഷളായി നടക്കുന്നു എന്നും മറ്റും യോഗക്കുറി വന്നപ്പോൾ ഉണ്ടായ വ്യസനം നിമിത്തം ഉടനെ അയാളെ മുടക്കി എന്നല്ലാതെ മരങ്ങാടന്റെ ആവശ്യത്തിന്മേൽ തോമ്പ്ര കത്തനാരെ നാം മുടക്കിയതല്ലെന്നും ദൈവം അറിയുന്നു. മരങ്ങാട്ട് കത്തനാരുടെ കാര്യത്തെക്കുറിച്ച് ഉള്ള അറിവ് തട്ടാമ്പുറത്തെ കത്തനാർ ഇന്നലെ ഇവിടെ വരികയും മല്പാന്റെ എഴുത്തുകളും പകർപ്പുകളും നാം കണ്ടപ്പോൾ നാം അറിഞ്ഞു എന്നല്ലാതെ അതിന് മുമ്പായി ഒന്നും നാം അറിഞ്ഞിരുന്നില്ല.

മരങ്ങാട്ട് കത്തനാരുടെ കാര്യത്തെക്കുറിച്ച് വിസ്തരിപ്പാൻ പുറപ്പെട്ടാൽ വിസ്താരം എവിടെ ചെന്ന് തീരുമെന്നും അതിൽ വച്ച് എന്തെല്ലാം അപവാദങ്ങളും ദോഷങ്ങളും ഉണ്ടാകുമെന്നുള്ളതിനെ ഓർത്ത് അത്ഭുതപ്പെടുന്നു. ഇങ്ങനെയുള്ള കാര്യം പരസ്യമായി വിചാരണ നടത്തുന്നതിൽ വച്ച് നമ്മുടെ സഭയ്ക്ക് നേരിടുന്ന അപമാനം ചില്ലറയല്ലെന്ന് ഓർത്ത് വ്യസനിക്കുന്നു. ശേഷം വിവരം നമ്മുടെ തട്ടാമ്പുറത്തെ കത്തനാരോട് പറഞ്ഞയച്ചിട്ടുള്ളതാകകൊണ്ട് അയാൾ പറഞ്ഞ് തരികയും വേണ്ടപോലെ പ്രവർത്തിക്കയും ചെയ്യുമെന്ന് വിചാരിക്കുന്നു. ശേഷം കാര്യങ്ങൾ നമ്മുടെ കൊച്ചു കത്തനാർ പറയുന്നതാകകൊണ്ട് ചുരുക്കുന്നു.

നമ്മുടെ കാലേലുള്ള വേദനയ്ക്ക് ഒരു ആശ്വാസവും ഉണ്ടായിട്ടില്ല. ഇപ്പോൾ മൂസ്സതിന്റെ ചികിത്സയിലാണ്. നാളെ മുതൽ കാലേൽ കിഴി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ദൈവം പൂർണ്ണ സൗഖ്യത്തെ നൽകിത്തരുവാൻ പ്രാർത്ഥിക്കണേ.

വിശേഷിച്ച് കാർത്തികപ്പിള്ളിയിൽ നിന്നും പിരിഞ്ഞു കിട്ടുവാനുള്ള പണം പിരിഞ്ഞ് കിട്ടുകയും ആ വക പണം ഇവിടത്തെ ഉണ്ടിയൻക്കാ[117]രുടെ പക്കൽ ഏല്പിക്കയും ചെയ്തു എന്നല്ല ആ വക പണം കൊടുത്തും കുറേ കടം വാങ്ങിച്ചും 12000 രൂപായ്ക്ക് ഒരു വസ്തു വാങ്ങിക്കാൻ ശട്ടം കെട്ടിയിരിക്കുന്നു. നാലു തീയ്യതിക്കകം എഴുത്തുകുത്ത് കഴിക്കയും ചെയ്യും. വിവരങ്ങൾക്ക് എഴുതി അയക്കയും ചെയ്യാം.[118]

ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് 1908 ധനു 25-ാം തീയ്യതി ചെറിയപള്ളിയിൽ നിന്നും (ഒപ്പ്)

## 89

## ദൈവകൃപയാൽ ബലഹീനനായ യൗസേഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

നമ്പർ 15

നമുക്കെത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മിക പുത്രനാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

ഈ മാസം 5-ാം തീയ്യതി എഴുതി അയച്ചതായ എഴുത്ത് കിട്ടി. വിവരങ്ങളറിഞ്ഞു എന്നല്ലാ നമ്മുടെ ഗീവറുഗീസ് റമ്പാച്ചന്റെ എഴുത്തും വായിച്ചറിഞ്ഞു. എറമ്പാച്ചന്റെ എഴുത്തിൽ പ്രസ്താവിക്കപ്പെട്ട സംഗതി ഇവിടങ്ങളിൽ നിന്ന് അടിയന്തിരത്തിനായി പോയി വന്നവരിൽ നിന്നോ മറ്റോ കേട്ട വർത്തമാനമാകുന്നു. അടിസ്ഥാനമില്ലാത്ത ഒരു വാർത്തയാകയാൽ നാം ഈ കേൾവിയെ വിശ്വസിക്കുന്നില്ലെന്ന് മാത്രമല്ല, ഇങ്ങനെ ഒരു സംഭവം ഒരിക്കലും ഉണ്ടാകുന്നതല്ലെന്ന് പൂർണ്ണമായി വിശ്വസിച്ചും ഇരിപ്പാണ്. എറമ്പാച്ചൻ ഇവിടെ വന്നപ്പോൾ പറഞ്ഞ വർത്തമാനങ്ങളിൽക്കൂടി ഈ കേൾവിയെക്കുറിച്ച് പറഞ്ഞു പോയോ എന്ന് സംശയിക്കുന്നതേ ഉള്ളൂ. ഈ കേൾവി അല്പമെങ്കിലും വാസ്തവമായി നമ്മുടെ മനസ്സിൽ വിചാരിച്ചിരുന്നുവെങ്കിൽ വിവരത്തിന് അങ്ങോട്ട് നാം എഴുതി ചോദിക്കാതെ ഇരിക്കുന്നതുമല്ലല്ലോ.

വിശേഷിച്ച് മെത്രാൻ സ്ഥാനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവരെ ക്യംതായ്ക്കു മുമ്പായി ഊർശ്ലേമിലേക്ക് അയക്കണമെന്നുള്ള വിവരത്തിന് നമുക്കും ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾക്കും കൂടി വന്നിരിക്കുന്ന കല്പനയുടെ പകർപ്പും മല്പാന്റെ പേർക്ക് വന്നിരിക്കുന്ന കല്പനയും അടക്കം ചെയ്ത് നമ്മുടെ എഴുത്തോടു കൂടി കഴിഞ്ഞ മാസം 24-ാം തീയതിക്ക് മല്പാന്റെ പേർക്ക് നാം റജിസ്റ്റർ ചെയ്തു അയച്ചതായ എഴുത്ത് അവിടെ കിട്ടിയ വിവരത്തിന് ഇന്നുവരെയും ഒരു മറുപടി അയക്കാഞ്ഞത് എന്തേ എന്നും വ്യസനിക്കുന്നു. ടി എഴുത്തുകൾ അയച്ചതിൽ ഒരു കുഴപ്പം ഉണ്ടായിട്ടുണ്ട്. എന്തെന്നാൽ നമ്മുടെ എഴുത്തും മല്പാന്റെ പേർക്കു വന്ന കല്പനയും ലെക്കോട്ടിൽ ആക്കിയ സമയം പാത്രിയർക്കീസ് ബാവാ ഞങ്ങൾക്കയച്ച കല്പനയുടെ പകർപ്പു കൂടെ അതിൽ വയ്പാൻ മറന്നുപോയതിനാൽ നമ്മുടെ എഴുത്തും പാത്രിയർക്കീസ് ബാവായുടെ കല്പനയും മാത്രമേ രജിസ്റ്ററിൽ ആക്കി അയപ്പാൻ കഴിഞ്ഞുള്ളൂ. പിറ്റെദിവസം എഴുത്ത് ബുക്ക് എടുത്ത് ഒരെഴുത്ത് എഴുതാൻ ഭാവിച്ച് തുറന്നപ്പോൾ പാത്രിയർക്കീസ് ബാവായുടെ കല്പനയുടെ പകർപ്പ് കാണുകയും അതേപ്പറ്റി റൈട്ടറോട് ചോദിച്ചപ്പോൾ അങ്ങോട്ട്

അയച്ചതായ എഴുത്തോടു കൂടി വെച്ചയപ്പാൻ മറന്നുപോയി എന്ന് വ്യസനമായി പറകയും വേറെ ലെക്കോട്ടിൽ ടി. പകർപ്പ് വച്ച് അങ്ങോട്ട് അയപ്പാൻ റൈട്ടറോട് പറയുകയും മറന്നുപോയ വിവരത്തിന് റൈട്ടർ തന്നെ ഒരു ചെറിയ എഴുത്തെഴുതി പകർപ്പ് സഹിതം അങ്ങോട്ടേക്ക് അയക്കയും ചെയ്തു. ഈ എഴുത്തുകൾ രണ്ടിനും മറുപടി വന്നിട്ടു വേണം തിരഞ്ഞെടുപ്പിനുള്ള കൂട്ടം നിശ്ചയിച്ച് പള്ളികൾക്ക് കല്പന അയപ്പാൻ എന്നുള്ള വിചാരത്തിൽ മിനിഞ്ഞാന്ന് വരെ കാത്തിരുന്ന് കാണാഞ്ഞതിനാലും രണ്ടാമതും അങ്ങോട്ട് എഴുതി അയച്ച് മറുപടി വരുത്തി പള്ളികൾക്ക് കല്പന അയക്കുന്നത് താമസമായി വരുമെന്നും തെരഞ്ഞെടുപ്പിന് കൂട്ടം നിശ്ചയിക്കുന്ന കാര്യത്തിൽ സന്തോഷമല്ലാതെ യാതൊരു തടസ്സവും പറയുന്നതല്ലെന്നുള്ള വിശ്വാസത്താൽ കൂട്ടം കുംഭം 15-ാം തീയ്യതി ചേരണമെന്ന് നിശ്ചയിച്ച് ഇന്ന് കല്പനകൾ അച്ചടിച്ച് തീർന്നിരിക്കുന്നതാക കൊണ്ട് എല്ലാ പ്രകാരത്തിലും ഈ കൂട്ടത്തിന് ഒരാഴ്ചക്ക് മുമ്പുകൂട്ടി സിമ്മനാരിയിൽ വന്നുചേരുകയും വേണം. ഈ കൂട്ടത്തിൽ നമ്മുടെ സഭയിൽപെട്ട പല കാര്യങ്ങളും നിശ്ചയിച്ച് സ്ഥിരപ്പെടുത്തുവാൻ ഉള്ളതിനാൽ സഹോദരൻ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾ പത്ത് ദിവസം മുമ്പേ കൂട്ടി സിമ്മനാരിയിൽ എത്തുന്നതാണെന്നും സഭയിടപെട്ടകാര്യങ്ങളുടെ ആലോചനക്കായി മല്പാനെയും ഗീവറുഗീസ് റമ്പാച്ചനെയും മറ്റ് കൊള്ളാവുന്ന രണ്ടോ നാലോ പട്ടക്കാരെയും മുമ്പിനും വരുവാൻ തക്കവണ്ണം എഴുതി അയച്ച് വരുത്തുവാൻ തക്കവണ്ണം സഹോദരൻ മെത്രാപ്പോലീത്താ അവർകൾ പ്രത്യേകം നമ്മുടെ പേർക്ക് എഴുതി അയച്ചിട്ടുണ്ടെന്ന് മാത്രമല്ല നമ്മുടെ സഭയിൽപെട്ട പല കാര്യങ്ങളും ഈ കൂട്ടത്തിൽ വച്ച് അലോചിച്ച് തീർച്ചപ്പെടുത്തണമെന്ന് നമുക്കും താല്പര്യമാക കൊണ്ട് മുമ്പുകൂട്ടി വരണമെന്നുള്ള കാര്യത്തിൽ ഉപേക്ഷ വിചാരിക്കയും ചെയ്യരുത്.

വിശേഷിച്ച് കണ്ടെഴുത്ത് പേഷ്ക്കാർ അവർകൾ ഇന്ന് വരുന്നു. ഇന്ന് വരുന്നു എന്നുള്ള ഒരു വർത്തമാനം പത്ത് പന്ത്രണ്ട് ദിവസം മുമ്പുകൂട്ടി ഉണ്ടാവുകയും ഒടുവിൽ അദ്ദേഹം ഇവിടെ വരാതെ ചങ്ങനാശ്ശേരിയിൽ വന്ന് കിഴക്കൻ വഴി ദേവികുളം മുതലായ സ്ഥലത്തേക്ക് പോകയും മടക്കത്തിന് ഇവിടെ വരുമെന്നും ഒരു നാലാറ് ദിവസത്തെ താമസം ഇവിടെ ഉണ്ടാകുമെന്ന് ഉറപ്പായി കേൾക്കയും അദ്ദേഹം ഇവിടെ വന്നതിനുമേൽ ഒരു എഴുത്തു കൊടുത്ത് ഒരാളെ അങ്ങോട്ടേയ്ക്ക് ഓടിക്കാമെന്നും വിചാരിച്ചിരുന്നു. പേഷ്ക്കാർ അവർകളോ, ഇവിടെയുള്ള ആരെയും തിര്യപ്പെടുത്താതെ കഴിഞ്ഞ തിങ്കളാഴ്ച അസ്തമനത്തിന് ഇവിടെയുള്ള സത്രത്തിൽ വന്ന് കയറുകയും പിറ്റേ ദിവസം പത്ത് മണിയോടു കൂടെ അദ്ദേഹം സത്രത്തിൽ എത്തിയിരിക്കുന്നു എന്ന് ഇവിടെ കേൾക്കയും

രണ്ടു മണിക്കോ, മൂന്ന് മണിക്കോ അദ്ദേഹത്തെ പോയി കണ്ട് താമസ വിവരം അറിഞ്ഞ് അങ്ങോട്ട് എഴുതി അയച്ചുകൊള്ളാമെന്നും വിചാരിച്ച് വണ്ടി വരുത്തി യാത്രയ്ക്ക് ഒരുങ്ങിയപ്പോൾ ഇവിടത്തെ മുതൽപിടി ആയിരുന്ന നട്ടാശ്ശേരിൽ ചെറിയാൻ ഇവിടെ വരികയും എങ്ങോട്ടാണ് നാം പുറപ്പെടുന്നത് എന്ന് ചോദിക്കയും വിവരം പറകയും ചെയ്തപ്പോൾ പേഷ്ക്കാർ അവർകൾ പന്ത്രണ്ട് മണിക്ക് മുമ്പായി ചങ്ങനാശ്ശേരിക്ക് പോയി എന്ന് പറകയും നമ്മുടെ യാത്ര മുടങ്ങുകയും ചെയ്തു. ഈ വിവരത്തിന് അങ്ങോട്ട് എഴുതി അയപ്പാൻ വിചാരിക്കുന്ന സമയമാണ് മല്പാന്റെ എഴുത്ത് ഇന്ന് ഇവിടെ കിട്ടിയത്. അദ്ദേഹം ഇവിടെ വരുമ്പോൾ നമ്മൾ രണ്ടാളും കൂടി പോയി കണ്ട് സംസാരിച്ചു കൊള്ളാമെന്നുള്ള ആഗ്രഹം തല്ക്കാലം നിവൃത്തിയില്ലാതെ തീർന്ന് പോയതിൽ ദുഃഖിക്കുന്നു. തല്ക്കാലം അദ്ദേഹത്തെ കണ്ട് വല്ലതും ബോധിപ്പാനുണ്ടെങ്കിൽ വേണ്ട എഴുത്തുകൾ തന്നയക്കുന്നതിനും നാം ഒരുമ്പെട്ടിരിക്കുന്നു.

വിശേഷിച്ച്, എന്റെ മല്പാനേ, പാമ്പാക്കുട നിന്ന് ഇന്നലെ ദിവസം പത്ത്പതിനഞ്ച് പേർ ഒരു കൂട്ടമായി നമ്മുടെ മുമ്പാകെ വരികയും എന്താണ് നിങ്ങൾ വന്നത്, വല്ല പോലീസോ വ്യവഹാരമോ ഉണ്ടായിട്ടുണ്ടോ എന്നു നാം ചോദിച്ചപ്പോൾ പൊന്നു തിരുമേനി, ഞങ്ങൾക്ക് കിടന്ന് പിഴക്കാൻ നിവൃത്തിയില്ലായ്ക കൊണ്ട് ഞങ്ങൾ സങ്കടം ബോധിപ്പിപ്പാൻ തിരുമുമ്പാകെ വന്നതല്ലാതെ മറ്റ് കാര്യങ്ങൾ ഒന്നും ഞങ്ങൾക്കില്ലെന്നും പറഞ്ഞ് ഓരോരുത്തർ കരയുകയും നിലവിളിക്കയും നെഞ്ചത്തടിക്കയും ചെയ്തു തുടങ്ങി. ഇവരുടെ ധൃതിയും കരച്ചിലും കേട്ട് താഴെയും പള്ളി പൂമുഖത്തും കൂടിയിട്ടുള്ള ഇവിടത്തെ യോഗജനങ്ങൾ മുകളിലേക്ക് കയറി വന്ന് തുടങ്ങി. കാര്യം അറിയാഞ്ഞിട്ട്, കാര്യം എന്തെന്ന് പറവിൻ എന്ന് നാം ബദ്ധപ്പെട്ട് അവരോട് ചോദിച്ച് തുടങ്ങിയപ്പോൾ അവിടെ നിന്ന് വന്നവരിൽ ഒരു ചെറുപ്പക്കാരൻ കാര്യം ഇന്നതെന്ന് ബഹുജനങ്ങളുടെ മുമ്പാകെ അറിയിക്കുന്നത് ഞങ്ങൾക്ക് സങ്കടമാകയാൽ സ്വകാര്യത്തിൽ തിരുമുമ്പാകെ അറിയിച്ച് കൊള്ളാമെന്ന് വ്യസനമായി പറകയും ഉടനെ കയറി വന്നിട്ടുള്ള ആളുകളെ ഒക്കെയും താഴെ പോകുവിൻ എന്ന് പറഞ്ഞ്, അവിടെ നിന്ന് വന്നിട്ടുള്ള എല്ലാവരെയും കൂട്ടി മുറിയുടെ കിഴക്കേ വരാന്തയിലേക്ക് നാം പോയി, നിങ്ങളുടെ സങ്കടം എന്തെന്ന് ചോദിച്ചപ്പോൾ അവർ കരഞ്ഞുകൊണ്ട് പറഞ്ഞത്: പൊന്നു തിരുമേനിയേ! ഞങ്ങൾക്കുണ്ടാകുന്ന സങ്കടങ്ങളെ കേട്ട് തീർത്ത് ഞങ്ങളെ രക്ഷിച്ച് വന്നിരുന്ന ഇട്ടൻപിള്ള മരിച്ചുപോകയും ഇപ്പോൾ ഞങ്ങളെ രക്ഷിച്ച് പാലിക്കേണ്ട ഞങ്ങളുടെ മല്പാനച്ചൻ തോക്കും കുന്തവും ശിപായിമാരും രണ്ട് നാല് പട്ടികളോടും പത്ത് പന്ത്രണ്ട് വാലിഭക്കാരോടും കൂടെ പുറപ്പെട്ട് ഞങ്ങളുടെ വീടുകളിലും പുരയിടങ്ങളിലും

കയറുകയും ഈട് കയ്യാല മുതലായത് നശിപ്പിക്കയും ചെയ്തു വരുന്നു എന്ന് മാത്രമല്ല പത്തും പന്ത്രണ്ടും ഇരുപതും മുപ്പതും നാല്പതും അമ്പതും സംവത്സരങ്ങളായി ദേഹണ്ഡിച്ചും കുടിപാർത്തും വരുന്ന പുരയിടങ്ങൾക്കുള്ള പട്ടയം മല്പാനച്ചൻ പിടിക്കുന്ന കാര്യത്തിൽ ഞങ്ങൾ യാതൊരു തർക്കം പറയാതെയിരിക്കണമെന്നും 'പട്ടയം' മല്പാൻ പിടിച്ചതിന്റെ ശേഷം ഞങ്ങൾക്ക് ഓരോരുത്തർക്ക് മല്പാനച്ചൻ എഴുതി തരാമെന്നും മറ്റുമാണ് പറയുന്നത്. ഞങ്ങൾ ദേഹണ്ഡിച്ചുണ്ടാക്കിയത് വൃഥാ കൊടുക്കുന്നതും വേണമെന്ന് പറയുന്നതും ഞങ്ങൾക്ക് മരണത്തോളം സങ്കടമാകുന്നുവെന്നും ഞങ്ങൾ പാർക്കുന്ന പുരയിടങ്ങൾ മല്പാന്റെ വകയാകുന്ന ജന്മഭൂമിയിൽ ആകുന്നു എന്നാകുന്നു പറയുന്നത്. എഴുനൂറ് പറചേരിക്കൻ ഒരു ജന്മിയിൽ നിന്നോ ദേവസ്വത്തിൽ നിന്നോ എഴുതി വാങ്ങിച്ചിട്ടുള്ളതിൽ ഉൾപ്പെട്ട സ്ഥലത്തിലാണ് നിങ്ങളുടെ പുരയിടം എന്നും മറ്റുമാണ് മല്പാനച്ചൻ പറയുന്നതെന്നും ഇത് ശുദ്ധമേ നേരല്ലെന്നും എഴുന്നൂറ് പറ ചേരിക്കൻ എഴുതി വാങ്ങിച്ചിട്ടുള്ളതിന് ആയിരത്തഞ്ഞൂറ് പറ ചേരിക്കൻ കൈവശം ഉണ്ടെന്നും രണ്ടു മൂവ്വായിരം പറ ചേരിക്കൽ ഒന്നായി കിടക്കുമ്പോൾ തങ്ങളുടെ ചേരികൾ ഇതാണ് എന്ന് പറഞ്ഞ് 'മെക്കിട്ട് കയറു'വാൻ വരുന്നതാണ്. ഈ കിടക്കുന്ന ചേരിക്കല്ലുകൾ ഇത്രത്തോളമെന്നും ഇന്നയിന്ന ചേരിക്കല്ലെന്നും പറവാൻ ഒരു അതിരോ കയ്യാലയോ ഒന്നും കൂടാതെ കിടപ്പാണെന്നും ആളുകളുടെ ശക്തിപോലെയും മുഷ്ക്ക് പോലെയും എന്റെ ചേരിക്കൽ ഇതാണെന്നും പറഞ്ഞ് ഞങ്ങളെ ഉപദ്രവിപ്പാൻ പുറപ്പെട്ടിരിക്കുന്നതാണെന്നും അതിനാൽ മല്പാനോട് നാം പറഞ്ഞ് അവരെ ഉപദ്രവിക്കാതിരിപ്പാൻ തക്കവണ്ണം ശട്ടം കെട്ടി കൊടുക്കണമെന്നും ഇക്കാര്യത്തെക്കുറിച്ച് മല്പാനോട് പറഞ്ഞു നിർത്തുവാൻ ഇനി നാം അല്ലാതെ മറ്റാരും ഇല്ലെന്നുള്ള വിചാരത്താൽ സങ്കടം പറവാൻ ഞങ്ങൾ എത്തിയിരിക്കുന്നതാണെന്നും അതിനാണ് നിലവിളി കൂട്ടിയത്. നാമോ അവരെ പറഞ്ഞ് സമാധാനപ്പെടുത്തിയത്, മല്പാൻ ന്യായരഹിതമായി നിങ്ങളോട് ഒന്നും പ്രവർത്തിക്കുന്നതല്ലെന്നും മറ്റും അനേക വചനങ്ങൾ പറഞ്ഞ് അവരെ സമാധാനപ്പെടുത്തി അയച്ചിരിക്കുന്നു. അതിനാൽ എന്റെ മല്പാനേ, ഇക്കാര്യത്തിൽ നന്നായി ആലോചിച്ച് കുട്ടികളുടെ ആവലാധിക്ക് ഇടവരുത്താതെ നിങ്ങളുടെ ദാസന്മാരെപ്പോലെ കിടക്കുന്ന കുട്ടികൾക്ക് അധികം സങ്കടത്തിന് ഇടവരുത്താതെ കാര്യങ്ങൾ സമാധാനത്തോടെ തീർക്കുന്നതിന് പ്രത്യേകം വിചാരിക്കയും വേണം. ഇങ്ങനെയുള്ള സങ്കടങ്ങൾക്ക് ഇടവരുത്തുന്നത് നമ്മുടെ ഇട്ടൻപിള്ള മരിച്ചുപോയതിനാൽ ആകുന്നുവെന്നും പറഞ്ഞ് നിലവിളിക്കുന്നു. ഇങ്ങനെയുള്ള സങ്കടക്കാർ ഞങ്ങൾ മാത്രമല്ല പത്തെഴുപതു വീട്ടുകാരോളം ഉണ്ടെന്നും അവരും പുറകേ സങ്കടത്തിനായി വരുന്നുണ്ടെന്നും അവർ പറകയും അങ്ങനെ ആരും ഇങ്ങോട്ട്

പുറപ്പെടാതെ ചട്ടം കെട്ടണമെന്നും അവരോട് പറഞ്ഞ് അയച്ചിരിക്കുന്നു. മല്പാന്റെ ഭരണകാലത്ത് കൂടിയാവലാധികൾക്ക് ഇടവരുത്തുന്നു എന്ന് കേൾപ്പിക്കുന്നത് മഹാ കഷ്ടവും കേൾവിക്കുറവും ആണല്ലോ. അതിനാൽ കൂടിയാവലാധികൾക്ക് ഇടവരുത്താതെ കാര്യങ്ങൾ എങ്ങനെയും സമാധാനത്തോടെ തീരുമാനിക്കുന്നതിന് പ്രത്യേകം വിചാരിക്കണമെന്ന് ഒന്നു കൂടി പറഞ്ഞ് നമ്മുടെ എഴുത്ത് ചുരുക്കുന്നു.

വിശേഷിച്ച് മുൻ നാം അയച്ചതായി പറയപ്പെടുന്ന നമ്മുടെ എഴുത്തും കല്പനയും കല്പനയുടെ പകർപ്പും അവിടെ എത്തിയതായി ഇപ്പോൾ അയച്ചതായ എഴുത്തിലും പ്രസ്താവിച്ച് കാണാത്തത് എന്തേ എന്ന് വിഷാദിക്കയും വ്യസനിക്കയും ചെയ്യുന്നതാക കൊണ്ട് ഉടനെ വിവരത്തിന് മറുപടി അയക്കയും വേണം. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയച്ചുകൊള്ളാം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ എന്ന് 1908 മകരം 11-ാം തീയ്യതി.

കോട്ടയത്ത് ചെറിയപള്ളിയിൽ നിന്നും.

എറമ്പാച്ചന്റെ എഴുത്തും അടക്കം ചെയ്തു അയക്കുന്നു.[119] (ഒപ്പ്)

**90**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

നമ്മുടെ എല്ലാ പള്ളികളിലെയും .... വാഴ്വ്.

പ്രിയമുള്ളവരേ, നമുക്ക് എത്രയും പ്രിയപ്പെട്ട നമ്മുടെ പുന്നൂസ് റമ്പാച്ചൻ[120] ഊർശ്ലേമിലേക്ക് പോയി നമ്മുടെ കർത്താവിന്റെ കബറിങ്കൽ വന്ദിച്ച് അനുഗ്രഹം കൈക്കൊണ്ടു പോരുവാൻ ഇപ്പോഴല്ലാ രണ്ടു മൂന്ന് സംവത്സരമായി നമ്മോട് നിർബന്ധിക്കയും തനിച്ചായിട്ടുള്ള യാത്രയിൽ വച്ച് വല്ല സുഖക്കേടുകളും നേരിടുകയോ സഹായത്തിന് ആളില്ലാതെ വലിയ ബുദ്ധിമുട്ടും സങ്കടവും നേരിട്ടു പോയേക്കുമോ എന്നുള്ള നമ്മുടെ വ്യസനവിചാരത്താൽ തനിച്ചുള്ള യാത്രയെ വിരോധിച്ചു. മനസ്സില്ലാമനസ്സോടും വലിയ വേദനയോടും കൂടെ നമ്മുടെ തടസ്സത്തെ ഇന്നേവരെ കൈക്കൊണ്ടും ഇരുന്നതാകുന്നു. എങ്കിലും ഇപ്പോൾ മെത്രാൻ സ്ഥാനത്തിന് രണ്ടോ മൂന്നോ പേരെ ഊർശ്ലേമിലേക്ക് അയക്കണമെന്നും ഈ വലിയ നോമ്പ് വീടുന്നതിന് മുമ്പായി പാത്രിയർക്കീസ് ബാവാ ഊർശ്ലേമിൽ എത്തുന്നതാക കൊണ്ട് തെരഞ്ഞെടുക്കപ്പെട്ടവരെ ഊർശ്ലേമിലേക്ക് അയക്കണമെന്ന് പാത്രിയർക്കീസ് ബാവായുടെ കല്പന വന്നിരിക്കുന്ന

പ്രകാരം തെരഞ്ഞെടുപ്പ് കുംഭം 15-ാം തീയ്യതി എന്നും നിശ്ചയിച്ച് എല്ലാ പള്ളിക്കാർക്കും നാം കല്പന അയച്ചിട്ടുണ്ടല്ലോ. തെരഞ്ഞെടുപ്പ് എങ്ങനെ വന്നാലും നമ്മുടെ പ്രിയ പുത്രനാകുന്ന പുന്നൂസ് റമ്പാച്ചൻ[120] ഊർശ്ലേമിലേക്കു പോകുവാൻ കർത്താവിൽ ധൈര്യപ്പെട്ടും നാം അനുവദിക്കപ്പെട്ടും ഇരിക്കുന്നതിനാൽ റമ്പാച്ചന്റെ യാത്രാച്ചിലവിലേക്ക് വേണ്ടുന്ന സഹായം പള്ളിക്കാരും ജനങ്ങളും അവരവരുടെ ശക്തിക്കു തക്കവണ്ണം ചെയ്തുകൊടുത്ത് സന്തോഷത്തോടുകൂടി റമ്പാച്ചനെ യാത്ര പറഞ്ഞയപ്പാൻ നാം ആഗ്രഹിക്കുന്നതാകക്കൊണ്ടും ഈ കാര്യത്തിന് താല്പര്യമായും ഭക്തിയായും നിങ്ങൾ വിചാരിച്ച് നിവൃത്തിക്കയും വേണം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1908 മകരം 25-ാം തീയ്യതി
കോട്ടയത്തു സിമ്മനാരിയിൽ നിന്നും. (ഒപ്പ്)

(ഇടവകപത്രിക 1908 മകരം, പു. 17, ല. 1)

## 91

## മലങ്കര ഇടവകയുടെ മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്പർ 134

നമ്മുടെ പ്രിയപുത്രൻ മൂക്കഞ്ചേരിൽ അങ്ങാടിവീട്ടിൽ ഔസേപ്പിനു വാഴ്‌വ്.[121]

കഴിഞ്ഞുപോയ നമ്മുടെ ഗീവറുഗീസ് റമ്പാച്ചന്റെ (മൂക്കഞ്ചേരിൽ റമ്പാൻ - എഡിറ്റർ) അനന്തിരവനായി നിങ്ങളുടെ കുടുംബത്തിൽ ഒരു പട്ടക്കാരൻ ഉണ്ടായാൽ കൊള്ളാമെന്നു നമുക്കു മുമ്പേ തന്നെ വളരെ ആഗ്രഹം ഉണ്ട്. ആ ഉദ്ദേശ്യത്തോടുകൂടി നിങ്ങളുടെ കുടുംബത്തിൽ ഉൾപ്പെട്ട ചില കുട്ടികളെ കാണുമ്പോൾ പട്ടമേല്ക്കണമെന്നു നാം പറയാറുമുണ്ടു. അതിനു ഏനവും മനസ്സും ഉള്ളവരായ ഒരു കുട്ടിയെ കണ്ടു കിട്ടാതിരിക്കുകയായിരുന്നു. നിങ്ങളുടെ കുടുംബത്തിൽ നമ്മുടെ എം. പി. വർക്കിയുടെ അനുജൻ എം. പി. പത്രോസ് എന്ന കൊച്ചനെ തൃപ്പൂണിത്ര വച്ചും കരിങ്ങാശ്ര വച്ചും എറണാകുളത്തു വച്ചും നാം കാണുകയും അവനെ പട്ടമേല്പിച്ചാൽ കൊള്ളാമെന്നു നാം ആഗ്രഹിക്കുകയും ചെയ്തിട്ടുണ്ടു. വിവാഹത്തോടുകൂടി ഇടവക ഭരിപ്പാൻ ഒരു പട്ടക്കാരനാ

യിട്ടല്ല, വിവാഹം കൂടാതെ പൊതുവിലേക്കു പട്ടക്കാരനും റമ്പാനുമാകാൻ തക്ക ഒരാൾ വേണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹം. എന്നാൽ നമ്മുടെ പത്രോസിനു ആ വിധത്തിൽ പട്ടമേല്ക്കാൻ സമ്മതമുള്ളതായി ഈയിടെ വിശ്വസ്തനായ ഒരാളിൽ നിന്നും നമുക്കു അറിവു കിട്ടിയ ഉടൻ അതിന്റെ വാസ്തവം അറിവാൻ നാം പ്രത്യേകം അന്വേഷണം ചെയ്തതിൽ വീട്ടുകാർ സമ്മതിക്കുന്നപക്ഷം അവനു പൂർണ്ണ മനസ്സാകുന്നു എന്നു സൂക്ഷ്മമായും നമുക്കു അറിവു കിട്ടിയിരിക്കുന്നു. നമ്മുടെ റമ്പാച്ചന്റെ (മൂക്കഞ്ചേരിൽ ഗീവറുഗീസ് റമ്പാൻ - എഡിറ്റർ) കുടുംബത്തിൽ നിന്നു അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരനായി ഒരു പൊതു മനുഷ്യന്റെ നിലയിൽ ഒരാളെ കിട്ടുന്നതിൽപ്പരം സന്തോഷം മറ്റില്ല.

അതിനാൽ പ്രിയനെ, നമ്മുടെ പത്രോസ് (പത്രോസ് മാർ ഒസ്താത്തിയോസ് - എഡിറ്റർ) ഒരു നല്ല പങ്കിനെ തിരഞ്ഞെടുത്തിരിക്കയാണെന്നു നിങ്ങൾ വിചാരിക്കണം. അവൻ വലിയ പരീക്ഷകൾ ജയിച്ചു ഉദ്യോഗസ്ഥനായി വരാമെന്നു നിങ്ങൾക്കു ആഗ്രഹവും ആശയും ഉണ്ടായിരിക്കും. ദയറായൂസായ്ക്കു മനസ്സോടെ സമ്മതിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന ആളിനെ തടുക്കുന്നതു ദൈവാനുകൂലമായിരിക്കുകയില്ലെന്നു അറിയണം. അവന്റെ ആഗ്രഹം ദൈവത്തിൽ നിന്നാണ്. അതിനെ നിറവേറ്റുന്നതിന് കുടുംബത്തിൽ ഉള്ള എല്ലാവരും ഉത്സാഹിക്കയും വല്ലവർക്കും തടസ്സമുണ്ടായാൽ അതിനെ നീ തീർത്തു നമ്മുടെ പത്രോസിനെ നമ്മുടെ സഭയ്ക്കായി വിട്ടുതരികയും ചെയ്യണമെന്നു നമുക്കു വലിയ ആഗ്രഹമുണ്ടു. നിങ്ങൾ അങ്ങനെ സമ്മതിച്ചു വിട്ടുതരുന്നപക്ഷം അവനെ ബി. എ. യ്ക്കോ എം. എ. യ്ക്കോ സമുദായത്തിൽ നിന്നു പഠിപ്പിച്ചുകൊള്ളാം. പിന്നീട് അവനുവേണ്ടി നിങ്ങളാരും ചിലവു ചെയ്യണ്ടാ. അതിനാൽ പ്രിയനെ, ഈ കാര്യത്തിൽ നീ നന്നായി മനസ്സുവച്ചു നിങ്ങളുടെ കുടുംബത്തിലുള്ള എല്ലാവരെയും സമ്മതിപ്പിച്ചു നമുക്കു ഉടനെ ഒരു മറുപടി അയച്ചുതരണമെന്നു നിന്റെ സ്നേഹത്തോടു നാം നിർബന്ധിക്കുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1908 മീനമാസം 21-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

(ഒപ്പ്)

## 92

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

നമ്മുടെ ...... പള്ളിവികാരിയും ദേശത്ത്പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ,

നമ്മുടെ സഭയിൽ മരണം മൂലം ഉണ്ടായിട്ടുള്ള മേല്പട്ടക്കാരുടെ കുറവ് തീർക്കുന്നതിന് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് നാമും സഹോദരൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളും കൂടി എഴുതി അയച്ചതിന് തിരുമനസ്സു കൊണ്ട് മലയാളത്തേക്ക് എഴുന്നള്ളുന്നതുവരെ ക്ഷമിച്ചിരിപ്പാൻ ഇടയില്ലെന്ന് തോന്നുന്നപക്ഷം മേല്പട്ടസ്ഥാനത്തിന് തെരഞ്ഞെടുക്കപ്പെട്ടവരെ ഈ ക്യംതായ്ക്കകം ഊർശ്ലേമിൽ എത്താൻ തക്കവണ്ണം അയച്ച് തിരുമനസുകൊണ്ട് അവിടെ എത്തി സ്ഥാനം കൊടുത്തയക്കാമെന്ന് കല്പന വന്ന വിവരം കാണിച്ച് മേല്പട്ട സ്ഥാനത്തിന് ആളെ തെരഞ്ഞെടുക്കാൻ പൊതുയോഗം കൂടുന്നതിന് പള്ളികൾക്ക് കല്പന അയച്ചതുപോലെ ഈ മാസം 15-ാം തീയ്യതി കോട്ടയത്ത് സിമ്മനാരിയിൽ കൂടിയ യോഗത്തിൽ നമ്മുടെ പ്രിയ പുത്രന്മാരായ പൗലൂസ് റമ്പാനെയും ഗീവറുഗീസ് റമ്പാനെയും തെരഞ്ഞെടുക്കുകയും ഇവരെ ഊർശ്ലേമിലേക്കയക്കാൻ വേണ്ട പണം പള്ളികളുടെ ശക്തിക്ക് തക്കവണ്ണം വരി നിശ്ചയിച്ച് പിരിക്കയും ചെയ്യണമെന്ന് നിശ്ചയിച്ചിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ.

ഊർശ്ലേമിലേക്ക് വണ്ടിക്കൂലി, കപ്പൽകൂലി മുതലായ ചിലവുകൾക്ക് പുറമേ മലയാളസഭയുടെ രണ്ട് പ്രതിപുരുഷന്മാർ ഊർശ്ലേമിൽ എത്തുന്ന സമയം നമ്മുടെ കർത്താവിന്റെ വിശുദ്ധ കബറിങ്കൽ ഒരു നല്ല വഴിപാട് കൊടുക്കുവാൻ ആവശ്യമാകുന്നു. അതിനു പുറമേ സ്ഥാനംകൊട സമയം ചില വിരുന്നുകളും മറ്റും പതിവുള്ളത് നമ്മുടെ സ്ഥിതിക്ക് തക്കവണ്ണം മാനമായി കഴിച്ച് കൂട്ടേണ്ടിയിരിക്കുന്നത് മാത്രമല്ല, ഇങ്ങോട്ടുള്ള യാത്രയിൽ നമ്മുടെ സ്ലീബാ റമ്പാനും വേറൊരു ശെമ്മാശനും കൂടെ ഉണ്ടായിരിക്കാവുന്നതുകൊണ്ട് അവരുടെ ചെലവും നാം വഹിക്കേണ്ടതായി വരും.

ഈ വകകൾക്കെല്ലാം കൂടി ചുരുങ്ങിയപക്ഷം 2500 രൂപാ ചെലവ് വേണ്ടി വരുന്നതാകുന്നു. നാം അയക്കുന്ന റമ്പാന്മാർ ക്യംതായ്ക്ക് മുമ്പ് ഊർശ്ലേമിൽ എത്താൻ ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ട് ഇവർ വലിയ നോമ്പിന്റെ ആരംഭത്തിൽത്തന്നെ യാത്ര പുറപ്പെടേണ്ടിയിരിക്കുന്നു. അതിന് മുമ്പായി മേല്പറഞ്ഞ സംഖ്യ ഈടാക്കേണ്ടിയിരിക്കുന്നതിനാൽ

സമയം അതിക്രമിച്ചിരിക്കുന്നു.

അതിനാൽ ഈ വക ചിലവിലേക്ക് ആ പള്ളിയ്ക്ക് ... രൂപ വരി നിശ്ച യിച്ചിരിക്കുന്നതുകൊണ്ട് ഈ സംഖ്യ ഈ കല്പനയും കൊണ്ടുവരുന്ന ... വശം അവധിയോ തടസ്സമോ പറയാതെ കൊടുത്തയക്കണം. സംഗ തിയുടെ ഗൗരവവും ആവശ്യവും സമയക്കുറവും നിങ്ങൾക്കറിയാവുന്ന താകയാൽ ഈ കാര്യത്തിൽ യാതൊരു ഒഴിവുകഴിവും കാലതാമസവും വരുത്തരുതെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം നിർബ്ബന്ധിക്കുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും സദാ നിങ്ങ ളുടെ കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.[122]

എന്ന് ക്രിസ്താബ്ദം 1908-ന് കൊല്ലം 1083 കുംഭം 16-ാം തീയ്യതി
കോട്ടയത്ത് സിമ്മനാരിയിൽ നിന്നും. (ഒപ്പ്)

## 93

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ആത്മിക പുത്ര നാകുന്ന കോനാട്ട് മാത്തൻ മല്പാന് വാഴ്വ്.

പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് നാമും ഈവാനിയോസ് മെത്രാപ്പോലീത്തായും കൂടി അയപ്പാനുള്ള എഴുത്തിന്റെയും നാം ഒന്നിച്ച് അയപ്പാനുള്ള എഴുത്തിന്റെയും പകർപ്പ് മലയാളത്തിൽ എഴുതി നമ്മുടെ എഴുത്ത് സഹിതം റജിസ്റ്റർ ചെയ്ത് അങ്ങോട്ട് അയച്ചിട്ടുള്ളത് ഇപ്പോൾ അവിടെ കിട്ടി വിവരങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ. ഞങ്ങളുടെ എഴു ത്തോടു കൂടി കമ്മിട്ടിക്കാരുടെ ഒരു എഴുത്തുകൂടി കമ്മിട്ടിക്കാർക്ക് അയ പ്പാൻ ആവശ്യമെന്ന് കണ്ടതിനാൽ കമ്മട്ടിക്കാരുടെ എഴുത്തായി എഴു തുന്നതിന് മലയാളത്തിൽ ഒരു പകർപ്പുണ്ടാക്കി ഇതൊടൊന്നിച്ച് അങ്ങോ ട്ടയക്കുന്നു. നമുക്ക് ശരീരത്തിന് ഒട്ടും സുഖമില്ലാതെ നാം വേണ്ടപോലെ പകർപ്പ് എഴുതി അയക്കുന്നതായി വിചാരിക്കുന്നില്ല. അതിനാൽ വേണ്ട പോലെ കമ്മട്ടിക്കാരുടെ ഒരു എഴുത്ത് തയ്യാറാക്കി മൂന്നും കൂടി വരുന്ന വെള്ളിയാഴ്ചയോ ശനിയാഴ്ചയോ ഇവിടെ എത്തത്തക്കവണ്ണം അയച്ചു തരികയും വേണ്ടിയിരിക്കുന്നു.

റമ്പാച്ചന്മാരുടെ യാത്ര മീനം 9-ാം തീയ്യതി തിങ്കളാഴ്ച നിശ്ചയിച്ചിരി ക്കുന്നു. പോകുന്നവർക്കുള്ള സർട്ടിഫിക്കറ്റ് നാളത്തെ കഴിഞ്ഞുള്ള തിങ്ക ളാഴ്ച തരാമെന്ന് പേഷ്ക്കാർ പറഞ്ഞിരിക്കുന്നു. റമ്പാച്ചന്മാർ കൂടാതെ കോടിയാട്ട് കൊച്ചുകത്തനാരും കരവട്ടുവീട്ടിൽ കത്തനാരും പൂതിയോട്ട്

ശെമ്മാശനും പോകുന്നതിന് ഉറച്ചിരിക്കുന്നതായി കണ്ടു. ഇനിയും രണ്ടോ മൂന്നോ പേരുണ്ടാകുമോ അറിയുന്നില്ല. കപ്പൽക്കൂലിയുടെ നിരക്ക് അറിവാനായി എം. എ. ശെമ്മാശൻ എഴുതി ചോദിച്ചപ്പോൾ മുമ്പത്തേക്കാൾ എരട്ടിക്കൂലി എന്ന് പറഞ്ഞാൽ മൂന്നാം ക്ലാസ്സിനു തന്നെ 140 രൂപ വേണ്ടി വരുമെന്നാണ് കണ്ടത്. ഇത്ര സംഖ്യ വേണ്ടി വരുമെങ്കിൽ പോകുന്നവർ ഓരോരുത്തർക്കും നാനൂറിന് മേൽ രൂപ വേണ്ടിവരുമെന്ന് കാണുന്നു എന്ന് പറഞ്ഞാൽ സകല ചെലവിനും കൂടി 500 രൂപ കയ്യിലുണ്ടെങ്കിൽ മാത്രമേ കഴിയുകയുള്ളു എന്നും കാണുന്നു. എന്ന് മാത്രമല്ല, ഈ അധികച്ചിലവിങ്കൽ യാത്രക്കാരിൽ പലരും മടിച്ചിട്ടുമുണ്ട്. യാത്രയ്ക്കു ആൾ അധികപ്പെടാതെയിരിക്കുന്നതാണ് നല്ലതെന്നും വിചാരിക്കുന്നു. ഏതെങ്കിലും പോകാനുള്ളവർ മേല്പറഞ്ഞ തീയ്യതിക്കു തന്നെ പോകുവാൻ നിശ്ചയിച്ചിരിക്കുന്നതാകകൊണ്ട് പാത്രിയർക്കീസ് ബാവാക്ക് അയപ്പാനായി മലയാളത്തിൽ എഴുതി അയച്ചിരിക്കുന്ന എഴുത്തുകൾ ഒക്കെയും സുറിയാനിയിലാക്കി വെള്ളിയാഴ്ചയോ ശനിയാഴ്ചയോ ഇവിടെ എത്തത്തക്കവണ്ണം അയച്ചുതരികയും വേണ്ടിയിരിക്കുന്നു.

വിശേഷിച്ച് നാമും മെത്രാച്ചനും കൂടി എഴുതി അയക്കുന്നതിനായി അയച്ച മലയാള പകർപ്പിൽ പാത്രിയർക്കീസ് ബാവായ്ക്ക് കൈമുത്തിനായി 1000 രൂപ അയക്കുന്നപ്രകാരം എഴുതിയിട്ടില്ല. കമ്മട്ടിക്കാരുടെ എഴുത്തിൽ 1000 രൂപ അയക്കുന്ന വിവരം എഴുതിയിട്ടുള്ളപ്രകാരം ഞങ്ങളുടെ എഴുത്തിന്റെ അവസാനത്തിലും എഴുതി അയക്കയും വേണം. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയച്ചുകൊള്ളാം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാവർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1908 കുംഭം 30-ാം തീയ്യതി.
കോട്ടയത്തു പഴയസിമ്മനാരിയിൽ നിന്നും (ഒപ്പ്)

## 94

### മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

(മുദ്ര)

നമ്മുടെ ആത്മിക പുത്രനാകുന്ന കോട്ടയത്തു ചെറിയപള്ളിയിൽ ട്രസ്റ്റി കുന്നുംപുറത്ത് കുരിയൻ ചെറിയാന് വാഴ്വ്.

നമ്മുടെ മുട്ടുമ്പ്രത്തു ഔസേപ്പ് തലയാൾ നിന്ന് നടത്തിവന്ന ചിട്ടിയിൽ ചെറിയപള്ളിയിൽ നിന്ന് ഒരു ചിട്ടി ചേർന്ന് വച്ചിട്ടുള്ള പണം സംബ

ഡിച്ച് പള്ളിക്കാര്യത്തിൽ നിന്നും ടി. ഔസേപ്പ് ഇട്ടൂപ്പ് മുതൽ പേരെ പ്രതി ചേർത്ത് കൊടുത്തിട്ടുള്ള അന്യായ സംഗതി രാജിയാക്കിത്തീർക്കണമെന്ന് നാം ആഗ്രഹിച്ച് പള്ളിക്കാരെ വരുത്തി ആലോചിച്ച ശേഷം പള്ളിക്കു ചിട്ടിയിൽ നിന്ന് വക വച്ച് തന്നിട്ടുള്ള വീതപ്പലിശയും അസ്സൽ മുതലിന്റെ നാളതുവരെയുള്ള മേലാൽ പലിശയും ഇളവ് ചെയ്ത് ചിട്ടിയിൽ പള്ളിയിൽ നിന്ന് ഇറക്കിയിട്ടുള്ള അസ്സൽ മുതലും കോടതിച്ചിലവും വാങ്ങിച്ചുംകൊണ്ട് നമ്പർ കുറവ് ചെയ്യിക്കണമെന്ന് തീരുമാനിച്ചിരിക്കുന്നു. അതിനാൽ മേൽപ്രകാരമുള്ള സംഖ്യ കണക്കാക്കി പ്രതികളിൽ നിന്ന് പറ്റിക്കൊണ്ട് അടുത്ത അവധിക്ക് തന്നെ നമ്പർ കുറവ് ചെയ്യിക്കയും വേണം. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കാം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1909 വൃശ്ചികം 28-ന്
കോട്ടയത്തു ചെറിയപള്ളിയിൽ നിന്നും. (ഒപ്പ്)

**95**

**കോട്ടയം ബാങ്ക്**

കഴിഞ്ഞുപോയ പെൻഷൻ ജഡ്ജി മിസ്റ്റർ ടി. സി. പുന്നന്റെ വക കോട്ടയത്തുള്ള ബാങ്കു വ്യാപാരം മേലാലും നടക്കത്തക്കവണ്ണം അതിനെ വിലയ്ക്കു വാങ്ങുകയോ മറ്റു വിധത്തിൽ സ്വാധീനപ്പെടുത്തുകയോ ചെയ്യുന്നതിലേക്കായി ഒരു കൂട്ടു കച്ചവടക്കമ്പനി ഏർപ്പെടുത്തിയാൽ കൊള്ളാമെന്നുണ്ട്. നാട്ടുകാരിൽ ആരും ഇതിന് മുമ്പ് ഇങ്ങനെയുള്ള ഒരു പ്രവൃത്തി ആരംഭിച്ച് നടത്തിയിട്ടില്ലെന്ന് മാത്രമല്ല മിസ്റ്റർ പുന്നന്റെ നടത്തിപ്പിൽ പ്രസ്തുത വ്യാപാരം വളരെ വർദ്ധിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ മിസ്റ്റർ പുന്നന്റെ മക്കൾക്ക് പ്രായപൂർത്തി വന്നിട്ടില്ലാത്തതിനാൽ ഇത് മേലിലും നടത്തിക്കൊണ്ടു പോകുന്നതിന് അവരാൽ സാധിക്കാത്തതും നിറുത്തിക്കളയുക എന്ന് വച്ചാൽ മിസ്റ്റർ പുന്നന്റെ നല്ല ദൃഷ്ടാന്തം നിമിത്തം നാട്ടുകാർക്കുണ്ടായിട്ടുള്ള ഉത്സാഹം കുറയുന്നതും ആണല്ലോ.

കമ്പനിയുടെ മുതൽ ഒരു ലക്ഷം രൂപയും ഇത് നൂറ് രൂപ വീതമുള്ള ആയിരം ഓഹരികൾ വഴിയായി പിരിഞ്ഞുണ്ടാകേണ്ടതും ആകുന്നു.

തിരുവിതാംകോട്ടും കൊച്ചിയിലും മിസ്റ്റർ പുന്നന്റെ സ്നേഹിതന്മാരും ഗുണകാംക്ഷികളും ആയിട്ടുള്ള ആളുകൾ എല്ലാവരും ഇതിൽ യഥാശക്തി സഹകരിക്കാതിരിക്കയില്ല എന്ന് വിശ്വസിക്കുന്നു.[123]

ഓഹരികൾ എടുക്കാൻ മറ്റുള്ളവർ കോട്ടയത്തു വ്യാപാരം മിസ്റ്റർ സി. ചെറിയാൻ, മിസ്റ്റർ ടി. എ. ജോസഫ് ഇവരെ അറിയിക്കയും ആവശ്യ മുള്ള ഓഹരികൾക്ക് അടക്കേണ്ട സംഖ്യ അവരുടെ മേൽവിലാസത്തിൽ അയക്കുകയും ചെയ്യേണ്ടതാകുന്നു.

കോട്ടയം
190

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ
പാറായിൽ വർക്കിത്തരകൻ, കെ.സി.എസ്.എസ്, കെ.സി.എസ്.ജി.
ഇ. പുന്നൻ ബി.എം, എം.ഡി, എം.സി.എച്ച്.
സി. ജെ. കോര
കെ. ഐ. വർഗ്ഗീസ് മാപ്പിള എം.ആർ.എ.എസ്
കുന്നുംപുറത്ത് ഇട്ടൂപ്പ് കൊച്ചിട്ടി
ജോൺ ചാണ്ടി
ഇ. ജേക്കബ് ജോൺ ബി.എ., ബി.എൽ.
സി. ഐ. ഏബ്രഹാം
സി. ചെറിയാൻ

## 96

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ എത്രയും വാത്സല്യപ്പെട്ട നമ്മുടെ ആത്മീയ പുത്രനായ അട ങ്ങപ്പുറത്ത് കൊച്ചുപണിക്കർക്ക് വാഴ്വ്.

ഈ എഴുത്തും കൊണ്ടുവരുന്ന കുരുവിള മൂപ്പനെ അറിയാമല്ലോ. ഇയാൾക്ക് 12 പറ നിലം ഉണ്ടായിരുന്നത് പണയപ്പെടുത്തുകയും പണയ ക്കാരൻ വസ്തു നമ്പറിട്ട് കൈക്കലാക്കണമെന്ന് വിചാരത്തോടുകൂടി ബദ്ധപ്പെട്ട് വരുന്നതായും അറിയുന്നു. ഇതിലേക്ക് ഒരു നിവൃത്തി ഉണ്ടാക്കി കൊടുക്കണമെന്ന് നമ്മുടെ മുമ്പാകെ അപേക്ഷിച്ചിരിക്കുക ആകകൊണ്ട് കുഞ്ഞ് ഇക്കാര്യത്തിൽ പ്രവേശിച്ച് മേപ്പടി വസ്തു കുഞ്ഞു തന്നെ പണ യപ്പെടുത്തിയോ മറ്റോ വാങ്ങിക്കുകയോ അല്ലാത്തപക്ഷം മറ്റാരെക്കൊ ണ്ടെങ്കിലും വാങ്ങിപ്പിക്കുകയോ ചെയ്ത് ഈ മൂപ്പീന്നിന്റെ സങ്കടത്തിന് നിവർത്തി വരുത്തിക്കൊടുക്കുകയും വേണം. ശേഷം വിവരങ്ങൾ ഈ മൂപ്പീന്ന് തന്നെ പറയുകയും ചെയ്യും.

ദൈവമായ കർത്താവ് അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്ന തന്റെ വല ത്തുകൈ നീട്ടി നിങ്ങളെ എല്ലാവരെയും വാഴ്ത്തി അനുഗ്രഹിക്കുമാറാ കട്ടെ.

എന്ന് 1083 (1908) തുലാം 19-ാം തീയതി പരുമല സെമിനാരിയിൽ നിന്നും (ഒപ്പ്)

## 97

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും കോട്ടയം, അങ്കമാലി ഇടവകകളുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും കൂടി എഴുതുന്ന സർക്കുലർ

**(മുദ്രകൾ)**

നമ്മുടെ കോട്ടയം ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികളിലെയും യോഗ ജനങ്ങൾക്കു വാഴ്വ്.

നമ്മുടെ സമുദായത്തിലെ പട്ടക്കാരുടെ വരുമാനങ്ങളെ ഈ കാലാവസ്ഥയ്ക്ക് തക്കവണ്ണം പരിഷ്കരിച്ചു ഒരു നിയമം ഉണ്ടാക്കി മലങ്കരെ ഒട്ടുക്കുള്ള നമ്മുടെ പള്ളികളിൽ പ്രസിദ്ധപ്പെടുത്തണമെന്നു ആലോചിച്ചിട്ടു കുറെ നാളായി എങ്കിലും എല്ലായിടത്തേയും വരുമാനങ്ങളും അനുഭവങ്ങളും ഏതെല്ലാംപ്രകാരമെന്നു സൂക്ഷ്മപ്പെടുത്തി ചെയ്യേണ്ടതിനു വിചാരിച്ചിരിക്കുമ്പോൾ ഈ കോട്ടയം ഇടവകയിൽ ഉൾപ്പെട്ട പള്ളികളിലെ പട്ടക്കാർ കഴിഞ്ഞ വൃശ്ചികം 12-നു സിമ്മനാരി സ്ഥാപകപിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ ഞങ്ങളുടെ മുമ്പാകെ സമർപ്പിച്ച ഒരു വരുമാനപ്പട്ടികയും, വരുമാനത്തിനു ഒരു നിജസ്ഥിതി വരുത്തി കൊടുക്കണമെന്നുള്ള അവരുടെ അപേക്ഷ ഹർജിയും നോക്കിയതിൽ തല്ക്കാലം കോട്ടയം ഇടവകയിൽ ഇപ്പോൾ നടന്നുവരുന്ന ക്രമം അനുസരിച്ചു ഒരു വരുമാന നിയമം ഉണ്ടാക്കുന്നതു കൊള്ളാമെന്നു ഞങ്ങളും സഹോദരന്മാരായ മെത്രാപ്പോലീത്താമാരും കൂടി ആലോചിച്ചു ഒരു നിയമം എഴുതി തീർത്തിരിക്കുന്നതിനെ അച്ചടിച്ചു പള്ളികൾക്കു അയപ്പാൻ ഏറ്റവും ആവശ്യമായിരിക്കുന്നു. എങ്കിലും ഈ നിയമപകർപ്പു ഈ ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികൾക്കും ഓരോന്നു അയച്ചു പള്ളികളിൽ വായിച്ചു കേട്ടു ഇതിൽ ഏതെങ്കിലും വരുമാനങ്ങളെ സംബന്ധിച്ചു കൂടുതൽ കുറവു വല്ല സ്ഥലത്തും ഉള്ളതായോ വല്ലതും ഭേദപ്പെടുത്തേണ്ടതായോ ഉണ്ടായിരുന്നാൽ ആ വിവരവും എഴുതിവരുന്നതിനുമേൽ ഈ നിയമം അച്ചടിച്ചു നടപ്പാക്കണമെന്നു നിശ്ചയിച്ചിരിക്കയാൽ ഈ സാധനം അയക്കുന്നതാണ്. ഇതോടു ഒന്നിച്ചു അയക്കുന്ന നിയമപ്പകർപ്പു ഒന്നോ രണ്ടോ ഞായറാഴ്ച അതാതു പള്ളികളിൽ വായിച്ചുകേട്ടു വിപരീതമായ വല്ല അഭിപ്രായവും ഉണ്ടെന്നിരുന്നാൽ ആ പള്ളിക്കാർ അവരുടെ മറുപടി മീനം 30-നു മുമ്പു 'ഇടവകപത്രിക' പത്രാധിപർക്കു അയച്ചുകൊള്ളേണ്ടതാകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമാറാകട്ടെ. (ഒപ്പുകൾ)

എന്നു 1899 കുംഭം 25-ന്.

കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

(ഇടവകപത്രിക, 1899 ശ്ബോത്ത്)

**98**

(മുദ്ര)

നമ്മുടെ ആർത്താറ്റുപള്ളി യോഗക്കാർക്കു നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും നമ്മുടെ കർത്താവീശോമശിഹായിൽ നിന്നും കൃപയും വാഴ്വും ഉണ്ടായിരിക്കട്ടെ. അതു തമ്പുരാനെപെറ്റ അമ്മയുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ. ആമ്മീൻ. ശുദ്ധമുള്ളവനും ഭാഗ്യവതിയുമായ അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായിൽ നിന്നു നമുക്കു സ്ഥാനം സിദ്ധിച്ചു ബോംബെയിൽ എത്തിയ വിവരത്തിനു എഴുതിയ സാധനം ഇതിനു മുമ്പേ അവിടെ എത്തിയല്ലോ. ഇപ്പോൾ ഈ മാസം 24-ാം തീയതി ഇവിടെ നാം എത്തിയിരിക്കുന്നു. കന്നി മാസം 5-ാം തീയതി ഞായറാഴ്ച അസ്തമിച്ചു അങ്ങോട്ടു എത്തുന്നതിനുവേണ്ടി ഇവിടെനിന്നു ബോട്ടു കേറുന്നതാകയാൽ തിങ്കളാഴ്ച നിങ്ങൾ എല്ലാവരും ചാവക്കാട്ടു കടവിൽ ഹാജരായിക്കൊള്ളുകയും വേണം. ദൈവത്തിന്റെ കയ്യ് നിങ്ങൾ ഏവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്നു 1865 ചിങ്ങം 31-ാം തീയതി കൊച്ചിപ്പള്ളിയിൽ നിന്നും.

(ഒപ്പ്)

**99**

"ശുദ്ധമുള്ള പത്രോസ് ശ്ലീഹായുടെ അനന്തിരവനും കാതോലിക്കാ പള്ളിയുടെ വികാരിയുമായ അന്ത്യോഖ്യായുടെ ശുദ്ധമുള്ള രണ്ടാമത്തെ യാക്കോബ് എന്ന് പേരായ മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ സ്വർഗ്ഗാരോഹണം ചെയ്ത ശേഷം പിന്നീട് ശുദ്ധമുള്ളതും ശ്ലീഹായ്ക്കടുത്തതുമായ ഈ വലിയ സ്ഥാനത്തേയ്ക്ക് ആരെ നിയമിക്കേണ്ടൂ എന്ന് ആലോചിപ്പാനായി ശുദ്ധമുള്ള മെത്രാപ്പോലീത്താമാർ ഉന്നതപ്പെട്ട എപ്പിത്രോപ്പന്മാർ വൈരാഗികളായ കോർഎപ്പിസ്ക്കോപ്പന്മാർ, വ്രതക്കാരായ റമ്പാന്മാർ, ശോഭയുള്ള ഒനുവായക്കാർ, ഉത്തമന്മാരായ പട്ടക്കാർ, മല്പാന്മാരായ അർക്കദിയോക്കന്മാർ, ഉണർച്ച

യുള്ള ശെമ്മാന്മാർ, ബഹുമാനപ്പെട്ട പ്രഭുക്കന്മാർ മുതലായവർ മർദ്ദീൻ പട്ടണത്തിൽ കുർക്കുമാ എന്ന ദയറായിൽ സുന്നഹദോസുകൂടി ആലോചിച്ചതിൽ സുറിയായുടെ പൂനിക്കി എന്ന നഗരത്തിന്റെ പ്രധാന മേല്പട്ടക്കാരനായ പത്രോസ് എന്ന പരിശുദ്ധന്റെ നോമ്പും ഉറക്കമൊഴിച്ചിൽ, രാപകലുള്ള പ്രാർത്ഥനകൾ, ദരിദ്രന്മാരോടുള്ള സ്നേഹം ഈ വകകളെ കൊണ്ടും രക്ഷിതാവായ മശിഹായുടെ സഭയ്ക്കു വേണ്ടി പലപ്പോഴും താൻ സഹിച്ചിട്ടുള്ള പീഡകളെ കൊണ്ടും ഈ വലിയ സ്ഥാനത്തേയ്ക്ക് യോഗ്യനെന്ന് നിശ്ചയിച്ചു. വിവരം അദ്ദേഹത്തെ ഗ്രഹിപ്പിച്ചാറെ മഹത്വമുള്ള ഈ സ്ഥാനത്തിന് താൻ അയോഗ്യനെന്നും തന്നിൽ നിന്ന് ഇതിനെ ഒഴിക്കണമെന്നും ഈ പരിശുദ്ധൻ പ്രത്യേകം അപേക്ഷിക്കയാൽ കുറെ താമസത്തിന് ഇട വന്നു പോയി. പിന്നീട് സുന്നഹദോസുകാർ ആദ്യം നിശ്ചയിച്ച നിശ്ചയത്തെ ദൈവത്തിന്റെ തിരുനാമത്താൽ ഒന്നുകൂടി ഉറപ്പിക്കുകയും അവർ എല്ലാവരും കൂടെ ഈ പരിശുദ്ധനെ പാത്രിയർക്കീസ് എന്ന് പേർ വിളിക്കുകയും ചെയ്തതിനാൽ ഇദ്ദേഹം ദൈവത്തിന്റെ ഇഷ്ടത്തിന് സുന്നഹദോസിന്റെ മുമ്പാകെ തല ചായ്ക്കയും ചെയ്തു. ഉടനെ ഇദ്ദേഹം കുസ്തന്തീനോസ്പോലീസ് നഗരത്തിൽ പോയി തുർക്കി മഹാരാജാവ് അവർകളുമായി കൂടിക്കാഴ്ചയും കഴിഞ്ഞ് തിരികെവന്ന് ചേരുകയും സ്വർഗ്ഗാരോഹണം ചെയ്ത വലിയ പിതാവായ തന്റെ കാരണവന്റെ കല്ലറയിൽ പ്രാർത്ഥന കഴിക്കുകയും കുർബ്ബാന ചൊല്ലുകയും ചെയ്തുകൊണ്ട് ഈ കഴിഞ്ഞ മിഥുന മാസം 4-ന് പെന്തിക്കോസ്തി എന്ന വലിയ പെരുന്നാൾ ദിവസം അന്ത്യോഖ്യായുടെ പത്രോസ് ശ്ലീഹായുടെ സിംഹാസനത്തിൽ അനന്തരവനും പ്രധാനാചാര്യനുമായി അഭിഷേകം ചെയ്യപ്പെട്ടു. ശുദ്ധമുള്ള ഈ അഭിഷേകത്തിന്റെ മധ്യത്തിങ്കൽ മാർ കൂറിലോസ് ഗീവറുഗ്ഗീസ് എന്ന മുഖ്യപ്പെട്ട മേല്പട്ടക്കാരൻ പ്രസംഗം പറഞ്ഞു. വാക്യം മത്തായി 16-ാം അധ്യായം 15-ാം വാക്യം; യോഹന്നാൻ 21-ാം അധ്യായം 15-ാം വാക്യം ഇത്യാദി. അവസാനത്തിൽ ശുദ്ധമുള്ള ഈ പുതിയ പിതാവ് പ്രസംഗിച്ചു. 1-ാം കോരിന്തി 15-ാം അധ്യായം 9-ാം വാക്യം. പരിശുദ്ധാത്മാഭിഷേകവും ശുദ്ധ കുർബ്ബാനയും കഴിഞ്ഞശേഷം ഈ ശുദ്ധമുള്ള പിതാവ് പത്രോസ് ശ്ലീഹായുടെ സിംഹാസനത്തിൽ കിഴക്കോട്ട് മുഖമായിരുന്ന് സ്വർഗ്ഗത്തിലേക്ക് കൈകളെ ഉയർത്തി. കർത്താവായ മശിഹാ പത്രോസ് ശ്ലീഹായെ ഏല്പിച്ച ചുമതല തന്നെക്കൊണ്ട് കരുണയോടെ നടത്തുവാനായി ആട്ടിൻകുട്ടികളെ ശുദ്ധീകരിക്കുകയും പള്ളാടുകളെ തൊഴുത്തിൽ പ്രവേശിപ്പിക്കുകയും കോലാടുകളെ ശ്ലൈഹിക പഠിത്തം കൊണ്ട് മേയിക്കയും ചെയ്യണമെന്ന് പ്രാർത്ഥിച്ചു. ഉടനെ പടിഞ്ഞാറോട്ട് മുഖമായി ഇരുന്നു. വലതുകൈയിൽ സ്ലീബായും ഇടതുകൈയിൽ അംശവടിയും

പിടിച്ചുകൊണ്ട് അപ്പോൾ കൂടെപ്പെട്ടിരുന്ന തന്റെ പ്രജകളെ അനുഗ്രഹിക്കുകയും ചെയ്തു. ഉടൻ കൂടപ്പെട്ടിരുന്ന സകലരും മൂന്നാമത്തെ പത്രോസ് എന്ന് പേരായ ശുദ്ധമുള്ള മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ ഓക്സിയോസ് - ഓക്സിയോസ് - ഓക്സിയോസ് എന്ന് മൂന്നു പ്രാവശ്യം മഹാശബ്ദമായി ചൊല്ലുകയും ചെയ്തു. ഈ വലിയ അഭിഷേകത്തിന് 25,000 ത്തിൽ അധികം ആളുകൾ കൂടിയിരുന്നു എന്നും ഇവരുടെ ഈ ശബ്ദം വളരെ വെള്ളത്തിന്റെ ഇരച്ചൽ പോലെയും യുദ്ധത്തിന് പുറപ്പെടുന്ന കുതിരകളുടെ ശബ്ദം പോലെയും ആയിരുന്നു എന്നും ആലേഫ് എന്ന മലയിലുള്ള മാർ മത്തായിയുടെ ദയറായുടെ തലവനായ മാർ ഏലിയാസ് മെത്രാപ്പോലീത്താ പറയുന്നു. ഇങ്ങനെ ശുദ്ധമുള്ള ഈ അഭിഷേകം നിവൃത്തിക്കപ്പെട്ടു. കൂടിയിരുന്ന കൂട്ടമൊക്കെയും മഹാശബ്ദത്തോടെ ദൈവത്തെ സ്തുതിച്ചുംകൊണ്ട് പിരിയുകയും ചെയ്തു. മുഖ്യന്മാരായ ചില മേല്പട്ടക്കാരും പട്ടക്കാരും ഇന്നും പിരിഞ്ഞിട്ടില്ല. ദൈവകൃപയാൽ ശുദ്ധമുള്ള പ്രധാനാചാര്യൻ മുഖാന്തിരം സുറിയാനിസഭ ഒന്നുംകൂടെ ഉയരപ്പെടുമെന്ന് തുർക്കിദേശത്ത് അന്യരാലും പറയപ്പെടുന്നു. ദൈവം ഈ പരിശുദ്ധന് ദീർഘായുസ്സും തന്റെ പ്രജകൾക്ക് താൻ മുഖാന്തിരം സമാധാന വർദ്ധനവും യോജിപ്പും കൊടുപ്പാനായി വായനക്കാരും ഞങ്ങളോടു കൂടി പ്രാർത്ഥിപ്പിൻ.

എന്ന് കൊല്ലം 1048-ാമാണ്ട് കന്നി മാസം 10-ന് കോട്ടയത്തു നിന്നും

(1048 - 1872 - കന്നി മാസം 16-നു തിങ്കളാഴ്ചത്തെ 'കേരള പതാക' യിൽ പ്രസിദ്ധീകരിച്ചത്)

## 100

കൃപയും സമാധാനവും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. എന്നാൽ പ്രിയമുള്ളവരെ, സർവശക്തനായ ദൈവത്തിന്റെ കൃപയാൽ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിൽ നിന്നും നമുക്കു ലഭിക്കപ്പെട്ടിരിക്കുന്ന നൽവരപ്രകാരം നമ്മുടെ സഭകളെ സകല സത്യവഴികളിലും നടത്തി പാലിപ്പാൻ പ്രത്യേകം നാം (രണ്ട് പദങ്ങൾ അവ്യക്തം) ഹിതപ്രകാരം വേണ്ടിയ ഗുണങ്ങളെ നമ്മുടെ സഭകളിൽ നടത്തി പാലിക്കുന്നതിന് പാടില്ലാത്തപ്രകാരം രാജ്യാധികാരികളിൽ നിന്നും സഭാ ഭരണക്കാരിൽ നിന്നും നമുക്കുണ്ടായ പ്രയാസങ്ങൾ ഒക്കെയും നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ. എന്നാൽ നമ്മുടെ പ്രയാസങ്ങൾക്കും അധ്വാനങ്ങൾക്കും ഇതുവരെ ഒരു ആശ്വാസം ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, നമ്മുടെ പള്ളികളിലും ജനങ്ങളിലും നാൾക്കുനാൾ വർദ്ധിച്ചു വരുന്ന മാർഗ്ഗവിരോധങ്ങളിൽ നിന്നും കലഹങ്ങളിൽ നിന്നും വളരെ നാം

വ്യസനിക്കുകയും ഭയപ്പെടുകയും ചെയ്യുന്നു. എന്തെന്നാൽ പ്രിയമുള്ള വരേ, ക്രിസ്ത്യാനി മതത്തിന്റെ ആരംഭകാലം മുതൽ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ അധികാരത്തിൻകീഴും ആജ്ഞ യിൻകീഴും ഉൾപ്പെട്ട് അനേകം ദുഃഖങ്ങളും പീഡകളും സഹിച്ച് ഉയർച്ച യിലും താഴ്ചയിലും അന്യമതക്കാരോടുള്ള സഖ്യതയിലും പോരാട്ട ത്തിലും അജ്ഞാനികളിൽ നിന്നുള്ള ഉപദ്രവങ്ങളും അനേകം ഞെരു ക്കങ്ങൾ നമ്മുടെ പിതാക്കന്മാർ അനുഭവിച്ചുകൊണ്ട് ഈ വിശ്വാസത്തെ പോറ്റിയതിനാൽ അത്രേ മുഴുവനും നശിച്ചുപോകാതെ ഇന്നുവരെ പ്രത്യേക ഒരു സംഘക്കാരായി നമ്മെ കാണപ്പെടുന്നതിന് സംഗതി ആയത്. ഇങ്ങനെ വീണ്ടെടുത്ത നമ്മുടെ സഭ ഇക്കാലത്തിൽ ഇടയൻ ഇല്ലാത്ത ആടുകൾ എന്ന പോലെയും നാഥനില്ലാത്ത പ്രജകൾ എന്ന പോലെയും ചിന്നിച്ചിതറി തന്നിഷ്ടക്കാരായി നശിക്കുന്നതിൽ എത്ര സങ്കടപ്പെടുവാനുള്ളതാകുന്നു. അയ്യോ പ്രിയന്മാരെ, എന്തു നാം പറ യേണ്ടൂ. നമ്മുടെ പള്ളികളിലും നടപടികളിലും കർമ്മാചാരങ്ങളിലും ഉണ്ടായിരുന്ന ക്രമങ്ങളും ചട്ടങ്ങളും വരുതികളും ഈ കാലത്തിൽ ഇല്ലാതെ തീർന്നിരിക്കുന്നു.

പള്ളിവക മുതൽകാര്യങ്ങൾ മിക്കവാറും നശിച്ചിരിക്കുന്നു. മക്കൾ ക്കുള്ള അവകാശം അന്യന്മാർക്ക് എന്നപോലെ ആക്കിത്തീർത്തിരി ക്കുന്നു. വേദസംബന്ധമായ കാര്യങ്ങൾ കഴിക്കുന്നതിന് എല്ലാവരും പരാ ശ്രയം കൂടിയേ മതിയാവൂ എന്ന് വന്നിരിക്കുന്നു. സുറിയാനിക്കാരായ നമ്മുടെ ക്രമം പോലെയും വിശ്വാസം പോലെയും നടക്കുവാൻ ഒരുങ്ങു ന്നവർക്ക് അവരുടെ പിതാക്കന്മാരുടെ ശ്മശാനഅടക്കു പോലും അർഹത ഇല്ലാത്ത വണ്ണം ഭവിച്ചിരിക്കുന്നു. ഇപ്പോഴത്തെ എല്ലാവിധമുള്ള പുറപ്പാ ടുകളെ ഏവനെങ്കിലും നല്ലവണ്ണം സൂക്ഷിച്ചുനോക്കിയാൽ സുറിയാനി ക്കാരായ നമുക്ക് നമ്മുടെ വിശ്വാസത്തെ പോറ്റുവാനുള്ള സ്വാതന്ത്ര്യം അസ്തമിച്ചിരിക്കുന്നു എന്നു പറയാം. കലഹമില്ലാത്ത പള്ളികളില്ല, തർക്ക മില്ലാത്ത കർമ്മങ്ങളുമില്ല. അയ്യോ ഈ വിധമുള്ള നാശങ്ങളൊക്കെയും നമ്മുടെ സഭയിൽ സംഭവിച്ചിരിക്കുന്നതിനാൽ എത്ര നമ്മൾ പരിതപിക്ക പ്പെടേണ്ടതാകുന്നു. നമ്മെക്കുറിച്ചാകട്ടെ, നമ്മുടെ അധികാരം ശക്തിപ്പെടേ ണ്ടതിനാകട്ടെ നിങ്ങൾ പരിതപിക്കപ്പെടുകയോ ദുഃഖിക്കപ്പെടുകയോ ചെയ്യണമെന്ന് നാം പറയുന്നില്ല. ക്ഷീണിക്കപ്പെട്ട നമ്മുടെ സഭയെ മുമ്പൊരിക്കൽ അന്യന്മാർ വേട്ടയാടി കൊണ്ടുപോയതുപോലെ ഈ കാലത്തിലും വേട്ടയാടുവാൻ പുറപ്പെട്ടിരിക്കുന്നതിൽ നിങ്ങൾ അകപ്പെ ടാതെ അവനവനാൽ കഴിയുന്നതിനെ തന്റെ സഭയുടെ രക്ഷയ്ക്കു വേണ്ടി വിചാരിച്ച് പ്രവർത്തിക്കണമെന്നത്രേ നാം അപേക്ഷിക്കുന്നത്. ഇനിയും നമ്മുടെ സഭയുടെ രക്ഷയ്ക്ക് വേണ്ടിയ പ്രവൃത്തികൾക്ക് നമ്മൾ

ഒരുങ്ങാതെ കണ്ണടച്ച് കളയുന്നുവെങ്കിൽ ഈ സഭയുടെ വിശ്വാസത്തിനു വേണ്ടി കഷ്ടപ്പെട്ടു ഞെരുങ്ങിയ വിശുദ്ധ പിതാക്കന്മാരുടെ നെടുവീർപ്പും കണ്ണുനീരും നമുക്കൊക്കെയും ശാപമായിത്തീരുമെന്ന് നാം ഭയപ്പെടേണ്ടിയിരിക്കുന്നു. അതുകൊണ്ട് പ്രിയമുള്ളവരേ, ഇപ്പോഴത്തെ ഈ വലിയ കുഴച്ചിലിൽ വച്ച് ജനങ്ങൾ അശേഷം ഭിന്നിച്ച് ചിതറുന്നതിന് മുമ്പെ ഏതു വിധമെങ്കിലും ഗുണീകരണമുള്ള ഒരു വഴി ഉണ്ടായി നമ്മുടെ സഭയ്ക്ക് ഒരു ആശ്വാസം കിട്ടുമോ എന്ന് ആലോചിപ്പാൻ കർത്താവിനാൽ നാം കടപ്പെട്ടിരിക്കുന്നു എന്നുള്ള നമ്മുടെ വിചാരത്തെ നമ്മുടെ ഇഷ്ടന്മാരോട് ആലോചിച്ചാറെ ഈ നമ്മുടെ വിചാരം എത്രയും ആവശ്യമെന്നും ആയത് കഴിയുന്നേടത്തോളം എളുപ്പത്തിൽ ആയാൽ അത്രയും ഗുണമെന്നും അവർ അഭിപ്രായപ്പെട്ടിരിക്കുന്നതിനാലും വിശേഷാൽ ഇപ്പോൾ ശുദ്ധമുള്ള നമ്മുടെ പിതാവായ പാത്രിയർക്കീസ് ബാവായിൽ നിന്ന് പ്രത്യേകിച്ച് ചില കല്പനകൾ വന്നിരിക്കുന്നതിനെ യോഗസമൂഹേ വായിപ്പാൻ ആവശ്യപ്പെട്ടിരിക്കുന്നതിനാലും ഈ മാസം 27-ന് നിരണത്തിനു സമീപം പരുമലെ ഇപ്പോൾ നാം പണിയിക്കുന്ന സിമ്മനാരി സ്ഥലത്ത് എല്ലാ പള്ളിക്കാരെയും കൂട്ടി ആലോചന കഴിക്കണമെന്ന് ദൈവത്തിൽ നാം ഇച്ഛിക്കുന്നതാക കൊണ്ട് ഒട്ടും ഉപേക്ഷ കൂടാതെ പൊതുഗുണ രക്ഷക്കായിട്ട് നാം നിശ്ചയിച്ചിരിക്കുന്ന ആലോചനാസംഘത്തിന് നിങ്ങൾ യോഗമായി വന്നെത്തുവാൻ നമ്മുടെ ആശാബന്ധമാകുന്ന ഈശോമശിഹാ മൂലം വളരെ വ്യസനത്തോടും കൂടി നാം അപേക്ഷിക്കുന്നു.[125]

(എല്ലാ പള്ളികൾക്കും. കണ്ടനാട് ഗ്രന്ഥവരി, പുറം 188-189).

**101**

## മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്.

നമുക്കുള്ള മക്കളായ കണ്ടനാട് പള്ളിയിലെ വികാരിയും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

ശുദ്ധമുള്ളവനും എത്രയും പെരികെ പെരികെ ബഹുമാനപ്പെട്ടവനും ആയ നമ്മുടെ മാർ കൂറിലോസ് ബാവായുടെ അത്യന്ത ദീനം നിങ്ങൾ അറിഞ്ഞിരിക്കുന്നതല്ലോ ആകുന്നു. ഇന്നേ ദിവസം ഏഴര നാഴിക വെളുപ്പാനുള്ളപ്പോൾ അദ്ദേഹം ഭാഗ്യങ്ങളുടെ സ്ഥലത്തിന് വാങ്ങുകയും ചെയ്തു. അപ്പോൾ മുതൽ അടക്കത്തിനുള്ള ശുശ്രൂഷ തുടങ്ങിയിരിക്കുന്നു. അടക്കം 22-ന് വ്യാഴാഴ്ച എന്ന് നിശ്ചയിച്ചിരിക്ക കൊണ്ട് ആയതിന് ആ പള്ളിവക പൊന്നുംകുരിശും, വെള്ളിക്കുരിശുകളും കൊട,

കൊടി മുതലായതും കൂടി നിങ്ങളും ഒരുങ്ങപ്പെട്ട് കാണ്മാൻ ആഗ്രഹിക്കുന്നു.

എന്ന് 1874-ാമത് ചിങ്ങ മാസം 20-ാം തീയതി ചൊവ്വാഴ്ച മുളന്തുരുത്തി പള്ളിയിൽ നിന്നും.

(എല്ലാ പള്ളികൾക്കും)

**102**

നിങ്ങൾക്ക് വാഴ്വ്. എത്രയും ബഹുമാനപ്പെട്ട നമ്മുടെ മാർ കൂറിലോസ് ബാവാ അവർകൾ കാലം ചെയ്ത വിവരം നിങ്ങളെ തിരിയപ്പെടുത്തുകയും കബറടക്കത്തിന് നിങ്ങൾ വന്നുചേരുകയും കബറടക്കം കഴിഞ്ഞതിന്റെ ശേഷം അടിയന്തിരം കഴിക്കേണ്ടുന്ന കാര്യം എങ്ങനെ വേണ്ടൂ എന്നു നിങ്ങളോടും മറ്റ് കൂടപ്പെട്ട പള്ളിക്കാരോടും നാം ആലോചിച്ചതിൽ ബഹുമാനപ്പെട്ട നമ്മുടെ ബാവായുടെ നാമമഹത്വത്തിനായി 40-ാം ദിവസത്തിൽ വന്ന് കൂടപ്പെടുന്നവർക്കൊക്കെയും തൃപ്തികരമായി ഭക്ഷിപ്പാൻ തക്കവണ്ണം ഘോഷിച്ച് ഒരു അടിയന്തിരം കഴിക്കണമെന്നും ആയത് എല്ലാ പള്ളിക്കാരുടെ ചിലവിൻപേരിലും സഹായത്തിന്മേലും വേണമെന്നും അല്ലാഞ്ഞാൽ പ്രയാസമായിത്തീരുമെന്നും അതിന് പള്ളികളുടെ യഥാശക്തി (പോലെ) വരി ഇട്ട് എഴുതി അയക്കണമെന്നും മറ്റും നിങ്ങളും കൂടി നിശ്ചയിച്ചിരിക്കുന്നപ്രകാരം ഇവിടെ ആലോചിച്ച് വരി ഇട്ടാറെ നിങ്ങൾ പള്ളിക്കാരുടെ പേരിൽ 20 പറ അരിയും സാമാനങ്ങൾക്ക് 15 രുപായും നിശ്ചയിച്ചിരിക്കുന്നു. അതിനാൽ ഈ നിശ്ചയത്തെ നിങ്ങളും കൈക്കൊണ്ട് 40-ാം ദിവസമാകുന്ന കന്നി മാസം 28-ാം തീയതിക്ക് രണ്ടു ദിവസം മുമ്പുകൂട്ടി അരിയും സാമാനങ്ങൾക്കുള്ള രൂപാ (യുമായി) ഇവിടെ എത്തി മുൻകൂട്ടി ഏല്പിക്കേണ്ടതാകയാൽ ആയത് 15 ദിവസം മുമ്പെയും ഇവിടെ എത്തിക്കുന്നതുകൂടാതെ അടിയന്തിരദിവസം നിങ്ങൾ എല്ലാവരും വന്ന് ചേരുകയും ഇപ്പോൾ ഈ എഴുത്ത് എത്തിയ വിവരത്തിനും അരിയും രൂപായും അവധിപ്രകാരം അയക്കുന്ന വിവരത്തിനും മറ്റും മറുപടി കൊടുത്തയച്ചു കൊൾകയും വേണം. നമ്മുടെ കർത്താവീശോമശിഹായുടെ കൃപയും സമാധാനവും നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് 1874-ന് കൊല്ലം 1050-ാമാണ്ട് ചിങ്ങ മാസം 30-ാം തീയതി മുളന്തുരുത്തി പള്ളിയിൽ നിന്നും" (225-226).

**103**

മാർ ദീവന്നാസ്യോസ് കൊച്ചി ദിവാന് നൽകിയ ഹർജി. "എഴുതി

ബോധിപ്പിക്കുന്നത്, നമ്മുടെ കാരണവനായ മാർ കൂറിലോസ് യൂയാക്കീം മെത്രാപ്പോലീത്താ അവർകൾക്ക് ദീനം പരവശമായി ഇക്കഴിഞ്ഞ ചിങ്ങ മാസം 20-ന് കാലം ചെയ്യുകയും 22-ന് ശവം അടക്കുകയും ചെയ്തു. അദ്ദേഹത്തിനുള്ള മുതൽകാര്യങ്ങൾ, ചമയക്കോപ്പുകൾ, പൂജാപാത്ര ങ്ങളും പൊതുവിൽ ചേരപ്പെടേണ്ടതും അങ്ങനെയുള്ളതൊക്കെയും പരി ശോധിച്ച് തിട്ടം വരുത്തേണ്ടതിന് മുളന്തുരുത്തിയിൽ ഇരിപ്പുള്ള പെട്ടിയും മുളന്തുരുത്തിൽ ചാലിൽ കുഞ്ഞിച്ചെറിയയുടെ പക്കൽ ഉള്ള 2000-ൽ ചില്വാനം ഉറുപ്പികയും ഇതുകൂടാതെ അദ്ദേഹത്തിന്റെ ദീനത്തിന്റെ കൂടു തലിൽ പോരുമ്പോൾ അനുജനായ മക്കുദിശാ ഗബ്രിയേൽ എന്ന ആൾ കെട്ടിയിരിക്കുന്ന തിരുവല്ലായിൽ ചാലക്കുഴിയിൽ വച്ച് അപ്പോത്തിക്കിരി കളെ വരുത്തി ഒന്നിച്ച് പരിശോധിക്കാം എന്നും മറ്റും പറഞ്ഞതിനെ പ്രമാ ണിച്ച് അനുജൻ മക്കുദിശായെ മുളന്തുരുത്തി പള്ളിയിൽ അദ്ദേഹം കിടന്ന് മരിച്ച മുറിയിൽ തന്നെ താമസിപ്പിച്ച് നാം താങ്കളെ കാണുന്നതിന് വേണ്ടി 23-ാം തീയതി കൊച്ചിയ്ക്ക് പോന്ന സമയത്തിൽ മേല്പടി മക്കുദിശാ എന്ന ആൾ ചിലരുടെ ദുരാലോചന മേൽ ഇതൊന്നിച്ച് പട്ടികയിൽ പറ യുന്ന സാമാനങ്ങളും ചാലിയുടെ പക്കൽ സൂക്ഷിപ്പിന് വച്ചിരിക്കുന്ന രൂപാ 2000-ത്തിൽ ചില്വാനവും കരസ്ഥമാക്കി ആ രാത്രിയിൽ തന്നെ ബ്രിട്ടീഷ് ശീമ കൊച്ചികോട്ടയ്ക്ക് പോകയും ഇപ്പോൾ അവന്റെ കെട്ടിയവളുടെ ഭവനമായ തിരുവല്ലായ്ക്ക് പോയ പ്രകാരവും കേൾക്കുന്നു. അതിനാൽ താങ്കളുടെ ദയവുണ്ടായി മേല്പടി മക്കുദിശാ ഗബ്രിയേൽ എന്നവനെ വരുത്തി അവൻ അപഹരിച്ചുകൊണ്ടുപോയിരിക്കുന്ന വസ്തുക്കൾ തരു വിച്ച് സങ്കടം തീർത്ത് രക്ഷിപ്പാൻ അപേക്ഷിക്കുന്നു.

എന്ന് കൊല്ലം 1050-ാമാണ്ട് കന്നി മാസം ... തീയതി."

(പുറം 237- 238.)

**104**

മലയാളത്തിന്റെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്.

നമ്മുടെ കണ്ടനാട്ട് പള്ളിയിലെ വികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടെക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയമുള്ളവരേ, ഏറിയ നാളായി നമ്മുടെ സഭയിൽ സംഭവിച്ചിരിക്കുന്ന കുഴച്ചിലുകളെപ്പറ്റി അനേക സങ്കടങ്ങളും ആവലാ തികളും നമ്മൾ ബോധിപ്പിച്ചാറെ, ഇതുവരെ ആയിട്ടും അതിന് ഒരു സമാ ധാനം കണ്ട് ആശ്വസിപ്പാൻ ഇടവരാതെ തീർന്നിരിക്കുന്നു. നമ്മുടെ അധിക സങ്കടത്തെ എത്രയും പെരിക ബഹു. നമ്മുടെ വിശുദ്ധ പിതാ

വായ അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് അറിഞ്ഞാറെ, നമ്മുടെ സങ്കടത്തെപറ്റി അവിടുന്ന് കരളലിഞ്ഞ് എത്രയും വ്യസനത്തോടും ദുഃഖത്തോടും കൂടെ യാത്ര പുറപ്പെട്ട് ഇംഗ്ലണ്ടിൽ എത്രയും ബഹുമാനപ്പെട്ടിരിക്കുന്ന മഹാരാജ്ഞി അവർകളുടെ സന്നിധിയിൽ ആവലാതിക്കായി എത്തിയിരിക്കുന്നു. തിരുമനസ് കൊണ്ട് അവിടെ എത്തിയ സമയം എത്രയും പെ. ബ. കാന്റർബറിയിലെ ആർച്ച് ബിഷപ്പ് സായിപ്പ് അവർകളും മറ്റ് അവിടെയുള്ള പ്രഭുക്കന്മാരും  തിരുമേനിയെ ഏറ്റവും ബഹുമാനിക്കുകയും സൽക്കരിക്കുകയും ചെയ്തിരിക്കുന്ന വിവരങ്ങൾ പ്രധാനപ്പെട്ട ഇംഗ്ലണ്ട് വർത്തമാന പത്രങ്ങളിൽ വിവരിച്ച് വന്നിരിക്കുന്നതിനെ നാം കണ്ടതു കൂടാതെ തിരുമനസ്സിലേയും തിരുമനസിലെ കൂടെ വന്നിരിക്കുന്ന ഊർശ്ലേമിലെ മെത്രാപ്പോലീത്തായുടെയും ചിത്രങ്ങൾ അടിച്ചു വന്നിരിക്കുന്നതിനെയും നാം കണ്ടപ്പോൾ എത്രയും സന്തോഷിച്ചു. നമ്മുടെ പിതാവിന് അവിടെയുള്ള താമസം എത്ര എന്നും നമ്മുടെ സങ്കടങ്ങൾ പിന്നാലെ അയക്കാമെന്നും ഉള്ള വിവരത്തിന് മിന്നൽ കമ്പി വഴി പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് നാം വർത്തമാനം അയച്ചാറെ നിങ്ങളുടെ സങ്കടനിവൃത്തിക്കായി നാം എത്തിയിരിക്കുന്നതാക കൊണ്ട് ഉടനെ നിങ്ങളുടെ സങ്കടങ്ങൾ അയച്ചുകൊള്ളണമെന്നും മിന്നൽ കമ്പി വഴിയായി ഈ മാസം 13-ന് രാത്രി 8 മണിക്ക് തിരുമനസിലെ മറുപടി വരികയും ആ വകയ്ക്ക് വേണ്ടുന്നത് അയപ്പാൻ തക്കവണ്ണം ശട്ടം കെട്ടി വരുന്നമദ്ധ്യേ രണ്ടാമതും തിരുമനസ്സുകൊണ്ട് ഈ മാസം 15-ന് 12 മണിക്ക് ലണ്ടനിൽ നിന്നും അയച്ചതായ മിന്നൽകമ്പി വർത്തമാനം വന്നിരിക്കുന്നതിൽ പള്ളിക്കാരിൽ നിന്ന് പിരിച്ച് 500 പവൻ[141] ചിലവ് വകയ്ക്കായി ഉടനെ എത്തിച്ചുകൊടുക്കണമെന്നും എഴുതിയിരിക്കുന്നു. ഈ കല്പന 16-ന് പാമ്പാക്കുട വച്ച് നമുക്ക് കിട്ടിയാറെ ഇക്കാര്യത്തിൽ നാം എത്രയും വ്യസനിച്ചുംകൊണ്ട് കൂടപ്പെട്ടിരുന്ന പള്ളിക്കാരോട് നാം ആലോചിച്ചതിൽ ഈ വിവരം എത്രയും വേഗത്തിൽ പള്ളിക്കാരെ തിരിയപ്പെടുത്തി വന്നിരിക്കുന്ന കല്പനയുടെ താല്പര്യപ്രകാരം പണം പിരിച്ച് അയക്കണമെന്നും അല്ലാഞ്ഞാൽ നമ്മുടെ പിതാവിന് അന്യസ്ഥലത്ത് വച്ച് വലിയ വ്യസനത്തിന് ഇടവരുമെന്നും ആലോചന പറഞ്ഞിരിക്കുന്നതിനെ സന്തോഷത്തോടെ നാം കൈക്കൊണ്ട് ഈ അഭിപ്രായത്തെ പള്ളിക്കാർ എല്ലാവരും തൃപ്തിയോടെ കൈക്കൊള്ളുമെന്നുള്ള വിശ്വാസത്താൽ ഈ സാധനത്തെ  അയക്കുന്നതാകുന്നു.

പ്രിയമുള്ള മക്കളേ, ഏറിയ കാലമായി നമ്മൾ ഇവിടെ നിന്നും സിംഹാസനത്തിലേക്ക് അയപ്പാനുള്ള അവകാശമായ റിശീസാ ഇതുവരെയും അയപ്പാൻ ഇടവന്നിട്ടില്ലാത്തതിനെ പ്രത്യേകം നിങ്ങൾ ഓർക്കണം. നല്ല

ഇടയൻ തന്റെ ആടുകൾക്ക് വേണ്ടി പ്രാണനെ വക്കുമെന്ന് കല്പിച്ചിരിക്കുന്നപ്രകാരം ഈ വാർദ്ധക്യകാലത്ത് അനേകം ചിലവർപ്പോടും അദ്ധ്വാനത്തോടും കൂടെ നമ്മുടെ പിതാവ് ലണ്ടൻ നഗരിയിൽ എത്തിയിരിക്കുന്നതാകകൊണ്ട് ഇപ്പോൾ തിരുമനസ്സിലേക്ക് വേണ്ടുന്ന ചിലവുകൾ ഒക്കെയും നാം തന്നെ സഹിക്കേണ്ടത് ന്യായമാകുന്നു. 500 പവൻ അയക്കണമെന്ന് എഴുതിയിരിക്കുന്ന തുക നമ്മുടെ സ്ഥിതിക്ക് ഒരു വലിയ സംഖ്യ എന്നിരുന്നാലും തിരുമനസിലെ സ്ഥിതിക്ക് ഇംഗ്ലണ്ടിലെ താമസത്തിനും ഇത് എത്രയും ചുരുങ്ങിയ തുക ആകുന്നു എന്നുള്ളതിനെയും നിങ്ങൾ വിചാരിപ്പിൻ.

വിശേഷിച്ച് പ്രിയമുള്ളവരേ, തിരുമനസ് കൊണ്ട് സിംഹാസനം പ്രാപിച്ചതിന്റെ ശേഷം തിരുമനസ്സിലെ അനേക ചിലവർപ്പിനും അധ്വാനത്തിനും ഇടയായതല്ലാതെ ഇന്നാൾ വരെയും ഒരു ആശ്വാസത്തിനും സുഖത്തിനും തനിക്ക് ഇടയായിട്ടില്ലാത്തതിനെയും നമ്മൾ ഓർക്കേണ്ടതാകുന്നു. എന്നാൽ തിരുമനസ്സുകൊണ്ട് സിംഹാസനം പ്രാപിച്ചശേഷം സിംഹാസനത്തിന്റെ ദയറാ ഏറിയ ചിലവർപ്പോടു കൂടെ പൊളിച്ച് പണിയിപ്പിക്കുകയും പിന്നീട് ശീമയിലുള്ള നമ്മുടെ സഭയുടെ കുഴച്ചിലിനെ തീർപ്പാനായിട്ട് ഒരു കൊല്ലം വരെയും കുസ്തന്തീനോസ്പോലീസ് തുർക്കി രാജപട്ടണത്തിൽ ചെന്ന് അക്കാര്യങ്ങൾ ഒക്കെയും തിരുമനസിലെ ആഗ്രഹപ്രകാരം നിറവേറ്റുന്നതു വരെയും അവിടെ പാർക്കയും പിന്നീട് അവിടെ നിന്നും സിംഹാസനത്തിങ്കലേക്ക് തിരിച്ച് പോകാതെ തന്റെ ഭക്തിവൈരാഗ്യം മൂലം നമുക്ക് വേണ്ടി ഇപ്പോൾ ഇംഗ്ലണ്ട് രാജധാനിയിലും എത്തിയിരിക്കുന്നു.

അതിനാൽ പ്രിയമുള്ളവരെ, നമ്മുടെ പിതാവിന്മേലും സഭമേലും ഉള്ള നിങ്ങളുടെ ഭക്തിയും സ്നേഹവും ഇക്കാര്യത്തിൽ ഉചിതമായി വിചാരിച്ച് പള്ളിയുടെ ശക്തിപോലെ പള്ളിയിൽ നിന്നും അവനവനാൽ കഴിയുന്നത് പോലെ ജനങ്ങളിൽ നിന്നും എടുത്ത് ഈ കല്പനയും കൊണ്ടുവരുന്ന ആൾവശം എത്രയും വേഗത്തിൽ കൊടുത്തയയ്ക്കുകയും ചെയ്യണമെന്ന് നമ്മുടെ പിതാവ് മൂലം നിങ്ങളിൽ ഓരോരുത്തരോടും നാം അപേക്ഷിക്കുന്നു. മുമ്പേ പല കാര്യങ്ങളിലും നിങ്ങൾ സഹായിച്ചതിനേക്കാൾ ഇക്കാര്യം എത്രയും വലിയതും പ്രവർത്തിപ്പാൻ കടപ്പെട്ടതും എന്ന് ഓർപ്പിൻ. അതാത് ഇടവകയിൽ നിന്നും തരുന്നതിന്റെ വിവരം കണക്ക് പാത്രിയർക്കീസ് ബാവായ്ക്ക് അയപ്പാൻ ആവശ്യപ്പെട്ടിരിക്കുന്നതാകകൊണ്ട് ഓരോ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പിരിയുന്നതിന്റെ വിവരം കണക്ക് എഴുതി ഒപ്പിട്ട് കൊടുത്തയ്ക്കയും വേണം.

പാത്രിയർക്കീസ് ബാവാ തിരുമനസ് കൊണ്ട് അയച്ചിരിക്കുന്ന മിന്നൽ

കമ്പി വർത്തമാനം രണ്ടും അച്ചടിച്ച് ഇതോടൊന്നിച്ച് അയയ്ക്കുന്നു. നമ്മുടെ കർത്താവീശോ മശിഹായുടെ കൃപയും സമാധാനവും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടേ

എന്ന് 1874-ന് കൊല്ലം 1050-ാമാണ്ട് തുലാമാസം 23-ന് കൊച്ചി പള്ളിയിൽ നിന്നും" (പുറം 241-243).

**105**

നിങ്ങൾക്ക് വാഴ്വ്. നമ്മുടെ വിശുദ്ധ പിതാവാകുന്ന അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്തിയോസ് എന്ന പാത്രിയർക്കീസ് ബാവാ തിരുമനസ്സു കൊണ്ട് മലയാളത്തിലുള്ള അവിടത്തെ മക്കളായ നമ്മൾ എല്ലാവരെയും നമുക്കുള്ള പള്ളികളെയും ദർശിക്കുന്നതിനു വേണ്ടി ലണ്ടനിൽ നിന്ന് യാത്ര പുറപ്പെട്ട് ഇന്നലെ പകൽ 11 മണിക്ക് ബോംബെയിൽ എത്തിയിരിക്കുന്നപ്രകാരവും ഇങ്ങോട്ടുള്ള എഴുന്നള്ളത്ത് നാം ബോംബെയിൽ എത്തിയതിന് മേൽ എന്ന് നിശ്ചയിച്ച് ഉടനടി ബോംബെയിൽ നാം എത്തണമെന്നും നമുക്ക് കമ്പി വന്നിരിക്കുന്നതിനാൽ ഇതാ നാം ബോംബെയ്ക്ക് യാത്ര പുറപ്പെട്ടിരിക്കുന്നു. അവിടെ നാം എത്തിയ ഉടനെ കൊച്ചിയ്ക്ക് ഇന്നപ്പോൾ എത്തണമെന്നുള്ള വിവരം നിങ്ങൾ പള്ളിക്കാരെ അറിയിപ്പാൻ തക്കവണ്ണം നാം ബോംബെയിൽ നിന്ന് കമ്പി അയക്കുമെങ്കിലും ആ കമ്പി വർത്തമാനം വന്ന് രണ്ടാമത് നിങ്ങളെ തിരിയപ്പെടുത്തി എതിരേൽപിന് വേണ്ടി കൊച്ചിക്ക് നിങ്ങൾ ഒരുങ്ങപ്പെടുമ്പോഴേക്ക് എഴുന്നള്ളത്ത് കൊച്ചിയിൽ എത്തി എതിരേല്പിന് സംഗതി വരാതെ പോകുമോ എന്ന് സംശയിക്കുന്നു. കൊച്ചിയിൽ അന്യമതക്കാർ അധികപ്പെട്ടിരിക്കുന്ന മുറയ്ക്ക് നമ്മുടെ വിശുദ്ധ പിതാവ് കപ്പലിൽ നിന്ന് എറങ്ങുന്ന സമയം തക്ക എതിരേൽപില്ലാതെ പോകുന്നത് നമ്മുടെ ജാതിയോടു കൂടെ വലിയ അപമാനമെന്ന് നിങ്ങൾക്ക് അറിയാമല്ലോ. അതിനാൽ പ്രിയമുള്ളവരേ, ഇന്നു മുതൽ പത്തു ദിവസത്തിന് നിങ്ങൾക്കുള്ള പള്ളിയുടെ സകല പൊന്ന്, വെള്ളി, വ്യഞ്ജനാദി കോപ്പുകളോടു കൂടെ നമ്മുടെ വിശുദ്ധ പിതാവിന്റെ എതിരേൽപിനായി കൊച്ചിയിൽ നിങ്ങൾ വന്ന് ചേരണം. എന്തെന്നാൽ ഇവിടെനിന്ന് ബോംബെയ്ക്ക് നാം എത്തി യാത്ര പുറപ്പെട്ട് കൊച്ചിയിൽ എത്തുന്നതിന് പത്തു ദിവസത്തിൽ അധികം വേണ്ടി വരുന്നതല്ലായ്ക കൊണ്ടത്രേ ഇന്ന് മുതൽ പത്താം ദിവസത്തിന് നിങ്ങൾ ഒരുങ്ങപ്പെട്ട് വരണമെന്ന് എഴുതിയിരിക്കുന്നത്. നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും സമാധാനവും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1875 ഇടവം 11-ന്, കൊച്ചി പള്ളിയിൽ നിന്നും (പുറം 253-254).

(വടക്കുള്ള പള്ളികൾക്ക്)

**106**

കൊച്ചിയിൽ സെന്റ് തോമസ് അച്ചുകൂടത്തിൽ താമസിക്കും സമൂഹക്കാർക്ക് യൗസേപ്പ് മെത്രാപ്പോലീത്താ ഊട്ടക്കമണ്ടിൽ നിന്നും. പാത്രിയർക്കീസ് നാളെ ഇവിടെനിന്നും കുന്നംകുളങ്ങരയ്ക്ക് യാത്ര പുറപ്പെടും. അതിനാൽ നിങ്ങൾ ഉടനെ കുന്നംകുളങ്ങരയ്ക്ക് എത്തിക്കൊള്ളണം. എന്ന് 1875 ഇടവം 26-ാം തീയതി"

(ടെലഗ്രാം. *കണ്ടനാട് ഗ്രന്ഥവരി*, പുറം 255).

**107**

നിങ്ങൾക്ക് വാഴ്വ്. അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസും ശുദ്ധമുള്ള നമ്മുടെ പിതാവും ആകുന്ന മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സു കൊണ്ട് മലയാളത്തേക്കുള്ള എഴുന്നള്ളത്തിനെപ്പറ്റി ഈ മാസം 11-ന് അയച്ചിരിക്കുന്ന സാധനം എത്തി വിവരങ്ങൾ അറിഞ്ഞിരിക്കുമല്ലോ. മദ്രാസ് ഗവർണർ നീലഗിരിയിൽ ആയിരുന്നതുകൊണ്ട് തിരുമേനി അവിടെ എത്തി വേണ്ടുന്ന കല്പനകൾ ഒക്കെയും സമ്പാദിച്ച് ഗവൺമെന്റ് ചിലവിന്മേൽ തന്നെ ഈ മാസം 29-ാം തീയതി വ്യാഴാഴ്ച കുന്നംകുളങ്ങര പള്ളിയിൽ എത്തിയിരിക്കുന്നു. തിരുവനന്തപുരത്തു തിരുമുമ്പിൽ എത്തി അഭീഷ്ടം സാധിച്ച്[142] സിംഹാസനത്തിലേക്ക് കൂടുന്ന വേഗം എഴുന്നള്ളേണ്ടതാകയാൽ മിഥുന മാസം 5-ാം തീയതി കൊച്ചിക്ക് നീങ്ങണമെന്നും അപ്പോൾ നിങ്ങൾ എല്ലാവരും കൊച്ചിയിൽ എത്തണമെന്നും കല്പിച്ചിരിക്കുന്നു. എതിരേല്പിന് വേണ്ടുന്ന പൊൻ വെള്ളി മുതലായ കോപ്പുകളോടു കൂടി നിങ്ങൾ എത്തിക്കൊൾകയും വേണം.

എന്ന് 1875-ന് കൊല്ലം 1050-ാമത് ഇടവം 30-ാം തീയതി കുന്നംകുളങ്ങര പള്ളിയിൽ നിന്നും.

(എല്ലാ പള്ളികൾക്കും. *കണ്ടനാട് ഗ്രന്ഥവരി*, പുറം 256).

**108**

നിങ്ങൾക്ക് വാഴ്വ്. നമ്മുടെ വിശുദ്ധ പിതാവായ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഇവിടെ എത്തിയിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ. എന്നാൽ ഇവിടെ അധികതാമസം കൂടാതെ

നാലാറ് ദിവസത്തിനകം തിരുവനന്തപുരത്തേക്ക് എഴുന്നള്ളുന്നതിന് തിരുമനസ്സുകൊണ്ട് ഒരുക്കപ്പെട്ടിരിക്കുന്നതിനാൽ ആ വകയ്ക്ക് വേണ്ടി ആ പള്ളിക്കാര്യത്തിൽ നിന്ന് 100 ഉറുപ്പിക ഈ എഴുത്തുംകൊണ്ടു വരുന്ന ആൾവശം അടിയന്തിരത്തിൽ കൊടുത്തയക്കയും വേണം. നാളെ, മറ്റെന്നാൾ എന്നുള്ള വർത്തമാനം ഈ കാര്യത്തിൽ പെരുമാറുവാൻ പാടില്ലെന്ന് നിങ്ങൾക്ക് തന്നെ അറിയാമല്ലൊ. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കുകയും ചെയ്യാം.

നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളോടു കൂടെ.

എന്ന് 1875 മിഥുനം 12-ാം തീയതി കൊച്ചിയിൽ നിന്ന്.

(എല്ലാ പള്ളികൾക്കും. *കണ്ടനാട് ഗ്രന്ഥവരി*, പുറം 260).

**109**

വെട്ടിയ്ക്കൽ ദയറായിൽ സമ്മേളിച്ച ആറു മെത്രാന്മാർക്ക്. "വിശുദ്ധ പിതാവ് ഇടവം 16-ാം തീയതി തിങ്കളാഴ്ച അലക്സാന്ത്രിയായിലേക്ക് ഡീമ്മൻ എന്ന ആവിക്കപ്പൽ വഴി എഴുന്നള്ളി എന്നും കൂടെ ഉണ്ടായിരുന്ന ഇട്ടി മാത്തുവിന്റെ ദീനം നിമിത്തം അവിടേയും എനിക്ക് നല്ല സുഖം ഇല്ലാഞ്ഞതിനാൽ കുന്നംകുളങ്ങരയും അല്പ താമസത്തിന് ഇട വന്നുവെന്നും നിങ്ങൾ സഹോദരന്മാരെ കണ്ട് സന്തോഷിപ്പാൻ പ്രത്യേകം ആവശ്യമാകയാൽ എനിക്ക് നല്ല സുഖം വന്നില്ലെന്ന് വരികിലും നാലു ദിവസത്തിനകം ഞാൻ അവിടെ വരുന്നതാകയാൽ ഞാൻ വരുന്നതു വരെ നിങ്ങളിൽ ആരും അവിടെനിന്നു പിരിയരുതെന്ന് ആഗ്രഹം. ശേഷം കാഴ്ചയ്ക്കെന്ന് ശരണപ്പെട്ട് ചുരുക്കുന്നു.

1877 ഇടവം 17. കൊച്ചിയിൽ നിന്നും.[143]

(*കണ്ടനാട് ഗ്രന്ഥവരി,* പുറം 400)

**110**

യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കമ്മറ്റിയുടെ പ്രസിഡണ്ട് ആയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും.

നമ്മുടെ കൊച്ചിയിൽ പള്ളിക്കാർക്ക് വാഴ്വ്. നമ്മുടെ സഭയുടെ ഇപ്പോഴത്തെ സ്ഥിതികളെയും നടത്തകളെയുംപറ്റി ഭക്തി ഉള്ളവർ ആലോചിച്ചാൽ എല്ലാംകൊണ്ടും നന്നാ പരിതപിക്കേണ്ടിയ ക്രമത്തിൽ ആയിത്തീർന്നിരിക്കുന്നുവല്ലോ. മാതാപിതാക്കൾക്ക് മക്കളും അവർക്ക് കൂടപ്പിറപ്പുകളും ഇല്ലാതായതു കൂടാതെ അവരിൽ ഐകമത്യവും സ്നേഹവും

മങ്ങിത്തുടങ്ങിയിരിക്കുന്നു. നമ്മുടെ പൂർവപിതാക്കന്മാർ അവരുടെ രക്തത്തെ ചിന്തി നമുക്ക് സ്ഥിരപ്പെടുത്തിത്തന്ന വിശ്വാസത്തിന്റെ അടിസ്ഥാനംകൂടി ഇളക്കുമാറായി. താന്തോന്നിവേദങ്ങൾ ഉളവായിത്തുടങ്ങി. ആ വക ഉണ്ടാക്കുന്നവരുടെ ആന്തരവും ആവശ്യവും അറിയാതെ നമ്മുടെ സാധുജനം അവരുടെ പിന്നാലെ ഓട്ടം തുടങ്ങി. ദേഹംകൊണ്ടും ദ്രവ്യംകൊണ്ടും നമ്മുടെ കൂട്ടുപ്രശ്നക്കാരും സഹായികളുമായി നിന്ന് വരുന്നവരുടെ ബുദ്ധിക്കും മനസ്സിനും ഉന്മേഷം കുറഞ്ഞു വശായി. വ്യവഹാരം ഇല്ലാത്ത പള്ളികളും തർക്കമില്ലാത്ത കർമ്മങ്ങളും കാണ്മാൻ ദുർല്ലഭം. ശ്ലീഹന്മാരാൽ നടപ്പെട്ടതും എത്രയോ പുരാതനമെന്നും സർവ്വസമ്മതമുള്ള നമ്മുടെ സഭയെ അന്വേഷിപ്പാൻ ആരുമില്ലാത്തതുപോലെ ആയി മുടിഞ്ഞുപോകുന്നത് എത്രയോ കഷ്ടം. വിളിക്കുന്നവരുടെ പിന്നാലെ ഒക്കെയും ഓടിപ്പോകുവാൻ നമ്മുടെ ജനം ബദ്ധപ്പെടുന്നു.

നമ്മുടെ സഭയുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് ഭക്തിവൈരാഗ്യമുള്ളവർ ആരെങ്കിലും വിചാരിച്ചാൽ യെരൂശലേമിന്റെ നാശത്തെക്കുറിച്ച് ഏറമിയാ ദീർഘദർശിക്കുണ്ടായ വിലാപം പോലെ വിലപിച്ച് മുറയിടുവാൻ തക്കപ്രകാരവും ആയിത്തീർന്നിരിക്കുന്നു. ഈവിധം ഓർത്താൽ നമ്മുടെ സഭയ്ക്കും വിശ്വാസത്തിനും നേരിട്ടിരിക്കുന്നതിനെയും അതിന്മേൽ വീഴുവാൻ തക്കപോലെ തൂങ്ങിനില്ക്കുന്നതിനെയും ആയ അനർത്ഥങ്ങൾ അല്പം അല്പം ഓരോരുത്തനും തനിച്ചു വരുന്നതല്ല എന്ന് കരുതി ഉദാസീനന്മാരായി ഇരിക്കയോ പുരാതനമായ നമ്മുടെ സഭയെയും വിശ്വാസത്തെയും ഉപേക്ഷിക്കയോ ചെയ്താൽ പകരം ചോദിപ്പാൻ ഇതുവരെ പരിപാലിച്ചുപോന്ന അത്യുന്നതനായ ദൈവം നമ്മുടെമേൽ തൃക്കൺ പാർത്തു നിൽക്കുന്നു എന്ന് ഓർത്ത് പട്ടക്കാരും പ്രമാണികളും ആയുള്ളോരേ ഇതാ ഞാൻ എന്ന് നിലവിളിച്ച് എന്റെ ഒരുമിച്ച് പുറപ്പെടുവിൻ. നമ്മുടെ സഭ വേരൂന്നാൻ തുടങ്ങിയ കാലംമുതൽ അതിനെ നശിപ്പിക്കുവാൻ പുറപ്പെട്ട ശത്രുക്കൾ മുഖാന്തിരം ഭയങ്കരമായ അനേകം പരീക്ഷകളും നാശങ്ങളും നേരിട്ടുവെങ്കിലും ഭക്തിവൈരാഗ്യമുണ്ടായിരുന്ന നമ്മുടെ പിതാക്കന്മാർ അവരുടെ പ്രയത്നത്താൽ നാശത്തിൽനിന്ന് രക്ഷിക്കുകയും ഇന്നെയോളവും നിലനില്ക്കുവാൻ ഇടവരുത്തുകയും ചെയ്തു. അവരുടെ പിന്നടിയിൽ നിങ്ങളും നാമും നടക്കേണ്ടതല്ലയോ.

നമ്മുടെ ജാതി കൊച്ചി - തിരുവിതാംകൂർ സർക്കാരിന്റെ പുരാതന കുടിയാന്മാരെന്നും അനുസരണത്തിലും വണക്കത്തിലും കൂറിലും മികച്ചവരെന്നും അവരെയും അവരുടെ വിശ്വാസത്തെയും വിഴുങ്ങുവാൻ ശത്രുക്കൾ ഒരുമ്പെട്ടിരിക്കുന്നുവെന്നും നമ്മുടെ തമ്പുരാക്കന്മാർ തിരുമനസ്സിലേക്കും മഹിമ ഏറിയ അവരുടെ ഉദ്യോഗസ്ഥന്മാർക്കും മനസ്സിലായ കാലമാണ് ഇത്. മേൽപ്പറഞ്ഞ രക്ഷയ്ക്കുവേണ്ടി അന്വേഷിപ്പാൻ ആവശ്യമാ

യിരിക്കുന്ന ഈ കാലത്തിൽ നാം വീണുപോകുമെന്നും ശങ്കിച്ച് നമ്മുടെ ജനം ഇടയനില്ലാത്ത ആടുപോലെ ചിന്നിച്ചിതറി പോകുമെന്നും നാം ഭയപ്പെടുന്നു. അതിനാൽ പ്രിയമുള്ളവരേ, നമ്മുടെ സഭയുടെ നിലയ്ക്കും നമ്മുടെ പള്ളികളുടെ രക്ഷയ്ക്കും വേണ്ടി പ്രത്യേകമായ ആലോചന നമ്മിൽ കൊള്ളാകുന്ന എല്ലാവരെയും പിറക്കും മാസം 6-ാം തീയതിക്ക് പരുമല സിമ്മനാരിയിൽ കൂടിയാലോചിച്ച് സ്ഥിരപ്പെടുത്തണമെന്ന് നാമും നമ്മുടെ സഹോദരന്മാരായ മെത്രാപ്പോലീത്തന്മാരും കമ്മട്ടിക്കാരും ആലോചിച്ച് നിശ്ചയിച്ചിരിക്കുന്നതാകകൊണ്ട് എത്രതന്നെ ബദ്ധപ്പാടുകൾ ഉണ്ടായിരുന്നാലും ആയത് ഒക്കെയും ഉപേക്ഷിച്ച് അവനവന്റെ സ്വന്തമെന്ന് കരുതി ഉറച്ച് കൊണ്ടാടിപ്പോരുന്ന സഭയെയും വിശ്വാസത്തെയും യഥാസ്ഥാനപ്പെടുത്തണമെന്നുള്ള മോഹത്തോടും ആശയോടുംകൂടി മേൽപ്പറഞ്ഞ തീയതിക്ക് പ്രത്യേകമായി വന്നുചേരണമെന്ന് ആവശ്യപ്പെടുകയും നിർബന്ധിക്കുകയും ചെയ്യുന്നു.

ഞാൻ മരിച്ച് നേടിയ മലയാളസഭ നശിക്കുന്നതിൽ വിചാരമില്ലയോ എന്ന് സ്വപ്നം കണ്ട മെത്രാപ്പോലീത്താ മുഖാന്തിരം ഭക്തിവൈരാഗ്യത്തോടെ പുറപ്പെട്ട ക്നായി തൊമ്മൻ മുതലായി പട്ടക്കാർക്കും ജനങ്ങൾക്കും ഉണ്ടായ എരിവും ഉത്സാഹവും നിങ്ങളിൽ ഉണ്ടായി ആയതുപോലെയുള്ള കാലമായ ഇപ്പോൾ പുറപ്പെട്ടു വരുന്നതൊക്കെയും ആലോചിച്ച് ഉറച്ചുകഴിയുന്ന പ്രയത്നം നമ്മോടുകൂടി ചെയ്യണമെന്ന് ദൈവത്തിന്റെ തിരുമുമ്പാകെ നിങ്ങളിൽ ഓരോരുത്തനോടും നാം അറിയിക്കുന്നു. പൊതുവിന്നടുത്ത കാര്യങ്ങളിൽ നമ്മെ ഭരമേല്പിച്ചിട്ടുള്ളതും വിധിയുടെ ദിവസത്തിൽ ഞാൻ ഉത്തരിക്കേണ്ടതും ആകയാൽ അതിന്റെ ഓഹരിക്കാരായ നിങ്ങളെ വിളിക്കേണ്ടതിന് എനിക്കും വരേണ്ടതിന് നിങ്ങൾക്കും കടമയുള്ളതാണെന്ന് ഓർത്ത് വന്നുചേരുകയും വേണം.

നമ്മുടെ കർത്താവീശോമശിഹായുടെ കൃപയും സമാധാനവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ എന്ന് 1878-ന് കൊല്ലം 1053 മകരം .....

(എല്ലാ പള്ളികൾക്കും. *കണ്ടനാട് ഗ്രന്ഥവരി*, പുറം 418-420)

**111**

പിതാവിൽ നിന്ന് കുറെ ദിവസത്തിന്നിടയിൽ യാതൊരു എഴുത്തും വരാതെ ഞങ്ങൾ കാത്തുകൊണ്ടിരിക്കുമ്പോൾ ഗബ്രിയേൽ കൊണ്ടുവന്ന കല്പന കണ്ട് എത്രയും ഞങ്ങൾ തെളിഞ്ഞു. ഇവിടെ പിതാവ് എഴുന്നള്ളിയപ്പോൾ ഉള്ളതിനേക്കാൾ ഒക്കെയും പള്ളികളിൽ അധിക കലഹമായിരിക്കുന്നു. ആയത് ബലയാറ് മുഖാന്തിരത്താലും[144] ആ വിഭാഗക്കാർ

മുഖാന്തിരത്താലും തന്നേ. കൊച്ചു ബലയാർ ഈ ഇടയിൽ അങ്കമാലി പള്ളിയിൽ ഒന്ന് രണ്ട് ശെമ്മാശന്മാരെ കത്തനാർ എന്ന് പേർ വിളിച്ച് അയച്ചിരിക്കുന്നതിനാൽ അവിടെ കലഹം തന്നെ. ഞങ്ങൾ സിവിൽ വ്യവഹാരം ചെയ്യുന്നതിന് ഉറച്ചിരിക്കുന്നു. ആയതിന് കുറയാതെ 2000-ത്തിൽ അധികം രൂപാ സർക്കാർ ഫീസ് വേണ്ടി വരും. രണ്ടോ മൂന്നോ വർഷമെങ്കിലും വേണ്ടി വരും. കൊച്ചു ബലയാർ മുഖാന്തിരം മദ്രാസിൽ നിന്ന് നല്ല വക്കീലിനെ വരുത്തുമെന്ന് കേൾക്കുന്നു. അതിന്മണ്ണമായിരുന്നാൽ ഈ ഭാഗത്തേക്കും വേണ്ടി വരും. ആയതിന് ചുരുക്കത്തിൽ 5000 രൂപാ വേണ്ടി വരും. എല്ലാവിധത്തിലും 10000-ൽ അധികം രൂപാ ചിലവ് വേണ്ടി വരുമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. അന്യായത്തിന് തെളിവ് കൊടുക്കാൻ വേണ്ടി കല്ലുങ്കത്ര വച്ച് വലിയ ബലയാർ പള്ളിക്കാരും കൂടി മലയാള ഭാഷയിൽ എഴുതിവച്ചിട്ടുള്ള ഉടമ്പടി തിരുമുമ്പാകെ ഉള്ളതും ബലയാറും കൂറിലോസ് ബാവായും കൂടി ഒന്നിച്ച് ബലയാർ മനസ്താപപ്പെട്ടിരിക്കുന്നു എന്ന് സിംഹാസനത്തിങ്കലേക്ക് എഴുതി അയച്ചിട്ടുള്ളതും കുറെ മുമ്പെ കെനദാറിന്റെ (?) പറ്റിൽ തിരുമുമ്പാകെ എഴുതി അയച്ചിട്ടുള്ള എഴുത്തും ഉടനെ തിരുമനസ്സുകൊണ്ട് അയക്കണം. കല്പനപ്രകാരം ഗബ്രിയേൽ[145] മേൽ ഞങ്ങൾ പെരുത്ത് മനസ്താപപ്പെട്ട് ഞങ്ങൾ താല്പര്യപ്പെട്ട് വരുന്നു. റീശീസാ ഉടനെ പിരിച്ച് എത്തിച്ചുകൊള്ളാം. ഇതുവരെ പിരിച്ച് അയക്കാഞ്ഞത് ഞങ്ങളുടെ താല്പര്യക്കുറവ് കൊണ്ടല്ല. ഇവിടെയുള്ള ജനങ്ങളുടെ സ്വഭാവവും മറ്റും തിരുമനസു കൊണ്ട് അറിഞ്ഞിരിക്കുന്നതും അതുതന്നെയുമല്ല പോയ ആണ്ട് ഈ രാജ്യത്തുണ്ടായ മഴയുടെ കുറവു കൊണ്ടും കൃഷികൾ അശേഷവും ദഹിച്ചുപോയിരിക്കുന്നതിനാൽ ക്ഷാമം വളരെ ആയിത്തീർന്നിരിക്കുന്നു. ഇപ്പോഴും ക്ഷാമത്തിന് ഏറെ കുറവായിട്ടില്ല. ഇതുകൾ കൊണ്ടുമത്രേ റീശീസാ പിരിച്ചയക്കുന്നതിന് ഇട ആകാഞ്ഞത്. ഇനി ഉടനെ പിരിച്ച് കല്പനപ്രകാരം ഊർശ്ലേമിൽ എത്തിക്കയും ചെയ്യാം. ഇതിൽ ഞങ്ങൾ ബോധിപ്പിച്ചിരിക്കുന്ന എഴുത്തുകളും അതോടൊന്നിച്ച് മനോഗുണമുള്ള വാഴ്വിന്റെ കല്പനയും അയപ്പാനായി ഞങ്ങൾ എല്ലാവരും എത്രയും താഴ്മയോടെ അപേക്ഷിക്കുന്നു.

എന്ന് 1879 കുംഭ മാസം ... തീയതി"

(മാർ ദീവന്നാസ്യോസ് ഉൾപ്പെടെ ഏഴു മെത്രാന്മാരും ചേർന്ന് പാത്രിയർക്കീസിന് എഴുതിയ കത്ത്. *കണ്ടനാട് ഗ്രന്ഥവരി*, പുറം 438-439).

## 112

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്

**മെത്രാപ്പോലീത്തായിൽ നിന്നും**

നമ്മുടെ ശ്രായിൽ വലിയപള്ളിയിലെ വികാരിയും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

നമ്മുടെ ഈരാളി മാത്തു കത്തനാര് നവീകരണ തലവന്റെ അനുവാദപ്രകാരം പള്ളിപ്രതിഷ്ഠ കഴിപ്പിക്കുവാൻ പോകുന്ന കാര്യത്തെക്കുറിച്ചും അയാളെ നാം മുടക്കിയ വിവരത്തിനും ഇതിന് മുമ്പേ നിങ്ങൾക്ക് നാം കൽപന അയച്ചിട്ടുണ്ടല്ലോ. ആകയാൽ പ്രിയമുള്ളവരേ, ടി കത്തനാർ പള്ളി വയ്ക്കാൻ വേണ്ടി ഒരുക്കപ്പെട്ട സ്ഥലത്ത് നാം എത്തി പള്ളി പ്രതിഷ്ഠ കഴിച്ചുകൊടുപ്പാനായി വളരെ താൽപര്യത്തോടെ നമ്മോട് അപേക്ഷിച്ചിരിക്കുന്നു. എങ്കിലും ഈ കാര്യത്തെക്കുറിച്ച് ശേഷം സഹോദരന്മാരായ മെത്രാച്ചന്മാരോടും മറ്റും ആലോചിച്ച് നടത്തികൊടുക്കേണ്ട സംഗതി ആയി കാണപ്പെട്ടതിനാൽ തൽക്കാലം അയാളുടെ അപേക്ഷയെ നിറവേറ്റിക്കൊടുപ്പാൻ പാടില്ലാതെ തീർന്നതിൽ നാം വ്യസനിക്കുന്നു.

ടി കത്തനാരുടെയും ഭവനക്കാരുടെയും ആത്മീയ ദിഷ്ടതികൾ നടത്തിപ്പാനായി ഒരുക്കപ്പെട്ട സ്ഥലത്ത് പള്ളിപ്രതിഷ്ഠ കഴിച്ചുകൊടുപ്പാൻ തൽക്കാലം ഏനമില്ലാതെ തീർന്നുവെന്ന് അവർക്ക് തനിച്ചോ കുടുംബത്തിനോ ഉണ്ടായിവരുന്ന ആത്മീയ ദിഷ്ടതികൾ നടത്തിപ്പാൻ ഒരു സ്ഥലം ഇല്ലാഞ്ഞാൽ വലിയ പ്രയാസത്തിനും വ്യസനത്തിനും സംഗതിയായിത്തീരുമെന്ന് കാണുന്നു. അതിനാൽ പ്രിയമുള്ളവരേ, മാത്തു കത്തനാരുടെ അപേക്ഷയെ കൈക്കൊണ്ട് പള്ളിപ്രതിഷ്ഠ നടത്തിക്കൊടുക്കണമെന്ന് അഭിപ്രായമായി. പള്ളിപ്രതിഷ്ഠ നടത്തി കൊടുക്കുന്നതുവരെ കത്തനാർക്കോ കുടുംബങ്ങൾക്കോ ഉണ്ടാവുന്ന ആത്മീയ ദിഷ്ടതികൾ ഒക്കെയും ...

(അപൂർണ്ണം - എഡിറ്റർ)

**113**

(1890) 1065-ാമാണ്ട് കർക്കിടകമാസം ....... കോട്ടയം സുറിയാനി സിമ്മനാരിയിൽ ഇരിക്കും മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും പള്ളത്ത് എടത്തുംപടിക്കൽ തൊമ്മൻ കുര്യന് എഴുതിക്കൊടുത്ത പാട്ടച്ചീട്ട്.

നമ്മുടെ സിമ്മനാരിയിൽനിന്നും നേർപണയം എഴുതിവാങ്ങി അനുഭവിച്ച് കരം തീർത്തു വരുന്ന കോട്ടയം താലൂക്കിൽ ..... പ്രവൃത്തിയിൽ

കിളിരൂര് തെക്കു ഏറെ പാടത്ത് നട്ടു കാരിയിൽ കിഴക്കേക്കര പതിനാല് നിലത്തിന് ...... മുപ്പത് നിലത്തിനും ...... പള്ളത്ത് കൊട്ടാരംവക .... നിലത്തിനും ... മുപ്പത് നിലത്തിനും ....... ഇരുനൂറ് നിലത്തിനും തെക്ക് ... പണ്ടാരംവക പാട്ടം പടിഞ്ഞാറെ എഴുപത്തിനാലാകുന്ന പുഞ്ചനിലം 91 – 1066–ാമാണ്ട് വാഴ്ചയ്ക്ക് വരവ് ഒന്നിന് 3 കണക്ക് പാട്ടത്തിന് തൊമ്മൻ കുര്യനെ ഏൽപിച്ച് പാട്ടച്ചീട്ട് വായിപ്പിച്ച് 5 നിലത്തെ കണക്ക് വായിപ്പാൻ ആയി സിമ്മനാരിവക ചെലവിന് രൊക്കം വാങ്ങിച്ച് ബ്രിട്ടീഷ് രൂപാ ഇരുനൂറ്റിഅമ്പതും നിങ്ങളിൽ നൂറ്റുക്ക് ഒരു രൂപാ വീതം ഉള്ള പലിശ മുതലോടു കൂട്ടി നിലം വിളവെടുക്കുന്നതായ അടുത്തത് .... വക തൊമ്മൻ കുര്യൻ തന്ന് തീർത്തും പാട്ടം സമ്മതിച്ചിട്ടുള്ള നെല്ല് എണ്ണൂറ്റിഒന്ന് പറയും സിമ്മനാരിയിൽ കൊണ്ടുവന്ന് അളവ് തരുമ്പോൾ എനിക്ക് പാട്ടച്ചീട്ടിരുന്ന ...... പാട്ടചീട്ട് വാങ്ങി നിലവും ഒഴിപ്പിച്ചുകൊള്ളുന്നതിന് നിശ്ചയിച്ച് ഈ പാട്ടചീട്ട് എഴുതികൊടുത്തു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. തൊമ്മൻ കുര്യനും ഇതിന് സാക്ഷി.

(മെത്രാപ്പോലീത്താ, ഒപ്പ്)

**114**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ വാകത്താനത്ത് കിഴക്കേവീട്ടിൽ തൊമ്മന് വാഴ്വ്.

നമ്മുടെ തിരുവനന്തപുരത്തെ പള്ളിപ്പണി വകയ്ക്കായി നമുക്കുള്ള കൊള്ളാവുന്നവരിൽനിന്നും ഈരണ്ട് രൂപ ധർമ്മശേഖരം പിരിച്ച് പണി പൂർത്തിപ്പെടുത്തണമെന്നതായ നിശ്ചയപ്രകാരം നിനക്ക് കൽപന അയച്ചാറെ നീ എന്തോ ചില തർക്കങ്ങൾ പറഞ്ഞ് പണം കൊടുക്കാതെ കൽപന തിരികെ അയച്ചപ്രകാരം കേട്ടതിൽ വ്യസനം തോന്നി രണ്ടാമതും ഈ കൽപന അയയ്ക്കുന്നതാകുന്നു. പ്രിയനെ ടി പള്ളിയുടെ പണിക്കുറവ് തീരാതെ കിടക്കുന്നതിൽ വെച്ച് അന്യ മതക്കാരാലും മറ്റും ഉണ്ടായിട്ടുള്ള പരനിന്ദ എത്രമേൽ എന്ന് നീ നല്ലവണ്ണം അറിയുന്നവനാണെങ്കിൽ രണ്ടു രൂപാ മാത്രമല്ല നിന്റെ ശക്തിക്ക് തക്കവണ്ണം നീ സഹായിക്കുമായിരുന്നു. ഈ പള്ളിവക പണിക്കായി ആദ്യം മുതൽ ഇതേവരെ സഹായിച്ചിരിക്കുന്നവരുടെ പേരുകളും സംഖ്യയും ഒരു പുസ്തകത്തിൽ എഴുതി എല്ലാവരും അറിവാൻ തക്കവണ്ണം ആ പള്ളിയുടെ മേശമേൽ നിത്യവും ഓർമ്മക്കായി വെയ്ക്കുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ ഈ ദൈവകാര്യത്തിൽ തർക്കം പറയാതെ നിനക്ക് അയയ്ക്കപ്പെട്ട കൽപനപ്രകാരം ഉള്ള സംഖ്യ നമ്മുടെ ശിപായി പക്കൽ കൊടു

ത്തയയ്ക്കുകയും വേണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

(1900) എന്ന് കൊല്ലം 75 കർക്കിടകം 3-ാം തീയതി സിമ്മനാരിയിൽ നിന്നും

(ഒപ്പ്)

**115**

## മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കമ്മറ്റി പ്രസിഡണ്ടായ മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ മുളന്തുരുത്തി പള്ളിയിലെ വികാരിയും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

എന്നാൽ ആ പള്ളിവക മുതൽ സംബന്ധമായ കൈകാര്യകർത്തൃത്വ വിഷയങ്ങൾ ചാലിൽ കുടുംബത്ത് അതത് മൂപ്പുള്ളവർ വഹിച്ച് നടത്തി വന്നിരുന്ന പൂർവാചാര നടപടികളെ അവലംബിച്ച് പള്ളിവകയായി ഏതൽ കാലത്തുള്ളതും മേൽ ഉണ്ടാകുന്നതുമായ സ്ഥാവരജംഗമ സ്വത്തുക്കൾക്ക് എഴുതി വാങ്ങുന്നതോ എഴുതി കൊടുക്കുന്നതോ ആയ രേഖകളിൽ പാല ക്കാട്ട് കുര്യൻ ചെറിയ തന്നാണ്ടു കൈക്കാരന്മാർ ഇവരെ ചേർത്തും നീതി ന്യായ കോടതികളിൽ ബോധിപ്പിക്കേണ്ടി വരുന്ന അന്യായ-പത്രിക മുത ലായ രേഖകൾ തനിച്ചും മാർത്തോമ്മാപള്ളി മനുഷ്യം എന്നുള്ള സ്ഥാന പ്പേരോടുകൂടി എഴുതിക്കൊടുക്കുക, വാങ്ങുക മുതലായ പ്രവൃത്തികൾ മേൽ എന്നും നടത്തുന്നതിനും ചാലിൽ ഔസേപ്പ് ചെറിയയെ 1056-ാം ആണ്ടുവക രജിസ്റ്റർ 41-ാം നമ്പർ ഉടമ്പടിയിൽ അധികാരപ്പെടുത്തിയത നുസരിച്ച് പള്ളികാര്യാദികൾ അന്വേഷിച്ച് വന്നിരുന്ന സന്ദർഭത്തിൽ അയാൾ രോഗപീഡിതനായി തീർന്നതുകൊണ്ട് തന്റെ ചുമതലയെ വഹി പ്പാൻ തന്നാൽ പ്രയാസമെന്നും മറ്റുമുള്ള സംഗതിയെ ടി. ഔസേപ്പ് ചെറിയ യോഗത്തെ തെര്യപ്പെടുത്തുകയും ആ വിവരം കാണിച്ചു ടി ചെറി യയുടെ പുത്രൻ കോരയെ ടി ചുമതലയ്ക്കായി നിയമിക്കണമെന്നും മറ്റും കാണിച്ച് എഴുതി അയച്ചും അതിനെ അനുസരിച്ച് നാം കൽപന അയ യ്ക്കുകയും ചെയ്തു എങ്കിലും ടി യൗസേപ്പ് ചെറിയ 1065 ധനു 15-ാം തീയതി പരലോകപ്രാപ്തനായിരിക്കുന്ന സ്ഥിതിക്ക് ഒരു പ്രത്യേക കൽ പന ഉണ്ടാകേണ്ടത് ആവശ്യമെന്നും പാലക്കാട്, കുര്യൻ ചെറിയയ്ക്കു ണ്ടായിരുന്ന കൂട്ടുമനുഷ്യാധികാരത്തെ സ്വയേച്ഛയാൽ ഒഴികയും അയാ

ളുടെ കൈവശം ഉണ്ടായിരുന്ന മേമ്പൂട്ട് താക്കോൽ യോഗം മുമ്പാകെ വച്ചിരിക്കുന്നു എന്നും ഇപ്പോൾ പള്ളിവക ചില വസ്തുക്കൾ കൂടുതൽ പുറപ്പാടിന്മേൽ പൊളിച്ചെഴുതേണ്ട ക്രമത്തിലും ചില വിധികൾ നടത്തു വാൻ അത്യാവശ്യപ്പെട്ടും കുടിശ്ശിക പിരിക്കുവാനുള്ള ചിലരുടെമേൽ അന്യായപ്പെടേണ്ടുന്നതിനും ചില വസ്തുക്കൾ ഒഴിപ്പിക്കേണ്ടുന്നതിന് ഇരി ക്കുന്നതായ ഈ അവസരത്തിൽ കാര്യാന്വേഷണത്തിന് പ്രത്യേക ചുമ തലക്കാരായിരിപ്പാൻ ആൾ ഇല്ലാതെ ഇരിക്കുന്നത് അസാമാന്യ വീഴ്ച യ്ക്കും നഷ്ടത്തിനും ഹേതുകങ്ങളായി തീർന്നിരിക്കുന്നു എന്നും പള്ളി വക മുതൽ സംബന്ധമായ കൈകാര്യകർത്തൃത്വ വിഷയങ്ങളിന്മേൽ ഉള്ള മുഖ്യചുമതല ചാലിൽ കുടുംബത്ത് അതത് മൂപ്പുള്ളവർ വഹിക്കേണ്ടത് പ്രസ്താവ രജിസ്റ്റർ ഉടമ്പടിയിൽ നിയമിച്ചിട്ടുള്ള ക്രമത്തിന് ഇന്ന് മൂപ്പു സ്ഥാനം വഹിച്ചിരിക്കുന്ന ചാലിൽ ചെറിയത് കോരയെ അതിലേക്ക് നിയ മിക്കണമെന്ന് നിങ്ങൾ യോഗജനങ്ങൾക്ക് പൂർണ്ണസമ്മതമാകുന്നു എന്നും കൂട്ടുമനുഷ്യാധികാര വാഹിയായിരുന്ന പാലക്കാട് കുര്യൻ ചെറിയായ്ക്ക് പകരമായി ആളെ നിയമിക്കണമെന്ന് ആവശ്യമായി കാണുന്നില്ലെന്നും അതിനാൽ ആ പള്ളിവകയായി നീതിന്യായകോടതികളിൽ ബോധിപ്പി ക്കേണ്ടിവരുന്ന എല്ലാ അന്യായങ്ങളും പത്രിക മുതലായി വ്യവഹാര സംബന്ധമായ സകല നടപടികളും ചാലിൽ ചെറിയതു കോര മാർ ത്തോമ്മാ പള്ളി മനുഷ്യംമേലുള്ള സ്ഥാനപ്പേർ വച്ച് വിഹിതമായ പ്രകാരം കച്ചേരികളിൽ ബോധിപ്പിച്ചു കൊള്ളുന്നതിനും ഈ പ്രസ്താവ സ്ഥാനപ്പേരിൽ ടി കോരയും കൈക്കാരനും പേർ വച്ച് അതാത് ആണ്ടേയ്ക്ക് അധികാരം ലഭിക്കുന്ന രണ്ടാളും ചേർന്ന് പള്ളിക്ക് ആവ ശ്യപ്പെട്ട സകല പ്രമാണങ്ങളും എഴുതിവാങ്ങിക്കുക, കൊടുക്കുക മുത ലായ പ്രവൃത്തികൾ നടത്തുന്നതിനും ആയും ടി ചെറിയതു കോരയെ ഇവിടെനിന്നും നിയമിച്ച് സ്ഥിരപ്പെടുത്തിയ വിവരത്തിന് നിങ്ങൾക്കും ടി കോരയ്ക്കും കൽപന അയയ്ക്കണമെന്നുള്ള വിവരങ്ങൾക്കായി കഴിഞ്ഞ തുലാ മാസം 30-ാം തീയതി നമ്മുടെ പേർക്ക് നിങ്ങൾ എഴുതി അയച്ച തായ യോഗക്കുറി ഇവിടെ കിട്ടി വിവരങ്ങൾ അറിയുകയും ചെയ്തു.

ആകയാൽ പ്രിയമുള്ളവരേ, ആ പള്ളികാര്യാന്വേഷണത്തിന് ചാലിൽ കുടുംബക്കാർ പ്രവേശനം അന്വേഷിച്ചു തുടങ്ങിയനാൾ മുതൽ പള്ളി ക്കുറി വാങ്ങുന്ന കാര്യങ്ങൾ കഴിയുന്നതും താൽപര്യത്തോടും വിശ്വസ്ത തയോടും നടത്തി വന്നിരുന്നു എന്നുള്ള സംഗതി നിങ്ങളുടെ കുറിയിൽ കാണുന്നു എന്ന് മാത്രമല്ല ഇന്ന് ആ തറവാട്ടിൽ മൂപ്പായി ചെറിയതു കോരയെ പള്ളികാര്യാന്വേഷണത്തിൽ അവന്റെ തറവാട്ടിൽ മൂപ്പായ പിതാ ക്കന്മാർക്ക് കൊടുക്കപ്പെട്ട മാർത്തോമ്മൻ പള്ളി മാനുഷ്യം എന്നുള്ള സ്ഥാനപ്പേരിൽ ഉയർത്തി പള്ളിക്കാര്യം അന്വേഷിപ്പാൻ തക്കപ്രകാരം

നിങ്ങൾ യോഗത്തേക്കുണ്ടായ അപേക്ഷയെ നാം കണ്ടതിൽ അവന്റെ ക്ഷമാശീലത്തെയും എളിമസ്വഭാവത്തെയും ദൈവാലയ മുതലിന്മേൽ ഉള്ള അവന്റെ തീക്ഷ്ണ അന്വേഷണത്തെയും നിങ്ങൾ നല്ലവണ്ണം അറിഞ്ഞും ഗ്രഹിച്ചും അപേക്ഷിച്ചിട്ടുള്ളതായി നാം ഗ്രഹിച്ചിരിക്കുന്നതിനാൽ നിങ്ങളുടെ അപേക്ഷപ്രകാരം ടി ചാലിൽ ചെറിയതു കോര മാർത്തോമ്മൻ പള്ളി മാനുഷ്യം എന്ന സ്ഥാനപ്പേരോടുകൂടി ആ പള്ളിവക മുതൽ സംബന്ധമായ കൈകാര്യകർത്തൃത്വ വിഷയങ്ങൾ അവൻ അന്വേഷിച്ച് നടത്തുവാനായി നാം അനുവദിച്ച് അധികാരപ്പെടുത്തിയിരിക്കുന്നതു മാത്രമല്ല ആ പള്ളിവക മുതൽ സംബന്ധമായ നീതിന്യായ കോടതികളിൽ ബോധിപ്പിച്ച് നിവൃത്തി ഉണ്ടാകേണ്ടതായ സകലവും ചാലിൽ ചെറിയതു കോര തനിച്ചും മാർത്തോമ്മൻ പള്ളി മാനുഷ്യമെന്നുള്ള സ്ഥാനപ്പേർ വച്ച് തയാറാക്കി വിഹിതമായി കച്ചേരികളിൽ ബോധിപ്പിച്ചുകൊള്ളുന്നതിനും പ്രസ്താവ സ്ഥാനപ്പേർ വച്ച് കോരയും കൈക്കാർ എന്ന പേർ വച്ച് അതാതാണ്ടേക്ക് അധികാരം ലഭിക്കുന്ന രണ്ടാളും ചേർന്ന് ആ പള്ളിക്ക് ആവശ്യപ്പെട്ട സകല പ്രമാണങ്ങളും എഴുതി വാങ്ങുകയും എഴുതി കൊടുക്കുകയും മുതലായ പ്രവൃത്തികൾ നടത്തുന്നതിനുമായി ചെറിയതു കോരയെ ഈ കൽപനയാൽ നിയമിച്ച് സ്ഥിരപ്പെടുത്തിയിരിക്കുന്നതാകകൊണ്ട് എന്നും എല്ലാവരും ഈ നമ്മുടെ കൽപനയിലെ താൽപര്യം അനുസരിച്ച് നടന്നുകൊള്ളുകയും വേണം. ആകയാൽ ഈ വിവരത്തിന് ചെറിയത് കോരയ്ക്കും കൽപന അയച്ചിട്ടുണ്ട്. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയച്ചുകൊള്ളാം. സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും നിങ്ങളോടുകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

(1890) എന്ന് 1066 വൃശ്ചികം 26-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

**116**

## മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ മാവേലിക്കര പീടികയിൽ സ്തേപ്പാനോസ് കത്തനാർക്ക് വാഴ്വ്.

നമ്മുടെ പണിച്ചിറക്കൽ പള്ളിയുടെ ക്ഷേമത്തിനായി താൻ ഇതേവരെ ചെയ്തിട്ടുള്ള യത്നങ്ങളെയും വിശേഷാൽ മറ്റം, കരിപ്പുഴ മുതലായ മുറിക്കാരെ കൂട്ടിച്ചേർത്തു നിശ്ചയപത്രം രജിസ്റ്ററാക്കി പകർപ്പു സഹിതം അയച്ച എഴുത്ത് വന്നുചേർന്നു. ആ കാര്യത്തിൽ താൻ ചെയ്ത പരിശ്രമങ്ങളെയും കുറിച്ച് നാം അത്യന്തം സന്തോഷിച്ചിരിക്കുന്നു.

എന്നാൽ പുതുതായി ചേർത്തിട്ടുള്ള ചിലരുടെ അപേക്ഷപ്രകാരം കായംകുളംകാരായ ചില കത്തങ്ങളെ കൂടി അവിടേക്ക് നിയമിച്ച് തൽക്കാലം ഒരു സാധനം യോഗക്കാർക്ക് നാം അയച്ചത് താനും കണ്ടിരിക്കുമല്ലോ. അതിനാൽ തനിക്ക് മുമ്പിനാലെ ആ പള്ളിയിലുള്ള അധീനതയും അവകാശവും ഭേദപ്പെടുത്തുന്നതല്ലായ്കകൊണ്ടും താനും അവരും യോജിപ്പായി നടന്ന് അവരവർക്കുള്ള തവണകളും അവകാശങ്ങളും ശരിയായി എടുത്ത് വിവദു കൂടാതെ പള്ളിയിലെയും ജനങ്ങളുടെയും എല്ലാദിഷ്ടതികളെയും നടത്തി തൃപ്തികരമായ സന്തോഷത്തിനിട വരുത്തുമെന്ന് നാം വിശ്വസിക്കുന്നു.

ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയയ്ക്കുകയും ചെയ്യാം. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ തന്റെമേൽ വർദ്ധിച്ചിരിക്കുമാറാകട്ടെ.

(1891) എന്ന് 1067 കന്നി 14-ന് കോട്ടയത്ത് സിമ്മനാരിയിൽ നിന്നും.

(കോട്ടയം പഴയസെമിനാരിയിലെ മൽപാനും (വട്ടശ്ശേരിൽ ഗീവർഗ്ഗീസ് കത്തനാർ) മാനേജരും (കൊച്ചുപറമ്പിൽ വലിയ പൗലൂസ് റമ്പാൻ) വലിയ മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ തിരുമേനിക്ക് എഴുതിയ ഓരോ കത്ത് കൗതുകം മൂലം ചേർക്കുന്നു. - എഡിറ്റർ)

(സുറിയാനിയിലുള്ള അഭിവാദനത്തിന് ശേഷം)

ഈ മാസം 11-ാം തീയതി തൃശൂർ നിന്നും അഞ്ചൽവഴി അയച്ച കൽപന കിട്ടി. ഇനിയും തൃശൂർ എത്തി അവിടെനിന്നും മടങ്ങി ഇവിടെ എത്തുന്നതിന് ഒരു മാസത്തിലധികം താമസം വേണ്ടിവരുമെന്ന് തോന്നുന്നു. ഏതായിരുന്നാലും 12-ാം തീയതിക്കു മുമ്പായി എത്തുമെന്നുള്ളതിൽ ഒട്ടും സംശയിക്കുന്നില്ല. കമ്മിറ്റിയും അപ്പോഴായിരിക്കുമല്ലോ. ശുദ്ധമുള്ള പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ ആണ്ടിന്റെ ഓർമ്മ ചുരുങ്ങിയ അവസ്ഥയിൽ ഇവിടെവച്ച് കഴിക്കുന്ന കാര്യത്തെപ്പറ്റി ഇവിടത്തുകാരിൽ തൽക്കാലം കൂടിയെടുത്തോളം ആളുകളുമായി ആലോചിച്ച വിവരം ബ. കൊച്ചുമെത്രാച്ചൻ തിരുമനസ്സറിയിച്ചിരിക്കുമല്ലോ. അതിനെ .... ഹനിച്ചിരിക്കുന്നു. അവനു അവസരമുള്ളപ്പോൾ (?) നമസ്കാരവും ഗ്രമത്തിയും താൽപര്യത്തോടെ പഠിക്കുന്നുണ്ട്. ഏറെ താമസിയാതെ ഇങ്ങോട്ടെത്തിയാൽ കൊള്ളാമെന്ന് തക്ക കാര്യം ഇവിടെ ഉണ്ടാക കൊണ്ടും ഞങ്ങളുടെ അപേക്ഷ.

ശേഷം പിന്നാലെ. എന്ന് ദൈവത്തിൽ ശരണം. ഉടനെ അയയ്ക്കുന്ന കൽപ്പനയ്ക്കായി കാത്തിരിക്കുന്നു.

എന്ന് (1895) 71 കന്നി 18-ാം തീയതി തിങ്കളാഴ്ച കോട്ടയത്ത് സെമിനാരിയിൽ നിന്നും.

കഴിഞ്ഞുപോയ വി. പിതാവിന്റെ ഓർമ്മ ഇവിടെവച്ച് കഴിക്കുന്ന കാര്യത്തെപ്പറ്റിയും ഇപ്പോൾ വാഴുന്ന വി. പിതാവിനെപ്പറ്റിയും അയയ്ക്കുന്ന കൽപന വരുന്ന ഞായറാഴ്ച പള്ളിയിൽ വായിപ്പാൻ തക്കപോലെ അയച്ചുതരണമെന്ന് അപേക്ഷ.

പിള്ളേരുടെ ഫീസിന്റെ കാര്യത്തെക്കുറിച്ച് പൗലോസ് ചെമ്മാച്ചന്റെ പേർക്ക് കൽപന അയയ്ക്കാമെന്ന് കൽപിച്ചപ്രകാരം കാണാത്തതുകൊണ്ട് അവർ തെരക്കി വരുന്നു.

ബാറെക്മോർ അൽ ശുബ്ക്കോനോ.

അവിടുത്തെ ശുശ്രൂഷകൻ പൗലോസ് ദയറായോ

മൂന്ന് രൂപാ കൊണ്ട് പിള്ളേർക്ക് മതിയാകുന്നില്ല. വിറക് വകയ്ക്ക് മൂന്നുംകൂടെ വേണ്ടിവരുന്നത് വിചാരിപ്പുകാരൻ കൊടുപ്പാനും കൊച്ചു ശെമ്മാശന് മുൻവകയിൽ 2 രൂപ കൊടുക്കാനുള്ളതും കൊടുക്കുവാൻ അവരുടെ അപേക്ഷ.

(മൽപാനും മാനേജരും പിൽക്കാലത്ത് രണ്ടു വിഭാഗങ്ങളിൽ സമാന്തര മലങ്കരമെത്രാനായിത്തീർന്നത് ദൗർഭാഗ്യകരം തന്നെ. - എഡിറ്റർ)

**117**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ശ്രായി വലിയപള്ളിയിലെ കൈക്കാരനും ഇടവകജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

ആ പള്ളിയോഗത്തിൽപ്പെട്ട മഴുവഞ്ചേരിപറമ്പത്ത് മാത്തു പൈലിയെ കൊണ്ട് അവന്റെ അപ്പാപ്പന്റെ സഹോദരിയുടെ പൗത്രിയായ ഈരാളി വർക്കി അച്ചാരുണ്ണിയെ കെട്ടിപ്പാൻ പോകുന്നു എന്നും ഈ വിവാഹം നമ്മുടെ സഭയുടെ കാനോനാ നടത്തിന് വിരോധമോ എങ്ങനെ എന്നും വിരോധമെങ്കിൽ കല്പന അയച്ച് വിരോധിക്കണമെന്നും മറ്റും മഴുവഞ്ചേരി പറമ്പത്ത് പൈലി തോമ്മാ മുതൽപേർ നമ്മുടെ മുമ്പാകെയും ആവലാതി ബോധിപ്പിക്കയും ടി കാര്യത്തെക്കുറിച്ച് നാമും നമ്മുടെ സഹോദരന്മാരായ മെത്രാപ്പോലീത്താമാരും തമ്മിൽ ആലോചിച്ചതിൽ ടി വിവാഹക്കാർ തമ്മിലുള്ള സംബന്ധം അടുത്ത സംബന്ധമാകയാൽ ഇങ്ങനെയുള്ള സംബന്ധത്തിൽ വിവാഹം കഴിച്ചാൽ നമ്മുടെ കാനോൻ അനുവ

ദിക്കായ്ക കൊണ്ട് വിവാഹം നടത്തിക്കൊടുപ്പാൻ പാടില്ലെന്ന് അഭിപ്രായപ്പെടുകയും ഈ വിവരത്തിന് നിങ്ങൾ പള്ളിക്കാർക്ക് ഇക്കഴിഞ്ഞ തുലാമാസം 27-ാം തീയതി നാം കല്പന അയക്കുകയും ചെയ്തു. ഈ മാസം 1-ാം തീയതി ഞായറാഴ്ച പള്ളിയിൽ വച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്തശേഷം ആ പള്ളി വികാരിയായ കോരത് കത്തനാർ നമ്മുടെ കല്പനയെയും നമ്മുടെ സഭയുടെ കാനോനാ ബന്ധനത്തെയും അശേഷം ഗണ്യമായി ആലോചിക്കാതെ തന്റെ സഹായികളുടെ ബലത്തെയും തന്റെ തലശക്തിയെ മാത്രം ആധാരമാക്കി ടി കല്യാണം 8-ാം തീയതി ഞായറാഴ്ച വിളിച്ചുചൊല്ലുകയും 17-നു ഞായറാഴ്ച വികാരി കെട്ടിക്കുകയും ചെയ്തു എന്നും മറ്റും .... മേൽ പ്രസ്താവിച്ച കല്യാണക്കാർക്ക് ഉള്ള സംബന്ധ ... വ്യത്യാസമില്ല എന്ന് സംബന്ധമുള്ളവരായ ചക്കരക്കടവിലുള്ള .... അവിരാ വർക്കി എന്നവനെക്കൊണ്ട് അവന്റെ അപ്പാപ്പന്റെ സഹോദരന്റെ പൗത്രിയാകുന്ന അയ്യപ്പിള്ളി ഈരാളി ....... കെട്ടിപ്പാനായി പറഞ്ഞെന്ന് ബോധിപ്പിച്ച് ഈ മാസം 15-ാം തീയതി ഞായറാഴ്ച ടി. വികാരി വിളിച്ചുചൊല്ലുകയും 22-ാം തീയതി ഞായറാഴ്ച കല്യാണം കെട്ടിച്ചു കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതാകെകൊണ്ട് ...... നടത്തുകയും വിരോധിക്കുകയോ അല്ലെങ്കിൽ നാം തന്നെ ....... വികാരിയുടെ അക്രമപ്രവൃത്തിയെ ..... ആ ഇടവകക്കാരാകുന്ന ചാക്കോ ഇട്ടീരാ ....... ചേരുന്ന അസോസ്യേഷൻ കമ്മിറ്റിയ്ക്ക് എഴുതി ബോധിപ്പിക്കേണ്ടതായ അവസരം എത്തുകയും ഈ കാര്യത്തെക്കുറിച്ച് ഞങ്ങൾ ...... മാത്തു പൈലിയുടെ കല്യാണം കഴിച്ചുകൊടുത്ത് പോകരുതെന്ന് വിരോധിച്ച് അയച്ച കല്പനയെ ഗണ്യമായി മാനിക്കാതെ ടി കല്യാണം നടത്തികൊടുത്ത വികാരിയോട് ഇനിയും ഗുണദോഷമായി ഒരു കല്പന അയക്കുന്നതിൽ യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലെന്നുള്ള അഭിപ്രായങ്ങൾ ആകുന്നു രണ്ടാമതും കല്പന അയക്കാതെ നാം തന്നെ അവിടെ എത്തുവാൻ ആലോചിക്കാഞ്ഞത്.

ആകയാൽ പ്രിയപ്പെട്ടവരേ, നമ്മുടെ കാനോനാ വിധികളുടെ നിശ്ചയങ്ങളോ നിബന്ധനകളോ മുഴുവനും ഒരുപോലെ എല്ലാ എടവകക്കാരും ഗ്രാഹ്യമായിരിക്ക എന്നുള്ള നിശ്ചയവും അതിനെ അറിയാതെ ഇങ്ങനെ ഉള്ള സംഗതികളിൽ പ്രവേശിച്ച് നടത്തിക്കൊടുത്തുപോകുവാൻ ഇടവന്നതിനെക്കുറിച്ചാണ് മുൻ ഇതുപോലെ നടത്തിക്കൊടുത്തുപോയ കല്യാണങ്ങളെക്കുറിച്ച് ഒന്നും പറവാൻ പാടില്ലാതെ വന്നുപോയത്. എന്തെന്നാൽ ന്യായപ്രമാണം ഇല്ലാതെ ഇരുന്നപ്പോൾ ന്യായപ്രമാണ ലംഘനവും ഇല്ലാതെ ഇരുന്നു എന്നും ന്യായപ്രമാണം ഉണ്ടായപ്പോൾ പാപത്തെക്കുറിച്ച് അറിയുവാൻ ഇടവന്നു എന്നും മറ്റും വി. പൗലോസ് അപ്പോസ്തോലൻ റോമ്മാസഭയ്ക്ക് എഴുതിയ തന്റെ ലേഖനത്തിൽ വിവരിക്കു

ന്നുണ്ടല്ലോ. വികാരിയുടെ ഇപ്പോഴത്തെ പ്രവൃത്തിയെക്കുറിച്ച് ചിന്തിച്ചാൽ സകലവും താൻ അറിഞ്ഞും എന്തു പ്രവൃത്തിച്ചാലും ചോദിപ്പാൻ ആരും ഇല്ല എന്നുള്ളിടത്തോളം അഹങ്കാരമായി പ്രവർത്തിച്ചപ്രകാരം സ്പഷ്ടമായി കണ്ടിരിക്കുന്ന സ്ഥിതിക്ക് ഇവിടെ നിന്നും പ്രത്യേകം ഗൗനിക്കാതെ ഇരിപ്പാൻ പാടില്ലാത്തവണ്ണം നമ്മുടെ സഭാചട്ടം നമ്മെ നിർബന്ധിക്കുന്നതിനാൽ പ്രത്യേകം ഈ കല്പനയെ അയക്കുന്നതാകുന്നു.

ആയതിനാൽ പ്രിയമുള്ളവരേ, വികാരിയായ കോരത് കത്തനാരെയും ഈ പ്രവൃത്തിക്ക് തന്നെ ഉത്സാഹിച്ച് നടത്തിച്ചവരുടെയും പ്രവൃത്തികൾ കല്പന ലംഘനമായിട്ട് ഉള്ളതാകയാൽ അവരെ പള്ളിക്കുറ്റത്തിൽ നിർത്തുവാൻ ആവശ്യമെന്ന് വളരെ മനസ്താപത്തോടെ പറയേണ്ടിയിരിക്കുന്നു. അതിനാൽ കോരത് കത്തനാരുടെ വികാരിത്വത്തിൽ നിന്നും അംശപ്രവൃത്തിയിൽ നിന്നും കോരതു കത്തനാരെയും അയാൾക്ക് സഹായികളായി നിന്ന് കല്യാണം നടത്തിയവരും നടത്തിച്ചവരുമായ ചാക്കോ പൈലിയേയും ഈരാളി വറിയത് കുഞ്ഞിപൗലോയെയും ഈരാളി വറീയതു വർക്കിയെയും ഈരാളിയിൽ കുഞ്ഞിപൈലിയേയും നാം പള്ളിക്കുറ്റം ചൊല്ലിയിരിക്കുന്നതാകകൊണ്ട് യാതൊന്നിലും അവരോടു കൂടെ നിങ്ങൾ കൂടി കഴിഞ്ഞുപോകയും അരുത്.

ശേഷം കാര്യങ്ങൾക്ക് പിന്നീട് എഴുതി അറിയിക്കുന്നതാകുന്നു. സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

(1892)

(NB: 1068 ധനു 4-ാം തീയതി ഈ മുടക്ക് തീർത്ത് കല്പനയുണ്ടായി. അക്ഷരങ്ങൾ തീരെ അവ്യക്തമായതിനാൽ ഈ ഗ്രന്ഥത്തിൽ ചേർക്കുവാൻ സാധിച്ചില്ല. രണ്ടു വീട്ടുകാരും പ്രബലരായതിനാലും ഒരുക്കങ്ങൾക്ക് മദ്ധ്യേ കല്യാണം നിരോധിച്ചാൽ അവർ വേറെ പള്ളിയിൽ ചേരുമെന്ന സങ്കടത്താലും കീഴ്വഴക്കമുള്ളതിനാലുമാണ് അപ്രകാരം ചെയ്തതെന്ന് ക്ഷമാപണത്തോടെ സങ്കടം പറഞ്ഞതിനെ തുടർന്നാണ് മുടക്ക് തീർത്തത് എന്ന് കല്പനയിൽ കാണുന്നുണ്ട്. - എഡിറ്റർ)

**118**

## മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

(മുദ്ര)

നമ്മുടെ തിരുവല്ലാ തെക്കേ പള്ളിയിലേയും വടക്കേപള്ളിയിലേയും

വികാരിമാരും ദേശത്ത പട്ടക്കാററും പള്ളിക്കൈക്കാററും ശേഷം ജന ങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

8–ാം തീയതി തിരുവല്ലായിൽ നിന്നു കവിയൂർ പള്ളി പ്രതിഷ്ഠയ്ക്കുള്ള നമ്മുടെ യാത്രയിൽ നമ്മുടെ കുഞ്ഞുങ്ങൾ പഠിക്കുന്ന തിരുവല്ല പാലി യേക്കര പെൺപള്ളിക്കൂടത്തിൽ കയറുകയും അവരുടെ വായന, പാട്ട് മുതലായത് കേൾക്കയും അതിൽ നമുക്ക് വലുതായ സന്തോഷത്തിന് ഇടയാകുകയും ചെയ്തിരിക്കുന്നു.

വിശേഷിച്ച് ആ പള്ളിക്കൂടത്തിൽ വേദപാഠം പഠിപ്പിക്കുന്നതിന് സൗക ര്യമില്ലെന്നുള്ള അപേക്ഷയെ നാം അവരിൽ നിന്ന് കേട്ടതിൽ നമുക്ക് വളരെ വ്യസനത്തിന് ഇടയായിരിക്കുന്നതിനാൽ ഈ കല്പനയെ നിങ്ങ ൾക്ക് അയക്കുന്നു.

ഞായറാഴ്ച തോറും പള്ളിക്കൂടത്തിൽ വച്ച് വേദപാഠം പഠിപ്പിക്കുന്ന തിന് ഒരു വാദ്ധ്യാർക്ക് മാസം ഒന്നുക്ക് ആ പള്ളിയിൽ നിന്നും ഈരണ്ടു രൂപാ വീതം രണ്ടു രൂപ കൊടുത്ത് വാദ്ധ്യാരെ ആക്കി നടത്തിച്ച് വിവര ത്തിന് എഴുതി അയയ്ക്കുകയും വേണം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളുടെ കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ

എന്ന് 1896–ന് കൊല്ലം 1071–ാമാണ്ട് മകരമാസം ...... തീയതി കവി യൂർ പള്ളിയിൽ നിന്നും.

**119**

## മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

(മുദ്ര)

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ കണ്ടത്തിൽ പോത്തന്ന് വാഴ്വ്.

ഇവിടെ വന്നപ്പോൾ 250 രൂപയ്ക്ക് നമുക്ക് പ്രത്യേകം ആവശ്യമു ണ്ടെന്നും അതിനാൽ ഈ രൂപാ എവിടെനിന്നെങ്കിലും തല്ക്കാലം വാങ്ങി ത്തരണമെന്നും പറഞ്ഞപ്രകാരം ഇരുനൂറ്റിഅമ്പത് രൂപാ ഒരു മാസത്തെ അവധിക്കായി നാളെ ചെറിയപള്ളിക്ക് വാങ്ങിത്തരാമെന്ന് പറഞ്ഞ് എഴുതി അയക്കുമ്പോൾ അറിവാൻ എടവന്നതാകുന്നു. അപ്പോൾ എഴുതി അയ ക്കയും ചെയ്യാം. നമുക്ക് തരുവാനായി സായ്പ് എഴുതിവച്ചിട്ടുണ്ടെന്ന് പറയുന്ന തുക എത്രയും ... എന്ന് നമുക്ക് ബോധ്യമുള്ളതാകയാൽ

കേൾവി സൂക്ഷ്മമായിട്ടുള്ളതെന്ന് വിശ്വസിപ്പാൻ ന്യായമുണ്ട്. ദൈവകൃപ പോലെ ഇരിക്കട്ടെ.

ശേഷം കാര്യങ്ങൾക്ക് വിവരം പോലെ എഴുതി അയയ്ക്കാം.

നമ്മുടെ മാരാട്ടെ കത്തനാരുടെ കാര്യം കൊണ്ട് നാം പറഞ്ഞിട്ടുള്ള മാർഗ്ഗം നമ്മുടെ കൊച്ചുപണിക്കരുമായി ആലോചിച്ച് ഒരു തീരുമാനം ഉണ്ടാക്കുന്നതിന് പ്രത്യേകം വിചാരിക്കണം. ഇക്കാര്യം നിമിത്തം വളരെ വ്യസനത്തിൽ നാം ഇരിക്കുന്നു.

എന്ന് (1890) 1065 മീനം 23-ാം തീയതി പരുമല സിമ്മനാരിയിൽ നിന്നും (ഒപ്പ്)

1063 തുലാം 4-ാം തീയതി, കൊച്ചി

സ്നേഹിതരേ,

കോട്ടയത്തെ ചെറിയപള്ളിക്കേസിന്റെ ഫീസ് കാര്യം സംബന്ധമായി കന്നി 3-ന് താങ്കൾ അയച്ച റജിസ്റ്റർ കത്തും അത് സഹിതം അയച്ചതായ ഗ്രാമമജിസ്ട്രേട്ടിന്റെ വക .... കിട്ടി. വിവരങ്ങൾ അറിഞ്ഞു. മറുപടിക്ക് താമസിച്ചത് കുര്യൻ റൈട്ടരുടെ ജ്യേഷ്ഠൻ കോട്ടയത്ത് ഇല്ലായ്ക കൊണ്ടും അയാൾ വന്ന് ആലോചിച്ച് വേണം മറുപടി അയപ്പാൻ എന്ന് വിചാരിച്ചായിരുന്നു. എന്തെന്നാൽ നാം താങ്കൾക്ക് ഫീസ് നിശ്ചയിച്ച് എഴുതി അയച്ചതിന്റെ ശേഷം അയാൾ അവിടെ വരുകയും നിങ്ങൾ തമ്മിൽ കാണുകയും ചെയ്തപ്പോൾ ഫീസ് സംബന്ധമായി വല്ല കരാറും പറഞ്ഞിട്ടുണ്ടോ എന്നും ഇപ്പോൾ താങ്കൾ എഴുതി അയച്ച ഫീസ് സമ്മതിച്ച് പ്രോമിസറി നോട്ടിൽ നമ്മോടു കൂടെ അയാളും കൂടെ സംബന്ധിച്ച് എഴുതുമോ എന്നും അറിവാനും വേണ്ടി ആയിരുന്നു. കുത്തകജോലിയിൽ 7-ാം തീയതിക്കു നിങ്ങൾ മടങ്ങിവന്നത് നാം ഇങ്ങോട്ടേക്ക് പുറപ്പെടുന്ന ദിവസത്തിൽ ആയിപ്പോയതുകൊണ്ട് കോട്ടയത്തു നിന്നു മറുപടി അയച്ചാൽ പിടിച്ചുകൊള്ളാമെന്ന് താങ്കൾ തന്നെ നമ്മോട് പറഞ്ഞിട്ടുണ്ടായിരുന്നുവല്ലോ. അഞ്ഞൂറു രൂപായ്ക്ക് നാം എഴുതി അയച്ചതിനും പുറമേ ആ നമ്പ്രിൽ പ്രതികളിൽ ഒരുവനായി തോമ്മാ കത്തനാരെ സമ്മതിപ്പിച്ച് 200 രൂപായും കൂടെ എഴുതി ഏല്പിച്ചിട്ടുണ്ടെന്നും അതിനാൽ വരുന്ന 700 രൂപ ആയി പ്രോമിസറി നോട്ട് എഴുതിയിരിക്കുന്നതെന്നും പറഞ്ഞു കേട്ടു. ഇങ്ങനെ താങ്കൾ നിർബന്ധമായി തുടങ്ങുന്നത് വ്യസനമാണേ. പള്ളിയിൽ പണമുണ്ടായിരുന്നെങ്കിലും ഫീസിന്റെ പണം വേണ്ടുവോളം പിരിക്കുമെങ്കിലും എഴുനൂറ് അല്ല ആയിരം തരുന്നതിനും വിരോധമില്ലാഞ്ഞു. യോഗജനങ്ങളിൽ വന്നിരിക്കുന്ന അഭിപ്രായ ഭേദത്താലും തമ്മിൽ തമ്മിൽ ഉള്ള പിറുപിറുപ്പിനാലും പിരിവ് നന്നാ ചുരുങ്ങിയേ ഉണ്ടായിട്ടുള്ളു. ഉണ്ടായ പിരിവാണ് 150 രൂപാ അയച്ചത്. ശേഷമുള്ള പണം

മുഴുവനും നാം തന്നെ താങ്കൾക്ക് ഉണ്ടാക്കിത്തരുന്നതല്ലാതെ പള്ളിക്കാരുടെ പക്കൽ നിന്നും ഉണ്ടാക്കിത്തരുവാൻ പ്രയാസമാണേ. ഫീസ് ചുരുക്കുവാൻ വേണ്ടി ഇങ്ങനെ ഒക്കെ നാം എഴുതി വയ്ക്കാം. കാര്യത്തിന്റെ സത്യസ്ഥിതി നാം .... എഴുതിയതിൻവണ്ണം തന്നെ അല്ലയോ എന്ന് താങ്കൾ അവിടെ ഇരുന്ന് അന്വേഷിച്ചാൽ നമ്മുടെ വചനം മുഴുവനും പരമാർത്ഥമാണെന്ന് താങ്കൾക്ക് പരബോധപ്പെടും. അതിനാൽ ഇക്കാര്യത്തിൽ താങ്കൾ ദയവായി ആലോചിച്ചതായ എഴുതി അയച്ചതിൻവണ്ണം 500 രൂപാ .... സമ്മതിച്ച് മറുപടി അയച്ചാൽ അതിനുള്ള തുകയ്ക്ക് ഉടനെ പ്രോമിസറിനോട്ട് എഴുതി താങ്കളുടെ പേർക്ക് അയച്ചുതരികയും ചെയ്യാം. 200 രൂപ കൂടെ സമ്മതിപ്പിച്ച് എഴുതിപ്പിച്ച തോമ്മാ കത്തനാർ മഹാസാധുവും യാതൊരു ഗതിയും ഇല്ലാത്ത ആളും ആകുന്നു. എഴുനൂറ് അല്ല ആയിരത്തിന് എഴുതണമെങ്കിൽ ആ ആഗ്രഹവും എഴുതുന്നതിന് മടിക്കുന്നതല്ല. മുട്ടു കൂടാതെ ധാരാളം പണം നമ്മുടെ കയ്യിൽ ഉണ്ടായിരുന്നെങ്കിൽ ഇരുനൂറ് രൂപ അത്ര വലിയ കാര്യമായി നാം വിചാരിക്കാതെ താങ്കളുടെ തൃപ്തിപോലെ ആവട്ടെ എന്ന് നാം വിചാരിക്കുന്നതായിരുന്നു. അതിനുള്ള കാലം ഈശ്വരൻ നമുക്ക് ഇപ്പോൾ തന്നിട്ടില്ലായ്ക കൊണ്ട് ഇങ്ങനെ ഒക്കെയും ദീർഘിപ്പിച്ച് എഴുതിയതാകുന്നു. നാം താങ്കൾക്ക് തരുവാനുള്ള രൂപ നൂറും ഇതിനുള്ള മറുപടി വന്നതിന് മേൽ പ്രോമിസറിനോട്ട് എഴുതുമ്പോൾ ഒന്നിച്ച് എഴുതി അയച്ചുകൊള്ളാം.

രണ്ട് തീയതിക്കകം നാം കോട്ടയത്തിന് പോകുന്നതാകകൊണ്ട് ഇതിനുള്ള മറുപടി കോട്ടയത്തേക്കായി അയക്കുകയും വേണ്ടിയിരിക്കുന്നു.

രാജശ്രീ ഹൈക്കോർട്ട് വക്കീൽ ആർ. രാമനാഥരായർ അവർകൾക്ക് സ്നേഹിതൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

(കല്പനയുടെ ആദ്യ ഭാഗം ലഭ്യമല്ല)

... പോലെ നമ്മുടെ കൈക്കാരന്മാരെ കൊണ്ട് നടത്തിക്കുന്നതായാൽ ആ ഇടവകയിലുള്ള നമ്മുടെ ജനങ്ങൾക്ക് നിന്നിൽ വളരെ പ്രീതിയും സന്തോഷവും വർദ്ധിച്ച് ഏകയോഗക്ഷേമമായി കാണ്മാൻ സംഗതിയായി വരുന്നതു കൂടാതെ പള്ളിക്കാര്യാദികളിൽ ഇപ്പോൾ ഭവിച്ചിരിക്കുന്ന കുഴപ്പങ്ങളും നാശങ്ങളും നീങ്ങി പള്ളിമുതൽ അഭിവൃദ്ധിയായി കാണ്മാൻ എടവരുമെന്നും വിശ്വസിക്കുന്നു.

ദൈവഭവനമായ നമ്മുടെ പള്ളികളുടെ ക്ഷേമത്തിനും രക്ഷയ്ക്കും വേണ്ടി നീ ചെയ്യുന്ന സകല അധ്വാനങ്ങൾക്കും പ്രവൃത്തികൾക്കും പകരം ദൈവം നിന്നെയും നിന്റെ ഭവനങ്ങളെയും അനുഗ്രഹിച്ച് വാഴ്ത്തുകയും ചെയ്യും.

ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കുകയും ചെയ്യാം. സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിന്നിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1068 (1892) വൃശ്ചികം 7-ന് കൊച്ചീക്കോട്ട പള്ളിയിൽ നിന്നും.

(ഒപ്പ്)

### 120

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ പോളച്ചിറക്കൽ ഇട്ടിയ്ക്ക് വാഴ്വ്.

സിമ്മനാരി വകയ്ക്ക് നിങ്ങൾ തീർക്കാനുള്ള ഇടപാടു ഏർപ്പാട് സംഗതി പോയമാസം എട്ടിന് നിരണത്ത് പണവും കൊണ്ടുവന്ന് തീർത്തുകൊള്ളാമെന്ന് നമ്മുടെ മുമ്പാകെ തീർച്ചയായി അന്നു പോയാറെ, ഇതേവരെ വരികയോ പണം തീർക്കയോ ചെയ്യാതിരിക്കുന്നത് എത്രയും വ്യസനിക്കത്തക്കതായിരിക്കുന്നു. ഇനി ഇതേപ്പറ്റി അടങ്ങി പാർപ്പാൻ നിവൃത്തി ഇല്ല. ഉടനെ വന്ന് ഏർപ്പാട് തീർക്കാത്തപക്ഷം മുറയ്ക്ക് നമ്പ്ര് പതിച്ച് അതിൽ വച്ചു ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് കൂടി ഇട വരികയും ചെയ്യും.

(1896) എന്ന് 1071 മകരം 17-ന് തിരുവല്ല കട്ടപ്പുറത്ത് പള്ളിയിൽ നിന്നും

(ഒപ്പ്)

### 121

മലങ്കര ഇടവകയുടെ എത്രയും ബഹുമാനപ്പെട്ട ഞങ്ങൾക്കുള്ള ബാവാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ തിരുമുമ്പാകെ റാക്കാട് പള്ളി ഇടവകയിൽ കടവത്തുങ്കൽ ഗീവറുഗീസ് കത്തനാർ എഴുതിവയ്ക്കുന്ന ഉടമ്പടി കയ്ചീട്ട്.

പരിശുദ്ധ നോമ്പുകളിലും മറ്റും ഞാൻ മദ്യപാനം ചെയ്തു ക്രമവിരോധമായി നടക്കുന്ന കാര്യത്തെക്കുറിച്ച്, തിരുമുമ്പാകെ ആവലാതി വരികയും അത് നിമിത്തം തിരുമനസ്സുകൊണ്ട് എന്നെ മുടക്കി പള്ളിക്കുറ്റത്തിൽ നിർത്തിയിരിക്കുന്ന കാര്യത്തിൽ ഞാൻ വ്യസനിച്ച് തിരുമുമ്പാകെ എന്റെ കുറ്റത്തെ തീർത്തു കല്പന തരണമെന്ന് അപേക്ഷിക്കുകയും മേലിൽ ഞാൻ മദ്യപാനം ചെയ്ത് ക്രമവിരോധമായി നടക്കുന്നതല്ലെന്ന് പൂർണ്ണനിശ്ചയം ഉണ്ടായാൽ എന്റെ കുറ്റത്തെ തീർത്ത് കല്പന തരാ

മെന്ന് കല്പിച്ചതിനെ അനുസരിച്ച് ഉടമ്പെടുന്നത് എന്തെന്നാൽ

ഒന്നാമത്, വിശുദ്ധ നോമ്പുകളിൽ ആകട്ടെ മറ്റ് വിശുദ്ധ ദിവസങ്ങളിൽ ആകട്ടെ മേലിൽ ഞാൻ മദ്യപാനം ചെയ്യുന്നതല്ല. രണ്ടാമത് ഞായറാഴ്ച ദിവസങ്ങളിലോ മാറാനായ പെരുന്നാൾ ദിവസങ്ങളിലോ മറ്റു പെരുന്നാൾ ദിവസങ്ങളിലോ ഞാൻ മദ്യപാനം ചെയ്ത് പള്ളിയിൽ വന്ന് വിശുദ്ധകർമ്മങ്ങളിൽ ഞാൻ സംബന്ധിക്കയോ അലോഹ്യമായ വർത്തമാനങ്ങൾ പറകയോ ചെയ്യുന്നതല്ല.

മൂന്നാമത്, ഞാൻ മദ്യപാനം ചെയ്ത് പെരിമയായി (?) കച്ചേരി സ്ഥലങ്ങളിലോ മറ്റ് ബഹുക്കൾ കൂടപ്പെടുന്ന സ്ഥലങ്ങളിലോ പോയി ആക്ഷേപങ്ങൾക്കും പരിഹാസങ്ങൾക്കും എടവരുത്തുന്നതല്ല.

നാലാമത്, ഞായറാഴ്ച ദിവസങ്ങളിലും പെരുനാൾ ദിവസങ്ങളിലും ഭംഗിയായി പള്ളിയിൽ പോയി വിശുദ്ധ ശുശ്രൂഷകളിൽ സംബന്ധിച്ചുകൊള്ളാം.

ഇതിന്മണ്ണം അല്ലാതെ നോമ്പുദിവസങ്ങളിൽ ഞാൻ മദ്യപാനം ചെയ്യുകയോ ലഹരിച്ചുകൊണ്ട് പള്ളിയിൽ വരികയോ അലോഹ്യവർത്തമാനങ്ങൾ പറയുകയോ ലഹരിയുടെ പെരുമയിൽ കച്ചേരിസ്ഥലങ്ങളിലോ മറ്റു ബഹുക്കൾ കൂടപ്പെടുന്ന സ്ഥലത്തോ പോയി നിന്ദയ്ക്കും പരിഹാസത്തിനും സംഗതി വരുത്തുകയോ ചെയ്താൽ എന്റെ കുറ്റത്തിനും കൽപ്പന ലംഘ (നത്തി) നും പ്രായശ്ചിത്തമായി തിരുമനസ്സുകൊണ്ട് കൽപിക്കുന്ന പിഴ ഞാൻ തീർത്ത് തിരുമുമ്പാകെ കെട്ടിവെയ്ക്കുന്നത് കൂടാതെ എന്റെ പട്ടത്വത്തിന്റെ വേലയിൽനിന്നും ഞാൻ മുടങ്ങപ്പെട്ടവനായി നിന്നുകൊള്ളുവാനും സമ്മതിച്ച് ഈ ഉടമ്പടി കൈച്ചീട്ട് എഴുതി വെച്ചാൻ

ഗീവറുഗീസ് കത്തനാർ (ഒപ്പ്)

(1892) 1067 മേടമാസം 26-ാം തീയതി

സാക്ഷി
1. പുളിയനാട്ട് ഇത്താപ്പരി കത്തനാർ
2. മാറാഞ്ചേരി ഇത്താപ്പരി കത്തനാർ

## 122

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ പ്രിയ പുത്രൻ അടങ്ങപ്പുറത്ത് കൊച്ചുപണിക്കർക്ക് വാഴ്വ്.

ഇരവിപേരൂർ നമ്മുടെ എതിർ കക്ഷിയിൽ നിന്നിരുന്നവരിൽ ചിലർ ഈയ്യിടെ നമ്മിലേക്ക് തിരിഞ്ഞു വന്നിരിക്കുന്ന വിവരവും അവർക്ക് ഒരു പള്ളി വയ്ക്കുന്നതിന് ആലോചിച്ച് വരുന്ന വിവരവും അറിഞ്ഞിരിക്കു മല്ലോ. ഇക്കാര്യത്തിൽ നമ്മുടെ ഈ മക്കൾക്ക് കഴിയുന്ന സഹായങ്ങ ളെല്ലാം ചെയ്തുകൊടുക്കണമെന്ന് നമുക്ക് വളരെ ആഗ്രഹമുണ്ട്. നാം എത്ര ആഗ്രഹിച്ചാലും പ്രധാന സഹായം അവിടെ സ്ഥലത്തുള്ളവരിൽ നിന്ന് ഉണ്ടാവാത്തപക്ഷം നമ്മുടെ ആഗ്രഹം നിഷ്പ്രയോജനമായി വരു കയേ ഉള്ളൂ. കല്ലൂപ്പാറയുള്ള നമ്മുടെ പ്രിയ പുത്രന്മാർക്ക് എല്ലാവർക്കും ഈ കാര്യത്തിൽ വളരെ തീക്ഷ്ണതയും ഉത്സാഹവും ഉണ്ടെന്നറിയുന്ന തിൽ നാം വളരെ സന്തോഷിക്കുന്നു. കൊച്ചുപണിക്കരും അക്കൂട്ടത്തിൽ ഉത്സാഹികളിൽ വച്ച് ഒട്ടും അപ്രധാനമല്ലാത്തവരിൽ ഒരുവനാണെന്ന് അറിയുന്നതിൽ നമുക്കുള്ള സന്തോഷം അൽപമല്ല. അവർക്ക് പള്ളി വയ്ക്കുവാൻ എഴുതി വാങ്ങിയിട്ടുള്ള ആധാരത്തിന്റെ അർത്ഥം കൊടുത്ത് കടം വീട്ടുന്നതിനും പള്ളി സ്ഥാപിക്കുന്നതിനും കല്ലൂപ്പാറ പള്ളിക്കാരുടെ സഹായമാണ് സർവ്വപ്രധാനമായിട്ടുള്ളത്. അതിൽ യഥാശക്തി എല്ലാ വരും സംബന്ധിപ്പാനും ഈ നല്ല ഉദ്ദേശ്യം നിറവേറ്റുവാനും കൊച്ചുപണി ക്കരുടെ ശ്രമവും പ്രത്യേകം വേണ്ടിയിരിക്കുന്നു. അതിനാൽ ആ കുടുംബ ത്തേക്ക് സഹജമായിരിക്കുന്ന ജാഗ്രത ഇക്കാര്യത്തിൽ കാണുമെന്ന് പൂർണ്ണ വിശ്വാസമുണ്ടെങ്കിലും നാം കൂടെ അതിനെ പ്രോത്സാഹിപ്പിക്കു ന്നത് കൊള്ളാമെന്ന് വിചാരിച്ച് എഴുതുന്നുവെന്നേയുള്ളു. ആയതിനാൽ പ്രിയനേ, ഈ സംഗതിയിൽ വേണ്ടതെല്ലാം പ്രവർത്തിക്കുകയും വിവര മെല്ലാം അപ്പോഴപ്പോൾ നമ്മെ അറിയിക്കുകയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാ കട്ടെ.

1908 ഇടവമാസം 4-ന് കോട്ടയത്ത് സെമിനാരിയിൽ നിന്ന് (ഒപ്പ്)

**123**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ ആത്മീയ പുത്രനാകുന്ന അടങ്ങപ്പുറത്ത് കൊച്ചുപണിക്കർക്ക് വാഴ്വ്.

ഇവിടെയുള്ള നമ്മുടെ മക്കളുടെ അനുസരണക്കേടിനും വാശിക്കും യാതൊരു ശമനവും കാണുന്നില്ല. നമുക്ക് ശരീരത്തിന് നല്ല സുഖമില്ലാ തെയും ഇരിക്കുന്നു. ഏതായാലും കാര്യങ്ങൾക്കൊക്കെയും നാളെ ഒരു

തീരുമാനം ചെയ്തിട്ട് മറ്റേനാൾ ഇവിടെ നിന്നും യാത്ര പുറപ്പെടണമെന്ന് നിശ്ചയിച്ചിരിക്കുന്നതാകകൊണ്ട് നാളെ കാലത്ത് പത്തു മണിയോടുകൂടി വന്നുചേരുകയും വേണം. ശേഷം കാര്യങ്ങൾ നമ്മൾ നേരിൽ കണ്ട് പറഞ്ഞുകൊള്ളാമെന്ന വിചാരത്താൽ ചുരുക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1084 (1909) കന്നി 22-ാം തീയതി ബുധനാഴ്ച തിരുവല്ല പാലിയേക്കര പള്ളിയിൽ നിന്ന്.

എന്തെല്ലാം ബദ്ധപ്പാടുകൾ ഉണ്ടായിരുന്നാലും ആയതൊക്കെയും ഒഴിച്ചുവെച്ച് നാളെത്തന്നെ വന്നുചേരണമെന്ന് വീണ്ടും താൽപര്യപ്പെടുന്നു.

## 124

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നാം എത്രയും ഭക്തിയോടെ സ്നേഹിക്കുന്ന നമ്മുടെ ഈപ്പൻ കൊച്ചു പണിക്കർക്ക് വാഴ്വ്.

നമ്മൾ തമ്മിൽ കണ്ടു സന്തോഷിച്ചിട്ടുള്ള ദിവസങ്ങൾ എത്രയും ദീർഘപ്പെട്ടിരിക്കുക കൊണ്ട് കാണ്മാനുള്ള ആഗ്രഹം എത്രമേൽ വർദ്ധിച്ചിരിക്കുന്നു എന്ന് എഴുത്തിനാൽ മാത്രം അറിയിപ്പാൻ പ്രയാസം. നമ്മുടെ ഇട്ടിയവിര വശം അയച്ച എഴുത്തിൽ പ്രസ്താവിച്ചപ്രകാരം ഒന്നും ബന്ധപ്പെടാതെ ഇരിപ്പാവുന്നതല്ല. വൃദ്ധനായാലും രോഗത്താലും വളരെ ക്ഷീണിക്കുകയും മനസ്സമാധാനമില്ലാതെയും തീർന്നിരിക്കുന്നുവെങ്കിലും കരുണയുടെ ദൈവം തനിക്ക് നൽകി തന്നിരിക്കുന്ന കാര്യങ്ങൾക്കൊത്തവണ്ണം താൻ ആഗ്രഹിച്ചിരിക്കുന്ന കാര്യങ്ങളൊക്കെയും ദൈവം നിറവേറ്റിത്തന്ന് കണ്ട് സന്തോഷിച്ച് ആനന്ദിപ്പാൻ തക്ക ദീർഘായുസ് ക്ഷമയാൽ സാബായേപ്പോലെ തനിക്ക് ദൈവം നൽകി തരുമെന്ന് പൂർണ്ണമായി നാം വിശ്വസിക്കുകയും അതിനാൽ ദൈവത്തോട് പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. മങ്ങിക്കത്തുന്ന വിളക്ക് വേഗത്തിൽ കെടുന്നതല്ലെന്നും ചതയപ്പെട്ട കുല വേഗത്തിൽ ഒടിയുന്നതല്ലെന്നും വചനവും തന്നിൽ നിവൃത്തിയാകും. നമ്മെക്കുറിച്ച് ചോദിക്കുന്നുവെങ്കിൽ നമ്മുടെ കൊച്ചുമെത്രാച്ചന്റെ വേർപാടിൽ ഉണ്ടായിരിക്കുന്ന വേദനകൾ ഇന്നും നമ്മിൽ നിന്ന് ആറാതിരിക്കുന്നതാകുന്നു. എല്ലാ കാര്യങ്ങളും വലിയ സുഖക്കേടുകൾ ഒന്നും കൂടാതിരിക്കുന്നു എന്നു പറയാം. ദൈവം തിരുമനസാകുന്നു എങ്കിൽ നമ്മുടെ കൊച്ചുമെത്രാച്ചന്റെ ആണ്ട് അടിയന്തിരം

കഴിഞ്ഞാൽ ഉടൻ അങ്ങോട്ട് പുറപ്പെടുന്നതിനും നമ്മുടെ കൊച്ചു ശെമ്മാശ്ശനെക്കൂടെ കൊണ്ടുവരുന്നതിനു ദൈവത്തിൽ ഇച്ഛിച്ചിരിക്കുന്നു.

ശേഷം വിവരങ്ങൾ നമ്മുടെ ഇട്ടിയവിരാ പറഞ്ഞറിയാൻ ഇടവരുന്നതുകൊണ്ട് ചുരുക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്

കൊല്ലം 1079 കന്നി മാസം 6-ാം തീയതി കോട്ടയത്തു സെമിനാരിയിൽ നിന്നും

(മുദ്ര) (ഒപ്പ്)

**125**

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നാം എത്രയും ഭക്തിയോടെ സ്നേഹിക്കുന്ന നമ്മുടെ സ്വന്തം കൊച്ചു പണിക്കർക്ക് വാഴ്വ്.

നാം ഇവിടെ എത്തിയിട്ട് ഇന്നു ഒന്നര മാസത്തോളം ആയി. ഇവിടെയെത്തുവാനുള്ള കാരണം ഇന്നത് എന്ന് അറിഞ്ഞിരിക്കുമല്ലോ. ആ കാര്യത്തിലെ റിക്കോർഡുകൾ വളരെ മോശമായിട്ടുള്ളതാകയാൽ വലിയ ഗുണമൊന്നും ഉണ്ടാകുവാൻ മാർഗ്ഗമില്ലാതെ ഇരുന്നു എങ്കിലും കുട്ടികളുടെ ശിക്ഷ ഇല്ലാതാക്കി കത്തനാര് പോവുകയും ചെയ്തു. പിന്നീടുള്ള താമസം നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിക്കപ്പെട്ട ഏഴു പള്ളികളിൽ ഒന്നായ നിലയ്ക്കൽ പള്ളി സ്ഥലം ഇപ്പോൾ കാടു കേറി വൻ കാടായി കിടക്കുന്നുവെങ്കിലും ഈ പള്ളി നമ്മുടെ പതിനൊന്നാം മണി നേരത്തെ വേലയ്ക്കായി നന്നാക്കി പണിയിപ്പിച്ച് പത്തിരുപത് വീട്ടുകാരെ അവിടെ കുടിയേറ്റി പാർപ്പിക്കണമെന്നുള്ള അപേക്ഷമേൽ ഈ സ്ഥലം നമ്മുടെ പേരിൽ പതിപ്പിക്കണമെന്ന് വിചാരിച്ചിട്ട് ഹർജി ബോധിപ്പിച്ചു. ഇപ്പോൾ സ്ഥലവിചാരണയ്ക്കായി തഹസീൽദാരും നമ്മുടെ ആളായി ചെറിയമഠത്തിൽ കത്തനാരും മറ്റും പോയിരിക്കുന്നു. അവർ തിരിച്ചുവന്ന് അവരുടെ റിപ്പോർട്ട് ഇവിടെയെത്തി ഈ സ്ഥലം നമ്മുടെ പേരിൽ പതിപ്പിച്ചു വേണം ഇവിടെ നിന്നും പുറപ്പെടാൻ എന്നു വിചാരിച്ച് താമസിക്കുന്നു. കൂടാതെ മാരാമൺപള്ളി നമ്പ്രന്റെ തീരുമാനം കഴിഞ്ഞുവേണം പുറപ്പെടാൻ എന്നു വേണം വിചാരിക്കുന്നുണ്ട്. തിരുവല്ലായിൽ പണം കൊണ്ട് ജയിച്ചുകൊള്ളാമെന്ന് നിശ്ചയിച്ച് 1000 രൂപയോളം അവർ ചിലവു ചെയ്തു. വിസ്താരം ആരംഭിച്ചപ്പോൾ വിസ്താരങ്ങൾ

ഒക്കെയും കൊല്ലത്തുവെച്ച് കഴിച്ചുകൊള്ളണമെന്നും അതിനാൽ ഒന്നാം ക്ലാസ്സിലേക്ക് അയയ്ക്കണമെന്നും അവർ നിനക്കാതെ ഉത്തരവു ചെയ്കയാൽ എല്ലാവരും വിഷണ്ണന്മാരായി തീർന്നു പോയി. ഈ കേസിൽ നാം ഒട്ടും ഉപേക്ഷ വിചാരിക്കുന്നതല്ല. നമ്മുടെ ചെറിയപള്ളി കേസിൽ നമുക്കുണ്ടായ താൽപര്യംപോലെ ഈ നമ്പർ കാര്യത്തിലും താൽപര്യം വേണമെന്ന് താങ്കൾ പറഞ്ഞതായി നമ്മുടെ ഇട്ടിയവിര ഇവിടെ പറഞ്ഞു. അങ്ങനെ വിചാരിക്കുകയോ ചഞ്ചലപ്പെടുകയോ വേണ്ട. ദൈവം തിരുമനസ്സാകുന്നുവെങ്കിൽ നമ്മൾ കഴിയുന്നത്ര ശ്രമങ്ങളൊക്കെയും ഇക്കാര്യത്തിൽ ചെയ്യുന്നതായി ദൈവത്തിൽ ഇച്ഛിക്കുന്നു. ദൈവം സഹായിക്കുമാറാകട്ടെ. ഗുണമായ തീരുമാനത്തെ ദൈവം ഉണ്ടാക്കിത്തരുകയും ചെയ്യുമെന്ന് പൂർണ്ണമായി വിശ്വസിക്കാം.

വിശേഷിച്ച് വീട്ടിലുണ്ടായ സുഖക്കേടും അതിൽ വെച്ചുണ്ടായ വലിയ മനോവേദനയും കഴിഞ്ഞ ആഴ്ചയിൽ നമ്മുടെ മല്ലപ്പള്ളിക്കാരൻ കൊച്ചുകുഞ്ഞ് നായർ ഇവിടെ വന്നപ്പോൾ മാത്രമേ അറിയുവാൻ സംഗതിയായുള്ളു. കർത്താവിൽ അനുഗ്രഹിക്കപ്പെട്ടും ആശീർവ്വദിക്കപ്പെട്ടും ഇരിക്കുന്ന ഭവനത്തിൽ ഇത്രയും വ്യസനത്തിന് ഇടയായിത്തീർന്നുവല്ലോ എന്നോർത്ത് നാമും വളരെ വ്യസനിക്കുകയുണ്ടായി. എന്തു ചെയ്യാം. നമ്മുടെ കർത്താവിന്റെ വിളിയെ ആർക്കും തടുക്കുവാൻ കഴിയുന്നതല്ലല്ലോ. അതിനാൽ സകല വ്യസനങ്ങളും കർത്താവിൽ സമർപ്പിച്ച് മുട്ടിപ്പായി പ്രാർത്ഥിക്കാം. അപ്പോൾ നല്ല ആശ്വാസത്തേയും സൗഖ്യത്തേയും നൽകിതരികയും ചെയ്യും.

ഇതാ നാം നിങ്ങൾക്കുവേണ്ടിയും ഇഹലോകം വിട്ടുപോയ നമ്മുടെ പുത്രിക്കുവേണ്ടിയും സദാ നാം പ്രാർത്ഥിക്കുന്നു. ശേഷം വിവരങ്ങൾ നമ്മുടെ ഇട്ടിയവിര പറഞ്ഞ് അറിയാൻ ഇടവരുന്നത് ആകകൊണ്ട് ചുരുക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1078 (1903) ചിങ്ങം 12-ാം തീയതി തിരുവനന്തപുരത്തു നിന്ന്. (ഒപ്പ്)

**126**

# അന്ത്യ കല്പന

## മലങ്കര ഇടവകയുടെ
## മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ എഴുത്തു[124]

നമ്മുടെ അധികാരത്തിൻകീഴുള്ള എല്ലാ പള്ളികളിലെയും വികാരി മാരും ദേശത്തുപട്ടക്കാരും കൈക്കാരരും ശേഷം ജനങ്ങളുമായി നമ്മുടെ പ്രിയ മക്കളായ എല്ലാവർക്കും വാഴ്വ്.

നമ്മുടെ ആത്മീയതൊഴുത്തിലെ ആടുകളും നമ്മുടെ കണ്ണുകളുടെ കൃഷ്ണമണികളും നമ്മുടെ ഭുജവും ശക്തിയുമായിരിക്കുന്ന പ്രിയ മക്കളേ! നാം കുറെ മാസങ്ങളായി രോഗക്കിടക്കയിൽ കിടക്കുന്നു എന്നുള്ള വിവരം നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ. മനുഷ്യായുസ്സ് നിഴൽ പോലെയോ, പുല്ലിന്റെ പൂവു പോലെയോ അസ്ഥിരമായിട്ടുള്ളതാണെന്നു വിശുദ്ധ വേദം നമ്മെ പഠിപ്പിക്കുന്നതു മാത്രമല്ല, ആ പരമസത്യം ആരാലും നിഷേധിപ്പാൻ പാടില്ലാത്തവണ്ണം ദിവസേന എന്നപോലെ നമ്മുടെ കണ്ണുകളാൽ കണ്ടും ചെവികളാൽ കേട്ടും അനുഭവത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതുമാകയാൽ ഒരുത്തനും തന്റെ ആയുസ്സിനെക്കുറിച്ചു പ്രശംസിപ്പാൻ അവകാശമില്ലല്ലോ. എന്നാൽ, നാമോ എഴുപത്തേഴു വയസ്സുപ്രായമുള്ള വൃദ്ധനായിരിക്കുന്ന സ്ഥിതിക്കു നമ്മുടെ ഈ ലോകജീവിതകാലത്തിന്റെ ദൈർഘ്യത്തെക്കുറിച്ചു ആശിച്ചിരിപ്പാനോ ആഗ്രഹിപ്പാനോ ഇനി ഒട്ടുംതന്നെ നമുക്കു അവകാശമില്ല. അതിനാൽ ഈ രോഗത്തിൽ നിന്നു നാം സ്വസ്ഥത പ്രാപിക്കയോ നമ്മുടെ ഈ പരദേശയാത്രയെ അവസാനിപ്പിക്കയോ ദൈവഇഷ്ടം എന്തുതന്നെ ആയിരുന്നാലും അതിനു ക്ഷമയോടെ നാം കീഴ്പ്പെടുകയും അസ്ഥിരമായ ഈ ആയുസ്സിൽ എഴുപത്തേഴു വയസ്സുവരെ നമ്മെ കാത്തുപരിപാലിക്കുകയും അനേകം അപകടങ്ങളിൽക്കൂടി നമ്മെ വഴിനടത്തുകയും ചെയ്ത ഈ പരമദയാലുവായ നമ്മുടെ സ്രഷ്ടാവിനെ നാം മഹത്വപ്പെടുത്തുകയും ചെയ്തുകൊണ്ടു നാം മരിക്കുന്നതായാൽ നമ്മുടെ ജഡത്തെ മണ്ണിലേക്കും നമ്മുടെ ആത്മാവിനെ ദൈവതൃക്കയ്യിലേക്കും നാം ഏല്പിക്കുന്നു.

പ്രിയമക്കളേ! നമ്മുടെ കഴിഞ്ഞ കാലങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ നമ്മുടെ ദിവ്യരക്ഷകൻ നമ്മിൽ പ്രവർത്തിച്ചിട്ടുള്ള കരുണയും സഹായങ്ങളും അവർണ്ണനീയങ്ങളാണെന്നും നാം സകല മനുഷ്യരെയും കാൾ അധികം തനിക്കു കടപ്പെട്ടവനാണെന്നും നമ്മുടെ കടമയ്ക്കുതക്ക

വണ്ണം നാം ശരിയായി പ്രവർത്തിച്ചിട്ടില്ല എന്നുമുള്ള ബോദ്ധ്യം നമ്മുടെ മനസ്സിൽ സദാ വ്യാപിച്ചുകൊണ്ടിരിക്കുന്നു. അയോഗ്യനായിരിക്കുന്ന നമ്മുടെമേൽ താൻ ചെയ്തിട്ടുള്ള അളവറ്റ കരുണയെ ഓർത്തു തന്നെ നാം ഹൃദയപൂർവ്വം അഭിനന്ദിക്കയും നമ്മുടെ അയോഗ്യതയെയും അപാത്രതയെയും വിചാരിക്കുമ്പോൾ നാം വ്യസനിക്കയും ചെയ്യുന്നു. എങ്കിലും പാപികളെ നീതീകരിക്കയും ബലഹീനന്മാരെ ബലപ്പെടുത്തുകയും അയോഗ്യന്മാരെ യോഗ്യന്മാരാക്കുകയും താഴ്മയുള്ളവരെ കുപ്പയിൽ നിന്നു സിംഹാസനത്തിങ്കലേക്കുയർത്തുകയും ചെയ്യുന്നവനായ കർത്താവിന്റെ കരുണയിൽ നമുക്ക് ഉറപ്പായ ആശ്രയവും ഉള്ളതിനാൽ നാം നമ്മെക്കുറിച്ച് ഒട്ടുംതന്നെ ഭയപ്പെടുന്നില്ല.

ദാവീദ് ആടുകളുടെ പിന്നാലെ നടന്നുകൊണ്ടിരിക്കുമ്പോൾ ദൈവം അവനെ വിളിച്ചു തന്റെ ജനത്തിന്മേൽ രാജാവായി അഭിഷേകം ചെയ്തതുപോലെ നാം മലങ്കരയിടവകയിൽ നിസ്സാരന്മാരിൽ നിസ്സാരനായിരുന്നിട്ടും അനേകായിരം ആത്മാക്കളുടെ ആത്മീയഭരണം കയ്യേൽക്കുന്നതിനു ദൈവം തന്റെ കരുണയാൽ നമ്മെ വിളിക്കയും 1865-മാണ്ടു മേട മാസം 18-നു ഡയർബെക്കർ പട്ടണത്തിലുള്ള വിശുദ്ധ ദൈവമാതാവിന്റെ പള്ളിയിൽ വച്ച് അന്ത്യോഖ്യായുടെ രണ്ടാമത്തെ യാക്കോബ് മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസുബാവാ തിരുമനസ്സിലെ കൈകളാൽ മലങ്കര മെത്രാപ്പോലീത്തായായി നാം അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. ആ സമയം നമുക്കു ഭരമേല്പിക്കപ്പെട്ട ചുമതലകളും നാം ചെയ്ത വാഗ്ദത്തങ്ങളും ഏറെക്കുറെ നിറവേറ്റി നമ്മുടെ ആത്മീയമക്കളായ നിങ്ങളെ പരിശുദ്ധ ശ്ലീഹന്മാരുടെയും ബാവാമാരുടെയും അടിസ്ഥാനത്തിന്മേൽ ഉറപ്പിച്ചു ആത്മീയവും ലൗകികവുമായ എല്ലാ കാര്യങ്ങളിലും നമ്മുടെ സഭയെയും സമുദായത്തെയും ഉയർത്തുന്നതിന് അപ്രാപ്തനും ബലഹീനനുമായ നാം ചെയ്തിട്ടുള്ള പരിശ്രമങ്ങൾ നമ്മുടെ മനസ്സിന്റെ ആഗ്രഹപ്രകാരം തൃപ്തികരമായിട്ടുണ്ടെന്നും നിങ്ങൾക്കു നമ്മുടെമേൽ നിഷ്കളങ്കമായ ഭക്തിയും സ്നേഹവും ഉണ്ടെന്നും നിങ്ങൾ എല്ലാ പ്രകാരത്തിലും പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരിക്കുന്നതുതന്നെ ഈ രോഗക്കിടക്കയിൽ നമ്മുടെ മനസ്സിനു അനല്പമായ സമാധാനമാകുന്നു. നാം അയോഗ്യപാത്രമാകുന്നു എങ്കിലും വിശുദ്ധ കൂദാശകളുടെ സംബന്ധം വഴിയായി നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, കഷ്ടാനുഭവം, കുരിശുമരണം, ഉയിർത്തെഴുന്നേല്പ് ഇവകളാൽ താൻ നമ്മുടെ കുറവുകളെ നികത്തുകയും നാമും നിങ്ങളും തന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കുമ്പോൾ നമുക്കു ഭരമേല്പിക്കപ്പെട്ട കട്ടിവരാഹൻകൊണ്ടു നാം ചെയ്ത വ്യാപാരത്തിന്റെ ഫലങ്ങളായി നിങ്ങളെ നാം സമർപ്പിക്കുവാനും "നല്ലവനും വിശ്വസ്തനുമായ ദാസനേ! നീ അല്പകാര്യത്തിൽ വിശ്വ

സ്തനായിരുന്നു, ഞാൻ നിന്നെ അനേകകാര്യങ്ങളിൽ അധികാരിയാക്കും, നിന്റെ കർത്താവിന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക" എന്നുള്ള സന്തോഷകരമായ വചനം നാമും, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! ലോകാരംഭത്തിനു മുമ്പായി നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ അവകാശിച്ചുകൊള്ളുവിൻ" എന്നുള്ള ആനന്ദകരമായ വചനം നിങ്ങളും കേൾക്കാൻ ഇടയാകയും ചെയ്യുമെന്നുള്ള ആശയോടും വിശ്വാസത്തോടും കൂടെ ലോകത്തിനും നിങ്ങൾക്കും ആത്മീയവർദ്ധനവു വരുത്തുവാനും സകല വിശുദ്ധന്മാരോടുകൂടെ അവകാശം തരുവാനും കഴിയുന്ന തന്റെ കൃപയുടെ വചനത്തിനു നാം നിങ്ങളെ ഭരമേല്പിക്കുന്നു. നടപ്പു 20:32 പ്രിയ മക്കളേ! നാം നിങ്ങളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കാലത്തു നിങ്ങളോടു ഉപദേശിച്ചിട്ടുള്ള ഉപദേശങ്ങളിൽ നിങ്ങൾ സ്ഥിരമുള്ളവരും വിശ്വസ്തന്മാരുമായിരിക്കണമെന്നു നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു. പരിശുദ്ധ ശ്ലീഹന്മാരുടെയും സത്യവിശ്വാസികളായ പിതാക്കന്മാരുടെയും നിഖ്യാ, കുസ്തന്തീനോസ്പ്പോലീസ്, എപ്പസൂസ് ഈ മൂന്നു വിശുദ്ധ സുന്നഹദോസുകളുടെയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന നമ്മുടെ വിശുദ്ധ സഭയുടെ വിശ്വാസോപദേശാചാരങ്ങളിൽ നിങ്ങൾ എന്നും സ്ഥിരമായി നിന്ന് ആ സത്യവിശ്വാസത്തിനുവേണ്ടി മരണത്തോളം പോരാടുന്നവർ ആയിരിക്കണമെന്നു നാം ആഗ്രഹിക്കുന്നു. "ഞങ്ങൾ നിങ്ങൾക്കു സുവിശേഷിച്ചതിനു വിരോധമായി ഞങ്ങളോ സ്വർഗ്ഗത്തിൽനിന്ന് ഒരു മാലാഖാ തന്നെയോ നിങ്ങളോടു സുവിശേഷിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" എന്നു വിശുദ്ധ പൗലൂസ് ശ്ലീഹാ ഗലാത്തിയാക്കാരോടു പറഞ്ഞ പ്രസംഗം തന്നെ ഈ രോഗക്കിടക്കയിൽ നിന്നു നാമും നിങ്ങളോടു പ്രസംഗിക്കുന്നു. ആ സത്യവിശ്വാസത്തിൽ നിന്നും ജീവവഴിയിൽ നിന്നും നിങ്ങളെ തെറ്റിക്കുന്നതിനു സാത്താനും അവന്റെ ദൂതന്മാരും ഗർജ്ജിക്കുന്ന സിംഹങ്ങളെപ്പോലെ പാഞ്ഞു നടക്കുന്നു. അവരുടെ കെണികളെ തകർക്കുന്നതിനു നിങ്ങൾ പ്രാപ്തന്മാരാകേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗങ്ങളെയും നിങ്ങൾ ധരിച്ചുകൊണ്ട് ഉപവാസത്താലും പ്രാർത്ഥനയാലും നിങ്ങളെത്തന്നെ ഒരുക്കുവിൻ. നമ്മുടെ സഹോദരന്മാരും പിന്തുടർച്ചക്കാരുമായി നിങ്ങളെ ഭരിപ്പാൻ നിയമിക്കപ്പെടുന്ന നിങ്ങളുടെ മേല്പട്ടക്കാരെയും പട്ടക്കാരെയും അനുസരിക്കയും സഭയിലും പള്ളികളിലും സമുദായത്തിലും സമാധാനവും ഐശ്വര്യവും വർദ്ധിക്കുന്നതിന് വേലചെയ്കയും അങ്ങനെയുള്ള ദിവ്യവേലയിൽ അവരെ സഹായിക്കയും ചെയ്വിൻ. പ്രസംഗക്കാരൻ പറയുന്നതുപോലെ ഈ ലോകവും അതിന്റെ മഹത്വങ്ങളും മായയാകുന്നു. മായാമായകളുടെ മായ, സകലവും മായ തന്നെ. ഈ മായയിൽ ശരണപ്പെട്ടു വിലയേറിയ നിങ്ങളുടെ ആത്മാക്കളെ നഷ്ടപ്പെടുത്താതിരിപ്പാൻ നിങ്ങൾ പ്രത്യേകം ജാഗരൂക

ന്മാരായിരിപ്പിൻ.

പിന്നെയും വാത്സല്യമുള്ളവരേ, നമ്മുടെ വിശുദ്ധ സഭയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു നാം ആഗ്രഹിച്ചിരുന്ന ആഗ്രഹങ്ങളിൽ പലതും സാധിക്കാതെ കിടപ്പുണ്ട്. അവയിൽ സർവ്വപ്രധാനമായി നാം കരുതിയിരിക്കുന്നത് നമ്മുടെ തൊഴുത്തിൽ നിന്ന് വിട്ടുപോയ ആടുകളെ തൊഴുത്തിലേക്കു വീണ്ടും ചേർക്കണമെന്നുള്ളതായിരുന്നു. ഇതിനായി നാം പല സന്ദർഭങ്ങളിലും ശ്രമം ചെയ്തു എങ്കിലും അതിലേക്കു ദൈവം നിശ്ചയിച്ചിട്ടുള്ള സമയവും നാഴികയും വരാത്തതിനാലോ നമ്മുടെ ബലഹീനതയുടെ പാപം നിമിത്തം ഈ ദിവ്യവേലയെ പൂർത്തിയാക്കാൻ നാം അയോഗ്യനാണെന്ന് അവിടേക്കു തോന്നിയിട്ടോ ഈ ആഗ്രഹം സാധിച്ചു കാണ്മാൻ നമ്മുടെ ജഡകണ്ണുകളാൽ കഴിയാതെ പോയതു നമ്മുടെ ആയുസ്സിൽ ഏറ്റവും വലിയ നിർഭാഗ്യമായി നാം ഗണിക്കുന്നു. എങ്കിലും ഇതിൽ നമുക്ക് ഇച്ഛാഭംഗമോ നിരാശയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. കർത്താവിന്റെ ഭവനത്തെ പണിയിപ്പാൻ ദാവീദു വളരെ ആഗ്രഹിക്കുകയും അതിനായി വേണ്ട സാമാനങ്ങളെ ശേഖരിക്കുകയും ചെയ്തു എങ്കിലും ആ പ്രവൃത്തി നടത്താൻ അവന്റെ പുത്രനായ ശ്ലേമ്മാനെയാണല്ലോ താൻ തിരഞ്ഞെടുത്തത്. അപ്രകാരം ദേവാലയമാകുന്ന നമ്മുടെ സഭയുടെ കെടുമതികളെ പണിയിക്കുന്നതിനു ദൈവം തന്റെ ദൂതനായി തിരഞ്ഞെടുത്തിരിക്കുന്നത് നമ്മുടെ പിൻഗാമിയെ ആയിരിക്കാമെന്നു നാം ആശ്വസിക്കുന്നു. ദാവീദ് തന്റെ പുത്രനെ വിളിച്ചു. "എന്റെ പുത്രാ! കർത്താവു നിന്നോടുകൂടെ ഇരിക്കുമാറാകട്ടെ. നീ വർദ്ധിച്ചു നിന്റെ ഭവനത്തെ പണിയിക്ക. നീ നിന്റെ ദൈവമായ കർത്താവിന്റെ ന്യായപ്രമാണത്തെ ആചരിക്കേണ്ടുന്നതിനു കർത്താവു നിനക്കു ജ്ഞാനത്തെയും അറിവിനെയും തന്നു ഇസ്രായേലിനെക്കുറിച്ചു നിനക്കു കൽപ്പന നൽകുമാറാകട്ടെ" എന്നീ വചനങ്ങളാൽ ശ്ലേമ്മോനെയും, അവനെ സഹായിക്കണമെന്നു പറഞ്ഞു ഇസ്രായേലിലെ പ്രഭുക്കന്മാരെയും ധൈര്യപ്പെടുത്തിയതുപോലെ നമ്മുടെ സഭാ ഭവനത്തിന്റെ ഈ കേടുകളെ പണിയിച്ച് അതിൽ സമാധാനവും ഐക്യവും വർദ്ധിപ്പിക്കുവാനുള്ള ചുമതല നമ്മുടെ പിൻഗാമിയേയും ആ ദിവ്യവേലയിൽ സഹായിപ്പാൻ നിങ്ങളിൽ ഓരോരുത്തരേയും നാം പ്രത്യേകം പ്രത്യേകം ഭരമേൽപ്പിക്കുന്നു. എന്തെന്നാൽ, ഇതു എല്ലാ പ്രകാരത്തിലും ദൈവകണ്ണുകളിൽ ഇഷ്ടമുള്ള സംഗതിയാകുന്നു. "നാം ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നാകേണ്ടുന്നതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഏകത്വത്തിലേക്കു തിരിഞ്ഞവരായിരിക്കേണമേ" എന്നു നമ്മുടെ ദിവ്യരക്ഷകൻ തന്റെ കഷ്ടാനുഭവത്തിന് അല്പ്പം മുമ്പ് തന്റെ ശിഷ്യന്മാർക്കുവേണ്ടി പിതാവിനോടു ചെയ്ത പ്രാർത്ഥന തന്നെയാണ് നാം ആഗ്രഹിക്കുന്നത്. ഈ ആഗ്രഹം

നിശ്ചയമായും ഒരിക്കൽ സാധിക്കുമെന്ന് നാം ഉറപ്പായി വിശ്വസിക്കുകയും ചെയ്യുന്നു.

കടശ്ശി, പ്രിയമക്കളേ! നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല. നമ്മുടെ കർത്താവിന്റെ രക്തത്താലല്ലാതെ ഒരു നീതിമാനും നീതീകരിക്കപ്പെടുന്നില്ല. നമ്മുടെ ഭരണകാലത്തു നാം നിങ്ങളിൽ ആരെയെങ്കിലും വ്യസനിപ്പിക്കുകയോ നഷ്ടപ്പെടുത്തുകയോ മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും വല്ല ദോഷവും ചെയ്കയോ ചെയ്തുപോയിട്ടുണ്ടെങ്കിൽ അവയെല്ലാം പാപികൾക്കുവേണ്ടി തന്റെ ജീവനെ ഏല്പിച്ചുകൊടുക്കുകയും തന്നെ കുരിശിൽ തൂക്കിയവർക്കുവേണ്ടി തന്റെ പിതാവിനോടു പ്രാർത്ഥിക്കുകയും ചെയ്തവനായ കർത്താവീശോമിശിഹായിൽ നമ്മോടു ക്ഷമിക്കണമെന്നു നാം ഓരോരുത്തനോടും അപേക്ഷിക്കുന്നു. അപ്രകാരം തന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു നാം നമ്മുടെ മനസ്സിൽ അശേഷം ശേഷിപ്പിച്ചിട്ടില്ല എന്നും മ്ശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. പിന്നെയും പ്രിയരേ! നിങ്ങൾ ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിപ്പിൻ എന്ന് വിശുദ്ധ യാക്കോബ് കല്പിച്ചിരിക്കുന്നതുപോലെ നമുക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ. നാം മരിക്കുന്നതായാലും സ്വസ്ഥത പ്രാപിക്കുന്നതായാലും നിങ്ങളുടെ പ്രാർത്ഥന നമുക്കു വിലയേറിയ സഹായമാകുന്നു. "ഞാൻ നല്ല പോർ പൊരുതു, ഓട്ടത്തെ തികച്ചു, വിശ്വാസത്തെ കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ആയതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസങ്ങളിൽ എനിക്കു തരും" എന്നു വിശുദ്ധ പൗലൂസ് തന്നെക്കുറിച്ചു തന്നെ പറഞ്ഞ വചനം പാപിയായ നമ്മിലും നിവർത്തിക്കുന്നതിനായി നമുക്കുവേണ്ടി ഇപ്പോഴും നമ്മുടെ കാലശേഷവും നിങ്ങൾ പ്രാർത്ഥിക്കയും പട്ടക്കാർ കുർബാന ചൊല്ലുകയും ചെയ്യണമെന്ന് നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു.

നമ്മുടെ കർത്താവായ യേശുമശിഹാ അദൃശ്യമായിരിക്കുന്ന തന്റെ വലത്തുകൈ ബലഹീനനും പാപിയുമായ നമ്മുടെ വലത്തുകൈയോടുകൂടെ നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങളുടെ കൈകൾ ചെയ്യുന്ന എല്ലാ വേലകളെയും അനുഗ്രഹിക്കയും നമ്മേയും നിങ്ങളെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചുപോയവരെയും തന്റെ സ്വർഗ്ഗീയപറുദീസായിൽ ആശ്വസിപ്പിക്കയും ചെയ്‌വാൻ നാം പ്രാർത്ഥിക്കുന്നു.

അതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമ്മിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രത്യേകം നമ്മുടെ കാവൽക്കാരനായ മാർത്തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും വിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നമ്മുടെ പ്രിയ മക്കളേ! നിങ്ങൾ എല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

എന്ന്,

1909-മാണ്ടു ഇടവമാസം 28-നു കോട്ടയത്തു ചെറിയപള്ളിയിൽ നിന്നും.

## നമ്മുടെ പരദേശയാത്രയുടെ വിവരം

1864-നു കൊല്ലം 1038-ാമാണ്ടു കുംഭ മാസം 27-ാം തീയതി 3 മണിക്കു കുന്നംകുളങ്ങരെ നിന്നും നാം യാത്ര പുറപ്പെട്ടു. ക്രമപ്രകാരം എല്ലാവരോടും യാത്ര പറഞ്ഞു പുറപ്പെടുന്നതിൽ വച്ചു അധിക വ്യസനത്തിന്നും ദുഃഖത്തിനും ഇടവന്നേക്കുമല്ലോ, എല്ലാവരുടെയും ദുഃഖത്തെ കാണുമ്പോൾ നാം അധികം വ്യസനിച്ചു യാത്ര മുടക്കത്തിനും കൂടെ സംഗതി വന്നേയ്ക്കുമോ എന്നു ഭയന്നു ആരോടും യാത്ര പറയാതെ രാത്രികാലങ്ങളിൽ പുറപ്പെട്ടുപോകുവാനായി പല പ്രാവശ്യം ആലോചിച്ചു എങ്കിലും ആ പുറപ്പാടും പോക്കും ദുഷ്കേൾവികൾക്കിടയായിത്തീർന്നേക്കാമെന്നു ശങ്കിച്ചു മുറയ്ക്കു എല്ലാവരോടും യാത്ര പറഞ്ഞു പുറപ്പെടുക തന്നെ ഉത്തമമെന്നു ധൈര്യപ്പെട്ടു പുറപ്പെടുന്ന ദിവസം കാലത്തു മുതൽ കമ്പോളത്തിൽ പ്രത്യേകമുള്ള ഓരോ ഭവനങ്ങളിൽ കേറി യാത്രപറച്ചിൽ തുടങ്ങി. മൂന്നു മണി വരെയും ഈ ശ്രമത്തിലും വിലാപത്തിലും നാം കഴിച്ചുകൂട്ടി എന്നല്ലാതെ യാത്ര പറയുന്ന സമയങ്ങളിൽ നമുക്കും നമുക്കുള്ളവർക്കും ഉണ്ടായ വ്യസനങ്ങളും സങ്കടങ്ങളും ഏതുപ്രകാരമെന്നു വായനക്കാർ ആലോചിച്ചറിയുന്നതല്ലാതെ വിവരിച്ചു പറവാൻ പ്രയാസം.

ആകയാൽ എല്ലാവരോടും ഒരു വിധം യാത്ര പറഞ്ഞു കഴിച്ചു കൂട്ടിയതിന്റെ ശേഷം പള്ളിയിൽ കേറി പ്രാർത്ഥിച്ചു ഇറങ്ങുവാനായി പള്ളിയിലേക്കു പോയി. പ്രാർത്ഥിച്ചു തുടങ്ങിയപ്പോൾ കമ്പോളക്കാർ ഒരു വലിയ കൂട്ടമായി പള്ളിക്കകത്തുവന്നു നമ്മോടുകൂടി പ്രാർത്ഥിക്കുകയും വിലപിക്കുകയും ചെയ്തു തുടങ്ങി. പള്ളിയിൽ നിന്നു നാം ഇറങ്ങിയപ്പോൾ എല്ലാവരും നമ്മുടെ പിന്നാലെ വലിയ ദുഃഖത്തോടെ പുറപ്പെട്ടു. കുന്നത്തങ്ങാടി കഴിഞ്ഞപ്പോൾ (കുന്നംകുളം പഴയപള്ളിയിൽ നിന്ന് ഗുരുവായൂർ റോഡിലേയ്ക്കുള്ള ഉയർന്ന റോഡിന് ഇന്നും കുന്നത്തങ്ങാടി എന്നാണ് പേർ - എഡിറ്റർ) എല്ലാവരും അവിടെ നില്പാനായി പറഞ്ഞു വളരെ സങ്കടത്തോടെ നാം മഞ്ചൽ കേറുകയും ചെയ്തു. എങ്കിലും നമ്മുടെ വേർപിരിവിൽ ജനങ്ങൾക്കുള്ള സങ്കടം ഒതുങ്ങായ്കയാൽ പിന്നെയും നമ്മുടെ പിന്നാലെ ബദ്ധപ്പെട്ടും വ്യസനിച്ചും വരുന്നുവെന്നു മഞ്ചൽകാർ പറഞ്ഞപ്പോൾ പിന്നെയും മഞ്ചലിൽ നിന്നു നാം ബദ്ധപ്പെട്ടു ഇറങ്ങി അനേകവിധമുള്ള ആശ്വാസവാക്കുകൾ എല്ലാവരോടും പറഞ്ഞു വലിയ പ്രയാസത്തോടെ എല്ലാവരെയും അവിടെ നിർത്തി പുറപ്പെടുകയും ചെയ്തു. എന്നാൽ ആ നാളുകളിൽ ബഹുമാനപ്പെട്ട മാർ കൂറിലോസു ബാവാ അവർകൾ കോലഞ്ചേരി പള്ളിയിൽ ആകുന്നുവെന്ന് അറിഞ്ഞിരുന്നതിനാൽ അദ്ദേഹത്തോടും വടക്കേ ദിക്കിലുള്ള പള്ളിക്കാരോടും യാത്രപറഞ്ഞും പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ പേർക്കും മറ്റും വേണ്ടിയ എഴുത്തുകുത്തുകൾ ബാവാ അവർകളിൽ

നിന്നു വാങ്ങിച്ചും പുറപ്പെടുന്നതിനുവേണ്ടി കരമാർഗ്ഗം പുറപ്പെടുകയാണെളുപ്പമെന്നു കണ്ടതിനാൽ കരമാർഗ്ഗമാണു യാത്രപുറപ്പെട്ടത്. അന്നു രാത്രി 8 മണിക്കു തൃശ്ശിവപേരൂർ പള്ളിയിൽ എത്തി താമസിച്ചു. എങ്കിലും അന്നേദിവസം കഴിച്ചുകൂട്ടിയ പലവിധമായ വിലാപങ്ങളാലും സ്വന്തരാജ്യത്തെയും സ്വജനങ്ങളെയും വിട്ടുപിരിഞ്ഞ നിമിത്തം ഉണ്ടായ മനോദുഃഖത്താലും ആ രാത്രിയിൽ ഒന്നുംതന്നെ ഭക്ഷിയ്ക്കാൻ മനസ്സില്ലാതെ കഴിച്ചുകൂട്ടി. നേരം പുലർന്നപ്പോൾ ആ പള്ളിയിൽ നമ്മുടെ താല്പര്യക്കാരനായി ഉണ്ടായിരുന്ന ചാക്കോള അച്ചൻ നമ്മുടെ അടുക്കൽ വരികയും യാതൊരു സന്തോഷമുഖവും നമ്മിൽ നിന്നു കാണാതെ ഇരുന്നപ്പോൾ എന്താ ഇങ്ങനെ ഭവിപ്പാൻ കാരണമെന്നു ചോദിച്ചു വിവരം അറിഞ്ഞതിന്റെ ശേഷം അദ്ദേഹം കുറെ ആശ്വാസവാക്കുകൾ പറഞ്ഞു ആശ്വസിപ്പിക്കുകയും ഭക്ഷണം കഴിപ്പിക്കയും ചെയ്തു. പിറ്റേദിവസം അവിടെനിന്നും മഞ്ചൽ മാർഗ്ഗം തന്നെ യാത്രപുറപ്പെട്ടു ചാലക്കുടി പള്ളിയിൽ എത്തി താമസിക്കുകയും പിറ്റേദിവസം അവിടെനിന്നും പുറപ്പെട്ടു അങ്കമാലി പള്ളിയിൽ എത്തി താമസിക്കുകയും യാത്രാവിവരങ്ങൾ അങ്കമാലി അകപ്പറമ്പു പള്ളിക്കാരോടു പറകയും പിറ്റേദിവസം അവിടെനിന്നു പുറപ്പെട്ടു കുറുപ്പംപടി പള്ളിയിൽ എത്തുകയും ചെയ്തു. കുന്നംകുളങ്ങരെനിന്നും പുറപ്പെട്ടവരായ മഞ്ചൽക്കാരെ അങ്കമാലിയിൽനിന്നും പിരിച്ചയച്ചതിനാൽ കാൽനടയായിട്ടാണു കുറുപ്പംപടിയിലേക്കു പുറപ്പെട്ടത്.

അങ്കമാലിയിൽ നിന്നു പുറപ്പെട്ട ദിവസത്തിൽ കുറുപ്പംപടിയിൽ നാം എത്തി. ഈ കുറുപ്പംപടി പള്ളിക്കാർ മുമ്പെത്തന്നെ നമുക്കു താല്പര്യക്കാരായിരുന്നതുകൊണ്ടു എല്ലാവരോടും യാത്ര പറഞ്ഞു പുറപ്പെടുന്നതിനായി രണ്ടാഴ്ചവട്ടം വരെ കുറുപ്പംപടി പള്ളിയിൽ താമസിക്കുകയും ആ പള്ളിയിൽ നിന്നും ജനങ്ങളിൽ നിന്നുമായി 150 രൂപാ നമ്മുടെ യാത്രച്ചിലവിലേക്കു തരികയും ചെയ്തു. അവിടെനിന്നും കുന്നക്കുരുടി പള്ളിയിലേക്കും അവിടെനിന്നും കടമറ്റത്തെ പള്ളിയിലേക്കും എത്തി. അപ്പോൾ ബാവാ അവർകൾ വരികയും അവിടെവച്ചു ബഹു. കൂറിലോസു ബാവാ അവർകളെ കാണുകയും ചെയ്തു. ബാവാ അവർകൾ പാത്രിയർക്കീസു ബാവാ തിരുമനസ്സിലേക്കും മറ്റും വേണ്ടുന്ന എഴുത്തുകുത്തുകൾ ഒക്കെയും എഴുതി തയ്യാറാക്കുന്നതിനിടയിൽ ബഹുമാനപ്പെട്ട കോനാട്ടു അബ്രഹാം മല്പാൻ അവർകളെയും മറ്റും കണ്ടു യാത്ര പറയുന്നതിനായി പാമ്പാക്കുടയ്ക്കു പോകുകയും അദ്ദേഹം വൃദ്ധതയുടെ രോഗക്കിടക്കയിൽ സുഖമില്ലാതെ കിടന്നിരുന്നതുകൊണ്ട് യാത്രാവിവരങ്ങൾ ഒക്കെയും അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കിച്ചു പുറപ്പെടുവാനായി മൂന്നു ദിവസം വരെ അവിടെ താമസിക്കയും വിവരങ്ങൾ ഗ്രഹിച്ചപ്പോൾ നമ്മുടെ യാത്രയിൽ വളരെ സന്തോഷിക്കയും വിവരത്തിനു പാത്രിയർ

ക്കീസു ബാവാ തിരുമനസ്സിലേക്കു വേണ്ട എഴുത്തു തരികയും ചെയ്തു. അവിടെനിന്നും യാത്രപുറപ്പെട്ടു രണ്ടാമതും ബാവാ അവർകളുടെ അടുക്കൽ വരികയും പാത്രിയർക്കീസു ബാവായ്ക്കും മറ്റു പലർക്കും വേണ്ടി എഴുത്തുകുത്തുകളും വഴിമേൽ സഹായത്തിനു വേണ്ടി പ്രത്യേകം ഒരു എഴുത്തും അദ്ദേഹം തയ്യാറാക്കിത്തരികയും ചെയ്തു, എന്നല്ല, ഏലിയാസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു കൊടുത്തിരുന്ന സ്ലീബായും അദ്ദേഹം പണിയിച്ച ഒരു വെള്ളി അംശവടിയും യാക്കോബു പാത്രിയർക്കീസു ബാവാ തിരുമനസ്സിലേക്ക് കൊടുപ്പാനായി നമ്മുടെ പക്കൽ ഏല്പിക്കയും ഉണ്ടായി. മീനമാസം 22-ാം തീയതി അവിടെനിന്നു പുറപ്പെട്ടു പുത്തൻകുരിശു പള്ളിയിലും കുറുഞ്ഞിപ്പള്ളിയിലും എത്തി യാത്ര പറഞ്ഞു. അന്നു അസ്തമനത്തോടെ കരിങ്ങാശ്ര പള്ളിയിൽ എത്തുകയും ചെയ്തു. പിറ്റെദിവസം പുറപ്പെട്ടു മുളന്തുരുത്തി പള്ളിക്കാരോടും കണ്ടനാട്ടു പള്ളിക്കാരോടും യാത്ര പറയുവാനായി പോകയും യാത്ര പറഞ്ഞുംവച്ചു അന്നു മുളന്തുരുത്തിയിൽ താമസിക്കയും പിറ്റേദിവസം അവിടെനിന്നും പുറപ്പെട്ടു തൃപ്പൂണിത്തുറ പള്ളിയിൽ എത്തുകയും ചെയ്തു. പിറ്റേദിവസം അവിടെനിന്നു കോട്ടയത്തേക്കായി യാത്ര പുറപ്പെട്ടു. 26-ാം തീയതി കോട്ടയത്തു എത്തി എടവഴിക്കൽ വലിയച്ചനെയും മകൻ കോറെപ്പിസ്കോപ്പായെയും കാണുകയും യാത്രാവിവരം അറിയിക്കയും ചെയ്തപ്പോൾ പാത്രിയർക്കീസു ബാവാ തിരുമനസ്സിലേക്കും മൂസ്സൽകാർക്കും അല്ലെപ്പിന്റെ ദയറായിൽ ഇരിക്കുന്ന ദനഹാ മെത്രാപ്പോലീത്താ അവർകൾക്കും വേണ്ടിയ എഴുത്തുകൾ ഒക്കെയും രണ്ടുമൂന്നു ദിവസങ്ങൾ കൊണ്ടു തയ്യാറാക്കി തന്നതു കൂടാതെ ബസ്സോറ, ബാഗ്ദാദ് എന്നിവിടങ്ങളിൽ നാം എത്തുമ്പോൾ വേണ്ടുന്ന സഹായങ്ങൾ ചെയ്തു തരുവാനായി അവിടങ്ങളിൽ അവർക്കുള്ള സ്നേഹിതന്മാർക്കു പ്രത്യേകം എഴുത്തുകൾ അയച്ചു ശട്ടം കെട്ടണമെന്നുള്ള വിവരത്തിനു മൂസലിൽ കോജാ അബ്ദലാഹാദിന്റെ പേർക്കു ഒരു എഴുത്തു അന്നേദിവസം അദ്ദേഹം എഴുതി അറിയിക്കയും ചെയ്തു.

ഒരിക്കൽ സംഗതിവശാൽ 1037-മാണ്ട് നാം കോട്ടയത്തു എത്തി എടവഴിക്കൽ വലിയച്ചനെ കണ്ടപ്പോൾ നാം അന്ത്യോഖ്യായ്ക്കു പോകേണ്ടുന്ന കാര്യത്തെക്കുറിച്ചു....

(ശേഷം വിവരങ്ങൾ ഈ പുസ്തകത്തിൽ പ്രസിദ്ധീകരിച്ച ഒരു പരദേശയാത്രയുടെ കഥയിൽ കാണുക. കഥാപുരുഷന്റെ കൽപനാ ഫയലിൽ സ്വന്തം കൈയക്ഷരത്തിൽ എഴുതിവച്ചിരുന്ന ആദ്യ അദ്ധ്യായത്തിന്റെ ആദ്യഭാഗമാണ് ഈ വിവരണത്തിലുള്ളത് - എഡിറ്റർ)

# കല്പനാ സംഗ്രഹങ്ങൾ

കണ്ടനാട് കരവട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിന് കഥാ പുരുഷൻ അയച്ച ചില കത്തുകൾ സംഗ്രഹരൂപത്തിൽ *കണ്ടനാട് ഗ്രന്ഥവരി*യിൽ കൊടുത്തിട്ടുണ്ട്. അവ അതേ രൂപത്തിൽ കാണുക:

**1. മർദ്ദീൻയാത്ര**

"മേൽപ്പറഞ്ഞ യൗസേപ്പ് കത്തനാരച്ചന് കുന്നംകുളങ്ങര പള്ളിയിൽ നിന്നും ആ കമ്പോളത്തിൽ നിന്നുമായിട്ട് പോയി തിരിച്ചുവരുന്ന വകയ്ക്കായി ഉദ്ദേശം 1500 രൂപാ വരെ കിട്ടി എന്നും മറ്റും കേൾക്കുന്നതു കൂടാതെ കുറുപ്പമ്പടി, കുന്നക്കുരുടി, കടമറ്റം, കോലഞ്ചേരി, കോട്ടൂർ, കുറിഞ്ഞി, കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാശ്ര ഈ വക പള്ളികളിൽ നിന്നായിട്ടും ജനങ്ങളിൽ നിന്നായിട്ടും 500 രൂപാ വരെയും കിട്ടിയിരിക്കുന്നു എന്ന് തോന്നുന്നു. മട്ടുമ്മേൽ ഗീവറുഗീസ് കത്തനാർക്ക് പലരിൽ നിന്നായി 110 രൂപായിൽ അധികം കിട്ടിയ പ്രകാരവും തോന്നുന്നില്ല. ... പരദേശത്തിനു പോയിരിക്കുന്ന ഇവരിൽ യൗസേപ്പ് കത്തനാരച്ചൻ ഏകദേശം 30 വയസ്സുകാരൻ ആകയാലും ശരീരത്തിന് യാതൊരു രോഗവും ഇപ്പോൾ സംഭവിച്ചിട്ടില്ലാത്തതിനാലും .... രൂപയ്ക്ക് കൈക്കൽ വക ഉള്ളവനാകയാലും തിരികെ വരുമെന്നും കാര്യങ്ങൾക്കും പടുത്വത്തിനും മിടുക്കനാകയാലും സുറിയാനി, തമിഴ്, ഹിന്ദുസ്ഥാനി മുതലായ രണ്ടു മൂന്ന് ഭാഷകൾ മുഖ്യമായി തോന്നുന്നവനാകയാൽ ചത്തില്ലാ എന്നു വരുകിൽ സംശയം കൂടാതെ മെത്രാന്റെ സ്ഥാനം ഏറ്റുംകൊണ്ട് വരുമെന്നും വിചാരിക്കുന്നു. ഗീവറുഗീസ് കത്തനാരച്ചൻ ഏകദേശം 28 വയസ് പ്രായമുള്ളവനാകുന്നു എങ്കിലും ശരീരത്തിന്റെ അവസ്ഥ രോഗി ആകയാലും പടുത്വം കുറഞ്ഞവനാകയാലും രൂപായ്ക്ക് കൈയിൽ വക ഇല്ലാത്തവൻ ആകയാലും മലയാള ഭാഷ അല്ലാതെ മറ്റു ഭാഷകൾ തിരിപ്പില്ലാത്തവനാകയാലും തിരികെ വരുമെന്നും മറ്റും തോന്നുന്നില്ല. ...

മുൻ പരദേശത്തിന് കപ്പൽ കേറിപ്പോയ യൗസേപ്പ് കത്തനാർ മുതൽ പേരുടെ എഴുത്തുകൾ ഇടവം 5-ന് ഇവിടെ ബോംബെയിൽ നിന്ന് തപാൽ വഴി പള്ളിക്കാർക്കായിട്ടും മറ്റും വന്നു. ആ എഴുത്തിൽ (11-ാം തീയതി) ഞങ്ങൾ 29-ന് ബോംബെയിൽ എത്തി എന്നും ഇവിടെ നിന്നും 30-ന് ബസോറായ്ക്ക് കപ്പൽ കയറിപ്പോകുമെന്നും മറ്റും എഴുത്തിലെ സാരമാകുന്നു" (*കണ്ടനാട് ഗ്രന്ഥവരി,* പുറം 100-101).

**2.** "പരദേശത്ത് പോയിരുന്ന പുലിക്കോടൻ യൗസേപ്പ് കത്തനാരച്ചൻ മുതൽപേരുടെ എഴുത്തുകൾ രണ്ടാമതും ഇടവമാസം 25-ന് ബാബേലിൽ നിന്നും തപാൽ വഴി എഴുതി അയച്ച എഴുത്ത് ചിങ്ങമാസം 11-ന്

ഇവിടെ വരികയും ചെയ്തു.[4] ആ എഴുത്തിൽ മേട മാസം 23-ന് ഞങ്ങൾ ബെസോറായ്ക്ക് പോകുന്നതിന് ബൊമ്പായിൽ നിന്നും കപ്പൽ കയറി എന്നും ഇടവമാസം 15-ന് ബസോറായിൽ എത്തി എന്നും ബാബേലിന് പോകുന്ന ബോട്ട് തയാറായിട്ടുണ്ടായിരുന്നതിനാൽ കരെ ഇറങ്ങാതെ ബാബേലിന് പോയി എന്നും ഇടവ മാസം 23-ന് ബാബേലിൽ എത്തി എന്നും ബൊമ്പായിൽ നിന്നും ബാബേലിൽ എത്തുന്നതിനിടയിൽ ഉണ്ടായ ദുഃഖങ്ങൾ വിവരപ്പെടുത്തി എഴുതുന്നില്ലെന്നും ബാബേലിൽ ഒരു കൽദായക്കാരന്റെ വീട്ടിൽ പാർത്തുവരുന്നു എന്നും അവിടെനിന്ന് രണ്ട് നാല് ദിവസിക്കകം മൂസലിന് പോകുമെന്നും 15 ദിവസത്തെ വഴി അവിടെ നിന്നും മൂസലിന് ഉണ്ടെന്നും ആയത് കര വഴി വാഹനമേറി പോകണ മെന്നും പലരും അവരെ ബഹുമാനിച്ച് പല സഹായങ്ങളും ചെയ്തു കൊടുക്കുന്നു എന്നും അവർക്ക് മൂവർക്കും സുഖമെന്നും മറ്റും അത്രേ എഴുത്തിലെ സാരം" (*കണ്ടനാട് ഗ്രന്ഥവരി,* പുറം 103*).*

(മേട മാസം 22-ന് ബോംബെയിൽ എത്തി എന്നും ഇടവം 10-ന് ബസോറായ്ക്ക് പുറപ്പെട്ടു എന്നും മറ്റും കഥാപുരുഷൻ എഴുതിയ ഒരു പരദേശയാത്രയുടെ കഥ എന്ന യാത്രാവിവരണത്തിൽ കാണുന്നു. അതിലെ വിവരങ്ങൾക്ക് കൂടുതൽ കൃത്യതയുണ്ടെന്ന് തോന്നുന്നു. പ്രതീ ക്ഷയനുസരിച്ചുള്ള തീയതികളാണ് കത്തുകളിൽ പലയിടത്തും കാണു ന്നത്. യാത്രാവിവരണം ഒരു പരദേശയാത്രയുടെ കഥ എന്ന ശീർഷക ത്തിൽ ഈ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നത് കാണുക. - എഡിറ്റർ).

**3.** "പരദേശത്തിനു പോയിരുന്ന പുലിക്കോട്ടിലച്ചന്റെ എഴുത്ത് കർക്കടക മാസം 1-ന് കുന്നംകുളങ്ങര പനയ്ക്കൽ ഐപ്പൂരുവിന്റെ പേർക്ക് വരികയും ആ വിവരങ്ങൾ ഞങ്ങളിൽ ഏതാനും പേരെ കൂടെ തെര്യപ്പെടുത്തണമെന്ന് ഉണ്ടായിരിക്കയാൽ ഐപ്പൂരു കർക്കടകം 2-ന് എനിക്ക് എഴുതി അയയ്ക്കുകയും 10-ന് കൊച്ചിയിൽ നിന്ന് ഇവിടെ കിട്ടുകയും ചെയ്തിരിക്കുന്നു.

എഴുത്തിലെ സാരം:- ഓമീദിന്റെ പള്ളിയിൽ വെച്ച് പാത്രിയർക്കീസ് ബാവാ പുലിക്കോട്ടിൽ യൗസേഫ് കത്തനാരച്ചന് മെത്രാപ്പോലീത്തായുടെ സ്ഥാനം കൊടുത്തുവെന്നും സ്ഥാനപ്പേര് ദീവന്നാസിയോസ് എന്നാകുന്നു എന്നും മട്ടുമ്മേൽ ഗീവറുഗീസ് കത്തനാരച്ചൻ പനിയുടെ ദീനം കൊണ്ട് മരിച്ചു പോയി എന്നും മറ്റും ഇടവമാസം 12-ന് മൂസലിൽ നിന്നും പുലി ക്കോട്ടിലച്ചന്റെ കയ്യക്ഷരമായി എഴുതിയിരിക്കുന്ന എഴുത്ത് കർക്കടക മാസം 1-ന് കിട്ടി എന്നും മറ്റും ആകുന്നു." (*കണ്ടനാട് ഗ്രന്ഥവരി,* പുറം 115, 116*).*

**4.** "ഇപ്രകാരമിരിക്കുമ്പോൾ ചിങ്ങ മാസം 17-ന് ബോംബെയിൽ നിന്ന്

പുലിക്കോട്ടച്ചന്റെ സാധനം പനയ്ക്കൽ ഐപ്പൂരുവിന് വരുകയും ആയ തിൽ ഞങ്ങളിൽ ഏതാനും പേരെക്കൂടെ തിര്യപ്പെടുത്തണമെന്ന് ഉണ്ടാ യതിനാൽ 18-ന് അവന്റെ പേർക്ക് എഴുതി അയച്ചു. അതിലെ സാരം: ബോംബെയിൽ നിന്നും ഇനി കൊച്ചിയ്ക്ക് വരുന്ന തീക്കപ്പലിൽ കയറി കൊച്ചിയിൽ ഇറങ്ങുമെന്നും തീക്കപ്പൽ 25-ാം തീയതിക്കകം കൊച്ചിയിൽ വരുമെന്നും മറ്റും അതിനാൽ മേൽപ്പറഞ്ഞ തീയതിക്ക് നിശ്ചയമായിട്ട് എത്തുമെന്നും ആകുന്നു" (പുറം 116).

**5.** 1865 ചിങ്ങ മാസം 25-ന് കൊച്ചിക്കോട്ട പള്ളിയിൽ നിന്നും പള്ളിക ളിലേക്കും പ്രമാണപ്പെട്ട പട്ടക്കാർക്കും ക്രിസ്ത്യാനികൾക്കും അയച്ച എഴുത്തിലെ സാരം:- "നാം അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ പോയ വിവരം നിങ്ങളറിഞ്ഞിട്ടുണ്ടല്ലോ. നാമവിടെ നിന്നും മെത്രാപ്പോലീത്തായുടെ സ്ഥാനം കൈക്കൊണ്ട് ചിങ്ങം 24-ന് അസ്തമ നത്തിന് ഇവിടെ എത്തിയിരിക്കുന്നു. അതിനാൽ നിങ്ങളെ എല്ലാവരെയും കാണ്മാൻ ആഗ്രഹിച്ചിരിക്കകൊണ്ട് താമസം കൂടാതെ നിങ്ങൾ വരുന്നതിന് ആഗ്രഹം" (പുറം 116, 117).

**6.** 1866 മകരം 15-ന് വടകരപള്ളിയിൽ നിന്നും എഴുതിയ കല്പന (സാരം). എല്ലാ പള്ളികൾക്കും. "ഈ ജാതിയുടെ സമാധാനത്തിനു വേണ്ടിയും ഗുണത്തിനുവേണ്ടിയും ബ. പാത്രിയർക്കീസ് ബാവായുടെ ബഹുമാനത്തിനു വേണ്ടിയും കുംഭ മാസം 12-ന് കോലഞ്ചേരി പള്ളിയിൽ എല്ലാ പള്ളിക്കാരും കൂടത്തക്കവണ്ണം ബാവാ കല്പിച്ച് എഴുതിയതിനാൽ അതു നിമിത്തം ഗുണം സംഭവിക്കുമെന്ന് നമുക്കും തോന്നിയിരിക്ക കൊണ്ട് നാമതിൽ സംബന്ധപ്പെട്ട് മേൽപ്പറഞ്ഞ തീയതിക്ക് കോലഞ്ചേരി പള്ളിയിൽ എത്തുന്നതാകകൊണ്ട് ആ പള്ളിയിൽ നിന്നും ആലോച നയ്ക്ക് കൊള്ളുന്നതായ രണ്ടു കത്തങ്ങളും രണ്ടു മാപ്പിളമാരും മേൽ പറഞ്ഞ തീയതിക്ക് കോലഞ്ചേരി പള്ളിയിൽ വന്ന് ചേർന്നുകൊള്ളുകയും വേണം. അപ്രകാരം തന്നെ" (പുറം 119).

**7.** പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മദ്രാസിൽ ചെന്നതിന്റെ ശേഷം അവിടെ ബോധിപ്പിച്ച ഹർജിയുടെ പകർപ്പ്. 1869 ഫെബ്രുവരി 3.

"ഫോർട്ട് സെന്റ് ജോർജ്ജ് ആലോചനാസഭയിൽ ഗവർണ്ണർ എത്രയും ബഹുമാനപ്പെട്ട ഫ്രാൻസിസ് ലോർഡ് നെപ്പിയർ സായിപ്പ് അവർകളുടെ സനിധാനത്തിങ്കലേക്ക്, തിരുവിതാങ്കൂറിലെയും കൊച്ചിയി ലെയും മലയാളത്തെയും തെക്കെ ഇന്ത്യയിൽ വേറിട്ടുള്ള സകല സ്ഥല ങ്ങളിലെയും സുറിയാനി ക്രിസ്ത്യാനികളുടെ ബിഷോപ്പും മെത്രാപ്പോ ലീത്തായുമാകുന്ന റൈറ്റ് റവറന്റ് മാർ ദീവന്നാസ്യോസ് എഴുതി ബോധി

പ്പിക്കുന്ന സങ്കട ഹർജി എന്തെന്നാൽ, തിരുവിതാങ്കൂർ - കൊച്ചി - മലയാളം മുതലായ സ്ഥലങ്ങളിലെ സുറിയാനി ക്രിസ്ത്യാനികളുടെ ബിഷോപ്പും മെത്രാപ്പോലീത്തായും ആയിട്ട് എന്നെ അന്ത്യോഖ്യാ പാത്രിയർക്കീസ് 1865-ൽ നിയമിച്ച് എനിക്ക് സ്ഥാനം തന്നു. ഞാൻ അന്ത്യോഖ്യായിൽ നിന്ന് വന്ന് സുറിയാനി ക്രിസ്ത്യാനികൾ എന്നെ സമ്മതിച്ചു എന്നു തന്നെ അല്ല ഇപ്പോഴും സമ്മതിച്ച് വരുന്നു. എങ്കിലും 1862-ക്ക് കൊല്ലം 1038 കുംഭം 3-ന് തിരുവിതാംകൂർ ദിവാൻജി അവർകൾ ആ സംസ്ഥാനത്തുള്ള സകല തഹസീൽദാർമാർക്കും അയച്ചിരിക്കുന്ന 2455 -ാം നമ്പർ സർക്കുലർ ഉത്തരവ് കൊണ്ട് എനിക്ക് അധികാരം നടത്തുന്നതിനും ജനങ്ങൾക്ക് എന്നെ മെത്രാപ്പോലീത്താ ആയിട്ട് പരസ്യമായിട്ട് കൈക്കൊൾവാനും ഉള്ള മാർഗ്ഗത്തിന് തടസമായിത്തീർന്നിരിക്കുന്നു. ഈ സംഗതിയെപ്പറ്റി ഞാൻ തിരുവിതാംകൂർ ദിവാൻജി അവർകൾക്ക് രണ്ട് ഹർജികൾ ബോധിപ്പിച്ചാറെ അതിന് യാതൊരു നിവൃത്തിയും ഉണ്ടാക്കിത്തരാതെ അക്കാര്യം എടപെട്ട് റസിഡന്റിനെ അറിയിക്ക മാത്രമേ ചെയ്തിട്ടുള്ളു. അദ്ദേഹത്തിനെയും ഞാൻ ബോധിപ്പിച്ചാറെ, എന്റെ ഹർജിയിൽ പറയുന്ന സംഗതിയെക്കുറിച്ച് ഒരു വിചാരണയും ചെയ്കയോ നിവൃത്തി ഉണ്ടാക്കിത്തരികയോ ചെയ്യാത്ത നിമിത്തം മദ്രാസിൽ വന്ന് ആലോചനയിൽ ഗവർണ്ണർ സായിപ്പ് അവർകളുടെ സന്നിധാനത്തിങ്കൽ ഈ സംഗതി ബോധിപ്പിക്കുന്നതിന് ഇടവന്നിരിക്കുന്നതാകുന്നു.

2. മാർ അത്താനാസ്യോസ് എന്ന ഒരാളെ അന്ത്യോഖ്യാ പാത്രിയർക്കീസ് തിരുവിതാംകൂറിലുള്ള സുറിയാനി ക്രിസ്ത്യാനികൾക്കു ബിഷോപ്പ് ആയിട്ട് അയക്കുകയും അദ്ദേഹം 1843-ൽ മലയാളത്തിൽ വരികയും ചെയ്തിട്ടുള്ളതു ശരി തന്നെ. എന്നാൽ ആ ബിഷോപ്പിന്റെ ക്രമംകെട്ട ഉപദേശങ്ങളും അഴിമതികളും ഹേതുവായിട്ട് തിരുവിതാംകൂറിലും മലയാളത്തിൽ മറ്റു സ്ഥലങ്ങളിലുമുള്ള സുറിയാനിക്കാർ കൂട്ടമായി പാത്രിയർക്കീസിനെ ബോധിപ്പിക്കുകയും അദ്ദേഹത്തിന്റെ അന്വേഷണത്തിൽ അവ ശരിയാണെന്ന് ബോധിക്കയും ചെയ്കകൊണ്ട് മാർ അത്താനാസ്യോസിനെ മേല്പട്ടസ്ഥാനത്തു നിന്ന് മുടക്കി എത്രയും ബഹുമാനപ്പെട്ട മാർ കൂറിലോസിനെ സ്ഥാനം കൊടുത്ത് മലയാളത്തേക്ക് യാത്രയാക്കി. അദ്ദേഹം 1846-ൽ മലയാളത്തിൽ വന്നിറങ്ങിയതിന്റെ ശേഷം സ്ഥാനത്തിൽ നിന്ന് മുടക്കപ്പെട്ട മാർ അത്താനാസ്യോസിന്റെ വിരോധത്തെ തടുക്കുന്നതിനു വേണ്ടും വൈഭവവും ശക്തിയും പോരായ്ക കൊണ്ട് തനിക്ക് സഹായത്തിനായി മാർ സ്തേപ്പാനോസ് എന്നൊരാളെ 1849-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് തിരുവിതാംകോട്ടേയ്ക്ക് അയച്ചിരുന്നു.

3. എന്നാറെ മാർ അത്താനാസ്യോസിന്റെ ശുപാർശയുടെ ബലം

കൊണ്ടോ സംസ്ഥാനത്തെ നിയമം പ്രമാണിച്ചോ മേലെഴുതിയ മാർ കൂറിലോസും മാർ സ്തേഫാനോസും കൊച്ചിയിലും തിരുവിതാംകൂറിലും താമസിച്ചുകൂടാ എന്നും അവർ പരദേശികളാകയാൽ മേലെഴുതിയ രണ്ടു സംസ്ഥാനങ്ങളിലുമുള്ള സുറിയാനിപ്പള്ളികളിൽ അവർക്ക് അധികാരം നടത്തുന്നതിന് പാടില്ലെന്നും അന്നു റസിഡണ്ടായിരുന്ന ലഫ്റ്റനന്റ് ജനറൽ കല്ലൻ കല്പിച്ചു. ഈ സ്ഥിതി ഇങ്ങനെ ഇരിക്കെ അന്നത്തെ മഹാരാജാവ് അവർകൾ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെയോ സുറിയാനി സഭക്കാരുടെയോ മനസ്സ് ഇക്കാര്യത്തിൽ ഏതുപ്രകാരമാണെന്ന് ആലോചിക്കാതെ മാർ അത്താനാസ്യോസിന്റെ അപേക്ഷയെ മാത്രം പ്രമാണിച്ച് മേലെഴുതിയ മാർ അത്താനാസ്യോസിനെ മെത്രാപ്പോലീത്താ ആയിട്ട് അന്ത്യോഖ്യാ പാത്രിയർക്കീസ് നിശ്ചയിച്ചിരിക്കുന്നതിനാൽ സുറിയാനിക്കാർ സകലമാനപേരും അദ്ദേഹത്തെ അനുസരിച്ചു കൊള്ളണമെന്ന് ഒരു വിളംബരവും 1851-ക്ക് കൊല്ലം 1027 കർക്കിടകം 15-ന് പ്രസിദ്ധം ചെയ്തു.

4. അന്ത്യോഖ്യാ പാത്രിയർക്കീസ്, സ്ഥാനത്തിൽ നിന്നും മുടക്കിയിട്ടുള്ള മെത്രാപ്പോലീത്തായെ അനുസരിച്ചുകൊള്ളണമെന്നുള്ള വിളംബരത്തിങ്കൽ സുറിയാനി ക്രിസ്ത്യാനികൾ ആവലാതിപ്പെട്ടു. പല ഹർജികളും അയച്ചാറെ അവരുടെ സങ്കടത്തിന് നിവൃത്തിയുണ്ടാക്കിയിട്ടില്ലെന്ന് തന്നെയല്ല ആ വിധ ഹർജി എഴുതിയവരെ അന്ന് പാറാവിൽ വയ്ക്കയും കൂടെ ചെയ്തു.

5. മേലെഴുതിയ വിളംബരം കൊണ്ട് തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള സുറിയാനിപള്ളികളിലും അധികാരം നടത്തുന്നതിന് തന്നെ വിരോധിച്ചിരിക്കകൊണ്ടും മാർ സ്തേപ്പാനോസ് പല സ്ഥലങ്ങളിലും ഹർജികൾ ബോധിപ്പിച്ചതിന്റെ ശേഷം ബിലാത്തിയിൽ ചെന്ന്, നീങ്ങിപ്പോയ ബഹുമാനപ്പെട്ട ഡയറക്ടർമാരുടെ കോർട്ടിൽ സങ്കടം വച്ചു. അപ്പോൾ ആകുന്നു 1857 മെയ് 13-ലെ കല്പന ബഹു. കോർട്ടിൽ നിന്നുണ്ടായത്. അതിൽ പിന്നെ തിരുവിതാംകൂർ സർക്കാരിൽ നിന്ന് ജനങ്ങളുടെ മനസ്സിനെ വിരോധമായി പ്രവേശിക്കാതെ മേൽപ്പറഞ്ഞ കാലം വരെ ജനങ്ങളുടെ മനസ്സുപ്രകാരം തെരഞ്ഞെടുക്കുന്ന മെത്രാന്മാർ അധികാരം നടത്തുന്നതിന് അനുവദിച്ചിരുന്നു. നീങ്ങിപ്പോയ ഡയറക്ടർമാരുടെ കല്പന ഇതോടുകൂടി അടക്കം ചെയ്തിരിക്കുന്നു.

6. ഈ വിധം നടന്ന് വരുമ്പോൾ ജനങ്ങളിൽ വിശേഷിച്ചൊരു ഭാഗവും തന്നെ അനുസരിപ്പാൻ ഇല്ലായ്മ കൊണ്ട് മേൽ എഴുതിയ മാർ അത്താനാസ്യോസ് ഉപായേന തിരുവിതാംകൂർ ദിവാൻജി അവർകളെ എന്തോ ബോധിപ്പിക്കുകയും അദ്ദേഹം അതിനെക്കുറിച്ച് യാതൊരു വിചാരവും

അന്വേഷണവും ചെയ്യാതെ ഇപ്പോൾ ആവലാതിക്ക് ഇടയായിരിക്കുന്നു. ആ സർക്കുലർ ഇതിൽ അടക്കം ചെയ്യുന്നു.

7. ആ സർക്കുലർ ഉത്തരവിൽ മാർ കൂറിലോസ്, മാർ അത്താനാസ്യോസിനോട് മത്സരിച്ച് അധികാരം നടത്തുവാൻ ശ്രമിക്കുന്നു എന്നും സർക്കാരിൽ നിന്ന് മതകാര്യങ്ങളിൽ പ്രവേശിപ്പാൻ ആഗ്രഹിക്കുന്നില്ലെന്നും സമാധാന ലംഘനം ഉണ്ടാകരുതെന്നേ താല്പര്യമുള്ളു എന്നും എഴുതിയിരിക്കുന്നു. അതുകൊണ്ട് മാർ അത്താനാസ്യോസിനെ അനുസരിപ്പാൻ മനസ്സില്ലാത്തവരുണ്ടെങ്കിൽ തനതായിട്ട് പള്ളികൾ പണിയിക്കയും മാർ അത്താനാസ്യോസിന്റെ സ്വാധീനത്തിലുള്ള പള്ളികളിന്മേൽ അവർക്ക് ന്യായമായ അവകാശം വല്ലതും ഉണ്ടെങ്കിൽ അദാലത്തു വ്യവഹാരം ചെയ്തുകൊള്ളണമെന്നും ദിവാൻജി അവർകൾ ആ സർക്കുലർ ഉത്തരവിൽ കല്പിക്കുന്നു. ഈ ഉത്തരവിന് വിരോധമായി ആരെങ്കിലും അനുസരണക്കേട് കാണിക്കയോ പള്ളികളിൽ മുൻ കൈവശത്തിന് വിരോധമായി എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുന്നതായി മെത്രാൻ ആകട്ടെ യോഗക്കാർ ആകട്ടെ ബോധിപ്പിക്കുന്നപക്ഷം അങ്ങനെയുള്ളവരെ വരുത്തി പോലീസിൽ ചേർത്ത് വിസ്തരിച്ച് തെളിവു കണ്ടാൽ തക്കവണ്ണം ശിക്ഷിക്കുമെന്നും കൂടി ആ സർക്കുലറിൽ കാണിച്ചിട്ടുണ്ട്.

8. മാർ അത്താനാസ്യോസിന്റെ സ്ഥാനത്തിലേക്ക് ബിഷോപ്പും മെത്രാപ്പോലീത്തായുമായി അന്ത്യോഖ്യാ പാത്രിയർക്കീസ് എന്നെ നിയമിച്ചിരിക്കുന്നു. അതിനാൽ പാത്രിയർക്കീസ് എനിക്ക് തന്നിട്ടുള്ള സ്ഥാനക്കടലാസുകളെ തിരുവിതാംകൂർ സർക്കാരിൽ കാണിച്ച് ഉടനെ സർക്കാരിൽ നിന്നും വേണ്ടുന്ന സഹായങ്ങൾ സകലവും ചെയ്തു തരുവാൻ എനിക്ക് ഞായമായ അവകാശം ഉണ്ടായിരുന്നു. അങ്ങനെയുള്ള സഹായങ്ങൾ സർക്കാരിൽ നിന്ന് ചെയ്തുതരുന്നതിന് പകരം മാർ അത്താനാസ്യോസിന് അനുകൂലമായി ഉണ്ടായിരിക്കുന്ന സർക്കാർ ഉത്തരവ് ബലമായിട്ടിരിക്കുന്ന കാലമൊക്കെയും പള്ളികളിൽ എന്റെ ന്യായമായ അധികാരം നടത്തുന്നതിന് പാടില്ലാതെ ആകുന്നു തീർന്നിരിക്കുന്നത്. പാത്രിയർക്കീസ് എനിക്ക് തന്നിരിക്കുന്ന അധികാരപ്രകാരം എന്നെ പര(ഹ)സ്യമായി അനുസരിപ്പാൻ മനസ്സുള്ളവർ അങ്ങനെ ചെയ്യുന്നപക്ഷം തിരുവിതാംകൂർ സർക്കാരിന്റെ കല്പനയ്ക്ക് ലംഘനം വരുത്തുകയും അങ്ങനെ ക്രിമിനൽ ശിക്ഷയ്ക്ക് യോഗ്യന്മാരായിത്തീരുകയും ചെയ്യുമെന്ന് വിചാരിക്കുന്നു.

9. മേലെഴുതിയ ഞെരുക്കങ്ങളെയും നീതികേടിനെയും കുറിച്ച് തിരുവിതാംകൂർ ദിവാൻജിയ്ക്കും റസിഡണ്ടിനും പല ഹർജികളും അയച്ച് മൂന്ന് സംവത്സരം വരെ ഒരു നിവൃത്തിക്കായി കാത്തിരുന്നത് വൃഥാവായേ ഉള്ളൂ. അതുകൊണ്ടത്രേ ഇപ്പോൾ മദ്രാസീൽ വന്ന് ആലോചനയിൽ

സായിപ്പ് അവർകളുടെ മുമ്പാകെ സങ്കടം ബോധിപ്പിക്കുന്നത്.

10. ദിവാൻജിയുടെയും റസിഡണ്ടിന്റെയും പ്രവൃത്തികളിന്മേൽ ഞാൻ അപ്പീൽ ചെയ്കയും ബ്രിട്ടീഷ് ഗവർമ്മെണ്ടിൽ നിന്ന് സഹായിക്കണമെന്ന് ആലോചനയിൽ ഗവർണർ സായിപ്പ് അവർകളോട് അപേക്ഷിക്കുകയും ചെയ്യുന്നതിൽ വച്ച് മതകാര്യങ്ങളിൽ പക്ഷപ്രതിപക്ഷ വിചാരണ അതിക്രമിച്ചിട്ട് ഒരു സഹായവും എനിക്ക് ചെയ്തു തരണമെന്ന് ഞാൻ അശേഷവും ആഗ്രഹിക്കുന്നില്ല. ഇരു കക്ഷികളേയും പക്ഷാപക്ഷം കൂടാതെ വിചാരിക്കണമെന്നും തിരുവിതാംകൂർ സർക്കാരിൽ നിന്നും മാർ അത്താനാസ്യോസിന്റെ പേരിൽ കാണിച്ചിരിക്കുന്ന അനുകൂലം നീക്കിത്തരണമെന്നും മാത്രമേ ഞാൻ അപേക്ഷിക്കുന്നുള്ളൂ.

11. ദിവാൻജിയുടെ 1038-ലെ സർക്കുലർ ഉത്തരവ് നിഷ്പക്ഷമായി അയക്കപ്പെട്ടതാണെങ്കിലും ആയതിന് എനിക്കും എന്നെ അനുസരിപ്പാൻ മനസ്സുള്ള ജനങ്ങൾക്കും എത്രയോ അധികം വൈഷമ്യമുള്ളതായി ഭവിച്ചിരിക്കുന്നു. എന്തെന്നാൽ പള്ളികൾ ഒക്കെയും മാർ അത്താനാസ്യോസിന്റെ കൈവശമാകുന്നു എന്ന് ആ സർക്കുലർ ഉത്തരവിൽ നിരന്തരമായി സൂചിപ്പിച്ചിരിക്കുന്നു. ഒരു പള്ളിയും ഒരു ബിഷോപ്പിന്റെയും കൈവശമല്ലെന്ന് പ്രത്യക്ഷമാകുന്നു. അതാത് പള്ളികളിൽ കർമ്മങ്ങൾ കഴിക്കുന്ന പട്ടക്കാരുടെ മേലുള്ള അധികാരം കൊണ്ട് പള്ളിക്കാര്യങ്ങളിൽ പ്രവേശിക്കുന്നതേ ഉള്ളൂ. ആ അധികാരം പട്ടക്കാരുടെയും പള്ളിക്കാരുടെയും മനസ്സോടു കൂടെ ഒഴിഞ്ഞു കൊടുക്കുന്നതാകുന്നുവെങ്കിൽ എനിക്ക് ആവലാതിയ്ക്ക് ഇടയില്ല. എങ്കിലോ 1027-ലെ വിളംബരപ്രകാരം സുറിയാനിക്കാർ സകലമാനപേരും മാർ അത്താനാസ്യോസിനെ അനുസരിപ്പാൻ കല്പിച്ചിരിക്കുന്നു. 1038-ലെ സർക്കുലറിനാൽ അദ്ദേഹത്തെ അനുസരിക്കാത്തവരെ ക്രിമിനലായി ശിക്ഷിക്കുമെന്ന് കാണിച്ചിരിക്കുന്നു. അനുസരണക്കേടിന് ശിക്ഷ നിശ്ചയിച്ചിരിക്കുമ്പോൾ മനസോടെയുള്ള കീഴ്വഴക്കം ഉണ്ടാകുന്നതല്ല. മാർ അത്താനാസ്യോസിന്റെ വാഴ്ചയ്ക്ക് വിരോധമായി ഉള്ളവർക്ക് സർക്കുലറിൽ വേറെ വഴി കാണിച്ചിട്ടുള്ളത് സത്യം തന്നെ. അവർക്ക് അവരുടെ പള്ളികളെ ഉപേക്ഷിച്ച് വേറിട്ട് പണിയാം. അല്ലെങ്കിൽ അവർക്ക് അദാലത്ത് വ്യവഹാരം ചെയ്യാം. ഇവ രണ്ടിൽ ഒന്നാമത്തേത് ന്യായത്താൽ ആരുടെ മേലും നിർബന്ധിക്കരുതാത്തതാകുന്നു. സുറിയാനിക്കാരുടെ കാരണവന്മാരുടെ കാലം മുതൽ ധർമ്മമായി ഇട്ടിട്ടുള്ള മുതലുകളൊക്കെയും കൂടിക്കിടക്കുന്ന പള്ളികളെ അവർ ഉപേക്ഷിച്ച് വേറിട്ട് പോകണമെന്ന് പറയുന്നത് തന്റെ വസ്തുവിന്മേൽ മറ്റൊരുത്തൻ കരേറിയിരിക്കുന്നു എന്ന് അന്യായപ്പെടുന്നവരോട് അവൻ അത് ഉപേക്ഷിച്ചുംവച്ച് വേറിട്ടൊന്ന് വാങ്ങിക്കൊള്ളാൻ പറയുന്നത് പോലിരിക്കുന്നു. രണ്ടാമത്തേതും അതുപോലെ തന്നെ നിസ്സാരമാ

യിട്ടുള്ളതാകുന്നു.

12. സമാധാനലംഘനം ഉണ്ടാകരുതെന്നുള്ള ആന്തരത്തോടു കൂടെ സർക്കുലർ ഉത്തരവ് പുറപ്പെടുവിച്ചതായിരിക്കാമെന്ന് വരികിലും അതു കൊണ്ട് ഏറിയ ജനങ്ങൾ ഭയപ്പെടുകയും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നിരാക്ഷേപമായ സ്ഥാനക്കടലാസുകൾ കൊണ്ട് എനിക്കു ലഭിച്ചിട്ടുള്ള സ്ഥാനത്തിൽ നിന്ന് മുടക്കിയിരിക്കുന്ന മറ്റൊരു ബിഷോപ്പിനെ അനുസരിപ്പാനായിട്ട് അവരെ നിർബന്ധിക്കുകയും ചെയ്തിട്ടുള്ളത് നിശ്ചയമാകുന്നു. ഇത് മതകാര്യങ്ങളിൽ പക്ഷാപക്ഷ നിയമങ്ങളെ പ്രത്യക്ഷമായി അതിക്രമിച്ചിരിക്കുന്നതു തന്നെ അല്ലാ അതിന്റെയും അതിർ വിട്ട് തിരുവിതാംകോട് സംസ്ഥാനത്തുള്ള പള്ളികളിൽ മതാധിപത്യം നടത്തേണ്ടത് ആർ, നടത്തേണ്ടാത്തത് ആർ എന്ന് വരുത്തി കൊടുപ്പാനുള്ള സർവ്വാധികാരം ആ സർക്കാരിൽ നിന്നും എടുത്തിരിക്കുന്നു.

13. മാർ അത്താനാസ്യോസിന്റെ വാഴ്ചയെ അനുസരിക്കണമെന്നുള്ള നിർബന്ധത്തിന്റെ ശക്തികൊണ്ട് ഏതാനും ഗൃഹസ്ഥന്മാർ മനസോടെ എന്നെ അനുസരിപ്പാൻ ശ്രമിച്ചവരെ അദ്ദേഹം പള്ളിമുടക്കം ചെയ്തിരിക്കുന്നു. അതിനാൽ പള്ളിയിലെ കർമ്മങ്ങളിലും കൂദാശകളിലും കൂടുന്നതിന് അവർക്ക് ഇടയില്ലാതെയും തീർന്നിരിക്കുന്നു. അതിൽ വിശേഷിച്ച് പള്ളിയിൽ കൈക്കാരരോ യോഗത്തിൽ പ്രമാണികളോ ആയിട്ടുള്ള ചിലരുടെ പേരിൽ മാർ അത്താനാസ്യോസ് തിരുവിതാംകോട് സർക്കാരിൽ ബോധിപ്പിച്ചതിനാൽ സർക്കുലർ ഉത്തരവിന്റെ താല്പര്യപ്രകാരം അവരും ആ സർക്കാരിന്റെ അനിഷ്ടത്തിന് ഉൾപ്പെടുകയും അതുനിമിത്തം ഇവർ ഇപ്പോൾ വ്യസനസ്ഥിതിയിൽ ഇരിക്കുകയും ചെയ്യുന്നു. ഈ വിഷമം മര്യാദയ്ക്കുള്ള ബോധത്തിന് അനുസരിച്ച് നടക്കുന്നവർക്കൊക്കെയും വരുന്നതാകുന്നു.

14. മിക്കവാറും സുറിയാനി ക്രിസ്ത്യാനികൾ എല്ലാവരും എന്നെ അവരുടെ ന്യായമായ മേലധികാരിയും മെത്രാപ്പോലീത്തായുമായിട്ട് മനഃപൂർവമായി സമ്മതിച്ചിരിക്കുന്നു എന്നും അവർ പരസ്യമായി എന്നെ അനുസരിക്കുന്നു എങ്കിൽ അവരെ പിടിച്ച് തിരുവിതാംകോട്ട് സർക്കാർ മേലെഴുതിയ സർക്കുലർ ഉത്തരവ് പ്രമാണിച്ച് ശിക്ഷിക്കുമെന്നും സുറിയാനിക്കാരിൽ അധികം ആളുകളുടെ താല്പര്യം തിരുവിതാംകോട് സർക്കാർ കൂട്ടാക്കുന്നില്ലെന്നും സന്നിധാനത്തിങ്കൽ ബോധിപ്പിക്കുന്നു.

15. ഇത് സംബന്ധമായി ഞാൻ വക്കീൽ മുഖാന്തിരം ഒരു ഹർജി കൊടുത്തു. അതിന് ദിവാൻജി 1866 സത്തെപ്രിൽ (?) തന്ന മറുപടിയിൽ എന്റെ അപേക്ഷ ശരിയും ന്യായവും ആയിട്ടുള്ളതാകുന്നു എന്ന് സമ്മതിച്ചു എങ്കിലും ഈ സംഗതിയിൽ പ്രവേശിച്ച് യോഗക്കാരുടെ മനസ്

അറിയുന്നതിന് അത്രയും പ്രയാസമാകുന്നു എന്ന് പറഞ്ഞിരിക്കുന്നു. അതിന് ഒരു വിധത്തിലും പ്രയാസമുള്ളതല്ല. എഴുത്തു മൂലം ഓരോരുത്തരുടെ മനസറിയുന്നതിന് പകരം സുറിയാനി ക്രിസ്ത്യാനികളിൽ ഏവരുമോ അവരിൽ മിക്കവാറും ആളുകളോ തങ്ങളുടെ ന്യായമായ ബിഷോപ്പും മെത്രാപ്പോലീത്തായുമായിട്ട് എന്നെ കൈക്കൊള്ളുന്നതിന് മനസായിരിക്കുന്നോ എന്ന് ഓരോരോ മണ്ഡപത്തുംവാതുക്കൽ കമ്മീഷണറെ നിശ്ചയിച്ച് റിപ്പോർട്ട് ചെയ്യാവുന്നതാകുന്നു.

16. രായപുരം പള്ളി എടവകയിലുള്ള ഏതാനുംപേർ വികാരി അപ്പോസ്തോലിക്കായുടെ ഭാഗവും ഏതാനുംപേർ ഗോവക്കാരുടെ ഭാഗവും ആയി തർക്കപ്പെട്ട് മദ്രാസ് ഹൈക്കോർട്ട് മുമ്പാകെ ഈയിടെ കൊണ്ടുവന്ന വ്യവഹാരത്തിൽ ജനങ്ങളുടെ മനസ് നറുക്കിട്ട് അറിയണമെന്ന് ഹൈക്കോർട്ട് കല്പിച്ചു. സർ ആഡം ബീറ്റിൽസ്റ്റൺ നറുക്കിടീച്ച് അധികം ജനങ്ങളുടെ മനസ് പ്രകാരം പള്ളിയും മുതൽ കാര്യങ്ങളും വികാരി അപ്പോസ്തോലിക്കായുടെ ഭാഗക്കാർക്ക് കൊടുക്കുകയും ചെയ്തു.

17. കൊച്ചി സർക്കാരിൽ ഉള്ള രണ്ടു സുറിയാനിപ്പള്ളികളിൽ ഇപ്രകാരമുള്ള ഒരു തർക്കം 1806-ൽ ഉണ്ടായാറെ അന്ന് റസിഡണ്ടായിരുന്ന മെസ്തർ മൊൽ റൂബിയും ദിവാൻ ശങ്കുണ്ണിമേനോനും കൂടി ആ തർക്കം 16-ാമത് വകുപ്പിൽ പറയുംപ്രകാരം പ്രവർത്തിച്ച് തർക്കം തീർത്ത് വെടിപ്പാക്കുകയും ചെയ്തു.

18. ഇപ്രകാരമുള്ള ഒരു സർക്കുലർ നടപ്പില്ലാത്ത കൊച്ചി സർക്കാരിലും ബ്രിട്ടീഷ് കൊച്ചിയിലും സുറിയാനി ക്രിസ്ത്യാനികൾ എത്രയോ സംവൽസരമായിട്ട് അവരുടെ മനസ്സ് പോലെയുള്ള ബിഷോപ്പന്മാരെ അനുസരിക്കുകയും മതകാര്യങ്ങളിൽ ക്രമമായി നടന്ന് വന്നിട്ടുള്ളതും തിരുവിതാംകൂർ സർക്കാരിൽത്തന്നെയും മേലെഴുതിയ സർക്കുലർ ഉത്തരവ് ഉണ്ടാകുന്നതിന് മുമ്പെ അവിടെയുള്ള സുറിയാനി ക്രിസ്ത്യാനികൾ സമാധാന ലംഘനം വരുത്താതെ മതകാര്യങ്ങൾ നടത്തിപ്പോന്നിട്ടുള്ളതും മറ്റ് യാതൊരു രാജ്യത്തും ജാതിയിലും മതകാര്യങ്ങളിൽ ഇപ്രകാരമുള്ള ഒരു സർക്കുലർ ഉത്തരവ് ഉണ്ടെന്ന് കേട്ടിട്ടുള്ള (കേട്ടിട്ടില്ലാത്ത) അവസ്ഥയും വിചാരിച്ച് നോക്കുമ്പോൾ തിരുവിതാംകൂർ ദിവാൻജിയുടെ ഉത്തരവ് അസാമാന്യമായതും സുറിയാനിക്കാർക്ക് വളരെ ഞെരുക്കവും ദുഃഖവും വരുത്തുന്നതുമാകുന്നു.

19. മതകാര്യങ്ങളിൽ പക്ഷ പ്രതിപക്ഷം കൂടാതെ ഇരിക്കണമെന്നുള്ള ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ ബുദ്ധിയോടുകൂടിയ പുരാതന ധർമ്മവും ബ്രിട്ടീഷ് റസിഡണ്ട് മുഖാന്തിരം ഈ കാര്യത്തിലും നടത്തിത്തരണമെന്നും ഈ സർക്കുലർ ഉത്തരവും അതിലെ നിർബന്ധവും ശിക്ഷയും

ദുർബ്ബലം ചെയ്യണമെന്നും 185 (?) ജൂലൈ 14-ലെ 282-ാം നമ്പറിൽ തിരുവിതാംകൂർ ബ്രിട്ടീഷ് റസിഡണ്ടിന് അയച്ചിട്ടുള്ള ....ലെ നീങ്ങിപ്പോയ ബഹുമാനപ്പെട്ട ഡയറക്ടർമാരുടെ കോർട്ടിലെ കല്പനപ്രകാരം സുറിയാനിക്കാർ എല്ലാവരും അവരവരുടെ മനസ്സുപോലുള്ള ബിഷോപ്പിനെ അനുസരിക്കുന്നതിന് സമ്മതിച്ച് വേറെ ഒരു വിളംബരം ചെയ്യിക്കുന്നതിനും മതസംബന്ധമായ കാര്യങ്ങളിൽ തടസ്സം ചെയ്തിരിക്കുന്നതിനും അഭിപ്രായഭേദമുള്ള ദിക്കുകളിൽ കമ്മീഷണർമാരെ നിശ്ചയിച്ച് ഇടവകക്കാരുടെ മനസ് ഏതുപ്രകാരമെന്ന് നിശ്ചയിക്കയും അധികം ആളുകളുടെ മനസ് ഏതു ഭാഗത്തേക്ക് ചേരുന്നുവോ ആ ബിഷോപ്പിന്റെ പക്കൽ പള്ളിയും മുതൽകാര്യങ്ങളും ഏല്പിച്ചുകൊടുക്കണമെന്നും കാണിച്ച് വേറെ ഒരു വിളംബരം ചെയ്യണമെന്ന് കല്പന ഉണ്ടാവാൻ അപേക്ഷിക്കുന്നു" (പുറം 133-139).

**8.** എല്ലാ പള്ളികൾക്കും. "പാത്രിയർക്കീസ് ബാവാ (പ. യാക്കോബ് രണ്ടാമൻ) കാലം ചെയ്തു എന്ന് കമ്പിത്തപാൽ വഴി എഴുത്ത് വന്നിരിക്കുന്നു എന്നും അതിനാൽ അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് വേണ്ടി നമസ്ക്കാരം, ധൂപം മുതലായത് കഴിച്ചുകൊള്ളണമെന്നും നാം അദ്ദേഹത്തിന്റെ നാല്പത് അടിയന്തിരം ഈ പള്ളിയിൽ വച്ച് കഴിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു (പുറം 165).

**9.** കുന്നംകുളങ്ങര പള്ളിയിൽ നിന്ന് മീന മാസം 22-ാം തീയതി എല്ലാ പള്ളികൾക്കും അയച്ച കല്പനയുടെ സംഗ്രഹം (അന്ത്യോഖ്യായുടെ പ. യാക്കോബ് രണ്ടാമൻ പാത്രിയർക്കീസിന്റെ) "നാല്പത് അടിയന്തിരം മേട മാസം 5-ന് തിങ്കളാഴ്ച ഈ പള്ളിയിൽ വച്ച് കഴിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കകൊണ്ട് അതത് പള്ളിക്കാർ അന്നേയ്ക്ക് ഇവിടെ വന്നുചേർന്നുകൊള്ളണം (പുറം 165).

**10.** 1872 മീനം 25-ന് ശനിയാഴ്ച മുളന്തുരുത്തി പള്ളിയിൽ നിന്നും. കണ്ടനാട്, കരിങ്ങാശ്ര, നടമേൽ, പറവൂർ, കുറിഞ്ഞി മുതലായ പള്ളികൾക്ക്. "നിങ്ങൾക്ക് വാഴ്വ്, നമ്മുടെ ചാത്തുരുത്തി കോറി ഗീവറുഗീസ് കത്തനാർക്ക് (പ. പരുമല തിരുമേനി - എഡിറ്റർ) നാളെ റമ്പത്വം കൊടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളതിനാൽ നിങ്ങളും ഒരുങ്ങപ്പെട്ട് വന്ന് കാണ്മാൻ ആഗ്രഹിക്കുന്നു."

**11. പരുമല അസോസ്യേഷനിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് നടത്തിയ പ്രസംഗവും അവതരിപ്പിച്ച് അംഗീകാരം നേടിയെടുത്ത നിശ്ചയങ്ങളും:**

"അന്ത്യോഖ്യായുടെ ശുദ്ധമുള്ള മാറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവായുടെ കൈവാഴ്ചയിൻകീഴിലുള്ള മലയാളത്തിലെ

യാക്കോബായ സുറിയാനിക്കാരുടെ ഇടവകയിലുള്ള കുഴച്ചിലുകൾക്ക് നിവൃത്തി വരുത്തണമെന്ന സമാധാനത്തിന്റെയും ഗുണാധികാരത്തിന്റെയും മാർഗ്ഗങ്ങളെ സ്ഥിരപ്പെടുത്തണമെന്നുള്ള ആന്തരത്തോടു കൂടി മാർ യൊയാക്കീം കൂറിലോസ് മെത്രാപ്പോലീത്തായും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും പട്ടക്കാരും ജനങ്ങളും യോഗക്കാരും കൂടി നിശ്ചയിച്ച മീറ്റിംഗിലെ പ്രൊസീഡിംഗ്സ്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ: യോഗക്കാർ കൂടപ്പെട്ടവർ എല്ലാവരും ഇപ്പോൾ ഉണ്ടല്ലോ. നിങ്ങൾക്ക് വാഴ്വ്.

നാം ഇപ്പോൾ ചിന്തിപ്പാനും ആലോചിപ്പാനും ഉള്ള കാര്യങ്ങളിലേക്ക് വിനയവും പരമാർത്ഥതയും സ്നേഹവും ഉള്ള ആത്മാവോടും കൂടെ പ്രവേശിക്കണം. ഈ യോഗത്തിൽ മാർ കൂറിലോസ് ബാവാ മുഖ്യസ്ഥാനപതി ആയിരിപ്പാൻ നാം എല്ലാവരും അപേക്ഷിക്കണം.[126] ഈ യോഗം ഇപ്പോൾ കൂടിയിരിക്കുന്നതിന്റെ താല്പര്യം എന്തെന്നും അവർ ആലോചിച്ച് ഉറക്കേണ്ട കാര്യങ്ങൾ ഇന്നവ എന്നും ചുരുക്കത്തിൽ വിവരിക്കുന്നു. മലയാളത്തുള്ള യാക്കോബായ സുറിയാനിക്കാർ ആയ നമ്മുടെ ഇടയിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന ഛിദ്രങ്ങൾ തീരുവാനും ഐകമത്യവും സമാധാനവും അവരുടെ ഇടയിൽ സ്ഥിരപ്പെട്ടിരിപ്പാനും വിദ്യാഭ്യാസവും അതിൽ നിന്നുള്ള വിശേഷഫലങ്ങളും മേൽക്കുമേൽ വർദ്ധിച്ചുവരുവാനുമായി,[127]

ഒന്നാമത്. മെത്രാന്മാർ തമ്മിലുള്ള വഴക്കുകൾക്ക് നിവൃത്തി ഉണ്ടാകേണ്ടതിനും രണ്ടാമത് മെത്രാന്മാർ തമ്മിലുള്ള വഴക്കു നിമിത്തവും ഏകനായകത്തിന്റെ ബലം ഹേതുവാലും[128] മേലാൽ സഭയ്ക്ക് ദോഷം സംഭവിക്കാതെ ഇരിക്കേണ്ടതിന്നും, മൂന്നാമത്, സുറിയാനി സമൂഹത്തിന്റെ ക്ഷേമാഭിവൃദ്ധികൾ സ്ഥിരങ്ങളായി ഇരിക്കേണ്ടതിനും ഉത്തമമായ മാർഗ്ഗങ്ങൾ ഇന്നവ എന്നാലോചിച്ച് അവയ്ക്ക് വേണ്ടുന്ന നിശ്ചയങ്ങൾ ഉറപ്പിക്കുന്നതിനായിട്ട് ഈ യോഗത്തെ വിളിച്ചു കൂട്ടിയിരിക്കുന്നു.

ഒന്നാമത്. സർക്കാരിലെ അധികാരത്തോടു കൂടെ ഈ സഭയിൽ ഏതാനും പള്ളികളെ ഇപ്പോൾ ഭരിച്ചുവരുന്ന മെത്രാപ്പോലീത്തായുടെ പേരിൽ അനേകം തെറ്റുകൾ ഉണ്ടെന്നും പാത്രിയർക്കീസ് ബാവായുടെ മുടക്കുകൾ ഉള്ളതിനാൽ അദ്ദേഹത്തെയും കാനോനാ വിധിയ്ക്ക് വിരോധമായി അദ്ദേഹത്താൽ ഉണ്ടാക്കപ്പെട്ട രണ്ട് മെത്രാന്മാരെയും മെത്രാന്മാരായി കൈക്കൊള്ളുവാൻ സഭയ്ക്ക് പാടില്ലാത്തതെന്നും അദ്ദേഹത്തിനു പകരം പാത്രിയർക്കീസ് ബാവായാൽ നിയമിക്കപ്പെട്ടിരിക്കുന്ന മെത്രാപ്പോലീത്തായെ നമ്മുടെ മെത്രാപ്പോലീത്താ ആയി സ്വീകരിക്കേണ്ടത് ന്യായമെന്ന് കാണുന്ന സ്ഥിതിക്ക് യോഗക്കാർ ഒരാളെ ത്യജിക്കയും മറ്റൊരാളെ

സ്വീകരിക്കുകയും ചെയ്യുന്നതിനു മുമ്പിൽ അങ്ങനെ ഉടനടി ചെയ്യുന്നപക്ഷം ഇപ്പോൾ ഉള്ളതിലും വലിയ കലഹങ്ങൾക്കും അധിക മായ അകൽച്ചകൾക്കും ഇടവരുമെന്ന് ഊഹിക്കപ്പെടാവുന്നതാക കൊണ്ട് അങ്ങനെ വരാതിരിപ്പാൻ വേണ്ടി ഭിന്നിക്കപ്പെട്ടിരിക്കുന്ന മെത്രാന്മാരെയും അവരുടെ പക്ഷക്കാരെയും തമ്മിൽ യോജിപ്പിക്കേണ്ടതിന് കഴിവുണ്ടോ എന്നും അല്പം കൂടെ താമസിക്കേണ്ടത് യുക്തമല്ലയോ എന്നും ആലോ ചിക്കേണ്ടത് ന്യായമല്ലയോ എന്നും തോന്നുന്നു. പാത്രിയർക്കീസ് ബാവാ സഭയുടെ യോജിപ്പിന് നാം ചെയ്യുന്ന യത്നത്തെ സന്തോഷത്തോടെ കൈക്കൊള്ളുമെന്ന് വിശ്വസിക്കപ്പെടാവുന്നതാകയാൽ മാർ അത്താനാ സ്യോസ് തങ്ങളുടെ തെറ്റുകളെ ഏറ്റുപറഞ്ഞ്[129] അന്ത്യോഖ്യാ പാത്രി യർക്കീസിനെ മലയാളത്തെ സുറിയാനിക്കാരുടെ വേദതലവനായി അംഗീകരിച്ച് അദ്ദേഹത്തിന്റെ വരുതിയിൽ ഇരുന്നുകൊള്ളുവാനും ഈ യോഗം നിശ്ചയിക്കപ്പെടുന്നവയെ സമ്മതിപ്പാനും മനസ്സുണ്ടോ എന്നറി വാൻ വേണ്ടി ഒരു ഡെപ്യൂട്ടേഷൻ അത്താനാസ്യോസ് മെത്രാപ്പോലീ ത്തായുടെ അടുക്കൽ അയയ്ക്കുകയും അദ്ദേഹം നല്ലവണ്ണം ആലോചന ചെയ്ത് മറുപടി തരുന്നതിനും അപേക്ഷിച്ചതിന്റെ ശേഷം കീഴ്വഴക്ക ത്തിന്റെയും സമാധാനത്തിന്റെയും ഉറപ്പ് വരുത്തുന്നതായ ഒരു മറുപടി അദ്ദേഹത്തിൽ നിന്ന് ഉണ്ടാകുന്നപക്ഷം പാത്രിയർക്കീസ് ബാവായുടെ സമ്മതം വരുത്തി എല്ലാ മെത്രാന്മാരും യോഗക്കാരും കൂടി വാഴ്ച മുത ലായതിന്റെ ക്രമങ്ങളെ നിശ്ചയപ്പെടുത്തുകയും അനുസരണക്കേടിന്റെ ലക്ഷണമായിരുന്നാൽ പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാര മുള്ള മെത്രാപ്പോലീത്തായെ സുറിയാനിക്കാരുടെ ന്യായമായ മെത്രാപ്പോ ലീത്താ ആയിട്ട് അംഗീകരിക്കയും അതിന്മണ്ണം സ്ഥിരപ്പെടുത്തിത്തരുന്ന തിന് സർക്കാരോട് അപേക്ഷിക്കുകയും ചെയ്യണമെന്ന് ഒരു നിശ്ചയം യോഗക്കാർ ഇപ്പോൾ സ്ഥിരപ്പെടുത്തേണ്ടത് എല്ലാവിധത്താലും യുക്ത മെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു.

അഭിപ്രായക്കാരൻ ......

കൂട്ടഭിപ്രായക്കാരൻ ......

(ഈ ഭാഗത്ത് പില്ക്കാലത്ത് മെത്രാപ്പൊലീത്താ ആയ യൂയാക്കീം മാർ ഈവാനിയോസിന്റെ മുദ്ര പതിപ്പിച്ചിട്ടുണ്ട് – എഡിറ്റർ)

രണ്ടാമത്. മേലധ്യക്ഷന്മാരുടെ ഏകനായകത്വത്തിന്റെ ശക്തിയ്ക്ക് എതിരായ ശക്തി മലയാളത്തെ സഭ (യ്ക്ക്) ഇല്ലായ്മ നിമിത്തം സഭയ്ക്ക് അധികമായ ദോഷം സംഭവിച്ചിട്ടുള്ളതാകയാൽ ആ ദോഷത്തെ ഒഴിക്കു ന്നതിന് മേലധ്യക്ഷന്മാരും പട്ടക്കാരും ജനങ്ങളും തമ്മിൽ ഒരുമിപ്പിന്റെയും യോജ്യതയുടെയും ബന്ധനങ്ങളെ ഉറപ്പിക്കുന്നതിനു വേണ്ടി മലയാള

ത്തുള്ള സുറിയാനിക്കാരുടെ മതസംബന്ധമായും സാമൂഹ്യ സംബന്ധമായും മറ്റും ഉള്ള സകല വിഷയങ്ങളെയും ഗുണാധികാരം വർദ്ധിപ്പാൻ തക്ക പ്രവൃത്തികളെ നടത്തുന്നതിന് സ്വാതന്ത്ര്യവും അധികാരവും ഉള്ള ഒരു കൂട്ടത്തെ നിശ്ചയിക്കുകയും അതിന് പ്രത്യേകം ഒരു പേർ വിളിക്കപ്പെടുകയും ചെയ്യേണ്ടതാകുന്നു എന്ന് യോഗത്തിന്റെ ആലോചനയ്ക്കായി ഞാൻ അഭിപ്രായപ്പെടുന്നു. ഈ അസോസ്യേഷന്റെ സാധ്യം അതിന്നായി ഒരുങ്ങപ്പെട്ടിരിക്കുന്ന ഭാവിമംഗലത്തിൽ ചുരുക്കമായി വിവരിച്ചിരിക്കയാൽ അതിനെ യോഗത്തിന്റെ അറിവിന്നായി വായിക്കുന്നു (ഇവിടെ ഭാവിമംഗലം വായിക്കുന്നു).[130]

അഭിപ്രായക്കാരൻ

കൂട്ടഭിപ്രായക്കാരൻ

3-ാമത്. അസോസ്യേഷനിലെ ഒരു മെമ്പറിന്റെ അവകാശവും അധികാരവും എല്ലാ പള്ളികൾക്കും സിദ്ധിക്കേണ്ടത് ആവശ്യമാകയാൽ എല്ലാ പള്ളികളിൽ നിന്നും ഒരു മെമ്പ്രിന്റെ പ്രവേശനഫീസ് വാങ്ങി വികാരിയെ മെമ്പർ ആയി കൈക്കൊള്ളുവാൻ ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ...... കൂട്ടഭിപ്രായക്കാരൻ....

4-ാമത്. സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനിൽ ചേരുന്നവരിൽ നിന്നുണ്ടാകുന്ന മുതല് കൂടാതെ പൊതുഗുണത്തിനു വേണ്ടി ഒരു ധർമ്മശേഖരം കൂടി ആവശ്യപ്പെട്ടിരിക്കുകയാൽ എല്ലാവരും അതിങ്കൽ മനസ്സ് വച്ച് അവനവന്റെ മനസ്സിനും പ്രവൃത്തിക്കും ഒരുപോലെയുള്ള ദ്രവ്യം കൊണ്ട് സമൂഹത്തിന്റെ ഗുണീകരണത്തെ പ്രതി നല്ല വേലയ്ക്ക് ശ്രമിക്കുന്നവരുടെ ആന്തരത്തെ സഹായിക്കണമെന്ന് ഒരപേക്ഷ ഉണ്ടാവാനും അങ്ങനെ കൊടുക്കുന്നവരെ ക്ലാസ് തിരിച്ച് ഓരോ ക്ലാസിൽ ചേർത്തിട്ട് അവർക്ക് ധർമ്മശേഖരത്തിന്റെ സ്ഥലവിശേഷങ്ങളിൽ നിന്നുള്ള ഓരോ അവകാശക്രമങ്ങളെ നിശ്ചയിക്കേണ്ടതാകുന്നു എന്നും യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ... കൂട്ടഭിപ്രായക്കാരൻ...[131]

5-ാമത്. സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനിൽ ചേർന്ന എല്ലാവരും കൂടെക്കൂടെ ഒന്നിച്ചു കൂടുന്നതിനും കാര്യാദികൾ നടത്തുന്നതിനും വളരെ പ്രയാസമുള്ളതാകയാൽ അവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരായി കാര്യാദികൾ നടത്തുന്നതിന് ശേഷിയുള്ളവരായി നാലു പട്ടക്കാരെയും എട്ട് അയ്മേനികളെയും കമ്മട്ടിക്കാരായി നിശ്ചയിക്കേണ്ടതാകുന്നു എന്ന് യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ.... കൂട്ടഭിപ്രായക്കാരൻ.....[132]

6–ാമത്. കമ്മട്ടിക്കാർക്ക് സമ്മതമുള്ള ഒരാളെ സിക്രട്ടറി ആയിട്ടും മറ്റൊരാളെ മുതൽപിടി ആയിട്ടും നിശ്ചയിക്കുന്നതിനും അസോസ്യേഷൻ സംബന്ധമായ സകല എഴുത്തുകുത്തുകളും ആധാരപ്രമാണങ്ങളും കണക്കുകളും സിക്രട്ടറി കൈവശം വച്ച് സൂക്ഷിക്കുവാൻ തക്കവണ്ണവും പണച്ചുമതലയ്ക്ക് മുതൽപിടി ബാധ്യസ്ഥൻ ആയിരിപ്പാൻ തക്കവണ്ണവും ഒരു നിശ്ചയത്തെ ഉറപ്പിക്കുന്നതിന് യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ... കൂട്ടഭിപ്രായക്കാരൻ...

7–ാമത്. കമ്മട്ടിക്കാർ സാരമായ സകല സംഗതികളിലും അസോസ്യേഷനിൽ ചേർന്നിട്ടുള്ളവരുടെ സമ്മതം വരുത്തി നടത്തിക്കേണ്ടതാകുന്നു എന്നും വല്ല നിശ്ചയങ്ങളിലും അഭിപ്രായഭേദം വരുന്നപക്ഷം അധിക മെമ്പർമാരുടെ സമ്മതം പ്രാബല്യപ്പെട്ടതായിരിക്കണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ... കൂട്ടഭിപ്രായക്കാരൻ...

8–ാമത്. സുറിയാനി സമൂഹത്തിന് അവരുടെ പള്ളി വകയ്ക്കായിട്ടും പൊതുവകയായും ഉള്ള മുതലിലും രക്ഷാകർത്താക്കൾ എന്ന പോലെ സമൂഹസംബന്ധമായും മതസംബന്ധമായും മറ്റുമുള്ള സംഗതികളിലും ഇപ്പോൾ ഉള്ള ശട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനും പുതിയ പ്രമാണങ്ങളെ ഏർപ്പെടുത്തുന്നതിനും പുതുകാര്യങ്ങളിൽ തർക്കപ്പെടുന്നതിൽ വ്യവഹാരങ്ങൾ നടത്തുന്നതിനും മറ്റുമുള്ള അധികാരം ഈ കമ്മട്ടിക്കാർക്ക് ഉണ്ടായിരിക്കണമെന്ന ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു. ആമ്മീൻ പറഞ്ഞു.

9–ാമത്. ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസങ്ങൾ[133] വർദ്ധിക്കുന്നതിന് വേണ്ടി ഉള്ള പഠിത്തവീടുകൾ പണിയിക്കുന്നതിനും പൈതങ്ങൾക്ക് അറിവുണ്ടാകത്തക്ക പുസ്തകങ്ങൾ അച്ചടിക്കുന്നതിനും ഇംഗ്ലീഷ്, സുറിയാനി, മലയാളം ഈ മൂന്ന് ഭാഷ പഠിപ്പിപ്പാൻ യോഗ്യന്മാരായ പരദേശക്കാരെയോ നാട്ടുകാരെയോ വാധ്യാന്മാരായി ഏർപ്പെടുത്തി പഠിത്തം നടത്തിക്കുന്നതിനും അതുപോലെയുള്ള മറ്റു ധർമ്മപ്രവൃത്തികൾ നടത്തിക്കുന്നതിനും ആ വകയ്ക്കു ജനങ്ങളിൽ നിന്ന് വേണ്ടുന്ന മുതല് ഈടാക്കത്തക്ക മാർഗ്ഗങ്ങളെ ക്രമപ്പെടുത്തുന്നതിനും ശേഖരപ്പെട്ടു വരുന്ന മുതലിന് വട്ടി വരുത്തി ദുർവ്യയം വരാതെ ചിലവിടുന്നതിനും കമ്മട്ടിക്കാർ ചുമതലക്കാരായി ഇരിക്കണമെന്നും ഒരു നിശ്ചയം യോഗക്കാരുടെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

10–ാമത്. ആൺപൈതങ്ങൾക്കും പെൺപൈതങ്ങൾക്കും[134] പഠിക്കുന്നതിന് പഠിത്തവീടുകൾ എല്ലാ ഇടവകകളിലും കാലക്രമം കൊണ്ട് സ്ഥാപിക്കേണ്ടത് ആവശ്യമാകയാൽ അങ്ങനെ ഉള്ള പണികൾ പള്ളിക

ളിൽ നിന്നോ പൊതുവകകളിൽ നിന്നോ യുക്തം പോലെ ചിലവു ചെയ്ത് പണിയിക്കുന്നതിന് കമ്മറ്റിക്കാർ ദൃഷ്ടി വയ്ക്കേണ്ടതിന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

11–ാമത്. കേടു ഭവിച്ചിട്ടുള്ള പള്ളികളുടെ അറ്റകുറ്റം തീർക്കുന്നതിനും ഈ പള്ളികളിൽ പള്ളിക്കൂടം പണിയിക്കുന്നതിനും ഇടവകക്കാർക്ക് പ്രയാസമായി വരുന്നപക്ഷം പൊതുമുതലിൽ നിന്ന് ആ വക പണികൾ നടത്തിക്കൊടുക്കുകയും അങ്ങനെ ചിലവിടുന്ന മുതലിന്റെ പലിശ ആ ഇടവകക്കാരിൽ നിന്ന് വസൂലാക്കുവാൻ തക്ക ഉറപ്പുകൾ വരുത്തിക്കൊള്ളുന്നതിന് കൂടെ കമ്മട്ടിക്കാർക്ക് അധികാരമുണ്ടായിരിക്കുമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

12–ാമത്. സുറിയാനിക്കാരുടെ സമൂഹസംബന്ധമായ കാര്യങ്ങളെ നടത്തുന്നതിന് ചുമതലക്കാരായി ഒരു അസോസ്യേഷൻ എന്ന കൂട്ടത്തെയും അതിൽ ഒരു കമ്മട്ടിയെയും സ്ഥിരപ്പെടുത്തിയിരിക്കുന്ന[135] മുറയ്ക്ക് പള്ളിവക മുതല് കാര്യങ്ങളെപ്പറ്റി ഇപ്പോൾ സ്ഥിരപ്പെടുത്തിയിരിക്കുന്ന മുറയ്ക്ക് പള്ളിവക മുതൽകാര്യങ്ങളെപ്പറ്റി ഇപ്പോഴുള്ള തർക്കങ്ങളെപ്പോലെ മേലാലും തർക്കങ്ങൾ ഉണ്ടാവാതെ ഇരിപ്പാനും ആ വക മുതൽ കാര്യങ്ങൾ ഇടവകക്കാരുടെയും സമൂഹക്കാരുടെയും പൊതുഗുണത്തിന് ഉപയോഗപ്പെടുവാനും വേണ്ടി (1) എല്ലാ പള്ളികളിലെയും വസ്തുക്കൾക്കും സാമാനങ്ങൾക്കും ഇരിപ്പു മുതലിനും ഉള്ള കണക്കുകളുടെ ഓരോ പകർപ്പുകൾ തൽക്കാലമുള്ള കൈക്കാരന്മാരും വികാരിമാരും കൂടെ മെത്രാപ്പോലീത്തായ്ക്കും കമ്മട്ടിക്കാർക്കും കൊടുക്കുന്നതിനും (2) പള്ളികളിൽ ആണ്ടടക്കം വരവ് ചെലവിനുള്ള തിരട്ടുകളുടെ പകർപ്പ് അന്നന്നുള്ള കൈക്കാരന്മാരും വികാരിമാരും കൂടി മേൽപ്രകാരം മെത്രാപ്പോലീത്തായ്ക്കും കമ്മട്ടിക്കാർക്കും അയയ്ക്കേണ്ടതിനുള്ള ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

13–ാമത്. വിദ്യാഭ്യാസ വർദ്ധനയ്ക്കും അഭിവൃദ്ധിക്കും സഹായി ആളായി ബാലവിവാഹം മുതലായി ആയ ചില നടപ്പുകളെ നിർത്തൽ ചെയ്യുന്നതിനും മാമ്മൂദീസാ, വിവാഹം, ശവമടക്ക് ഇവകളുടെ സൂക്ഷ്മമായ കണക്ക് പള്ളികൾതോറും പുസ്തകങ്ങളിൽ[136] പതിച്ച് സൂക്ഷിച്ചും ആ കണക്കിന്റെ പകർപ്പുകൾ കമ്മട്ടിക്കാർക്ക് കൊടുത്തയക്കുകയും ചെയ്യുന്നതിന് മെത്രാപ്പോലീത്താ മുഖാന്തിരം വികാരിമാരെ ചട്ടംകെട്ടുന്ന ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

14–ാമത്. സുവിശേഷ പ്രാബല്യത്തിന് വേണ്ടിയുള്ള യത്നങ്ങളിൽ സുറിയാനിക്കാർക്ക് ഉണർച്ച ഉണ്ടാവാൻ വേണ്ടി പുറജാതികളുടെയും തെറ്റു വിശ്വാസികളുടെയും ഇടയിൽ ദൈവവചനം പ്രസംഗിപ്പാനും മനസ്സ്

തിരിപ്പിപ്പാനും പ്രാപ്തിയും യോഗ്യതയുമുള്ള പട്ടക്കാരെയും പ്രമാണികളെയും ഏർപ്പെടുത്തുന്നതിനും[137] അവർക്ക് ശമ്പളത്തിന് മുതലുണ്ടാകേണ്ട മാർഗ്ഗങ്ങളെ ക്രമപ്പെടുത്തുന്നതിന് കമ്മട്ടിക്കാർ ചുമതലക്കാർ ആയിരിക്കേണ്ടതെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

15-ാമത്. മതസംബന്ധമായും സാമൂഹ്യസംബന്ധമായുമുള്ള കാര്യങ്ങൾ ഈ കാലംവരെ കീഴ്മര്യാദയെ മറന്ന് പ്രമാണമാക്കി ജനങ്ങൾ നടന്ന് വരുന്നതിനാൽ ആ മര്യാദകളുടെ ഗുണദോഷത്തെപ്പറ്റി പലപ്പോഴും വളരെ തർക്കങ്ങൾ ഉണ്ടാകുന്നത് ഒഴിപ്പാൻ വേണ്ടി മലയാളത്തിലുള്ള സുറിയാനിക്കാരുടെ നടപടിക്ക് ഉപയോഗപ്പെടുന്ന കാനോനാകളെ സുറിയാനിയിൽ നിന്ന് പഠിത്തമുള്ള മല്പാന്മാർ മുഖാന്തിരം പരിഭാഷപ്പെടുത്തി അവയെയും അവയോടു കൂടി ആവശ്യപ്പെടുന്ന മറ്റു വിധികളെയും ജനങ്ങളുടെ അറിവിനും നടത്തയ്ക്കുമായി പ്രസിദ്ധം ചെയ്തിരിക്കുന്നതിനും അതുപോലെ തന്നെ വേദകാര്യങ്ങളിൽ ജനങ്ങൾക്ക് അറിവുണ്ടാവാൻ തക്ക വേദസംബന്ധമായ പുസ്തകങ്ങളെയും ചരിത്രങ്ങളെയും സുറിയാനിയിൽ നിന്ന് പൊരുൾ തിരിപ്പിച്ച് പുതിയ പുസ്തകങ്ങളെ ചമപ്പിച്ച് ജനങ്ങളുടെ ഇടയിൽ പരത്തുന്നതിന് കമ്മട്ടിക്കാർ ദൃഷ്ടി വക്കുന്നതുമല്ലാതെ ചുമതലക്കാരുമായിരിക്കണമെന്ന ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.[138]

16-ാമത്. സുറിയാനിസഭയെ ഓരോരോ കാലങ്ങളിൽ ഭരിക്കുന്ന മേലധ്യക്ഷന്മാർ കാലം കഴിയുമ്പോൾ പിൻവാഴ്ചയ്ക്ക് കാനോനാ വിധിപ്രകാരമുള്ള കൈവെപ്പോടു കൂടി മറ്റൊരാൾക്ക് സ്ഥാനം പ്രാപിപ്പാൻ ചിലപ്പോൾ സംഗതി വരാതെ തർക്കങ്ങൾക്കും ഇടർച്ചകൾക്കും ഇടവന്നിട്ടുള്ളതാകയാൽ മേലാൽ അതിൻവണ്ണം വരാതെ ഇരിപ്പാൻ തക്കവണ്ണം പട്ടക്കാരിൽ പഠിപ്പും പ്രാപ്തിയുമുള്ള രണ്ടു പേർ സമൂഹച്ചിലവിന്മേൽ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ താമസിക്കുകയും മലയാളത്ത് മെത്രാപ്പോലീത്തായുടെ സ്ഥാനം ഒഴിവ് വരുമ്പോൾ അവരിൽ ഒരാൾ അദ്ദേഹത്തിന്റെ തൃക്കൈ കൊണ്ടുള്ള കൈവെപ്പോടു കൂടി സ്ഥാനമേറ്റു വരുവാൻ തക്കവണ്ണം ചട്ടംകെട്ടുകയും അസോസ്യേഷന്റെ സമ്മതത്തോടു കൂടി അല്ലാതെ വരുന്നവരെ മേലാൽ മെത്രാന്മാരായിട്ട് കൈക്കൊള്ളുകയില്ലെന്ന് ഉറപ്പിക്കുകയും[139] ചെയ്യേണ്ടതാകുന്നു എന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

17-ാമത്. മെത്രാപ്പോലീത്തായ്ക്കു ആലോചനയ്ക്കും സഹായത്തിനുമായി ഒരു അർക്കദിയാക്കോനെ കൂടെ നിയമിച്ചാൽ മതസംബന്ധമായ കാര്യങ്ങൾ എളുപ്പമായി നടക്കുന്നതാക കൊണ്ടും മെത്രാപ്പോലീത്താ

യ്ക്കും അസോസ്യേഷനും സമ്മതമുള്ള ഒരാളെ ആ സ്ഥാനത്തിൽ ആക്കണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.[140]

18-ാമത്. മെത്രാപ്പോലീത്താ തന്റെ സ്ഥാനത്തിനടുത്ത അവസ്ഥയോടും കൂടിയുള്ള ഇരിപ്പിനും സഞ്ചാരത്തിനും തല്ക്കാലം പള്ളികളിൽ തനിക്കുള്ള അവകാശങ്ങളിൽ നിന്നും മേലാൽ കമ്മട്ടിക്കാർ അനുവദിക്കുന്ന മുതലിൽ നിന്ന് കഴിച്ചുകൊള്ളേണ്ടതല്ലാതെ സ്വയ കുടുംബപുഷ്ടിയെക്കരുതി പള്ളിവക മുതലുകളിൽ ബലമായി അപഹരിക്കുകയാകട്ടെ പൊതുമുതലായിട്ടുള്ളത് ദുർവ്യയം ചെയ്യുകയാകട്ടെ പട്ടംകൊട മുതലായ ശുദ്ധകർമ്മങ്ങൾക്ക് ദ്രവ്യം വാങ്ങിക്കുകയാകട്ടെ യാതൊന്നും ചെയ്തു പോകരുതെന്നും അതിന് വിരോധമായി എന്തെങ്കിലും ക്രമക്കേടുകൾ അദ്ദേഹം പ്രവർത്തിച്ചാൽ ആ വിവരത്തിന് അസോസ്യേഷൻ മുഖാന്തിരം പാത്രിയർക്കീസ് ബാവായെ തിരിയപ്പെടുത്തി അവിടത്തെ വിധിപ്രകാരം അദ്ദേഹം അനുസരിക്കണമെന്ന് കൂടെ ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

19-ാമത്. കമ്മട്ടിക്കാർ പള്ളിവകയായും പൊതുവകയായും ഉള്ള മുതല് കാര്യങ്ങൾ ആണ്ടടക്കം വരവ് ചെലവുകളുടെയും കമ്മട്ടിക്കാർ മുഖാന്തിരമായി അന്നന്ന് നടത്തപ്പെടുന്ന കാര്യങ്ങളുടെ വിവരങ്ങൾ കണ്ടുള്ള റിപ്പോർട്ട് ആണ്ടുതോറും അച്ചടിച്ച് പ്രസിദ്ധം ചെയ്വാനും അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്കുള്ള റീശീസാ ഇതുവരെയുള്ളത് കിട്ടുന്നത് ആറ് മാസത്തിനകവും മേലാലുള്ളത് ആണ്ടു തോറും പിരിച്ച് കമ്മട്ടിക്കാർ മുഖാന്തിരം അന്ത്യോഖ്യായ്ക്ക് അയച്ച് കല്പന വരുത്തി പള്ളികൾ തോറും പ്രസിദ്ധപ്പെടുത്തുവാനുള്ളതെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

20-ാമത്. ദൈവശുശ്രൂഷക്കായി നിയമിക്കപ്പെടുന്ന പട്ടക്കാർ പഠിത്തവും പാകതയും ഉള്ളവരായിരിപ്പാൻ തക്കവണ്ണം ഒരു ചട്ടംകെട്ട് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ മേലാൽ പട്ടത്തിനായി ഇടവകക്കാരുടെയും വികാരിമാരുടെയും സാധനങ്ങളോടു കൂടി വരുന്ന ആളുകൾ കമ്മട്ടിക്കാരുടെ സമ്മതത്തോടും അതിനായി നിയമിക്കപ്പെടുന്ന രണ്ടു മല്പാന്മാരാൽ പരിശോധന ചെയ്യപ്പെട്ട് പട്ടത്തിന് യോഗ്യരെന്നുള്ള സർട്ടിഫിക്കറ്റോടുകൂടി വരാതെ ഇരുന്നാൽ അവർക്ക് പട്ടം കൊടുത്തു കൂടാ എന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

21-ാമത്. യോഗത്തിൽ ഇപ്പോൾ സ്ഥിരപ്പെടുന്ന നിശ്ചയങ്ങൾ കൂടാതെ സമൂഹത്തിന്റെ ഗുണത്തിലേക്കു വേണ്ടുന്ന നിശ്ചയങ്ങളും അതുപോലെത്തന്നെ അസോസ്യേഷന്റെയും കമ്മറ്റിയുടെയും സ്ഥിതിയ്ക്കും ഉറ

പ്പിക്കുന്ന ക്രമമായ നടത്തയ്ക്കും ആവശ്യമായിട്ടുള്ള ചട്ടവട്ടങ്ങൾ കമ്മ ട്ടിക്കാർ ഏർപ്പെടുത്തിക്കൊള്ളുന്നതിനുള്ള സ്വാതന്ത്ര്യം അവർക്ക് അനു വദിക്കപ്പെടണമെന്നും ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

22–ാമത്. സമൂഹത്തിന് ദോഷം വരുവാൻ തക്കവിധത്തിൽ കമ്മിറ്റി ക്കാർ വല്ല തെറ്റുകളോ ക്രമക്കേടുകളോ മനഃപൂർവ്വമായി ചെയ്യുന്നു എന്ന് അസോസ്യേഷനിൽ ചേർന്നിട്ടുള്ളവർക്ക് സംശയം തോന്നിയാൽ അവർ കൂട്ടം കൂടി ആ കാര്യങ്ങളിൽ വിചാരണ ചെയ്ത് തെറ്റുകാരെ കമ്മട്ടി യിൽ മാറ്റം ചെയ്യുന്നതിനും കമ്മട്ടിക്കാരെ അശേഷം മാറ്റി വേറെ ആളു കളെ കമ്മട്ടിയിൽ ചേർക്കുന്നതിനും അസോസ്യേഷന് അധികാരമുണ്ടാ യിരിക്കണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭി പ്രായപ്പെടുന്നു.

23–ാമത്. സുറിയാനിക്കാരുടെ സമൂഹ സംബന്ധമായും മറ്റുമുള്ള കാര്യാദികളുടെ നടത്തയ്ക്ക് അസോസ്യേഷനെന്ന ഒരു കൂട്ടത്തെയും അവരിൽ ഒരു കമ്മട്ടിയേയും യോഗത്തിൽ സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് മെത്രാന്മാരെ യോജിപ്പിക്കുന്നതിന് ഒരു ഡപ്യൂട്ടേഷൻ അയക്കണമെന്ന് മുമ്പിൽ നിശ്ചയിച്ചിട്ടുള്ളതും ഈ കമ്മട്ടിക്കാർ മുഖാന്തിരമായിരിക്കണ മെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായ പ്പെടുന്നു.

24–ാമത്. ഈ യോഗത്തിൽ ഇപ്പോൾ നിശ്ചയിക്കപ്പെട്ട കാര്യങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തുന്നതു കൂടാതെ കൊച്ചി – തിരുവിതാംകൂറ് രണ്ടു സംസ്ഥാനങ്ങളിലും മഹാരാ ജാക്കന്മാർ തിരുമുമ്പാകെയും ബ. റസിഡണ്ട് സായിപ്പ് അവർകൾക്കും ഓരോ പകർപ്പുകൾ വിശേഷാൽ കൊടുത്തയക്കുന്നതുമല്ലാതെ സുറി യാനി സമൂഹത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന കൊച്ചി – തിരുവിതാംകൂറ് സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനെ സർക്കാർ അംഗീകരിച്ച് സ്ഥിരപ്പെടുത്തിത്തരുന്നതിന് റസിഡണ്ട് സായിപ്പ് മുഖാന്തിരം അപേക്ഷി ക്കണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായ പ്പെടുന്നു.

25–ാമത്. ഈ യോഗത്തിൽ നിന്നും അസോസ്യേഷനിൽ ചേരുന്നവർ ഒഴികെ ഇനിയും ചേരുവാൻ മനസ്സുള്ളവരെ ആറു മാസത്തിനകം ചേർന്ന ശേഷം അസോസ്യേഷനിലെ മെമ്പർമാരുടെ തുക നിശ്ചയപ്പെടുത്തി അവരാൽ നടത്തപ്പെടേണ്ടുന്ന കാര്യങ്ങളെയും വ്യവസ്ഥപ്പെടുത്തണ മെന്നും ആ സമയം നടപടിക്കുള്ള നിയമങ്ങൾ ഏർപ്പെടുത്തണമെന്നും ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

26-ാമത്. പരുമലയ്ക്ക് പഠിത്തവീടും പള്ളിയും പണിയിക്കുന്നതിന് സമൂഹത്തിലേക്ക് സൗജന്യമായി സ്ഥലം കൊടുത്തിട്ടുള്ള അരികുപുറത്ത് മാത്തനോടും അതുപോലെതന്നെ അച്ചുകൂടം മുതലായതിന് ദ്രവ്യം കൊടുത്തിട്ടുള്ളവരോടും ഉപകാരസ്മരണ കാണിപ്പാൻ വേണ്ടി അവരവരാൽ കൊടുക്കപ്പെട്ടിട്ടുള്ള ദ്രവ്യസംഖ്യ വ്യവസ്ഥപ്പെടുത്തി ഇനിയത്തെ യോഗത്തിൽ പ്രത്യേകമായി വന്ദനം പറയേണ്ടതാകുന്നു എന്നും ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

27-ാമത്. ഈ യോഗത്തിലെ നിശ്ചയങ്ങളെ തൃപ്തികരമാംവണ്ണം സമാധാനത്തോടെ ഉറപ്പിച്ചിട്ടുള്ള യോഗത്തിന്റെ മുഖ്യാസനപതിയായ നമ്മുടെ ബാവാ മാർ കൂറിലോസ് മെത്രാപ്പോലീത്താ അവർകൾക്ക് വന്ദനം പറഞ്ഞ് മീറ്റിംഗ് അവസാനിപ്പിക്കുന്നു" (പുറം 190-198).

(മശിഹാകാലം 1873-ാമാണ്ട് ചിങ്ങമാസം 25-ന് കൊല്ലം 1049-ാമാണ്ട് ചിങ്ങം 27-ന് പരുമല വച്ച് സുറിയാനി ക്രിസ്ത്യാനികൾ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ)

**12.** (പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് സന്യാസദീക്ഷ നൽകി റമ്പാൻ സ്ഥാനത്ത് അവരോധിച്ച ചാത്തുരുത്തി ഗീവറുഗീസ് റമ്പാൻ ധർമ്മശേഖരം നടത്തി വെട്ടിയ്ക്കലിൽ ഒരു ദയറാ പണിയുവാൻ വടക്കേദിക്കിലുള്ള എല്ലാ പള്ളികൾക്കും എഴുതി അയച്ച എഴുത്തിന്റെ പൂർണ്ണരൂപം. വെട്ടിയ്ക്കൽ ദയറായുടെ ഉത്ഭവത്തെപ്പറ്റി പലരും എഴുതിവച്ച കഥകൾ അവാസ്തവമെന്ന് തെളിയിക്കുന്നതാകയാൽ ഈ കത്ത് പൂർണ്ണമായി ചേർക്കുന്നു. - എഡിറ്റർ)

യാഹ്

ബശ്മോ ദത്‌ലീസോയൂസോ കാദീശ്ത്തോ ആബോ വബ്റോ ഉറൂഹോകാദീശോ ഹാദ് ആലോഹോ ശാറീറോ. ദ്‌ലേ സോഗദീനാൻ ഉമൗദ്യേനാൻ വമ്ശബഹീനാൻ. വബ്തക്ശഫ്ത്തോ ദ് യൊൽദാസ് ആലോഹോ മറിയാം ബ്സുൽത്തോ കാദീശ്ത്തോ ഏമോദ് കുലഹൂൻ കാദീശേ മെസ് ഗാവ്സീനാൻ ല് ഓലം ഒൽമ്മീൻ ആമ്മീൻ.

അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിങ്കൽ ഇന്ന് നമുക്ക് വാണിരിക്കുന്ന ശുദ്ധമുള്ളവനും സ്തുതിക്കപ്പെട്ടവനും ആയ മൂന്നാമത്തെ പത്രോസ് എന്ന മാറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ കല്പനയാൽ മലയാളത്തിൽ ഇന്ന് നമ്മെ ഭരിച്ച് വരുന്ന ബഹുമാനപ്പെട്ടവരും പുണ്യപ്പെട്ടവരുമായ മാർ കൂറിലോസ് മെത്രാപ്പോലീത്തായും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും ആയ നമുക്കുള്ള പിതാക്കന്മാരുടെ അനുവാദത്താൽ വെട്ടിയ്ക്കൽ പള്ളിയിൽ ഇരി

ക്കും ശക്തി ക്ഷയപ്പെട്ടവനും പാപിയുമായ ദയറായ ഗീവറുഗീസ് – കണ്ട നാട് പള്ളി എടവകയിൽ ഉൾപ്പെട്ട സത്യക്രിസ്ത്യാനികളായ ചെറിയ വരും വലിയവരും ആയ എല്ലാവരിൽ നിന്നും ഭാഗ്യം നിറപ്പെട്ടിരിക്കുന്ന കന്യാസ്ത്രീ മർത്തമറിയാം നമുക്കുള്ള അമ്മയുടെ തിരുനാമത്താൽ യാചിച്ച് എരക്കുന്നത്.

ദൈവത്തിന്റെ കൃപയും സമാധാനവും നമുക്കുള്ള അമ്മയുടെ വാഴ്‌വും വായിക്കുന്നവരുടെ മേലും കേൾക്കുന്നവരുടെ മേലും പ്രത്യേകം ഇതിൽ പറയുന്ന നിക്ഷേപത്തെ കാത്തുവരുന്നവരുടെ മേലും എന്നുമെന്നേയ്ക്കും ആവസിച്ചു പൊറുത്ത് ചിന്തപ്പെടുമാറാകട്ടെ. അത് ഭാഗ്യമുള്ള അമ്മയുടേയും മാർത്തോമ്മാ ശ്ലീഹായുടെയും പഴമയിലും പുതുമയിലും ഉള്ള എല്ലാ ശുദ്ധമാകപ്പെട്ടവരുടെയും പ്രാർത്ഥനകളാൽ – ആമ്മീൻ.

മശിഹായിൽ എന്റെ സഹോദരന്മാരും സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസത്തിൽ എന്റെ വാത്സല്യമുള്ളവരുമേ 'എന്നെ അന്വേഷിക്കാത്തവർക്ക് ഞാൻ കാണപ്പെട്ടു എന്നും എന്നെക്കുറിച്ച് ചോദിക്കാത്തവർക്ക് ഞാൻ കാണപ്പെട്ടു' എന്നും ഏശായ ദീർഘദർശിയും, 'നിന്റെ വർഗ്ഗത്തിൽ അല്ലാതെ നല്ല സൈത്തിൽ നിന്നെ വച്ച് ചേർത്തു' എന്ന് ശുദ്ധമുള്ള പൗലോസും പറഞ്ഞിരിക്കുന്നതുപോലെ അളവില്ലാത്ത തന്റെ കൃപ നിമിത്തം നമുക്കായി ഒരുക്കപ്പെട്ടതായിരുന്നില്ല എന്ന ആ തന്റെ അനന്തിരത്വവും തന്റെ വിശ്വാസം മൂലം എന്നേക്കുമുള്ള ജീവസ്സുകളും നമുക്ക് പറഞ്ഞ് ബോധിച്ചു. ശുദ്ധമുള്ള തന്റെ മാമ്മൂദീസായാൽ ദത്തു പുത്രന്മാരായി നമ്മെ തെരഞ്ഞെടുക്കുകയും ബഹുമാനമുള്ള തന്റെ കഷ്ടാനുഭവം കൊണ്ടും തന്റെ ഉയിർത്തെഴുന്നേൽപ് കൊണ്ടും പാപം നിമിത്തം ബന്ധിക്കപ്പെട്ടിരിക്കുന്ന ദുരിതത്തിന്റെ കുഴിയിൽ നിന്ന് നമ്മെ വീണ്ടുകൊണ്ട് തന്റെ കൂടെ നമ്മെ കരേറ്റി സ്വർഗ്ഗത്തിന്നടുത്തവരാക്കിത്തീർക്കയും മാലാഖമാരേക്കാൾ അധികത്വമുള്ള നാമവും നമുക്ക് നൽകി എന്ന സംഖ്യ ഇല്ലാത്ത തന്റെ നൽവരത്തെ നാം മറന്നുകളഞ്ഞ് അതിന്റെ ഛർദ്ദിലുമ്മേൽ തിരിയുന്ന നായയെപ്പോലെയും ചെളിയുടെ കലക്കലിൽ തിരിയുന്ന കുളിച്ച പന്നി പോലെയും സത്യവിശ്വാസത്തിൽ വെടിപ്പാക്കപ്പെട്ടിരിക്കുന്നവരായ നാം അതിന്റെ ഫലമാകുന്ന ചൊല്ലുവിളിയിൽ നിന്ന് വിട്ട് മുൻ അതിൽ നാം ആയിരുന്ന അവിശ്വാസമാകുന്ന ചെളിയിലേക്ക് തിരിഞ്ഞ് അതിൽ കിടന്ന് ഉരുണ്ട് ബഹുമാനമുള്ള തന്റെ തിരുരക്തത്താൽ കുളിച്ച് വെടിപ്പാക്കപ്പെട്ടിരിക്കുന്ന ആ നമുക്കുള്ള ശുദ്ധീകരണത്തെ നാം അശുദ്ധി ആക്കുകയും ചെയ്യുന്നതു മാത്രമല്ല മുന്തിരി ഞാനെന്നും ചില്ലികൾ നിങ്ങൾ എന്നും എന്നിൽ വസിക്കുന്നവനിൽ ഞാനും വസിക്കുന്നു എന്നും ഒരുത്തൻ എന്നിൽ വസിക്കുന്നില്ല എങ്കിൽ ഉണങ്ങിയ ചില്ലിയെപ്പോലെ പുറത്ത് എറിഞ്ഞു കളയപ്പെട്ട് എരി

വാനായി തീയിൽ ഇടുന്നു എന്നും നമ്മുടെ കർത്താവ് അരുളിച്ചെയ് തിരിക്കുന്നപ്രകാരം മുന്തിരിയിൽ ചില്ലികൾ പാർക്കുന്നതുപോലെ ക്രിസ്തുവിൽ ക്രിസ്ത്യാനികളായ നാം പാർത്തുവരുന്നു. ക്രിസ്തു വിന്നടുത്ത കല്പനകൾ നാം ആചരിച്ച് ഫലങ്ങൾ പ്രവർത്തിക്കാതെ ഇരുന്നാൽ കായ്ക്കാത്ത വളരപ്പെട്ട ചില്ലികൾ വെട്ടി അഗ്നിയിൽ എരിയ്ക്കുന്ന പ്രകാരം എന്നേക്കുമുള്ള അഗ്നിനരകത്തിൽ നമ്മെ തള്ളിയിട്ട് എരിയ്ക്കുന്നതിന് ഒട്ടും സന്ദേഹമില്ലാത്തതിനാൽ ആ എരിതീയ്ക്കു നാം ഇരയായി തീരാതെ ഇരിപ്പാനായി തേറ്റത്തിന്റെ നല്ല ആത്മാവിനെ നമുക്ക് നൽകി പാപമോചനം നിറയപ്പെട്ടിരിക്കുന്ന നല്ല തായ തന്റെ ഊടുവഴിയിലേക്ക് നമ്മെ തിരിപ്പാൻ വേണ്ടി എല്ലാ നേര ത്തിലും നമ്മുടെ ദൈവത്തെ ഞാൻ കൊണ്ടാടുന്നു.

വീണ്ടും വാത്സല്യമുള്ളവരേ, ദാവീദിന്റെ അമ്പത്തിമൂന്നാമത്തെ മസ്മൂ റായിൽ നേരുകേടുകാരൻ ദൈവം ഇല്ലെന്ന് അവന്റെ ഹൃദയത്തിൽ അവൻ പറയുന്നു എന്നും അവരുടെ ചതിവാൽ അവർ ക്ഷയിക്കപ്പെട്ട് മ്ലേച്ഛത പ്പെട്ടു എന്നും തിരിച്ചറിഞ്ഞ് ദൈവത്തെ അന്വേഷിക്കുന്നവൻ ഉണ്ടോ എന്ന് കാണ്മാനായിട്ട് ദൈവം ആകാശത്തു നിന്ന് ഭൂമിയിലേക്ക് കുനി ഞ്ഞുനോക്കി എന്നും അപ്പോൾ അവർ എല്ലാവരും ഒന്നുപോലെ വഴി വിട്ട് മാറി നിരാശപ്പെട്ടു എന്നും നന്മ ചെയ്യുന്നവൻ ഇല്ലാ അതിന്മണ്ണം ഒരുത്തൻ പോലുമില്ല എന്നും വീണ്ടും നല്ലവൻ ഒടുങ്ങി വിശ്വാസം ഭൂമി യിൽ നിന്ന് മായപ്പെട്ടു എന്നും നിബിയാ പറഞ്ഞിരിക്കുന്ന ആ നിബി യൂസാ ഇപ്പോൾ ഈ കാലത്തിൽ നമ്മിൽ ഒത്തിരിക്കുന്നതായി കാണ പ്പെടുന്നു. അത് എന്തെന്നാൽ നമ്മിൽ ഒരു വിശ്വാസവും ഇല്ല. ഒരു നല്ല പ്രവൃത്തിയും ഇല്ല. അപ്രകാരം ആയത് ഒരുവനിലും കാണപ്പെടുന്നില്ല. ഒരുവൻ കൊള്ളാമെന്ന് നാം ഊഹിക്കുന്നുവെങ്കിൽ ആത്മാവിന്നടുത്ത കൺകൾ കൊണ്ട് സൂക്ഷിച്ചാൽ സകല തിന്മകളും അവനിൽ നിറയപ്പെ ട്ടതായി കാണപ്പെടുന്നു. എന്നാൽ പ്രമാണങ്ങളും കല്പനകളും നാം പഠിക്കയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവ സത്യമെന്ന് പൂർണ്ണമായി വിശ്വസിച്ച് മുറുകെ പിടിച്ചല്ലാതെ പ്രവർത്തിപ്പാനും പ്രവൃ ത്തിയിൽ പൂർണ്ണമായിരിപ്പാനും അതിനാൽ ഫലം പ്രാപിപ്പാനും കഴിയു ന്നതല്ല. അത് എന്തെന്നാൽ നമ്മുടെ പേർ വിശ്വാസികൾ എന്ന് തന്നെ ആയിരിക്കുമ്പോൾ നമ്മുടെ പ്രവൃത്തികളും വിശ്വാസത്താൽ ആയിരി ക്കണം. പ്രവൃത്തി കൂടാത്ത വിശ്വാസം മരിക്കപ്പെടേണ്ടതാകുന്നു എന്ന് മാർ യാക്കോബ് ശ്ലീഹാ പറഞ്ഞിരിക്കുന്നതുകൊണ്ട് നമ്മുടെ വിശ്വാസം പ്രവൃത്തിയിൽ ആയില്ലെങ്കിൽ വിശ്വാസമില്ലാത്തതായി കണക്കിടപ്പെട്ട് അവിശ്വാസികളായ കാവ്യരോടു കൂടെ എന്നേക്കുമുള്ള ദുരിതത്തിനും അഗ്നിനരകത്തിനും തള്ളിയിടുന്നതിന് ഒട്ടുംതന്നെ സന്ദേഹമില്ലാത്തതും

ആകുന്നു. അപ്പോഴോ മേൽ പ്രകാരം വിശ്വാസത്തിനടുത്ത പ്രവൃത്തികൾ നമ്മളിൽ ഇല്ലാത്തതിനാൽ അവിശ്വാസികളെപ്പോലെ നാം ആയിത്തീരുകയും അതിനോടടുത്ത പ്രവൃത്തികളായ ക്ഷുദ്രവും ശത്രുതയും തിന്മ ഒക്കെയുടെയും മാതാവായ നിഗളവും വാശിയും കോപവും പൈശൂന്യവും അന്യായവും എല്ലാ തിന്മകളുടെയും മൂലമായ ദ്രവ്യാഗ്രഹവും കളവും കള്ളസാക്ഷിയും കുരളയും അറുകൊലയും വേശ്യാദോഷവും വ്യഭിചാരവും സോദോമ്യ പ്രവൃത്തിയും ദൈവദൂഷണവും – ഇങ്ങനെയുള്ള വലിയ തിന്മകളും അശുദ്ധപ്പെട്ട പ്രവൃത്തികളും നമ്മിൽ നിറയപ്പെട്ടിരിക്കയും അപ്രകാരം തന്നെ ചൊല്ലുവിളിയും കീഴമർച്ചയും ഇല്ലാത്തവരും തന്നിഷ്ടക്കാരും നന്മയെ ത്യജിച്ച് തിന്മയാക്കായി ഓടി എത്തുന്നവരും ശുദ്ധമാന പള്ളിയുടെ കല്പനകളെ ലംഘിച്ച് അറപ്പുകെട്ട് നടക്കുന്നവരും മറ്റ് പല അശുദ്ധികളും ചെയ്ത് നടക്കുന്നവർ നമ്മിൽ ബഹുവായിത്തീർന്നിരിക്കുന്നു. ഒരു പാത്രം അതിനെ മനഞ്ഞവനോട് നീ എന്നെ മനഞ്ഞിട്ടില്ലാ എന്നു പറയുമോ? എന്ന് ഏശായ പറഞ്ഞിരിക്കുന്നതുപോലെ മക്കൾ അവരുടെ മാതാപിതാക്കന്മാരോട് മറുത്തും ക്രിസ്ത്യാനികൾ പട്ടക്കാരോടു മറുത്തും പട്ടക്കാർ മേൽപട്ടക്കാരോട് മറുത്തും അറപ്പുകെട്ട് നിന്ന് വരുന്നതും, അത്രയുമല്ല ദാനിയേൽ നിബിയായിൽ പറയുന്ന നശിപ്പിനുടെ മ്ലേച്ഛതപ്പെട്ട അടയാളം ശുദ്ധമുള്ള സ്ഥലത്ത് നിൽക്കുന്നതു കാണുമ്പോൾ വായിക്കുന്നവൻ തിരിച്ചറിയപ്പെട്ടുകൊള്ളട്ടെ എന്ന് ഏവൻഗേലിയോനിൽ നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നതു പോലെയും കുർബാനകളിൽ നിന്നും ശുശ്രൂഷകളിൽ നിന്നും ലോകം മാഞ്ഞുപോകുന്നു എന്നും അവസാനകാലത്തിൽ പിടിച്ചുപറിയും ദ്രവ്യാഗ്രഹവും ശ്രേഷ്ഠത്വമായിരിക്കുകയും അപ്രകാരം ജനവും തമ്മിൽ തമ്മിൽ മറുത്തു നിൽക്കുകയും ചെയ്യുമെന്നും മാർ യാക്കോബ് എഴുതിയിരിക്കുന്നതുപോലെയും എല്ലാ ശുദ്ധസ്ഥലങ്ങളിലും അശുദ്ധത്തിന്റെ ഓരോരോ തരമായ അടയാളങ്ങൾ കാണപ്പെടുകയും ശുദ്ധത ഒക്കെയും അറപ്പ് കെട്ട് അശുദ്ധമാക്കി തീർക്കുകയും പള്ളികളിൽ നമസ്കാരവും ധൂപവും കുർബാനയും മുടങ്ങിയും ചില സ്ഥലങ്ങളിൽ അശേഷവും ഇല്ലാതെയും ചില സ്ഥലങ്ങളിൽ ഉള്ള കർമ്മം അകർമ്മമാകയും അനേകം പള്ളികളിലും കലഹം വർദ്ധിച്ചും എല്ലാ പള്ളികളിലും യോഗം കൂടുന്ന സമയം ദൈവികകൂട്ടം അതായിരിക്കുമ്പോൾ അജ്ഞാനികളായ കാവ്യർ പോലും പ്രവർത്തിക്കാത്ത സകല തിന്മകളും ചതിവും പൈശൂന്യവും തർക്കവും മദമത്സരവും താന്താങ്ങൾക്ക് ഓരോരുത്തരോടുള്ള വാശിയും അസൂയയുമായ പിശാചിനടുത്ത സകല തിന്മകളും നിറയപ്പെട്ട കൂട്ടമായി ചമയ്ക്കുന്നു.

ഇങ്ങനെയുള്ള അനേക തിന്മകളും അശുദ്ധങ്ങളുമായ കഠിനപാപ

ങ്ങൾ നമ്മിൽ നിറയപ്പെട്ടിരിക്കുന്നു. നമ്മുടെ പാപങ്ങളുടെ പുക തീച്ചൂള യുടെ പുക പോലെ എല്ലാ നേരവും ദൈവത്തിന്റെ തിരുമുമ്പാകെ സദാ കരേറി എത്തുകയും ചെയ്തു. ആയതിനാൽ ദൈവം നമ്മിൽ നിന്ന് തന്റെ തിരുമുഖത്തെ തിരിപ്പിച്ച് കൊടുക്രൂരത്താൽ അരിശപ്പെട്ടിരിക്കുന്നു. എന്നാലും അളവില്ലാത്ത തന്റെ കൃപ നിമിത്തം തേറ്റത്തിന് അവസരം നമുക്ക് തന്നിട്ടും പിന്നെയും നമ്മുടെ അകൃത്യങ്ങളിൽ നിന്ന് വിട്ടുമാറാതെ അതിൽത്തന്നെ നാം പോരാടി നടക്കുന്നത് താൻ കാണുമ്പോൾ പക്ഷേ സോദോമും ഗോമ്മൂറായും എന്ന പ്രകാരവും നിനവാ പട്ടണം എന്ന പോലെയും നമ്മെയും താൻ മുടിച്ചുകളയുമോ എന്നും അല്ലെങ്കിൽ മര ണത്തിന്റെ ആ നാഴിക വേഗത്തിൽ നമ്മുടെ മേൽ വരുത്തുമോ എന്നും വച്ച് നാം ഭയപ്പെടേണ്ടിയിരിക്കുന്നു. എന്നാലും പക്ഷേ, നമ്മുടെ മേൽ താൻ ക്ഷമിച്ചിരിക്കുന്നതായ ഈ തന്റെ ക്ഷമ അളവില്ലാത്ത തന്റെ കൃപ കൊണ്ടും നമുക്ക് വേണ്ടി സദായ്പ്പോഴും തന്റെ തിരുമുമ്പാകെ പ്രാർത്ഥന അണച്ചുകൊണ്ടിരിക്കുന്ന കൃപ നിറയപ്പെട്ട മാതാവായ തമ്പുരാനെ പെറ്റ അമ്മയുടെയും മാർത്തോമ്മാ ശ്ലീഹായുടെയും മറ്റ് എല്ലാ ശുദ്ധമാകപ്പെ ട്ടവരുടെയും നമസ്കാരങ്ങളുടെ ശക്തി കൊണ്ടും അവരുടെ മേലുള്ള തന്റെ ആർദ്ര കരുണ കൊണ്ടും അല്ലാതെ ഈ കപടഭക്തിക്കാരായ നമ്മെക്കുറിച്ച് താൻ ക്ഷമിച്ചിരിക്കുന്നതാകുന്നു എന്ന് ഒരു പ്രകാരവും വിചാരിക്കാവുന്നതാകുന്നില്ല. എന്തെന്നാൽ ഉത്തമന്മാരെക്കുറിച്ച് അവ ദിവ സങ്ങൾ താൻ ചുരുക്കുന്നു എന്ന് മത്തായി 24-ാം അദ്ധ്യായത്തിൽ പറ ഞ്ഞിരിക്കുന്നതുകൊണ്ടും തന്റെ ദാസനായ അബ്രഹാമിനെക്കുറിച്ചും ഇസഹാക്കിനെക്കുറിച്ചും യാക്കോബിനെക്കുറിച്ചും യിസ്രായേലിന് രക്ഷ നൽകപ്പെട്ടപ്രകാരം പഴമയിലും അപ്രകാരം പുതുമയിലും പല സ്ഥല ങ്ങളിലും വിവരിച്ചു പറഞ്ഞിരിക്കുന്നതുകൊണ്ടും അത്രേ. ഇത് തന്നെ യുമല്ല മൂശാ നിബിയാ ദൈവത്തിന്റെ കല്പനയാൽ ഇസ്രയേൽ പുത്ര ന്മാർക്ക് വേണ്ടി കല്പനകളുടെ പലകകൾ കൈക്കൊള്ളുവാനായി സീനായ് മലയിൽ കരേറി നാല്പത് ദിവസങ്ങൾ ഉപവസിച്ച് ദൈവത്തിന്റെ തിരുമുമ്പാകെ അദ്ദേഹം പാർത്തുവരുമ്പോൾ ഇസ്രയേൽ പുത്രന്മാർ മൂശ യെ കാണായ്കയാൽ സത്യത്തിൽ നിന്ന് വഴി വിട്ട് മാറി പൊന്നു കൊണ്ട് ഒരു കാളയെ വാർത്തുണ്ടാക്കി അത് ദൈവമെന്നു പറഞ്ഞ് വന്ദിച്ച് അതിന് ബലിയിട്ട് അവരെല്ലാവരും മറുപാടാകപ്പെട്ടതുകൊണ്ട് ദൈവം അരിശ പ്പെട്ട് ഇപ്പോൾ തന്നെ അവരിൽ ഒന്നു പോലും ശേഷിക്കാതെ അശേ ഷവും ഞാൻ മുടിച്ചു കളയുമെന്ന് എത്രയും കൊടുക്രൂരമായി താൻ അരുളിച്ചെയ്തപ്പോൾ മൂശ വളരെ സങ്കടപ്പെട്ട് കരഞ്ഞ് അവർക്കു വേണ്ടി അവൻ പ്രാർത്ഥിച്ചതിനാൽ ദൈവം അവരെ മുടിച്ചുകളയാതെ വീണ്ടുകൊണ്ടു എന്ന് ഓറൈത്തായിൽ പറഞ്ഞിരിക്കുന്നതു പോലെ പാപികളും സദാ നേരവും ദൈവത്തെ അരിശപ്പെടുത്തി വരുന്നവരുമായ

നമുക്ക് വേണ്ടി ദൈവത്തിന്റെ തിരുമുമ്പാകെ നിന്നുകൊണ്ട് മൂശയെപ്പോലെ പ്രാർത്ഥന അണച്ച് തന്റെ അരിശത്തിൽ നിന്ന് നമ്മെ വീണ്ടു കൊള്ളുവാനായിട്ട് ദൈവത്തിന്റെ മാതാവും എല്ലാ വിശുദ്ധന്മാരുടെ രാജ്ഞിയുമായിരിക്കുന്ന ഭാഗ്യക്കാരത്തി അമ്മയുടെ തിരുമുമ്പാകെ സദാ നേരവും നമസ്കാരവും പ്രാർത്ഥനയും കൈക്കൊൾകപ്പെട്ട കാഴ്ചയും അണപ്പാൻ നാമെല്ലാവർക്കും പ്രത്യേകം കടപ്പെട്ടതാകുന്നു. ആ ഒരു നന്മ പ്രവൃത്തിയിൽ അല്ലാതെ ഇനി നമുക്ക് മറ്റൊരു വഴിയും ഒരു സഹായവും ലഭിക്കുന്നില്ലെന്ന് കളങ്കം കൂടാതെ ഞാൻ വിശ്വസിച്ചു കൊണ്ടാടുന്നു. ഇതുകൊണ്ട് വാത്സല്യമുള്ളവരേ ഇവയുടെ ഉറപ്പിനായി താഴെ പറയുന്ന സാക്ഷികളെ നിങ്ങൾ സൂക്ഷിച്ച് കേട്ട് കളങ്കമറ്റ ഹൃദയത്താൽ നിങ്ങൾ വിശ്വസിച്ച് കൊൾവിൻ. അതായത് തമ്പുരാനെപെറ്റ അമ്മയുടെ വാങ്ങിപ്പിനെക്കുറിച്ച് ശ്ലീഹന്മാരാൽ എഴുതപ്പെട്ട പെങ്കീസായുടെ 6-ാം സെദ്രായിൽ ഭാഗ്യക്കാരത്തി അമ്മയുടെ വാങ്ങിപ്പിന്റെ ദിവസം അടുത്തപ്പോൾ മുന്നമേ ശുദ്ധമുള്ള ശ്ലീഹന്മാർ എല്ലാവരും അതാത് സ്ഥലങ്ങളിൽ നിന്ന് മേഘത്തേരുകളാൽ അമ്മയുടെ അടുക്കൽ വന്നുകൂടപ്പെട്ടു. എന്നാൽ അവരിൽ മരിച്ചടക്കപ്പെട്ടവർ അവരുടെ കബറുകളിൽ നിന്ന് ഉയിർത്ത് പുറപ്പെട്ട് വന്നെത്തി. അപ്രകാരം തന്നെ ആദാം, നോഹ, അബ്രഹാം, ദാവീദ് മുതലായ സകല പിതാക്കന്മാരും ഹവ്വായും ഭാഗ്യക്കാരത്തിയുടെ മാതാവായ ഹന്നയും ഏലിശ്ബായും മുതലായ സകല പരിശുദ്ധ സ്ത്രീകളും മേഘങ്ങളാൽ വന്നു കൂടപ്പെട്ടു. അവസാനം എത്രയും വലിയ സ്തുതിയോടും കൂടെ മാലാഖമാരുടെ സഹസ്രങ്ങളോടു കൂടെയും ഭാഗ്യക്കാരത്തിയുടെ തനിയൻ പുത്രനായ നമ്മുടെ കർത്താവീശോ മശിഹായും പിതാവിന്റെ വലത്തു ഭാഗത്തു നിന്നും എഴുന്നള്ളി അമ്മയുടെ അടുക്കൽ നിന്നുകൊണ്ട് അമ്മയെ വിളിച്ച് ആശ്വസിപ്പിച്ച് മാണിക്യമായ ഏറിയ തിരുവചനങ്ങളും കൽപിച്ചതിന്റെ ശേഷം നിന്റെ തൃക്കൈകൾ എന്റെ കൺകൾമേൽ വയ്ക്ക എന്നു അമ്മ പറഞ്ഞപ്പോൾ തന്റെ തൃക്കൈ നീട്ടി അമ്മയുടെ കൺകൾമേൽ വച്ചു. അപ്പോൾ മാതാവ് തന്റെ തൃക്കൈകളെ പിടിച്ച് മുത്തി തന്റെ തിരുവചനത്താൽ ആകാശവും ഭൂമിയും ഒരു പ്രയാസവും കൂടാതെ സൃഷ്ടിച്ചു എന്ന ഈ തൃക്കൈകളെ ഞാൻ കുമ്പിടുന്നു എന്നും മറ്റും ഭാഗ്യക്കാരത്തി പറഞ്ഞു. അപ്പോൾ ശ്ലീഹന്മാർ മാതാവിന് അണയപ്പെട്ട് മാതാവേ നിന്നിൽ നിന്ന് ഉഷച്ചു എന്ന നിന്റെ തനിയൻ പുത്രനിലും താൻ നിന്നിൽ വസിച്ചു എന്ന നിന്നിലും കൊണ്ടാടി വിശ്വസിക്കുന്നവർ കഠിന ഞെരുക്കങ്ങളിൽ നിന്ന് അവർ രക്ഷപ്പെടുവാനായിട്ട് അതിൽ നിന്ന് നീ പുറപ്പെടുന്നതായ ഈ ലോകത്തിനായി നിന്റെ വാഴ്വുകളെ നീ കല്പിക്ക എന്ന് അവർ അപേക്ഷിച്ചു. അപ്പോൾ ഭാഗ്യക്കാരത്തി തന്റെ തനിയൻ പുത്രനോട് അപേക്ഷിച്ച് പ്രാർത്ഥിച്ചതെന്തെന്നാൽ ജീവസ്സുള്ള ദൈവത്തിന്റെ പുത്രൻ മ്ശിഹാ!

നിന്നെ പെറ്റവളുടെ നാമത്തെ ഓർത്ത് നിന്നെ വിളിക്കുന്നവരായ മാനുഷ മക്കളുടെ നമസ്കാരങ്ങൾ നീ കൈക്കൊണ്ട് അവരിൽ നിന്ന് സകല ശിക്ഷകളും അരിശത്തിന്റെ വടികളും നീ നീക്കി ഞെരുക്കത്തിന്റെ കാല ങ്ങളും നീ മായിച്ചു കളയേണമേ. എനിക്ക് ഓർമ്മകളും കാഴ്ചകളും അവർ അണയ്ക്കുമ്പോൾ അവരുടെ കാഴ്ചകളും അപേക്ഷകളും പ്രാർത്ഥനകളും അവരുടെ കണ്ണുനീരുകളും നീ കൈക്കൊള്ളേണമേ. ആ രാജ്യത്തിൽ നിന്ന് പഞ്ഞങ്ങളും വസന്തകളും രാജചോദ്യങ്ങളും സകല ഞെരുക്കങ്ങളും രോഗങ്ങളും പിശാചിൽ നിന്നുള്ള ഉപദ്രവങ്ങളും മറ്റും നീ മായിച്ചുകളയേണമേ. ഇപ്രകാരം വിലങ്ങിടങ്ങളിലോ സമുദ്ര ത്തിലോ ദൂരരാജ്യത്തിലോ അതിൻവണ്ണം പ്രസവ സമയത്തിലോ ആകുന്നവർ എന്റെ നാമം വിളിച്ചാൽ ഉടൻ അവരെ സകലത്തിലും വീണ്ടുകൊണ്ട് അവർക്ക് രക്ഷ നൽകേണമേ. എനിക്ക് കാഴ്ച കൊടു ക്കുന്നവരുടെ വയലുകളും മുന്തിരിത്തോപ്പുകളും അവരുടെ ഫലങ്ങളും അവർക്കുള്ള സകല കൃഷികളും നീ വാഴ്ത്തേണമേ. എന്റെ നാമത്തിൽ കുർബാന അണയ്ക്കുന്ന പട്ടക്കാരുടെ അപേക്ഷകളും കാഴ്ചകളും നീ കൈക്കൊള്ളേണമേ. എന്നീവണ്ണം അനേക പ്രാർത്ഥനകൾ ഭാഗ്യക്കാ രത്തി നമുക്കു വേണ്ടി അണച്ചു. അപ്പോൾ നമ്മുടെ കർത്താവീശോ മശിഹാ തന്റെ മാതാവിനോട്, നിന്റെ നാമത്തിൽ സങ്കേതപ്പെട്ട് നിനക്ക് ഓർമ്മകളും കാഴ്ചകളും നമസ്കാരങ്ങളും പ്രാർത്ഥനകളും അണയ്ക്കു ന്നവർക്ക് എന്നുമെന്നേയ്ക്കും അനുഗ്രഹങ്ങളും മനോഗുണവും നൽകി അവരേയും അവരുടെ കുടുംബങ്ങളെയും അവർക്കുള്ള സകലത്തേയും ഞാൻ വാഴ്ത്തി അവരുടെ ദിഷ്ടതിയും പൊന്ന് പോരായ്കയും ഒക്കെയും ഞാൻ തികച്ചു കൊള്ളുമെന്നും മറ്റും അനേക തിരുവചനങ്ങൾ അരുളി ച്ചെയ്ത് അമ്മയെ ആശ്വസിപ്പിക്കയും ചെയ്തു.

ഇതുകൊണ്ട് പ്രിയമുള്ളവരേ, ഭാഗ്യം നിറയപ്പെട്ടിരിക്കുന്ന ഈ നമു ക്കുള്ള അമ്മയുടെ പ്രാർത്ഥന നമുക്ക് എത്രയും വലിയ കോട്ടയും സങ്കേതമിടവും ആകുന്നതിനാൽ ആ നാമത്തിൽ നാം ഓർപ്പാനും പ്രാർത്ഥിപ്പാനും കാഴ്ച കൊടുപ്പാനും എത്രയും കടപ്പെട്ടവരാകുന്നു. ഇതിനാൽ ഈ തിരുനാമത്തിൽത്തന്നെ ഒരു ദയറാ പണിയണമെന്നും സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്രയും നല്ലതും ഗുണമുള്ളതും അവിടെ കർത്താവ് വാഴ്വും മനോഗുണവും നൽകിയിട്ടുണ്ടെന്നും ദാവീദ് നിബിയായും, ഒരുവൻ തനിച്ച് വസിക്കുന്നതിനേക്കാൾ ഇരുവരായി വസി ക്കുന്നത് പെരുത്ത് നല്ലതെന്ന് ശ്ലേമ്മോനും, എന്റെ നാമത്തിൽ ഇരുവർ താൻ മൂവർ താൻ കൂടപ്പെട്ടിരിക്കുന്നവിടെ ഞാനും ഉണ്ടെന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നതുപോലെ കൊള്ളാകുന്ന സഹോ ദരന്മാരോടു കൂടെ ആ ദയറായിൽ വസിക്കണമെന്നും മറ്റും വിചാരിച്ച്

നമ്മുടെ പിതാവിനോട് അറിയിച്ചപ്പോൾ ആയതിന് ഇപ്പോൾ ഇവിടെ ഞാൻ പാർത്തുവരുന്ന ആ പഴയ മുറി തന്നെ പൊളിച്ച് പുത്തനായി പണിത് ദയറാ ആക്കി ചമച്ചാൽ മതി എന്നും അതിനാൽ മുളന്തുരുത്തി പള്ളി യോഗമായി ചോദിക്കണമെന്നും കല്പിച്ച ഉടൻതന്നെ ഞങ്ങൾ അവിടെ ചെന്ന് ആലോചിച്ചപ്പോൾ അവർ എല്ലാവർക്കും വളരെ തൃപ്തിയോടു കൂടെ മേൽപടി മുറിയും അതിനോടടുത്ത സ്ഥലവും നമുക്ക് ഉദകമായി എഴുതിത്തരികയും ഇപ്പോൾ മേൽപ്പറഞ്ഞ പണി കൾക്കും മറ്റും നിങ്ങൾത്തന്നെ അല്ലാതെ പൊതുവിൽ മറ്റൊരു സമ്പത്തും നമുക്കില്ലാത്തതിനാൽ ഭാഗ്യക്കാരത്തിയുടെ തിരുനാമത്തിൽ പൊതുവിൽ ഒരു ധർമ്മശേഖരം പിരിക്കുന്നതിനായി പലവിധവും ആലോ ചിച്ചതിൽ പിടിയരിയെന്ന ആ കൈകളുടെ കാഴ്ച അല്ലാതെ മറ്റൊരു പിരിവിനും ഇതിലേക്കിപ്പോൾ നാം പുറപ്പെടേണ്ടാ എന്നും ആയത് എത്രയും ദരിദ്രന്മാരായിരിക്കുന്നവർക്കും കൊടുപ്പാൻ കഴിയുന്ന ഒരു വഴി പാട് ആക കൊണ്ടും അതിൽ വച്ച് ആർക്കും ഒരു ദെണ്ണവും ഒരു നഷ്ടവും ഇല്ലാത്തതിനാൽ പൂർണ്ണ മനസ്സോടുകൂടെ കൊടുക്കപ്പെടു ന്നതാക കൊണ്ട് ആയത് ശുദ്ധമുള്ള ഒരു മുതൽ ആയിത്തീരുന്നതിനാലും മറ്റും ആ പിരിവ് തന്നെ നാം എടുക്കണമെന്ന് നമ്മുടെ പിതാവ് കല്പിക്കു കയും പിന്നത്തേതിൽ ഭാഗ്യക്കാരത്തിയുടെ തിരുമുമ്പാകെ ഇതിനെക്കു റിച്ച് ശീട്ടികളാലെ ഞാൻ ചോദിച്ച് അപേക്ഷിച്ചപ്പോൾ പിടിഅരി എന്ന വഴിപാട് തന്നെ വേണമെന്ന് കാണിച്ചുതരികയും ചെയ്തിരിക്കുന്നതി നാൽ ആ കല്പനപ്പടി തന്നെ നിങ്ങളോട് ഞാനും ഇരക്കുന്നു.

എന്നാൽ ആ കല്പനയേയും ആ നാമത്തേയും കൈക്കൊള്ളുന്നി ല്ലാത്ത അന്യരോടാകട്ടെ അവിശ്വാസികളോടോ ആകട്ടെ ഞാൻ യാചിക്കു ന്നില്ല. പൂർണ്ണ മനസ്സോടും പൂർണ്ണ തൃപ്തിയോടും ഭാഗ്യം നിറയപ്പെട്ടിരി ക്കുന്ന മാതാവിന് ഈ കാഴ്ചയെ നിക്ഷേപമായി കാത്തു വെപ്പാൻ മനസ്സു ള്ളവരായ അമ്മയുടെ ആ മക്കളോടത്രേ ഞാൻ ഇരക്കുന്നത്.

എന്നാൽ ഇതിനെക്കുറിച്ച് ആരെങ്കിലും നിന്ദിക്കുകയോ നിരസിക്കയോ അപ്രകാരം മറ്റൊരു വിരുദ്ധമോ വിപരീതമോ ചെയ്‌വാൻ തുനിയുന്നു എങ്കിൽ അവർക്ക് അതിന്റെ കൂലി ഭാഗ്യക്കാരത്തി അമ്മ തന്നെ കൊടു ത്തുകൊള്ളട്ടെ.

പ്രിയമുള്ളവരേ, എന്നാൽ ഈ വഴിപാട് നിങ്ങൾ വേർതിരിക്കേണ്ടത് എങ്ങനെയെന്ന് പഠിപ്പിൻ. ആയത് നിങ്ങളുടെ എല്ലാ വീടുകളിലും ഉള്ള തിൽ പ്രായം ചെന്നിരിക്കുന്ന സ്ത്രീകളെ ഈ നിക്ഷേപത്തെ ഭാഗ്യക്കാ രത്തി അമ്മയ്ക്ക് ഒരുക്കുവാനായി നിങ്ങൾ ഭരമേൽപിക്കണം. അവർ ഒരു നേരമെങ്കിലും രണ്ടു നേരമെങ്കിലും മൂന്നു നേരമെങ്കിലും വയ്പ്പാ

നായി അരി എടുപ്പാൻ പോകുന്ന സമയമൊക്കെയും അരി എടുത്ത് പാത്രത്തിൽ ഇട്ടാൽ മുന്നമേ അതിൽ നിന്ന് ഭാഗ്യക്കാരത്തി അമ്മയെ ഓർത്ത് വാരിയോ കോരിയോ പിടിച്ചോ നുള്ളിയോ കിള്ളിയോ അവരവരുടെ ശേഷി പോലെ എടുത്തത് നല്ലതായ ഒരു പാത്രത്തിൽ ഇട്ട് എല്ലാ സമയവും അയർപ്പ് കൂടാതെ ഇടുവാനായി ആ സ്ഥലത്തു തന്നെ ഭദ്രമായി സൂക്ഷിച്ചു കൊൾകയും ഞായറാഴ്ച തോറും നിങ്ങൾ പള്ളിയിൽ വരുമ്പോൾ ശുദ്ധമാന സ്ഥലത്ത് ഒന്നും കൊണ്ടുവരാതെ വൃഥാ നിങ്ങളെ കാണപ്പെടരുതെന്ന് ഓറൈത്തായിൽ കൽപിച്ചിരിക്കുന്നതിനെ തികപ്പാനായിട്ടും ഭാഗ്യക്കാരത്തി അമ്മയ്ക്ക് ഈ കാഴ്ചയെ നിങ്ങൾ ചുമന്നും കൊണ്ട് വന്ന് അമ്മയുടെ തിരുമുമ്പാകെ വച്ചിരിക്കുന്ന ആ ശ്രീഭണ്ഡാരപ്പെട്ടിയിൽ നിങ്ങൾ ഇടുകയും വേണം.

എന്നാൽ പ്രിയമുള്ളവരേ, പൂർണ്ണവിശ്വാസത്തോടു കൂടെ ഈ കാഴ്ചയെ നിങ്ങൾ ഒരുക്കുമ്പോൾ ഇത് നിങ്ങളുടെ ആത്മത്തിന് - ആ ലോകത്തിൽ ഉറപ്പുഴവും ചിതലും ക്ഷയിപ്പിക്കാത്തതും കള്ളന്മാർ മുറിച്ച് മോഷ്ടിക്കാത്തതുമായ ഒരു തണ്ണിനീർകൂടി എന്നും നിങ്ങളുടെ ആത്മം ഭാഗ്യക്കാരത്തി വസിച്ചിരിക്കുന്ന സ്ഥലമായ പറുദീസായ്ക്ക് അത് യോഗ്യമാകുന്നു എങ്കിൽ ആ സമയം നിങ്ങൾക്കുവേണ്ടി തന്റെ തനിയൻ പുത്രനോട് അപേക്ഷിപ്പാനായിട്ട് ഭാഗ്യക്കാരത്തിയുടെ തിരുമുമ്പാകെ അണപ്പാൻ ഇതൊരു തിരുകാഴ്ച എന്നും കണക്കിട്ടു കൊൾവിൻ. എന്നാൽ ഇത് അസാരമായ ഒരു കാഴ്ച ആകുന്നുവെങ്കിലും വിശ്വാസത്തോടുകൂടി നിങ്ങൾ അണക്കപ്പെടുന്നു എങ്കിൽ വിധവ സ്ത്രീയുടെ ചെമ്പുകാശു പോലെ ബഹുസാരമായി കൈക്കൊള്ളപ്പെടുന്നതാകുന്നു എന്ന് നിങ്ങൾ വിശ്വസിച്ചുകൊൾവിൻ.

എന്നാൽ മേൽപറഞ്ഞതു പോലെ ഒരു ശ്രീഭണ്ഡാരപ്പെട്ടകം ഉണ്ടാക്കി ഈ നിക്ഷേപത്തെ ശേഖരിപ്പാനായിട്ട് അമ്മയുടെ നടയിൽ വയ്ക്കയും ആയതിന്റെ പൂട്ട് കൊള്ളാകുന്നവനും ദൈവത്തെ ഭയമുള്ളവനും ആയ ഒരു പട്ടക്കാരനെയും ഒരു ക്രിസ്ത്യാനിയേയും ചുമതലപ്പെടുത്തി അവരെ ഏല്പിക്കുകയും മാസം മുമ്പ് വരുന്ന ഞായറാഴ്ച ആയത് തുറന്നെടുത്ത് മുതലാക്കി അവർ മുഖാന്തിരം ഉടൻ ഇവിടെ എത്തിച്ച് തരികയും വേണം.

മേൽപ്പറഞ്ഞ ചുമതലക്കാർ ഭാഗ്യക്കാരത്തിയുടെ തിരുനാമത്തിൽ എന്നോടു കൂടെ അവരും യത്നം ചെയ്കയും എല്ലാ സമയവും ഇവ ജന ങ്ങളെ ഓർമ്മപ്പെടുത്തുകയും ഇത് അവരുടെ ഇടയിൽ പ്രത്യേകം ഗ്രഹിപ്പിക്കുകയും ചെയ്യുന്നതു കൂടാതെ ഈ ഓർമ്മയെ അണയ്ക്കുന്നവർക്ക് പാപിയായ എന്നാൽ കഴിയുന്ന ഒരു പകരവും ചെയ്‌വാൻ വേണ്ടി അവരുടെ പേരുകൾ ഒക്കെയും ഒരു പുസ്തകമാക്കി ചമച്ച് അവരുടെ

ഓർമ്മ പൂജസ്ഥലത്ത് കരേറ്റുവാനായിട്ട് എല്ലാ വീടുകളിലും ഉള്ളതിൽ പ്രായം ചെന്ന ഓരോരോ പുരുഷന്റെയും സ്ത്രീയുടെയും പേരുകൾ എഴുതി കൊടുത്തയക്കുകയും വേണം. ആമ്മീൻ.

ദൈവത്തിന്റെ കൃപയും വാഴ്‌വും നാമെല്ലാവരോടു കൂടെയും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. അത് ഭാഗ്യക്കാരത്തി അമ്മയുടെയും മാർ ത്തോമ്മാ ശ്ലീഹായുടെയും എല്ലാ ശുദ്ധമാകപ്പെട്ടവരുടെയും പ്രാർത്ഥന കളാൽത്തന്നെ. ആമ്മീൻ.

എന്ന് മശിഹാകാലം 1873-ക്ക് കൊല്ലം 1049- ാമാണ്ട് ധനു മാസം 28-ന് വെട്ടിക്കൽ പള്ളിയിൽ നിന്നും (പുറം 202-211).

**13.** വെട്ടിയ്ക്കൽ ദയറായിൽ സമ്മേളിച്ച ആറു മെത്രാന്മാരുടെ മുമ്പാകെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ചെയ്ത പ്രസ്താ വന. "കൊല്ലം ഇടവക ഞാൻ ഭരിക്കുന്നതിനു പ്രയാസമെന്നും വിശുദ്ധ പിതാവ് കല്പിച്ചപ്പോൾ അനുസരിക്കാതെ മറുത്ത് പറഞ്ഞാൽ കോപ ത്തിനിട വന്നേക്കുമെന്ന് കരുതി ഞാൻ സമ്മതിച്ചതാകുന്നു എന്നും ഇതു വരെ 'മലയാളത്തിനുടെ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ' എന്ന് എഴുതി വന്നു. ഇനി മലയാളത്തിൽ കൊല്ലം ഇടവകയുടെ ദീവന്നാ സ്യോസ് മെത്രാപ്പോലീത്താ എന്ന് എഴുതുന്നത് തന്നെയും സങ്കടം. അതിൽ ഒന്നും കൂടാതെ ഒരു സ്ഥലത്ത് സുഖമായി ഇരിക്കണമെ ന്നാകുന്നു എന്റെ ആഗ്രഹമെന്നും എന്നെക്കൊണ്ട് എന്തെങ്കിലും ആവശ്യം വന്നാൽ യാതൊരു തടസ്സവും പറയാതെ എവിടെ എങ്കിലും പോകയും ബുദ്ധിമുട്ടുകയും ചെയ്യാമെന്നും അതിനാൽ ഈ കാര്യത്തിന് നിങ്ങൾ എല്ലാവരും കൂടി ഒരു ഒഴിവ് ചെയ്തുതരുന്നത് കൂടാതെ പിതാവിന്റെ എഴുന്നള്ളത്ത് വകയ്ക്ക് 3000 രൂപാ വരെ എനിക്ക് കടം ഉള്ളതും ആയതിൽ ആയിരം രൂപാ വരെ വോക്കർ സായിപ്പ് അന്യായം വച്ച് വിധിയായിരിക്കുന്നു എന്നും എന്നെ പിടിപ്പാൻ വാറണ്ട് വക്കുന്നതിന് അയാൾ അന്വേഷിച്ചു നടക്കുന്നു എന്നും രണ്ടായിരം രൂപായിൽ മറ്റാൾക്ക് കൊടുപ്പാനുള്ളതിനും അന്യായം വയ്പ്പാൻ നിശ്ചയിച്ചിരിക്കുന്നപ്രകാരം കേൾക്കയാലും അത്യന്ത വ്യസനമാകുന്നു എന്നും ഇക്കാര്യങ്ങൾ ഒക്കെയും നിങ്ങൾക്ക് വിവരം ഉള്ളതിനാലും ഇതിൽ അധികം ഒന്നും പറവാൻ ഞാൻ ഒന്നും അറിയുന്നില്ല എന്നും മറ്റും പറഞ്ഞു" (പുറം 401 -402).

**14.** "ആലപ്പുഴ ജില്ലാ കോർട്ട് മുമ്പാകെ സിവിൽ നിയമം 11, 22 വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജി. തിരുവല്ലാ മണ്ടപത്തുംവാതുക്കൽ കടപ്ര പ്രവൃത്തിയിൽ പരുമല മുറിയിൽ സുറിയാനി സിമ്മനാരിയിൽ ഇരിക്കും മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസി

യേഷൻ കമ്മട്ടിയിൽ പ്രസിഡണ്ടായ 47 വയസ്സുള്ള മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. തിരുവല്ലാ മണ്ടപത്തുംവാതുക്കൽ ആറമ്മുള പ്രവൃത്തിയിൽ മാരാമണ്ണു മുറിയിൽ കുഴിയത്ത് നിന്നും കോട്ടയം മണ്ടപത്തുംവാതുക്കൽ മേപ്പടി പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ സുറിയാനി സിമ്മനാരിയിൽ പാർക്കും ഉദ്ദേശം 42 വയസ്സ് കാണുന്ന തോമസ് അത്താനാസ്യോസ് എന്ന് പറഞ്ഞുവരുന്ന ആൾ. 2 കോട്ടയം പ്രവൃത്തിയിൽ ടി കരയിൽ പുന്നത്ര ഉദ്ദേശം 35 വയസ്സ് കാണുന്ന ചാക്കോ ചാണ്ടപ്പിള്ള കത്തനാർ. 3. പറവൂർ മണ്ടപത്തുംവാതുക്കൽ ടി പ്രവൃത്തിയിൽ ടി മുറിയിൽ കുളങ്ങര .... 48 വയസ്സുകാരൻ ഇട്ടിയച്ചൻ പൈലി.

ഇതോടൊന്നിച്ച് ഹാജരാക്കുന്ന എ., ബി. പട്ടികയിൽ വിവരിക്കുന്ന സ്ഥാവര ജംഗമ സ്വത്തുക്കൾ മലയാളത്തുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സമൂഹത്തിലേക്ക് ചേർന്ന കോട്ടയത്ത് സിമ്മനാരി വകയും സി. പട്ടികയിൽ പറയുന്ന വസ്തുക്കൾ ടി സമൂഹത്തിൽ അതത് സമയത്ത് ഉണ്ടായിരുന്ന കാലംചെയ്ത മെത്രാപ്പോലീത്തന്മാരാൽ സ്ഥാനസംബന്ധമായി ധരിക്കപ്പെട്ടും ഉപയോഗിക്കപ്പെട്ടും വന്നതും ആകുന്നു.

2. മേൽ വിവരിച്ച ഇളകാത്തതും ഇളകുന്നവയും ആയ വകകൾ ടി സുറിയാനി ക്രിസ്ത്യാനി മേലധ്യക്ഷൻ ഗുരുവായ അന്ത്യോഖ്യായുടെ ശുദ്ധമുള്ള പാത്രിയർക്കീസ് ബാവായുടെ ആജ്ഞയിൻകീഴ് അതത് സമയത്തുള്ള മെത്രാപ്പോലീത്തായുടെ അധികാരത്തിലും കൈവശത്തിലും ഇരുന്നിട്ടുള്ളതും ഈ നടപ്പനുസരിച്ച് അന്ത്യോഖ്യായുടെ പാത്രിയർക്കീസ് ബാവായാൽ മെത്രാൻ സ്ഥാനം കൊടുക്കപ്പെട്ടത് നിമിത്തം അവകാശം സിദ്ധിക്കപ്പെട്ട ആളായി കഴിഞ്ഞുപോയ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ എന്ന് പറയപ്പെടുന്ന ആളിന്റെ കൈവശത്തിലും അധീനതയിലും ഈ വകകൾ ഒടുവിൽ ഇരുന്നിരുന്നു.

3. മേൽപ്പറഞ്ഞ മാർ അത്താനാസ്യോസ് 1052-ാമാണ്ട് കർക്കിടക മാസം 2-ാം തീയതി കഴിഞ്ഞുപോകയും അതിൽ പിന്നെ ഒന്നാം പ്രതിയും 2-ഉം 3-ഉം പ്രതികൾ 1-ാം പ്രതിക്ക് അനുകൂലമായും ചേർന്ന് ന്യായരഹിതമായി എ മുതൽ സി വരെ പട്ടികകളിൽ വിവരിച്ച വകകളെ കൈവശം വച്ചുകൊണ്ടിരിക്കുന്നു.

4. അന്തോഖ്യാ പാത്രിയർക്കീസ് ബാവായാൽ സ്ഥാനം പ്രാപിക്കപ്പെടുകയും സുറിയാനി അസോസ്യേഷൻ കമ്മട്ടിയിൽ പ്രസിഡണ്ടായി നിയമിക്കപ്പെടുകയും സുറിയാനി സഭയിൽ സമ്മതിക്കപ്പെടുകയും ചെയ്തിരിക്കുന്ന മെത്രാപ്പോലീത്താ ആയിരിക്കുന്നതുകൊണ്ട് കീഴ്നടപ്പനുസരിച്ച് ടി പട്ടികകളിൽ വിവരിച്ച എല്ലാ വസ്തുക്കളുടെയും സമസ്ത ധനത്തിനും കൈവശത്തിനും നാം പൂർണ്ണ അധികാരി ആയിരിക്കുന്നു.

5. അതുകൊണ്ടും ആ പട്ടികയിൽ പറയുന്ന എഴുപത്തിരണ്ട് ആയിരത്തിഎഴുന്നൂറ് പണം വിലയുള്ള വസ്തുക്കൾ പ്രതികളെക്കൊണ്ട് ഒഴിപ്പിച്ചും അവയിൽ ഒന്നു മുതൽ 6 വരെയും 14 മുതൽ 16 വരെയും നമ്പർ ഭൂമികളുടെ മേലാൽ ഉണ്ടാകുന്ന ആദായങ്ങളും ബി. സി. പട്ടികയിൽ വിവരിച്ചിരിക്കുന്ന മുന്നൂറായിരത്തിഅഞ്ച്, പന്തീരായിരത്തി അഞ്ഞൂറ്റി മുപ്പത്തിരണ്ട് പണം വിലയുള്ള ഇളകുന്ന വസ്തുക്കളും ബി. പട്ടികയിൽ 1 മുതൽ 3 വരെ നമ്പർ മുതലിന്റെ മേലാലുള്ള പലിശയും കോടതിച്ചെലവ് സഹിതം പ്രതികളെക്കൊണ്ട് തരുവിക്കുന്നതിന് അപേക്ഷിക്കുന്നു.

എ. പട്ടികപ്രകാരം ഇളകാത്ത വസ്തുക്കൾക്ക് മതിപ്പ് വില പണം 72700. ബി. പട്ടികപ്രകാരം ഇളകുന്ന വസ്തുക്കൾക്ക് മതിപ്പുവില പണം മുന്നൂറായിരത്തി നാല്പത്; 3432 1/4. സി. പട്ടിക പ്രകാരമുള്ള വസ്തുക്കൾക്ക് വില പണം 9300. ആകെ പണം 400 ആയിരത്തി 25 ആയിരത്തി നാനൂറ്റി മുപ്പത്തിരണ്ട് ... അത്താനാസ്യോസിനുണ്ടായിരുന്ന മെത്രാപ്പോലീത്താ സ്ഥാനം ആ ആൾ ഇരിക്കുമ്പോൾ തന്നെ പാത്രിയർക്കീസ് ബാവാമാരാൽ ദുർബലപ്പെടുത്തിയിരിക്കുന്നു. ആ സ്ഥിതിക്ക് ആ ആളിന്റെ അധീനത്തെയും കൈവശത്തെയും വിടുർത്തുന്നതിനും ഈ രാജ്യത്തെ അധികാരമുള്ള കോടതികളിൽ വ്യവഹരം കൊണ്ടുവരുവാൻ മുമ്പുണ്ടായിരുന്ന തടസം 1051-ാമാണ്ട് കുംഭമാസം 29-ന് ഉണ്ടായ തിരുവെഴുത്തു വിളംബരത്താൽ തീർന്നും ഇരിക്കുന്നു.

എന്നാൽ മേൽപ്പറഞ്ഞ അത്താനാസ്യോസിന്റെ സ്ഥാന ദുർബ്ബലത്തെപ്പറ്റി, ആ ആൾ കഴിഞ്ഞുപോയിരിക്കുന്ന സ്ഥിതിക്ക് സ്വത്തുക്കൾ യാതൊരുതർക്കവും പറയാതെ നമ്മെ ഏല്പിക്കാൻ അല്ലാതെ കൈവശം വച്ചുകൊണ്ടിരിപ്പാൻ അർഹത ഇല്ലാത്ത ഒന്നാംപ്രതിയുടെയും ആ പ്രതിക്ക് അനുകൂലമായിരിക്കുന്ന രണ്ടും മൂന്നും പ്രതികളുടെയും മേൽ ഈ വ്യവഹാരത്തിന് കാരണമാവുകയും അത് *(ഒരു വരി നഷ്ടപ്പെട്ടിരിക്കുന്നു - എഡിറ്റർ)* ...മാണ്ട് കർക്കിടക മാസം 3-ാം തീയതി മുതൽക്ക് ഉൽഭവിക്കയും ചെയ്തിരിക്കുന്നു *(വിട്ടുപോയത് 1877-ക്ക് കൊല്ലം 1052-ാമാണ്ട് എന്നാണെന്ന് കരുതുന്നു - എഡിറ്റർ).*

7. ഒന്നാം വകുപ്പിൽ വിവരിച്ചിരിക്കുന്ന വകക്കായി നമുക്ക് വിവരം പറയാൻ പാടുള്ളിടത്തോളം വകകൾക്ക് എ. മുതൽ സി. വരെ പട്ടികകൾ ഹാജരാക്കിയിട്ടുള്ളതും കാര്യത്തിന്റെ കിടപ്പിന് പ്രതികളുടെ കൈവശം ഇരിക്കുന്നതിനാലും ഇതിൽ അധികം വിവരം പറയാൻ തല്ക്കാലം സാധ്യമല്ലാതെ ഇരിക്കുന്നതും ആകയാൽ വിസ്താരമധ്യേ പ്രതികളുടെ സമ്മതത്താലോ വേറെ വിധത്തിലോ കൂടുതലായ വസ്തുക്കളൊ ടി പട്ടികകളിൽ വിവരിച്ച വസ്തുക്കളെ സംബന്ധിച്ചു തന്നെയും

കൂടുതൽ കുറവായും വല്ല വിവരങ്ങളോ ഉണ്ടായി വരികയും ചെയ്യുന്നപക്ഷം ആ വകയ്ക്ക് വിവരമായി പട്ടിക ഹാജരാക്കുകയും കൂടുതൽ ഫീസ് ഒടുക്കുകയും ചെയ്തുകൊള്ളുന്നു.

(സ്ഥാനമുദ്ര) 1054-ാമാണ്ട് കുംഭമാസം 22-ാം തീയതി. ഒപ്പ്.

*(ഒരു വരി ഇല്ല - എഡിറ്റർ)* .... നമ്മുടെ അറിവിലും വിശ്വാസത്തിലും അകപ്പെട്ടിടത്തോളം സത്യമെന്ന് ഉറപ്പ് വരുത്തുന്നു.

(സ്ഥാന മുദ്ര) (ഒപ്പ്)

വക്കീൽ കൃഷ്ണയ്യർ (ഒപ്പ്)

വക്കീൽ അണ്ണാസ്വാമി അയ്യൻ (ഒപ്പ്)

വീരരാകു അയ്യർ (ഒപ്പ്)

1054-ാമാണ്ട് കുംഭ മാസം 22-ാം തീയതി കോർട്ടിൽ കൊടുത്തു.

ഫീസ് പണം 11620.

റജിസ്റ്റർ ഫീസ് പണം 42.

വക്കാലത്തു ഫീസ് പണം 39.

പടിപ്പണം 13 1/4 29 *(കൃത്യതയില്ല - എഡിറ്റർ).*

ആകെ ഒടുക്കുന്ന പണം 11678 3/4 *(കൃത്യതയില്ല - എഡിറ്റർ).*

22-7-54. ജഡ്ജി അടയാളം.

ഡപ്പി നമ്പ്ര് 701. പതിവ് നമ്പ്ര് 439." (പുറം 433-435).

# മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ

## (കഥാപുരുഷൻ തയ്യാറാക്കിയത്)

1. മിഥുനം 17-ാം തീയതി രാവിലെ പത്തു മണിക്ക് കൂടി. പിതാവിന്റെ കല്പനയ്ക്കു മറുപടി വായിച്ചു തിരുമുമ്പാകെ വച്ചു. അന്ത്യോഖ്യായുടെ സിംഹാസനത്തുങ്കലെ ചൊല്ലുവിളിക്കും സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനി വിശ്വാസത്തിനും വിപരീതം ഒരിക്കലും ഉണ്ടാകാതെയിരിപ്പാൻ അതാതു ഇടവകക്കാർ എല്ലാവരും കൂടി ഒരു കരാർ ആധാരം എഴുതി രജിസ്ട്രാക്കി പള്ളി മേമ്പൂട്ടിൽ വയ്ക്കുവാനും ഓരോ പകർപ്പ് രജിസ്ട്രാറുടെ കയ്യൊപ്പോടും മുദ്രയോടും കൂടി പിതാവിനു കൊടുപ്പാനും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

2. അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തുങ്കലെ സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസത്തിലും ചൊല്ലുവിളിയിലും സ്ഥിരപ്പെട്ടും അനുസരിച്ചും ഇരിക്കുമെന്നുള്ളതിനു മുഖ്യമായിട്ടു അതാതിടവകയിൽ കൂടിവരുന്ന വീട്ടുകാറരുടെ വീട്ടുപേരും കാരണവരുടെ പേരും - ആണിത്ത്റ, പെണ്ണിത്ത്റ, ആകെ ഇത്ത്റ - എന്നും കാരണവരുടെ ഒപ്പും വിശ്വാസസ്ഥിതിയും കാണിക്കുന്നതായ ഒരു പട്ടിക കൂടുന്നിടത്തോളം വേഗം എടവക പട്ടക്കാർ മുഖാന്തിരം വിശുദ്ധ പിതാവിന്റെ തിരുമുമ്പാകെ എത്തിക്കേണ്ടതിനു അച്ചടിമാതിരി ബുക്ക് ഇപ്പോൾ തന്നെ കൊടുത്തയക്കുന്നത് നല്ലതെന്നും അത് വിശ്വാസത്തെ സ്ഥിരപ്പെടുത്തുന്നതിന് ഉപയോഗമായി വരുന്നതു കൂടാതെ സിംഹാസനത്തുങ്കലെ റെശ്ശീസ്സാ വക മുതൽ വസൂൽ ചെയ്യുവാൻ ഒരു കണക്കിനും കൂടി ഉപയോഗപ്പെടുന്നതാണെന്നു യോഗം നിശ്ചയിച്ചു ഉറപ്പിച്ചു.

3. സ്തുതിചൊവ്വാകപ്പെട്ട വിശ്വാസത്തിലെ സ്ഥിരതയ്ക്കു വേണ്ടി ആവശ്യപ്പെട്ട കാനോനും നടപടിയും അടങ്ങിയതായ പുസ്തകം സുറിയാനിയിലോ മലയാളത്തിലോ കല്പനപ്രകാരം അച്ചടിച്ചു മുദ്രയോടു കൂടി ഓരോ പുസ്തകം എല്ലാ പള്ളിയിലും കൊടുത്തു അതിൻപ്രകാരം അല്ലാതെ മേൽനടപ്പാൻ പാടില്ലെന്ന് വച്ചാൽ അത്രയും നല്ലതെന്ന് നിശ്ചയിച്ചു ഉറപ്പിച്ചു.

4. മാമോദീസാ, വിവാഹം, ശവമടക്കൽ ഈ വകയ്ക്ക് പ്രത്യേകം പ്രത്യേകം മാതിരിപ്രകാരം കള്ളി വരച്ചതായ മൂന്നു പുസ്തകം എല്ലാ എടവകയിലും വൈയ്ക്കേണ്ടതും അതിൽ മേൽപറഞ്ഞവ അതാതു സമയം എഴുതിക്കൊള്ളുവാൻ വികാരിമാരെ ചുമതലക്കാറരാക്കേണ്ടതും

ആ വക പുസ്തകങ്ങളിൽ അന്നു ഭരിക്കുന്ന മെത്രാന്മാരുടെ മുദ്ര കുത്തിയിരിക്കേണ്ടതും ആകുന്നു. ഈ മൂന്നു പുസ്തകങ്ങൾ എടവകയിലുള്ള ജനങ്ങളുടെ വിശ്വാസസ്ഥിരതയ്ക്കു സാക്ഷിയായി വരുന്നതാകയാൽ ഇതിനെ യോഗം ഉറപ്പിച്ചു.

5. വിരുദ്ധങ്ങൾ നീങ്ങി അയികമത്യവും സമാധാനവും വർദ്ധിക്കുന്നതിനുള്ള തടസ്സങ്ങൾ; വിശ്വാസത്തിൽ സ്ഥിരതയില്ലായ്മ, ചൊല്ലുവിളി ഇല്ലായ്ക, പൊതുകാര്യ ഗുണദോഷങ്ങളെ കുറിച്ചു ചിന്തിക്കുന്നതിനു ചുമതലക്കാററില്ലായ്ക, പൊതുമുതൽ ഇല്ലായ്ക ഇതുകളാണ്. ഇതിൽ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കും ചൊല്ലുവിളിക്കും ചില പ്രതിവിധികൾ മേൽ പ്രസ്താവിച്ചിട്ടുള്ളതു കൂടാതെ ശേഷം വേണ്ടതിനു വഴി ഉറയ്ക്കുമ്പോൾ വിരുദ്ധങ്ങൾ ഒഴിഞ്ഞും അയികമത്യവും സമാധാനവും വർദ്ധിച്ചും വരുന്നതാകുന്നു.

ആ വക പ്രതിവിധികൾ ഏതെല്ലാമെന്നാൽ

6. ഇപ്പോൾ നമ്മുടെ പള്ളികളിൽ ഉണ്ടായിരിക്കുന്ന വിരുദ്ധങ്ങൾ മതസംബന്ധമായും മുതൽ സംബന്ധമായും അധികാര സംബന്ധമായും ഉള്ള ചില തർക്കങ്ങൾ നിമിത്തം വന്നിരിക്കുന്നതാകയാൽ ഇതിലേക്കു അതാതു എടവകക്കാരാൽ മാത്രം നിർവ്വഹിപ്പാൻ പ്രയാസവും ബലഹീനതയും ആയിട്ടു തീർന്നിരിക്കയാൽ മേലാൽ എവിടെ എങ്കിലും മേൽപ്പറഞ്ഞ ഏതിലും ഉത്ഭവിക്കുന്ന സമാധാന വിരോധത്തെക്കുറിച്ചു യോഗം കൂടി ആലോചിച്ചു ന്യായമായി തീർച്ച ഉണ്ടാക്കുകയും ഇവകൾ ഏതൃകക്ഷികളിൽ നിന്നുണ്ടാകുന്നതായിരുന്നാൽ അതിലേക്കു ആവിശ്യപ്പെടുന്ന മുതൽ ചിലവോ, വ്യവഹാരമോ പൊതുവിൽ നിന്നു നടത്തി നിർവ്വഹിക്കേണ്ടതു ആവിശ്യമാകുന്നു.

7. മേല്പറഞ്ഞ പൊതുമുതൽ ഉണ്ടാകുന്നതിനും വിദ്യാഭ്യാസവും, അതിൽ നിന്നുള്ള വിശേഷ ഫലങ്ങളും നമ്മുടെ ജാതിക്കു പൊതുവെ ഉണ്ടാക്കുന്നതിനും എന്തു മാർഗ്ഗമെന്നു ചിന്തിക്കുന്നതു എത്രയും ആവിശ്യമാകുന്നു. മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തി നിമിത്തം പള്ളിവക മുതൽ ദുർല്ലഭമായി തീർന്നിരിക്കയാൽ ജനങ്ങളിൽ നിന്നു തന്നെ പ്രയാസവും ഞെരുക്കവും കൂടാത്തവിധം ഒരു മുതൽശേഖരം ഉണ്ടാകേണ്ടതായിരിക്കുന്നു. അതിലേക്കു ജാതി മുഴുവൻ കൂടിയതായ ഒരു സമൂഹവും അതിനു സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന പേരും അതിൽ ഇപ്പഴത്തെ നമ്മുടെ വിശുദ്ധ പിതാവും ആ സ്ഥാനം പ്രാപിക്കുന്നവരും പെയിറ്ററനും, ഭരിക്കുന്ന മെത്രാപോലീത്താ പ്രസിഡന്റും ആയിരിക്കേണ്ടതും, ഇതിലേക്കു ചേരപ്പെടുന്ന ജനങ്ങൾ നാലു ക്ലാസ്സായിട്ടും, ഒന്നാം ക്ലാസ്സു നൂറീതു രൂപായും, രണ്ടാം ക്ലാസ്സ് അമ്പ

തീതു രൂപായും, മൂന്നാം ക്ലാസ്സു ഇരുപത്തഞ്ചീതു രൂപായും നാലാം ക്ലാസ്സു പതുപ്പത്തു രൂപായും, പള്ളി ഒന്നുക്ക് അഞ്ഞൂറു രൂപാ മുതൽ കീപ്പോട്ട് താരതമ്യ പ്രകാരവും പ്രവേശന പീസ്സു കൊടുത്തു ചേരേണ്ടതും, തൽക്കാലം മുതൽ ഹാജരില്ലെങ്കിൽ തിങ്ങളിൽ നൂറ്റുക്കു ഒന്നുവീതം ലാഭം കൊടുപ്പാൻ സമൂഹ സിക്രട്ടറിക്കു കടപ്പത്രം എഴുതികൊടുക്കേണ്ടതും കൊള്ളാമെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

8. മലയാളത്തിൽ മേലദ്ധ്യക്ഷന്മാരുടെ ഏകനായകശക്തിക്കു എതിരായ ശക്തി ഇല്ലായ്ക നിമിത്തം സഭയ്ക്കു ദോഷം സംഭവിച്ചിരിക്കയാൽ മേല്പറഞ്ഞ സമൂഹം സ്ഥിരപ്പെടുത്തുന്നതു എത്രയും ആവിശ്യവും അവരെല്ലാംകൂടി കാര്യങ്ങൾ നടത്തുന്നതിനു പ്രയാസവും ആകയാൽ ഇതിൽ കൂടിയിരിക്കുന്ന പട്ടക്കാററിൽ നിന്നു എട്ടും, ഒന്നാം ക്ലാസ്സിൽ നിന്ന് അയ്മേനികൾ പതിനാറും ഭരിക്കുന്ന മെത്രാപൊലീത്താ പ്രസിഡണ്ടും കൂടിയതായ ഒരു പ്രധാന കമ്മട്ടിയും അതിലേക്ക് മാസപ്പടി കൊടുത്ത് നിശ്ചയിക്കേണ്ട ഒരു സിക്രട്ടെറിയും, ജാമ്യം സ്ഥിരപ്പെടുത്തി വരുന്നതായ ഒരു സ്രാപ്പും വേണ്ടുന്നതും, ജാതിയുടെ പൊതുവിലേക്കു വേണ്ടുന്ന മതസംബന്ധമായും സമൂഹ സംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും കൈകാര്യകർത്താക്കളും ഭാരവാഹികളും ആയി ഇവരെ ചുമതലപ്പെടുത്തേണ്ടതും അവരുടെ നടപടികൾക്കു വേണ്ടുന്ന ശട്ടവട്ടങ്ങളെ നിശ്ചയിച്ചു ഉറപ്പിക്കേണ്ടതും അങ്ങനെ ചെയ്യുന്നപക്ഷം എല്ലാവിധ ഗുണവും സഭയ്ക്കു പൊതുവേ സിദ്ധിക്കുന്നതും ആകയാൽ ആവകയ്ക്കു കൊള്ളാകുന്നവരും, പൊതുകാര്യത്തിലേക്ക് താല്പര്യമുള്ളവരും ആയി മേല്പറഞ്ഞ പട്ടക്കാററേയും, അയ്മേനികളേയും ഈ സുന്നഹദോസിൽ വച്ചു തന്നെ സ്ഥിരപ്പെടുത്തുന്നതു ആവശ്യമെന്നു യോഗം നിശ്ചയിച്ചുറപ്പിച്ചു.

ഇവിടെ കമ്മട്ടിക്കാരെ യോഗം നിശ്ചയിച്ചു അവരെ പിതാവ് അനുഗ്രഹിക്കുകയും അവരുടെ പേരു താഴെ ചേർക്കുകയും ചെയ്യുന്നു.

മാവേലിക്കര പള്ളിയിൽ വടക്കേതല്ക്കു അലക്കുസന്ത്രയോസ്സു കത്തനാരു, പുതുപ്പള്ളി പള്ളിയിൽ എളന്തുരുത്തിൽ പീലിപ്പോസ്സു കത്തനാരു, വാകത്താനത്തു പള്ളിയിൽ വള്ളിക്കാട്ടു പൗലോസ്സു കത്തനാരു, നീലംപേരൂർ പള്ളിയിൽ മാലിത്ത്റ ഏല്യാസ്സു കത്തനാരു, കോട്ടൂർ പള്ളിയിൽ മുറിമറ്റത്തിൽ പൗലോസ്സു കത്തനാരു, കണ്ടനാട്ടു പള്ളിയിൽ കരോട്ടു വീട്ടിൽ ശീമഒൻ കോറി, മുളന്തുരുത്തി പള്ളിയിൽ ചാലപ്പുറത്തു കോറി, തെക്കൻപറവൂർ പള്ളിയിൽ തോപ്പിൽ ലൂക്കോസു കത്തനാരു, കുന്നംകുളങ്ങരെ പനെയ്ക്കൽ പാത്തപ്പൻ അയിപ്പൂരു, കോട്ടയത്തു കുന്നുംപുറത്തു കോര കുര്യൻ, കണ്ടനാട്ടു തുകലൻ മാത്തു പൗലോ

സ്സു, മുളന്തുരുത്തിയിൽ ചാലിൽ ഔസേപ്പു ചെറിയ, കുറുപ്പുംപടിക്കൽ കല്ലറയ്ക്കൽ കോര കുഞ്ഞുവർക്കി, നെരണത്തു എലഞ്ഞിക്കൽ മാത്തു ചാക്കോ, കുമരകത്തു മുറിപ്പുരയ്ക്കൽ പോത്തൻ കുരുവിള, ഒളശയിൽ കളപ്പുരയ്ക്കൽ ചാക്കോചെറിയാൻ, കുമരങ്കരി പുത്തൻപുരയ്ക്കൽ ഉതുപ്പാൻ തോമ്മാ, പള്ളത്തു എടത്തുംപടിക്കൽ തൊമ്മൻ കുര്യൻ, പുതുപ്പള്ളിൽ കൊച്ചുപാറേട്ടു ഇട്ടിയവിരാ കത്തനാരു കൊച്ചുവർക്കി, മാമ്മലശ്ശേരിൽ എടയത്തു വർക്കി ചെറിയ, പുത്തൻകാവിൽ കൊല്ലൻപറമ്പിൽ കുഞ്ഞേന ഈപ്പൻ, പാമ്പാക്കുടെ പുത്തൻപുരയിൽ മാത്തൻ കുഞ്ഞിക്കോര, മുളന്തുരുത്തിൽ ചാത്തുരുത്തിൽ മത്തായി വർക്കി, അങ്കമാലി നെടുമ്പാശേരി വൈലിപ്പറമ്പിൽ മാത്തു ഇട്ടൂപ്പ്.

9. മേൽ നിശ്ചയിച്ച വക മുതൽ കൂടാതെ വേറിട്ടും മുതൽ ഉണ്ടാക്കുക, വർദ്ധിപ്പിക്കുക, സബ് കമ്മട്ടി ഉണ്ടാക്കുക മുതലായ സകല ഗുണീകരണ പ്രവൃത്തിക്കും മേൽകമ്മട്ടിക്കാർക്കു സ്വാതന്ത്രീയാധികാരം കൊടുക്കേണ്ടതും കൊല്ലംതോറും സമൂഹം കൂടി കമ്മട്ടിക്കാരുടെ സകല വരവു ചെലവിന്റേയും മറ്റു നടത്തകളുടെയും വിവരം റിപ്പോർട്ട് അച്ചടിച്ചതും കണ്ട് ബോധിച്ചു ഒരു പ്രതി അന്ത്യോഖ്യാ സിംഹാസനത്തുംകലേയ്ക്കും ഓരോ പ്രതി എല്ലാ പള്ളികളിലേക്കും അയയ്ക്കേണ്ടതും കമ്മട്ടി മെമ്പർമാരെ നീക്കി വേറെ ആളുകളെ ആക്കുകയോ അവരെ തന്നെ സ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതിനു സമൂഹക്കാർക്കു സ്വാതന്ത്രിയം ഉണ്ടായിരിക്കണമെന്നു നിശ്ചയിക്കയും ഉറപ്പിക്കയും ചെയ്തു.

10. സാരമായ വല്ല സംഗതിയിലും സമൂഹക്കാററുടെ സമ്മതം വരുത്തി നടത്തിക്കേണ്ടതായി തോന്നുന്ന ഏതു സമയവും സമൂഹക്കാററിൽ ഒന്നാം ക്ലാസ്സിൽ ചേരുന്നവരെന്നു ഊഹിച്ചു പിതാവിനാൽ നിശ്ചയിക്കപ്പെട്ടു താഴെ പേരു ചേർക്കുന്നവരെ കമ്മട്ടിക്കാററുടെ അനുവാദപ്രകാരം മേല്പടി സീക്രട്ടറി മുഖാന്തിരം എഴുതി അയച്ചു വരുത്തി ആലോചിക്കണമെന്നു യോഗം ഉറപ്പിച്ചു.

പിതാവിനാൽ നിശ്ചയിച്ചു യോഗം മുമ്പാകെ വായിച്ചവക ആളുകളുടെ പേരു താഴെ ചേർക്കുന്നു.

പാമ്പാക്കുട പള്ളിയിൽ കോനാട്ടു യോഹന്നാൻ മല്പാൻ, അങ്കമാലി പള്ളിയിൽ ചക്കരയകത്തൂടു തരീയ്തു കത്തനാരു, കുറുപ്പുംപടി പള്ളിയിൽ വെളിയത്തു ഗീവറുഗീസു കോറി, കണ്ടനാടു പള്ളിയിൽ തുകലൻ മത്തായി കത്തനാരു, ടി പള്ളിയിൽ പാടത്തുകാരൻ അബ്രഹാം കത്തനാരു, കടമറ്റത്തു പള്ളിയിൽ തേക്കലക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, ശ്രായി പള്ളിയിൽ കുറ്റിക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, വടക്കൻപറ

വൂർ പള്ളിയിൽ മുക്കാലിൽ ഗീവറുഗ്ഗീസു കത്തനാരു, മുളന്തുരുത്തി പള്ളിയിൽ പാലക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, കോലഞ്ചേരി പള്ളിയിൽ കല്ലാനിക്കൽ പൌലോസ്സു കത്തനാരു, കോതമംഗലത്തു ചെറിയപള്ളിയിൽ ചേലാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, മുളക്കുളത്തു പള്ളിയിൽ മുറന്തൂക്കിൽ യാക്കോബു കത്തനാരു, ചാത്തന്നൂ പള്ളിയിൽ മഞ്ചാടി വിളാകത്തു യാക്കോബു കത്തനാരു, കുണ്ടറപള്ളിയിൽ കിഴക്കേവിളയിൽ മത്തായി കത്തനാരു, ഓമല്ലൂർപള്ളിയിൽ പീടികയിൽ ഗീവറുഗ്ഗീസ്സു കോറി, തുമ്പമൺപള്ളിയിൽ കരിങ്ങാട്ടിൽ സ്കറിയാ കോറി, ചേപ്പാട്ടുപള്ളിയിൽ പുത്തൻവീട്ടിൽ പീലിപ്പോസ്സു കത്തനാരു, മാവേലിക്കരപള്ളിയിൽ കിഴക്കേപ്പറമ്പിൽ പണിക്കരു യാക്കോബു കത്തനാരു, നെരണത്തുപള്ളിയിൽ മട്ടയ്ക്കൽ ബഹനാൻ കത്തനാരു, കുറിച്ചിയിൽപള്ളിയിൽ കോലത്തുകളത്തിൽ കുരുവിള കത്തനാരു, കടമ്പനാട്ടു പള്ളിയിൽ പള്ളിവാതുക്കൽ കോശി കത്തനാരു, കല്ലൂപ്പാറപള്ളിയിൽ കല്ലൂര പീലിപ്പോസ്സു കത്തനാരു, തിരുവല്ലാ പള്ളിയിൽ കോവൂർ ഗീവറുഗ്ഗീസ്സു കത്തനാരു, കുന്നംകുളങ്ങര പള്ളിയിൽ പനെയ്ക്കൽ യാക്കോബു കത്തനാർ, കോട്ടയം തോമ്മസ്സു മത്തായി മുൻസീപ്പു, അങ്കമാലി അമ്പാട്ടു തരിയ്ത, മഞ്ഞപ്രഅറയ്ക്കപറമ്പിൽ ചാക്കോ, ആർത്താറ്റു പനെയ്ക്കൽ താരു, കുന്നംകുളങ്ങര കാക്കശ്ശേരിൽ, ഇയ്യ്യപ്പൻ, പനയ്ക്കൽ ചാക്കു ചേറു, പനയ്ക്കൽ ഇട്ടിയവിരാ, ചെറുവത്തൂര മാത്തുക്കുട്ടി, പഴഞ്ഞിയിൽ പുലിക്കോട്ടിൽ മാത്തു, ടി പുലിക്കോട്ടിൽ ചുമ്മാരു, ചാലശ്ശേരിൽ തോമ്പ്ര പത്രോസ്സു, വടക്കൻപറവൂർ ഈരാളി വറുഗ്ഗീസ്സു, കൊളങ്ങര ഇട്ടിയച്ചൻ മാത്തു, തൃപ്പൂണിത്തറ മൂക്കഞ്ചേരിൽ ചെറിയാ, കരിങ്ങാശ്രെ മാമലെ ഇത്താപ്പിരി, കുറിഞ്ഞിയിൽ പാലാൽ കൊച്ചിട്ടൻ, കണ്ടനാടു പുത്തൻവീട്ടിൽ മത്തായി, ടി കരോട്ടുവീട്ടിൽ കോര, മുളന്തുരുത്തിൽ വന്മേലിൽ കുര്യൻ, തണങ്ങാട്ടിൽ കുരുവിള, തെക്കൻപറവൂർ അക്കര പാടത്തു പൈലി, ടി കാടംപുരത്തു കുഞ്ഞിപ്പാവു, മാന്തുരുത്തേൽ തറയിൽ ചാക്കോ, പിറവത്തു പുത്തൻപുരയ്ക്കൽ തൊമ്മി, പാമ്പാക്കുടെ മാടപ്പറമ്പേൽ കുഞ്ഞുക്കുറു, മഴുവന്നൂര മാടപ്പറമ്പേൽ കുഞ്ഞുവർക്കി, വടകര തട്ടമ്പാറ മത്തായി, കുന്നക്കുരുടിയിൽ വേങ്ങച്ചേരിൽ കുഞ്ഞിപൈലി, മുളക്കുളത്തു മൊറന്തൂക്കിൽ ചാണ്ടി, പള്ളിക്കരെ കുരിശുങ്കൽ കുഞ്ഞവരാ, നെരണത്തു മട്ടക്കൽ ചാക്കോ വൈദ്യൻ, വരത്തറ പള്ളത്തു മത്തായി, പുത്തൂപ്പള്ളിൽ ഗീവറുഗീസ്സു, വള്ളക്കാലിൽ ചാക്കോ, പള്ളിക്കാവിൽ കുഞ്ചെറിയ, തിരുവല്ലാ ചാലക്കുഴിയിൽ മാത്തൻ, ടി കോടിയാട്ടു ഗീവറുഗീസ്സു, കോട്ടയത്തു കൊച്ചുപുരയ്ക്കൽ കൊച്ചുതുപ്പു മുതൽപിടിക്കാരൻ, കുന്നുംപുറത്തു യോഹന്നാൻ, വെള്ളൂര കൊച്ചിടിച്ചാണ്ടി മുതൽപിടിക്കാരൻ, തെക്കേത്തല കുര്യൻ വക്കീൽ, എറികാട്ടു മാത്തു, കാരിക്കൽ കുരുവിള, കോട്ടയത്തു വല്യപള്ളി എടവകക്കാരൻ ഒറ്റത്തയ്ക്കൽ മാണി, കുമ

രകത്തു ഉമ്മാച്ചേരിൽ ചാണ്ടി, കല്ലുങ്കത്ര തെക്കേക്കരി ചാക്കോ, മണർകാട്ടു വെങ്കടത്തു മാത്തു, പുതുപ്പള്ളിൽ കരോട്ടു ചാണ്ടി, ടി പാറയ്ക്കൽ ഈശൊ, വാകത്താനത്തു വെട്ടീപറമ്പിൽ തൊമ്മൻ, കുറിച്ചിയിൽ പുത്തൻപുരയ്ക്കൽ ഇട്ടിയവിരാ, പുത്തൻകാവിൽ പുത്തൻപുരയ്ക്കൽ മാത്തൻ, ടി കിഴക്കേത്തലയ്ക്കൽ ഉമ്മൻ, കാരയ്ക്കൽ മൂലമണ്ണിൽ ചെറിയാൻ, നീലംപേരൂര പനച്ചിത്ര കുരുവിള, കല്ലൂപ്പാറെ അടങ്ങപ്പുറത്തു ഈപ്പൻ പണിക്കരു, കല്ലിച്ചേരിൽ തുണ്ടിയിൽ ചാക്കോ, റാന്നിയിൽ കല്ലൻപറമ്പിൽ ചാക്കോ, കൈപ്പട്ടൂർ പുത്തൻവീട്ടിൽ കൊച്ചുകോശി, കണ്ണൻകോട്ടു കള്ളോട്ടു കോശി, പരുമലെ അരികുപുറത്തു മാത്തൻ, ചാത്തന്നൂർ കോയിപ്രത്തു ചാക്കോ, തുമ്പമൺ പള്ളിവാതുക്കൽ സ്കറിയ, ടി ചക്കിട്ടടത്തുപാറയിൽ മാത്തൻ, കടമ്പനാടു അമ്പനാട്ടു ഇടിച്ചാണ്ടി, പള്ളത്തു പടനിലത്തു ചാക്കോ, വീയപുരത്തു പുരയ്ക്കൽ ചാക്കോ, മേപ്രാൽ പൂതികോട്ടു മാത്തു, മല്ലപ്പള്ളിൽ കയ്യാലാത്തു ഗീവറുഗീസ്, കായംകുളത്തു കൊട്ടക്കാട്ടു ചെറിയ, ചേപ്പാട്ടു പുത്തൻവീട്ടിൽ യോഹന്നാൻ, ഓമല്ലൂർ വടക്കേടത്തു ചെറിയ, മാവേലിക്കര തൂമ്പുങ്കൽ കൊച്ചുവർക്കി, പള്ളിപ്പാട്ടു മൂലയിൽ ഗീവറുഗീസ്സു, കാരിച്ചാൽ ആലുംമൂട്ടിൽ കൊച്ചുകോശി, കൊട്ടാരക്കര ആവിയോട്ടു ഗീവറുഗ്ഗീസ്സു, ടി കിഴക്കേതെരുവിൽ കിഴക്കേടത്തു ഉമ്മമ്മൻ, കുണ്ടറെ ഉണ്ണിക്കോട്ടു മാത്തൻ പണിക്കരു, കാട്ടൂർ പടശേരിയകത്തു അയിപ്പു.

11. സുറിയാനി സമൂഹത്തിന്നു അവരുടെ പള്ളിവകയായും പൊതുവകയായും ഉള്ള മുതലിനെപ്പറ്റി ഇപ്പോൾ ഉള്ള ശട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനും പുതിയ ക്രമങ്ങളെ ഏർപ്പെടുത്തുന്നതിനും പള്ളിക്കണക്കുകൾ ആണ്ടടക്കമുള്ളതു കേട്ടു തീർക്കുന്നതിനും, യോഗം നിശ്ചയിക്കുന്ന അതതു പള്ളിയിലെ എപ്പിത്രോപ്പന്മാരെ സ്ഥിരപ്പെടുത്തുന്നതിനും വിദ്യാഭ്യാസങ്ങൾ വർദ്ധിക്കുന്നതിനു വേണ്ട പ്രയത്നങ്ങൾ ചെയ്യേണ്ടതിനുള്ള ചുമതലയും സമുദായത്തിനു ഉപയോഗപ്പെടുന്ന പുസ്തകങ്ങൾ ആവശ്യപ്പെട്ട ഭാഷകളിൽ അച്ചടിപ്പിക്കുന്നതിനും, കേടു ഭവിച്ചിരിക്കുന്ന പള്ളികളുടെ അറ്റകുറ്റം തീർക്കുന്നതിനും പുതിയ പള്ളികൾ പണിയിക്കുന്നതിനും ഇസ്കൂളുകൾ ഉണ്ടാക്കുന്നതിനും, മേൽ കമ്മട്ടിക്കാർ ചുമതലക്കാറരായിരിക്കേണ്ടതാണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

12. പാത്രിയർക്കീസ്സു ബാവാ തിരുമനസ്സിലേക്കുള്ള റെശ്ശീസ്സാ പിരിച്ചു അയക്കുന്നതിനും ഭരിക്കുന്ന മെത്രാപ്പോലീത്തായ്ക്കുള്ള കൈമുത്തവകാശം മുതലായി പള്ളികളിൽ നിന്നു വരേണ്ടുന്ന മുതലുകൾ പിരിപ്പിക്കുന്നതിനും അതുകൊണ്ടു പോരാതെ വരുന്നു എങ്കിൽ അതിലേക്കുള്ള വഴി സ്ഥിരപ്പെടുത്തുന്നതു കൂടാതെ, ദയറായെക്കാർക്കുള്ള ചിലവിന്റെ മാർഗ്ഗവും ആലോചിച്ചു ആയ്തും, വികാരിമാർക്കു എടവകയിൽ നിന്നും

ശക്തിപോലെ ഒരു ശമ്പളം കൊടുപ്പിക്കുന്നതിനും സിക്രട്ടറി മുതലായ വരുടെ മാസപ്പടികൾ കൊടുത്തു നടത്തുന്നതിനും കമ്മട്ടിക്കാർ ചുമത ലക്കാറരായിരിക്കണമെന്നു സ്ഥിരപ്പെടുത്തി.

13. ആണ്ടടക്കം പള്ളിവക വരവു ചെലവിന്റെ കണക്കിനും, ഓരോ പള്ളിയിലുള്ള പൊൻവെള്ളി ശീലവെഞ്ചനാദി വെങ്കലപാത്രം നിലംപുര യിടം മുതലായിട്ടുള്ളതിന്റെ മുതൽ വിവരം പട്ടികക്കും ഓരോ സംവത്സ രങ്ങളിൽ വിശേഷാൽ ഉണ്ടാകുന്നവയും കേടുവരുന്നവയും ആയ വസ്തു വകകളുടെ വിവരത്തിനുള്ള കണക്കും മാമ്മോദീസാ, പെൺകെട്ട്, ശവ മടക്കൽ മുതലായതിന് എഴുതിവരുന്നതിന്റെയും ഓരോ പ്രതി കണക്കെ ഴുതി വികാരിയും കൈക്കാററും യോഗത്തിൽ നാലു പേരും കൂടി ഒപ്പിട്ടു മേല്പറഞ്ഞ കമ്മട്ടിയാർക്കു ആണ്ടുതോറും അയയ്ക്കവേണ്ടിയിരിക്കു ന്നതു കൂടാതെ മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള കാര്യ ങ്ങൾക്കും ആവശ്യംപോലെ വേണ്ടുന്ന വകയ്ക്കു അതാതു സമയം കമ്മ ട്ടിക്കാററുടെ പേർക്കു എഴുതി അറിവിക്കേണമെന്നു നിശ്ചയിച്ചു യോഗം ഉറപ്പിച്ചു.

14. നമ്മുടെ സമൂഹം വക എല്ലാ കാര്യങ്ങൾക്കും കമ്മട്ടിക്കാററു കൈകാര്യകർത്താക്കളായിരിക്കണമെന്നു മേൽ വകുപ്പുകളിൽ നിശ്ചയി ച്ചിട്ടുണ്ടെങ്കിലും മതസംബന്ധമായും സാമൂഹ്യസംബന്ധമായും പൊതു വിൽ ഉണ്ടായിവരുന്ന സകല വ്യവഹാരങ്ങളും അവരു എല്ലാവരും കൂടി നടത്തുന്നതു പ്രയാസമാകയാൽ അതുകൾ ഒക്കയും നടത്തുന്നതിനു ആവശ്യപ്പെടുന്ന മുതൽ ശേഖരിക്കുന്നതിനും ഉള്ള അധികാരം പ്രസി ഡണ്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്കായിരിക്ക ണമെന്നും അതിലേക്കു കമ്മട്ടി മെമ്പ്രന്മാരു സഹായികളായിരിക്കണ മെന്നും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

15. പ്രസിഡണ്ടു മെത്രാപോലീത്താ അവർകൾ പള്ളികളിൽ സർക്കൂറ്റു ചെയ്യുന്ന സമയങ്ങളിൽ അദ്ദേഹം പള്ളി തെരട്ടുകൾ പരിശോധിക്കുകയും എപ്പിത്രോപ്പെന്മാരെ സ്ഥിരപ്പെടുത്തുകയും സ്കൂളുകൾ മുതലായതു ഏർ പ്പെടുത്തുകയും പള്ളികളിൽ ഉണ്ടാകുന്ന തർക്കങ്ങളെ തീർച്ചപ്പെടുത്തു കയും അതാതു സമയം ആവശ്യപ്പെടുന്ന കാര്യങ്ങളെ നടത്തുകയും ചെയ്യുന്നതു കൂടാതെ അദ്ദേഹത്തിന്റെ സകല നടത്തകൾക്കും ഒരു ഡയറി എഴുതി സൂക്ഷിക്കേണ്ടതും അതു കമ്മട്ടി കൂടുമ്പോൾ വായി ക്കേണ്ടതും ആണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

16. ഏതെങ്കിലും സംഗതിവശാൽ കമ്മട്ടി മെമ്പ്രന്മാരുടെ തുക കൂട്ടു കയോ കുറയ്ക്കുകയോ ചെയ്യുന്നതിനുള്ള അധികാരം സമൂഹക്കാർക്കാ യിരിക്കേണ്ടതും ഇങ്ങിനെയുള്ള എല്ലാ കാര്യങ്ങളിലും അധികംപേരുടെ

അഭിപ്രായം സ്വീകരിച്ചു നടത്തേണ്ടതും ആണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

17. പുരാതനകാലം മുതൽക്കേ നമ്മുടെ മലങ്കര യാക്കോബായ സുറിയാനി സഭയും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ താഴെയുള്ള മറ്റു സുറിയാനിസഭകളും തമ്മിലുള്ള യോജിപ്പും സംബന്ധവും ഇല്ലാതാക്കണമെന്ന് അന്യമതക്കാർ വളരെക്കാലമായി നാനാപ്രകാരേണയുള്ള പ്രയത്നങ്ങൾ ചെയ്തുവരുന്നതും ബ്രിട്ടീഷു റസിഡണ്ടായിരുന്ന ബെല്ലാർഡ് സായിപ്പു മുഖാന്തിരം ഉണ്ടാക്കിച്ചിട്ടുള്ള വിരുതു പ്രകരണത്തിൽ അന്ത്യോഖ്യായുടെ സാഹിത്യം നിലനില്ക്കും കാലമൊക്കയും മലയാളത്തിലുള്ള സുറിയാനിസഭയിൽ സമാധാനം ഉണ്ടാകയില്ലെന്നു പറഞ്ഞിട്ടുള്ളത് നോക്കുമ്പോൾ ആ സാഹിത്യം നിലനില്ക്കുവാനായി സകല കാര്യങ്ങളിലും പരദേശ ഇടവകകളും മലംകര ഇടവകയും എപ്പോഴും യോജിച്ചു രണ്ടു വകക്കാർക്കും അന്ത്യോഖ്യാ സിംഹാസനത്തുങ്കലേക്കുള്ള അവകാശം സമവും സംബന്ധം തുല്യവും ആയിരിക്കുകയും ഇവിടുത്തെ മജലീസ്സും (കമ്മട്ടി) അവിടുത്തെ മജലീസ്സും അന്യോന്നതയോടെ ഇരിക്കുകയും കമ്മട്ടിയുടെ അനുമതിയോടുകൂടി നമ്മുടെ സഭയ്ക്കും സമുദായത്തിനും വേണ്ടി ചെയ്യ്യപ്പെടുന്ന സകല ഏർപ്പാടുകളും സാധുവായിരിക്കുകയും ചെയ്യ്യണമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

18. ഈ നിശ്ചയങ്ങൾ വിശുദ്ധ പിതാവും മെത്രാപോലീത്തായും സമൂഹക്കാറരും അന്യോന്ന്യം സമ്മതിച്ചു എന്നുള്ള ഉറപ്പിനുവേണ്ടി വിശുദ്ധ പിതാവും മെത്രാപോലീത്തായും തങ്ങളുടെ ഒപ്പും മുദ്രയും വയ്ക്കുന്നതല്ലാതെ സമൂഹക്കാറരും ഒപ്പുകൾ ഇട്ടു ഉറപ്പിക്കണമെന്നു യോഗം നിശ്ചയിച്ചതിനെ സ്ഥിരപ്പെടുത്തി ഒപ്പുകൾ ഇട്ടിരിക്കുന്നു.

(ഒപ്പ്)

മാർ ദീവന്നാസ്യോസ് മെത്രാപോലീത്താ (ഒപ്പ്) (മുദ്ര)

# പരുമല സുന്നഹദോസ് നിശ്ചയങ്ങൾ

## (കഥാപുരുഷൻ തയ്യാറാക്കിയത്)

കൊല്ലം 1053-ന് 1878 കുഭം 6-ാം തീയതി പരുമല സിമ്മനാരിയിൽ കൂടിയ സുന്നഹദോസിലെ നിശ്ചയങ്ങൾ:

അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ അധികാരിയും നമ്മുടെ വിശുദ്ധ പിതാവുമായ മൂന്നാമത്തെ പത്രോസ് എന്ന മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് 1876 മിഥുനം 15-ാം തീയതി മുളന്തുരുത്തിപ്പള്ളിയിൽ കൂടപ്പെട്ട സുന്നഹദോസിൽ വച്ച് മലങ്കരെ ഉള്ള നമ്മുടെ യാക്കോബായ സുറിയാനി സഭയ്ക്ക് ഒരു സമൂഹവും ആയതിന് സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന പേരും അതിൽ 24 മെമ്പർമാരും ഒരു പ്രസിഡണ്ടും കൂടിയതായ കമ്മട്ടിയും അവരാൽ നടത്തപ്പെടേണ്ടതായ അനേക കാര്യങ്ങളുടെ കൂട്ടത്തിൽ പൊതുമുതൽ കച്ചീട്ടുംപ്രകാരം ഉണ്ടാക്കി വ്യവഹാരം മുതലായത് നടത്തേണ്ടതിനെപ്പറ്റി തീർച്ചയാക്കി നിശ്ചയിക്കപ്പെട്ടതല്ലാതെ[35] ഇതുവരെ യാതൊന്നും നടക്കാതെയും നടത്തിക്കാതെയും നമ്മുടെ സഭ പരിതപിക്കേണ്ട സ്ഥിതിയിൽ ആയിരിക്കുന്നതും കമ്മട്ടിക്കാരിൽ ചിലർ സ്ഥാനത്താലും രണ്ടാൾ മരണത്താലും രോഗത്താലും വേർപെട്ടും ഇരിക്കുന്നതും ഒന്നിൽ ചിലാനം വത്സരങ്ങൾ ആയി സമൂഹം ബാല്യസ്ഥിതിയിൽ ഇരിക്കുന്നതും വിളംബരത്തിന്റെ കാലം അതിക്രമിച്ച് സ്ഥാനതർക്കം കാലഹരണത്തിൽ ആകുന്നതിന് കാലം സമീപിച്ചിരിക്കുന്നതും ആകയാൽ അതേക്കുറിച്ചു ചിന്തിക്കുന്നതിനും കാലവിളംബം കൂടാതെ വ്യവഹാരം തുടങ്ങുന്നതിനും വേണ്ടി ആർക്കും വ്യസനം തോന്നത്തക്കവണ്ണം എല്ലാവർക്കും കല്പന അയച്ചു വരുത്തീട്ടുള്ളതും ആകയാൽ വേണ്ടുന്ന നിശ്ചയങ്ങൾ ഉണ്ടാകണമെന്ന് പ്രസിഡണ്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ കല്പിക്കുകയും അയച്ച കല്പന വായിക്കുകയും ചെയ്തു. കല്പനയുടെ പകർപ്പും ഹാജരുള്ള പള്ളിക്കാരുടെ പേരുവിവരം പട്ടികയും ഇതോടൊന്നിച്ച് ഫയൽ ചെയ്തു.

സുന്നഹദോസിൽ പ്രസിഡണ്ടായ യോസേപ്പ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് മുഖ്യാസനപതി ആയിരിപ്പാൻ അപേക്ഷിക്കണമെന്ന് യോഗം നിശ്ചയിച്ചു. തിരുമനസ്സുകൊണ്ട് സമ്മതിക്കുകയും യോഗത്തെ അനുഗ്രഹിക്കുകയും ചെയ്തു.

പിതാവിന്റെ കല്പനയും ജനങ്ങളുടെ മനസ്സും നിശ്ചയവും ഏകീകരിക്കാതെയും ആരംഭിച്ചതായ കടശ്ശീട്ടുകൾ മുഴുവനാകാതെയും പൊതുമുതൽ ഉണ്ടാക്കുന്നതിനുള്ള ശ്രമം ഇല്ലാതെയും തീർന്നതിനാൽ സംഭ

വിച്ചതിന് വിഘ്നമാകയാൽ അതുണ്ടാകുന്നതിനുള്ള ഉത്സാഹം അത് ആവശ്യവും അങ്ങനെയുള്ള കച്ചീട്ടുകൊണ്ട് മുതലുണ്ടാകുന്നതിനുള്ള ശ്രമത്തോടുകൂടി പ്രസിഡണ്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കൂടാതെ ഉള്ള മെത്രാപ്പോലീത്തന്മാരെയും സ്ഥാനത്താലും മരണത്താലും വേർപെട്ടുപോയ ആളുകൾക്കു പകരമായി വേണ്ടിവരുന്നവരോടുകൂടി നാല്പത് ആളുകളെയും കമ്മട്ടിക്കാരായി നിശ്ചയിക്കുകയും ആ നാല്പത് ആളുകൾ കൂടി 500 വീതം രൂപാ വരെ ആളാംപ്രതി എടുത്ത് സമൂഹമുതലാക്കി വ്യവഹാരം മുതലായത് നടത്തുകയും കടശ്ശീട്ടുകൊണ്ടോ സമൂഹം വക വേറെ പിരിവുകൾകൊണ്ടോ ആ കടം വീട്ടുകയും ചെയ്താൽ എളുപ്പത്തിൽ കാര്യനടപ്പിന് സംഗതി വരുന്നതാണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

കമ്മട്ടിക്കാരുടെ പേർ ഇവിടെ ചേർക്കുകയും മുൻ നിശ്ചയിച്ചവർക്ക് 'എ' എന്നും ഇപ്പോൾ നിശ്ചയിച്ചവർക്ക് 'ബി' എന്നും അടയാളം ഇടുകയും ചെയ്തു.

കമ്മറ്റിക്കാർ 1. മാർ യൂലിയോസ് മെത്രാപ്പോലീത്താ
2. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ
3. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ
4. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ
5. മാർ കൂറിലോസ് മെത്രാപ്പോലീത്താ
6. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

**എ.**

മാവേലിക്കര വടക്കേത്തല അലക്സന്ത്രയോസ് കത്തനാർ
നീലംപേരൂർ മാലിത്തറ ഏലിയാസ് കത്തനാർ
തെക്കൻപറവൂർ തോപ്പിൽ ലൂക്കോസ് കത്തനാർ
പുതുപ്പള്ളിൽ എളന്തുരുത്തിൽ പീലിപ്പോസ് കോറി
കോട്ടയത്ത് കുന്നുംപുറത്തു കുരിയൻ റൈട്ടർ
കുന്നംകുളങ്ങര പനക്കൽ പാത്തപ്പൻ ഐപ്പൂരു
കണ്ടനാട്ട് തുകലൻ പൗലോസ്
മുളന്തുരുത്തിൽ ചാലിൽ ചെറിയ
കുമരകത്തു മുറിപ്പുരക്കൽ കുരുവിള മേനോൻ
വെളിനാട്ട് പുത്തൻപുരയ്ക്കൽ തോമ്മാ
പള്ളത്ത് എടത്തുംപടിക്കൽ കുര്യൻ
പുത്തൻകാവിൽ കൊല്ലംപറമ്പിൽ ഈപ്പൻ
പാമ്പാക്കുട കോനാട്ട് ഇട്ടൻപിള്ള
കുറുപ്പംപടിക്കൽ കല്ലറയ്ക്കൽ കുഞ്ഞുവർക്കി
മാമ്മലശ്ശേരിൽ എടയത്ത് ചെറിയ
മുളന്തുരുത്തി ചാത്തുരുത്തി വർക്കി

അങ്കമാലിൽ വയലിപ്പറമ്പിൽ ഇട്ടൂപ്പ്
**ബി.**
നിരണത്ത് പുതുപ്പള്ളി ഗീവറുഗ്ഗീസ്
ചാത്തന്നൂർ കോയിപ്പുറത്ത് ചാക്കോ
കൈപ്പട്ടൂർ തേരകത്ത് കൊച്ചുകോശി
ചെങ്ങന്നൂർ കടന്തോട്ടിൽ മാമ്മൻ
കല്ലൂപ്പാറ അടങ്ങപ്പുറത്ത് ഈപ്പൻ പണിക്കർ
നിരണത്ത് എലഞ്ഞിക്കൽ പെരുമാൾ
കാരക്കൽ മൂലമണ്ണിൽ ചെറിയാൻ
റാന്നിയിൽ കല്ലപറമ്പിൽ ചാക്കോ
മേപ്രാൽ പൂതിയോട്ട് പുത്തൻപുരയ്ക്കൽ മാത്തു
കണ്ടനാട് കരവട്ട്വീട്ടിൽ കോരാ
കുമരകത്ത് ഉമ്മാശ്ശേരി ഇട്ടി
കോട്ടയത്ത് എറികാട്ട് മാത്തു
വാകത്താനത്ത് ചെട്ടിപ്പറമ്പിൽ തൊമ്മൻ
കുറിച്ചിയിൽ കല്ലാശ്ശേരിൽ ഉലഹന്നാൻ
കുറിഞ്ഞിയിൽ പാലാൽ ഇട്ടൻ
കല്ലൂപ്പാറ മാരേട്ട് അവ്സേപ്പ്
കല്ലൂപ്പാറ കണ്ടത്തിൽ പോത്ത
കോട്ടയത്ത് തെക്കേത്തലക്കൻ കുര്യൻ വക്കീൽ
അങ്കമാലി ചക്കരയകത്തൂട്ട് തരിയൻ
നിരണം മാന്നാനത്ത് വെങ്ങാഴിയിൽ യോഹന്നാൻ
പുതുപ്പള്ളിൽ പാറയ്ക്കൽ ഈശോ

മേൽപ്പറഞ്ഞ കടംശീട്ട് വകക്ക് കടശ്ശീട്ടുകൊണ്ടോ മറ്റോ പൊതുമുതൽ ഉണ്ടാക്കുന്നതിന് മെത്രാപ്പോലീത്തന്മാർ മുഖ്യചുമതലക്കാരും കമ്മട്ടി മെമ്പർമാർ സഹായികളും ആയിരിക്കേണ്ടതും മെത്രാപ്പോലീത്തന്മാർ പള്ളികൾതോറും വെവ്വേറെയോ ഒന്നിച്ചോ നടന്ന് പൊതുമുതൽ ഉണ്ടാക്കുന്നതിന് ഉത്സാഹിച്ച് ഉണ്ടാക്കി കടം വീട്ടുകയും വേണ്ടതാണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

മുതൽ ഉണ്ടാക്കി വ്യവഹാരം ആരംഭിക്കുന്നതിന് ഇനി ഒട്ടും താമസം പാടില്ലാത്തതിനാൽ ഒരു ചുരുങ്ങിയ അവധിയായ മീനം 15-ാം തീയതി 40 മെമ്പർമാർ കൂടി 150 രൂപാ വീതം 6000 രൂപാ തല്ക്കാലം ശേഖരപ്പെടുത്തി മെത്രാപ്പോലീത്തന്മാരോടോ മെത്രാപ്പോലീത്തായോ കൂടി തിരുവനന്തപുരത്തു ചെന്ന് വ്യവഹാരത്തിനുള്ള മാർഗ്ഗവും തരവും ചിന്തിച്ച് ആരംഭിക്കേണ്ടത് അത്യാവശ്യമെന്ന് പറഞ്ഞതിനെ യോഗം ഉറപ്പിച്ചു.

ശേഖരപ്പെടുത്തുന്ന മുതൽ വാങ്ങി രശീതി കൊടുക്കുന്നതിന് മെമ്പർമാരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടതായ ഒരു തൽക്കാല മുതൽപിടിയും കണക്കു മുതലായ എഴുത്തുകുത്തുകൾക്ക് ഒരു തൽക്കാല സിക്രട്ടറിയും വേണ്ടതാകയാൽ മുതൽപിടിവേലയ്ക്ക് പുതുപ്പള്ളി ഗീവറുഗ്ഗീസും സിക്രട്ടറി വേലക്ക് കാരിക്കൽ കുരുവിള ഈപ്പനെയും ഏർപ്പെടുത്തുകയും കമ്മട്ടിക്കാരുടെ അനുമതിയിന്മേൽ പ്രസിഡണ്ടിന്റെ മുദ്രയോടുകൂടി സിക്രട്ടറി ഒപ്പിട്ടു കൊടുക്കുന്ന പ്രമാണം പിടിച്ച് മുതൽപിടി പണം ചെലവിടേണ്ടതും ആയി നിശ്ചയിച്ചാൽ കൊള്ളാമെന്ന് ആവശ്യപ്പെട്ടത് യോഗം ഉറപ്പിച്ചു.

കമ്മട്ടി മെമ്പർമാരിൽ പണച്ചുമതലക്കാരായവർ സമയാസമയങ്ങളിൽ ഓഹരിപ്രകാരം മുതൽ എടുക്കാതെയും ആവശ്യപ്പെടുമ്പോൾ അവരോ അധികാരപത്രക്കാരോ ഹാജരാകാതെയും ഉദാസീനത കാണിച്ചാൽ കമ്മട്ടിക്കാരിൽ അധികപക്ഷക്കാരുടെ സമ്മതപ്രകാരം നീക്കി വേറെ ആളുകളെ ഏർപ്പെടുത്തുന്നതിനും കമ്മട്ടിക്കാർക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്ന് യോഗം നിശ്ചയിച്ച് ഉറപ്പിച്ചു.

കമ്മട്ടി മെമ്പർമാരിൽ മെത്രാപ്പോലീത്തന്മാർക്ക് കടശ്ശീട്ടിന്റെ ചുമതല വച്ചിട്ടുണ്ടെങ്കിലും ശേഷം മെമ്പർമാരുടെ സ്വാധീനത്തിൽ ഉള്ളവരെക്കൊണ്ട് ആവക കടച്ചീട്ടുകൾ തീർപ്പിക്കുന്നതിന് 20 വീതം ചീട്ടുകളിൽ കുറയാതെ ബ്രോക്ക (ർ) ചീട്ടുകൾ കൊടുത്തേല്പിക്കുന്നത് കൊള്ളാമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

കച്ചീട്ടിന്റെ ചുമതലകൾ സാധാരണയായി മെത്രാപ്പോലീത്തന്മാർ എല്ലാവരുടെമേലും വച്ചിട്ടുള്ളതല്ലാതെ അവർ ആളാംപ്രതി നടത്തുന്ന ഉത്സാഹം കാണ്മാൻ ഇടവരുന്നതല്ലായ്കയാൽ അതിന് പ്രത്യക്ഷപ്പെടുത്തിക്കാണിപ്പാൻ മാസംതോറും ഏർപ്പെടുത്തുന്ന ശീട്ടുകൾക്ക് വിവരം പട്ടികയോടുകൂടെ കമ്മട്ടി മുതൽപിടിയിൽ ഏല്പിക്കേണ്ടതാകുന്നു എന്നും ആവക പട്ടികകൾ കമ്മട്ടി റിക്കാർഡിൽ ഇരിക്കേണ്ടതാകുന്നു എന്നും യോഗം നിശ്ചയിച്ച് ഉറപ്പിച്ചു.

ഈ സുന്നഹദോസിന് ചില പള്ളിക്കാർ കൂടിയിട്ടില്ലാത്തതും ഇപ്പോഴത്തെ നിശ്ചയങ്ങൾ എല്ലാവരും സമ്മതിച്ചപ്രകാരം ലക്ഷ്യങ്ങൾ ഇല്ലാത്തതും ഒരു സമ്മതപത്രം കമ്മട്ടിയിൽ വേണ്ടതും ആകയാൽ അങ്ങനെ ഒരു സമ്മതപത്രം പ്രസിഡണ്ട് അവർകൾ കല്പിച്ച് അച്ചടിച്ച് അയച്ച് ഒപ്പ് ഇടുവിച്ച് വാങ്ങി റിക്കാർഡിൽ ചേർക്കേണ്ടതാണെന്ന് യോഗം നിശ്ചയിച്ച് ഉറപ്പിച്ചു.

കടശ്ശീട്ട് തീർക്കേണ്ടതിന് ചുമതലപ്പെടുത്തിയിരിക്കുന്ന മെത്രാപ്പോലീത്താമാരുടെ പേരുവിവരം ആ വകയ്ക്ക് തിരിച്ചിട്ടുള്ള അതിർത്തികളും

കാണിച്ച് കമ്മറ്റിയിൽനിന്നും എല്ലാ പള്ളികൾക്കും ഒരു കല്പന അയയ്ക്കേണ്ടത് ആവശ്യമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

ഈ നിശ്ചയങ്ങൾ മെത്രാപ്പോലീത്താമാരും മെമ്പർമാരും അന്യോന്യം സമ്മതിച്ചു എന്നും അതുപ്രകാരം നടക്കയും നടത്തിക്കയും ചെയ്യുമെന്നും ഉള്ള സമൂഹത്തിന്റെ സമ്മതത്തിനും ഉറപ്പിനുംവേണ്ടി പ്രസിഡണ്ട് തന്റെ ഒപ്പും മുദ്രയും ഇടുന്നതല്ലാതെ കമ്മട്ടിക്കാരും ഒപ്പുകൾ ഇട്ട് ഉറപ്പിക്കേണ്ടതെന്ന് യോഗം നിശ്ചയിച്ചതിനെ സ്ഥിരപ്പെടുത്തി ഒപ്പുകൾ ഇട്ടിരിക്കുന്നു.

സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കമ്മറ്റിയുടെ പ്രസിഡണ്ട് മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

തുമ്പൊൻ ഇടവകയുടെ മാർ യൂലിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

കോട്ടയം ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

കൊച്ചി ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

അങ്കമാലി ഇടവകയുടെ കൂറിലോസ് മെത്രാപ്പോലീത്താ (ഒപ്പ്)

നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

മാവേലിക്കല വടക്കേത്തല അലക്സന്ത്രയോസ് കത്തനാർ (ഒപ്പ്)

ഇപ്രകാരം കമ്മട്ടിക്കാർ എല്ലാവരും അപ്പോൾ ഉണ്ടായിരുന്നവർ എല്ലാവരും പേർ എഴുതി ഒപ്പിട്ട് പിരിഞ്ഞു.

# അടിക്കുറിപ്പുകൾ

1. 1789-ലെ ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് പാലൂർ-ചാട്ടുകുളങ്ങര ഇടവകയിൽനിന്ന് മാമ്മലശ്ശേരിയിലേക്ക് കുടിയേറിപ്പാർത്ത കോനാട്ട് കുടുംബത്തിലെ ഏബ്രഹാം മൽപാന്റെ സഹോദരപുത്രൻ, കോനാട്ട് മാർ യൂലിയോസിന്റെ സഹോദരൻ (1809-1890). പാമ്പാക്കുടയിൽ മൽപാൻ ആയിരുന്ന ഇദ്ദേഹം കഥാപുരുഷന്റെ സ്നേഹിതനും ഉപദേശകനും ആയിരുന്നു.

2. കുന്നംകുളം പനയ്ക്കൽ തറവാട്ടിലെ പ്രമുഖ അംഗം. കഥാപുരുഷന്റെ വലംകൈ. പനയ്ക്കൽ ഇയ്യപ്പൻ, ഐപ്പൂരു, കൊച്ചുമാത്തു എന്നീ മൂന്ന് തലമുറകളിലെ പനയ്ക്കൽ കുടുംബകാരണവന്മാർ കഥാപുരുഷനെ പ്രാണനു തുല്യം സ്നേഹിച്ചു. ഈ വ്യാപാരപ്രമാണിമാർക്ക് കൊച്ചിയിൽ വ്യാപാരത്തിന് പാണ്ടികശാലയും ഉണ്ടായിരുന്നു. ഇവർ കൊച്ചി രാജാവിന്റെ ഡർബാർ സഭയിൽ അതത് കാലത്തെ അംഗങ്ങൾ ആയിരുന്നു.

3. യൂയാക്കീം മാർ കൂറിലോസ് കഥാപുരുഷനെ അംഗീകരിക്കാത്തതിനാൽ സമുദായം രണ്ട് ചേരികൾ ആയി. അതിന്റെ പേരിൽ പല കലാപങ്ങളും ഉണ്ടായി. കത്തിൽ പരാമർശിക്കുന്ന മാടപ്പറമ്പൻ, പാലപ്പിള്ളി തുടങ്ങിയവർ കഥാപുരുഷനെ അനുകൂലിക്കുന്ന വൈദികരാണ്.

4. ബന്ധപ്പെട്ടവരെയും.

5. ദൈവം. പിതാക്കന്മാർ കത്തെഴുതുമ്പോൾ 'ദൈവകൃപയാൽ' എന്ന അർത്ഥത്തിൽ യാഹ് എന്നും ഓ തെയോസ് എന്നും എഴുതുക പതിവായിരുന്നു (ഓ! ദൈവമേ എന്നർത്ഥം).

6. കരിങ്ങാച്ചിറ ഇടവകയിൽ തുരുത്തി ദേശത്ത് ഉലഹന്നാന്റെ വീടിന് കിഴക്ക് തെക്കുവശത്തുള്ള മലയിൽ നാൽപത് സഹദേന്മാരുടെ നാമത്തിൽ 1867 കർക്കിടകം 2-ന് കഥാപുരുഷൻ റൂശ്മാ ചെയ്ത ശില കോനാട്ട് മൽപാൻ സ്ഥാപിച്ച് കുർബ്ബാന മുതലായ കർമ്മങ്ങൾ നടത്തി.

7. തയാറാവുക - ഒരു കുന്നംകുളം ഭാഷാപ്രയോഗം.

8. മനഃപ്രയാസം.

9. പോലീസ് കേസ്.

10. 1873-ലെ പരുമലയോഗ തീരുമാനങ്ങൾ.

11. കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മപ്പെരുന്നാൾ.

12. ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാച്ചൻ (പിന്നീട് പരുമല തിരുമേനി).

13. അങ്കമാലിക്കാരൻ ഗീവർഗ്ഗീസ് ശെമ്മാശൻ. ഇദ്ദേഹം 1873-ൽ കശ്ശീശാപട്ടം ഏറ്റു.

14. കുന്നക്കുരുടി സ്വദേശി. ഇദ്ദേഹം 1874 ഒക്ടോബർ 20-ന് മുളന്തുരുത്തിയിൽ വച്ച് കശ്ശീശാപട്ടം ഏറ്റു.

15. ഇടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്കോപ്പാ.

16. ദരിദ്രർ. കുന്നംകുളം ഭാഷാപ്രയോഗം.

17. ചാത്തുരുത്തി റമ്പാച്ചൻ പിടിയരി പിരിവിനായി 1873 ധനു 28-ന് വെട്ടിക്കൽ പള്ളിയിൽ നിന്ന് അയച്ച അഭ്യർത്ഥന.

18. പള്ളിക്കര (മോറക്കാലാ) പള്ളിയിൽ പാലക്കുന്നത്ത് മെത്രാച്ചൻ ബലമായി കയറി താമസിച്ചു. ഒരു തരിയത് കയ്യേറ്റക്കാരന് പിന്തുണ നൽകി. ഇതിനെതിരെ കഥാപുരുഷൻ നൽകിയ അന്യായം അനുവദിച്ച് കുന്നത്തുനാട് തഹശീൽദാർ വിധിച്ചു. ഇതിനെതിരെ തരിയത് മുതൽ പേർ ചേർത്തല ഡിവിഷൻ കച്ചേരിയിൽ പേഷ്ക്കാരുടെ അടുക്കൽ അപ്പീൽ നൽകി. ഇതിലും കഥാപുരുഷൻ വിജയം നേടി.

19. കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ്.

20. അക്കര കുരിയൻ റൈട്ടറും പനയ്ക്കൽ ഐപ്പൂരു മുതലാളിയും.

21. 1878 കന്നി 29-ന് കൊച്ചിയിൽ മെത്രാന്മാരുടെ യോഗത്തിലേക്കുള്ള ക്ഷണക്കത്ത്. ഈ യോഗത്തിൽ വച്ചാണ് സെമിനാരി വ്യവഹാരത്തിനും മറ്റുമായി മെത്രാന്മാർ, പുലിക്കോട്ടിൽ മെത്രാച്ചനെ അധികാരപ്പെടുത്തുന്ന സമ്മതപത്രം ഒപ്പിട്ട് നൽകിയത്.

22. നവീകരണക്കാരുമായി ഒരു വ്യവഹാരം കൂടാതെ കഴിപ്പാൻ നിധിയിരിക്കൽ മാണിക്കത്തനാർ (മാർക്കോസ്) മാധ്യസ്ഥം വഹിച്ച് നിർദ്ദേശങ്ങൾ വച്ചിരുന്നു.

23. പാലക്കുന്നത്ത് അബ്രഹാം മൽപാൻ.

24. ജലദോഷം.

25. സെമിനാരിക്കേസ്.

26. സെമിനാരി വ്യവഹാരത്തിൽ നീതിക്കുവേണ്ടിയുള്ള യുദ്ധം നയിക്കുന്ന പടനായകന്റെ ആത്മവിശ്വാസവും വീറും ദൈവാശ്രയവും ഈ കത്തിൽ നിറഞ്ഞുനിൽക്കുന്നു. ഇതിൽ സൂചിപ്പിക്കുന്ന ബോംബെയിലെ

'അദ്ദേഹം' ഡാറാ സായിപ്പ് ആണെന്ന് വിശ്വസിക്കാം.

27. വാഴ്വ്.

28. എം.ഡി. സെമിനാരി നിൽക്കുന്ന സ്ഥലവും കെട്ടിടവും. മാണിക്കത്തനാരുടെ സഹകരണത്തിൽ നടന്ന സംയുക്ത സഹകരണത്തിൽനിന്ന് മാണിക്കത്തനാർ പിന്മാറിയതിനെ തുടർന്നാണ് ആ സ്ഥലം ബാധ്യതകൾ ഒഴിവാക്കി കഥാപുരുഷൻ ഏറ്റെടുത്തത്.

29. അപകടകാരി.

30. അവശവിഭാഗങ്ങളുടെ വിദ്യാഭ്യാസം, സഭയുടെ സത്യവിശ്വാസ പാലനം തുടങ്ങിയ കാര്യങ്ങളിൽ കഥാപുരുഷൻ പ്രകടിപ്പിക്കുന്ന ഈ വ്യഗ്രത സവിശേഷശ്രദ്ധ അർഹിക്കുന്നു.

31. യോജിച്ച പ്രവർത്തനത്തിൽനിന്ന് മാണിക്കത്തനാർ പുറംതിരിഞ്ഞിരിക്കുന്നതിന്റെ ചിത്രം ഈ കത്തിൽ പ്രതിഫലിക്കുന്നു. അധികൃതരുടെ പ്രേരണ മൂലമാണ് നിധിയിരിക്കൽ മാണിക്കത്തനാർ ഈ മഹനീയ സംരംഭത്തിൽ നിന്ന് പിന്മാറിയത്.

32. വൈദികട്രസ്റ്റിയായി പാലക്കുന്നത്ത് മെത്രാച്ചനെ പിന്തുണയ്ക്കുന്ന താഴത്ത് ചാണ്ടപ്പിള്ള കത്തനാർ. പാലക്കുന്നത്ത് മെത്രാച്ചനെ പത്രോസ് തൃതീയൻ 'ബലയാർ' എന്ന് മാത്രം വിശേഷിപ്പിച്ചിരുന്നതുപോലെ കഥാപുരുഷൻ താഴത്ത് അച്ചനെ (കോട്ടയം ചെറിയപള്ളി വികാരി) ബീശാ (അർത്ഥം - തിന്മപ്പെട്ടവൻ) എന്ന് വിശേഷിപ്പിക്കുന്നു.

33. റീശീസാ പിരിക്കുവാനായി പാത്രിയർക്കീസ് അയച്ച ശെമവൂൻ മാർ അത്താനാസ്യോസ്. ശീമക്കാരായ മെത്രാന്മാരെ അന്നു ബാവാ എന്ന് വിളിച്ചിരുന്നു. ശെമവൂൻ മാർ അത്താനാസ്യോസ് കഥാപുരുഷന്റെ ഗുരു ആയിരുന്നു. ആർത്താറ്റ് പള്ളിയിൽ ശെമവൂൻ റമ്പാൻ അദ്ദേഹത്തിന് വൈദികപരിശീലനം നൽകിയിട്ടുണ്ട്. ഈ മെത്രാന്റെ കൂടെയാണ് ശീമക്കാരൻ സ്ലീബാ ശെമ്മാശൻ ആദ്യമായി മലങ്കരയിലെത്തിയത്.

34. പിൽക്കാലത്ത് അത്മായട്രസ്റ്റിയായിത്തീർന്ന അക്കര ഉലഹന്നാൻ കുരിയൻ.

35. ശ്രേഷ്ഠാനുമതിക്കായി സമർപ്പിക്കപ്പെട്ട വിവർത്തനങ്ങൾ. അച്ചടിച്ച പുസ്തകങ്ങൾ പള്ളികൾതോറും സഞ്ചരിക്കുന്ന മലങ്കര മെത്രാപ്പോലീത്താ വിറ്റ് അതിന്റെ വില പ്രസാധകനെ ഏൽപിക്കുന്ന ചിന്താമധുരമായ നടപടികൾ ഈ എഴുത്തിൽ കാണുന്നുണ്ട്. വ്യവഹാരം നടത്താൻ പിരിവ്; കൂട്ടത്തിൽ പുസ്തക വിൽപനയും.

36. കോട്ടയം – അങ്കമാലി ഇടവകകളുടെ കടവിൽ മാർ അത്താനാസ്യോസ്. 1879-ലാണ് ആലപ്പുഴയിലെ കോടതിയിൽ സെമിനാരിക്കേസ് ഫയൽ ചെയ്തത്.

37. കഥാപുരുഷന്റെ ആസൂത്രണ വൈഭവം പ്രശംസനീയം. ഉപയോഗിച്ച വണ്ടി ഉപയോഗം കഴിഞ്ഞ് കിട്ടുന്ന കാശിന് വിറ്റ് നഷ്ടം ഉണ്ടാക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല. മുടക്കിയ പണം മുഴുവൻ ഷോടതി മുഖേന തിരിച്ചു കിട്ടുന്നുവെന്ന് ഉറപ്പാക്കുവാൻ അദ്ദേഹം പ്രയത്നിക്കുന്നു. ഒരു സഭാ മേലദ്ധ്യക്ഷന്റെ കാര്യവിചാരകബോധം!!

38. സെമിനാരിക്കേസിൽ കഥാപുരുഷന് അനുകൂലമായി ഉണ്ടായ വിധി 1885-ലെ വിധിയോടെ സ്ഥിരീകരിക്കപ്പെട്ടു. 1886 കർക്കിടകം 3-ന് കഥാപുരുഷൻ സെമിനാരി കൈവശപ്പെടുത്തി അവിടെ താമസം ആരംഭിച്ചു.

39. സെമിനാരി കൈവശത്തിൽ വന്നതോടെ അനന്തര നടപടികൾ ആരംഭിക്കുന്നു. വിദ്യാഭ്യാസം, പുസ്തക പ്രസിദ്ധീകരണം തുടങ്ങിയവ ഉടനെ തുടങ്ങണം. അതിനാൽ അസോസ്യേഷൻ കൂടി പിരിവ് നിശ്ചയിച്ച് ഒട്ടും സമയം നഷ്ടപ്പെടുത്താതെ പ്രവർത്തിക്കുന്ന ഒരു കർമ്മയോഗിയുടെ ഇടയബോധം ആശ്ചര്യകരം തന്നെ.

40. 250-ലേറെ സ്കൂളുകൾ സ്ഥാപിക്കാൻ കഥാപുരുഷനെ പ്രേരിപ്പിച്ച ദർശനം ഇവിടെ കാണുന്നു. ഈ ദർശനം പ്രാവർത്തികമാക്കിയതിന് ശേഷം ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞാണ് നാരായണഗുരുവിന്റെ സംഘടനാ രൂപീകരണവും മറ്റ് ആഹ്വാനങ്ങളും ലോകം ശ്രവിച്ചത്. അദ്ദേഹത്തെ അക്കാര്യത്തിൽ പ്രചോദിപ്പിച്ചത് കഥാപുരുഷനാണ്.

41. പിരിവിന്റെ മനഃശാസ്ത്രം, ദൈവശാസ്ത്രം, സാമൂഹികശാസ്ത്രം, ധർമ്മശാസ്ത്രം തുടങ്ങിയ നിരവധി വിഷയങ്ങൾ ഈ കൽപന അതിവിദഗ്ദ്ധമായി ചർച്ച ചെയ്യുന്നു.

42. അസോസ്യേഷൻ യോഗം.

42A. റോയൽക്കോടതിവിധിയിൽ പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ ലൗകിക അധികാരം ഒട്ടുമില്ല എന്ന് സുവ്യക്തമായി പ്രഖ്യാപിച്ചിരുന്നു. സ്ലീബാ ശെമ്മാശനും മറ്റും അതിൽ അതൃപ്തി പ്രകടിപ്പിച്ചു. ആ അതൃപ്തിയോട് ഒരു ഘട്ടത്തിൽ കടവിൽ തിരുമേനി യോജിച്ചു എന്നും കഥാപുരുഷനോട് നീരസപ്പെട്ടു എന്നും ഈ കത്ത് വ്യക്തമാക്കുന്നു. സ്വന്തം ഹൃദയവ്യഥയെ തന്റെ വൈദികട്രസ്റ്റിയോട് പങ്കുവെയ്ക്കുന്ന സുതാര്യത ഇവിടെ പ്രകടമാണ്.

43-44. ഗോവയുടെ മെത്രാനായി മലങ്കരസഭ കോട്ടയം പഴയസെമി

നാരിയിൽ വച്ച് വാഴിച്ച അൽവാറീസ് മാർ യൂലിയോസുമായി കഥാപുരുഷന്റെ അന്ത്യംവരെയും നല്ല ബന്ധം നിലനിന്നു. ഇവിടെ പരാമർശിക്കുന്ന അമേരിക്കയിലെ മൂപ്പൻ പാതിരി റിനിവിലാത്തിയാണ്. അദ്ദേഹത്തെ തീമോത്തിയോസ് എന്ന പേരിൽ മലങ്കരസഭ കൊളമ്പിൽ വച്ച് വാഴിച്ചു. അങ്ങനെ മലങ്കരസഭ ഒരു മിഷനറിസഭയായി വളരുകയും ഗോവ, സിലോൺ, അമേരിക്ക തുടങ്ങിയ പ്രദേശങ്ങളിൽ സുവിശേഷ വയലുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തു. ആ ദർശനശേഷി അദ്ദേഹത്തെ മലങ്കരസഭയിലെ ആദ്യത്തെ മിഷനറി വീരൻ എന്ന ബഹുമതിക്ക് അർഹനാക്കുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്ന കാലം. വട്ടിപ്പണപ്പലിശ അനുവദിക്കുന്നത് ബ്രിട്ടീഷ് ഗവർണ്ണർ ആണ്. അക്കാലത്ത് വട്ടിപ്പണത്തിന്റെ പലിശയ്ക്കായി തർക്കമുണ്ടായിരുന്നു. സായിപ്പിനെ സ്വീകരിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ മനസ്സിൽ മികച്ച ഇമേജ് സൃഷ്ടിച്ച് വട്ടിപ്പണപ്പലിശയുടെ കാര്യത്തിൽ അനുകൂലമായ തീരുമാനമുണ്ടാക്കാൻ ശ്രമിക്കുന്ന ആസൂത്രണ വൈഭവം ഈ കത്തിൽ പ്രകടമാണ്. വൈദികട്രസ്റ്റി ഉൾപ്പെടെ തന്റെ കൂടെയുള്ള ഏവരേയും വിശ്വാസത്തിലെടുത്ത് അവരുടെ ഹൃദയപൂർവ്വമായ സഹകരണം തേടുന്ന ഒരു ഇടയശ്രേഷ്ഠന്റെ ആസൂത്രണ വൈഭവം!!

45. വട്ടിപ്പണ പലിശയ്ക്കു വേണ്ടിയുള്ള അദ്ധ്വാനങ്ങൾ.

46. പിൽക്കാലത്ത് കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് (കബറിടം: ആലുവാ തൃക്കുന്നത്ത് സെമിനാരി).

47. കഥാപുരുഷൻ കുന്നംകുളത്ത് ആരംഭിച്ച അച്ചടിശാലയ്ക്ക് 'പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ്' എന്നായിരുന്നു പേർ. പിന്നീട് അത് കൊച്ചിയിൽ മാറ്റി സ്ഥാപിച്ചപ്പോൾ സെന്റ് തോമസ് പ്രസ് എന്ന് പേരായി. പിന്നീട് അതേ പേരിൽ പരുമലയിൽ മാറ്റിസ്ഥാപിച്ചു. കോട്ടയം പഴയസെമിനാരി കൈവശത്തിൽ വന്നപ്പോൾ അത് പഴയസെമിനാരിയിൽ മാറ്റിസ്ഥാപിച്ചു. അച്ചുകൂടം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ അനിവാര്യഭാഗമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിന്റെ സുതാര്യതയെ ഇത് ഉദാഹരിക്കുന്നു.

48. പിൽക്കാലത്ത് സഭാചരിത്രം എഴുതിയ ഇട്ടൂപ്പ് റൈട്ടർ.

49. കോട്ടയം എം.ഡി. സെമിനാരി സ്കൂൾ.

50. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ. മാർ അലക്സിയോസ് തേവോദോസ്യോസിന്റെ പിതൃസഹോദരൻ.

51. വടക്കും തെക്കും തമ്മിൽ എക്കാലവും ശീതസമരം ഉണ്ടായിരുന്നു. സംസ്കാര വൈജാത്യമാവാം കാരണം. ഇതിനെ സമരസപ്പെടുത്തുവാൻ തെക്കും വടക്കുമുള്ള രണ്ടു മൽപാന്മാരെ സെമിനാരിയിൽ നിയമിക്കുന്നത് ആദ്യമല്ല. നവീകരണക്കാരുടെ കാലത്തും തെക്കുനിന്ന് ചെറുകര പീലിപ്പോസ് മൽപാനും വടക്കുനിന്ന് കടവിൽ (കൂരൻ) പൗലൂസ് മൽപാനും സെമിനാരിയിൽ പഠിപ്പിച്ചിരുന്നു.

52. പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് നടന്ന മിക്ക അസോസ്യേഷൻ യോഗങ്ങളും രണ്ടോ മൂന്നോ ദിവസങ്ങളിൽ ആയിട്ടാണ് നടത്തപ്പെട്ടിരുന്നത്. വിശദമായ ചർച്ചകൾക്കും തീരുമാനങ്ങൾക്കും ആവശ്യമായ സമയം അപ്രകാരം അനുവദിക്കപ്പെട്ടു. പിൽക്കാലത്ത് അസോസ്യേഷൻ യോഗങ്ങൾ ഒരു ദിവസത്തേക്ക് ചുരുങ്ങിയതോടെ സമയ ചുരുക്കം മൂലം അസോസ്യേഷൻ യോഗത്തിന്റെ പ്രാധാന്യം വെട്ടിച്ചുരുക്കപ്പെട്ടു. സഭയുടെ പൂർണ്ണ സുന്നഹദോസ് ചർച്ച ചെയ്ത് തീരുമാനിച്ചിരുന്ന പല വിഷയങ്ങളും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പരിധിയിലേക്ക് സങ്കോചിച്ചതിന്റെ ചരിത്രം അന്വേഷിക്കപ്പെടേണ്ടതാണ്.

53. അസോസ്യേഷൻ യോഗം വിജയപ്രദമാക്കുവാൻ ഓരോ സ്ഥലത്തേയും പ്രമാണിമാരെ എഴുത്തുമൂലം നിർബന്ധിക്കുകയും തെക്കൻ ഇടവകകളിൽ സന്ദർശനംമൂലം പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രയത്നം ശ്രദ്ധേയം. അസോസ്യേഷനിലേക്ക് അധികാരങ്ങൾ സംക്രമിക്കുന്ന പുതിയ പരീക്ഷണം വഴിപാടുപോലെ നടത്തുകയല്ല, അത് വിജയിക്കുമെന്ന് ഉറപ്പുവരുത്തുവാൻ പരിശ്രമിക്കുന്ന ഒരു പിതാവിനെ ഇവിടെ കാണാം. പള്ളികൾ സ്വന്ത ഇഷ്ടപ്രകാരം ഭരണം നടത്തിയിരുന്ന പതിവ് വ്യത്യാസപ്പെടുത്തി ഒരു പൊതു അസോസ്യേഷനിൽ അവരെ ഘടിപ്പിക്കുകയും ആ അസോസ്യേഷന്റെ കേന്ദ്രഭരണം ഇടവകകളെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തു എന്ന നവീനമായ പതിവ് സഭയിൽ ആരംഭിച്ചത് 1873-76 മുതൽ ആണല്ലോ. പത്തിരുപതു കൊല്ലത്തെ കഠിനാദ്ധ്വാനം കൊണ്ടാണ് ആ ഭരണസംവിധാനം ഫലപ്രദമാക്കിയത്. അതിന്റെ പിന്നിൽ മലങ്കരമെത്രാന്റെ ആസൂത്രണ വൈഭവവും സ്ഥിരോത്സാഹവും പ്രകടം.

54. നവീകരണക്കാരുടെ നമസ്കാരപ്പുസ്തകങ്ങൾക്കെതിരായ ജാഗ്രത ശ്രദ്ധേയം.

55. ഈ സുപ്രധാന അസോസ്യേഷൻ നാലു ദിവസം ദീർഘിച്ചു. യോഗാംഗങ്ങൾക്ക് പങ്കാളിത്തബോധവും സഭാനാഥനോട് മതിപ്പും വർദ്ധിക്കുവാൻ സഹായകമായ സംഭവം. പിൽക്കാലത്തൊരിക്കലും മഹനീയമായ ഈ മാതൃക അനുകരിക്കപ്പെട്ടിട്ടില്ല. ഒരു ദിവസത്തേക്ക് മാത്രമായി

കൂടുന്ന അസോസ്യേഷൻ യോഗത്തിലേക്ക് ആളുകൾ വരുമ്പോഴേക്കും ഉച്ചയാവും. പിന്നെ ഉച്ചഭക്ഷണം. അത് കഴിഞ്ഞ് യോഗനടപടികൾ ആരംഭിക്കുമ്പോഴേക്കും ആളുകൾ പിരിഞ്ഞുപോകാൻ തുടങ്ങിയിരിക്കും. തന്മൂലം സമ്മേളനങ്ങൾ യാന്ത്രികവും 'വഴിപാട് നടത്തിപ്പും' ആയി മാറുന്നു.

56. കൊളമ്പിൽ വെച്ച് റിനി വിലാത്തിയെ മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാനായി വാഴിക്കുവാൻ അൽവാറീസ് മാർ യൂലിയോസ്, കടവിൽ മാർ അത്താനാസ്യോസ്, ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് എന്നിവരെ അയക്കുന്നു. കൊളമ്പിലേക്കുള്ള യാത്രാസംഘത്തിൽ വട്ടശ്ശേരിൽ മൽപാനെ കാണുന്നില്ല. ഈ മെത്രാൻവാഴ്ച അദ്ദേഹത്തിന്റെ താൽപര്യത്തിന് വിരുദ്ധമെന്ന് അദ്ദേഹത്തിന്റെ ഭരണം വന്നപ്പോൾ വിശദമാകുകയും ചെയ്തുവല്ലോ. അൽവാറീസിന്റെയും റിനി വിലാത്തിയുടെയും മിഷൻ പ്രവർത്തനങ്ങൾ വട്ടശ്ശേരിൽ മെത്രാച്ചൻ അധികാരത്തിൽ വന്നതോടെ പൂർണ്ണമായും അവഗണിക്കപ്പെട്ടു. മലങ്കര സഭ വാഴിച്ച രണ്ടു മെത്രാന്മാരും സഭയ്ക്ക് അന്യരായി പിൽക്കാലത്ത് വ്യാഖ്യാനിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്തു.

57. പക്ഷഭേദം.

58. അങ്കമാലി ഭദ്രാസനത്തിലെ ഒരു വലിയ ഇടവകയാണ് കുറുപ്പമ്പടി. ആ ഭദ്രാസനത്തിൽ കടവിൽ മാർ അത്താനാസ്യോസ് ഭരണം നടത്തുന്നു. എങ്കിലും ആഭ്യന്തരപ്രശ്നം പരിഹരിക്കപ്പെടാത്തതിനാൽ മലങ്കരമെത്രാപ്പോലീത്താ പ്രശ്നത്തിൽ ഇടപെട്ട് പരിഹാരം ഉണ്ടാക്കുന്നു. തീരുമാനം ഉടമ്പടി എഴുതി രജിസ്റ്റർ ചെയ്യിക്കുന്നു. ഇത് പുലിക്കോട്ടിൽ തിരുമേനിയുടെ ഒരു ഭരണശൈലിയാണ്. തർക്കങ്ങൾക്ക് പരിഹാരമുണ്ടായാൽ ഉടമ്പടി എഴുതി എല്ലാവരും ഒപ്പിടുകയും ആ രേഖ സർക്കാരിൽ റജിസ്റ്റർ ചെയ്യുകയും എന്ന ശൈലി മൂലം പിൽക്കാല തർക്കങ്ങളും വ്യവഹാരങ്ങളും ഒഴിവാക്കാൻ കഴിഞ്ഞിരുന്നു. അനുകരണീയമാണ് ഈ ശൈലി.

59. മാനേജിംഗ് കമ്മിറ്റിയോഗം നാലു ദിവസങ്ങളിലായി നടത്തുവാൻ നോട്ടീസ്. മലങ്കര മാനേജിംഗ് കമ്മിറ്റിയുടെ അന്തസ്സും പങ്കാളിത്തവും അഭിമാനവും വർദ്ധിപ്പിക്കുവാൻ ഉചിതമായ നടപടി. സഭാമേലദ്ധ്യക്ഷന്റെ ജനാധിപത്യബോധത്തിന്റെ മികവ്!!

60. മലങ്കരസഭയിൽ സത്യവിശ്വാസം പ്രസംഗിക്കുവാൻ കേന്ദ്രതലത്തിൽ ഒരു മിഷനറിയെ നിയമിക്കുന്നത് സഭാചരിത്രത്തിൽ മുമ്പ് ഉണ്ടാവാത്ത സംഗതിയാണ്. നവീന ആശയങ്ങൾ ധീരമായി പരീക്ഷിക്കുന്ന ഒരു മിഷനറിവീര്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഈ ദർശനമാണ്

പിൽക്കാലത്ത് മൂക്കഞ്ചേരിൽ ശെമ്മാശനും മറ്റും അനുകരിച്ചത്. ഈ സഞ്ചാര സുവിശേഷകന്റെ മകനാണ് പിൽക്കാലത്ത് മെത്രാനായിത്തീർന്ന മീഖായേൽ മാർ ദീവന്നാസ്യോസ്. സബറോനോയുടെ അർത്ഥം 'സുവിശേഷകൻ' എന്നാണ്.

61. തിരുവനന്തപുരത്ത് സുറിയാനി ക്രിസ്ത്യാനികളായ സ്ഥിരതാമസക്കാർ തീരെ കുറവായ കാലത്ത് ദീർഘവീക്ഷണത്തോടെ അവിടെ ഒരു പള്ളി വയ്ക്കുവാൻ കഥാപുരുഷൻ സാഹസികമായി മുൻകൈ എടുക്കുന്നു. കൽപനയിൽ പറയുന്ന കുന്നുംപുറത്ത് കുര്യൻ കോട്ടയം പഴയ സെമിനാരിയുടെ മുതൽപിടി ആയിരുന്ന ഉലഹന്നാന്റെ സഹോദരൻ കുര്യൻ റൈട്ടർ ആണ്. പള്ളി സ്ഥാപകന്റെ ബഹുമാനാർത്ഥം 2009-ൽ അവർ പുലിക്കോട്ടിൽ തിരുമേനിയുടെ ശതാബ്ദി ആഘോഷിച്ചതിൽ മുഖ്യപ്രഭാഷണം നടത്തിയത് ഈ എഴുത്തുകാരനാണ്. അവിടത്തെ ഇളമുറക്കാർക്ക് പള്ളിസ്ഥാപകരെപ്പറ്റിയോ സ്ഥാപനചരിത്രത്തെപ്പറ്റിയോ വേണ്ടത്ര ആദരവ് കാണാത്തത് അത്ഭുതപ്പെടുത്തി.

62. സഭാംഗങ്ങളെ മുഴുവൻ വിശ്വാസത്തിലെടുത്ത് താൻ നേരിടുന്ന വിഷമപ്രശ്നങ്ങൾ മുഴുവൻ അവരുമായി പങ്കുവെച്ച് അവരുടെ സഹകരണം തേടുന്ന ഇടയശൈലിയും സുതാര്യതയും ഈ സർക്കുലറിൽ കാണാം. തന്റെ സർക്കുലറുകൾ കോടതികളിൽ ചോദ്യം ചെയ്യപ്പെടാവുന്ന സാഹചര്യം പരിഗണിച്ച് പഴുതടച്ച് സർക്കുലറുകൾ തയാറാക്കുന്ന മികവ് അനുകരണീയം തന്നെ!! കൽപനകൾക്ക് പൂർവ്വകാല മാതൃകകൾ ഇല്ലാതിരുന്ന കാലമായിരുന്നു അതെന്ന് ഓർക്കാവുന്നതാണ്.

63. സവർണ്ണ വിഭാഗങ്ങൾക്ക് മാത്രമായി അക്ഷരാഭ്യാസം പരിമിതപ്പെട്ടു പോയിരുന്ന ഫ്യൂഡൽ കാലഘട്ടത്തിൽ ജാതി - മത - വർണ്ണ - ലിംഗ - ഭേദമെന്യേ സർവർക്കും പ്രവേശനം അനുവദിക്കുന്ന വിദ്യാഭ്യാസനയമാണ് കഥാപുരുഷൻ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പ്രാവർത്തികമാക്കിയത്. ഈ വിപ്ലവാശയത്തെയാണ് 1903-ൽ നാരായണഗുരു വർഷങ്ങൾക്കു ശേഷം എസ്.എൻ.ഡി.പി. യുടെ മുദ്രാവാക്യമായി വളർത്തിയെടുത്തത്. വിദ്യകൊണ്ട് വിജ്ഞരാകുക - അതായിരുന്നു അദ്ദേഹം വളർത്തിയെടുത്ത മുദ്രാവാക്യം.

64. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ ഏതാനും വർഷം കൊണ്ട് വളരുന്നതിന്റെ ചിത്രം സ്ഥാപകൻ ഈ കൽപനയിലൂടെ വരച്ചുകാട്ടുന്നു. ഡാറാ സായിപ്പിന്റെ സഹായങ്ങൾ, അദ്ദേഹത്തിന്റെ നിര്യാണം മൂലം വന്നുചേർന്ന ദുഃഖങ്ങൾ, സ്കൂൾ മൂലം സമുദായത്തിനുണ്ടായ ഉത്ക്കർഷം, മറ്റു സമുദായങ്ങൾക്കുണ്ടാകുന്ന അഭ്യുദയങ്ങൾ എന്നിങ്ങനെ എന്തെല്ലാം കാര്യങ്ങളാണ് അദ്ദേഹം വിവരിക്കുന്നത്. സ്വന്തം

വീട്ടുകാര്യങ്ങൾ മക്കളെ വിളിച്ചുവരുത്തി വിവരിക്കുന്ന ഒരു കുടുംബ കാരണവരുടെ ആത്മാർത്ഥതയും ഗൗരവവും ഈ സർക്കുലർ പ്രതിഫ ലിപ്പിക്കുന്നു.

65. വിരുദ്ധോപദേശങ്ങൾ.

66. കഥാപുരുഷന്റെ ഗുരുനാഥനും റിശീസാ പിരിവിനായി പത്രോസ് തൃതീയൻ ബാവാ മലങ്കരയിലേക്ക് അയച്ച ആളുമായ ശെമവൂൻ മാർ അത്താനാസ്യോസ്. ഇദ്ദേഹത്തിന്റെ ശെമ്മാശനായിട്ടാണ് പിൽക്കാലത്ത് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ആയിത്തീർന്ന സ്ലീബാ ശെമ്മാശൻ മലങ്കരയിൽ എത്തിയത്. ഈ ശെമ്മാശൻ സെമിനാരിയിലെ മൽപാന്മാരായ കോനാട്ട് മാത്തൻ കത്തനാരെയും വട്ടശ്ശേരിൽ ഗീവർഗ്ഗീസ് കത്തനാരെയും ശക്തമായി സ്വാധീനിക്കുകയും പത്രോസ് തൃതീയന്റെ നടക്കാതെപോയ സ്വപ്നങ്ങളെ കാലാന്തരത്തിൽ മലങ്കരയിൽ നടപ്പാ ക്കുവാൻ അവരെ ഉപയോഗപ്പെടുത്തുകയും ചെയ്ത തന്ത്രശാലിയാണ്. ഇദ്ദേഹത്തിന്റെ ഈ വക ഉദ്ദേശ്യങ്ങൾ കഥാപുരുഷന് അജ്ഞാതമായി രുന്നില്ല. എന്നാൽ തന്റെ ഗുരുവിന് വേദനിക്കുമല്ലോ എന്ന ചിന്തയിൽ അദ്ദേഹം ശെമ്മാശന്റെ കുതന്ത്രങ്ങളെ സഹിക്കുകയായിരുന്നു. എന്നാൽ 1889 മാർച്ച് 19-ന് അദ്ദേഹം കാലംചെയ്തു കോട്ടയം പുത്തൻപള്ളിയിൽ കബറടക്കപ്പെട്ടതോടെ ശെമ്മാശനെ ഒഴിവാക്കുവാനുള്ള ശ്രമം ആരംഭിച്ചു. ശെമ്മാശനാകട്ടെ ഇവിടെ വേരുകൾ ഉറപ്പിക്കുവാനും ശ്രമിച്ചുകൊ ണ്ടിരുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ കാലം കഴിഞ്ഞാൽ മലങ്കര സഭയിൽ വരുത്തുവാനുള്ള ചില കർമ്മപദ്ധതികൾ അദ്ദേഹം വിശ്വസ്ത അനുയായികളുടെ സഹായത്തോടെ ആസൂത്രണം ചെയ്തിരുന്നു. എന്നാൽ അനുകൂലമായ ഒരു അവസരം ദൈവഗത്യാ സമാഗതമായ പ്പോൾ കഥാപുരുഷൻ ശെമ്മാശനെ സ്വന്ത നാട്ടിലേക്കയച്ചു. എന്നാൽ ഇവിടെയുള്ള പ്രശസ്തരും പ്രഗത്ഭരുമായ മൽപാന്മാരുടെ പ്രേരണയിൽ അദ്ദേഹം തിരിച്ചെത്തി. പിന്നീട് അദ്ദേഹം മലങ്കരസഭയുടെ കണ്ഠ കോടാലി ആയിത്തീരുകയും ചെയ്തു. 18 അക്കം കാനോന്റെ നിർമ്മിതി യിലൂടെ അദ്ദേഹം ചെയ്ത ദ്രോഹങ്ങളുടെ ഫലം സഭ ഇന്നും അനുഭവി ക്കുന്നു.

67. മലങ്കര മാനേജിംഗ് കമ്മിറ്റി നിശ്ചയിച്ചതിൻപടി മൂന്ന് പേരെ കൂടി സഞ്ചാരസുവിശേഷകന്മാരായി നിയമിക്കുന്നു. അവർക്ക് സബറോനോ യുടെ കൈവെപ്പും നൽകി കൽപ്പനമൂലം നിയമിക്കുന്ന പതിവാണ് സഭ യിൽ ഉണ്ടായിരുന്നത്. പിൽക്കാലത്ത് പല ഇടവകകളിലും ഇത്തരത്തി ലുള്ള പരിശോധനകളും കൈവെപ്പും കൂടാതെ ഇടവകകളിൽ പ്രസംഗ കരായി പ്രത്യക്ഷപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കു

ന്നുണ്ട്. സഭയുടെ വിശ്വാസചരിത്രങ്ങൾ അറിയാത്തവരും അവയോട് മതിപ്പില്ലാത്തവരുമായ ആളുകൾ വേദപുസ്തകം എടുത്തു സുവിശേഷഘോഷണം നടത്തുന്നത് പ്രോത്സാഹിപ്പിച്ചു കൂടാത്തതാണ്. അനധികൃതമായി ഇടവകകളിൽ നടത്തുന്ന ബൈബിൾ ക്ലാസുകളും പ്രസംഗ പരിശീലനങ്ങളും സഭയുടെ ഉന്നമനത്തേക്കാളേറെ അവമതിക്കിടയാക്കുമെന്ന് ബന്ധപ്പെട്ടവർ ഓർക്കാതിരിക്കുന്നത് കഷ്ടാൽ കഷ്ടതരം തന്നെ. ഇപ്രകാരം മേൽവിലാസമില്ലാത്ത സുവിശേഷഘോഷകർ പെരുകിയ ഇടവകകളിലാണ് പൂർവികസഭയുടെ നൈർമല്യത്തെ ചോദ്യം ചെയ്യുന്ന നവീനസഭകൾ കൂണുപോലെ മുളച്ചുപൊന്തുന്നത് എന്നത് നിരീക്ഷിക്കാതെ വയ്യ.

68. സെമിനാരി ചാപ്പൽ നിർമ്മാണം താൻ ആരംഭിച്ചതായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ മിഷനറിമാർക്ക് അയച്ചതായ കത്തുകളിലും റസിഡണ്ട് മിഷനറി സൊസൈറ്റിക്കയച്ച കത്തുകളിലും കാണാനുണ്ട്. പി. ചെറിയാൻ പ്രസിദ്ധപ്പെടുത്തിയ സഭാചരിത്രത്തിന്റെ അനുബന്ധത്തിൽ ഈ കത്തുകൾ കൊടുത്തിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ കാലത്ത് ചാപ്പൽ നിർമ്മാണം പൂർത്തിയായിരുന്നില്ല. സെമിനാരി സ്ഥാപകൻ അതിനകത്ത് കബറടക്കപ്പെടുകയും അതൊരു പ്രാർത്ഥനാഭവനമായി ഉപയോഗിക്കപ്പെടുകയും ചെയ്തു. പ്രാർത്ഥനകളും കുർബ്ബാനയും നടത്തുവാൻ താൽക്കാലിക ക്രമീകരണങ്ങളേ ഉണ്ടായിരുന്നുള്ളു. ആറേഴു പതിറ്റാണ്ടുകാലം അത് പൂർത്തീകരിക്കാനായില്ല. മിഷനറിമാരുടെ ദേവാലയസങ്കൽപ്പം വ്യത്യസ്തമായിരുന്നതിനാൽ അവർക്ക് സെമിനാരി ചാപ്പലിന്റെ പൂർത്തീകരണം ഗൗരവപ്പെട്ട വിഷയമായില്ല. സെമിനാരിയിലെ മിഷനറിയുഗം അവസാനിപ്പിച്ചതിനെ തുടർന്ന് നവീകരണക്കാരുമായുള്ള യുദ്ധം ആരംഭിച്ചതിനാൽ നവീകരണക്കാരുടെ കൈവശമായിരുന്ന സെമിനാരിയിൽ കാര്യമായ പരിഷ്ക്കാരങ്ങളൊന്നും നടത്തുവാൻ കഴിഞ്ഞില്ല. പുലിക്കോട്ടിൽ രണ്ടാം തിരുമേനി നവീകരണക്കാരുമായുള്ള വ്യവഹാരം റോയൽക്കോടതിയുടെ അന്തിമവിധിയോടെ പരിസമാപ്തിയിലെത്തിച്ച ശേഷം സഭയുടെ നിർമ്മാണപ്രവർത്തനങ്ങളിലേക്ക് പ്രവേശിച്ചപ്പോൾ സെമിനാരിയിലെ ചാപ്പൽനിർമ്മാണം ഗൗരവമായി ഏറ്റെടുക്കുന്നു. സെമിനാരിയുടെ നിർമ്മാണം കൊച്ചുപറമ്പിൽ കൂറിലോസ് റമ്പാച്ചന്റെ (പിൽക്കാലത്ത് പാണമ്പടിയിൽ കബറടങ്ങിയ കൂറിലോസ്) ചുമതലയിലാണ് നടന്നത്. അദ്ദേഹം മെത്രാൻസ്ഥാനം ഏൽക്കുന്നതുവരെ സെമിനാരിയുടെ മാനേജർ ആയിരുന്നു. സെമിനാരിയിൽ മൽപാൻ ആയിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരെ ഈ രംഗത്തു കാണുന്നില്ല.

69. കുറവുകൾ തീർത്ത് പൂർത്തീകരിക്കുക.

70. സെമിനാരി ചാപ്പലിന്റെ പൂർണ്ണ കൂദാശ കഥാപുരുഷന്റെ മുഖ്യ കാർമ്മികത്വത്തിൽ 1897 വൃശ്ചികം 12-ന് ആഘോഷമായി നടന്നു.

71. ഈ കത്ത് പിരിവിന് നിയോഗിക്കപ്പെട്ട പൗലൂസ് റമ്പാച്ചന്റേതാണെന്ന് തോന്നുന്നു. പിരിവിനുള്ള ശുഭാപ്തി വിശ്വാസം, ഇടവകകളുടെ പ്രതികരണം, പിരിവുകാരുടെ ഇച്ഛാശക്തി എന്നിവയെ ഈ കത്ത് പ്രതിഫലിപ്പിക്കുന്നു. അർത്ഥം – 'പിതാവേ, മോചനത്തിനായി അനുഗ്രഹിക്കണമേ.'

72. തിരുവനന്തപുരം പള്ളിയുടെ നിർമ്മാണത്തിനും കഥാപുരുഷൻ വിശ്വാസപൂർവ്വം നിയോഗിക്കുന്നത് പൗലൂസ് റമ്പാനെയാണെന്നത് ധ്വനിമധുരമാണ്. റമ്പാച്ചന്റെ വിശ്വാസ്യത, കാര്യപ്രാപ്തി തുടങ്ങിയവയെ ഇവ പ്രകടമാക്കുന്നു.

തിരുവനന്തപുരം പള്ളിയുടെ കൂദാശ 1900 വൃശ്ചികം 6-ന് കഥാപുരുഷന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി.

73. യാക്കോബായക്കാർ എന്ന പേരിൽ നാം അറിയപ്പെട്ടിരുന്നു എന്നത് നമ്മുടെ ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പേര് കത്തോലിക്കർ നമ്മെ ആക്ഷേപമായി വിശേഷിപ്പിച്ച പദമായിരുന്നു. ഇതുപോലെ പുത്തൻകൂറ്റുകാർ എന്ന പേരും കത്തോലിക്കരുടെ ആക്ഷേപപേരാണ്. ഈ സത്യം തിരിച്ചറിയാതെ നാം നമ്മുടെ സമുദായപ്പേരായി ഈ പരിഹാസ പേരുകൾ ഉപയോഗിച്ചുവന്നു. അതുപോലെ നസ്രാണികൾ എന്നത് മറ്റു മതക്കാർ നമ്മെ ആക്ഷേപിച്ച് വിശേഷിപ്പിച്ച പേര് ആകുന്നു. അതാണ് നമ്മുടെ യഥാർത്ഥ പേര് എന്ന് ഭ്രമിച്ച് ഇക്കാലത്ത് ചിലർ ആ പദപ്രയോഗത്തിന് വലിയ പ്രചാരം നൽകുന്നു. സുറിയാനിക്കാർ എന്ന് പറഞ്ഞാൽ അന്ത്യോഖ്യാക്കാർ എന്ന് അർത്ഥം വരുമെന്നാണ് അവരുടെ ശങ്ക. ഇതിൽ ഒരു യുക്തിയുമില്ല. സുറിയാനിഭാഷ നമുക്ക് ലഭിച്ചത് വി. മാർത്തോമ്മാശ്ലീഹായിൽ നിന്നാണ്. ആ പേരിൽ ഒരു വിദേശ സൂചനയുമില്ല. അതിനെ ഇംഗ്ലീഷ് ശൈലിയിൽ സിറിയൻ എന്ന് ഭേദപ്പെടുത്തുമ്പോഴാണ് ആ പദത്തിന് ദേശസൂചനയുണ്ടാകുന്നത്. പേര് ഹ്രസ്വമാക്കണമെങ്കിൽ അത് മലങ്കര (ഇന്ത്യൻ) ഓർത്തഡോക്സ് സഭ എന്നാണ് ഉപയോഗിക്കേണ്ടത്.

74. സഭയിലെ വിദ്യാസമ്പന്നരെ അംഗങ്ങളാക്കി സ്ഥാപിച്ച സംഘടനയുടെ വാർഷിക സമ്മേളനം. ഈ സാമൂഹ്യ സമ്മേളനമാണ് സഭയുടെ പ്രവർത്തനരംഗങ്ങൾ നിർദ്ദേശിച്ചിരുന്നത്. ആ നിർദ്ദേശങ്ങൾ ക്രമപ്രകാരം മാനേജിംഗ് കമ്മിറ്റിയും അസോസ്യേഷനും കൂടി പ്രാവർത്തികമാക്കുന്നു. വൈദിക സമ്മേളനം രൂപീകരിക്കുന്ന കാര്യവും ചർച്ച ചെയ്തത് 1899-ലെ

സാമൂഹ്യസമ്മേളനമായിരുന്നു.

അഖില മലങ്കര വൈദികസംഘത്തിന്റെ രൂപീകരണം കഥാപുരുഷന്റെ വൻ നേട്ടമായിരുന്നു. സണ്ടേസ്കൂൾ, വിദ്യാർത്ഥിപ്രസ്ഥാനം, ദയറാ പ്രസ്ഥാനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ പ്രസ്ഥാനങ്ങളെപ്പോലെ ഈ പ്രസ്ഥാനവും അദ്ദേഹം ഭാവനാപൂർവ്വം പ്രാവർത്തികമാക്കി. പിൽക്കാലത്ത് ഇവയിൽ പല പ്രവർത്തനങ്ങൾക്കും പിൻഗാമികൾക്ക് താൽപര്യവും സമയവും ഇല്ലാതിരുന്നതിനാൽ അവയിൽ പലതുമെന്ന പോലെ വൈദികസംഘവും നിലച്ചുപോയി. പിൽക്കാലത്ത് സണ്ടേസ്കൂൾ, വിദ്യാർത്ഥി പ്രസ്ഥാനം, വൈദികസംഘം എന്നിവയുടെ സ്ഥാപകരായി മറ്റു ചില പിതാക്കന്മാരുടെ പേരുകൾ ആഘോഷപൂർവ്വം പ്രചരിപ്പിക്കപ്പെട്ടു. ഒരാളെ തമസ്കരിക്കാൻ ഏറ്റവും നല്ല മാർഗ്ഗം അദ്ദേഹം അർഹിക്കുന്ന സ്ഥാനങ്ങളിൽ അദ്ദേഹത്തിന് പകരം മറ്റു ചിലരെ പ്രതിഷ്ഠിക്കുകയാണല്ലോ. ശ്ഹീമ്മാ നമസ്കാരം, വലിയനോമ്പിലെ നമസ്കാരം, കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരം, മൂന്നുനോമ്പിലെ നമസ്കാരം എന്നിവ സുറിയാനിയിൽ നിന്ന് ഗദ്യത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച ക്രമങ്ങൾ 1940-കളിൽ പ്രത്യക്ഷപ്പെട്ട് സാർവത്രികമായി ഉപയോഗിക്കപ്പെട്ടതും നാലഞ്ച് പതിറ്റാണ്ടുകൾക്കുശേഷം അവ പദ്യവൽക്കരിച്ച് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വകുപ്പ് മുഖേന പ്രസിദ്ധീകരണം ആരംഭിച്ചപ്പോൾ വിവർത്തകൻ മൽപാൻ ഫാദർ എൻ. എ. യോഹന്നാന്റെ (പിൽക്കാലത്ത് കൊച്ചിയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ) പേരിന്റെ സ്ഥാനത്ത് മറ്റൊരു പേർ പ്രത്യക്ഷപ്പെട്ടതും നമ്മുടെ തലമുറയിൽ നാം കണ്ടുവരുന്നുണ്ടല്ലോ. അഖില മലങ്കരയോഗം കഥാപുരുഷൻ സംഘടിപ്പിച്ചു. ആ യോഗം 1900 മേടം 20-ന് ബുധനാഴ്ച കോട്ടയത്ത് എം.ഡി. സെമിനാരിയിൽ കൂടി എന്നും നമ്മുടെ വൈദികസംഘത്തിന്റെ ചരിത്രത്തിൽ ബന്ധപ്പെട്ടവർ എഴുതിചേർക്കുമെന്ന് വിശ്വസിക്കുന്നു. 1999 കഥാപുരുഷന്റെ ചരമ നവതിയോടനുബന്ധിച്ച് തൃശൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച സോവനീറിൽ ഈ കൽപന (പുറം 95) ഈ ലേഖകൻ പ്രസിദ്ധീകരിച്ചതോടെയാണ് ഈ തമസ്കരണ കഥ ലോകം അറിഞ്ഞത്.

75. പിറവത്ത് ഈ കൽപനയിൽ പരാമർശിക്കുന്ന സ്കൂൾ കഥാപുരുഷന്റെ പൗരോഹിത്യ സുവർണ്ണജൂബിലി പ്രമാണിച്ച് സ്ഥാപിക്കപ്പെട്ടതാണ്. പിന്നീട് ജൂബിലി സ്മാരകം പണിയുവാൻ സഭാതലത്തിൽ കടവിൽ മാർ അത്താനാസ്യോസ് അദ്ധ്യക്ഷനായും ചാത്തുരുത്തി മാർ ഗ്രീഗോറിയോസ് കൺവീനർ ആയും വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മൽപാൻ ട്രഷറർ ആയും ഒരു കമ്മിറ്റി പ്രവർത്തിച്ചു. ഫണ്ടുപിരിവ് വിജയകരമായി

പുരോഗമിക്കുന്നതിന്റെ ചിത്രം ഇടവകപത്രികയുടെ ലക്കങ്ങളിൽ കാണുന്നുണ്ട്. ജൂബിലി സ്മാരകങ്ങളെപ്പറ്റിയും നിരവധി നിർദ്ദേശങ്ങളും ഇടവകപത്രികയിൽ ചർച്ചാരൂപത്തിൽ പ്രസിദ്ധീകരിച്ചു. എങ്കിലും കഥാപുരുഷൻ കാലംചെയ്തതോടെ സ്മാരകനിർമ്മാണ ചർച്ചയും അതിന്റെ ഫണ്ടും അവിശ്വസനീയമാംവിധം അപ്രത്യക്ഷമായി.

76. അസോസ്യേഷൻ യോഗം (1901 മേടം 12-ലെ അസോസ്യേഷൻ).

77. ശമനം.

78. സഭയിലെ അതീവ പ്രാധാന്യമുള്ള മെത്രാൻ തെരഞ്ഞെടുപ്പ് തുടങ്ങിയ വിഷയങ്ങൾ തന്റെ വൈദികട്രസ്റ്റിയുടെ ഹൃദയവിചാരങ്ങൾ വിശ്വാസപൂർവ്വം ആരാഞ്ഞ് സഹപ്രവർത്തകന്റെ ആദരം നേടുന്ന മാതൃകായോഗ്യമായ മനസ്സിനെ ഈ കത്ത് പ്രതിഫലിപ്പിക്കുന്നു.

79. നിർദ്ദേശങ്ങളുടെ കൃത്യത ശ്രദ്ധിക്കുക.

80. നമ്മുടെ P.S., N.B. എന്നിവയ്ക്ക് പകരം ഉള്ള ശൈലി. തീയതി ചേർത്തിട്ടില്ല.

81. പരുമല പെരുനാളിനോട് ചേർന്ന് അഖില മലങ്കര വൈദിക സംഘത്തിന്റെ വാർഷികയോഗവും കൂടുവാൻ ക്രമീകരണം ഉണ്ടാക്കുന്നു.

82. മരിച്ചവരെ സ്ഥിരമായി ഓർക്കുന്ന ഒരു രജിസ്റ്റർ ആരംഭിക്കുന്നു.

83. പരുമല സെമിനാരി മാനേജർ. പിൽക്കാലത്ത് മൂന്നാം കാതോലിക്കാ. 'സ്പർഹായെ' പ്രസ്ഥാനം സഭാതലത്തിൽ പ്രചരിപ്പിക്കുവാനാണ് ഈ സർക്കുലർ ലക്ഷ്യമിടുന്നത്.

84. പിന്നീട് ഗീവറുഗീസ് മാർ യൂലിയോസ് കോനാട്ട്.

85. കോനാട്ട് മാത്തൻ മൽപാന് നൽകിയ ഈ സർട്ടിഫിക്കറ്റ് കൽപന ശ്രദ്ധേയമാകുന്നു. ആദരം അർഹിക്കുന്നവനെ കലവറ കൂടാതെ ആദരിക്കുന്ന ആർജ്ജവം ഇതിൽ അതീവ പ്രകടം. കോനാട്ട് കുടുംബത്തെപ്പറ്റി അദ്ദേഹം പ്രകീർത്തിക്കുന്ന കാര്യങ്ങൾ അക്ഷരാർത്ഥത്തിൽത്തന്നെ പരമാർത്ഥങ്ങൾ ആണ്. ഇന്നത്തെ കോറെപ്പിസ്കോപ്പാ, വലിയപള്ളി, കത്തീഡ്രൽ തുടങ്ങിയവ പ്രഖ്യാപിച്ചുകൊണ്ട് നൽകുന്ന സർട്ടിഫിക്കറ്റുകളോട് ഈ സർട്ടിഫിക്കറ്റിനെ താരതമ്യം ചെയ്യുന്നത് കൊള്ളാം. ഈയിടെ വലിയപള്ളിയായി പ്രഖ്യാപിക്കപ്പെട്ട ഒരു ദേവാലയത്തിന് ഒരു നൂറ്റാണ്ടിലേറെ പഴക്കമില്ല. ആ ഭദ്രാസനത്തിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള അഞ്ചു പള്ളികൾ വേറെയുണ്ട്. പരസ്യമായി മദ്യപാനിയെന്ന് കുപ്രസിദ്ധി നേടിയ ഒരു വൈദികൻ കോറെപ്പിസ്കോപ്പാ ആയി ഉയർത്തപ്പെ

ട്ടതും ആരാധനകളിൽ വൈദികർക്ക് നേതൃത്വം നൽകുവാൻ ഒട്ടും ത്രാണിയില്ലാത്ത രണ്ടു പേരെ കോറെപ്പിസ്കോപ്പന്മാരായി അവരോധിച്ചതും ഒക്കെ ജനഹിതത്തെ മാനിച്ചാണെന്ന് പറയപ്പെടുന്നു. എന്നാൽ ഇവിടെ ആർക്കും ബോധ്യപ്പെടാവുന്ന അർഹതകൾ എണ്ണിയെണ്ണിപ്പറഞ്ഞ് ഒരാൾക്കു ബഹുമതിപത്രം നൽകുന്നു. ചിന്തോദ്ദീപകമാണ് ഈ നടപടി, ശ്ലാഘനീയവും.

86 റോയൽക്കോടതിയിൽ അന്തിമവിജയം നേടിയിട്ടും അദ്ദേഹത്തിന് വിശ്രമമില്ല. 1905-ൽ ആർത്താറ്റ് പള്ളിയുടെ വ്യവഹാരം വിജയിക്കുന്നതുവരെയും അദ്ദേഹം വ്യവഹാരച്ചുഴിയിൽ ആയിരുന്നു. അതിനിടയിലാണ് സൃഷ്ടിപരമായ അനേകം കർമ്മപദ്ധതികൾകൊണ്ട് മലങ്കരസഭയെ സുവർണ്ണയുഗത്തിലേക്ക് നയിച്ചത്.

86. കോട്ടയം, അങ്കമാലി ഇടവകകളുടെ കടവിൽ മാർ അത്താനാസ്യോസ് രോഗബാധിതനാകുകയാൽ മലങ്കര മെത്രാൻ എന്ന നിലയിൽ കഥാപുരുഷൻ അങ്കമാലി മെത്രാസനത്തിലെ പള്ളികളുടെ ഭരണം നിർവഹിക്കുന്നു. കത്തിൽ പറയുന്ന ആർത്താറ്റ് പള്ളിയുടെ വ്യവഹാരം പൂർത്തിയാവുകയും 1905-ൽ കഥാപുരുഷന് അനുകൂലമായി കൊച്ചി റോയൽ ക്കോടതിയുടെ അന്തിമവിധി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

87. അമ്പാട്ട് ഗീവറുഗീസ് മാർ കൂറിലോസ്.

88. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്.

89. വടക്കൻ ദിക്കിൽ ഒരു ഇംഗ്ലീഷ് വിദ്യാഭ്യാസകേന്ദ്രവും വൈദിക സെമിനാരിയും എന്ന നിലയിൽ ആണ് ആലുവാ തൃക്കുന്നത്തു സെമിനാരി നിർമ്മിക്കപ്പെട്ടത്. അതിന്റെ നിർമ്മാണത്തിന് അങ്കമാലി ഭദ്രാസനം ഏറെ ക്ലേശിച്ചിട്ടുണ്ടെങ്കിലും മലങ്കരമെത്രാന്റെ ഈ കൽപനപ്രകാരം മലങ്കരസഭ മുഴുവൻ അതിൽ സഹകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്. തൃക്കുന്നത്തു സെമിനാരിയുടെ സ്ഥാപനോദ്ദേശ്യം ഇതുവരെ നിറവേറിയിട്ടില്ല. അവിടത്തെ പലവിധ കുഴപ്പങ്ങൾക്കും അതു കാരണമായിട്ടുണ്ടാകും. ഒരു മെത്രാസനകേന്ദ്രം മാത്രമാവാനായിട്ടല്ലല്ലോ അത് നിർമ്മിക്കപ്പെട്ടത്. ആലുവായുടെ വികസന സാധ്യത കഥാപുരുഷൻ മുൻകൂട്ടി കണ്ടിരുന്നു.

90. സി. ജെ. കുരിയൻ ആണ് ഈ കത്തിലെ കുഞ്ഞൂഞ്ഞ്; കേസ് ആർത്താറ്റ് പള്ളിക്കേസും, നവീകരണക്കാരുടെ ഭാഗത്തുനിന്ന് കേസിൽ ഹാജരാക്കിയ വ്യാജപ്രമാണങ്ങളെപ്പറ്റി കഥാപുരുഷൻ വ്യക്തമാക്കുന്നു. സാധനം എന്നു പറയുന്നത് മെത്രാന്മാരുടെ 'കൽപന'യെ ആണ്.

91. വാഴ്വ്. വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാച്ചനുള്ള ഈ കൽപനയിൽ സഭയിലെ ഒരു പള്ളിയിലെ തർക്കങ്ങൾ കഥാപുരുഷനെ എത്രമാത്രം

വ്യാകുലപ്പെടുത്തുന്നു എന്ന് ശ്രദ്ധിക്കുക. അത് തീർക്കാൻ തന്റെ വൃദ്ധതയും രോഗവും മൂലം സാധിക്കാതെ വരുന്നതിനാൽ പ്രാപ്തനായ റമ്പാച്ചനെ തന്റെ നിർദ്ദേശങ്ങൾ സഹിതം അവിടേക്ക് നിയോഗിക്കുന്നു. പള്ളിപ്രശ്നങ്ങൾ വർഷങ്ങളായി തുടർന്നിട്ടും അവയെപ്പറ്റി ഒരു മനോഭാരവും ഇല്ലാതെ ഉല്ലാസപ്രിയരായി കഴിയുന്ന നമ്മുടെ പിതാക്കന്മാർ കഥാപുരുഷനെ മാതൃകയാക്കേണ്ടതല്ലേ?

92. 1905-ൽ ആർത്താറ്റ് പള്ളിക്കേസിൽ അനുകൂല വിധിയുണ്ടായ ശേഷം അവിടത്തെ പള്ളിക്കാര്യങ്ങൾ ക്രമീകരിക്കുവാൻ കുന്നംകുളത്ത് താമസിക്കുന്ന കഥാപുരുഷൻ തന്റെ അസൗകര്യവും രോഗവും മൂലം കണ്ണങ്കോട് പള്ളിപ്രശ്നം പരിഹരിക്കപ്പെടാതെ പോകരുത് എന്ന് നിർബന്ധമായി ആഗ്രഹിക്കുന്നു.

93. അന്ത്യോഖ്യയുടെ അബ്ദുള്ളാ പാത്രിയർക്കീസ്.

94. കുന്നംകുളം പനയ്ക്കൽ പാത്തപ്പൻ; ഇയ്യാക്കു പനയ്ക്കൽ മാത്തുവിന്റെ പുത്രൻ.

95. പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ്.

96. തൃപ്പൂണിത്തുറ നടമേൽപള്ളി.

97. തൃക്കുന്നത്ത് സെമിനാരി വൈദിക സെമിനാരിയായും ഇംഗ്ലീഷ് വിദ്യാലയമായും പ്രവർത്തനം ആരംഭിക്കുന്നു. കൊച്ചു പൗലൂസ് റമ്പാൻ (കുറ്റിക്കാട്ടിൽ പൗലൂസ് അത്താനാസ്യോസ്), കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ, സീനിയർ റമ്പാൻ ആയതിനാലാണ് അതേപേരുള്ള ഇദ്ദേഹത്തെ കൊച്ചു പൗലൂസ് റമ്പാച്ചൻ എന്ന് വിശേഷിപ്പിച്ചത്.

98. സുവിശേഷ പ്രചാരണത്തിന് പുതിയ മിഷനറി സംഘം.

99. മിഷനറി പ്രവർത്തനത്തിന് കഥാപുരുഷൻ തിരക്കേറിയ ജീവിതത്തിലും വലിയ പ്രാധാന്യം നൽകി. കുന്നംകുളത്ത് പഴഞ്ഞിയിലും 'യാക്കോബായ സഭാ അഭിവർദ്ധിനീ സംഘം' എന്ന പേരിൽ മിഷനറി സംഘം രൂപീകരിച്ച് അതിന്റെ നിയന്ത്രണത്തിൽ വിദ്യാലയങ്ങൾ, സണ്ടേസ്കൂളുകൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ നടത്തിയിരുന്നതായി അറിയാം. കോതമംഗലം ചെറിയപള്ളിയിൽ ആ മേഖലയിലെ ഇടവകകൾ എല്ലാം സമ്മേളിച്ച് 'മതപ്രചാരണസംഘം' എന്ന പേരിൽ ഒരു മിഷനറി സംഘം സ്ഥാപിച്ചതിനെ ശ്ലാഘിച്ചും സഞ്ചാരസുവിശേഷകരായി ഇതിന്റെ പ്രവർത്തകർ വരുമ്പോൾ സഭ അവരെ സന്തോഷപൂർവ്വം സ്വീകരിക്കണമെന്നും ആവശ്യമായ സഹായങ്ങൾ ചെയ്യണമെന്നും നിർബന്ധമായി ആവശ്യപ്പെടുന്ന ഇടയബോധം ഈ സർക്കു

ലർ പ്രതിഫലിപ്പിക്കുന്നു.

100. കുന്നംകുളം മുതൽ തിരുവനന്തപുരം വരെയുള്ള സ്ഥലങ്ങളിലെ യോഗ്യന്മാരെ സഭയോടു ചേർത്തുനിർത്തുകയും അവരുടെ സഹകരണത്തോടെ അതത് സ്ഥലങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യിക്കുകയും അതിലേക്ക് സഭ മുഴുവന്റെയും സഹകരണം ഉറപ്പാക്കുകയും ചെയ്യുന്ന ഈദൃശ നടപടികൾ അനുകരണീയവും മാതൃകാപരവുമാണെങ്കിലും അത് പിൽക്കാലത്ത് ആരെങ്കിലും അനുകരിച്ചതായി അറിവില്ല. അത്മായ പ്രമുഖരെ സഭാപ്രവർത്തനങ്ങളിൽ വിമുഖരാക്കുന്ന നടപടികളാണ് പലരിൽ നിന്നും ഉണ്ടായിട്ടുള്ളത്. ഫലമോ! ഇടവക പ്രവർത്തനങ്ങൾക്ക് മൂന്നാംകിടക്കാരെ മാത്രമേ ലഭിക്കുന്നുള്ളു.

101. പുതിയനിയമ വേദപുസ്തകം സുറിയാനിയിൽനിന്ന് കോനാട്ട് മാത്തൻ മൽപാൻ വിവർത്തനം ചെയ്തത് പ്രസിദ്ധീകരിക്കുവാൻ ഒട്ടും വൈകരുതെന്ന് മൽപാനെ ധൈര്യപ്പെടുത്തുന്ന ഈ സർക്കുലർ ഉദ്ദേശം പത്തു വർഷങ്ങളായി ഇഴഞ്ഞുനീങ്ങുന്ന നമ്മുടെ വേദപുസ്തക പ്രസാധന സംരംഭവുമായി തട്ടിച്ചുനോക്കുന്നത് കൊള്ളാം. അച്ചടിക്കുന്ന പുസ്തകങ്ങൾ തന്റെ പള്ളി സന്ദർശനവേളകളിൽ കൂടെ കൊണ്ടുപോകുകയും ഇടവകകളിൽ അവയെ പരിചയപ്പെടുത്തുകയും അവ വിൽക്കുകയും അതിന്റെ വില മൽപാന് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന അധ്വാനം അനുകരിക്കുവാൻ മലങ്കരസഭയിൽ എത്ര പിതാക്കന്മാർക്ക് കഴിയും?

102. മലങ്കരസഭയ്ക്ക് മപ്രിയാനായെ വാഴിച്ചുതരണമെന്നുള്ള ആവശ്യമാകാം ഉദ്ദേശിക്കുന്നത്.

103. തൊഴിയൂരിന്റെ ആലത്തൂർ പനയ്ക്കൽ യൗസേഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ. അദ്ദേഹം കുന്നംകുളത്തുവച്ച് കഥാപുരുഷനെ സന്ദർശിച്ച് സഭായോജിപ്പിന് ശ്രമിച്ചു. കഥാപുരുഷനെ തൊഴിയൂരിലേക്ക് ക്ഷണിച്ചു. ചർച്ചചെയ്ത കാര്യങ്ങൾ പൂർത്തീകരിക്കുന്നതുവരെയും കാത്തിരിക്കുവാൻ കഥാപുരുഷൻ അദ്ദേഹത്തെ ഉപദേശിച്ചു. എന്നാൽ ഇതുവരെയും ആ വഴിക്കുള്ള ചർച്ചകൾ പുരോഗമിക്കുവാൻ ഇടയായിട്ടില്ല. തൊഴിയൂർ സഭയിലെ വൈദിക വിദ്യാർത്ഥികളെ നമ്മുടെ വൈദികസെമിനാരിയിൽ പ്രവേശനം നൽകി സഭാബന്ധം വളർത്തിയെടുക്കുവാൻ അവസരം ഉണ്ടായെങ്കിലും നാം അത് പ്രയോജനപ്പെടുത്തിയില്ല. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ കാലത്ത് ആ സഭയിലെ ശെമ്മാശന്മാർക്ക് നമ്മുടെ സെമിനാരിയിൽ പ്രവേശനം അനുവദിച്ചിരുന്നു. എന്നാൽ ഈ എക്യുമെനിക്കൽ യുഗത്തിൽ സെമിനാരിയിലേക്ക് പ്രവേശനത്തിന് അപേക്ഷ നൽകിയ ശെമ്മാശനെ (ഇന്ന് ആ അപേക്ഷകൻ ആ സഭയിലെ വലിയ മെത്രാപ്പോലീത്താ യൗസേഫ് മാർ കൂറിലോസ്) നാം

സ്വീകരിച്ചില്ല. സഭാദ്ധ്യക്ഷന്മാർക്ക് കാലാകാലങ്ങളിൽ കാഴ്ചപ്പാടുകളിൽ വന്ന അന്തരത്തെപ്പറ്റി വിസ്മയിക്കുകയും ദുഃഖിക്കുകയും അല്ലാതെ എന്തു ചെയ്യാം.

104. പൊതുയോഗം കൂടുന്നത് നാലു കൊല്ലത്തിലൊരിക്കൽ. അതിൽ പന്ത്രണ്ട് പേരെ കൈക്കാരന്മാരായി തെരഞ്ഞെടുക്കും. അതിൽനിന്ന് നറുക്കിട്ട് മൂന്നുപേരെ ഓരോ കൊല്ലത്തേക്ക് കൈക്കാരന്മാരായി നിശ്ചയിച്ചു. ഈ പന്ത്രണ്ട് പേരുടെ കൈക്കാരൻ സമിതി ഇടവകയുടെ കമ്മിറ്റിയായി നാലു കൊല്ലം പ്രവർത്തിക്കും. ഈ ശൈലിയാണ് കഥാപുരുഷൻ ആവിഷ്കരിച്ചിരുന്നത്.

105. തിരുവനന്തപുരം പള്ളിപോലെ തൃശൂരിലെ പള്ളിയും പൊതുവിന്റെ സഹായത്തോടെ പണിയപ്പെട്ടതാണ്. അതിൽ ആയിരം രൂപ കുന്നംകുളത്തുകാർ നൽകണമെന്നാണ് കൽപനയിൽ കാണിച്ചത്. 500 രൂപ പള്ളിക്കാര്യത്തിൽ നിന്നും നൽകി. ശേഷം തുക ആളുകളിൽ നിന്ന് പിരിച്ചെടുത്തു. 1909–ൽ അബ്ദുള്ളാ ബാവാ പള്ളിയ്ക്ക് കല്ലിട്ടപ്പോൾ കഥാപുരുഷൻ ജീവിച്ചിരിപ്പില്ല. എന്നിരുന്നാലും അദ്ദേഹം തൃശൂർ പള്ളിയുടെ സ്ഥാപകനായി ആദരിക്കപ്പെടേണ്ടതാണ്.

106. ഈ സർക്കുലർ നാനാപ്രകാരേണയും സവിശേഷ പരാമർശം അർഹിക്കുന്നു. സഭയുടെ വിശ്വാസം പ്രചരിപ്പിക്കുവാൻ സുറിയാനി സുവിശേഷകൻ എന്ന മാസികയെ വിജയിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് ആദ്യഭാഗത്ത്. സണ്ടേസ്കൂൾ സഭാതലത്തിൽ സ്ഥാപിക്കപ്പെടുന്ന വിഷയമാണ് മറ്റൊന്ന്. താൻ നിയോഗിക്കുന്ന സഞ്ചാര മിഷനറിമാർ മുഖേന എല്ലാ ഇടവകകളിലും സണ്ടേസ്കൂൾ ആരംഭിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. സണ്ടേസ്കൂളുകൾക്കുള്ള പാഠ്യപദ്ധതി സുവിശേഷസംഘം തയാറാക്കി 'സുറിയാനി സുവിശേഷകൻ' മാസികയിലൂടെ പ്രസിദ്ധപ്പെടുത്തിയിരുന്നു. എല്ലാ പള്ളികളിലും സണ്ടേസ്കൂൾ ആരംഭിക്കുവാൻ അദ്ദേഹം പട്ടക്കാരെ ഉദ്ബോധിപ്പിക്കുന്നു. മലങ്കരയിൽ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് കഥാപുരുഷനാണ്. ഈ സ്ഥാനത്ത് മറ്റൊരാളെ പ്രതിഷ്ഠിക്കുവാൻ ചിലർ നടത്തുന്ന ഹീനശ്രമം ചരിത്രം പൊറുക്കുകയില്ല.

107. വൈദിക വിദ്യാഭ്യാസ കാര്യത്തിൽ കഥാപുരുഷൻ കാണിക്കുന്ന ജാഗ്രത ശ്രദ്ധേയമാണ്. കോട്ടയം സെമിനാരിയിലെ അദ്ധ്യയനംപോലെ പരുമല സെമിനാരിയിലും പാമ്പാക്കുട സെമിനാരിയിലും നടക്കുന്ന വൈദികാദ്ധ്യയനത്തെ അദ്ദേഹം അംഗീകരിക്കുന്നു. ന്യായമായ പ്രാദേശിക താൽപര്യങ്ങളെ ഔദാര്യപൂർവ്വം അനുവദിക്കുന്ന നേതൃത്വഗുണം ഇവിടെ പ്രകടം. നിയമങ്ങൾ മനുഷ്യർക്കുവേണ്ടിയാണെന്ന ബാലപാഠം

കഥാപുരുഷൻ നന്നായി ഗ്രഹിച്ചിരിക്കുന്നു. കുങ്കുമത്തിന്റെ ഗന്ധമറിയാതെ കുങ്കുമം ചുമക്കുന്നതുപോലെയുള്ള ഗർദ്ദഭങ്ങൾ വൈദികരിൽ ഉണ്ടാകാതെയിരിക്കാൻ ഫലപ്രദമായ വൈദിക വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ ഇപ്പോഴും ജാഗ്രത ആവശ്യം. ചിന്തിക്കുകയും ഗവേഷണചിന്ത വളർത്തിയെടുക്കുകയും വിമർശനാത്മക സമീപനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമീപനങ്ങൾ നമ്മുടെ വൈദികരിൽ അപ്രത്യക്ഷമാകുന്നത് സെമിനാരി വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയിലേക്ക് വിരൽ ചൂണ്ടുന്നുവോ എന്ന ആത്മപരിശോധന ബന്ധപ്പെട്ട ഏവരും നടത്തേണ്ടതല്ലേ?

108. ശ്ഹീമ്മാ നമസ്കാരം.

109. ആത്മപരിശോധനയുടെ ശബ്ദം. പ്രസ്ഥാനങ്ങൾ ഉണ്ടായതുകൊണ്ട് മാത്രം കാര്യമില്ല. അവയെ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിലാണ് കാര്യം. ഈ കാര്യത്തിൽ സഭ ഇന്നും 'തിരുനക്കര തന്നെ' നിൽക്കുകയാണ്.

110. ബഥനിയുടെ മാർ ഈവാനിയോസിനെപ്പറ്റി സഭയ്ക്ക് വലിയ പ്രതീക്ഷകൾ ആണ് ഉണ്ടായിരുന്നത്. എന്നാൽ അദ്ദേഹത്തെ പ്രയോജനപ്പെടുത്തുവാൻ പിൽക്കാല സഭാനേതൃത്വം പരാജയപ്പെട്ടു എന്നതാണ് സത്യം. കഥാപുരുഷന്റെ പ്രേരണയിലാണ് അദ്ദേഹം വൈദികരംഗത്ത് വന്നത്.

111. ജീവിതത്തിന്റെ അന്ത്യദശയിലെത്തിയപ്പോൾ കഥാപുരുഷൻ സഭയുടെ ഭാവിയെപ്പറ്റി പുലർത്തുന്ന കുലീനമായ ഉത്ക്കണ്ഠകൾ ചിന്തോദ്ദീപകമായിരിക്കുന്നു.

112. സഭയുടെ ആരാധനക്രമങ്ങൾ ഇടവകകളിൽ നിർബന്ധമായും ഉപയോഗിച്ചിരിക്കണമെന്നുള്ള നിർബന്ധം കഥാപുരുഷൻ കാണിച്ചിട്ടുള്ളത് പിൻഗാമികളെ ആവേശം കൊള്ളിക്കേണ്ടതല്ലേ? നോമ്പുകളിൽ (മൂന്നു നോമ്പിലും വലിയ നോമ്പിലും കഷ്ടാനുഭവ ആഴ്ചയ്ക്കും പ്രത്യേക നമസ്കാരക്രമങ്ങൾ ഉണ്ടെന്നും അവ ഉപയോഗിക്കുവാൻ പരിശീലനം നേടേണ്ടതുണ്ടെന്നും അറിയുന്നവരുടെ എണ്ണം ഇടവകകളിൽ അംഗുലീപരിമിതമായിരിക്കുന്നതിൽ ആർക്കാണ് ഉത്തരവാദിത്തം?)

113. പത്രോസ് തൃതീയൻ ബാവാ (1876-ൽ മലങ്കരയിലെത്തി; 1877-ൽ തിരിച്ചുപോയി).

114. 1906-ൽ സ്ഥാപിതമായ സുവിശേഷസംഘം ക്രിയാത്മകമായി പ്രവർത്തിച്ചതിലുള്ള സ്ഥാപകന്റെ സംതൃപ്തി. തുമ്പമൺ ഭദ്രാസനത്തിൽ ഈ സംഘം ഇപ്പോഴും പ്രവർത്തിക്കുന്നതായി അറിയാം. ഈ

സംഘത്തിൽ നിന്ന് ലഭിച്ച പ്രചോദനം ആണ് സ്ലീബാദാസ സമൂഹം, ബഥനി ആശ്രമസ്ഥാപനം, പൗരസ്ത്യ സുവിശേഷ സമാജം തുടങ്ങിയ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് കാരണം. സംഘത്തിന്റെ ഖജാൻജി കൈപ്പട്ടൂർ ഇടവകയിൽ തേരകത്ത് കൊച്ചുകോശി. 1873-ലെ പരുമല സമ്മേളനത്തിൽ വച്ച് ഇദ്ദേഹം മാനേജിംഗ് കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

115. ഒരു കൽപന എഴുതി ഒരു പ്രസ്ഥാനം ആരംഭിച്ച് കൈയും കെട്ടി ഇരിക്കുന്ന നയം കഥാപുരുഷനില്ല. താൻ ആരംഭിച്ച പ്രസ്ഥാനങ്ങളെ വിമർശനാത്മകമായി വിലയിരുത്തി തിരുത്തേണ്ടവരെ തിരുത്തുവാനും പ്രോത്സാഹിപ്പിക്കേണ്ടുന്നവരെ പ്രോത്സാഹിപ്പിക്കുവാനും അദ്ദേഹം ജാഗ്രത പുലർത്തുന്നു. സുവിശേഷവേലയും മിഷൻ പ്രവർത്തനവും ആണ് തന്റെ ജീവിതത്തിന്റെ പരമോദ്ദേശ്യമെന്ന് പ്രഖ്യാപിക്കുന്ന വലിയ ഇടയൻ!! ആ നിലയിൽ അദ്ദേഹം സഭയിൽ ഇനിയും മനസ്സിലാക്കപ്പെട്ടിട്ടില്ല.

116. രക്ഷയും ശിക്ഷയും വളർച്ചയുടെ അനിവാര്യ ഘടകങ്ങൾ ആണ്. അധാർമ്മികതയെ വച്ചുപൊറുപ്പിക്കുന്നത് വളർച്ചയല്ല. വിശപ്പില്ലായ്മ രോഗമാണ്. അത് ചികിത്സിക്കപ്പെടണം. ഇന്നത്തെ ഇടവകകളിലെ അഭക്തിയും മറ്റും താരതമ്യപ്പെടുത്തിയാൽ ഈ സഭ തളരുകയാണെന്ന് നിസ്സംശയം പറയേണ്ടി വരുമെന്ന് തോന്നുന്നു.

117. ഗ്രാമീണ ബാങ്കിംഗ് സമ്പ്രദായം (ഹുണ്ടിക).

118. പട്ടക്കാരെ അനുമോദിക്കുവാൻ മാത്രമല്ല ശാസിക്കുവാനും ശിക്ഷിക്കുവാനും കഥാപുരുഷൻ ശ്രദ്ധിക്കുന്നു. അച്ചടക്ക പരിപാലനത്തിന് അത് അത്യാവശ്യം. മുഴുക്കുടിയനായ ഒരു വൈദികന് കോറെപ്പിസ്കോപ്പാ സ്ഥാനം നൽകിയ ഒരു മേൽപട്ടക്കാരനെ ഇത്തരുണത്തിൽ ഓർത്തുപോകുന്നു.

119. ഇതിൽ പരാമർശിക്കുന്ന എറമ്പാൻ വട്ടശ്ശേരിൽ റമ്പാച്ചനാണ്. മെത്രാൻ തെരഞ്ഞെടുപ്പിന് മുമ്പ് വൈദികട്രസ്റ്റിയോട് അക്കാര്യം ചർച്ച ചെയ്യുന്ന വലിയ മനസ്സ് ഇവിടെ കാണാം. ആത്മസുഹൃത്താണ് മൽപാൻ എങ്കിലും ആവശ്യമെങ്കിൽ മൽപാനെ ഉപദേശിക്കുവാനും തിരുത്തുവാനുമുള്ള മേലധികാരം കഥാപുരുഷൻ ഗൗരവപൂർവ്വം, നയപരമായി ഉപയോഗിക്കുന്നതും ഈ കത്തിൽ കാണാം.

120. പിന്നീട് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ.

121. സ്ലീബാദാസ സമൂഹത്തിന്റെ സ്ഥാപകനായിത്തീർന്ന പത്രോസ് ഒസ്താത്തിയോസ് മെത്രാപ്പോലീത്തായെ കഥാപുരുഷൻ 'കണ്ടെത്തി'

നിരീക്ഷണം ചെയ്ത് വിലയിരുത്തി സഭയ്ക്കായി ആവശ്യപ്പെടുന്ന ദീർഘ വീക്ഷണം പ്രശംസനീയം. ഇടവകകൾ സന്ദർശിക്കുമ്പോൾ വൈദിക വൃത്തിക്ക് കൊള്ളാവുന്നവരെ കണ്ടെത്തുന്നവർ ആ മഹാ ഇടയൻ മറ്റ് അനവധി ജോലികൾക്കിടയിലും ജാഗ്രത പുലർത്തിയിരുന്നു. കഥാപുരുഷന്റെ ഉന്നം തെറ്റിയില്ല. പത്രോസ് കഥാപുരുഷന്റെ മിഷനറിവേലയെ പുഷ്ടിപ്പെടുത്തി. എം. എ. അച്ചൻ മറ്റൊരു ഉദാഹരണം.

122. 1902-ൽ പരുമല മാർ ഗ്രീഗോറിയോസിന്റെ 30-ാം അടിയന്തിരത്തിന് മെത്രാൻ സ്ഥാനാർത്ഥികളെ തെരഞ്ഞെടുത്തിരുന്നു. പാത്രിയർക്കീസിന്റെ അനുവാദത്തോടെ അവരെ ഇവിടെ വച്ച് വാഴിക്കുവാൻ ഉപദ്ദേശിച്ചിരുന്നതായി 'ഇടവകപത്രിക' വെളിപ്പെടുത്തുന്നു. സ്ലീബാ ശെമ്മാശന്റെ ഇടപെടലും സ്ഥാനാർത്ഥിയുടെ നിർബന്ധവും മൂലം പട്ടംകൊട വിദേശത്ത് വെച്ച് നടത്തേണ്ടി വന്നു. അൽവാറീസിനെയും റിനിവിലാത്തിയെയും വാഴിച്ച കീഴ്വഴക്കം ഇതോടെ അട്ടിമറിക്കപ്പെട്ടു.

123. ആത്മീയ മേലദ്ധ്യക്ഷൻ സാമൂഹിക സാമ്പത്തിക സാംസ്കാരിക മേഖലകളിലും തന്റെ പ്രവർത്തനങ്ങൾക്ക് ഇടം കണ്ടെത്തും.

124. മലങ്കരസഭാചരിത്രത്തിൽ ഇതിനു മുമ്പ് ആരെങ്കിലും ഇപ്രകാരം അന്ത്യകൽപന എഴുതിയതായി അറിവില്ല. പിൽക്കാലത്ത് ഇതൊരു കീഴ്വഴക്കമായി മാറി.

ഈ കൽപനയുടെ ഉള്ളടക്കം വിസ്മയിപ്പിക്കുന്നു.

ആദ്യഭാഗം സ്വന്തം ജീവചരിത്രം ആകുന്നു. 1865 മേടമാസം 18-ന് മലങ്കരമെത്രാപ്പോലീത്താ ആയി അദ്ദേഹത്തെ അഭിഷേകം ചെയ്തു (ഈ പരാമർശത്തിൽ നിന്ന് വ്യത്യസ്തമായി പാലക്കുന്നത്ത് മെത്രാച്ചനെ, 1876-ൽ പാത്രിയർക്കീസ് ബാവായുടെ അഭ്യർത്ഥനപ്രകാരം മഹാരാജാവ് വിളംബരത്തിന്റെ ആനുകൂല്യങ്ങളിൽനിന്ന് അന്യരാക്കിയശേഷമാണ് പുലിക്കോട്ടിൽ മെത്രാച്ചൻ മലങ്കര മെത്രാനായതെന്ന് തെറ്റിദ്ധരിപ്പിക്കും വിധം സെമിനാരിയിലെ നാലുകെട്ടിൽ സ്ഥാപിച്ച ഫോട്ടോകളിൽ കാണുന്നത് തിരുത്തപ്പെടേണ്ടതല്ലേ?).

രണ്ടാം ഭാഗം തന്റെ ആടുകൾ സത്യവിശ്വാസത്തിൽ ദൃഢപ്പെട്ടിരിക്കണമെന്ന അന്ത്യകൽപനയാണ്. മൂന്നാം ഭാഗം വിഷാദകഥയാണ്. സ്വന്തം ജീവിതകാലത്ത് ആദ്യം തൊഴിയൂർക്കാരും പിന്നീട് നവീകരണക്കാരും സഭയ്ക്ക് നഷ്ടപ്പെട്ടു. അവരെ വീണ്ടെടുക്കാനുള്ള ശ്രമം വിജയിച്ചില്ല. ആ ജോലി പിൻഗാമിയെ വിശ്വാസപൂർവ്വം ഭരമേൽപിക്കുന്നു (പിൻഗാമി ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്തതായി അറിവില്ല. അദ്ദേഹം മറ്റൊരു വ്യവഹാരച്ചുഴിയിൽ ജീവിതകാലം മുഴുവൻ അലയു

വാനാണ് വിധിക്കപ്പെട്ടത്. പിൽക്കാലത്തുള്ളവരും ഈ മുൻഗാമിയുടെ അന്ത്യകൽപനയെ ഗൗരവത്തിൽ എടുത്തതായി കാണുന്നില്ല.).

അന്ത്യഭാഗത്ത് സഭയുടെ പ്രാർത്ഥനയ്ക്കായി അഭ്യർത്ഥിക്കുകയും സഭയെ അനുഗ്രഹിക്കുകയും ചെയ്യുന്നു. ഈ അന്ത്യകൽപന പ്രത്യക്ഷരം പഠനം അർഹിക്കുന്നു.

125. ഈ കൽപ്പനയ്ക്ക് സഭാചരിത്രത്തിൽ സവിശേഷ പ്രാധാന്യമുണ്ട്. പാലക്കുന്നത്ത് മെത്രാച്ചന് അനുകൂലമായി ലഭിച്ച രാജകീയ വിളംബരത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹത്തിനെതിരായ വാദമുഖങ്ങൾ കോടതികളിൽപോലും ഉന്നയിക്കാൻ ആവാത്ത ഒരു കാലം; മലങ്കരയെ രക്ഷിക്കാൻ അയയ്ക്കപ്പെട്ട യൂയാക്കിം മാർ കൂറിലോസ് അന്തരീക്ഷത്തിന്റെ സ്വഭാവം മനസ്സിലാക്കി നിസ്സംഗത സ്വീകരിച്ച കാലം, പുതിയ മെത്രാനായി സ്ഥാനമേറ്റുവന്ന പുലിക്കോട്ടിൽ മെത്രാച്ചനെ മാർ കൂറിലോസ് സ്വാഗതം ചെയ്യാതിരുന്ന കാലം, പുലിക്കോട്ടിൽ മെത്രാച്ചൻ രാജസന്നിധിയിലും ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ മുമ്പിലും ഹാജരാക്കിയ നിവേദനങ്ങൾക്ക് നീതിപൂർവ്വമായ പരിഗണന കിട്ടാത്ത കാലം. ഈ പശ്ചാത്തലത്തിൽ 'നാലു കാലും ചുടുചാരത്തിൽ വീണ് പൊള്ളിയ' നാൽക്കാലിയുടെ അവസ്ഥയിലായിരുന്നു കഥാപുരുഷൻ. ഒരു അവസാന പരിശ്രമം എന്ന നിലയിൽ ദൈവത്തിലാശ്രയിച്ചുകൊണ്ട് ജനശക്തി സമാഹരിക്കുവാനും ഏകോപിപ്പിക്കുവാനും അദ്ദേഹം നിശ്ചയിച്ചു. ആ നിശ്ചയമാണ് 1873-ലെ പരുമല സമ്മേളനത്തിൽ യാഥാർത്ഥ്യമായി തീർന്നത്. പിൽക്കാല മലങ്കരസഭയുടെ ഭാഗ്യോദയത്തിന് ആ സമ്മേളനം ആദ്യകാരണമായി. ഈ സമ്മേളനത്തെപ്പറ്റി ഈ അടുത്തകാലം വരെയും ചരിത്രകാരന്മാർ അജ്ഞരായിരുന്നു. എം. പി. വർക്കി 1902-ൽ 'മാർ ദീവന്നാസ്യോസ്' എന്ന ജീവചരിത്രഗ്രന്ഥത്തിൽ ഈ സമ്മേളനത്തെപ്പറ്റി പരാമർശിച്ചു എങ്കിലും അതിനുശേഷം സഭാചരിത്രം എഴുതിയ ഇ. എം. ഫിലിപ്പോ, പാറേട്ടോ, ഫാ. വി. സി. ശാമുവേൽ തുടങ്ങിയ ഒരാളും വേണ്ടത്ര ഗൗരവത്തോടെ ഈ സമ്മേളനത്തെ എടുത്തില്ല. 2008-ൽ ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത് പ്രസിദ്ധീകരിച്ച *കണ്ടനാട് ഗ്രന്ഥവരി* പുറത്തുവന്നതോടെ ഈ സമ്മേളനത്തിന് ഒരു പക്ഷേ മുളന്തുരുത്തി സുന്നഹദോസിനേക്കാൾ പ്രാധാന്യമുണ്ട് എന്ന സത്യം അംഗീകരിക്കപ്പെട്ടു. ആ സമ്മേളനം വിളിച്ചു കൂട്ടുന്ന ഈ കൽപനയും കണ്ടനാട് ഗ്രന്ഥവരിയിലാണുള്ളത്.

126. തന്നെ നിരന്തരം ക്രൂശിക്കാൻ ശ്രമിക്കുന്ന യൂയാക്കിം മാർ കൂറിലോസിനെ സമ്മേളനത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തേക്ക് ക്ഷണിക്കുന്നതിൽ കഥാപുരുഷന്റെ പ്രതിപക്ഷ ബഹുമാനവും തന്ത്രജ്ഞതയും വിശാ

ലഹൃദയവും അനുരഞ്ജന ദാഹവും പ്രകടമാകുന്നു.

127. സമ്മേളനത്തിന് രണ്ടാണ് ലക്ഷ്യങ്ങൾ.

1. നവീകരണക്കാർ മൂലമുണ്ടായ ഛിദ്രം ഒഴിവാക്കി സഭയുടെ ഐക്യം പുനഃസ്ഥാപിക്കൽ. 2. സഭയിലും ദേശത്തും വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

128. മെത്രാൻ എന്ന ഏകനായകത്വത്തിൽ നടന്നിരുന്ന എപ്പിസ്കോപ്പൽ ആധിപത്യം അവസാനിപ്പിച്ച് മെത്രാന്മാർക്കും വൈദികർക്കും അത്മായക്കാർക്കും പ്രാതിനിധ്യമുള്ള മലങ്കര അസോസ്യേഷൻ, മാനേജിംഗ് കമ്മിറ്റി എന്നിവ സ്ഥാപിച്ച് അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുവാൻ ലക്ഷ്യമിടുന്നു.

129. നവീകരണ നേതാവായ പാലക്കുന്നത്ത് മെത്രാച്ചന് സത്യവിശ്വാസത്തിലേക്ക് മടങ്ങുവാൻ ഒരവസരം കൂടി നൽകുവാൻ കഥാപുരുഷൻ ആഹ്വാനം ചെയ്യുന്നു.

130. മലങ്കര അസോസ്യേഷൻ എന്ന സംഘടനയ്ക്ക് ആഹ്വാനം. അതിന് മത-സാമൂഹിക വിഷയങ്ങൾ ചുമതല നൽകുവാൻ ആഹ്വാനം.

131. സമുദായത്തിന് പൊതുകാര്യ നിർവഹണത്തിനായി ഒരു പൊതു ഫണ്ട് എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നു. ഈ നിധിയുടെ പിൽക്കാല വികാസമാണ് കാതോലിക്കാനിധി ശേഖരണം.

132. നാല് വൈദികരും എട്ട് അയ്മേനികളും ഉൾപ്പെട്ട ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നു.

133. വിദ്യാഭ്യാസ വിപ്ലവത്തിന് ആഹ്വാനം. നാരായണഗുരുവിന്റെ എസ്.എൻ.ഡി.പി. ഈ ആഹ്വാനം മുദ്രാവാക്യമാക്കുന്നത് മുപ്പത് കൊല്ലം കഴിഞ്ഞ് 1902-ലോ 1903-ലോ ആണ്.

134. സ്ത്രീ വിദ്യാഭ്യാസം എന്ന വിപ്ലവകരമായ ആശയം അവതരിപ്പിക്കുന്നു.

135. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന ഈ സമുദായ സംഘടനയാണ് കേരളത്തിലെ ഒന്നാമത്തെ സമുദായ സംഘടന. അടുത്ത സമുദായ സംഘടനയായ എസ്.എൻ.ഡി.പി. യാഥാർത്ഥ്യമാവുന്നത് മൂന്ന് പതിറ്റാണ്ടുകൾക്കുശേഷം.

136. പള്ളികളിൽ രജിസ്റ്ററുകൾ ആരംഭിച്ച് സംഭവങ്ങൾ രേഖപ്പെടുത്തുന്നു; കോപ്പി മേലധികാരത്തിലേക്ക് അയയ്ക്കുകയും വേണം.

137. മിഷൻ പ്രവർത്തനം പ്രചരിക്കുന്നു.

138. സഭയിൽ പ്രസിദ്ധീകരണങ്ങൾ ആരംഭിക്കണം.

139. അസോസ്യേഷൻ തെരഞ്ഞെടുക്കുന്നവരെ മാത്രമേ മെത്രാന്മാരാക്കാവൂ.

140. പട്ടംകൊട മുതലായ ശുശ്രൂഷകൾക്ക് മെത്രാൻ തെരഞ്ഞെടുക്കപ്പെട്ട ഒരു അർക്കദിയാക്കോന്റെ സേവനം ഉപയോഗപ്പെടുത്തണം.

141. 1875-ൽ മലങ്കരയിലേക്ക് വരുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് 500 പവൻ ആവശ്യപ്പെട്ടത് മലങ്കര മെത്രാപ്പോലീത്താ ക്ലേശിച്ച് സമാഹരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയായ അബ്ദുള്ളാ ബാവാ സഭയുടെ ഔദ്യോഗിക ക്ഷണം കൂടാതെ മൂന്ന് പതിറ്റാണ്ടിനുശേഷം കേരളക്കരയിൽ വരുവാൻ എത്ര പവൻ ആവശ്യപ്പെട്ടുവെന്നോ ആ ഭീമമായ സംഖ്യ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ എപ്രകാരം സമാഹരിച്ചുവെന്നോ ഇതുവരെ ആരും വെളിപ്പെടുത്തിയതായി അറിവില്ല.

142. തിരുവനന്തപുരത്ത് മഹാരാജാവിനെ സന്ദർശിച്ച് പാലക്കുന്നത്ത് അത്താനാസ്യോസിന് അനുകൂലമായി നൽകിയിട്ടുള്ള വിളംബരം പിൻവലിപ്പിക്കുക. ഇതു മാത്രമാണ് പാത്രിയർക്കീസിൽ നിന്ന് ആതിഥേയൻ പ്രതീക്ഷിച്ച സേവനം. അതു കഴിഞ്ഞ് അദ്ദേഹം ഉടനെ തിരിച്ചുപോകണമെന്ന് ആതിഥേയൻ ആഗ്രഹിച്ചുവെങ്കിലും അതിഥി ഒന്നൊന്നര കൊല്ലം കഴിഞ്ഞാണ് മടങ്ങിപ്പോയത്.

143. പാത്രിയർക്കീസ് മടങ്ങിയശേഷം 6 മെത്രാന്മാർ വെട്ടിക്കൽ ദയറായിൽ സമ്മേളിച്ചു. മാനേജിംഗ് കമ്മിറ്റിയും അസോസ്യേഷനും കൂടരുതെന്നും മെത്രാന്മാർ ഓരോരുത്തനും സ്വന്തം ഭദ്രാസനത്തിൽ പരമാധികാരി ആണെന്നും മറ്റും പറഞ്ഞ് അദ്ദേഹം പോയി. അനന്തര കാര്യങ്ങൾക്ക് ആ ഉപദേശങ്ങൾ സഹായകമായിരുന്നില്ല. അതിനാൽ 6 മെത്രാന്മാരെ അനുനയിപ്പിച്ച് അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും പുനർജീവിപ്പിക്കുന്നതും മറ്റുമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ മേൽപട്ടക്കാർ സഹകരിക്കണമെന്നാണ് കത്തിന്റെ ഉദ്ദേശ്യം.

144. പാലക്കുന്നത്ത് അത്താനാസ്യോസ് ന്യായമായ മെത്രാൻ അല്ലാത്തതുകൊണ്ടാകാം പാത്രിയർക്കീസും ആ തലമുറയിലെ മെത്രാന്മാരും അദ്ദേഹത്തെ 'ബലയാർ' എന്ന് വിളിച്ചുവന്നത്. ആയാറിന്റെ ആധിപത്യത്തിനുവേണ്ടി പോരാടുന്ന സാത്താന് വി. വേദം നൽകിയ പേരാണ് 'ബലയാർ' എന്നത്. തോമസ് അത്താനാസ്യോസിനെ കൊച്ചു ബലയാർ എന്നും പരാമർശിച്ചിരിക്കുന്നു.


145. യൂയാക്കിം കൂറിലോസിന്റെ സഹോദരൻ മക്കുദിശാ ഗബ്രിയേൽ.

## ഭാഗം നാല്



# ഒരു പരദേശയാത്രയുടെ കഥ

## ജോസഫ് മാർ ദീവന്നാസ്യോസ്



**കയ്യെഴുത്തുപ്രതിയുടെ ആദ്യ പേജ്.**

മെത്രാപ്പോലീത്താ സ്വന്തം കൈകൊണ്ട് എഴുതിയ
'പരദേശയാത്രയുടെ കഥ' എന്ന കൃതിയുടെ ഏതാനും പേജുകൾ
കോട്ടയം ഓർത്തഡോക്സ് സെമിനാരി ആർക്കൈവ്സിൽ
സൂക്ഷിച്ചിട്ടുള്ളതിൽ നിന്ന്.

# ആമുഖപഠനം

## ഫാ. ഡോ. ജോസഫ് ചീരൻ

സഞ്ചാരസാഹിത്യകൃതികൾ ലോകസാഹിത്യങ്ങളാകെ പരിശോധിച്ചാലും എണ്ണത്തിൽ വളരെ കുറവാണെന്ന് കാണാം. ആളുകൾ സഞ്ചരിക്കാത്തതല്ല അതിന്റെ കാരണം; സഞ്ചരിക്കുന്നവർ സാഹിത്യകാരന്മാരല്ല എന്നതാണ്. വ്യാപാരം, തീർത്ഥാടനം തുടങ്ങിയ കാര്യങ്ങൾക്കായി യാത്ര ചെയ്യുന്നവരുടെ മനോവ്യാപാരങ്ങളും ലക്ഷ്യങ്ങളും സഞ്ചാരസാഹിത്യത്തിന് വിഷയമാകാമെങ്കിലും സർഗ്ഗശേഷിയുടെ അഭാവം അവരെ ലേഖനവിമുഖരാക്കുന്നു. അനുഭവങ്ങളെ പുനഃസൃഷ്ടിക്കുവാനുള്ള ശേഷിയാണ് ഏതു സാഹിത്യത്തെയും എന്നപോലെ സഞ്ചാരസാഹിത്യത്തെയും അനുഗ്രഹിക്കേണ്ടത്. ഹ്യുവാൻ സാങ്ങ്, കോസ്മസ്, സുലൈമാൻ, ഇബ്നു ബത്തൂത്താ തുടങ്ങിയവർ എഴുതിയ യാത്രാവിവരണങ്ങൾ കേരളത്തിന്റെ വിദേശ വ്യാപാരങ്ങൾക്കും സംസ്കാര വ്യാപനത്തിനും നൽകിയ സംഭാവനകൾ ചെറുതല്ല.

ഒരു ജനതയുടെ സഞ്ചാരകഥ എന്ന നിലയിൽ ക്രിസ്തുവിന് വളരെ മുമ്പ് (B.C.) ഈജിപ്റ്റിൽ നിന്ന് ആരംഭിച്ച ഇസ്രായേൽ ജനതയുടെ സഞ്ചാര വിവരണമായ 'പുറപ്പാട്' (വി. ബൈബിളിലെ രണ്ടാം പുസ്തകം) ആണോ യാത്രാവിവരണ സാഹിത്യ പ്രസ്ഥാനത്തിലെ ആദ്യ കൃതി എന്ന് ചിന്തിക്കാവുന്നതാണ്. ഈ യാത്രയുടെ ആവശ്യകതയും നേതൃത്വവും, യാത്രയുടെ പ്രശ്നങ്ങൾ, ധർമ്മസങ്കടങ്ങൾ, ജനതയുടെ സന്മാർഗ്ഗഭ്രംശവും ദൈവികശിക്ഷകളും, ദിവ്യമായ പരിരക്ഷണം എന്നീ ഉപശീർഷകങ്ങളിൽ പുനഃസംവിധാനം ചെയ്താൽ ഒന്നാംതരം സഞ്ചാരസാഹിത്യകൃതിയാകാൻ 'പുറപ്പാടിന്' അർഹതയുണ്ട്. മോശ, അഹറോൻ, യോശുവാ, ഫറവോ തുടങ്ങിയ കഥാപാത്രങ്ങളും, പത്തു ബാധകൾ, ചെങ്കടൽ വിഭജനം, പാറയിൽ നിന്ന് ജലം, മരുഭൂമിയിലെ അഗ്നിസർപ്പങ്ങൾ, മന്നയും കാടപ്പക്ഷിയും തുടങ്ങിയ സംഭവങ്ങളും പുറപ്പാടിനെ ഉദ്വേഗജനകമായ ഒരു സാഹിത്യകൃതിയുടെ സ്ഥാനത്തേയ്ക്ക് ഉയർത്തുന്നുണ്ട്. ബൈബിൾ പശ്ചാത്തലമുള്ള പൗരസ്ത്യ-പാശ്ചാത്യ സഞ്ചാരികളെ യാത്രവിവരണ രചനയ്ക്കു പ്രേരിപ്പിക്കുവാൻ 'പുറപ്പാടി'ന് കഴിഞ്ഞിട്ടുണ്ടാകാം. സഞ്ചാരസാഹിത്യത്തിന്റെ ഉത്ഭവവും വികാസവും സവിശേഷമായി ചർച്ച ചെയ്യപ്പെടുമ്പോൾ ഇലിയഡ്, ഓഡിസി, രാമായണം, ഭാരതം എന്നിവയോടൊപ്പം 'പുറപ്പാട് ചർച്ചചെയ്യപ്പെടാതെ പോയത് അനവധാനത കൊണ്ടാകാം.'[1] ഒരു സഞ്ചാരസാഹിത്യകൃതിയിലൂടെ കേരളത്തെ പുറംലോകത്തിന് വെളിപ്പെടുത്തിയ ആദ്യ കൃതി അജ്ഞാത

കർത്തൃകമായ പെരിപ്ലസ് (Peryplus maris Erythrae) എന്ന ഗ്രന്ഥമാണ്. ക്രിസ്ത്യൻ ടോപോഗ്രഫി എന്ന പേരിൽ അലക്സാണ്ട്രിയക്കാരനായ കോസ്മസ് എ.ഡി. 548-ൽ എഴുതിയ സഞ്ചാരസാഹിത്യ ഗ്രന്ഥമാണ് കേരളത്തിന്റെ പ്രകൃതി, സംസ്കാരം എന്നിവയെപ്പറ്റി പ്രതിപാദിക്കുന്ന മറ്റൊരു ഗ്രന്ഥം. മെഗസ്തനീസ്, ഹെറഡെട്ടസ്, ഹോറസ്, സിൽവിയ, വബൂഫ് ആലമി, ഇബ്ൻ കർദാദ്ബെ, സുലൈമാൻ, ഇബ്നൽഫക്കി, അബുസെയ്തു സുലൈമാൻ മസൂദി, ഇഷ്ടക്രി, അൽബിറൂണി, ഇബ്നൽഹഖീഹ്, അൽഇദ്രിസി, അബ്ദുൽ ഫിദാ, ഇബ്നുബത്തുത്താ, മാർക്കോ പോളോ, ഹ്യുയാൻസാങ്ങ്, ഫാഹിയാൻ, വാസ്ക്കോഡിഗാമ തുടങ്ങി വിശ്വപ്രസിദ്ധരായ പല സഞ്ചാരികളും സഞ്ചാരസാഹിത്യരചന നടത്തിയിട്ടുണ്ട്. കേരളത്തിൽ സന്ദർശനം നടത്തി 1800 മുതൽ 1810 വരെയുള്ള കേരള ജീവിതത്തെയും സംസ്ക്കാരത്തെയും തങ്ങളുടെ സഞ്ചാരവിവരണങ്ങളിൽ ഉൾപ്പെടുത്തിയ ഫ്രാൻസിസ് ബുക്കാനനും, റവ. ക്ലോഡിയസ് ബുക്കാനനും നമ്മുടെ സവിശേഷ പഠനത്തിന് വിഷയീഭവിക്കേണ്ടതാണ്.[2]

## സഞ്ചാരസാഹിത്യം മലയാളത്തിൽ

നമ്മുടെ സാഹിത്യ ചരിത്രങ്ങൾ പലപ്പോഴും പക്ഷപാതപരമായ ചായ്വുകൾ കൊണ്ട് ചരിത്രപരമായ സത്യസന്ധത ദീക്ഷിക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ട്. നോവൽ, നാടകം തുടങ്ങിയവയുടെ ചരിത്രത്തിൽ ആദ്യസ്ഥാനം ലഭിച്ച കൃതികൾ ചില പ്രത്യേക വിശേഷണങ്ങൾ നൽകി ആദ്യ കൃതികൾ എന്ന് വിശേഷിപ്പിക്കപ്പെട്ടവയാണ്. യാത്രാവിവരണ ചരിത്രത്തിലും ഈ പ്രവണത കാണുന്നുണ്ട്. ഭാരതീയ സഞ്ചാരസാഹിത്യ കൃതികളിൽ ഒന്നാമത്തേത് എന്ന സ്ഥാനത്തു നാം പ്രതിഷ്ഠിച്ചു പോന്നിട്ടുള്ളത് ഗോവർണ്ണദോർ തോമ്മാ കത്തനാർ എഴുതിയ വർത്തമാനപുസ്തകമാണ്.[3] എന്നാൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1989-ൽ പ്രസിദ്ധീകരിച്ച സഞ്ചാരസാഹിത്യം മലയാളത്തിൽ എന്ന പ്രാമാണിക (?) ഗ്രന്ഥത്തിൽ അനുബന്ധമായി നൽകിയ സഞ്ചാര സാഹിത്യകൃതികളിൽ 'വർത്തമാന പുസ്തക'ത്തിന്റെ സ്ഥാനം പതിനെട്ടാമത്തേതാണ്. പ്രസിദ്ധീകരണ വർഷം കണക്കാക്കി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ആണ് 1785-നും 1798-നും മദ്ധ്യേ രചിച്ചതെന്ന് ഗ്രന്ഥകാരൻ തന്നെ പ്രസ്താവിച്ചിട്ടുള്ള വർത്തമാനപുസ്തകം 18-ാം സ്ഥാനത്തേക്കും ഒരു നൂറ്റാണ്ടിന് ശേഷം 1872-ൽ രചിക്കപ്പെട്ടതെന്ന് ഗ്രന്ഥകാരൻ തന്നെ പ്രസ്താവിച്ച 'കാശിയാത്രാറിപ്പോർട്ട്' ഒന്നാം സ്ഥാനത്തേക്കും പ്രതിഷ്ഠിക്കപ്പെട്ടത്.[4] 'യാത്രാനുഭവങ്ങളോ മാർഗമദ്ധ്യത്തിലുള്ള സ്ഥലങ്ങളുടെ ചരിത്രമോ അവയുടെ പൗരാണിക പ്രാധാന്യമോ ജനജീവിതമോ ചിത്രീകരിക്കുന്നതിൽ ഗ്രന്ഥകർത്താവിന് താല്പര്യമില്ല' എന്നും "ഈ ലഘുഗ്രന്ഥത്തിന്റെ ഉള്ളടക്കം പരി

ശോധിച്ചു നോക്കിയാൽ സ്വാനുഭവങ്ങൾ നിറഞ്ഞ ഒരു യാത്രാവിവരണ ഗ്രന്ഥം എന്നതിനേക്കാൾ ഒരു ടൂറിസ്റ്റ്ഗൈഡ് എന്ന വിശേഷണമാണ് ഇതിന് യോജിക്കുന്നതെന്ന് ബോധ്യമാകും" എന്നും അദ്ദേഹം പിന്നീട് നിരീക്ഷണം ചെയ്തു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചാരസാഹിത്യ കൃതികൾ ലിസ്റ്റ് ചെയ്തപ്പോൾ ഈ 'ടൂറിസ്റ്റ്ഗൈഡ്' ഒന്നാമത്തെ സഞ്ചാരസാഹിത്യ കൃതിയായി!![5]

സഞ്ചാരസാഹിത്യ ചരിത്രത്തിലെ ഒരദ്ധ്യായം 'യാത്രാകാവ്യങ്ങൾ' എന്ന ശീർഷകത്തിൽ പദ്യരൂപത്തിലുള്ള യാത്രാവിവരണങ്ങളെക്കുറിച്ച് ഉപപാദിക്കുവാൻ നീക്കിവച്ചിട്ടുണ്ട്. 1784-ൽ രചിച്ച ധർമ്മരാജാവിന്റെ കാശി യാത്ര വർത്തമാനപുസ്തകത്തിന്റെയും രചനയ്ക്കു മുമ്പ് വിരചിതമായി എന്നദ്ദേഹം അവകാശപ്പെടുന്നു.[6] വെറും യാത്രാവർണ്ണനകൾ സഞ്ചാര സാഹിത്യകൃതികളായി പരിഗണിക്കാമോ? സഞ്ചാരസാഹിത്യ ചരിത്ര കാരൻ എഴുതുന്നു: "സഞ്ചാരസാഹിത്യത്തിൽ എഴുത്തുകാരന്റെ ആത്മാം ശത്തിനാണ് ഏറെ പ്രാധാന്യം. യാത്രചെയ്ത സ്ഥലങ്ങളുടേയും താമ സിച്ച ഹോട്ടലുകളുടേയും കണ്ട കാഴ്ചകളുടേയും വർണ്ണനകൾ മാത്ര മുള്ള ഗ്രന്ഥം ഒരു സഞ്ചാരക്കുറിപ്പു മാത്രമേ ആകുന്നുള്ളു. അവയോ ടൊപ്പം തന്റെ അനുഭവങ്ങളും പ്രതികരണങ്ങളും കൂടിയുണ്ടാവണം. സഞ്ചാരസാഹിത്യത്തിന് ഏറ്റവും സാദൃശ്യമുള്ളത് ആത്മകഥയോ ടാണ്."[7] യാത്രാകാവ്യങ്ങളിൽ സ്ഥലവർണ്ണനകൾ ധാരാളമുണ്ട്. കണ്ടു മുട്ടുന്ന ആളുകളുടെ വാങ്മയ ചിത്രങ്ങളും ധാരാളമുണ്ട്. പക്ഷേ, അനു ഭവങ്ങളും പ്രതികരണങ്ങളും അതീവ വിരളങ്ങളാണ്. വർണ്ണനാപരമായ കാവ്യങ്ങൾ സഞ്ചാരസാഹിത്യകൃതിയായി പരിഗണിക്കാമെങ്കിൽ ആ സാഹിത്യശാഖയുടെ ചരിത്രം നമ്മുടെ നാട്ടിൽ വാത്മീകി രാമായണ ത്തിൽ നിന്നും രഘുവംശത്തിൽ നിന്നും ആരംഭിക്കണം. സുന്ദരകാണ്ഡ ത്തിലെ ഹനുമാന്റെ ലങ്കായാത്ര അതിവിസ്തൃതമായിട്ടാണ് വാത്മീകി ചിത്രീകരിച്ചിട്ടുള്ളത്. വിപുലമായ സന്നാഹങ്ങൾ, മനോവ്യാപാരങ്ങൾ, ചില കഥാപാത്രങ്ങൾ, മാർഗ്ഗമദ്ധ്യേയുള്ള ചില അനുഭവങ്ങൾ ഇവ യൊക്കെ ഉണ്ടെങ്കിലും സുന്ദരകാണ്ഡം ഒരു സഞ്ചാരസാഹിത്യകൃതി യെന്ന് ആരും നളിതുവരെ പറയാത്തതെന്തുകൊണ്ടാണ്? രഘുവംശ ത്തിൽ, രാവണവധാനന്തരം രാമൻ, സീത, ലക്ഷ്മണൻ, വിഭീഷണൻ തുടങ്ങിയവർ പുഷ്പകവിമാനത്തിൽ ലങ്കയിൽ നിന്ന് അയോദ്ധ്യയിലേക്ക് നടത്തുന്ന യാത്ര കാളിദാസൻ അതിമനോഹരമായി വർണ്ണിക്കുന്നുണ്ട്. അതിലുമുണ്ട് വഴിവർണ്ണനകളും ആത്മഗതങ്ങളും പ്രതികരണങ്ങളും ശര ഭംഗൻ, സുതീക്ഷ്ണൻ, ഗുഹൻ തുടങ്ങിയ കഥാപാത്രങ്ങളും. എന്നിട്ടും ആ മഹത്കൃതിയെ സഞ്ചാരസാഹിത്യകൃതിയെന്ന് ആരും വ്യവഹരിച്ചു കാണാത്തതെന്തുകൊണ്ട്?

സഞ്ചാരസാഹിത്യം പ്രാഥമികമായും ഒരു ഗദ്യസാഹിത്യശാഖയാണ്. ഗദ്യേതര കൃതികളെ ആ ശാഖയിൽ ഉൾപ്പെടുത്തുന്നതിൽ അനൗചിത്യ മുണ്ട്. ഇതിഹാസകാവ്യങ്ങളെല്ലാം അതിവിസ്തൃതമായ കാൻവാസിൽ എഴുതപ്പെട്ട ജീവിത ചിത്രങ്ങളാണെങ്കിലും അവയെ നോവൽ എന്ന് വിശേഷിപ്പിക്കുവാൻ നാം ധൈര്യപ്പെടാമോ? വള്ളത്തോളിന്റെ "ശിഷ്യനും മകനും" അതിഗംഭീരമായ നാടകീയതയ്ക്കു ഉദാഹരണമാണെങ്കിലും നാടകത്തിന്റെ സാഹിത്യചരിത്രത്തിൽ അതിനെ ഉൾപ്പെടുത്താമോ? ഉൾ പ്പെടുത്താം എന്നാണ് മറുപടി എങ്കിൽ 'വാത്മീകി രാമായണം' തൊട്ട് 'ഉണ്ണുനീലിസന്ദേശം', 'മയൂര സന്ദേശം' തുടങ്ങിയ സന്ദേശകാവ്യങ്ങളും 'നളചരിതം ആട്ടക്കഥ', 'ഉണ്ണിയാടീചരിതം', 'ഉണ്ണിയച്ചീചരിതം', 'ഉണ്ണി ച്ചിരുതേവീചരിതം' എന്നീ മണിപ്രവാള ചമ്പുക്കൾ വരെ സഞ്ചാര സാഹിത്യ കൃതികളാണെന്ന് പറയേണ്ടി വരും. അതുകൊണ്ട് യാത്രാ കാവ്യങ്ങളേയും ടൂറിസ്റ്റ് ഗൈഡുകളേയും ഒഴിവാക്കിയാൽ വർത്തമാന പുസ്തകം തന്നെയാണ് നമ്മുടെ ആദ്യത്തെ ലക്ഷണമൊത്ത യാത്രാ വിവരണകൃതി എന്നത് നിർവിവാദമാണ്. ആ പുസ്തകത്തിന്റെ രചനാ കാലത്തെപ്പറ്റിയും വിവാദങ്ങളുണ്ട്. രചനാകാലം കൃത്യമായി രേഖപ്പെ ടുത്താത്തതാണ് കാരണം. പുസ്തക രചനയ്ക്കാധാരമായ റോമ്മായാത്ര അവസാനിക്കുന്നത് 1786–ലാണ്. 'അന്നത്തേക്കു, വസ്തുതകളുടെ അടി സ്ഥാനത്തിൽ ഗവേഷണസ്വഭാവം കൂടിയുള്ള വർത്തമാനപുസ്തകം പോലുള്ള ഒരു ബൃഹത്ഗ്രന്ഥം എഴുതിക്കഴിഞ്ഞെന്ന് വിശ്വസിക്കുന്നതിൽ അസ്വാഭാവികതയുണ്ട്'[8] എന്ന് സഞ്ചാരസാഹിത്യ ചരിത്രകാരൻ, ഈ കാര്യം പഠിച്ച പൂർവഗാമികളോട് വിയോജിക്കുന്നു. തുടർന്ന് 'ഒരു പ്രമാ ണത്തിന്റെയും പിൻബലമില്ലാതെ വർത്തമാനപുസ്തകത്തിന്റെ രചന 1790–ന് മുമ്പ് പൂർത്തിയായതായി വിശ്വസിച്ചുകൂടാ' എന്ന് ശഠിക്കുന്നു. വർത്തമാന പുസ്തകത്തിനെഴുതിയ അവതാരികയിൽ ഡോ. സാമുവൽ ചന്ദനപ്പള്ളി ഇതിന്റെ രചനാകാലമായി സ്വീകരിച്ചിട്ടുള്ളത് 1785 ആണ്.[9] യാത്ര 1786–ലാണ് അവസാനിച്ചതെങ്കിലും പുസ്തകത്തിന്റെ പ്രാരംഭ ത്തിൽ മശിഹാ പിറന്നിട്ട് 1785 കന്നി മാസം 1–നു പാറേമ്മാക്കൽ തൊമ്മൻ കത്തനാര് എഴുത്ത് എന്നെഴുതി ഗ്രന്ഥകർത്താവ് ഒപ്പിട്ടിട്ടുള്ളതിനാൽ 1785 രചനാകാലമെന്ന് നിശ്ചയിക്കാം എന്നാവാം അദ്ദേഹത്തിന്റെ മതം. 1786 മാർച്ച് 18 വരെയുള്ള സംഭവങ്ങൾ കൃതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകൊണ്ട് 1786 രചനാ വർഷമെന്ന് ഈ ലേഖകൻ കരുതുന്നു. റോമ്മാ യാത്ര (വർത്തമാനപുസ്തകം) പോലെ ഗവേഷണ മൂല്യമുള്ള ഒരു ബൃഹത് കൃതി രചിക്കുവാൻ ആവശ്യമായ സമയം കണക്കാക്കി 1890 ലേയ്ക്കു രചനാകാലം ഭേദപ്പെടുത്തുന്നതിന് യുക്തിയൊന്നുമില്ല. സ്വന്തം രചനാവൈഭവത്തിന്റെ സമ്പ്രദായം മറ്റു പ്രതിഭാശാലികളിൽ ആരോപി ക്കേണ്ടതുണ്ടോ? ഇപ്രകാരമൊരു സമീപനം വച്ചാണ് മഹാഭാരതം

പോലൊരു ബൃഹത്കാവ്യം ഒരു വ്യാസൻ ഒരു ജീവിതകാലം കൊണ്ട് രചിച്ചിരിക്കുവാൻ വഴിയില്ലെന്ന് ഒരു നിരീക്ഷണം ഉണ്ടായത്. എന്നാൽ ആ ബൃഹത്കാവ്യം കുഞ്ഞിക്കുട്ടൻതമ്പുരാൻ ഏതാനും വർഷംകൊണ്ടു വൃത്താനുവൃത്തം വിവർത്തനം ചെയ്തപ്പോൾ ആ നിഗമനം ചീട്ടു കൊട്ടാരം പോലെ നിലംപതിച്ചില്ലേ? 'വർത്തമാനപുസ്തകത്തിലെ' വിവരണങ്ങളും 'വിചാര'ങ്ങളും വായിച്ചാൽ അത് പിൽക്കാലത്ത് എഴുതിയതല്ല, യാത്രനടക്കുമ്പോൾത്തന്നെ വിശ്രമവേളകളിൽ എഴുതിയതാണെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ല. ഒരു എഡിറ്റിംഗിന്റെ പോരായ്മ ആ ഗ്രന്ഥത്തിനുണ്ട്. തന്റെ ആരാധ്യപുരുഷൻ നിര്യാതനായതോടെ (അതോ വധിക്കപ്പെട്ടതോ?) ഗ്രന്ഥരചന അദ്ദേഹം ഉപേക്ഷിച്ചിരിക്കാം. കരിയാറ്റി മാർ ജോസഫ് മെത്രാന് നേരിട്ട ദുരനുഭവം തന്നെയും കാത്തുനില്ക്കുന്നുണ്ട് എന്ന് മണത്തറിഞ്ഞ ഗോവർണ്ണദോർ അതിന്റെ രചന അപൂർണ്ണ രൂപത്തിൽ തന്നെ അധികൃതരെ ഏല്പിച്ചിരിക്കാം. യാത്രയുടെ അവസാനഭാഗം കൃതിയിൽനിന്ന് അപ്രത്യക്ഷമായതും ഒന്നര നൂറ്റാണ്ടു കാലം അതിന് അപ്രകാശിത കൃതിയായി അന്ധകാര ഗഹ്വരങ്ങളിൽ വിശ്രമിക്കേണ്ടിവന്നതും അത്തരമൊരു നിഗമനത്തിലേക്കാണ് നമ്മെ നയിക്കുന്നത്. സംഭവബഹുലമായ ജീവിതത്തിൽ, യാത്രയുടെ വിശദാംശങ്ങൾ പിന്നീട് ഓർത്തിരിക്കുക ദുഷ്ക്കരമാണ്. തന്മൂലം യാത്രാവേളയിൽത്തന്നെ രചിക്കപ്പെട്ട വിശിഷ്ടകൃതിയാണ് വർത്തമാനപുസ്തകം എന്ന് നമുക്ക് തീർച്ചയാക്കാം. രചനയുടെ ഭാഷാസ്വഭാവം, പ്രതികരണപ്രതിപാദനത്തിലെ പരുഷത എന്നിവ വ്യക്തമാക്കുന്നത്, ഒരു പുനരാലോചനയ്ക്കു ശേഷം എഴുതപ്പെട്ട കൃതിയല്ല അതെന്നാണ്.

1936-ൽ അച്ചടിക്കപ്പെട്ട ഒരു കൃതിയെ ഒന്നര നൂറ്റാണ്ടിന്റെ മുമ്പിലേക്ക് മാറ്റി പ്രതിഷ്ഠിക്കുവാൻ ഒരു സാഹിത്യ ചരിത്രകാരന് അധികാരമുണ്ടോ? എഴുത്തച്ഛന്റെയും നമ്പ്യാരുടെയും കൃതികളുടെ കാലം നാം രേഖപ്പെടുത്തുന്നത് അവ ഒന്നാമത് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ കൊല്ലം നോക്കിയല്ലല്ലോ. അവർ ജീവിച്ചകാലം പോലും അവ്യക്തമായിരിക്കേ അവരുടെ കൃതികളോടു നാം അവലംബിച്ചുപോന്നിട്ടുള്ള ഉദാരത ഈദൃശ കൃതികളോടും കാണിക്കുന്നത് സമദർശിത്വത്തിന്റെ ലക്ഷണമാണ്. രചന തുടങ്ങിയ തീയതിയും രചിച്ച ആളുടെ പേരും കയ്യൊപ്പും കൃതിയിലുള്ളതു തന്നെ അന്നത്തെ നിലയിൽ ധാരാളമാണ്. അന്ത്യഭാഗത്ത് പുസ്തകമെഴുതി പൂർത്തിയാക്കിയ തീയതിയും അന്നത്തെ സമ്പ്രദായമനുസരിച്ച് രേഖപ്പെടുത്തിയിരുന്നിരിക്കാമെങ്കിലും അവസാന ഭാഗങ്ങൾ നശിപ്പിക്കപ്പെട്ടതോടെ ആ പരാമർശങ്ങൾ നഷ്ടപ്പെട്ടുപോയതാകാനാണിട. മലയാളത്തിലെ ഒരു കൃതി 1785-ൽ അച്ചടിക്കപ്പെട്ടില്ല എന്നത് അക്കാലത്തെ അച്ചടിയുടെ ചരിത്രം അറിയുന്നവരെ അത്ഭുതപ്പെടുത്തുകയില്ല. 1811-ൽ

പോലും മലയാളത്തിലെ ആദ്യ ബൈബിൾ പരിഭാഷ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും കായംകുളത്ത് പീലിപ്പോസ് റമ്പാനും തിമ്മയ്യാപ്പിള്ളയും കൂടി തയ്യാറാക്കിയത് അച്ചടിച്ചത് ബോംബെയിലാണ്, ഒരു ബ്രിട്ടീഷ് റസിഡന്റ് ആയ കേണൽ മൺറോയുടെ സഹായത്തോടെ.[10] 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതലാണ് കേരളത്തിൽ അച്ചടി സാർവ്വത്രികമാവുന്നത്. അപ്പോഴേക്കും വർത്തമാനപ്പുസ്തകത്തിന്റെ രചയിതാവ് ഒരു 'നിഷേധി' ആയതിനാൽ മതാധികാരികൾ ആ ഗ്രന്ഥം നിരോധിച്ചു കഴിഞ്ഞിരുന്നു. കത്തോലിക്കാസഭയുടെ ഇരുമ്പു തിരശീലയ്ക്കകത്ത് പെട്ടുപോയ ഒരു ഗ്രന്ഥം ഒന്നര നൂറ്റാണ്ടു കഴിഞ്ഞ് അംഗഭംഗം വന്ന രൂപത്തിലാണെങ്കിലും നമുക്കു ലഭിച്ചുവല്ലോ എന്ന് നാം ആഹ്ലാദിക്കണം. ഇത്തരത്തിൽ കാലഘട്ടത്തിന്റെ പ്രത്യേകതകളും കൃതിയുടെ സ്വഭാവവും വിലയിരുത്തിയിട്ടു വേണം ഒരു കൃതിയുടെ രചനാകാലം നിർണ്ണയിക്കേണ്ടത്. തന്മൂലം സഞ്ചാരസാഹിത്യ ചരിത്രകാരൻ ഗോവർണ്ണദോറുടെ കൃതിയെ പതിനെട്ടാം സ്ഥാനത്ത് ലിസ്റ്റ് ചെയ്തതിൽ സാഹിത്യേതര പരിഗണനകൾ അദ്ദേഹത്തെ സ്വാധീനിച്ചു എന്നാണ് കരുതേണ്ടത്.

എന്നാലും ഗോവർണ്ണദോർക്കു ആശ്വസിക്കാം, ചരിത്രകാരൻ അദ്ദേഹത്തെ പതിനെട്ടാം സ്ഥാനത്തെങ്കിലും അവരോധിച്ചുവല്ലോ. മലയാളത്തിലെ രണ്ടാമത്തെയും മൂന്നാമത്തെയും യാത്രാവിവരണകൃതികൾ ചരിത്രകാരൻ ലിസ്റ്റ് ചെയ്തിട്ടേയില്ല. 1863-ൽ കുംഭം 22-ാം തീയതി കുന്നംകുളങ്ങരെ നിന്ന് പുറപ്പെട്ട് 1864 തുലാം 20-ാം തീയതി കൊച്ചിയിൽ അവസാനിച്ച 'ഒരു പരദേശ യാത്രയുടെ കഥ'യാണ് ലിസ്റ്റിൽപ്പെടാതെ പോയ ഒരു സഞ്ചാരസാഹിത്യകൃതി. കോട്ടയം എം.ഡി. സെമിനാരിയും പരുമല സെമിനാരിയും സ്ഥാപിക്കുകയും, കേരളപതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ പ്രതിദിന, പാക്ഷിക മാസികകൾ ആരംഭിക്കുകയും ചെയ്ത പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കരമെത്രാപ്പോലീത്താ ആയിരുന്നു ഈ സഞ്ചാരകൃതിയുടെ എഴുത്തുകാരൻ.

ലിസ്റ്റിൽ പെടാൻ ഭാഗ്യമില്ലാതെ പോയ മറ്റൊരു സഞ്ചാരകൃതി 'ഊർശ്ലേം യാത്രാ വിവരണ'മാണ്. മലങ്കര ഓർത്തഡോക്സ് സഭ വിശുദ്ധനെന്ന് പ്രഖ്യാപിച്ച ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പ. പരുമല കൊച്ചുതിരുമേനി) ആണ് ഇതിന്റെ രചയിതാവ്. 1895-ൽ ഇത് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചു. 1895-ൽ തന്നെ ആ പുസ്തകത്തിന് രണ്ടാം പതിപ്പുണ്ടായി. 1952-ൽ മൂന്നാം പതിപ്പുണ്ടായി, 1990-ൽ 4-ാം പതിപ്പും 97-ൽ അതിന്റെ അഞ്ചാം പതിപ്പും ഇറങ്ങിയതോടെ നമ്മുടെ സഞ്ചാരസാഹിത്യകൃതികളിൽ ഏറ്റവും അധികം പതിപ്പുകൾ ഇറങ്ങിയ കൃതി എന്ന ബഹുമതി 'ഊർശ്ലേം യാത്രാ വിവരണ'ത്തിനു

ലഭിച്ചു. ഇനിയൊരു സഞ്ചാരസാഹിത്യചരിത്രം തയ്യാറാക്കുമ്പോൾ, അച്ച ടിക്കപ്പെട്ട ഈ ആദ്യ സഞ്ചാരസാഹിത്യ കൃതിക്കു അർഹമായ സ്ഥാനം ലഭിക്കുമെന്ന് നാം പ്രതീക്ഷിക്കുക.

ഇവിടെ ഇപ്പോൾ പുനരവതരിപ്പിക്കുന്നത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രചിച്ച ഒരു 'പരദേശയാത്രയുടെ കഥ' ആണ്. മല യാളത്തിലെ ലക്ഷണമൊത്ത രണ്ടാമത്തെ സഞ്ചാരസാഹിത്യകൃതിയായ ഈ മനോഹര രചനയും എഴുതിയ കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടില്ല. 1864-ൽ രചന പൂർത്തിയായ ഈ കൃതി പ്രസിദ്ധീകരിക്കപ്പെട്ടത് 1901-ൽ ആണ്. മാർ ദീവന്നാസ്യോസിന്റെ പൗരോഹിത്യ കനകജൂബിലിയാഘോ ഷങ്ങളുടെ ഭാഗമായി ശ്രീ. എം. പി. വർക്കി രചിച്ച 'മാർ ദീവന്നാസ്യോസ്' എന്ന കൃതിയുടെ ഭാഗമായിട്ടാണ് ഇത് പ്രസിദ്ധീകരിച്ചിട്ടുള്ളത്. 23 അദ്ധ്യാ യങ്ങളും 141 പുറങ്ങളുമുള്ള ഈ ജീവചരിത്രത്തിൽ 15 അദ്ധ്യായങ്ങളും 90 പുറങ്ങളും ആയി 'ഒരു പരദേശയാത്രയുടെ കഥ' നീണ്ടുകിടക്കുന്നു.

ജീവചരിത്രത്തിന്റെ ഭാഗമായി നിബന്ധിക്കപ്പെട്ടതിനാലാകാം ഈ കൃതി യാത്രാവിവരണ സാഹിത്യകൃതി എന്ന നിലയിൽ ശ്രദ്ധിക്കപ്പെ ടാതെ പോയത്. എന്നാൽ ഈയിടെ ഈ ലേഖകന്റെ ഗവേഷണ ശ്രമ ങ്ങൾക്കിടയിൽ കണ്ടുകിട്ടിയ മെത്രാപ്പോലീത്തായുടെ റിക്കാർഡുകളുടെ കൂട്ടത്തിൽ മെത്രാപ്പോലീത്താ സ്വന്തം കൈകൊണ്ട് എഴുതിയ 'പരദേ ശയാത്രയുടെ കഥ' എന്ന കൃതിയുടെ ഏതാനും അദ്ധ്യായങ്ങൾ കാണാ നിടയായപ്പോഴാണ് കാര്യം മനസ്സിലായത്. മെത്രാപ്പോലീത്താ എഴുതിയ യാത്രാവിവരണം ശ്രീ. വർക്കി റിപ്പോർട്ട് രൂപത്തിൽ ജീവചരിത്രത്തിന്റെ ഭാഗമായി അവതരിപ്പിക്കുകയാണ് ചെയ്തത്. ഗ്രന്ഥകാരൻ 'നാം' എന്നും 'ഞങ്ങൾ' എന്നും മറ്റും പ്രയോഗിച്ച പദങ്ങൾ മാറ്റി 'കഥാപുരുഷൻ', 'നമ്മുടെ യാത്രക്കാർ' എന്നീ രൂപഭേദങ്ങൾ വരുത്തുക മാത്രമാണ് ജീവ ചരിത്രകാരൻ ചെയ്തിട്ടുള്ളത്. അപ്രകാരം ചെയ്തത് ഗ്രന്ഥകർത്താ വിന്റെ അനുമതിയോടുകൂടെ ആയിരിക്കാം. എങ്കിലും അക്കാര്യം ജീവ ചരിത്രത്തിൽ ഒരിടത്തും പ്രസ്താവിക്കാതിരുന്നത് ഒരു തേജസ്സുറ്റ സാഹി ത്യകാരനെ കട്ടിയുള്ള പുതപ്പുകൊണ്ട് മറച്ചു പിടിയ്ക്കുന്നതിന് തുല്യ മായെന്ന് തോന്നുന്നു. ആ പ്രവർത്തനം അബോധപൂർവ്വമാകാമെങ്കിലും മിതമായ ഭാഷയിൽ നിർഭാഗ്യകരമായിപ്പോയി എന്ന് പറയാതെ വയ്യ.

അദ്ദേഹത്തിന്റെ ചരമനവതിയോടനുബന്ധിച്ച് ജീവചരിത്രത്തിൽ ചേർത്ത ആ അദ്ധ്യായങ്ങൾ അടർത്തിയെടുത്ത് കഥാപുരുഷൻ, നമ്മുടെ യാത്രക്കാർ എന്നീ പദങ്ങൾ മാറ്റി, തൽസ്ഥാനത്തു നാം, ഞങ്ങൾ എന്ന് ചേർത്ത് പുനഃപ്രസിദ്ധീകരിക്കുകയാണ് (കണ്ടുകിട്ടിയ കൈയെഴുത്ത് അദ്ധ്യായങ്ങളിൽ, നാം, ഞങ്ങൾ എന്നിങ്ങനെയാണ് ഗ്രന്ഥകാരൻ എഴു തിയിട്ടുള്ളത്). ഗ്രന്ഥകാരൻ, വൈദികൻ ആയിരിക്കെ, മെത്രാപ്പോലീത്താ

സ്ഥാനമേൽക്കുവാൻ ഒരു വൈദികനും ഒരു പരിചാരകനുമൊത്ത് അന്ത്യോഖ്യാ പാത്രിയർക്കീസിനെ സന്ദർശിച്ച് സ്ഥാനമേറ്റ് തിരിച്ചുവന്നതാണ് പ്രസ്തുത കൃതിയിലെ പ്രമേയം. ഈ പ്രമേയം സുഗ്രഹമാകുന്നതിന് ഒരേകദേശ മലങ്കരസഭാചരിത്രജ്ഞാനമെങ്കിലും അനിവാര്യമാണ്.

## അല്പം ചരിത്രം

എ.ഡി. 52–ൽ ക്രിസ്തുശിഷ്യൻ സെന്റ് തോമസ് സ്ഥാപിച്ച കേരള ക്രൈസ്തവസഭയാണ്, മലങ്കരസഭ എന്ന് അറിയപ്പെടുന്നത്. ആദ്യശതകങ്ങളിൽ അലക്സാണ്ട്രിയായും ചിലപ്പോഴൊക്കെ പേർഷ്യയും മലങ്കരസഭയ്ക്കു ആവശ്യമായ പിൻബലവും സഹായങ്ങളും നൽകിവന്നെങ്കിലും ഈ സഭ തികച്ചും ഇതര പൗരസ്ത്യ സഭകളെപ്പോലെ ദേശീയമായിരുന്നു. യൂറോപ്പുമായുള്ള നമ്മുടെ അതിപ്രാചീന വ്യാപാരബന്ധത്തിന്റെ മുഖ്യകണ്ണി അലക്സാണ്ട്രിയാ ആയിരുന്നതിനാൽ ആ സൗഹൃദബന്ധങ്ങൾ തുടർന്നു പോകുന്നതിന് വലിയ യത്നം ആവശ്യമായിരുന്നില്ല. പ്രസ്ബിറ്റർമാർ, ബിഷപ്പുമാർക്കുപോലും പട്ടംകൊടുക്കുവാൻ അധികാരമുള്ള പൗരോഹിത്യത്തിന്റെ നിർണ്ണായക ഘടകമായിരുന്നു അലക്സാണ്ട്രിയായിൽ. ആ സഭയുമായി ബന്ധപ്പെട്ടതുകൊണ്ടാകാം മലങ്കരസഭയിൽ ബിഷപ്പിന്റെ സാന്നിദ്ധ്യം അനിവാര്യമായി ആദ്യകാലങ്ങളിൽ തോന്നാഞ്ഞത്. ചിലപ്പോഴൊക്കെ പേർഷ്യയിൽ നിന്ന് വരുന്ന മെത്രാന്മാർ മലങ്കരസഭയിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവരുടെ സാന്നിദ്ധ്യം ഒരു അനിവാര്യതയായി ഈ സഭ ഒരിക്കലും കരുതിയിരുന്നില്ല. ക്രിസ്തുവർഷം ആദ്യത്തെ പതിനഞ്ചു നൂറ്റാണ്ടുകളിൽ കേരളക്കരയിലെങ്ങും ഏതെങ്കിലും ബിഷപ്പുമാരുടെ കബറിടങ്ങൾ കാണാനില്ലാത്തത് അതുകൊണ്ടാവണം. എന്നാൽ പോർച്ചുഗീസുകാരുടെ വരവോടെ സ്ഥിതിയാകെ മാറി. പാശ്ചാത്യസഭയിലെ പൗരോഹിത്യത്തിന്റെ ഹയറാർക്കിക്കൽ സംവിധാനം മലങ്കരസഭയ്ക്കു ഒരു പുതുമയായിരുന്നു. അവർ സ്ഥാപിച്ച സെമിനാരികളും അവർ കൊണ്ടുവന്ന കാനോനീകൃത ബൈബിളും എല്ലാം കേരളക്കരയിൽ വ്യത്യസ്താനുഭവം വിതച്ചു. അത്ഭുതകരമായ ഈ സംസ്കാര വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് 1599–ൽ ഉദയംപേരൂർ സുന്നഹദോസ് സമ്മേളിച്ച് ദേശീയവും സ്വതന്ത്രവും പൗരസ്ത്യ സ്വഭാവം പുലർത്തിയിരുന്നതുമായ മലങ്കരസഭയെ റോമ്മൻ അധീശത്വത്തിലേക്കു ഉപനയിച്ചത്. മലങ്കരസഭയിൽ ചാട്ടുകുളങ്ങരയും (കുന്നംകുളം) തിരുവിതാംകോട്ടും ഒഴികെ എല്ലാ ഇടവകകളും ഉദയംപേരൂർ സുന്നഹദോസിൽ ഹാജരായി റോമ്മൻ അധീശത്വം വരിച്ചു. മലങ്കരസഭ വിഭക്തമാവുകയായിരുന്നു. പോർച്ചുഗീസുകാരുടെ ഭരണപരമായ പിടിമുറുക്കലും എപ്പിസ്കോപ്പൽ ഹയറാർക്കിയുടെ മനോഹാരിതയും ഉണ്ടായിരുന്നിട്ടും പൗരസ്ത്യ പാരമ്പര്യങ്ങളിലേക്കു തിരിച്ചുപോകാനുള്ള

മലങ്കരസഭയുടെ വെമ്പൽ പ്രകടമാവുക തന്നെ ചെയ്തു. മലങ്കരസഭയുടെ ക്ഷണപ്രകാരം അലക്സാണ്ട്രിയൻ സഭയിൽ നിന്ന് ഇന്ത്യയുടെയും ചീനയുടെയും പാത്രിയർക്കീസായി അലക്സാണ്ട്രിയൻ പാപ്പായാൽ നിയോഗിക്കപ്പെട്ട അഗ്നാത്തെയോസ് അഹത്തള്ളായുടെ ദാരുണവധം അതിനൊരു നിമിത്തമായി എന്നേ ഉള്ളു. 1653-ലെ കൂനൻകുരിശുസത്യം പൂർവ്വിക പൗരസ്ത്യ പാരമ്പര്യങ്ങളിലേക്കുള്ള മലങ്കരസഭയുടെ തിരിച്ചുപോക്കായിരുന്നു. 1599-ലെ തീരുമാനത്തിൽ ഉറച്ചുനിന്നവരെ പഴയകൂറ്റുകാരായും അതിനു മുമ്പുള്ള അവിഭക്ത സഭയുടെ അതിപ്രാചീനമായ പൗരസ്ത്യ പാരമ്പര്യത്തിലേക്കു മടങ്ങിപ്പോയവരെ പുത്തൻകൂറ്റുകാരായും കത്തോലിക്കാസഭ 1653 മുതൽ വിശേഷിപ്പിച്ചുപോരുന്നു. മലങ്കരസഭയിൽ ഒരു ഭാഗം ബിഷപ്പിന്റെ കീഴിൽ സുസംഘടിതരായി കഴിഞ്ഞപ്പോൾ മറുവിഭാഗം ഒരു ബിഷപ്പില്ലാത്ത അവസ്ഥയിലായി. അലക്സാണ്ട്രിയായിലെ ആദിമ പാരമ്പര്യവും മലങ്കരസഭയുടെ പൈതൃകവും അനുസരിച്ച് പന്ത്രണ്ടു പ്രസ്ബിറ്റർമാരുടെ (കത്തനാർമാരുടെ) കാർമ്മികത്വത്തിൽ ഒരു ബിഷപ്പ് ആലങ്ങാട്ടുവച്ച് പൊതുസമ്മതപ്രകാരം വാഴിക്കപ്പെട്ടു എങ്കിലും സമാന്തരവിഭാഗം ഈ മെത്രാനെ സ്ഥാനസാധുതയില്ലാത്ത മെത്രാൻ എന്ന് പരിഹസിച്ചു. മെത്രാന്മാർ കൂടി ഒരു മെത്രാനെ വാഴിക്കുന്ന പാരമ്പര്യമല്ലാതെ പ്രസ്ബിറ്റർമാർ ചേർന്ന് ഒരു മെത്രാനെ വാഴിക്കുന്ന പൗരസ്ത്യ സമ്പ്രദായം (അലക്സാണ്ട്രിയൻ രീതി) പാശ്ചാത്യ സഭകൾക്കു അറിയാമായിരുന്നില്ല. അവരുടെ വ്യാഖ്യാനവും പ്രചാരണവും മൂലം ബിഷപ്പ് പാരമ്പര്യം ഉള്ള മറ്റ് പൗരസ്ത്യസഭകളുടെ സഹായം തേടുവാൻ മലങ്കരസഭ നിർബ്ബദ്ധയായി. അങ്ങനെയാണ് അലക്സാണ്ട്രിയാ, പേർഷ്യാ, ജെറുസലേം, അന്ത്യോഖ്യാ എന്നീ സ്ഥലങ്ങളിലേയ്ക്കു മലങ്കരസഭ സഹായത്തിനായി സന്ദേശങ്ങളയച്ചത്.

ഈ സന്ദേശത്തിന് പ്രതികരണമായി, ആദ്യം വന്നത് 1665-ൽ ജെറുസലേമിന്റെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആയിരുന്നു. അബ്ദുൽ ജലീൽ ബാവാ എന്നു വിളിക്കപ്പെടുന്ന ഇദ്ദേഹം യെരുശലേമിലുണ്ടായിരുന്ന കോപ്റ്റിക്, സിറിയൻ, മെൽക്കയിറ്റ്, അർമ്മീനിയൻ, കത്തോലിക്കാ-കൽദായ എന്നീ സഭകളിൽ ഏതു സഭയുടെ മെത്രാപ്പോലീത്താ ആയിരുന്നുവെന്ന് ഇതുവരെയും പ്രമാണങ്ങളുടെ പിൻബലത്തോടെ തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ഇദ്ദേഹത്തിന് ശേഷം 1685-ൽ കേരളത്തിലെത്തിയ യൽദോ മാർ ബസ്സേലിയോസ് മഫ്രിയാനായും മാർ ഈവാനിയോസും വന്നിട്ടുള്ളത് യഥാക്രമം പേർഷ്യൻ സഭയിൽ നിന്നും അന്ത്യോഖ്യാ സുറിയാനി സഭയിൽ നിന്നും ആണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അതിൽ മാർ ബസ്സേലിയോസ് ഏതാനും ദിവസങ്ങൾ മാത്രമേ കേരളത്തിൽ ജീവിച്ചുള്ളു. അർമ്മീനിയൻ കച്ചവടക്കാരോടൊപ്പം വന്ന

ഈ രണ്ടു പേരിൽ ഇതരൻ മാർ ഈവാനിയോസ് ഇവിടെ ജീവിച്ചിരുന്ന എട്ടു വർഷങ്ങൾകൊണ്ട് മലങ്കരസഭയുടെ പൗരസ്ത്യ പാരമ്പര്യത്തെ അന്ത്യോഖ്യാ സുറിയാനിസഭയുടെ പാരമ്പര്യമായി വഴിതിരിച്ചു വിട്ടു. അദ്ദേഹം പോയ വഴിയിലൂടെ 1751-ൽ വന്ന സഭാപിതാക്കന്മാരിൽ, കൂടുതൽ കാലം ഇവിടെ ജീവിച്ച മറ്റൊരു ഈവാനിയോസ് കൂടി സഞ്ചരിച്ചപ്പോൾ ആ വഴി ഏറെ വെളിവായി. മലങ്കരസഭയുടെ പൗരാണിക ബന്ധങ്ങൾ അന്ത്യോഖ്യൻ സഭയുമായിട്ടാണെന്ന് അവർ ഇവിടെ വ്യാഖ്യാനിച്ചത് ഏറ്റുപാടാൻ ആളുണ്ടായി. തദനുസാരിയായ സഭാചരിത്രങ്ങളും പാട്ടുകളും ആരാധനാ സാഹിത്യവും വിരചിതമായി. അന്ത്യോഖ്യൻ സഭയുടെ കാനോനാകൾ ആദ്യമായി മലങ്കരസഭയിൽ പ്രചരിച്ചു. 1685 മുതൽ നേരിയ തോതിലും 1751 മുതൽ വർദ്ധിച്ച തോതിലും പ്രകടമായ അന്ത്യോഖ്യൻ സുറിയാനി സഭയുടെ ആത്മീയ അധീശത്വം, ക്രമേണ ഒരു മാനസിക അടിമത്തമായി വളരുകയായിരുന്നു. മെത്രാൻസ്ഥാനം നൽകുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസോ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു പ്രതിനിധിയോ അനിവാര്യമാണെന്നുള്ള അവരുടെ പ്രചാരണം ജനഹൃദയങ്ങളിൽ ഉറയ്ക്കുവാൻ തുടങ്ങി. 19-ാം നൂറ്റാണ്ട് ആരംഭിച്ചപ്പോഴേക്കും ആംഗ്ലിക്കൻ സഭയിൽ നിന്ന് ചില പാഠങ്ങൾ മലങ്കരസഭ ഉൾക്കൊണ്ടു. യാതൊരു പാത്രിയർക്കീസും ഇല്ലാത്ത ആംഗ്ലിക്കൻ സഭയിൽ ഒരു ബിഷപ്പ് മറ്റൊരു ബിഷപ്പിനെ വാഴിയ്ക്കുന്ന പതിവുള്ളതായി മലങ്കരസഭ മനസ്സിലാക്കി. അങ്ങനെയാണ് 1815-ൽ ഒരു നാട്ടു മെത്രാനിൽ നിന്ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമൻ മെത്രാൻ പട്ടം സ്വീകരിച്ചത്. ഒന്നര നൂറ്റാണ്ടിന് ശേഷമുള്ള ഈ വ്യതിയാനത്തിൽ ജനം ഒറ്റക്കെട്ടായതുകൊണ്ട് അന്ത്യോഖ്യൻ നേതൃത്വം രോഷം പ്രകടിപ്പിക്കാനാവാതെ നിസഹായതയിൽ കഴിഞ്ഞു. പിന്നീട് രണ്ടു മെത്രാന്മാർ കൂടി തുടർച്ചയായി നാട്ടു മെത്രാന്മാരാൽ അവരോധിക്കപ്പെട്ടിട്ടും ആർക്കും ഭിന്നാഭിപ്രായമൊന്നും ഉണ്ടായില്ല. എന്നാൽ മിഷനറിമാരുടെ നേതൃത്വത്തിൽ നവീകരണപക്ഷത്തോട് ചായ്‌വുള്ള ഒരു വിഭാഗം മലങ്കരസഭയിൽ രൂപപ്പെട്ടപ്പോൾ സ്ഥിതി വഷളാവാൻ തുടങ്ങി. നവീകരണത്തോടുള്ള ആഭിമുഖ്യത്തെപ്രതി, തക്സാ നവീകരിച്ച് വി. കുർബാന ചൊല്ലാൻ ധൈര്യപ്പെട്ട പാലക്കുന്നത്ത് അബ്രഹാം മല്പാൻ തുടങ്ങിയവരെ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ മുടക്കിയതോടെ മെത്രാനെതിരായ പ്രവർത്തനങ്ങളിലേക്കു നവീകരണാശയക്കാർ തിരിഞ്ഞു. ആദ്യമായി ഒരു സമാന്തര മെത്രാനെ സൃഷ്ടിക്കാനാണ് അവർ ശ്രമിച്ചത്. അസംതൃപ്തരായും നിസ്സഹായരായും കഴിഞ്ഞിരുന്ന അന്ത്യോഖ്യൻ സഭാകേന്ദ്രത്തിലേക്ക് മെത്രാപ്പോലീത്തായുടെ മുടക്കിൽ നിന്നിരുന്ന പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശനെ പാലക്കുന്നത്ത് അബ്രഹാം മല്പാൻ നിയോഗിച്ചു. മലങ്കരസഭ വൈധവ്യത്തിലാണെന്ന് മാത്യൂസ് ശെമ്മാശൻ

പാത്രിയർക്കീസിനെ തെറ്റിദ്ധരിപ്പിച്ചു. മലങ്കരസഭയെ കീഴമർത്താൻ ലഭിച്ച അവസരം പാത്രിയർക്കീസ് ഉപയോഗപ്പെടുത്തി. ഒരു കോളനി സ്വന്തം ആധിപത്യത്തിൽ കീഴടക്കിയ ആഹ്ലാദത്തോടെ ശെമ്മാശൻ, മാർ അത്താനാസ്യോസ് എന്ന പേരിൽ മലങ്കര മെത്രാൻ സ്ഥാനവും സുസ്ഥാത്തിക്കോനും പ്രാപിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും നേരിട്ട് മെത്രാൻപട്ടം ഏറ്റതായി ചരിത്രത്തിൽ നാം ആദ്യം കാണുന്നത് പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിനെ ആണ്.

തന്റെ മുടക്കിനെ അവഗണിച്ചും തന്റെ അറിവു കൂടാതെയും കീഴ്നടപ്പിന് വിരോധമായും അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻ സ്ഥാനം പ്രാപിച്ചുവന്ന ആളാണെങ്കിലും ഒരു ജൂനിയർ മെത്രാച്ചനായി അദ്ദേഹത്തെ അംഗീകരിക്കാമെന്ന്, ചേപ്പാട്ട് മാർ ദീവന്നാസിയോസ് ദൂരക്കാഴ്ചയോടു കൂടി അനുരഞ്ജനത്തിന് തയ്യാറായി. 1019 ചിങ്ങം 3-ന് (1843 ആഗസ്റ്റ്) പുതിയ മെത്രാന്റെ സ്താത്തിക്കോൻ വായിച്ചുകേട്ട് 'ഓക്സിയോസ്' പാടാൻ കീഴ്നടപ്പുപ്രകാരം മലങ്കര മെത്രാൻ ഒരു പള്ളി പ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. കണ്ടനാട് ചേർന്ന യോഗത്തിൽ സ്താത്തിക്കോൻ വായന നടന്നില്ല (സ്താത്തിക്കോന്റെ അസ്സൽരേഖ ആരും കണ്ടിട്ടില്ല, സെമിനാരിക്കേസിൽ പോലും സ്താത്തിക്കോന്റെ പകർപ്പു മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. റോയൽക്കോടതി വിധിയിൽ ആ സ്താത്തിക്കോനിലെ ചില വാക്യങ്ങൾ ചേർത്തിട്ടുള്ളത് വിവർത്തനം ചെയ്തു ചേർക്കുകയാണ്. "..... പ്രിയ വാത്സല്യ മക്കളേ, നാം വീണ്ടും നിങ്ങളെ അറിയിക്കുന്നതെന്തെന്നാൽ, നിങ്ങൾ അയച്ചിരുന്ന കത്തുകളിൽ ഞങ്ങൾക്കു ഇടയനും പൗരോഹിത്യവും മാമ്മൂദീസായും ഭരണകർത്താവും ഇല്ല എന്നും മറ്റും പരാതിയായി അയച്ചുവല്ലോ. ..."[11] ഈ രേഖയിൽ കാണുംപ്രകാരം മലങ്കരസഭയിൽ പൗരോഹിത്യവും മറ്റും ഇല്ലെന്ന് വ്യാജമായി രേഖപ്പെടുത്തിയ കത്തുകൾ ഹാജരാക്കി തെറ്റിദ്ധരിപ്പിച്ചാണ് പുതിയ മെത്രാൻ പാത്രിയർക്കീസിൽ നിന്ന് സ്ഥാനം പ്രാപിച്ചതെന്ന് സ്പഷ്ടം. മലങ്കര മെത്രാനും മലങ്കരസഭയിലെ ജൂനിയർ മെത്രാനായിരുന്ന അഞ്ഞൂർ പീലക്സിനോസും ജീവിച്ചിരിക്കേയാണ് പാലക്കുന്നത്ത് അബ്രഹാം മല്പാൻ തുടങ്ങിയവർ ആ അസത്യ ലേഖനം പാത്രിയർക്കീസിന് കൊടുത്തയച്ചത്. കണ്ടനാട് പള്ളിപ്രതിപുരുഷയോഗത്തിൽ, അദ്ധ്യക്ഷം വഹിക്കുന്ന ചേപ്പാട്ട് മെത്രാച്ചന്റെ സാന്നിധ്യത്തിൽ ഈ വ്യാജം പ്രഖ്യാപിക്കാനുള്ള സങ്കോചം മൂലമായിരിക്കാം കണ്ടനാട് സമ്മേളനത്തിൽ ആ രേഖ വായിക്കാതെ കശപിശയായി പിരിഞ്ഞത്). തുടർന്ന് മലങ്കരയിൽ രണ്ടു ഗ്രൂപ്പുകൾ രൂപപ്പെട്ടു. രണ്ടു ഗ്രൂപ്പും പാത്രിയർക്കീസിനെ പ്രമാണവത്ക്കരിക്കുവാൻ അഹമഹമികയാ വെമ്പൽ കൂട്ടി. നവീകരണവാദക്കാർ പുതിയ മെത്രാച്ചനെ നേതാവായി അംഗീകരിച്ചു.

നവീകരണത്തെ അംഗീകരിക്കുന്ന ബ്രിട്ടീഷ് റസിഡന്റ് മാവേലിക്കര സുന്നഹദോസിൽ വച്ച് മിഷനറിബന്ധം വിച്ഛേദിച്ച ചേപ്പാട്ട് മെത്രാച്ചനോട് പ്രതികാരമുള്ളവനായിരുന്നു. തന്മൂലം രാജകീയാംഗീകാരത്തിനുള്ള മാർ അത്താനാസ്യോസിന്റെ അപേക്ഷയെ പരിശോധനയും വിലയിരുത്തലും കൂടാതെ അംഗീകരിച്ചു (കോട്ടയത്തു പാർത്തുവരുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു വയസ്സുകാലമായി സ്ഥാനമൊഴിഞ്ഞിരിക്കകൊണ്ടും ആ സ്ഥാനത്തേയ്ക്ക് അന്ത്യോഖ്യയിൽ നിന്ന് എഴുത്തും വാങ്ങിക്കൊണ്ട് വന്നിരിക്കുന്ന "മാർ അത്താനാസ്യോസിനെ" എന്ന് രേഖപ്പെടുത്തിയ രാജകീയ വിളംബരം ശ്രദ്ധേയമാണ്. കൂടാതെ അന്ത്യോഖ്യാ പാത്രിയർക്കീസ് തിരുമനസ്സുകൊണ്ട് അവിടുത്തെ വരുതിയും അറിവും കൂടാതെ പ്രവർത്തിക്കുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കിയിരിക്കുന്നു എന്ന് പുതിയ മെത്രാച്ചൻ റസിഡണ്ടിന് വ്യാജമായി റിപ്പോർട്ട് എഴുതുകയും ചെയ്തു.

മാർ അത്താനാസ്യോസിന്റെ സ്താത്തിക്കോൻ വ്യാജസൃഷ്ടിയാണെന്ന് അത് പ്രത്യക്ഷപ്പെട്ട ഉടനെ പരാതി ഉയർന്നിരുന്നു.[12] പരാതികൾ ഏറെ താമസിയാതെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മുമ്പിലെത്തി. വാദിയും പ്രതിയും തന്റെ മുമ്പിൽ അഭയ യാചനയുമായി വന്നിരിക്കുന്നത് അദ്ദേഹത്തെ പ്രസാദിപ്പിച്ചിരിക്കണം. വാദികളുടെ വാദം വിലയിരുത്തുവാൻ പാത്രിയർക്കീസ് യൂയാക്കീം മാർ കൂറിലോസിനെ മലങ്കരയിലയച്ചിരുന്നു. അദ്ദേഹം വാദികളുടെ വാദങ്ങൾ പരിശോധിച്ചു. ബോദ്ധ്യപ്പെട്ടു, പ്രതിയായ മാർ അത്താനാസ്യോസിനെ മുടക്കുന്നതായി പാത്രിയർക്കീസിന്റെ ഒരു കല്പന പ്രസിദ്ധപ്പെടുത്തി. യുദ്ധരംഗത്തു നിന്ന് മാറിയതായി ചേപ്പാട്ട് മെത്രാച്ചൻ എഴുതിക്കൊടുത്ത രേഖ ലഭിച്ചപ്പോൾ രാജിവച്ച ചേപ്പാട്ട് മെത്രാച്ചന്റെ സ്ഥാനത്ത് യൂയാക്കീം മാർ കൂറിലോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി നിയമിച്ചതായുള്ള പാത്രിയർക്കീസിന്റെ മറ്റൊരു കല്പനയും മാർ കൂറിലോസ് പ്രസിദ്ധപ്പെടുത്തി. ഈ കല്പനകളോടൊപ്പം തന്റെ മലങ്കര മെത്രാപ്പോലീത്താസ്ഥാനം രാജകീയ വിളംബരപ്രകാരം അംഗീകരിക്കുവാൻ പരദേശ മെത്രാനും അപേക്ഷ നൽകിയിരുന്നു. പാലക്കുന്നത്തു മെത്രാച്ചന്റെയും പരദേശമെത്രാന്റെയും അപേക്ഷകൾ 1848-ൽ കൊല്ലത്തു കൂടിയ കമ്മിറ്റി പരിശോധിച്ചു. പരദേശ മെത്രാൻ ഹാജരാക്കിയ രേഖകൾ പലതും വ്യാജനിർമ്മിതമാണെന്ന് കമ്മിറ്റി തീരുമാനിക്കുകയും, പാലക്കുന്നത്ത് മെത്രാച്ചനനുകൂലമായി വിധി പ്രസ്താവിക്കുകയും ചെയ്തു. തുടർന്ന് നിയമ യുദ്ധങ്ങൾ പലതും നടന്നു. പാത്രിയർക്കീസിന്റെ സ്ഥാനദാനത്തിന്റെ ബലത്തിൽ അവകാശങ്ങൾ ഉന്നയിച്ചിരുന്ന പാലക്കുന്നത്തു മെത്രാച്ചൻ, പാത്രിയർക്കീസ് തന്റെ താല്പര്യങ്ങൾക്കു വിരുദ്ധമായി യൂയാക്കീം കൂറിലോസിന്റെ

ഗ്രൂപ്പിന് പിന്തുണ നൽകുന്നതായി ഗ്രഹിച്ചപ്പോൾ കർമ്മനിരതനായി. മല ങ്കരക്കാനോൻ എന്ന പേരിൽ പൂർവ്വികമായി മലങ്കരയിൽ നടപ്പിലിരുന്ന കാനോന്റെ വിവർത്തനം എന്ന് വിശേഷണം നൽകി അദ്ദേഹം ഒരു കാനോൻ പ്രസിദ്ധീകരിച്ചു. ആ കാനോനിൽ പാത്രിയർക്കീസ് – കാതോ ലിക്കാസ്ഥാനികളുടെ പേരുകൾ പോലും സൂചിപ്പിച്ചിട്ടില്ല. ആംഗ്ലേയ വിദ്യാ ഭ്യാസവും സുറിയാനി വിദ്യാഭ്യാസവും ഗണ്യമായി നേടിയ പാലക്കു ന്നത്തു മെത്രാച്ചൻ പറയുന്നത് അജ്ഞത മൂലം സാധാരണജനതയ്ക്കും നവീകരണചായ്‌വു മൂലം ബ്രിട്ടീഷ് റസിഡന്റിനും റസിഡന്റിന്റെ ആജ്ഞാനുവർത്തികളെന്ന നിലയിൽ തിരുവിതാംകൂർ – കൊച്ചി സർക്കാ റുകൾക്കും സമ്മതമായിരുന്നു. ഈ മലവെള്ളപ്പാച്ചിലിനെ തടുക്കാനാ വാതെ ചേപ്പാട്ട് മെത്രാച്ചൻ പിൻമാറുകയും ഏറെത്താമസിയാതെ അന്ത രിക്കുകയും ചെയ്തു. യൂയാക്കീം കൂറിലോസിന്റെ വ്യവഹാരങ്ങൾ പരാ ജയപ്പെട്ടുകൊണ്ടേയിരുന്നപ്പോൾ ശക്തിപകരുവാൻ സ്തേഫാനോസ് മാർ അത്താനാസ്യോസിനെ കേരളത്തിലേക്കയച്ചുവെങ്കിലും ആ ദൗത്യവും വിജയത്തിലെത്തിയില്ല. ഒടുവിൽ പാത്രിയർക്കീസ് കേരളത്തിലേക്കെ ഴുതി: "…. അന്ത്യോഖ്യായിൽ നിന്ന് മെത്രാന്മാരെ അയയ്ക്കുന്നതുകൊണ്ട് മലങ്കര സുറിയാനിക്കാർക്ക് വലിയ ഗുണമൊന്നും സിദ്ധിച്ചു കാണുന്നില്ല. പരദേശികളായ മെത്രാന്മാർ മലങ്കരയിൽ വന്നുചേരുമ്പോൾ രാജ്യം പിടി ക്കായ്കയാൽ രോഗികളായിത്തീരുന്നതിന് പുറമെ മലയാള ഭാഷ അറി യായ്കയാൽ അവർക്കു അധികം ബുദ്ധിമുട്ടിനും പ്രയാസത്തിനും ഇട വരുന്നു. വിശേഷിച്ച് മാർ അത്താനാസ്യോസിന്റെ ഉപദ്രവത്താൽ കോട തികൾ കേറാനും സംഗതി വരുന്നു. മലയാളത്തുകാരെ പട്ടമേല്പിച്ചാൽ പരദേശികളെക്കൊണ്ടു ഉണ്ടാവുന്നതിലധികം പ്രയോജനം ഉണ്ടാകുന്ന താണ്. അതുകൊണ്ടു ജനസമ്മതന്മാരും ദൈവഭക്തിയും വിവേകമുള്ള വരും ആയ ഒന്നുരണ്ടു പട്ടക്കാരെ തെരഞ്ഞെടുത്ത് ഉടനെ അയച്ചുകൊ ള്ളണം. ….."[13] ഈ പശ്ചാത്തലത്തിലാണ് പുലിക്കോട്ടിൽ യൗസേപ്പ് കത്ത നാർ പൊതുസമ്മതപ്രകാരം മെത്രാൻസ്ഥാനമേൽക്കുവാൻ പരദേശയാ ത്രയ്ക്കു ഒരുങ്ങിയത്.

## ഗ്രന്ഥകർത്താവ്, ലഘുജീവചരിത്രം

കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ കുടുംബത്തിൽ 1832 വൃശ്ചികം 24–നു കുരിയൻ– താണ്ടമ്മ ദമ്പതിമാരുടെ പുത്രനായി ഇദ്ദേഹം ജനിച്ചു. മലയാളം, സുറി യാനി, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിൽ അസാമാന്യപാടവം ബാല്യ ത്തിൽത്തന്നെ സമ്പാദിച്ചു. ആർത്താറ്റു കമ്പോളത്തിൽ, അക്കാലത്ത് പൊന്നാനി, ചാവക്കാട് തുറമുഖങ്ങൾ വഴി യാത്രചെയ്യുന്ന വ്യാപാരികളും ഉദ്യോഗസ്ഥന്മാരും സുലഭമായി കാണപ്പെടുമായിരുന്നു. മലബാറിൽ നിന്ന്

കൊച്ചിയിലേക്കും മറ്റും യാത്ര ചെയ്യുന്ന സായിപ്പന്മാർ പലപ്പോഴും ആർത്താറ്റ് പള്ളി സന്ദർശിക്കുമായിരുന്നു. സന്ദർഭങ്ങളെയും അവസരങ്ങളെയും പരമാവധി ഉപയോഗപ്പെടുത്തുക സ്വഭാവമായിരുന്ന യൗസേപ്പ് അവരിൽ പലരിൽ നിന്നുമായി അറബി, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളും കൈകാര്യം ചെയ്യാൻ പരിശീലിച്ചു. ചേപ്പാട്ട് മാർ ദീവന്നാസ്യോസ്, യൗസേപ്പിന് കോതമംഗലം ചെറിയപള്ളിയിൽ വച്ച് 1021 (1845 A.D.) കന്നി 23-ന് കോറൂയോ സ്ഥാനം നൽകി. വലിയപ്പനായ പുലിക്കോട്ടിൽ ജോസഫ് കത്തനാരോടൊന്നിച്ച് യൗസേപ്പ് കോറൂയോ ആർത്താറ്റ് പള്ളിയിൽ താമസിച്ച് പഠനങ്ങൾ തുടർന്നു. അക്കാലത്താണ് 1022 ചിങ്ങ മാസത്തിൽ (1846) യൂയാക്കീം മാർ കൂറിലോസ് മലങ്കരയിൽ എത്തുന്നത്. അറബിയും സുറിയാനിയും മാത്രം അറിയുന്ന പരദേശ മെത്രാന്റെ സെക്രട്ടറിയും ദ്വിഭാഷിയുമായി യൗസേപ്പ് കോറൂയോ സ്വീകരിക്കപ്പെട്ടു. രണ്ടു വർഷം കഴിഞ്ഞ് പരദേശത്ത് നിന്ന് വന്ന മാർ സ്തേഫാനോസും ശിമയോൻ റമ്പാച്ചനുമായി യൗസേപ്പ് കോറൂയോ അടുത്തിടപെട്ടു. അങ്ങനെ ഈ സമ്പർക്കം കൊണ്ട് സുറിയാനി-അറബി ഭാഷകൾ നന്നായി ആശയവിനിമയം ചെയ്യാനുള്ള ശേഷി അദ്ദേഹം നേടി. വേദശാസ്ത്രവും തത്വശാസ്ത്രവും ഇക്കാലത്ത് ശിമയോൻ റമ്പാച്ചനിൽ നിന്ന് അദ്ദേഹം അഭ്യസിച്ചു. മാർ സ്തേഫാനോസ് മെത്രാൻ, അദ്ദേഹത്തിന് ആർത്താറ്റ് പള്ളിയിൽ വച്ച് പൂർണ്ണ ശെമ്മാശുപട്ടം നൽകി. 1028 (1852) ചിങ്ങം 6-ന് ചാലശ്ശേരി പള്ളിയിൽ വച്ച് യൂയാക്കീം മാർ കൂറിലോസിൽ നിന്ന് ഇദ്ദേഹം കശ്ശീശാപട്ടം സ്വീകരിക്കുകയും ചിറളയം പള്ളിയിൽ പുത്തൻ കുർബ്ബാന ചൊല്ലുകയും പഴഞ്ഞിപ്പള്ളിയിൽ വികാരിയായി നിയമിക്കപ്പെടുകയും ചെയ്തു. പാലക്കുന്നത്തു മെത്രാച്ചനെതിരായും തൊഴിയൂർ മാർ കൂറിലോസിന് എതിരായുമുള്ള വ്യവഹാരങ്ങൾ യൂയാക്കീം കൂറിലോസിന് വേണ്ടി നടത്തിയത് യൗസേപ്പ് കത്തനാരാണ്; എങ്കിലും പരദേശികൾ ആയ വാദികൾക്കനുകൂലമായി ഒരു വ്യവഹാരത്തിലും വിധിയുണ്ടായില്ല. ഈ പരിതഃസ്ഥിതിയിലാണ് പാത്രിയർക്കീസ് ബാവായുടെ ക്ഷണപ്രകാരവും മലങ്കരസഭയുടെ പൊതു സമ്മതപ്രകാരവും യൗസേപ്പ് കശീശാ മട്ടുമ്മേൽ ഗീവർഗീസ് കശീശയും സ്വപരിചാരകൻ കുത്തൂർ താരപ്പനുമൊന്നിച്ച് പരദേശത്ത് ചെന്നത്. മെത്രാനായി തിരിച്ചെത്തി പാലക്കുന്നത്ത് മെത്രാച്ചനെതിരായ വ്യവഹാരങ്ങൾ ഊർജ്ജിതമായി നടത്തി എങ്കിലും രാജകീയ വിളംബരം പാലക്കുന്നത്തു മെത്രാച്ചനെ എല്ലാ വ്യവഹാരങ്ങളിൽ നിന്നും രക്ഷപ്പെടുത്തി. വ്യവഹാരം നടത്തുമ്പോൾ തന്നെ കർമ്മകുശലനായ ഇദ്ദേഹം കൊച്ചിയിലും കോട്ടയത്തുമായി ഇംഗ്ലീഷിലും മലയാളത്തിലും സുറിയാനിയിലും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ സൗകര്യമുള്ള അച്ചടിശാലകൾ ആരംഭിച്ചു. മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്ത പ്രാർത്ഥനാക്രമങ്ങളുടെ അച്ചടിയാണ് കൂടുതലും

നടന്നത്. കൂട്ടത്തിൽ കേരളപതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ, ജീവനിക്ഷേപം എന്നീ നാല് പ്രസിദ്ധീകരണങ്ങൾ അദ്ദേഹം ആരംഭിച്ചു. കൊച്ചി-തിരുവിതാംകൂർ സംസ്ഥാനങ്ങളിലായി ഇരുനൂറ്റമ്പതിലേറെ മലയാളം പള്ളിക്കൂടങ്ങൾ അദ്ദേഹം സ്ഥാപിച്ചു. രണ്ടു ഡസനിലധികം ദേവാലയങ്ങൾ സ്ഥാപിച്ചു. മാവേലിക്കര, കുന്നംകുളം, കോട്ടയം (എം.ഡി.), പരുമല എന്നിവിടങ്ങളിൽ സെമിനാരികൾ സ്ഥാപിക്കുകയും വൈദികവിദ്യാഭ്യാസം ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ ഒന്നാമത്തെ സന്യാസാശ്രമം വെട്ടിക്കലിൽ സംവിധാനം ചെയ്യുകയും അതിന്റെ തലവനായി യോഗ്യനായ ഒരാളെ കണ്ടെത്തി സന്യാസം നൽകി അവിടെ നിയമിക്കുകയും ചെയ്തു (ഈ സന്യാസിയാണ് പില്ക്കാലത്ത് മലങ്കര സഭയിലെ പ്രഖ്യാപിത പരിശുദ്ധൻ ആയി അറിയപ്പെടുന്ന ചാത്തുരുത്തിൽ മെത്രാച്ചൻ അഥവാ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി). ഇംഗ്ലീഷ് വിദ്യാഭ്യാസ പുരോഗതിയ്ക്കായി കുന്നംകുളത്തും തിരുവല്ലായിലും ഹൈസ്കൂൾ സ്ഥാപിച്ചതും ഇദ്ദേഹം തന്നെ. മലങ്കരസഭയിൽ സണ്ടേസ്കൂൾ പ്രസ്ഥാനം, മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനം, വൈദികസംഘം, മഹാജനസഭ എന്നിവയുടെ പ്രോദ്ഘാടകനും ഇദ്ദേഹം തന്നെ.

വ്യവഹാരം എങ്ങുമെത്തുന്നില്ല എന്ന് കണ്ടപ്പോൾ ശീമയിലെ പാത്രിയർക്കീസിനെ ക്ഷണിച്ചുവരുത്തി. പാത്രിയർക്കീസ് അധികാരസ്ഥാനങ്ങളിൽ സമ്മർദ്ദം ചെലുത്തുകയാൽ രാജകീയ വിളംബരം പിൻവലിക്കപ്പെട്ടു. തുടർന്നു നടന്ന സെമിനാരി വ്യവഹാരത്തിൽ പാലക്കുന്നത്തു മെത്രാച്ചൻ പൂർണ്ണമായി പരാജയപ്പെടുകയും മലങ്കരസഭയുടെ എല്ലാ സ്ഥാപനങ്ങളും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് കൈമാറുവാൻ നിർബന്ധിതനാവുകയും ചെയ്തു. അങ്ങനെ ആ രാജർഷി കൈവച്ച എല്ലാ രംഗങ്ങളിലും അന്തിമ വിജയം നേടി. അദ്ദേഹത്തിന്റെ കാലത്തു ആദ്യമായി മലങ്കര അസോസ്യേഷൻ, മാനേജിംഗ് കമ്മിറ്റി എന്നീ പ്രസ്ഥാനങ്ങൾ സഭാഭരണ ക്രമീകരണങ്ങളായി നിലവിൽ വന്നു. പ്രഗത്ഭമതിയായ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസിനെ പിൻഗാമിയായി ചുമതലയേല്പിച്ച് 1909 മിഥുനം 28-ന് പരലോകം പൂകി.

അന്യാദൃശമായ അനുഭവങ്ങളുടെ ഉടമ, ബഹുഭാഷാ പണ്ഡിതൻ, അനുരഞ്ജന സമർത്ഥനായ അജപാലകൻ, സാക്ഷരകേരളത്തിന്റെ ശില്പി, ആദ്യകാല പത്രപ്രവർത്തകൻ, ഭാഷാഭിമാനി, മർമ്മഗ്രാഹിയായ എഴുത്തുകാരൻ, കർമ്മകുശലനായ ദേശാഭിമാനി, കേരളത്തിലെ ആദ്യത്തെ സമുദായ സംഘടനയായ മലങ്കര അസോസിയേഷന്റെ സ്ഥാപകൻ, കേരളത്തിലെ ആദ്യത്തെ ദയറാ സ്ഥാപകൻ എന്നിങ്ങനെ അദ്ദേഹത്തിന് കൊടുക്കാവുന്ന ബിരുദങ്ങൾ അനവധിയാണ്.

## യാത്രാവിവരണത്തിന്റെ രചനാകാലം

കൊല്ലം 1038 കുംഭമാസം 27-ന് കുന്നംകുളത്തു നിന്ന് ആരംഭിക്കുന്ന പരദേശയാത്ര ഉദ്ദിഷ്ട ലക്ഷ്യങ്ങൾ നേടി 1040 തുലാം 20-ാം തീയതി അവസാനിക്കുന്നു. ഏകദേശം പത്തൊമ്പതു മാസത്തോളം നീണ്ടുനിന്ന യാത്ര. നമ്മുടെ ആദ്യകാല യാത്രാവിവരണ കൃതികൾക്കു ആധാരമായ യാത്രകളുടെ ദൈർഘ്യം പരിശോധിച്ചാലും 'പരദേശയാത്ര'യ്ക്ക് രണ്ടാം സ്ഥാനമാണുള്ളത്. അതിസൂക്ഷ്മമായ നിരീക്ഷണങ്ങളും വിദേശയാത്ര യിൽവച്ചു പരിചയപ്പെട്ട വ്യക്തികളുടെ പേരുകളും സ്ഥലങ്ങളും മറ്റും അതത് ദിവസത്തെ ഡയറിക്കുറിപ്പുകളെ ആധാരമാക്കി എഴുതിയതാ വാനേ നിവൃത്തിയുള്ളു. ഇടയ്ക്കിടെ യാത്രയിൽ ദേവാലയങ്ങളിലും ദയ റാകളിലും (സന്യാസാശ്രമങ്ങൾ) താമസിച്ചപ്പോൾ ഡയറിക്കുറിപ്പുകളെ ആധാരമാക്കി അദ്ധ്യായരൂപത്തിൽ സംവിധനം ചെയ്തു കാണുന്നു. അദ്ധ്യായങ്ങൾക്കാധാരമായി കാണുന്നത് കാലദൈർഘ്യമല്ല. വിശ്രമിച്ച സ്ഥലങ്ങളെ അടിസ്ഥാനമാക്കി കാലം വിഭജിച്ചിരിക്കുകയാണ്. ബോംബെ നഗരം എന്ന അദ്ധ്യായം കഴിഞ്ഞാൽ ബോംബെ മുതൽ ബസോറ വരെ, ബസോറ മുതൽ ബാഗ്ദാദ് വരെ, ബാഗ്ദാദ് പട്ടണം, മൂസലിലേക്കുള്ള യാത്ര, മൂസൽ പട്ടണം, മൂസൽ മുതൽ മർദ്ദീൻ വരെ, മർദ്ദീൻ പട്ടണം, കുറുക്കുമ ദയറ എന്നിങ്ങനെയാണ് ശീർഷകങ്ങൾ നൽകിയിട്ടുള്ളത്. ഓരോ സ്ഥലത്തും വിശ്രമിക്കുവാൻ അവസരം ലഭിക്കുമ്പോൾ അതുവ രെയുള്ള ഡയറിക്കുറിപ്പുകളെ ആവശ്യമായ വിവരങ്ങൾ ചേർത്ത് വിക സിപ്പിക്കുകയായിരിക്കണം ചെയ്തിട്ടുള്ളത്. അതുകൊണ്ട് യാത്ര അവ സാനിച്ച (1864) 1040 തുലാം 20-ാം തീയതിയോടുകൂടി ഈ കൃതിയുടെ രചനയും പൂർത്തിയായി എന്ന് കരുതണം. അപ്പോൾ രചനാകാലം 1864 നവംബർ ആണെന്ന് ന്യായമായും വിശ്വസിക്കാവുന്നതാണ്. 'ടൂറിസ്റ്റ് ഗൈഡ്' എന്ന് സഞ്ചാരസാഹിത്യ ചരിത്രകാരൻ തന്നെ വിശേഷിപ്പിച്ച കാശിയാത്രയെ അവഗണിച്ചാൽ 'പരദേശയാത്രയുടെ കഥ' മലയാള ത്തിലെ രണ്ടാമത്തെ യാത്രാവിവരണം എന്ന ബഹുമതി അർഹിക്കുന്നു. അച്ചടിച്ച വർഷം നോക്കി പ്രാചീനകൃതികളെ ലിസ്റ്റ് ചെയ്താൽ തുഞ്ച ത്തെഴുത്തച്ഛന്റെ കൃതികളും കുഞ്ചൻനമ്പ്യാരുടെ കൃതികളും എന്തിന്? രാമചരിത്രം തൊട്ടുള്ള എല്ലാ പ്രാചീന രചനകളും ഇരുപതാം നൂറ്റാ ണ്ടിലെ കൃതികളുടെയും പത്തൊമ്പതാം നൂറ്റാണ്ടിലെ കൃതികളുടെയും കൂട്ടത്തിൽ ലിസ്റ്റ് ചെയ്യേണ്ടി വരും. അച്ചടിച്ച വർഷം പരിഗണിച്ചാൽ ഋഗ്വേദം പോലും പത്തൊമ്പതാം നൂറ്റാണ്ടിലെ രചനയാണെന്ന് പറയേ ണ്ടിവരും, നമ്മുടെ ചരിത്രബോധം അതിന് സമ്മതിക്കുകയില്ലല്ലോ.

### ഗ്രന്ഥസ്വരൂപം

'പരദേശയാത്രയുടെ കഥ'യ്ക്കു ജന്മദേശമേ വിട, കൊച്ചി മുതൽ ബോംബെ വരെ, ബോംബെ നഗരം, ബോംബെ മുതൽ ബസോറ വരെ, ബസോറ മുതൽ ബാഗ്ദാദ് വരെ, ബാഗ്ദാദ് പട്ടണം, മൂസലിലേയ്ക്കുള്ള യാത്ര, മൂസൽ പട്ടണം, മൂസൽ മുതൽ മർദ്ദീൻ വരെ, മർദ്ദീൻ പട്ടണം, കുറുക്കുമാ ദയറാ, ആമീദ്-പട്ടാഭിഷേകം, ആമീദ് മുതൽ തിഗരീസ് വരെ, തിഗരീസ് മുതൽ കൊച്ചി വരെ എന്നിങ്ങനെ പതിനാലു അദ്ധ്യായങ്ങളാണ് ഉള്ളത്. ഏകദേശം അറുപതു പേജു വരും.

ലക്ഷണമൊത്ത ഒരു യാത്രാവിവരണ സാഹിത്യകൃതിയുടെ എല്ലാ മേന്മകളും അവകാശപ്പെടാവുന്ന ഒരു കൃതിയാണിത്. പ്രമേയവും എഴുത്തുകാരന്റെ ആത്മവത്തയുമാണല്ലോ യാത്രാവിവരണത്തിൽ നാം പ്രതീക്ഷിക്കുന്നത്. പല പ്രമേയങ്ങൾക്കും പുതുമ അവകാശപ്പെടാനില്ലാത്തതുകൊണ്ട് യാത്രികന്റെ ആത്മവത്ത മാത്രമേ രസനീയമായി തോന്നാനിടയുള്ളൂ. എന്നാൽ 'പരദേശയാത്രയുടെ കഥ' അങ്ങനെയല്ല, ഇതൊരു തീർത്ഥയാത്രയുടെ കഥയാണ്. ഓർത്തഡോക്സ് സഭയുടെ സിറിയൻ ശാഖ പ്രാചീനങ്ങളായ നിരവധി പുണ്യതീർത്ഥങ്ങളുടെ നാടാണ്; നിരവധി സന്യാസാശ്രമങ്ങളുടെയും ക്രൈസ്തവ ദൈവശാസ്ത്രജ്ഞന്മാരുടെയും തത്വചിന്തകന്മാരുടെയും നാടാണ്. സിറിയൻ ഓർത്തഡോക്സ് സഭയുമായി മലങ്കര ഓർത്തഡോക്സ് സഭ ബന്ധപ്പെട്ട പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യപാദം മുതൽ അവിടെ നിന്നു പല ബിഷപ്പുമാരും മലങ്കര സഭയിൽ എത്തിയിട്ടുണ്ട്. ചിലരൊക്കെ ഇവിടത്തന്നെ അന്ത്യവിശ്രമം കൊള്ളുന്നുമുണ്ട്. എന്നാൽ അന്ത്യോഖ്യാ കേന്ദ്രമായ സിറിയൻ ഓർത്തഡോക്സ് സഭയിലെ തീർത്ഥകേന്ദ്രങ്ങളിലേക്കു നടന്നിട്ടുള്ള യാത്രികരിൽ ഒരു യാത്രാവിവരണകൃതികൊണ്ട് യാത്രയെ ശാശ്വതീകരിച്ചിട്ടുള്ളത് പരദേശയാത്രയുടെ കഥയെഴുതിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ ആണ്. അതിനാൽ ഈ കൃതിയിലെ പ്രമേയത്തിന് പുതുമയുണ്ട്. ഒരു നൂറ്റാണ്ടിന് മുമ്പുള്ള കേരളത്തിലെ യാത്രാ സൗകര്യങ്ങളെപ്പറ്റി ഇന്നുള്ളവർക്കു വലിയ പിടിപാടൊന്നുമില്ല. അക്കാലത്ത് റോഡുഗതാഗതത്തേക്കാൾ ജലഗതാഗതമായിരുന്നു സുഖകരമായിട്ടുള്ളത്. അന്ന് റയിൽവേ നിലവിലില്ല. നദികളെ കാലുകൾക്കിടയിലൂടെ നാട്ട നൂഴാൻ നിർബന്ധിക്കുന്ന കോൺക്രീറ്റ് പാലങ്ങളില്ല. കുന്നംകുളത്തുനിന്ന് കൊച്ചിയിലെത്തുവാൻ ചാവക്കാട് നിന്നോ തൃശ്ശൂർ കൊക്കാലയിൽ നിന്നോ വഞ്ചി മാർഗ്ഗമേ പോവാനൊക്കൂ. ദിവസങ്ങളോളം നീളുന്ന തോണിയാത്ര. അതുപോലെ കപ്പൽയാത്രയുടെ അന്നത്തെ യാതനകളും ഇന്ന് ഒരാൾക്കും വിഭാവനം ചെയ്യാൻപോലും കഴിയുകയില്ല. ഗൾഫ് രാജ്യങ്ങളിലേക്കും അമേരിക്കയിലേക്കും മറ്റും വിമാന

യാത്രകൾ സാധാരണമായിട്ടുള്ള നമ്മുടെ തലമുറയിൽ, ഒരു സഭാതലവൻ കപ്പലിന്റെ പുകയടിയും മറ്റും സഹിച്ചു ദിവസങ്ങളോളം നീളുന്ന സമുദ്രയാത്രയ്ക്കു തയ്യാറാവുന്നതിനെപ്പറ്റി ചിന്തിക്കുവാൻ പ്രയാസം. എന്തും സംഭവിക്കാവുന്ന യാത്രയിലെ അനിശ്ചിതത്വങ്ങൾ, അറബി ലോകത്തെ വ്യത്യസ്ത സംസ്കാരത്തിൽ നിന്ന് നേരിടാവുന്ന ആപൽക്കരമായ വെല്ലുവിളികൾ, ഇവയൊക്കെ നേരിടാനുള്ള യാത്രികന്റെ സന്നദ്ധതയും സാഹസികതയും ഗ്രന്ഥത്തിലുടനീളം പ്രതിഫലിക്കുന്നു. ഉദ്വേഗജനകമായ പല ഭാഗങ്ങളും യാത്രാവിവരണകൃതിയുടെ വിരസതയല്ല, അപസർപ്പകകൃതികളിലെ പരിണാമഗുപ്തിയുടെ രസനീയതയാണ് കാഴ്ചവയ്ക്കുന്നത്. എന്ത് അപ്രതീക്ഷിത പ്രതിസന്ധികളിലും പതറാത്ത ആത്മവിശ്വാസവും ലക്ഷ്യബോധവും പ്രസന്നമായ പ്രതീക്ഷയും നിലനിർത്തുന്ന യാത്രികനിൽ ഒരു പുരോഹിതനെയല്ല, ധീരശാന്തനായ ഒരു നാടക നായക കഥാപാത്രത്തെയാണ് നാം കാണുക. ഒരു നായക കഥാപാത്രത്തിന്റെ വിപദിധൈര്യവും പ്രത്യുല്പന്നമതിത്വവും പ്രകടമാവും. ഒരു വിവരണം ശ്രദ്ധിക്കുക:

"അങ്ങാടിയിൽ പോയി കുറെ ഭക്ഷണസാധനങ്ങൾ വാങ്ങീട്ടു കടൽപുറത്തേക്കു ചെന്നപ്പോൾ ഇതാ കപ്പൽ നീക്കുന്നു. നമ്മുടെ അപ്പോഴത്തെ മനോവികാരം എന്തു മാതിരിയായിരിക്കും? മുസൽമാനുമായുണ്ടായ വാഗ്വാദവും പള്ളിയിലെ താമസവും മറ്റും കൊണ്ടു സമയം പോയതറിഞ്ഞില്ല. നാം വന്നു കേറിയില്ലെന്നു വെച്ചു ഭൂതദയാവിഹീനനായ കപ്പിത്താനുണ്ടോ കപ്പൽ താമസിപ്പിക്കുന്നു! കപ്പൽ നീക്കുന്നതു കണ്ടപ്പോൾ നാം ഉറക്കെ നിലവിളിക്കുകയും കയ്യിലുണ്ടായിരുന്ന തൂവാല പൊക്കി വീശിക്കാണിക്കുകയും ചെയ്തു. കപ്പലിലുണ്ടായിരുന്ന ഗീവറുഗീസു കത്തനാരും താരപ്പനും കിടന്നു നിലവിളിക്കുകയും കൂടി ചെയ്തപ്പോൾ പ്രകൃത്യാ കഠിനമാനസനായ കപ്പിത്താനു അല്പം കരുണതോന്നി കപ്പൽ നിറുത്തി. ഉടനെ രണ്ടു രൂപ കൂലി പറഞ്ഞു നാം ഒരു തോണിയിൽ കേറി കപ്പലിലേക്കു പുറപ്പെട്ടു. തോണി കപ്പലോടടുത്തു നാം ഗോവണി കയറിത്തുടങ്ങിയപ്പോഴേക്കു കപ്പൽ നീക്കിക്കളഞ്ഞതിനാൽ പാവപ്പെട്ട തോണിക്കാരനു കൂലി കൊടുക്കാൻ സാധിച്ചില്ല. ഇതിങ്കൽ നമുക്കു വലിയ ദുഃഖമുണ്ടായി എങ്കിലും നിവൃത്തിയൊന്നുമില്ലായിരുന്നു. ശുണ്ഠിക്കാരനായ കപ്പിത്താൻ തന്നെ ഇതിനു ദൈവത്തോടു സമാധാനം പറയട്ടെ."

ഈ ലഘു വർണ്ണനയിൽ സാഹസികത, വിപദിധൈര്യം, പ്രത്യുല്പന്നമതിത്വം, സ്വഭാവചിത്രണം, രംഗബോധത്തോടെയുള്ള സംഭവ ചിത്രീകരണം, ധർമ്മബോധം ഇവ പ്രകടമാവുന്നത് നമുക്കു ശ്രദ്ധിക്കാതിരിക്കാനാവുമോ?

ഗ്രന്ഥകാരൻ അങ്ങനെയാണ്, യാത്രയിൽ പരിചയപ്പെടുന്നവരെ തന്റെ കഥാപാത്രങ്ങളാക്കുന്ന വൈദഗ്ധ്യം കൃതിയിലുടനീളം നമുക്കു കാണാൻ കഴിയും. കണ്ടുമുട്ടുന്നവരെ അവർ എത്ര ചെറിയവരായാലും വലിയവ രായാലും അവരെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കുന്ന ശൈലി യാണ് ഗ്രന്ഥകാരന്റേത്, ബോംബെയിലെ അനുഭവം കാണുക:

“.... അവിടെ എത്തിയപ്പോൾ ആ വീടു വളരെ ചെറുതാണെന്നു കാണു കയാൽ സാമാനങ്ങൾ അവിടെ വെച്ചിട്ടു ഞങ്ങൾ അവിടുത്തെ അർമ്മേനി യൻ പള്ളി അന്വേഷിച്ചു പുറപ്പെട്ടു. വഴിയിൽ കണ്ട പലരോടും അർമ്മേ നിയൻ പള്ളി എവിടെയാണെന്നു ചോദിച്ചിട്ടു ഒരു ഫലവും ഉണ്ടായില്ല. ഒടുവിൽ ഒരു പോലീസ് കൺസ്റ്റബിളിനെ കണ്ടു. പള്ളി കാണിച്ചു കൊ ടുത്താൽ നാലണ (25 പൈസ - എഡി.) കൊടുക്കാമെന്നു പറഞ്ഞപ്പോൾ അയാൾക്കു വലിയ സന്തോഷമായി. ഞങ്ങളുടെ മാർഗ്ഗദർശിയായി ഈ കൺസ്റ്റബിൾ കുറേ നടന്നതിന്റെ ശേഷം അയാൾ ഞങ്ങളെ ഒരു വലിയ ഗോപുരത്തിന്റെ ഉള്ളിലേക്കു കൊണ്ടുപോയി. അകത്തു ചെന്നപ്പോൾ വെള്ളത്തലപ്പാവു ധരിച്ച അനേകം അറബികളും തുലുക്കരും ഇരിക്കു ന്നതു കണ്ടിട്ടു ഇതാണോ അർമ്മേനിയൻ പള്ളി എന്ന് നാം സംശയഭയ ങ്ങളോടു കൂടി കൺസ്റ്റബിളിനോടു ചോദിച്ചാറെ അതേ എന്നു അയാൾ വീണ്ടും ഉറപ്പിച്ചു പറഞ്ഞു എങ്കിലും ഞങ്ങൾ അയാളുടെ പിന്നാലെ ചെല്ലാതെ മടിച്ചു നിന്നു. ഇതു കണ്ട് അവിടെ ഇരുന്നിരുന്നവർ കൺസ്റ്റ ബിളിനോടു ചോദ്യം ചെയ്യാൻ തുടങ്ങി. അവരിൽ രണ്ടുമൂന്നു പേർ ഞങ്ങ ളുടെ അടുക്കലും വന്നു വിവരം ചോദിച്ചറിഞ്ഞു. ഉടനെ അവർ തിരിയെ ചെന്നു കൺസ്റ്റബിളിനെ അടിക്കാൻ ഭാവിച്ചു. ഇതു കണ്ടപ്പോൾ ഞങ്ങൾ പരിഭ്രമിച്ചു പുറത്തേക്കു ഓടി. ഉടനെ രണ്ടുമൂന്നു പേർ ബദ്ധപ്പെട്ടു വന്നു ഓടീട്ടു ആവശ്യമില്ലെന്നും അതൊരു അറബിപ്പള്ളിയാണെന്നും ‘അർമ്മെ നിയൻ’ എന്ന ശബ്ദം ‘അറബി’ എന്നു കൺസ്റ്റബിൾ തെറ്റിദ്ധരിച്ചതിനാ ലാണു ഈ കുഴപ്പങ്ങളൊക്കെ ഉണ്ടായതെന്നും സാക്ഷാൽ അർമ്മേനി യൻ പള്ളി കാണിച്ചുതരാൻ കൺസ്റ്റബിളിനോടു ശട്ടം കെട്ടീട്ടുണ്ടെന്നും അവർ പറഞ്ഞു. ഈ അറബിപ്പള്ളിയിലുണ്ടായിരുന്നവരെല്ലാം വൃദ്ധന്മാരും മര്യാദക്കാരും ആയിരുന്നതുകൊണ്ടു അപകടമൊന്നും പറ്റിയില്ലെന്നു പറ ഞ്ഞാൽ മതിയല്ലോ.”

എത്രയും കുറഞ്ഞ വാക്കുകളിൽ ഒരു സംഭവത്തിന്റെ വിവരങ്ങളും പണക്കൊതിയനായ കോൺസ്റ്റബിളിന്റെ ചിത്രവും അറബികളെപ്പറ്റി യുള്ള സാക്ഷ്യവും അവതരിപ്പിച്ച് കാര്യങ്ങളെ അവിസ്മരണീയമാക്കു ന്നതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നത് കാണുക.

സാധാരണ ഒരു ക്രിസ്തീയ പുരോഹിതൻ ഇപ്രകാരം ധർമ്മ സങ്കട ങ്ങൾ നേരിടുമ്പോൾ കുറെ പ്രാർത്ഥനകളും മറ്റും എഴുതിപ്പിടിപ്പിക്കുക

പതിവാണ്. എന്നാൽ ഈ കൃതിയിൽ തന്റെ ഭക്തിയും ദൈവാശ്രയവും പ്രദർശനപരതയോടെ വെളിപ്പെടുത്തുന്ന ഒരൊറ്റ ഭാഗം പോലുമില്ല. ഒരു സാഹിത്യകാരന്റെ മർമ്മജ്ഞതയോടെ, വായനക്കാരന്റെ രസനീയതയെ മാത്രം ലക്ഷ്യമാക്കിയാണ് ഈ കൃതിയുടെ രചന, പൂർവ്വഗാമികളായ യാതൊരാളുടെയും രചനകൾ മാതൃകയായി കണ്ടിട്ടില്ലാത്ത ഗ്രന്ഥകാരൻ ഇക്കാര്യത്തിൽ കാണിച്ചിട്ടുള്ള വാചം യമിത്വം ആശ്ചര്യകരമാണ്. തന്റെ ദൈവാശ്രയത്തിന്റെ കഥകൾ പുറംലോകത്തെ അറിയിക്കാതിരിക്കുവാൻ അദ്ദേഹം എക്കാലത്തും ശ്രമിച്ചിരുന്നു. 'പരദേശയാത്ര'യിൽ ഒരു ഭാഗം കാണുക:

"…. അന്ത്യോക്യയിൽ ചെല്ലുമ്പോൾ പാത്രിയർക്കീസു ബാവായിക്കു കൊടുക്കണമെന്നു പറഞ്ഞു മലയാളത്തു നിന്നു ചിലർ നമ്മുടെ സഹായിയായി യാത്ര ചെയ്യുന്ന ഗീവറുഗീസു കത്തനാരുടെ പക്കൽ ചില എഴുത്തുകൾ കൊടുത്തിരുന്നു. പരമാർത്ഥിയായ ഇദ്ദേഹം ഈ എഴുത്തുകൾ എഴുതിയ ആളുകളുടെ അശുദ്ധോദ്ദേശ്യങ്ങൾ ഒന്നും അറിഞ്ഞിരുന്നില്ല. ഈ എഴുത്തുകളുടെ സ്വഭാവത്തെപ്പറ്റി അറിഞ്ഞപ്പോൾ നമുക്കു അപാരമായ ദുഃഖവും സങ്കടവുമു ണ്ടായി. അന്ത്യോക്യയിലേക്കു പുറപ്പെടുന്നതിനു മുമ്പു തന്നെ നമുക്കും ന്യായത്തിനും വിരോധമായി എഴുത്തുകുത്തുകൾ നടത്താൻ ആളുകൾ ഉണ്ടായസ്ഥിതിക്കു നാം മലയാളം വിട്ടതിന്റെ ശേഷം ഈ വകക്കാർക്കു ഉൽസാഹം വളരെ വർദ്ധിക്കാനെ തരമുള്ളല്ലോ. ഈ സ്ഥിതിക്കു നാം അന്ത്യോക്യയിൽ എത്തുമ്പൊഴേക്കു നമുക്കു പ്രതികൂലമായ ഒരഭിപ്രായം പാത്രിയർക്കീസുബാവായുടെ മനസ്സിൽ ഉണ്ടായിക്കഴിഞ്ഞിരിക്കും. പിന്നെ നാമെന്തിനാണു ഇത്രയൊക്കെ കഷ്ടപ്പെട്ടു പരദേശയാത്ര ചെയ്യുന്നത്? അതുകൊണ്ടു മടങ്ങിപ്പോകയാണു നല്ലതു എന്നൊക്കെ നമുക്ക് തോന്നി എന്നു മാത്രമല്ല കൊച്ചീക്കു പോകുന്ന കപ്പൽ അന്വേഷിക്കാനുള്ള ഭാവവുമായി. ഇതറിഞ്ഞപ്പോൾ കൂട്ടുകാർ രണ്ടുപേരും വല്ലാതെ വ്യസനിച്ചു. ഇവർ ഓരോ സമാധാനം പറഞ്ഞു നമ്മുടെ ഈ ചാപല്യത്തെ മാറ്റാൻ ശ്രമിച്ചു. നാം അന്ത്യോക്യയിലേക്കു പോകുവാൻ പണപ്പിരിവു തുടങ്ങിയപ്പോൾ നാം ഒരിക്കലും അവിടംവരെ പോകുന്നതല്ലെന്നു ശത്രുക്കൾ ധാരാളമായി സംസാരിച്ചിരുന്നു. പണ്ടൊരിക്കൽ ഒരു ഈയപ്പൻ കത്തനാർ അന്ത്യോക്യയിലേക്കു പോകാനെന്നും പറഞ്ഞു പണം പിരിച്ചു കൊച്ചിയിലോളം പോയി തിരിച്ചു പൊരികയുണ്ടായിട്ടുണ്ടു. നാം ഈ ഇയ്യപ്പൻ കത്തനാരേക്കാൾ സമർത്ഥനാകയാൽ പക്ഷേ ബോംബെ വരെ പോയേക്കുമെന്നും അവിടെ റഷ്യൻ യുദ്ധക്കപ്പലുകൾ വന്നു കിടക്കുന്നതുകൊണ്ടു പോകാൻ നിവൃത്തിയില്ലെന്നു പറഞ്ഞു തിരിച്ചു പോരുമെന്നും അന്നുതന്നെ വിരോധികൾ പറഞ്ഞു നടന്നതാണ്. അതുകൊണ്ടു നാം മടങ്ങിപ്പോയാൽ ഈ അപ

വാദം അർത്ഥവത്തായിപ്പോകുമെന്നു ഗീവറുഗീസു കത്തനാരും താരപ്പനും നിർബന്ധമായിപ്പറയാൻ തുടങ്ങി. നമുക്കു കയ്യും കളയാൻ പാടില്ല, വളയും കളയാൻ പാടില്ല എന്ന സ്ഥിതിയായി. യാതൊന്നും തീർച്ചയാക്കാതെ ഒരാഴ്ചയോളം ദുഃഖിച്ചു കഴിച്ചുകൂട്ടി. ഒടുവിൽ എന്തെങ്കിലും ദൈവഹിതം പോലെ ആകട്ടെ എന്നു നിശ്ചയിച്ചു നാം ആരും ഇല്ലാത്ത സമയം നോക്കി അർമ്മേനിയൻ പള്ളിയുടെ മദ്ബഹായിൽ പ്രവേശിച്ചു, മനസ്സിനെ ഏകാഗ്രമാക്കിയും കഠിനമായ നിഷ്ഠയോടുകൂടിയും പ്രാർത്ഥിക്കാൻ തുടങ്ങി. അല്പബുദ്ധികളായ മനുഷ്യരുടെ തീരുമാനത്തേക്കാൾ സർവ്വജ്ഞനായ ദൈവത്തിന്റെ ഹിതവും തീരുമാനവും സർവ്വപ്രകാരേണ ആദരണീയമാകയാൽ അതറിയാനായി ദൈവസന്നിധിയിൽ ഇങ്ങനെ ഒട്ടു നേരം മുട്ടുപാടു പാർത്തു (മുട്ടിന്മേൽ നിന്നു - എഡി.). അനന്തരം പെട്ടെന്നു മനസ്സിന്റെ ഭാരം കുറഞ്ഞതു പള്ളിയിൽനിന്നു പുറത്തുവന്നപ്പോൾ മുഖത്തും പ്രകാശിച്ചിരിക്കാം (കഥാനായകന്റെ ഈ പ്രദർശനപരതയില്ലാത്ത ഭക്തിപാരവശ്യത്തെപ്പറ്റി അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ സിക്രട്ടറിയായിരുന്ന ശ്രീ. ഇ. എം. ഫിലിപ്പ് അദ്ദേഹത്തിന്റെ ആത്മകഥയായ 'മലങ്കരസഭയുടെ രഹസ്യപേടകം' എന്ന ഗ്രന്ഥത്തിൽ പല ഉദാഹരണങ്ങളും നൽകി വിശദീകരിച്ചിട്ടുണ്ട് - എഡിറ്റർ). അന്ത്യോക്യയിലേക്കു പോകുന്ന വകയ്ക്കു ശേഖരിച്ച ധനം വേറൊരു വകയ്ക്കു ഉപയോഗിക്കുന്നതു യുക്തമല്ല. ദുഷ്ടന്മാരുടെ ഉപദ്രവം നിമിത്തം നമുക്കു മെത്രാൻസ്ഥാനം കിട്ടാതെ വന്നേക്കാം. എന്നാലെന്താണ്? മലങ്കരസഭയുടെ ദയനീയാവസ്ഥയേ പരിശുദ്ധ സിംഹാസനത്തിങ്കൽ അറിയിക്കാനും യോഗ്യനായ ഒരു മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു മലയാളത്തേക്കു അയയ്ക്കണമെന്നു അപേക്ഷിക്കുന്നതിനും പരാശ്രയം ആവശ്യമില്ലല്ലൊ. ബലഹീനനായ നമ്മെക്കൊണ്ട് ദൈവം ഇതു സാധിച്ചു എങ്കിൽ ഇതു തന്നെയാണു നമ്മുടെ ജന്മോദ്ദേശ്യം. അതിനാൽ ഉടനെ അന്ത്യോക്യയിലേക്കു പുറപ്പെടുക തന്നെ. പ്രാർത്ഥനാനന്തരം നമ്മുടെ മനോഗതം ഇപ്രകാരമായിരുന്നു. "

താൻ വിവരിക്കുന്ന ദൃശ്യങ്ങൾ വായനക്കാരന്റെ മനോമുകുരത്തിൽ പ്രതിഫലിപ്പിക്കുവാൻ ഉള്ള ശ്രമത്തിലാണ് എഴുത്തുകാർ അലങ്കാരങ്ങളുടെ സഹായം തേടുന്നത്. ഇക്കാര്യത്തിൽ സാമ്യ മൂലക അലങ്കാരങ്ങളും അവയിൽത്തന്നെ ഉപമയും ആണ് കൂടുതൽ ഫലപ്രദം എന്ന കാളിദാസകവിതയിലേയും മറ്റും അലങ്കാര ചർച്ചയിൽ തീരുമാനിക്കപ്പെട്ടിട്ടുള്ളതാണ്. ഉപമാലങ്കാരത്തിന്റെ ചാരുതയും വശ്യതയും പരദേശ യാത്രയുടെ കഥയിൽ പ്രഭ വിതറുന്നതു കാണുക:

"...... ഇടവം 13-ാം തീയതി കപ്പൽ മസ്ക്കത്ത് (Muscat) തുറമുഖത്തടുത്തു. ഇതു വളരെ വിശേഷപ്പെട്ട ഒരു തുറമുഖമാണ്. എത്ര വലിയ

കാറ്റും കോളും ഉണ്ടായാലും ഈ തുറമുഖത്തു കിടക്കുന്ന കപ്പലുകൾക്കു യാതൊരു കേടും സംഭവിക്കുന്നതല്ല. ഇവിടെ കരിങ്കല്ലുകൊണ്ടു കടലിലേക്കു കോട്ടപോലെ നീട്ടികെട്ടി ഒരു കുളം ഉണ്ട്. മദിരാശി തുറമുഖം കണ്ടിട്ടുള്ളവർക്കു ഇതിന്റെ സ്വഭാവം നല്ലപോലെ മനസ്സിലാകുന്നതാണ്. ഈ കുളത്തിനകത്തു കപ്പലുകൾ കരയോടു വളരെ അടുത്തു നിൽക്കാൻ തക്കവണ്ണം വെള്ളത്തിനു വളരെ ആഴമുണ്ട്. ഈ സംഗതിയിൽ ഇതിനെ കൊച്ചീതുറമുഖത്തോടും ഉപമിക്കാം. കപ്പൽ ഈ തുറമുഖത്തു അടുക്കുമ്പോൾ അതൊരു പുരയ്ക്കകത്തു നിൽക്കുന്നതായി തോന്നിപ്പോകും."

കാര്യങ്ങളുടെ ദൃശ്യചാരുത വെളിവാക്കുവാൻ എഴുത്തുകാരൻ സ്വഭാവോക്തി, കാവ്യലിംഗം, ഉപമ, ഉൽപ്രേക്ഷ എന്നീ അലങ്കാരങ്ങളുടെ സഹായം തേടുന്നത് ദൃശ്യാവിഷ്ക്കാരത്തിന്റെ രസനീയത വർദ്ധിപ്പിക്കുവാനും ആസ്വാദ്യമാക്കുവാനും സഹായകമായിട്ടുണ്ട്. തുടർന്ന് അദ്ദേഹം മസ്ക്കറ്റിനെ പരിചയപ്പെടുത്തുന്നതു കാണുക:

"ഏതു സാമാനത്തിനും ഇവിടെ നല്ല സഹായമാണു (സഹായം എന്നാൽ കുന്നംകുളം ഭാഷയിൽ ആദായകരം, വിലക്കുറവ് എന്നൊക്കെ അർത്ഥം – എഡിറ്റർ). മലയാളത്തു രണ്ടു മൂന്നു രൂപ വിലയുള്ള മത്സ്യത്തിനു മസ്ക്കത്തു നാലോ ആറോ അണയേ വിലയുള്ളു (പൈസ നിലവിൽ വരുന്നതുവരെ ഇന്ത്യയിൽ ഉപയോഗിച്ച നാണയം. ഒരണയ്ക്കു 6 പൈസ നിരക്കിൽ 3 അണയ്ക്ക് 19 പൈസാ നിരക്കിലും നാലണയ്ക്ക് 25 പൈസാ നിരക്കിലും കണക്കാക്കിയാണ് 16 അണ ഒരു രൂപാ എന്ന സ്ഥാനത്ത് 100 പൈസാ ഒരു രൂപാ എന്ന നാണയ പരിണാമം സംഭവിച്ചത് – എഡിറ്റർ). മാംസത്തിനും വില വളരെ കുറവാണ്. "മസ്ക്കത്തലുവ" എന്നു പേരു പറഞ്ഞു കപ്പൽക്കാർ കൊച്ചിയിലും ആലപ്പുഴയും വിൽക്കാൻ കൊണ്ടുവരുന്ന പലഹാരം ഇവിടെ ഉണ്ടാക്കുന്നതാണ്."

മെത്രാൻ സ്ഥാനമേല്ക്കുവാൻ പോകുന്ന ഒരു ഗംഭീര പുരുഷൻ മത്സ്യമാംസങ്ങളുടെ നിലവാരം പരിചയപ്പെടുവാനും അവയെ സ്വന്തം നാട്ടിലെ വിലനിലവാരവുമായി തട്ടിച്ചു നോക്കുവാനും സ്വന്തം നാട്ടിൽ പരിചിതമായ ഹൽവാ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്തെത്തിയപ്പോൾ അക്കാര്യം പ്രസ്താവിക്കുവാനും കാണിക്കുന്ന വ്യഗ്രതയും ഉത്സാഹവും കൗതുകകരമാണ്.

ഒരു യാത്രാവിവരണ സാഹിത്യകാരനുണ്ടായിരിക്കേണ്ടുന്ന ഭൂമിശാസ്ത്രബോധം 'ഒരു പരദേശയാത്രയുടെ' കഥാകാരൻ പ്രകടിപ്പിക്കുന്നത് നമ്മെ അത്ഭുതപ്പെടുത്താതിരിക്കുകയില്ല. അന്വേഷണ തല്പരനായ ഒരു സഞ്ചാരിയുടെ ഹൃദയം അദ്ദേഹത്തിൽ നാം കാണുന്നു:

“ഈ അദ്ധ്യായം അവസാനിക്കുന്നതിനു മുമ്പു അല്പമായ ഒരു ഭൂവിവരണം ആവശ്യമാണെന്നു തോന്നുന്നു. കപ്പൽ ബോംബയിൽ നിന്നു വിട്ടിട്ടു ആദ്യം അടുത്ത തുറമുഖം മസ്ക്കത്തു (Muscat) എന്നാണല്ലോ പറഞ്ഞതു. ഇതു ബോംബയുടെ വടക്കു പടിഞ്ഞാറായി അറേബിയാ രാജ്യത്തിന്റെ കിഴക്കേ തീരത്തുള്ള ഒരു തുറമുഖമാണ്. ബോംബയിൽ നിന്നു ഈ തുറമുഖത്തേക്കുള്ള ദൂരം ഉദ്ദേശം ആയിരം നാഴികയാകുന്നു (ഉദ്ദേശം ആയിരത്തിഅറുന്നൂറ് കി.മീ.). അറേബിയൻ സമുദ്രത്തിന്റെ ഒരു ഭാഗമായ ഒമാൻ ഉൾക്കടലിൽ നിന്നു പേർഷ്യൻ ഉൾക്കടലിലേക്കു പ്രവേശിക്കുന്ന സ്ഥലത്താണു ബന്തറബാസ് തുറമുഖം. പേർഷ്യാരാജ്യത്തിന്റെ തെക്കുപടിഞ്ഞാറെ തീരത്തുള്ള അറേബിയാരാജ്യത്തിനും പേർഷ്യാരാജ്യത്തിനും മദ്ധ്യേയാണു പേർഷ്യൻ ഉൾക്കടൽ കിടക്കുന്നതു. യൂപ്രട്ടീസ്, ടൈഗ്രീസ് (ഈ നദികൾക്കു സുറിയാനിയിൽ പറഞ്ഞു കാണുന്ന പേരു പ്രാസ്ദക്കലാസ എന്നാണ്) എന്നീ നദികൾ തുർക്കി രാജ്യത്തിന്റെ ഒരു ഭാഗമായ കൽദയാ ദേശത്തു കൂടി ഒഴുകി പേർഷ്യൻ ഉൾക്കടലിന്റെ വടക്കു പടിഞ്ഞാറെ അറ്റത്തു വന്നു വീഴുന്നതിനു മുമ്പു ഒന്നിച്ചു ചേരുന്നു. ഇങ്ങനെ യോജിച്ചൊഴുകാൻ ആരംഭിച്ചു അല്പം കീഴ്പ്പെട്ടു മാറുന്ന സ്ഥലത്താണു ബസോറാ പട്ടണം (Basura). മസ്ക്കത്തു തുറമുഖത്തു നിന്നു ബസോറായിലേക്കുള്ള ഉദ്ദേശം ദൂരം തൊള്ളായിരം നാഴികയാകുന്നു (ഉദ്ദേശം ആയിരത്തിനാനൂറ്റിനാല്പത് കിലോമീറ്റർ).”

ക്രിസ്ത്യൻ പുരോഹിതന്മാരുടെ മലയാള ഭാഷയ്ക്കു ഒരു പാതിരിച്ചുവ ഉള്ളതായിട്ടാണ് മിഷനറി സാഹിത്യം പഠിച്ച പല പ്രഗത്ഭമതികളും നിരീക്ഷിച്ചിട്ടുള്ളത്. എന്നാൽ ബഹുഭാഷാ വിശാരദനായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഭാഷ യാതൊരു സുറിയാനിചുവയും ഇല്ലാതെ പ്രസന്നവും ദീപ്തവും ആയി കാണപ്പെടുന്നു. വിവരണങ്ങളിലും ആത്മഗതങ്ങളിലും കാണുന്ന ആർജ്ജവവും ലാളിത്യവും ഗ്രന്ഥകാരന്റെ വ്യക്തിത്വത്തിന്റെ ഭാഗം തന്നെയാണ്. ആത്മകഥയുടെ ഒരദ്ധ്യായമാണ് യാത്രാവിവരണമെന്നതിനാൽ ഏതൊരു യാത്രാവിവരണ സാഹിത്യകൃതിയിലും എഴുത്തുകാരന്റെ മുഖവും ആത്മവത്തയും പ്രതിബിംബിക്കാതെ വരികയില്ല.

ഒരു സ്ഥലത്തു ചെന്നാൽ ആ സ്ഥലത്തെ തന്റെ ഓർമ്മയുടെ ഭാഗമാക്കാനും ആ ഓർമ്മയെ വായനക്കാരന്റെ അറിവിന്റെ ഭാഗമാക്കുവാനും ഗ്രന്ഥകാരൻ അബോധപൂർവ്വം ശ്രമിച്ചിട്ടുള്ള വിവരങ്ങൾ ശ്രദ്ധേയമായിരിക്കുന്നു. ഒരു ഉദാഹരണം കാണുക:

“ബസോറായിൽ നിന്നു ഈ ആളുകൾ കേറിവന്ന വാഹനം ഇവിടങ്ങളിൽ കാണുന്നതരം വള്ളമല്ല. അതിന്റെ ആകൃതി ഒരു ചെമ്പിന്റെ സംപ്രദായത്തിൽ വൃത്തമായിരുന്നു. ചൂരൽ കൊണ്ടോ അതിനു സമ

മായ മറ്റെന്തോ വള്ളികൊണ്ടോ മുടഞ്ഞുണ്ടാക്കി കീൽ (ടാർ – എഡിറ്റർ) തേച്ചതാണു. പത്തുപന്ത്രണ്ടു പേർക്കു ഇതിൽ കേറി സഞ്ചരിക്കാം. ഞങ്ങൾ ഈ ജലവാഹനത്തിൽ കേറി തീബോട്ടിലേക്കു പുറപ്പെട്ടു. ബസോറാപ്പട്ടണം ഇപ്പോഴും ഒരു വലിയ കച്ചവടസ്ഥലമാണെങ്കിലും അതിന്റെ പ്രതാപം പണ്ടത്തേതിൽ കുറഞ്ഞിരിക്കയാണു. ഈ പട്ടണത്തിനു ചുറ്റും ഈന്തപ്പനകൃഷി ധാരാളമായി നടക്കുന്നുണ്ടു. കേരളത്തിലെ തെങ്ങിൻതോട്ടങ്ങളെപ്പോലെ രണ്ടും മൂവായിരവും ഈന്തമരങ്ങൾ ഉള്ള അനേകം തോട്ടങ്ങൾ ഈ സ്ഥലത്തുണ്ടു. ഈ രാജ്യത്തെ പ്രധാന മുതലെടുപ്പു ഈ തോട്ടങ്ങളിൽ നിന്നാണു. ബസോറായിൽ ഒരു അർമ്മേനിയൻ പള്ളിയും ഒരു കൽദായപ്പള്ളിയുമുണ്ടു. ഇവിടെ ഒരു ബ്രിട്ടീഷ് കോൺസൽ (Consul – രാജപ്രതിനിധി) ഉണ്ടു. ഏറിയകൂറും ജനങ്ങൾ മുസൽമാന്മാരാണു. കുറെ യഹൂദന്മാരുമുണ്ടു."

മനസ്സാന്നിധ്യം നഷ്ടപ്പെടാതെ വിപത്സന്ധികളെ നേരിടുന്നവന് മാത്രമേ ജീവിതത്തിൽ വൻ വിജയങ്ങൾ നേടുവാൻ കഴിയുകയുള്ളു. ഗ്രന്ഥകർത്താവിന്റെ നയചാതുരിയും വാഗ്മിതയും സന്ദർഭോചിതമായി പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാനുള്ള സാമർത്ഥ്യവും അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരെല്ലാവരും ഒന്നുപോലെ ആശ്ചര്യപൂർവ്വം പ്രസ്താവിച്ചിട്ടുള്ളതാണ്. അപ്രകാരം ഒരു സന്ദർഭം യാത്രയിൽ അദ്ദേഹം നേരിട്ടിട്ടുള്ളതിന്റെ വിവരണം അദ്ദേഹം നൽകുന്നത് ശ്രദ്ധിക്കുക:

"വള്ളം തുറമുഖം വിട്ടു ടൈഗ്രീസ് നദിയിലേക്കു കടക്കുന്ന അതൃത്തിയിൽ എത്തിയപ്പോൾ, വലിയ തലേക്കെട്ടുകാരായ നാലാറു തുർക്കി ശിപായികളെയും അവർക്കു താമസിക്കാനും മറ്റുമായുള്ള ഒരു കച്ചേരിയും കണ്ടു. ശിപായികൾ വള്ളം വിളിച്ചടുപ്പിച്ചു പാസ്പോർട്ടു കാണിക്കാൻ ആവശ്യപ്പെട്ടു. പാസ്പോർട്ടു കൂടാതെ യാത്രയ്ക്കാരംഭിക്കരുതെന്നു കൊച്ചിയിൽ വെച്ചു കിട്ടിയ മാർ കൂറിലോസിന്റെ എഴുത്തു നമുക്കു അപ്പോൾ ഓർമ്മയിൽ വന്നു. എന്താണു നിവൃത്തി? ഞങ്ങളുടെ പരുങ്ങലും സംശയവും കണ്ടപ്പോൾ തുർക്കിയുദ്യോഗസ്ഥന്മാർ കോപിക്കാൻ തുടങ്ങി. നാം ഉടനെ ധൈര്യത്തെ അവലംബിച്ചു കൊച്ചിയിലെ ജഡ്ജി സായ്പ്പു തന്നിരുന്ന എഴുത്തെടുത്തു കാണിച്ചു. ഈ ഉദ്യോഗസ്ഥന്മാർക്കു ഇംഗ്ലീഷു അറിഞ്ഞുകൂടായിരുന്നതിനാൽ അവർ ആ എഴുത്തു ദേഷ്യഭാവത്തോടുകൂടി തിരിയെ തരികയും ഇതു പാസ്പോർട്ടല്ലെന്നും പാസ്പോർട്ടിൽ മുദ്രയുണ്ടാകാതെയിരിക്കയില്ലെന്നും പറയുകയും ചെയ്തു. ശകാരവും കലശലായി. പെട്ടെന്നു നമുക്ക് ഒരുപായം തോന്നി. കൊച്ചിയിലെ ജഡ്ജിയുടെ എഴുത്തിനു ഏകദേശം തുല്യമായ ഒന്നു മാർ കൂറിലോസു തന്നിട്ടുണ്ടായിരുന്നു. ഇതിൽ രണ്ടുമൂന്നു മുദ്രകളുമുണ്ടായിരുന്നു. കടലാസും വലിയതായിരുന്നു. അതെടുത്തു കാണിച്ചപ്പോൾ ഉദ്യോഗ

സ്ഥന്മാർക്കു തൃപ്തിയായി. ഈ വലിയ പാസ്പോർട്ടു കയ്യിലിരിക്കെ ചെറിയ പാസ്പോർട്ടു ആദ്യം എടുത്തു കാണിച്ചിട്ടു കാര്യമില്ലായിരുന്നു എന്നു അവർ പറകയും വല്ലതും കിട്ടിയാൽ കൊള്ളാമെന്നുള്ള ഭാവം കാണിക്കുകയും ചെയ്തു. വല്ലവിധത്തിലും ഇവരുടെ കയ്യിൽ നിന്നു രക്ഷപെടണമല്ലോ എന്നു വിചാരിച്ചു അവരിൽ പ്രധാനികളെന്നു തോന്നിയ മൂന്നുപേർക്കും ഓരോ തങ്കക്കാശു കൊടുത്തപ്പോൾ അവർ വളരെ സന്തോഷിക്കുകയും ഞങ്ങളുടെ പേരുകൾ ചേർത്തു മുറയ്ക്കുള്ള മൂന്നു പാസ്പോർട്ടുകൾ തരികയും ചെയ്തു."

താൻ സന്ദർശിക്കുന്ന ഓരോ സ്ഥലത്തിന്റെയും ഭൂമിശാസ്ത്രം, ചരിത്രം, ചരിത്രസ്മാരകങ്ങൾ കൃഷി, സംസ്ക്കാരം, അവിടത്തെ പ്രധാന സ്ഥാപനങ്ങൾ, ജനങ്ങളുടെ തൊഴിൽ എന്നിവ ഗവേഷണബുദ്ധിയോടെ അവതരിപ്പിക്കുന്ന ചിത്രീകരണപാടവം ഉദാഹരിക്കുവാൻ എത്ര വേണമെങ്കിലും ഉദാഹരണങ്ങൾ ഈ കൃതിയിൽ ഉണ്ട്. ഒന്നു രണ്ടു ഉദാഹരണങ്ങൾ കാണുക:

"മൂസലിലേക്കുള്ള യാത്രാവിവരണത്തിനു മുമ്പു ഇപ്പോൾ വിട്ടു പിരിഞ്ഞ ഈ ബഗദാദു പട്ടണത്തെക്കുറിച്ചു അല്പം പറയുന്നതു ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ പട്ടണം ടൈഗ്രീസു നദിയുടെ തീരത്തു ബസോറായിൽ നിന്നു വടക്കു അല്പം പടിഞ്ഞാട്ടു മാറീട്ടാണ്. മൂസൽ പട്ടണവും ബഗദാദിന്റെ വടക്കു അൽപം പടിഞ്ഞാറോട്ടു മാറിയാണു. ഇതും ടൈഗ്രീസിന്റെ തീരത്തുതന്നെയാണെങ്കിലും ബഗദാദിൽ നിന്നു മേല്പ്പൊട്ടു തീബോട്ടു വിടുക പതിവില്ലെന്നു ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ബസോറായിൽ നിന്നു ബഗദാദിലേക്കുള്ള ദൂരം ഉദ്ദേശം 350 നാഴികയും (ഉദ്ദേശം 540 കിലോമീറ്റർ) അവിടെനിന്നു മൂസലിലേക്കുള്ള ദൂരം ഉദ്ദേശം 250 നാഴികയുമാണ് (ഉദ്ദേശം 384 കിലോമീറ്റർ). ബഗദാദു എത്രയും വിസ്തൃതവും മനോഹരവുമായ ഒരു പട്ടണമാകുന്നു. ഇതു തുർക്കി മഹാരാജ്യത്തിന്റെ ഒരു ഭാഗമായ ഇറാക്ക് അറബി അല്ലെങ്കിൽ കൽദായ എന്ന ദേശത്തിന്റെ പ്രധാനപട്ടണമാകുന്നു. ഇതു പണ്ടു ഈ രാജ്യങ്ങളെ ഭരിച്ചിരുന്ന കാലിഫന്മാരുടെ രാജസ്ഥാനമായിരുന്നു. ബഗദാദിലെ പ്രധാനമായ ഒന്നുരണ്ടു തെരുവുകൾക്കു മറ്റെങ്ങുമുണ്ടെന്നു തോന്നുന്നില്ലാത്ത ഒരു വിശേഷമുണ്ടു. ഈ തെരുവുകളുടെ മേൽഭാഗം മുഴുവനും കമാനം വളച്ചു കല്ലുകൊണ്ടു കെട്ടിയിരിക്കുന്നു. ഈ വളവുകൾക്കു വിവിധവർണ്ണങ്ങളായ ചായങ്ങളിട്ടിട്ടുണ്ടു. ചിത്രപ്പണികളും ധാരാളമുണ്ടു. തെരുവിൽ കൂടി നടക്കുന്നവർക്കു വെളിച്ചം കാണ്മാനായി വളവുകളിൽ ജനലുകൾ വെട്ടിവച്ചിട്ടുണ്ടു. ഈ ജന്നലുകളിൽ കണ്ണാടി ചില്ലുകൾ വെച്ചിരിക്കുന്നതുകൊണ്ടു തെരുവുകളിലേക്കു ധാരാളം വെളിച്ചം പ്രവേശിക്കുന്നുണ്ട്. എത്ര കലശലായ വെയിലും

മഴയും ഉണ്ടായാലും ഈ തെരുവുകളിൽ കൂടി ഗതാഗതം ചെയ്യുന്ന വർക്കു യാതൊരുപദ്രവവും തട്ടുന്നതല്ല. നമ്മുടെ പള്ളികളുടെ മദുബഹായ്ക്കകത്തു നില്ക്കുന്നതുപോലെയാണ് ഈ തെരുവുകളിൽ നിൽക്കുന്നത്. ബഗദാദിൽ കൃസ്ത്യാനികൾ അധികമില്ല. എങ്കിലും കൽദായ സുറിയാനിക്കാരും മാറോനായ സുറിയാനിക്കാരും അർമ്മേനിയന്മാരും കുറേശ്ശയുണ്ടു. ഈ മൂന്നു കൂട്ടക്കാർക്കും പള്ളികളുമുണ്ടു. കൽദായക്കാരാണു അധികം. ഇവർക്കു ഇവിടെ ഒന്നുരണ്ടു പള്ളികൾ ഉള്ളതിനു പുറമെ മദർശഥാ എന്നു പറയപ്പെടുന്ന ഒരു വിദ്യാലയവുമുണ്ടു. കൽദായ പാത്രിയർക്കീസിന്റെ സ്ഥിരവാസം ബഗദാദിലാണു. ഇദ്ദേഹം താമസിക്കുന്ന കെട്ടിടവും പള്ളിയും വളരെ വലുതാണ്. മലയാളത്തെ കൽദായസുറിയാനിക്കാർക്കു സജാതീയനായ ഒരു മെത്രാനെ കിട്ടുന്നതിനു ദൃഷ്ടാന്തയോഗ്യമായ ഉത്സാഹത്തോടുകൂടി ബഗദാദിൽ ചെന്നെത്തിയ മഹാൻ കുട്ടക്കച്ചിറെ കത്തനാരുടെ ശവക്കല്ലറ ഞങ്ങൾ ഈ പള്ളിപ്പറമ്പിൽ കണ്ടു. മലയാളത്തെ കൽദായസുറിയാനിക്കാരുടെ മെത്രാപ്പോലീത്താ ആയിരുന്ന കാലം ചെയ്ത മാർ അബ്ദീശോ ഈ കത്തനാരോടു കൂടെപ്പോയ ഒരാളായിരുന്നു. ഇദ്ദേഹത്തിന്റെ സ്മരണീയാർഹമായ ശ്രമം ഫലത്താകുന്നതിനു മുമ്പു അദ്ദേഹം അകാലചരമം പ്രാപിച്ചതുഓർത്തു നാം വളരെ ദുഃഖിച്ചു. ബഗദാദിൽ വളരെ യഹൂദന്മാർ കൂട്ടമായി പാർക്കുന്നുണ്ട്. ഇവിടെ ഇവരുടെ വക ഇരുപതിനായിരം കുടുംബങ്ങളുണ്ടെന്നു ചിലർ പറഞ്ഞു. ബഗദാദു തുർക്കി സുൽത്താന്റെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനായ ഒരു പാഷായുടെ ആസ്ഥാനവുമാണു. ഒരു വലിയ സൈന്യവകുപ്പും ഇവിടെ കിടപ്പുണ്ട്. വേദപുസ്തകത്തിൽ പറയുന്ന ബാബിലോൺ എന്ന മഹാപട്ടണം ഇവിടെനിന്നു രണ്ടു ദിവസത്തെ വഴിക്കു വടക്കുപടിഞ്ഞാറാകുന്നു. ബഗദാദിൽ ഈന്തവൃക്ഷങ്ങൾ ബസോറായിലെപ്പോലെ ഇല്ലെങ്കിലും, ആവശ്യംപോലെയുണ്ട്. മുന്തിരി, തീത്ത മുതലായവ ധാരാളമാണ്. ബഗദാദിനു ചുറ്റും വലുതും ഉറപ്പുള്ളതുമായ കോട്ടയുണ്ട്. കഴുതപ്പുറത്തു കച്ചവടസാമാനങ്ങൾ കേറ്റിയയയ്ക്കുന്ന തൊഴിലാണു ഇവിടെ മുഖ്യമായിട്ടുള്ളത്."

സാധാരണഗതിയിൽ ഒരു യാത്രക്കാരന് അവഗണിക്കാവുന്ന കാര്യങ്ങളാണ് ഈ വിവരണത്തിൽ ചേർത്തിട്ടുള്ള കാര്യങ്ങൾ. സംഭവ പ്രധാനമല്ലെങ്കിലും വായനക്കാർക്ക് വിജ്ഞാനപ്രദവും രസപ്രദവും ആയ കാര്യങ്ങളെ ഔചിത്യബോധത്തോടുകൂടി എഴുതിചേർത്തിട്ടുള്ളത് ഈ കൃതിയുടെ സാഹിത്യമൂല്യത്തെ ഒട്ടൊന്നുമല്ല തുണച്ചിട്ടുള്ളതും. സഹൃദയാഹ്ളാദത്തിന്റെ കവാടം തുറക്കാനുള്ള പ്രതിഭാവിലാസം ഗ്രന്ഥകാരൻ വശമാക്കിയിരിക്കുന്നു. വിവരണങ്ങൾ വായിച്ചു കഴിയുമ്പോൾ യാത്രികൻ അനുഭവിച്ച വികാരങ്ങൾ വായനക്കാരൻ പങ്കിടുകയായി. വികാര

സംക്രമണമാണ് കലയുടെ മൗലിക ലക്ഷ്യം എന്ന് പ്രസ്താവിച്ച ടോൾസ്റ്റോയിയെ നമുക്കിവിടെ ഓർക്കാവുന്നതാണ്. ഒരു ഭാഗം കൂടെ ഈ പ്രകരണത്തിൽ ഉദാഹരിക്കാനുണ്ട്:

"ഈ ദയറാ എത്രയും പുരാതനവും രക്തസാക്ഷിയായി മരിച്ച മാർ ബഹനാൻ സഹദായുടെ പിതാവായ സെനഹറിയോസു രാജാവിനാൽ പണിയിക്കപ്പെട്ടതുമാകുന്നു. ഇനി ഈ ദയറായെക്കുറിച്ചു അല്പം പറയാം. ഇതിന്റെ പേർ അല്പെപ്പിന്റെ ദയറാ എന്നാണെന്നു മുമ്പു പറഞ്ഞല്ലൊ. ഇതിന്റെ അർത്ഥം അനേകായിരം പേരുടെ ദയറായെന്നാണു. മാർ മത്തായി എന്ന റമ്പാന്റെ പ്രസംഗവൈഭവത്താൽ അനേകായിരം ആളുകൾ ക്രിസ്തുമതം സ്വീകരിക്കയും അവർ തങ്ങൾക്കുള്ള സർവ്വവും ഉപേക്ഷിച്ചു നിത്യജീവനാകുന്ന കിരീടം ലഭിപ്പാൻ ആഗ്രഹിച്ചുംകൊണ്ടു ഈ ദയറായിലും അതിനു ചുറ്റുമുള്ള ഗുഹകളിലും വന്നു താമസിക്കയും ചെയ്തതുകൊണ്ടാണു ഈ ദയറായ്ക്കു ഈ പേരു സിദ്ധിച്ചതു. മൂസൽ മുതലായ സ്ഥലങ്ങളിൽ ക്രിസ്തുമതം പ്രസംഗിച്ചതും ഈ പരിശുദ്ധനും അദ്ദേഹത്തിന്റെ അനുഗാമികളുമാണു. എല്ലാ ക്രിസ്ത്യാനികളും ഒരുപോലെ ബഹുമാനിക്കുന്ന വലിയ വൈദികനും ശാസ്ത്രജ്ഞനും ബാർ എബ്രായ എന്നു പ്രസിദ്ധനും ആയ മാർ ഗ്രീഗോറിയോസു കാതോലിക്കാ സ്ഥിരവാസം ചെയ്തിരുന്നതു ഈ ദയറായിലാണ്. ഇദ്ദേഹം ഉണ്ടാക്കിയിട്ടുള്ള അനേകം വേദപുസ്തക വ്യാഖ്യാനങ്ങളും പ്രബന്ധങ്ങളും നിയമങ്ങളും സുറിയാനിഭാഷാസാഹിത്യത്തിൽ ഒരു ഉന്നതപദവിക്കു അർഹങ്ങളാണു. സുറിയാനി സഭയിലെ പരിശുദ്ധനും മല്പാനും ആയി അംഗീകരിച്ചിട്ടുള്ളവരിൽ അവസാനത്തെ ആളുമാണു ഇദ്ദേഹം. ഇത്ര വലിയ സ്ഥാനത്തിലും മഹത്വത്തിലും ഇരുന്ന ഈ പരിശുദ്ധൻ തന്റെ ജീവിതകാലത്തെ നയിച്ചതു ഒരു വലിയ കരിങ്കല്ലിന്റെ ഉള്ളിൽ കൊത്തിയുണ്ടാക്കിയ ഒരു ചെറിയ ഗുഹയിലാണു. ഇതിന്റെ അകത്തു ഒരാൾക്കു കഷ്ടിച്ചു കടക്കത്തക്ക ഒരു ദ്വാരമെ ഉണ്ടായിരുന്നുള്ളു. ഗുഹയുടെ വിസ്താരം രണ്ടു കോൽ നീളവും രണ്ടര കോൽ പൊക്കവും ഒരു കോൽ വീതിയുമാണ് (ഒരു കോൽ = രണ്ടര അടി - എഡി.). പടിഞ്ഞാറെ അറ്റത്തു ഒരാൾക്കു ഇരിക്കത്തക്ക ക്രമത്തിൽ ഒരു തിണ്ണ കാണ്മാനുണ്ടു. ഈ പരിശുദ്ധൻ ആശ്വാസത്തിന്നായി (വിശ്രമം - എഡി.) പുറപ്പെടുന്ന നേരത്തിൽ പണിയപ്പെട്ടതായ ഒരു കൽമാടവും അതിനു താഴെ കൊത്തപ്പെട്ട രണ്ടു കൽമുറികളും അതുകളുടെ മുൻവശത്തു കല്ലിൽ കൊത്തിക്കുഴിച്ച ഒരു ചെറിയ കുളവുമുണ്ട്. ഇതിലേക്കുള്ള ഉറവ ഈ കൽമുറികളിൽ നിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്നു. കുളത്തിൽ വെള്ളം നിറഞ്ഞു കവിഞ്ഞൊഴുകിക്കൊണ്ടിരിക്കുന്നു. കൽമുറിയിൽ നാം കേറി നോക്കിയപ്പൊൾ അതിനകത്തു മുട്ടിനുമേൽ വെള്ളമുണ്ടായിരുന്നു. മുറികളുടെ മീതെയുള്ള കൽമാ

ടത്തിൽ നിന്നു എത്രയും നേരിയവിധത്തിൽ മഞ്ഞു സർവദാ പെയ്തു കൊണ്ടിരിക്കുന്നു. ഈ കൽമാടത്തിന്റെ താഴെയുള്ള കുളത്തിന്റെ ചുറ്റുമായി പത്തുമുപ്പതു പേർക്കിരിക്കാം. എത്ര ഉഷ്ണിച്ചവനും ഒരു മണിക്കൂർ ഈ മാടത്തിന്റെ താഴെ ഇരുന്നാൽ കുളിരുകൊണ്ടു വിറച്ചു പോകുന്നതും കുപ്പായം മഞ്ഞുകൊണ്ടു നനയുന്നതുമാണു. ഈ ഒരു വിശേഷം നിമിത്തം മൂസലിലെ പ്രധാനന്മാർ ജാതിമതഭേദങ്ങൾ ആലോചിക്കാതെ കുടുംബസമേതം ഇവിടെ വന്നു സുഖമെടുത്തു താമസിക്കാറുണ്ടു. ഈ പണികളെല്ലാം ബാർ എബ്രായയുടെ കരകൌശലങ്ങളാണു. കൽമാടത്തിന്റെ മുൻവശത്തു അദ്ദേഹത്തിന്റെ പേരു കൊത്തപ്പെട്ടിട്ടുണ്ടു. ദയറായുടെ പണി വളരെ വിശേഷപ്പെട്ടതു തന്നെ. അതിനു ചുറ്റുമുള്ള മതിൽ കോട്ടപോലെ ഉറപ്പിലും ഉയരത്തിലും കെട്ടപ്പെട്ടതാണു. നാലു മൂലകളിലും കൊത്തളങ്ങളുമുണ്ടു. കവർച്ചക്കാരുടെ ആക്രമണത്തെ തടയുന്നതിനാണ് ഇത്രയൊക്കെ മുൻകരുതലുകൾ ചെയ്തിരിക്കുന്നത്. ഒരൊറ്റയാൾ ദയറായിലുണ്ടായിരുന്നാൽ ഏതു അക്രമിസംഘത്തെയും ഓടിക്കാം. നാം ഈ ദയറായിൽ ചെന്നപ്പോൾ അവിടെ ആറേഴു റമ്പാന്മാരും പ്രധാനിയായ മാർ ദനഹാ മെത്രാപ്പോലീത്തായും മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു കാലത്ത് ഇവിടെ അറുപതെഴുപതു റമ്പാന്മാർ താമസിച്ചിരുന്നു. ഇവരിൽ ദൈവഭക്തിയിൽ അദ്വിതീയനും ലോകത്തെ ഇതിലധികം വെടിയാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിൽ എത്തിയ ആളും ആയ ഒരു റമ്പാൻ ദയറായ്ക്കു പുറത്തു ഒരു ഗുഹയിൽ ഇരിക്കുന്നതും നാം കണ്ടു. ഇദ്ദേഹത്തിനു വയസ്സു 35-ൽ അധികമില്ല. നല്ലൊരു സുമുഖനും സുറിയാനി ഭാഷാപണ്ഡിതനുമാണു. ഇദ്ദേഹത്തിന്റെ ഭക്ഷണവും വസ്ത്രധാരണവും ആരേയും വിസ്മയിപ്പിക്കുന്നതാണു. ദിവസവും ഉച്ചയ്ക്കു കുറെ അപ്പവും ഒരു പാത്രത്തിൽ കുറെ വെള്ളവും ദയറായിൽ നിന്നു കൊടുത്തയയ്ക്കും. ഇതല്ലാതെ യാതൊരു ഭക്ഷണമോ പാനീയമോ ഇദ്ദേഹത്തിനില്ല. ഇദ്ദേഹം എല്ലായ്പ്പോഴും ഒരു കറുത്ത ളോഹയും ഒരു പുറംകുപ്പായവുമാണ് ധരിക്കാറു. ഇതുകൾ അനേകം കഷണങ്ങൾ കൂട്ടി തുന്നിപ്പിടിപ്പിച്ചു ഉണ്ടാക്കിയവയാണു. നല്ല മാതിരിയിലുള്ള ഉടുപ്പുകൾ മറ്റു റമ്പാന്മാർക്കെന്നപോലെ ഇദ്ദേഹത്തിനും തയാറാക്കാറുണ്ടെങ്കിലും അതുകളെ ഇദ്ദേഹം സ്വീകരിക്കുന്നില്ല. ഇദ്ദേഹത്തിന്റെ നിഷ്ക്കൈതവ ഭക്തിയെ കേട്ടറിഞ്ഞു വന്നു ഓരോരുത്തൻ ഉടുപ്പുകൾ മുതലായവ സമ്മാനിക്കുന്നതൊന്നും ഇദ്ദേഹം തൊടുക പോലും ചെയ്യാറില്ല. ഞായറാഴ്ചകളിലും പെരുനാൾ ദിവസങ്ങളിലും മാത്രം ഇദ്ദേഹം ഗുഹയ്ക്കു പുറത്തിറങ്ങി ദയറായിലെ പള്ളിയിലേക്കു പോകും. അന്യദിവസങ്ങളെ വിശുദ്ധ പുസ്തക വായനയാലും പ്രാർത്ഥനയാലും ഗുഹയ്ക്കകത്തു വെച്ചു തന്നെ കഴിച്ചുകൂട്ടുകയാണു. നിർദ്ദോഷങ്ങളായ വിനോദങ്ങളെ കൂടി ഇദ്ദേഹം വെറുക്കുന്നു. ഇദ്ദേഹം തുറബ്ദീൻകാരനും

മാതാപിതാക്കന്മാർക്കു ഏക പുത്രനുമാണു. വീട്ടിലിരിക്കുമ്പോൾ തന്നെ കുടുംബകാര്യങ്ങൾ അന്വേഷിക്കാതെ കഠിനമായ സന്യാസവ്രതം തുടങ്ങിയതിനാൽ മാതാപിതാക്കന്മാർ ദുഃഖിക്കുന്നതു കണ്ടുകൊണ്ടിരിക്കാൻ കഴിയാഞ്ഞിട്ടു സകലവും ഉപേക്ഷിച്ചു ഈ ദയറായിൽ വന്നു താമസിക്കുകയാണു. ... പത്തമ്പതു റമ്പാന്മാർക്കു സുഖമായ കാലക്ഷേപത്തിനുള്ള മുതലെടുപ്പു ഈ ദയറായ്ക്കുണ്ടു. ഏതാനും കൃഷിസ്ഥലങ്ങൾക്കു പുറമേ രണ്ടുമൂവായിരം ആടുകളും ഉണ്ടു. വെള്ളിക്കുരിശു മുതലായ പല ഉപകരണങ്ങൾ ധാരാളമാണ്. ..."

ഇതൊരു വിവരണം മാത്രമല്ല, പഠനം കൂടെയാണ്. ഒരു ഗവേഷണ വിദ്യാർത്ഥിയുടെ ഉത്ക്കണ്ഠയോടെ ഏത് നിസ്സാരകാര്യത്തെയും വീക്ഷിയ്ക്കുകയും അന്വേഷണബുദ്ധിയോടെ ഭൂത-വർത്തമാനകാലത്തെ ഉള്ളം കൈയിലൊതുക്കുകയും ഒരു മാന്ത്രികന്റെ കയ്യടക്കത്തോടെ അവ അനുവാചകരിലേക്കു പകരുകയും ചെയ്യുന്ന ഈ വൈഭവം അന്യാദൃശ്യമാണ്. പ്രത്യേകിച്ചും അസാധാരണമായ ഒരു ദൗത്യവുമായി അപരിചിതമായ ഒരു ഭൂപ്രദേശത്തു കൂടി സഞ്ചരിക്കുന്ന ആൾ, തന്റെ ദൗത്യ നിർവ്വഹണത്തിന് അകത്തു നിന്നും പുറത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന മർമ്മഭേദകമായ ഒളിയമ്പുകളേല്ക്കുമ്പോൾ അവയെപ്പറ്റി ചിന്തിച്ച് മനസ്താപപ്പെടുന്നതിന് പകരം പ്രസന്നതയോടും അന്വേഷണത്വരയോടുംകൂടി ഓരോ നിമിഷത്തെയും പ്രയോജനപ്പെടുത്തുകയും അവ ഊഷ്മളാനുഭവകമായി പകർത്തുകയും ചെയ്യുക എന്നത് വിഭാവനം ചെയ്യാൻ പോലും എളുപ്പമല്ല. ഏതു ഭാഗത്തു നിന്ന് ആക്രമണം ഉണ്ടായാലും അവയെ ഏകനായും നിർഭയമായും നേരിടുവാൻ കരുത്തും കരളുറപ്പും ഉള്ള ഒരു മഹാരഥന്റെ ചിത്രമാണ് ഈ രചന വെളിപ്പെടുത്തുന്നത്. സ്വന്തം യാത്രയിൽ താൻ കണ്ട ഈ സന്യാസാശ്രമങ്ങൾ സഞ്ചാരിയിൽ വലുതായ സ്വാധീനമാണ് ചെലുത്തിയത്. പില്ക്കാലത്ത് സ്വന്തം നാട്ടിൽ സന്യാസിമാരോ സന്യാസാശ്രമങ്ങളോ ഇല്ലാത്തത് അദ്ദേഹത്തെ ചിന്താകുലനാക്കി. മുഴുവൻ സമയവും സഭാസേവനത്തിന് ദയറാകളും സന്യാസികളും കൂടിയേ കഴിയൂ എന്ന് ഈ സഞ്ചാരം കൊണ്ട് അദ്ദേഹത്തിന് ബോധ്യമായി. അതിന്റെ പ്രേരണയാലാണ് മുളന്തുരുത്തിയ്ക്കടുത്ത് ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്ന വെട്ടിക്കൽ കുരിശ് കെട്ടിടത്തെ ഒരു ദയറാ ആയി പ്രഖ്യാപിക്കുകയും മുളന്തുരുത്തിപ്പള്ളിയിലുണ്ടായിരുന്ന സ്വശിഷ്യൻ ചാത്തുരുത്തിൽ ഗീവർഗ്ഗീസ് കോറെപ്പിസ്ക്കോപ്പായെ റമ്പാൻ സ്ഥാനം നൽകി അതിന്റെ അധിപൻ ആക്കുകയും ചെയ്തത്.

ഈ യാത്രാവിവരണത്തിന്റെ ഏറ്റവും ശ്രദ്ധേയമായ പ്രാധാന്യം ഇവിടെ ചർച്ച ചെയ്യേണ്ടതുണ്ട്. ഒരു അന്യരാജ്യത്തിന്റെ ചിത്രണത്തിൽ നമുക്കു താല്പര്യമുണ്ടാകേണ്ട കാര്യമില്ല. അവിടത്തെ ആളുകളും

സംസ്ക്കാരവും പൊതുജനസാമാന്യത്തിന് അപരിചിതത്വം മൂലം വിരസമാകാനാണ് സാധ്യത. ചുരുക്കം ചില ഗവേഷകർക്കോ, അന്യസംസ്ക്കാര കുതുകികളായ ചരിത്ര വിദ്യാർത്ഥികൾക്കോ മാത്രമേ അവ സ്വീകാര്യമാകാനിടയുള്ളു. എന്നാൽ ഈ കൃതി അപ്രകാരമല്ല. വായിക്കുന്ന ഏവരേയും ആകർഷിക്കും. അതിന് വേണ്ട സാമഗ്രികൾ ഗ്രന്ഥകാരൻ വേണ്ടതിലധികം ഗ്രന്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്. ചരിത്രം അറിയേണ്ടവർക്ക് ചരിത്രം, ഭൂമിശാസ്ത്രം അറിയേണ്ടവർക്ക് ഭൂമിശാസ്ത്രം, ശില്പകലയിൽ താല്പര്യമുള്ളവർക്കു ശില്പകലാചാതുരിയുടെ വർണ്ണന, സന്യാസത്തിൽ വ്യഗ്രതയുള്ളവർക്ക് ദയറാകളുടെ വിവരണം, ഗതകാലസംസ്കാര ഗവേഷകർക്കു തൽസംബന്ധമായ ജ്ഞാനം, ബൈബിൾ പ്രേമികൾക്ക് ബൈബിൾ പ്രസിദ്ധമായ സംഭവങ്ങൾക്കും വ്യക്തികൾക്കും പശ്ചാത്തലമാവാൻ ഭാഗ്യമുണ്ടായ സ്ഥലങ്ങളുടെ ചിത്രീകരണം, സാഹസികത ഇഷ്ടപ്പെടുന്നവർക്ക് ഉദ്വേഗജനകമായ സംഭവങ്ങളുടെ വിവരണം എന്നിങ്ങനെ ഏത് പ്രായക്കാരും തരക്കാരുമായ വായനക്കാരെയും സംതൃപ്തിപ്പെടുത്തുവാനുള്ള വിഭവങ്ങൾ ഉചിതമായ ഒരു അനുപാതത്തിൽ ഗ്രന്ഥകാരൻ സജ്ജീകരിച്ചിട്ടുള്ളതിനാൽ ഈ ഗ്രന്ഥത്തെ ആപാദചൂഡം മധുരതരം എന്നാണ് വിശേഷിപ്പിക്കേണ്ടത്.

കഥാനായകന്റെ സമഭാവനയും ഔദാര്യവും വെളിപ്പെടുത്തുന്ന ഭാഗങ്ങളും ഈ വിവരണത്തിലുണ്ട്. കഴുതപ്പുറത്ത് രണ്ടു ഭാഗത്തുമായി സജ്ജീകരിച്ചതും രാത്രി ഉറങ്ങുവാൻ സൗകര്യമുള്ളതുമായ സുഖകരമായ സവാരി തന്റെ കൂട്ടുകാർക്കായി ഔദാര്യപൂർവ്വം വിട്ടുകൊടുക്കുകയും ഉറക്കമൊഴിഞ്ഞു നടക്കേണ്ടിയിരുന്ന കുതിരസവാരി താൻ ഏറ്റെടുക്കുകയും ചെയ്തത് ആശ്രിതവാത്സല്യത്തെയാണ് കുറിക്കുന്നത്. മെത്രാൻ സ്ഥാനാർത്ഥിയായാലും പരിചാരകൻ ആയാലും യാത്രയിൽ മൂന്നാംക്ലാസ്സ് ടിക്കറ്റേ എടുക്കൂ എന്ന വ്രതം അദ്ദേഹത്തിന്റെ സമഭാവനയെ വെളിപ്പെടുത്തുന്നതോടൊപ്പം പൊതുജനത്തിന്റെ പണം വിനിയോഗം ചെയ്യുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന വിശ്വസ്തതയുടെ ആഴവും വെളിപ്പെടുത്തുന്നുണ്ട്. അതുപോലെത്തന്നെ പ്രതിസന്ധികളും സംഘർഷങ്ങളും നേരിടുമ്പോൾ കൂടെയുള്ളവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുവാനും അന്തിമ തീരുമാനം ദിവ്യസംസർഗ്ഗത്തിന് ശേഷം മാത്രം കൈക്കൊള്ളുവാനും കഥാപുരുഷൻ കാണിക്കുന്ന ജാഗ്രത ഒരു നേതാവിന്റെ ഭരണപാടവത്തെയും ജനാധിപത്യബോധത്തെയും ദൈവാശ്രയത്തെയുമാണ് അനാവരണം ചെയ്യുന്നത്. സ്നേഹപ്രകടനങ്ങൾ കാണുമ്പോൾ ആർദ്രചിത്തനാവുകയും പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ ദൃഢചിത്തനാവുകയും ചെയ്യുന്ന മഹാത്മാക്കളുടെ ജീവിതസമീപനമാണ് ഈ ഗ്രന്ഥത്തിൽ ആദ്യന്തം പ്രകാശം വിതറുന്ന

മറ്റൊരു ഘടകം. സ്വന്തനാടായ കുന്നംകുളത്തു നിന്ന് യാത്രപുറപ്പെടുമ്പോൾ നാട്ടുകാർ കാണിച്ച സ്നേഹവാത്സല്യങ്ങൾ നിസ്സീമമാണ്. വനവാസത്തിന് പോകുന്ന രാമനെ വിട്ടുപിരിയാൻ മനസാവാതെ അനുയാത്ര ചെയ്യുന്ന അയോദ്ധ്യാവാസികളുടെ സ്നേഹപ്രദർശനങ്ങൾ ആദ്യ അദ്ധ്യായം അനുസ്മരിപ്പിക്കുന്നു.

കണ്ടുമുട്ടുന്ന എല്ലാവരോടും സ്നേഹാദരവുകളോടെ പെരുമാറുന്ന ഒരു ഹൃദയം അദ്ദേഹത്തിന് ധാരാളം മിത്രങ്ങളെ സമ്പാദിച്ചു കൊടുത്തു. ആർത്താറ്റു കമ്പോളത്തിൽ വച്ചും കൊച്ചി തുറമുഖത്തുവച്ചും അദ്ദേഹം നേരത്തെ, വിദേശയാത്രയെപ്പറ്റി ചിന്തിയ്ക്കുകപോലും ചെയ്യാത്ത കാലത്ത് നേടിയ ആത്മബന്ധങ്ങൾ വിദേശയാത്രയിൽ പലപ്പോഴും പ്രയോജനപ്പെടുന്നതായി നാം കാണുന്നുണ്ട്. റോമ്മൻ കത്തോലിക്കർ, കൽദായ സുറിയാനിക്കാർ, അർമ്മേനിയൻകാർ തുടങ്ങി ഏതു വിഭാഗത്തിലെയും വൈദികർ അദ്ദേഹത്തിന്റെ സുഹൃത് വലയത്തിൽ അന്നേ ഉണ്ടായിരുന്നു. എക്യുമെനിസത്തെപ്പറ്റി ലോകത്തിൽ യാതൊരാളും ചിന്തിച്ചു തുടങ്ങാത്ത ഒരു കാലമാണത് എന്നോർക്കുമ്പോൾ കഥാനായകന്റെ വിശാലഹൃദയവും സമദർശിത്വവും നമ്മെ അത്ഭുതപ്പെടുത്താതിരിക്കുകയില്ല. ആരെയെങ്കിലും അടുത്ത് പരിചയപ്പെട്ടാൽ അവരിൽ മതിപ്പ് ജനിപ്പിക്കുവാനും അവരെ സുഹൃത്‌വലയത്തിൽ ഉൾപ്പെടുത്തുവാനും കഴിയുന്ന ഒരു വശ്യവ്യക്തിത്വം അദ്ദേഹത്തിനുണ്ടായിരുന്നു. മറ്റുള്ളവരുടെ വ്യക്തിവൈശിഷ്ട്യങ്ങളെ ആദരിക്കുവാനും അവർക്കു അർഹമായ സ്ഥാനമാനങ്ങൾ നൽകുവാനും അദ്ദേഹം എന്നും ഒരുക്കമായിരുന്നു. യാത്രാവിവരണത്തിൽ അദ്ദേഹം ആദ്യമായി കണ്ടുമുട്ടിയ ചില വ്യക്തിത്വങ്ങളെ ഒട്ടും കലവറയില്ലാതെ പുകഴ്ത്തുന്നതിന്റെ ഉദാഹരണങ്ങൾ ധാരാളമുണ്ട്. മൂസലിലെ മെത്രാപ്പോലീത്താ മാർ കൂറിലോസ് ഗീവർഗ്ഗീസ്, മൂസലിലെ ജനങ്ങൾ, മാർ മത്തായിയുടെ ദയറായിലെ മാർ ദനഹാ മെത്രാപ്പോലീത്താ, പാത്രിയർക്കീസ് ബാവായും അദ്ദേഹത്തിന്റെ സഹോദരി മറിയാം എന്ന കന്യകയും എന്നിങ്ങനെ നിരവധിപേരെ പരിചയപ്പെടുത്തുന്ന കുറിപ്പുകൾ വായിച്ചാൽ മറ്റുള്ളവരുടെ നന്മയെ കണ്ടെത്തുകയും ആദരിക്കുകയും ചെയ്യുന്ന ഒരു നിഷ്ക്കളങ്ക ഹൃദയത്തെ നമുക്കു കാണാം.

ഇപ്രകാരം നിരീക്ഷിച്ചാൽ ഈ യാത്രാവിവരണം, എഴുത്തുകാരന്റെ സംഭവബഹുലമായ ആത്മകഥയിലെ ഉദ്വേഗജനകമായ ഒരു അദ്ധ്യായമാണെന്ന് കാണാൻ കഴിയും. ഉത്തമ യാത്രാവിവരണം അപ്രകാരം ആയിരിക്കുമല്ലോ. സരളവും സരസവും പ്രസന്നവും ആയ പ്രതിപാദന ശൈലിയും എഴുത്തുകാരനെ പ്രതിഫലിപ്പിക്കുന്നു. ശൈലിയും വ്യക്തിത്വവും അഭിന്നമാണെന്ന അഭിജ്ഞവാക്യം ഇവിടെ ഓർക്കാവുന്നതാണ്.

മലയാളത്തിലെ ഒന്നാമത്തെ യാത്രാവിവരണം ആയ 'വർത്തമാന പ്പുസ്തകം' ഈ കൃതിയെപ്പോലെത്തന്നെ സഭാപരമായ ദൗത്യനിർവ്വ ഹണത്തിനു വേണ്ടിയുള്ള യാത്രയെക്കുറിച്ചുള്ളതാണ്. യാത്ര സുദീർഘ മായതിനാൽ വിവരണം സ്വാഭാവികമായും ബൃഹത്താണ്, വിജ്ഞാന പ്രദവുമാണ്. പക്ഷേ, ആ രചനയുടെ പ്രതിപാദന ശൈലിയിൽ പാതിരി മലയാളത്തിന്റെയും പള്ളിപ്രസംഗത്തിന്റെയും ചുവ പ്രകടമാണ്. എന്നാൽ 'പരദേശയാത്രയുടെ കഥ'യിൽ പാതിരി ഭാഷയുടെ സ്പർശം പോലും കാണാനില്ല. 'പരദേശയാത്രയുടെ കഥ'യിലെ മറ്റൊരു സവി ശേഷത യാത്ര ചെയ്യുന്ന സ്ഥലങ്ങൾക്കുള്ള ബൈബിൾ ബന്ധവും സഭാ ചരിത്രബന്ധവുമാണ്. ബൈബിൾ പാരായണം മൂലം ഈ വിദേശ കേന്ദ്ര ങ്ങളെപ്പറ്റി ധാരാളം വായിച്ചിട്ടുള്ള വായനക്കാർക്ക് ഈ സ്ഥലങ്ങളെപ്പറ്റി യുള്ള പരാമർശങ്ങളും ചിത്രണങ്ങളും താരതമ്യേന കൂടുതൽ കൗതുകം ജനിപ്പിക്കുന്നതിന് പര്യാപ്തമായിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ, അനുഗൃഹീതമായ തൂലികയുടെയും പ്രതിഭാ സമ്പന്നനായ ഒരു സാഹിത്യകാരന്റെയും സാന്നിധ്യംകൊണ്ട് 'ഒരു പര ദേശയാത്രയുടെ കഥ' പത്തൊമ്പതാം നൂറ്റാണ്ടിലെഴുതപ്പെട്ട അതിവിശി ഷ്ടമായ മലയാള സാഹിത്യകൃതി എന്ന വിശേഷണം അർഹിക്കുന്നു.

## അദ്ധ്യായം 1

# ജന്മദേശമേ വിട

1864-നു കൊല്ലം 1038-ാമാണ്ടു കുംഭ മാസം 27-ാം തീയതി 3 മണിക്കു കുന്നംകുളങ്ങരെ നിന്നും നാം യാത്ര പുറപ്പെട്ടു. ക്രമപ്രകാരം എല്ലാവരോടും യാത്ര പറഞ്ഞു പുറപ്പെടുന്നതിൽ വച്ചു അധിക വ്യസനത്തിന്നും ദുഃഖത്തിനും ഇടവന്നേക്കുമല്ലോ, എല്ലാവരുടെയും ദുഃഖത്തെ കാണുമ്പോൾ നാം അധികം വ്യസനിച്ചു യാത്ര മുടക്കത്തിനും കൂടെ സംഗതി വന്നേയ്ക്കുമോ എന്നു ഭയന്നു ആരോടും യാത്ര പറയാതെ രാത്രികാലങ്ങളിൽ പുറപ്പെട്ടുപോകുവാനായി പല പ്രാവശ്യം ആലോചിച്ചു എങ്കിലും ആ പുറപ്പാടും പോക്കും ദുഷ്കേൾവികൾക്കിടയായിത്തീർന്നേക്കാമെന്നു ശങ്കിച്ചു മുറയ്ക്കു എല്ലാവരോടും യാത്ര പറഞ്ഞു പുറപ്പെടുക തന്നെ ഉത്തമമെന്നു ധൈര്യപ്പെട്ടു പുറപ്പെടുന്ന ദിവസം കാലത്തു മുതൽ കമ്പോളത്തിൽ പ്രത്യേകമുള്ള ഓരോ ഭവനങ്ങളിൽ കേറി യാത്രപറച്ചിൽ തുടങ്ങി. മൂന്നു മണി വരെയും ഈ ശ്രമത്തിലും വിലാപത്തിലും നാം കഴിച്ചുകൂട്ടി എന്നല്ലാതെ യാത്ര പറയുന്ന സമയങ്ങളിൽ നമുക്കും നമുക്കുള്ളവർക്കും ഉണ്ടായ വ്യസനങ്ങളും സങ്കടങ്ങളും ഏതുപ്രകാരമെന്നു വായനക്കാർ ആലോചിച്ചറിയുന്നതല്ലാതെ വിവരിച്ചു പറവാൻ പ്രയാസം.

ആകയാൽ എല്ലാവരോടും ഒരു വിധം യാത്ര പറഞ്ഞു കഴിച്ചു കൂട്ടിയതിന്റെ ശേഷം പള്ളിയിൽ കേറി പ്രാർത്ഥിച്ചു ഇറങ്ങുവാനായി പള്ളിയിലേക്കു പോയി. പ്രാർത്ഥിച്ചു തുടങ്ങിയപ്പോൾ കമ്പോളക്കാർ ഒരു വലിയ കൂട്ടമായി പള്ളിക്കകത്തുവന്നു നമ്മോടുകൂടി പ്രാർത്ഥിക്കുകയും വിലപിക്കുകയും ചെയ്തു തുടങ്ങി. പള്ളിയിൽ നിന്നു നാം ഇറങ്ങിയപ്പോൾ എല്ലാവരും നമ്മുടെ പിന്നാലെ വലിയ ദുഃഖത്തോടെ പുറപ്പെട്ടു. കുന്നത്തങ്ങാടി കഴിഞ്ഞപ്പോൾ (കുന്നംകുളം പഴയപള്ളിയിൽ നിന്ന് ഗുരുവായൂർ റോഡിലേയ്ക്കുള്ള ഉയർന്ന റോഡിന് ഇന്നും കുന്നത്തങ്ങാടി എന്നാണ് പേർ - എഡിറ്റർ) എല്ലാവരും അവിടെ നില്പാനായി പറഞ്ഞു വളരെ സങ്കടത്തോടെ നാം മഞ്ചൽ കേറുകയും ചെയ്തു. എങ്കിലും നമ്മുടെ വേർപിരിവിൽ ജനങ്ങൾക്കുള്ള സങ്കടം ഒതുങ്ങായ്കയാൽ പിന്നെയും നമ്മുടെ പിന്നാലെ ബദ്ധപ്പെട്ടും വ്യസനിച്ചും വരുന്നുവെന്നു മഞ്ചൽകാർ പറഞ്ഞപ്പോൾ പിന്നെയും മഞ്ചലിൽ നിന്നു നാം ബദ്ധപ്പെട്ടു ഇറങ്ങി അനേകവിധമുള്ള ആശ്വാസവാക്കുകൾ എല്ലാവരോടും പറഞ്ഞു വലിയ പ്രയാസത്തോടെ എല്ലാവരെയും അവിടെ നിർത്തി പുറപ്പെടുകയും ചെയ്തു. എന്നാൽ ആ നാളുകളിൽ ബഹുമാനപ്പെട്ട മാർ കൂറിലോസു ബാവാ അവർകൾ കോലഞ്ചേരി പള്ളിയിൽ ആകുന്നുവെന്ന്

അറിഞ്ഞിരുന്നതിനാൽ അദ്ദേഹത്തോടും വടക്കേ ദിക്കിലുള്ള പള്ളിക്കാരോടും യാത്രപറഞ്ഞും പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ പേർക്കും മറ്റും വേണ്ടിയ എഴുത്തുകുത്തുകൾ ബാവാ അവർകളിൽ നിന്നു വാങ്ങിച്ചും പുറപ്പെടുന്നതിനുവേണ്ടി കരമാർഗ്ഗം പുറപ്പെടുകയാണെളുപ്പമെന്നു കണ്ടതിനാൽ കരമാർഗ്ഗമാണു യാത്രപുറപ്പെട്ടത്. അന്നു രാത്രി 8 മണിക്കു തൃശ്ശിവപേരൂർ പള്ളിയിൽ എത്തി താമസിച്ചു. എങ്കിലും അന്നേദിവസം കഴിച്ചുകൂട്ടിയ പലവിധമായ വിലാപങ്ങളാലും സ്വന്തരാജ്യത്തെയും സ്വജനങ്ങളെയും വിട്ടുപിരിഞ്ഞ നിമിത്തം ഉണ്ടായ മനോദുഃഖത്താലും ആ രാത്രിയിൽ ഒന്നുംതന്നെ ഭക്ഷിയ്ക്കാൻ മനസ്സില്ലാതെ കഴിച്ചുകൂട്ടി. നേരം പുലർന്നപ്പോൾ ആ പള്ളിയിൽ നമ്മുടെ താല്പര്യക്കാരനായി ഉണ്ടായിരുന്ന ചാക്കോള അച്ചൻ നമ്മുടെ അടുക്കൽ വരികയും യാതൊരു സന്തോഷമുഖവും നമ്മിൽ നിന്നു കാണാതെ ഇരുന്നപ്പോൾ എന്താ ഇങ്ങനെ ഭവിപ്പാൻ കാരണമെന്നു ചോദിച്ചു വിവരം അറിഞ്ഞതിന്റെ ശേഷം അദ്ദേഹം കുറെ ആശ്വാസവാക്കുകൾ പറഞ്ഞു ആശ്വസിപ്പിക്കുകയും ഭക്ഷണം കഴിപ്പിക്കയും ചെയ്തു. പിറ്റേദിവസം അവിടെ നിന്നും മഞ്ചൽ മാർഗ്ഗം തന്നെ യാത്രപുറപ്പെട്ടു ചാലക്കുടി പള്ളിയിൽ എത്തി താമസിക്കുകയും പിറ്റേദിവസം അവിടെനിന്നും പുറപ്പെട്ടു അങ്കമാലി പള്ളിയിൽ എത്തി താമസിക്കുകയും യാത്രാവിവരങ്ങൾ അങ്കമാലി അകപ്പറമ്പു പള്ളിക്കാരോടു പറകയും പിറ്റേദിവസം അവിടെനിന്നു പുറപ്പെട്ടു കുറുപ്പംപടി പള്ളിയിൽ എത്തുകയും ചെയ്തു. കുന്നംകുളങ്ങരെ നിന്നും പുറപ്പെട്ടവരായ മഞ്ചൽക്കാരെ അങ്കമാലിയിൽനിന്നും പിരിച്ചയച്ചതിനാൽ കാൽനടയായിട്ടാണു കുറുപ്പംപടിയിലേക്കു പുറപ്പെട്ടത്.

അങ്കമാലിയിൽ നിന്നു പുറപ്പെട്ട ദിവസത്തിൽ കുറുപ്പംപടിയിൽ നാം എത്തി. ഈ കുറുപ്പംപടി പള്ളിക്കാർ മുമ്പെത്തന്നെ നമുക്കു താല്പര്യക്കാരായിരുന്നതുകൊണ്ടു എല്ലാവരോടും യാത്ര പറഞ്ഞു പുറപ്പെടുന്നതിനായി രണ്ടാഴ്ചവട്ടം വരെ കുറുപ്പംപടി പള്ളിയിൽ താമസിക്കുകയും ആ പള്ളിയിൽ നിന്നും ജനങ്ങളിൽ നിന്നുമായി 150 രൂപാ നമ്മുടെ യാത്രച്ചിലവിലേക്കു തരികയും ചെയ്തു. അവിടെനിന്നും കുന്നക്കുരുടി പള്ളിയിലേക്കും അവിടെനിന്നും കടമറ്റത്തെ പള്ളിയിലേക്കും എത്തി. അപ്പോൾ ബാവാ അവർകൾ വരികയും അവിടെവച്ചു ബഹു. കൂറിലോസു ബാവാ അവർകളെ കാണുകയും ചെയ്തു. ബാവാ അവർകൾ പാത്രിയർക്കീസു ബാവാ തിരുമനസ്സിലേക്കും മറ്റും വേണ്ടുന്ന എഴുത്തുകുത്തുകൾ ഒക്കെയും എഴുതി തയ്യാറാക്കുന്നതിനിടയിൽ ബഹുമാനപ്പെട്ട കോനാട്ടു അബ്രഹാം മല്പാൻ അവർകളെയും മറ്റും കണ്ടു യാത്ര പറയുന്നതിനായി പാമ്പാക്കുടയ്ക്കു പോകുകയും അദ്ദേഹം വൃദ്ധതയുടെ രോഗക്കിടക്കയിൽ സുഖമില്ലാതെ കിടന്നിരുന്നതുകൊണ്ട് യാത്രാവിവരങ്ങൾ

ഒക്കെയും അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കിച്ചു പുറപ്പെടുവാനായി മൂന്നു ദിവസം വരെ അവിടെ താമസിക്കയും വിവരങ്ങൾ ഗ്രഹിച്ചപ്പോൾ നമ്മുടെ യാത്രയിൽ വളരെ സന്തോഷിക്കയും വിവരത്തിനു പാത്രിയർക്കീസു ബാവാ തിരുമനസ്സിലേക്കു വേണ്ട എഴുത്തു തരികയും ചെയ്തു. അവിടെനിന്നും യാത്രപുറപ്പെട്ടു രണ്ടാമതും ബാവാ അവർകളുടെ അടുക്കൽ വരികയും പാത്രിയർക്കീസു ബാവായ്ക്കും മറ്റു പലർക്കും വേണ്ടി എഴുത്തുകുത്തുകളും വഴിമേൽ സഹായത്തിനു വേണ്ടി പ്രത്യേകം ഒരു എഴുത്തും അദ്ദേഹം തയ്യാറാക്കിത്തരികയും ചെയ്തു, എന്നല്ല, ഏലിയാസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു കൊടുത്തിരുന്ന സ്ലീബായും അദ്ദേഹം പണിയിച്ച ഒരു വെള്ളി അംശവടിയും യാക്കോബു പാത്രിയർക്കീസു ബാവാ തിരുമനസ്സിലേക്ക് കൊടുപ്പാനായി നമ്മുടെ പക്കൽ ഏല്പിക്കയും ഉണ്ടായി. മീനമാസം 22-ാം തീയതി അവിടെനിന്നു പുറപ്പെട്ടു പുത്തൻകുരിശു പള്ളിയിലും കുറുഞ്ഞിപ്പള്ളിയിലും എത്തി യാത്ര പറഞ്ഞു. അന്നു അസ്തമനത്തോടെ കരിങ്ങാശ്ര പള്ളിയിൽ എത്തുകയും ചെയ്തു. പിറ്റെദിവസം പുറപ്പെട്ടു മുളന്തുരുത്തി പള്ളിക്കാരോടും കണ്ടനാട്ടു പള്ളിക്കാരോടും യാത്ര പറയുവാനായി പോകയും യാത്ര പറഞ്ഞുംവച്ചു അന്നു മുളന്തുരുത്തിയിൽ താമസിക്കയും പിറ്റേദിവസം അവിടെനിന്നും പുറപ്പെട്ടു തൃപ്പൂണിത്തുറ പള്ളിയിൽ എത്തുകയും ചെയ്തു. പിറ്റേദിവസം അവിടെനിന്നു കോട്ടയത്തേക്കായി യാത്ര പുറപ്പെട്ടു. 26-ാം തീയതി കോട്ടയത്തു എത്തി എടവഴിക്കൽ വലിയച്ചനെയും മകൻ കോറെപ്പിസ്കോപ്പായെയും കാണുകയും യാത്രാവിവരം അറിയിക്കയും ചെയ്തപ്പോൾ പാത്രിയർക്കീസു ബാവാ തിരുമനസ്സിലേക്കും മൂസ്സൽകാർക്കും അല്പെപ്പിന്റെ ദയറായിൽ ഇരിക്കുന്ന ദനഹാ മെത്രാപ്പോലീത്താ അവർകൾക്കും വേണ്ടിയ എഴുത്തുകൾ ഒക്കെയും രണ്ടുമൂന്നു ദിവസങ്ങൾ കൊണ്ടു തയ്യാറാക്കി തന്നതു കൂടാതെ പാത്രിയർക്കീസു ബാവായെ നാം മൂസലിലേക്കു യാത്ര (ഇവിടെ രണ്ടു വരി അവ്യക്തം - എഡിറ്റർ) അവിടങ്ങളിൽ അവർക്കുള്ള സ്നേഹിതന്മാർക്കു പ്രത്യേകം എഴുത്തുകൾ അയച്ചു ശട്ടം കെട്ടണമെന്നുള്ള വിവരത്തിനു മൂസലിൽ കോജാ അബ്ദലാഹാദിന്റെ പേർക്കു ഒരു എഴുത്തു അന്നേദിവസം അദ്ദേഹം എഴുതി അറിയിക്കയും ചെയ്തു.

ഒരിക്കൽ സംഗതിവശാൽ 1037-മാണ്ട് നാം കോട്ടയത്തു എത്തി എടവഴിക്കൽ വലിയച്ചനെ കണ്ടപ്പോൾ നാം അന്ത്യോഖ്യായ്ക്കു പോകേണ്ടുന്ന കാര്യത്തെക്കുറിച്ചു അദ്ദേഹം വളരെ ഒക്കെയും താല്പര്യമായി നമ്മോടു പറയുകയും നിർബന്ധിക്കുകയും ചെയ്തിട്ടും തല്ക്കാലം കൈക്കൊള്ളാതെ ഒഴികഴിവുപറഞ്ഞു പോയവനായ നാം തന്നെ അദ്ദേഹത്തിന്റെ ദീർഘദർശന വചനപ്രകാരം യാത്രക്കായി ഒരുങ്ങപ്പെട്ടു ചെന്നതിൽ വച്ചു അദ്ദേഹത്തിനുണ്ടായ സന്തോഷവും തൃപ്തിയും അല്പമ

ല്ലായിരുന്നു. കോട്ടയത്തുള്ള ഈ താമസത്തിനിടയിൽ എരുത്തിക്കൽ മൂപ്പച്ചനെയും വേങ്കടത്തു മൂപ്പച്ചനെയും മറ്റു കോട്ടയത്തു നാം അറിയുന്നവരും നമ്മുടെ താല്പര്യക്കാരുമായ എല്ലാവരെയും കണ്ടു യാത്ര പറകയും സിമ്മനാരി പള്ളിയിലെത്തി പ്രാർത്ഥിച്ചു പുറപ്പെടുകയും പോകും വഴി കളപ്പുരക്കൽ കേറി യാത്രപറകയും കൊച്ചിയിൽ എത്തുന്നതിനു വള്ളം മുതലായതു ശട്ടംകെട്ടി തരികയും ഉണ്ടായി.

കുറുപ്പംപടി മുതൽ നാം കേറിയതായി മേൽ പ്രസ്താവിച്ചിട്ടുള്ള മിക്ക പള്ളിക്കാരും പ്രധാന വീട്ടുകാരും നമ്മുടെ യാത്രച്ചിലവിനു യഥാശക്തി സഹായിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ടെങ്കിലും പോക്കുവരവിനു ആവശ്യമായി വിചാരിക്കപ്പെട്ടിരുന്ന സംഖ്യ നമ്മുടെ സ്വന്ത ഇടവകക്കാരുടെ സഹായത്താൽ തന്നെ ലഭിച്ചിട്ടുണ്ടായിരുന്നു. മേടമാസം 3-ാം തീയതി കോട്ടയത്തു നിന്നും കൊച്ചിയിൽ എത്തി ബോംബേയ്ക്കു പോകുന്നതിനുള്ള കപ്പൽ തയ്യാറുണ്ടോ എന്ന് അന്വേഷിച്ചപ്പോൾ തല്ക്കാലം ഇല്ലാതെയും 15-ാം തീയതിയ്ക്കു ഒന്നോ രണ്ടോ തീക്കപ്പൽ വരുമെന്നും ആപ്പീസുകാർ പറകയാൽ ആ വരവിനായി കാത്തു കൊച്ചിയിൽ താമസിച്ചിരിക്കുമ്പോൾ ബ. ബാവാ അവർകൾ കോട്ടൂർ പള്ളിയിൽ നിന്നും കരിങ്ങാശ്ര പള്ളിയിൽ എത്തുകയും അവിടെനിന്നു നമ്മുടെ പേർക്കു അയച്ചതായ കല്പനയിൽ ശീമയ്ക്കു പോകുന്ന കാര്യം ആവശ്യവും അടിയന്തിരപ്പെട്ടതും ആകുന്നു എങ്കിലും സർക്കാരിൽ നിന്നും പാസ്പോർട്ടു വാങ്ങാതെ പോയാൽ തുർക്കി സുൽത്താന്റെ അതിർത്തിയിൽ പാസ്പോർട്ടു യഥാസമയം കാണിച്ചു കൊടുക്കാഞ്ഞാൽ അവർ പിടിച്ചു അവരുടെ പട്ടാളത്തിൽ ചേർപ്പാനോ അടിമക്കാരനായിത്തീർപ്പാനോ എളുപ്പമുള്ളതാകയാൽ അങ്ങനെയുള്ള ആപത്തുകളൊന്നും നേരിട്ടു കഷ്ടപ്പെട്ടുപോകാതെ ഇരിപ്പാനായി പാസ്പോർട്ടു വാങ്ങിച്ചതിനുമേൽ മാത്രമേ യാത്ര പുറപ്പെടാവൂ എന്നും പാസ്പോർട്ടു വാങ്ങിക്കുന്നതിനു വേണ്ടിവരുന്ന താമസം ഒരു താമസമായി വിചാരിച്ചുപോകണ്ടാ എന്നും മറ്റും പ്രസ്താവിച്ചിരുന്നു. ഈ എഴുത്തു കിട്ടിക്കണ്ടപ്പോൾ നമ്മുടെ യാത്രയ്ക്കു നേരിടുന്ന താമസത്തെക്കുറിച്ചും പാസ്പോർട്ടു കിട്ടുമോ ഇല്ലയോ എന്നുള്ള ചഞ്ചലത്തെക്കുറിച്ചും വലിയ വ്യസനത്തിനിടയായിത്തീർന്നു. എങ്കിലും യാത്രക്കാർക്കു പാസ്പോർട്ടു കൊടുക്കുന്ന പതിവുണ്ടെങ്കിൽ എങ്ങനെയും അതു വാങ്ങിക്കൊള്ളാമല്ലോ എന്നു ധൈര്യപ്പെട്ടു അതിനായി ബദ്ധപ്പെട്ടു അന്വേഷിക്കയും കൊച്ചി ജോയിന്റു മജിസ്ത്രേട്ടു കോടതിയിൽ ബോധിപ്പിക്കയും ചെയ്തപ്പോൾ ഉണ്ടായ മറുപടി, പാസ്പോർട്ടു തരുവാൻ ആ കോടതിയ്ക്കധികാരമില്ലെന്നും പാസ്പോർട്ടു കിട്ടണമെങ്കിൽ മദിരാശിക്കു ചെന്നു അപേക്ഷിക്കണമെന്നും ആയിരുന്നു. ഇതിൽ വച്ചു പിന്നെയും വിഷാദം വർദ്ധിച്ചു. എന്തെന്നാൽ

പാസ്പോർട്ടിനായി യാത്ര മുടങ്ങി മദിരാശിക്കു പോയി വരുന്നതു വളരെ പ്രയാസവും പാസ്പോർട്ടു വാങ്ങാതെ പോയാൽ മേൽപറയപ്പെട്ടപ്രകാരം വല്ല തടവോ ശിക്ഷകളോ നേരിടുവാൻ എളുപ്പവുമല്ലോ എന്നുള്ള വിചാരത്താൽ ഒന്നും ഉറയ്ക്കാതെ വലിയ വ്യസനത്തോടെ രണ്ടു നാലു ദിവസം കഴിച്ചുകൂട്ടി. എങ്കിലും ദൈവകല്പിതംപോലെ എങ്ങനെയും ഭവിക്കട്ടെ, യാത്ര മുടക്കാതെ പോക തന്നെ ഉത്തമമെന്നു ദൈവത്തിൽ ധൈര്യപ്പെട്ടു. കപ്പലിന്റെ വരവിനായി കാത്തിരിക്കുന്ന സന്ദർഭത്തിൽ കണ്ടനാട്ടുകാരൻ മട്ടുമ്മേൽ ഗീവറുഗീസു കത്തനാരും നമ്മോടുകൂടെ ശീമയ്ക്കു പോരുവാനായി ഒരുങ്ങി ബ. ബാവാ അവർകളുടെ എഴുത്തും കൊണ്ടു നമ്മുടെ അടുക്കൽ വന്നുചേരുകയും ചെയ്തു. എഴുത്തിലെ താല്പര്യം: (ഒരു വരി അവ്യക്തം – എഡിറ്റർ) .... പാത്രിയർക്കീസു ബാവാ തിരുമേനിയേയും കാണാൻ ആഗ്രഹിച്ചു നമ്മോടുകൂടെ പോരുവാൻ ഒരുങ്ങി പുറപ്പെട്ടു വരുന്നതാകകൊണ്ടു കൂടെ കൊണ്ടുപോകണമെന്നും അയാൾക്കു വേണ്ടപ്പെടുന്നതായ ചിലവർപ്പുകൾ (ചെലവിനങ്ങൾ – എഡിറ്റർ) ഒക്കെയും അയാൾ തന്നെ ചെയ്തുകൊള്ളുമെന്നും കൂട്ടുയാത്രക്കാരനായി കൊണ്ടുപോയാൽ മതിയെന്നും മറ്റും ആയിരുന്നു. ഇതിങ്കൽ നാം വളരെ സന്തോഷിക്കയും ടി കത്തനാരെ നമ്മോടുകൂടെ കൊണ്ടുപോകുന്നതിനായി നിശ്ചയിക്കയും നമ്മോടുകൂടി കൊണ്ടുപോകാൻ നിശ്ചയിച്ചിരുന്ന രണ്ടുപേരിൽ ചാലിശ്ശേരിക്കാരൻ വറിയതിനെ മടക്കി അയയ്ക്കുകയും ചെയ്തു. ഇങ്ങനെയിരിക്കുമ്പോൾ നമ്മുടെ യാത്രയ്ക്കു പിന്നെയും ഒരു വിശേഷ സഹായം ഉണ്ടായി. എന്തെന്നാൽ മൂസൽക്കാരനാകുന്ന പൌലൂസു കശീശാ കൊച്ചിയിൽ വന്നിറങ്ങുകയും സുറിയാനിപ്പള്ളികൾ ഉണ്ടോ എന്നന്വേഷിച്ചു നമ്മുടെ പള്ളിയിൽ വന്നു കേറുകയും ഞങ്ങൾ തമ്മിൽ കണ്ടു വിവരങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം റോമ്മാ വിശ്വാസത്തിൽ ചേർന്ന ഒരു സുറിയാനി പട്ടക്കാരനും മൂസൽ രാജ്യത്തുകാരനും ധർമ്മശേഖരത്തിന്നായി വന്നിരിക്കുന്നവനും എന്ന് അറിഞ്ഞപ്പോൾ രണ്ടു മൂന്നു ദിവസം നമ്മോടുകൂടെ താമസിപ്പിക്കയും ബസോറാ, ബഗദാദു എന്നീ രാജ്യങ്ങളിൽ എത്തുമ്പോൾ ഞങ്ങളെ കൈക്കൊണ്ടു സഹായിച്ചു അയക്കുന്നതിനു വല്ലവരും ഉണ്ടാകുമോ എന്നു ചോദിക്കയും ഉണ്ടെന്നു പറഞ്ഞു ബസൊറായിൽ പ്രധാനിയും അദ്ദേഹത്തിന്റെ ഉറ്റ സ്നേഹിതനുമായ ആകാ യാക്കോബിനും ബാഗ്ദാദിൽ വലിയ കച്ചവടക്കാരനാകുന്ന കോജാ അസ്സീസിനും മൂസ്സലിൽ അദ്ദേഹത്തിന്റെ മെത്രാപ്പോലീത്താ ആകുന്ന മെത്രാൻ ബെന്നിക്കും അദ്ദേഹത്തിന്റെ ഭവനത്തിലേക്കും എഴുത്തുകൾ തന്നതുകൂടാതെ മെത്രാൻ ബെന്നിക്കും ബാഗ്ദാദിൽ അവരുടെ മെത്രാനാകുന്ന ബഹനാം മെത്രാപ്പോലീത്തായ്ക്കും കൊടുപ്പാനായി കൊച്ചിയിൽ നിന്നും രണ്ടു കുത്തു പട്ടുറുമാ...... (ഒരു വരി അവ്യക്തം – എഡി.) മൂസൽ വരെയുള്ള വഴി

കളും അവിടവിടെ ഉണ്ടായിവരുന്ന താമസവിവരങ്ങളും മറ്റും വെടിപ്പായി അദ്ദേഹത്തിൽ നിന്നു ഗ്രഹിപ്പാൻ എടവരികയും ചെയ്തു.

ഇങ്ങനെ ഇരിക്കുമ്പോൾ മേൽപറയപ്പെട്ട ജോയിന്റു മജിസ്ട്രേറ്റു ജഡ്ജിയെ കാണാനായി പോകയും കണ്ട സമയം പാസ്പോർട്ടു തരുവാൻ അധികാരമില്ലെങ്കിലും വഴിയിൽ സഹായത്തിനുവേണ്ടി ഒരു സഹായകത്തെങ്കിലും തരണമെന്നു അപേക്ഷിക്കയും ചെയ്തപ്പോൾ തരാമെന്നു പറകയും തരികയും ചെയ്തതിൽ ഇപ്രകാരം എഴുതിയിരുന്നു. കൊച്ചീക്കോട്ടപ്പള്ളിയിൽ വികാരി ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് കത്തനാരു അന്ത്യോഖ്യാ പാത്രിയർക്കീസു അവറുകളെ കാണാനായി പോകുന്നതാകകൊണ്ടു മാന്യന്മാർ കഴിയുന്ന സഹായം ചെയ്തുകൊടുക്കണമെന്നായിരുന്നു. ഈ കത്തു വാങ്ങിവരുമ്പോൾ, ബോംബെക്കു പോകുന്നതായ രണ്ടു തീക്കപ്പൽ എത്തിയിരിക്കുന്നതായി കേൾക്കയും അതിൽ കേറിപോകുവാൻ ഞങ്ങൾ ഒരുങ്ങുകയും ചെയ്തു. ബോംബെയ്ക്കുള്ള കപ്പൽ കൂലിയെക്കുറിച്ചു ചോദിച്ചപ്പോൾ ഒരു കപ്പലിൽ മൂന്നാം ക്ലാസ്സിലേക്കു 20 രൂപാ എന്നും, മറ്റേ കപ്പലിൽ ടി ക്ലാസ്സിലേക്കു 15 രൂപ എന്നും പറകയും, കൂലിസഹായത്തിനായി 15 രൂപ കൂലി പറഞ്ഞ കപ്പലിൽ കേറുവാനായി നമുക്കും നമ്മുടെ കൂടെയുള്ള കുത്തൂർ താരപ്പനും ടി കത്തനാർക്കും കൂടി 45 രൂപാ കൂലി കൊടുത്തു കെട്ടുകയും കൊല്ലം 1038-ാം മാണ്ടു മേടമാസം 14-ാം തീയതി പകൽ 4 മണിക്കു കപ്പൽ കേറുകയും ചെയ്തു.

നമ്മുടെ യാത്രയ്ക്കുവേണ്ടി കൊച്ചിയിൽ വന്നിരുന്ന സ്നേഹിതന്മാർ അന്നു പട്ടക്കാരനായിരുന്ന മൂക്കഞ്ചേരിൽ ഗീവറുഗ്ഗീസു റമ്പാച്ചനും കരിങ്ങാശ്രപള്ളിയിൽ കുറ്റിക്കാട്ടിൽ ഗീവർഗ്ഗീസു കത്തനാരും പുകടിയിൽ ഉട്ടൂപ്പു റൈട്ടറും കുമരകത്തു അബ്രഹാം മേനോനും മറ്റു കൊച്ചിയിലുണ്ടായിരുന്ന റൈട്ടർമാരും കുന്നംകുളങ്ങരക്കാരായ ഏതാനുംപേരും ഉണ്ടായിരുന്നു. കപ്പലിലേക്കു പുറപ്പെടുന്ന സമയം കൊച്ചിയിൽ പള്ളിയിൽ കേറി പ്രാർത്ഥിച്ചുംകൊണ്ടിറങ്ങി. കോട്ടക്കടവിലെത്തി കപ്പലിലേക്കു പോകുവാനുള്ള ചെറിയ വള്ളത്തിൽ കേറുന്ന സമയം ഉണ്ടായിരുന്ന എല്ലാവരോടും യാത്ര പറഞ്ഞു കേറുവാൻ ശക്തനല്ലാത്തവണ്ണം വ്യസനത്തിൽ നാം മുഴുകിയിരുന്നതിനാൽ ഒരുവിധം യാത്ര പറഞ്ഞു എന്നു വരുത്തി വള്ളത്തിൽ കേറി കപ്പലിൽ എത്തുകയും അന്നു അഞ്ചര മണിക്കു കപ്പൽ നീക്കുകയും ചെയ്തു. കപ്പലിൽ കേറിയാൽ പണം കൊടുക്കുന്നപ്രകാരം വേണ്ടതരം ഭക്ഷണസാധനങ്ങൾ കിട്ടുമെന്നു എല്ലാവരും പറഞ്ഞതിനെ വിശ്വസിച്ചു ഭക്ഷണസാധനങ്ങൾ ഒന്നും ഞങ്ങൾ തയ്യാറാക്കിക്കൊണ്ടു പോയിരുന്നില്ല. എങ്കിലും രണ്ടുനാലു റൊട്ടിയും കുറെ തേയിലയും കുറെ പഞ്ചസാരയും കയ്യിൽ ഉണ്ടായിരുന്നു. ഇതു

കൂടെ കയ്യിൽ ഇല്ലായിരുന്നു എങ്കിൽ വലിയ പട്ടിണിയ്ക്കും ബുദ്ധിമുട്ടിനും സംഗതിയായിത്തീർന്നേനേ.

### അദ്ധ്യായം 2

## കൊച്ചി മുതൽ ബോംബെ വരെ

ഞങ്ങൾ കേറിയ കപ്പൽ കുറെ ചെറിയതായിരുന്നു. എന്നു മാത്രമല്ല, തുറമുഖംതോറും അടുത്തു ആളുകളെയും സാമാനങ്ങളേയും കേറ്റുകയും ഇറക്കുകയും ചെയ്യാൻ ചുമതലപ്പെട്ടതുമായിരുന്നു. കൊച്ചിയിൽ നിന്നു പുറപ്പെടുമ്പോൾ ഇതിൽ പിടിപ്പതു യാത്രക്കാർ കേറിയും ഇരുന്നു. പണം കൊടുത്താൽ കപ്പലിൽ എന്തു ഭക്ഷണസാധനങ്ങളും കിട്ടുമെന്നു എല്ലാവരും പറഞ്ഞിരുന്നതിനാൽ ഞങ്ങൾ അധികമായി യാതൊന്നും ശേഖരിച്ചിരുന്നില്ല. എങ്കിലും രണ്ടുനാലു റൊട്ടിയും കുറെ തേയിലയും ഒരു റാത്തൽ പഞ്ചസാരയും കൈവശമുണ്ടായിരുന്നു. അഞ്ചര മണിക്കു കപ്പൽ നീക്കി. പിറ്റേദിവസം കാലത്ത് (15-ാം തീയതി) കപ്പൽ കോഴിക്കോട്ടെത്തി. അസ്തമിക്കുന്നതുവരെ ആ തുറമുഖത്തു താമസിച്ചതിനിടയ്ക്കു കുറെ ചരക്കുകളും ആളുകളേയും കേറ്റി. വല്ലതും ഭക്ഷണസാധനങ്ങൾ കിട്ടുമോ എന്നു ശുഷ്കാന്തിയായി അന്വേഷിച്ചുവെങ്കിലും ഒന്നും ലഭിച്ചില്ല. ധാരാളം ഭക്ഷണസാധനങ്ങൾ കൂടെക്കൊണ്ടുപോകാഞ്ഞതിന്റെ അബദ്ധം അപ്പോഴാണ് ഞങ്ങൾക്കു ബോധ്യമായത്. എങ്കിലും വളരെ പ്രയാസപ്പെട്ടിട്ടു ഒരു കേത്തൽ വെള്ളം മാത്രം ചൂടുപിടിപ്പിച്ചു കിട്ടിയതിൽ തേയില ഇട്ടു കുടിക്കുകയും റൊട്ടിയിൽ അല്പം ഭക്ഷിക്കുകയും ചെയ്തു. അന്നു മുഴുവനും അങ്ങനെ കഴിച്ചുകൂട്ടി. രാത്രി ഏഴു മണിക്കു കപ്പൽ കോഴിക്കോട്ടുനിന്നു നീക്കി 16-ാം തീയതി വെളുപ്പിനു തലശ്ശേരിത്തുറമുഖത്തെത്തി. അന്നു മുഴുവനും കപ്പൽ അവിടെ കിടന്നു. അവിടെയും ചരക്കുകളും ആളുകളെയും കേറ്റുകയും ഇറക്കുകയും ചെയ്തു. ആദ്യം തന്നെ കപ്പലിൽ സ്ഥലമില്ലാതാകത്തക്കവിധത്തിൽ ആളുകൾ കേറിയിരുന്നു. കോഴിക്കോട്ടു നിന്നു കേറിയ ആളുകൾക്കു പിന്നാലെ ഇപ്പോൾ തലശ്ശേരിയിൽ നിന്നു കൂടി കുറെ ആളുകൾ കേറിയപ്പോൾ യാത്രക്കാർക്കു വലിയ കഷ്ടപ്പാടും ദുഃഖവുമായി. ഇതൊക്കെ കപ്പിത്താൻ കണ്ടാറെ അദ്ദേഹത്തിനു ലേശവും അനുകമ്പ ഉണ്ടായതുമില്ല. ഇതു നിമിത്തം ഞങ്ങളുടെ ദുഃഖം വർദ്ധിച്ചു. ഗത്യന്തരമില്ലാഞ്ഞതിനാൽ എല്ലാവരും സഹിച്ചുകൊണ്ടിരുന്നു. ആളുകളുടെ ബഹുലത്വം കൊണ്ട് പാചകന്മാരുടെ അടുക്കൽ ചെല്ലുന്നതിനോ അവരെ കണ്ടു വല്ലതും ചോദിക്കുന്നതിനോ ഞങ്ങൾ വളരെ പ്രയാസപ്പെട്ടു. അന്നും തേയിലയും അപ്പവും കൊണ്ടു കഴിച്ചുകൂട്ടി. 17-ാം തീയതി കപ്പൽ കണ്ണൂർ

തുറമുഖത്തെത്തി. അന്നു മുഴുവനും അവിടെ താമസിച്ചു. കൈവശമുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ ഇതിനു മുമ്പു തന്നെ തീർന്നുപോയതിനാൽ കരയ്ക്കിറങ്ങിപ്പോയി വല്ലതും വാങ്ങുന്നതിനു കപ്പിത്താനോടു ഞങ്ങൾ അനുവാദം ചോദിച്ചു. കരയ്ക്കിറങ്ങി തിരികെ വരുന്നതുവരെ കപ്പൽ താമസിക്കുന്നതല്ലെന്നും മറ്റും പറഞ്ഞു മൂപ്പർ ശുണ്ഠി പിടിച്ചതിനാൽ എല്ലാവരും വിഷാദിച്ചു കപ്പലിൽതന്നെ ഇരുന്നു. എങ്കിലും ഈ അവസരത്തിൽ ദൈവഗത്യാ ഒരു സഹായി വന്നു കൂടി. കോഴിക്കോട്ടു വെച്ചു നമുക്കു മുഖപരിചയമുണ്ടായിട്ടുള്ള ഒരു കണ്ണൂർക്കാരൻ മുസൽമാൻ വ്യാപാരി ബോംബെയിലേക്കു പോകാനായി ഈ കപ്പലിൽ വന്നു കേറി. ഇദ്ദേഹം ഞങ്ങളുടെ അവസ്ഥ അറിഞ്ഞു ആർദ്രനായി തന്റെ കൈവശമുണ്ടായിരുന്നതിൽ നിന്നു രണ്ടുമൂന്നു റൊട്ടിയും രണ്ടുമൂന്നു പത്തിരിയും ഞങ്ങൾക്കു സമ്മാനിച്ചു. ഇതുകൊണ്ടു അന്നത്തെ ഭക്ഷണം കഴിഞ്ഞു. പിറ്റെദ്ദിവസം (18-ാം തീയതി) കപ്പൽ മംഗലപുരം തുറമുഖത്തെത്തി. അന്നു ഞങ്ങൾ മൂന്നു പേരുടെയും ഒരു നേരത്തെ ഭക്ഷണത്തിനായി ഒരു മദ്ധ്യസ്ഥൻ മുഖാന്തരം രണ്ടു രൂപ കപ്പലിലെ പാചകപ്രമാണിയെ ഏൾപ്പിച്ചിട്ടു കുറെ ചോറും എന്തോ ഒരു കറിയും കിട്ടി. ചോറു ഒരാൾക്കു ഉണ്ണാൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ എങ്കിലും ഞങ്ങൾ മൂന്നു പേരും ഇതു തുല്യമായി ഭാഗിച്ചു ഊണു കഴിച്ചു. ആർക്കുമാർക്കും തൃപ്തിയായില്ല എങ്കിലും പതിവുള്ള ഭക്ഷണത്തിനു സംഗതിയായതിങ്കൽ എല്ലാവരും വളരെ വളരെ സന്തോഷിച്ചു. ഈ തുറമുഖത്തു നിന്നു കൂടി കുറെ ആളുകളെ കേറ്റിയപ്പോൾ കപ്പലിൽ ഇരിക്കാൻ തീരെ നിവൃത്തിയില്ലെന്നായി. ഞങ്ങൾക്കു മൂന്നു പേർക്കും കൂടി ഇരിക്കുവാൻ കിട്ടിയ പീഠം ഞങ്ങളുടെ വകതന്നെയായ ഒരു വലിയ കാൽപെട്ടിയായിരുന്നു. ഇരിക്കാൻ ഇത്ര ബുദ്ധിമുട്ടായപ്പോൾ കിടക്കുന്ന കാര്യം പറയേണ്ടതില്ലല്ലോ. എല്ലാ യാത്രക്കാർക്കും ഈ ബുദ്ധിമുട്ടു ഏറെക്കുറെ ഉണ്ടായിരുന്നു എങ്കിലും ഞങ്ങൾക്കു വിശേഷാൽ ഒരുപദ്രവം കൂടി ഉണ്ടായി. ഞങ്ങൾ ഇരുന്നിരുന്നതിനു സമീപമായിരുന്നു കപ്പലിലെ ഉപയോഗത്തിനുള്ള കൽക്കരി കൂട്ടിയിരുന്നതു. കരി വാരുമ്പോഴൊക്കെയും അതിന്റെ പൊടി ഞങ്ങളുടെ ശരീരമാസകലം വീണു ഉപദ്രവിച്ചുകൊണ്ടിരുന്നു. സഹിക്കയല്ലാതെ എന്താണ് നിവൃത്തി? കപ്പിത്താന്റെ സ്വഭാവഗുണത്തെപ്പറ്റി ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുമുണ്ടല്ലോ.

പിറ്റെദിവസം അതിരാവിലെ (19-ാം തീയതി ഞായറാഴ്ച) കപ്പൽ ഗോവാതുറമുഖത്തെത്തി. കപ്പൽ കരയോടു വളരെ അടുത്തു ചെന്നു നിന്നിരുന്നു. കരയ്ക്കിറങ്ങിപ്പോയി ഭക്ഷണസാധനങ്ങൾ വാങ്ങാതെ നിവൃത്തിയില്ലെന്നു നാം കപ്പിത്താനൊടു സങ്കടം പറഞ്ഞപ്പോൾ അദ്ദേഹം ദൈവകൃപയാൽ അനുവാദം നൽകുകയാണു ചെയ്തതു. കുളിച്ചു

കുപ്പായം മാറാമെന്നുള്ള വിചാരത്താൽ ഒരു കൂട്ടം അലക്കിയ കുപ്പായവും എടുത്തുകൊണ്ടു നാം തനിച്ചു കരയ്ക്കിറങ്ങി കാണുന്നവരോടൊക്കെ കുളിക്കാൻ കുളം എവിടെയാണെന്നു ചോദിച്ചു നടന്നു തുടങ്ങി. ഒടുവിൽ ഒരു മുസൽമാനെ കണ്ടുകൂടി അയാളോടു ചോദിച്ചപ്പോൾ സമീപമുണ്ടായിരുന്ന ഒരു കുളം അയാൾ ചൂണ്ടിക്കാണിച്ചുതന്നു. ഉടനേ നാം അതിൽ ഇറങ്ങി കുളിച്ചു കുപ്പായം മാറിക്കഴിഞ്ഞപ്പോൾ വേറൊരു മുസൽമാൻ ആ കുളത്തിൽ കുളിക്കാനായി വന്നു. ഈ വിദ്വാൻ കുറേനേരം നമ്മെ സൂക്ഷിച്ചു നോക്കിയതിനു ശേഷം നാം ഏതു മതക്കാരനാണെന്നു ചോദിച്ചു. കൃസ്ത്യാനിയാണെന്നുള്ള മറുപടി പറഞ്ഞുകേട്ടമാത്രയിൽ അയാൾ നമ്മുടെ കൈക്കു കടന്നു പിടിച്ചു മുസൽമാന്മാരുടെ കുളത്തിൽ ഒരു കൃസ്ത്യാനി ഇറങ്ങിക്കുളിച്ചതു എന്തിനാണെന്നു ചോദിക്കുകയും കോപിച്ചു ശണ്ഠയ്ക്കു ഒരുങ്ങുകയും ചെയ്തു. നമ്മുടെ അവസ്ഥ വിസ്തരിച്ചു പറഞ്ഞതൊന്നും അയാൾക്കു സമ്മതമായില്ല. നമ്മെ പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോകാനായി ഈ മുസൽമാൻ ബദ്ധപ്പെടുന്നതു കണ്ടപ്പോൾ നാം കീശയിൽ നിന്നു പെട്ടെന്നു രണ്ടു രൂപയെടുത്തു അയാൾക്കു കൊടുക്കുകയും അതു കിട്ടിയപ്പോൾ ആ മുസൽമാൻ സമാധാനപ്പെട്ടു പോവുകയും ചെയ്തു. നമ്മുടെ വേഷം കണ്ടിട്ടു നാം ഒരു മുസൽമാനായിരിക്കുമെന്നുള്ള ഊഹം കൊണ്ടായിരിക്കണം ആദ്യത്തെ മുസൽമാൻ നമുക്ക് ആ കുളം കാണിച്ചുതന്നത്. സാമം ഫലിച്ചില്ലെങ്കിലും ദാനം കൊണ്ടു കാര്യം കലാശിച്ചതു ഭാഗ്യം. അല്ലെങ്കിൽ നാം അവിടെ വെറുതെ കിടന്നു കുറേ കഷ്ടപ്പെടുന്നതിനു ഇടയാകുമായിരുന്നു.

നാം ഈ സംഭവാനന്തരം പുറപ്പെട്ടത് ഗോവയിലെ റോമ്മാമെത്രാൻ ഇരിക്കുന്ന പള്ളിയിലേക്കാണ്. കോഴിക്കോടു, പൊന്നാനി മുതലായ പല സ്ഥലങ്ങളിൽ വെച്ചു നാം ഗോവക്കാരായ വളരെ ചെമ്പുപണിക്കാരെ കണ്ടു പരിചയപ്പെട്ടിട്ടുള്ളതുകൊണ്ടു പള്ളിയിൽവെച്ചു അവരിൽ വല്ലവരേയും കണ്ടാൽ അവരിൽനിന്നു സഹായമുണ്ടാകുമല്ലോ എന്നു വിചാരിച്ചാണു അവിടേക്കു പോയതു. നേരത്തെയുള്ള കുർബ്ബാന കഴിയുന്നതുവരെ നാം പള്ളിയിൽ നിന്നിട്ടും പരിചിതന്മാരായി ആരെയും കണ്ടില്ല. ആശാഭംഗത്തോടെ അങ്ങാടിയിൽ പോയി കുറെ ഭക്ഷണസാധനങ്ങൾ വാങ്ങീട്ടു കടൽപുറത്തേക്കു ചെന്നപ്പോൾ ഇതാ കപ്പൽ നീക്കുന്നു. നമ്മുടെ അപ്പോഴത്തെ മനോവികാരം എന്തു മാതിരിയായിരിക്കും? മുസൽമാനുമായുണ്ടായ വാഗ്വാദവും പള്ളിയിലെ താമസവും മറ്റും കൊണ്ടു സമയം പോയതറിഞ്ഞില്ല. നാം വന്നു കേറിയില്ലെന്നു വെച്ചു ഭൂതദയാവിഹീനനായ കപ്പിത്താനുണ്ടോ കപ്പൽ താമസിപ്പിക്കുന്നു! കപ്പൽ നീക്കുന്നതു കണ്ടപ്പോൾ നാം ഉറക്കെ നിലവിളിക്കുകയും കയ്യിലുണ്ടായിരുന്ന തൂവാല പൊക്കി വീശിക്കാണിക്കുകയും ചെയ്തു. കപ്പലിലുണ്ടായിരുന്ന

ഗീവറുഗീസു കത്തനാരും താരപ്പനും കിടന്നു നിലവിളിക്കുകയും കൂടി ചെയ്തപ്പോൾ പ്രകൃത്യാ കഠിനമാനസനായ കപ്പിത്താനു അല്പം കരുണതോന്നി കപ്പൽ നിറുത്തി. ഉടനെ രണ്ടു രൂപ കൂലി പറഞ്ഞു നാം ഒരു തോണിയിൽ കേറി കപ്പലിലേക്കു പുറപ്പെട്ടു. തോണി കപ്പലോടടുത്തു നാം ഗോവണി കയറിത്തുടങ്ങിയപ്പോഴേക്കു കപ്പൽ നീക്കിക്കളഞ്ഞതിനാൽ പാവപ്പെട്ട തോണിക്കാരനു കൂലി കൊടുക്കാൻ സാധിച്ചില്ല. ഇതിങ്കൽ നമുക്കു വലിയ ദുഃഖമുണ്ടായി എങ്കിലും നിവൃത്തിയൊന്നുമില്ലായിരുന്നു. ശുണ്ഠിക്കാരനായ കപ്പിത്താൻ തന്നെ ഇതിനു ദൈവത്തോടു സമാധാനം പറയട്ടെ.

ഗോവയിൽനിന്നു വിട്ടതിന്റെ ശേഷം കപ്പൽ വേറെ സ്ഥലങ്ങളിലെങ്ങും അടുക്കാതെ നേരെ ബോംബയ്ക്കു ഓടുകയും മേടമാസം 22-ാം തീയതി പകൽ മൂന്നു മണിക്കു വാണിജ്യത്താൽ ജഗൽപ്രസിദ്ധമായ ആ മഹാനഗരത്തിൽ എത്തുകയും ചെയ്തു.

## അദ്ധ്യായം 3

# ബോംബെ നഗരം

## (മേടം 22 - ഇടവം 9)

കണ്ണൂർക്കാരനും നമുക്കു പരിചിതനുമായ ഒരു കച്ചവടക്കാരൻ ബോംബയ്ക്കായി കപ്പൽ കേറിയ വിവരം ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ബോംബയിൽ എത്തിയ ഉടനെ ഇദ്ദേഹത്തിന്റെ വീട്ടിൽ താമസിക്കുന്നതിനായിട്ടാണു ഞങ്ങൾ പുറപ്പെട്ടത്. അവിടെ എത്തിയപ്പോൾ ആ വീടു വളരെ ചെറുതാണെന്നു കാണുകയാൽ സാമാനങ്ങൾ അവിടെ വെച്ചിട്ടു ഞങ്ങൾ അവിടുത്തെ അർമ്മേനിയൻ പള്ളി അന്വേഷിച്ചു പുറപ്പെട്ടു. വഴിയിൽ കണ്ട പലരോടും അർമ്മേനിയൻ പള്ളി എവിടെയാണെന്നു ചോദിച്ചിട്ടു ഒരു ഫലവും ഉണ്ടായില്ല. ഒടുവിൽ ഒരു പോലീസ് കൺസ്റ്റബിളിനെ കണ്ടു. പള്ളി കാണിച്ചു കൊടുത്താൽ നാലണ (25 പൈസ - എഡി.) കൊടുക്കാമെന്നു പറഞ്ഞപ്പോൾ അയാൾക്കു വലിയ സന്തോഷമായി. ഞങ്ങളുടെ മാർഗ്ഗദർശിയായി ഈ കൺസ്റ്റബിൾ കുറേ നടന്നതിന്റെ ശേഷം അയാൾ ഞങ്ങളെ ഒരു വലിയ ഗോപുരത്തിന്റെ ഉള്ളിലേക്കു കൊണ്ടുപോയി. അകത്തു ചെന്നപ്പോൾ വെള്ളത്തലപ്പാവു ധരിച്ച അനേകം അറബികളും തുലുക്കരും ഇരിക്കുന്നതു കണ്ടിട്ടു ഇതാണോ അർമ്മേനിയൻ പള്ളി എന്ന് നാം സംശയഭയങ്ങളോടു കൂടി കൺസ്റ്റബിളിനോടു ചോദിച്ചാറെ അതേ എന്നു അയാൾ വീണ്ടും ഉറപ്പിച്ചു പറഞ്ഞു എങ്കിലും ഞങ്ങൾ അയാളുടെ പിന്നാലെ ചെല്ലാതെ മടിച്ചു നിന്നു. ഇതു കണ്ട് അവിടെ ഇരുന്നിരുന്നവർ കൺസ്റ്റബിളിനോടു

ചോദ്യം ചെയ്യാൻ തുടങ്ങി. അവരിൽ രണ്ടുമൂന്നു പേർ ഞങ്ങളുടെ അടുക്കലും വന്നു വിവരം ചോദിച്ചറിഞ്ഞു. ഉടനെ അവർ തിരിയെ ചെന്നു കൺസ്റ്റബിളിനെ അടിക്കാൻ ഭാവിച്ചു. ഇതു കണ്ടപ്പോൾ ഞങ്ങൾ പരിഭ്രമിച്ചു പുറത്തേക്കു ഓടി. ഉടനെ രണ്ടുമൂന്നു പേർ ബദ്ധപ്പെട്ടു വന്നു ഓടീട്ടു ആവശ്യമില്ലെന്നും അതൊരു അറബിപ്പള്ളിയാണെന്നും 'അർമ്മെനിയൻ' എന്ന ശബ്ദം 'അറബി' എന്നു കൺസ്റ്റബിൾ തെറ്റിദ്ധരിച്ചതിനാലാണു ഈ കുഴപ്പങ്ങളൊക്കെ ഉണ്ടായതെന്നും സാക്ഷാൽ അർമ്മേനിയൻ പള്ളി കാണിച്ചുതരാൻ കൺസ്റ്റബിളിനോടു ശട്ടം കെട്ടീട്ടുണ്ടെന്നും അവർ പറഞ്ഞു. ഈ അറബിപ്പള്ളിയിലുണ്ടായിരുന്നവരെല്ലാം വൃദ്ധന്മാരും മര്യാദക്കാരും ആയിരുന്നതുകൊണ്ടു അപകടമൊന്നും പറ്റിയില്ലെന്നു പറഞ്ഞാൽ മതിയല്ലോ.

അനന്തരം കൺസ്റ്റബിൾ സാക്ഷാൽ അർമ്മേനിയൻ പള്ളിയിലേക്കു തന്നെ വഴി കാണിച്ചു. ഞങ്ങളെ അവിടെ കൊണ്ടുചെന്നാക്കി. ഈ പള്ളിയിൽ അന്നിരുന്ന പുരോഹിതൻ ഒരു വൃദ്ധനും ഈറാൻ നാട്ടുകാരനും പാന്ഥന്മാരെ പള്ളിയിൽ കേറ്റിത്താമസിപ്പിക്കുന്നതിൽ പ്രകൃത്യാ വൈമനസ്യമുള്ള ഒരാളുമായിരുന്നു. നമ്മുടെയും ഗീവറുഗീസു കത്തനാരുടെയും കുപ്പായങ്ങൾ വെറും വെള്ള ആയിരുന്നതിനാൽ ഞങ്ങൾ സുറിയാനിപ്പട്ടക്കാരല്ലെന്നു അദ്ദേഹം തർക്കിക്കുക കൂടി ചെയ്തു. എങ്കിലും അവിടെ അപ്പോൾ വന്നു താമസിച്ചിരുന്ന കോജാ യാക്കോബ് എന്ന ആൾ ഈ തർക്കത്തെ കേട്ടു അടുത്തുവരികയും ഞങ്ങളുടെ വാക്കു സത്യമെന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടതിനാൽ ഞങ്ങളെ പള്ളിയിൽ താമസിക്കാൻ അനുവദിക്കണമെന്നു അദ്ദേഹം നിർബന്ധിച്ചതിനെ അർമ്മേനിയൻ പട്ടക്കാരൻ സമ്മതിക്കുകയും ചെയ്തു. ഉടനെ ഞങ്ങൾ ആദ്യം സാമാനങ്ങൾ വെച്ച സ്ഥലത്തു ചെന്നു അതുകൾ എടുപ്പിച്ചു കൊണ്ടുവന്നു പള്ളിയിൽ ഞങ്ങൾക്കായി ഒഴിച്ചുതന്ന ഒരു മുറിയിൽ വെച്ചു. ഇതെല്ലാം കഴിഞ്ഞപ്പോഴേക്കു സൂര്യൻ അസ്തമിച്ചു. അന്നു ഞങ്ങൾ ജലപാനം കഴിച്ചിട്ടില്ലായിരുന്നു. താമസിക്കാൻ സ്ഥലം കിട്ടിയപ്പോഴാണു ഭക്ഷണകാര്യം ഓർത്തതു. ഉടനെ അങ്ങാടിയിൽ പോയി കുറേ ഭക്ഷണസാധനങ്ങൾ വാങ്ങി. രാത്രി പതിനൊന്നു മണിയോടു കൂടി ഭക്ഷണം കഴിച്ചു കിടന്നുറങ്ങുകയും ചെയ്തു.

പിറ്റേദിവസം രാവിലെ എഴുന്നേറ്റു ഞങ്ങൾ കത്തനാരന്മാർ രണ്ടു പേരും കുളിച്ചു കറുത്ത കുപ്പായം മുതലായവ ധരിച്ചപ്പോൾ അർമ്മേനിയൻ പാതിരിയുടെ സംശയങ്ങൾ മുഴുവനും തീർന്നു. അന്നു മുതൽ ബസാറായിക്കു കപ്പൽ പോകുന്നുണ്ടൊ എന്നു ഞങ്ങൾ ദിവസംതോറും അന്വേഷിക്കാൻ തുടങ്ങി.

ഇതിനിടയ്ക്കു വേറൊരു സംഗതി ഉണ്ടായി. അന്ത്യോക്യയിൽ ചെല്ലു

മ്പോൾ പാത്രിയർക്കീസു ബാവായിക്കു കൊടുക്കണമെന്നു പറഞ്ഞു മലയാളത്തു നിന്നു ചിലർ നമ്മുടെ സഹായിയായി യാത്ര ചെയ്യുന്ന ഗീവറുഗീസു കത്തനാരുടെ പക്കൽ ചില എഴുത്തുകൾ കൊടുത്തിരുന്നു. പരമാർത്ഥിയായ ഇദ്ദേഹം ഈ എഴുത്തുകൾ എഴുതിയ ആളുകളുടെ അശുദ്ധോദ്ദേശ്യങ്ങൾ ഒന്നും അറിഞ്ഞിരുന്നില്ല. ഈ എഴുത്തുകളുടെ സ്വഭാവത്തെപ്പറ്റി അറിഞ്ഞപ്പോൾ നമുക്കു അപാരമായ ദുഃഖവും സങ്കടവുമുണ്ടായി. അന്ത്യോക്യയിലേക്കു പുറപ്പെടുന്നതിനു മുമ്പു തന്നെ നമുക്കും ന്യായത്തിനും വിരോധമായി എഴുത്തുകുത്തുകൾ നടത്താൻ ആളുകൾ ഉണ്ടായസ്ഥിതിക്കു നാം മലയാളം വിട്ടതിന്റെ ശേഷം ഈ വകക്കാർക്കു ഉൽസാഹം വളരെ വർദ്ധിക്കാനെ തരമുള്ളല്ലോ. ഈ സ്ഥിതിക്കു നാം അന്ത്യോക്യയിൽ എത്തുമ്പൊഴേക്കു നമുക്കു പ്രതികൂലമായ ഒരഭിപ്രായം പാത്രിയർക്കീസുബാവായുടെ മനസ്സിൽ ഉണ്ടായിക്കഴിഞ്ഞിരിക്കും. പിന്നെ നാമെന്തിനാണു ഇത്രയൊക്കെ കഷ്ടപ്പെട്ടു പരദേശയാത്ര ചെയ്യുന്നത്? അതുകൊണ്ടു മടങ്ങിപ്പോകയാണു നല്ലതു എന്നൊക്കെ നമുക്ക് തോന്നി എന്നു മാത്രമല്ല കൊച്ചീക്കുപോകുന്ന കപ്പൽ അന്വേഷിക്കാനുള്ള ഭാവവുമായി. ഇതറിഞ്ഞപ്പോൾ കൂട്ടുകാർ രണ്ടുപേരും വല്ലാതെ വ്യസനിച്ചു. ഇവർ ഓരോ സമാധാനം പറഞ്ഞു നമ്മുടെ ഈ ചാപല്യത്തെ മാറ്റാൻ ശ്രമിച്ചു. നാം അന്ത്യോക്യയിലേക്കു പോകുവാൻ പണപ്പിരിവു തുടങ്ങിയപ്പോൾ നാം ഒരിക്കലും അവിടംവരെ പോകുന്നതല്ലെന്നു ശത്രുക്കൾ ധാരാളമായി സംസാരിച്ചിരുന്നു. പണ്ടൊരിക്കൽ ഒരു ഈയപ്പൻ കത്തനാർ അന്ത്യോക്യയിലേക്കു പോകാനെന്നും പറഞ്ഞു പണം പിരിച്ചു കൊച്ചിയിലോളം പോയി തിരിച്ചു പൊരികയുണ്ടായിട്ടുണ്ടു. നാം ഈ ഇയ്യപ്പൻ കത്തനാരേക്കാൾ സമർത്ഥനാകയാൽ പക്ഷേ ബോംബെ വരെ പോയേക്കുമെന്നും അവിടെ റഷ്യൻ യുദ്ധക്കപ്പലുകൾ വന്നു കിടക്കുന്നതുകൊണ്ടു പോകാൻ നിവൃത്തിയില്ലെന്നു പറഞ്ഞു തിരിച്ചു പോരുമെന്നും അന്നുതന്നെ വിരോധികൾ പറഞ്ഞു നടന്നതാണ്. അതുകൊണ്ടു നാം മടങ്ങിപ്പോയാൽ ഈ അപവാദം അർത്ഥവത്തായിപ്പോകുമെന്നു ഗീവറുഗീസു കത്തനാരും താരപ്പനും നിർബന്ധമായിപ്പറയാൻ തുടങ്ങി. നമുക്കു കയ്യും കളയാൻ പാടില്ല, വളയും കളയാൻ പാടില്ല എന്ന സ്ഥിതിയായി. യാതൊന്നും തീർച്ചയാക്കാതെ ഒരാഴ്ചയോളം ദുഃഖിച്ചു കഴിച്ചുകൂട്ടി. ഒടുവിൽ എന്തെങ്കിലും ദൈവഹിതം പോലെ ആകട്ടെ എന്നു നിശ്ചയിച്ചു നാം ആരും ഇല്ലാത്ത സമയം നോക്കി അർമ്മേനിയൻ പള്ളിയുടെ മദ്ബഹായിൽ പ്രവേശിച്ചു, മനസ്സിനെ ഏകാഗ്രമാക്കിയും കഠിനമായ നിഷ്ഠയോടുകൂടിയും പ്രാർത്ഥിക്കാൻ തുടങ്ങി. അല്പബുദ്ധികളായ മനുഷ്യരുടെ തീരുമാനത്തേക്കാൾ സർവ്വജ്ഞനായ ദൈവത്തിന്റെ ഹിതവും തീരുമാനവും സർവ്വപ്രകാരേണ ആദരണീയമാകയാൽ അതറിയാനായി ദൈവസന്നിധിയിൽ ഇങ്ങനെ ഒട്ടുനേരം മുട്ടുപാടു പാർത്തു (മുട്ടിന്മേൽ

നിന്നു – എഡി.). അനന്തരം പെട്ടെന്നു മനസ്സിന്റെ ഭാരം കുറഞ്ഞതു പള്ളിയിൽനിന്നു പുറത്തുവന്നപ്പോൾ മുഖത്തും പ്രകാശിച്ചിരിക്കാം. അന്ത്യോക്യയിലേക്കു പോകുന്ന വകയ്ക്കു ശേഖരിച്ച ധനം വേറൊരു വകയ്ക്കു ഉപയോഗിക്കുന്നതു യുക്തമല്ല. ദുഷ്ടന്മാരുടെ ഉപദ്രവം നിമിത്തം നമുക്കു മെത്രാൻസ്ഥാനം കിട്ടാതെ വന്നേക്കാം. എന്നാലെന്താണ്? മലങ്കരസഭയുടെ ദയനീയാവസ്ഥയേ പരിശുദ്ധ സിംഹാസനത്തിങ്കൽ അറിയിക്കാനും യോഗ്യനായ ഒരു മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു മലയാളത്തേക്കു അയയ്ക്കണമെന്നു അപേക്ഷിക്കുന്നതിനും പരാശ്രയം ആവശ്യമില്ലല്ലൊ. ബലഹീനനായ നമ്മെക്കൊണ്ട് ദൈവം ഇതു സാധിച്ചു എങ്കിൽ ഇതു തന്നെയാണു നമ്മുടെ ജന്മോദ്ദേശ്യം. അതിനാൽ ഉടനെ അന്ത്യോക്യയിലേക്കു പുറപ്പെടുക തന്നെ. പ്രാർത്ഥനാനന്തരം നമ്മുടെ മനോഗതം ഇപ്രകാരമായിരുന്നു. സഫലമായ ഈ പ്രാർത്ഥനയുടെ ശേഷം അന്ത്യോക്യയിലേക്കു പോകുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തതു എത്രത്തോളം തിടുക്കത്തിലായിരുന്നു എന്നു വിവരിക്കാൻ പ്രയാസം. കൊച്ചിയിൽ നിന്നു കപ്പൽ കയറിയപ്പോൾ പട്ടിണി കിടക്കേണ്ടി വന്ന അവസ്ഥ ആവർത്തിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ ചെയ്തു. ബസോറായിലേക്കുള്ള കപ്പൽക്കൂലി മൂന്നു പേർക്കും കൂടി 96 രൂപാ അടച്ചു രശീതി വാങ്ങി, ഇടവം 9–ാം തീയതി വൈകുന്നേരം മൂന്നു പേരും കൂടി വീണ്ടും കപ്പൽ കേറുകയും ചെയ്തു. ബോംബയിലുണ്ടായിരുന്ന അർമ്മേനിയൻ കൃസ്ത്യാനികൾ ഞങ്ങളുടെ ഒപ്പം കപ്പലിലോളം വന്നു യാത്ര പറഞ്ഞാണു പിരിഞ്ഞത്.

### അദ്ധ്യായം 4

# ബൊംബെ മുതൽ ബസോറാ വരെ

## (1038 ഇടവം 10–22)

ഇടവം 9–ാം തീയതി 5 മണിക്കു ഞങ്ങൾ കപ്പലിൽ കേറിയതാണെങ്കിലും പിറ്റെദിവസം കാലത്തു മാത്രമെ കപ്പൽ നീക്കിയുള്ളു. ഇതു ഞങ്ങൾ കൊച്ചിയിൽ നിന്നു കേറിയ കപ്പലിനെക്കാൾ വളരെ വലിപ്പവും സ്വച്ഛന്ദമായി സഞ്ചരിക്കാൻ വേണ്ട വിസ്താരമുള്ളതുമായിരുന്നു. എങ്കിലും കാറ്റു പ്രതികൂലമായി വരുമ്പോൾ മൂന്നാം ക്ലാസ്സിൽ കേറിയിരുന്ന ഞങ്ങൾ ഉൾപ്പെട്ട ആളുകൾക്കു പുകയുടെ ഉപദ്രവം അല്പമല്ലായിരുന്നു. പുകയോടുകൂടി കൽക്കരിയുടെ പൊടി പറന്നുവീണു ഉടുപ്പുകൾ വഷളാവുക എന്നൊരു ശല്യം വിശേഷാലും ഉണ്ടായിരുന്നു. ഈ ഉപദ്രവത്തെ തടുക്കാനായി കപ്പിത്താൻ ഒരു വിദ്യ പ്രയോഗിച്ചു. മൂന്നാം ക്ലാസുകാർ ഇരിക്കുന്നതിന്റെ നടുവിൽ ഇദ്ദേഹം തിരശ്ശീല പോലെ ഒരു

കപ്പൽപായ് കൊണ്ടുവന്നു കെട്ടിക്കുകയും അതിന്റെ അകത്തു പുക യുടെ ഉപദ്രവം കൂടാതെ ഇരിക്കാൻ ആഗ്രഹമുള്ളവർ 15 രൂപ വീതം കൊടുക്കണമെന്നു ശട്ടം കെട്ടുകയും ചെയ്തു. ഉടനെ ഞങ്ങൾ മൂന്നു പേരും കൂടി 45 രൂപ കൊടുത്തു ഈ തിരശ്ശീലയ്ക്കകത്തു കടന്നിരുന്നു. ഇതിൽ പിന്നെ ഞങ്ങൾക്കു പുകയുടെയാകട്ടെ കരിയുടെ ആകട്ടെ യാതൊരുപദ്രവവും നേരിട്ടില്ല. ഈ കപ്പലിലെ പാചകനായകൻ ഒരു റോമ്മൻകത്തോലിക്കാ ക്രിസ്ത്യാനിയായിരുന്നു. ഒന്നു രണ്ടു ദിവസം കൊണ്ടു ഈയാളും നാമും തമ്മിൽ നല്ല സ്നേഹമായിത്തീർന്നതിനാൽ ഭക്ഷണത്തിനു നല്ല പദാർത്ഥങ്ങൾ കിട്ടിക്കൊണ്ടിരുന്നു. എന്നു മാത്രമല്ല ഞങ്ങൾ കൊടുക്കുന്ന സംഖ്യയ്ക്കു അനുരൂപമല്ലാത്തതും യൂറോപ്യ ന്മാർക്കായി ഉണ്ടാക്കപ്പെടുന്നതും ആയ സാധനങ്ങളും യഥേഷ്ടം ഈയാൾ ഞങ്ങൾക്കു തന്നു തുടങ്ങി. ഇതു നിമിത്തം ബോംബെയിൽ നിന്നു വാങ്ങി ശേഖരിച്ചിരുന്ന ഭക്ഷണസാധനങ്ങൾ ഒന്നുംതന്നെ എടു ത്തുപയോഗിക്കാൻ സംഗതി വന്നില്ല.

ഇടവം 13-ാം തീയതി കപ്പൽ മസ്ക്കത്ത് (Muscat) തുറമുഖത്തടുത്തു. ഇതു വളരെ വിശേഷപ്പെട്ട ഒരു തുറമുഖമാണ്. എത്ര വലിയ കാറ്റും കോളും ഉണ്ടായാലും ഈ തുറമുഖത്തു കിടക്കുന്ന കപ്പലുകൾക്കു യാതൊരു കേടും സംഭവിക്കുന്നതല്ല. ഇവിടെ കരിങ്കല്ലുകൊണ്ടു കടലി ലേക്കു കോട്ടപോലെ നീട്ടികെട്ടി ഒരു കുളം ഉണ്ട്. മദിരാശി തുറമുഖം കണ്ടിട്ടുള്ളവർക്കു ഇതിന്റെ സ്വഭാവം നല്ലപോലെ മനസ്സിലാകുന്നതാണ്. ഈ കുളത്തിനകത്തു കപ്പലുകൾ കരയോടു വളരെ അടുത്തു നിൽക്കാൻ തക്കവണ്ണം വെള്ളത്തിനു വളരെ ആഴമുണ്ട്. ഈ സംഗതിയിൽ ഇതിനെ കൊച്ചീതുറമുഖത്തോടും ഉപമിക്കാം. കപ്പൽ ഈ തുറമുഖത്തു അടു ക്കുമ്പോൾ അതൊരു പുരയ്ക്കകത്തു നിൽക്കുന്നതായി തോന്നിപ്പോകും. ഏതു സാമാനത്തിനും ഇവിടെ നല്ല സഹായമാണു (സഹായം എന്നാൽ കുന്നംകുളം ഭാഷയിൽ വിലക്കുറവ് എന്നർത്ഥം - എഡിറ്റർ). മലയാ ളത്തു രണ്ടു മൂന്നു രൂപ വിലയുള്ള മത്സ്യത്തിനു മസ്ക്കത്തു നാലോ ആറോ അണയേ വിലയുള്ളു. മാംസത്തിനും വില വളരെ കുറവാണ്. “മസ്ക്കത്തലുവ” എന്നു പേരു പറഞ്ഞു കപ്പൽക്കാർ കൊച്ചിയിലും ആല പ്പുഴയും വിൽക്കാൻ കൊണ്ടുവരുന്ന പലഹാരം ഇവിടെ ഉണ്ടാക്കുന്ന താണ്.

പിറ്റേദിവസം ഇവിടെ നിന്നു കപ്പൽ പുറപ്പെടുന്ന സമയത്തു മസ്ക്ക ത്തുകാരനായ ഒരു വലിയ കച്ചവടക്കാരൻ കൂടി ബൂശേറിലേക്കു (Bushire) പോകാനായി കേറി. ഇദ്ദേഹത്തിന്റെ അഞ്ചു വയസ്സു പ്രായമുള്ള ഒരു പുത്രനും കൂടെയുണ്ടായിരുന്നു. ഈ കുട്ടിയുടെ കയ്യിൽ ഞങ്ങൾ ഇതിനു മുമ്പു കണ്ടിട്ടില്ലാത്ത ഒരു തരം ഫലങ്ങൾ ഉണ്ടായിരുന്നു. തിരക്കിയതിൽ

ഇതു പച്ചമുന്തിരിങ്ങാഫലങ്ങളാണെന്നു അറിഞ്ഞതിനാൽ അതിൽ ഒന്നോ രണ്ടോ കിട്ടിയാൽ കൊള്ളാമെന്നു ഞങ്ങൾ വളരെ ആഗ്രഹിച്ചു. ഞങ്ങളുടെ അഭ്യർത്ഥനയാൽ ഈ ആഗ്രഹം പ്രയാസം കൂടാതെ സാധിക്കുകയും എല്ലാവരും കൂടി പച്ചമുന്തിരിങ്ങാ ഇദംപ്രഥമമായി ഭക്ഷിച്ചു അന്ത്യന്തം ആനന്ദിക്കുകയും ചെയ്തു. ആ ദിവസം അസ്തമിച്ചു കപ്പലിൽ വ്യസനകരമായ ഒരു സംഭവം വിശേഷാലുണ്ടായി. ഭാര്യയോടും കുട്ടിയോടും കൂടി കപ്പലിൽ കേറീട്ടുണ്ടായിരുന്ന ഒരു മുസൽമാനു പെട്ടെന്നു വിഷൂചിക ആരംഭിച്ചു. ഈ വർത്തമാനം കേട്ടു കപ്പലിലുള്ളവരെല്ലാം ഞെട്ടിപ്പോയി. ദീനമോ നിമിഷംപ്രതി വർദ്ധിച്ചുകൊണ്ടിരുന്നു. പിറ്റേദിവസം കാലത്തു ഏഴുമണിക്കു ആ സാധു മരിച്ചുപോകയും ചെയ്തു. കപ്പലിൽ ഉണ്ടായിരുന്ന മുസൽമാന്മാർ കൂടി ശവം പെട്ടെന്നു ഒന്നുരണ്ടു പായിൽ പൊതിഞ്ഞുകെട്ടി പാദത്തിങ്കൽ കല്ലും കെട്ടിയിട്ടു കടലിലേക്കു എറിഞ്ഞു. ഇതു കണ്ടപ്പോൾ ഞങ്ങളുടെ ദുഃഖം ദ്വിഗുണീഭവിച്ചു. പിറ്റേദിവസം മരിച്ച ആളുടെ ഭാര്യക്കും കുട്ടിക്കും വിഷൂചിക ആരംഭിച്ചു. ദീനം കലശലായപ്പോൾ ആ സ്ത്രീ താനും തന്റെ പുത്രനും മരിച്ചാൽ മൃതശരീരങ്ങൾ കടലിൽ എറിഞ്ഞു കളയാതെ കരയ്ക്കു കൊണ്ടുപോയി സംസ്കരിക്കണമെന്നും ഇതിനു തന്റെ പെട്ടി തുറന്നു വേണ്ട പണം എടുത്തുകൊള്ളണമെന്നും ബാക്കി പണം വീട്ടിലുള്ള തന്റെ കുട്ടികൾക്കു കൊടുക്കണമെന്നും കപ്പിത്താനോട് മഹമ്മദുനിബിയുടെ നാമത്തിൽ അപേക്ഷിച്ചു. പിറ്റെദിവസം രണ്ടു പേരും മരിച്ചു. ഇതിനകം കപ്പൽ ബന്തറാബാസിൽ (Bunder Abbas) എത്തിയതിനാൽ പ്രേതം രണ്ടും അവിടെ ഇറക്കി സംസ്കരിക്കുകയും ചെയ്തു.

തുടരെത്തുടരെ ഉണ്ടായ ഈ മൂന്നു മരണങ്ങൾ കഴിഞ്ഞപ്പൊഴേക്കു ഞങ്ങൾ വല്ലാതെ ഭയപരവശരായി. ഇങ്ങനെ മരണങ്ങൾ ഇടവിടാതെ ഉണ്ടായാൽ കപ്പൽ ബസോറായിൽ എത്തുന്നതിനു മുമ്പു യാത്രക്കാരെല്ലാവരും കാലഗതിയെ പ്രാപിക്കുമല്ലൊ എന്നു വിചാരിച്ചാണു ഞങ്ങൾ വ്യസനിച്ചതു. കപ്പലിൽ ഓടാനൊ ഒളിക്കാനൊ വല്ലതും നിവൃത്തിയുണ്ടൊ? ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കൃസ്ത്യാനികൾക്കുള്ള ഏകഗതിയായ “മുട്ടിക്കപ്പെട്ട” പ്രാർത്ഥനയിൽ തന്നെ ഞങ്ങൾ സമയം മുഴുവൻ വ്യയം ചെയ്തു.

ബന്തറാബാസിൽ നിന്നു വിട്ടശേഷം കപ്പൽ ബുശേർ (Bushire) തുറമുഖത്തടുത്തു. അവിടെ നിന്നു നേരിട്ടു ബസോറായിക്കു ഓടിച്ചു. ഇവിടെ അടുക്കുന്നതിനു മൂന്നു ദിവസം മുമ്പു മുതൽ സമുദ്രത്തിലെ വെള്ളത്തിനു ഉപ്പില്ലായിരുന്നു. ഇവിടെ മൂന്നു നാലു നദികളിലെ വെള്ളം എല്ലാം കൂടി സമുദ്രത്തിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നതാണു ഇതിനു കാരണം. ഇടവം 22–ാം തീയതി പകൽ 12 മണിക്കു കപ്പൽ ബസോറാത്തുറമുഖത്തു അടുത്തു.

ഈ അദ്ധ്യായം അവസാനിക്കുന്നതിനു മുമ്പു അല്പമായ ഒരു ഭൂവിവരണം ആവശ്യമാണെന്നു തോന്നുന്നു. കപ്പൽ ബോംബയിൽ നിന്നു വിട്ടിട്ടു ആദ്യം അടുത്ത തുറമുഖം മസ്ക്കത്തു (Muscat) എന്നാണല്ലോ പറഞ്ഞതു. ഇതു ബോംബയുടെ വടക്കു പടിഞ്ഞാറായി അറേബിയാ രാജ്യത്തിന്റെ കിഴക്കേ തീരത്തുള്ള ഒരു തുറമുഖമാണ്. ബോംബയിൽ നിന്നു ഈ തുറമുഖത്തേക്കുള്ള ദൂരം ഉദ്ദേശം ആയിരം നാഴികയാകുന്നു. അറേബിയൻ സമുദ്രത്തിന്റെ ഒരു ഭാഗമായ ഒമാൻ ഉൾക്കടലിൽ നിന്നു പേർഷ്യൻ ഉൾക്കടലിലേക്കു പ്രവേശിക്കുന്ന സ്ഥലത്താണു ബന്തറബാസ് തുറമുഖം. പേർഷ്യാരാജ്യത്തിന്റെ തെക്കുപടിഞ്ഞാറെ തീരത്തുള്ള അറേബിയാരാജ്യത്തിനും പേർഷ്യാരാജ്യത്തിനും മദ്ധ്യേയാണു പേർഷ്യൻ ഉൾക്കടൽ കിടക്കുന്നതു. യൂപ്രട്ടീസ്, ടൈഗ്രീസ് (ഈ നദികൾക്കു സുറിയാനിയിൽ പറഞ്ഞു കാണുന്ന പേരു പ്രാസ് ദക്കലാസ എന്നാണു) എന്നീ നദികൾ തുർക്കി രാജ്യത്തിന്റെ ഒരു ഭാഗമായ കൽദയാ ദേശത്തു കൂടി ഒഴുകി പേർഷ്യൻ ഉൾക്കടലിന്റെ വടക്കു പടിഞ്ഞാറെ അറ്റത്തു വന്നു വീഴുന്നതിനു മുമ്പു ഒന്നിച്ചു ചേരുന്നു. ഇങ്ങനെ യോജിച്ചൊഴുകാൻ ആരംഭിച്ചു അല്പം കീഴ്പ്പെട്ടു മാറുന്ന സ്ഥലത്താണു ബസോറാ പട്ടണം (Basura). മസ്ക്കത്തു തുറമുഖത്തു നിന്നു ബസോറായിലേക്കുള്ള ഉദ്ദേശം ദൂരം തൊള്ളായിരം നാഴികയാകുന്നു.

### അദ്ധ്യായം 5

# ബസോറാ മുതൽ ബഗദാദു വരെ

## (1038 ഇടവം 22 – മിഥുനം 1)

കൊച്ചിയിൽ വെച്ചു നാം മൂസൽനാട്ടുകാരനായ ഒരു പൌലൂസ് കശീശായെ കണ്ടു പരിചയപ്പെടുകയും അദ്ദേഹത്തിൽനിന്നു ചില കത്തുകൾ വാങ്ങുകയും ചെയ്ത വിവരം ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ബസോറായിലേക്കുള്ള എഴുത്തിന്റെ മേൽവിലാസക്കാരനെ അന്വേഷിക്കാനായി ഞങ്ങൾ കപ്പലിൽ നിന്നു പുറപ്പെടാൻ ഭാവിച്ചപ്പോൾ ചിലർ വള്ളത്തിൽ കേറി കപ്പലിലേക്കു വന്നു. നാം ആ എഴുത്തെടുത്തു അവരിൽ മുഖ്യനെന്നു തോന്നിയ ആളെ കാണിച്ചു, മേൽവിലാസക്കാരൻ എവിടെയാണെന്നു ചോദിച്ചപ്പോൾ ഉണ്ടായ മറുപടി ആശ്ചര്യസങ്കലിതമായ സന്തോഷത്തെ ജനിപ്പിച്ചു. മേൽവിലാസക്കാരൻ താൻ തന്നെയാണെന്നും പൌലൂസ് കശീശായുടെ എഴുത്തനുസരിച്ചു താൻ എതിരേൽക്കാൻ വന്നിരിക്കയാണെന്നും ആവശ്യമുള്ള എന്തു സഹായവും ചെയ്തു തരുവാൻ സന്നദ്ധനാണെന്നും ഇപ്പോൾ തന്നെ ബഗദാദിലേക്കു പുറപ്പെടാനാണു ഇഷ്ടമെങ്കിൽ ടൈഗ്രീസു നദിയിൽ തീബോട്ടു തയാറുണ്ടെന്നും ബസോ

റായിൽ അല്പം വിശ്രമിക്കാനാണ് ആഗ്രഹമെങ്കിൽ ഇനി തീബോട്ടു മട ങ്ങിവരുന്നതിനു ഇരുപതു ദിവസത്തിൽ കുറയാതെ താമസമുണ്ടാകു മെന്നും യുക്തമെന്നു തോന്നുന്നതു അനുസരിച്ചു വേണ്ടതു ചെയ്യാമെന്നും മറ്റും അദ്ദേഹം വളരെ സ്നേഹമായി പറഞ്ഞു. ഞങ്ങൾക്കു കുഴപ്പം നന്നേ ഉണ്ടായിരുന്നു എങ്കിലും കാലതാമസത്തെ ഭയപ്പെട്ടിട്ടു യാത്ര യ്ക്കാരംഭിക്കാമെന്നാണു തീർച്ചയാക്കിയതു. ഉടനെ സാമാനങ്ങൾ തീബോട്ടിൽ കൊണ്ടുപോയി വെക്കുന്നതിനു വേണ്ട ഏർപ്പാടുകൾ നടന്നു കഴിഞ്ഞു.

ബസോറായിൽ നിന്നു ഈ ആളുകൾ കേറിവന്ന വാഹനം ഇവിട ങ്ങളിൽ കാണുന്നതരം വള്ളമല്ല. അതിന്റെ ആകൃതി ഒരു ചെമ്പിന്റെ സംപ്രദായത്തിൽ വൃത്തമായിരുന്നു. ചൂരൽ കൊണ്ടോ അതിനു സമ മായ മറ്റെന്തോ വള്ളികൊണ്ടോ മുടഞ്ഞുണ്ടാക്കി കീൽ (ടാർ - എഡിറ്റർ) തേച്ചതാണു. പത്തുപന്ത്രണ്ടു പേർക്കു ഇതിൽ കേറി സഞ്ചരിക്കാം. ഞങ്ങൾ ഈ ജലവാഹനത്തിൽ കേറി തീബോട്ടിലേക്കു പുറപ്പെട്ടു.

ബസോറാപ്പട്ടണം ഇപ്പോഴും ഒരു വലിയ കച്ചവടസ്ഥലമാണെങ്കിലും അതിന്റെ പ്രതാപം പണ്ടത്തേതിൽ കുറഞ്ഞിരിക്കയാണു. ഈ പട്ടണ ത്തിനു ചുറ്റും ഈന്തപ്പനകൃഷി ധാരാളമായി നടക്കുന്നുണ്ടു. കേരള ത്തിലെ തെങ്ങിൻതോട്ടങ്ങളെപ്പോലെ രണ്ടും മൂവായിരവും ഈന്തമര ങ്ങൾ ഉള്ള അനേകം തോട്ടങ്ങൾ ഈ സ്ഥലത്തുണ്ടു. ഈ രാജ്യത്തെ പ്രധാന മുതലെടുപ്പു ഈ തോട്ടങ്ങളിൽ നിന്നാണു. ബസോറായിൽ ഒരു അർമ്മേനിയൻ പള്ളിയും ഒരു കൽദായപ്പള്ളിയുമുണ്ടു. ഇവിടെ ഒരു ബ്രിട്ടീഷ് കോൺസൽ (Consul - രാജപ്രതിനിധി) ഉണ്ടു. ഏറിയകൂറും ജനങ്ങൾ മുസൽമാന്മാരാണു. കുറെ യഹൂദന്മാരുമുണ്ടു.

വള്ളം തുറമുഖം വിട്ടു ടൈഗ്രീസ് നദിയിലേക്കു കടക്കുന്ന അതൃത്തി യിൽ എത്തിയപ്പോൾ, വലിയ തലേക്കെട്ടുകാരായ നാലാറു തുർക്കി ശിപാ യികളെയും അവർക്കു താമസിക്കാനും മറ്റുമായുള്ള ഒരു കച്ചേരിയും കണ്ടു. ശിപായികൾ വള്ളം വിളിച്ചടുപ്പിച്ചു പാസ്പോർട്ടു കാണിക്കാൻ ആവശ്യപ്പെട്ടു. പാസ്പോർട്ടു കൂടാതെ യാത്രയ്ക്കാരംഭിക്കരുതെന്നു കൊച്ചിയിൽ വെച്ചു കിട്ടിയ മാർ കൂറിലോസിന്റെ എഴുത്തു നമുക്കു അപ്പോൾ ഓർമ്മയിൽ വന്നു. എന്താണു നിവൃത്തി? ഞങ്ങളുടെ പരു ങ്ങലും സംശയവും കണ്ടപ്പോൾ തുർക്കിയുദ്യോഗസ്ഥന്മാർ കോപിക്കാൻ തുടങ്ങി. നാം ഉടനെ ധൈര്യത്തെ അവലംബിച്ചു കൊച്ചിയിലെ ജഡ്ജി സായ്പ്പു തന്നിരുന്ന എഴുത്തെടുത്തു കാണിച്ചു. ഈ ഉദ്യോഗസ്ഥന്മാർക്കു ഇംഗ്ലീഷു അറിഞ്ഞുകൂടായിരുന്നതിനാൽ അവർ ആ എഴുത്തു ദേഷ്യഭാ വത്തോടുകൂടി തിരിയെ തരികയും ഇതു പാസ്പോർട്ടല്ലെന്നും പാസ്

പോർട്ടിൽ മുദ്രയുണ്ടാകാതെയിരിക്കയില്ലെന്നും പറയുകയും ചെയ്തു. ശകാരവും കലശലായി. പെട്ടെന്നു നമുക്ക് ഒരുപായം തോന്നി. കൊച്ചിയിലെ ജഡ്ജിയുടെ എഴുത്തിനു ഏകദേശം തുല്യമായ ഒന്നു മാർ കൂറിലോസു തന്നിട്ടുണ്ടായിരുന്നു. ഇതിൽ രണ്ടുമൂന്നു മുദ്രകളുമുണ്ടായിരുന്നു. കടലാസും വലിയതായിരുന്നു. അതെടുത്തു കാണിച്ചപ്പോൾ ഉദ്യോഗസ്ഥന്മാർക്കു തൃപ്തിയായി. ഈ വലിയ പാസ്പോർട്ടു കയ്യിലിരിക്കെ ചെറിയ പാസ്പോർട്ടു ആദ്യം എടുത്തു കാണിച്ചിട്ടു കാര്യമില്ലായിരുന്നു എന്നു അവർ പറകയും വല്ലതും കിട്ടിയാൽ കൊള്ളാമെന്നുള്ള ഭാവം കാണിക്കുകയും ചെയ്തു. വല്ലവിധത്തിലും ഇവരുടെ കയ്യിൽ നിന്നു രക്ഷപെടണമല്ലോ എന്നു വിചാരിച്ചു അവരിൽ പ്രധാനികളെന്നു തോന്നിയ മൂന്നുപേർക്കും ഓരോ തങ്കക്കാശു കൊടുത്തപ്പോൾ അവർ വളരെ സന്തോഷിക്കുകയും ഞങ്ങളുടെ പേരുകൾ ചേർത്തു മുറയ്ക്കുള്ള മൂന്നു പാസ്പോർട്ടുകൾ തരികയും ചെയ്തു.

വള്ളം വൈകുന്നേരം അഞ്ചരമണിക്കു തീബോട്ടിങ്കൽ എത്തി. വള്ളക്കാരെ പിരിച്ചുവിടാൻ നാം കുറെ പ്രയാസപ്പെടേണ്ടിവന്നു. കപ്പലിൽ നിന്നു തീബോട്ടിലേക്കു മുക്കാൽ നാഴികയിലധികം ദൂരമില്ലായിരുന്നു. ആദ്യം ഒരു രൂപ കൂലി കൊടുത്തതു അവർ ദേഷ്യപ്പെട്ടു തിരിയെ തന്നു. വള്ളക്കാർ പോക്കിരികളായ മുസൽമാന്മാർ ആയിരുന്നതുകൊണ്ടു അവരോടു ന്യായം പറഞ്ഞാൽ ചെല്ലുകയില്ലെന്നു കണ്ടു പിന്നെ രണ്ടും അതും ഉപേക്ഷിച്ചതിനാൽ മൂന്നും രൂപ കൊടുത്തു. അതും അവർ ഉപേക്ഷിച്ചതിനാൽ ഞങ്ങൾ വിസ്മയിച്ചു നിന്നുപോയി. അപ്പോഴേക്കു വള്ളക്കാരുടെ ദേഷ്യം കലശലായി. ഉടനെ ഈ അക്രമികൾക്കു കൊടുക്കാനായി നാം നാലു രൂപാ എടുത്തപ്പോൾ ഈ വഴക്കു തീബോട്ടിനകത്തു കണ്ടുകൊണ്ടിരുന്ന ഒരു തടിയൻ ഞങ്ങളും വള്ളക്കാരും നിൽക്കുന്ന വരാന്തയിലേക്കു ചാടിയിറങ്ങി വന്നു നമ്മുടെ കയ്യിലുണ്ടായിരുന്ന നാലു രൂപ പിടിച്ചു പറിച്ചെടുത്തു. എന്നിട്ടു വള്ളക്കാരുടെ നേരെ തിരിഞ്ഞു അവരുടെ ചെകിട്ടത്തു ഈരണ്ടും മുംമൂന്നും അടിയും കൊടുത്തതിന്റെ ശേഷം ഒരു രൂപ വള്ളത്തിലേക്കു ഇട്ടുകൊടുത്തു അവരെ ഓടിക്കുകയും ബാക്കിയുള്ള മൂന്നു രൂപയും നമ്മുടെ കയ്യിൽ തിരികെ തരികയും ചെയ്തു. ഉടനെ നാം ഈ വിധത്തിൽ ഉപകാരം ചെയ്ത ആളുടെ കയ്ക്കു കടന്നു പിടിച്ചു നന്ദി പറഞ്ഞു. അദ്ദേഹം ആരെന്നു ചോദിച്ചു. ഒരു കൽദായ സുറിയാനിക്കാരനാണെന്നും തീബോട്ടിൽ ഒരുദ്യോഗമുണ്ടെന്നും വള്ളക്കൂലി ഒരു രൂപ കൊടുത്തതുതന്നെ അധികമാണെന്നും പറഞ്ഞു. ഞങ്ങൾ മലയാളത്തുകാരാണെന്നു അറിഞ്ഞപ്പോൾ ഈ മനുഷ്യനു വളരെ സന്തോമായി. മലയാളത്തെ കൽദായ മെത്രാനായിരുന്ന മാർ അബ്ദീശോയേയും മറ്റും ഇദ്ദേഹം കണ്ടു പരിചയപ്പെട്ടിരുന്നതിനാൽ

ഞങ്ങളോടു വർത്തമാനങ്ങൾ ചോദിച്ചറിയുകയും വേണ്ട സഹായങ്ങൾ സന്തോഷത്തോടെ ചെയ്തുതരികയും ചെയ്തു.

രാത്രി ഏഴു മണിക്കു തീബോട്ടു നീക്കി. ഈ തീബോട്ടിനെക്കുറിച്ചും അല്പം പറയാം. ഇതു കൊച്ചിയിലും മറ്റും കാണുന്ന തീബോട്ടുകളുടെ സംപ്രദായത്തിലുള്ളതല്ല. ഇതിനൊരു സാധാരണ കപ്പലിന്റെ വലിപ്പ മുണ്ടു. ഇതിന്റെ മൂന്നു ഭാഗത്തും ഒന്നരക്കോൽ വീതിയിൽ വരാന്തയും അവിടെ ഇരിക്കുകയൊ നിൽക്കുകയൊ ചെയ്യുന്ന ആളുകളുടെ രക്ഷ യ്ക്കുവേണ്ടി ചുറ്റും ഇരുമ്പുകമ്പികൊണ്ടു വേലിയുമുണ്ടു. കപ്പലിലെ സംപ്രദായത്തിൽ ഒന്നാം ക്ലാസിൽ പത്തും രണ്ടാം ക്ലാസ്സിൽ നാലും മുറി കളുമുണ്ടു. മൂന്നാം ക്ലാസ്സുകാർ മുകളിലത്തെ തട്ടിലാണിരിക്കുന്നതു. ഇവിടെ പത്തുനൂറുപേർക്കു സുഖമായിരിക്കാൻ തക്ക വിസ്താരമുണ്ടു. ഈ തീബോട്ടിന്റെ അടിഭാഗം പരന്നാണു. ഒന്നോ രണ്ടോ മുഴം മാത്രം ആഴമുള്ള ദിക്കിലും ഈ ബോട്ടു ഓടിക്കാവുന്നതാണു.

ടൈഗ്രീസ് നദി ഇവിടങ്ങളിലുള്ള വലിയ നദികളെപ്പോലെയാണു. ഇതിന്റെ ഉല്പത്തിസ്ഥാനത്തു നിന്നുള്ള ഒഴുക്കു വളരെ ശക്തിയായിട്ടു ള്ളതാകയാൽ ബഗദാദു വരെ മാത്രമെ തീബോട്ടുകൾ സാധാരണമായി ഓടിക്കാറുള്ളു. ഇതു തന്നെ വളരെ പ്രയാസപ്പെട്ടാണു. ടൈഗ്രീസുനദി ഇവിടങ്ങളിൽ പുഞ്ചനിലങ്ങളുടെ നടുവിൽ കൂടി ഒഴുകുന്ന ഒരു തോടു പോലെ കിടക്കയാണു. ഇരു കരയിലും കുന്നും മലയും ഒന്നുമില്ല. പകരം വളരെ വിസ്താരമുള്ളതും വിശേഷപ്പെട്ടതും ആയ വിളഭൂമിയാകുന്നു. ബസോറാ മുതൽ ബഗദാദു വരെയുള്ള ഭൂമിക്കു സമമായുള്ള ഭൂമി ഈ രാജ്യത്തു ഒരിടത്തും കാണുമെന്നു തോന്നുന്നില്ല. എങ്കിലും നല്ല ഫല പുഷ്ടിയുള്ള ഈ പ്രദേശം മുഴുവൻ പുൽക്കാടായിട്ടാണു കിടക്കുന്നതു. ഒന്നും രണ്ടും ദിവസം ബോട്ടു ഓടുമ്പോൾ പത്തുനൂറു വീടുകൾ ഉള്ള ഒരു ചെറിയ ഗ്രാമം കാണാം. ഗ്രാമവാസികൾ മിക്കവാറും കൃഷിക്കാ രാണ്. എങ്കിലും അവരവരുടെ ഗ്രാമത്തോടു അടുത്ത പ്രദേശങ്ങളിൽ മാത്രമേ ഇവർ കൃഷി ചെയ്യാറുള്ളു. പുല്ലു പിടിച്ചു കിടക്കുന്ന പ്രദേശ ങ്ങളെ കരടികൾ തങ്ങളുടെ വാസഗൃഹങ്ങളായി ഉപയാഗിക്കുന്നു. തീബോട്ടിന്റെ ശബ്ദം കേൾക്കുമ്പോൾ ഈ ജന്തുക്കൾ ഇളകി നദീ തീരത്തു വന്നു ശബ്ദിക്കും. അപ്പോൾ ബോട്ടുകാർ അതുകളെ വെടി വെച്ചു കൊല്ലുകയും ചെയ്യും.

നബുക്കദനസേർ രാജാവു വലിയ മൈതാനത്തു ബിംബത്തെ സ്ഥാപിച്ചു എന്നു പഴയനിയമത്തിൽ പറയുന്നതു ഈ പ്രദേശത്തെ ഉദ്ദേ ശിച്ചാണെന്നായിരുന്നു ബോട്ടിലുള്ളവരുടെ വിശ്വാസം. എന്നു മാത്രമല്ല, അദ്ദേഹം ബിംബത്തെ സ്ഥാപിച്ച തറ വളരെ ദൂരത്തു യാത്രക്കാർക്കു

ചിലർ കാണിച്ചുകൊടുക്കുകയും ചെയ്തു. ബസോറായിൽ നിന്നു പുറപ്പെട്ടതിന്റെ പിറ്റേദിവസം ബോട്ട് ഒരു യഹൂദപ്പള്ളിയുടെ കടവിലടുത്തു. ഇത് നെബുക്കദനസേർ രാജാവു അഗ്നികുണ്ഡത്തിലിട്ട മൂന്നു കുട്ടികളുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടതാകുന്നു. ഞങ്ങൾ തീബോട്ടിൽ നിന്നിറങ്ങി പള്ളി കണ്ടു. അത്ര വലുതൊന്നുമല്ല. അലങ്കാരങ്ങൾ മനോഹരങ്ങളായിരുന്നു. ഈ കെട്ടിടം മുഴുവനും പച്ചമാർബിൾക്കല്ലുകൊണ്ടു പണിയപ്പെട്ടിട്ടുള്ളതാണ്. ഇവിടെ ആരാധിക്കുന്നതിനായി ബഗദാദിൽ നിന്നു അനേകം യഹൂദന്മാർ എപ്പോഴും വരിക പതിവുണ്ടു. തീബോട്ടു അവിടെ അടുത്തതു ബഗദാദിൽ നിന്നു വന്നിട്ടുള്ള പുണ്യയാത്രക്കാരെ തിരിയെ കൊണ്ടുപോകുന്നതിനായിരുന്നു. ആളുകൾ കേറിയപ്പോൾ ഞങ്ങൾ സുഖമായിരുന്ന മേൽത്തട്ടിൽ സ്ഥലമില്ലാതായി. പിന്നെ ബഗദാദിൽ ചെല്ലുന്നതുവരെ കുറെ ഞെരുങ്ങേണ്ടിവന്നു. നദിയിൽ ചില സ്ഥലങ്ങളിൽ വെള്ളമില്ലാഞ്ഞതിനാൽ വേലക്കാർ ഇറങ്ങി മണ്ണു മാന്തിക്കളയേണ്ടിവന്നു. ഈ തടസ്ഥം കൊണ്ടു ഒമ്പതാം ദിവസമായ മിഥുനമാസം 1-ാം തീയതിയാണു ബോട്ട് ബഗദാദിൽ ചെന്നു ചേർന്നതു.

### അദ്ധ്യായം 6

# ബഗദാദു പട്ടണം

### (1038 മിഥുനം 1-14)

ഞങ്ങൾ തീബോട്ടിൽ നിന്നു ഇറങ്ങുന്ന സമയം വളരെ ജനങ്ങൾ കടവിൽ കൂടിയിരുന്നു. കൊച്ചിയിൽവെച്ചു പരിചയക്കത്തുകൾ തന്ന പൌലൂസ് കശീശായുടെ ആളുകൾ വല്ലവരുമുണ്ടോ എന്നു അന്വേഷിച്ചതിൽ ഒന്നുരണ്ടുപേരെ കണ്ടു. നാം അവരുടെ റപ്പേൽ മെത്രാന്റെ പേർക്കുള്ള എഴുത്തെടുത്തു അവരെ കാണിച്ചു. എഴുത്തുകൊണ്ടുപോയി മെത്രാനെ കാണിച്ചു വിവരം അറിഞ്ഞു വരാമെന്നു അവർ പറഞ്ഞതനുസരിച്ചു എഴുത്തു അവരെ ഏല്പിക്കയും ചെയ്തു. വൈകുന്നേരം അഞ്ചു മണിവരെ കാത്തിരുന്നിട്ടും അവർ തിരിച്ചുവന്നു കാണായ്കയാൽ ഞങ്ങൾക്കു വ്യസനമായി. തീബോട്ടിൽ നിന്നു ഇറങ്ങിക്കൊടുക്കാൻ ബോട്ടുകാർ നിർബന്ധിച്ചും തുടങ്ങി. ഞങ്ങളുടെ വിഷാദത്തെയും കഷ്ടസ്ഥിതിയെയും കണ്ടു കപ്പലിലെ ഒരു വേലക്കാരനും കൽദായസുറിയാനിക്കാരനുമായ അന്തോൻ എന്ന ആൾക്കു അനുകമ്പ തോന്നി. തന്റെ വീടു ചെറുതാണെങ്കിലും വിരോധമില്ലെങ്കിൽ ഞങ്ങളെ അതിൽ താമസിപ്പിക്കാമെന്നു അയാൾ പറഞ്ഞപ്പോൾ എല്ലാവർക്കും സന്തോഷമായി. ഉടനെ അയാളുടെ വീട്ടിലേക്കു സാമാനങ്ങളെടുത്തു പുറപ്പെട്ടു. അന്തോന്റെ ചെറിയ വീടിനു രണ്ടു മുറിയെ ഉണ്ടായിരുന്നുള്ളൂ. വെപ്പുവകയ്ക്കു

വേറെയും ഒരു മുറിയുണ്ടായിരുന്നു. മേൽപറഞ്ഞ രണ്ടു മുറികളിൽ വെച്ചു നല്ലതു അന്തോൻ ഞങ്ങൾക്കായി ഒഴിച്ചുതന്നു. ഞങ്ങൾ ഇവിടെ സുഖ മായി താമസിക്കുകയും മൂസലിലേക്കുള്ള യാത്രാസമയം അന്വേഷിച്ചു കൊണ്ടിരിക്കയും ചെയ്തു. ബഗദാദിലെ അനേകംപേർക്ക് ഞങ്ങൾ ആകർഷണ വിഷയമായിത്തീർന്നു. ഞങ്ങൾ പറയുന്നതൊന്നും വിശ്വ സിക്കാതെ പലരും ഓരോ ചോദ്യങ്ങൾ ചോദിക്കുക പതിവായിത്തീർന്നു. ഞങ്ങൾ കൽദായ സുറിയാനിക്കാരാണെന്നും പറങ്കികളെ ഭയപ്പെട്ടിട്ടാണു യാക്കോബായക്കാരെന്നു പറയുന്നതെന്നും മൂസലിൽ ഇരിക്കുന്ന കൽ ദായ പാത്രിയർക്കീസിന്റെ അടുക്കൽ എത്തിയാൽ മാത്രമേ ഞങ്ങൾ രഹസ്യം വെളിപ്പെടുത്തുകയുള്ളൂ എന്നു കൽദായക്കാരും വാസ്തവം ഇതല്ലെന്നു മാറോനായക്കാരും പറയാൻ തുടങ്ങി.

ഒരു ദിവസം നാം മുൻപറഞ്ഞ റെപ്പേൽ മെത്രാനെ ചെന്നു കണ്ടു സകലവും അദ്ദേഹത്തെ അറിയിച്ചു. മൂസലിലേക്കു പോകുമ്പോൾ ഒരാ ളെക്കൂടെ കൊണ്ടുപോകണമെന്നും ആളെ അദ്ദേഹം അയയ്ക്കാമെന്നും പറഞ്ഞിരുന്നതനുസരിച്ചു ഞങ്ങളുടെ വാസസ്ഥലത്തു ഒരാൾ വരികയും സകല ചിലവും കഴിച്ചു 35 രൂപാ കൂലി കിട്ടണമെന്നു ഈ മനുഷ്യൻ ആവശ്യപ്പെടുകയും ചെയ്തു. ഇയാൾ ഒരു വൃദ്ധനായിരുന്നതുകൊണ്ടു കൂട്ടുകാരനായി കൊണ്ടുപോകുന്നതു ഗുണമല്ലെന്നു കരുതി ഒന്നും തീർച്ച യാക്കാതെ മടക്കിയയച്ചു.

പിറ്റേദിവസം മൂസൽക്കാരനായ കോറിസ്തേപ്പാനോസിന്റെ മകൻ ദാവീദു എന്നയാൾ ഞങ്ങളെ കാണ്മാൻ വന്നു. ഇദ്ദേഹം ഒരു യാക്കോ ബായ സുറിയാനിക്കാരനാണെന്നും കച്ചവടത്തിനായി ബഗദാദിൽ വന്നു താമസിക്കുകയാണെന്നും അറിഞ്ഞപ്പോൾ സീമാതീതമായ ആശ്വാസവും തൃപ്തിയും ഉണ്ടായി. കൊച്ചിയിൽനിന്നു പുറപ്പെട്ടതിന്റെ ശേഷം ഇദം പ്രഥമമായി കണ്ടെത്തിയ സജാതീയൻ ഇദ്ദേഹമായിരുന്നു. ഈ ദാവീദു കാഴ്ചയിൽ തന്നെ ഒരു യോഗ്യനും ശ്രേഷ്ഠകുടുംബജനും ആണെന്നു തോന്നി. ഞങ്ങൾ യാക്കോബായ സുറിയാനിക്കാരും അന്ത്യോക്യാപാത്രി യർക്കീസിനെ കാണ്മാൻ പോകുന്നവരും ആണെന്നു അറിഞ്ഞപ്പോൾ ദാവീദിനും വളരെ സന്തോഷമായി. ഇദ്ദേഹത്തിനു സുറിയാനി നല്ലവണ്ണം അറിഞ്ഞുകൂടായിരുന്നു. ഞങ്ങൾക്കു അദ്ദേഹത്തിന്റെ സ്വഭാഷയായ അറ ബിയും നിശ്ചയമില്ലല്ലോ. നമുക്കു ഹിന്തുസ്താനി അറിയാമെന്നു പറ ഞ്ഞപ്പോൾ ആ ഭാഷ അറിയുന്ന ഒരാളെ കൊണ്ടുവരാമെന്നു പറഞ്ഞു അദ്ദേഹം മടങ്ങിപ്പോയി. രണ്ടു മണിക്കൂറു കഴിഞ്ഞപ്പോൾ ഒരു യഹൂ ദനെ കൂട്ടിക്കൊണ്ടുവന്നു ഞങ്ങളോടു സകല വിവരങ്ങളും ചോദിച്ചറി യുകയും ആശ്വാസകരങ്ങളായ വാക്കുകളാൽ ഞങ്ങളെ സമാധാനപ്പെ ടുത്തുകയും മൂസലിലേക്കുള്ള യാത്രയ്ക്കു വേണ്ട ശട്ടംകെട്ടുകൾ

ചെയ്തുകൊള്ളാമെന്നു ഏറ്റുപറയുകയും ചെയ്തു. വിശേഷിച്ചും റെപ്പേൽ മെത്രാൻ അയച്ച ആളെ മടക്കി അയയ്ക്കേണ്ടി വന്നതിനാൽ മെത്രാനു മുഷിച്ചിൽ തോന്നാതെ പറഞ്ഞു ശരിപ്പെടുത്തണമെന്നു നാം അദ്ദേഹത്തോടു പറയുകയും അങ്ങനെ ചെയ്തുകൊള്ളാമെന്നു അദ്ദേഹം ഉറപ്പു പറയുകയും ചെയ്തു.

ഇതിനിടയ്ക്കു മൂസലിൽ നിന്നു കോജാഅബ്ദൾഹാദ് എന്ന ആളുടെ ഒരു കമ്പി അദ്ദേഹത്തിനു ബഗദാദിൽ നിന്നു സാമാനം കേറ്റിയയയ്ക്കുന്ന ഏജണ്ടായ അസീസിന്നു വന്നു. ഇന്ത്യയിൽ നിന്നു കശീശാ യോസേപ്പു അന്ത്യോക്യായിലേക്കു പുറപ്പെട്ടിരിക്കുന്നതായി അദ്ദേഹത്തിന്റെയും (ഇട വഴിക്കൽ) കശീശാ പീലിപ്പോസിന്റെയും എഴുത്തുകൾ കിട്ടിയിരിക്കുന്നതിനാൽ അദ്ദേഹം ബഗദാദിൽ എത്തുമ്പോൾ വേണ്ട സഹായം ചെയ്തു മൂസലിലേക്കു അയച്ചുകൊള്ളണമെന്നായിരുന്നു കമ്പിയുടെ സാരം. കമ്പി കിട്ടിയ ഉടനെ അസീസു ഞങ്ങളുടെ അടുക്കൽ എത്തി, ഞങ്ങളെ അദ്ദേഹത്തിന്റെ വീട്ടിലേക്കു കൊണ്ടുപോകുവാൻ നല്ലവണ്ണം ശ്രമിച്ചു എങ്കിലും പിറ്റേദിവസം തീർച്ചയാക്കാമെന്നു പറഞ്ഞു നാം അസീസിനെ മടക്കിയയയ്ക്കയാണു ചെയ്തതു. ഉടനെ ദാവീദിനെ വരുത്തി സകല വിവരവും പറഞ്ഞാറെ ഈ ആസീസു ഒരു ചതിയനും ഉപായിയുമാണെന്നും അയാൾ കോജാ അബ്ദൾഹാദിന്റെ ഏജണ്ടായിട്ടു ആറേഴു മാസമെ ആയിട്ടുള്ളു എന്നും അദ്ദേഹം അസീസിന്റെ യഥാർത്ഥ സ്വഭാവം അറിഞ്ഞിരുന്നു എങ്കിൽ ഇങ്ങനെ ഒരു കമ്പി അയയ്ക്കുന്നതല്ലായിരുന്നു എന്നും മുമ്പൊരു കൽദായക്കാരനായിരുന്ന അസീസു ദ്രവ്യാഗ്രഹം നിമിത്തം ലത്തീൻകാരുടെ കൂട്ടത്തിൽ ചേർന്നു നടന്നുവരികയാണെന്നും മറ്റുമാണു ദാവീദു പറഞ്ഞതു. ഇത്രനാളും തന്റെ വീട്ടിൽ താമസിച്ച സ്ഥിതിക്കു രണ്ടുമൂന്നു ദിവസത്തേക്കായി മറ്റൊരു വീട്ടിൽ പോകുന്നതു സങ്കടമാണെന്നു അസീസിനോടു നിർബന്ധമായിപ്പറയാൻ ദാവീദു അന്തോനെ ശട്ടംകെട്ടുകയും ചെയ്തു.

പിറ്റേദിവസം അസീസു വന്നു ഞങ്ങളെ അയാളുടെ വീട്ടിൽ കൊണ്ടു പോയി താമസിപ്പിക്കാൻ ശ്രമിച്ചു. എങ്കിലും വീട്ടുടമസ്ഥന്റെ സങ്കടവും ഞങ്ങളുടെ നിർബന്ധവും നിമിത്തം അയാൾ അടങ്ങേണ്ടിവന്നു. ഉടനെ യാത്രയ്ക്കുള്ള ശ്രമങ്ങളായി. അസീസും ദാവീദും ഞങ്ങൾക്കു വേണ്ടടത്തോളവും അധികവും ഭക്ഷണസാധനങ്ങൾ ശേഖരിച്ചുതന്നു. അധികമുണ്ടായിരുന്ന സാധനങ്ങളെ നാം വീട്ടുടമസ്ഥനു സമ്മാനിച്ചു. ഞങ്ങൾക്കും ഞങ്ങളുടെ കൂട്ടുകാരനും കൂടി നാലു കോവർകഴുതകളെയാണു ആദ്യം തയ്യാറാക്കിയിരുന്നതു എങ്കിലും ഗീവറുഗീസു കത്തനാർക്കും താരപ്പനും കഴുതപ്പുറത്തൊ കുതിരപ്പുറത്തൊ കേറി ശീലമില്ലാഞ്ഞതിനാൽ അവർക്കു രണ്ടുപേർക്കും കൂടി ഒരു വലിയ കോവർകഴുതയെ

ശട്ടംകെട്ടി അതിന്റെ പുറത്തു ഇരുവശത്തും ഓരോ കസേരി കെട്ടിയിട്ടു, രണ്ടുപേരും ഇതിൽ കേറുന്നതിനു തീർച്ചയാക്കി.

മിഥുനം 14-ാം തീയതി പകൽ അഞ്ചു മണിക്കു ഞങ്ങൾ വാസസ്ഥലത്തുനിന്നു പുറപ്പെട്ടു. അരമണിക്കൂറുകൊണ്ടു ബഗദാദുകോട്ടയുടെ വാതിൽ കടക്കുകയും കഴുതക്കൂട്ടം വന്നുചേരുന്നതിനു കോട്ടയുടെ പുറത്തുള്ള മൈതാനത്തു കാത്തുനിൽക്കുകയും ചെയ്തു. ഉടനെ ഒരു ഭയങ്കരശബ്ദം കേട്ടുതുടങ്ങി. ഇതെന്താണെന്നു നാം ദാവീദിനോടു ചോദിച്ചപ്പോൾ ഒരു കാറ്റിന്റെ വരവാണെന്നു വളരെ നിസ്സാരമായി പറഞ്ഞു. എല്ലാവരും വ്യസനിച്ചു ശബ്ദം പുറപ്പെടുന്ന സ്ഥലത്തേക്കു നോക്കിക്കൊണ്ടു നിന്നു. അപ്പോൾ ഇതാ ഒരു മഹാ പർവ്വതം ഓടി വരുന്നതുപോലെ കണ്ടു. എല്ലാവരും ഭ്രമിച്ചു രക്ഷയ്ക്കായി ഓരോ സ്ഥലത്തേക്കു ഓടാൻ തുടങ്ങിയതനുസരിച്ചു ഞങ്ങളും ഭ്രാന്തന്മാരെപ്പോലെ ഓടി. ഉടനെ ആ ചുഴലിക്കാറ്റു വളരെ ശക്തിയോടുകൂടി എല്ലാവരുടെയും ശരീരത്തിൽ വന്നടിച്ചു. മരണം അടുത്തു എന്നു വിചാരിച്ചു എല്ലാവരും വീഴുകയും ചെയ്തു. ഈ കാറ്റു രണ്ടുമൂന്നു മിനിറ്റു നേരത്തോളം ഉണ്ടായിരുന്നു. അൽപം ദീർഘിച്ചിരുന്നെങ്കിൽ ആ മൈതാനത്തുണ്ടായിരുന്ന സകല ജീവികളും പെട്ടുപോകുമായിരുന്നു. ചുഴലിക്കാറ്റു നീങ്ങിയപ്പോൾ എല്ലാവരുടെയും വായും മൂക്കും മണ്ണുകൊണ്ടു നിറഞ്ഞിരുന്നു. ഇങ്ങിനെ ആപത്തിൽ അകപ്പെട്ടു മരിക്കുന്നതിനേക്കാൾ നാട്ടിലേക്കു മടങ്ങുകയാണു നല്ലതെന്നു ഞങ്ങൾ പെട്ടെന്നു സംശയിച്ചു വിവരം ദാവീദിനോടു പറഞ്ഞു. ഇങ്ങനെയുള്ള ചുഴലിക്കാറ്റു ഒന്നും രണ്ടും കൊല്ലം കഴിയുമ്പോൾ മാത്രമെ ഉണ്ടാകാറുള്ളു എന്നും ഇതു ഒടുവിലുണ്ടായതു രണ്ടു കൊല്ലത്തിനു മുമ്പാണെന്നും ഇതുകൊണ്ടു ഭ്രമിക്കാനില്ലെന്നും പറഞ്ഞു ദാവീദു ഞങ്ങളെ സമാധാനപ്പെടുത്തി. പുറപ്പെടുന്ന വിവരത്തിനു മൂസലിലേക്കു കമ്പി അയച്ചതിന്റെ ശേഷം ഞങ്ങൾ രാത്രി പത്തുമണിക്കു ശേഷം എല്ലാവരോടും കൂടെ യാത്ര ആരംഭിച്ചു.

മൂസലിലേക്കുള്ള യാത്രാവിവരണത്തിനു മുമ്പു ഇപ്പോൾ വിട്ടുപിരിഞ്ഞ ഈ ബഗദാദു പട്ടണത്തെക്കുറിച്ചു അല്പം പറയുന്നതു ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ പട്ടണം ടൈഗ്രീസു നദിയുടെ തീരത്തു ബസോറായിൽ നിന്നു വടക്കു അല്പം പടിഞ്ഞാട്ടു മാറീട്ടാണ്. മൂസൽ പട്ടണവും ബഗദാദിന്റെ വടക്കു അൽപം പടിഞ്ഞാറോട്ടു മാറിയാണു. ഇതും ടൈഗ്രീസിന്റെ തീരത്തുതന്നെയാണെങ്കിലും ബഗദാദിൽ നിന്നു മേല്പ്പൊട്ടു തീബോട്ടു വിടുക പതിവില്ലെന്നു ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ബസോറായിൽ നിന്നു ബഗദാദിലേക്കുള്ള ദൂരം ഉദ്ദേശം 350 നാഴികയും അവിടെനിന്നു മൂസലിലേക്കുള്ള ദൂരം ഉദ്ദേശം 250 നാഴികയുമാണ്. ബഗദാദു എത്രയും വിസ്തൃതവും മനോഹരവുമായ

ഒരു പട്ടണമാകുന്നു. ഇതു തുർക്കി മഹാരാജ്യത്തിന്റെ ഒരു ഭാഗമായ ഇറാക്ക് അറബി അല്ലെങ്കിൽ കൽദായ എന്ന ദേശത്തിന്റെ പ്രധാനപട്ട ണമാകുന്നു. ഇതു പണ്ടു ഈ രാജ്യങ്ങളെ ഭരിച്ചിരുന്ന കാലിഫന്മാരുടെ രാജസ്ഥാനമായിരുന്നു. ബഗദാദിലെ പ്രധാനമായ ഒന്നുരണ്ടു തെരുവു കൾക്കു മറ്റെങ്ങുമുണ്ടെന്നു തോന്നുന്നില്ലാത്ത ഒരു വിശേഷമുണ്ടു. ഈ തെരുവുകളുടെ മേൽഭാഗം മുഴുവനും കമാനം വളച്ചു കല്ലുകൊണ്ടു കെട്ടി യിരിക്കുന്നു. ഈ വളവുകൾക്കു വിവിധവർണ്ണങ്ങളായ ചായങ്ങളിട്ടിട്ടുണ്ടു. ചിത്രപ്പണികളും ധാരാളമുണ്ടു. തെരുവിൽ കൂടി നടക്കുന്നവർക്കു വെളിച്ചം കാണ്മാനായി വളവുകളിൽ ജനലുകൾ വെട്ടിവച്ചിട്ടുണ്ടു. ഈ ജന്നലുകളിൽ കണ്ണാടി ചില്ലുകൾ വെച്ചിരിക്കുന്നതുകൊണ്ടു തെരുവുക ളിലേക്കു ധാരാളം വെളിച്ചം പ്രവേശിക്കുന്നുണ്ട്. എത്ര കലശലായ വെയിലും മഴയും ഉണ്ടായാലും ഈ തെരുവുകളിൽ കൂടി ഗതാഗതം ചെയ്യുന്നവർക്കു യാതൊരുപദ്രവവും തട്ടുന്നതല്ല. നമ്മുടെ പള്ളികളുടെ മദുബഹായ്ക്കകത്തു നില്ക്കുന്നതുപോലെയാണ് ഈ തെരുവുകളിൽ നിൽക്കുന്നത്. ബഗദാദിൽ കൃസ്ത്യാനികൾ അധികമില്ല. എങ്കിലും കൽ ദായ സുറിയാനിക്കാരും മാറോനായ സുറിയാനിക്കാരും അർമ്മേനിയ ന്മാരും കുറേശ്ശയുണ്ടു. ഈ മൂന്നു കൂട്ടക്കാർക്കും പള്ളികളുമുണ്ടു. കൽദാ യക്കാരാണു അധികം. ഇവർക്കു ഇവിടെ ഒന്നുരണ്ടു പള്ളികൾ ഉള്ള തിനു പുറമെ മദർശഥാ എന്നു പറയപ്പെടുന്ന ഒരു വിദ്യാലയവുമുണ്ടു. കൽദായ പാത്രിയർക്കീസിന്റെ സ്ഥിരവാസം ബഗദാദിലാണു. ഇദ്ദേഹം താമസിക്കുന്ന കെട്ടിടവും പള്ളിയും വളരെ വലുതാണ്. മലയാളത്തെ കൽദായസുറിയാനിക്കാർക്കു സജാതീയനായ ഒരു മെത്രാനെ കിട്ടുന്ന തിനു ദൃഷ്ടാന്തയോഗ്യമായ ഉത്സാഹത്തോടുകൂടി ബഗദാദിൽ ചെന്നെ ത്തിയ മഹാൻ കുട്ടക്കച്ചിറെ കത്തനാരുടെ ശവക്കല്ലറ ഞങ്ങൾ ഈ പള്ളി പ്പറമ്പിൽ കണ്ടു. മലയാളത്തെ കൽദായസുറിയാനിക്കാരുടെ മെത്രാപ്പോ ലീത്താ ആയിരുന്ന കാലം ചെയ്ത മാർ അബ്ദീശോ ഈ കത്തനാ രോടു കൂടെപ്പോയ ഒരാളായിരുന്നു. ഇദ്ദേഹത്തിന്റെ സ്മരണീയാർഹമായ ശ്രമം ഫലത്താകുന്നതിനു മുമ്പു അദ്ദേഹം അകാലചരമം പ്രാപിച്ചതു ഓർത്തു നാം വളരെ ദുഃഖിച്ചു. ബഗദാദിൽ വളരെ യഹൂദന്മാർ കൂട്ടമായി പാർക്കുന്നുണ്ട്. ഇവിടെ ഇവരുടെ വക ഇരുപതിനായിരം കുടുംബങ്ങളു ണ്ടെന്നു ചിലർ പറഞ്ഞു. ബഗദാദു തുർക്കി സുൽത്താന്റെ ഒരു പ്രധാന പ്പെട്ട ഉദ്യോഗസ്ഥനായ ഒരു പാഷായുടെ ആസ്ഥാനവുമാണു. ഒരു വലിയ സൈന്യവകുപ്പും ഇവിടെ കിടപ്പുണ്ട്. വേദപുസ്തകത്തിൽ പറയുന്ന ബാബിലോൺ എന്ന മഹാപട്ടണം ഇവിടെനിന്നു രണ്ടു ദിവസത്തെ വഴിക്കു വടക്കുപടിഞ്ഞാറാകുന്നു. ബഗദാദിൽ ഈന്തവൃക്ഷങ്ങൾ ബസോറായിലെപ്പോലെ ഇല്ലെങ്കിലും, ആവശ്യംപോലെയുണ്ട്. മുന്തിരി, തീത്ത മുതലായവ ധാരാളമാണ്. ബഗദാദിനു ചുറ്റും വലുതും ഉറപ്പുള്ള

തുമായ കോട്ടയുണ്ട്. കഴുതപ്പുറത്തു കച്ചവടസാമാനങ്ങൾ കേറ്റിയയ യ്ക്കുന്ന തൊഴിലാണു ഇവിടെ മുഖ്യമായിട്ടുള്ളത്.

### അദ്ധ്യായം 7

# മൂസലിലേക്കുള്ള യാത്ര

### (മിഥുനം 14–26)

മൂസലിലേക്കും മറ്റും പോകുന്നവരായി ഉദ്ദേശം 200 യാത്രക്കാരുണ്ടായിരുന്നു. എല്ലാവരും കഴുതയുടെയോ കുതിരയുടെയൊ പുറത്തു കേറിയിരുന്നു. എല്ലാവരും തോക്കു, വാൾ, കഠാരം മുതലായ ആയുധങ്ങൾ ധരിച്ചിരുന്നു. ആയുധധാരികളല്ലാത്തവരായി ഞങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. വഴിയാത്രക്കാരുടെ രക്ഷയ്ക്കായിക്കൊണ്ടു ഗവർമ്മെണ്ടിൽ നിന്നു എട്ടുപത്തു യോദ്ധാക്കളെയും അയച്ചിരുന്നു. അറേബിയാക്കാരായ കവർച്ചക്കാരെ ഭയന്നാണു ഇങ്ങനെ ആയുധം ധരിച്ചും കൂട്ടത്തോടെയും യാത്ര ചെയ്യുന്നത്. അവർ വഴിയാത്രക്കാരെ ആക്രമിച്ചു അവരുടെ സാമാനങ്ങളെ അപഹരിക്കുന്നതിനു സദാ സന്നദ്ധരായിരുന്നു. വഴിയാത്രക്കാരുടെ കൂട്ടം കുറവാണെന്നു കണ്ടാൽ അവരോടു ഒരു കൈ നോക്കാതെ ഈ കവർച്ചക്കാർ സമ്മതിക്കയുമില്ല. അതുകൊണ്ടു യാത്രക്കാർ പുറപ്പെടുന്നതു മാസത്തിൽ ഒന്നോ രണ്ടോ തവണ മാത്രമായിരിക്കും. ഇന്ന തീയതിക്കു ഇന്ന സ്ഥലത്തേക്കു യാത്രക്കാർ പുറപ്പെടുന്നതാണെന്നു ഗവർമ്മെണ്ടിൽ നിന്നു ചെണ്ട കൊട്ടി പ്രസിദ്ധപ്പെടുത്തും. ഇതനുസരിച്ചു യാത്രക്കാർ കൂടുന്നു. ഞങ്ങൾ യാത്രയ്ക്കൊരുങ്ങിയതും ഇതനുസരിച്ചായിരുന്നു.

ഞങ്ങൾ പുറപ്പെട്ട രാത്രി ഒരപകടമുണ്ടായി. ഗീവറുഗീസു കത്തനാരും താരപ്പനും കൂടി ഒരൊറ്റ കഴുതപ്പുറത്താണു കേറിയതെന്നു ഇതിനു മുമ്പു പ്രസ്താവിച്ചല്ലൊ. ഈ കോവർകഴുത വളരെ വേഗത്തിൽ നടക്കുന്ന ഒന്നായിരുന്നു. വഴികാട്ടിയായി മണികെട്ടിയ ഒരു കുതിര സകലത്തിനും മുമ്പു നടക്കുക പതിവുണ്ട്. മേൽപ്പറഞ്ഞ കോവർകഴുത വഴികാട്ടിക്കുതിരയേക്കാൾ മുമ്പു നടന്നു ഒരു കുഴിയുടെ അടുത്തു ചെന്നപ്പോൾ അതിലിരുന്നിരുന്ന ഏതോ ഒരു ജന്തു ഭയന്നു മേല്പോട്ടു ചാടുകയും ഇതു കണ്ടു കോവർ കഴുതയും ഭയന്നു ചാടിയതിനാൽ അതിന്റെ പുറത്തിരുന്ന കത്തനാരും താരപ്പനും പിന്നാലെ കഴുതയും തെറിച്ചു വീഴുകയും ചെയ്തു. ഇതു കണ്ടു എല്ലാവർക്കും വ്യസനമായെങ്കിലും ദൈവകൃപയാൽ ആളുകൾക്കും കഴുതയ്ക്കും അധികമായ കേടൊന്നും പറ്റിയില്ല. ഇനി ആ കോവർ കഴുതപ്പുറത്തു കേറാൻ തനിക്കു കഴികയില്ലെന്നു ഗീവറുഗീസു കത്തനാർ ശഠിച്ചതിനാൽ നാം നമ്മുടെ കഴുതയെ അദ്ദേഹത്തിനു കൊടു

ത്തുംവെച്ചു താരപ്പനോടൊന്നിച്ചു കോവർ കഴുതപ്പുറത്തു കേറുകയും ചെയ്തു.

എന്നാൽ കോവർ കഴുതപ്പുറത്തു കസേര കെട്ടിയിട്ടിരുന്നതുകൊണ്ടു അതിൽ കേറി സഞ്ചരിക്കുന്നവർക്കു യഥേഷ്ടം ഉറങ്ങുകയും ആശ്വസിക്കുകയും ചെയ്യാം. കഴുതപ്പുറത്തോ കുതിരപ്പുറത്തോ കേറുന്നവർക്കു ഇതിനു നിവൃത്തിയില്ല. അതുകൊണ്ടു കോവർകഴുതപ്പുറത്തു തന്നെ കേറിക്കൊള്ളാമെന്നു പിറ്റേദിവസം രാത്രി ഗീവറുഗീസു കത്തനാരു നിർബന്ധിച്ചു. നാം കത്തനാരുടെ ആഗ്രഹത്തെ നിശ്ശങ്കം സാധിച്ചുകൊടുത്തു.

നമ്മുടെ ഈ യാത്ര വളരെ ഞെരുക്കവും കഷ്ടപ്പാടും ഉള്ളതായിരുന്നു. വൈകുന്നേരം 4 മണിക്കു കഴുതക്കൂട്ടം യാത്ര ആരംഭിച്ചാൽ രാത്രി മുഴുവനും പിറ്റേദിവസം കാലത്തു എട്ടൊൻപതു മണി വരെയും ആ ഇരിപ്പിരുന്നു കഴുതയെ നടത്തിക്കൊള്ളണം. ചന്ദ്രികയില്ലാത്ത രാത്രിയും യാത്ര ചെയ്കയാണു പതിവു. അപ്പോൾ യാത്രക്കാർ ചുരുട്ടു കത്തിക്കുന്ന തീപ്പെട്ടിക്കോൽ മാത്രം സർവ്വവ്യാപിയായ അന്ധകാരത്തെ ഇടയ്ക്കിടയ്ക്കു ഭേദിച്ചുകൊണ്ടിരുന്നു. ചില സ്ഥലങ്ങളിൽ വഴി ഇടുക്കും ഇറക്കവും ഉള്ളതായിരുന്നതിനാൽ ചിലപ്പോഴൊക്കെ ആളുകൾ കുതിരപ്പുറത്തുനിന്നൊ കഴുതപ്പുറത്തുനിന്നൊ വീണുകൊണ്ടിരുന്നു. ചിലർക്കു നല്ലപോലെ കേടു പറ്റുകയും ചെയ്തുവന്നു. ഇതൊക്കെ കാണുമ്പോൾ നമുക്കു വലിയ വ്യസനമായി. ആപത്തുകൾ സംഭവിക്കുന്നതിനു എളുപ്പമുണ്ടാകാതിരിപ്പാൻ ഞങ്ങൾ ഒരു വിദ്യ ചെയ്തു. ഞങ്ങളുടെ കഴുതകൾ രണ്ടും എല്ലാവരുടെയും പുറകെ പോകുന്നതിനു കഴുതയുടമസ്ഥനോടു പറഞ്ഞു ശട്ടം കെട്ടി. പിന്നെ അങ്ങിനെയാണു സഞ്ചരിച്ചതു.

എന്നാൽ രാത്രിയൊക്കെ കഷ്ടപ്പെട്ടതിന്റെ ശേഷം പകലിരുന്നു വിശ്രമിക്കാൻ തക്ക സ്ഥലമുണ്ടൊ? അതുമില്ല. കാലത്തു എട്ടൊൻപതുമണിയാകുമ്പോൾ ഒരു ഉറവയുടെ സമീപമുള്ള മൈതാനത്തിൽ എല്ലാവരും വിശ്രമിക്കാൻ കൂട്ടത്തിൽ പ്രധാനി നിശ്ചയിക്കും. ഇതിന്റെ സമീപെയെങ്ങും ഒരു വൃക്ഷത്തിന്റെ പൊടിപോലും കാണുകയില്ല. പിന്നെ നാലു മണി വരെ കഠിനമായ വെയിലത്തിരുന്നു കഴിച്ചുകൂട്ടുകയാണു വേണ്ടതു. പുതപ്പും വടികളുമുള്ളവർ ഇതുകൾകൊണ്ടു പന്തൽ നാട്ടി അതിനു കീഴിരിക്കും. ഞങ്ങളും അപ്രകാരം ചെയ്തുപോന്നു. വഴിയാത്രക്കാരിൽ പലരും ദുർമ്മാർഗ്ഗികളും മര്യാദകെട്ടവരും ആയിരുന്നു. അവർ ഓരോ വിധത്തിൽ ഞങ്ങളെ അസഹ്യപ്പെടുത്താൻ തുടങ്ങി. ഇതിനെന്തൊരു നിവൃത്തിയെന്നു നാം ആലോചിച്ചിരിക്കുമ്പോൾ, ഒരു ദിവസം യാത്രക്കാർ ഒരു ഗ്രാമത്തിന്റെ സമീപെ വിശ്രമിക്കാൻ ഇടയായി. അറബിക്കാർ ഭക്ഷണപ്രിയന്മാരും ഭക്ഷണം ലഭിച്ചാൽ നന്ദി കാണിക്കുന്നവരും ആണെന്നു

നാം കേട്ടറിഞ്ഞിരുന്നതിനാൽ നാം ഗ്രാമത്തിൽ നിന്നു ഒരു ആടിനെ വാങ്ങി പാകം ചെയ്യിച്ചു കൂട്ടത്തിൽ പ്രധാനികളായി അയയ്ക്കപ്പെട്ടിട്ടുള്ള സർക്കാരുദ്യോഗസ്ഥന്മാരെ ക്ഷണിച്ച് ഒരു ദാനവിരുന്നു കഴിച്ചു. അവർക്കൊക്കെ വളരെ തൃപ്തിയായി. പിന്നീട് ആഭാസന്മാരായ വഴിയാത്രക്കാരിൽ നിന്നും യാതൊരു ഉപദ്രവവും ഉണ്ടായില്ല.

മേൽപ്പറഞ്ഞവിധം അധികം ഗ്രാമം യാത്രയിൽ കാണാൻ സംഗതിയായില്ല. ബഗദാദിൽ നിന്നു പുറപ്പെട്ടതിന്റെ എട്ടാം ദിവസം ഞങ്ങൾ കർക്കൂക്ക് എന്ന പട്ടണത്തിന്റെ സമീപെ എത്തി. വെളുപ്പിനു അഞ്ചു മണിക്കാണു എത്തിയതു. യാത്രക്കാരെല്ലാവരും മൈതാനത്തിൽ മൂടിപ്പുതച്ചു കിടന്നുറങ്ങുകയായിരുന്നു. അപ്പോൾ "കസ് യൌസേപ്പു - അന്തീ - പെൻ" എന്നു യാത്രക്കാരുടെ ചുറ്റും ശബ്ദിച്ചുകൊണ്ടു ചിലർ നടക്കാൻ തുടങ്ങി. അതു അറബിയിൽ നമ്മുടെ പേരാണല്ലോ എന്നോർത്തു നാം തലപൊക്കി നോക്കിയപ്പോൾ പത്തിരുപതു പേർ കൂട്ടമായി നിൽക്കുന്നതു കണ്ടു. അവർ ആരെ അന്വെഷിക്കുന്നു എന്നു അവരോടു ചോദിച്ചപ്പോൾ, ഇൻഡ്യയിൽ നിന്നു വരുന്ന യോസേപ്പു കശീശായെ അന്വേഷിക്കയാണെന്നും അദ്ദേഹം ബഗദാദിൽ നിന്നു മൂസലിലേക്കു പുറപ്പെട്ടിരിക്കയാൽ ഇവിടെഎത്തുമ്പോൾ അദ്ദേഹത്തിനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാൻ മൂസലിൽ നിന്നു കോജാ അബ്ദൾഹാദിന്റെ കമ്പി വന്നതനുസരിച്ചു വന്നിരിക്കയാണെന്നും തങ്ങൾ യാക്കോബായ സുറിയാനിക്കാരാണെന്നും പറഞ്ഞു. ഉടനെ അവർ അന്വേഷിക്കുന്ന ആൾ നാം തന്നെയാണെന്നു പറയുകയും കൂട്ടുകാരെ വിളിച്ചുണർത്തുകയും ചെയ്തു. അവരുടെ കച്ചവടസ്ഥലത്തേക്കു ചെല്ലാൻ അവർ നിർബന്ധിച്ചതനുസരിച്ചു ഞങ്ങൾ അവരുടെ കൂടെ പോയി, കഴുതക്കൂട്ടം പുറപ്പെടുന്ന അഞ്ചു മണി വരെ താമസിച്ചു. അവർ ഞങ്ങൾക്കു വേണ്ടുന്ന ഭക്ഷണസാധനങ്ങളൊക്കെ ശേഖരിച്ചുതന്നു.

കർക്കൂത്ത് ഒരു വലിയ പട്ടണമാണ്. ഇവിടെ വലിയ കച്ചവടങ്ങൾ നടക്കുന്നുണ്ടു. ഇവിടെ അധികം താമസിക്കാൻ ഞങ്ങൾക്കു തരമില്ലാഞ്ഞതുകൊണ്ടു പട്ടണം മുഴുവൻ നടന്നു കാണ്മാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ഇവിടത്തെ ജനങ്ങൾ അധികവും മുസൽമാന്മാരാണു. യഹൂദന്മാരും കൃസ്ത്യാനികളുമുണ്ടു. രണ്ടു കൂട്ടർക്കും പള്ളിയുമുണ്ടു. കൃസ്ത്യാനികൾ മിക്കവാറും കൽദായക്കാരും മക്കുലുബിൻകാരുമാണു. കച്ചവടത്തിനു വന്നുപാർക്കുന്ന യാക്കോബായ സുറിയാനിക്കാർ കുറേയുണ്ടു. കുടുംബസമേതം പാർക്കുന്നവർ ചുരുക്കം. ഈ പട്ടണം നാഹും ദീർഘദർശിയുടെ അൽക്കോശെന്ന രാജ്യത്തിനു സമീപമാണു. ഇവിടെയ്ക്കു കർക്കൂക്കിൽ നിന്നു പന്ത്രണ്ടു മണിക്കൂർ നേരത്തെ യാത്രാദൂരമുണ്ടു.

വൈകുന്നേരം അഞ്ചു മണിക്കു കഴുതക്കൂട്ടം കർക്കൂക്കിൽ നിന്നു പുറപ്പെട്ടു. വിവരത്തിനു നാം മൂസലിലേക്കു കമ്പിയയച്ചു. മൂന്നാം ദിവസം വൈകുന്നേരം അഞ്ചു മണിക്കു ബർത്തള്ളെ എന്ന സ്ഥലത്തിനു ഒരു നാഴിക ദൂരം കഴുതക്കൂട്ടം നിന്നു. അവിടെ മൃഗങ്ങൾക്കു തിന്നാൻ ധാരാളം പുല്ലുണ്ടായിരുന്നു. ഞങ്ങൾ ഇറങ്ങിയതിന്റെ പടിഞ്ഞാറു വശത്താണു ബർത്തള്ളെ എന്ന സുറിയാനിപ്പള്ളിയും ഗ്രാമവും. അവിടെ എത്തിത്താമസിക്കാമെന്നു വിചാരിച്ചു വിവരം കഴുതകളുടെ ഉടമസ്ഥനോടു പറഞ്ഞതിൽ അയാളുടെ മറ്റു കഴുതകളെ നിർത്തിക്കൊണ്ടു ഞങ്ങളുടെ കൂടെ പോരാൻ തരമില്ലെന്നു തർക്കിച്ചു, എങ്കിലും രണ്ടു മൂന്നു രൂപ അധികം കൂലി കൊടുക്കാമെന്നു പറഞ്ഞപ്പോൾ സമ്മതിച്ചു.

ബർത്തള്ളെ പള്ളിക്കു സമീപമായപ്പോൾ രണ്ടുപേർ അവിടെനിന്നു അടുക്കലേക്കു വന്നു, നമ്മോട്, ഇൻഡ്യയിൽ നിന്നു വരുന്ന യോസേപ്പു കശീശാ അല്ലേ എന്നു ചോദിച്ചു മറുപടി കേട്ടപ്പോൾ അവർ നമ്മെ കഴുതപ്പുറത്തുനിന്നിറക്കി. വളരെ വാൽസല്യത്തോടെ ചുംബിച്ചു. ഇവർ നമ്മെ എതിരേൽക്കുന്നതിനു മൂസലിലെ മെത്രാപ്പോലീത്തായും ജനങ്ങളും അയച്ച രണ്ടു റെംബാന്മാരായിരുന്നു. പള്ളിയിൽ എത്തിയപ്പോൾ അവിടെ ആ ഗ്രാമവാസികൾ ഒട്ടുക്കും ആ പള്ളിയിലെ മൂപ്പൻ കശീശായും കൂടീട്ടുണ്ടായിരുന്നു. സന്ധ്യാവന്ദനം കഴിഞ്ഞശേഷം മൂപ്പൻകശീശാ ഞങ്ങളെയും ആ രണ്ടു റെംബാന്മാരെയും അദ്ദേഹത്തിന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. കഴുതക്കാരെ ഉടനെ പിരിച്ചുവിട്ടു. ഞങ്ങൾ പിറ്റേദിവസം മൂസലിലേക്കു പുറപ്പെടുന്നതാണെന്നുള്ള വിവരം അറിയിക്കുന്നതിനു മൂസലിലേക്കു രണ്ടുപേരെ അയച്ചു.

ബർത്തള്ളെ പള്ളി ചെറുതും പുരാതനവുമായ ഒന്നാണു. ഈ പള്ളിയിടവകക്കാരായി 150 വീട്ടുകാരോളമുണ്ട്. മൂപ്പൻ കശ്ശീശായെ കൂടാതെ വേറൊരു പട്ടക്കാരനും ഈ പള്ളിയിലുണ്ട്. ഇടവകജനങ്ങൾ കൃഷിക്കാരും ചില്ലറക്കച്ചവടക്കാരുമാണു. വലിയ സമ്പന്നന്മാരെന്നു പറയാനായി ആരുമില്ല. ഇവിടെ നിന്നു മൂസലിലേക്കു എട്ടുപത്തുനാഴിക ദൂരമേയുള്ളു.

മിഥുനം 26-ാം തീയതി കാലത്തു എല്ലാവരും കൂടി മൂസലിലേക്കു പുറപ്പെട്ടു. ചരിത്രപ്രസിദ്ധമായ നിനുവാ പട്ടണം സ്ഥിതി ചെയ്തിരുന്ന വലിയ കുന്നിന്റെ താഴ്വരയിൽ എത്തിയപ്പോൾ ഒരു യുവാവു ഓടി വരുന്നതു കണ്ടു. കൂടെയുള്ള റെംബാന്മാരോടു ചോദിച്ചപ്പോൾ ഇയാൾ കോജാ അബ്ദലഹാദിന്റെ ജ്യേഷ്ഠന്റെ മൂത്ത പുത്രനായ അന്തോൻ ആണെന്നറിഞ്ഞു. അടുത്തു വന്നപ്പോൾ ആ വിദ്വാൻ കാണിച്ച സന്തോഷവും പ്രീതിയും എന്തുമാത്രമെന്നു വിവരിക്കാൻ പ്രയാസം. നമ്മെ ഒരു നല്ല കുതിരപ്പുറത്തു കേറ്റിക്കൊണ്ടു ചെല്ലാതെ ഒരു കോവർ കഴുതപ്പു

റത്തു കേറ്റിയതിനെപ്പറ്റി അന്തോൻ റെമ്പാന്മാരോടു അല്പം മുഷിഞ്ഞു സംസാരിച്ചു. അപ്പോൾ അന്തോനു പരിചയമുള്ള ഒരു മുസൽമാൻ ഒരു നല്ല കുതിരപ്പുറത്തു കയറി അതിലെ പോകയായിരുന്നു. അന്തോൻ നമ്മെ കഴുതപ്പുറത്തു നിന്നിറക്കി ആ കഴുതയെ മുസൽമാനു കൊടുത്തു അയാളുടെ കുതിരപ്പുറത്തു കേറാൻ നമ്മോടു അപേക്ഷിക്കുകയും മൂസലിലെ പട്ടക്കാരും ജനങ്ങളും മഹാന്മാരും സാധുക്കളും നമ്മെ എതിരേൽക്കുന്നതിനു ടൈഗ്രീസ് നദീതീരത്തുവന്നു നില്ക്കുന്നുണ്ടെന്നും പട്ടണപ്രവേശം അന്തസ്സോടു കൂടിയല്ലെങ്കിൽ അന്യജാതിക്കാർ അപഹസിക്കുമെന്നും കുപ്പായങ്ങൾ മാറ്റി നല്ല കുപ്പായങ്ങൾ ഇടീക്കുന്നതിനും മറ്റുമാണു മുമ്പുകൂട്ടി ബദ്ധപ്പെട്ടു വന്നതെന്നു പറയുകയും ചെയ്തു.

അന്തോന്റെ നിർബന്ധംപോലെ വേണ്ടവിധമെല്ലാം ചെയ്തു ഞങ്ങൾ അവിടെനിന്നു പുറപ്പെട്ടു അല്പം കഴിഞ്ഞപ്പോൾ വല്യ ജനക്കൂട്ടത്തെ കണ്ടുതുടങ്ങി. നിനുവാ മുതൽ മൂസൽ വരെ ഏകദേശം ഒന്നര നാഴിക ദൂരമുണ്ട്. മധ്യേ കിടക്കുന്നതു ഒരു മൈതാനമാകയാൽ ആളുകളെയെല്ലാം ഒരു നോട്ടത്തിനു കാണാമായിരുന്നു. ജനക്കൂട്ടത്തെ കണ്ടതോടുകൂടി ഞങ്ങൾ ഞങ്ങളുടെ വാഹനങ്ങളെ വേഗത്തിൽ നടത്തി അടുത്തു ചെന്നപ്പോൾ നാം കുതിരപ്പുറത്തു നിന്നിറങ്ങാൻ ഭാവിച്ചു. ഇത് അന്തോൻ വിരൊധിച്ചു. പള്ളിയിൽ ചെന്നതിന്റെശേഷം ഇറങ്ങിയാൽ മതി എന്നു പറഞ്ഞെങ്കിലും, കൂട്ടത്തിൽ നാലഞ്ചു പട്ടക്കാരുണ്ടായിരുന്നതുകൊണ്ടു, നമുക്ക് കുതിരപ്പുറത്തുനിന്നിറങ്ങാതിരിക്കാൻ കഴിഞ്ഞില്ല. പട്ടക്കാർ നമ്മെ ആലിംഗനം ചെയ്തു. ജനങ്ങൾ വന്നു നമ്മുടെ കൈ മുത്തി. ഉടനെ എല്ലാവരും കൂടി മെത്രാപ്പോലീത്താ അവർകൾ ഇരിക്കുന്ന സെന്തോമാസ് പള്ളിയിലേക്കു ആഹ്ലാദപൂർവ്വം കൂട്ടിക്കൊണ്ടു പോകുകയും ചെയ്തു.

### അദ്ധ്യായം 8

# മൂസൽ പട്ടണം

## (മിഥുനം 26 – കർക്കിടകം 28)

വലിയ ഘോഷയാത്രയായി നാം പള്ളിയുടെ പടിക്കൽ എത്തിയപ്പോൾ മെത്രാപ്പോലീത്താ അവർകൾ ഇറങ്ങിവന്നു നമ്മെ ആലിംഗനം ചെയ്തു ചുംബിച്ചു. എന്നിട്ടു അദ്ദേഹത്തിന്റെ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി അരികെ ഇരുത്തുകയും എതിരേല്പിനു കൂടിയിരുന്ന പട്ടക്കാരെയും പ്രമാണികളെയും ക്ഷണിച്ചിരുത്തി ഒന്നുരണ്ടു മണിക്കൂറു നേരത്തോളം സംഭാഷണം നടത്തുകയും ചെയ്തു. ഇതിന്റെ ശേഷം അവരൊക്കെ പിരിഞ്ഞുപോയി. ഈ മെത്രാപ്പോലീത്താ വലിയ യോഗ്യനും ദൈവഭക്തനും ആകുന്നു. ഇദ്ദേഹത്തിന്റെ പേരു മാർ കൂറിലോസു ഗീവറു

ഗീസു എന്നാണ്. സ്വരാജ്യം മർദീൻ ആണ്. ഇദ്ദേഹം മൂസലിലേക്കു നിയമിക്കപ്പെട്ടിട്ടു ഒരു വർഷമേ ആയുള്ളൂ എങ്കിലും, ജനങ്ങൾക്കെല്ലാം ഇദ്ദേഹത്തിന്റെ നേരെ വളരെ ആദരവാണ്. ഞങ്ങൾ മൂസലിൽ താമസിച്ചതു ഇദ്ദേഹത്തിന്റെ കൂടെ ആയിരുന്നെങ്കിലും ഇദ്ദേഹത്തോടൊന്നിച്ചു ഭക്ഷിപ്പാൻ ഞങ്ങൾക്കു സംഗതി വന്നിട്ടുണ്ടോ എന്നു സംശയമാണ്. മൂസൽക്കാരായ ജനങ്ങൾക്കു മലയാളത്തുള്ള സുറിയാനിക്കാരുടെ നേരെ വളരെ സ്നേഹവും ബഹുമാനവുമുണ്ടെന്നു പണ്ടേ തന്നെ കേട്ടിട്ടുള്ള വർത്തമാനം യഥാർത്ഥമാണെന്നു ഞങ്ങൾക്കു അനുഭവഗോചരമായി ഭവിച്ചു. നേരംപുലർന്നാൽ അസ്തമിക്കുന്നതുവരെ ഓരോരുത്തർ വന്നു ഞങ്ങളെ അവരുടെ ഭവനങ്ങളിലേക്കു ക്ഷണിച്ചു കൊണ്ടുപോയി ഭക്ഷണം തരിക പതിവായി തീർന്നതിനാലാണു മെത്രാപ്പോലീത്തായോടു കൂടി ഭക്ഷിപ്പാൻ സംഗതി വന്നിട്ടുള്ള കാര്യം സംശയമാണെന്നു പ്രസ്താവിച്ചത്.

മൂസലിലെത്തി മൂന്നു നാലു ദിവസം കഴിഞ്ഞപ്പോൾ മലയാളത്തു നിന്നു ഒന്നു രണ്ടു എഴുത്തുകൾ കോജാ അബ്ദൾഹാദിന്റെ പേർക്കു വന്നു. അദ്ദേഹം ആ എഴുത്തുകൾ മെത്രാപ്പോലീത്തായുടെ അടുക്കൽ കൊണ്ടുവന്നു കാണിച്ചു. ഇതുകൾ നമുക്കു വിരോധമായി മലയാളത്തുള്ള ഏതോ ദ്രോഹികൾ അയച്ചതായിരുന്നു. എഴുത്തുകൾ അപ്പോൾ തന്നെ നമ്മെ കാണിക്കണോ വേണ്ടയോ എന്നതിനെക്കുറിച്ചു അബ്ദൾഹാദും മെത്രാപ്പോലീത്തായും തമ്മിൽ അല്പം തർക്കമുണ്ടായി. അനേകം ബുദ്ധിമുട്ടുകൾ സഹിച്ചതിന്റെ ശേഷം മൂസലിൽ വന്നുചേർന്ന ഉടനെ ഈ തരത്തിലുള്ള എഴുത്തുകൾ കണ്ടാൽ വ്യസനിച്ചു നമുക്കു വല്ല രോഗവും പിടിപെട്ടേക്കുമെന്നാണു കോജാ അബ്ദൾഹാദു ശങ്കിച്ചത്. ഇതത്ര വകവെക്കാനില്ലെന്നും എഴുത്തുകൾ കാണിച്ചുകൊടുത്താൽ ഇതുകൾക്കു പ്രതിവിധി വല്ലതും വേണ്ടിയിരുന്നാൽ നാം അതുടനെ ചെയ്തുകൊള്ളുമല്ലോ എന്നും മെത്രാപ്പോലീത്താ പറഞ്ഞതനുസരിച്ചു കോജാ അബ്ദൽഹാദു നമ്മെ എഴുത്തുകൾ കാണിച്ചു. അതുകളിലെ സംഗതി ചുരുക്കിപ്പറയാം. യോസേപ്പുകത്തനാരു വലിയ ഉപായിയും വഞ്ചകനുമാണ്. മലയാളത്തിലെ എല്ലാ പള്ളിക്കാരോടും ആലോചിക്കാതെ ഇദ്ദേഹത്തിനു മെത്രാൻസ്ഥാനം കൊടുത്തുപോകരുത്. യോസേപ്പുകത്തനാരു ഏതാനും പള്ളിക്കാരുടെ സമ്മതപത്രം കൈയ്ക്കലാക്കിയതു കൌശലപ്രയോഗത്താലാണ്. അദ്ദേഹത്തിന്റെ യഥാർത്ഥ സ്വഭാവം അറിഞ്ഞിരുന്നെങ്കിൽ ഒരു പള്ളിക്കാരും ഇങ്ങനെ ചെയ്യുന്നതല്ലായിരുന്നു. യോസേപ്പുകത്തനാരു വളരെ വടക്കു ഒരു സ്ഥലത്തു ജനിച്ച ആളാണ്. അദ്ദേഹം കൊച്ചിയിൽ നിന്നു പുറപ്പെട്ടതിന്റെ ശേഷം ഞങ്ങൾ അദ്ദേഹത്തിന്റെ ഇടവകയായ ആർത്താറ്റേക്കു എഴുതിച്ചോദിച്ചതിൽ

അദ്ദേഹം ഒരു വലിയ വഞ്ചകനും ദുർമ്മാർഗ്ഗിയും ആണെന്നു മറുപടി കിട്ടിയിരിക്കുന്നു (ഈ മറുപടി അടക്കം ചെയ്തിരിക്കുന്നു). രോഗത്തിൽ കിടക്കുന്ന മാർ കൂറിലോസിനെയും യോസേപ്പുകത്തനാരു വഞ്ചിച്ചു നല്ല എഴുത്തുകൾ സമ്പാദിച്ചിട്ടുണ്ട്. ആർത്താറ്റു യോഗക്കാരുടെ മേൽപ്പറഞ്ഞ എഴുത്തു വന്നതു മുതൽക്കു അദ്ദേഹം പശ്ചാത്തപിക്കുന്നു. അതു കൊണ്ടു യോസേപ്പുകത്തനാരെ മെത്രാപ്പോലീത്താ ആക്കണമെന്നു പാത്രിയർക്കീസുബാവായ്ക്കു തോന്നുകയാണെങ്കിൽ തന്നെയും അദ്ദേഹത്തെ ഏഴു സംവത്സരത്തിൽ കുറയാതെ കുർക്കുമാദയറായിൽ (ആശ്രമത്തിൽ) താമസിപ്പിച്ചതിന്റെ ശേഷം മാത്രമേ മലയാളത്തുകാരുടെ സമ്മതമുണ്ടോ എന്നു എഴുതി ചോദിക്കാവൂ. ഇങ്ങനെ എഴുതിച്ചോദിക്കുമ്പോൾ ഇടവഴിക്കൽ പീലിപ്പോസു കത്തനാർ മുതൽപേർ മുഖാന്തരം വാസ്തവവിരുദ്ധമായി മറുപടിയയ്ക്കാൻ ഇടയുള്ളതിനാൽ, പള്ളിക്കാരെല്ലാവരും ബ്രിട്ടീഷ് കൊച്ചിയിലെ ജഡ്ജിയുടെ മുമ്പാകെ ഹാജരായി ഒപ്പിടുന്ന സമ്മതപത്രത്തെ മാത്രമേ അംഗീകരിക്കാവൂ. അല്ലെങ്കിൽ മലയാളം മുടിഞ്ഞു പോകും. ഈ എഴുത്തുകൾ വായിച്ചപ്പോൾ നാം കുറെ ദുഃഖിച്ചു. എങ്കിലും അസൂയയും കൃതഘ്നതയും ലോകത്തിൽ ധാരാളമുണ്ടെന്നു സ്വാനുഭവത്താൽ അറിയാൻ തുടങ്ങിയിരുന്ന നമുക്കു ഈ എഴുത്തുകൾ അസഹ്യമായ വ്യസനത്തെ ഉണ്ടാക്കി എന്നു പറയാൻ പാടില്ല. കരുണാനിധിയായ മെത്രാപ്പോലീത്താ അവർകൾ നമ്മെ ഓരോ വിശേഷസ്ഥലങ്ങൾ കാണ്മാൻ കൊണ്ടുപോയി നമ്മുടെ വിചാരത്തെ വേറെ വഴിക്കു തിരിച്ചുവിട്ടതിനാൽ, എഴുത്തുകൾ വായിച്ചതിൽ നിന്നുണ്ടായ അസുഖകരമായ മനോവികാരം നമ്മിൽ അധികദിവസം സ്ഥിതി ചെയ്തില്ല.

കർക്കടകം 3-ാം തീയതി നിനുവാപ്പട്ടണം കാണുന്നതിനു പുറപ്പെട്ടു. അന്നു മാർ തോമ്മാ ശ്ലീഹായുടെ പെരുനാളായിരുന്നതുകൊണ്ടു മൂസലിൽ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ട തഹറാ എന്ന പള്ളിയിൽ കുറുബാന ചൊല്ലിയതിന്റെ ശേഷമാണു പുറപ്പെട്ടതു. കൂടെ രണ്ടു മൂന്നു റമ്പാന്മാരും മൂസലിലെ എട്ടുപത്തു പ്രധാനികളുടെ പുത്രന്മാരുമുണ്ടായിരുന്നു. എല്ലാവരെയുംകാൾ ഉത്സാഹി കോജാ അന്തോൻ ആയിരുന്നു. ഈ യുവാവിനു നമ്മുടെ നേരെ സവിശേഷമായ സ്നേഹവും ഭക്തിയുമുണ്ടായിരുന്നു. നിനുവയുടെ കിടപ്പു മൂസലിൽ നിന്ന് ഒന്നര നാഴിക കിഴക്കുവശത്താണ്. മൂസൽ പട്ടണത്തിന്റെ കിഴക്കുവശത്തു കൂടി ഒഴുകുന്ന ടൈഗ്രീസ് നദിയുടെ മീതെയുള്ള പാലം കടന്നു ഒരു നാഴിക നടന്നാൽ നിനുവയായി.

നിനുവ കണ്ടാൽ അതു എപ്പോഴെങ്കിലും ഒരു പട്ടണമായിരുന്നു എന്നു പ്രഥമദൃഷ്ടത്തിൽ ആർക്കും തോന്നുന്നതല്ല. ഒരു വലിയ പർവ്വതം തെക്കുവടക്കായി നോക്കെത്താത്ത ദൂരത്തിൽ (ഉദ്ദേശം മുപ്പതു നാഴിക)

നീണ്ടുകിടക്കുന്നതായി മാത്രം ആദ്യം കാണാം. എങ്കിലും ആ പട്ടണത്തിന്റെ സ്വഭാവം എന്തെന്നു അറിയുന്നതിനു യൂറോപ്യന്മാർ മുഖാന്തരം ഉണ്ടാക്കീട്ടുള്ള അനേകം തുരങ്കങ്ങളിൽ ഒന്നിൽ കേറി നോക്കിയാൽ മതി. കാറ്റിന്റെ ശക്തിയാൽ മണൽ വന്നു കേറി പട്ടണം മൂടിപ്പോകയാണു ചെയ്തിട്ടുള്ളതു. കാറ്റടിക്കുമ്പോൾ സമുദ്രത്തിലെ തിരമാലകൾപോലെ ഇളകിമറിയുന്ന മണൽ പ്രദേശങ്ങൾ ഇപ്പോഴും ആപ്രിക്കാ മുതലായ ഭൂഖണ്ഡങ്ങളിൽ കാണ്മാനുണ്ട്. നാം വളരെ തുരങ്കങ്ങളിൽ കേറിക്കണ്ടു. നാമും കൂട്ടരും അന്നു ഭക്ഷണം കഴിക്കയും ആശ്വസിക്കയും ചെയ്തതു അരമനയുടെ ഒരു ഭാഗമെന്നു യൂറോപ്യന്മാർ പലതുകൊണ്ടും തീർച്ചയാക്കിയിരിക്കുന്ന ഒരു സ്ഥലത്തായിരുന്നു. ഇവിടെ ഏകദേശം ആയിരപ്പറ വെള്ളം കൊള്ളുന്ന ഒരു കൽത്തൊട്ടിയുണ്ട്. ഇതിനാലും മറ്റും ആ മുറി അന്നത്തെ രാജാവിന്റെ കുളിമുറിയാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. അക്ഷരം കൊത്തപ്പെട്ട പല കല്ലുകളും വിഗ്രഹങ്ങളും യൂറോപ്യന്മാർ ഇവിടെ നിന്നു കപ്പൽ കയറ്റി അയച്ചിട്ടുണ്ട്. വളരെയെണ്ണം ബ്രിട്ടീഷ് കോൺസലിന്റെ ബങ്കളാവിന്റെ മുറ്റത്തും തുരങ്കങ്ങളുടെ വാതുക്കലും കിടപ്പുമുണ്ട്.

നിനുവ നശിച്ചകാലത്തു ആ പട്ടണത്തിൽ ലക്ഷത്തിരുപതിനായിരം ജനങ്ങൾ ഉണ്ടായിരുന്നു എന്നു അനുമാനിക്കപ്പെട്ടിരിക്കുന്നു. ഇത്രയും ജനങ്ങളെയും ഈ വലിയ പട്ടണത്തെയും ഒന്നായി നശിപ്പിച്ചു കളയണമെന്നു ദൈവത്തിനു തോന്നിയതോർക്കുമ്പോൾ നാം ഭയപരവശനായി വിറച്ചുപോകുന്നു. എങ്കിലും നമ്മിൽ ഐശ്വര്യവാന്മാരായവർ ഈ ഭയങ്കര ശിക്ഷയ്ക്കു നിനുവക്കാരെ അർഹന്മാരാക്കിത്തീർത്ത സംഗതികളെക്കുറിച്ചു ആലോചിക്കാറില്ല. നാം ചെയ്യുന്ന പാപങ്ങൾക്കു തക്ക ശിക്ഷ ഉടനുടൻ കിട്ടാതെ വരുമ്പോൾ പാപം ചെയ്യുന്നതിനു പിന്നെയും നമുക്കു ഉത്സാഹം കൂടുകയാണല്ലൊ ചെയ്യുന്നതു. എന്നാൽ നമ്മുടെ ഓരോ പ്രവൃത്തികളും അപ്പോഴപ്പോൾ സ്വർഗ്ഗത്തിൽ രേഖപ്പെടുത്തുന്നുണ്ടെന്നും ദൈവത്തിനു യുക്തമെന്നു തോന്നുമ്പോൾ എല്ലാംകൂടി കണക്കു തീർക്കുമെന്നും ഉള്ള സംഗതികൾക്കു ഈ പട്ടണം നല്ലൊരു ദൃഷ്ടാന്തമാണ്. ഈ മനോബോധത്തോടുകൂടി നാമും കൂട്ടരും വൈകുന്നേരമായപ്പോൾ മൂസലിലേക്കു മടങ്ങി.

കർക്കടകം 10-ാം തീയതി *തൂറാദ് അല്പെപ്പു* എന്ന ദയറാ കാണ്മാൺ നാം മെത്രാപ്പോലീത്തായോടു കൂടി പോയി. ഈ ദയറാ മാർ മത്തായി എന്ന പരിശുദ്ധന്റെ ഉപയോഗത്തിനായി പണിയിച്ചതാണ്. ഇതു മൂസലിൽ നിന്നു വടക്കുകിഴക്കു ഏകദേശം പന്ത്രണ്ടുനാഴിക ദൂരത്തിൽ ഒരു മലയിൻമേലാണ്. അതിരാവിലെ പുറപ്പെട്ടു ഒമ്പതു മണിയായപ്പോൾ *ബഹശീക്കാ* എന്ന പട്ടണത്തിലെത്തി. ഇവിടെ സുറിയാനിക്കാരുടെ വക ഒരു

പള്ളിയും 150 കുടുംബങ്ങളുമുണ്ട്. അന്യമതസ്ഥന്മാരായി ഇവിടെ ആരുമില്ല. ദയറായോടു അടുത്തപ്പോൾ ഞങ്ങൾ ഒരു പുതിയ ജാതിക്കാരെ കണ്ടു. ഇവരുടെ പേരു ഇസ്സീദികൾ എന്നാണ്. ഇവരുടെ കൂട്ടം കിടക്കുന്നതു ദയറായ്ക്കു വടക്കുള്ള മലകളിലാണ്. പല സ്ഥലങ്ങളിലായി ഇവരുടെ വക ഏകദേശം പതിനായിരം വീടുകളോളം കാണും. ഇവർ മുസൽമാന്മാരെക്കാൾ ക്രൌര്യവും ശൗര്യവും കൂടുന്നവരാണ്. ഇവർ വന്ദിക്കുന്നതു സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ട ഒരു മയിലിനെയാണു. ഇതിന്റെ നേരെ ഇവർക്കുള്ള ഭക്തി അനന്യസാധാരണമാണ്. ഇവരുടെ ക്ഷേത്രത്തിൽ പൂജ കഴിക്കാനായി ഒരാളുണ്ട്. ഈ പൂജാരിയേയും ഇവർക്കു വലിയ കാര്യമാണ്. ഇവർ വിഗ്രഹാരാധനക്കാരെന്നോ പിശാചിനെ വന്ദിക്കുന്നവരെന്നോ ഇവർ കേൾക്കെ ആരെങ്കിലും പറഞ്ഞാൽ നിശ്ചയമായി ഇവർ അവനെ കൊല്ലാതെ അടങ്ങുന്നതല്ല. ഇവർക്കു സുറിയാനിവൈദികന്മാരുടെ നേരെ നിഷ്ക്കപടമായ ഭക്തിയുണ്ട്. മെത്രാന്മാരുടെ അടുക്കൽ വരുമ്പോൾ ഇവർ കൈമുത്തുകയും വളരെ വണക്കത്തോടെ നിൽക്കുകയും ചെയ്യും. മറ്റു ഒരു മതക്കാരെയും ഇവർ കൂട്ടാക്കാറില്ല. ഇവരെ അന്യജാതിക്കാരിൽ നിന്നു തിരിച്ചറിയുന്നതു ഇവരുടെ ഒരു പ്രത്യേക സമ്പ്രദായത്തിലുള്ള തലപ്പാവുകൊണ്ടാണു. ഈ മാതിരി തലപ്പാവു വേറെ ആരും ധരിക്കുന്നതല്ല. ഇവരിൽ പത്തിരുപതു പേർ നമ്മെയും മെത്രാപ്പോലീത്തായെയും കാണ്മാൻ വന്നു ചില സാമാനങ്ങൾ കാഴ്ച വെക്കുകയുണ്ടായി.

മൂന്നു മണിയായപ്പോൾ ഞങ്ങൾ ദയറായുടെ അടിവാരത്തെത്തി അവിടെനിന്നു മല കേറാൻ തുടങ്ങി അഞ്ചര മണിക്കു ദയറായിൽ എത്തുകയും ചെയ്തു. ഇതുകൊണ്ടു ഈ പർവതത്തിന്റെ ഔന്നത്യം എത്രത്തോളമുണ്ടെന്നു ഊഹിക്കാവുന്നതാണ്. ദയറായിലുള്ള മാർ ദനഹാ മെത്രാപ്പോലീത്തായും അവിടെയുള്ള റമ്പാന്മാരും കൈത്താളങ്ങൾ മുതലായ പാട്ടും വാദ്യങ്ങളും ആയി വന്നു ഞങ്ങളെ എതിരേറ്റു പള്ളിയകത്തേക്കു കൊണ്ടുപോയി. ആരാധന കഴിഞ്ഞശേഷം മൂസലിലെ മെത്രാപ്പോലീത്താ ഒരു ചെറിയ പ്രസംഗം പറഞ്ഞു.

ഈ ദയറാ എത്രയും പുരാതനവും രക്തസാക്ഷിയായി മരിച്ച മാർ ബഹനാൻ സഹദായുടെ പിതാവായ സെനഹറിയോസു രാജാവിനാൽ പണിയിക്കപ്പെട്ടതുമാകുന്നു.

ഇനി ഈ ദയറായെക്കുറിച്ചു അല്പം പറയാം. ഇതിന്റെ പേർ അല്പെപ്പിന്റെ ദയറാ എന്നാണെന്നു മുമ്പു പറഞ്ഞല്ലൊ. ഇതിന്റെ അർത്ഥം അനേകായിരം പേരുടെ ദയറായെന്നാണു. മാർ മത്തായി എന്ന റമ്പാന്റെ പ്രസംഗവൈഭവത്താൽ അനേകായിരം ആളുകൾ ക്രിസ്തുമതം സ്വീക

രിക്കയും അവർ തങ്ങൾക്കുള്ള സർവ്വവും ഉപേക്ഷിച്ചു നിത്യജീവനാകുന്ന കിരീടം ലഭിപ്പാൻ ആഗ്രഹിച്ചുംകൊണ്ടു ഈ ദയറായിലും അതിനു ചുറ്റുമുള്ള ഗുഹകളിലും വന്നു താമസിക്കയും ചെയ്തതുകൊണ്ടാണു ഈ ദയറായ്ക്കു ഈ പേരു സിദ്ധിച്ചതു. മൂസൽ മുതലായ സ്ഥലങ്ങളിൽ ക്രിസ്തുമതം പ്രസംഗിച്ചതും ഈ പരിശുദ്ധനും അദ്ദേഹത്തിന്റെ അനുഗാമികളുമാണു. എല്ലാ ക്രിസ്ത്യാനികളും ഒരുപോലെ ബഹുമാനിക്കുന്ന വലിയ വൈദികനും ശാസ്ത്രജ്ഞനും ബാർ എബ്രായ എന്നു പ്രസിദ്ധനും ആയ മാർ ഗ്രീഗോറിയോസു കാതോലിക്കാ സ്ഥിരവാസം ചെയ്തിരുന്നതു ഈ ദയറായിലാണ്. ഇദ്ദേഹം ഉണ്ടാക്കിയിട്ടുള്ള അനേകം വേദപുസ്തക വ്യാഖ്യാനങ്ങളും പ്രബന്ധങ്ങളും നിയമങ്ങളും സുറിയാനി ഭാഷാസാഹിത്യത്തിൽ ഒരു ഉന്നതപദവിക്കു അർഹങ്ങളാണു. സുറിയാനി സഭയിലെ പരിശുദ്ധനും മല്പാനും ആയി അംഗീകരിച്ചിട്ടുള്ളവരിൽ അവസാനത്തെ ആളുമാണു ഇദ്ദേഹം. ഇത്ര വലിയ സ്ഥാനത്തിലും മഹത്വത്തിലും ഇരുന്ന ഈ പരിശുദ്ധൻ തന്റെ ജീവിതകാലത്തെ നയിച്ചതു ഒരു വലിയ കരിങ്കല്ലിന്റെ ഉള്ളിൽ കൊത്തിയുണ്ടാക്കിയ ഒരു ചെറിയ ഗുഹയിലാണു. ഇതിന്റെ അകത്തു ഒരാൾക്കു കഷ്ടിച്ചു കടക്കത്തക്ക ഒരു ദ്വാരമെ ഉണ്ടായിരുന്നുള്ളു. ഗുഹയുടെ വിസ്താരം രണ്ടു കോൽ നീളവും രണ്ടര കോൽ പൊക്കവും ഒരു കോൽ വീതിയുമാണ് (ഒരു കോൽ = രണ്ടര അടി - എഡി.). പടിഞ്ഞാറെ അറ്റത്തു ഒരാൾക്കു ഇരിക്കത്തക്ക ക്രമത്തിൽ ഒരു തിണ്ണ കാണ്മാനുണ്ടു. ഈ പരിശുദ്ധൻ ആശ്വാസത്തിന്നായി പുറപ്പെടുന്ന നേരത്തിൽ പണിയപ്പെട്ടതായ ഒരു കൽമാടവും അതിനു താഴെ കൊത്തപ്പെട്ട രണ്ടു കൽമുറികളും അതുകളുടെ മുൻവശത്തു കല്ലിൽ കൊത്തിക്കുഴിച്ച ഒരു ചെറിയ കുളവുമുണ്ട്. ഇതിലേക്കുള്ള ഉറവ ഈ കൽമുറികളിൽ നിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്നു. കുളത്തിൽ വെള്ളം നിറഞ്ഞു കവിഞ്ഞൊഴുകിക്കൊണ്ടിരിക്കുന്നു. കൽമുറിയിൽ നാം കേറി നോക്കിയപ്പൊൾ അതിനകത്തു മുട്ടിനുമേൽ വെള്ളമുണ്ടായിരുന്നു. മുറികളുടെ മീതെയുള്ള കൽമാടത്തിൽ നിന്നു എത്രയും നേരിയവിധത്തിൽ മഞ്ഞു സർവദാ പെയ്തുകൊണ്ടിരിക്കുന്നു. ഈ കൽമാടത്തിന്റെ താഴെയുള്ള കുളത്തിന്റെ ചുറ്റുമായി പത്തുമുപ്പതു പേർക്കിരിക്കാം. എത്ര ഉഷ്ണിച്ചവനും ഒരു മണിക്കൂർ ഈ മാടത്തിന്റെ താഴെ ഇരുന്നാൽ കുളിരുകൊണ്ടു വിറച്ചു പോകുന്നതും കുപ്പായം മഞ്ഞുകൊണ്ടു നനയുന്നതുമാണു. ഈ ഒരു വിശേഷം നിമിത്തം മൂസലിലെ പ്രധാനന്മാർ ജാതിമതഭേദങ്ങൾ ആലോചിക്കാതെ കുടുംബസമേതം ഇവിടെ വന്നു സുഖമെടുത്തു താമസിക്കാറുണ്ടു. ഈ പണികളെല്ലാം ബാർ എബ്രായയുടെ കരകൌശലങ്ങളാണു. കൽമാടത്തിന്റെ മുൻവശത്തു അദ്ദേഹത്തിന്റെ പേരു കൊത്തപ്പെട്ടിട്ടുണ്ടു.

ഈ ദയറായുടെ ആവിർഭാവത്തിനു ഹേതുഭൂതനായ മാർ മത്തായി സന്യസിച്ചിരുന്ന ഗുഹയും നാം കാണുകയുണ്ടായി. ഇതു ദയറായുടെ കിഴക്കുവശത്തു കുന്നിന്റെ ചരിവിലാണ്. നമുക്കു ഈ ഗുഹയ്ക്കകത്തു കേറുന്നതിനു രണ്ടുമൂന്നു പേരുടെ കായികസഹായം വേണ്ടിവന്നു. ഗുഹ മലയുടെ കിഴക്കോട്ടുള്ള ചരിവിന്റെ തൂക്കിൽ ആകകൊണ്ടു കാലു തെറ്റി വീഴുന്നതിന് എളുപ്പമുണ്ടായിരുന്നതിനാലാണ് അന്യസഹായം വേണ്ടി വന്നതു. പത്തുപതിനഞ്ചു പേർക്കു നിക്കാൻ മാത്രം ഗുഹയ്ക്കു വിസ്താരമുണ്ടു. ഇതിനകത്തു കല്ലുകൊണ്ടു കെട്ടപ്പെട്ട ഒരു ത്രോണോസുണ്ട്. വേറെ യാതൊരു വിശേഷവുമില്ല. ഈ മാതിരി ഗുഹകൾ ഈ ദയറായ്ക്കു ചുറ്റും വളരെയുണ്ടെങ്കിലും ബാർ എബ്രായയുടെയും മാർ മത്തായിയുടെയും ഗുഹകളെ ജനങ്ങൾ വളരെ ഭക്തിയോടെ വിചാരിച്ചുവരുന്നു. ഇതുകളിൽ ഇരുന്നു സന്യസിക്കാൻ ആരുതന്നെ ആവശ്യപ്പെട്ടാലും അനുവദിക്കുന്നതുമല്ല.

ദയറായുടെ പണി വളരെ വിശേഷപ്പെട്ടതു തന്നെ. അതിനു ചുറ്റുമുള്ള മതിൽ കോട്ടപോലെ ഉറപ്പിലും ഉയരത്തിലും കെട്ടപ്പെട്ടതാണു. നാലു മൂലകളിലും കൊത്തളങ്ങളുമുണ്ടു. കവർച്ചക്കാരുടെ ആക്രമണത്തെ തടയുന്നതിനാണ് ഇത്രയൊക്കെ മുൻകരുതലുകൾ ചെയ്തിരിക്കുന്നത്. ഒരൊറ്റയാൾ ദയറായിലുണ്ടായിരുന്നാൽ ഏതു അക്രമിസംഘത്തെയും ഓടിക്കാം. നാം ഈ ദയറായിൽ ചെന്നപ്പോൾ അവിടെ ആറേഴു റമ്പാന്മാരും പ്രധാനിയായ മാർ ദനഹാ മെത്രാപ്പോലീത്തായും മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു കാലത്ത് ഇവിടെ അറുപതെഴുപതു റമ്പാന്മാർ താമസിച്ചിരുന്നു. ഇവരിൽ ദൈവഭക്തിയിൽ അദ്വിതീയനും ലോകത്തെ ഇതിലധികം വെടിയാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിൽ എത്തിയ ആളും ആയ ഒരു റമ്പാൻ ദയറായ്ക്കു പുറത്തു ഒരു ഗുഹയിൽ ഇരിക്കുന്നതും നാം കണ്ടു. ഇദ്ദേഹത്തിനു വയസ്സു 35-ൽ അധികമില്ല. നല്ലൊരു സുമുഖനും സുറിയാനി ഭാഷാപണ്ഡിതനുമാണു. ഇദ്ദേഹത്തിന്റെ ഭക്ഷണവും വസ്ത്രധാരണവും ആരേയും വിസ്മയിപ്പിക്കുന്നതാണു. ദിവസവും ഉച്ചയ്ക്കു കുറെ അപ്പവും ഒരു പാത്രത്തിൽ കുറെ വെള്ളവും ദയറായിൽ നിന്നു കൊടുത്തയയ്ക്കും. ഇതല്ലാതെ യാതൊരു ഭക്ഷണമോ പാനീയമോ ഇദ്ദേഹത്തിനില്ല. ഇദ്ദേഹം എല്ലായ്പ്പോഴും ഒരു കറുത്ത ളോഹയും ഒരു പുറംകുപ്പായവുമാണ് ധരിക്കാറു. ഇതുകൾ അനേകം കഷണങ്ങൾ കൂട്ടി തുന്നിപ്പിടിപ്പിച്ചു ഉണ്ടാക്കിയവയാണു. നല്ല മാതിരിയിലുള്ള ഉടുപ്പുകൾ മറ്റു റമ്പാന്മാർക്കെന്നപോലെ ഇദ്ദേഹത്തിനും തയാറാക്കാറുണ്ടെങ്കിലും അതുകളെ ഇദ്ദേഹം സ്വീകരിക്കുന്നില്ല. ഇദ്ദേഹത്തിന്റെ നിഷ്ക്കൈതവ ഭക്തിയെ കേട്ടറിഞ്ഞു വന്നു ഓരോരുത്തൻ ഉടുപ്പുകൾ മുതലായവ സമ്മാനിക്കുന്നതൊന്നും ഇദ്ദേഹം തൊടുക പോലും

ചെയ്യാറില്ല. ഞായറാഴ്ചകളിലും പെരുനാൾ ദിവസങ്ങളിലും മാത്രം ഇദ്ദേഹം ഗുഹയ്ക്കു പുറത്തിറങ്ങി ദയറായിലെ പള്ളിയിലേക്കു പോകും. അന്യദിവസങ്ങളെ വിശുദ്ധ പുസ്തക വായനയാലും പ്രാർത്ഥനയാലും ഗുഹയ്ക്കകത്തു വെച്ചു തന്നെ കഴിച്ചുകൂട്ടുകയാണു. നിർദ്ദോഷങ്ങളായ വിനോദങ്ങളെ കൂടി ഇദ്ദേഹം വെറുക്കുന്നു. ഇദ്ദേഹം തുറബ്ദീൻകാരനും മാതാപിതാക്കന്മാർക്കു ഏക പുത്രനുമാണു. വീട്ടിലിരിക്കുമ്പോൾ തന്നെ കുടുംബകാര്യങ്ങൾ അന്വേഷിക്കാതെ കഠിനമായ സന്യാസവ്രതം തുടങ്ങിയതിനാൽ മാതാപിതാക്കന്മാർ ദുഃഖിക്കുന്നതു കണ്ടുകൊണ്ടിരിക്കാൻ കഴിയാഞ്ഞിട്ടു സകലവും ഉപേക്ഷിച്ചു ഈ ദയറായിൽ വന്നു താമസിക്കുകയാണു. ഐശ്വര്യത്തിലും പ്രതാപത്തിലും പ്രഥമസ്ഥാനം വഹിക്കുന്ന ചക്രവർത്തികളുടെ മന്ദിരങ്ങളിൽ കൂടി ഈ ത്യാജ്യമായ ഗുഹയിലുള്ളേടത്തോളം സന്തുഷ്ടിയും സമാധാനവും കാണുന്നതല്ല. ഇതിലധികമായ ഒരു ഭാഗ്യം മനുഷ്യർക്കു ലോകത്തിൽ ലഭിക്കാനുണ്ടോ?

പത്തമ്പതു റമ്പാന്മാർക്കു സുഖമായ കാലക്ഷേപത്തിനുള്ള മുതലെടുപ്പു ഈ ദയറായ്ക്കുണ്ടു. ഏതാനും കൃഷിസ്ഥലങ്ങൾക്കു പുറമേ രണ്ടു മൂവായിരം ആടുകളും ഉണ്ടു. വെള്ളിക്കുരിശു മുതലായ പല ഉപകരണങ്ങൾ ധാരാളമാണ്. സമർത്ഥനും സുശീലനുമായ ദനഹാ മെത്രാപ്പോലീത്തായുടെ കൈവശം ദയറാ വകയും അദ്ദേഹത്തിന്റെ സ്വന്തം വകയുമായി വളരെ പണവുമുണ്ടു.

ഈ ദയറായിൽ പതിനൊന്നു ദിവസം താമസിച്ചതിന്റെ ശേഷം കർക്കടകം 22-ാം തീയതി മൂസലിലേക്കു മടങ്ങി. അനന്തരം മൂസലിൽ താമസിക്കുന്ന ബാബേൽ പാത്രിയർക്കീസെന്നു പറയുന്ന കൽദായ പാത്രിയർക്കീസിനെ ചെന്നു കണ്ടു. ഇദ്ദേഹവുമായി രണ്ടു മൂന്നു മണിക്കൂറു നേരം സംസാരിക്കുകയും ഒരുമിച്ചു ഭക്ഷണം കഴിക്കുകയും ചെയ്തു. ഇദ്ദേഹം ഒരു സൽസ്വഭാവിയും സ്ഥാനത്തിനടുത്ത ഗൌരവമുള്ള ആളുമാണ്. മലയാളത്തെ റോമ്മാ സുറിയാനിക്കാർക്കു മെത്രാനെ അയയ്ക്കാൻ ഇപ്പോഴും അപേക്ഷ ചെന്നുകൊണ്ടിരിക്കുന്നുണ്ടെന്നും റോമ്മിലെ അനുവാദം കൂടാതെ അയച്ചാൽ അപകടം നേരിടുമെന്നും മലയാളത്തെ റോമ്മാ സുറിയാനിക്കാർ ലത്തീൻ മെത്രാന്മാരുടെ കീഴിൽ കിടന്നു അവരുടെ ആചാരമര്യാദകൾ പഠിക്കുന്നതു കഷ്ടമാണെന്നും അന്തോണിയച്ചനെ (മാർ അബ്ദീശോയെ) മെത്രാനാക്കി അയച്ചതുകൊണ്ടു യാതൊരു ഫലവുമുണ്ടാകാഞ്ഞതു വ്യസനകരമാണെന്നും മറ്റും അനേക സംഗതികളെ അദ്ദേഹം നമ്മോടു പറഞ്ഞു.

ഇനി മൂസൽ പട്ടണത്തെക്കുറിച്ചു അല്പം പറയാം. ഇതു തുർക്കി രാജ്യത്തിന്റെ ഒരു വിഭാഗമായ അൽജെസിറായിലെ പ്രധാനപട്ടണമാണ്.

ടൈഗ്രീസ് നദീതീരത്തുള്ള ഈ പട്ടണത്തിന്റെ മറുകരയാണു നിനുവാപ്പട്ടണത്തിന്റെ അവശിഷ്ടങ്ങൾ കാണുന്നതു. മൂസലിൽ പണ്ടു വിശേഷപ്പെട്ട ഒരു തരം തുണി നെയ്യുന്നുണ്ടായിരുന്നു. ഇവിടെ യാക്കോബായ സുറിയാനിക്കാരുടെ വക 800 കുടുംബങ്ങളും നാലു പള്ളികളുമുണ്ടു. മുസൽമാന്മാരെ ഒഴിച്ചാൽ മൂസലിൽ ജനസംഖ്യകൊണ്ടും പ്രാബല്യം കൊണ്ടും ധനസമൃദ്ധികൊണ്ടും പ്രഥമസ്ഥാനം യാക്കോബായ സുറിയാനിക്കാർക്കാണു. ഇവിടെയുള്ള കൃസ്ത്യാനികളിൽ ഏറ്റവും ധനികനും പ്രധാനനും കോജാ അബ്ദൾഹാദ് ആണു. ഇവിടെ കൽദായക്കാർ 300 ഉം മക്കുലുബിൻകാർ 150 ഉം കുടുംബക്കാരുണ്ടു. കൽദായക്കാരുടെ വക പള്ളിയും സിമ്മനാരിയും സുറിയാനി അച്ചുകൂടവുമുണ്ടു. ഇവരുടെ പാത്രിയർക്കീസിനു ഇരിക്കാൻ ഒരു പ്രത്യേക സ്ഥലവുമുണ്ടു. മക്കുലുബിൻകാർ എന്നു പറഞ്ഞാൽ യാക്കോബായ സുറിയാനിക്കാരിൽ നിന്നു പിരിഞ്ഞു റോമ്മാ മതത്തെ സ്വീകരിച്ചവരാണു. ഇവർ സുറിയാനിക്കാരൊക്കയും റോമ്മാ പാപ്പായുടെ കീഴിരിക്കണമെന്നു കരുതി ഉദ്ദേശം 140 വർഷത്തിനു മുമ്പുണ്ടായ ഒരു ഉപദ്രവകാലത്തു പിരിഞ്ഞുപോയതാണു. ഇവർക്കും ഇവിടെ ഒരു പള്ളിയുണ്ടു. ഈ പള്ളി പണിയാനുള്ള ചിലവു മുഴുവനും റോമ്മയിൽ നിന്നു അയച്ചുകൊടുത്തതാണു. ഇതിൽ ബെന്നിയെന്നു പേരായ ഒരു മെത്രാൻ താമസിക്കുന്നുണ്ടു. നാം കൊച്ചിയിൽ വച്ചു കണ്ടുപരിചയപ്പെട്ട മൂസൽക്കാരൻ പൌലൂസു കശീശാ ഏൽപിച്ചിരുന്ന സാമാനങ്ങളെ ഇദ്ദേഹത്തിനു കൊണ്ടുപോയി കൊടുക്കുകയും മെത്രാൻ സന്തോഷമായി സംസാരിക്കുകയും ചെയ്തു. മൂസലിൽ അർമ്മേനിയൻകാർ  പത്തിരുപതു കുടുംബക്കാർ മാത്രമേയുള്ളു. ഇവർക്കു തനതായി പള്ളിയില്ലാത്തതിനാൽ ഇവരുടെ ആത്മീയകാര്യങ്ങൾ നടത്തിപ്പോരുന്നതു യാക്കോബായ സുറിയാനിപ്പള്ളിയിലാണു.

മൂസൽക്കാരുടെ ആതിഥ്യവിശേഷം കൊണ്ടു അവിടെ താമസിച്ച ഒരു മാസം ഞങ്ങളെ സംബന്ധിച്ചെടത്തോളം ക്ഷണം കഴിഞ്ഞുപോയി. കൊച്ചിയിൽ നിന്നു പുറപ്പെട്ടതിന്റെ ശേഷം ഞങ്ങൾ ഈ വിധത്തിലുള്ള കരുണയ്ക്കും അതിന്റെ ഒരു ബഹിർലക്ഷണമായ സൽക്കാരത്തിനും പാത്രീഭവിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഞങ്ങളെ ഉടനെ മർദ്ദീനിലേക്കു അയച്ചുകൊള്ളണമെന്നു പാത്രിയർക്കീസു ബാവാ കല്പന അയച്ചതുകൊണ്ടാണു ഞങ്ങൾ കർക്കടകം 29-ാം തീയതി മൂസൽപട്ടണം വിടാൻ സംഗതിയായതു. ഈ വിരഹം മൂസലിലെ അതിഥിപ്രിയന്മാരായ സുറിയാനിക്കാർക്കു നിർവ്യാജദുഃഖത്തിനു ഹേതുവായിത്തീർന്നു.

## അദ്ധ്യായം 9

# മൂസൽ മുതൽ മാർദീൻ വരെ

## (1038 കർക്കടകം 28 – 1039 ചിങ്ങം 13)

വൈകുന്നേരം അഞ്ചുമണിക്കു കഴുതക്കൂട്ടം മൂസൽ പട്ടണം വിട്ടു. യാത്രാസമ്പ്രദായം പ്രായേണ ബഗദാദിൽ നിന്നു മൂസലിലേക്കുള്ളതു പോലെയാണു. യാത്രക്കാരുടെ സംഖ്യ ഉദ്ദേശം 100 ആയിരുന്നു. ഞങ്ങളുടെ സഹായത്തിനു സർക്കാരിൽ നിന്നു ആരെയും അയച്ചിരുന്നില്ല. ഞങ്ങളുടെ സഹായത്തിനു ഒരാളെ മൂസലിൽ നിന്നു കൂട്ടിയിരുന്നു. പിറ്റെ ദിവസം കാലത്തു ഞങ്ങൾ ഒരു കുന്നിന്മേലുള്ള ഒരു ചെറിയ ഗ്രാമത്തിന്റെ താഴ്‌വരയിൽ എത്തി വിശ്രമിച്ചു. ആ ഗ്രാമവാസികളിൽ ചിലർ ഓരോ സാമാനങ്ങളെ കൊണ്ടുവന്നു പതിവുപോലെ യാത്രക്കാർക്കു വിൽക്കാൻ തുടങ്ങി. ഈ കൂട്ടത്തിൽ കോഴിമുട്ട വിൽക്കാനായി പത്തുപന്ത്രണ്ടു വയസ്സു പ്രായമുള്ള ഒരു മുസൽമാൻ ബാലിക വന്നിരുന്നു. ഈ പെണ്ണു പലർക്കും മുട്ട വിറ്റതിന്റെ ശേഷം ഒരു മുസൽമാൻ യാത്രക്കാരന്റെ അടുക്കൽ ചെന്നു. ഇവൻ പെണ്ണിന്റെ കൈവശമുണ്ടായിരുന്ന മുട്ട മുഴുവൻ എണ്ണിയെടുത്തുകൊണ്ടു പകുതി വില കൊടുത്തു. ഇതു പോരെന്നും ക്രമപ്രകാരമുള്ള വില തരണമെന്നും അതിനു മനസ്സില്ലാത്തപക്ഷം മുട്ട തിരിയെ തരണമെന്നും ഈ പെൺകുട്ടി ആവശ്യപ്പെട്ടപ്പോൾ മുസൽമാൻ കോപത്തോടെ ചാടി എഴുന്നേറ്റു അവളുടെ നെഞ്ചത്തു ഒരു ചവിട്ടു കൊടുത്തു. അബലയും ദുർഭഗയുമായിരുന്ന  പെൺകുട്ടി മറിഞ്ഞു വീണു തൽക്ഷണം മരിക്കുകയും ചെയ്തു. ഈ വിവരം കുട്ടിയുടെ ആളുകൾ അറിഞ്ഞപ്പോൾ തോക്കും കുന്തവും വാളും ഒക്കെയായി പുറപ്പെട്ടു കുന്നിന്മേൽ നിന്നു താഴെയുള്ള വഴിയാത്രക്കാരുടെ കൂട്ടത്തിലേക്കു വെടിവെക്കാൻ തുടങ്ങി. ഇതു കണ്ടു യാത്രക്കാരെല്ലാം കൂട്ടത്തിൽ ഞങ്ങളും ഓടാൻ തുടങ്ങി. ബഗദാദിൽ നിന്നു പുറപ്പെട്ടപ്പോൾ ചുഴലിക്കാറ്റിന്റെ ഫലമായി ഉണ്ടായ ബഹളവും ഇതും തമ്മിൽ നല്ല സാമ്യമുണ്ടായിരുന്നു. ഗ്രാമവാസികൾ എല്ലാവരും കൂടി ഇളകിവന്നു യാത്രക്കാരെ വിഴുങ്ങാഞ്ഞതു ഭാഗ്യം. ഞങ്ങളുടെ മരണം ആസന്നമായിട്ടില്ലാഞ്ഞതുകൊണ്ടു വെടിവെക്കാൻ തുടങ്ങിയവരെ ഗ്രാമവാസികളിൽ വേറെ ചിലർ വന്നു പിടിക്കുകയാണു ചെയ്തത്. ആ ഗ്രാമത്തിലേക്കു പ്രധാനനും ഒരു സർക്കാരുദ്യോഗസ്ഥനും കൂടി കുലപാതകന്റെ അടുക്കൽ വന്നു അയാളോടു സംസാരിക്കാൻ തുടങ്ങിയപ്പോൾ ശേഷം യാത്രക്കാർ അവരുടെ ജീവനും കൊണ്ടു യാത്ര തുടർന്നു. എങ്കിലും ഒന്നുരണ്ടു നാഴിക കഴിഞ്ഞപ്പോൾ ഈ കുലപാതകൻ ഞങ്ങളുടെ ഒപ്പം വന്നു ചേർന്നു. മരിച്ച പെൺകുട്ടി

യുടെ അവകാശികൾക്കു മുപ്പതു പവൻ കൊടുക്കാൻ വിധിയുണ്ടായതു കൊടുത്തു തീർത്തു പോന്നിരിക്കയാണെന്നു ആ വിദ്വാൻ പറഞ്ഞതു കേട്ടപ്പോൾ ഞങ്ങൾക്കുണ്ടായ ആശ്ചര്യം ഒന്നും പറയാനില്ല. തുർക്കി രാജ്യത്തു കുലപാതകന്മാരെ കൊല്ലണമെന്നു നിയമമുണ്ടെങ്കിലും "രക്തത്തിന്റെ വില" കിട്ടിയാൽ മതിയെന്നു മരിച്ച ആളുടെ അവകാശികൾ അപേക്ഷിച്ചാൽ അപ്രകാരം വിധിയുണ്ടാകുന്നതാണ്. യാതൊരുവിധത്തിലും നീതീകരിക്കുവാൻ നിവൃത്തിയില്ലാത്ത ഈ നിയമത്തിന്റെ ഫലമായി കുലപാതകങ്ങൾ ആ രാജ്യത്തു വർദ്ധിച്ചിരിക്കുന്നു. തുർക്കി രാജ്യത്തിനു കാലാനുസരണമായ പരിഷ്ക്കാരം സിദ്ധിക്കാത്തതിനുള്ള ഒരു കാരണം നിയമങ്ങളെന്നു പേരു പറഞ്ഞു നടത്തപ്പെടുന്ന ഈ വക അനീതികൾ തന്നെയായിരിക്കണം. മനുഷ്യജീവനു ഇത്ര കുറച്ചേ വിലയുള്ളു എന്നു വന്നാൽ പിന്നെ എങ്ങനെയാണു ആ രാജ്യത്തു സമാധാനവും ക്ഷേമവും ഉണ്ടാകുന്നത്?

യാതൊരു വിശേഷവും ഉണ്ടാകാഞ്ഞ നാലു ദിവസത്തെ യാത്രയുടെ ശേഷം ഞങ്ങൾ തൂറോദ്ഖറുദു എന്ന പർവതത്തിന്റെ അടിവാരത്തെത്തി. ഒരു ദിവസം വളരെ കഷ്ടപ്പെട്ടതിന്റെ ശേഷമെ ആ പർവതത്തിനു അപ്പുറത്തെത്താൻ സാധിച്ചുള്ളു. ഈ പർവതം മഹോന്നതവും ഭയങ്കരവുമായ ഒന്നാണ്. ജലപ്രളയാനന്തരം നോഹിന്റെ പെട്ടകം ഉറച്ചതു ഈ പർവതോപരി ആണെന്നാണു അവിടങ്ങളിലുള്ളവരുടെ ബോദ്ധ്യം. ഞങ്ങൾ ഈ പർവതം കടന്നപ്പോൾ അതിന്റെ അടിവാരത്തുകൂടി ഒഴുകുന്ന ടൈഗ്രീസ് നദി കണ്ടു. ഇതിനു ആ സ്ഥലത്തു വളരെ വീതിയും ആഴവുമുണ്ട്. ഈ നദി കടന്നുചെല്ലുന്നതു ജസ്സീറാ എന്ന പട്ടണത്തിലേക്കാകയാൽ ഉടനെ അവിടെ എത്തി അവിടത്തെ സുറിയാനിപ്പള്ളിയിൽ താമസിക്കാമെന്നു കരുതി ഞങ്ങൾ വളരെ ബദ്ധപ്പെട്ടു. എങ്കിലും കടത്തുവള്ളങ്ങളുടെ ദൌർല്ലഭ്യം കൊണ്ടും യാത്രക്കാരുടെ ബഹുലത്വം കൊണ്ടും ഉന്തിത്തള്ളിക്കേറാനുള്ള സാമർത്ഥ്യക്കുറവുകൊണ്ടും എല്ലാവരും അക്കരെ എത്തിയ ശേഷമെ ഞങ്ങൾക്കു കടത്തിറങ്ങാൻ സാധിച്ചുള്ളു. അക്കരെ എത്തിയതിന്റെ ശേഷം സുറിയാനിപ്പള്ളി കാണാതെ ഒരു മണിക്കൂറോളം ചുറ്റിത്തിരിയേണ്ടിവന്നു. മലയാളത്തു വന്നു ലണ്ടനിലേക്കു പോയ മാർ അത്താനാസ്യോസ് സ്തേഫാനോസു അപ്പോൾ ആ പള്ളിയിൽ താമസിക്കുകയായിരുന്നു. ഇദ്ദേഹത്തിന്റെ ഇടവകപ്പള്ളിയും അതു തന്നെയായിരുന്നു.

ഞങ്ങൾ പള്ളിയുടെ പടിവാതിൽക്കൽ എത്തിയപ്പോൾ അദ്ദേഹം ഓടി ഇറങ്ങിവന്നു നമ്മെ ചുംബിച്ചു അദ്ദേഹത്തിന്റെ മാളികയിലേക്കു കൊണ്ടുപോയി. ഉടനെ നാലാറു കറുത്ത മുന്തിരിക്കുലകൾ വരുത്തി അതിന്റെ ചാറു പിഴിഞ്ഞു ഞങ്ങൾക്കു കുടിക്കാൻ തന്നു. ഇതു കുടിച്ചപ്പോൾ

ഞങ്ങൾ ഉറക്കം തൂങ്ങിത്തുടങ്ങിയതിനെ കണ്ടു ചിരിച്ചുംകൊണ്ടു മെത്രാപ്പോലീത്താ അവർകൾ, ഉറക്കം വരുന്നതിനു തന്നെയാണു താൻ അപ്രകാരം ചെയ്തതെന്നു പറയുകയും സുഖമായി കിടന്നുറങ്ങുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്തു. ഉറങ്ങി എഴുന്നേറ്റപ്പോൾ ഗോതമ്പുകഞ്ഞിയും പൊടിയരിക്കഞ്ഞിയും തയാറുണ്ടായിരുന്നു. കഞ്ഞി കുടിച്ചപ്പോൾ ഞങ്ങളുടെ ക്ഷീണം മിക്കവാറും തീർന്നുപോയതായി തോന്നി. പിന്നീടു അവിടത്തെ കമ്പോളത്തിൽ അല്പനേരം സഞ്ചരിച്ചു. വൈകുന്നേരം അഞ്ചരമണിയായപ്പോൾ കഴുതക്കൂട്ടം പുറപ്പെടാനുള്ള സമയമായി എന്നു പറഞ്ഞു ആളുകൾ വന്നു. പിറ്റേദിവസം പുറപ്പെടാമെന്നു മെത്രാപ്പോലീത്താ വളരെ നിർബന്ധമായിപ്പറഞ്ഞു എങ്കിലും യാതൊരു നിവൃത്തിയുമുണ്ടായിരുന്നില്ല. ഇനി ഇങ്ങനെ യാത്രക്കാർ സംഘമായി പ്പോകുന്നതിനുണ്ടാകണമെങ്കിൽ ഒരു മാസം കഴിയണം. അതുവരെ താമസിക്കുവാൻ ഞങ്ങൾക്കു തരമില്ലാത്തതുകൊണ്ടു മെത്രാപ്പോലീത്താ വളരെ ദുഃഖത്തോടെ അനുവാദം തന്നു.

ജസ്സീറാ പട്ടണം പ്രസിദ്ധമായ ഒന്നാണ്. നദീതീരത്തുള്ള ഈ പട്ടണത്തിന്റെ കിടപ്പു വളരെ ഇണക്കമുള്ളതായിരുന്നു. സുറിയാനിക്കാരെ കൂടാതെ ഇവിടെ മുസൽമാന്മാരും അർമ്മേനിയൻകാരും കൽദായക്കാരും ഉണ്ട്. സുറിയാനിക്കാർ ഇവിടെ ഒരു കാലത്തു അസംഖ്യം ഉണ്ടായിരുന്നു. തുർക്കി ഗവർമ്മെണ്ടിന്റെയും മുസൽമാന്മാരുടെയും അസഹ്യോപദ്രവത്താൽ വളരെ ആളുകൾ കുടിപുറപ്പെട്ടു പോയതായി മെത്രാപ്പോലീത്തായിൽ നിന്നു അറിഞ്ഞു.

ഞങ്ങൾ 1039 ചിങ്ങം 6-ാം തീയതി ജസ്സീറായിൽ നിന്നു പുറപ്പെട്ടു 9-ാം തീയതി കാനക്ക് എന്ന സ്ഥലത്തെത്തി. ഇവിടെ യാക്കോബായ സുറിയാനിക്കാരുടെ വക ഒരു ചെറിയ ഗ്രാമവും പള്ളിയും ഉണ്ട്. ഈ പള്ളിയിൽ രണ്ടു പട്ടക്കാരുമുണ്ട്. അവരിൽ കശീശാ ബർസൌമ്മാ ഒരു നല്ല സുറിയാനിഭാഷാ പണ്ഡിതനാണ്. ഈ പട്ടക്കാരും ഞങ്ങളെ സന്തോഷമായി സൽക്കരിച്ചു. മാർ കൂറിലോസിന്റെ സ്വദേശമായ തൂറബ്ദീനിലേക്കു ഇവിടെ നിന്നു നാലു നാഴിക ദൂരമേയുള്ളു. അവിടെ ചെന്നു അദ്ദേഹത്തിന്റെ ആളുകളെ കാണുന്നതിനു നമുക്കു വളരെ ആഗ്രഹമുണ്ടായിരുന്നു. എങ്കിലും കഴുതക്കൂട്ടം അത്രയ്ക്കു താമസിക്കുന്ന കാര്യം പ്രയാസമാകകൊണ്ടു വിവരം കശീശാ ബർസൌമ്മായോടു പറഞ്ഞപ്പോൾ അദ്ദേഹം തൂറബ്ദീനിലേക്കു ഒരാളെ അയച്ചു. ആൾ അവിടെ ചെന്നപ്പോൾ ബാവായുടെ (മാർ കൂറിലോസിന്റെ - എഡി.) സഹോദരൻ കൃഷിസ്ഥലത്തായിരുന്നതിനാൽ ഞങ്ങളെ കാണുന്നതിനു ബാവായുടെ ചിറ്റപ്പന്റെ മകനും ചാർച്ചക്കാരിൽ നാലഞ്ചുപേരും ബദ്ധപ്പെട്ടുവരികയും ഞങ്ങൾ അവരുമായി സന്തോഷവർത്തമാനങ്ങൾ പറയുകയും

മലയാളത്തു താമസിക്കുന്ന മാർ കൂറിലോസിന്റെയും സഹോദരൻ മസ്ക്കുദശായുടെയും ക്ഷേമവാർത്തകളെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു.

അന്നു വൈകുന്നേരം ഈ കാനക്കിയിൽ നിന്നു പുറപ്പെട്ട ഞങ്ങൾ 11-ാം തീയതി കാലത്തു ദനിസ്സീബിൻപട്ടണത്തിൽ മാർ യാക്കോബു മല്പാൻ പണിയിച്ച പള്ളിയിൽ ചെന്നു ചേർന്നു. ഈ പട്ടണം വളരെ പുരാതനവും പ്രസിദ്ധവുമായ ഒന്നാണ്. മാർ അപ്രേമിന്റെ ഗുരുവാണു മാർ യാക്കോബു മല്പാൻ. ഇവർ രണ്ടുപേരും സുറിയാനിസഭയുടെ വൈദികഗ്രന്ഥങ്ങളുടെ വർദ്ധനവിനെ വളരെ സഹായിച്ചിട്ടുള്ള വിവരം ജഗൽപ്രസിദ്ധമാണ്. സന്മാർഗ്ഗതത്വപ്രതിപാദകങ്ങളും ഭക്തിസംവർദ്ധകങ്ങളുമായ ഇവരുടെ ഗ്രന്ഥങ്ങളെ ലോകത്തിലുള്ള സകല ക്യസ്തീയസഭകളും ആദരിച്ചുപോരുന്നുണ്ട്. സുറിയാനിപ്പള്ളിക്രമങ്ങളിലുള്ള അനന്യസാധാരണമായ മാഹാത്മ്യവും രമണീയകത്വവും അതുകൾക്കു സിദ്ധിച്ചതു ഈ മല്പാന്മാരുടെ പദ്യകൃതികളെക്കൊണ്ടാകുന്നു. ഇവർ നല്ല വേദപുസ്തക വ്യാഖ്യാതാക്കന്മാരുമാണ്. ഇവരേക്കാൾ മാനനീയന്മാരായ പരിശുദ്ധന്മാരോ വിദ്വാന്മാരോ സുറിയാനി സഭയിൽ ജനിച്ചില്ലെന്നു തന്നെ പറയാം. ഇവരിലൊരാൾ പണിയിച്ച പള്ളിയിൽ പ്രവേശിക്കുന്നതിനു ഭാഗ്യം ലഭിച്ചതിൽ നാം വളരെ സന്തോഷിച്ചു. ഈ പള്ളിയുടെ പണി അതിമനോഹരമാണ്. പള്ളി അത്ര വലുതൊന്നുമല്ല. മുഴുവനും കരിങ്കല്ലു കൊണ്ടാണു പണിയപ്പെട്ടിരിക്കുന്നത്. അകത്തുള്ള ശിലാരേഖകൾ ഏതോ ശില്പിയുടെ സാമർത്ഥ്യത്തിനു ശാശ്വതസ്മാരകങ്ങളായി ശോഭിച്ചിരുന്നു. ഈ പള്ളി സ്ഥാപകന്റെ കബറു (സംസ്ക്കരിച്ച സ്ഥലം) ഇതിനകത്തു തന്നെയാണ്. എങ്കിലും പള്ളിയകത്തു നിന്നാൽ ഇതു കാണുകയില്ല. പള്ളിയുടെ താഴെ ഏകദേശം പത്തു കോൽ നീളത്തിൽ ചതുരവും വിലാസവുമായ ഒരു മുറിയുണ്ട്. ഇതിലാണു കബർ. ഈ മുറിയിലേക്കു പ്രവേശിക്കുന്നതു പള്ളിയുടെ തെക്കെ ഭിത്തിക്കു താഴെയുള്ള ഒരു വാതിലിൽ കൂടിയാണ്. ഈ വാതിൽ കടന്നു അഞ്ചാറുപടി കീഴ്പെട്ടു ചെന്നാൽ കബറിരിക്കുന്ന മുറിയിൽ എത്തും. കബറിന്റെ മേൽഭാഗം ഒരൊറ്റ മാർബിൾക്കല്ലാണ്. കബറിന്നു മൂന്നര കോൽ നീളവും ഒരു കോൽ വീതിയും ഒന്നരക്കോൽ പൊക്കവുമുണ്ട്. ഈ കബറിങ്കൽ വന്ദനത്തിനായി സുറിയാനിക്കാരെ കൂടാതെ അർമ്മേനിയൻകാരും യൌനായക്കാരും കൽദായക്കാരും നെസ്തോറുകാരും വരാറുണ്ട്. ആരാധനയ്ക്കു വരുന്നവരെല്ലാം മെഴുകുതിരി കൊണ്ടുവന്നു കബറിനു ചുറ്റും കത്തിച്ചു കാഴ്ച വെക്കുക പതിവാണ്. ഈ സ്ഥലം ഇപ്പോൾ പണ്ടത്തേതിൽ ക്ഷയിച്ചിരിക്കുകയാണ്. ഇവിടെയുണ്ടായിരുന്ന സുറിയാനിക്കാരിൽ വളരെപ്പേർ തുർക്കികളുടെ ഹിംസകൾ കൊണ്ടു മർദീൻ മുതലായ പ്രദേശങ്ങളി

ലേക്കു കുടിപുറപ്പെട്ടു പോയതിനാൽ ഇവിടെ ഇപ്പോൾ അധികം ആളു കളില്ല. 12–ാം തീയതി കാലത്തു ഞങ്ങൾ ദനസീബിൽ നിന്നു പുറപ്പെട്ടു 13–ാം തീയതി ഉച്ചയ്ക്കു മർദീൻ പട്ടണത്തിൽ എത്തി.

ഇങ്ങനെ കൊച്ചിയിൽനിന്നു പുറപ്പെട്ടു നാലു മാസം തികയുന്ന ദിവസം ഞങ്ങൾ നിരൂപിതസ്ഥാനത്തെത്തി. ഞങ്ങൾ സാധാരണ യാത്ര ക്കാരെപ്പോലെ അപഹരണീയമായ വിശ്രമം ആസ്വദിക്കാൻ നിന്നില്ല. സ്നേഹിതന്മാരുടെ ആതിത്ഥ്യത്തെ ഉചിതമായവിധത്തിൽ ആദരിക്കുന്ന തിനും ഞങ്ങൾക്കു കഴിഞ്ഞില്ല. ഞങ്ങളുടെ യാത്ര ആദ്യം മുതൽ അവ സാനം വരെ ഒരു ദീർഘമായ ഓട്ടമായിരുന്നു. നമ്മുടെ ക്ഷമയില്ലായ്കയും ഉദ്ദിഷ്ടകാര്യം കഴിയുന്നവേഗത്തിൽ സാധിക്കാനുള്ള അത്യാശയുമാണ് അതിനു കാരണം. എന്നാൽ ഈ അക്ഷമയും അത്യാശയും, നമ്മുടെ സ്ഥിതിയെ ഉയർത്തുന്നതിനോ നമ്മുടെ അന്തസ്സിനേയോ ആഡംബര ത്തേയോ ഉയർത്തുന്നതിനോ ഉള്ള നിസ്സാരവിചാരത്തിന്റെ ഫലമല്ലെന്നു ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. സുറിയാനി സഭോദ്യാനത്തിലെ ഫല വത്തുകളായ വൃക്ഷങ്ങളെ ഛേദിക്കുന്നതിനും നിഷ്പ്രയോജകങ്ങളായ വയെ നട്ടുവളർത്തുന്നതിനും ഉദ്യുക്തനായിരുന്ന മാർ മത്യൂസ് അത്താ നാസ്യോസു എന്ന ആ തോട്ടക്കാരെനെപ്പറ്റി പരിശുദ്ധ സിംഹാസനത്തിൽ അറിയിച്ചു അദ്ദേഹത്തെ തോട്ടത്തിൽ നിന്നു നിഷ്ക്കാസിപ്പിക്കണമെന്നു ള്ളതായിരുന്നു നമ്മുടെ സർവ്വപ്രധാനമായ വിചാരം. ഇതു എത്രത്തോളം വേഗത്തിൽ സാധിക്കുന്നുവോ അത്രത്തോളം ഈ സഭയ്ക്കു ഉപകാര വുമായിരിക്കുമല്ലോ. അതുകൊണ്ടു തന്നെയാണു നാം ഇടവിടാതെ നമ്മെ ഉപദ്രവിച്ചുകൊണ്ടിരുന്ന ക്ഷുത്തിനെയും യാത്രാക്ഷീണത്തേയും ആവ ലാധികൂടാതെ സഹിക്കാമെന്നു വെച്ചത്. യാത്രയിൽ ഇത്രയൊക്കെ ധൃതി കൂട്ടി കഷ്ടപ്പെട്ടിട്ടു ഒന്നു രണ്ടു മാസം മുമ്പു ഉദ്ദേശിച്ച സ്ഥലത്തു ചെന്നെ ത്തുന്നതുകൊണ്ടു ബുദ്ധിമുട്ടിനോടു സാമ്യപ്പെടുത്താൻ തക്ക വലിയ പ്രയോജനമൊന്നുമില്ലെന്നു അക്കാലങ്ങളിലെ സുറിയാനി സഭയുടെ സ്ഥിതിയെക്കുറിച്ചു മന്ദമായ ഒരു ജ്ഞാനം മാത്രമുള്ളവർക്കു തോന്നി യേക്കാം. എന്നാൽ സഭയെ അന്യന്മാരും സ്വന്തം ആളുകളും ദ്രോഹി ക്കുന്നതു കണ്ടതു കൊണ്ടുണ്ടായ മർമ്മച്ഛേദകമായ ദുഃഖത്താൽ പരവ ശനായിരിക്കുന്ന നമുക്കുണ്ടോ ഈ വക തത്വജ്ഞാനങ്ങളും സമാധാന ങ്ങളും തോന്നുന്നു?

## അദ്ധ്യായം 10

# മർദീൻ പട്ടണം

## (1039 ചിങ്ങം 13 - വൃശ്ചികം 25)

സുറിയാനിപ്പള്ളി എവിടെയാണെന്നറിയാതെ ഞങ്ങൾ കഴുതക്കൂട്ടം വന്നുനിന്ന സ്ഥലത്തു തന്നെ നിൽക്കുമ്പോൾ യദൃച്ഛയാ അതിലെ കടന്നു പോയ കശീശാ അബ്ദലഹാദിനെ കണ്ടു. ഇദ്ദേഹത്തോടുകൂടി പള്ളിയിലേക്കു തിരിച്ചു. പട്ടണത്തിൽ നിന്നു ഒരു നാഴിക ദൂരെയായിരുന്നു പള്ളി. പള്ളിയിൽ എത്തിയപ്പോൾ അവിടെ ഏതാനും പട്ടക്കാരും ജനങ്ങളും കൂടി ഞങ്ങളെ എതിരേറ്റു.

ഞങ്ങൾ മർദീനിൽ എത്തിയപ്പോൾ പാത്രിയർക്കീസു ബാവാ ആമീദിൽ ആയിരുന്നതിനാൽ അങ്ങോട്ടു തന്നെ പുറപ്പെടുന്നതിനു ഒരുങ്ങിയ സമയം തിരുമനസ്സുകൊണ്ടു 19-ാം തീയതി മർദീനിൽ എത്തുന്നതാണെന്നു കമ്പി വന്നു. ആ ദിവസം അതിരാവിലെ ബാവായെ എതിരേൽക്കാനായി ജനങ്ങളും പട്ടക്കാരും പുറപ്പെട്ടതോടു കൂടെ ഞങ്ങളും പോയി. മിക്കവരും കുതിരപ്പുറത്തായിരുന്നു യാത്ര. അവിടങ്ങളിലുള്ള വലിയ അറബിക്കുതിരപ്പുറത്തു കേറാനുള്ള ഭയം നിമിത്തം ഞങ്ങൾ കാൽനടയായിട്ടാണു പോയതു. മർദീനിൽ നിന്നു ഒരു നാഴിക ദൂരത്തിൽ പടിഞ്ഞാറുഭാഗത്തായി ബാവായുടെ വക ഒരു തോപ്പും അതിൽ ഒരു ചെറിയ ബങ്കളാവുമുണ്ട്. ഇവിടെ എല്ലാവരും അല്പനേരം ഇരുന്നു വിശ്രമിച്ചപ്പോൾ ബാവായുടെ വരവായി എന്നു അമ്പേഷിക്കാൻ പോയിരുന്ന ആളുകൾ തിരിയെ വന്നു പറഞ്ഞു. ഉടനെ എല്ലാവരും കുതിരപ്പുറത്തു കേറി ഓടിച്ചു മുൻപോട്ടു പോയി. ഞങ്ങൾ ആ തോപ്പിൽ തന്നെ ഇരുന്നു. ഒരു നാഴിക കഴിഞ്ഞപ്പോൾ ബാവായുടെ കൂടെ ഉണ്ടായിരുന്ന ആമീദിലെ മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസു മുൻകൂട്ടി തോപ്പിൽ വന്നെത്തി. പിന്നാലെ ബാവായും 'തക്ത്തറുവാൻ' എന്ന ഒരു വാഹനത്തിൽ തോപ്പിൽ വന്നുചേരുകയും ചെയ്തു.

ഈ വാഹനം മലയാളത്തുള്ള പല്ലക്കു പോലെ പണിയപ്പെട്ടതാണു. ഇതു ആളുകൾ ചുമക്കുന്നതിനു പകരം നാലു കുതിരകൾ (രണ്ടു മുമ്പും രണ്ടു പിമ്പും) വലിക്കുന്നു എന്നൊരു വ്യത്യാസമേയുള്ളു. വാഹനം തോപ്പിന്റെ അടുക്കൽ എത്തിയപ്പോൾ എല്ലാവരും ചെന്നു ബാവായുടെ കൈമുത്തിയതനുസരിച്ചു ഞങ്ങളും കൈമുത്തി. എങ്കിലും ഈ ബഹളത്തിൽ ഞങ്ങൾ ആരെന്നു ബാവാ അറിയുകയൊ അറിയിക്കാൻ ആരെങ്കിലും ശ്രമിക്കുകയൊ ചെയ്തില്ല. ബാവാ വാഹനത്തിൽ നിന്നിറങ്ങി ബങ്കളാവിന്റെ പൂമുഖത്തിരിക്കുകയും എല്ലാവരോടും ഇരുന്നു ആശ്വസി

ക്കാൻ കല്പിക്കുകയും ചെയ്തപ്പോൾ ഞങ്ങൾ അടുത്തുചെന്നു കൈ മുത്തി വിവരം അറിയിച്ചു. സന്തോഷവും സന്താപവും മനുഷ്യർക്കു ഒരേ സമയത്തുണ്ടാകയെന്നതു അസംഭാവ്യമല്ലെങ്കിൽ, അപ്പോൾ ഈ അപൂർവ മനോവികാരം നാം അനുഭവിച്ചു എന്നു പറയാം. മലങ്കരസഭയുടെ കഷ്ടസ്ഥിതി നീക്കാൻ അധികൃതനും സന്നദ്ധനും ആയ ആളെ കണ്ടതുകൊണ്ടു ഉണ്ടായ സന്തോഷത്തോടുകൂടി ആ സഭയുടെ കഷ്ടസ്ഥിതിയെ ഓർത്തതിൽ നിന്നുണ്ടായ ദുഃഖവും കലർന്നിരുന്നു. സുഖമായാലും ദുഃഖമായാലും അധികമാകുമ്പോൾ അശ്രുധാര ഉണ്ടാകുന്നതാണല്ലൊ. നമ്മുടെ ദുഃഖത്തെ കണ്ടു ആ പരിശുദ്ധനും ദുഃഖിച്ചു എങ്കിലും ഓരോ ആശ്വാസവാക്കുകളെ പറഞ്ഞു നമ്മെ ചുംബിക്കുകയും മുന്തിരിക്കുലകൾ പറിച്ചു കൊടുക്കാൻ കല്പിക്കുകയും ചെയ്തു. അവിടെ നിന്നു പുറപ്പെടാറായപ്പോൾ തിരുമേനി നമ്മെ വിളിച്ചു നമുക്കു വാഹനമുണ്ടോ എന്നു ചോദിച്ചു. വലിയ കുതിരപ്പുറത്തു കേറാൻ ഭയമാണെന്നുള്ള മറുപടി കേട്ടപ്പോൾ മന്ദസ്മിതത്തോടു കൂടി ഇഷ്ടംപോലെ എന്നു കല്പിച്ചു.

ബാവായും ജനങ്ങളും പുറപ്പെട്ടു മർദീനിൽ പള്ളിക്കു സമീപെ ആയപ്പോൾ ശെമ്മാശന്മാർ അവരവരുടെ സ്ഥാനചിഹ്നങ്ങളോടും മെഴുകുതിരി, ധൂപക്കുറ്റി, കൈത്താളം മുതലായവയോടും കൂടി വന്നു എതിരേറ്റു. ജനങ്ങളും അസംഖ്യം കൂടിയിരുന്നു. പള്ളിയിലെ ആരാധനയും ചുരുങ്ങിയ ഒരു പ്രസംഗവും കഴിഞ്ഞശേഷം ബാവാ സിംഹാസന മുറിയിലേക്കു പോയി.

ഒന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ നമ്മുടെ കാര്യത്തെപ്പറ്റി വിചാരിച്ചു വിധി കല്പിക്കുന്നതിനു ബാവാ ഒരു കമ്മട്ടി ഏർപ്പെടുത്തി. മാർ മത്യൂസ് അത്താനാസ്യോസ് ചെയ്ത വഞ്ചനയെ ഓർത്തിട്ടും നമുക്കു വിരോധമായി തപാലിൽ അനേകം എഴുത്തുകൾ കിട്ടിയതുകൊണ്ടും ആണു ഇങ്ങനെ ഒരു കമ്മട്ടി നിശ്ചയിക്കാൻ സംഗതിയായതു. കമ്മട്ടി സാമാജികന്മാർ ആമീദിന്റെ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ, കുറുക്കുമാ ദയറായിലെ മാർ ബഹനാൻ മെത്രാപ്പോലീത്താ, മർദീനിലെ മാർ അത്താനാസ്യോസ് അംസീഹ് മെത്രാപ്പോലീത്താ, തൂറബ്ദീന്റെ മാർ ആഹോ മെത്രാപ്പോലീത്താ എന്നിങ്ങനെ നാലു മെത്രാന്മാരും എട്ടു റമ്പാന്മാരും ആറു കശീശന്മാരും ആറു അൽമേനികളും ആയിരുന്നു. അഗ്രാസനസ്ഥൻ ബാവാ തന്നെ ആയിരുന്നു. ഈ കമ്മട്ടി പല ദിവസം കൂടി ഗാഢാലോചന നടത്തുകയും നാം കൊണ്ടുചെന്നിരുന്ന സകല രേഖകളും പരിശോധിക്കുകയും നമ്മെ ദീർഘമായി വിസ്തരിക്കുകയും ചെയ്തതിന്റെ ശേഷം നാം സത്യവാനെന്നും തപാൽ വഴി കിട്ടിയിട്ടുള്ള എഴുത്തുകളൊക്കയും കൃത്രിമങ്ങളാണെന്നും തീരുമാനിച്ചു.

ഇങ്ങനെ കാര്യങ്ങളെല്ലാം ശുഭമായിവരുന്ന മദ്ധ്യേ നമുക്കു ചിങ്ങം 25-ാം തീയതി ഒരു വയറ്റിളക്കവും പനിയും ആരംഭിച്ചു. ദീനം പ്രതി ദിനം വർദ്ധിച്ചതിനാൽ മലമൂത്രാദികൾക്കു എഴുനേൽക്കുന്നതിനു കൂടി അന്യസഹായം വേണ്ടിവന്നു. ഇതോടുകൂടി കൂട്ടുകാരൻ ഗീവറുഗീസു കത്തനാർക്കും പനി ആരംഭിച്ചു. ഇതിലധികം എന്താണൊന്നുണ്ടാവാ നുള്ളത്? കന്നി 7-ാം തീയതി ഒരു വൈദ്യൻ വന്നു. ഇദ്ദേഹം ബാവായോ ടൊന്നിച്ചു ഞങ്ങൾ കിടക്കുന്ന മുറിയിൽ എത്തി. വിവരങ്ങൾ ചോദിച്ചറി ഞ്ഞതിന്റെ ശേഷം രണ്ടാൾക്കും ഓരോ ഗുളിക കൊടുത്തു. അല്പം കഴിഞ്ഞപ്പോൾ ഗീവറുഗീസു കത്തനാർക്കു ഒരു ഗുളിക കൂടി കൊടുത്തു. നമുക്കു അതിസാരം കലശലായതിനാൽ മരിച്ചു പോയേക്കുമെന്നുള്ള ശങ്ക കൂടി ഉണ്ടായി എങ്കിലും പിറ്റെദിവസം ഇതു നിലച്ചു. എന്നിട്ടും പനിക്കു കുറവുണ്ടായില്ല. ഗീവറുഗീസു കത്തനാരുടെ വയറു അശേഷം ഇളകിയില്ലെന്നു മാത്രമല്ല, അദ്ദേഹത്തിനു വയറ്റിൽ വേദനയും കലശ ലായി. ഇദ്ദേഹം രക്ഷപെടുന്ന കാര്യം സംശയമെന്നു തോന്നിയതിനാൽ പാത്രിയർക്കീസു ബാവാ അദ്ദേഹത്തിനു അന്ത്യകൂദാശ കഴിച്ചു. ഇതിൽ ഒരു നേരംപോക്കു... ഇത്ര ദുഃഖകരമായ ഒരു ഘട്ടത്തിൽ ഈ വാക്കു ഉപയോഗിക്കാമെങ്കിൽ... ഉണ്ടായി. ശെമ്മാശന്മാർ ബാവായുടെ കല്പനയെ തെറ്റിധരിച്ചു അന്ത്യകൂദാശയ്ക്കു ആവശ്യമായ മെഴുകുതിരിക്കാലുകൾ, സ്ലീബാ മുതലായ സാമാനങ്ങൾ നമ്മുടെ തലയ്ക്കൽ കൊണ്ടുവന്നു വെച്ചു. ഇതു കണ്ടപ്പോൾ, പണ്ടേതന്നെ ജീവിക്കുന്ന കാര്യം സംശയ മെന്നു വിചാരിച്ചിരുന്ന നമ്മുടെ സംശയമെല്ലാം നീങ്ങി. എങ്കിലും ബാവാ മുറിയിൽ വന്നപ്പോൾ ഈ നേരംപോക്കിനു ഇടയാക്കിയ ശെമ്മാശന്മാരെ ശാസിക്കയാണു ചെയ്തത്.

കന്നിമാസം 10-ാം തീയതി രാത്രി ഗീവറുഗീസു കത്തനാരു നിത്യ നിദ്രയെ പ്രാപിച്ചു.

ഈ ഏകസഹായിയുടെ മരണത്തെ ഓർത്തു നമുക്കു പൂർവാധിക മായ വ്യസനമായി. വ്യാധിയോടു കൂടി ആധിയും കൂടിയാൽ പിന്നത്തെ കഥ പറയാനില്ലല്ലൊ. അങ്ങേ അറ്റം ഒരാഴ്ച കൂടിയെ നാം ജീവിച്ചിരിക്ക യുള്ളു എന്നു നാം തീർച്ചയാക്കി. അതെങ്ങനെയെങ്കിലുമാകട്ടെ, മരിക്കാൻ സന്നദ്ധനായിരുന്ന സമയത്തും മലങ്കരയിലേക്കു നമ്മുടെ വിചാരത്തെ തിരിക്കുമ്പോഴാണു നമുക്കു സഹിച്ചുകൂടാത്ത വ്യസനം ഉണ്ടായിക്കൊ ണ്ടിരുന്നതു. ഗീവറുഗീസു കത്തനാരുടെ ശവസംസ്ക്കാരശേഷം ബാവാ നമ്മുടെ അടുക്കൽ വന്നു നമ്മെ ആശ്വസിപ്പിക്കുകയും അടുക്കെയുള്ള ഒരു നല്ല ഭവനത്തിലേക്കു നമ്മെ മാറ്റാൻ കല്പിക്കുകയും ചെയ്തു. ഈ മാറ്റം കൊണ്ടു പ്രതീക്ഷിച്ചിരുന്ന ഗുണമൊന്നും ഉണ്ടായില്ല. ദീനം കുറേശ്ശ വർദ്ധിക്ക തന്നെ ചെയ്തതിനാൽ നമ്മെ രണ്ടു മൂന്നു ആഴ്ചയുടെ ശേഷം

തിരിയെ പള്ളിയിലേക്കു തന്നെ കൊണ്ടുപോയി. ഉടനെ ബാവാ ഒരു പ്രത്യേകാവശ്യത്തിനായി (തുലാം 18–ാം തീയതി) ആമീദിലേക്കു നീങ്ങി. നമ്മെ അടുത്തുള്ള കുറുക്കുമാദയറായിൽ കൊണ്ടുപോയി താമസിപ്പിക്കണമെന്നു കല്പിച്ചുംവെച്ചാണു നീങ്ങിപ്പോയതു. എങ്കിലും യാതൊരുതരം വാഹനത്തിലും കേറിപ്പോകാൻ നമുക്കു നിവൃത്തിയില്ലാഞ്ഞതിനാൽ വൃശ്ചികം 25–ാം തീയതി വരെ മർദീൻ പള്ളിയിൽ തന്നെ ചികിത്സയിൽ താമസിച്ചു.

മർദീൻ പട്ടണത്തെക്കുറിച്ചു അല്പം പറഞ്ഞു ഈ അദ്ധ്യായം അവസാനിപ്പിക്കാം. ഈ പട്ടണം കാഴ്ചയ്ക്കു വളരെ മനോഹരമാണു. പട്ടണം ഒരു മലയുടെ തെക്കുഭാഗത്തായിട്ടു അതിന്റെ അടിവാരം മുതൽ മുകളിൽ വരെ കെട്ടിടങ്ങൾ നിരനിരയായി പണിയപ്പെട്ടിട്ടുള്ളതാണു. ഇവിടെ സുറിയാനിക്കാരെ കൂടാതെ മക്ലുബിൻകാരും കൽദായക്കാരും അർമ്മേനിയൻകാരും മുസൽമാന്മാരും യഹൂദന്മാരുമുണ്ടു. അർമ്മേനിയൻകാർക്കു സ്വന്തമായി പള്ളിയില്ല. ബാവാ താമസിക്കുന്ന പള്ളിയാണു എല്ലാറ്റിലും വിശേഷം. സുറിയാനിക്കാരുടെ വകയായി മർദീനിൽ മൂന്നു പള്ളികളുണ്ടു. പട്ടണത്തിനു സമീപം വേറെയും പല പള്ളികളുണ്ടു. ഇതുകളിലൊന്നിൽ നാം ഒരു മാതൃകാ പുരോഹിതനെ കണ്ടു. ഇദ്ദേഹം ആ പള്ളിയിൽ ഏകനാണ്. ദൈവികകർമ്മങ്ങളിൽ ഇദ്ദേഹത്തിനുള്ളെടത്തോളം ശക്തിയായ നിഷ്ഠ വേറെ ആരിലും കണ്ടിട്ടില്ല. ഇദ്ദേഹത്തിന്റെ ഉത്സാഹത്താൽ പള്ളി വകയായി ഒരു സ്കൂൾ സ്ഥാപിച്ചിട്ടുണ്ടു. ഇതിൽ രണ്ട് അദ്ധ്യാപകന്മാരെയും നിശ്ചയിച്ചിട്ടുണ്ട്. എങ്കിലും ഇദ്ദേഹം കുട്ടികളെ പഠിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനായിരിക്കുന്നു. പള്ളിയിലേയും സ്കൂളിലേയും ജോലി കഴിയുമ്പോൾ ഇദ്ദേഹം ഓരോ ഭവനങ്ങളെ സന്ദർശിച്ചു ദീനക്കാരെ ആശ്വസിപ്പിക്കുകയും എല്ലാവർക്കും ഹിതോപദേശം ചെയ്കയും ആണു പതിവു. തന്റെ ഇടവകയിൽ ചേർന്ന ആരെങ്കിലും ഗതിയില്ലാതെ വലയുന്നതു കണ്ടാൽ ഇദ്ദേഹം മറ്റുള്ളവരിൽ നിന്നു ധർമ്മശേഖരം ചെയ്ത് അവരെ പോഷിപ്പിക്കും. മലയാളത്തുള്ള സുറിയാനിപ്പട്ടക്കാരൊക്കെ ഇദ്ദേഹത്തിന്റെ നടപടികളെ അനുകരിച്ചാൽ എത്ര നന്നായിരുന്നു.

### അദ്ധ്യായം 11

# കുറുക്കുമാ ദയറാ

## (1039 വൃശ്ചികം 25 – മീനം 17)

ബാവാ കല്പിച്ചിരുന്നതനുസരിച്ചു നാം അന്ത്യോക്യാ സിംഹാസന പ്പള്ളി ഉൾപ്പെട്ടിട്ടുള്ള കുർക്കുമാദയറായിലേക്കു പോയി. ഈ സമയം കൊണ്ടു ദീനം മിക്കവാറും മാറിയെങ്കിലും ക്ഷീണം വളരെയുണ്ടായി

രുന്നു. ദയറായിലെ മാർ ബഹനാൻ മെത്രാപ്പോലീത്തായും റമ്പാന്മാരും കൂടി നമ്മെ സന്തോഷപൂർവം എതിരേറ്റു. ഇക്കാലങ്ങളിൽ പാത്രിയർക്കീസു ബാവായുടെ സഹോദരി മറിയാം എന്ന സ്ത്രീ ഇവിടെ കന്യകയായി താമസിച്ചിരുന്നു. ദയറാകളിൽ അറുപതു വയസ്സിൽ കുറയാത്ത പ്രായമുള്ള സ്ത്രീകൾക്കു മാത്രമേ ഇങ്ങനെ താമസിക്കാൻ അനുവാദമുള്ളു. മറിയാം എന്ന കന്യകയ്ക്കു 75 വയസ്സു പ്രായമായിരുന്നു. 13 വർഷങ്ങൾക്കു മുമ്പാണു ദയറായിൽ പ്രവേശിച്ചത്. ഇവർ 'മുട്ടിക്കപ്പെട്ട' പ്രാർത്ഥനകളാലും മറ്റു സൽപ്രവൃത്തികളാലും ഒരു താബീത്തായെപ്പോലെ ജീവിതത്തെ കഴിച്ചുകൂട്ടുകയായിരുന്നു. വിഷയസുഖങ്ങളിൽ യാതൊരു മോഹവുമില്ല. മരണത്തെ ആലിംഗനം ചെയ്യുന്നതിനു സദാ സന്നദ്ധയുമായിരുന്നു. ഈ കന്യക നമ്മെ ഒരു പുത്രനെപ്പോലെ വിചാരിക്കുകയും സമയോചിതങ്ങളായ പരിചരണങ്ങൾ ചെയ്കയും ചെയ്തതിനാൽ നമുക്കു വളരെ ആശ്വാസവും സുഖവുമുണ്ടായി.

മർദീനിൽ നിന്നു കുർക്കുമാദയറായിലേക്കുള്ള ദൂരം അഞ്ചു നാഴികയാണ്. ഈ ദയറായ്ക്കു ചുറ്റും മൂന്നു നാലു സുറിയാനി ഗ്രാമങ്ങളുണ്ട്. ഈ ഗ്രാമവാസികൾ ദയറായുടെ കാവൽക്കാരാണ്. ഒരു പുതിയ പാത്രിയർക്കീസിനെ വാഴിക്കുമ്പോഴും മൂറോൻ ശുദ്ധീകരിക്കുമ്പോഴും ഇവർക്കു പ്രത്യേക ചില അവകാശങ്ങൾ പതിവുണ്ട്. പണ്ടു ഒരിക്കൽ ഒരു കവർച്ചക്കൂട്ടക്കാർ വന്നു ദയറായെ ആക്രമിക്കുകയും വെടിവെച്ചു വാതിലുകൾ തകർത്തു അകത്തു പ്രവേശിക്കുമെന്നുള്ള സ്ഥിതിയിലാകയും ചെയ്തപ്പോൾ ഈ ഗ്രാമവാസികൾ കൂട്ടമായി വന്നു വളരെ ശൌര്യത്തോടുകൂടി യുദ്ധം ചെയ്തു ഓടിച്ചുകളയുക ഉണ്ടായിട്ടുണ്ട്. അന്നു മുതൽക്കാണു ഇവർക്കു ഈ പ്രത്യേകാവകാശങ്ങൾ സിദ്ധിച്ചത്. വെടിയുണ്ടകൾ കൊണ്ട വടുക്കൾ ദയറായുടെ വാതിലുകളിൽ ഇപ്പോഴും കാണ്മാനുണ്ട്.

സിംഹാസനദയറാ (കുർക്കുമാ) ഒരു വലിയ പരന്ന കുന്നിന്മേൽ പണിയപ്പെട്ടിരിക്കുന്നു. ഏകദേശം പത്തുകോൽ പൊക്കം വരെ തറ ഉയർത്തിയതിന്റെ ശേഷമാണു പണികൾ ആരംഭിച്ചിരിക്കുന്നത്. ഭിത്തിക്കു ഉദ്ദേശം നാല്പത്തഞ്ചു കോൽ ഉയരമുണ്ടു. ദയറായുടെ കിഴക്കുപടിഞ്ഞാറുള്ള നീളം 150 കോൽ കാണും. വീതി 80 കോലിൽ കുറയുകയില്ല. ദയറായിലേക്കു പ്രവേശിക്കുന്നതു തെക്കുവശത്തുനിന്നാണ്. മുൻവശത്തു മൂന്നു പതനമായി മതിലുകൾ കെട്ടി വെവ്വേറെ പടിവാതിലുകൾ വെച്ചിട്ടുണ്ടു. ഈ വാതിലുകൾ വളരെ ബലത്തിൽ പണിയപ്പെട്ടിരിക്കുന്നു. ദയറാവകയായുള്ള നാൽക്കാലിമൃഗങ്ങളെ കെട്ടി സൂക്ഷിക്കുന്നതു രണ്ടാമത്തെ പതനത്തിലാണ്. മൂന്നാമത്തെ പടിവാതിലിന്റെ കതകുകൾ മരമാണെങ്കിലും മരം ഒട്ടും കാണ്മാൻ പാടില്ലാത്തവിധത്തിൽ ഇരുമ്പുപട്ടകൾ വെച്ചു

തറച്ചിട്ടുണ്ട്. വെടിയുണ്ട തറച്ചിരിക്കുന്നതു മിക്കവാറും ഈ വാതിലിന്മേലാണ്.

ദയറായുടെ പണി മുഴുവനും എത്രയും ബലമുള്ള വെള്ളക്കല്ലുകൊണ്ടാണ്. കെട്ടിടം മിക്കവാറും കോട്ടയത്തെ സുറിയാനി സിമ്മനാരിയെപ്പോലെ നാലുകെട്ടായിട്ടാണ്. കിഴക്കേ വരാന്തയിൽ നിന്നു കേറാൻ തക്കവണ്ണം പള്ളി മുട്ടിച്ചു പണിയപ്പെട്ടിരിക്കുന്നു. പള്ളിയോടു ചേർത്തു ഒരു മണിമാളികയുണ്ട്. പള്ളിയുടെ പണിയും വളരെ വിശേഷമാണ്. ഇതിന്റെ തെക്കുവശത്തു ഒൻപതു പാത്രിയർക്കീസന്മാരുടെ കബറുകൾ അടങ്ങിയ ഒരു മുറിയുണ്ട്. പാത്രിയർക്കീസു ബാവാന്മാർക്കു ഇരിക്കാനായി തെക്കേ കെട്ടിൽ ഏകദേശം 25 കോൽ നീളത്തിൽ അതിവിശേഷമായ ഒരു മുറിയുണ്ട്. ഇതിൽ മറ്റാരും ഇരിക്കുക പതിവില്ല. വടക്കേ കെട്ടിന്റെ രണ്ടാമത്തെ നിലയിലാണു സിംഹാസനപ്പള്ളി സ്ഥാപിച്ചിരിക്കുന്നത്. ഈ പള്ളിക്കു ഏകദേശം 25 കോൽ നീളവും 15 കോൽ വീതിയും കാണും. ഇതിൽ പാത്രിയർക്കീസന്മാർക്കേ കുർബാന ചൊല്ലാൻ പാടുള്ളു എന്നാണു നിശ്ചയം.

സിംഹാസനപ്പള്ളിയുടെ ത്രോണോസിന്റെ കിഴക്കുവശത്തെ ഭിത്തിയിൽ വാതിൽപോലെ ഒന്നു വളച്ചുകെട്ടീട്ടുണ്ട്. ഈ വളവിന്റെ ഇരുവശത്തും ആറാറുകല്ലുകൾ വളവിന്റെ ക്രമംപോലെ പതിച്ചിട്ടുള്ളതു കൂടാതെ കുരിശിന്റെ സ്വരൂപം കൊത്തീട്ടുള്ള ഒരു കല്ലു വളവിന്റെ മേൽഭാഗത്തും പതിച്ചിട്ടുണ്ട്. അന്ത്യോക്യാ സിംഹാസനമായി അന്ത്യോക്യാ പള്ളിയിൽ ശ്ലീഹന്മാരുടെ കൈകൊണ്ടു സ്ഥാപിക്കപ്പെട്ടവയാണു ഈ കല്ലുകൾ. ഈ കല്ലിന്മേൽ കൊത്തപ്പെട്ടിട്ടുള്ള “പാതാളത്തിന്റെ വാതിൽ ഇതിനെ ഉപദ്രവിക്കയില്ല” എന്നർത്ഥമുള്ള വേദവാക്യം സുറിയാനിഭാഷയിൽ എഴുന്നു നിൽക്കുന്നുണ്ട്. അന്ത്യോക്യയെ ശത്രുക്കൾ നശിപ്പിച്ച കാലത്തു അവിടെ ഉണ്ടായിരുന്ന വിശുദ്ധപിതാക്കന്മാർ ഈ കല്ലുകളെ എടുത്തുംകൊണ്ടു ഓടി കുറെനാൾ ഉറഹായിൽ സൂക്ഷിച്ചിരുന്നു. പിന്നീടു തൂറബ്ദീനിലുള്ള മാർ ഔഗീന്റെ ദയറാ സിംഹാസനമാക്കാമെന്നു നിശ്ചയിച്ചു അവിടെ കൊണ്ടുവന്നതിൽ അവിടെ നെസ്തോറുകാർ പ്രബലപ്പെട്ടു ദയറാ അവരുടെ വകയാണെന്നു വാദിക്കുകയും ഒരു പെരുന്നാൾ ദിവസം അവിടെ കൂടുന്ന സകല സുറിയാനിക്കാരെയും കൊല്ലുന്നതിനു അവർ ഗൂഢമായി നിശ്ചയിക്കയും ചെയ്തതു കേട്ടു തലേദ്ദിവസം രാത്രി ഈ കല്ലുകൾ അവിടെ നിന്നു മാറ്റി കുറുക്കുമാ ദയറായിലേക്കു കൊണ്ടു വരികയും ചെയ്തിട്ടുള്ളതാണ്. അന്നുമുതൽക്കു അന്ത്യോക്യാ സിംഹാസനം കുറുക്കുമായിൽ സ്ഥാപിതമായിരിക്കുന്നു. ഈ കല്ലുകളെ നഷ്ടപ്പെടുത്താതെ ഇരിക്കാനുള്ള ശ്രമത്തിൽ വളരെ ആളുകൾ മരിക്കേണ്ടി വന്നിട്ടുണ്ട്. പത്രോസുശ്ലീഹാ സിംഹാസനം സ്ഥാപിച്ച സ്ഥലത്തുനിന്നു

അദ്ദേഹത്തിന്റെ അനുഗാമികൾ പോകേണ്ടി വന്നു എങ്കിലും ശ്ലീഹായുടെ കരസ്പർശത്തിനു ഭാഗ്യമുണ്ടായ ഈ കല്ലുകൾ പത്തൊമ്പതു ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും നഷ്ടപ്പെടാതെ അപ്പോസ്തോല പിൻതുടർച്ചയുടെ ഒന്നാംതരം ലക്ഷ്യങ്ങളായിരിക്കുന്നതു അന്ത്യോക്യാസഭയുടെ കീഴിലിരിക്കുന്ന സകല കൃസ്ത്യാനികൾക്കും അഭിമാനഹേതുവാണ്. കൃസ്ത്യാനി മതത്തെ സംബന്ധിക്കുന്നവയും പരിശുദ്ധങ്ങളായി അതതു മതാദ്ധ്യക്ഷന്മാർ സൂക്ഷിച്ചു വെച്ചിരിക്കുന്നവയും ആയ സകല സാധനങ്ങളിലും വെച്ചു സർവപ്രകാരേണ പ്രഥമഗണനീയമായിരിക്കുന്നതു ഈ കല്ലുകളാണെന്നു പറയുന്നതിൽ പക്ഷാന്തരമുണ്ടാകാൻ നിവൃത്തിയില്ല.

ദയറാവക പുസ്തകശാല തെക്കേകെട്ടിലാണ്. ഇവിടെയുള്ള പുസ്തകങ്ങളും ചുരുണകളും (ചുരുളുകൾ (?) - എഡി.) പ്രഥമദൃഷ്ടത്തിൽ ആളുകളെ ആകർഷിക്കത്തക്കവിധം ഭംഗിയായി കുത്തിക്കെട്ടി ബയിൻഡു ചെയ്തു വെച്ചിട്ടില്ല. എങ്കിലും പുസ്തകങ്ങളുടെ സ്വഭാവവും പുരാതനത്വവും ആലോചിച്ചാൽ ഇതിനേക്കാൾ വിലയേറിയ ഒരു പുസ്തകശാല ലോകത്തിൽ ഇല്ലെന്നു തന്നെ പറയാം. ചുരുണകളുടെയും പല പുസ്തകങ്ങളുടെയും കടലാസെല്ലാം തുകലാണ്. ഭിത്തിയിൽ പലകകൾ തറച്ചും മറ്റുമാണു പുസ്തകങ്ങൾ വെച്ചിരിക്കുന്നതു. ചുരുണകളിൽ പലതും അപ്പസ്തോലന്മാരുടെ സ്വന്തം കൈകൊണ്ടു എഴുതിയവയാണ്. നിക്യാ സുന്നഹദോസിൽ കൂടിയ പല പരിശുദ്ധപിതാക്കന്മാരുടെയും കൈപ്പട എഴുതിയ പല പുസ്തകങ്ങളും ഈ ശാലയിലുണ്ട്. ഇതിലേ യാതൊരു പുസ്തകമാകട്ടെ ചുരുണയാകട്ടെ യാതൊരുത്തനും പുറത്തെടുത്തു കൊണ്ടു പോകാൻ പാടില്ല. പാത്രിയർക്കീസുബാവായുടെ പ്രത്യേകാനുവാദം ഉണ്ടായാൽ ആർക്കെങ്കിലും അകത്തുവെച്ചു വായിക്കാം. ഇത്ര ഭദ്രമായിട്ടാണു ഈ പുസ്തകങ്ങൾ സൂക്ഷിച്ചുവരുന്നത്.

നാം ഈ ദയറായിൽ ചെന്ന കാലത്തു അവിടെ മാർ ബഹനാൻ മെത്രാപ്പോലീത്തായും പത്തു പന്ത്രണ്ടു റമ്പാന്മാരും ഉൾപ്പെടെ 25 പേരോളം ഉണ്ടായിരുന്നു. മാർ ബഹനാൻ ശെറുവാൻ ഇടവകയിലെ മെത്രാപ്പോലീത്തായായിരുന്നു. അവിടെ വെച്ചു ഇദ്ദേഹത്തെ മുസൽമാൻ ഉദ്യോഗസ്ഥന്മാർ പിടിച്ചു തടവിൽ പാർപ്പിച്ചു, അവരുടെ മതം സ്വീകരിക്കുന്നതിനും കയ്യിലുള്ള സ്വത്തൊക്കെ കൊടുക്കുന്നതിനുമായി കഠിനോപദ്രവങ്ങൾ ചെയ്യാൻ തുടങ്ങി. രണ്ടാമത്തെ കാര്യം നിവൃത്തിയുള്ളെടത്തോളം സാധിച്ചു. മെത്രാപ്പോലീത്തായെ മുസൽമാനാക്കാനായി ചെയ്ത ശ്രമങ്ങളൊന്നും ഫലിച്ചില്ല. ഇദ്ദേഹം മിശിഹായുടെ നാമത്തിൽ സഹിച്ച കഷ്ടങ്ങൾക്കു കണക്കും കയ്യുമില്ല. തൽക്കാലത്തേക്കെങ്കിലും ഇദ്ദേഹം മിശിഹായെ ഉപേക്ഷിക്കാമെന്നു വിചാരിച്ചില്ല. ഇദ്ദേഹത്തിന്റെ സ്ഥിരത കണ്ടിട്ടു മുസൽമാന്മാർക്കു കോപം വർദ്ധിച്ചു. അവർ പൂർവാധികമായി

ദേഹോപദ്രവം ചെയ്യാൻ തുടങ്ങി. സഹിച്ചു കൂടാതെയാകുമ്പോൾ 'കർത്താവെ', 'കർത്താവെ' എന്ന് നിലവിളിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഭേദ്യം കലശലായപ്പോൾ മെത്രാപ്പോലീത്താ ബോധരഹിതനായി വീണു. അപ്പോൾ മരിച്ചു പോയേക്കുമെന്നു ഭയപ്പെട്ടു മുസൽമാന്മാർ അദ്ദേഹത്തെ പള്ളിയിൽ കൊണ്ടു വന്നിടുകയും സാമാനങ്ങളും മറ്റും കവർച്ച ചെയ്തു കൊണ്ടുപോകയും ചെയ്തു. ഈ കഠിനോപദ്രവം നിമിത്തം ഇദ്ദേഹത്തിനു സഭാഭരണത്തിനോ കുറുബാന ചൊല്ലുന്നതിനൊ തീരെ നിവൃത്തിയില്ലാതെയായിപ്പോയി. ഈ വിവരം പാത്രിയർക്കീസു ബാവാ അറിഞ്ഞപ്പോൾ അദ്ദേഹത്തെ ദയറായിലേക്കു വിളിക്കുകയും അദ്ദേഹത്തെ ഉപദ്രവിച്ച ഉദ്യോഗസ്ഥന്മാരുടെ പേരിൽ എഴുത്തുകുത്തു നടത്തി അവരെ ശിക്ഷിപ്പിക്കുകയും ചെയ്തു. മെത്രാപ്പോലീത്തായെ വളരെനാൾ ചികിത്സിച്ചതിന്റെ ശേഷം അദ്ദേഹത്തിനു ഒരുവിധം കുറുബാന ചൊല്ലാമെന്ന സ്ഥിതിയിലായി. മിശിഹായുടെ നാമത്തിൽ കഷ്ടപ്പെടാൻ സംഗതിയായതിൽ താൻ സന്തോഷിക്കുന്നു എന്നു അദ്ദേഹം നമ്മോടു ഒരിക്കൽ പറകയുണ്ടായി. ഈ മെത്രാപ്പോലീത്താ മൂസൽക്കാരനാണ്. നാം കാണുമ്പോൾ ഉദ്ദേശം 60 വയസ്സു പ്രായമുണ്ടു. ഇദ്ദേഹം തന്റെ മാതാപിതാക്കന്മാർക്കു ഏകപുത്രനാണു. ഇദ്ദേഹത്തിനു അവകാശം സിദ്ധിച്ച വകയിൽ തന്റെ കൈവശമുണ്ടായിരുന്ന അയ്യായിരത്തിൽ ചില്വാനം രൂപയും സാമാനങ്ങളും മുസൽമാന്മാർ കവർന്നെടുത്തു കൊണ്ടുപോയി. ബാക്കിയുണ്ടായിരുന്ന പതിനായിരം രൂപ കൊണ്ടു മർദീനിൽ രണ്ടു മൂന്നു കെട്ടിടങ്ങൾ വാങ്ങി കൂലിക്കു കൊടുത്തിരിക്കയാണ്. മരണാനന്തരം ഇതുകൾ സിംഹാസന ദയറായ്ക്കു കൊടുക്കേണ്ടതാണെന്നു എഴുത്തുകുത്തു കഴിച്ചു വെച്ചിട്ടുമുണ്ടു.

നാം ഈ ദയറായിൽ മൂന്നുനാലു മാസത്തോളം താമസിച്ചു. ഉടനെ നാം ആമീദിൽ എത്തിക്കൊള്ളണമെന്നു പാത്രിയർക്കീസു ബാവായുടെ കല്പന വന്നതനുസരിച്ചു മീനം 17-ാം തീയതി അവിടെക്കു പുറപ്പെട്ടു.

മർദീനിൽ നിന്നു ആമീദിലേക്കു അഞ്ചു ദിവസത്തെ വഴിയുണ്ടു. യാത്രാസംപ്രദായം മൂസലിൽ നിന്നു മർദീനിലേക്കുള്ള മാതിരി കഴുതപ്പുറത്താണു. പതിവുള്ള കഷ്ടപ്പാടുകൾക്കൊന്നും കുറവില്ല. മീനം 22-ാം തീയതി ആമീദിൽ എത്തി.

## അദ്ധ്യായം 12

# ആമീദു... പട്ടാഭിഷേകം

## (1039 മീനം 22 - ഇടവം 2)

നാം ആമീദിൽ എത്തിയതു മുതൽ നമ്മെ കാണ്മാനായി അസംഖ്യം ആളുകൾ വന്നുകൊണ്ടിരുന്നു. ആമീദിലെ മുഖ്യമായ കൈത്തൊഴിൽ കസവുനെയിത്താണ്. ഓരോ സ്ഥലത്തു പോയി ഈ നെയിത്തു കാണുന്നതിനു ബാവാ നമ്മെ ദിവസംപ്രതി പറഞ്ഞയയ്ക്ക പതിവായിരുന്നു. ഇതല്ലാതെ നമ്മെ ആമീദിലേക്കു വിളിപ്പിച്ചതു എന്തിനാണെന്നും മറ്റും ഒരിക്കലും കല്പിക്കാറില്ല. അങ്ങോട്ടു ചോദിക്കാൻ ആർക്കും ധൈര്യമുണ്ടായതുമില്ല.

ഇങ്ങനെയിരിക്കെ, മേടം 19-ാം തീയതി വലിയ നോയ്മ്പു വീടിയ ഞായറാഴ്ച ബാവാ കുർബാന ചൊല്ലി പ്രസംഗിച്ചു. പ്രസംഗം അവിടത്തെ നാട്ടുഭാഷയായ അറബിയിലായിരുന്നു. ഇടയ്ക്കു 'കശീശാ യോസേപ്പു' എന്നു കല്പിക്കുന്നതു കേട്ടിട്ടു തിരക്കിയപ്പോൾ അടുത്ത ഞായറാഴ്ച നമുക്കു മെത്രാൻപട്ടം നല്കുവാൻ തീർച്ചയാക്കിയിരിക്കുന്നതിനാൽ ആ ദിവസം എല്ലാവരും രാവിലെ അഞ്ചു മണിക്കു ഹാജരായിരിക്കണമെന്നായിരുന്നു പ്രസംഗസാരം എന്നറിഞ്ഞു. ഉദ്ദേശിച്ചു പുറപ്പെട്ട കാര്യം സഫലമാകാൻ പോകുന്നതോർത്തു നമുക്കു സന്തോഷമുണ്ടായി. എന്നാൽ ഈ സാഫല്യത്തോടുകൂടി ഉണ്ടാകാനിരിക്കുന്ന സന്മാർഗ്ഗോപയുക്തമായ വലിയ ചുമതലയെ ഓർത്തപ്പോൾ നമുക്കു ദുഃഖവുമുണ്ടാകാതിരുന്നില്ല. എങ്കിലും സർവശക്തനായ ദൈവം നമ്മുടെ കരങ്ങളെ ബലപ്പെടുത്തി, നാം ആരംഭിക്കാനിരിക്കുന്ന ദ്വന്ദ്വയുദ്ധത്തിൽ ദാവീദിനെന്നപോലെ നമുക്കു വിജയം നൽകുമെന്നു നാം ഉറപ്പായി വിശ്വസിച്ചു ആഹ്ലാദചിത്തനായിത്തന്നെ ഇരുന്നു.

ഉടനെ പട്ടാഭിഷേകത്തിനുള്ള വട്ടംകൂട്ടായി. ആമീദു പള്ളിയിലെ പട്ടക്കാരെയും പ്രമാണികളെയും കൈക്കാരന്മാരെയും വിളിച്ചു വേണ്ടതൊക്കെ ഭംഗിയായി പ്രവർത്തിക്കാൻ ബാവാ കല്പിച്ചു. ബാവായേ കൂടാതെ ഒരു മെത്രാപ്പോലീത്താ മാത്രമേ ആമീദിലുണ്ടായിരുന്നുള്ളു. പട്ടാഭിഷേകത്തിനു ഒരു മെത്രാപ്പോലീത്താ കൂടി ഒഴിച്ചുകൂടാതെ ആവശ്യമുണ്ട്. അതുകൊണ്ടു അതിനു തക്കവണ്ണം വന്നു ചേരുന്നതിനു മർദീനിലെ മെത്രാപ്പോലീത്തായ്ക്കു ബാവാ കമ്പിയയച്ചു. പട്ടാഭിഷേക ദിവസം പള്ളിയിൽ കൂടുന്ന സകലർക്കും ഭക്ഷണം കൊടുക്കുക എന്നൊരു പതിവുണ്ട്. ഇതിനുള്ള ചിലവു മുഴുവനും അന്നു പട്ടമേൽക്കുന്ന ആൾ വഹിക്കേണ്ടതുമാണു. ഇതിനു വേണ്ടിവരുന്ന നാനൂറു രൂപ

യോളം കൊടുക്കുന്നതിനു കൈക്കാരൻ നമ്മോടു ചോദിച്ചതു ബാവാ അറിഞ്ഞു, അന്നത്തെ സദ്യ തന്റെ സ്വന്തം വകയായി കഴിക്കാൻ നിശ്ച യിച്ചിരിക്കുന്നു എന്നു കല്പിക്കുകയും വേണ്ട പണം കൊടുക്കുകയും ചെയ്തു.

മേടം 25-ാം തീയതി ശനിയാഴ്ച കാലത്തു നമ്മെ റമ്പാനാക്കി. അന്നു നാലുമണി വരെയും പട്ടാഭിഷേകത്തിനു തന്നോടു കൂടെ ഉണ്ടായിരിപ്പാൻ പാത്രിയർക്കീസുബാവാ ആവശ്യപ്പെട്ടിരുന്ന മെത്രാപ്പോലീത്താ മർദീനിൽ നിന്നും വന്നു ചേരാഞ്ഞതുകൊണ്ടു ആമീദിലുള്ള അർമ്മേനിയൻ മെത്രാ പ്പോലീത്തായോടു പട്ടാഭിഷേകത്തിൽ സംബന്ധിക്കാൻ വരണമെന്നു ബാവാ ആവശ്യപ്പെട്ടതനുസരിച്ചു അദ്ദേഹം രാവിലെ പള്ളിയിലെത്തി. മർദീനിൽ നിന്നു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായും ശനി യാഴ്ച അസ്തമിച്ച ശേഷം വന്നെത്തി. അർമ്മിനിയാ മെത്രാപ്പോലീത്താ ക്ഷണിച്ചുവന്ന ആളായിരുന്നതുകൊണ്ടു പട്ടാഭിഷേകസമയത്തിൽ പാത്രി യർക്കീസുബാവായുടെ ഇടത്തും വലത്തും ഓരോ മെത്രാന്മാർ നിന്നു ശുശ്രൂഷ നടത്തേണ്ട ക്രമത്തിന്നു നിറുത്തിയതു ഈ അർമ്മനിയാ മെത്രാനെ ആയിരുന്നു. ബാവായേയും മെത്രാപ്പോലീത്തന്മാരേയും കൂടാതെ നാലാറു റമ്പാന്മാരും എട്ടുപത്തു പട്ടക്കാരും അനേകം ശെമ്മാ ശ്ശന്മാരും വിവിധ മതസ്ഥന്മാരായ വളരെ പ്രമാണികളും പള്ളിയകത്തു ണ്ടായിരുന്നു. ഞായറാഴ്ച ഏഴരമണിക്കു സകല കർമ്മങ്ങളും കഴിഞ്ഞു. പട്ടാഭിഷേകസമയം “നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കും” എന്ന വാക്യത്തെക്കുറിച്ചു ഒരു പ്രസംഗം പാത്രിയർക്കീസു ബാവായും ‘മൂന്നു പറ പൊടി എടുത്തു അതിൽ ഒളിച്ചുവച്ച ഹമീറായ്ക്കു സ്വർഗ്ഗരാജ്യം സദൃശമാകുന്നു’ എന്നുള്ള വാക്യത്തെക്കുറിച്ചു അർമ്മേ നിയാ മെത്രാനും പ്രസംഗിച്ചു. ഇതിന്റെശേഷം എല്ലാവരും പ്രത്യേകം ഒരുക്കിയിരുന്ന ഒരു മുറിയിൽ കൂടി. ആദ്യമേതന്നെ, നാം അന്ത്യോക്യാ സിംഹാസനവും മലങ്കരസഭയും തമ്മിലുള്ള ദൃഢസംബന്ധത്തേയും മല ങ്കരസഭയെ രക്ഷിക്കുന്നതിനു അന്ത്യോക്യയിലെ ബാവാന്മാർ സഹിച്ചി ട്ടുള്ള കഷ്ടപ്പാടുകളെയും, ബലഹീനനായ നമ്മെ ദുർല്ലഭവും മഹത്തും ഭാരവാഹിത്വമുള്ളതുമായ ഈ സ്ഥാനത്തിൽ ഉയർത്തിയതിനു നമുക്കും മലങ്കരസഭയ്ക്കും മാതൃസഭയുടെ നേരേയുള്ള കൃതജ്ഞതയെയും കുറിച്ചു സുറിയാനിയിൽ അല്പം പ്രസംഗിച്ചു. ഇതിനു ബാവാ ചുരുക്ക ത്തിൽ ഒരു മറുപടി കൽപിക്കുകയും എല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്തു. ഇതിന്റെ ശേഷം കേമമായ സദ്യയുണ്ടായി.

ആമീദുപട്ടണത്തിനു ഇപ്പോൾ പ്രബലപ്പെട്ടിരിക്കുന്ന പേരു ഡയർബെ ക്കർ എന്നാണ്. ഇതു ‘ദയറാബുക്കറാ’ എന്ന സുറിയാനിപ്പേരിന്റെ അറബി രൂപാന്തരമാണ്. ഇതിന്റെ അർത്ഥം ഒന്നാമത്തെ ദയറായെന്നാണ്. ഒരു

ദയറായിൽ നിന്നു ഈ പട്ടണത്തിനു പേരു സിദ്ധിക്കണമെങ്കിൽ ആ ദയറാ എത്ര യോഗ്യാവസ്ഥയിലിരുന്നിരിക്കണമെന്നു വായനക്കാർക്കു ഊഹിക്കാവുന്നതാണ്. ഇതു വളരെ പുരാതനമായ ഒരു പട്ടണമാണു. സുറിയാനിക്കാരുടെ വലിയൊരു മദ്ധ്യസ്ഥാനവുമായിരുന്നു. ഇവിടത്തെ ദയറായിൽ ഒരു കാലത്തു ആയിരത്തിലധികം റമ്പാന്മാർ താമസിച്ചിരുന്നു. ഗ്രന്ഥകർത്താക്കളായ അനേകം സഭാപിതാക്കന്മാർ ഈ ദയറായിൽ താമസിച്ചു മരിച്ചിട്ടുണ്ടു. വലിയ പണ്ഡിതനും വേദപുസ്തകവ്യാഖ്യാതാവുമായിരുന്ന മാർ ദീവന്നാസ്യോസ് ബർസ്ലീബി (പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വ്യക്തി – എഡി.) എന്ന പരിശുദ്ധൻ ഈ ദയറായിലാണു വസിച്ചിരുന്നതു. ഇദ്ദേഹം എഴുതീട്ടുള്ള ഏവൻഗേലിയോൻ വ്യാഖ്യാനത്തിനു തുല്യമായി ആരും എഴുതീട്ടില്ല. ഈ വകയിൽ ഒരു വ്യാഖ്യാന പുസ്തകം നാം ഇവിടെ നിന്നു 80 ഉറുപ്പികയ്ക്കു വാങ്ങി കൊണ്ടുപോന്നിട്ടുണ്ട്.

ആമീദിനു ചുറ്റും കോട്ട ഉണ്ട്. അതുകൊണ്ടു കോട്ടവാതിലുകളിൽ കൂടിയല്ലാതെ ഇതിനകത്തു പ്രവേശിക്കാൻ നിവൃത്തിയില്ല. കോട്ടമതിലിന്റെ ഉയർച്ച 30 കോലോളം കാണും. ഇതു രാജ്യം തുർക്കിക്കു കൈവശമാകുന്നതിനു മുമ്പു പണിയിക്കപ്പെട്ടിട്ടുള്ളതാണ്. ഈ കോട്ടയ്ക്കുള്ള അസാധാരണമായ ബലവും ഭംഗിയും ഒരിക്കൽ കണ്ടിട്ടുള്ളവർ മറക്കുന്നതല്ല.

ജനസംഖ്യകൊണ്ടു പ്രധാനന്മാർ മുസൽമാന്മാരാണ്. കൃസ്ത്യാനി സമൂഹങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നതു അർമ്മേനിയൻകാരാണ്. രണ്ടാമതു സുറിയാനിക്കാർ ആണ്. യൌനായക്കാർ, കൽദായക്കാർ എന്നിവരും ഉണ്ട്. ഇവിടെയുള്ള പള്ളികളിൽ വെച്ചു വലുതു അർമ്മേനിയൻകാരുടെയാണ്. ഈ പള്ളിക്കു ഒമ്പതു മദുബഹാകളുണ്ട്. ഇതൊമ്പതും ഒരു നിരയായി പണിയപ്പെട്ടിരിക്കുന്നു. നടുവിലുള്ളതിനു ഏഴുകോൽ നീളം കാണും. ഇരുഭാഗത്തും കൂടിയുള്ള എട്ടെണ്ണത്തിനു അയ്യഞ്ചുകോൽ നീളമുണ്ട്. ഇതെല്ലാം കിഴക്കേ അറ്റത്തു തെക്കുവടക്കുള്ള ഭിത്തിയോടു ചേർന്നാണിരിക്കുന്നത്. ഇങ്ങനെ ഒമ്പതു മദുബഹാകൾ ഒരു നിരയായി പണിയണമെങ്കിൽ ആ പള്ളിയുടെ വീതിയും നീളവും എന്തുമാത്രമായിരിക്കുമെന്നു ഊഹിക്കാവുന്നതാണല്ലൊ. ഇത്ര വലിയ പള്ളി നാം മറ്റെങ്ങും കണ്ടിട്ടില്ല.

ഇവിടെയുള്ള സുറിയാനിപ്പള്ളിയും ഒട്ടും ചെറുതല്ല. ഭിത്തി മുഴുവൻ കരിങ്കല്ലാണ്. ബാർസ്ലീബിയെ അടക്കിയിരിക്കുന്നതു ഈ പള്ളിയിലാണ്. യാക്കോബു പാത്രിയർക്കീസുബാവാ മുഖാന്തരം ഈ പള്ളിയോടു ചേർത്തു മനോഹരമായ ഒരു കെട്ടിടം പണിയിച്ചിട്ടുണ്ട്. തുർക്കി

രാജ്യത്തെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരെയും പ്രഭുക്കന്മാരെയും രാജകുമാരന്മാരെത്തന്നെയും ക്ഷണിച്ചിരുത്തുന്നതിനു തക്കതായ ഒരു കെട്ടിടം ഇല്ലാഞ്ഞതിന്റെ കുറവു ഇതുകൊണ്ടു തീർന്നിരിക്കുന്നു. നാലുനിലയായിട്ടാണു ഈ കെട്ടിടം പണിയപ്പെട്ടിരിക്കുന്നത്. ഇതിന്റെ മുറ്റത്തു ചതുരമായ ഒരു കുളമുണ്ട്. ഇതിലേക്കു ദൂരെയുള്ള ഒരു ഉറവയിൽ നിന്നു കുഴൽവഴിയായി വെള്ളം വന്നുകൊണ്ടിരിക്കുന്നു. ഈ വെള്ളത്തിന്റെ ഒരു ഭാഗം ജനോപകാരത്തിനായി മതിലിനു പുറത്തേക്കു തിരിച്ചുവിട്ടിരിക്കുന്നു. ശംകുപിരി തിരിച്ചു ആർക്കും ഇവിടെ നിന്നു വെള്ളമെടുക്കാം. വെള്ളത്തിന്റെ ശേഷം ഭാഗം കുളത്തിലേക്കു വന്നുകൊണ്ടിരിക്കുന്നു. ഈ വരവിന്റെ ശക്തികൊണ്ടു കുളത്തിന്റെ നടുവിൽ നിന്നു പൂക്കുറ്റി കത്തിച്ചാലെന്നപോലെ വെള്ളം മേൽപെട്ടു ചാടിക്കൊണ്ടിരിക്കുന്നു. അസാധാരണമായ ഈ കാഴ്ച കാണ്മാൻ വളരെയാളുകൾ കൂടാറുണ്ട്. ഈ കുഴൽ വെള്ളം വരുത്തിയ വകയ്ക്കു പതിനായിരത്തിലധികം രൂപ ചിലവായിട്ടുണ്ട്.

ഇടവം 2-ാം തീയതി നാം ആമീദിൽ നിന്നു വള്ളം വഴി മൂസലിലേക്കു തിരിച്ചു. പട്ടാഭിഷേകദിവസം നമ്മെ ധരിപ്പിച്ച സകല സാമാനങ്ങളും ബാവാ നമുക്കു സമ്മാനിച്ചു. എന്നു മാത്രമല്ല തീബോട്ടിൽ കേറുന്നതുവരെ നമുക്കു സഹായിയായിരിപ്പാൻ യെറമിയാ എന്നു പേരായ ഒരു ശെമ്മാശിനെ കൂടെ അയയ്ക്കുകയും ചെയ്തു.

ഇങ്ങനെ, നാലഞ്ചാഴ്ചയ്ക്കു മുമ്പു ഒരു വെറും യോസേപ്പു കശീശാ ആയി ആമീദിൽ പ്രവേശിച്ച നാം ഇതാ 'മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ' ആയി അവിടം വിടുന്നു. യാത്രയുടെ ഉദ്ദേശ്യം സാധിച്ചു കൃതകൃത്യനായിട്ടാണു മടങ്ങുന്നത്. ഇടയ്ക്കുണ്ടായ സംശയവും ഭയവും ഇനി ആവർത്തിക്കാൻ പാടില്ലാത്തവിധം എന്നെന്നേക്കുമായി നീങ്ങിപ്പോയി.

### അദ്ധ്യായം 13

# ആമീദു മുതൽ തിഗറീസു വരെ

## (1039 ഇടവം 2 - മിഥുനം 9)

നാം കേറിയ ജലവാഹനത്തിനു "കലക്ക്" എന്നാണു പേരു. ഇതു ഒരു മാതിരി ചങ്ങാടമാണ്. ആട്ടിൻതുകലുകളിൽ വായു നിറച്ചു വീർപ്പിച്ചു ഭദ്രമായി തുന്നിക്കെട്ടിയവ അനേകം നിരത്തി ഇട്ടു മീതെ മരങ്ങൾ വെച്ചു വരിഞ്ഞുകെട്ടി മരത്തിൽ നിന്നു ഒരു കോൽ പൊക്കത്തിൽ തട്ടിട്ടു ഉണ്ടാക്കുന്നതാണ് ഈ കലക്ക്. നാം കേറിയ ചങ്ങാടത്തിനു 20 കോൽ നീളവും

8 കോൽ വീതിയുമുണ്ടായിരുന്നു. 25 ആളുകളും വളരെ സാമാനങ്ങളും കേറീട്ടും ചങ്ങാടം ഒട്ടും താണില്ല. ആമീദിൽ നിന്നു മൂസലിലേക്കു നദിയിൽ കൂടി യാത്ര ചെയ്യുന്നതുപോലെ മൂസലിൽ നിന്നു ആമീദിലേക്കു യാത്ര ചെയ്യാൻ നിവൃത്തിയില്ല. കാരണം മേലിൽ നിന്നു കീഴ്പ്പെട്ടേക്കുള്ള കലശലായ ഒഴുക്കും പാച്ചിലുമാണ്.

ഇടയ്ക്കിടയ്ക്കു നദീതീരത്തു അറബികളുടെ കൂടാരം കാണാം. അവിടെ ചങ്ങാടം നിറുത്തി യാത്രക്കാർ വെണ്ണ, പാൽ മുതലായവ വാങ്ങും. അറബികൾ വലിയ മുട്ടാളന്മാരും കവർച്ചക്കാരുമാണെങ്കിലും, അഭയം പ്രാപിക്കുന്നവരെ എങ്ങനെയും രക്ഷിക്കുന്ന ഒരു പ്രത്യേക മര്യാദ ഇവർക്കുണ്ടു. വലഞ്ഞോ വഴിതെറ്റിയോ ചെല്ലുന്നവരെ കേമമായി സൽക്കരിക്കയും ചെയ്യും. ഇവർ ആറു മാസത്തിലധികം ഒരു സ്ഥലത്തു താമസിക്കയില്ല. കൃഷിക്കുള്ള സൌകര്യം നോക്കി എപ്പോഴും സ്ഥലം മാറിക്കൊണ്ടിരിക്കും. രാജ്യനിയമങ്ങളൊന്നും തങ്ങളെ സംബന്ധിക്കുന്നവയല്ലെന്നാണു ഇവരുടെ ഭാവം. തരമുള്ളപ്പോഴൊക്കെ ഇവർ വഴിയാത്രക്കാരെ കൊള്ളയിടും. കൂട്ടംകൂട്ടമായിട്ടെ താമസിക്കാറുള്ളു. ഒരു സംഘത്തിൽ 100-ൽ കുറയാതെയും 500-ൽ അധികപ്പെടാതെയും കുടുംബങ്ങൾ ഉണ്ടാകും. സംഘങ്ങളിൽ പ്രധാനനായി ഒരാൾ ഉണ്ടായിരിക്കും. ഈയാളുടെ കല്പനപ്രകാരം എല്ലാവരും നടന്നുകൊള്ളണം. അക്ഷരജ്ഞാനം എല്ലാവർക്കും ഒരുപോലെ പൂജ്യമാണു. കുതിര, കഴുത മുതലായ മൃഗങ്ങളെയും ഇവർ വളർത്താറുണ്ട്. കുതിരകളൊക്കെ വളരെ വലിപ്പമുള്ളവയായിരിക്കും. ഇതുകളെ ഇവർ സഹായവിലയ്ക്കു വിൽക്കുകയും ചെയ്യും.

ഇടവം 9-ാം തീയതി രണ്ടു മണിക്കു ചങ്ങാടം മൂസലിൽ എത്തി. അവിടെയുള്ള മെത്രാപ്പോലീത്തായും പട്ടക്കാരും പ്രധാനികളും വന്നു നമ്മെ എതിരേറ്റു മെത്രാപ്പോലീത്താ ഇരിക്കുന്ന പള്ളിയിലേക്കു കൊണ്ടുപോയി. അടുത്ത ഞായറാഴ്ച കോജാ അബ്ദൾഹാദു കൂടുന്ന പള്ളിയിൽ നാം കുർബാന ചൊല്ലണമെന്നു അദ്ദേഹം അപേക്ഷിച്ചതിനാൽ ശനിയാഴ്ച അവിടേക്കു പോയി. ഒരു മെത്രാപ്പോലീത്താ ആദ്യമായി ഒരു പള്ളിയിൽ ചെല്ലുമ്പോൾ അദ്ദേഹത്തെ ഒരു പീഠത്തിന്മേൽ ഇരുത്തി പൊക്കിയെടുത്തുംകൊണ്ടു വളരെ കോലാഹലത്തോടും വാദ്യം, പാട്ട് മുതലായവയോടും കൂടി പള്ളിക്കു മൂന്നു പ്രാവശ്യം പ്രദക്ഷിണം ചെയ്കയെന്നൊരു സംപ്രദായമുള്ളതു നമ്മെ സംബന്ധിച്ചും നടക്കാതിരുന്നില്ല. പാത്രിയർക്കീസുബാവാ കല്പിച്ചിട്ടുണ്ടായിരുന്നതനുസരിച്ചു നാം മൂസലിലെ ഇംഗ്ലീഷ് കൊൺസലായ മിസ്റ്റർ റസ്സാമിനെ പോയി കാണുകയും സ്താത്തിക്കോനിൽ (അധികാരപത്രത്തിൽ) അദ്ദേഹത്തിന്റെ മുദ്ര വെപ്പിക്കുകയും ചെയ്തു.

മിഥുനം 5-ാം തീയതി നാം മൂസലിൽ നിന്നും പുറപ്പെട്ടു. ചങ്ങാടത്തിൽ ഇംഗ്ലീഷുകാരുടെയും ഫ്രഞ്ചുകാരുടെയും വക സോപ്പു മുതലായ കച്ചവടസാമാനങ്ങളും കേറ്റിയിരുന്നു. അവിടത്തെ മെത്രാപ്പോലീത്തായും വളരെ ജനങ്ങളും യാത്രയയയ്ക്കാനായി കടവിൽ കൂടിയിരുന്നു. അനേകം സ്ത്രീകളുമുണ്ടായിരുന്നു. ഇവരിൽ ആദ്യം കോജാഅബ്ദൾഹാദിന്റെ സഹോദരിയും പുത്രിമാരും നമ്മുടെ അടുക്കൽ വന്നു മുഖശീല നീക്കി കൈമുത്തി കരഞ്ഞു. ഉടനെ മറ്റു സ്ത്രീകളും വന്നു കൈമുത്താനും ഉറക്കെ നിലവിളിക്കാനും തുടങ്ങി. സ്ത്രീകളെല്ലാം കൈമുത്തി തീരുന്നതിനു ഒരു മണിക്കൂറു വേണ്ടി വന്നു. പിന്നെ പുരുഷന്മാരുടെ കൈമുത്തായി. ഇവർ സ്ത്രീകളെപ്പോലെ വാവിട്ടു നിലവിളിച്ചില്ലെങ്കിലും കണ്ണുനീരൊലിപ്പിക്കാത്തവരായി ഇവരിലും ആരും ഉണ്ടായിരുന്നില്ല. മൂസൽക്കാരേപ്പോലെ നന്ദിയും സ്നേഹവുമുള്ള ഒരു നാട്ടുകാരെ നമ്മുടെ ദീർഘമായ യാത്രയിൽ ഒരിടത്തും നാം കണ്ടിട്ടില്ല.

യാത്ര തുടങ്ങിയതിന്റെ നാലാം ദിവസം കഠിനമായ കിഴക്കൻകാറ്റുണ്ടായതിനാൽ ചങ്ങാടം ഒഴുക്കിൽനിന്നു വിട്ടു കരയ്ക്കു അണഞ്ഞു തുടങ്ങി. അപ്പോൾ ചങ്ങാടത്തിന്റെ ചുവട്ടിലുള്ള ഒന്നു രണ്ടു തുകൽക്കുടങ്ങൾ കൂട്ടത്തിൽ നിന്നു വിട്ടു പൊങ്ങി വന്നു. അവിടെ കുളിച്ചുകൊണ്ടു നിന്നിരുന്ന ഒരു അറബിക്കുട്ടി ഇതുകളെ എടുത്തു. ചങ്ങാടക്കാരൻ ചോദിച്ചാറെ കൊടുക്കാതെ കുട്ടി ശഠിച്ചു നിന്നു. ചങ്ങാടക്കാരനു ശുണ്ഠി കേറി അയാൾ എന്തോ അസഭ്യം പറഞ്ഞു. അപ്പോൾ അറബിക്കുട്ടി കരയ്ക്കു കയറി ഒരു നല്ല കല്ലെടുത്തു ചങ്ങാടക്കാരനെ ഒന്നെറിഞ്ഞു. ഇതു അയാൾക്കു നല്ലവണ്ണം പറ്റിയതിനാൽ അയാൾ ചങ്ങാടത്തിൽ നിന്നു ചാടിയിറങ്ങി കുട്ടിയെ ഒന്നടിച്ചു. കുട്ടി നിലവിളിച്ചു തുടങ്ങി. ഇതു കേട്ടു അവന്റെ തന്തയും വേറെ രണ്ടു അറബികളും ഓടിവന്നു ചങ്ങാടക്കാരനെ അടിച്ചു. ഉടനെ ചങ്ങാട പ്രധാനിയും രണ്ടു മൂന്നു പേരും ചാടിയിറങ്ങി അറബികളെ അടിക്കാൻ തുടങ്ങി. ഇങ്ങനെ ലഹള മൂത്ത സമയത്തു പട്ടാളക്കാരെ കേറ്റിക്കൊണ്ടു ഒരു ചങ്ങാടം താഴോട്ടു വന്നു. പട്ടാളക്കാർ അവരുടെ ചങ്ങാടത്തിൽ ഇരുന്നുംകൊണ്ടു ലഹളക്കാരുടെ ഇടയിലേക്കു ഒരു വെടി വെച്ചു. ഈ വെടി കൊണ്ടു ഒരറബി മറിഞ്ഞു വീണു. ഉടനെ ശേഷമുള്ള അറബികൾ കൂട്ടത്തോടെ ഒരു നിലവിളി. അപ്പോൾ കാണാം ദൂരത്തു നിന്നു പത്തു നൂറു അറബികൾ ഓരോതരം ആയുധങ്ങളുമായി ഓടിവരുന്നത്. ഇതു കണ്ടു ചങ്ങാടത്തിൽ നിന്നിറങ്ങിയവരെല്ലാം തിരിച്ചു കേറി ചങ്ങാടം പെട്ടെന്ന് നീക്കാൻ ശ്രമിച്ചു. എങ്കിലും കാറ്റിന്റെ ഉപദ്രവം നിമിത്തം ഇതു സാധിച്ചില്ല. അറബികൾ അടുത്തപ്പോൾ ചിലർ വെള്ളത്തിൽ എടുത്തുചാടി മറുകരയ്ക്കു നീന്തിക്കളഞ്ഞു. അറബികളുടെ കൈയാൽ മരിക്കുന്നതിൽ ഭേദം വെള്ളത്തിൽ മുങ്ങിച്ചാ

വുകയാണെന്നു നിരൂപിച്ചു നാമും ചാടാൻ ഭാവിച്ചപ്പോൾ കൂടെയുണ്ടായിരുന്ന താരപ്പനും യറമിയാ ശെമ്മാശും ബലമായി വിരോധിച്ചതിനാൽ നാം ഒരു ജീവച്ഛവം പോലെ ചങ്ങാടത്തിൽ തന്നെ ഇരുന്നു. അറബികൾ ചങ്ങാടത്തിൽ കേറി ഏഴുപേരെ ഒരു നിമിഷത്തിൽ കുന്തം കൊണ്ടു കുത്തിക്കൊന്നു. ഇടയ്ക്കു നമ്മുടെ നേരെയും ചിലർ കുന്തവും കൊണ്ടു ചാടി എങ്കിലും എന്തുകൊണ്ടോ അവർ പിൻമാറുകയാണു ചെയ്തത്. തങ്ങളിലൊരുവനെ വെടി വെച്ചു കൊന്നതു ചങ്ങാടത്തിലുള്ള ആരോ ആണെന്നായിരിക്കണം അവർ വിചാരിച്ചതു. അറബികളെ തല്ലാൻ കൂടിയവരെല്ലാം വെള്ളത്തിൽ ചാടി നീന്തിക്കളഞ്ഞു. അറബികളാൽ കൊല്ലപ്പെട്ട ഏഴുപേരും ഒന്നും അറിഞ്ഞവരല്ലായിരുന്നു താനും. നമ്മുടെ അപ്പോഴത്തെ മനോവികാരം എന്തായിരുന്നിരിക്കാം! നമ്മുടെ അടുക്കൽ നിന്നിരുന്ന – എന്ന് പറഞ്ഞാൽ മൂന്നും നാലും കോൽ മാത്രം ദൂരത്തിൽ നിന്നിരുന്ന ആളുകൾ – കുത്തുകൊണ്ട് മറിഞ്ഞു വീഴുന്നതു കാണുമ്പോൾ ഒരുത്തന്റെ ഹൃദയത്തിൽ അങ്കുരിക്കുന്ന വികാരങ്ങൾ എന്തെല്ലാമായിരിക്കും!! മരിക്കുന്നവരും നാമും ഒരുപോലെ നിരപരാധികളും നിസ്സഹായികളുമാണ്. അങ്ങനെയിരിക്കെ, ഒരു കുന്തത്തിന്റെ മുന നമ്മുടെ നെഞ്ചത്തും കൊള്ളുന്നതിനു എന്താണു തടസ്ഥമുള്ളത്? ഇങ്ങനെ ഒരു സംഗതി നമുക്കു ഓർക്കാൻ കൂടി വയ്യാതിരിക്കെ ഈ സങ്കടം യഥാർത്ഥത്തിൽ അനുഭവിച്ച നമ്മുടെ മനോവികാരങ്ങളെ എങ്ങനെ നാം വർണ്ണിക്കും?

ഏഴു പേരെ കൊന്നപ്പോൾ അറബികളുടെ കോപം അല്പമൊന്നു ശമിച്ചു. പിന്നെ അവർ കവർച്ചയ്ക്കാരംഭിക്കുകയാണു ചെയ്തതു. ഒരു മുസൽമാനോടു അയാളുടെ സാമാനവും പണവും ആവശ്യപ്പെട്ടാറെ ഉടനെ കൊടുക്കാതെ അയാൾ കുറെ തർക്കിച്ചു. അറബികൾ അയാളെ പിടിച്ചു അടിക്കാൻ തുടങ്ങി. അടി കലശലായപ്പോൾ അയാൾ മൂർച്ഛിച്ചു വീണു. ഉടനെ അയാളുടെ സർവസ്വവും അവർ കരസ്ഥമാക്കി. അനന്തരം നമ്മുടെ അടുക്കൽ വന്നപ്പോൾ യാതൊരു തടസ്ഥവും പറയാതെ സകലവും എടുത്തു കൊടുത്തു. ഒടുക്കം നാം ധരിച്ചിരുന്ന കുപ്പായവും ഊരിക്കൊടുക്കണമെന്നു അവർ ആവശ്യപ്പെട്ടു. അതും ചെയ്തു. കാൽക്കുപ്പായം കൂടി കിട്ടണമെന്നു ചില അറബികൾ ആവശ്യപ്പെട്ടു എങ്കിലും മറ്റു ചിലർ അതു വേണ്ടെന്നു പറഞ്ഞതിനാൽ നാം വെറും നഗ്നനായി നിൽക്കേണ്ടിവന്നില്ല. ഇങ്ങനെ സാമാനങ്ങൾ കവർച്ച ചെയ്കയും കരയ്ക്കു കൊണ്ടുപോയി വെക്കുകയും ചെയ്യുന്ന മദ്ധ്യേ വണ്ണമുള്ള ഒരു വടിയുമായി ഒരു അറബി യുവാവു ഓടിവന്നു നാം നിൽക്കുന്നതിന്റെ സമീപമായി ചങ്ങാടത്തിൽ കേറാൻ നോക്കി. പിടിച്ച കയറു പെട്ടെന്നു പൊട്ടിപ്പോയതിനാൽ അയാൾ വെള്ളത്തിലേക്കു മറിഞ്ഞുവീണു. അന

ന്തരം ഇയാൾ കേറാൻ ശ്രമിച്ചതു ഒരു മഹമ്മദീയ പുരോഹിതൻ പ്രാർത്ഥിച്ചുംകൊണ്ടിരുന്നതിന്റെ സമീപമായിരുന്നു. കേറിയ ഉടനെ അയാൾ നിരപരാധിയായ പുരോഹിതന്റെ തലയ്ക്കു വടികൊണ്ടു ഒരു അടി വെച്ചു കൊടുത്തു. ഉടനെ ആ സാധു മറിഞ്ഞുവീണു മരിക്കുകയും ചെയ്തു. തന്റെ കൈകൊണ്ടു ആരെയെങ്കിലും ഒരാളെ കൊല്ലണമെന്നു മാത്രമായിരുന്നു ആ അറബി യുവാവിന്റെ വിചാരമെന്നു തോന്നുന്നു. നമ്മുടെ സമീപം കേറാൻ ശ്രമിച്ചപ്പോൾ ദൈവഗത്യാ കയറു പൊട്ടിയിരുന്നില്ലെങ്കിൽ അയാളുടെ കൈയാൽ മരിക്കുന്നതു ആരായിരിക്കുമെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. ലഹള ആരംഭിച്ചതു മുതൽക്കെ മുട്ടിപ്പായി ദൈവത്തെ പ്രാർത്ഥിച്ചു കൊണ്ടു തന്നെ ഇരുന്ന നാം ഈ സംഭവം കൂടി കണ്ടപ്പോൾ വാവിട്ടു കരഞ്ഞുപോയി. ഇതിനിടയ്ക്കു അറബികളിൽ ചിലർ കൂടി നിന്നു എന്തോ ആലോചിച്ചു. എന്നിട്ടു നാലാറു പേരൊന്നിച്ചു ചങ്ങാടത്തിൽ കേറി വന്നു. അവരിലൊരുത്തന്റെ കയ്യിലുണ്ടായിരുന്ന തോക്കു നിറച്ചു. അറബികളിലൊരാളെ വെടിവെച്ചു കൊന്നതു യെറമിയാ ശെമ്മാശു ആണെന്നും അതുകൊണ്ടു അയാളെ വെടിവെക്കാൻ വിചാരിക്കുകയാണെന്നും പറഞ്ഞു. ഈ അറബികൾ ആ നിപരാധിയെ പിടിച്ചു നീക്കി നിറുത്തി. എന്നിട്ടു രണ്ടു അറബികൾ അയാളുടെ ഓരോ കൈക്കു പിടിക്കുകയും മൂന്നാമതൊരുത്തൻ അയാളുടെ നേരെ തോക്കു നീട്ടി വെടിവെക്കുകയും ചെയ്തു. അല്ല!! വെടി പൊട്ടുന്നില്ല. ഒന്നു രണ്ടു പ്രാവശ്യം കൂടി കാഞ്ചി വലിച്ചിട്ടും വെടി പൊട്ടിയില്ല. തോക്കും കൊണ്ടു ചങ്ങാടത്തിലേക്കു തിടുക്കത്തിൽ കേറിയപ്പോൾ കുറെ വെള്ളം തെറിച്ചു വീണാൽ മതിയല്ലൊ ഇങ്ങനെ വരാൻ. എന്നാൽ ഇനി ശെമ്മാശിന്റെ കഴുത്തറുത്തു അയാളുടെ രക്തം വെടികൊണ്ടു മരിച്ച അറബിയുടെ ശരീരത്തിൽ ഒഴിക്കുകയാണു വേണ്ടതെന്നു പറഞ്ഞു അവർ അയാളെ പിടിച്ചു വലിച്ചു ചങ്ങാടത്തിൽ നിന്നു ഇറക്കിക്കൊണ്ടുപോയി. ഈ സമയത്തു ആ സാധുവായ ശെമ്മാശിന്റെയും നമ്മുടെയും മനോഗതങ്ങൾ എന്തെല്ലാമായിരുന്നു എന്നു വിവരിക്കാൻ ശ്രമിക്കുന്നില്ല. അത് അസാദ്ധ്യവുമാണു. വായനക്കാർ ഊഹിക്കുകയാണു ഭേദം. നാം ഇതെല്ലാം കണ്ടു പ്രാർത്ഥിച്ചും കണ്ണുനീർ ധാരധാരയായി ഒഴുക്കിയും കൊണ്ടു നിന്നു.

ശെമ്മാശിന്റെ കഴുത്തറക്കാൻ ഭാവിച്ചപ്പോൾ ഒരാൾ കുതിരപ്പുറത്തു കേറി തിടുക്കത്തിൽ വരുന്നതു കണ്ടു. അയാൾ എന്തൊ ഉറക്കെ വിളിച്ചു പറയുന്നതു കേട്ടിട്ടു അറബികൾ ശെമ്മാശിനെ കൊല്ലാൻ ആരംഭിക്കാതെ വെറുതെ നിന്നു. കുതിരപ്പുറത്തു വന്ന ആൾ അവരുടെ പ്രധാനി ആയിരുന്നു. അയാൾ താഴെ ഇറങ്ങിയ ഉടനെ ശെമ്മാശും അയാളുടെ കാൽക്കൽ വീണു കെട്ടിപ്പിടിച്ചു നിലവിളി തുടങ്ങി. ശെമ്മാശും നാമും

അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആളുകളാണെന്നു അറിഞ്ഞപ്പോൾ അയാൾ ഈ സാഹസകൃത്യത്തിനു ഒരുങ്ങിയ ആളുകളെ കഠിനമായി ശാസിച്ചു. എങ്കിലും ഏഴെട്ടാളുകൾ ചത്തു കിടക്കുന്നതു അയാൾ കണ്ട ഭാവം തന്നെ നടിച്ചില്ല. തന്റെ കൂട്ടർക്കു ഒരബദ്ധം വന്നു പോയതാണെന്നു പ്രധാനി നമ്മോടു പറഞ്ഞു. എന്നിട്ടു തന്റെ കൂട്ടുകാർ അപഹരിച്ച മുതലുകളൊക്കെ അയാൾ പരിശോധിച്ചു തൃപ്തിപ്പെട്ടു. ഉടനെ അവർ നമ്മുടെ കൈവശത്തിലുണ്ടായിരുന്ന സകല ഭക്ഷണസാധനങ്ങളും എടുത്തു ഭക്ഷണത്തിനു ആരംഭിച്ചു. ഭക്ഷണം കഴിച്ചു രസിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യെ ദൂരത്തു നിന്നു ഒരു കൂട്ടം കുതിരപ്പട്ടാളം അതിവേഗത്തിൽ വരുന്നതുകണ്ടു. ഉടനെ അറബികളിൽ പലരും പരിഭ്രമിച്ചു ഓട്ടം തുടങ്ങി. എങ്കിലും ഓടുന്നതു അവമാനമെന്നു വിചാരിച്ചിട്ടോ, അതല്ല ഓടിയാലും പട്ടാളം പിടികൂടിയേക്കുമെന്നു ഭയന്നിട്ടൊ പത്തിരുപതു അറബികളും അവരുടെ പ്രധാനിയും അവിടത്തന്നെ നിന്നു. പട്ടാളം വന്നു അറബികളെ വളഞ്ഞു പിടിച്ചു. എതൃക്കുന്നതു നിഷ്പ്രയോജനമായിരുന്നതിനാൽ അറബികൾ ലഹള കൂടാതെ കീഴടങ്ങി. അപഹരിച്ച സാമാനങ്ങളോടു കൂടി അറബികളെ ചങ്ങാടത്തിൽ കേറ്റി തിഗരീസിലേക്കു വിട്ടു. ഇടയ്ക്കു നമ്മുടെ സാമാനങ്ങൾ എന്തെല്ലാമെന്നു പട്ടാളക്കാർ ചോദിച്ചറിഞ്ഞു അതുകൾ എല്ലാം തിരിയെ തന്നു.

ഇനി ഈ പട്ടാളം വരാനുള്ള കാരണം കൂടി പറയാം. അറബികൾ ഓടിവരുന്നതു കണ്ടു ഏതാനും ആളുകൾ വെള്ളത്തിൽ ചാടി നീന്തിക്കളഞ്ഞു എന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. ഇവരിൽ ചിലർ അക്കരെ എത്താൻ ശേഷിയില്ലാതെ മുങ്ങി ചത്തുപോയി. മറ്റു ചിലർ നദി നീന്തിക്കടന്നു സമീപമുള്ള തിഗറീസിൽ ഓടിയെത്തി അവിടെയുള്ള പാഷായെ (പേഷ്ക്കാർ അല്ലെങ്കിൽ ജില്ലാ മജിസ്ട്രേട്ടിനു തുല്യനായ ഒരു തുർക്കി ഗവൺമെന്റ് ഉദ്യോഗസ്ഥൻ - എഡി.) വിവരം ബോധിപ്പിച്ചു. ഇംഗ്ലീഷുകാരുടെയും പ്രഞ്ചുകാരുടെയും വക സാമാനങ്ങൾ ചങ്ങാടത്തിലുണ്ടെന്നു കേട്ടപ്പോഴാണു പട്ടാളത്തെ അയയ്ക്കാമെന്നു പാഷായ്ക്കു തോന്നിയതു. തുർക്കിയുദ്യോഗസ്ഥന്മാർക്കു യൂറോപ്യന്മാരെ വളരെ ഭയമാണു. അവരെ സംബന്ധിക്കുന്ന എന്തെങ്കിലും കാര്യത്തിൽ അമാന്തം കാണിച്ചാൽ അപകടമുണ്ടാകുമെന്നു അവർക്കറിയാം. ചങ്ങാടത്തിൽ ലോകത്തെ ഭരിക്കുന്ന യൂറോപ്യന്മാരുടെ സാമാനം ഉണ്ടായിരുന്നില്ലെങ്കിൽ പാഷാ നിശ്ചയമായും പട്ടാളത്തെ അയയ്ക്കുകയാകട്ടെ സാധുസംരക്ഷണത്തിനായി വേറെ വല്ലതും പ്രവർത്തിക്കുകയാകട്ടെ ചെയ്യുന്നതല്ലായിരുന്നു എന്നു തുർക്കി ഗവർമ്മെണ്ടിന്റെ നീതിപാലന തല്പരതയെയും ഔർജിത്യത്തേയും കുറിച്ചു വിവരമുള്ളവരോടു പ്രത്യേകിച്ചു പറയണമെന്നില്ല.

## അദ്ധ്യായം 14

# തിഗരീസു മുതൽ ബോംബേ വരെ

## (1039 മിഥുനം 9 - കർക്കടകം 25)

തിഗരീസിൽ എത്തിയശേഷം പട്ടാളക്കാർ നമ്മെ ഒരു മുസൽമാന്റെ വീട്ടിൽ താമസിപ്പിച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ നമ്മെ സ്ഥലത്തെ മജിസ്ട്രേട്ടു കോടതിയിലേക്കു കൂട്ടിക്കൊണ്ടുപോയി. മജിസ്ട്രേട്ടു നമ്മെ വിസ്തരിക്കുകയും സാമാനങ്ങളെല്ലാം തിരിയെ കിട്ടിയെന്നു അറിഞ്ഞപ്പോൾ പൊയ്ക്കൊള്ളാൻ അനുവദിക്കുകയും ചെയ്തു. എങ്കിലും യേറമിയാ ശെമ്മാശിനെ വിസ്തരിച്ചു തീരാഞ്ഞതിനാൽ നാലഞ്ചു ദിവസം കൂടി അവിടെ താമസിക്കേണ്ടി വന്നു.

ഈ സ്ഥലത്തിന്റെ പ്രാചീനനാമധേയം സെലൂക്യാ എന്നായിരുന്നു. ഇവിടെ ഒരു കാസോലിക്കാ (കാതോലിക്കാ - എഡി.) ഉണ്ടായിരുന്നു. സകല പൌരസ്ത്യ സഭകളുടെയും മേൽ ഈ കാസോലിക്കായിക്കു അധികാരമുണ്ടായിരുന്നു. മലങ്കരസഭ പണ്ട് ഇദ്ദേഹത്തിന്റെ കീഴിലായിരുന്നു. ഇൻഡ്യാ മുതലായ പൌരസ്ത്യ സഭകളെ ഭരിക്കേണ്ടതു സെലൂക്യയിലെ കാസോലിക്കായാണെന്നും ഇദ്ദേഹം അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴായിരിക്കണമെന്നും സൂനഹദോസുകളിൽ (മഹാസംഘങ്ങളിൽ) സെലൂക്യാ കാസോലിക്കാ അന്ത്യോക്യാ പാത്രിയർക്കീസിന്റെ വലത്തു ഭാഗത്തിരിക്കണമെന്നും ക്രിസ്ത്വാബ്ദം 325-ൽ നിക്യയിൽ കൂടിയ സൂനഹദോസിൽ നിശ്ചയിച്ചതായി നടപടികളിൽ കാണുന്നുണ്ടു. സെലൂക്യയിൽ ക്രിസ്തുമതം പ്രചരിപ്പിച്ചതു അപ്പസ്തോലശിഷ്യനായ മോർ മാറിയെന്ന പരിശുദ്ധനാണ്. ഇദ്ദേഹത്തിന്റെ പ്രസംഗങ്ങളാലും അത്ഭുതപ്രവൃത്തികളാലും ഇവിടങ്ങളിലുണ്ടായിരുന്ന പല പ്രഭുക്കന്മാരും ക്രിസ്തുമതം സ്വീകരിച്ചതുകൊണ്ടു ഈ സ്ഥലം ഒരു കാസോലിക്കായ്ക്കു ഇരിക്കാൻ തക്ക പ്രാധാന്യമുള്ളതായി തീർന്നു. വളരെ കീർത്തപ്പെട്ടിരുന്ന ഈ സ്ഥലത്തു അന്ത്യോക്യാ സിംഹാസനത്തിനുണ്ടായിരുന്ന പ്രാബല്യം ക്ഷയിച്ചുപോയതു ദനസീബിന്റെ ബർസൌലാ മെത്രാപ്പോലീത്താ മുഖാന്തരമാണ്. ഈ സംഗതി ചുരുക്കത്തിൽ വിവരിക്കാം.

അഞ്ചാം ശതാബ്ദത്തിൽ മതദ്വേഷം നടത്തിയ നെസ്തോറിന്റെ സഹോദരിയുടെ മകളുടെ മകനായിരുന്നു ഈ മെത്രാപ്പോലീത്താ. ഇദ്ദേഹം ആന്തരത്തിൽ ഒരു നെസ്തോർ വിശ്വാസിയായിരുന്നു എങ്കിലും അതു പുറത്തറിയിക്കാതെ തനിക്കു സ്ഥാനം നൽകിയ അന്ത്യോഖ്യാ സഭയെ അനുസരിച്ചു നടന്നു വന്നു. തന്റെ യഥാർത്ഥവിശ്വാസത്തെ പ്രബലപ്പെടുത്തുന്നതിനു ഇദ്ദേഹം അവസരം നോക്കിക്കൊണ്ടിരിക്കയായി

രുന്നു. അങ്ങനെയിരിക്കേ നെസ്തോറിന്റെ മതദ്വേഷം കൊണ്ടു സഭയിലുണ്ടായിരിക്കുന്ന കുഴപ്പങ്ങളെപ്പറ്റി ആലോചിക്കുന്നതിനു അന്ത്യോക്യയിൽ ഒരു സുന്നഹദോസു കൂടണമെന്നു പാത്രിയർക്കീസു നിശ്ചയിക്കുകയും ഇതിൽ സംബന്ധിക്കാനായി സെലൂക്യയിലെ ബാബി കാസോലിക്കായും അദ്ദേഹത്തിന്റെ കീഴുള്ള മെത്രാന്മാരും ചെന്നുചേരുന്നതിനു കല്പനയയയ്ക്കുകയും ചെയ്തു. അക്കാലങ്ങളിൽ തിഗരീസു മുതൽ ദനസീബിൻ വരെയുള്ള രാജ്യങ്ങൾ യെസ്സർ ഗാദു എന്നു പേരായ പെർഷ്യാ രാജാവിന്റെ കീഴായിരുന്നു. ദനസീബിൻ മുതൽ പടിഞ്ഞാറോട്ടുള്ള രാജ്യമൊക്കെ റോമ്മാ രാജാക്കന്മാരുടെയും കീഴായിരുന്നു. അന്ത്യോക്യ ഇതിൽ ചേർന്നതായിരുന്നു. പെർഷ്യാ രാജാവു കൃസ്ത്യാനികളുടെ ബദ്ധ വൈരിയായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ ആസ്ഥാനത്തിനു സമീപമുള്ള ദനസീബിന്റെ മെത്രാപ്പോലീത്തായായ ബർസൌമാ ഈ രാജാവിന്റെ ഒരു സ്നേഹിതനായിരുന്നു. മേൽ വിവരിച്ച രണ്ടു രാജ്യങ്ങളും അന്യോന്യം കലഹിച്ചുകൊണ്ടിരുന്നു. ഒരു രാജ്യത്തു നിന്നു ആരെങ്കിലും മറ്റേ രാജ്യാതൃത്തിക്കകത്തു കടന്നാൽ അവരുടെ പേരിൽ എന്തെങ്കിലും കളവായ കുറ്റം ചുമത്തി ശിക്ഷിക്കുക പതിവായിരുന്നു. ഇങ്ങനെ കലഹം മൂത്തിരുന്ന കാലത്താണ്, അന്ത്യോക്യയിലെ സുന്നഹദോസിനു ചെന്നുചേരാൻ പാത്രിയർക്കീസുബാവാ സെലൂക്യയിലെ കാസോലിക്കായ്ക്കു കല്പനയയച്ചതു. വല്ല വിധത്തിലും അന്ത്യോക്യയിൽ ചെന്നുപറ്റിയാൽ തന്നെയും തിരിച്ചുവരുമ്പോൾ പെർഷ്യാ രാജാവു പിടിച്ചു ശിക്ഷിക്കുമെന്നുള്ളതു തീർച്ചയാകയാൽ ഇതിനെന്താണു നിവൃത്തിയെന്നു ആലോചിക്കാനായി കാസോലിക്കാ തന്റെ കീഴുള്ള മെത്രാന്മാരെ വിളിച്ചുവരുത്തി. അന്ത്യോക്യയിലേക്കു പോകുന്നതു അപകടമാണെന്നു എല്ലാവരും അഭിപ്രായപ്പെട്ടതിനാൽ സകല വിവരവും കാണിച്ചു പാത്രിയർക്കീസിനു ഒരെഴുത്തു തയാറാക്കി രണ്ടു റമ്പാന്മാരുടെ പക്കൽ കൊടുത്തയയ്ക്കുന്നതിനു തീർച്ചയാക്കി. പെർഷ്യാ രാജാവു കൃസ്ത്യാനികളുടെ വിരോധിയും വലിയൊരു ദുഷ്ടനുമാകയാൽ കാസോലിക്കായും മെത്രാന്മാരും അന്ത്യോക്യയിൽ പോയി തിരിച്ചുവരുമ്പോൾ അദ്ദേഹം അവരെ പിടിച്ചു തടവിലാക്കാതെ ഇരിക്കയില്ലെന്നും അങ്ങനെ വരുമ്പോൾ അവിടങ്ങളിൽ കൃസ്ത്യാനികൾ ഇടയനില്ലാതെ അന്യന്റെ തൊഴുത്തിൽ പ്രവേശിച്ചു പോകുന്നതാണെന്നും അന്ത്യോക്യാ സുന്നഹദോസിൽ ചെയ്യുന്ന നിശ്ചയങ്ങളെല്ലാം തങ്ങൾക്കു സമ്മതമാണെന്നും മറ്റും ആ കത്തിൽ പ്രസ്താവിച്ചിരുന്നു. റമ്പാന്മാർ അന്ത്യോക്യയിലേക്കുള്ള യാത്രയിൽ ദനസീബിന്റെ മെത്രാപ്പോലീത്തായുടെ അടുക്കൽ ചെന്നു. പാത്രിയർക്കീസിന്റെ പേർക്കുള്ള എഴുത്തിൽ പെർഷ്യാ രാജാവിനു വിരോധമായി വല്ലതും കാണാതിരിക്കയില്ലെന്നു വിചാരിച്ച ഇദ്ദേഹം ഉപായത്തിൽ എഴുത്തു പൊളിച്ചെടുത്തു പെർഷ്യാ രാജാവിന്റെ

അടുക്കൽ കൊണ്ടുപോയി കാണിച്ചു. രാജാവു തന്റെ സ്നേഹിതന്റെ ഈ പ്രവർത്തിയിൽ വളരെ സന്തോഷിച്ചു എഴുത്തിന്റെ ഒരു പകർപ്പെടുത്തു വെച്ചു. മെത്രാപ്പോലീത്താ എഴുത്തു തിരിയെ കൊണ്ടുവന്നു റമ്പാന്മാർക്കു കൊടുത്തു അവരെ പറഞ്ഞയയ്ക്കുകയും ചെയ്തു.

ഉടനെ രാജാവു മന്ത്രിസഭയെ വിളിച്ചുകൂട്ടി ആലോചിച്ചു തിഗരീസിലെ കാസോലിക്കാ തന്റെ ശത്രുവാകയാൽ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കീഴുള്ള മെത്രാപ്പോലീത്തന്മാരെയും കൊല്ലുന്നതിനു തീർച്ചയാക്കി. റോമ്മാ രാജ്യത്തെ ഒരു പ്രജയായ അന്ത്യോക്യാ പാത്രിയർക്കീസു തന്റെ രാജ്യത്തുള്ള കൃസ്ത്യാനികളെ ഭരിക്കാൻ താനിനി അനുവദിക്കയില്ലെന്നും തന്റെ പ്രജയായ നെസ്തോറാണ് അവരെ ഭരിക്കേണ്ടതെന്നും രാജാവു നിശ്ചയിച്ചു. എന്നു മാത്രമല്ല കൃസ്ത്യാനികളെ നെസ്തോർ വിശ്വാസത്തിൽ ചേർക്കുന്നതിനു ആ മതഭേദനിർമ്മാതാവിന്റെ ചാർച്ചക്കാരനായ ബർസൌലാ മെത്രാപ്പോലീത്തായ്ക്കു അധികാരം കൊടുക്കുകയും നെസ്തോറിനെ അനുസരിക്കാത്തവരെ ശിക്ഷിക്കുന്നതിനും ബാബി കാസോലിക്കായേയും മറ്റും കൊല്ലുന്നതിനുമായി ഒരു സൈന്യത്തെ അദ്ദേഹത്തിനു ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

ബർസൌലാ മെത്രാപ്പോലീത്താ സൈന്യത്തോടുകൂടി തിഗരീസിൽ ചെന്നു കാസോലിക്കായെയും നെസ്തോർ മതത്തെ സ്വീകരിക്കാൻ മനസ്സില്ലെന്നു പറഞ്ഞ പല സഹോദരമെത്രാപ്പോലീത്തന്മാരെയും കൊന്നുകളഞ്ഞു. വളരെ കൃസ്ത്യാനികൾ മരണഭയത്താൽ നെസ്തോർ മതത്തെ സ്വീകരിച്ചു. വളരെപ്പേർ രക്തസാക്ഷികളായി മരിക്കയും ചെയ്തു. പള്ളികളെല്ലാം നെസ്തോർകാരുടെ കൈവശമായി. ബർസൌലാ മെത്രാപ്പോലീത്താ മുഖാന്തരം 7800 കൃസ്ത്യാനികൾ ഹിംസിക്കപ്പെട്ടതായി 'മക്കസബസബ്നാ' എന്ന സുറിയാനി പുസ്തകത്തിൽ കാണുന്നുണ്ട്. ഈ മെത്രാപ്പോലീത്തായുടെ പൈശാചികപ്രവൃത്തി മൂലം നെസ്തോർ മുതലായ മതദ്വേഷികളെ ശപിക്കുന്ന കൂട്ടത്തിൽ അന്ത്യോക്യാ സഭ ഇദ്ദേഹത്തെയും ശപിച്ചുവരുന്നു.

നാം തിഗരീസിൽ നിന്നു വീണ്ടും ചങ്ങാടത്തിൽ കേറി മിഥുനം 15-ാം തീയതി ബഗദാദിൽ എത്തി. മൂസലിലെ ബ്രിട്ടീഷു കൊൺസലിന്റെ എഴുത്തുപ്രകാരം ബഗദാദിലെ കൊൺസൽ ഒരുക്കിയിരുന്ന വലിയ ബങ്കളാവിലായിരുന്നു താമസിച്ചതു. അവിടെയുള്ള കൊൺസലിനേയും അമേരിക്കൻ മിഷ്യനരിമാരെയും പോയി കാണുകയുണ്ടായി. മൂസൽക്കാരനായ കോജാ ദാവീദു വേണ്ട സഹായങ്ങളൊക്കെ ചെയ്തു തന്നു. നമുക്കുവേണ്ടി വളരെയൊക്കെ മനോവേദന അനുഭവിച്ച യെറമിയാ ശെമ്മാശു ഇവിടെവച്ചു യാത്ര പറഞ്ഞു പിരിയുകയും ചെയ്തു.

ബഗദാദിൽ നിന്നു മിഥുനം 23-ാം തീയതി രാത്രി തീബോട്ടിൽ കേറി 29-ാം തീയതി ബസോറായിലെത്തി. ഇവിടെ വെച്ചു മർദീൻകാരനായ ഹന്നാൻ എന്ന ഒരു കച്ചവടക്കാരൻ നമ്മെ വളരെയൊക്കെ സഹായിച്ചു. ഇവിടെ നിന്നു കർക്കടകം 12-ാം തീയതി തീക്കപ്പലിൽ കേറി ആ മാസം 25-ാം തീയതി ബോംബെയിൽ എത്തുകയും ചെയ്തു.

ഇങ്ങനെ, ഇൻഡ്യയുടെ സമുദ്രതീരങ്ങളെ വിട്ടിട്ടു പതിന്നാലു മാസവും പതിനഞ്ചു ദിവസവും കഴിഞ്ഞതിന്റെ ശേഷം ജന്മഭൂമിയെ വീണ്ടും സ്പർശിക്കുന്നതിനു നമ്മുടെ പാദങ്ങൾക്കു സംഗതിയായി.

## അദ്ധ്യായം 15

# ബോംബെ - മലങ്കര

## (1039 കർക്കടകം 25 - 1040 കന്നി 4)

നാം ബോംബെയിൽ താമസിച്ചതു പഴയ അർമ്മേനിയൻ പള്ളിയിൽ തന്നെയാണു. കൊച്ചിയിൽ നിന്നു പുറപ്പെട്ടപ്പോൾ ബോംബയിലെ ഒരു കോളജിലെ പ്രിൻസിപ്പലായ ഡാക്ടർ വിൽസന്നു ഒരു പരിചയക്കത്തു കിട്ടിയിരുന്നു. അന്ത്യോക്യയിലേക്കു പോകുന്നവഴിക്കു അന്വേഷിച്ചപ്പോൾ സായ്പു പൂനായിലായിരുന്നതിനാൽ കാണ്മാൻ തരമായില്ല. മടക്കത്തിൽ ഇദ്ദേഹത്തെ കോളജിൽ ചെന്നു കണ്ടു. സായ്പിനു ഹിന്തുസ്താനി അറിയാമായിരുന്നു. നമ്മെ കണ്ടതിൽ ഇദ്ദേഹത്തിനു വളരെ സന്തോഷമുണ്ടായി. സായ്പു ഒരു സുറിയാനി മസുമുറാപുസ്തകം കയ്യിൽ തന്നതു നാം വായിച്ചപ്പോൾ അദ്ദേഹവും വിദ്യാർത്ഥികളും വളരെ സന്തോഷിച്ചു. അതിന്റെ ശേഷം സായ്പു സുറിയാനി ഭാഷയുടെ മാഹാത്മ്യത്തേയും മലങ്കരസുറിയാനി സഭയേയും കുറിച്ചു പ്രസ്താവിച്ചതിൽ യേശുക്രിസ്തു സംസാരിച്ച ഭാഷ സുറിയാനിയാണെന്നും മറ്റും കൂടി തന്റെ ശിഷ്യന്മാരെ പറഞ്ഞു മനസ്സിലാക്കി. ഡോക്ടർ വിൽസൻ നമുക്കു വളരെ സഹായങ്ങളൊക്കയും ചെയ്തുതന്നതു കൂടാതെ നമ്മെ അർമ്മേനിയൻപള്ളിയിൽ വന്നു കാണുകയും ചെയ്തു.

നാം ബോംബെയിൽ നിന്നു കപ്പൽ കേറി ചിങ്ങമാസം 23-ാം തീയതി രാത്രി 12 മണിക്കു കൊച്ചിയിൽ എത്തി. ആഘോഷമായി ഒരു എതിരേൽപ്പിനു പലരും ഈ സമയം കൊച്ചിയിൽ തയാറുണ്ടായിരുന്നു എങ്കിലും അർദ്ധരാത്രിയിൽ വന്നെത്തിയതുകൊണ്ടു അതിനൊന്നിനും സംഗതിയായില്ല.

അവിടെ നിന്നു കന്നി 4-ാം തീയതി കുന്നംകുളങ്ങരയ്ക്കു പോയി. അങ്ങാടിക്കാരുടെ സന്തോഷസൽക്കാരങ്ങളെക്കുറിച്ചു വിസ്തരിക്കുന്നില്ല. നാം അന്ത്യോക്യയിലേക്കായി പുറപ്പെട്ടപ്പോൾ അവർക്കുണ്ടായ അവ്യാജ

ദുഃഖത്തെപ്പറ്റി ഓർമ്മയുള്ള വായനക്കാർക്കു തിരിച്ചു വന്നപ്പോൾ ഉണ്ടാകാവുന്ന സന്തോഷവും നമ്മെ സൽക്കരിക്കാൻ അവർ ചെയ്യാവുന്ന ശ്രമങ്ങളും എന്തുമാത്രമായിരിക്കുമെന്നു ഊഹിക്കാവുന്നതാണല്ലോ. ഇങ്ങനെ ഒരു ജനക്കൂട്ടം കുന്നംകുളങ്ങരെ ഇതിനു മുമ്പു ഉണ്ടായിട്ടില്ലെന്നു തീർച്ചയായിപ്പറയാം. നമ്മുടെ മാതാപിതാക്കന്മാരുടെ സന്തോഷത്തിനൊ അതിരില്ലല്ലൊ. തങ്ങൾക്കു ഇനി കാണ്മാൻ ഭാഗ്യമില്ലെന്നു മിക്കവാറും വിചാരിച്ചിരുന്ന ഈ പുത്രനെ പൂർവാധികമായ സ്ഥാനമാനങ്ങളോടുകൂടി കണ്ടപ്പോൾ അവർക്കുണ്ടായ മനോവികാരം എന്തെല്ലാമായിരുന്നിരിക്കാം?

കന്നി 8-ാം തീയതി പെരുന്നാൾ ദിവസം നാം ആർത്താറ്റു പള്ളിയിൽ കുറുബാന ചൊല്ലുകയും പാത്രിയർക്കീസുബാവായുടെ സ്താത്തിക്കോൻ (അധികാരപത്രം) ജനങ്ങളെ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. മൂസലിൽ വെച്ചുണ്ടായ മാതിരി പുതിയ മെത്രാപ്പോലീത്തായെ ഇവിടെയും കസേരയിലെടുത്തു പ്രദക്ഷണമുണ്ടായി.

തുലാം 20-ാം തീയതി കുന്നംകുളങ്ങരെ നിന്നു കൊച്ചീക്കു തിരിച്ചു പോന്നു. കൈമുത്തു വകയിൽ കുന്നംകുളങ്ങരെ നിന്നു കിട്ടിയ പണം കൊണ്ടു മലയാളം നമസ്ക്കാരപ്പുസ്തകം അച്ചടിപ്പിക്കാൻ വെസ്റ്റൺസ്റ്റാർ ആപ്പീസിൽ ഏല്പിച്ചു.

## അനുബന്ധം

# ഒരു മാനേജിംഗ് കമ്മിറ്റി മിനിട്ട്സ്

1887-ാമാണ്ട് വൃശ്ചികമാസം 13-ാം തീയതി മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ കമ്മിറ്റി കോട്ടയത്ത് സിമ്മനാരിയിൽ കൂടിയ മീറ്റിംഗിൽ ഏർപ്പെടുത്തിയ നിശ്ചയങ്ങൾ.

പോയാണ്ട് ....... മാസം ...... തീയതി ഈ സിമ്മനാരിയിൽ കൂടിയ യോഗത്തിൽ എല്ലാ പള്ളികളിൽനിന്നും പിടിഅരി മുതലായത് പിരിച്ചും സിമ്മനാരിയിലെ പഠിത്തം നടത്തപ്പെടണമെന്ന് നിശ്ചയിച്ചുള്ളതിന്മണ്ണം ഇന്നേവരെയുള്ള പിരിവിനും ചിലവിനും എഴുതിയിട്ടുള്ള കണക്കുകൾ പരിശോധിച്ചതിൽ പഠിത്തം മുതലായ സിമ്മനാരി ആവശ്യത്തിന് പിരിവ് മതിയാകാതെ ഇരിക്കുന്നതായി കാണുന്നതിനാൽ അതിന്റെ നിവാരണത്തിനായി താഴെ പറയുംപ്രകാരം നിശ്ചയിച്ചിരിക്കുന്നു.

1. എല്ലാ പള്ളികളിലെ വീടുകളുടെയും അതുകളിൽനിന്ന് ശരിയായി പിരിക്കപ്പെടാവുന്ന അരിയുടെയും വകയ്ക്ക് വികാരിയോ വികാരിക്ക് പകരം ഈ വകയ്ക്ക് പ്രത്യേകം പള്ളിതോറും നിയമിക്കപ്പെടാവുന്ന പട്ടക്കാരനോ ഒരു കണക്ക് തയാറാക്കി ശരിയായിട്ടും നിഷ്ക്കർഷയായിട്ടും പിരിച്ച് സിമ്മനാരിയിൽ അടക്കേണ്ടതും അവരെക്കൊണ്ട് ഇപ്രകാരമുള്ള കണക്കുകൾ തയാറാക്കിക്കുന്നതിനും പിരിക്കുന്നതിനുമായി ഓരോ മെത്രാപ്പോലീത്താ ഇടവകയുടെമേൽ വിചാരമായി ഒരു പട്ടക്കാരനെ മദ്ബറോനോ ആയിട്ട് ക്രമമായ ശമ്പളത്തുമ്മേൽ നിയമിക്കപ്പെടേണ്ടതും ആകുന്നു.

2. ഇതിൻപ്രകാരം എടുക്കപ്പെടുന്ന കണക്കുംപ്രകാരമുള്ള അരിയോ വില പണമോ അതാതു വീട്ടുകാർ ശരിയായി കൊടുക്കാതെ ഇരുന്നാൽ അങ്ങനെ നടക്കപ്പെടുന്നവരുടെ ആത്മീയ കൂദാശകൾ ഒന്നും വികാരിയോ ഇടവകപട്ടക്കാരോ നടത്തിക്കൊടുത്തു കൂടാത്തതും അങ്ങനെയുള്ളവരെ കുടിശ്ശിക തീർക്കുന്നതുവരെ മുടക്കി നിർത്തുന്നതിന് വികാരിമാർക്ക് അധികാരം ഉള്ളതും ആകുന്നു.

3. പിടിയരി ശരിയായി കൊടുക്കാത്തവരും മുടക്കപ്പെട്ടവരുമായ ആളുകളുടെ ആത്മീയ ദിഷ്ടതികളെ ഏതു പട്ടക്കാരനെങ്കിലും നടത്തിക്കൊടുക്കുന്നതായിരുന്നാൽ ആ വിവരം മദ്ബറാനാ മുഖാന്തിരം മെത്രാപ്പോലീത്തായെ ബോധിപ്പിക്കുകയും നിയമപ്രകാരം ശിക്ഷിക്കപ്പെടുകയും ചെയ്യേണ്ടതാകുന്നു.

4. പിടിയരി പിരിപ്പിക്കുന്ന വികാരിക്കോ പ്രത്യേകം നിയമിക്കപ്പെടുന്ന

പട്ടക്കാരനോ ഓരോ പള്ളിയിൽ നിന്നും ഈടാകുന്ന അരിയിൽ നാലൊന്ന് പ്രതിഫലമായി തള്ളി ശിഷ്ടം സിമ്മനാരിയിൽ ഏൽപിക്കാൻ തക്കവണ്ണം മദ്ബറാനാ വശം ഏൽപിക്കേണ്ടതാകുന്നു.

5. മുൻ മീറ്റിംഗിലെ നിശ്ചയപ്രകാരം പിടിയരി പിരിവിൽ ഉദാസീന മായി കാണപ്പെട്ട ഭവനങ്ങളെ തിട്ടപ്പെടുത്തി അവരുടെമേൽ ഉള്ള കുടി ശ്ശിക താരതമ്യംപോലെ പിരിപ്പിച്ച് സിമ്മനാരിക്ക് മുതൽ കൂട്ടേണ്ടതും ഈ വക കുടിശ്ശിക പിരിവിലും മേൽപ്രകാരമുള്ള നിഷ്ക്കർഷ ചെയ്യേണ്ട തുമാകുന്നു.

6. മേൽ ഒന്നാം വകുപ്പിൻപ്രകാരമുള്ള മദ്ബറാനാമാരെ കമ്മറ്റി പ്രസി ഡണ്ട് അവർകളും ഇടവക മെത്രാപ്പോലീത്താ അവർകളും നിയമിക്കേ ണ്ടതാകുന്നു.

7. സിമ്മനാരിയിൽ മുതൽ ചുമതല വഹിക്കുന്നതിന് ഒരു മുതൽപിടി ക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ അടുത്ത മകര മാസം മുതൽ ശേഷിയും യോഗ്യതയും ഉള്ള ഒരാളിനെ മുതൽപിടി വേലയ്ക്ക് പ്രസി ഡണ്ട് അവർകളും സിമ്മനാരിയിൽ മേലദ്ധ്യക്ഷൻ അവർകളും കൂടി നിയമിക്കേണ്ടതാകുന്നു.

പ്രസിഡണ്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

കോട്ടയം ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

എളന്തുരുത്തിൽ പീലിപ്പോസ് കോറെപ്പിസ്കോപ്പാ (ഒപ്പ്)

മാലിത്ര ഏലിയാസ് കത്തനാർ ഒപ്പ് (ഒപ്പ്)

വേങ്കടത്ത് അലക്സന്ത്രയോസ് കത്തനാർ (ഒപ്പ്)

കോടിയാട്ട് യാക്കോബ് കത്തനാർ (ഒപ്പ്)

**മാനേജിംഗ് കമ്മറ്റി മെമ്പർമാർ:**

കുന്നുംപുറത്ത് കോര ഉലഹന്നാൻ (ഒപ്പ്)

അടങ്ങപ്പുറത്ത് ഇട്ടൻ പണിക്കർ (ഒപ്പ്)

ചാലക്കുഴി മക്കുദിശാ ഗബ്രിയേൽ (ഒപ്പ്)

വെടിപ്പറമ്പിൽ ഉലഹന്നാൻ തൊമ്മൻ (ഒപ്പ്)

തുകലൻ കുഞ്ഞിപ്പൈലോ (ഒപ്പ്)

കോനാട്ട് പൈലി (ഒപ്പ്)

തെക്കേത്തരി ചാക്കോ (ഒപ്പ്)

കല്ലാച്ചേരിൽ പോത്തൻ ഉലഹന്നാൻ (ഒപ്പ്)

കുന്നുംപുറത്ത് ഇട്ടൂപ്പ് ഇട്ടി (ഒപ്പ്)

കരവട്ട് വർഗ്ഗീസ് ചാണ്ടി (ഒപ്പ്)